# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

2018 ജൂൺ 20, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 – നമ്പർ 10

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 20, ബുധൻ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീമതി കെ.ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

763/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ..1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ` ..82

**II അടിയന്തരപ്രമേയ നോട്ടീസ്**

കേസന്വേഷണം അട്ടിമറിക്കൽ (പ്രസ്തുത വിഷയം സബ്മിഷനായി അവതരിപ്പിക്കാൻ അനുമതി നൽകി) ..432

**III ശ്രദ്ധ ക്ഷണിക്കൽ**

(1) സാന്ത്വന ചികിത്സയും വയോജന പരിചരണവും

— ശ്രീ. സജി ചെറിയാൻ ..434

(2) വികസന പ്രവർത്തനങ്ങൾ പുനരാരംഭിക്കൽ

— ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ..439

**IV സബ്മിഷൻ**

(1) കേസന്വേഷണം അട്ടിമറിക്കൽ

— ശ്രീ. വി.ഡി. സതീശൻ ..443

(2) അവയവങ്ങൾ  നീക്കം ചെയ്യൽ

— ശ്രീ. കെ. ബാബു ..450

(3) മാലിന്യ നിർമ്മാർജ്ജനം

— ശ്രീ. ഒ. രാജഗോപാൽ ..453

(4) പാലക്കാട് കോച്ച് ഫാക്ടറി

— ശ്രീ. വി. എസ്. അച്ചുതാനന്ദൻ ..454

പേജ്

(5) കുടിവെള്ള പദ്ധതി

— ശ്രീ. അബ്ദുൽ ഹമീദ്. പി. ..458

(6) ഗതാഗതക്കുരുക്ക്

— ശ്രീ. പി. ടി. തോമസ് ..459

(7) കൺസെഷൻ അനുവദിക്കൽ

— ശ്രീ. അടൂർ പ്രകാശ് ..461

(8) എം.ബി.ബി.എസ്. ഫീസ്

— ശ്രീ. വി. ഡി. സതീശൻ ..463

(9) റെയിൽവേ ഡിവിഷൻ വിഭജിക്കൽ

— ശ്രീ. ഐ. ബി. സതീഷ് ..467

(10) സൗജന്യ പാസ്സ് അനുവദിക്കൽ

— ശ്രീ. കെ. രാജൻ ..472

(11) സ്റ്റോപ്പ് അനുവദിക്കൽ

— ശ്രീ. സി. മമ്മൂട്ടി ..473

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47(2), ചട്ടം 236 (6) അനുസരിച്ചുള്ള കടലാസ്സുകൾ ..473

**VI റിപ്പോർട്ട് സമർപ്പണം**

(1) സബ്ജക്ട് കമ്മിറ്റി II-ന്റെ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ..481

*പേജ്*

(2) സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ..482

(3) സബ്ജക്ട് കമ്മിറ്റി X-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ..482

(4) സബ്ജക്ട് കമ്മിറ്റി XII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ..483

**VII ക്രമപ്രശ്നം**

സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സ്വതന്ത്രാധികാരം കവർന്നെടുക്കൽ

— ശ്രീ. വി. ഡി. സതീശൻ ..483

**VIII നിയമനിർമ്മാണകാര്യം**

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ ..487

**ക്രമപ്രശ്നം**

ബില്ലിലെ അപാകത സംബന്ധിച്ച്

—ശ്രീ. കെ. എം. മാണി ..487

പേജ്

**റൂളിംഗ്**

—മി. സ്പീക്കർ ..489

(ii) 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ ..530

**ക്രമപ്രശ്നം**

ബില്ലിലെ അപാകത സംബന്ധിച്ച്

—ശ്രീ. വി. ഡി. സതീശൻ ..530

**റൂളിംഗ്**

—മി. സ്പീക്കർ

(iii) 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ ..596

**IX അറിയിപ്പ്**

ഫീച്ചർ ഫിലിം പ്രദർശനം

—മി. സ്പീക്കർ ..639

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2018 ജൂൺ 20, ബുധൻ*

| വാല്യം 172] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 10 |
|---|---|---|

നിയമസഭ 2018 ജൂൺ മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ *271

### സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിയമം

1(*271) ശ്രീ. കെ. ദാസൻ:

ശ്രീ. സി. കൃഷ്ണൻ:

ശ്രീ. യു ആർ. പ്രദീപ്:

ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആരോഗ്യ സേവനത്തെ വ്യവസായമാക്കി മാറ്റിയ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാനായി സർക്കാർ കൊണ്ടുവന്ന നിയമം പ്രാബല്യത്തിലാക്കാനായി ചട്ടം രൂപീകരിച്ചിട്ടുണ്ടോ;

(ബി) ആശുപത്രികൾ നൽകേണ്ട സേവനത്തിന് നിലവാരവും അതിനായി ഈടാക്കാവുന്ന തുകയും നിശ്ചയിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) ചികിത്സാനിരക്ക് നിശ്ചയിക്കുന്നതുകൊണ്ടുള്ള ലാഭക്കുറവ് നികത്താനായി ചികിത്സ തേടിയെത്തുന്നവരെ അനാവശ്യ ടെസ്റ്റുകൾക്ക് വിധേയരാക്കുകയും ആവശ്യമില്ലാത്ത മരുന്നുകൾ നൽകുകയും ചെയ്ത്

ലാഭമുണ്ടാക്കാനുള്ള സാദ്ധ്യത ഒഴിവാക്കാനായി ത്രിതലങ്ങളിലുമുള്ള സർക്കാർ ആശുപത്രികളെ നവീകരിച്ച് ഉന്നതനിലവാരത്തിലുള്ള സേവനം നൽകാൻ പ്രാപ്തമാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, (എ) കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018-ന് ചട്ടം രൂപീകരിക്കുന്ന നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി & സി) സർക്കാർ, സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും അവയെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ആശുപത്രികളെയും ലബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന് നിയമസഭ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത ആക്ട് വിഭാവനം ചെയ്തിട്ടുള്ളതുപോലെ ആശുപത്രികളെ കാറ്റഗറൈസ് ചെയ്യാനും ഓരോ കാറ്റഗറിയെയും മിനിമം സ്റ്റാൻഡേർഡ് ശിപാർശ ചെയ്യാനുമായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ ആശുപത്രികളും കൈവരിക്കേണ്ട മിനിമം ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതാണ്. കിടത്തിചികിത്സ അടക്കമുള്ള ആശുപത്രികളുടെ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സ്റ്റേറ്റ് കൗൺസിൽ, നടപ്പിലാക്കാൻ ഡിസ്ട്രിക്റ്റ് റെഗുലേറ്ററി അതോറിറ്റി, മാനദണ്ഡങ്ങൾ പരിശോധിക്കാൻ എംപാനൽ ചെയ്തിട്ടുള്ള അസസ്സർമാർ എന്നിവർ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റിന്റെ ഭാഗമായി നിലവിൽ വരുന്നതാണ്. കൂടാതെ താഴെപ്പറയുന്ന നടപടികളും കൈക്കൊണ്ടിട്ടുണ്ട്:

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കൽ.
2. ജില്ലാ/താലൂക്കുതല ആശുപത്രികൾ സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങളോടെ ശക്തിപ്പെടുത്തൽ.
3. പ്രധാന സർക്കാർ ആശുപത്രികളിൽ ഒ.പി. വിഭാഗത്തിലെ സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടി.
4. ചികിത്സാ മാർഗ്ഗരേഖകളുടെയും പ്രോട്ടോക്കോളുകളുടെയും അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ചികിത്സ ലഭ്യമാക്കൽ.

5. സർക്കാർ ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ KIIFB വഴിയും സംസ്ഥാന പ്ലാൻ ഫണ്ട്, NHM, NABARD, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ വഴിയും വികസിപ്പിക്കൽ.

6. കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റുകൾ എന്നിവ പുതുതായി ആരംഭിക്കുകയും ആധുനിക ആശുപത്രി ഉപകരണങ്ങളും മെഷീനറിയും ലഭ്യമാക്കലും.

7. ഇലക്ട്രോണിക് സാങ്കേതികവിദ്യ ഉപയോഗിച്ച് ഫീൽഡുതല ആരോഗ്യ വിവരങ്ങളും ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള മെഡിക്കൽ റിക്കോർഡുകളും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിനുള്ള ഇ-ഹെൽത്ത് പ്രോഗ്രാം തുടങ്ങിയ കാര്യങ്ങളാണ് ഇപ്പോൾ നടപ്പിലാക്കുന്നത്.

ശ്രീ. കെ. ദാസൻ: സർ, വാഹനാപകടത്തിൽപ്പെട്ട് മരിച്ച പാലക്കാട് മീനാക്ഷിപുരം സ്വദേശി മണികണ്ഠന്റെ ആന്തരികാവയവങ്ങൾ വിൽപ്പന നടത്തി ചികിത്സാച്ചെലവ് വസൂലാക്കിയതായി പത്രവാർത്ത കണ്ടു. ഇത്തരം കണ്ണിൽച്ചോരയില്ലാത്ത സംഭവങ്ങൾ ആവർത്തിക്കപ്പെടരുത്. അവയവ മോഷണത്തോടൊപ്പം രോഗീപരിചരണത്തിനിടയിലെ അശ്രദ്ധമൂലം മരണപ്പെടുന്നവരും ജീവിതകാലം മുഴുവൻ ദുരിതംപേറേണ്ടി വരുന്നവരുമുണ്ട്. ഇത്തരം clinical victims–നെക്കുറിച്ച് റിപ്പോർട്ട് ചെയ്യപ്പെടുകയാണെങ്കിൽ ഉത്തരവാദികളായവരെ മാതൃകാപരമായി ശിക്ഷിക്കാനുള്ള നടപടി കൈക്കൊള്ളുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, തീർച്ചയായും നടപടി കൈക്കൊള്ളും. അവയവ മോഷണം നമ്മുടെ സംസ്ഥാനത്തല്ല നടന്നതെങ്കിലും ഇവിടെ അധിവസിക്കുന്ന ആളെന്ന നിലയിൽ അതുസംബന്ധിച്ച് അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവിടുകയും അന്വേഷണം നടന്നുകൊണ്ടിരിക്കുകയുമാണ്.

Clinical negligence ഗുരുതരമായ പ്രശ്നമായി കണക്കാക്കി വളരെ കാര്യക്ഷമമായി ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. അശ്രദ്ധ കാണുന്നിടത്തെല്ലാം ഈ ഗവൺമെന്റ് വന്നതിനുശേഷം ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ദാസൻ: സർ, ശാസ്ത്രസാങ്കേതികവിദ്യയിലൂടെ കേരളത്തിന്റെ വിവിധ മേഖലകളിൽ വളരെയധികം മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമായ നേട്ടം തന്നെയാണ്. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ടെലിമെഡിസിൻ സൗകര്യം ഏർപ്പെടുത്തി ജില്ലാ ആശുപത്രിയുടെയും മെഡിക്കൽ കോളേജിലെയും വിദഗ്ദ്ധരായ ഡോക്ടർമാരുടെ സേവനം പ്രാദേശിക തലത്തിൽ ഉപയോഗപ്പെടുത്താനും ഒ.പി. രജിസ്ട്രേഷൻ, ഡോക്ടർമാരെ ബുക്ക് ചെയ്യൽ മുതലായ സേവനങ്ങൾ ഓൺലൈനിൽ ലഭ്യമാക്കാനും ആശുപത്രികളിൽ ഹൈടെക് സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആർദ്രം മിഷന്റെ ഭാഗമായി ഒ.പി. രജിസ്ട്രേഷൻ ഓൺലൈനാക്കുന്നതിനുള്ള സംവിധാനം ഇപ്പോൾത്തന്നെ ആരംഭിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജുകൾ മുതൽ പ്രൈമറി ഹെൽത്ത് സെന്റർ വരെ ഇ-ഹെൽത്ത് പദ്ധതിയുമായി ബന്ധപ്പെടുത്തി ഒ.പി. ട്രാൻസ്ഫർമേഷനുള്ള എല്ലാ നടപടിക്രമങ്ങളും ഘട്ടംഘട്ടമായി സ്വീകരിച്ചുവരികയാണ്. എല്ലാ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും പ്രത്യേകം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ചികിത്സാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. മാത്രമല്ല, പാലിയേറ്റീവ് കെയർ മേഖലയിൽ കുറേക്കൂടി ശ്രദ്ധ ചെലുത്താനും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖേന അത് കൂടുതൽ ശക്തമാക്കാനും National Health Mission-ന്റെയടക്കം സഹായത്തോടുകൂടി നടപടികൾ സ്വീകരിച്ചുവരികയുമാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, ഉത്തരത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെ ആരോഗ്യ മേഖലയിൽ ഇ-ഹെൽത്ത് പദ്ധതിയിലൂടെ ഒട്ടേറെ പ്രശംസനീയമായ പ്രവർത്തനങ്ങളാണ് നടന്നിട്ടുള്ളത്. ഏത് ആശുപത്രിയിൽ പോയാലും ഡോക്ടർമാർക്ക് രോഗവിവരങ്ങൾ പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കത്തക്ക നിലയിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുമെന്ന് പ്രഖ്യാപിക്കുകയും കണ്ണൂർ, കാസർഗോഡ് ഉൾപ്പെടെയുള്ള ആറോ ഏഴോ ജില്ലകളിൽ ആദ്യമായി അത് ആരംഭിക്കുകയും ചെയ്തിരുന്നു. പക്ഷേ എവിടെയും അത് പൂർത്തിയാക്കിയതായോ ഉപയോഗപ്പെടുത്തുന്നതായോ അറിയാൻ സാധിക്കുന്നില്ല. ഇ-ഹെൽത്ത് പദ്ധതിയുടെ പൂർത്തീകരണവും പ്രായോഗികമാക്കലും സംബന്ധിച്ച് ഇപ്പോൾ സ്വീകരിച്ചുവരുന്ന നടപടി എന്താണെന്നും അത് അടിയന്തരമായി പൂർത്തീകരിക്കാൻ സാധിക്കുമോയെന്നും വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇ-ഹെൽത്ത് പദ്ധതി ആദ്യമായി 7 ജില്ലകളിൽ നടത്തുന്നതിനുള്ള ഒരു പദ്ധതിയായിട്ടാണ് തുടങ്ങിയത്. എന്നാൽ ആർദ്രം മിഷൻ വന്നതോടുകൂടി ഫാമിലി ഹെൽത്ത് സെന്റർ ആരംഭിക്കുന്നിടങ്ങളിൽ അടക്കം ഇ-ഹെൽത്ത് പദ്ധതി വ്യാപിപ്പിക്കുന്നത്

നന്നായിരിക്കുമെന്നതിനാൽ അതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അത് കുറച്ച് സമയമെടുക്കുന്ന കാര്യമാണ്. ഇ-ഹെൽത്തിന് ആവശ്യമായ വിവര ശേഖരണം, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയെല്ലാം ലഭ്യമാക്കേണ്ടതുണ്ട്. ഇപ്പോൾ പതിനഞ്ചിലേറെ ആശുപത്രികളിൽ ഇ-ഹെൽത്തിന്റെ സേവനം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളിടത്തെല്ലാം ഇ-ഹെൽത്ത് പദ്ധതി ഇപ്പോൾ ആരംഭ ഘട്ടത്തിലാണ്. ഈ ഗവൺമെന്റിന്റെ കാലാവധിക്കുള്ളിൽ മഹാഭൂരിപക്ഷം ആശുപത്രികളിലും ഇ-ഹെൽത്ത് സംവിധാനം നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. യു. ആർ. പ്രദീപ്</u>: സർ, സ്വകാര്യ ആശുപത്രികളിൽ സാധാരണക്കാരൻ പനിയും ജലദോഷവുമൊക്കെയായി പോയാൽ വലിയ പ്രശ്നം വരുന്നില്ല. എന്നാൽ ഓപ്പറേഷൻ കേസൊക്കെ വരുമ്പോൾ ആശുപത്രികളുടെ വലിപ്പം അനുസരിച്ചാണ് ചാർജ് ഈടാക്കുന്നത്. 1 മുതൽ 3 ലക്ഷം രൂപ വരെ ബൈപ്പാസ് സർജറിക്ക് ചാർജ് ഈടാക്കുന്നു. അതുകൊണ്ട് അതിലൊരു നിയന്ത്രണം ഏർപ്പെടുത്തി ഏകീകൃത ചാർജ് കൊണ്ടുവരാൻ കഴിയുമോയെന്നതാണ് എന്റെ ചോദ്യം.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സ്വകാര്യ ആശുപത്രികളിലെ ചൂഷണം ഒഴിവാക്കുക എന്നതുതന്നെയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യം. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിന്റെ റൂൾസ് തയ്യാറാക്കിവരികയാണ്. ജൂൺ മാസം അവസാനത്തോടുകൂടി അത് പൂർണ്ണമായും ഫ്രെയിം ചെയ്ത് പബ്ലിഷ് ചെയ്യാൻ സാധിക്കും, അതിനുശേഷം രജിസ്ട്രേഷനും ആരംഭിക്കും. രജിസ്റ്റർ ചെയ്യപ്പെടുന്നതോടുകൂടി സ്വകാര്യ ആശുപത്രികളിൽ അമിത ഫീസ് ഈടാക്കുന്നത് നിർത്തലാക്കി ഫീസ് ക്രമീകരിക്കാൻ കഴിയും. ഓരോ ചികിത്സയ്ക്കും ആവശ്യമായ ഫീസിന്റെ സ്ട്രക്ചർ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശം ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിലുണ്ട്. അതുകൊണ്ട് അമിതമായ ഫീസ് ഈടാക്കുന്നത് തടയാൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. പി. ഉണ്ണി</u>: സർ, സ്വകാര്യ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രികളിൽ രോഗികളുടെ സാമ്പത്തികസ്ഥിതി പരിഗണിക്കാതെ ആധുനിക ചികിത്സാ രീതികൾ അടിച്ചേൽപ്പിക്കുന്ന ഒരു പ്രവണതയുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് തടയുന്നതിനാവശ്യമായ എന്ത് നടപടിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തിലെ ചികിത്സാ രംഗത്തുള്ള വലിയൊരു ബുദ്ധിമുട്ടാണിത്. ഏത് രോഗി ഇത്തരത്തിലുള്ള ആശുപത്രികളിലെത്തിയാലും ആവശ്യമില്ലാത്ത ടെസ്റ്റുകളും ചികിത്സയും നടത്തുന്ന പ്രവണതയുണ്ട്. ആർദ്രം മിഷനിലൂടെ അത് നിയന്ത്രിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാകുന്നതോടുകൂടി പ്രാഥമിക തലത്തിൽ കുറെയേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും, റഫറൽ സംവിധാനം നിലവിൽ വരികയും ചെയ്യും. അപ്പോൾ വളരെ അത്യാവശ്യമായ കാര്യങ്ങൾക്ക് മാത്രമേ ഉയർന്ന ആശുപത്രികളിൽ പോകേണ്ടിവരികയുള്ളൂ. ആർദ്രം മിഷൻ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് എന്നിവ പൂർണ്ണമാകുന്നതോടുകൂടി അനാവശ്യ ചികിത്സാ രീതികൾ അടിച്ചേൽപ്പിക്കുന്നത് തടയാൻ കഴിയും.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ സ്വകാര്യ ആശുപത്രികളിൽ നടക്കുന്ന തീക്ഷ്ണമായ ചൂഷണത്തെക്കുറിച്ചാണ് ഇന്ന് സഭ ചർച്ച ചെയ്യുന്നത്. പ്രധാനപ്പെട്ട ആശുപത്രികളെല്ലാം ഫൈവ് സ്റ്റാർ ആശുപത്രികളാക്കി മാറ്റി. ഏറ്റവും പ്രധാനപ്പെട്ട ഡോക്ടർമാരെയും അവരുടെ ടീമിനെയും ആ ആശുപത്രികൾ അബ്സോർബ് ചെയ്യുകയും രണ്ടാം നിരയിലും മൂന്നാം നിരയിലുമുള്ള ആശുപത്രികളിൽ ഡോക്ടർമാരില്ലാത്ത ഒരു അവസ്ഥയും വരുമ്പോൾ ഒരാൾക്ക് മാരകമായ അസുഖം പിടിപെട്ടാൽ ഏറ്റവും നല്ല ടീമുള്ള ആശുപത്രിയിലേയ്ക്കാണ് പോകുന്നത്. അതുകൊണ്ട് സാധാരണക്കാരന് ഇന്ന് ഈ രംഗം വളരെ അപ്രാപ്യമായി മാറിയിരിക്കുകയാണ്. ലക്ഷക്കണക്കിന് രൂപയുടെ ബില്ലുകളാണ് വരുന്നത്. വീട് പണയംവച്ചും വിറ്റുമൊക്കെയാണ് ഇന്ന് പലരും ആശുപത്രികളിൽനിന്ന് ഇറങ്ങുന്നത്. ഈ നിരക്കുകൾക്ക് യാതൊരുവിധ നിയന്ത്രണവുമില്ലാത്ത സ്ഥിതി നിലനിൽക്കുന്നു. പല ആശുപത്രികളിലും തോന്നിയ നിരക്കാണ് ഈടാക്കുന്നത്. ബൈപ്പാസ് സർജറിക്കുതന്നെ പല ആശുപത്രികളിലും ഈടാക്കുന്നത് ലക്ഷക്കണക്കിന് രൂപയാണ്. സാധാരണക്കാരന് സ്വകാര്യ ആശുപത്രിയിലെ ആതുരസേവനം അപ്രാപ്യമാക്കി മാറ്റിയിരിക്കുന്ന ഈ രീതി പരിഹരിക്കാനുള്ള നടപടികൾ, അതായത്, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ വഴി ചാർജ് ഏർപ്പെടുത്തുന്നതിൽ നിയന്ത്രണം കൊണ്ടുവന്നതുപോലെ ആശുപത്രികളിലെ സേവനത്തിനുള്ള ചാർജിലും നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. ഒന്ന്, സ്വകാര്യ ആശുപത്രികൾ ആധുനിക സാങ്കേതിക സൗകര്യം ഏർപ്പെടുത്തുന്നതോടൊപ്പം അതിനാവശ്യമായ അല്ലെങ്കിൽ അവർ ആഗ്രഹിക്കുന്ന തരത്തിൽ വലിയ ഫീസ് ഈടാക്കുന്നതായി കാണുന്നുണ്ട്. രണ്ട്, ഇത്തരം

ആശുപത്രികൾ വിദഗ്ധരായ ഡോക്ടർമാരെ ഉയർന്ന ശമ്പളം നൽകി ആകർഷിക്കുന്നതും വസ്തുതയാണ്. അപ്പോൾ ആളുകൾ സ്വാഭാവികമായും അത്തരം ആശുപത്രികളിലേയ്ക്ക് ആകർഷിക്കപ്പെടുകയാണ്. ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നടപ്പിലാക്കുന്നതോടുകൂടി മാറ്റം വരുത്താൻ സാധിക്കും. കാരണം, ഒരു പ്രത്യേക ചികിത്സാ പാക്കേജിന്റെ നിരക്ക് പ്രസിദ്ധീകരിക്കണമെന്ന് ഈ ആക്ടിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. അതുകൊണ്ട് എല്ലാ ആശുപത്രികളും ചികിത്സയ്ക്കാവശ്യമായ പാക്കേജും ചില പ്രത്യേക ട്രീറ്റ്മെന്റിന്റെ ഫീസും പ്രസിദ്ധീകരിക്കേണ്ടതായി വരും. അപ്പോൾ അമിത റേറ്റ് പ്രദർശിപ്പിക്കാൻ കഴിയാത്ത അവസ്ഥ ആശുപത്രികൾക്കുണ്ടാകും. അങ്ങനെ വരുമ്പോൾ ഒരേ ചികിത്സയ്ക്ക് കുറഞ്ഞ നിരക്ക് കിട്ടുന്ന മെച്ചപ്പെട്ട സാങ്കേതിക സൗകര്യമുള്ള ആശുപത്രികൾ തേടി ആളുകൾ പോകും. ഈ ആക്ട് നടപ്പിലാക്കുന്നതോടുകൂടി അമിത ഫീസ് ഈടാക്കുന്നത് കർശനമായി നിയന്ത്രിക്കാൻ സാധിക്കും.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ വരുന്നതോടുകൂടി സ്വകാര്യ മേഖലയിലുള്ള ചികിത്സാ കേന്ദ്രങ്ങൾ നിയന്ത്രിക്കാനും മാറ്റമുണ്ടാക്കാനും സാധിക്കും. എന്നാൽ പ്രസ്തുത ബില്ലിലെ ബെഡ് സ്ട്രെങ്ത്തുമായി ബന്ധപ്പെട്ട ചില വകുപ്പുകൾ മിതമായ ഫീസ് ഈടാക്കുന്ന, ചാരിറ്റി സർവ്വീസ് ഉൾപ്പെടെ നടത്തുന്ന ആശുപത്രികളെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. അത്തരത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വളരെയേറെ ചർച്ച നടത്തിയശേഷമാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിയമസഭ പാസ്സാക്കിയത്. ഇവിടെത്തന്നെ നിരവധി ഭേദഗതികൾ വരികയുണ്ടായി. ഭരണ-പ്രതിപക്ഷ കക്ഷികൾ ഒരേ മനസ്സോടെ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു. പൊതുജനങ്ങളിൽനിന്നും ഇത്തരത്തിലുള്ള ആശുപത്രികളുടെ അധികൃതരിൽ നിന്നുമൊക്കെ ധാരാളം തെളിവുകളും അഭിപ്രായങ്ങളും ശേഖരിച്ചിട്ടുമുണ്ട്. അതനുസരിച്ച് പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ ചെറിയ ആശുപത്രികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ തന്നെയാണ് ഈ ആക്ട് വരുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ചാരിറ്റിയൊക്കെ ചെയ്യുന്ന ആശുപത്രികൾക്ക് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് വരുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകാനിടയില്ലെന്നാണ് കരുതുന്നത്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, 1951-ൽ സ്ഥാപിതമായതും കേരളത്തിലെ കാൻസർ കേസുകളിൽ മൂന്നിലൊന്നും കൈകാര്യം ചെയ്യുന്നതുമായ തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ ഇന്ത്യയിലെ ഖ്യാതി നേടിയ സ്ഥാപനമാണ്.

ഒരുവർഷം മൂവായിരം അർബുദരോഗികൾക്ക് ചികിത്സ നൽകിയ സ്ഥാനത്ത് ഇന്ന് പ്രതിവർഷം പതിനൊന്നായിരത്തോളം പേർക്ക് ചികിത്സയും എൺപതിനായിരത്തോളം പേർക്ക് തുടർ ചികിത്സയും നൽകുന്നുണ്ട്. എന്നാൽ ചികിത്സാ സൗകര്യങ്ങളുടെ കാര്യത്തിൽ ആനുപാതികമായ വളർച്ചയുണ്ടായിട്ടില്ല. ഈ അസൗകര്യങ്ങൾക്കിടയിലും അനുവദിക്കപ്പെട്ട പണം ചെലവഴിക്കാനാകാതെ തിരിച്ചേടുക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. 2014-15-ലും 2015-16-ലും വിഹിതമായി ലഭിച്ച 70 കോടി രൂപ ചെലവഴിക്കാനാകാതെ തിരിച്ചെടുത്തതും സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കാൻ അനുവദിച്ച 125 കോടി രൂപയിൽ ചെലവഴിക്കാത്ത 46 കോടി രൂപ തിരിച്ചെടുത്തതും ഇതിന് ഉദാഹരണങ്ങളാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ അർബുദ രോഗികളുടെ ആശ്രയമായ ആർ.സി.സി.-യിൽ പുതിയ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും അത്യാധുനിക ചികിത്സാ ഉപകരണങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

മി. സ്പീക്കർ: 'No full stops in India' എന്ന നോവലിനെ നിയമസഭാവലോകനം നടത്തിയ ഒരു പത്രം പരാമർശിച്ചിട്ടുണ്ട്. അംഗങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന ഒന്നാണത്. അത് ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ആർ.സി.സി.-യെക്കുറിച്ച് എല്ലാവരുടെയും അഭിപ്രായം ഒന്നുതന്നെയാണ്. പതിനായിരക്കണക്കിന് കാൻസർ രോഗികളുടെ ആശാകേന്ദ്രമാണ് ആർ.സി.സി. എന്നാൽ ഇന്ന് ലോകത്താകമാനം കാൻസർ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവിടെയും കാൻസർ രോഗികളുടെ എണ്ണം കൂടുന്നുണ്ട്. ഒരു ആർ.സി.സി. കൊണ്ടുമാത്രം എല്ലാ കാര്യങ്ങളും പരിഹരിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ആർ.സി.സി.-യുടെ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് 2014-15-ൽ അനുവദിച്ച ഫണ്ട് ഉപയോഗിക്കാൻ കഴിഞ്ഞില്ലെന്നാണ്. ഫണ്ട് അനുവദിച്ചയുടൻതന്നെ തുടർനടപടികൾ സ്വീകരിച്ചില്ലെങ്കിൽ നിർമ്മാണപ്രവർത്തനങ്ങൾ നടക്കുകയില്ല. ഈ ഗവൺമെന്റ് വന്നപ്പോൾ ഒരു അലോട്ട്മെന്റ് നൽകുകയും തടസ്സപ്പെട്ടുകിടന്ന നിർമ്മാണപ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഈ ഗവൺമെന്റ് വന്നതിനുശേഷം ആർ.സി.സി.-യിൽ 150 കോടിയിലേറെ രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുകയും പുതിയ ഉപകരണങ്ങൾ നൽകി അഭിവൃദ്ധിപ്പെടുത്താനുള്ള ഒട്ടേറെ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആർ.സി.സി.-യുടെ പ്രവർത്തനം നന്നായി നടക്കും. എന്നാൽ സ്ഥലപരിമിതിമൂലം അവിടെ വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അത് പരിഹരിക്കാനായി മലബാർ കാൻസർ സെന്ററിനെ അഭിവൃദ്ധിപ്പെടുത്തുക, കൊച്ചിയിൽ പുതിയ കാൻസർ സെന്റർ തുടങ്ങുക, അഞ്ച് മെഡിക്കൽ

കോളേജുകളിലും ടെർഷ്യറി കാൻസർ സെന്ററിന് സമാനമായ കാൻസർ കെയർ സെന്ററുകൾ ആരംഭിക്കുക എന്നിവയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിനുള്ള നടപടിയെല്ലാം തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ട് കാൻസർ കെയറിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാം.

ശ്രീ. റ്റി. വി. രാജേഷ്: സർ, ആരോഗ്യരംഗത്തെ അനാശാസ്യ പ്രവർത്തനങ്ങൾ അവസാനിപ്പിക്കാൻ വളരെ ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കേരളം സിസേറിയന്റെ പിടിയിലാണെന്നൊരു വാർത്ത ഇതിനകം പത്രങ്ങളിൽ വന്നിരുന്നു. ദേശീയ ശരാശരിയെക്കാൾ ഇരട്ടിയാണ് കേരളത്തിലെ സിസേറിയൻ നിരക്ക്. അമ്മയെയും കുഞ്ഞിനെയും രക്ഷിക്കാനുള്ള അവസാനത്തെ ശ്രമമെന്ന നിലയിലാണ് സിസേറിയൻ നടത്തുന്നത്. എന്നാൽ ഇപ്പോൾ സിസേറിയൻ വ്യാപകമാകുന്നതായി വാർത്തയുണ്ട്. അതിന്റെ നിജസ്ഥിതിയെന്താണ്; ഇത് തടയാൻ സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പൊതുവെ സമൂഹത്തിൽ സിസേറിയൻ വർദ്ധിച്ചുവരുന്നുണ്ട്. എന്നാൽ സാധാരണ പ്രസവത്തിനുള്ള എല്ലാ സാദ്ധ്യതകളും അതേ രീതിയിൽ ഉപയോഗപ്പെടുത്തണമെന്ന നിർദ്ദേശമാണ് നൽകിയിട്ടുള്ളത്. സിസേറിയൻ വളരെ അത്യാവശ്യമായ ഘട്ടത്തിൽ ചെയ്യേണ്ടിവരുന്നുവെന്നത് വസ്തുതയാണ്. പിന്നെ ജനങ്ങളുടെ മനോഭാവത്തിലും മാറ്റം വന്നിട്ടുണ്ട്. റിസ്കെടുക്കാൻ തയ്യാറാകാതെ സിസേറിയൻ പ്രിഫർ ചെയ്യുന്ന അവസ്ഥയുമുണ്ട്. ഇതെല്ലാം പരിശോധിച്ചുകൊണ്ട് സാധാരണ പ്രസവം സാദ്ധ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. എല്ലാ ഡെലിവറി പോയിന്റും അത്യാധുനികമാക്കാനും പ്രസവം സുഗമമായരീതിയിൽ നടത്താനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനും തീരുമാനിച്ചു. 66 പ്രധാനപ്പെട്ട ഡെലിവറി പോയിന്റുകളും അത്യന്താധുനികമാക്കി മാറ്റാനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

ശ്രീ. കെ. സി. ജോസഫ്: സർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സ്പെഷ്യാലിറ്റി ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത അങ്ങേയ്ക്ക് ബോദ്ധ്യമുള്ളതാണ്. പ്രാഥമിക ചികിത്സ കഴിഞ്ഞാൽ രണ്ടാംഘട്ട ചികിത്സയ്ക്ക് ആശ്രയിക്കേണ്ടിവരുന്നത് മംഗലാപുരത്തെ ഹോസ്പിറ്റലാണ്. അതിന് പരിഹാരമായിട്ടാണ് പരിയാരം മെഡിക്കൽ കോളേജ് ആരംഭിച്ചത്. മംഗലാപുരത്ത് പോയാൽ ഭാരിച്ച ബില്ലാണ് വരുന്നത്, താങ്ങാനാകുന്നില്ല. പരിയാരം മെഡിക്കൽ കോളേജ് സർക്കാർ ഏറ്റെടുത്ത നിലയ്ക്ക് അത് ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; അതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മംഗലാപുരത്തേയ്ക്ക് ധാരാളം ആളുകൾ മലബാർ മേഖലയിൽനിന്ന് പോകുന്നുണ്ട്. മലബാർ മേഖലയിലെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടുമാത്രമേ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പരിയാരം മെഡിക്കൽ കോളേജിനെ ശക്തമാക്കാനും ഏറ്റെടുക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ ബോർഡ് ഓഫ് കൺട്രോളിന്റെ നിയന്ത്രണത്തിൽ വന്നിട്ടുണ്ട്. അത് അഭിവൃദ്ധിപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിച്ചുവരികയാണ്. പ്രാഥമികരംഗം കഴിഞ്ഞാൽ ആശ്രയിക്കേണ്ടത് സെക്കണ്ടറി മേഖലയിലുള്ള ജില്ലാ/താലൂക്ക് ആശുപത്രികളെയാണ്. ഇപ്പോൾ എല്ലാ ജില്ലാ/താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റടക്കം ആരംഭിച്ച് താലൂക്കാശുപത്രികളെ സ്പെഷ്യാലിറ്റി സെന്ററാക്കി മാറ്റുകയാണ്. കണ്ണൂർ ജില്ലാ ആശുപത്രിയിൽ കാത്ത്‌ലാബടക്കം സ്ഥാപിക്കുകയാണ്.അങ്ങനെ വരുമ്പോൾ മംഗലാപുരത്തേയ്ക്കുള്ള ഒഴുക്ക് കുറയാനിടയുണ്ട്. അതാണ് പരിഹാരമാർഗ്ഗം.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ആരോഗ്യമേഖല ഒരു വ്യവസായമായി മാറിയതിന്റെ പരിണിത ഫലങ്ങളെ സംബന്ധിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച വിഷയങ്ങളും അതുതന്നെയാണ്. പൊതുവിൽ ചികിത്സാ നിരക്ക് ഏകീകരിക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ ഏത് ആശുപത്രിയിൽ നിന്നായാലും എക്സ്-റേ, സി.ടി. സ്കാൻ, എം.ആർ.ഐ. സ്കാൻ, യു.എസ്.ജി. സ്കാൻ തുടങ്ങിയ സേവനങ്ങൾക്ക് പൊതുവായ ഒരു നിരക്ക് തീരുമാനിക്കാൻ കഴിയുമെന്ന് തോന്നുന്നു. പല സ്വകാര്യ ആശുപത്രികളിലും ചികിത്സയിലിരിക്കുന്ന രോഗി മരിച്ചാൽ മൃതശരീരം വിട്ടുകൊടുക്കാതെ വലിയ തുക ഈടാക്കുന്നതിനുള്ള വിലപേശൽ നടക്കുന്നതായി പലപ്പോഴും വാർത്തകൾ വരുന്നുണ്ട്. ഇത് മനുഷ്യത്വരഹിതമാണ്. ഈ രണ്ട് കാര്യങ്ങളിലും എന്ത് നടപടി സ്വീകരിക്കാനാകും?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇതുതന്നെയാണ് ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് രൂപീകരണത്തിന്റെ ഭാഗമായി സൂചിപ്പിച്ചത്. ഇതിൽ നിയന്ത്രണമുണ്ടാകും. എക്സ്റേ, സി.ടി. സ്കാൻ മുതലായവയുടെ റേറ്റ് പ്രദർശിപ്പിക്കേണ്ടിവരുമ്പോൾ അമിത ഫീസ് ഈടാക്കാൻ കഴിയില്ല. മൃതശരീരം വിട്ടുകൊടുക്കാത്തതടക്കമുള്ള പ്രശ്നവും രജിസ്ട്രേഷനുകീഴിൽ വരുമ്പോൾ ശ്രദ്ധിക്കപ്പെടുമെന്നതിനാൽ ഇത്തരം തെറ്റായ പ്രവണതകൾ തുടരാൻ ധൈര്യപ്പെടില്ലെന്നാണ് കണക്കാക്കുന്നത്. എല്ലാ സ്ഥാപനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുന്നതോടുകൂടി ഇത്തരം കാര്യങ്ങൾക്ക് നല്ല നിയന്ത്രണം ഉണ്ടാകുക തന്നെ ചെയ്യും.

ശ്രീ. സി. മമ്മൂട്ടി: സർ, സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങൾ നടത്തുന്ന ചൂഷണത്തെക്കുറിച്ചാണ് ഇന്നത്തെ ആദ്യ ചോദ്യം. കഴിഞ്ഞ പ്രാവശ്യം നീറ്റ് പരീക്ഷയിൽ പ്രവേശനം നേടിയതുകൊണ്ട് ലിമിറ്റഡ് ഫീസാണ് സ്വകാര്യ സ്ഥാപനങ്ങൾക്ക് ഈടാക്കാൻ കഴിഞ്ഞത്. അതുകൊണ്ട് നാലര എന്നത് അഞ്ച് ലക്ഷം രൂപയായി. ഇപ്രാവശ്യം കൂടുതൽ ഫീസ് ഈടാക്കുന്നതിനുവേണ്ടി അവർ കോടതിയെ സമീപിച്ചിരിക്കുകയാണ്. സുപ്രീംകോടതിയിലെ വക്കീലിനെ കൊണ്ടുവരാനും ധാരാളം പൈസ ചെലവാക്കാനും അവർക്ക് കഴിയും. കഴിഞ്ഞ പ്രാവശ്യം വാങ്ങിയ ഫീസേ ഈടാക്കാൻ പാടുള്ളൂവെന്നാണ് നിയമം. പക്ഷെ കോടതിവിധി എങ്ങനെ വരുമെന്ന് പറയാൻ കഴിയുകയില്ല. ഈ സാഹചര്യത്തിൽ സുപ്രീംകോടതിയിൽനിന്ന് സമർത്ഥരായ വക്കീലന്മാരെ കൊണ്ടുവന്ന് കേസ് ജയിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അഡ്മിഷൻ ഫീ റഗുലേറ്ററി കമ്മിറ്റിയോട് ഫൈനൽ ഫീസ് നിശ്ചയിക്കാൻ കോടതി നിർദ്ദേശിച്ചതനുസരിച്ച് ഫീസ് നിശ്ചയിച്ചിട്ടുണ്ട്. അതിനെതിരായി കോടതി വിധിപറയുമോയെന്ന് അറിയില്ല. പക്ഷെ ഈ കേസ് ഏറ്റവും ഉന്നതരായ അഭിഭാഷകരെക്കൊണ്ട് ഗവൺമെന്റിന്റെ ഭാഗം വാദിക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീമതി ഗീതാ ഗോപി: സർ, രോഗീസൗഹൃദ ഹോസ്പിറ്റൽ, കുടുംബാരോഗ്യ കേന്ദ്രങ്ങൾ, ആർദ്രം മിഷൻ പദ്ധതി, എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ഹോസ്പിറ്റൽ വിപുലീകരണം, ആർദ്രം മിഷന്റെ ഭാഗമായി ഒരു ഡോക്ടറെ നിയമിക്കുക, രാവിലെ മുതൽ വൈകുന്നേരം 8 മണിവരെ ഡോക്ടറുടെ സേവനം ലഭ്യമാക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം അങ്ങ് വകുപ്പുമന്ത്രിയായി വന്നശേഷം കേരളത്തിലെ സർക്കാർ ആശുപത്രികളിൽ വന്നിട്ടുള്ള മാറ്റങ്ങളാണ്. അക്കാര്യത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്. സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിന് നിയമം കൊണ്ടുവരുന്നതിനെ തത്വത്തിൽ അംഗീകരിക്കുകയാണ്. എന്റെയും ശ്രീ. ഇ. ടി. ടൈസൺ മാസ്റ്ററുടെയും മണ്ഡലത്തിന്റെ അതിർത്തിയിൽ നൂറുദീൻ എന്ന വ്യക്തിയുടെ ആൽഫാ പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ എന്ന സ്ഥാപനം ഡൊണേഷനോ ഫീസോ ഈടാക്കാതെയാണ് ചാരിറ്റി പ്രവർത്തനം നടത്തുന്നത്. അത്തരം സ്ഥാപനങ്ങളെ മുന്നോട്ടുകൊണ്ടുവരുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും സഹായം ചെയ്യുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ധാരാളം സ്വകാര്യ സ്ഥാപനങ്ങൾ പാലിയേറ്റീവ് മേഖലയിൽ നന്നായി ചാരിറ്റി പ്രവർത്തനം നടത്തുന്നുണ്ട്. അത്തരം സ്ഥാപനങ്ങളുമായി സാങ്കേതിക കാര്യങ്ങളിൽ യോജിച്ച് പ്രവർത്തിക്കാൻ

ഗവൺമെന്റിന് താൽപ്പര്യമുണ്ട്. എന്നാൽ അങ്ങനെയുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല. സർക്കാരിന്റെ നേതൃത്വത്തിൽ പാലിയേറ്റീവ് സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഒരു സമ്പൂർണ്ണ പാലിയേറ്റീവ് സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മുഖേന പാലിയേറ്റീവ് സംവിധാനത്തെ ഏകോപിപ്പിക്കുന്നതിനുമുള്ള തീരുമാനമെടുത്തിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, കേരളത്തിലെ കാൻസർ രോഗികൾക്ക് ഏറ്റവുമധികം ആശ്വാസം നല്കുന്നൊരു സ്ഥാപനമാണ് ആർ.സി.സി. പക്ഷേ അടുത്തകാലത്തായി അവിടെ നിന്ന് രക്തം സ്വീകരിച്ചവർക്ക് കാൻസർ വന്നു, എയ്ഡ്സ് വന്നു മരിച്ചു എന്നൊക്കെയുള്ള വാർത്തകൾ വരുന്നു. ഇതിൽ എന്തെങ്കിലും യാഥാർത്ഥ്യമുണ്ടോ; അതോ സ്വകാര്യ ആശുപത്രികളുടെ ലോബി ആർ.സി.സി.-യെ തകർക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണോ എന്നുള്ളതിനെക്കുറിച്ച് ഗവൺമെന്റ് വ്യക്തമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചത്. ആർ.സി.സി.-യെ തകർക്കുകയെന്ന ലക്ഷ്യത്തോടുകൂടി ചില സ്വകാര്യ ലോബി പ്രവർത്തിക്കുന്നുവെന്നുതന്നെയാണ് ഞങ്ങൾക്കും തോന്നിയിട്ടുള്ളത്. ഒരു കുട്ടിക്ക് എച്ച്.ഐ.വി. ബാധിച്ചുവെന്ന വാർത്ത വന്നിരുന്നു. അതിനെക്കുറിച്ച് വിശദമായ പരിശോധന നടത്തിയതാണ്, ഞാൻ ഇവിടെയും പറഞ്ഞതാണ്. വിൻഡോ പിരീഡിൽ രക്തം കൊടുത്താൽ ചിലപ്പോൾ മനസ്സിലാക്കാൻ സാധിക്കുകയില്ല. ആ റിസൾട്ട് രണ്ടുമൂന്നു തവണ പരിശോധിച്ചു. അതിൽ എച്ച്.ഐ.വി. അണുക്കളുടെ ആധിക്യമില്ലാത്തതുകൊണ്ട് എച്ച്.ഐ.വി.-യുടെ ട്രീറ്റ്മെന്റ് കൊടുക്കേണ്ടോയെന്നാണ് ചെന്നൈയിലടക്കം പരിശോധിക്കുമ്പോൾ നിർദ്ദേശമുണ്ടായിരുന്നത്. ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്ക് പോകുന്നില്ല. പക്ഷേ പറഞ്ഞ് അവസാനിപ്പിച്ച ആ വിഷയം വീണ്ടും ചർച്ചയ്ക്കെടുക്കണമെന്നുപറഞ്ഞ് ചില ആളുകൾ ചില മീഡിയകളെ സമീപിക്കുകയും ചെയ്തു. ആർ.സി.സി.-യെ തകർക്കുന്നതിന് ഞങ്ങളെ കിട്ടില്ലെന്നുപറഞ്ഞ് പലരും അത് നിഷേധിച്ചു. എന്നാൽ ഒരു മീഡിയയിൽ അതുസംബന്ധിച്ച് വീണ്ടും ചർച്ച വന്നു. ഇപ്പോൾ അവർ അത് അവസാനിപ്പിച്ചിട്ടുണ്ട്. ആർ.സി.സി.യെ തകർക്കുന്നതിന് അത്തരത്തിലുള്ള ബോധപൂർവ്വമായ ഒരു നീക്കമുണ്ടെന്നുതന്നെയാണ് കാണുന്നത്. അത്തരം കാര്യങ്ങളെക്കുറിച്ച് തീർച്ചയായും അന്വേഷണം നടത്തുന്നതാണ്.

<u>പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല)</u>: സർ, എന്റെ നിയോജകമണ്ഡലത്തിലാണ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ ചെയ്തപ്പോൾ കുട്ടി എച്ച്.ഐ.വി. ബാധിച്ച് മരിച്ചത്. വളരെ ദാരുണമായ സംഭവമായിരുന്നു. വളരെ പാവപ്പെട്ടവരാണ്. അവർ ആർ.സി.സി.യെ തകർക്കാനോ മറ്റോ അല്ല നോക്കിയത്. കൂലിപ്പണിയെടുത്ത് ജീവിക്കുന്ന ഒരു വീട്ടിലെ കുട്ടിയെ ആലപ്പുഴ മെഡിക്കൽ കോളേജിൽ പരിശോധിച്ചപ്പോൾ എച്ച്.ഐ.വി. പോസിറ്റീവ് അല്ലായിരുന്നു. ആർ.സി.സി.-യിൽ കൊണ്ടുവന്നതിനുശേഷമാണ് എച്ച്.ഐ.വി. പോസിറ്റീവ് ആയത്. ആകെ ഒരു കുട്ടിയാണ് ആ വീട്ടിലുള്ളത്. ഞാൻ ആ വീട്ടിൽ പോയതാണ്. ആർ.സി.സി.-യെ തകർക്കാൻ അവർക്കെന്താണ് താല്പര്യം? ആ കുട്ടിക്കുണ്ടായ ദുരന്തം നമ്മുടെയെല്ലാം തലകുനിക്കുന്ന സംഭവമാണ്. കുട്ടി മരിച്ചു, കുടുംബത്തിന് എന്തെങ്കിലും സഹായം നൽകണമെന്ന് ഞാൻ ആവശ്യപ്പെട്ടിട്ടുപോലും ഇതുവരെ ഗവൺമെന്റ് ചെയ്തിട്ടില്ല. വളരെ ഗൗരവതരമായ കാര്യമാണത്. ഏതെങ്കിലും ഉദ്യോസ്ഥന്റെ പിഴവാണെങ്കിൽ ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടിയെടുക്കാൻ എന്തുകൊണ്ട് ഗവൺമെന്റ് തയ്യാറാകുന്നില്ല? ആർ.സി.സി.യെ മൊത്തമായി ആരും കുറ്റം പറയുന്നില്ല. ആർ.സി.സി.യുടെ പ്രസ്റ്റീജും സ്റ്റാറ്റസും നിലനിർത്തണം. പക്ഷേ ആ പാവപ്പെട്ട കുടുംബത്തിനുണ്ടായ അതീവഗുരുതരമായ നഷ്ടത്തിന് അല്പമെങ്കിലും ആശ്വാസമെന്ന നിലയിൽ ഒരു സഹായം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ഇതിനുമുമ്പ് ഈ ചോദ്യമുന്നയിച്ച ബഹുമാനപ്പെട്ട കെ. മുരളീധരൻ എം.എൽ.എ.-യോ മറുപടി പറഞ്ഞ ഞാനോ കുട്ടിയുടെ കുടുംബം ആർ.സി.സി.-യെ തകർക്കാൻ ശ്രമിച്ചുവെന്നല്ല പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതും ഞാൻ മറുപടി പറഞ്ഞതും ആർ.സി.സി.-ക്ക് എതിരായി ഒരു ലോബി പ്രവർത്തിക്കുന്നുണ്ടെന്ന് സംശയിക്കണമെന്നാണ്, അതിൽനിന്നും പിൻമാറേണ്ടതില്ല. അത് നമുക്കെല്ലാം മനസ്സിലാക്കാൻ കഴിയുന്ന കാര്യമാണ്. ആ കുട്ടിയുടെയും കുടുംബത്തിന്റെയും കാര്യം വ്യത്യാസമാണ്. കുട്ടിയെയോ കുടുംബത്തെയോ കുറ്റം പറയാൻ കഴിയുകയില്ലെന്ന് മാത്രമല്ല, ഈ സർക്കാർ അവരോട് എല്ലാ അനുഭാവവും കാണിച്ചിട്ടുണ്ട്. ആർ.സി.സി.-യിൽ നിന്നുതന്നെയാണോ ഈ പകർച്ച ഉണ്ടായതെന്നു പരിശോധിക്കാൻ ഇടപെട്ടിട്ടുണ്ട്. ആർ.സി.സി.-യിൽ നിന്നാണ് മെഡിക്കൽ കോളേജിലേക്ക് ബ്ലഡ് അയച്ച് പരിശോധിച്ചത്. അപ്പോൾ എച്ച്.ഐ.വി. പോസിറ്റീവായി കാണുകയും ഉടനെ കൂടുതൽ പരിശോധനയ്ക്കായി ചെന്നൈയിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. ചെന്നൈയിൽ പരിശോധിച്ചപ്പോഴുണ്ടായ അവസ്ഥയാണ് ഞാൻ പറഞ്ഞത്. തിരിച്ച് ആർ.സി.സി.-യിൽ തന്നെ വരാനും വെല്ലൂരിൽ അയച്ച് ഉയർന്ന ട്രീറ്റ്മെന്റ് കുട്ടിക്ക് കൊടുക്കാനും മജ്ജ മാറ്റിവയ്ക്കൽ അടക്കം ചെയ്യാൻ കഴിയുമെങ്കിൽ അത്

ചെയ്യാനമാണ് തീരുമാനിച്ചത്. പക്ഷെ ചെന്നൈയിൽനിന്നും തിരികെ വന്നിട്ട് പിന്നെ ആർ.സി.സി.-യിലേയ്ക്ക് ആ കുട്ടി വന്നിട്ടില്ലെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ലുക്കീമിയ രോഗമായിരുന്നതിനാൽ കുട്ടി മരിച്ചുപോയി. അങ്ങനെ മരിച്ചുപോയ കുട്ടിയോടോ കുടുംബത്തോടോ യാതൊരു തരത്തിലുള്ള അവമതിപ്പുമില്ല, സഹതാപം തന്നെയാണുള്ളത്. അവർക്ക് ആവശ്യമായ സഹായം കൊടുക്കുന്നതിന് സർക്കാരിന് യാതൊരു മടിയും ഉണ്ടായിട്ടില്ല. പക്ഷെ അതിനിടയിലാണ്, കുട്ടിയുടെ രക്ഷിതാവിനെയടക്കം കൂട്ടിക്കൊണ്ട് ഒരു ചാനലിൽ പോയി ആർ.സി.സി.-യിൽ ശ്രദ്ധിച്ചില്ലെന്നും ഗവൺമെന്റ് അവഗണിച്ചുവെന്നുമുള്ള രീതിയിൽ ചർച്ച ചെയ്യിപ്പിച്ചത്. കുട്ടിയോ രക്ഷിതാവോ അതിന് ഉത്തരവാദികളല്ല. അതിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ചില ആളുകൾ മുതലെടുക്കാൻവേണ്ടി ശ്രമിച്ചുവെന്നത് വസ്തുതയാണ്. കുട്ടിയും കുടുംബവും എല്ലാ തരത്തിലുമുള്ള അനുഭാവവും അർഹിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: സർ, കുട്ടിയുടെ കുടുംബത്തിന് സാമ്പത്തിക സഹായം ചെയ്യാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

## കാൻസർ രോഗം നേരിടുന്നതിനും നിയന്ത്രിക്കുന്നതിനും നടപടി

2 (*272) ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് സ്തനാർബുദ രോഗം തുടക്കത്തിൽത്തന്നെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും കൂടുതൽ പര്യാപ്തമാകുന്ന വിധത്തിൽ കേരളത്തിലെ എല്ലാ താലൂക്ക് ആശുപത്രികളും കേന്ദ്രീകരിച്ച് മാമോഗ്രാം, അൾട്രാസൗണ്ട് സ്കാനിംഗ് സൗകര്യങ്ങളുള്ള മൊബൈൽ യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ പരിഗണനയിലുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) കാൻസർബാധിതരെ സഹായിക്കുന്നതിനും രോഗപ്രതിരോധ ബോധവൽക്കരണത്തിനും സന്നദ്ധസേവനം നടത്തുന്ന രജിസ്റ്റർ ചെയ്തിട്ടുള്ള സന്നദ്ധ സംഘടനകൾക്ക് സേവന മികവിന്റെ അടിസ്ഥാനത്തിൽ അർഹമായ സഹായങ്ങൾ നൽകുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) സ്ത്രീകളെ ബാധിക്കുന്ന അർബുദങ്ങളിൽ സംസ്ഥാനത്ത് മുൻനിരയിൽ നിൽക്കുന്നത് സ്തനാർബുദമാണ്. പക്ഷെ ഈ രോഗം കൊണ്ടുള്ള മരണനിരക്ക് മറ്റ് കാൻസറുകളെ അപേക്ഷിച്ച് വളരെ കുറവാണ്. സ്തനാർബുദം പ്രാരംഭദശയിൽത്തന്നെ കണ്ടെത്താവുന്നതും പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണെന്നത് വസ്തുതയാണ്. അതുകൊണ്ടുതന്നെ സ്തനാർബുദം കണ്ടെത്തുന്നതിനുള്ള പരിശോധന ഊർജ്ജിതപ്പെടുത്തേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ആരോഗ്യ വകുപ്പ് ഘട്ടംഘട്ടമായി കാൻസർ കെയർ പദ്ധതിയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രധാന ആശുപത്രികളിൽ മാമോഗ്രാം മെഷീനുകൾ സ്ഥാപിച്ചുവരുന്നു. നിലവിൽ മാമോഗ്രാം മെഷീൻ സ്ഥാപിച്ചിട്ടുള്ള ആശുപത്രികളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

എ.ഇ.ആർ.ബി. നിഷ്കർഷിച്ചിട്ടുള്ള സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ മൊബൈൽ മാമോഗ്രാം യൂണിറ്റുകൾ സ്ഥാപിക്കാൻ സാധിക്കുകയില്ല. താലൂക്ക് ആശുപത്രികളിൽ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്നപക്ഷം അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ നൽകുന്നതാണ്. എല്ലാ ജില്ലാ ആശുപത്രികളിലും കാൻസർ ചികിത്സയ്ക്കുള്ള പദ്ധതികൾ ഏർപ്പെടുത്തിവരുന്നു. താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ ഡോക്ടർമാർക്ക് ഏർളി കാൻസർ ഡിറ്റക്ഷൻ സംബന്ധിച്ച് ട്രെയിനിംഗ് നൽകിവരുന്നു.

റീജിയണൽ കാൻസർ സെന്ററിൽ സ്തനാർബുദ രോഗം തുടക്കത്തിൽത്തന്നെ കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും മാമോഗ്രാം, അൾട്രാസൗണ്ട് സ്കാനിംഗ് സൗകര്യങ്ങൾ എന്നിവ നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് സാന്ത്വന പരിചരണത്തിലും സന്നദ്ധ സേവനത്തിലും ലാഭേച്ഛ കൂടാതെ പ്രവർത്തിച്ചുവരുന്ന അനേകം സന്നദ്ധ സംഘടനകളുണ്ട്. വിവിധ പ്രദേശങ്ങളിൽ വിവിധ മേഖലകളിൽ ജനസേവനം നടത്തുന്ന ഈ സംഘടനകളുമായി സംസ്ഥാന ആരോഗ്യ വകുപ്പ് സാങ്കേതിക സഹകരണത്തിൽ ഏർപ്പെടുമെങ്കിലും സാമ്പത്തിക സഹായം നൽകിവരുന്നില്ല.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, മാമോഗ്രാം കഴിഞ്ഞതിനുശേഷം സെൽ കുത്തിയെടുത്ത് ടെസ്റ്റ് ചെയ്യുന്നതിന് 400 മുതൽ 1,400 രൂപ വരെ ചെലവുണ്ട്. ബയോപ്സി ചെയ്യണമെങ്കിൽ 1,000 മുതൽ 2,000 രൂപ വരെ ചെലവ് വരും. അതിനാവശ്യമായ പണമുണ്ടാക്കുന്നതിന് പാവപ്പെട്ടവർ ഒന്നുരണ്ട് ആഴ്ചയെടുക്കും. രോഗമുണ്ടായാൽ ആർ.എസ്.ബി.വൈ.-യിൽ ചെലവുചെയ്യാനും സർക്കാരിന് ഇൻഷ്വറൻസ് കൊടുക്കാനും സാധിക്കും. തുടക്കത്തിൽ ടെസ്റ്റ് ചെയ്യുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പണം കണ്ടെത്താൻ സാധിക്കാത്തവരുണ്ട്. പ്രത്യേകിച്ച് എന്റെ മണ്ഡലത്തിലൊക്കെ പാവപ്പെട്ടവരാണ് താമസിക്കുന്നത്. അവരുടെയിടയിൽ ഇങ്ങനെയുള്ള ഭയാനകമായ ചുറ്റുപാടാണുള്ളത്. അത്തരം പാവപ്പെട്ട രോഗികളെ സഹായിക്കാൻ സാധിക്കുന്നതിന് സർക്കാർ ആലോചിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കാൻസർ ട്രീറ്റ്മെന്റ് പാവപ്പെട്ടവർക്ക് പരമാവധി സൗജന്യമായി ചെയ്തുകൊടുക്കുന്നതിനാണ് സർക്കാർ ഇപ്പോൾ പരിശ്രമിക്കുന്നത്. പതിനെട്ട് വയസ്സുവരെയുള്ള കുട്ടികളുടെ കാൻസർ ട്രീറ്റ്മെന്റ് പൂർണ്ണമായും സൗജന്യമാക്കിയിട്ടുണ്ട്. അതോടൊപ്പം ആർ.എസ്.ബി.വൈ. പോലുള്ള സ്കീമുകളിൽ ഉൾപ്പെടുത്തി പാവപ്പെട്ട മഹാഭൂരിപക്ഷത്തിനും ഗവൺമെന്റ് ആശുപത്രികളിൽ പരിശോധനയ്ക്കുള്ള സംവിധാനം വ്യാപകമാക്കുകയാണ്. അത് വ്യാപകമാകുമ്പോൾ ആ പരിശോധന സൗജന്യമായി ഗവൺമെന്റ് ആശുപത്രികളിൽ നടത്താൻ സാധിക്കും. പ്രാഥമിക പരിശോധന ഗവൺമെന്റ് ആശുപത്രികളിലെ എല്ലാ തലത്തിലും സാധ്യമാകുന്നതോടുകൂടി ഈ പരിശോധനയ്ക്കുള്ള ചെലവ് ഗണ്യമായി കുറയുകയാണ് ചെയ്യുന്നത്. അത് കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങളിലേയ്ക്കാണ് വരുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, കാൻസറിനെതിരായ വാക്സിൻ കണ്ടുപിടിച്ചതായി ഫെബ്രുവരിയിൽ ഒരു റിപ്പോർട്ട് വന്നിരുന്നു. നിപ വൈറസുണ്ടായപ്പോൾ ചെയ്തതുപോലെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ആരോഗ്യ വകുപ്പുസെക്രട്ടറിയും ഇടപെട്ട് നമുക്ക് വാക്സിൻ കിട്ടാനുള്ള സാധ്യത പരിശോധിച്ചിട്ടുണ്ടോ; അത് പരീക്ഷിക്കാനുള്ള നടപടികൾ സ്വീകരിച്ചോ; ഇവിടെ അതിനായി ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കാൻസറിന്റെ കാര്യത്തിൽ വളരെ വലിയ നീക്കങ്ങൾ ഈ ഗവൺമെന്റ് ആരംഭിച്ചിട്ടുണ്ട്. കാൻസർ നയരേഖ തന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. W.H.O.-യുടെ പ്രതിനിധികളും മറ്റുമായി ചർച്ച നടത്തിയാണ് ഒരു കാൻസർ സ്ട്രാറ്റജി രൂപീകരിച്ചിട്ടുള്ളത്. കാൻസർ കെയർ ഗ്രിഡ് രൂപീകരിച്ച് ഇത്തരം കാര്യങ്ങൾ ഏകോപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള നിരവധി കാര്യങ്ങൾ ജേണലുകളിലൊക്കെ പ്രസിദ്ധീകരിച്ചുവരുന്നുണ്ട്. എന്നാൽ നമുക്ക് അത് പൂർണ്ണമായും ആശ്രയിക്കാവുന്നതാണോയെന്ന് വിദഗ്ദ്ധരടങ്ങിയ സംഘവുമായി ചേർന്ന് ചർച്ച നടത്തുമ്പോൾ മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ മലബാർ കാൻസർ സെന്ററിൽ സ്റ്റെം സെൽ ഓപ്പറേഷൻ നടക്കുന്നുണ്ട്. സ്റ്റെം സെൽ പുനഃസ്ഥാപിച്ചുകൊണ്ടുള്ള കാൻസറിന്റെ ട്രീറ്റ്മെന്റ് തെറാപ്പി നടക്കുന്നുണ്ട്. അതുപോലെ വാക്സിന്റെ കാര്യവും കാൻസർ സ്ട്രാറ്റജിയുടെ ഭാഗമായി പരിശോധിക്കാവുന്നതാണ്.

ശ്രീ. സി. കെ. നാണുവിനുവേണ്ടി <u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ സ്ത്രീകളിൽ ഏറ്റവുമധികം കണ്ടുവരുന്നതാണ് സ്തനാർബുദവും ഗർഭാശയ കാൻസറും. അതിൽ ഏറ്റവും കൂടുതൽ സ്തനാർബുദം തന്നെയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ ചികിത്സ ലഭ്യമാണെങ്കിലും ഏർളി ഡിറ്റക്ഷൻ നടക്കുന്നില്ല എന്നതാണ് വാസ്തവം. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഉദ്ഘാടനം ചെയ്ത മാമോഗ്രാം കോഴഞ്ചേരിയിലെ ഡിസ്ട്രിക്ട് കാൻസർ സെന്ററിലുണ്ട്. പക്ഷേ സ്ത്രീകൾ അവിടേയ്ക്ക് വരുന്നില്ല. ക്യാമ്പുകളിൽ ഐഡന്റിഫൈ ചെയ്യപ്പെടുന്ന കേസുകളാണ് അവിടെ വന്ന് പരിശോധിക്കപ്പെടുന്നത്. കേരളത്തിലെ ഏറ്റവും വലിയ സ്ത്രീ ശക്തി കുടുംബശ്രീയിലാണുള്ളത്. തദ്ദേശസ്വയംഭരണ വകുപ്പുമായി സഹകരിച്ച് ഇങ്ങനെയുള്ള രോഗങ്ങൾ പരിശോധിച്ച് കുടുംബശ്രീ പ്രവർത്തകർക്ക് ഹെൽത്ത് കാർഡ് നൽകാൻ നടപടിയുണ്ടാകുമോ; ബി.പി.എൽ. വിഭാഗത്തിന് കീമോയുടെ മെഡിസിൻ പൂർണ്ണമായും സൗജന്യമായി കൊടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, കാൻസറിന്റെ ഏർളി ഡിറ്റക്ഷനുവേണ്ടി ഇപ്പോൾത്തന്നെ നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൽ മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിലും തിരുവനന്തപുരം ആർ.സി.സി.-യുടെ ആഭിമുഖ്യത്തിലും സമ്പൂർണ്ണ കാൻസർ രജിസ്ട്രി ഉണ്ടാക്കാനുള്ള പരിശ്രമം നടന്നിട്ടുണ്ട്. ഏർളി ഡിറ്റക്ഷനുള്ള സമീപനം സ്വീകരിച്ചുകൊണ്ടാണ് കാൻസർ രജിസ്ട്രി പ്രിപ്പയർ ചെയ്തിട്ടുള്ളത്. ഇത് മറ്റ് പ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫാമിലി ഹെൽത്ത് സെന്ററുകൾ തുടങ്ങുന്നിടത്തെല്ലാം ഏർളി ഡിറ്റക്ഷനാവശ്യമായ പ്രാഥമിക നടപടികൾ നടത്താൻ കഴിയുന്നുണ്ട്. ആവശ്യമായ പരിശോധന നടത്താൻ ഉയർന്ന ആശുപത്രിയിലേയ്ക്ക് റഫർ ചെയ്യാനുള്ള സൗകര്യവും അവിടെയുണ്ട്. മലബാർ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിൽ 'ആയുർദീപ്തം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അതിൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ കേന്ദ്രമാക്കി കാൻസർ ഡിറ്റക്ഷനാവശ്യമായ പരിശീലനവും ക്യാമ്പുകളും നടത്തി പൊതുജനങ്ങളെ ആകർഷിച്ച് കാൻസറുണ്ടോയെന്ന് പരിശോധിക്കും. കാൻസർ ക്യാമ്പ് വച്ചാൽ പലരും അവിടെ വരാൻ തയ്യാറാകുന്നില്ല. എന്നാൽ ഒരു പ്രത്യേക രീതിയിൽ പ്രൈമറി ഹെൽത്ത് സെന്ററിൽ വരുന്നവരുമായി ബന്ധപ്പെട്ട് ഈ പരിശോധന നടത്തുന്നതിനുള്ള ട്രെയിനിംഗാണ് കൊടുക്കുന്നത്. അതുവച്ച് വിശദമായ ഏർളി ഡിറ്റക്ഷൻ നടത്താൻ സാധിക്കും. ബി.പി.എൽ.-കാർക്ക് ഇപ്പോൾത്തന്നെ പല സ്കീമുകളിലും ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. അതനുസരിച്ച് ചികിത്സ ക്രമീകരിക്കാൻ കഴിയും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യയായ അംഗത്തിന്റെ ചോദ്യത്തിന്റെ സ്പിരിറ്റ് എല്ലാവരെയും പരിശോധിക്കാനാകുമോയെന്നതാണ്. ഇത് വളരെ പ്രസക്തമായ കാര്യമാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ആരോഗ്യ നയത്തിന്റെ ഭാഗമായി കേരളത്തിലെ എല്ലാ കുടുംബങ്ങളെയും പരിശോധിക്കുകയും എന്തെങ്കിലും ആരോഗ്യ പ്രശ്നങ്ങളുണ്ടോയെന്ന് മനസ്സിലാക്കുകയും ചെയ്യുന്നത് നല്ല കാര്യമാണ്. അതിന് പറ്റുന്ന സംവിധാനം ഏർപ്പെടുത്തേണ്ടത് വളരെ അത്യാവശ്യമാണ്, അത് സർക്കാർ ആലോചിക്കുന്നതാണ്.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഇന്ത്യൻ സ്ത്രീകളിലാണ് സ്തനാർബുദം ഏറ്റവും കൂടുതൽ കണ്ടുവരുന്നത്. ബാംഗ്ലൂർ-36.6%, ചെന്നൈ-32%, നാഗ്പൂർ-32.5%, മുംബൈ -31.10%, കൊൽക്കത്ത-28%, അഹമ്മദാബാദ്-27.5%, കൊല്ലം-25.8%, പൂനെ-23.3%, തിരുവനന്തപുരം-25%. അതിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ സ്തനാർബുദമുള്ളത് തിരുവനന്തപുരത്തും കൊല്ലത്തുമാണെന്നാണ് ഒരു പഠനത്തിൽ തെളിഞ്ഞിരിക്കുന്നത്. അതുകൊണ്ട് ഈ ജില്ലകളിൽ സമഗ്രമായ പഠനം നടത്തി, ഇതിനൊരു ശാശ്വത പരിഹാരം കാണണം. ബഹുമാനപ്പെട്ട ടീച്ചർ ഇവിടെ 8 ജില്ലകളിൽ മാമോഗ്രാം ചെയ്യാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ടെന്ന് പറഞ്ഞു. തിരുവനന്തപുരത്തും കൊല്ലത്തും ഏറ്റവും കൂടുതൽ സ്തനാർബുദം സ്ത്രീകളിൽ കണ്ടതിന്റെ ഫലമായി കൊല്ലം ജില്ലയിലെ എ. എ. റഹീം മെമ്മോറിയൽ ജില്ലാ ആശുപത്രിയിൽ മാമോഗ്രാം ചെയ്യുന്നതിനുള്ള സംവിധാനമൊരുക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഈ വർഷം കൊല്ലം ജില്ലാ ആശുപത്രിയിലും മലപ്പുറത്ത് തിരൂരിലും മാമോഗ്രാമിനുള്ള സംവിധാനമൊരുക്കാൻ നടപടി സ്വീകരിക്കുകയാണ്. തുടർന്ന് ആലപ്പുഴ, കോട്ടയം, തൊടുപുഴ എന്നിവിടങ്ങളിലും സ്ഥാപിക്കുന്നതാണ്. എല്ലാ ജില്ലകളിലും മാമോഗ്രാം ചെയ്യാനുള്ള സൗകര്യമുണ്ടാക്കുന്നതാണ്. കൊല്ലം ജില്ലയിലും മലപ്പുറത്ത് തിരൂരിലും ഈ വർഷംതന്നെ മാമോഗ്രാം ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കുന്നതാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ശ്രീമതി വീണാ ജോർജ്ജ് ചോദിച്ച ചോദ്യം വളരെ പ്രസക്തമാണ്. കുടുംബശ്രീയെ ഇതിൽ പങ്കാളിയാക്കിയാൽ ഈ സഹോദരിമാരെ വളരെ വേഗത്തിൽ പരിശോധനകളുമായി ബന്ധിപ്പിക്കാൻ കഴിയും. നമ്മുടെ നാട്ടിൽ വിവിധ ചാരിറ്റബിൾ സംഘടനകളുണ്ട്. എന്റെ നാട്ടിൽത്തന്നെ ഗംഗാധരൻ ഡോക്ടർ നേതൃത്വം നൽകുന്ന 'ജീവനം' എന്ന സംഘടന പ്രവർത്തിക്കുന്നുണ്ട്. അവരെല്ലാം കാൻസർ ഡിറ്റക്ഷൻ ക്യാമ്പുകൾ ധാരാളമായി നടത്തുന്നുണ്ട്, അതിൽ ധാരാളം ജനങ്ങൾ വരുന്നുണ്ട്, കാൻസർ രോഗികളെ കണ്ടെത്തുന്നുമുണ്ട്. അവർക്ക് നമ്മൾ പണം നൽകുന്നില്ലെങ്കിലും സാങ്കേതിക സഹായം ആർ.സി.സി.-യിൽനിന്നും കൊടുക്കുന്നുണ്ട്. വർദ്ധിച്ച ജോലിഭാരം കാരണം ഇന്ന് ആർ.സി.സി.-യിലെ ജീവനക്കാർക്ക് പലപ്പോഴും

ക്യാമ്പുകൾ റഗുലറായി സംഘടിപ്പിക്കാനും വ്യാപകമാക്കാനും കഴിയുന്നില്ല. അതിനുള്ള സംവിധാനം ഏർപ്പെടുത്തണം. അതോടൊപ്പം ആർ.സി.സി.-യിൽ പഠിക്കുന്ന ഡോക്ടർമാരുണ്ട്. റേഡിയോ ഡയഗ്നോസിസിന്റെ ഒരു പി.ജി. കോഴ്സ് അവിടെ നടത്തുന്നുണ്ട്. കേരള ആരോഗ്യ സർവ്വകലാശാലയുടെ അനുവാദത്തോടെയാണ് അത് നടക്കുന്നത്. എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരമില്ല എന്നതിന്റെ പേരിൽ ആർ.സി.സി. നടത്തുന്ന ആ പി.ജി. കോഴ്സ് രജിസ്റ്റർ ചെയ്തുകൊടുക്കാൻ മെഡിക്കൽ കൗൺസിൽപോലും തയ്യാറാകുന്നില്ല. കാൻസറുമായി ബന്ധപ്പെട്ട് സ്പെഷ്യാലിറ്റി ആയി പഠിക്കുന്ന ഡോക്ടർമാർക്ക് ഒരിടത്തും ജോലിയിൽ കയറാനോ പ്രാക്ടീസ് ചെയ്യാനോ പി.എസ്.സി.-യിൽ അപേക്ഷിക്കാനോ പറ്റില്ല. ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാരുടെ എണ്ണം കുറഞ്ഞിരിക്കുമ്പോൾ നമ്മൾ തന്നെ ആർ.സി.സി.-യിൽ നടത്തുന്ന വളരെ പ്രസ്റ്റീജസ്സായ ആ കോഴ്സിന് അംഗീകാരം കൊടുക്കാനുള്ള നടപടിയെടുക്കുകയും അവരെയെല്ലാം ഉപയോഗപ്പെടുത്തി ഗ്രാമപ്രദേശങ്ങളിൽ ഇപ്പോൾ നല്ലരീതിയിൽ നടക്കുന്ന പരിശോധന കുറച്ചുകൂടി ഊർജ്ജിതപ്പെടുത്താനാവശ്യമായ സൗകര്യങ്ങളൊരുക്കുകയും ചെയ്യുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യ പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി ആവിഷ്കരിക്കാനാണ് ആലോചിച്ചിട്ടുള്ളത്. അത് തൊട്ടടുത്തുതന്നെ പ്രഖ്യാപിച്ചുകൊണ്ട് ഇത്തരത്തിലുള്ള ആരോഗ്യ പ്രശ്നങ്ങൾ സമഗ്രമായി പരിശോധിക്കും. ആശാവർക്കർമാർ, ജെ.പി.എച്ച്.എൻ.-മാർ അടക്കമുള്ളവർ ആരോഗ്യമേഖലയിലുണ്ട്. അവരെയെല്ലാം ഉപയോഗപ്പെടുത്തി ഇത്തരം കാര്യങ്ങൾ ചെയ്യാൻ ബുദ്ധിമുട്ടുണ്ടാകില്ല എന്നാണ് തോന്നുന്നത്. ആർ.സി.സി.-യിലെ പ്രത്യേക കോഴ്സിന്റെ കാര്യം അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. വി. എസ്. ശിവകുമാർ: സർ, നമ്മുടെ സംസ്ഥാനത്ത് കാൻസർ രോഗബാധിതരുടെ എണ്ണം വളരെയധികം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ആർ.സി.സി.-യിലൊക്കെ ആയിരക്കണക്കിന് രോഗികളാണ് ദിവസവും ചികിത്സയ്ക്കെത്തുന്നത്. ആ തിരക്ക് ഒഴിവാക്കുന്നതിനുവേണ്ടി ജില്ലാ കാൻസർ കെയർ പ്രോഗ്രാം നടപ്പിലാക്കിയിട്ടുണ്ട്. ആർ.സി.സി.-യിൽനിന്നും ട്രെയിനിംഗ് പൂർത്തീകരിച്ച ജില്ലാ ആശുപത്രികളിലെ ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും അവിടെ ചികിത്സിക്കുകയാണ്. അതുകൊണ്ട് എല്ലാ ആളുകൾക്കും ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലുമൊന്നും പോകേണ്ട സാഹചര്യമുണ്ടാകുന്നില്ല, തിരക്ക് ഒഴിവാക്കാനും കഴിയുന്നു. അത്തരത്തിലുള്ള ജില്ലാ

കാൻസർ കെയർ പ്രോഗ്രാം താലൂക്ക് ആശുപത്രികളിൽവരെ ലഭ്യമാക്കുകയും കീമോതെറാപ്പി ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ ആർ.സി.സി.-യിലും മലബാർ കാൻസർ സെന്ററിലുമുള്ള തിരക്ക് ഒഴിവാക്കാൻ കഴിയും. അത് താലൂക്ക് ആശുപത്രികളിൽക്കൂടി വ്യാപിപ്പിക്കാൻ കഴിയുമോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 35 ലക്ഷത്തോളം വരുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ചികിത്സ നൽകുന്നതിനായി ആർ.സി.സി., മലബാർ കാൻസർ സെന്റർ, 5 മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ നടപ്പിലാക്കിയ 'സുകൃതം' പദ്ധതി സ്തംഭിച്ചിരിക്കുകയാണ്. ആർ.സി.സി.-യിൽ 24 കോടി രൂപ കൊടുക്കാനുണ്ട്. എത്രയോ മാസമായി RCC-യുടെ ഫണ്ടെടുത്താണ് ചെലവ് ചെയ്യുന്നത്. ഇപ്പോൾ ആ ഫണ്ടില്ല. പാവപ്പെട്ട ആളുകളുടെ കാൻസർ ചികിത്സയ്ക്കുവേണ്ടിയുള്ള ആ തുക ഉടൻതന്നെ അനുവദിക്കണം. താലൂക്ക് ആശുപത്രിയിൽ കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, ജില്ലാതലത്തിലുള്ള ജില്ലാ കാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി ട്രെയിനിംഗ് നൽകിയ കാര്യമൊക്കെ പറയുകയുണ്ടായി. അതൊന്നും ഈ ഗവൺമെന്റ് തടസ്സപ്പെടുത്തിയിട്ടില്ല. എന്നാൽ കീമോതെറാപ്പി അടക്കമുള്ള സൗകര്യങ്ങൾ ജില്ലാ ആശുപത്രികളിൽപ്പോലും ഉണ്ടായിരുന്നില്ല. ട്രെയിനിംഗൊക്കെ കൊടുത്തിട്ടുണ്ട്. അങ്ങനെയൊന്ന് ആരംഭിച്ചിരുന്നില്ല എന്നതാണ് വസ്തുത. അത് താലൂക്ക് തലത്തിലേയ്ക്ക് വ്യാപിപ്പിക്കുകയെന്നത് അത്ര എളുപ്പത്തിൽ കഴിയുന്ന കാര്യമല്ല, അത് ശാസ്ത്രീയവുമല്ല. ജില്ലാതലത്തിൽ കുറെക്കൂടി ശക്തമായ കാൻസർ കെയർ സംവിധാനങ്ങൾ ഏർപ്പെടുത്താൻ തന്നെയാണ് ഗവൺമെന്റ് ആലോചിച്ചിട്ടുള്ളത്. ആർ.സി.സി.-ക്ക് സമാനമായ രീതിയിൽ കീമോ അടക്കം ചെയ്യാൻ കഴിയുന്ന തരത്തിൽ മെഡിക്കൽ കോളേജുകളെ സജ്ജമാക്കുകയാണ് അതിനുമുമ്പായി ചെയ്യേണ്ടത്. അതുകൊണ്ടാണ് 5 പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിൽ കീമോ അടക്കമുള്ള കാൻസർ ശുശ്രൂഷ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുകയും ഓങ്കോളജി വിഭാഗത്തിൽ 105 പുതിയ തസ്തികകൾ സൃഷ്ടിച്ച് ഈ വിഭാഗത്തെ അഭിവൃദ്ധിപ്പെടുത്താൻ തീരുമാനിക്കുകയും ചെയ്തത്. താലൂക്കുതലത്തിലേയ്ക്ക് പോകുകയെന്നത് ഇപ്പോൾ ആലോചിക്കാൻ കഴിയുന്ന വിഷയമല്ല. 'സുകൃതം' പദ്ധതി നിർത്തലാക്കി എന്നുപറയുന്നത് ശരിയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 'സുകൃതം' പദ്ധതിയുടെ ഭാഗമായി വലിയ കുടിശ്ശികയുണ്ടായിരുന്നു. അത് മുഴുവൻ കൊടുത്തുതീർത്തു. പിന്നീട് 'സുകൃത'ത്തിന് ഒരു പ്രത്യേക ഹെഡ് വയ്ക്കാതെതന്നെ ഇടയ്ക്കിടയ്ക്ക് ഒരു നിശ്ചിത തുക കിട്ടുകയാണ്.

കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കുറച്ച് തുക അനുവദിച്ചു. പിന്നീട് അനുവദിക്കാതിരുന്നു, അത് കുടിശ്ശികയായി, ആ കുടിശ്ശിക ഈ ഗവൺമെന്റ് വന്നപ്പോൾ കൊടുത്തുതീർത്തു. ഏതെങ്കിലും ഫണ്ടിൽനിന്ന് അഡ്ജസ്റ്റ് ചെയ്ത് 'സുകൃതം' പദ്ധതി നീക്കുകയും കുടിശ്ശിക വരുന്ന സമയത്ത് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ട് പാസ്സാക്കിയെടുക്കുകയുമാണ് ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ കുറച്ചു തുക കിട്ടാനുണ്ട്. അത് ഉടൻതന്നെ തരാമെന്ന് ധനകാര്യ വകുപ്പ് പറഞ്ഞിട്ടുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, കാൻസർ രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ കാരണം സംബന്ധിച്ച് ആധികാരികമായി പഠനം നടത്തിയിട്ടുണ്ടോ; എന്തുകൊണ്ടാണ് കാൻസർ രോഗികളുടെ എണ്ണത്തിൽ ഇത്രയധികം വർദ്ധനവുണ്ടാകുന്നത്; പഠനം നടത്തിയിട്ടില്ലെങ്കിൽ ആധികാരികമായി പഠനം നടത്തുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുമോ? അതോടൊപ്പം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രഖ്യാപിച്ച 'കാൻസർ വിമുക്ത കേരളം' പരിപാടിയെ സ്വാഗതം ചെയ്യുകയും ചെയ്യുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കാൻസറിനെ സംബന്ധിച്ച് ആർ.സി.സി.-യുടെയും മലബാർ കാൻസർ സെന്ററിന്റെയും ആഭിമുഖ്യത്തിൽ വിവിധ പഠനങ്ങൾ നടത്തിയിട്ടുണ്ട്. ചില മേഖലകളിൽ പ്രത്യേകിച്ച് കൂടുതലായി കാണുന്നുണ്ടെങ്കിലും കേരളത്തിലാകെ കാൻസറുണ്ട്. അതിന്റെ കാരണം ഇന്നതാണ് എന്നുപറയത്തക്ക രീതിയിൽ ക്രോഡീകരിച്ചിട്ടില്ല. പഠനം ഇനിയും തുടരാവുന്നതാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ചികിത്സാ രംഗത്ത് ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്ന ഒരു കാലഘട്ടമാണിത്. Artificial intelligence വരെ ആ രംഗത്ത് ഉപയോഗപ്പെടുത്തുന്നുണ്ട്. കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഹെൽത്ത് ടെക്നോളജി അസസ്മെന്റ് ഇൻ ഇൻഡ്യ പ്രോഗ്രാം പ്രകാരം ശ്രീ ചിത്രാ മെഡിക്കൽ സെന്ററിന്റെ കീഴിൽ അച്യുതമേനോൻ സെന്റർ ഫോർ ഹെൽത്ത് സയൻസസ് ഉപയോഗപ്പെടുത്തി കേരളത്തിലെ ചികിത്സാ രംഗത്ത് നൂതനമായ സാങ്കേതിക പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കാൻ സാധിക്കുമോ; അതിന് സഹായം ലഭിക്കുന്നുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇപ്പോൾത്തന്നെ അച്യുതമേനോൻ സെന്റർ ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് വ്യാപകമാകുന്ന പകർച്ചവ്യാധികൾ, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിരവധി പഠനങ്ങൾ നടത്തിവരികയാണ്. അവ പൂർത്തിയാകുന്ന മുറയ്ക്ക് അത് പ്രസിദ്ധീകരിക്കാൻ സാധിക്കും.

ശ്രീ. പി. ടി. എ. റഹീം: സർ, കാൻസർ സെന്റർ സ്ഥാപിക്കുന്നതിന് മാവൂർ തെങ്ങിലക്കടവിൽ 7 ഏക്കർ സ്ഥലവും ഇരുനില കെട്ടിടവും സർക്കാരിലേയ്ക്ക് കൈമാറിയിട്ട് 8 വർഷമായി. ഇതുവരെ അതിന്മേൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ആ സ്ഥലം ഉപയോഗപ്പെടുത്തുന്നതിന് എന്ത് ശ്രമമാണ് സർക്കാർ നടത്തുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ നിരന്തരമായി ഉന്നയിക്കുന്ന ഒരു വിഷയമാണിത്. യഥാർത്ഥത്തിൽ ഒരു ടെർഷ്യറി കാൻസർ കെയർ സെന്റർ എന്ന നിലയിൽ മെഡിക്കൽ കോളേജിൽ കാൻസർ ട്രീറ്റ്മെന്റുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും ആരംഭിച്ചിരിക്കുകയാണ്. അതിന്റെ അനുബന്ധമായി ആരംഭിക്കാൻ കഴിയുമോയെന്ന് ആലോചിച്ചു. പക്ഷേ, പ്രസ്തുത സ്ഥലം വളരെ അകലെയാണ്. വളരെ അകലെയുള്ള സ്ഥലത്ത് ഒരു പ്രത്യേക സെന്റർ ആരംഭിക്കുമ്പോൾ അത്യാധികം പോസ്റ്റ് ക്രിയേഷനും മറ്റ് സൗകര്യങ്ങളുമൊക്കെ ആവശ്യമുണ്ട്. ഇന്നത്തെ നിലയിൽ അത് അസാധ്യമായതുകൊണ്ട് അവിടെ അത്തരമൊരു സെന്റർ തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ആ സ്ഥലം കാൻസർ ട്രീറ്റ്മെന്റിനുതന്നെ ഉപയോഗപ്പെടുത്തണമെന്നാണ് സ്ഥലം വിട്ടുതന്നവരും പറഞ്ഞിട്ടുള്ളത്. അതിലൊരു തീരുമാനമെടുക്കാനുള്ള ബുദ്ധിമുട്ടുകൊണ്ടാണ് ഇത്രയും കാലതാമസമുണ്ടായിട്ടുള്ളത്. ഇപ്പോഴും അതിനെക്കുറിച്ച് ആലോചിച്ചുവരികയാണ്. കാൻസർ ട്രീറ്റ്മെന്റിന് ഒരു പ്രത്യേക സെന്റർ മെഡിക്കൽ കോളേജിൽത്തന്നെ ഉള്ളതുകൊണ്ടാണ് അവിടെ അത്തരമൊരു സെന്റർ ആരംഭിക്കാൻ ബുദ്ധിമുട്ടുള്ളത്.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിൽ സ്ഥിരമായി കാൻസർ ട്രീറ്റ്മെന്റ് എടുക്കുന്ന 2 ലക്ഷത്തോളം ആളുകളുണ്ടെന്നും ഒരു വർഷം 55,000-ത്തോളം പുതിയ രോഗികൾ കടന്നുവരുന്നുണ്ടെന്നുമാണ് പ്രശസ്ത കാൻസർ രോഗ വിദഗ്ദ്ധനായ ഡോ. വി.പി. ഗംഗാധരൻ അഭിപ്രായപ്പെട്ടിട്ടുള്ളത്. അദ്ദേഹം എന്റെ മണ്ഡലത്തിലാണ് താമസിക്കുന്നത്. അദ്ദേഹം ഈ രംഗത്ത് ധാരാളം നല്ല പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ജീവിതശൈലിമൂലം കാൻസർ അടക്കമുള്ള രോഗങ്ങൾ നിരന്തരമായി വർദ്ധിക്കുകയാണ്. കീടനാശിനിയുടെ വർദ്ധിച്ച ഉപയോഗം, ഭക്ഷണത്തിലും പാലിലും എണ്ണയിലുമുള്ള മായം, മറ്റ് കൃത്രിമങ്ങൾ തുടങ്ങിയവയെല്ലാം കാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾ വരാൻ കാരണമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിന്റെ പ്രിവൻഷനും സ്ക്രീനിംഗിനുംവേണ്ടി സ്കൂൾതലത്തിൽ ഒരു സിലബസിന്റെ ഭാഗമായി പരിശോധനാ സംവിധാനം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, സ്കൂൾതലത്തിൽ സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ സേവനം ഉപയോഗപ്പെടുത്തുകയും അതോടൊപ്പം കാൻസർ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങളെയും ഭക്ഷണം നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെയും സംബന്ധിച്ചും ഫാസ്റ്റ്ഫുഡ് സംസ്കാരത്തിനെതിരെയും ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുമുണ്ട്. പൈലറ്റ് പ്രോജക്ട് എന്ന നിലയിൽ 'കുട്ടി ഡോക്ടർ' സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ കുട്ടികൾക്കുതന്നെ ട്രെയിനിംഗ് നൽകി മറ്റുള്ളവർക്കുകൂടി അറിവ് പകർന്നുകൊടുക്കാൻ കഴിയുന്ന രീതിയിൽ അവരെ വളർത്തിയെടുക്കുന്ന സംവിധാനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത സംവിധാനം സംസ്ഥാന വ്യാപകമാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. കുട്ടികളിലൂടെ വളരെ വിപുലമായ കാമ്പയിൻ നടത്തുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഭക്ഷണക്രമത്തിന്റെ ഭാഗമായിവരുന്ന ഒട്ടേറെ ഭക്ഷ്യജന്യ രോഗങ്ങളും ജീവിതശൈലി രോഗങ്ങളുമൊക്കെ വലിയ തോതിൽ ഉണ്ടാകുകയാണ്. അതിനൊക്കെ നിയന്ത്രണം ഏർപ്പെടുത്തുക എന്നതുതന്നെയാണ് 'ആർദ്രം' മിഷനിലൂടെ മുന്നോട്ടുവച്ചിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം. നമ്മുടെ ശൈലിയിലാകെ മാറ്റം വരുത്തേണ്ടതുണ്ട്. ഇതൊരു സാമൂഹ്യപ്രശ്നം തന്നെയാണ്. അപ്പോൾ ഈ വിഷയം ഒരു സാമൂഹ്യ ഉത്തരവാദിത്വമായിത്തന്നെ ഏറ്റെടുത്ത് ആരോഗ്യ മേഖലയിൽ വമ്പിച്ച മാറ്റമുണ്ടാക്കാൻ നമുക്ക് സാധിക്കണം.

ശ്രീ. എൽദോ എബ്രഹാം: സർ, സംസ്ഥാനത്ത് ഇപ്പോൾ കാൻസർ രോഗികൾക്ക് പെൻഷൻ നൽകുന്നുണ്ട്. അത് നാമമാത്രമായ തുകയാണ്. വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകി കാൻസർ രോഗികൾക്ക് പെൻഷൻ അനുവദിച്ചാൽ വർഷംതോറും അത് പുതുക്കുകയും വേണം. അവരുടെ പെൻഷൻ തുക മിനിമം മൂവായിരം രൂപയാക്കാനുള്ള നടപടി സ്വീകരിക്കുമോ? മറ്റൊന്ന്, ഇപ്പോൾ ചെലവിനെ ആസ്പദമാക്കിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചികിത്സാ ധനസഹായം നൽകുന്നത്. സർക്കാർ ആശുപത്രികളിൽ കാൻസർ ചികിത്സ തേടിയെത്തുന്നവർക്ക് ഡോക്ടർമാർ സാധാരണ എക്സ്പെൻഡിച്ചർ എഴുതി നൽകാറില്ല. അതുകൊണ്ട് കാൻസർ എന്ന മാരകമായ രോഗം പിടിപെടുന്നവർക്ക് എക്സ്പെൻഡിച്ചർ ആസ്പദമാക്കാതെ മിനിമം 50,000 രൂപ ധനസഹായമായി നൽകാൻ ഗവൺമെന്റ് താല്പര്യമെടുക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പെൻഷനിലും ധനസഹായത്തിലും ആനുകാലികമായ വർദ്ധനവുണ്ടായിട്ടുണ്ട്. കൂടുതൽ വർദ്ധനവ് വരുത്തുന്ന കാര്യം പ്രത്യേകം ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്.

## ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്

3 (*273) ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് നടത്തിയ വികസന പ്രവർത്തനങ്ങൾ അറിയിക്കാമോ; മുൻ സർക്കാർ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ ജില്ല/ജനറൽ ആശുപത്രികളെ പേരുമാറ്റി മെഡിക്കൽ കോളേജാക്കിയവയിൽ വിദ്യാർത്ഥി പ്രവേശനത്തിന് മെഡിക്കൽ കൗൺസിൽ അനുമതി നിഷേധിക്കാനിടയാക്കിയ സ്ഥിതി പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ബി) മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി കേഡർ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) വയനാട് മെഡിക്കൽ കോളേജിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; സമഗ്ര വികസനത്തിനായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ;

(ഡി) വടക്കേ മലബാറിലെ രോഗികളുടെ ആശ്രയമായ പരിയാരം സഹകരണ മെഡിക്കൽ കോളേജിനെ സർക്കാർ ഏറ്റെടുക്കുന്നതിന്റെ വിശദാംശം അറിയിക്കാമോ; സ്ഥാപന ശാക്തീകരണത്തിനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ,

(എ) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(ബി) മെഡിക്കൽ കോളേജുകളിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ നിലവിലുണ്ട്.

(സി) വയനാട് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ടി മെഡിക്കൽ കോളേജിനുവേണ്ടിയുള്ള അക്സസ് റോഡിന്റെയും ഇന്റേണൽ റോഡിന്റെയും നിർമ്മാണത്തിനായി സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനത്തിനുള്ള സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ഇൻകെൽ ലിമിറ്റഡിനെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചുമതലപ്പെടുത്തിയിട്ടുണ്ട്. ടി മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി 625 കോടി രൂപയുടെ പദ്ധതി ഇൻകെൽ ലിമിറ്റഡിന്റെ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ധനസഹായം മുഖേന നടത്തുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുണ്ട്. വകുപ്പ് അതിന്റെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്, പരിയാരം, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള 2018-ലെ 33-ാം നമ്പർ ഓർഡിനൻസ് ഉടൻ പ്രാബല്യത്തിൽ 2018 ഏപ്രിൽ 14-ാം തീയതിയിലെ 973-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അക്കാദമി ഓഫ് മെഡിക്കൽ സയൻസസ്-പരിയാരം, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ സർക്കാർ ഏറ്റെടുത്ത് നിലവിൽ ബോർഡ് ഓഫ് കൺട്രോളിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, വയനാട് മെഡിക്കൽ കോളേജിന് കെട്ടിടത്തിന്റെയും റോഡുകളുടെയും നിർമ്മാണത്തിനായി 641 കോടി രൂപയുടെ ഭരണാനുമതി നൽകിയ സർക്കാരിനെ അഭിനന്ദിക്കുന്നു. നിപ വൈറസ് ബാധയുണ്ടായപ്പോൾ ലോകത്തിനുതന്നെ മാതൃകയായ രീതിയിൽ ആരോഗ്യ വകുപ്പ്, പ്രത്യേകിച്ച് ബഹുമാന്യയായ മന്ത്രി സ്ഥലത്ത് ക്യാമ്പ് ചെയ്തുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ അങ്ങേയറ്റം അഭിനന്ദനാർഹമാണ്. സർക്കാർ ജനങ്ങളോടൊപ്പമുണ്ടെന്ന സന്ദേശമായിരുന്നു അത് നൽകിയത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡില്ലാത്തതിന്റെ പ്രയാസങ്ങൾ നമ്മൾ മനസ്സിലാക്കിയതാണ്. അതുകൊണ്ട് മെഡിക്കൽ കോളേജുകളിൽ, പ്രത്യേകിച്ച് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡ് നിർമ്മിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വൈറോളജി ലാബ് രൂപീകരിക്കാനുള്ള നടപടി എന്തായി; എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, നിപ വൈറസ് ബാധയെത്തുടർന്ന് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു ഐസൊലേഷൻ വാർഡ് സെറ്റ് ചെയ്തിരുന്നു. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നേരത്തെ പറഞ്ഞതാണ്. സ്ഥിരമായി ഐസൊലേഷൻ വാർഡ് സ്ഥാപിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ട്. അതിന്റെ നടപടികൾ നീക്കിവരികയാണ്. അവിടെ ഒരു ബയോ സേഫ്റ്റി ലെവൽ-3 നിലവാരത്തിലുള്ള വൈറോളജി ലാബ് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് തിരുവനന്തപുരത്ത് ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കാനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: സർ, മെഡിക്കൽ കോളേജുകളെ ശക്തിപ്പെടുത്താൻ ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാട് അങ്ങേയറ്റം സ്വാഗതാർഹമാണ്. നിരവധി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രതിദിനം അയ്യായിരത്തോളം രോഗികളാണ് വരുന്നത്. 2600 ആണ് അവിടത്തെ ബെഡ് സ്ട്രെങ്ത്. അതിലും എത്രയോ ഇരട്ടി രോഗികളാണ് അവിടെ എത്തുന്നത്. അതുകൊണ്ട് അവിടത്തെ മെഡിക്കൽ ഐ.സി.യു.-വിലെ തിരക്ക് വളരെ കൂടുതലാണ്. ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ അനുസരിച്ചാണ് മെഡിക്കൽ ഐ.സി.യു. പ്രവർത്തിക്കേണ്ടത്. എന്നാൽ രോഗികളുടെ ആധിക്യംകൊണ്ട് അതിന് കഴിയുന്നില്ല. ഇൻഫെക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ അടിസ്ഥാനത്തിൽ മെഡിക്കൽ ഐ.സി.യു. പ്രവർത്തിപ്പിക്കാനും അതോടൊപ്പം പുതിയ ഒരു മെഡിക്കൽ ഐ.സി.യു. സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുമോ; സ്ഥലവും മറ്റ് കാര്യങ്ങളുമെല്ലാം മെഡിക്കൽ കോളേജിലുണ്ട്. മലബാറിലെ ഏറ്റവും പ്രധാനപ്പെട്ട മെഡിക്കൽ കോളേജ് എന്ന നിലയിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മെഡിക്കൽ കോളേജിൽ കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പി.എം.എസ്.എസ്.വൈ.-യിലുള്ള സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണം പൂർത്തിയാകുന്നതോടുകൂടി മെഡിക്കൽ ഐ.സി.യു.-കൾ ഏറ്റവും ആധുനികമായി സംവിധാനം ചെയ്യുന്നതിനും സ്ഥലപരിമിതിയുടെ പ്രയാസമില്ലാതെ ക്രമീകരിക്കുന്നതിനും സാധിക്കും. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരികയാണ്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, മെഡിക്കൽ എഡ്യൂക്കേഷൻ രംഗത്ത് പിണറായി സർക്കാർ താങ്കളുടെ നേതൃത്വത്തിൽ വലിയ രീതിയിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായി ഇപ്പോൾ പോസ്റ്റ് ഗ്രാജ്യുവേഷനിൽ ഡിപ്പാർട്ടുമെന്റ് ഫാക്കൽറ്റികളെ നിയമിക്കാൻ കഴിഞ്ഞു. അതുപോലെ സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളിലും അദ്ധ്യാപകരെ, ഫാക്കൽറ്റികളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; സൂപ്പർ സ്പെഷ്യാലിറ്റിയിൽ പഠിപ്പിക്കുന്നവർ പറയുന്നത് പഠിപ്പിക്കാൻ വരാൻ ആളുകൾ തയ്യാറല്ലെന്നാണ്. പക്ഷേ സൂപ്പർ സ്പെഷ്യാലിറ്റി ചെയ്യുന്ന പുതിയ തലമുറയിൽപ്പെട്ട കുട്ടികൾ പഠിപ്പിക്കാൻകൂടി തയ്യാറാണെന്ന് അവരുമായി സംസാരിച്ചപ്പോൾ

മനസ്സിലാക്കാൻ കഴിഞ്ഞു. അങ്ങനെയാണെങ്കിൽ സൂപ്പർ സ്പെഷ്യാലിറ്റി ഡിപ്പാർട്ടുമെന്റുകളിലേയ്ക്ക് അദ്ധ്യാപകരെ call for ചെയ്തുകൊണ്ട് നോട്ടിഫിക്കേഷനിറക്കുമോ? സംസ്ഥാന സർക്കാരിന്റെ കമ്പൽസറി ബോണ്ടിംഗ് ഉണ്ട്. അത് ആറ് മാസമെങ്കിലും കമ്പൽസറിയാക്കണം. നിർഭാഗ്യവശാൽ പലരും ഒന്നോ രണ്ടോ മാസം കഴിയുമ്പോൾ അബ്സ്കോണ്ടിംഗ് ആണ്. അതിനുകാരണം, KUHS (Kerala University of Health Science) സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്യും. സർട്ടിഫിക്കറ്റ് ഇഷ്യൂ ചെയ്താൽ പിന്നെ ഈ ഡോക്ടർക്ക് ആരോടും കമ്മിറ്റ്മെന്റ് ഇല്ല, സ്വാഭാവികമായും അയാൾ പോകും. അതുകൊണ്ട് ആറ് മാസമെങ്കിലും കമ്പൽസറി ബോണ്ടിംഗ് സർവ്വീസ് ഏർപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ; KUHS-ഉം മെഡിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റും ഇക്കാര്യത്തിൽ ഒരു ജോയിന്റ് മൂവ്മെന്റ് നടത്തിയാൽ മാത്രമേ ഇക്കാര്യം ഫലപ്രാപ്തിയിലെത്തിക്കാൻ സാധിക്കുകയുള്ളൂ.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, സൂപ്പർ സ്പെഷ്യാലിറ്റി ഉൾപ്പെടെ ഓരോ ആശുപത്രിക്കും അർഹമായ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്താൻ നടപടിയെടുത്തുവരികയാണ്. അതിനായി പോസ്റ്റ് ക്രിയേഷനുകളും നടന്നുകൊണ്ടിരിക്കുകയാണെന്നാണ് ആദ്യമായി പറയാനുള്ളത്. മെഡിക്കൽ കോളേജുകൾക്കുവേണ്ടി പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്നത് ഇക്കാര്യങ്ങളെല്ലാം പരിഗണിച്ചുകൊണ്ടാണ്. പി.ജി. വിഭാഗത്തിൽ ബോണ്ടിംഗ് സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിച്ചപ്പോൾ വലിയ കോലാഹലങ്ങളാണുണ്ടായത്. സമരമുൾപ്പെടെ ഉണ്ടായി. മൂന്ന് വർഷത്തേയ്ക്കുള്ള ബോണ്ട് പ്രഖ്യാപിച്ചെങ്കിലും ഇളവുചെയ്യേണ്ടതായിവന്നു. എങ്കിലും ഇപ്പോൾ ഒരു വർഷത്തെ ബോണ്ട് നിലനിൽക്കുന്നുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിലും അത്തരത്തിലുള്ള കാര്യങ്ങൾ ആവശ്യമായിവരുന്ന ഘട്ടത്തിൽ പരിശോധിച്ച് ചെയ്യുന്നതാണ്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഗവൺമെന്റ് ചരിത്രപരമായ ഒട്ടേറെ തീരുമാനങ്ങൾ കൈക്കൊള്ളുന്നുവെന്നത് അഭിനന്ദനാർഹമാണ്. പരിയാരം മെഡിക്കൽ കോളേജ് ഏറ്റെടുത്ത നിലപാടിനെ അഭിനന്ദിക്കുന്നു. ഇവിടത്തെ ഫീസ് നിരക്കിന്റെ കാര്യത്തിൽ ചില അനോമലികളുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടിയെടുക്കുമോ? ആരോഗ്യ സർവ്വകലാശാലയിൽ ആദ്യമായി 175 തസ്തികകൾ മാതൃകാപരമായി സൃഷ്ടിക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞു. എന്നാൽ അവിടത്തെ ഗവേണിംഗ് കൗൺസിൽ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ ജനാധിപത്യപരമായ നടപടിയുണ്ടാകാനാവശ്യമായ സത്വര നടപടികൂടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പരിയാരം മെഡിക്കൽ കോളേജ് ഗവൺമെന്റ് ഏറ്റെടുത്തു. അതിന്റെ നടപടിക്രമങ്ങൾ ഓരോന്നായി ചെയ്തുവരികയാണ്. അതിപ്പോൾ ബോർഡ് ഓഫ് കൺട്രോളിന്റെ നിയന്ത്രണത്തിലാണ്. ഭരണപരമായ കാര്യങ്ങൾ തീരുമാനിച്ചുവരുന്നതേയുള്ളൂ. സർക്കാർ ഏറ്റെടുത്തതിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് സ്ട്രക്ച്ചറടക്കം ഭാവിയിൽ തീരുമാനിക്കാനിരിക്കുകയാണ്. KUHS-ൽ തസ്തിക സൃഷ്ടിച്ച കാര്യം പറഞ്ഞു. സർവ്വകലാശാലയ്ക്ക് ആദ്യമായാണ് ഗവൺമെന്റ് തസ്തിക സൃഷ്ടിക്കുന്നത്. അത് സർവ്വകലാശാലയുടെ ജനാധിപത്യപരമായ പ്രവർത്തനത്തിൽ വലിയ മാറ്റമുണ്ടാക്കുമെന്നുതന്നെയാണ് കരുതുന്നത്.

ശ്രീ. പി. കെ. ശശി: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് യാതൊരു അടിസ്ഥാന സൗകര്യവുമില്ലാതെയാണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചത്. സാധാരണ മെഡിക്കൽ കോളേജ് ആരംഭിക്കുന്നത് ഡി.എം.ഇ. വഴിയാണ്. എന്നാൽ പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചത് എസ്.സി./ എസ്.ടി ഡിപ്പാർട്ടുമെന്റിന്റെ കോർപ്പസ് ഫണ്ടുപയോഗിച്ചാണ്. അപ്പോൾ എസ്.സി./എസ്.ടി വിഭാഗത്തിലെ പാവപ്പെട്ട ആളുകൾക്കുവേണ്ടി ചെലവഴിക്കേണ്ട, അല്ലെങ്കിൽ ആ മേഖലയുടെ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്തേണ്ട ഏതാണ്ട് 600 കോടിയിലധികം രൂപയാണ് ഇതിലേയ്ക്ക് നീക്കിവച്ചത്. ആ പ്രശ്നം പരിഹരിച്ച് ഇത് ഡി.എം.ഇ. നേരിട്ട് ഏറ്റെടുക്കുമോ എന്നുള്ള പ്രധാനപ്പെട്ട വിഷയമാണ് എനിക്ക് ചോദിക്കാനുള്ളത്. അതോടൊപ്പം ഇപ്പോൾ പാലക്കാട് മെഡിക്കൽ കോളേജ് ആശുപത്രി പ്രവർത്തിക്കുന്നത് ജില്ലാ ആശുപത്രിയിലാണ്. ജില്ലാ ആശുപത്രി ആരോഗ്യ വകുപ്പിന്റെ കീഴിലാണ്. മെഡിക്കൽ കോളേജ് ക്യാമ്പസ് എസ്.സി./എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായാണ് വരുന്നത്. അപ്പോൾ രണ്ട് വകുപ്പുകളുടെ പ്രശ്നമുണ്ട്. ഇക്കാരണങ്ങൾകൊണ്ടുതന്നെ മെഡിക്കൽ കോളേജ് ആശുപത്രിയുടെ വികസനം നമ്മൾ ഉദ്ദേശിക്കുന്നപോലെ നടക്കുന്നില്ല. ആശുപത്രിയിൽ ചികിത്സ തേടിയെത്തുന്ന ആളുകൾക്ക് മെഡിക്കൽ കോളേജ് ആശുപത്രിയുടെ സൗകര്യം ലഭിക്കുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. ഈ രണ്ട് പ്രശ്നത്തിനും പരിഹാരം കണ്ടെത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പാലക്കാട് മെഡിക്കൽ കോളേജ് എസ്.സി./എസ്.ടി. വകുപ്പിന്റെ ഭാഗമായിത്തന്നെയാണ് പ്രവർത്തിക്കുന്നത്. എസ്.സി./എസ്.ടി. വകുപ്പിന്റെ ഭാഗമായി 600 കോടിയോളം രൂപ വകയിരുത്താൻ സാധിച്ചുവെന്നുള്ളത് മോശമായ കാര്യമല്ല. ആ വിഭാഗത്തിലുള്ള അത്രയും കുട്ടികൾക്ക് പഠിക്കാനുള്ള സൗകര്യമുണ്ടായിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് ആരംഭിച്ച പല മെഡിക്കൽ കോളേജുകളുടെയും സ്ഥിതി ദയനീയമായിരുന്നു. വേണ്ടത്ര പശ്ചാത്തല സൗകര്യമില്ലാതെയും സ്റ്റാഫ് പാറ്റേണില്ലാതെയുമാണ് പല മെഡിക്കൽ കോളേജുകളും ആരംഭിച്ചത്. ഇത് അത്തരത്തിലുള്ള വിഷയമല്ല. എങ്ങനെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് നോക്കുന്നത്. പോരായ്മകളുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് ശ്രീ. പി. കെ. ശശി ചൂണ്ടിക്കാണിച്ച ദ്വിഭരണം നടക്കുന്നുവെന്നുള്ളത്. ഹോസ്പിറ്റൽ ഹെൽത്ത് സർവ്വീസിന്റെ ഭാഗമായും മെഡിക്കൽ കോളേജ് ഡി.എം.ഇ.-യുടെ ഭാഗമായും നിൽക്കുന്ന രീതി പല മെഡിക്കൽ കോളേജുകളിലുമുണ്ട്. അത് വലിയ പ്രയാസമുണ്ടാക്കുന്നുവെന്നുള്ളത് ശരിയാണ്. വേണ്ടത്ര സജ്ജീകരണങ്ങളില്ലാതെ പെട്ടെന്ന് മെഡിക്കൽ കോളേജുകൾ ആരംഭിക്കുമ്പോഴുണ്ടാകുന്ന പ്രശ്നമാണ്. അത് ഭാവിയിൽ നമുക്ക് പരിഹരിക്കാൻ സാധിക്കുന്ന കാര്യമാണ്. എസ്.സി./എസ്.ടി. വകുപ്പിന്റെ കീഴിലാണോ എന്നുള്ളതെല്ലാം നയപരമായ കാര്യമാണ്. അതിനെക്കുറിച്ച് ഞാൻ ഇപ്പോൾ പറയുന്നില്ല. ഇപ്പോൾ എസ്.സി./എസ്.ടി. വകുപ്പ് കാര്യങ്ങൾ നല്ല രീതിയിൽ കൈകാര്യം ചെയ്യുന്നുണ്ട് എന്നുള്ളത് സൂചിപ്പിക്കാനാഗ്രഹിക്കുകയാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, ...........

മി. സ്പീക്കർ: എന്താണ്? ശ്രീ. ഷാഫി പറമ്പിൽ, ഇരിക്കൂ. ഇതുസംബന്ധിച്ച് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അങ്ങേയ്ക്ക് സബ്മിഷനായി ഉന്നയിക്കാം. നിയമാനുസൃതമായി ചട്ടങ്ങൾക്കനുസരിച്ച് സഭയിൽ ഉന്നയിക്കാം. അങ്ങ് ഇരിക്കൂ. പ്ലീസ് ......(ബഹളം).........ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്. ചോദ്യോത്തരവേളയുമായി ബന്ധപ്പെട്ട ചർച്ച വേണ്ട. അങ്ങേയ്ക്ക് ചട്ടപ്രകാരം സബ്മിഷൻ കൊണ്ടുവരാം.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായുള്ള പദ്ധതികൾ

4(*274) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും ക്ഷേമത്തിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; ആധുനിക വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ;

(ബി) സ്ത്രീകളുടെ സംരംഭകത്വ ശേഷി വികസിപ്പിക്കുന്നതിനും നൈപുണ്യ വികസനത്തിനും തൊഴിൽ പരിശീലനത്തിനും എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ;

(സി) കുട്ടികളെ സംരക്ഷിക്കാനായുള്ള ഭദ്രം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) അനാഥരോ ദരിദ്രരോ ആയ കുട്ടികളെ പാർപ്പിക്കുന്ന അനാഥാലയങ്ങളുടെ പ്രവർത്തനം കർശന നിരീക്ഷണത്തിന് വിധേയമാക്കാറുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്:

സ്ത്രീകൾക്കുവേണ്ടിയുള്ള പദ്ധതികൾ

1. കൈത്താങ്ങ് പദ്ധതി
2. മംഗല്യ പദ്ധതി (വിധവ പുനർവിവാഹ ധനസഹായം)
3. അഭയകിരണം

4. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
5. ഉജ്ജ്വല
6. സ്വാധാർ ഗൃഹ് സ്കീം
7. പ്രധാനമന്ത്രി മാതൃ വന്ദനയോജന (PMMVY)
8. നാഷണൽ ന്യൂട്രീഷൻ മിഷൻ
9. ജാതക് ജനനി പദ്ധതി
10. അനുപൂരക പോഷകാഹാര പദ്ധതി
11. ആദ്യ ആയിരം ദിനങ്ങൾ
12. ഹെൽപ്പ്ലൈൻ 181
13. വനിതാമിത്ര കേന്ദ്രം -വനിതാ ഹോസ്റ്റൽ
14. ഷീ ലോഡ്ജ്
15. റീച്ച് ഫിനിഷിംഗ് സ്കൂൾ
16. സ്നേഹ സ്പർശം.

<u>മറ്റ് വിമൺ എംപവർമെന്റ് പദ്ധതികൾ</u>

1. വനിതാരത്ന പുരസ്കാരം
2. സ്നേഹ സംഗമം
3. ഗാർഹിക പീഡനത്തിനിരയായവരുടെ ഷെൽട്ടർ ഹോമുകൾ
4. ഗാർഹിക പീഡനത്തിനിരയായവർക്കുള്ള നിയമ സേവന കേന്ദ്രങ്ങൾ
5. ശ്രദ്ധ
6. സ്ത്രീകൾക്കും പെൺകുട്ടികൾക്കുംവേണ്ടിയുള്ള നിയമ ബോധവൽക്കരണ പരിപാടി
7. പോഷ് ആക്ട്
8. ഗാർഹിക പീഡന നിരോധന നിയമം (DV Act)
9. വൺഡേ ഹോം

10. സ്ത്രീധന നിരോധന നിയമം -1961 ബോധവൽക്കരണം

11. പോഷൺ അഭിയാൻ

<u>കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതികൾ</u>

1. അങ്കണവാടികൾക്ക് പ്രീ സ്കൂൾ കിറ്റ്

2. അങ്കണവാടികൾക്ക് മെഡിസിൻ കിറ്റ്

3. അങ്കണവാടികൾക്ക് കണ്ടിൻജൻസി

4. അങ്കണവാടികൾക്ക് ഫ്ലക്സി ഫണ്ട്

5. ബേഠി ബച്ചാവോ ബേഠി പഠാവോ

6. മൊബൈൽ ക്രഷ്

7. ക്രഷ്

8. കാൻസർ സുരക്ഷ

9. സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി

10. Scheme for Adolescent Girls

11. താലോലം

12. ശ്രുതിതരംഗം - ക്ലോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

13. സ്നേഹപൂർവ്വം പദ്ധതി

14. ധ്വനി

15. മിഠായി

16. കാവൽ പദ്ധതി

17. വെക്കേഷൻ ഫോസ്റ്റർ കെയർ പരിപാടി

18. സ്പോൺസർഷിപ്പ് പ്രോഗ്രാം

19. വിജ്ഞാനദീപ്തി

20. ഉജ്ജ്വല ബാല്യം

21. ബാലനിധി

22. സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് - വർണ്ണച്ചിറകുകൾ 2018

23. ഓച്ചിറ ബാലഭിക്ഷാടന നിർമ്മാർജ്ജന പദ്ധതി

24. ശരണബാല്യം പദ്ധതി

25. Vulnerabilities Mapping - വിഷമ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള സർവ്വേ

26. ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികൾക്കുവേണ്ടി നടപ്പിലാക്കിയ പദ്ധതികൾ

27. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC).

ആധുനിക വിപണന മേഖലയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി വിവിധതരം സംരംഭങ്ങൾ നടത്തുന്ന സ്ത്രീകളെ ഒന്നിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര വനിതാവിപണന കേന്ദ്രം (ഐ.ഡബ്ല്യു.റ്റി.സി) ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിധവകൾക്കും അവിവാഹിതരായ അമ്മമാർക്കുമുള്ള സ്വയംതൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് ടെയ്‌ലറിംഗ് യൂണിറ്റ്, ബ്യൂട്ടീഷൻ കോഴ്സ് മുതലായ സ്വയംതൊഴിൽ പരിശീലനം Centre for Management മുഖേന ആലപ്പുഴ ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

വിധവകൾക്കായി സംരംഭകത്വ വികസന പരിശീലന പദ്ധതി വനിതാ വികസന കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു. കേരളത്തിലുടനീളം നാളിതുവരെ 300-ഓളം പേർക്ക് ഈ പദ്ധതി പ്രകാരം പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്.

അഭ്യസ്തവിദ്യരായ സ്ത്രീകളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ റീച്ച് എന്ന ഫിനിഷിംഗ് സ്കൂൾ നടത്തിവരുന്നു.

കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറ ഗ്രാമപഞ്ചായത്തിലെ മുതുകാട് ആദിവാസി സെറ്റിൽമെന്റ് കോളനിയിൽ വനമിത്രയെന്ന പേരിൽ ആദിവാസി സ്ത്രീകളുടെ തൊഴിൽ നൈപുണ്യം വികസിപ്പിച്ചുകൊണ്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനായുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമം തടയുന്നതിന് ഐ.സി.പി.എസ്. മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഭദ്രം പദ്ധതി.

ശരിയായ അറിവില്ലായ്മയും പലവിധത്തിലുള്ള പ്രകോപനങ്ങൾമൂലവും ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് മികച്ച രീതിയിലുള്ള ബോധവൽക്കരണം നൽകുന്നതോടൊപ്പം പീഡനങ്ങൾക്കിരയാകുന്ന കുട്ടികളും രക്ഷാകർത്താക്കളും സ്വീകരിക്കേണ്ട നിയമനടപടികളെക്കുറിച്ചും കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും സ്കൂൾ ടീച്ചർമാർക്കും മറ്റ് ജീവനക്കാർക്കും ബോധവൽക്കരണം നൽകുക എന്നതാണ് ഭദ്രം പദ്ധതിയുടെ ലക്ഷ്യം. ഇതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ/സർക്കാരിതര സ്കൂളുകളിലെയും കുട്ടികൾക്ക് പോക്സോ നിയമത്തെക്കുറിച്ചും ബാലാവകാശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സ്കൂൾ കുട്ടികളിൽ മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിക്കുന്നത് അതിക്രമങ്ങൾക്ക് കാരണമാകുന്നു. ഈ സാഹചര്യത്തിൽ കുട്ടികളെ ഇത്തരം അതിക്രമങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനും ഭദ്രം പദ്ധതി ലക്ഷ്യമിടുന്നു.

(ഡി) സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പരിശോധന നടത്താറുണ്ട്. സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽനിന്നും ഉദ്യോഗസ്ഥർ സർക്കാർ ഗ്രാന്റ് നൽകുന്ന ശിശുസംരക്ഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

സർക്കാർ നേരിട്ട് നടത്തുന്ന 27 ചിൽഡ്രൻസ് ഹോമുകൾ, സർക്കാർ ഗ്രാന്റ് നൽകി എൻ.ജി.ഒ.-കൾ മുഖാന്തരം നടപ്പിലാക്കുന്ന ഒരു ശിശുസംരക്ഷണ സ്ഥാപനം, എൻ.ജി.ഒ.-കൾ നേരിട്ട് നടത്തുന്ന 790 ശിശുസംരക്ഷണ സ്ഥാപനങ്ങൾ എന്നിവ ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കാൻ നടപടി

5(*275) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെസ്റ്റോറന്റുകൾ, ബേക്കറികൾ, തട്ടുകടകൾ ഉൾപ്പെടെ പാകം ചെയ്ത ഭക്ഷണം വിൽക്കുന്ന കടകൾ വേണ്ടത്ര ശുചിത്വം

പുലർത്തുന്നവയാണെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ഇവയിൽ വലിയൊരു പങ്ക് സ്ഥാപനങ്ങളിലും രുചിവർദ്ധക രാസവസ്തുക്കൾ ചേർത്ത ആഹാരമാണ് വിൽക്കുന്നതെന്ന കാര്യം പരിഗണിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന കർശനമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വിപണിയിൽ ലഭിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ, മത്സ്യം തുടങ്ങിയവ രാസവസ്തുക്കൾ ചേർത്തവയല്ലെന്ന് ഉറപ്പുവരുത്താൻ വ്യാപകമായ പരിശോധന നടത്തുമോ; പരിശോധനയ്ക്കുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ ജില്ലകളിലും റെസ്റ്റോറന്റുകൾ, ബേക്കറികൾ, തട്ടുകടകൾ ഉൾപ്പെടെ പാകം ചെയ്ത ഭക്ഷണം വിൽക്കുന്ന കടകൾ/ സ്ഥാപനങ്ങളിൽ ശുചിത്വ നിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കും പ്രകാരം രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധനകൾ നടത്തുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. നിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ഭക്ഷ്യപദാർത്ഥങ്ങളിൽ ചേർക്കുന്ന രുചിവർദ്ധക വസ്തുക്കൾ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഏതൊക്കെ ഭക്ഷണ പദാർത്ഥങ്ങളിൽ ചേർക്കാമെന്നും ഏതിലൊക്കെ ചേർക്കാൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ചേർക്കാവുന്ന ഭക്ഷണ പദാർത്ഥങ്ങളിൽ ആയതിന്റെ അളവിന് നിശ്ചിത പരിധിയും നിശ്ചയിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ച് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച ലബോറട്ടറികളിൽ പരിശോധന നടത്തി രുചിവർദ്ധക വസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, 2006 പ്രകാരം നടപടി സ്വീകരിക്കാറുണ്ട്. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഭക്ഷണ പദാർത്ഥങ്ങളിൽ രുചിവർദ്ധക വസ്തുക്കൾ ചേർക്കുന്നുണ്ടെങ്കിൽ ആ വിവരം പ്രദർശിപ്പിക്കണമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ഹോട്ടലുകളിൽ ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിർദ്ദേശപ്രകാരവും പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഉത്സവ സീസണുകളിലും പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) വിപണിയിൽ ലഭിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ, മത്സ്യം തുടങ്ങിയവയിൽ രാസവസ്തുക്കൾ ചേർത്തവയില്ലെന്ന് ഉറപ്പുവരുത്താൻ വിപണന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ, ചെക്ക്പോസ്റ്റുകൾ എന്നിവിടങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പ് പരിശോധന നടത്തിവരുന്നു. കൂടാതെ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലബോറട്ടറികളിൽ മത്സ്യം കേടാകാതിരിക്കാൻ ചേർക്കുന്ന രാസവസ്തുക്കളായ ഫോർമാലിൻ, സോഡിയം ബെൻസോയേറ്റ്, അമോണിയ, അതിന്റെ സംയുക്തങ്ങൾ എന്നിവ പരിശോധിക്കുന്നതിനാവശ്യമായ ആധുനിക സംവിധാനങ്ങൾ നിലവിലുണ്ട്. കൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുമായി സഹകരിച്ച് ഫോർമാലിൻ, അമോണിയ എന്നീ രാസവസ്തുക്കളുടെ സാന്നിധ്യം പെട്ടെന്ന് കണ്ടുപിടിക്കുന്നതിന് പേപ്പർ സ്ട്രിപ്പുകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുപ്രകാരം ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ടി സ്ട്രിപ്പുകൾ ഉപയോഗിച്ച് ചെക്ക്പോസ്റ്റുകൾ, മത്സ്യവിപണന സംഭരണ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരീക്ഷണാർത്ഥം പരിശോധന നടത്തുകയും പരിശോധനയിൽ പ്രസ്തുത രാസവസ്തുക്കളുടെ സാന്നിധ്യം കണ്ടെത്തിയാൽ കൂടുതൽ പരിശോധന നടത്തുന്നതിനുവേണ്ടി പ്രസ്തുത സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ ലാബുകളിൽ അയച്ച് പരിശോധിച്ച് ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മെട്രോ ഉൾപ്പെട്ട പൊതുഗതാഗത സംവിധാനം

6(*276) ശ്രീ. എം. സ്വരാജ്:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളത്തെയും പരിസര പ്രദേശങ്ങളിലെയും ഗതാഗത കുരുക്ക് ഒഴിവാക്കുന്നതിനും യാത്രാക്ലേശം പരിഹരിക്കുന്നതിനും ആവിഷ്കരിച്ച കൊച്ചി മെട്രോ, വാട്ടർ മെട്രോ, ബസ് സർവ്വീസ് എന്നിവ സംയോജിപ്പിച്ചുകൊണ്ടുള്ള പൊതു ഗതാഗത സംവിധാനത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) കൊച്ചി മെട്രോ നിർമ്മാണം തൃപ്പൂണിത്തുറ വരെ നീട്ടുന്നതിനായുള്ള പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മെട്രോ നയം കൊച്ചി മെട്രോയുടെയും സംയോജിത പൊതു ഗതാഗത സംവിധാനത്തിന്റെയും നിർവ്വഹണത്തിൽ കാലതാമസം സൃഷ്ടിക്കാനിടയുണ്ടോ;

(ഡി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോകൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) കൊച്ചി മെട്രോ, വാട്ടർ മെട്രോ, ബസ് സർവീസ് തുടങ്ങിയ ഗതാഗത സംവിധാനങ്ങൾ പരസ്പരപൂരകമായി പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഓട്ടോറിക്ഷ, സൈക്കിൾ തുടങ്ങിയവയെ സംയോജിത പൊതുഗതാഗത സംവിധാനത്തിന്റെ അനുബന്ധ സർവ്വീസുകളായി ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. നിലവിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് കൊച്ചിയിലെ ഗതാഗത സംവിധാനങ്ങളുടെ ഏകോപന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്.

കൊച്ചി ഉൾപ്പെടെ സംസ്ഥാനത്തെ അർബൻ മൊബിലിറ്റി പ്രദേശങ്ങളിലെ നഗര ഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും അനുബന്ധ സേവനങ്ങൾക്കുമായി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ നിയമമാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ തുടർച്ചയായി പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള ഘട്ടം 1 A യുടെ പദ്ധതി പ്രവർത്തനങ്ങൾ 359 കോടി രൂപ ചെലവിലും പ്രാരംഭ പ്രവർത്തനങ്ങൾ 123 കോടി രൂപ ചെലവിലും നടപ്പാക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. സാമൂഹികാഘാത പഠനം (Social Impact Assessment Study) നടത്തിയശേഷം പദ്ധതിക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർത്ഥനാപത്രം ജില്ലാ ഭരണകൂടത്തിന് സമർപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ ജില്ലാ ഭരണകൂടം പുതിയ നിയമപ്രകാരമുള്ള സ്ഥലമെടുപ്പ് നടപടികൾ ആരംഭിച്ചു. സ്ഥലമേറ്റെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നാല് മാസത്തിനകം പൂർത്തിയാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കേന്ദ്രസർക്കാരിന്റെ പുതിയ മെട്രോ നയം കൊച്ചി മെട്രോ റെയിൽ പദ്ധതി (ആലുവ മുതൽ പേട്ട വരെ) ഘട്ടം I-ന്റെ നിർവ്വഹണത്തെയോ സംയോജിത പൊതുഗതാഗത സംവിധാനം നടപ്പാക്കുന്നതിനെയോ പ്രതികൂലമായി ബാധിക്കുന്നില്ല. എന്നാൽ പദ്ധതിയുടെ രണ്ടാംഘട്ടം യാഥാർത്ഥ്യമാക്കുന്നതിൽ കാലതാമസത്തിനിടയാക്കിയിട്ടുണ്ട്.

കൊച്ചി ജവഹർലാൽ നെഹ്റു സ്റ്റേഡിയം മുതൽ കാക്കനാട് വഴി ഇൻഫോപാർക്ക് വരെയുള്ള ഘട്ടം II മെട്രോ ലൈൻ പദ്ധതി 2577.25 കോടി രൂപ

ചെലവിൽ നടപ്പാക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകി കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ Metro Rail Policy-2017-ന് അനുസൃതമായി Detailed Project Report (DPR)-ൽ മാറ്റം വരുത്തി പുനഃസമർപ്പിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയുണ്ടായി. ഇതുപ്രകാരം തയ്യാറാക്കിയ Detailed Project Report സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. പുതുക്കിയ DPR പ്രകാരം 2310 കോടി രൂപയാണ് പദ്ധതിക്കാവശ്യമായി വരുന്നത്.

പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ 189 കോടി രൂപ ചെലവിൽ നടപ്പാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ട ഭരണാനുമതിയും നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ജില്ലാ ഭരണകൂടം സാമൂഹിക ആഘാത പഠനം (SIA Study) നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഡി) ഇല്ല. കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മെട്രോ നയത്തിനനുസൃതമായി തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതി രേഖകളിൽ (DPR) ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 2017 ഡിസംബറിൽ DMRC സംസ്ഥാന സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിച്ചു. പുതുക്കിയ പദ്ധതി രേഖകൾ പരിശോധിക്കുന്നതിനായി ധനവകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സെക്രട്ടറിതല സമിതി രൂപീകരിക്കുകയും ആയത് പരിശോധിച്ച് വരികയുമാണ്.

## മരുന്നുകളുടെ ദുരുപയോഗം

7(*277) ശ്രീ. പി. ഉണ്ണി:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോയെന്നറിയിക്കുമോ;

(ബി) മരുന്നുകളുടെ നിർമ്മാണം, വിതരണം, വില തുടങ്ങിയവ സംബന്ധിച്ച പരിശോധന നടത്തുന്നതിനും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിനും വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം കണ്ടെത്തുന്നതിനും തടയുന്നതിനുമായി എക്സൈസ് വകുപ്പുമായി ചേർന്ന് സംയുക്ത പരിശോധന നടത്താറുണ്ടോ; വിശദമാക്കാമോ;

(ഡി) ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിലെ നിയമങ്ങൾ ലംഘിച്ചുകൊണ്ട് നടത്തുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളുടെ വില്പന തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഉണ്ട്.

(ബി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ മരുന്നുകളുടെ നിർമ്മാണം, വിതരണം, വില തുടങ്ങിയവ സംബന്ധിച്ച് നിരന്തര പരിശോധനകൾ നടത്തുകയും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(സി) ഉണ്ട്. നാർക്കോട്ടിക് മരുന്നുകളുടെ ദുരുപയോഗം കണ്ടെത്തുന്നതിനും തടയുന്നതിനുമായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എക്സൈസ് വകുപ്പുമായി ചേർന്ന് സംസ്ഥാനത്തുടനീളം 149 ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയുണ്ടായെങ്കിലും അവ ദുരുപയോഗം ചെയ്യുന്നതിലേയ്ക്കായി വിൽപ്പന നടത്തുന്നതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

(ഡി) സൗന്ദര്യ വർദ്ധക വസ്തുക്കളുടെ നിർമ്മാണത്തിനും ഇറക്കുമതിക്കും മാത്രമേ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ട് ആൻഡ് റൂൾസ് പ്രകാരം നിലവിൽ നിയന്ത്രണമുള്ളൂ. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന സൗന്ദര്യ വർദ്ധക വസ്തുക്കളിൽ 90 ശതമാനവും അന്യസംസ്ഥാനങ്ങളിൽ നിർമ്മിക്കുന്നവയോ വിദേശരാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നവയോ ആണ്. ഇവയുടെ വിൽപ്പന നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങളൊന്നുംതന്നെ പ്രാബല്യത്തിലില്ല. എന്നിരുന്നാലും ലേബൽ വ്യവസ്ഥകൾ പാലിക്കപ്പെടാത്തവയും വ്യാജമായതുമായ സൗന്ദര്യ വർദ്ധക വസ്തുക്കൾ കണ്ടെടുത്ത് നിയമ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ഇത്തരത്തിൽ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക്സ് ആക്ടിനും റൂളുകൾക്കും വിരുദ്ധമായി സൗന്ദര്യ വർദ്ധക വസ്തുക്കൾ നിർമ്മിച്ചതിനും വിൽപ്പന നടത്തിയതിനും എതിരായി 74 കേസുകൾ കേരളത്തിലെ വിവിധ കോടതികളിൽ നടത്തിവരുന്നുണ്ട്. ഇതുകൂടാതെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ അവരുടെ പതിവ് പരിശോധനാവേളകളിൽ സൗന്ദര്യവർദ്ധക വസ്തുക്കളിൽ മുഖ്യമായും ഷാംപൂ, സോപ്പ്, ക്രീം എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നുമുണ്ട്.

## ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം

8(*278) ശ്രീ. ടി. എ. അഹമ്മദ് കബീർ:

ഡോ. എം. കെ. മുനീർ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രൈം ബ്രാഞ്ചിൽ വർഷങ്ങൾ പഴക്കമുള്ള കേസ്സുകൾ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്രൈം ബ്രാഞ്ചിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(സി) ക്രൈം ബ്രാഞ്ചിന്റെ നേതൃത്വത്തിൽ വികേന്ദ്രീകരണ അന്വേഷണ സംവിധാനം ഏർപ്പെടുത്തുമോ; പ്രധാന പട്ടണങ്ങളിൽ സ്പെഷ്യൽ വിംഗ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് തെളിവുകളുടെ അഭാവം നിമിത്തം പ്രതികളെ തിരിച്ചറിയാൻ കഴിയാത്തതും ഒളിവിൽ കഴിയുന്ന പ്രതികളെ കണ്ടെത്താനാവാത്തതും ചില കേസുകളുടെ അന്വേഷണത്തിന് ബഹുമാനപ്പെട്ട സുപ്രീംകോടതി/ഹൈക്കോടതിയുടെ സ്റ്റേ നിലവിലുള്ളത് നിമിത്തവും ഏതാനും കേസുകളിൽ വർഷങ്ങളായി അന്വേഷണം പൂർത്തിയാക്കാനാകാത്ത സ്ഥിതിവിശേഷം നിലവിലുണ്ട്.

(ബി) ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും സങ്കീർണ്ണവും കോളിളക്കം സൃഷ്ടിക്കുന്നതുമായ അന്തർജില്ല-അന്തർസംസ്ഥാന വ്യാപകമായ കേസുകൾ കൈകാര്യം ചെയ്യുന്നതിനും കൃത്യമായ നിയമോപദേശം തേടുന്നതിനുമുതകുന്ന വിവിധ ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ക്രൈംബ്രാഞ്ചിന്റെ നേതൃത്വത്തിൽ വികേന്ദ്രീകരണ അന്വേഷണ സംവിധാനം സംബന്ധിച്ച ശിപാർശകളൊന്നും നിലവിൽ പരിഗണനയിലില്ല.

## ഇ-പോസ് മെഷീൻ വഴി റേഷൻ വിതരണം

9(*279) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കട വഴി വിൽക്കുന്ന എല്ലാ റേഷൻ സാധനങ്ങളും ഇ- പോസ് മെഷീൻ വഴി നൽകണമെന്ന നിബന്ധനയുണ്ടോ;

(ബി) പലവിധ കാരണങ്ങളാൽ മെഷീൻ ഉപയോഗിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ മെഷീനിൽ രേഖപ്പെടുത്താതെ റേഷൻ വിതരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം റേഷൻ ഇപ്രകാരം നൽകുവാൻ അനുമതിയുണ്ട്;

(സി) ഈ ആനുകൂല്യത്തിന്റെ മറവിൽ റേഷൻ സാധനങ്ങൾ പഴയതു പോലെ കരിഞ്ചന്തയിൽ വിൽക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്തെ മൊബൈൽ കണക്ടിവിറ്റി ഇല്ലാത്ത 42 റേഷൻ കടകളൊഴികെ മറ്റെല്ലാ റേഷൻ കടകളിലും എല്ലാ റേഷൻ സാധനങ്ങളും ഇ-പോസ് മെഷീൻ വഴിയാണ് വിതരണം ചെയ്യുന്നത്. കണക്ടിവിറ്റി ഇല്ലാത്ത കടകളിൽ മാന്വലായി റേഷൻ വിതരണം നടത്തുന്നുണ്ട്.

(ബി) പലവിധ കാരണങ്ങളാൽ മെഷീൻ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യത്തിൽ മെഷീനിൽ രേഖപ്പെടുത്താതെ മാന്വലായി റേഷൻ വിതരണം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും അർഹതപ്പെട്ട റേഷൻ സാധനങ്ങൾ മൊത്തമായി വിതരണം ചെയ്യുന്നുണ്ട്.

(സി) ഇ-പോസ് മെഷീനിൽ ആധാർ ആതന്റിക്കേഷൻ മുഖേനയോ റേഷൻ കാർഡ് ഡാറ്റാ ബേസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന വൺടൈം പാസ്‌വേഡ് മുഖേനയോ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് യഥാർത്ഥ ഗുണഭോക്താവിന് തന്നെയാണ് റേഷൻ സാധനങ്ങൾ ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഒരാൾക്കും റേഷൻ നിഷേധിക്കപ്പെടരുതെന്ന സദുദ്ദേശത്തോടെ

ഏർപ്പെടുത്തിയ ഈ സംവിധാനം ദുരുപയോഗപ്പെടുത്തി റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നതായി ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആതന്റിക്കേഷൻ ഇല്ലാത്ത ട്രാൻസാക്ഷനുകൾ കൂടുതലായി നടത്തുന്ന റേഷൻ കടകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വ്യക്തി അറിയാതെ ആധാർ ആതന്റിഫിക്കേഷൻ നടത്തിയെന്ന പരാതികളിന്മേലും അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്. ഇ-പോസ് വഴിയല്ലാതെ നടത്തിയിട്ടുള്ള റേഷൻ വിതരണം സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കാനും ഒരു പ്രത്യേക അനുപാതത്തിന്മേൽ നടത്തിയ വിതരണങ്ങൾ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാനും സിവിൽ സപ്ലൈസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ നിർമ്മാണ ഹബ്ബ്

10 (*280) ശ്രീ. എം. മുകേഷ് :
ശ്രീ. എസ്. ശർമ്മ :
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരവിനിമയ സാങ്കേതികവിദ്യ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കേരളത്തെ ഇലക്ട്രോണിക് ഹാർഡ്‌വെയർ നിർമ്മാണ ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ ഇലക്ട്രോണിക്സ് ഹാർഡ്‌വെയർ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്പനിയുടെ പ്രവർത്തനം വിശദമാക്കാമോ;

(സി) ഐ.ഐ.ഐ.ടി.എം-കേരളയെ ഡിജിറ്റൽ യൂണിവേഴ്സിറ്റിയായി വികസിപ്പിച്ച് ഉന്നത ഗവേഷണ സ്ഥാപനമാക്കി മാറ്റുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), മാനവശേഷി മൂലധന വികസനം, പശ്ചാത്തല അടിസ്ഥാന വികസന സൗകര്യങ്ങൾ, ഐ.ടി. പാർക്കുകൾ, ഏകജാലക സർക്കാർ പോർട്ടൽ, സ്വതന്ത്ര ഓപ്പൺ സോഫ്റ്റ്‌വെയറുകളുടെ ഉപയോഗവും ഉല്പാദനവും, ഇലക്ട്രോണിക്സ് സേവനങ്ങൾ, വിഭവ സമാഹാരങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഇ-കൊമേഴ്സ്, മൊബൈൽ കൊമേഴ്സ്, ടെക്നോളജി

ഇന്നവേഷൻ സോൺ, സ്റ്റാർട്ടപ്പ് സംരംഭങ്ങൾ, ഓൺലൈൻ വിപണന കേന്ദ്രങ്ങൾ, സൈബർ മേഖല, ഫാബ് ലാബുകൾ, സ്മാർട്ട് ഗ്രാമങ്ങൾ, വ്യവസായ വികസനവും തുടങ്ങി സമസ്ത മേഖലകളുമായി ബന്ധപ്പെട്ടുള്ള വളർച്ചയും പുതിയ വ്യവസായ സംരംഭങ്ങൾക്കും പരമാവധി തൊഴിലവസരം സൃഷ്ടിക്കാനുമായി പുതിയ ഐ.ടി. നയം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) സംസ്ഥാനത്തെ വിവിധ ഏജൻസികൾ നടത്തിവരുന്ന ഇലക്ട്രോണിക്സും ഹാർഡ്‌വെയറും സംബന്ധിച്ച മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഹാർഡ്‌വെയർ മിഷൻ സ്ഥാപിച്ചിട്ടുണ്ട്.

ഹാർഡ്‌വെയർ മിഷൻ പ്രധാനമായും താഴെപ്പറയുന്ന പദ്ധതികൾ/ പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

1. ഹാർഡ്‌വെയർ ആവാസ വ്യവസ്ഥ റിപ്പോർട്ട്
2. ലാപ്‌ടോപ്പ്, സെർവർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കൽ
3. വൈദ്യുത വാഹനങ്ങൾ സംബന്ധിച്ച നയങ്ങൾ
4. അന്താരാഷ്ട്ര ഡെസ്ക് സ്ഥാപിക്കൽ.

(സി) ഉണ്ട്. ഐ.ഐ.ഐ.ടി.എം-കേരളയ്ക്കുവേണ്ടി തിരുവനന്തപുരം ടെക്നോസിറ്റിയിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള ക്യാമ്പസിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിച്ച് 2018-19-ൽ തന്നെ പ്രവർത്തന സജ്ജമാക്കുന്നതാണ്.

**ഭക്ഷ്യകമ്മീഷൻ**

11(*281) <u>ശ്രീ. ഇ. കെ. വിജയൻ:</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>

<u>ശ്രീ. ജി. എസ്. ജയലാൽ:</u>

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിൽ ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ടോ; വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഭക്ഷ്യകമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) സംസ്ഥാനത്ത് ഭക്ഷ്യകമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) ഭക്ഷ്യകമ്മീഷൻ രൂപീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ;

(ഇ) ഭക്ഷ്യകമ്മീഷൻ രൂപീകരിക്കുന്നതുവരെ ഒരു സ്റ്റാറ്റ്യൂട്ടറി കമ്മീഷന് ആ ചുമതലകൾ നിർവഹിക്കാൻ സാധിക്കുമോ; വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ സെക്ഷൻ 16 പ്രകാരം സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് നിഷ്കർഷിച്ചിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യകമ്മീഷന്റെ ഘടന ചുവടെ ചേർക്കുന്നു:

| | |
|---|---|
| ചെയർപേഴ്സൺ | 1 |
| മെമ്പർമാർ | 5 |
| മെമ്പർ സെക്രട്ടറി | 1 |
| സീനിയർ സൂപ്രണ്ട് | 1 |
| ജൂനിയർ സൂപ്രണ്ട് | 1 |
| റേഷനിംഗ് ഇൻസ്പെക്ടർ | 2 |
| കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 2 |
| ക്ലാർക്ക് | 5 |
| ഡ്രൈവർ | 2 |
| ഓഫീസ് അറ്റൻഡന്റ് | 2 |
| സ്വീപ്പർ | 1 |

സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ മെമ്പർമാരിൽ 2 പേർ സ്ത്രീകളായിരിക്കണമെന്ന് നിഷ്കർഷിക്കുന്നു. മെമ്പർമാരിൽ ഒരാൾ പട്ടികജാതി വിഭാഗത്തിൽനിന്നും ഒരാൾ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നുമുള്ള വ്യക്തിയുമായിരിക്കണമെന്നും നിയമം അനുശാസിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ജോയിന്റ് സെക്രട്ടറി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥ നായിരിക്കണം പ്രസ്തുത കമ്മീഷന്റെ മെമ്പർ സെക്രട്ടറി.

(ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും അവലോകനം ചെയ്യുകയും ചെയ്യുക, നിയമത്തിൽ അനുശാസിക്കുന്ന വ്യവസ്ഥകളിന്മേലുള്ള അലക്ഷ്യമായ നടപടികൾ കണ്ടാലോ പരാതികൾ ലഭിച്ചാലോ നടപടിയെടുക്കുക, ഭക്ഷ്യ ഭദ്രതാനിയമം നടപ്പാക്കുന്നതിൽ സർക്കാരിന് ഉപദേശം നൽകുക, ഭക്ഷ്യ/പോഷകാഹാരം സംബന്ധിച്ചുള്ള സ്കീമുകൾ നടപ്പാക്കുന്നത് സംബന്ധിച്ച്, വ്യക്തികളെ നിയമത്തിൽ പറഞ്ഞിട്ടുള്ള അവകാശങ്ങൾക്ക് പ്രാപ്തരാക്കുന്ന കാര്യങ്ങളിൽ സർക്കാരിനോ, സർക്കാരിന്റെ ഏജൻസികൾക്കോ, സ്വയംഭരണാധികാരമുള്ള സ്ഥാപനങ്ങൾക്കോ

പ്രസക്തമായ സേവനങ്ങൾ നൽകുന്ന സർക്കാരിതര സ്ഥാപനങ്ങൾക്കോ ആവശ്യമായ ഉപദേശം നൽകുക, ജില്ലാ പരാതി പരിഹാര ആഫീസർമാരുടെ ഉത്തരവിന്മേലുള്ള അപ്പീൽ തീർപ്പാക്കുക, നിയമസഭയ്ക്കുമുമ്പിൽ വയ്ക്കാനുള്ള വാർഷിക റിപ്പോർട്ട് തയ്യാറാക്കുക മുതലായവയാണ് ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി & ഡി) 21-8-2015 -ലെ സ.ഉ(കൈ)നമ്പർ 23/15/ഭ.പൊ.വി.വ പ്രകാരം സംസ്ഥാന ഭക്ഷ്യകമ്മീഷൻ രൂപീകരിക്കാൻ ഉത്തരവായിട്ടുണ്ട്. എന്നാൽ ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 18-ാം അനുച്ഛേദ പ്രകാരം നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ സംസ്ഥാന ഭക്ഷ്യ കമ്മീഷനായി ചുമതലപ്പെടുത്താൻ കഴിയുമെന്നുള്ളതിനാൽ 13-10-2016 ലെ സ.ഉ(കൈ) നമ്പർ 16/16/ഭ.പൊ.വി.വ. പ്രകാരം സംസ്ഥാന ഭക്ഷ്യകമ്മീഷൻ നിലവിൽ വരുന്നത് വരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് നൽകിയിട്ടുണ്ട്. ഭക്ഷ്യഭദ്രതാ നിയമത്തിനനുസൃതമായി സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷമേ കമ്മീഷനെ നിയമിക്കാൻ കഴിയൂ എന്നതിനാൽ സ്വതന്ത്ര ചുമതലയുള്ള കമ്മീഷനെ നിയമിച്ചിരുന്നില്ല. ചട്ടങ്ങൾ നിലവിൽവന്ന സാഹചര്യത്തിൽ ഉടൻതന്നെ കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാന ഭക്ഷ്യ കമ്മീഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് കെ.റ്റി.ഡി.എഫ്.സി.-യുടെ ഉടമസ്ഥതയിൽ തമ്പാനൂരിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി. സമുച്ചയത്തിൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013-ന്റെ 18-ാം അനുച്ഛേദ പ്രകാരം നിലവിലുള്ള സ്റ്റാറ്റ്യൂട്ടറി കമ്മീഷനെ സംസ്ഥാന ഭക്ഷ്യകമ്മീഷനായി ചുമതലപ്പെടുത്താൻ കഴിയുമെന്നുള്ളതിനാൽ 13-10-2016-ലെ സ.ഉ(കൈ) നം.16/16/ഭ.പൊ.വി.വ പ്രകാരം സംസ്ഥാന ഭക്ഷ്യകമ്മീഷൻ നിലവിൽ വരുന്നത് വരെയുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന് നൽകിയിട്ടുണ്ട്.

## നെല്ല് സംഭരണ പദ്ധതി

12(*282) ശ്രീമതി സി. കെ. ആശ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുസീസണിലെ നെല്ല് സംഭരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംഭരിച്ച നെല്ല് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ ശൃംഖലയിൽ വിതരണം ചെയ്യുന്നതിന് മുന്നോടിയായി ഗുണനിലവാര പരിശോധന നടത്താറുണ്ടോ; വ്യക്തമാക്കുമോ;

(സി) നെല്ല് സംഭരണ പദ്ധതിയുടെ കൈകാര്യചെലവ് കേന്ദ്ര സർക്കാർ നല്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്ന് നെല്ല് കൊണ്ടുവന്ന് സംഭരണ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) സംഭരിച്ച നെല്ല് അരിയാക്കി മാറ്റുന്നതിൽ സ്വകാര്യമില്ലുകൾ, സഹകരണ-പൊതുമേഖല സ്ഥാപനങ്ങളുടെ മില്ലുകൾ എന്നിവയുടെ പങ്കാളിത്തം വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) 2017-18-ലെ നെല്ല് സംഭരണ സീസണിൽ 11-6-2018 വരെ 139541 കർഷകരിൽനിന്നും 4.81 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു:

| ജില്ല | സംഭരിച്ച നെല്ലിന്റെ അളവ് |
|---|---|
| തിരുവനന്തപുരം | 466.183 |
| കൊല്ലം | 480.147 |
| പത്തനംതിട്ട | 8438.285 |
| ആലപ്പുഴ | 152742.825 |
| കോട്ടയം | 66068.079 |
| ഇടുക്കി | 102.525 |
| എറണാകുളം | 4490.139 |
| തൃശ്ശൂർ | 76879.806 |
| പാലക്കാട് | 149502.093 |
| മലപ്പുറം | 17494.373 |
| കോഴിക്കോട് | 321.130 |
| വയനാട് | 3891.696 |
| കണ്ണൂർ | 383.181 |
| കാസർഗോഡ് | 256.396 |

(ബി) ഉണ്ട്. നെല്ല് സംഭരണ സംസ്കരണ വിതരണ പ്രക്രിയയിൽ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് വിതരണത്തിനായി നൽകുന്നത്.

(സി) ഉണ്ട്. നെല്ല് സംഭരണ സംസ്കരണ വിതരണ പ്രക്രിയയിൽ കൈകാര്യ ചെലവ് ഉൾപ്പെടെ ഒരു ക്വിന്റൽ അരിക്ക് കേന്ദ്ര സർക്കാർ 2,707 രൂപ നൽകുന്നുണ്ട്.

(ഡി) ഉണ്ട്. പരാതി സർക്കാർ പരിശോധിച്ചുവരികയാണ്.

(ഇ) വികേന്ദ്രീകരണ ധാന്യസംഭരണ സംസ്കരണ വിതരണ പദ്ധതി പ്രകാരം സംഭരിക്കുന്ന നെല്ല് സംസ്കരിച്ച് അരിയാക്കി മാറ്റുന്നത് സ്വകാര്യ, സഹകരണ മേഖലകളിലെ മില്ലുകൾ മുഖേനയാണ്.

## ആശുപത്രികളുടെ സേവന നിലവാര നിർണ്ണയ സംവിധാനം

13(*283) ശ്രീ. കാരാട്ട് റസാഖ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ആശുപത്രികൾക്കാണ് കേന്ദ്ര സർക്കാരിന്റെ നാഷണൽ ക്വാളിറ്റി അക്രെഡിറ്റേഷൻ പുരസ്കാരം ലഭിച്ചതെന്ന് അറിയിക്കാമോ ;

(ബി) സർക്കാർ ആശുപത്രികളുടെ സേവന നിലവാര നിർണ്ണയത്തിനായുള്ള കേരള അക്രെഡിറ്റേഷൻ സ്റ്റാൻഡേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ് ) എത്ര ആശുപത്രികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ; സ്വകാര്യ ആശുപത്രികളുടെ നിലവാര നിർണ്ണയത്തിനായി എന്ത് സംവിധാനമാണുള്ളതെന്ന് അറിയിക്കാമോ;

(സി) സർക്കാർ ആശുപത്രികളിൽ ആവശ്യത്തിന് മെഡിക്കൽ, പാരാ മെഡിക്കൽ ജീവനക്കാർ ഉണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് സാധ്യമായിട്ടുണ്ടോ; സർക്കാർ ആശുപത്രികളിലെ തിരക്ക് പരിഗണിച്ച് കൂടുതൽ ഡോക്ടർമാരെയും മറ്റ് സഹായ ജീവനക്കാരെയും നിയമിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളുടെ ലഭ്യതയും അവയുടെ ശരിയായ വിനിയോഗവും പരിപാലനവും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) ഈ വർഷം കേന്ദ്ര സർക്കാരിന്റെ നാഷണൽ ക്വാളിറ്റി അക്രെഡിറ്റേഷൻ പുരസ്കാരം ലഭിച്ച സർക്കാർ ആശുപത്രികൾ ചുവടെ ചേർത്തിരിക്കുന്നു:

1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പുനലൂർ, കൊല്ലം
2. സി.എച്ച്.സി. പണ്ടപ്പള്ളി, എറണാകുളം
3. പി.എച്ച്.സി. നർക്കലക്കാട്, കാസർഗോഡ്
4. പി.എച്ച്.സി. ചിറ്റാരിക്കൽ, കാസർഗോഡ്
5. ജനറൽ ഹോസ്പിറ്റൽ, എറണാകുളം.

(ബി) കേരള അക്രെഡിറ്റേഷൻ സ്റ്റാന്റേർഡ്സ് ഫോർ ഹോസ്പിറ്റൽസ് (കാഷ്) ലഭിച്ചിട്ടുള്ള ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*. സ്വകാര്യ ആശുപത്രികളുടെ നിലവാര നിർണ്ണയത്തിനായി നിലവിൽ സർക്കാർ തലത്തിൽ സംവിധാനങ്ങളൊന്നുമില്ല. സർക്കാർ, സ്വകാര്യ ആശുപത്രികൾ, ലബോറട്ടറികൾ എന്നിവയെ നിയന്ത്രിക്കുകയും അവയെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ അലോപ്പതി, ആയുർവേദം, ഹോമിയോ തുടങ്ങിയ എല്ലാ ചികിത്സാ സമ്പ്രദായങ്ങളിലുമുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് ആശുപത്രികളെയും ലബോറട്ടറികളെയും നിയന്ത്രിക്കാനുള്ള കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഇതിന്റെ ചട്ടങ്ങൾ രൂപീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) സർക്കാർ ആശുപത്രികളിലെ തിരക്ക് പരിഗണിച്ച് കൂടുതൽ ഡോക്ടർമാരെയും പാരാ മെഡിക്കൽ ജീവനക്കാരെയും ആവശ്യാനുസരണം നിയമിക്കാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജീവനക്കാരുടെ കുറവ് പരിഗണിച്ച് മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഡോക്ടർമാരുടെയും സഹായ ജീവനക്കാരുടെയും തസ്തികകൾ കൂടുതലായി സൃഷ്ടിച്ചിട്ടുണ്ട്. കേരള പി.എസ്.സി. വഴിയുള്ള ഡോക്ടർമാരുടെ നിയമനം നടന്നുവരുന്നു. മഴക്കാല രോഗങ്ങളും മറ്റ് പകർച്ചവ്യാധികളും ഉണ്ടാകുന്ന അവസരങ്ങളിൽ ജില്ലാ മെഡിക്കൽ ആഫീസർമാർ മുഖാന്തരം ഫാർമസിസ്റ്റുമാർ ഉൾപ്പെടെ മറ്റ് സഹായ ജീവനക്കാരെയും നിയമിക്കാറുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ തസ്തിക ഒഴികെയുള്ള ഫീൽഡ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ യഥാസമയം നികത്തിവരുന്നുണ്ട്. ഫിസിയോതെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തുടങ്ങിയ തസ്തികകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല. ആർദ്രം മിഷന്റെ ഭാഗമായി തെരഞ്ഞെടുത്ത കുടുംബാരോഗ്യ കേന്ദ്രങ്ങളിലും മറ്റ് സർക്കാർ ആശുപത്രികളിലും പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തി വരുന്നുണ്ട്. ദേശീയ ആരോഗ്യ ദൗത്യം വഴി കേരളത്തിലെ എല്ലാ ജില്ലകളിലും മെഡിക്കൽ പാരാമെഡിക്കൽ ജീവനക്കാരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്.

'(ഡി) വർഷാവർഷം കേരളത്തിലെ ഓരോ ആശുപത്രിയും അവരവർക്ക് ആവശ്യമായ ഉപകരണങ്ങളുടെ പട്ടിക തയ്യാറാക്കി ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും പ്രസ്തുത പട്ടിക അംഗീകരിച്ചതിനുശേഷം ദർഘാസ് നടത്തി വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകുകയും ചെയ്യുന്നു. ഈ ഉപകരണങ്ങളെല്ലാം കോർപ്പറേഷൻ ദർഘാസ് ക്ഷണിക്കുകയും വിതരണ ഉത്തരവ് നൽകി അതത് ആശുപത്രികളിൽ സ്ഥാപിക്കുകയും ചെയ്യുന്നു. കൂടാതെ കോർപ്പറേഷന്റെ ദർഘാസുകൾ റണ്ണിംഗ് കോൺട്രാക്ടായാണ് ക്ഷണിക്കപ്പെടുന്നത്. അതുകൊണ്ട് റണ്ണിംഗ് കോൺട്രാക്ട് ലിസ്റ്റിലുള്ള ഉപകരണങ്ങൾക്ക് ആശുപത്രികൾക്ക് നേരിട്ട് വിതരണ ഉത്തരവ് അതത് കമ്പനികൾക്ക് നൽകാവുന്നതാണ്. 2016 സെപ്തംബർ മുതൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിലെ എല്ലാ ആശുപത്രി ഉപകരണങ്ങളും ബയോ മെഡിക്കൽ എക്യുപ്മെന്റ് മെയിന്റനൻസ് പദ്ധതി പ്രകാരം ഒരു സ്വകാര്യ കമ്പനി (മെസ്സേഴ്സ് കിർലോസ്കർ ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്) ആണ് നിർവ്വഹിക്കുന്നത്. ഇതുവഴി എല്ലാ ഉപകരണങ്ങളുടെയും കേടുപാടുകൾ തീർക്കുന്നതിനും അവയുടെ പ്രിവന്റീവ് മെയിന്റനൻസ് നടത്തുന്നതിനും കാലിബ്രേഷൻ നടത്തുന്നതിനും ഈ കമ്പനിയുടെ സേവനം ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നു. അതുമൂലം ആശുപത്രിയിലെ എല്ലാ ഉപകരണങ്ങളുടെയും തടസ്സമില്ലാത്ത പ്രവർത്തനം ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. കൂടാതെ ആശുപത്രികൾക്ക് ഉപകരണങ്ങൾ കേടായാൽ വിളിച്ചറിയിക്കുന്നതിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾഫ്രീ സംവിധാനവും നിലവിലുണ്ട്.

## രോഗപ്രതിരോധ നടപടികൾ

14(*284) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാക്സിനേഷനും ആധുനിക വൈദ്യശാസ്ത്രത്തിനുമെതിരെ സംഘടിതമായ എതിർപ്പ് സംസ്ഥാനത്ത് ചില കോണുകളിൽനിന്നും ഉയരുന്നത് ഗൗരവമായി

പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്;

(ബി) സംസ്ഥാനത്ത് ഇതുവരെ കാണാത്ത നിപ, കരിമ്പനി തുടങ്ങിയ രോഗങ്ങൾ കണ്ടുതുടങ്ങിയ സാഹചര്യത്തിൽ രോഗപ്രതിരോധത്തിന് കൂടുതൽ ഇടപെടൽ നടത്തുന്നതിനും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും ശക്തമായ നടപടികൾ സ്വീകരിക്കുമോ;

(സി) സ്കൂളുകളിൽ കുട്ടികളെ ചേർക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കുന്നതിനുള്ള തീരുമാനം എടുത്തിരുന്നോ; എങ്കിൽ അത് പ്രാവർത്തികമാക്കിയിട്ടുണ്ടോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) വാക്സിനേഷന് എതിരായ സംഘടിത എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും വാക്സിനേഷൻ നടത്തുന്നതിന്റെ ആവശ്യകത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനും വാക്സിൻ വിരുദ്ധ പ്രചരണങ്ങൾക്കെതിരായി ബോധവൽക്കരണം നടത്തുന്നതിനുമായി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ നിരവധി തവണ പരസ്യങ്ങൾ നൽകിയിട്ടുണ്ട്.

2. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ, ജില്ലാ മെഡിക്കൽ ഓഫീസർ തുടങ്ങിയവർ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജില്ലാതല മീറ്റിംഗ് നടത്തി ഫലപ്രദമായി വാക്സിനേഷൻ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

3. വാക്സിൻ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ദേശീയ ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും ഉന്നത പോലീസ് അധികാരികൾക്ക് പരാതി നൽകിയിരുന്നു.

4. വാക്സിൻ വിരുദ്ധ പ്രവർത്തനത്തിന് പ്രധാന തട്ടകമായ നവമാധ്യമങ്ങളിൽ വ്യാപകമായി വാക്സിനേഷന്റെ ആവശ്യകതയെക്കുറിച്ച് വിശ്വസനീയമായ ശാസ്ത്രീയ അടിത്തറയുള്ള സന്ദേശങ്ങൾ പ്രചരിപ്പിച്ചിരുന്നു. ഇതിന് നേതൃത്വം നൽകിയ നമ്മുടെ ആരോഗ്യ വകുപ്പിലെയും ഇൻഡ്യൻ

അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിലെയും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനിലെയും ഡോക്ടർമാരുടെ കൃത്യമായ വിശദീകരണങ്ങൾ നവമാധ്യമങ്ങളിലൂടെ പ്രചരിപ്പിച്ച് വാക്സിൻ വിരുദ്ധ പ്രവർത്തകരുടെ ചോദ്യങ്ങൾക്കുള്ള മറുപടി പൊതുജനങ്ങൾക്കും നൽകാൻ കഴിഞ്ഞു.

5. കൂടാതെ ലഘുലേഖകൾ, പോസ്റ്ററുകൾ തുടങ്ങിയവ അച്ചടിച്ച് ജില്ലാ-ബ്ലോക്ക്, പി.എച്ച്.സി.-കൾ വഴി ഫീൽഡ് വിഭാഗം ജീവനക്കാരിലൂടെ ജനങ്ങളിലേക്ക് എത്തിച്ചിട്ടുണ്ട്. ആശ/ അങ്കണവാടി/കുടുംബശ്രീപ്രവർത്തകർ സാക്ഷരതബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കിയതിനാൽ ഭൂരിഭാഗം ഗുണഭോക്താക്കളിലുമുണ്ടായിരുന്ന തെറ്റിദ്ധാരണകൾ ഒഴിവാക്കി വാക്സിൻ അനുകൂല നിലപാട് സ്വീകരിക്കാൻ കഴിഞ്ഞു. ആധുനിക വൈദ്യശാസ്ത്രത്തിനെതിരായി സംഘടിത എതിർപ്പ് സംസ്ഥാനത്ത് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

6. ഇക്കാര്യത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ്, പി.പി. യൂണിറ്റ് എന്നിവ വഴി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഹെൽത്ത് സെന്ററുകളിലെ പ്രദേശങ്ങളിൽ ഗൃഹസന്ദർശനം, ബോധവൽക്കരണം എന്നിവയും തദ്ദേശഭരണ സ്ഥാപനം, സാമൂഹിക നേതാക്കൾ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിപാടികളും വളരെ ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്കൂളുകളിൽ കുട്ടികളെ ചേർക്കുന്നതിന് വാക്സിനേഷൻ നിർബന്ധമാക്കി ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. കുട്ടികൾക്ക് സ്കൂൾ പ്രവേശനത്തിന്റെ ഭാഗമായി നിർബന്ധിത കുത്തിവയ്പുകളൊന്നുംതന്നെ ഇപ്പോൾ ഏർപ്പെടുത്തിയിട്ടില്ല.

**കാഴ്ചപരിമിതർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ**

15(*285) <u>ശ്രീ. പി. സി. ജോർജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ചപരിമിതിയുള്ളവർക്ക് വേണ്ടി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഴ്ചപരിമിതിയുള്ളവർക്ക് വേണ്ടി നടപ്പിലാക്കിയ പ്രത്യേക പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) കാഴ്ചപരിമിതിയുള്ളവർക്കുവേണ്ടി കേന്ദ്രസർക്കാരിന്റെ എന്തെങ്കിലും പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) കാഴ്ച പരിമിതിയുള്ളവർക്കുവേണ്ടി സംസ്ഥാനത്ത് മാതൃജ്യോതി, കാഴ്ചവൈകല്യമുള്ള അഡ്വക്കേറ്റുമാർക്കുള്ള ധനസഹായ പദ്ധതി, ഇൻസൈറ്റ് പ്രോജക്റ്റ് (NGO മുഖേന) എന്നിവ സാമൂഹ്യനീതി വകുപ്പുമുഖേന നടപ്പിലാക്കിവരുന്നു.

ജന്മനായുണ്ടാകാൻ സാധ്യതയുള്ളതും അന്ധതയിലേയ്ക്ക് നയിക്കുന്നതുമായ Retinopathy of Prematurity (ROP) എന്ന അവസ്ഥ നേരത്തേ കണ്ടെത്തി ആവശ്യമായ ഇടപെടലുകൾ നടത്തുന്നതിനായി സംസ്ഥാന ആരോഗ്യ വകുപ്പുമായി സഹകരിച്ച് ഒരു പദ്ധതി 2018-19 മുതൽ നടപ്പാക്കുന്നതിന് സംസ്ഥാന സാമൂഹ്യ സുരക്ഷാമിഷന് അംഗീകാരം നൽകിയിട്ടുണ്ട്.

കാഴ്ച വൈകല്യമുള്ളവർക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. 1,00,000 രൂപയ്ക്ക് താഴെ വരുമാനമുള്ള +2, ഡിഗ്രി ലെവലിലോ അതിനു മുകളിലോ പഠിക്കുന്ന കാഴ്ച വൈകല്യമുള്ള കുട്ടികൾക്ക് ലാപ്ടോപ്പ് (വോയ്സ് എൻഹാൻസ്ഡ് സോഫ്റ്റ്‌വെയർ) സൗജന്യമായി നൽകിവരുന്നു.

2. 40 ശതമാനത്തിന് മുകളിൽ ഭിന്നശേഷിത്വമുള്ള 18 വയസ്സിനുമുകളിൽ പ്രായമുള്ള കാഴ്ചവൈകല്യമുള്ളവർക്ക് ഏരിയാ സർവ്വീസ് ബാങ്ക് മുഖാന്തരം സ്വയം തൊഴിൽ വായ്പയും വിദ്യാഭ്യാസ വായ്പയും അനുവദിച്ചു വരുന്നു. ടി വായ്പയ്ക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി സബ്സിഡിയും നൽകി വരുന്നു.

3. വൈറ്റ്കെയിൻ, ബ്രെയിലി കിറ്റ്, ബ്രെയിലി കാൽക്കുലേറ്റർ, ടോക്കിംഗ് കാൽക്കുലേറ്റർ, സ്മാർട്ട് ഫോൺ തുടങ്ങിയ ഉപകരണങ്ങൾ വിതരണം ചെയ്തുവരുന്നു.

കാഴ്ച പരിമിതിയുള്ളവർക്കുവേണ്ടി ആരോഗ്യ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. തിമിരബാധമൂലം കാഴ്ച നഷ്ടപ്പെട്ടവർക്ക് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ, ജനറൽ, ജില്ലാ ആശുപത്രികൾ, തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ആശുപത്രികൾ, സർക്കാർ ധനസഹായം ലഭിക്കുന്ന സർക്കാരിതര ആശുപത്രികൾ എന്നിവിടങ്ങളിൽ ആധുനിക രീതിയിലുള്ള ശസ്ത്രക്രിയ, മരുന്ന് എന്നിവ സൗജന്യമായി നൽകി വരുന്നു.

2. പ്രമേഹജന്യ നേത്രാന്തരപടല ബാധിച്ചവർക്ക് സൗജന്യ ലേസർ ചികിത്സ, സൗജന്യ ശസ്ത്രക്രിയ, മരുന്ന് എന്നിവ ലഭ്യമാക്കുന്നു.

3. നേത്രാതിമർദ്ദം (ഗ്ലോക്കോമ) മുൻകൂട്ടി കണ്ടെത്താനും ആയതിനുള്ള ശസ്ത്രക്രിയ, ചികിത്സ, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നു.

4. സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധിച്ച് കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സൗജന്യമായി കണ്ണട വിതരണം നടത്തി വരുന്നു.

5. സഞ്ചരിക്കുന്ന നേത്ര വിഭാഗം കേരളത്തിലെ ഗ്രാമ പ്രദേശങ്ങളിൽ സൗജന്യ ക്യാമ്പുകൾ സംഘടിപ്പിച്ച് തിമിര രോഗികളെ ആശുപത്രികളിലെത്തിച്ച് സൗജന്യ ശസ്ത്രക്രിയ ചെയ്ത് തിരികെ അവരുടെ സ്ഥലങ്ങളിൽ എത്തിക്കുന്നു.

6. നേത്ര പടലാന്ധത പരിഹരിക്കുന്നതിനായി ആറ് നേത്ര ബാങ്കുകളും കോർണിയ കളക്ഷൻ സെന്ററുകളും സർക്കാർ സഹായത്തോടെ 24 മണിക്കൂറും പ്രവർത്തിക്കുകയും കോർണിയ വച്ചുപിടിപ്പിക്കൽ ശസ്ത്രക്രിയകൾ സൗജന്യമായി ചെയ്തു വരികയും ചെയ്യുന്നു.

7. ഗ്രാമങ്ങളിൽ നേത്രസംരക്ഷണം ഉറപ്പാക്കുന്നതിലേയ്ക്കായി ഒപ്റ്റോമെട്രിസ്റ്റുകളുടെ നേതൃത്വത്തിൽ 50 വിഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നേത്ര രോഗ വിദഗ്ധരുടെ പരിശീലനത്തിനും ഗവേഷണങ്ങൾക്കും മുൻതൂക്കം നൽകിക്കൊണ്ട് മേഖലാ സ്ഥാപനമായ റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി 24 മണിക്കൂറും പ്രവർത്തിക്കുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാഴ്ചപരിമിതിയുള്ളവർക്കുവേണ്ടി ആരോഗ്യ വകുപ്പുമുഖേന നടപ്പിലാക്കിയ പ്രത്യേക

പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജനറൽ ആശുപത്രിയിലെ മുടങ്ങിക്കിടക്കുന്ന ശസ്ത്രക്രിയ വിഭാഗം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

2. കോട്ടയം ജില്ലയിലെ പാമ്പാടി ജില്ലാ ആശുപത്രി, ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ ആശുപത്രി, നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രികളിൽ നേത്ര രോഗ ശസ്ത്രക്രിയ വിഭാഗം പ്രവർത്തനം ആരംഭിച്ചു.

3. നേത്രസംരക്ഷണത്തിന്റെ ഭാഗമായി മൂന്ന് പ്രാഥമിക നേത്ര പരിശോധനാ കേന്ദ്രം (കൊല്ലം-1, ആലപ്പുഴ-2) ആരംഭിച്ചു.

4. സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് നേത്ര ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 2,33,49,040 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL)-ന് കൈമാറിയിട്ടുണ്ട്.

5. കുന്നംകുളം, ഇരിട്ടി, വർക്കല, ഹരിപ്പാട് എന്നീ താലൂക്ക് ആസ്ഥാന ആശുപത്രികളിലെയും തൊടുപുഴ, മാനന്തവാടി എന്നീ ജില്ലാ ആശുപത്രികളിലെയും നേത്ര ശസ്ത്രക്രിയ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 59,95,740 രൂപ നൽകിയിട്ടുണ്ട്.

6. 2018-19 ൽ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയുടെ നേത്രവിഭാഗത്തിന്റെ ഉന്നമനത്തിനായി 55.53 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

7. പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തിയ മറ്റു വിഭാഗങ്ങൾ താഴെപ്പറയുന്നു.

1. 14 ജില്ലകളിൽ റെറ്റിനോപ്പതി ഓഫ് പ്രിമെച്ചൂരിറ്റി (മാസം തികയാത്തതും ഭാരക്കുറവുള്ളതുമായ ശിശുക്കളുടെ നേത്രാന്തര പടലാന്ധത) മുൻകൂട്ടി കണ്ടെത്തുന്നതിനായി 15,40,000 രൂപയുടെ ഉപകരണങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്.

2. തിമിര ശസ്ത്രക്രിയയുടെ ഉന്നമനത്തിനായി വിവിധ സർക്കാർ ആശുപത്രികളിലേയ്ക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനായി 3,23,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

3. എറണാകുളം ജനറൽ ആശുപത്രിയിൽ ലേസർ ചികിത്സ നൽകുന്നതിലേയ്ക്കായി മെഡിക്കൽ റെറ്റിനോ യൂണിറ്റ് വാങ്ങുന്നതിനായി 1,04,50,450 രൂപ വകയിരുത്തിയിട്ടുണ്ട്.

കേന്ദ്ര വിഹിതത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്നവ അനുവദിച്ചു.

(a) 16 പ്രാഥമിക നേത്ര പരിശോധനാ കേന്ദ്രങ്ങൾ അനുവദിച്ചു.

(b) പുതുതായി 7 സഞ്ചരിക്കുന്ന നേത്ര വിഭാഗം വാഹനങ്ങൾക്കായി 15.4 ലക്ഷം രൂപ വകയിരുത്തി.

(സി) ദേശീയ വികലാംഗ ധനകാര്യ വികസന കോർപ്പറേഷന്റെയും സ്വയം തൊഴിൽ വായ്പാപദ്ധതിയും വിദ്യാഭ്യാസ വായ്പയും (എൻ.എച്ച്.എഫ്.ഡി.സി.) കാഴ്ച വൈകല്യമുള്ളവർക്ക് നടപ്പിലാക്കിവരുന്നു. സ്വയംതൊഴിൽ വായ്പയിന്മേൽ കാഴ്ച വൈകല്യമുള്ളവർക്ക് 0.5% പലിശയിളവും മാനദണ്ഡങ്ങൾക്ക് വിധേയമായി സബ്സിഡിയും അനുവദിച്ചുവരുന്നു.

കേന്ദ്രസർക്കാരിന്റെ പദ്ധതിയായ നാഷണൽ പ്രോഗ്രാം ഓഫ് കൺട്രോൾ ഓഫ് ബ്ലൈന്റ്നസ് (NPCB) സംസ്ഥാനത്ത് ആരോഗ്യ വകുപ്പാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

ദേശീയ അന്ധതാ നിയന്ത്രണ പരിപാടികൾ നടപ്പിൽ വരുത്തുന്നതിലേയ്ക്കായി 60% കേന്ദ്ര സർക്കാരിന്റെയും 40% സംസ്ഥാന സർക്കാരിന്റെയും വിഹിതമായി നൽകിവരുന്നു.

തിമിര ബാധമൂലം കാഴ്ച നഷ്ടപ്പെട്ടവർക്ക് ആധുനിക രീതിയിലുള്ള ശസ്ത്രക്രിയ, മരുന്ന് എന്നിവ സൗജന്യമായി നൽകിവരുന്നു. നേത്രാതിമർദ്ദം (ഗ്ലോക്കോമ) മുൻകൂട്ടി കണ്ടെത്താനും ആയതിനുള്ള ശസ്ത്രക്രിയ, ചികിത്സ, മരുന്നുകൾ എന്നിവ ലഭ്യമാക്കുന്നു. സ്കൂൾ കുട്ടികളുടെ കാഴ്ച പരിശോധിച്ച് കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സൗജന്യമായി കണ്ണട വിതരണവും ഗ്രാമപ്രദേശങ്ങളിൽ സൗജന്യ ക്യാമ്പുകളും സൗജന്യ ശസ്ത്രക്രിയകളും നടത്തുന്നു. നേത്ര ബാങ്കുകളും കോർണിയ കളക്ഷൻ സെന്ററുകളും പ്രവർത്തിച്ചുവരുന്നു. കോർണിയ വച്ചുപിടിപ്പിക്കൽ ശസ്ത്രക്രിയകൾ സൗജന്യമായി ചെയ്തുവരുന്നു.

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജനറൽ ആശുപത്രിയിലെ മുടങ്ങിക്കിടക്കുന്ന ശസ്ത്രക്രിയ വിഭാഗം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

കോട്ടയം ജില്ലയിലെ പാമ്പാടി ജില്ലാ ആശുപത്രി, ഇടുക്കി ജില്ലയിലെ ഇടുക്കി ജില്ലാ ആശുപത്രി, നെടുങ്കണ്ടം താലൂക്ക് ആസ്ഥാന ആശുപത്രികളിൽ നേത്ര രോഗ ശസ്ത്രക്രിയ വിഭാഗം പ്രവർത്തനം ആരംഭിച്ചു.

നേത്ര സംരക്ഷണത്തിന്റെ ഭാഗമായി മൂന്ന് പ്രാഥമിക നേത്ര പരിശോധനാ കേന്ദ്രം (കൊല്ലം-1, ആലപ്പുഴ-2) ആരംഭിച്ചു.

സംസ്ഥാനത്തെ വിവിധ സർക്കാർ സ്ഥാപനങ്ങൾക്ക് നേത്ര ചികിത്സാ ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനായി 2,33,49,040 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL)-ന് കൈമാറിയിട്ടുണ്ട്.

കുന്നംകുളം, ഇരിട്ടി, വർക്കല, ഹരിപ്പാട് എന്നീ താലൂക്ക് ആസ്ഥാന ആശുപത്രികളിലേയും തൊടുപുഴ, മാനന്തവാടി എന്നീ ജില്ലാ ആശുപത്രികളിലേയും നേത്ര ശസ്ത്രക്രിയ വിഭാഗം ശക്തിപ്പെടുത്തുന്നതിനായി 59,95,740 രൂപ നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതത്തിൽ ഉൾപ്പെടുത്തി 16 പ്രാഥമിക നേത്രപരിശോധനാ കേന്ദ്രങ്ങൾ അനുവദിച്ചു. പുതുതായി 7 സഞ്ചരിക്കുന്ന നേത്രവിഭാഗം വാഹനങ്ങൾക്കായി 154 ലക്ഷം രൂപ വകയിരുത്തി.

സ്കൂൾ കുട്ടികളുടെ കണ്ണട വിതരണത്തിനായി 200 ലക്ഷം രൂപ 2018-19 വർഷത്തിലേയ്ക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രായമായ ജനങ്ങൾക്ക് കണ്ണട വിതരണം ചെയ്യാൻ 50 ലക്ഷം രൂപ അനുവദിച്ചു.

## റേഷൻ കടകളുടെ നവീകരണം

16(*286) ശ്രീ. ബി. സത്യൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകളുടെ നവീകരണത്തിനും വൈവിധ്യവൽക്കരണത്തിനുമായി സ്വീകരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) റേഷൻ കടകൾ വഴി മുടങ്ങിക്കിടന്നിരുന്ന ആട്ട വിതരണം പുനഃസ്ഥാപിച്ചിട്ടുണ്ടോ;

(സി) ആട്ടയ്ക്ക് പുറമെ മറ്റേതെല്ലാം ഇനങ്ങൾകൂടി റേഷൻ കടകളിൽക്കൂടി വിതരണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(ഇ) പൊതുവിതരണമേഖലയ്ക്കാവശ്യമായ ഇന്റർമീഡിയറി ഗോഡൗണുകൾ റവന്യൂവകുപ്പിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) റേഷൻ വിതരണം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച് അർഹരായ ഉപഭോക്താവിന് മാത്രം റേഷൻ വിതരണം നടത്തി വരുന്നു. ഓരോ വിഭാഗത്തിനും അർഹതപ്പെട്ട പ്രതിമാസ റേഷൻ വിഹിതം എസ്.എം.എസ്. മുഖേന അറിയിക്കുകയും പത്രമാധ്യമങ്ങളിലൂടെ അറിയിപ്പ് നൽകുകയും ചെയ്യുന്നു. നിലവിലെ റേഷൻ കടകളുടെ രൂപത്തിലും ഭാവത്തിലും തനതായ മാറ്റങ്ങൾ വരുത്തി റേഷൻകടകളെ ആകർഷകമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ റേഷൻകടകൾക്കും ഒരേ മാതൃകയിലുള്ള നെയിംബോർഡ്, സ്റ്റോക്ക് ബോർഡ്, വിലവിവര പട്ടിക, ഒരേ രീതിയിലുള്ള പെയിന്റ് എന്നിവ നൽകി നവീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ റേഷൻ കടകൾ വഴി കൂടുതൽ സേവനങ്ങൾ ലഭ്യമാക്കി വൈവിധ്യവൽക്കരണം നടപ്പിലാക്കുന്ന കാര്യവും പരിഗണിച്ചുവരുന്നു.

(ബി) നിലവിൽ റേഷൻ കടകൾ വഴിയുള്ള ആട്ട വിതരണത്തിന് തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

(സി) റേഷൻകടകൾ വൈവിധ്യവൽക്കരിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ സബ്സിഡി ഇതര/നോൺ മാവേലി സാധനങ്ങൾ തെരഞ്ഞെടുത്ത റേഷൻ കടകളിൽ വിതരണം ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് കാനറാ ബാങ്ക് അധികൃതരുമായി ചർച്ച നടത്തിയിട്ടുണ്ട്. ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

(ഇ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ വകുപ്പിന്റെ സഹായത്തോടെ ഇന്റർമീഡിയറി ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ് താലൂക്കിൽ മൊറാഴ എന്ന സ്ഥലത്ത് 1.54 ഏക്കർ ഗോഡൗൺ നിർമ്മിക്കുന്നതിനായി കണ്ടെത്തിയിട്ടുണ്ട്.

**വയോമിത്രം പദ്ധതി**

17(*287) ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അറുപത്തിയഞ്ച് വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായി നടപ്പാക്കിവരുന്ന വയോമിത്രം പദ്ധതിയിൽ എന്തെല്ലാം സേവനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) വൃദ്ധജനങ്ങളുടെ സാമൂഹികവും സാമ്പത്തികവും ആരോഗ്യപരവുമായ സുരക്ഷ മികച്ച രീതിയിൽ നടപ്പിലാക്കിയതിന് സംസ്ഥാനത്തിന് ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) സംസ്ഥാനത്തെ നഗരസഭാ പ്രദേശത്ത് (മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരർക്ക് ആരോഗ്യ സുരക്ഷയും മാനസിക ഉല്ലാസവും നൽകുന്നതിലേയ്ക്കുവേണ്ടി കേരള സാമൂഹ്യ സുരക്ഷാമിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം.' പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന മുതിർന്ന പൗരൻമാർക്ക് അവരുടെ സാമ്പത്തികസ്ഥിതി ബാധകമാക്കാതെ സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം, കൗൺസിലിംഗ് എന്നിവ ലഭ്യമാക്കുന്നുണ്ട്.

(ബി) 2011-ൽ കൊല്ലം, തിരുവനന്തപുരം കോർപ്പറേഷനുകളിൽ ആരംഭിച്ച വയോമിത്രം പദ്ധതി 2016 വരെ 38 യൂണിറ്റുകളിൽ മാത്രമാണ് ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ട് വർഷക്കാലംകൊണ്ട് 49 മുനിസിപ്പാലിറ്റികളിൽ കൂടി പ്രസ്തുത പദ്ധതി ആരംഭിക്കാൻ സാധിച്ചു. നിലവിൽ ആകെ 87 നഗരസഭാ പ്രദേശത്ത് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. വയോമിത്രം പദ്ധതി ഗ്രാമങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലയിലെ തെരഞ്ഞെടുത്ത ഒരു ബ്ലോക്കിൽ ഈ സാമ്പത്തികവർഷംതന്നെ ആരംഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് റൂറൽ ബ്ലോക്ക് പഞ്ചായത്തിൽ നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്. വൃദ്ധജനങ്ങളുടെ സാമൂഹികവും ആരോഗ്യപരവുമായ സുരക്ഷ മികച്ച രീതിയിൽ നടപ്പാക്കിയതിന് കേന്ദ്രസർക്കാരിന്റെ 2017-ലെ 'വയോശ്രേഷ്ഠ സമ്മാൻ' പുരസ്കാരം കേരള സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ സംസ്ഥാനത്താകെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിൽ, വയോജനങ്ങൾക്കായി നൽകിയിട്ടുള്ള സൗകര്യങ്ങളും മികച്ച അലോപ്പതി, വയോ അമൃതം പോലുള്ള ആയുർവ്വേദ ചികിത്സാ സൗകര്യങ്ങൾ, മ്യൂസിക് തെറാപ്പി, യോഗ പോലുള്ള മാനസിക ഉന്മേഷവും സ്വാസ്ഥ്യവും പ്രദാനം ചെയ്യുന്ന പദ്ധതികൾ, കൗൺസിലിംഗ് മുതലായ സൗകര്യങ്ങൾ, വയോജനങ്ങൾക്കായി പൊതുവായി നടപ്പാക്കുന്ന സായംപ്രഭ ഹോം പദ്ധതി, മന്ദഹാസം പദ്ധതി, വയോസൗഹൃദ ഗ്രാമപഞ്ചായത്ത് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മികച്ച നടത്തിപ്പ് തുടങ്ങിയവ മുൻനിർത്തിയാണ് സംസ്ഥാനത്തിന് മികച്ച വയോസൗഹൃദ സംസ്ഥാനമെന്ന അവാർഡ് ലഭ്യമായിട്ടുള്ളത്.

## ആയുർവേദ ഔഷധ നിർമ്മാണത്തിലെ പ്രതിസന്ധി

18(*288) ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധ നിർമ്മാണത്തിലെ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മരുന്ന് നിർമ്മാണത്തിനുള്ള ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസ് നൽകുന്നതിനും എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്;

(സി) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ & ബി) ആയുർവേദ മരുന്നുനിർമ്മാണത്തിനുള്ള ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസ് നൽകുന്നതിനുമായി ചുമതലപ്പെടുത്തിയ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) ആൻഡ് ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച് കഴിഞ്ഞ ഒരു വർഷക്കാലമായി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നടന്നുവന്നിരുന്ന നിയമനടപടികൾ അവസാനിപ്പിക്കാനും ആയുർവേദ മരുന്ന് നിർമ്മാണ കമ്പനികൾ നേരിടുന്ന പ്രതിസന്ധി പരിഗണിച്ച് പുതിയ ലൈസൻസിംഗ് അതോറിറ്റിയെ 21-5-2018 മുതൽ താൽക്കാലികമായി നിയമിച്ചും ഉത്തരവായിട്ടുണ്ട്. ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവ്വേദം) ആൻഡ് ലൈസൻസിംഗ് അതോറിറ്റിയെ സ്ഥിരമായി നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) നിലവിൽ സംസ്ഥാനത്ത് ഉല്പാദനം നടത്തുന്ന ആയുർവേദ മരുന്നുകളുടെ സാമ്പിൾ ശേഖരിച്ച് അവ തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും എറണാകുളം റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിലും പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നുണ്ട്.

കൂടുതൽ ആയുർവേദ സാമ്പിളുകൾ പരിശോധിക്കുന്നതിനായി പുതുതായി പ്രവർത്തനം ആരംഭിക്കാനിരിക്കുന്ന തൃശ്ശൂർ റീജിയണൽ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പുതുതായി ഒരു ആയുർവേദ സെക്ഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

**അഗ്നിശമനസേനയുടെ ആധുനികവൽക്കരണത്തിന് നടപടി**

19 (*289) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമനസേനയിൽ ആധുനികവൽക്കരണത്തിന്റെ കുറവ് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അഗ്നിശമനസേനയുടെ നവീകരണത്തിനും ആധുനിക വൽക്കരണത്തിനുംവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

മുഖ്യമന്ത്രി <u>(ശ്രീ. പിണറായി വിജയൻ)</u>: (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസിന്റെ നവീകരണത്തിനായി നടപ്പിലാക്കിയ പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കോഴിക്കോട് ജില്ലയിൽ കൊയിലാണ്ടി അഗ്നിരക്ഷാ നിലയം, ആലപ്പുഴ ജില്ലയിൽ അരൂർ നിലയം, പാലക്കാട് ജില്ലയിൽ നാട്ടിക ഫയർസ്റ്റേഷൻ, കണ്ണൂർ ആസ്ഥാനമാക്കി പുതിയ ഡിവിഷണൽ ആഫീസ് എന്നിവ ആരംഭിച്ചു. ആയവയുടെ പ്രവർത്തനങ്ങൾക്കും ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് അക്കാദമി നവീകരണത്തിനും ഉൾപ്പെടെ വിവിധ തലത്തിലുള്ള 85 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ കടയ്ക്കൽ, എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ എന്നീ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകൾക്ക് സ്വന്തമായി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.
2. ദുരന്തങ്ങളും അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തനിവാരണ രംഗത്ത് പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സിവിൽ ഡിഫൻസ് ഫോഴ്സ് രൂപീകരിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. ഇതേ ഉദ്ദേശ്യത്തിനായി 'കമ്മ്യൂണിറ്റി റെസ്ക്യൂ വാളന്റിയർ സർവ്വീസ്", ആപതാമിത്ര എന്നീ പദ്ധതികൾ ആരംഭിക്കുകയും തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പരിശീലനം നൽകുകയും ചെയ്തുവരുന്നുണ്ട്.

3. 2016-17 സാമ്പത്തിക വർഷത്തിൽ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ നവീകരണത്തിനായി അനുവദിച്ച 40 കോടി രൂപ ഉപയോഗിച്ച് അത്യാധുനിക സൗകര്യങ്ങളോടുകൂടിയ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.

4. 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി അനുവദിച്ച 45 കോടി രൂപ ഉപയോഗിച്ച് വിവിധ അഗ്നിപ്രതിരോധ വാഹനങ്ങളും ഉപകരണങ്ങളും അഗ്നിശമന സേനാംഗങ്ങൾക്ക് 2006-നുശേഷം ലഭ്യമാകാതിരുന്നതും നോൺ-പ്ലാൻ ശീർഷകത്തിൽ അനുവദിക്കപ്പെട്ടതുമായ യൂണിഫോം ആർട്ടിക്കിൾസും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ആയവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരികയുമാണ്.

5. 2018-19 സാമ്പത്തിക വർഷത്തിൽ വകുപ്പിന്റെ സമഗ്രമായ നവീകരണത്തിനും ടേൺ ടേബിൾ ലാഡർ/ ഏരിയർ ലാഡർ പ്ലാറ്റ്ഫോം ഉൾപ്പെടെയുള്ള അത്യാധുനിക അഗ്നിശമനരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 70 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

6. കേരള ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസിൽ ഫയർ വുമൺ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തി വകുപ്പിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. EASE OF DOING BUSINESS നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബഹുനില കെട്ടിടങ്ങൾക്ക് ഫയർ എൻ.ഒ.സി. അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സുതാര്യമാക്കുന്നതിന് KSIDC-യുമായി ചേർന്ന് ഓൺലൈൻ വെബ് പോർട്ടൽ സംവിധാനം, ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 80 ലക്ഷം രൂപ അനുവദിച്ച് ആഫീസ് നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനായുള്ള 'ഐ-ആപ്സ്' സംവിധാനം, 25 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസ് സംവിധാനം എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്.

8. 1962-ലെ ഫയർഫോഴ്സ് ആക്ട് കാലോചിതമായി പരിഷ്കരിച്ച് പുതിയ നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

9. ജീവനക്കാരുടെ യൂണിഫോം അലവൻസ്, റിസ്ക് അലവൻസ്, ലഗേജ് അലവൻസ്, സ്പെഷ്യൽ അലവൻസ് എന്നിവ വർദ്ധിപ്പിക്കുകയും ഗ്രേഡ് പ്രൊമോഷൻ അനുവദിക്കുകയും ചെയ്തു.

## കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികളുടെ പുരോഗതി

20(T*290) ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികളുടെ ഇതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ;

(ബി) കേന്ദ്ര സർക്കാരിന് പ്രസ്തുത പദ്ധതികളുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) കേന്ദ്രസർക്കാർ ഈ പദ്ധതികൾക്ക് അനുകൂല നിലപാട് സ്വീകരിച്ചിട്ടുണ്ടോ; സംസ്ഥാന സർക്കാർ ഈ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ഡി) ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായുള്ള സ്ഥലങ്ങളിലെ മേൽപ്പാലങ്ങളുടെ പണിയുമായി ബന്ധപ്പെട്ട് ഇതുവരെയുള്ള സ്ഥലമെടുപ്പും പുരോഗതിയും വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിൽ ലൈറ്റ് മെട്രോ പദ്ധതി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി ഡി.എം.ആർ.സി. തയ്യാറാക്കിയ ഡി.പി.ആർ (വിശദ പദ്ധതി രേഖ) സർക്കാർ വിശദമായ പഠനത്തിനുശേഷം അംഗീകരിക്കുകയും പദ്ധതിക്കുള്ള ഭരണാനുമതി നൽകുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ അനുമതിക്കായി 12-8-2015-ന് വിശദമായ പദ്ധതി രേഖയും 21-10-2015-ന് സമഗ്ര ഗതാഗത പദ്ധതി റിപ്പോർട്ടും സമർപ്പിച്ചിരുന്നു. 2017 ആഗസ്റ്റ് മാസത്തിൽ കേന്ദ്രസർക്കാർ പുറത്തിറക്കിയ പുതിയ മെട്രോ നയം പ്രകാരം നേരത്തെ സമർപ്പിക്കപ്പെട്ടിട്ടുള്ള പദ്ധതിരേഖകളിൽ കാര്യമായ മാറ്റങ്ങൾ ആവശ്യമായി വന്നു. അതനുസരിച്ച് തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾക്ക് കേന്ദ്ര മെട്രോ നയത്തിന് അനുസൃതമായി അനുബന്ധരേഖ ഡി.എം.ആർ.സി. തയ്യാറാക്കി 2017 ഡിസംബറിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത രേഖകൾ പരിശോധിക്കാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുകയും ആയത് പരിശോധിച്ച് വരികയുമാണ്.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഇല്ല. കേന്ദ്ര മെട്രോ നയത്തിനനുസൃതമായി 2017 ഡിസംബറിൽ പുതുക്കി സമർപ്പിക്കപ്പെട്ട തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതിരേഖ (ഡി.പി.ആർ.) പരിശോധിക്കാൻ ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ പരിശോധന റിപ്പോർട്ട് ലഭ്യമായശേഷം കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) കേന്ദ്ര മെട്രോ നയത്തിനനുസൃതമായി പുതുക്കിയ തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ വിശദ പദ്ധതിരേഖ (ഡി.പി.ആർ.) കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ഇതുസംബന്ധിച്ച നിലപാട് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടില്ല. സംസ്ഥാന സർക്കാർ ലൈറ്റ് മെട്രോ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. ലൈറ്റ് മെട്രോ പദ്ധതിയുടെ പുതുക്കിയ വിശദ പദ്ധതിരേഖ ആവശ്യമായ പരിശോധനകൾക്കുശേഷം സംസ്ഥാന സർക്കാർ അംഗീകാരത്തോടെ കേന്ദ്രസർക്കാരിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്. കേന്ദ്രാനുമതിക്കുശേഷം പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(ഡി) തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതിയുടെ പാതയിൽ ഉൾപ്പെടുന്ന ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ ജംഗ്ഷനുകളിൽ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകി. കിഫ്ബിയിൽനിന്നും മേൽപ്പാല നിർമ്മാണത്തിനുള്ള ധനം സമാഹരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. ശ്രീകാര്യം, ഉള്ളൂർ മേൽപ്പാലങ്ങളുടെ രൂപരേഖ അംഗീകരിക്കുകയും സ്ഥലമെടുപ്പിനുള്ള വിശദാംശങ്ങൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തു.

ശ്രീകാര്യം മേൽപ്പാലം നിർമ്മാണത്തിനും സ്ഥലമെടുപ്പിനുമായുള്ള സാമൂഹികാഘാത പഠനം പൂർത്തിയാക്കുകയും, ഇതിന്റെ അന്തിമ റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്മേൽ ജില്ലാകളക്ടർ നിയമിച്ച വിദഗ്ധ സമിതിയുടെ പരിശോധനയും പൂർത്തിയായിട്ടുണ്ട്.

ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിന്റെ ഭാഗമായി സാമൂഹികാഘാത പഠനത്തിനുള്ള ഏജൻസിയെ ജില്ലാ കളക്ടർ നിയമിച്ചു. പ്രസ്തുത പഠനം ഉടൻ ആരംഭിക്കുന്നതാണ്.

പട്ടം മേൽപ്പാലത്തിനായി പട്ടം ജംഗ്ഷൻ കേന്ദ്രീകരിച്ചുകൊണ്ടാണ് ആദ്യം രൂപരേഖ തയ്യാറാക്കിയത്. പിന്നീട് പ്രസ്തുത മേൽപ്പാലം പട്ടം മുതൽ പ്ലാമൂട് വരെ നീട്ടിക്കൊണ്ടുള്ള പുതുക്കിയ രൂപരേഖ ഡി.എം.ആർ.സി. സമർപ്പിച്ചു. ഇത് പരിശോധിച്ചുവരുന്നു. പരിശോധന പൂർത്തിയായശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഹാഷ് ഫ്യൂച്ചർ ഗ്ലോബൽ ഐ.ടി. ഉച്ചകോടി

21(*291) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റാർട്ടപ്പ് മിഷൻ വിജ്ഞാനാധിഷ്ഠിത സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിന് നൽകിവരുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(ബി) ഡിജിറ്റൽ രംഗത്തെ നിക്ഷേപം സാധ്യമാക്കുന്നതിനും പുതിയ സംരംഭകരെയും പ്രതിഭകളെയും പ്രോത്സാഹിപ്പിക്കുന്നതിനും കൊച്ചിയിൽ നടന്ന ഹാഷ് ഫ്യൂച്ചർ ഗ്ലോബൽ ഐ.ടി. ഉച്ചകോടി എത്രമാത്രം ഫലപ്രദമായെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിവരാധിഷ്ഠിത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് നൂതന സാങ്കേതികവിദ്യകളുടെ സെന്റർ ഓഫ് എക്സലൻസ് ആയി വിഭാവനം ചെയ്യുന്ന നോളജ് സിറ്റി പദ്ധതിയുടെ വിശദാംശം അറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) കേരള സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങളെല്ലാം തന്നെ കൂടുതൽ മികച്ച കേരള സ്റ്റാർട്ടപ്പ് ആവാസ വ്യവസ്ഥ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ളതാണ്. ഇതിനായി വിവിധ ഘടകങ്ങളടങ്ങിയ യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതികൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുന്നതിനായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സാങ്കേതിക നൂതന സ്റ്റാർട്ടപ്പ് സംരംഭങ്ങൾ തുടങ്ങുന്നതിനും തുടർപ്രവർത്തനങ്ങൾക്കുമായി സഹായങ്ങൾ നൽകിവരുന്നത് മേൽപറഞ്ഞ പദ്ധതികളുടെ ഭാഗമായാണ്.

(ബി) ഉണ്ട്. സമ്മേളനത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിന്മേൽ പത്ത് സീനിയർ ഉദ്യോഗസ്ഥരുടെയും വിവിധ മേഖലകളിലുള്ള അക്കാഡമിഷ്യൻസിന്റെയും യോഗം ചേർന്ന് വളരെ ആഴത്തിൽ ചർച്ച ചെയ്യുകയുണ്ടായി. ചർച്ചയുടെ ഫലമായി കണ്ടെത്തിയ സംരംഭങ്ങളിന്മേൽ മുഖ്യമന്ത്രിയുടെ ഐ.ടി. ഫെല്ലോസ് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തിരുവനന്തപുരം ടെക്നോപാർക്കിന്റെ 4-ാം ഘട്ട വികസന പദ്ധതിയായ ടെക്നോസിറ്റിയിൽ വിവരാധിഷ്ഠിത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് നൂതന സാങ്കേതികവിദ്യകളുടെ സെന്റർ ഓഫ് എക്സലൻസ് ആയി വിഭാവനം ചെയ്യുന്ന നോളഡ്ജ്സിറ്റി പദ്ധതി സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി 100 ഏക്കർ ഭൂമി മാറ്റി വച്ചിട്ടുണ്ട്. പുതുതലമുറയ്ക്കായി നൂതന സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ഭാവിയിലെ വികസന സാങ്കേതികവിദ്യകളായി കണക്കാക്കുന്ന ബ്ലോക്ക്ചെയിൻ, ക്ലൗഡ് കമ്പ്യൂട്ടിംഗ്, സൈബർ സെക്യൂരിറ്റി, കൊഗ്നറ്റീവ് അനലിറ്റിക്സ്, ഇ-മൊബിലിറ്റി, സ്പെയിസ് സയൻസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സമഗ്ര സംരംഭമായാണ് നോളഡ്ജ്സിറ്റി പദ്ധതി വിഭാവനം ചെയ്യുന്നത്.

**സൈബർ സുരക്ഷയ്ക്കായി സ്വീകരിച്ച നടപടികൾ**

22(*292) <u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. കെ. ഡി. പ്രസേനൻ:</u>
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ബ്ലൂ വെയ്ൽ ഗെയിമിന്റെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി പോലീസ് വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; പ്രസ്തുത നടപടികൾക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പ്രശംസ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സൈബർ ലോകത്തെ ചതിക്കുഴികളെ സംബന്ധിച്ചും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവ സുരക്ഷിതമായി ഉപയോഗിക്കുന്നത് സംബന്ധിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സൈബർ സുരക്ഷയ്ക്കായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും ഏജൻസികളും പാലിക്കേണ്ട സെക്യൂരിറ്റി മാർഗ്ഗനിർദ്ദേശങ്ങളും നടപടിക്രമങ്ങളും കൃത്യമായി പാലിക്കുന്നതിനുള്ള ഐ.എസ്.ഒ. അംഗീകാരം സൈബർ ഡോമിന് ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): (എ) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും മുൻകരുതലുകൾ എടുക്കുന്നതിനും ബോധവൽക്കരണം നൽകുന്നതിനുമായി കേരളാ പോലീസ് ശക്തമായ നടപടികളാണ് സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷൻ, സൈബർ സെൽ, ഹൈ-ടെക് ക്രൈം

എൻക്വയറി സെൽ, സൈബർ ഡോം എന്നിവ മുഖാന്തരം സ്വീകരിച്ചുവരുന്നത്. സൈബർ കുറ്റകൃത്യങ്ങളുടെ കാര്യക്ഷമമായ തടയലുമായി ബന്ധപ്പെട്ട് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 649 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ജില്ലാ പോലീസ് ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന സൈബർ സെല്ലുകൾ, സംസ്ഥാന പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈ-ടെക് ക്രൈം എൻക്വയറി സെല്ലും സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനാവശ്യമായ സഹായങ്ങൾ സൈബർ പോലീസ് സ്റ്റേഷന് നൽകിവരുന്നുണ്ട്. സാമൂഹ്യ മാധ്യമങ്ങളുടെ ദുരുപയോഗം, അപകീർത്തിപ്പെടുത്തൽ, ഓൺലൈൻ തട്ടിപ്പ്, സൈബർ ഹാക്കിംഗ്, റാൻസംവെയർ അറ്റാക്ക് എന്നീ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള നടപടികൾ സൈബർ വിദഗ്ധരുടെ സഹായത്തോടുകൂടി സൈബർ ഡോമിന്റെ കീഴിൽ സ്വീകരിച്ചുവരുന്നുണ്ട്.

നിലവിൽ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സംസ്ഥാന സൈബർ ക്രൈം പോലീസ് സ്റ്റേഷന് പുറമെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് 17-4-2018 തീയതിയിലെ സ.ഉ.(കൈ) നമ്പർ 68/2018/ആഭ്യ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പോലീസ് ഔദ്യോഗിക വെബ്സൈറ്റ്, ഫെയ്സ്ബുക്ക് പേജ് എന്നിവയിലൂടെ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള മുന്നറിയിപ്പുകളും നൽകിവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് സ്കൂൾ, കോളേജ് തലങ്ങളിലും പൊതുജനങ്ങൾക്കിടയിലും സൈബർ സെല്ലിന്റെയും ജനമൈത്രി പോലീസിന്റെയും സഹായത്തോടെ വിപുലമായ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്.

(ബി) ബ്ലൂ വെയ്ൽ ഗെയിമിന്റെ പശ്ചാത്തലത്തിൽ സൈബർ സുരക്ഷയ്ക്കായി കേരള പോലീസ് സൈബർ ഡോം നവമാധ്യമങ്ങളിലൂടെ ബോധവൽക്കരണ പോസ്റ്ററുകളും വീഡിയോകളും പ്രചരിപ്പിക്കുന്നുണ്ട്. സൈബർ ഡോം സ്വീകരിച്ച നടപടിക്ക് കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ പ്രശംസ ലഭിച്ചിട്ടുണ്ട്. കൂടാതെ സ്കൂൾ-കോളേജ് തലങ്ങളിലും വിവിധ സന്നദ്ധ സംഘടനകളുടെ ആഭിമുഖ്യത്തിലും ബോധവൽക്കരണ ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്.

(സി) സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ചും ഇന്റർനെറ്റ്, ഇ-മെയിൽ തുടങ്ങിയവയുടെ ഉപയോഗത്തിൽ സുരക്ഷ ഉറപ്പാക്കുന്നതിനുമായി സ്കൂളുകൾ, കോളേജുകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ, മറ്റു പൊതുജനതാൽപര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ സഹായത്തോടുകൂടി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ സോഷ്യൽ മീഡിയ വഴിയും പ്രദർശന സ്റ്റാളുകൾ വഴിയും സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ അറിയിക്കുന്നുണ്ട്. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള ഇൻഡോർ പരിശീലനത്തിന്റെ ഭാഗമായി കേഡറ്റുകൾക്ക്

സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിവരുന്നുണ്ട്. പോലീസ് വകുപ്പിലെ സൈബർ സെൽ ഉദ്യോഗസ്ഥരും പുറമെ നിന്നുള്ള വിശിഷ്ട ഫാക്കൽറ്റികളുമാണ് ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. ഇതിനുപുറമെ സംസ്ഥാന ഐ.ടി. മിഷനുമായി സഹകരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ തിരഞ്ഞെടുത്ത 10 സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് സ്കൂളുകൾ മുഖേന വിവര സാങ്കേതികവിദ്യയെ സംബന്ധിച്ച് അടിസ്ഥാന പരിശീലനം പൊതുജനങ്ങൾക്ക് നൽകിവരുന്നു. സൈബർ ലോകത്തെ ചതിക്കുഴികളെക്കുറിച്ച് കുട്ടികളെയും അധ്യാപകരെയും രക്ഷിതാക്കളെയും ബോധവാൻമാരാക്കുന്നതിനുവേണ്ടി കിഡ്സ് ഗ്ലോവ് എന്ന സൈബർ സുരക്ഷ ബോധവൽക്കരണ പ്രോഗ്രാമും സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു.

(ഡി) ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള ഇന്റർനാഷണൽ സ്റ്റാന്റേർഡായ ISO:27001:2013 അംഗീകാരം 2017-ൽ സൈബർ ഡോമിന് ലഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ സർട്ടിഫിക്കേഷൻ നേടുന്ന ഇന്ത്യയിലെ ആദ്യത്തെ ലാ എൻഫോഴ്സ്മെന്റ് ഏജൻസിയാണ് കേരളാ സൈബർ ഡോം.

**ജയിലുകൾ നവീകരിക്കുന്നതിനുള്ള നടപടികൾ**

23(*293) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജയിലുകൾ നവീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ വിവിധ ജയിലുകളിൽ തടവുകാർ ഉത്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾ പൊതുജനങ്ങൾക്ക് ന്യായവിലയിൽ ലഭ്യമാക്കുന്നതിന് ജയിലുകളോടനുബന്ധിച്ച് വിപണന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തടവുകാർക്ക് ശിക്ഷാ കാലയളവിന് ശേഷം പരാശ്രയമില്ലാതെ ജീവിക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നിരക്ഷരരായ തടവുകാരെ സാക്ഷരരാക്കുന്നതിനായി ജയിൽ ജ്യോതി സാക്ഷരതാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഉണ്ട്.

(ബി) ഉണ്ട്. തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ എന്നീ സെൻട്രൽ ജയിലുകളിലും, തുറന്ന ജയിൽ, നെട്ടുകാൽത്തേരി, ചീമേനി എന്നിവിടങ്ങളിലും കൃഷി ചെയ്യുന്ന ജൈവ പച്ചക്കറികൾ അതത് ജയിൽ കൗണ്ടറുകൾ വഴി പൊതുജനങ്ങൾക്ക് വിപണി വിലയെക്കാൾ കുറഞ്ഞ വിലയ്ക്ക് വിൽപ്പന നടത്തി വരുന്നു. കൂടാതെ സർക്കാർ സംഘടിപ്പിക്കുന്ന ഫെസ്റ്റുകളിൽ പങ്കെടുത്തുകൊണ്ട് പച്ചക്കറി ഉൽപ്പന്നങ്ങൾ വിപണനം നടത്തി വരുന്നുണ്ട്. ഓണം, വിഷു തുടങ്ങിയ വിശേഷാവസരങ്ങളിൽ ജയിൽ കവാടത്തിൽ പ്രത്യേക സ്റ്റാൾ വഴി ഇവ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ജയിൽ പച്ചക്കറികൾ കൂടുതൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി നഗര കേന്ദ്രങ്ങളിലും പ്രധാന കേന്ദ്രങ്ങളിലും ഇവയുടെ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. തടവുകാർക്ക് ശിക്ഷാ കാലയളവിനുശേഷം പരാശ്രയമില്ലാതെ ജീവിക്കുന്നതിന് സഹായകരമാകുന്ന വിധത്തിൽ ജയിലുകളിൽ വിവിധ തൊഴിൽ പരിശീലന പരിപാടികൾ തടവുകാരുടെ ക്ഷേമം വാർഷിക പദ്ധതി പ്രകാരം ഗവൺമെന്റ് അംഗീകൃത ഏജൻസികൾ മുഖാന്തരം നൽകിവരുന്നു. (വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.)*

(ഡി) ഉണ്ട്. നിരക്ഷരരില്ലാത്ത ജയിൽ എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സംസ്ഥാന സാക്ഷരതാ മിഷന്റെയും ജയിൽ വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ " ജയിൽ ജ്യോതി" എന്ന പദ്ധതി പ്രകാരം നിരക്ഷരരായ തടവുകാർക്ക് സാക്ഷരതാ ക്ലാസ്സുകൾ, തുടർപരീക്ഷകൾ എന്നിവ നടത്തിവരുന്നുണ്ട്.

## സിവിൽ സപ്ലൈസ് വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനം

24(*294) ശ്രീ. എ. എം. ആരിഫ് :
ശ്രീ. എസ്.ശർമ്മ :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിശപ്പ് രഹിതമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പൊതുവിതരണ സംവിധാനത്തിലെ മൊത്ത വിതരണത്തിന്റെ ചുമതല സിവിൽ സപ്ലൈസ് വകുപ്പ് ഏറ്റെടുത്ത് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(സി) പട്ടികഗോത്ര വർഗ്ഗക്കാർക്ക് റേഷൻ വീടുകളിലെത്തിച്ച് നൽകാൻ ആവിഷ്കരിച്ച പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ;

(ഡി) റേഷൻ വിതരണ സംവിധാനം നവീകരിച്ചതിന്റെ കാര്യക്ഷമത അവലോകനം ചെയ്തിട്ടുണ്ടോ; ഇ-പോസ് മെഷീൻ സ്ഥാപിച്ചതിനുശേഷവും തട്ടിപ്പ് നടക്കുന്നതായ വാർത്തയുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ;

(ഇ) മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സംസ്ഥാനത്ത് ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 'വിശപ്പ് രഹിത കേരളം' എന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. തുടക്കത്തിൽ ആലപ്പുഴ ജില്ലയിൽ പദ്ധതി നടപ്പാക്കുന്നതിനായി 2017-18 കാലയളവിൽ 70 ലക്ഷം രൂപ ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 14 കോടി രൂപ കൂടി വകയിരുത്തിയിട്ടുണ്ട്.

(ബി) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കിയതിന്റെ ഭാഗമായി പൊതുവിതരണ സംവിധാനത്തിലെ മൊത്ത വിതരണം നിലവിൽ സപ്ലൈകോ ആണ് നടത്തിവരുന്നത്. സപ്ലൈകോയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 318 തസ്തികകൾ സൃഷ്ടിക്കുവാനും അതിൽ 43 തസ്തികകൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിൽനിന്നും ഡെപ്യൂട്ടേഷൻ വഴി നിയമിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) പട്ടികഗോത്ര വർഗ്ഗക്കാർക്ക് റേഷൻ വീടുകളിലെത്തിച്ച് നൽകാൻ ആവിഷ്കരിച്ച പദ്ധതി തൃശ്ശൂർ ജില്ലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്ന കാര്യം ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ചുവരുന്നു.

(ഡി) നവീകരിച്ച റേഷൻ വിതരണ സംവിധാനം 2018 മേയ് മാസം മുതലാണ് സംസ്ഥാനത്ത് നടപ്പാക്കിയത്. മേയ് മാസത്തിൽ സംസ്ഥാനത്തെ

മുഴുവൻ റേഷൻ കടകളിലും ഇ-പോസ് മുഖേന റേഷൻ വിതരണം ആരംഭിച്ചു. പ്രസ്തുത മാസത്തിൽ ആകെ 8024449 റേഷൻ കാർഡുകളുള്ളതിൽ 6738075 റേഷൻ കാർഡുടമകൾ ഇ-പോസ് മുഖേന റേഷൻ കൈപ്പറ്റുകയുണ്ടായി. അതിൽ 708323 കാർഡുടമകൾ ആതന്റിക്കേറ്റ് ചെയ്യാതെയാണ് റേഷൻ വിഹിതം കൈപ്പറ്റിയിട്ടുള്ളത്. ഇപ്രകാരം ആതന്റിക്കേറ്റ് ചെയ്യാതെ റേഷൻ വിതരണം ചെയ്തത് സംബന്ധിച്ച ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അത് പരിശോധിക്കുന്നതിനായി സംസ്ഥാനതല പരിശോധനാ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള എല്ലാ ഉദ്യോഗസ്ഥരും കൃത്യമായ പരിശോധനകൾ നടത്തുന്നു. ഇത്തരത്തിൽ ക്രമക്കേട് കണ്ടെത്തിയതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തൊട്ടാകെ 24 റേഷൻ കടകളുടെ അംഗീകാരം താൽക്കാലികമായി റദ്ദ് ചെയ്യുകയും 60 റേഷൻ കടകളുടെ ജാമ്യസംഖ്യ സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയും ചെയ്തിട്ടുണ്ട്.

വരും മാസങ്ങളിൽ നവീകരിച്ച റേഷൻ വിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) സംസ്ഥാനത്തെ മാവേലിസ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി ഒരു സാധാരണ പലചരക്ക് കടയിലേതുപോലെ മാത്രം ഷോപ്പിംഗ് നടത്താൻ സാധിക്കുന്ന മാവേലി സ്റ്റോറുകളെ വിപണന സാധ്യത, കെട്ടിടത്തിന്റെ വിസ്തീർണ്ണം എന്നിവ കൂടി പരിഗണിച്ച് ഉപഭോക്താക്കൾക്ക് മാവേലി ഇതര/ശബരി ഉൽപ്പന്നങ്ങൾ സ്വയം തെരഞ്ഞെടുത്ത് വാങ്ങുവാനുതകുന്നവിധം മാവേലി സൂപ്പർ സ്റ്റോർ ശ്രേണിയിലേയ്ക്ക് ഉയർത്താനും നിലവിൽ സ്ഥലസൗകര്യം കുറവുള്ള മാവേലി സ്റ്റോറുകളിൽ കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ എടുക്കുന്നതിനും, പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകളിൽ സ്ഥല ലഭ്യത അനുസരിച്ച് ഉപഭോക്താക്കൾക്ക് ആവശ്യമുള്ള നോൺ മാവേലി സാധനങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും നിലവിലുള്ള ഡിസ്പ്ലേ ബോർഡുകൾ മാറ്റി സ്ഥാപിച്ച് പെയിന്റിംഗ് തുടങ്ങിയവ നടത്തി വിൽപ്പനശാല ആകർഷകമാക്കാനുള്ള നടപടികളെടുക്കാനും ഉദ്ദേശിക്കുന്നുണ്ട്. മാത്രമല്ല കൂടുതൽ ഉപഭോക്താക്കളെ സപ്ലൈകോ വിൽപ്പനശാലകളിൽ ആകർഷിക്കത്തക്കവിധം വിവിധ സ്വകാര്യ കമ്പനികളുമായി സഹകരിച്ച് ഡിസ്കൗണ്ട് കൂപ്പണുകളിലൂടെ നറുക്കെടുപ്പ് വഴി ബമ്പർ സമ്മാനങ്ങളും ഗിഫ്റ്റ് വൗച്ചറുകളും നൽകുന്ന പദ്ധതികളും നടപ്പിൽ വരുത്തിയിട്ടുണ്ട്.

## പോലീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാനുള്ള നടപടികൾ

25(*295) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമസമാധാനപാലനവും കുറ്റാന്വേഷണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എസ്.എച്ച്.ഒ.-മാരായി ഇൻസ്പെക്ടർമാരെ നിയമിക്കുന്നത് എല്ലാ സ്റ്റേഷനുകളിലും പ്രാവർത്തികമാക്കാൻ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ബി) പോലീസ് പ്രവർത്തനത്തിന്റെ കാര്യക്ഷമതയും വേഗതയും വർദ്ധിപ്പിക്കാനായി ഗുരുതര കുറ്റകൃത്യങ്ങളുടെ അന്വേഷണച്ചുമതല ഡി.വൈ. എസ്.പി.-മാർക്ക് നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഓൺലൈനായി പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും പരാതിക്കാരന് അതിന്റെ സ്ഥിതി അറിയുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുന്ന പദ്ധതിയും പോലീസ് സ്റ്റേഷനുകളിൽ ക്യാമറ സ്ഥാപിക്കുന്ന നടപടികളും പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) ദുരന്ത സമയങ്ങളിൽ ചടുലമായി ഇടപെടുന്നതിന് പ്രത്യേക സേനയെ രൂപീകരിക്കാനുള്ള നടപടി പൂർത്തിയായോയെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) സംസ്ഥാനത്തെ പോലീസ് സേനയെ കാര്യക്ഷമമാക്കി ക്രമസമാധാനം നിലനിർത്തുന്നതിനും കുറ്റാന്വേഷണം കുറ്റമറ്റതാക്കുന്നതിനും വേണ്ടി ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 21-10-2017-ലെ സ.ഉ.(എം.എസ്) നം. 211/2017 ആഭ്യന്തരം ഉത്തരവ് പ്രകാരം 196 പോലീസ് സ്റ്റേഷനുകളിൽ ഈ സംവിധാനം നിലവിൽ വന്നു. ആദ്യഘട്ടം നടപ്പിലാക്കിയ 7 സ്റ്റേഷനുകൾ ഉൾപ്പെടെ സംസ്ഥാനത്ത് നിലവിൽ 203 പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർമാർ സ്റ്റേഷൻ ഹൗസ് ഓഫീസർമാർ ആണ്. ബാക്കിയുള്ള 268 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ കൂടി പ്രസ്തുത സമ്പ്രദായം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്. പോലീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയും വേഗതയുമുള്ളതാക്കാൻ സബ് ഡിവിഷണൽ ഡിവൈ.എസ്.പി.-മാർ അവരുടെ അധികാരപരിധിയിലെ സ്റ്റേഷനുകളിലെ കേസ്സുകളുടെ സ്വഭാവമനുസരിച്ച് ഗുരുതര സ്വാഭാവമുള്ളവയാണെങ്കിൽ അവയുടെ അന്വേഷണം നേരിട്ട് നടത്തുകയും മറ്റുള്ളവയുടെ മേൽനോട്ടം വഹിക്കുകയും ചെയ്യണമെന്ന് സംസ്ഥാന പോലീസ് മേധാവിയുടെ ഓഫീസിൽനിന്നും സർക്കുലർ നമ്പർ 6/2017 പ്രകാരവും ഉത്തരവ് നമ്പർ എസ്1/122785/16 പ്രകാരവും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഓൺലൈനായി പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനും അതിന്റെ സ്ഥിതി അറിയുന്നതിനുമായി iAPS Petition Status, Thuna, Raksha തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ 110 പോലീസ് സ്റ്റേഷനുകളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 274 പോലീസ് സ്റ്റേഷനുകളിൽ കൂടി സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ സൂചിപ്പിച്ചതിനുപുറമെ എല്ലാ എസ്.എച്ച്.ഒ.മാർക്കും സി.സി.ടി.വി നിലവിലില്ലാത്ത പോലീസ് സ്റ്റേഷനുകളിൽ ആയത് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ദുരന്ത സമയങ്ങളിൽ ചടുലമായി ഇടപെടുന്നതിന് പ്രത്യേക സേനയെ രൂപീകരിക്കുന്നത് സംബന്ധിച്ച ശിപാർശ സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഇതിന്റെ നാനാവശങ്ങൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഭക്ഷ്യഗവേഷണ വികസന കൗൺസിൽ

26(*296) ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് ഭക്ഷ്യ ഇനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള ഭക്ഷ്യഗവേഷണ വികസന കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഭക്ഷ്യ സംസ്കരണ-മൂല്യവർദ്ധിത പ്രവർത്തനങ്ങൾക്കായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് കൗൺസിൽ ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) പ്രസ്തുത കൗൺസിലിന്റെ സേവനം വിപുലീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ഡി) കൗൺസിലിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു വരുന്ന ഭക്ഷ്യസുരക്ഷാ പരിശീലന പരിപാടിയുടെ വിശദാംശം നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): (എ) ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് വിഷയത്തിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ നടത്തുന്ന ഒരു ഇൻഡിജനസ് ഫുഡ് ടെക്നോളജി കോളേജും ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന നടത്തുന്നതിന് കെമിക്കൽ ഡിവിഷനും മൈക്രോബയോളജി ഡിവിഷനും ഉൾപ്പെടുത്തി ഒരു ഫുഡ് ക്വാളിറ്റി മോണിട്ടറിംഗ് ലാബും ഭക്ഷ്യ സംരംഭകർക്കും ഈ മേഖലയിലുള്ള തൊഴിലാളികൾക്കും പരിശീലനം നൽകുന്നതിന് ഫുഡ് പ്രോസസിംഗ് ട്രെയിനിംഗ് സെന്ററും ഭക്ഷ്യഗവേഷണ വികസന കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

(ബി&സി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കോന്നിയിൽ ട്രെയിനിംഗ് സെന്റർ, മിനി ഇൻക്യുബേഷൻ സെന്റർ എന്നിവ പ്രവർത്തിച്ചുവരുന്നു. വിപുലീകരണത്തിന്റെ ഭാഗമായി ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾ ഡീഹൈഡ്രേഷൻ പ്ലാന്റ്, സ്കൂൾ ഓഫ് ഫുഡ് ബിസിനസ് മാനേജ്മെന്റ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. സെന്റർ ഫോർ വാല്യൂ ആഡഡ് ഫുഡ് പ്രോഡക്ട്സ് ഡെവലപ്മെന്റ് ആൻഡ് ഡെമോൺസ്ട്രേഷൻ, റീജിയണൽ ലബോറട്ടറീസ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ട്രെയിനിംഗ് ഓൺ ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം (ISO 22,000) ആൻഡ് ഓഡിറ്റ് എന്ന 4 ദിവസത്തെ ട്രെയിനിംഗ് കോഴ്സും ട്രെയിനിംഗ് ഓൺ ഹസാർഡ് അനാലിസിസ് ക്രിട്ടിക്കൽ കൺട്രോൾ പോയിന്റ് (HACCP) സിസ്റ്റം, ഫുഡ് സേഫ്റ്റി മാനേജ്മെന്റ് സിസ്റ്റം (ISO 22,000) എന്നീ 3 ദിവസത്തെ ട്രെയിനിംഗ് കോഴ്സും സി.എഫ്.ആർ.ഡി. സംഘടിപ്പിക്കുന്നു.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്

27(*297) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റിൽ ഏതെല്ലാം വിഭാഗം സർക്കാർ ജീവനക്കാർക്കാണ് പരിശീലനം നൽകിവരുന്നത്;

(ബി) സർക്കാർ സർവ്വീസിലെ എല്ലാ വിഭാഗം ജീവനക്കാർക്കും പടിപടിയായി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സ്ഥാപനത്തെ മികവിന്റെ കേന്ദ്രമാക്കണമെന്ന ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;എങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ഐ.എ.എസ്. തലം മുതൽ 4-ാം ക്ലാസ്സ് തലം വരെയുള്ള എല്ലാ വിഭാഗം സർക്കാർ ജീവനക്കാർക്കും പരിശീലനം നൽകിവരുന്നു.

(ബി) 13-7-2017-ലെ സ.ഉ.(അച്ചടി)നമ്പർ 9/2017/ഉഭപവ.പ്രകാരം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയപ്രകാരം പടിപടിയായും മോഡ്യൂലാർ രീതിയിലും പരിശീലന പദ്ധതികൾ കരിയർ വികസന പാതയുടെ തുടക്കം മുതൽ ഒടുക്കംവരെ വികസിപ്പിക്കുന്നതാണ്. ഐ.എം.ജി.-യും ബന്ധപ്പെട്ട ഇതര സ്ഥാപനങ്ങളും തങ്ങൾക്ക് ഉത്തരവാദിത്വമുള്ള എല്ലാ വകുപ്പുകളിലെയും ഓരോ ജീവനക്കാരെയും കുറിച്ചുള്ള ഒരു പരിശീലന പദ്ധതി തയ്യാറാക്കും. ഒരു പൊതുനിയമം അനുസരിച്ച് ഓരോ ഓഫീസർമാർക്കും തന്റെ കരിയറിൽ മൂന്ന് പൊതു പരിശീലനങ്ങൾ (ഉദ്യോഗക്കയറ്റത്തിനുശേഷമുള്ള ഇൻഡക്ഷൻ പരിശീലനത്തിന് പുറമെ) ലഭിക്കണം. പ്രമേയപരമായ ഹ്രസ്വകാല പരിശീലനങ്ങൾ ഓരോ രണ്ട് വർഷത്തിലും അതിനുള്ള ശേഷിക്കുറവുണ്ടെങ്കിൽ ഓരോ മൂന്ന് വർഷത്തിലും നൽകുന്നതാണ്. വർഷത്തിന്റെ ആരംഭത്തിന് മുമ്പ്, മാർച്ചിനകം സ്ഥാപനം തയ്യാറാക്കുന്ന പരിശീലന കലണ്ടർ പ്രകാരം ഏത് ഓഫീസർ ഏത് പരിശീലനത്തിൽ പങ്കെടുക്കുമെന്ന് സൂചിപ്പിക്കുന്ന നടപടി ഉത്തരവ് വകുപ്പുതലവന്മാർ പുറപ്പെടുവിക്കുന്നതാണ്. പരിഷ്കരിച്ച പരിശീലന നയപ്രകാരം ഓഫീസർമാർക്ക് ശേഷിവർദ്ധനവിനും അറിവ് പുതുക്കലിനും

കുറഞ്ഞത് അഞ്ച് വർഷത്തിലൊരിക്കൽ മിഡ് കരിയർ/ഇൻസർവ്വീസ് പരിശീലനം നൽകുന്നതാണ്. നിലവിൽ സർവ്വീസിൽ പുതുതായി പ്രവേശിച്ചവർക്ക് ഇൻഡക്ഷൻ ട്രെയിനിംഗും മറ്റുള്ളവർക്ക് റിഫ്രഷർ ട്രെയിനിംഗും ഐ.എം.ജി നൽകിവരുന്നു. സംസ്ഥാനത്തെ അപ്പെക്സ് പരിശീലന സ്ഥാപനമെന്ന നിലയിൽ ഐ.എം.ജി വിവിധ വകുപ്പുകൾക്ക് കീഴിലുള്ള സർക്കാർ പരിശീലന സ്ഥാപനങ്ങളിലെ പരിശീലന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടത്തിവരുന്നു.

(സി) ഉണ്ട്. പരിശോധിച്ചുവരുന്നു.

## ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസുകാർ

28(*298) ഡോ. എം. കെ. മുനീർ :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ . എ. നെല്ലിക്കുന്ന് :
ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസുകാരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം പോലീസുകാർക്കെതിരെ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസുകാരെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസുകാരുടെ വിവരം ശേഖരിച്ചിട്ടുണ്ട്.

(ബി) ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസുകാർക്കെതിരെ നിയമപ്രകാരമുള്ള നടപടികളും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(സി) ഗുരുതരമായ കുറ്റകൃത്യങ്ങളിൽ പ്രതികളായ പോലീസുദ്യോഗസ്ഥരെ KPDIP ആൻഡ് A Rules അനുശാസിക്കുന്ന വിധത്തിലുള്ള നടപടിക്രമങ്ങൾക്ക് വിധേയമാക്കി സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതടക്കമുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

ക്രിമിനൽ കേസിൽ ഉൾപ്പെട്ട പോലീസുകാരുടെ കേസ്സുകൾ സുപ്രീം കോടതിയുടെയും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെയും സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെയും മറ്റു നിയമ വിഭാഗത്തിന്റെയും നിർദ്ദേശങ്ങൾ കൂടി വിലയിരുത്തി കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കൈക്കൊള്ളേണ്ട തുടർനടപടികൾ സംബന്ധിച്ച് ശിപാർശ നൽകാൻ എ.ഡി.ജി.പി. ക്രൈംസ് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

**ഭക്ഷ്യസുരക്ഷാ പരിശോധന കാര്യക്ഷമമായി നടത്തുന്നതിന് നടപടി**

29(*299) ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഴുവൻ ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്കും 2006 -ലെ ഭക്ഷ്യസുരക്ഷ ഗുണനിലവാര നിയമത്തിൽ അനുശാസിക്കുന്ന ലൈസൻസോ രജിസ്ട്രേഷനോ നിർബന്ധമുണ്ടോ; രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നവരെ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ;

(ബി) പരിശോധനകൾ കാര്യക്ഷമമായി നടത്തുന്നതിന് കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ; വാഹനങ്ങൾ, ഉദ്യോഗസ്ഥർ എന്നിവയുടെ കുറവ് തടസം സൃഷ്ടിക്കുന്നുണ്ടോ ;വ്യക്തമാക്കാമോ;

(സി) ഭക്ഷ്യ സുരക്ഷ വകുപ്പിൽനിന്ന് സർക്കാരിന് ഏതെങ്കിലും തരത്തിൽ വരുമാനം ലഭിക്കുന്നുണ്ടോ; വകുപ്പ് ആരംഭിച്ചതുമുതൽ ഇതുവരെ ലഭിച്ച വരുമാനം വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ;

(ഡി) ജീവനക്കാരുടെ കുറവുമൂലം വരുമാനം നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ആവശ്യമായ ജീവനക്കാരെ എല്ലാ ജില്ലകളിലും നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): (എ) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കും പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യോല്പാദനം, സംഭരണം, വിതരണം, വിപണനം എന്നീ വൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ/സ്ഥാപനങ്ങൾ തുടങ്ങിയവയിൽ 12 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ളവ വിവിധ സ്ലാബുകൾ അനുസരിച്ച് 2,000 രൂപ മുതൽ 7500 രൂപ വരെ ഫീസടച്ച് ലൈസൻസും

വാർഷിക വിറ്റുവരവ് 12 ലക്ഷത്തിൽ താഴെയുള്ള സ്ഥാപനങ്ങൾ/ വ്യക്തികൾ 100 രൂപ ഫീസായി അടച്ച് രജിസ്ട്രേഷനും നിർബന്ധമായും എടുത്തിരിക്കേണ്ടതാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും ലൈസൻസും രജിസ്ട്രേഷനും ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ഈ നിർദ്ദേശം ലംഘിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃതമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പരിശോധനകൾ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ഭക്ഷ്യസുരക്ഷാ വകുപ്പ് എല്ലാ ജില്ലകളിലെയും ഭക്ഷ്യസുരക്ഷാ ഓഫീസർമാർ മുഖേന പരിശോധന നടത്തുകയും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം പ്രവർത്തിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ, ഉത്സവ സീസണുകളായ ഓണം, ക്രിസ്തുമസ്, വിഷു, റംസാൻ, ബക്രീദ് തുടങ്ങിയ കാലയളവുകളിലും മറ്റും അതത് ജില്ലകളിലെ ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ച് ജില്ലാതല സ്ക്വാഡുകളും, മറ്റു ജില്ലകളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് സ്പെഷ്യൽ സ്ക്വാഡുകളും രൂപീകരിക്കുകയും പ്രസ്തുത സ്ക്വാഡുകൾ പരിശോധന നടത്തി സാമ്പിളുകൾ ശേഖരിക്കുകയും സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ അംഗീകാരമുള്ള ലബോറട്ടറികളിൽ പരിശോധനയ്ക്ക് അയയ്ക്കുകയും ടി പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത നിലവാരമില്ലാത്ത ഉൽപ്പന്നങ്ങൾക്ക് അഞ്ച് ലക്ഷം രൂപ വരെ ആർ.ഡി.ഒ കോടതികളിൽ അഡ്ജുഡിക്കേഷൻ ഫയൽ ചെയ്ത് പിഴ ഈടാക്കുകയും ആരോഗ്യത്തിന് ഹാനികരമായ സുരക്ഷിതമല്ലാത്ത ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നവർക്കെതിരെ ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതികളിൽ ക്രിമിനൽ കേസുകൾ ഫയൽ ചെയ്യുകയും വിധിയുടെ അടിസ്ഥാനത്തിൽ പിഴയും ജയിൽ ശിക്ഷയും ലഭിക്കുന്നതിനുമുള്ള നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പുതിയതായി തുടങ്ങിയ ഭക്ഷ്യ സുരക്ഷാ സർക്കിൾ ഓഫീസുകൾ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായതോടുകൂടി പരിശോധനകളും തുടർനടപടികളും കൂടുതലായി നടത്തിവരുന്നുണ്ട്.

(സി) ഭക്ഷ്യോത്പാദന-വിതരണ-സംഭരണ-വിപണന മേഖലകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം 2006 നിഷ്കർഷിക്കും പ്രകാരം ഏർപ്പെടുത്തിയിട്ടുള്ള ലൈസൻസ്/ രജിസ്ട്രേഷൻ ഫീസിനത്തിൽ FLRS (Food Licensing and Registration System) വഴി 2015 ജനുവരി മുതൽ 2018 മെയ് 31 വരെ ഭക്ഷ്യ സുരക്ഷാ വകുപ്പിന് ലഭിച്ചിട്ടുള്ള തുകയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

ലൈസൻസ്/രജിസ്ട്രേഷൻ

| ക്രമ നമ്പർ | വർഷം | തുക |
|---|---|---|
| 1 | 2015 | 565.9 ലക്ഷം |
| 2 | 2016 | 643.75502 ലക്ഷം |
| 3 | 2017 | 923.98861 ലക്ഷം |
| 4 | 2018 (ജൂൺ 11 വരെ) | 606.96861 ലക്ഷം |
| | ആകെ | 27.4061224 കോടി |

കോമ്പൗണ്ടിംഗ്/അഡ്ജൂഡിക്കേഷൻ

| ക്രമ നമ്പർ | ജില്ല | തുക |
|---|---|---|
| 1 | തിരുവനന്തപുരം | 6650000 |
| 2 | കൊല്ലം | 2628000 |
| 3 | പത്തനംതിട്ട | 2763450 |
| 4 | ആലപ്പുഴ | 2600900 |
| 5 | കോട്ടയം | 3072700 |
| 6 | ഇടുക്കി | 2397500 |
| 7 | എറണാകുളം | 3821000 |
| 8 | തൃശ്ശൂർ | 3706050 |
| 9 | പാലക്കാട് | 1763000 |
| 10 | മലപ്പുറം | 1425500 |
| 11 | കോഴിക്കോട് | 724350 |
| 12 | വയനാട് | 4707888 |
| 13 | കണ്ണൂർ | 2055000 |
| 14 | കാസർഗോഡ് | 1591500 |
| | ആകെ | 3,99,06,838 കോടി |

(ഡി) ജീവനക്കാരുടെ കുറവുമൂലം വരുമാനം നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുമുണ്ട്.

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം

30(*300) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയിട്ടുണ്ടോ; ഇനി എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കുവാനുള്ളത്;

(ബി) മുൻ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയത്; നിർമ്മാണ പ്രവർത്തനങ്ങളുടെ എത്ര ശതമാനം പ്രസ്തുത കാലയളവിൽ പൂർത്തിയാക്കി എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): (എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേ, ഏപ്രൺ (വിമാന പാർക്കിംഗ് ഏരിയ), RE Wall-ഉം അനുബന്ധ പ്രവൃത്തിയായ ചുറ്റുമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്സ്, പാരലൽ ടാക്സിവേ ട്രാക്ക്, പാസഞ്ചർ ടെർമിനൽ ബിൽഡിംഗ്, എയർ ട്രാഫിക് കൺട്രോൾ ടവർ, അകത്തും പുറത്തുമുള്ള ഇലക്ട്രിക്കൽ ഉപകരണങ്ങളുടെ സ്ഥാപിക്കൽ, എയർകണ്ടീഷൻ പ്രവൃത്തി, പ്ലംബിംഗ്, ഫയർ അലാറം, അഗ്നിരക്ഷാ ഉപകരണങ്ങൾ, സി.സി.ടി.വി. സ്ഥാപിക്കൽ, പബ്ലിക് അഡ്രസ് സിസ്റ്റം, മറ്റ് അനുബന്ധ പ്രവൃത്തികൾ മുതലായവ പൂർത്തിയായി. എയർപോർട്ട് അതോറിറ്റി ഇൻസ്ട്രുമെന്റ് ലാന്റിംഗ് സിസ്റ്റം സ്ഥാപിച്ചുകഴിഞ്ഞു. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്.

കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ്. ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണം, ടെർമിനൽ ബിൽഡിംഗിന് പുറത്തും അകത്തും ടോയ്‌ലറ്റുകളുടെയും ഹൗസ് കീപ്പിംഗ്, അഡ്വർടൈസിംഗ് കൺസഷൻ, ഓപ്പറേഷണൽ റഡിനെസ് ആക്ടിവേഷൻ ആൻഡ് ട്രാൻസിഷൻ, ഐ.എസ്.ഒ., ഡ്യൂട്ടി ഫ്രീ, റീട്ടെയിൽ ഔട്ട്‌ലെറ്റ്, ഫ്ലൈറ്റ് കിച്ചൺ, മെഡിക്കൽ എമർജൻസി സർവ്വീസസ്, ബാഗേജ് റാപ്പിംഗ്, പെയ്ഡ് പോർട്ടർ, മീറ്റ് ആൻഡ് ഗ്രീറ്റ്

സർവീസ്, ബാഗേജ് ട്രോളി റിട്രീവൽ, വയർലെസ് ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് സർവ്വീസസ് (വൈഫൈ) എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടി പുരോഗതിയിലാണ്. വിമാനത്താവളത്തിനുള്ളിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, റൺവേ നിർമ്മാണത്തിനും ടെർമിനൽ ബിൽഡിംഗ് നിർമ്മാണത്തിനുമുള്ള പ്രവൃത്തികൾ എന്നിവ ടെണ്ടർ ചെയ്തിട്ടുണ്ട്. വാണിജ്യ സ്ഥാപനങ്ങൾ അനുവദിക്കൽ, ഹോട്ടൽ, കാറ്ററിംഗ് സർവ്വീസ്, ബസ്/കാർ/ടാക്സി പാർക്കിംഗ് മാനേജ് ചെയ്യാനുള്ള സംവിധാനം, വൈഫൈ സംവിധാനം, ബാഗേജ് ട്രോളി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

ഇതുകൂടാതെ മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ടെണ്ടർ നടപടിയിലൂടെ ഏജൻസിയെ കണ്ടെത്തിയ പ്രവൃത്തികൾ;

1. ഓഫീസ് ഫർണിച്ചർ
2. പാസഞ്ചർ ബാഗേജ് ട്രോളി
3. ഫോറിൻ എക്സ്ചേഞ്ച് കൗണ്ടർ
4. സോഷ്യൽ മീഡിയ, പബ്ലിക് റിലേഷൻസ്, മാർക്കറ്റിംഗ്
5. ഫുഡ് ആൻഡ് ബിവറേജ്
6. എ.ടി.എം.
7. വെബ്സൈറ്റ് ആൻഡ് മൊബൈൽ ആപ്ലിക്കേഷൻ
8. ലൈൻ മെയിന്റനൻസ്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018-ൽ തന്നെ കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മുൻസർക്കാരിന്റെ കാലത്ത് കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

1. വിമാനത്താവളത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് സിയാലിനെ ചുമതലപ്പെടുത്തി.
2. മൂന്നാംഘട്ട സ്ഥലമെടുപ്പിന്റെ ഭാഗമായി 785 ഏക്കർ ഭൂമി ഏറ്റെടുക്കാൻ 310 കോടി രൂപയുടെ ബാങ്ക് ഗ്യാരണ്ടിയിൽ ലോൺ ലഭ്യമാകുകയും സ്ഥലമെടുപ്പ് ആരംഭിക്കുകയും ചെയ്തു.

3. എൽ ആൻഡ് ടി കമ്പനിയെ കണ്ണൂർ എയർപോർട്ടിന്റെ റൺവേയുടെയും അനുബന്ധ പ്രവൃത്തികളുടെയും പ്രവൃത്തി ഏൽപ്പിച്ചു.

4. റൺവേ വികസനത്തിന് അടിയന്തരമായി വേണ്ട 11.44 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവാകുകയും 10.52 ഏക്കർ ഭൂമി ഏറ്റെടുക്കുകയും ചെയ്തു.

5. 19-9-2014 സർക്കാർ ഉത്തരവ് പ്രകാരം റോഡ് നിർമ്മാണത്തിന് 40 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള അനുമതി നൽകി.

6. മൂന്നാം ഘട്ടത്തിൽ ഡിനോവയായ 131 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും നടപടി ആരംഭിക്കുകയും ചെയ്തു.

7. 2015-ൽ ബി.പി.സി.എൽ.-ന് 170 കോടി രൂപയുടെ ഓഹരി കൈമാറി.

8. 2015-ൽ എ.ടി.എഫ്. എയർ ക്രാഫ്റ്റ് ഫ്യൂവൽ ഫാം നടത്തുന്നതിനുള്ള ബി.പി.സി.എൽ. കിയാൽ പ്രൈവറ്റ് ലിമിറ്റഡ് എന്ന ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചു.

9. 21-5-2015-ൽ 892 കോടി രൂപയുടെ ബാങ്ക് ലോൺ ലഭ്യമാക്കുന്നതിന് കാനറാ ബാങ്ക്, ഫെഡറൽ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ബാങ്കുകളുമായി ധാരണാപത്രം ഒപ്പുവച്ചു.

10. എയർപോർട്ട് ഭൂമിക്ക് അടുത്തുള്ള ഡ്രെയിനേജ് പ്രവൃത്തികൾ നടത്തുന്നതിന് 13-5-2015-ൽ മൈനർ ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തി.

മുൻ സർക്കാരിന്റെ കാലത്ത് പൂർത്തിയായ പ്രവൃത്തികളുടെ ശതമാനം താഴെ പറയും പ്രകാരമാണ്.

1. റൺവേയും അനുബന്ധ പ്രവൃത്തികളും - 70%

2. ടെർമിനൽ ബിൽഡിംഗ് - 60%

പൂർണ്ണമായി പ്രവൃത്തികൾ പൂർത്തിയാക്കാതെയാണ് 2016 ഫെബ്രുവരി 29-ന് പരീക്ഷണ പറക്കൽ (ഉദ്ഘാടനം) അന്നത്തെ മുഖ്യമന്ത്രി നിർവ്വഹിച്ചത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### എം.ഒ.പി., സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ തുടങ്ങിയവ പരിഷ്കരിക്കുന്നതിന് നടപടികൾ

1(T*3351) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ വിവിധ സർക്കാർ ഓഫീസുകളും സെക്രട്ടേറിയറ്റും കമ്പ്യൂട്ടർവൽക്കരിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള എം.ഒ.പി., സെക്രട്ടേറിയറ്റ് ഓഫീസ് മാന്വൽ തുടങ്ങിയവ പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

പരിശോധിച്ചുവരുന്നു.

### ഓരോ വകുപ്പിനും സംഭവിച്ചിട്ടുള്ള പ്രധാന വീഴ്ചകൾ

2(3352) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ രണ്ടാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഓരോ വകുപ്പും കൈവരിച്ചിട്ടുള്ള നേട്ടങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; അതോടൊപ്പം ഈ സർക്കാരിന്റെ കാലത്ത് ഓരോ വകുപ്പിനുകീഴിലും സംഭവിച്ചിട്ടുള്ള പ്രധാന വീഴ്ചകൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള വീഴ്ചകൾ അടിയന്തരമായി പരിഹരിക്കണമെന്നാണ് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഓരോ വകുപ്പിലും ഉണ്ടാകുന്ന വീഴ്ചകൾ ആവർത്തിക്കാതിരിക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ രണ്ടാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഓരോ വകുപ്പും കൈവരിച്ചിട്ടുള്ള പ്രധാന നേട്ടങ്ങൾ ശേഖരിച്ചിട്ടുള്ളതും അവ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. കൂടാതെ നേട്ടങ്ങൾ വിലയിരുത്തി പ്രോഗ്രസ് റിപ്പോർട്ടും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ നടപടി സ്വീകരിക്കാത്തവയുടെ വിവരങ്ങളും ഉൾപ്പെടുന്നു.

(ബി&സി) പ്രത്യേക നിർദ്ദേശം നൽകിയിട്ടില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

3(3353) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസുമായി ബന്ധപ്പെട്ട് സംവരണാനുകൂല്യം നൽകുന്ന വിഷയത്തിൽ നിയമ വകുപ്പ് സെക്രട്ടറിക്ക് സമർപ്പിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

അനുബന്ധമായി ചേർക്കുന്നു*.

## കേരള ഹൗസിൽ താമസസൗകര്യം ലഭ്യമാകാത്ത അവസ്ഥ

4(3354) <u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂഡൽഹി കേരള ഹൗസിൽ നിലവിൽ ഔദ്യോഗികാവശ്യത്തിനായി പോകുന്ന ഉദ്യോഗസ്ഥർ താമസസൗകര്യം ലഭ്യമാകാത്ത അവസ്ഥയിൽ ബുദ്ധിമുട്ടനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗസ്റ്റ് ഹൗസിലെ 10 മുറികൾ (അഡീഷണൽ ബ്ലോക്കിലെ ഒന്നാംനില) പൂർണ്ണമായും വിവിധ ഓഫീസ് മുറികളായി പ്രവർത്തിക്കുന്നത് കാരണം താമസത്തിനുള്ള മുറികളുടെ എണ്ണം കുറയുന്നത് വലിയ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;ഇത് ഒഴിവാക്കി സൗകര്യം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ന്യൂഡൽഹി കേരള ഹൗസിൽ ഔദ്യോഗികാവശ്യത്തിനായി പോകുന്ന ഉദ്യോഗസ്ഥർക്ക് താമസസൗകര്യം നൽകുന്നതിനാണ് മുൻഗണന കൊടുക്കുന്നത്. തിരക്കേറിയ സമയങ്ങളിൽ എല്ലാ അപേക്ഷകളും പരിഗണിക്കുന്നതിൽ പ്രയാസം നേരിടാറുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിലെ അഖിലേന്ത്യാ സർവ്വീസിലുള്ള ഉദ്യോഗസ്ഥർക്ക് കേന്ദ്ര സർക്കാർ അനുവദിക്കുന്ന നിരക്കിലും സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥർക്ക് പുതിയ ശമ്പള പരിഷ്കരണ ഉത്തരവിൽ പരാമർശിക്കുന്ന നിരക്കിലും സ്വകാര്യ ഹോട്ടലുകളിൽ താമസിച്ച് മുറി വാടക റീ-ഇംബേഴ്സ് ചെയ്യാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ട്രാവൻകൂർ ഹൗസിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകൾ അവിടത്തെ നവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇപ്പോൾ കേരള ഹൗസിലെ മുറികളിലാണ് പ്രവർത്തിക്കുന്നത്. ആയതുമൂലം പത്തോളം മുറികളിൽ താമസ സൗകര്യമൊരുക്കാൻ പറ്റാത്ത സ്ഥിതിയുണ്ട്. പുതിയ ഓഫീസ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്ന മുറയ്ക്കുമാത്രമെ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ.

## സുസ്ഥിര വികസന ലക്ഷ്യം

5(3355) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ പരിപാടികളും നടപടിക്രമങ്ങളും വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഓഡിറ്റർ ജനറൽ ഏതെങ്കിലും തരത്തിലുള്ള പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) മുൻസർക്കാരിന്റെ പെഴ്സ്പെക്ടീവ് പ്ലാനിനോട് ചേർന്ന് നൽകുന്ന സമീപന രേഖ വികസിപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസി നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ആയത് മാറ്റമില്ലാതെ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ ;

(ഇ) ഈ സർക്കാരിന്റെ വികസന കാഴ്ചപ്പാടിനനുസൃതമായ സമീപന രേഖ തയ്യാറാക്കുന്നതിൽ എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2030-ൽ എല്ലാ രാജ്യങ്ങളിലും വികസനം ലക്ഷ്യമിട്ടുകൊണ്ട് ഐക്യരാഷ്ട്ര സംഘടന വിഭാവനം ചെയ്തിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങൾ (Sustainable Development Goals) എന്ന പദ്ധതിക്ക് ഭാരത സർക്കാരിന്റെ നീതി ആയോഗും സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ മന്ത്രാലയവും ചേർന്ന് ദേശീയതലത്തിൽ ഒരു ചട്ടക്കൂട് രൂപകല്പന ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളിൽ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള സംസ്ഥാനത്തിൽ ഇതിലേയ്ക്കായി ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു.)

വകുപ്പിനെ നോഡൽ വകുപ്പായും വകുപ്പ് ഡയറക്ടറെ നോഡൽ ഓഫീസറായും ചുമതലപ്പെടുത്തിയിട്ടുണ്ട്. സുസ്ഥിര വികസന ലക്ഷ്യങ്ങൾ നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള State Level Steering Committee-യും സംസ്ഥാന ആസൂത്രണ ബോർഡ്, സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പ് തുടങ്ങിയ വിവിധ സാങ്കേതിക വകുപ്പുകളിലെ ഉന്നത ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പ്ലാനിംഗ് സെക്രട്ടറി അദ്ധ്യക്ഷനായി Sustainable Development Goals മോണിറ്ററിംഗ് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സി.പി.എം.യു. വകുപ്പിൽ അസിസ്റ്റന്റ് ഡയറക്ടറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ നാല് റിസർച്ച് അസോസിയേറ്റുകളെ ഉൾപ്പെടുത്തി SDG സെൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയും Sustainable Development Goals കൈവരിക്കുന്നതിനുവേണ്ട സൂചകങ്ങൾ തയ്യാറാക്കുന്നതിനുമായി Central Plan Monitoring Unit-ഉം Kerala Institute of Local Administration-ഉം ചേർന്ന് ബന്ധപ്പെട്ട വകുപ്പുകളിലെ ഓഫീസർമാരെ ഉൾപ്പെടുത്തി 16-02-2018-ൽ ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ SDG-യുടെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി തുടർചർച്ചകൾ 2018 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ സി.പി.എം.യു. തലത്തിൽ നടത്തപ്പെടുകയുണ്ടായി. സംസ്ഥാനതലത്തിൽ ഓരോ സൂചികകൾക്കുമുള്ള വിവരങ്ങളുടെ ലഭ്യതയും സൂചികകളുടെ പ്രാധാന്യവും ഈ യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ഈ പറയുന്ന ചർച്ചകളുടെ അടിസ്ഥാനത്തിലും നാളിതുവരെ നടന്ന പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തിയും ഒരു സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു. സംസ്ഥാന തലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിവരുന്ന പദ്ധതികളെ സുസ്ഥിര വികസന ലക്ഷ്യങ്ങളുമായി ബന്ധപ്പെടുത്തുവാനും അവയ്ക്കായി മാറ്റിവച്ച തുകയുടെ വിശദാംശങ്ങൾ അറിയുന്നതിനുമായി ഒരു സംസ്ഥാനതല ശില്പശാല 19-6-2018-ൽ നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി&ഡി) മുൻസർക്കാരിന്റെ പെഴ്സ്പെക്ടീവ് പ്ലാനിനോട് ചേർന്നു നിൽക്കുന്ന സമീപന രേഖ വികസിപ്പിക്കുന്നതിന് ഏതെങ്കിലും ഏജൻസി ഈ സർക്കാർ നിർദ്ദേശിച്ചിട്ടില്ല.

(ഇ) ഈ സർക്കാരിന്റെ വികസന കാഴ്ചപ്പാടിനനുസൃതമായ സമീപനരേഖ പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തി തയ്യാറാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാർ ജോലികളിൽ സംവരണം

6(3356) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാർ ജോലികളിൽ സ്ഥാനക്കയറ്റത്തിനും നിയമപ്രകാരമുള്ള സംവരണം പാലിക്കണമെന്ന സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണഘടനയുടെ ആർട്ടിക്കിൾ 14, 15(4) പ്രകാരം ഏത് ക്ലാസ്സ് ഉദ്യോഗത്തിനും ഏത് തസ്തികയിലെ സ്ഥാനക്കയറ്റത്തിനും പട്ടികവിഭാഗ സംവരണം പാലിക്കേണ്ടതുണ്ടോ;

(സി) എങ്കിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ ബിരുദധാരികളായ ജീവനക്കാർ അപേക്ഷിക്കേണ്ട സ്കീം 2, ഗസറ്റഡ് തസ്തികയിൽ ഉള്ളവർ അപേക്ഷിക്കേണ്ട സ്കീം 3 എന്നിവയിൽ സംവരണം ഏർപ്പെടുത്താത്തത് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ പുനഃപരിശോധിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

## ചവളക്കാരൻ വിഭാഗത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം

7(3357) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഹിന്ദു ന്യൂനപക്ഷ പിന്നോക്ക സമുദായമായ ചവളക്കാരൻ വിഭാഗത്തെ, പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേരളത്തിലെ പ്രഥമ ഇ.എം.എസ്. മന്ത്രിസഭ മുതൽ ഈ സർക്കാരിന് വരെ നൽകിയിട്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ;

(ബി) 1970-ൽ ലോക് സഭയിൽ അവതരിപ്പിച്ച പട്ടികജാതി ഭേദഗതി ബില്ലിൽ കേരളത്തിൽനിന്നും ചവളക്കാരൻ വിഭാഗത്തേയും ഉൾപ്പെടുത്തിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന കുഡുംബി, മടിഗ എന്നീ സമുദായങ്ങളെ പൂർണ്ണമായും ഒ.ഇ.സി ലിസ്റ്റിൽ ഉൾപ്പെടുത്തിയെങ്കിലും ചവളക്കാരൻ സമുദായത്തെ ഒ.ഇ.സി ലിസ്റ്റിൽ പോലും ഉൾപ്പെടുത്തിയിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചവളക്കാരൻ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തുന്നതുവരെ സമുദായത്തെ പൂർണ്ണമായും ഒ.ഇ.സി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കിർത്താഡ്സ് പ്രസ്തുത നിവേദനങ്ങളിലെ ആവശ്യങ്ങൾ സംബന്ധിച്ച് പഠനം നടത്തുകയും ദ്വിതീയ വിവര ശേഖരണം നടത്തുകയും ചെയ്തതിൽ ചവളക്കാരൻ സമുദായത്തെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്താൻ അർഹതയില്ലെന്ന് വ്യക്തമായിട്ടുണ്ട്.

(ബി&സി)) ഉണ്ട്.

(ഡി) ഇതുസംബന്ധിച്ച് സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ അഭിപ്രായം ആരാഞ്ഞശേഷം ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## ദീർഘിപ്പിച്ച് നൽകിയ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

8(3358) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാലാവധി ദീർഘിപ്പിച്ച നൽകിയ പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമാണ് ; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

30-6-2016-ന് നിലവിലുള്ളതും 30-12-2016 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 31-12-2016 വരെ ആറ് മാസത്തേയ്ക്ക് ദീർഘിപ്പിച്ചിരുന്നു. കൂടാതെ 31-12-2016-ന് നിലവിലുള്ളതും 29-6-2017 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് പട്ടികകളുടെയും കാലാവധി വ്യവസ്ഥകൾക്ക് വിധേയമായി 30-6-2017 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

## രക്ഷാപ്രവർത്തനത്തിനിടെ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ജോലി

9(3359) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവകാരുണ്യ പ്രവർത്തനങ്ങൾക്കിടയിൽ മരണപ്പെടുന്നവരുടെ കുടുംബങ്ങളുടെയും ആശ്രിതരുടെയും സംരക്ഷണത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) ഇവരെ സംരക്ഷിക്കുന്നതിനും ആശ്രിതർക്ക് സർക്കാർ ജേലി നൽകുന്നതിനും ലക്ഷ്യമിട്ട് ഒരു പൊതു ഉത്തരവ് സർക്കാർ പുറത്തിറക്കുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) രക്ഷാപ്രവർത്തനത്തിനിടെ മരണപ്പെടുന്നവരുടെ ആശ്രിതരെ ഉൾപ്പെടുത്തി ഒരു പൊതു ഉത്തരവ് പുറപ്പെടുവിക്കുകയാണെങ്കിൽ അത് നൂറുകണക്കിന് പേർക്ക് സഹായകമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവിധ ദുരന്തങ്ങൾ ബാധിക്കപ്പെട്ടവർക്ക് സമാശ്വാസമായും ഉന്നത കായികവിജയം നേടുന്നവർക്ക് പ്രോത്സാഹനമായും തൊഴിൽ നൽകുവാൻ മന്ത്രിസഭ തീരുമാനിക്കുന്ന കാര്യങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്തുന്നതിനുള്ള പൊതുവായ മാർഗ്ഗരേഖ 23.03.2018-ലെ സ.ഉ.(കൈ) നം. 71/2018/പൊഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*)

## ജീവനക്കാർക്കെതിരെയുള്ള നടപടി

10(3361) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് പ്രോട്ടോക്കോൾ ഓഫീസർ പ്രധാനമന്ത്രിയെയും കേന്ദ്രമന്ത്രിമാരെയും ഫെയ്സ് ബുക്കിലൂടെ അപമാനിച്ചതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പരാതി എന്നാണ് ലഭിച്ചത്;

(ബി) ഈ പരാതിയിന്മേൽ സർക്കാർ നാളിതുവരെയായി എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേന്ദ്രസർക്കാരിനെയും പ്രധാനമന്ത്രിയെയും മറ്റ് കേന്ദ്രമന്ത്രിമാരെയും നവമാധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തുന്ന എത്ര സർക്കാർ ജീവനക്കാർക്കെതിരെ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) മുഖ്യമന്ത്രിയെ നവമാദ്ധ്യമങ്ങളിലൂടെ അപകീർത്തിപ്പെടുത്തി എന്നാരോപിച്ച് എത്ര സർക്കാർ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന പ്രോട്ടോക്കോൾ ഓഫീസറായി സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥൻ വ്യക്തിപരമായി ഫേയ്സ്ബുക്കിൽ ഷെയർ ചെയ്ത ചില പോസ്റ്റുകൾ സംബന്ധിച്ച് ഒരു പരാതി ലഭിച്ചിട്ടുണ്ട്. 24-3-2018-നാണ് പരാതി ലഭിച്ചത്.

(ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി & ഡി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## പേഴ്സണൽ സ്റ്റാഫിന്റെ പെൻഷൻ ആനുകൂല്യങ്ങൾ

11(3362) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ഗവൺമെന്റിന്റെ കാലത്തെ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി ചെയ്തവർക്കുള്ള പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ അനിശ്ചിതമായി നീണ്ടുപോകാൻ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത് എത്രപേർക്കാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര പേർക്കാണ് പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) മുൻ ഗ്രാമവികസന മന്ത്രിയുടെ കുക്കായി ജോലി ചെയ്ത മറിയാമ്മ ലോറൻസിന്റെ പെൻഷൻ അനുവദിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അപേക്ഷകന്റെ സേവന പുസ്തകം പൊതുഭരണ (അക്കൗണ്ട്സ് സി/ റെക്കോർഡ്സ്) എന്നീ വകുപ്പുകളിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷകൻ തന്നിരിക്കുന്ന വിവരങ്ങളെല്ലാം ക്രമപ്രകാരമാണോ എന്ന് പരിശോധിച്ചതിനുശേഷം

പെൻഷൻ ബുക്കുകളും മറ്റ് രേഖകളും ഓഫീസ് മേധാവിയും പെൻഷൻ സാങ്ഷനിംഗ് അതോറിറ്റിയും സാക്ഷ്യപ്പെടുത്തുകയും ആയതിനുശേഷം ടി രേഖകളും പെൻഷൻ ബുക്കുകളും സേവന പുസ്തകവും വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളയ്ക്ക് അയയ്ക്കുകയും ചെയ്തുവരുന്നു. അക്കൗണ്ടന്റ് ജനറൽ (എ & ഇ)-ൽനിന്നും വെരിഫിക്കേഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അപേക്ഷകന് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ടി ഉത്തരവും നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റും ലാസ്റ്റ് പേ സർട്ടിഫിക്കറ്റും സഹിതം ബന്ധപ്പെട്ട ട്രഷറിയിൽ അയച്ചുകൊടുക്കുകയും ചെയ്യുന്നു. ഇത്രയും നടപടികളാണ് പെൻഷൻ അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്നത്. പെൻഷൻ അപേക്ഷകൾക്കൊപ്പം സേവന പുസ്തകവും പൂർണ്ണമായ അപേക്ഷയും ലഭ്യമാകാത്ത സാഹചര്യത്തിൽ അത്തരം പെൻഷൻ അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നുണ്ട്.

(ബി & സി) മുൻ മന്ത്രിസഭാംഗങ്ങളുടെ പേഴ്സണൽ സ്റ്റാഫിൽ 403 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. 2018 മേയ് വരെ 243 പേർക്ക് പെൻഷൻ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഡി & ഇ) 55 വയസ്സിനുശേഷം പേഴ്സണൽ സ്റ്റാഫ് സർവ്വീസിൽ പ്രവേശിച്ച ശ്രീമതി മറിയാമ്മ ലോറൻസിന് പെൻഷൻ അനുവദിക്കുന്നതിന് വിവിധ വകുപ്പുകളുടെ അഭിപ്രായം ആരായേണ്ടതുള്ളതിനാൽ പ്രസ്തുത ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

**കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ പി.എസ്.സി. നിയമനം**

12(3365) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ എത്ര ഒഴിവുകൾ 2018 മെയ് 31 വരെ നിലവിലുണ്ട്; വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ബി) ഇവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ 2019 ഏപ്രിൽ 30 വരെയുള്ള കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരുടെ റിട്ടയർമെന്റ് ഒഴിവുകളുടെ വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ; ഇവ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻവേണ്ട നടപടി സ്വീകരിക്കുമോ;

(ഇ) കേരള പി.എസ്.സി.-യുടെ സ്റ്റാറ്റസ് ഓഫ് പോസ്റ്റ് എന്ന ലിങ്കിൽ തിരുവനന്തപുരം ജില്ലയിലെ കാറ്റഗറി നമ്പർ 130/2012 ലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (സി.എ ) ഗ്രേഡ് II-മാരുടെ ഒഴിവുകൾ അപ്ഡേറ്റ് ചെയ്യാത്തതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത് എത്രയും വേഗം അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പുമേധാവികൾക്കും നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

(ഇ) 19-5-2018 വരെ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ വെബ്സൈറ്റിൽ അപ്ഡേറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തീയതിക്കുശേഷം ടി തസ്തികയിലേയ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടില്ല. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ ഒഴിവുകൾ സംബന്ധിച്ച വിവരങ്ങൾ വെബ്സൈറ്റിൽ പി.എസ്.സി. അപ്ഡേറ്റ് ചെയ്തുവരുന്നു.

**കൊയിലാണ്ടിയിൽ എം.എ.സി.ടി. കോടതി**

13(T*3366) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സബ്കോടതിയിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ എം. എ. സി. ടി. കോടതി സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കോടതിക്ക് ആവശ്യമായ തസ്തികകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കോടതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ-സി) 17-4-2012-ലെ സ.ഉ. (സാധാ.) നമ്പർ 1159/12/ആഭ്യന്തരം സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണലിന്റെ മുൻഗണനാ ലിസ്റ്റിൽ കോഴിക്കോട് എം.എ.സി.റ്റി. പതിമൂന്നാമതായി ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സംസ്ഥാനത്ത് എം.എ.സി.റ്റി. ഉൾപ്പെടെയുള്ള കോടതികൾ സ്ഥാപിക്കുന്ന കാര്യം സംബന്ധിച്ച വസ്തുത വിശകലനം നടത്തി കോടതികൾ ആരംഭിക്കുന്നതിന് വിശദമായ റിപ്പോർട്ട് ഹൈക്കോടതി രജിസ്ട്രാറിൽനിന്നും ആരാഞ്ഞിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കാവുന്നതാണ്.

## ഇലക്ഷൻ വകുപ്പ് സെക്രട്ടേറിയറ്റ് ക്യാമ്പസിനകത്തേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ

14(3367) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ഷൻ വകുപ്പിന്റെ പ്രവർത്തനം സെക്രട്ടേറിയറ്റ് ക്യാമ്പസിനകത്തേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്, പണി പൂർത്തിയായ അനക്സ് 2-ൽ സ്ഥലം അനുവദിച്ചിരുന്നത് മാറ്റം വരുത്തിയിട്ടുണ്ടോ;

(ബി) എന്നത്തേക്ക് പ്രസ്തുത ഓഫീസ് മാറ്റുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(സി) സെക്രട്ടേറിയറ്റ് ക്യാമ്പസിന് പുറത്ത് പ്രവർത്തിക്കുന്ന മറ്റ് സെക്രട്ടേറിയറ്റ് ഓഫീസുകൾ അനക്സ് 2 ലേക്ക് മാറ്റി വാടകയിനത്തിൽ ഇപ്പോൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന പണം ലാഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇലക്ഷൻ വകുപ്പിന്റെ പ്രവർത്തനം സെക്രട്ടേറിയറ്റ് ക്യാമ്പസിനുള്ളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

(സി) സെക്രട്ടേറിയറ്റ് ക്യാമ്പസിന് പുറത്ത് പ്രവർത്തിക്കുന്ന മറ്റ് സെക്രട്ടേറിയറ്റ് ഓഫീസുകൾ കൂടുതൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കും.

## സർക്കാർ ജീവനക്കാർ നടത്തിയ പണിമുടക്കുകൾ

15(3368) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ന്യായമായ അവകാശങ്ങൾക്കു വേണ്ടി സർക്കാർ ജീവനക്കാർ നടത്തിയ പണിമുടക്കുകളിൽ ബാധകമാക്കിയിരുന്ന ഡയസ്നോൺ പിൻവലിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഇക്കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## സെക്രട്ടേറിയറ്റിൽ ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസം

16(3369) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിൽ ഫയലുകൾ തീർപ്പുകൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസംമൂലം ഭരണനിർവ്വഹണം കാര്യക്ഷമമാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണനിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ഫയലുകളിൽ കാലതാമസം കൂടാതെ തീർപ്പ് കൽപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഫയലുകളിൽ തീരുമാനമെടുക്കുന്നതിന് കാലതാമസമുണ്ടാകുന്നത് കീഴ്കാര്യാലയങ്ങളിൽനിന്ന് വിവരങ്ങൾ ശേഖരിക്കേണ്ടി വരുമ്പോഴാണ്. അത്തരം സാഹചര്യങ്ങളിൽ റിപ്പോർട്ട് വേഗം ലഭ്യമാക്കുന്നതിന് ഫാക്സ്, ഇ-മെയിൽ, ടെലിഫോൺ തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി വരുന്നു. വകുപ്പിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിലേയ്ക്കായി ഫയൽ അദാലത്തുകൾ നടത്തി പരമാവധി ഫയലുകൾ തീർപ്പാക്കിവരുന്നു. കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാന്വലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്ന് മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ

പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ e-office സംവിധാനത്തിലൂടെ ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽ നീക്കം ത്വരിതഗതിയിലാക്കിവരുന്നു. ലിങ്ക് ഓഫീസർ സിസ്റ്റം നടപ്പിലാക്കിയതും ഫയൽ നീക്കം ത്വരിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

## വിവിധ വകുപ്പുകളിൽനിന്നും ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്ക്

17(T* 3370) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ വിവിധ വകുപ്പുകളിൽനിന്നും ജനങ്ങൾക്ക് ലഭ്യമാക്കുന്ന സേവനങ്ങളുടെ നിരക്ക് 1-4-2018 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) വർദ്ധനവ് എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിരക്ക്, വകുപ്പ് തിരിച്ച് വ്യക്തമാക്കുമോ; പഴയ നിരക്ക് എത്രയായിരുന്നു; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട സേവന നിരക്കുകളിൽ 17-3-2018-ലെ സ.ഉ.(അച്ചടി) നമ്പർ 44/2018/ധന പ്രകാരം 1-4-2018 മുതൽ പ്രാബല്യം നൽകി അഞ്ച് ശതമാനം വർദ്ധനവ് വരുത്തിയിട്ടുണ്ട്.

(സി) സർക്കാർ/പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള നിലവിലെ ഫീസുകൾ/ചാർജുകൾ എന്നിവയിൽ അഞ്ച് ശതമാനം വർദ്ധനവാണ് വരുത്തിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

## ഭരണമികവിന് ലഭിച്ച അംഗീകാരം

18(3371) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭരണമികവിന് സംസ്ഥാനത്തിന് എന്തെല്ലാം അംഗീകാരങ്ങളാണ് ലഭിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഏതെല്ലാം രംഗങ്ങളിലെ ശ്രദ്ധേയമായ നേട്ടങ്ങൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(സി) ഏതെല്ലാം മേഖലകളിലാണ് കൂടുതൽ മികവ് കൈവരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി)അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ഓരോ വകുപ്പിന്റെയും സേവനങ്ങൾ സംബന്ധിച്ച പൗരാവകാശ രേഖ**

19(3372) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ വകുപ്പുകൾക്ക് പൗരാവകാശ രേഖ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വകുപ്പുകൾ പൗരാവകാശ രേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്; ഏതൊക്കെ വകുപ്പുകൾ ഈ രേഖ ഇനിയും പ്രസിദ്ധീകരിക്കാനുണ്ട് ;

(സി) പൗരാവകാശ രേഖ കാലാനുസൃതമായി പുതുക്കി പ്രസിദ്ധീകരിക്കാനും എല്ലാ വകുപ്പുകളുടെയും വെബ്സൈറ്റ് വഴിയും സംസ്ഥാന സർക്കാരിന്റെ മൊബൈൽ ആപ്ലിക്കേഷൻ വഴിയും ലഭ്യമാക്കുവാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പൗരാവകാശ രേഖയും സേവനവകാശ നിയമത്തിൽ ഉൾപ്പെടുത്തിയ സേവനങ്ങളും കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തിക്കാനും സർക്കാർ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനുമായി ചെയ്യാനുദ്ദേശിക്കുന്ന മറ്റു നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൂടുതൽ സ്ഥിരം ആധാർ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി

20(3373) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ ആധാർ കേന്ദ്രങ്ങളിലെ തിരക്കുമൂലം പുതുതായി ആധാർ എടുക്കേണ്ടവരും തിരുത്തലുകൾ വരുത്തേണ്ടവരും ഏറെ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി ഐ.ടി. മിഷന്റെ നേതൃത്വത്തിൽ കൂടുതൽ സ്ഥിരം ആധാർ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കുമോ;

(സി) ആധാർ സേവനങ്ങൾ ഇല്ലാത്ത അക്ഷയ കേന്ദ്രങ്ങൾക്ക് പരിശീലനവും സൗജന്യമായി ആധാർ ഉപകരണങ്ങളും നൽകി ഈ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) നഗരപ്രദേശങ്ങളിലുള്ള അപൂർവ്വം ചില അക്ഷയ കേന്ദ്രങ്ങളിൽ തിരക്കുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുഭൂരിപക്ഷം ആധാർ എൻറോൾമെന്റ് കേന്ദ്രങ്ങളിലും പുതിയ ആധാർ എടുക്കുന്നതിനായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) സംസ്ഥാനത്തൊട്ടാകെ ഇപ്പോൾ 872 സ്ഥിരം ആധാർ എൻറോൾമെന്റ് കേന്ദ്രങ്ങൾ അക്ഷയയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ശരാശരി 20 മുതൽ 30 ആധാർ എൻറോൾമെന്റ് മാത്രമേ ഇപ്പോൾ നടക്കുന്നുള്ളൂ. ആധാർ കാർഡിൽ തിരുത്തലുകൾ വരുത്തുന്നതിനും അപ്ഡേറ്റ് ചെയ്യുന്നതിനുമാണ് അപേക്ഷകരേറെയും. തിരുത്തലുകൾ വരുത്തുന്നതിനും അപ്ഡേഷനും പ്രത്യേക സംവിധാനമായ Update Client Lite (UCL) software-ഉം Finger Print ഉപകരണവും ആവശ്യമാണ്. എല്ലാ അക്ഷയ കേന്ദ്രങ്ങളിലും പ്രസ്തുത സംവിധാനം സജ്ജീകരിക്കുന്നതിനാവശ്യമായ തുക അനുവദിച്ചിട്ടുണ്ട്. ആയത് പ്രകാരം സംസ്ഥാനത്ത് 1384 സെന്ററുകളിൽ ഈ സംവിധാനം സജ്ജീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള സെന്ററുകളിൽ പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 5 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗകര്യപ്രദമായി ആധാർ എൻറോൾമെന്റ് നടത്തുന്നതിനായി സംസ്ഥാനത്ത് 439 എൻറോൾമെന്റ് കേന്ദ്രങ്ങളും പ്രവർത്തനസജ്ജമാണ്.

(സി) ആധാർ കാർഡിൽ തിരുത്തലുകൾ വരുത്തുന്ന സംവിധാനം സംസ്ഥാനത്തെ എല്ലാ അക്ഷയ കേന്ദ്രങ്ങളിലും ഏർപ്പെടുത്തുന്നതിനായി ഓരോ അക്ഷയ കേന്ദ്രത്തിനും ഇതിനാവശ്യമായ Single Finger Print Scanner വാങ്ങുന്നതിനായി തുക (പരമാവധി 3,000 രൂപ) അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 1384 സെന്ററുകളിൽ ഈ സംവിധാനം സജ്ജീകരിച്ചുകഴിഞ്ഞു. ബാക്കിയുള്ള സെന്ററുകളിൽ കൂടി ഈ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതുതായി ആധാർ എൻറോൾമെന്റ് ഉപകരണങ്ങൾ വാങ്ങാൻ തയ്യാറുള്ള സംരംഭകർക്ക് അതിനുള്ള അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ശരാശരി എൻറോൾമെന്റ് വളരെ കുറവായതിനാൽ ഒരു ലക്ഷം രൂപയോളം മുതൽമുടക്കുള്ള ആധാർ ഉപകരണങ്ങൾ വാങ്ങുന്നതിൽ സംരംഭകർ തൽപ്പരരല്ല. ആധാർ സേവനങ്ങൾ ഇല്ലാത്ത അക്ഷയ കേന്ദ്രങ്ങൾക്ക് ആധാർ മെഷീൻ വാങ്ങുന്നമുറയ്ക്ക് പരിശീലനം നൽകുന്നുണ്ട്. നിലവിലെ സംരംഭകർ ആധാർ ഉപകരണങ്ങൾ സ്വന്തമായി വാങ്ങിയാണ് ആധാർ സേവനങ്ങൾ നൽകിവരുന്നത്. 4 പട്ടികവർഗ്ഗ സംരംഭകർക്ക് സർക്കാർ സൗജന്യമായി ആധാർ ഉപകരണങ്ങൾ അനുവദിച്ചിട്ടുണ്ട്.

## ജസ്റ്റിസ് പി.എസ്. ആന്റണി കമ്മീഷൻ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ

21(3374) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് പി. എസ്. ആന്റണി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; ഇതിനായി രൂപീകരിച്ച ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; കമ്മിറ്റി ഇതിനായി എത്ര യോഗങ്ങൾ ചേർന്നു ;

(ബി) മാധ്യമങ്ങളും പത്രപ്രവർത്തകരുമായി സംസ്ഥാന മന്ത്രിമാർ ഇടപെടുന്ന കാര്യത്തിൽ പൊതുവായ ഒരു പെരുമാറ്റചട്ടം രൂപീകരിക്കണമെന്ന കമ്മീഷന്റെ ശിപാർശയിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ ;

(സി) യുവതലമുറയ്ക്ക് മാധ്യമങ്ങളുടെ വിശേഷിച്ച് സോഷ്യൽ മീഡിയയുടെ ഗുണദോഷങ്ങളെ കുറിച്ച് സ്കൂൾ തലം മുതൽ വിദ്യാഭ്യാസം നൽകികൊണ്ട് മാധ്യമപ്രവർത്തനം ഉത്തരവാദിത്തമുള്ളതാക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി.എസ്. ആന്റണി അന്വേഷണ കമ്മീഷന്റെ 1 മുതൽ 5 വരെയും 7 മുതൽ 16 വരെയുമുള്ള ശിപാർശകളിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി ഐ ആൻഡ് പി.ആർ.ഡി., നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും 25-11-2017-ലെ സ.ഉ.(സാധാ) 247/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം ഒരു കമ്മിറ്റി രൂപീകരിക്കുകയും റിപ്പോർട്ടിലെ ആറാമത്തെ ശിപാർശയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കാൻ സംസ്ഥാന മേധാവിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 1952-ലെ കമ്മീഷൻ ഓഫ് ഇൻക്വയറി ആക്ടിലെ സെക്ഷൻ 3(4) പ്രകാരം കമ്മീഷന്റെ ശിപാർശകളിൽ നടപടിയെടുക്കൽ സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റി യോഗം ചേർന്ന് റിട്ട. ജില്ലാ ജഡ്ജി ശ്രീ. പി. എസ്. ആന്റണി കമ്മീഷന്റെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) മാധ്യമ പ്രവർത്തനം ഉത്തരവാദിത്വമുള്ളതാക്കുന്നതിന് യുവതലമുറയ്ക്ക് മാധ്യമങ്ങളുടെയും മറ്റ് അനുബന്ധ മേഖലകളുടെയും ഗുണദോഷങ്ങളെക്കുറിച്ച് ബോധവത്കരിക്കുന്നത് ലക്ഷ്യമിട്ട് കേരള മീഡിയ അക്കാദമി, സ്കൂൾ/കോളേജ് തലങ്ങളിൽ മീഡിയ ക്ലബ് രൂപവത്കരിക്കുന്ന പരിപാടിക്ക് രൂപം നൽകിയും അതിന്റെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

## സർക്കാരിന്റെ രണ്ടാം വാർഷികാഘോഷം

22(3375) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി സംസ്ഥാനത്ത് വിവിധ ജില്ലകളിലായി ഏതൊക്കെ പരിപാടികളാണ് സംഘടിപ്പിച്ചത്; ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) രണ്ടാം വാർഷികത്തിന്റെ ഭാഗമായി നല്കിയ പരസ്യങ്ങൾക്ക് മാത്രമായി എത്ര രൂപ ചെലവായിയെന്ന് വിശദമാക്കാമോ; ഓരോ പത്രത്തിനും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്കുമായി നല്കിയ തുകയുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി ആലപ്പുഴ ഒഴികെയുള്ള ജില്ലകളിൽ താഴെപ്പറയുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്:

1. ജില്ലകളിലും മണ്ഡലാടിസ്ഥാനത്തിലും വിവിധ പദ്ധതികളുടെ പ്രവൃത്തി ഉദ്ഘാടനവും പൂർത്തീകരിച്ച പദ്ധതികളുടെ ഉദ്ഘാടനവും

2. ഒരു വാരം നീണ്ടുനിന്ന ഉല്പന്ന പ്രദർശന വിപണനമേളയും സാംസ്കാരിക പരിപാടികളും സെമിനാറുകളും.

കൂടാതെ 2018 മേയ് 18-ന് കണ്ണൂരിൽ വച്ച് രണ്ട് വാർഷികാഘോഷ പരിപാടികളുടെ സംസ്ഥാനതല ഉദ്ഘാടനവും മേയ് 30-ന് തിരുവനന്തപുരത്ത് വച്ച് സംസ്ഥാനതല സമാപനവും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) രണ്ടാം വാർഷികത്തിന്റെ ഭാഗമായി നല്കിയ പരസ്യങ്ങൾക്ക് 20-6-2018-ലെ വിവരങ്ങൾ പ്രകാരം തുകയൊന്നും ചെലവായിട്ടില്ല.

**മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെൽ**

23(3376) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നതിനുശേഷം മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെൽ മുഖേന ലഭിച്ച പരാതികളെത്ര; വകുപ്പുതിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) ഇവയിൽ ഇനി തീർപ്പാക്കാനുള്ളവയുടെ വകുപ്പ് തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(സി) പരാതികൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നതായി കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇവ തീർപ്പാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനഃസംഘടിക്കപ്പെട്ട പരാതി പരിഹാര സംവിധാനമായ CMO പോർട്ടലിലൂടെ ആകെ 129880 പരാതികൾ ലഭിച്ചു. ആയതിൽ 20570 പരാതികൾ പൂർണ്ണമായും തീർപ്പുകല്പിച്ചിട്ടുണ്ട്. 49992 പരാതികളിന്മേൽ വകുപ്പുതലത്തിൽ റിപ്പോർട്ടുകൾ

തയ്യാറായിട്ടുണ്ട്. ആയവ വിവിധ തലത്തിൽ പരിശോധനയിലാണ്. 59230 പരാതികളിൽ വകുപ്പുതലത്തിൽ റിപ്പോർട്ട് തയ്യാറായിട്ടില്ല. വകുപ്പ് തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കോടതി വ്യവഹാരത്തിൽപ്പെട്ട് കേസുകളിലും ചട്ടങ്ങളുടെയും നിയമങ്ങളുടെയും അടിസ്ഥാനത്തിൽ സൂക്ഷ്മപരിശോധന വേണ്ടിവരുന്ന കേസുകളിലും സ്വാഭാവികമായ കാലതാമസം നേരിടുന്നുണ്ട്.

(ഡി) സ്വീകരിച്ചുവരുന്നു.

## തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന്റെ കോളേജ്

24(3377) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ തൃക്കാഞ്ഞിരപുരത്ത് ദേവസ്വം ബോർഡിന് കീഴിൽ ആർട്സ് ആൻഡ് സയൻസ് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഈ അധ്യയന വർഷം ക്ലാസ്സ് ആരംഭിക്കാനാകുമോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## അടിസ്ഥാന സൗകര്യ വികസനം

25(3378) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം അടിസ്ഥാന സൗകര്യ വികസനത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായകമായതും സവിശേഷ ശ്രദ്ധ നൽകുന്നതുമായ തുറമുഖ വികസനം, ഗതാഗത വികസനം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏറ്റെടുത്തു നടത്തുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കൊച്ചി നഗരത്തിൽ നടപ്പാക്കുന്ന സംയോജിത ജലഗതാഗത പദ്ധതിയായ കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഇ) വ്യോമ ഗതാഗതരംഗത്ത് സംസ്ഥാനം എന്തൊക്കെ മുന്നേറ്റങ്ങൾ കൈവരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തുറമുഖ മേഖല, ഗതാഗത മേഖല എന്നിവയ്ക്കായി താഴെപ്പറയുംവിധം തുക വകയിരുത്തിയിട്ടുണ്ട്.

| മേഖല | | വിഹിതം (തുക ലക്ഷത്തിൽ) |
|---|---|---|
| 1. തുറമുഖ മേഖല | - | 26453 |
| 2. ഗതാഗത മേഖല | - | 46666 |

കൂടാതെ ഗതാഗത മേഖലയിലെ വൻകിട പദ്ധതികളായ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ തുറമുഖ പദ്ധതി, കൊച്ചി മെട്രോ, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ ലൈറ്റ് മെട്രോ സംവിധാനം, കണ്ണൂർ വിമാനത്താവളം, കൊല്ലം-ആലപ്പുഴ എന്നിവിടങ്ങളിലെ ബൈപ്പാസുകളുടെ നിർമ്മാണം, കൊച്ചിയിൽ സംയോജിത ജലഗതാഗത പദ്ധതി, കേരള റെയിൽ വികസന കോർപ്പറേഷൻ എന്നീ പദ്ധതികൾക്ക് വൻകിട അടിസ്ഥാന വികസന പദ്ധതികളിലുൾപ്പെടുത്തി നിർമ്മാണം പുരോഗമിച്ചുവരുന്നു. ഇതിനുപുറമെ കിഫ്ബിയിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ചും അടിസ്ഥാന വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കേരളത്തിലെ ഉൾനാടൻ ജലഗതാഗതത്തിന്റെ സമയോചിതമായ വികസനം സാധ്യമാക്കുന്നതിന് പ്രത്യേക ഉദ്ദേശ്യയാന പദ്ധതി (എസ്.പി.വി.) രൂപീകരിച്ചിട്ടുണ്ട്.

എസ്.പി.വി.-യുടെ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്:

ഉൾനാടൻ ജലഗതാഗത വകുപ്പിന്റെ കീഴിൽ നടക്കേണ്ട ഉൾനാടൻ ജലപാതകളുടെ വികസനത്തിനായി ഭൂമി ഏറ്റെടുക്കലിന്റെ മേൽനോട്ടത്തോടൊപ്പം സാമൂഹ്യ പാരിസ്ഥിതികാഘാത വിലയിരുത്തലും ഭൂമി ഏറ്റെടുക്കൽ ചട്ട പ്രകാരം ബുദ്ധിമുട്ടുന്ന ജനങ്ങളുടെ പുനരധിവാസവും ഉൾപ്പെടുന്നു. പാസഞ്ചർ, ബൾക് കാർഗോ ഗതാഗതം സുഗമമാക്കുന്നതിന് ദേശീയ ജലപാത സ്റ്റാൻഡേർഡുകൾക്ക് അനുസൃതമായി കനാലുകൾ വിപുലപ്പെടുത്തൽ, പുതിയ കനാലുകൾ നിർമ്മിക്കൽ, ഡ്രഡ്ജിംഗ് പ്രവൃത്തികൾ ഏറ്റെടുക്കൽ, ഡ്രഡ്ജ് ചെയ്ത വസ്തുക്കൾ നീക്കം ചെയ്യൽ, ഡ്രഡ്ജിംഗ് മെറ്റീരിയൽ ഡിസ്ട്രിബ്യൂഷൻ മുതലായവ ഉൾപ്പെടെ എല്ലാ നിർമ്മാണ-വികസന പ്രവർത്തനങ്ങളും ഏറ്റെടുക്കുന്നു. മുഖ്യ ഭൂപ്രദേശവുമായി ബന്ധം സ്ഥാപിക്കുന്നതിനായി റോഡുകൾ, പാലങ്ങൾ, നടപ്പാതകൾ തുടങ്ങിയവയുടെ നിർമ്മാണം, നിർദ്ദിഷ്ട സ്ഥലങ്ങളിൽ ജലപാതകളുടെ വിന്യാസം സഹിതം ടെർമിനൽ സൗകര്യങ്ങൾ, ബോട്ട് ജെട്ടികൾ, ഇന്ധന സൗകര്യങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം, പ്രവർത്തനം, പരിപാലനം, ഉൾനാടൻ ജലഗതാഗത പദ്ധതി നടപ്പിലാക്കുന്നതിനുള്ള വിഭവങ്ങൾ ഒരുമിച്ച് കൂട്ടുക, യാത്രക്കാർക്കും ബൾക് കാർഗോയുടെ ഗതാഗതത്തിനും ഈ പദ്ധതിയുടെ കീഴിൽ നിലവിലുള്ളതും വിപുലീകരിക്കപ്പെടാനുള്ളതുമായ ദേശീയ ജലപാതകളുടെ ഉപയോഗത്തെ പ്രോത്സാഹിപ്പിക്കുക, വൻകിട തുറമുഖമായ കൊച്ചിയുടെയും കൂടാതെ 17 ചെറുകിട തുറമുഖങ്ങളുടെയും (ഇതിൽ നാലെണ്ണം - വിഴിഞ്ഞം, അഴീക്കൽ, കൊല്ലം, ബേപ്പൂർ എന്നിവയെ ഇടത്തരം തുറമുഖങ്ങളായി കണക്കാക്കപ്പെടുന്നു) ഭരണ നിയന്ത്രണം സ്റ്റേറ്റ് ലെജിസ്ലേച്ചർ അനുശാസിക്കുന്ന രീതിയിൽ നടപ്പിലാക്കുന്നതിനുവേണ്ടി മാരിടൈം ബോർഡ് രൂപീകരിച്ചു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) കൊച്ചി നഗരത്തിൽ നടപ്പാക്കുന്ന സംയോജിത ജലഗതാഗത പദ്ധതിയായ കൊച്ചി വാട്ടർ മെട്രോയുടെ പ്രവർത്തനം 2019 മേയ് മാസം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവേയും ഏപ്രണും (വിമാന പാർക്കിംഗ് ഏരിയ) പൂർത്തിയായി. ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ ലൈസൻസ് ലഭിക്കുന്നതോടുകൂടി പ്രവർത്തനക്ഷമമാകും. പാസഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്. എയർ ട്രാഫിക് കൺട്രോൾ ടവറിന്റെ പ്രവൃത്തി പൂർത്തിയാക്കി എയർപോർട്ട്

അതോറിറ്റിക്ക് ഉടൻ കൈമാറുന്നതാണ്. കാർഗോ കോംപ്ലക്സ്, സി.ഐ.എസ്.എഫ്. ബാരക്, അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾക്കായുള്ള ടെൻഡർ നടപടികൾ പൂർത്തിയായി വരുന്നു. ഏകദേശം ഒന്നര വർഷത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. പാരലൽ ടാക്സി ട്രാക്ക് നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ഇൻവെസ്റ്റ്മെന്റ് ലാൻഡിംഗ് സിസ്റ്റം സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ ഡയറക്ടർ ഓഫ് സിവിൽ ഏവിയേഷന്റെ പ്രീ-ലൈസൻസിംഗ് ഓഡിറ്റ് പൂർത്തിയായിട്ടുണ്ട്. വിമാനത്താവളം 2018-ൽത്തന്നെ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവള റൺവേ വികസനത്തിനായി എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ച കോൺസെപ്ട്/ഡിസൈനിൻമേൽ നിർദ്ദേശിച്ച ഭേദഗതി വരുത്തി പുനർസമർപ്പിക്കാൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അനുമതി ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു.

ശബരിമല വിമാനത്താവള പദ്ധതിയുടെ സാധ്യതാ പഠനത്തിനായി നിയമിച്ച കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും കരട് സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. കരട് റിപ്പോർട്ടിന്മേൽ ആവശ്യമായ നിർദ്ദേശങ്ങളും മാറ്റങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ മാത്രമേ ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ തസ്തികകൾ

26(3380) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ നിലവിലുള്ള പ്ലാനറ്റേറിയം ഓപ്പറേറ്റർ, എൽ. ഡി. ടൈപ്പിസ്റ്റ്, വെൽഡർ-കം-ബ്ലാക്ക് സ്മിത്ത് എന്നീ തസ്തികകളിലേക്കുള്ള യോഗ്യതകൾ വിശദമാക്കാമോ;

(ബി) ഈ തസ്തികകളിൽ നിലവിൽ ജോലിചെയ്തുവരുന്ന സ്ഥിരം ജീവനക്കാർ ഹാജരാക്കിയിരിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) നിലവിൽ ഡ്രൈവർ-കം-ഹെൽപ്പർ, എൽ. ഡി. ടൈപ്പിസ്റ്റ് എന്നീ തസ്തികകൾ 2010-നുശേഷം രൂപം നൽകിയത് ഏതെല്ലാം തസ്തികകൾക്ക് മാറ്റം വരുത്തിയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ നിലവിലുള്ള പ്ലാനറ്റേറിയം ഓപ്പറേറ്റർ, എൽ.ഡി. ടൈപ്പിസ്റ്റ്, വെൽഡർ-കം-ബ്ലാക്ക്സ്മിത്ത് എന്നീ തസ്തികകളിലേയ്ക്കുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു:

| തസ്തിക | യോഗ്യത |
|---|---|
| പ്ലാനറ്റേറിയം ഓപ്പറേറ്റർ | 1.മെക്കാനിക്കൽ/ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആൻഡ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് ബിരുദം/ഫസ്റ്റ് ക്ലാസ് ഡിപ്ലോമ<br>2. ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് ഇൻ പ്ലാനറ്റേറിയം പ്രൊജക്റ്റുകളിൽ ഒരു വർഷത്തെ പ്രവർത്തി പരിചയം |
| എൽ.ഡി. ടൈപ്പിസ്റ്റ് | 1.എസ്.എസ്.എൽ.സി./കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ) ആൻഡ് മലയാളം (ലോവർ)<br>2. ഗവൺമെന്റ് സ്ഥാപനത്തിലോ അർദ്ധ സർക്കാർ സ്ഥാപനത്തിലോ രണ്ട് വർഷത്തിൽ കുറയാതെ ടൈപ്പിസ്റ്റായുള്ള പ്രവൃത്തിപരിചയം |
| വെൽഡർ കം ബ്ലാക്ക്സ്മിത്ത് | ഐ.ടി. ഐ. ട്രേഡ് സർട്ടിഫിക്കറ്റ് |

(ബി) ഈ തസ്തികകളിൽ നിലവിൽ ജോലി ചെയ്തുവരുന്ന സ്ഥിരം ജീവനക്കാർ ഹാജരാക്കിയിരിക്കുന്ന യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ പകർപ്പ് അനുബന്ധമായി വച്ചിരിക്കുന്നു.*

(സി&ഡി) 1. 16-6-2012-ലെ സ.ഉ.(കൈ) നമ്പർ 197/2012/ഉ.വി.വ. പ്രകാരം മ്യൂസിയത്തിൽ ഒരു ഡ്രൈവർ കം ഹെൽപ്പർ തസ്തിക സൃഷ്ടിച്ച് ഉത്തരവായിരുന്നു.

2. 7-7-2012-ലെ ജി.ഒ. (എം.എസ്.) നമ്പർ 270/12/ഉ.വി.വ പ്രകാരം മ്യൂസിയത്തിലെ പ്യൂൺ/അറ്റൻഡർ തസ്തിക, എൽ.ഡി. ടൈപ്പിസ്റ്റായി പരിവർത്തനപ്പെടുത്തി.

പ്രസ്തുത ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി വച്ചിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ദേശീയ ഹരിത സേന പദ്ധതി

27(3381) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികളിൽ പാരിസ്ഥിതികാവബോധം സൃഷ്ടിക്കുന്നതിനായി പരിസ്ഥിതി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ദേശീയ ഹരിത സേന എന്ന പദ്ധതിക്കായി 2017-18 വർഷത്തിൽ എത്ര തുക അനുവദിച്ചിരുന്നു; എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) സ്കൂൾ/കോളേജ് തലത്തിലുള്ള വിദ്യാർത്ഥികളിൽ പരിസ്ഥിതി അവബോധം വളർത്തുന്നതിനും പരിസ്ഥിതി പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമായി സംസ്ഥാനത്തെ വിവിധ കോളേജുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും 354 ഭൂമിത്രസേന ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. സ്കൂളുകളിലും കോളേജുകളിലും ഭൂമിത്രസേന ക്ലബ്ബുകൾ ആരംഭിക്കുന്നതിനായി 25,000 രൂപ വീതവും ഭൂമിത്രസേന ക്ലബ്ബുകളുടെ പ്രവർത്തനം വിലയിരുത്തിയതിനുശേഷം ആവർത്തന മൂലധനമായി 10,000 രൂപയും പരിസ്ഥിതി അവബോധ പ്രവർത്തനങ്ങൾക്കായി നൽകിവരുന്നു.

(ബി) ദേശീയ ഹരിത സേന എന്ന പദ്ധതിക്കായി കേന്ദ്ര വനം പരിസ്ഥിതി, കാലാവസ്ഥ വ്യതിയാന വകുപ്പിൽനിന്നും 1,87,42,500 രൂപ 2017-18 വർഷത്തിൽ അനുവദിച്ചിരുന്നു.

കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നോഡൽ ഏജൻസിയായി കേരളത്തിലെ 3500 വിദ്യാലയങ്ങളിൽ നടത്തിവരുന്ന ഒരു പരിപാടിയാണ് ദേശീയ ഹരിത സേന-ഇക്കോ ക്ലബ്ബുകൾ. കുട്ടികളിൽ പാരിസ്ഥിതികാവബോധം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2001-ൽ ആരംഭിച്ച ഒരു പദ്ധതിയാണിത്. ഓരോ വിദ്യാലയത്തിനും പ്രതിവർഷം ദേശീയ ഹരിത സേനയ്ക്കായി നൽകി വന്നിരുന്ന 2,500 രൂപ 2018-19 സാമ്പത്തിക വർഷത്തിൽ 5,000 രൂപയായി ഉയർത്തിയിട്ടുണ്ട്.

പ്രവർത്തനങ്ങൾ 2017-18 FY

1. ലോകപരിസ്ഥിതി ദിനാഘോഷം

ലോകപരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ജൂൺ 5-ന് വിദ്യാലയങ്ങളിൽ പെയിന്റിംഗ്, പ്രസംഗം, ക്വിസ് മത്സരങ്ങൾ നടത്തി. പരിസ്ഥിതിയുമായി ബന്ധപ്പെട്ട സെമിനാറുകൾ, എക്സിബിഷൻ, വൃക്ഷത്തൈ വിതരണം മറ്റും വിദ്യാലയങ്ങളിൽ സംഘടിപ്പിച്ചു. പരിസ്ഥിതി ജാഥ, തെരുവ് നാടകങ്ങൾ തുടങ്ങിയവയും സംഘടിപ്പിച്ചു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ 92 വിദ്യാലയങ്ങൾക്ക് ലോക പരിസ്ഥിതി ദിനാഘോഷത്തിനായി പതിനായിരം രൂപ വീതം സാമ്പത്തിക സഹായം നൽകി.

2. ഓസോൺ ദിനാചരണം

ഓസോൺ ദിനാചരണത്തിന്റെ ഭാഗമായി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലും വനം പരിസ്ഥിതി മന്ത്രാലയവും സംയുക്തമായി ദേശീയ ഹരിതസേനയുടെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിൽ പെയിന്റിംഗ്, slogan writing മത്സരങ്ങൾ നടത്തി. വിദ്യാലയങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ഒന്നും രണ്ടും സ്ഥാനം ലഭിച്ച ചിത്രങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് അയയ്ക്കുകയും വിജയികളെ കേന്ദ്ര ജൂറി അംഗങ്ങൾ തെരഞ്ഞെടുക്കുകയും സമ്മാന വിതരണം നടത്തുകയും ചെയ്യുകയുണ്ടായി. ഓസോൺ ദിനാചരണത്തിനായി ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽനിന്നും 133 ദേശീയ ഹരിത സേന സ്കൂളുകൾക്ക് സാമ്പത്തിക സഹായം നൽകിയിരുന്നു.

3.പ്രകൃതിഖോജ്-പരിസ്ഥിതി ക്വിസ്

കേന്ദ്ര-വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ദേശീയ ഹരിത സേനയുടെ വിദ്യാർത്ഥികൾക്കായി ഒരു ഓൺലൈൻ ക്വിസ് മത്സരം സംഘടിപ്പിക്കുകയുണ്ടായി. ഏകദേശം ആയിരത്തോളം വിദ്യാർത്ഥികൾ പ്രസ്തുത പരിപാടിയിൽ പങ്കെടുത്തിരുന്നു. 5 ഘട്ടങ്ങളിലായിട്ടായിരുന്നു മത്സരം. നവംബർ-ഡിസംബർ മാസങ്ങളിലായിരുന്നു മത്സരം.

4.സ്വച്ഛത-ഹി-സേവ

ഒക്ടോബർ 2-ന് സ്വച്ഛ് ഭാരതിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയങ്ങളിൽ ഒരാഴ്ച നീണ്ടു നിന്ന ശുചീകരണ പ്രവർത്തനങ്ങൾ ദേശീയ ഹരിത സേനയുടെ ആഭിമുഖ്യത്തിൽ നടത്തുകയുണ്ടായി. ഇതോടനുബന്ധിച്ച് വിദ്യാലയവും പരിസരവും ശുചിയാക്കുകയും പൊതു സ്ഥലങ്ങൾ, പൊതു കിണറുകൾ, നദികൾ, കുളങ്ങൾ മുതലായവ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വൃത്തിയാക്കുകയും ചെയ്തു.

5. ജില്ലാതല അദ്ധ്യാപക പരിശീലനം

ദേശീയ ഹരിത സേന-ഇക്കോ ക്ലബ്ബുകളുടെ ചുമതലയുള്ള അദ്ധ്യാപകർക്കായി എല്ലാ ജില്ലകളിലും ജില്ലാതല അദ്ധ്യാപക പരിശീലനം 2017-18 വർഷത്തിൽ നടത്തപ്പെടുകയുണ്ടായി.

6. പ്രകൃതി പഠനയാത്ര

ദേശീയ ഹരിത സേന വിദ്യാലയങ്ങൾ വനം വകുപ്പുമായി ചേർന്ന് പ്രകൃതി പഠനയാത്രകൾ സംഘടിപ്പിച്ചു. ഏകദേശം നൂറോളം വിദ്യാലയങ്ങൾ വിവിധ വന്യജീവി സങ്കേതങ്ങളിലേയ്ക്കും ദേശീയോദ്യാനങ്ങളിലേയ്ക്കും പഠനയാത്രകൾ നടത്തി.

**പരിയാരം വില്ലേജിനെ ഇ.എസ്.എ. ലിസ്റ്റിൽനിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടി**

28(3383) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ ഭാഗമായി ഇ.എസ്.എ. ലിസ്റ്റിൽ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജ് പിന്നീട് പരിയാരം, അതിരപ്പിള്ളി എന്നീ വില്ലേജുകളായി വിഭജിക്കപ്പെട്ടിട്ടുള്ളതിനെത്തുടർന്ന് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പരിയാരം വില്ലേജിനെ ഇ.എസ്.എ. ലിസ്റ്റിൽനിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) പരിയാരം വില്ലേജിനെ വിഭജിച്ച വിവരവും പുതിയ പരിയാരം വില്ലേജിനെ ഇ.എസ്.എ.-യിൽനിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച റിപ്പോർട്ടും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിനെ ഇ.എസ്.എ. ലിസ്റ്റിൽനിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുണ്ട്. പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെ (ഇ.എസ്.എ.) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ മേഖല, കൃഷി ഭൂമി തുടങ്ങിയവ ഇ.എസ്.എ. ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്ത തീരദേശ പരിപാലനചട്ടം

29(3384) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ 2017-ൽ വിജ്ഞാപനം ചെയ്ത തീരദേശ പരിപാലന ചട്ടം നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാന സർക്കാർ മറൈൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) മേൽപ്പറയുന്ന വിജ്ഞാപനത്തിൽ, സംസ്ഥാന/കേന്ദ്ര സർക്കാരുകൾക്ക് ആവശ്യമായ പക്ഷം ജനസാന്ദ്രതയുള്ള പ്രദേശങ്ങളെ മറൈൻ കോസ്റ്റൽ റെഗുലേഷൻ സോൺ II വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണെന്ന് പറയുന്നെങ്കിലും, കേരളത്തെ പോലെ സ്ഥല പരിമിതിയും കൂടിയ ജനസാന്ദ്രതയും ഉള്ള സംസ്ഥാനം ഈ വിഭാഗത്തിൽ ഉൾപ്പെടുന്നത് വികസന സാധ്യത ഇല്ലാതാക്കും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) മേൽപ്പറയുന്ന ചട്ടപ്രകാരം ദ്വീപുകളുടെ കാര്യത്തിൽ തീരത്തുനിന്ന് പാലിക്കേണ്ട അകലം 20 മീറ്ററായി നിജപ്പെടുത്തിയിട്ടുള്ളതിനാൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേന്ദ്രസർക്കാർ 18-4-2018-നാണ് കരട് തീരദേശ പരിപാലന വിജ്ഞാപനം പ്രസിദ്ധീകരിച്ചത്. കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ച് 60 ദിവസത്തിനുള്ളിൽ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംസ്ഥാന സർക്കാർ കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ട്. കരട് വിജ്ഞാപനത്തിന് കേന്ദ്ര സർക്കാർ നാളിതുവരെയും അന്തിമരൂപം നൽകിയിട്ടില്ല. കരട് വിജ്ഞാപന പ്രകാരം, മറൈൻ കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് (NCSCM) ആണ്. കരട് വിജ്ഞാപനത്തിന് കേന്ദ്രസർക്കാർ അന്തിമരൂപം നൽകിയതിനുശേഷം നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റ് പ്രസ്തുത പ്ലാൻ തയ്യാറാക്കുന്നതാണ്.

(ബി & സി) കരട് തീരദേശ പരിപാലന നിയന്ത്രണ വിജ്ഞാപനത്തെ സംബന്ധിച്ചുള്ള സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങളിൽ ഇക്കാര്യങ്ങളെല്ലാം ഉൾപ്പെടുത്തി കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

**മാഞ്ഞാലിതോടിന്റെ പുനർജനിക്കായി ആക്ഷൻ പ്ലാൻ**

30(3385) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മാഞ്ഞാലിതോട് പുനർജനിക്കായി ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് 16-11-2017-ലെ ജി.ഒ. (ആർ.റ്റി.) 118/2017/ പരിസ്ഥിതി(എ) വകുപ്പ് 8 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത വിഷയത്തിൽ സി.ഡബ്ല്യു.ആർ.ഡി.എം. നാളിതുവരെ നടത്തിയ പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പുമായി CWRDM ധാരണാപത്രം ഒപ്പുവച്ചതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറുടെ 25-1-2018-ലെ ഡി.ഒ.ഇ.സി.സി./ഇ 3/428/2017 നമ്പർ നടപടിക്രമം പ്രകാരം ആദ്യ ഗഡുവായ 4 ലക്ഷം രൂപയും 16-3-2018-ലെ ഡി.ഒ.ഇ.സി.സി./ഇ 3/428/2017 നമ്പർ നടപടിക്രമം പ്രകാരം രണ്ടാം ഗഡുവായ 4 ലക്ഷം രൂപയും അനുവദിക്കുകയുണ്ടായി.

(ബി) ഏപ്രിൽ, മേയ് മാസങ്ങളിലായി മാഞ്ഞാലിതോടിന്റെ പല ഭാഗങ്ങളിലായി CWRDM വിശദമായ സ്ഥല പരിശോധന നടത്തുകയുണ്ടായി. വാട്ടർ ക്വാളിറ്റി, ഗ്രൗണ്ട് വാട്ടർ ക്വാളിറ്റി എന്നിവ അനാലിസിസ് ചെയ്യുന്നതിനായി മാഞ്ഞാലിതോടിന്റെ പല ഭാഗങ്ങളിലായി വാട്ടർ സാമ്പിളുകൾ ശേഖരിച്ചു. മുഖ്യ നദികളുടെയും കൈവഴികളുടെയും എൺവയോൺമെന്റൽ സ്റ്റാറ്റസ് പരിശോധിച്ചു വരുന്നു. മാഞ്ഞാലിതോട് പരിധിയിലുള്ള Water Supply Schemes, Irrigation Schemes, Tanks And Ponds, Bore Wells ഇവയെക്കുറിച്ചുള്ള വസ്തുതാ വിവരണം ശേഖരിക്കുകയുണ്ടായി. സ്ഥല പരിശോധനയുടെ അടിസ്ഥാനത്തിലുള്ള പ്രൈമറി ഡാറ്റയുടെയും മറ്റുള്ള സ്രോതസ്സുകളിൽനിന്നുള്ള സെക്കണ്ടറി ഡാറ്റയുടെയും പ്രോസസിംഗ് ഇപ്പോൾ നടന്നുവരുന്നു.

## സി.ആർ.ഇസഡ്. ക്ലിയറൻസിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ

31(3386) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ കീഴിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സി.ആർ.ഇസഡ് ക്ലിയറൻസിനുവേണ്ടി സമർപ്പിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ;

(ബി) ഇത്രയും കാലതാമസം മറ്റ് വകുപ്പുകളിൽ ഇല്ലെന്നിരിക്കെ ഇതിന് പരിഹാരം കണ്ടെത്തുവാൻ നടപടി സ്വീകരിക്കുമോ;നിലവിൽ ജീവനക്കാർ ഇല്ലെങ്കിൽ അതിനുവേണ്ട തസ്തികകൾ അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിലെ പരിശോധന രീതി എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(ഡി) മലപ്പുറം ജില്ലയിലെ വള്ളിക്കുന്ന് പഞ്ചായത്തിൽനിന്നും അയച്ച 755-ാം നമ്പർ അപേക്ഷയിൽ (മുസ്തഫ തങ്ങൾ, അമ്പഴത്തിങ്ങൾ, മലപ്പുറം) ക്ലിയറൻസ് തീരുമാനമായിട്ടുണ്ടോ; വ്യക്തമാക്കുമോ; തീരുമാനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. തീർപ്പാക്കാൻ ഉണ്ടായിരുന്ന അപേക്ഷകൾ ഏറെക്കുറെ തീർപ്പാക്കി കഴിഞ്ഞു. കൂടാതെ വികസന നിഷിദ്ധ മേഖലയായി കരുതപ്പെടുന്ന കടലിൽനിന്നും 200 മീറ്ററിനും കായലിൽനിന്നും 100 മീറ്ററിനും ഇടയിൽ 100m$^2$ വരെ തറവിസ്തീർണ്ണമുള്ള വീടുകളുടെ നിർമ്മാണത്തിനും വികസന നിഷിദ്ധ മേഖലയുടെ വെളിയിൽ (കടലിൽനിന്ന് 200 മീറ്ററിനും 500 മീറ്ററിനും ഇടയിൽ) 250m$^2$ വരെയുമുള്ള വീടുകളുടെ നിർമ്മാണത്തിനും CRZ ക്ലിയറൻസ് നൽകുന്നതിനുള്ള അധികാരം കേരള തീരദേശ പരിപാലന അതോറിറ്റിയുടെ ജില്ലാതല കമ്മിറ്റികൾക്ക് കൈമാറുകയും ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലാതല കമ്മിറ്റികൾ സജീവമാക്കി ജില്ലാതല കമ്മിറ്റിയുടെ അധികാര പരിധിയിൽ തീർപ്പാക്കാവുന്ന അപേക്ഷകൾ തീർപ്പാക്കി വരികയുമാണ്. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ജില്ലാതല കമ്മിറ്റികൾ കൂടുകയും ഏകദേശം 868 അപേക്ഷകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി) കേരള തീരദേശ പരിപാലന അതോറിറ്റിയിലെ പ്രോജക്ട് ഫെല്ലോ ടെക്നിക്കൽ റിപ്പോർട്ട് തയ്യാറാക്കുന്നതിനെത്തുടർന്ന് പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിലെ സാങ്കേതിക വിഭാഗം ഉദ്യോഗസ്ഥന്മാർ പ്രസ്തുത റിപ്പോർട്ട്

പരിശോധിച്ച് ഒപ്പുവച്ചതിനുശേഷം ആയത് അജണ്ടയിൽ ഉൾപ്പെടുത്തി കേരള തീരദേശ പരിപാലന അതോറിറ്റിയുടെ മീറ്റിംഗിൽ വച്ച് തീരുമാനമെടുക്കുകയാണ് ചെയ്തുവരുന്നത്.

(ഡി) തീരുമാനമായിട്ടില്ല. കേരള തീരദേശ പരിപാലന അതോറിറ്റിയിൽ CRZ ക്ലിയറൻസിനായി ലഭിക്കുന്ന അപേക്ഷകൾ സീനിയോറിറ്റി ക്രമത്തിലാണ് അതോറിറ്റിയുടെ മീറ്റിംഗിൽ വച്ച് തീരുമാനമെടുക്കുന്നത്. പ്രസ്തുത അപേക്ഷയുടെ സീനിയോറിറ്റിയാകുന്ന മുറയ്ക്ക് തീരുമാനം കൈക്കൊള്ളുന്നതാണ്.

## വാഹനപുക പരിശോധനാ യന്ത്രങ്ങളുടെ ഗുണനിലവാരം

32(3387) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിദിനം വാഹനങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വാഹനപുക പരിശോധനാ യന്ത്രങ്ങളുടെയും പരിശോധനാ കേന്ദ്രങ്ങളുടെയും ഗുണനിലവാരം പരിശോധിക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ;

(ബി) ക്രമവിരുദ്ധമായി വാഹനപുക പരിശോധനാ സർട്ടിഫിക്കറ്റ് നൽകുന്നതുവഴി നിരത്തിലോടുന്ന സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ വൻതോതിൽ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിരത്തിലോടുന്ന എല്ലാ വാഹനങ്ങൾക്കും കർശന മലിനീകരണ നിയന്ത്രണ സ്റ്റാൻഡേർഡ് ഉറപ്പുവരുത്താൻ അടിയന്തരമായി നടപടി സ്വീകരിക്കാമോ ;

(ഡി) ഇതിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും പ്രവർത്തനങ്ങളെ ഏകോപിച്ചുകൊണ്ട് ഒരു കർമ്മപദ്ധതി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. ആയതിനുപുറമെ ഇവ കേന്ദ്രീകൃത സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ കെൽട്രോൺ മുഖേന നടന്നുവരുന്നു.

(ബി) ഉണ്ട്.

(സി) കേന്ദ്രീകൃത സംവിധാനം നടപ്പിൽവരുത്തുന്നതോടുകൂടി കർശന മലിനീകരണ നിയന്ത്രണ സ്റ്റാൻഡേർഡ് ഉറപ്പുവരുത്തുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഡി) ഇത്തരത്തിലുള്ള ഒരു പദ്ധതി നിലവിൽ പരിഗണനയിലില്ല.

## പ്ലാസ്റ്റിക്/മാലിന്യവിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് പദ്ധതി

33(3388) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാസ്റ്റിക്/മാലിന്യവിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസ-തദ്ദേശസ്വയംഭരണ വകുപ്പുകളുമായി ചേർന്ന് ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വിദ്യാലയങ്ങളിലെ മാലിന്യ സംസ്കരണത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ& ബി) ഉണ്ട്. പ്ലാസ്റ്റിക്/മാലിന്യ വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് വിദ്യാഭ്യാസ/തദ്ദേശസ്വയംഭരണ വകുപ്പുമായും ഹരിത കേരള മിഷനുമായും ചേർന്ന് സർക്കാർ ഗ്രീൻ പ്രോട്ടോക്കോൾ എന്നൊരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിൽ ജൈവം, അജൈവം എന്നിങ്ങനെ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കാൻ മാലിന്യ വിമുക്തം ബോർഡ് സ്കൂളുകളിൽ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന കോളേജുകളിൽ സെമിനാറുകൾ, ചർച്ചാ ക്ലാസുകൾ, ലേഖന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ തുടങ്ങിയവ വിവിധ ക്ലബ്ബുകളുമായും എൻ.സി.സി., എൻ.എസ്.എസ്. എന്നീ യൂണിറ്റുകളുമായും ചേർന്ന് നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കോളേജുകളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് പ്ലാസ്റ്റിക് മാലിന്യ വിമുക്ത ക്യാമ്പസുകൾ സൃഷ്ടിക്കുന്നതിന് ബിന്നുകൾ, ചവർ സംസ്കരണ യൂണിറ്റ്, നാപ്കിനുകൾ നശിപ്പിക്കുന്നതിനുള്ള ഇൻസിനറേറ്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മുഴുവൻ സ്ഥാപനങ്ങളിലും ദൈനംദിന പ്രവർത്തനത്തിന്റെ

ഭാഗമായും അല്ലാതെയും നടത്തുന്ന ചടങ്ങുകളിലും പ്ലാസ്റ്റിക് വസ്തുക്കൾ ഒഴിവാക്കി പുനരുപയോഗിക്കാൻ കഴിയുന്നവ മാത്രം ഉപയോഗിച്ച് ഹരിത പെരുമാറ്റ ചട്ടം ബാധകമാക്കാനായി ഒരു നോഡൽ ഓഫീസറെ നിയമിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാലയങ്ങളിലെ ജൈവ-അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നതിന് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, മാലിന്യ സംസ്കരണ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

കേരള സർവ്വകലാശാലയുടെ കാര്യവട്ടം അക്കാദമിക് ക്യാമ്പസ് പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസായി പ്രഖ്യാപിക്കുകയും പ്ലാസ്റ്റിക് നിർമ്മാർജ്ജന പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം നഗരസഭയുടെ സഹായത്തോടെ എല്ലാ മാസവും ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ നീക്കം ചെയ്യാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. പ്ലാസ്റ്റിക് ശേഖരണത്തിനുള്ള കൂടകൾ സ്ഥാപിക്കുകയും വിദ്യാർത്ഥികളെയും അദ്ധ്യാപക-അനദ്ധ്യാപകരെയും പങ്കെടുപ്പിച്ച് ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നുണ്ട്. സർവ്വകലാശാലയുടെ കാര്യവട്ടം ക്യാമ്പസിലുള്ള വനിതാ ഹോസ്റ്റലിൽ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കാന്റീനുകൾ, മറ്റ് ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മഹാത്മാഗാന്ധി സർവ്വകലാശാല ക്യാമ്പസ് മാലിന്യമുക്തമാക്കുന്നതിന് വേണ്ടി സർവ്വകലാശാല ക്യാമ്പസിൽ വച്ച് നടക്കുന്ന ഔദ്യോഗികവും അനൗദ്യോഗികവുമായ സദ്യകൾ, സൽക്കാരങ്ങൾ എന്നിവയിൽ അജൈവ വസ്തുക്കൾകൊണ്ട് നിർമ്മിച്ച പ്ലേറ്റ്, ഗ്ലാസ്, കടലാസ് തുടങ്ങിയവയുടെ ഉപയോഗം നിയന്ത്രിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകരുമായി ചേർന്ന് സർവ്വകലാശാലയിലുണ്ടായിരുന്ന മുഴുവൻ ഇ-മാലിന്യവും 2018 മാർച്ച് മാസത്തോടെ നീക്കംചെയ്തു. ജൈവ മാലിന്യങ്ങളുടെ ശാസ്ത്രീയ സംസ്കരണത്തിനായി കമ്പോസ്റ്റിംഗ്/ ബയോഗ്യാസ് നിർമ്മാണം എന്നിവ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

ഹരിത കേരള മിഷൻ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയിൽ ഒരു നോഡൽ ഓഫീസറെ നിയമിക്കുകയും ജീവനക്കാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പ്ലാസ്റ്റിക് ഉപേക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നൽകിവരുന്നു.

## വെള്ളായണി കായലിന്റെ നാശോന്മുഖമായ സാഹചര്യം

34(3389) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏക ശുദ്ധജല തടാകമായ വെള്ളായണി കായൽ പായലും താമരയും മറ്റും വളർന്ന് ചെളി നിറഞ്ഞ് നാശോന്മുഖമായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിഴിഞ്ഞം പദ്ധതി ഉൾപ്പെടെ നിരവധി ശുദ്ധജല വിതരണ പദ്ധതികൾക്ക് വെള്ളം എടുക്കുന്ന ഈ കായലിലെ ചെളിയും പായലും മാറ്റി സംഭരണശേഷി വീണ്ടെടുക്കാൻ നടപടി സ്വീകരിക്കുമോ;

(സി) കായലിന്റെ എല്ലാ വശങ്ങളിലുമുള്ള അനിയന്ത്രിതമായ കയ്യേറ്റം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് കായലിന് സംരക്ഷണ ഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) കായലിനോട് ചേർന്ന് വീടുകളും മറ്റും നിർമ്മിച്ചതു വഴി അവരുടെ കക്കൂസ് മാലിന്യം കായലിൽ കലരുന്നതായ സാഹചര്യത്തിൽ ഇത്തരക്കാരെ നിലവിലെ നിയമങ്ങൾ അനുസരിച്ച് ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) കായലിന്റെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് കോട്ടംതട്ടാത്തവിധം വെള്ളായണി കായൽ നോട്ടിഫൈഡ് തണ്ണീർത്തടങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാർ സഹായത്തോടെ സമഗ്രമായ സംരക്ഷണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി സ്വീകരിച്ചുവരുന്നുണ്ട്.

(സി) നിലവിലുള്ള ഭൂനിയമപ്രകാരം കായലിന്റെ എല്ലാ വശങ്ങളിലുമുള്ള കയ്യേറ്റക്കാരെ ഒഴിപ്പിച്ച് കായൽ സംരക്ഷിക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) കക്കൂസ് മാലിന്യം കായലിൽ കലരുന്നതിന് ഇടയാക്കുന്നവർക്കെതിരെ നിലവിലുള്ള നിയമപ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നു.

## കെ.എ.എസ്. നിയമനം

35(3390) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്. നിയമനത്തിനുള്ള രണ്ടാം സ്കീമിൽ ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരീക്ഷ എഴുതുന്നതിനുള്ള അവസരം നൽകേണ്ടതില്ല എന്ന തീരുമാനമെടുക്കുന്നതിനായി നിയമോപദേശം തേടിയിരുന്നോ; ഇല്ലെങ്കിൽ ഇപ്രകാരം തീരുമാനമെടുക്കാനിടയായ സാഹചര്യം വിശദമാക്കുമോ;

(ബി) ഇപ്രകാരം തീരുമാനമെടുക്കുന്നതിനാധാരമായ രേഖകളുടെയും ഈ തീരുമാനം അംഗീകരിച്ച മന്ത്രിസഭാ യോഗത്തിന്റെ മിനിട്ട്സിന്റെയും അതിനായി നൽകിയ കുറിപ്പിൻെറയും പകർപ്പുകൾ നൽകാമോ;

(സി) ഒരേ രീതിയിലുള്ള യോഗ്യതാ പരീക്ഷകൾ വിജയിച്ച് ഓരോ റാങ്ക് ലിസ്റ്റിൽ നിന്ന് വ്യത്യസ്ത സ്ഥാപനങ്ങളിൽ ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമനം ലഭിക്കുമ്പോൾ ഇപ്രകാരം നയപരമായ തീരുമാനമെടുത്ത് ചില സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് മാത്രം പരീക്ഷ എഴുതുന്നതിനുള്ള അവസരം നിഷേധിക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനമല്ലേ; എങ്കിൽ തീരുമാനം പുനഃപരിശോധിച്ച് നീതിലംഘനം പരിഹരിക്കുമോ;

(ഡി) കെ.എ.എസ്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് പി.എസ്.സി. നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് സർക്കാരും പി.എസ്.സി.-യും തമ്മിൽ നടത്തിയ കത്തിടപാടുകളുടെ പകർപ്പുകൾ നൽകാമോ?

### ഉത്തരം

(എ) ഇക്കാര്യത്തിൽ നിയമോപദേശം തേടിയിരുന്നില്ല. കെ.എ.എസ്. രൂപീകരിക്കാൻ രണ്ടാം ഗസറ്റഡ് ജീവനക്കാരുടെ 10% തസ്തിക കുറവ് വരുത്തിയതിൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. കെ.എ.എസ്. ഉദ്യോഗസ്ഥരെ ഭരണഘടനാ സ്ഥാപനങ്ങളിൽ നിയമിക്കാനും ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് സ്കീം II-ൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്താതിരുന്നത്.

(ബി) മന്ത്രിസഭാ യോഗം ഈ വിഷയം പ്രത്യേകമായി പരിഗണിച്ചിട്ടില്ല. സെക്രട്ടറിതല സമിതിയാണ് കെ.എ.എസ്. കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. കരട് ചട്ടത്തിലെ സ്കീം II, III എന്നിവയിൽ ഭരണഘടനാ സ്ഥാപനങ്ങൾ ഉൾപ്പെടുന്നില്ല. പ്രസ്തുത സമിതി തയ്യാറാക്കിയ കരട് ചട്ടങ്ങളാണ് മന്ത്രിസഭ അംഗീകരിച്ചിട്ടുള്ളത്.

(സി) 'എ' പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ പരിഗണനയിലില്ല.

(ഡി) പരീക്ഷാ വിജ്ഞാപനം സംബന്ധിച്ച് പി.എസ്.സി..-യുമായി കൂടിയാലോചന നടത്തിവരുന്നു. കത്തിടപാടുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## കെ.എ.എസ്. നിയമനങ്ങളിലെ സംവരണം

36(3391) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.എസ്സ്.-ലെ സ്ട്രീം II, III നിയമനങ്ങളിൽ സംവരണം പാലിക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം തേടിയത് ഏത് സാഹചര്യത്തിലായിരുന്നുയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ നിയമപ്രശ്നങ്ങൾ സംബന്ധിച്ചാണ് അഡ്വക്കേറ്റ് ജനറലിനോട് ഉപദേശം തേടിയതെന്നും അങ്ങനെ നിയമോപദേശം ആവശ്യപ്പെട്ട കത്തിന്റെയോ കുറിപ്പ് ഫയലിന്റെയോ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിൽ പരാമർശിച്ചപോലെ സ്ട്രീം II-ലും III-ലും സംവരണം ഏർപ്പെടുത്തുന്നത് കെ.എ.എസ്സ്.-ന്റെ കാര്യക്ഷമതയെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ;വ്യക്തമാക്കുമോ;

(ഡി) സ്ട്രീം II-ലും III-ലും സംവരണം ഏർപ്പെടുത്തുന്നത് നിയമവിരുദ്ധവും ഭരണഘടനാ വിരുദ്ധവുമാണെന്ന് എ.ജി. അഭിപ്രായപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത സ്ട്രീമുകളിൽ സംവരണം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് നിയമ വകുപ്പിനോടും നിയമോപദേശം ചോദിച്ചിരുന്നുവോ;ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) പ്രസ്തുത സ്ട്രീമുകളിലെ സംവരണം സംബന്ധിച്ച് എ.ജി. യും ന്യൂനപക്ഷ കമ്മീഷനും വ്യത്യസ്ത അഭിപ്രായം രേഖപ്പെടുത്തിയ സാഹചര്യത്തിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) പട്ടികജാതി ക്ഷേമ സമിതി സമർപ്പിച്ച ഹർജിയിന്മേലാണ് അഡ്വക്കേറ്റ് ജനറലിനോട് നിയമോപദേശം ആവശ്യപ്പെട്ടത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം *)

(സി) കെ.എ.എസ്. ചട്ടത്തിൽ സ്ക്കീം II, III എന്നിവയിൽ ബൈ ട്രാൻസ്ഫർ നിയമന രീതിയാണ് നിഷ്കർഷിച്ചിരിക്കുന്നത്. നേരിട്ടുള്ള നിയമന രീതിക്കാണ് കെ.എസ്.ആൻഡ് എസ്.എസ്.ആർ. ചട്ടങ്ങൾ പ്രകാരമുള്ള സംവരണം ബാധകമാകുന്നത്.

(ഡി) ഇതുസംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചു. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. (അനുബന്ധം *)

(ഇ) ഇല്ല. കെ.എ.എസ്. ചട്ടം രൂപീകരിക്കാൻ നിയോഗിച്ചിരുന്ന സെക്രട്ടറിതല സമിതിയിൽ നിയമ സെക്രട്ടറി അംഗമായിരുന്നു. കെ.എ.എസ്. ചട്ടങ്ങൾ ക്രമപ്രകാരമാണെന്ന് നിയമ സെക്രട്ടറി രേഖപ്പെടുത്തിയിരുന്നു.

(എഫ്) കെ.എ.എസ്. സംവരണ വിഷയത്തിൽ അഡ്വക്കേറ്റ് ജനറൽ നൽകിയിട്ടുള്ള നിയമോപദേശ പ്രകാരം തുടർ നടപടി ആവശ്യമില്ല. കമ്മീഷന്റെ അഭിപ്രായം പരിശോധനയിലാണ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ രണ്ടാം സ്കീം നിയമനം

37(3392) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ രണ്ടാം സ്കീമിൽ, നിയമോപദേശം തേടാതെ ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാരെ മാത്രം ഒഴിവാക്കുന്നത് സംബന്ധിച്ച നയപരമായ തീരുമാനമെടുക്കാനുണ്ടായ സാഹചര്യമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഒരേ പരീക്ഷ എഴുതിയവർക്ക് ഒരേ റാങ്ക് ലിസ്റ്റിൽനിന്നും വ്യത്യസ്ത സ്ഥാപനങ്ങളിൽ ഒഴിവിന്റെ അടിസ്ഥാനത്തിൽ നിയമനം നൽകുമ്പോൾ, ഒരു വിഭാഗം ജീവനക്കാർക്ക് മാത്രം നയപരമായ തീരുമാനത്തിന്റെ പേരിൽ അവസരം നിഷേധിക്കുന്നത് സ്വാഭാവിക നീതിയുടെ ലംഘനമാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുമോ;

(സി) കെ.എ.എസ്.-ലെ സ്കീം രണ്ടിലേക്ക് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അപേക്ഷിക്കാനാവില്ല എന്ന നയപരമായ തീരുമാനം ഏത് മന്ത്രിസഭാ യോഗത്തിലാണ് എടുത്തത്; പ്രസ്തുത മന്ത്രിസഭാ യോഗത്തിന്റെ മിനിട്സിന്റെയും ഈ വിഷയത്തിന്മേൽ യോഗത്തിനുള്ള കുറിപ്പിന്റെയും പകർപ്പ് ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ & ബി) കെ.എ.എസ്. രൂപീകരിക്കാൻ രണ്ടാം ഗസറ്റഡ് ജീവനക്കാരുടെ 10% തസ്തിക കുറവ് വരുത്തിയതിൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്തിയിട്ടില്ല. കെ.എ.എസ്. ഉദ്യോഗസ്ഥരെ ഭരണഘടനാ സ്ഥാപനങ്ങളിൽ നിയമിക്കാനും ഉദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിലാണ് സ്കീം II-ൽ ഭരണഘടനാ സ്ഥാപനങ്ങളെ ഉൾപ്പെടുത്താതിരുന്നത്.

(സി) ഇക്കാര്യം പ്രത്യേകമായി മന്ത്രിസഭാ യോഗം പരിഗണിച്ചിട്ടില്ല. സെക്രട്ടറിതല സമിതിയാണ് കെ.എ.എസ്. കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. കരട് ചട്ടത്തിലെ സ്കീം II, III എന്നിവയിൽ ഭരണഘടനാ സ്ഥാപനങ്ങൾ ഉൾപ്പെടുന്നില്ല. പ്രസ്തുത സമിതി തയ്യാറാക്കിയ കരട് ചട്ടങ്ങളാണ് മന്ത്രിസഭ അംഗീകരിച്ചിട്ടുള്ളത്.

## പി.എസ്.സി. നിയമനം ലഭിച്ചവരുടെ കണക്ക്

38(3393) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പി.എസ്.സി. മുഖാന്തരം എത്ര പേർക്ക് ജോലികൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2017 ഏപ്രിൽ മുതൽ 2018 ഏപ്രിൽ 30 വരെയുള്ള കാലയളവിൽ 36467 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ഇതിൽ 13299 എണ്ണം സംസ്ഥാനതല നിയമനത്തിനുള്ള ശിപാർശയും 23168 എണ്ണം ജില്ലാതല നിയമനത്തിനുള്ള ശിപാർശയുമാണ്.

ജില്ലാതല നിയമനം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 2526 |
| 2 | കൊല്ലം | 1231 |
| 3 | പത്തനംതിട്ട | 1393 |
| 4 | ആലപ്പുഴ | 1295 |
| 5 | കോട്ടയം | 1049 |

| (1) | (2) | (3) |
|---|---|---|
| 6 | ഇടുക്കി | 1912 |
| 7 | എറണാകുളം | 2061 |
| 8 | തൃശ്ശൂർ | 2225 |
| 9 | പാലക്കാട് | 1412 |
| 10 | മലപ്പുറം | 2528 |
| 11 | കോഴിക്കോട് | 1740 |
| 12 | വയനാട് | 878 |
| 13 | കണ്ണൂർ | 1279 |
| 14 | കാസർഗോഡ് | 1639 |

## ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കുലർ

39(3394) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മാർച്ച് 31 വരെ ഉണ്ടായിരുന്ന ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന സർക്കുലർ പാലിക്കാത്ത വകുപ്പ് മേലധികാരികളും നിയമനാധികാരികളും ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന ആവശ്യം

40(3395) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാസ്റ്റ് ഗ്രേഡ് സെർവന്റ്സിന്റെ ജില്ലാ പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന റാങ്ക് ഹോൾഡേഴ്സിന്റെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബിരുദധാരികൾ ഉൾപ്പെടുന്ന ലാസ്റ്റ് ഗ്രേഡ് സെർവന്റിന്റെ അവസാനത്തെ റാങ്ക് ലിസ്റ്റ് എന്ന പരിഗണന നല്കി കാലാവധി ദീർഘിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) എറണാകുളം ജില്ലയിൽ നിലവിലുള്ളതും 30.06.2018-ൽ കാലാവധി അവസാനിക്കുന്നതുമായ റാങ്ക് ലിസ്റ്റിൽനിന്നും യോഗ്യതാ പരിഷ്കരണത്തിന്റെ പേരിലും ഭിന്നശേഷിക്കാരുടെ സംവരണ ക്രമം പുനർക്രമീകരിച്ചതിന്റെ പേരിലും റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ കാലതാമസം നേരിട്ടിരുന്നോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത കാലം പരിഗണിച്ച് കാലാവധി ദീർഘിപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

(സി & ഡി) ഇല്ല.

## ഇൻഡ്യൻ റിസർവ് ബറ്റാലിയൻ റാങ്ക് ലിസ്റ്റ്

41(3396) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഡ്യൻ റിസർവ് ബറ്റാലിയനിലെ കോൺസ്റ്റബിൾ തസ്തികയിലേക്ക് കെ.പി.എസ്.സി. 2016 ജൂലൈ 2-ാം തീയതി നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബറ്റാലിയന്റെ ഒരു ബറ്റാലിയൻ കൂടി അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) രണ്ടാം ഐ.ആർ. ബറ്റാലിയൻ രൂപീകരിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര ഗവൺമെന്റിന്റെ അനുമതിക്ക് സമർപ്പിച്ചിരുന്നു. എന്നാൽ അധീഷണൽ ഐ.ആർ. ബറ്റാലിയനുകൾ അനുവദിക്കുന്നതിന്മേൽ Cabinet Committee on Security-യുടെ തീരുമാനമുണ്ടാകുന്ന മുറയ്ക്ക് രണ്ടാം ഐ.ആർ. ബറ്റാലിയൻ രൂപീകരണ ആവശ്യം പരിഗണിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്ന് മറ്റ് അറിയിപ്പുകളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

## കെയർടേക്കർ (മെയിൽ) തസ്തികയിലെ നിയമനം

42(3397) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ കെയർടേക്കർ (മെയിൽ) തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി പി.എസ്.സി. 13-3-2018 ന് നടത്തിയ ഓൺലൈൻ പരീക്ഷയിന്മേൽ എന്തെല്ലാം തുടർ നടപടിയുണ്ടായിട്ടുണ്ടെന്നും റാങ്ക് ലിസ്റ്റ്/ഷോർട്ട് ലിസ്റ്റ് എന്നത്തേക്ക് പ്രസിദ്ധീകരിക്കാൻ കഴിയുമെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; റിപ്പോർട്ട് ചെയ്ത തീയതി വ്യക്തമാക്കാമോ?

ഉത്തരം

(എ) സാധ്യതാ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 14-7-2017 തീയതിയിൽ ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനായി കൺഫർമേഷൻ

43(3398) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. നടത്തുന്ന പരീക്ഷയുടെ ഹാൾടിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനായി കൺഫർമേഷൻ നൽകണമെന്ന വ്യവസ്ഥ ഏർപ്പെടുത്തിയിട്ടുണ്ടോ;ഇതെന്നുമുതലാണ് പ്രാബല്യത്തിൽ വന്നത്;ഇത് നടപ്പിലാക്കിയ പരീക്ഷകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) വിവിധ കാരണങ്ങളാൽ കൺഫർമേഷൻ നൽകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾ ഹാൾടിക്കറ്റ് ലഭ്യമാക്കണമെന്ന അപേക്ഷകൾ രേഖാമൂലം നൽകിയിട്ടുണ്ടോ;അപ്രകാരം ആവശ്യപ്പെട്ടവർക്ക് ഹാൾടിക്കറ്റ് അനുവദിച്ചിട്ടുണ്ടോ;

(സി) കൺഫർമേഷൻ നൽകിയ ശേഷം പരീക്ഷകൾ മാറ്റി വയ്ക്കപ്പെട്ടാൽ പരീക്ഷാസെന്ററുകൾ മാറുന്നുവെങ്കിൽ എന്ത് നടപടിക്രമമാണ് പാലിച്ചു വരുന്നത്;വീണ്ടും കൺഫർമേഷൻ നൽകേണ്ടി വരുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) കൺഫർമേഷൻ നൽകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് കൂടി പരീക്ഷക്ക് മുമ്പായി ഹാൾടിക്കറ്റ് ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ആഗസ്റ്റ് 15 മുതൽ എല്ലാ പരീക്ഷകൾക്കും ഹാൾടിക്കറ്റ് ഡൗൺലോഡിംഗുമായി ബന്ധപ്പെട്ട് കൺഫർമേഷൻ നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. അതിന് മുന്നോടിയായി യഥാക്രമം 26-5-2018, 9-6-2018 എന്നീ തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന Civil Police Officer/Women Civil Police Officer, Company/Corporation Assistant എന്നീ പരീക്ഷകൾക്ക് കൺഫർമേഷൻ നൽകുന്ന രീതി അവലംബിക്കാൻ പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ കൺഫർമേഷൻ നൽകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾ ഒരു അവസരം കൂടി നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൺഫർമേഷൻ നൽകുന്ന സമ്പ്രദായം Civil Police Officer/Women Civil Police Officer പരീക്ഷകൾക്ക് നടപ്പിലാക്കുന്നതായതിനാൽ കൺഫർമേഷൻ നൽകാൻ കഴിയാത്ത ഉദ്യോഗാർത്ഥികൾക്ക് 3 ദിവസംകൂടി കൺഫർമേഷൻ നൽകുന്നതിലേയ്ക്കായി നീട്ടിനൽകിയിരുന്നു.

(സി) വീണ്ടും കൺഫർമേഷൻ നൽകേണ്ടതില്ല. കൺഫർമേഷൻ നൽകി ഡൗൺലോഡ് ചെയ്ത അതേ ഹാൾടിക്കറ്റ് ഉപയോഗിച്ചുതന്നെ ഉദ്യോഗാർത്ഥികൾക്ക് പരീക്ഷ എഴുതാവുന്നതാണ്.

(ഡി) 26-5-2018-ന് നടക്കേണ്ടിയിരുന്ന Civil Police Officer/Women Civil Police Officer പരീക്ഷയ്ക്ക് കൺഫർമേഷൻ സമ്പ്രദായം ആദ്യമായി നടപ്പിലാക്കിയതിനാലാണ് 3 ദിവസംകൂടി കൺഫർമേഷൻ നൽകുന്നതിലേയ്ക്കായി ഇളവ് അനുവദിച്ചത്. തുടർന്നുള്ള പരീക്ഷകൾക്ക് ഇളവ് അനുവദിക്കേണ്ടതില്ലെന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

**വികലാംഗർക്കായുള്ള പി.എസ്.സി. പരീക്ഷകൾ**

44(3399) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്കായി സംവരണം ചെയ്ത ഒഴിവുകളിലേയ്ക്കായി പി.എസ്.സി. പ്രത്യേക പരീക്ഷകൾ നടത്തുന്നുണ്ടോ; എങ്കിൽ 2012 മുതൽ ഏതെല്ലാം തസ്തികകളിലേയ്ക്കാണ് പരീക്ഷ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) 436/2012, 524/2014, 56/2014, 782/2014, 194/2015, 222/2015,337/2016, 353/2016, 413/2016, 123/2017 എന്നീ നമ്പർ പ്രകാരമുള്ള കാറ്റഗറികളിലേക്ക് പരീക്ഷകൾ നടത്തുകയുണ്ടായോ; വ്യക്തമാക്കുമോ;

(സി) പരീക്ഷകൾ നടത്തിയിട്ടുണ്ടെങ്കിൽ അവയിൽ ഏതെല്ലാം തസ്തികകളുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെന്നും അവയുടെ നിലവിലെ സ്ഥിതിയും ലഭ്യമാക്കുമോ; പരീക്ഷകൾ നടത്തിയിട്ടില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) പി.എസ്.സി. പരീക്ഷകളിൽ ഹാൾടിക്കറ്റിനായി കൺഫർമേഷൻ നടത്തുന്ന സമ്പ്രദായം ആവിഷ്കരിച്ചതെപ്പോഴാണ്; ആയതിൽ നിന്ന് വികലാംഗരായ ഉദ്യോഗാർത്ഥികളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സാങ്കേതിക കാരണങ്ങളാൽ പരീക്ഷ നീട്ടി വയ്ക്കുന്ന/മാറ്റിവയ്ക്കുന്ന സാഹചര്യങ്ങളിൽ ഹാൾടിക്കറ്റിന് കൺഫർമേഷൻ നൽകാൻ കഴിയാതാകുന്നതോ നൽകാതിരുന്നതോ ആയ ഉദ്യോഗാർത്ഥികൾക്ക് പുനഃപരീക്ഷയിൽ ഹാൾടിക്കറ്റ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വികലാംഗർക്കായി സംവരണം ചെയ്ത ഒഴിവുകളിലേയ്ക്കുള്ള വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ മതിയായ എണ്ണം അപേക്ഷകൾ ലഭിക്കുന്ന പക്ഷം OMR/Online പരീക്ഷകൾ നടത്താറുണ്ട്. അപേക്ഷകരുടെ എണ്ണം വളരെ കുറവാണെങ്കിൽ ഇന്റർവ്യൂ മാത്രം നടത്തി തെരഞ്ഞെടുപ്പ് നടപടിക്രമം പൂർത്തീകരിക്കാറുണ്ട്. 2012-നുശേഷം വികലാംഗ സംവരണം ചെയ്ത ഒഴിവുകളിലേയ്ക്ക് നടത്തിയ പരീക്ഷകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കാറ്റഗറി നമ്പർ | പരീക്ഷയുടെ പേര് | OMR/Online |
|---|---|---|---|
| 1 | 258/12 | LDC (Various) | OMR |
| 2 | 646/13 | D' man Gr.II. KWA | Online |
| 3 | 097/14 | Agriculture Assistant Grade II, Agriculture Department | Online |
| 4 | 413/16 | LDC/Village Assistant | OMR |

(ബി & സി) 436/12, 782/14, 194/15, 222/15, 413/16, 123/17 എന്നീ കാറ്റഗറികളിലേയ്ക്ക് പി.എസ്.സി. പരീക്ഷ നടത്തിയിട്ടുണ്ട്. 524/14, 56/14 എന്നീ കാറ്റഗറികളിലേയ്ക്ക് അഭിമുഖം നടത്തി റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. 353/16-Process Serever (Judicial) കൊല്ലം, കാസർഗോഡ് ജില്ലകളിൽ നിന്നു മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവായതിനാൽ പ്രസ്തുത ജില്ലകളുടെ പരീക്ഷ മാത്രം നടത്തിയിട്ടുണ്ട്. 337/16 Peon (Apex Co-operative Society) സ്പെഷ്യൽ റൂൾ പരിഷ്കരിച്ചതിനാൽ ഈ വിജ്ഞാപനം റദ്ദ് ചെയ്തു.

(ഡി) 26-5-2018 മുതലുള്ള പരീക്ഷകൾക്കാണ് കൺഫർമേഷൻ സംവിധാനം നടപ്പിലാക്കിയത്. (സാങ്കേതിക കാരണങ്ങളാൽ ടി പരീക്ഷ 22-7-2018-ലേയ്ക്ക് മാറ്റിയിട്ടുണ്ട്.) 2018 ആഗസ്റ്റ് 15 മുതൽ എല്ലാ പരീക്ഷകൾക്കും ഹാൾടിക്കറ്റ് ഡൗൺലോഡിംഗുമായി ബന്ധപ്പെട്ട് കൺഫർമേഷൻ നൽകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. നിശ്ചിത തീയതിക്കകം പരീക്ഷ എഴുതുമെന്ന് കൺഫർമേഷൻ നൽകുന്ന അപേക്ഷകരുടെ എണ്ണം അടിസ്ഥാനമാക്കിയാണ് പരീക്ഷാ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കൽ, ചോദ്യപേപ്പർ അച്ചടി ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ നടത്തുന്നത്. നിരവധി സാങ്കേതികവും പ്രായോഗികവുമായ തടസ്സങ്ങൾ ഉണ്ടാകുമെന്നതിനാൽ ഒരു വിഭാഗത്തേയും ഈ സംവിധാനത്തിൽനിന്നും ഒഴിവാക്കാൻ പി.എസ്.സി. തീരുമാനിച്ചിട്ടില്ല.

(ഇ) 26-5-2018-ന് നടക്കേണ്ടിയിരുന്നതും എന്നാൽ മാറ്റിവച്ചതുമായ CPO/WCPO പരീക്ഷയ്ക്ക് കൺഫർമേഷൻ സമ്പ്രദായം ആദ്യമായി നടപ്പിലാക്കിയതിനാലാണ് 3 ദിവസംകൂടി കൺഫർമേഷൻ നൽകുന്നതിനായി ഇളവ് അനുവദിച്ചത്. തുടർന്നുള്ള പരീക്ഷകൾക്ക് ഇളവ് അനുവദിക്കേണ്ടതില്ലെന്ന് പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് സൃഷ്ടിച്ച വിവിധ തസ്തികകൾ

45(3400) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 24-7-2017-ലെ സ.ഉ.(കൈ)/17/2017/ഉ.ഭ.പ.വ.പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് സൃഷ്ടിച്ച വിവിധ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം സൃഷ്ടിച്ചിട്ടുള്ള ഒൻപത് അസിസ്റ്റന്റ് തസ്തികകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നും നിലവിലുള്ള സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്നുമുള്ള റാങ്ക് ഹോൾഡേഴ്സിന്റെ നിവേദനം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത നിവേദനപ്രകാരം കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ മൂന്ന് ബഞ്ചുകളിലേയ്ക്കായി 37 പുതിയ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 24-7-2017-ലെ സ.ഉ (കൈ)നമ്പർ 17/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ നിയമനം PSC മുഖേന നടപ്പിലാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്ടിന് 8-2-2018 മുതൽ പ്രാബല്യ തീയതി നിശ്ചയിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) ഇതുസംബന്ധിച്ച നിവേദനം ലഭിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## എച്ച്.എസ്.എ. സോഷ്യൽ സയൻസ് നിയമനം

46(T* 3401) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എ. സോഷ്യൽ സയൻസ് കാസർഗോഡ് ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ ഉണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ പി.എസ്.സി. പരീക്ഷയും ഇന്റർവ്യൂവും പൂർത്തിയാക്കിയിട്ടും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയിൽ എച്ച്.എസ്.എ. സോഷ്യൽ സയൻസ് തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) പ്രസ്തുത റാങ്ക് ലിസ്റ്റ് അടിയന്തരമായി പ്രസിദ്ധീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ടി തസ്തികയുടെ ഇന്റർവ്യൂ 27-4-2018-ൽ പൂർത്തിയായിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 22 ഒഴിവുകൾ.

(ഡി) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## എച്ച്.എസ്.എ. റാങ്ക് ലിസ്റ്റ്

47(3402) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ.നാച്വറൽ സയൻസ് പരീക്ഷ കഴിഞ്ഞിട്ടും മറ്റ് നടപടികൾ പൂർത്തിയാക്കി പി.എസ്.സി. ഇതുവരെയും റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം എന്താണ്; വ്യക്തമായ വിശദാംശം നൽകുമോ;

(ബി) അടിയന്തരമായി മേൽ സൂചിപ്പിച്ച എച്ച്.എസ്.എ. നാച്വറൽ സയൻസ് (കാറ്റഗറി നം. 659/2012) ന്റെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനും നിയമന നടപടികൾ ആരംഭിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ;

(സി) നിയമനം എപ്പോൾ നടത്താനാവുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മലപ്പുറം ജില്ലയിലെ എച്ച്.എസ്.എ. നാച്വറൽ സയൻസ് തസ്തികയുടെ റാങ്ക് പട്ടിക 4-6-2018-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിയമന ശിപാർശ നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കമ്പനി/കോർപ്പറേഷൻ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

48(3403) പ്രൊഫ. കെ യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 സെപ്റ്റംബറിൽ കാലാവധി അവസാനിക്കുന്ന കമ്പനി/ കോർപ്പറേഷൻ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും പൊല്യൂഷൻ കൺട്രോൾ ബോർഡിലുള്ള അസിസ്റ്റന്റ് ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതേ റാങ്ക് ലിസ്റ്റിൽനിന്നും കെ.എസ്.ആർ.ടി.സി.-യിൽ എൻ.ജെ.ഡി. ആയി റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ;വിശദമാക്കാമോ?

ഉത്തരം

(എ) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ റിക്രൂട്ട്മെന്റ് റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുവരെ ഒഴിവുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. 209 NJD ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധി വന്നതിനുശേഷം മാത്രമേ ടി ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച തീരുമാനം പി.എസ്.സി. കൈക്കൊള്ളുകയുള്ളൂ.

## സാമൂഹ്യനീതി വകുപ്പിൽ കെയർടേക്കർ നിയമനം

49(3404) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ കെയർടേക്കർ (മെയിൽ) തസ്തികയിൽ നിയമനം നടത്തുന്നതിനായി 13-3-2018-ന് കേരള പി.എസ്.സി. നടത്തിയ പരീക്ഷയിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് പി.എസ്.സി.- യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് തീയതി സഹിതം വ്യക്തമാക്കാമോ ?

ഉത്തരം

(എ) സാധ്യതാപട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) 14-7-2014 തീയതിയിൽ ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റ്

50(3405) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിവറേജസ് കോർപ്പറേഷനിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് 22-10-2016-ൽ പി.എസ്.സി. നടത്തിയ പരീക്ഷയുടെ ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചുരുക്കപ്പട്ടിക തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികയിൽ നിയമനത്തിനുള്ള പഴയ റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-12-2016-ൽ അവസാനിച്ചിരിക്കെ പുതിയ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണം പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പരിശോധിക്കുമോ;

(ഡി) എന്നത്തേയ്ക്ക് പ്രസ്തുത ചുരുക്കപ്പട്ടിക തയ്യാറാക്കി അന്തിമ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പി.എസ്.സി. സാധ്യതാ പട്ടിക പ്രസിദ്ധീകരിച്ചിട്ടില്ല.

(ബി) സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി.-യിൽ പുരോഗമിച്ചുവരുന്നു.

(സി & ഡി) റാങ്ക് പട്ടിക ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്.

## ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) പി.എസ്.സി. റാങ്ക് ലിസ്റ്റ്

51(3406) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (അറബിക്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽവന്നത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ലിസ്റ്റിൽനിന്നും എത്ര പേരെയാണ് ഇതുവരെ നിയമിച്ചിട്ടുള്ളത്;

(സി) ഒഴിവുകൾ നിലവിലിരിക്കെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ലെന്ന റാങ്ക് ഹോൾഡേഴ്സിന്റെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിലുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 3-8-2015-ന് നിലവിൽവന്നു.

(ബി) റിപ്പോർട്ട് ചെയ്ത 44 ഒഴിവുകളിൽ 27 ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. ബാക്കി 17 ഒഴിവുകൾ ബന്ധപ്പെട്ട സംവരണ വിഭാഗത്തിൽ ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ NCA വിജ്ഞാപനത്തിനായി മാറ്റിവച്ചിരിക്കുന്നു.

(സി & ഡി) ഉണ്ട്. വിവിധ സർക്കുലറുകൾ പ്രകാരം വകുപ്പ് മേധാവികൾക്കും നിയമന അധികാരികൾക്കും പി.എസ്.സി. മുഖേന നികത്തപ്പെടേണ്ട ഒഴിവുകൾ ഉണ്ടാകുന്നമുറയ്ക്കുതന്നെ പി.എസ്.സി.-യെ അറിയിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരോട് വിശദീകരണം തേടുകയും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## പാലക്കാട് ജില്ലയിൽ നടന്ന പി.എസ്.സി. നിയമനങ്ങൾ

52(3407) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ പി.എസ്.സി. മുഖേന നടന്ന ജില്ലാതല നിയമനങ്ങളുടെ വകുപ്പ്/തസ്തിക തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2018 ഏപ്രിൽ മാസംവരെ പാലക്കാട് ജില്ലയിൽ പി.എസ്.സി. നടത്തിയ നിയമന ശിപാർശ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. *

## ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്) റാങ്ക് ലിസ്റ്റ്

53(3408) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി 660/2012 പ്രകാരം മലപ്പുറം ജില്ലയിൽ 01-10-2016-ൽ പരീക്ഷ നടത്തി 26-10-2017-ൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഇന്റർവ്യൂ നടപടികൾ പൂർത്തീകരിച്ച ഹൈസ്കൂൾ അസിസ്റ്റന്റ്(സോഷ്യൽ സയൻസ്) റാങ്ക് ലിസ്റ്റ് നിലവിൽവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നിലവിൽ വരുമെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ ഇതുവരെ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒഴിവുകളിൽ സ്ഥിരം നിയമനം നടത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പ്രൈമറി, സെക്കണ്ടറി, ഹയർസെക്കണ്ടറി വിഭാഗങ്ങളുടെ ലയനവുമായി ബന്ധപ്പെട്ട് റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഷോർട്ട് ലിസ്റ്റിലെ മുഖ്യപട്ടികയിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം ഒഴിവിനനുസരിച്ച് കുറവാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ സപ്ലിമെന്ററി ലിസ്റ്റിൽനിന്നും കൂടുതൽ ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തി മെയിൻ ലിസ്റ്റ് വിപുലീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) മലപ്പുറം ജില്ലയിൽ 660/12 കാറ്റഗറി നമ്പറായി വിജ്ഞാപനം ചെയ്ത ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സ്റ്റഡീസ്) തസ്തികയിലേയ്ക്കുള്ള ഇന്റർവ്യൂ 30-5-2018-ന് പൂർത്തിയായിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) നിലവിൽ ടി തസ്തികയിലേയ്ക്ക് 50 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി ഒഴിവുകളിലേയ്ക്ക് നിലവിൽ വരുന്ന റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. നിയമന ശിപാർശ നൽകുന്നതാണ്.

(സി) ഇല്ല.

(ഡി&ഇ) മുഖ്യപട്ടികയിൽ മാത്രം 198-പേർ ഉൾപ്പെട്ടിട്ടുണ്ട്. മുഖ്യപട്ടികയിലെ ഉദ്യോഗാർത്ഥികളുടെ എണ്ണം ഒഴിവിനനുസരിച്ച് കുറവല്ല.

## അസിസ്റ്റന്റ് ഗ്രേഡ് തസ്തിക റാങ്ക് ലിസ്റ്റ് കാലാവധി നീട്ടാൻ നടപടി

54(3409) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കമ്പനി/ബോർഡ്/കോർപ്പറേഷനുകളിലേക്ക് അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലേയ്ക്ക് 490/2011 വിജ്ഞാപനപ്രകാരം പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റ് എന്നേയ്ക്ക് കാലാവധി തീരും എന്ന് അറിയിക്കാമോ ;

(ബി) ഈ റാങ്ക് ലിസ്റ്റിൽനിന്നും കെ.എസ്.ആർ.ടിസി.-യിലേക്കുള്ള നിയമനം നാല് മാസത്തോളമായി നിലച്ചിരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് പരിഗണിച്ച് റാങ്ക് ലിസ്റ്റ് നാല് മാസത്തേയ്ക്ക് കൂടി നീട്ടുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ മുഴുവൻ ഒഴിവുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ഡി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ അസിസ്റ്റന്റ് ഗ്രേഡ് II ഒഴിവുകൾ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നികത്തണമെന്ന തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ് ; എത്ര ഒഴിവുകൾ നിയമനത്തിനായി റിപ്പോർട്ട് ചെയ്തിട്ടുണ്ട് ; വിശദ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) റാങ്ക് പട്ടികയുടെ സ്വാഭാവിക കാലാവധി 28-9-2018-ന് അവസാനിക്കുകയാണ്.

(ബി&സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് റിപ്പോർട്ട് ചെയ്ത ജൂനിയർ അസിസ്റ്റന്റിന്റെ 209 NJD ഒഴിവുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അന്തിമ വിധിക്കുശേഷം മാത്രമേ ടി ഒഴിവുകൾ നികത്തുന്നതു സംബന്ധിച്ച തീരുമാനം പി.എസ്.സി.-ക്ക് കൈക്കൊള്ളാൻ കഴിയൂ. നിയമനം നിലച്ച സാഹചര്യം നിലവിലില്ല. റാങ്ക് പട്ടികയുടെ കാലാവധി ദീർഘിപ്പിക്കുന്ന വിഷയം പരിഗണനയിലില്ല. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും/നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി & ഇ) ഇല്ല. മലിനീകരണ നിയന്ത്രണ ബോർഡിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതിന് റിക്രൂട്ട്മെന്റ് റൂൾസ് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**അഗ്രികൾച്ചർ അസിസ്റ്റന്റ് നിയമനം**

55(3410) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രികൾച്ചർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 444/16) നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള യോഗ്യതകൾ എന്താണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഡിപ്ലോമ പാസായവർക്കും കാർഷിക ബിരുദധാരികൾക്കും തുല്യ പരിഗണന ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ & ബി) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള നിയമനത്തിന് പി.എസ്.സി. വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു:

കേരള കാർഷിക സർവ്വകലാശാലയിൽനിന്നും നൽകുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യ യോഗ്യതയോ പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ കൃഷിയിലുള്ള വൊക്കേഷണൽ ഹയർ

സെക്കന്ററി സർട്ടിഫിക്കറ്റ്/ടി യോഗ്യതയുള്ളവരുടെ അഭാവത്തിൽ

1. കൃഷി മുഖ്യ വിഷയമായിട്ടുള്ള എസ്.എസ്.എൽ.സി./തത്തുല്യമായ യോഗ്യത അല്ലെങ്കിൽ
2. എസ്.എസ്.എൽ.സി.-യോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും അല്ലെങ്കിൽ
3. കൃഷി ഐശ്ചിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്. നല്ല കായികശേഷി. വിജ്ഞാപന പ്രകാരം തത്തുല്യത പറഞ്ഞിട്ടുള്ളതിനാൽ തത്തുല്യമായ യോഗ്യതകളും പരിഗണിക്കുന്നതാണ്.

## ഹയർ സെക്കണ്ടറി അധ്യാപക റാങ്ക് ലിസ്റ്റ്

56(3411) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില വിഷയങ്ങളിലേക്കുള്ള ഹയർ സെക്കണ്ടറി അധ്യാപക തസ്തികയിലെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പി.ജി. മാർക്ക് വെയ്റ്റേജ് നൽകുന്നതിലെ അപാകതയും അനീതിയും ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഏതെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് പരിശോധിക്കാൻ ഏതെങ്കിലും സമിതിയെ സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ടോ;ഇത് സംബന്ധിച്ച എന്തെങ്കിലും റിപ്പോർട്ട് പുറത്ത് വന്നിട്ടുണ്ടോ;

(സി) മേൽ വിഷയത്തെ അടിസ്ഥാനപ്പെടുത്തി,വരാനിരിക്കുന്ന റാങ്ക് ലിസ്റ്റ് നിർണ്ണയം സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി അധ്യാപക തസ്തികയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിൽ പി.ജി. മാർക്കിന് വെയിറ്റേജ് നൽകുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി & സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേതൊഴികെയുള്ള അധ്യാപക തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ അക്കാദമിക് മാർക്കിന് വെയിറ്റേജ്

നൽകുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിലേയ്ക്കായി പി.എസ്.സി. രൂപീകരിച്ച എക്സ്പെർട്ട് കമ്മിറ്റി ശിപാർശ കമ്മീഷൻ പരിശോധിച്ചു. വിവിധ കോടതികളിൽ ഇതുസംബന്ധിച്ച് വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാൽ നിലവിലുള്ള തെരഞ്ഞെടുപ്പുകൾക്ക് നിലവിലുള്ള വ്യവസ്ഥകൾ തന്നെ ബാധകമാക്കാനും ഭാവിയിൽ ഹയർ സെക്കന്ററി, കോളേജ് അധ്യാപക തസ്തികകളിലേയ്ക്ക് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്തിക്കൊണ്ട് അക്കാദമിക് മാർക്ക് വെയിറ്റേജ് സംബന്ധിച്ച വിഷയം പരിശോധിക്കുവാനും പി.എസ്.സി. തീരുമാനിച്ചിട്ടുണ്ട്.

## പട്ടികജാതി വികസന ആഫീസർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് നിയമനം

57(3412) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിവികസന വകുപ്പിൽ പട്ടികജാതി വികസന ആഫീസർ ഗ്രേഡ്-II തസ്തികയിലേക്ക് നിയമനത്തിനുള്ള റാങ്ക് ലിസ്റ്റ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ അനുബന്ധ റാങ്ക് ലിസ്റ്റിൽനിന്നും എത്രപേരെ നാളിതുവരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) നേരിട്ടുള്ള നിയമന വ്യവസ്ഥപ്രകാരം എത്രപേരെ ഈ തസ്തികയിലേക്ക് നിലവിലുള്ള ലിസ്റ്റിന്റെ കാലത്ത് നിയമിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) യഥാസമയം നിയമനം നടത്താത്തതിനാൽ വിഷയം കേരളാ അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ട്രൈബ്യൂണൽ നിയമനം നടത്തേണ്ടതിന് ഉത്തരവ് ലഭ്യമാക്കിയിട്ടുണ്ടോ;

(ഡി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ടോയെന്നറിയിക്കാമോ;

(ഇ) അഡ്വൈസ് മെമ്മോ കൈപ്പറ്റിയിട്ടും ബന്ധപ്പെട്ട തസ്തികയിൽ എത്ര പേർ ജോയിൻ ചെയ്തിട്ടില്ല എന്ന് അറിയിക്കുമോ;ബന്ധപ്പെട്ട ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സം നിലവിൽ നിലനിൽക്കുന്നുണ്ടോ; ഇല്ലായെങ്കിൽ സമയബന്ധിതമായി പ്രസ്തുത ലിസ്റ്റിൽനിന്നും നിലവിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നേരിട്ടുള്ള നിയമന വ്യവസ്ഥ പ്രകാരം 36 ഉദ്യോഗാർത്ഥികൾക്ക് നിലവിലുണ്ടായിരുന്ന റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(സി&ഡി) ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം റാങ്ക് പട്ടിക റദ്ദാക്കുന്നതിനുമുമ്പ് 33 ഒഴിവുകൾ സോപാധികമായി റിപ്പോർട്ട് ചെയ്തിരുന്നു. അതിൽ ഉൾപ്പെടുന്നതും 25-11-2015-ന് മുമ്പ് date of occurance വരുന്നതുമായ ഒഴിവുകളിലേയ്ക്ക് റദ്ദായ റാങ്ക് പട്ടികയിൽനിന്നും നിയമന ശിപാർശ ചെയ്യുവാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവിനെ തുടർന്ന് 18 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. നിലവിൽ ഒരു ഒഴിവുകൂടി പി.എസ്.സി..-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) വിവരം ശേഖരിച്ച് നൽകുന്നതാണ്.

## എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ ലക്ചറർമാർക്ക് സ്പെഷ്യൽ റൂൾ ബാധകമാക്കാൻ നടപടി

58(3413) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് ലക്ച്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് ആവശ്യമായ യു.ജി.സി. യോഗ്യതകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത യു.ജി.സി. യോഗ്യത ഗ്രാമവികസന വകുപ്പിലെ എക്സ്റ്റൻഷൻ ട്രെയിനിങ് സെന്റർ ലക്ച്ചറർമാർക്കും ബാധകമാക്കി സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ലക്ച്ചറർമാരെ എക്സ്റ്റെന്ഷൻ ട്രെനിംഗ് സെന്റർ പ്രിൻസിപ്പാൾ തസ്തികയിൽ നിയമിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ഇതിനാവശ്യമായ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുമോ?

ഉത്തരം

(എ) 2010-ലെ യു.ജി.സി. റെഗുലേഷൻസ് പ്രകാരം നിർദ്ദിഷ്ട വിഷയത്തിൽ 55% മാർക്കോടെയുള്ള ബിരുദാനന്തര ബിരുദവും നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് (NET)/ഒരു അംഗീകൃത പരീക്ഷ (State Level Eligibility test- SLET/SET) യോഗ്യതയുമാണ് കോളേജ് ലക്ചറർ/അസിസ്റ്റന്റ്

പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനാവശ്യമായ യോഗ്യതകൾ. എന്നാൽ 2009-നുമുമ്പ് നിർദ്ദിഷ്ട യു.ജി.സി. യോഗ്യതയോടെ Ph.D നേടിയ ഗവേഷണ ബിരുദധാരികൾക്ക് NET യോഗ്യതയില്ലെങ്കിലും കോളേജ് ലക്ചറർ/അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി പരിഗണിക്കുന്നുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഭിന്നശേഷിക്കാർക്കും (Physically ആൻഡ് visually differently abled) ബിരുദാനന്തര ബിരുദത്തിന്റെ യോഗ്യതാമാർക്കിൽ 5% ഇളവിന് അർഹതയുണ്ട്.

(ബി) അത്തരം ഒരു നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

(സി) ഉണ്ട്. ഗ്രാമവികസന വകുപ്പിലെ പ്രൊമോഷൻ തസ്തികയാണ് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്റർ ലക്ചറർ തസ്തിക. നിലവിൽ സ്പെഷ്യൽ റൂൾ ഭേദഗതി പരിഗണനയിലില്ല.

**സർക്കാർ ജീവനക്കാരുടെ വിദേശ യാത്ര**

59(3414) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശയാത്ര നടത്തുന്നതിന് സർക്കാർ ജീവനക്കാർക്ക് എന്തെല്ലാം അനുമതികളാണ് സർക്കാരിൽനിന്നും വാങ്ങേണ്ടതെന്ന് വെളിപ്പെടുത്തുമോ;

(ബി) അതുസംബന്ധിച്ച ചട്ടങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കാമോ;

(സി) ചട്ടങ്ങൾ ലംഘിച്ച് സർക്കാർ ജീവനക്കാർ വിദേശ യാത്ര ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇത്തരത്തിൽ ചട്ട ലംഘനം നടത്തിയവർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ& ബി) സർക്കാർ ജീവനക്കാർക്ക് സ്വകാര്യ ആവശ്യത്തിന് വിദേശയാത്ര നടത്തുന്നതിന് അവധി അനുവദിക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ 3-6-2008-ലെ സ.ഉ.(പി) നമ്പർ 233/2008/ധന., 16-9-2008-ലെ സ.ഉ.(പി) നമ്പർ 418/2008/ധന., 3-1-2011-ലെ സ.ഉ.(പി) നമ്പർ 4/2011/ധന. എന്നീ ഉത്തരവുകളിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ഔദ്യോഗിക ആവശ്യങ്ങൾക്കുള്ള വിദേശയാത്രയ്ക്ക് അനുമതി നൽകുന്നതിനുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ 17-4-2018-ലെ സ.ഉ.(പി) നമ്പർ 66/2018/ധന. പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉദിക്കുന്നില്ല.

## തസ്തികമാറ്റം മുഖേന നിയമനം

60(3415) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ട്-ടൈം തസ്തികയിൽനിന്നും തസ്തികമാറ്റം മുഖേന നിയമനം നടത്തുന്നതിന് അതത് ജില്ലാ കളക്ടർമാർ തയ്യാറാക്കുന്ന മുൻഗണനാ പട്ടിക ഏതെല്ലാം ജില്ലകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ അവസാനമായി പാർട്ട്-ടൈം ജീവനക്കാരെ ഉൾപ്പെടുത്തി പട്ടിക തയ്യാറാക്കിയിട്ടുള്ളത് എന്നാണ് എന്ന് വ്യക്തമാക്കാമോ;

(സി) മുൻഗണനാ പട്ടിക നിലവിലില്ലാത്ത ജില്ലകളിൽ പട്ടിക തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ നിലവിലുണ്ട്.

(ബി) 31-12-2016 വരെയുള്ള മുൻഗണനാ പട്ടിക തയ്യാറാക്കിയിട്ടുണ്ട്.

(സി) മുൻഗണനാ പട്ടിക നിലവിലില്ലാത്ത ജില്ലകളിൽ പട്ടിക തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## മുനിസിപ്പൽ കോമൺ സർവ്വീസിലെ ജെ.എച്ച്.ഐ. നിയമനം

61(3416) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ നിയമനത്തിന് ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസായവരെ പരിഗണിക്കുന്നതിനായി കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ തസ്തികയിൽ ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ പരിഗണിക്കുന്നതിന് എന്താണ് തടസ്സമെന്നറിയിക്കാമോ;

(സി) കോടതി ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ പോസ്റ്റിലേയ്ക്കുള്ള നിയമന നടപടികൾ വേഗത്തിലാക്കാമോ?

## ഉത്തരം

(എ) കോടതി ഉത്തരവ് ലഭിച്ചിട്ടില്ല.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയുടെ യോഗ്യത നിശ്ചയിച്ചിരിക്കുന്ന 16.08.1972-ലെ GO(Ms.) No. 246/72/LA ആൻഡ് SWD നമ്പർ ഉത്തരവ് പ്രകാരവും 16-2-1976-ലെ GO(Ms.) No.33/76/LA ആൻഡ് SWD ഉത്തരവ് പ്രകാരവും ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് ടി തസ്തികയുടെ യോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

(സി) കോടതി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

## മിശ്രവിവാഹിതരായ അദ്ധ്യാപകർക്ക് ട്രാൻസ്ഫറിന് മുൻഗണന

62(3417) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രവിവാഹിതരായ ഹയർ സെക്കന്ററി അദ്ധ്യാപകരുടെ ട്രാൻസ്ഫറിന് മുൻഗണനയ്ക്കുള്ള അർഹത ഏതേത് മതം അഥവാ ജാതി വിഭാഗത്തിൽപ്പെട്ടിവരാകണം; ഏത് ഉത്തരവാണ് ഇതിന് ആധാരം; വിശദമാക്കാമോ;

(ബി) ട്രാൻസ്ഫർ അപേക്ഷകൾ ഡയറക്ടേറ്റിലേക്ക് ഫോർവേർഡ് ചെയ്യുന്നതിന് പ്രിൻസിപ്പാൾമാർക്കാണോ അധികാരം നൽകിയിട്ടുള്ളത്; മിശ്രവിവാഹ മുൻഗണന ക്ലെയിംചെയ്തിട്ടുള്ള അദ്ധ്യാപകർ അത് തെളിയിക്കാനായി ഏത് രേഖയാണ് നൽകേണ്ടത് ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് കൃത്യമായ നിർദ്ദേശങ്ങൾ പ്രിൻസിപ്പാളിനും അദ്ധ്യാപകർക്കും നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കുലർ/ ഉത്തരവ് നമ്പർ വ്യക്തമാക്കാമോ;

(ഡി) ഹയർസെക്കന്ററി അദ്ധ്യാപകരുടെ ട്രാൻസ്ഫർ നോംസിൽനിന്ന് സ്പൗസ് പ്രയോറിറ്റി ഒഴിവാക്കിയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1-4-1976-ലെ സ.ഉ. (കൈ)നമ്പർ 106/76/പി.ഡി.-യുടെ ഉത്തരവിന്റെയും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.-14) വകുപ്പിന്റെ 25-2-2017 സ.ഉ. (പി) നമ്പർ 3/2017/ഉ.ഭ.പ.വയുടെയും അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് അധികാരികൾ നൽകുന്ന മിശ്രവിവാഹിതരാണെന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഹയർ സെക്കന്ററി അധ്യാപകരുടെ ട്രാൻസ്ഫറിന്റെ മുൻഗണന തീരുമാനിക്കുന്നത്.

(ബി) അതെ. മിശ്രവിവാഹമാണെന്ന് തെളിയിക്കുന്ന റവന്യൂ അധികൃതർ നൽകിയ രേഖയാണ് പ്രിൻസിപ്പാൾമാർക്ക് നൽകേണ്ടത്.

(സി) 9-3-2018-ലെയും 12-6-2018-ലെയും എ.ഡി.സി.6/105059/ എച്ച്.എസ്.ഇ./ 18 സർക്കുലറുകൾ പ്രകാരമാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

(ഡി) 3-4-2017-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 6/2017/പൊ.വി.വ, 9-2-2018-ലെ ജി.ഒ. (ആർ.റ്റി.) നമ്പർ 1/2018/പൊ.വി.വ. എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡമനുസരിച്ചാണ് അദ്ധ്യാപകരുടെ ട്രാൻസ്ഫർ നടത്തുന്നത്. ടി മാനദണ്ഡത്തിൽ പ്രയോറിറ്റി വിഭാഗത്തിൽ സ്പൗസ് പ്രയോറിറ്റി ഉൾപ്പെടുത്തിയിട്ടില്ല.

## സമാശ്വാസ തൊഴിൽദാന പദ്ധതി

63(3418) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ ജോലിയിലിരിക്കവേ മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിയമനം നൽകുന്നതിനായി സമാശ്വാസ തൊഴിൽദാനപദ്ധതി പ്രകാരം വിവിധ വകുപ്പുകളിൽ നിയമനത്തിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ പെൻഡിംഗിലുള്ളതെന്ന് വകുപ്പ് തിരിച്ച് കണക്ക് ലഭ്യമാക്കാമോ; ഇതിൽ സർക്കാർ ഉത്തരവ് നൽകുകയും എന്നാൽ നിയമന ഉത്തരവിനായി കാത്തിരിക്കേണ്ടിവരികയും ചെയ്യുന്നവരുടെ എണ്ണം എത്രയെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റ് സർവ്വീസിൽ ആശ്രിത നിയമനത്തിനായി സാധാരണഗതിയിൽ മറ്റ് സർക്കാർ വകുപ്പുകളിൽ ഉള്ളതുപോലെ നീണ്ടകാലം കാത്തിരിക്കേണ്ടി വരാറില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സെക്രട്ടേറിയറ്റ് സർവ്വീസും മറ്റ് സർക്കാർ ഡിപ്പാർട്ട്മെന്റുകളും തമ്മിൽ ഇക്കാര്യത്തിലുള്ള അന്തരം പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ആശ്രിതനിയമനങ്ങൾക്കായി സർക്കാർ ഉത്തരവ് നൽകിയിട്ടുള്ളവരിൽ ഡ്യൂട്ടിയിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതർ എത്ര പേരെന്ന് സർക്കാർ കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ അവരുടെ പട്ടിക വകുപ്പു തിരിച്ച് ലഭ്യമാക്കാമോ; ഇത്തരക്കാർക്ക് സീനിയോറിറ്റി പരിഗണിക്കാതെ ഉടൻ നിയമനം നൽകുന്നതിന് എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ;കോപ്പി ലഭ്യമാക്കാമോ; എങ്കിൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് ഇത് സംബന്ധിച്ച് നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഡ്യൂട്ടിയിലിരിക്കെ മരണപ്പെട്ടവരുടെ ആശ്രിതനിയമനങ്ങൾക്ക് സീനിയോറിറ്റി ബാധകമല്ലെന്ന സർക്കാർ ഉത്തരവ് ഉണ്ടായിരിക്കെ, വർഷങ്ങളായി സീനിയോറിറ്റിയുടെ പേരിൽ മാത്രം നിയമനം നിഷേധിക്കപ്പെട്ടവരുടെ നിയമനത്തിൽ ബന്ധപ്പെട്ട വകുപ്പുതലവൻമാർ വരുത്തിയിട്ടുള്ള വീഴ്ചയ്ക്കും അതുവഴി അവർക്കുണ്ടായിട്ടുള്ള സാമ്പത്തിക, സർവ്വീസ്, സീനിയോറിറ്റി നഷ്ടത്തിനും എന്ത് പരിഹാരമാണ് നൽകാൻ കഴിയുക എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സംസ്ഥാന സർക്കാർ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ്

64(3419) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി പുതുതായി ആരംഭിക്കുന്ന സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) സർക്കാർ ജീവനക്കാരിൽനിന്നും പദ്ധതിക്കായി എത്ര തുക വീതമാണ് ഈടാക്കുന്നത്; പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിയിൽ അംഗമായിട്ടുള്ള സ്വകാര്യ/സഹകരണ ആശുപത്രികൾ ഏതൊക്കെ; ഇവയുടെ ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് ആദായ നികുതി സംരക്ഷണം ഉറപ്പുവരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ സ.ഉ(അച്ചടി) നം. 54/217/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDA അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) യും തയ്യാറാക്കിവരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് പദ്ധതി നിലവിൽ വരുന്നതാണ്. കരാർ നടപടികൾ പൂർത്തിയാകുമ്പോൾ മാത്രമേ ഇൻഷുറൻസ് കമ്പനി, പ്രീമിയം, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

(ഡി) ആദായനികുതി നിയമം, സെക്ഷൻ 80D പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**അഴിമതിരഹിത സിവിൽ സർവ്വീസ്**

65(3420) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ സമയ ബന്ധിതമായി തീർപ്പുകല്പിക്കുന്നതിനായി നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;പ്രസ്തുത സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കർത്തവ്യനിർവ്വഹണ വീഴ്ച സംബന്ധിച്ച് ഒരു ഉദ്യോഗസ്ഥനെതിരെ പൊതുജനങ്ങളിൽനിന്നും ആരോപണമുണ്ടാവുകയും അത് തെളിയിക്കപ്പെടുകയും ചെയ്താൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 31-3-1985-ലെ 3461/എ 2/85/ഉഭപവ. സർക്കുലർ പ്രകാരം സർക്കാർ ഓഫീസുകളിൽ ലഭിക്കുന്ന പരാതികൾ/ അപേക്ഷകൾ/ നിവേദനങ്ങൾ തുടങ്ങിയവയ്ക്ക് ഒരാഴ്ചയ്ക്കുള്ളിൽ കൈപ്പറ്റ് രസീത് നൽകണമെന്നും പ്രസ്തുത പരാതികൾ/അപേക്ഷകൾ/നിവേദനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അപേക്ഷകന് ഒരു മാസത്തിനുള്ളിലും അന്തിമതീർപ്പ് മൂന്ന് മാസത്തിനകവും നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽനിർദ്ദേശങ്ങൾ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പദ്ധ്യക്ഷന്മാർ ശിക്ഷാ നടപടി കൈക്കൊള്ളണമെന്ന് നിർദ്ദേശിച്ചുകൊണ്ട് 16-7-2015-ലെ 11433/ എ.ആർ13(2)/ 2015/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഫയലുകളിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കൽ നിർദ്ദേശങ്ങളടങ്ങിയ 21-2-2018 27/എ.ആർ.14(2)/ 18/ഉഭപവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. കർത്തവ്യനിർവ്വഹണ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ ആരോപണം തെളിയുന്ന പക്ഷം ചട്ടപ്രകാരമുള്ള ശിക്ഷാ നടപടികൾ സ്വീകരിക്കാറുണ്ട്.

ഭരണരംഗം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് വിവര സാങ്കേതികവിദ്യ പരമാവധി പ്രയോജനപ്പെടുത്തി വരുന്നു. ഇ-ഓഫീസ് സംവിധാനം കൂടുതൽ വകുപ്പുകളിൽ നടപ്പാക്കി. ഓൺലൈൻ അപേക്ഷ, ഓൺലൈൻ വഴിയുള്ള അനുമതി തുടങ്ങിയവ വിവിധ വകുപ്പുകളിൽ നടപ്പാക്കിവരുന്നു. ജീവനക്കാരുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ ഏർപ്പെടുത്തിയ പഞ്ചിംഗ് സംവിധാനം മറ്റ് വകുപ്പുകളിലും സമയബന്ധിതമായി നടപ്പാക്കും.

**കമ്പനികൾക്ക് പൊതു സ്പെഷ്യൽ റൂൾ രൂപീകരിക്കാൻ നടപടി**

66(3422) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്പെഷ്യൽ റൂൾ രൂപീകരിച്ച സർക്കാർ നിയന്ത്രണത്തിലുള്ള കമ്പനികൾ, ബോർഡുകൾ, കൗൺസിലുകൾ, അതോറിറ്റികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ;

(ബി) എല്ലാ സ്ഥാപനങ്ങളും സ്പെഷ്യൽ റൂൾ രൂപീകരിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ടോ ;വ്യക്തമാക്കാമോ;

(സി) ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും സ്പെഷ്യൽ റൂൾ തയ്യാറാക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(ഡി) സർക്കാർ നിർദേശം അനുസരിക്കാത്ത സ്ഥാപനങ്ങളെ ഉൾപ്പെടുത്തി പൊതു സ്പെഷ്യൽ റൂൾ രൂപീകരിച്ച് അവയെ അതിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ;വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) ഉണ്ട്. നിയമനം പി.എസ്.സി.-ക്ക് വിട്ടുനൽകിയ സ്ഥാപനങ്ങളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്നതിനാവശ്യമായ വിശേഷാൽ ചട്ടങ്ങൾ എത്രയുംവേഗം രൂപീകരിക്കാനും ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കാൻ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് 14-7-2014-ലെ 14079/ഉപസി1/2014/ഉഭപവ നമ്പർ സർക്കുലർ മുഖേന നിർദ്ദേശം നൽകിയിരുന്നു. സ്പെഷ്യൽ റൂൾ സമയബന്ധിതമായി രൂപീകരിക്കാനും ഒഴിവുകൾ യഥാസമയം പി.എസ്.സി.-യെ അറിയിക്കാനും ബന്ധപ്പെട്ട വകുപ്പുസെക്രട്ടറിമാർ അടിയന്തര നടപടി സ്വീകരിക്കാൻ കർശനനിർദ്ദേശം 7-10-2017-ലെ ഉപസി1/222/17/ഉഭപവ സർക്കുലർ പ്രകാരവും നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) പൊതു സ്പെഷ്യൽ റൂൾസ് രൂപീകരിക്കുന്ന വിഷയം പരിഗണനയിലില്ല.

**സോഷ്യൽ മീഡിയകളുടെ ദുരുപയോഗം**

67(3423) <u>ശ്രീ. അബ്ദുൽ ഹമീദ്. പി. :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ മീഡിയകളുടെ ദുരുപയോഗം വ്യാപകമാകുന്ന സാഹചര്യത്തിൽ സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരുടെ മൗലിക കർത്തവ്യം, സാമൂഹിക ഉത്തരവാദിത്തങ്ങൾ എന്നിവ ഉറപ്പാക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ചില സംഘടനകൾ ഐ.ടി. സെൽ രൂപീകരിച്ച് വ്യാജ പ്രൊഫൈലുകൾ സൃഷ്ടിച്ച് സമൂഹത്തിൽ വിദ്വേഷ പ്രചാരണങ്ങൾ നടത്തുന്നത് ചെറുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിയമനിർമ്മാണം വേണമെന്ന സർവ്വകക്ഷി യോഗത്തിന്റെ നിർദ്ദേശം പരിശോധിക്കാൻ സംസ്ഥാന പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ സമൂഹത്തിൽ വിദ്വേഷങ്ങൾ സൃഷ്ടിക്കുന്ന പ്രചരണങ്ങൾ ശ്രദ്ധയിൽപ്പെട്ടാലും ആയവ സംബന്ധിച്ച് ആക്ഷേപങ്ങൾ ലഭിച്ചാലും ഇന്ത്യൻ ശിക്ഷാനിയമമനുസരിച്ചും ഇൻഫർമേഷൻ ടെക്നോളജി ആക്ട് അനുസരിച്ചുമുള്ള കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## സോഷ്യൽ മീഡിയ കമ്മ്യൂണിക്കേഷൻ ഹബ്ബ്

68(3424) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ മാധ്യമങ്ങളെ നിരീക്ഷിക്കുവാൻ കേന്ദ്ര സർക്കാർ സോഷ്യൽ മീഡിയ കമ്മ്യൂണിക്കേഷൻ ഹബ്ബ് രൂപീകരിക്കുവാൻ പോകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ആധാർ വഴി വ്യക്തി വിവരങ്ങൾ ചോർന്നതിനെക്കാൾ ഗൗരവമായ സംഭവങ്ങൾ ഇതിലൂടെ ഉണ്ടാകും എന്നതിനാലും ഇത് വ്യക്തി സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുകയറ്റം ആയതിനാലും ഇതിനെതിരെ സർക്കാർ തലത്തിൽ ഇടപെടലുണ്ടാകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

## സോഷ്യൽ മീഡിയ സെൽ

69(3425) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് വേണ്ടി സോഷ്യൽ മീഡിയ സെൽ രൂപീകരിക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിനായി ഉയർന്ന നിലവാരത്തിലുള്ള പ്രൊഫഷണൽ ടീമിനെ പുറത്ത്നിന്നും നിയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;വിശദമാക്കാമോ ?

ഉത്തരം

(എ & ബി) തീരുമാനം എടുത്തിട്ടില്ല.

## ഡിജിറ്റൽ വ്യവസായ വികസനം

70(3426) ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. ആന്റണി ജോൺ
ശ്രീമതി വീണാ ജോർജ്ജ്
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് മാനവ വിഭവശേഷിയിലുള്ള മേൽക്കൈ മുതലാക്കി ഡിജിറ്റൽ വ്യവസായ വികസനത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ;

(ബി) സംസ്ഥാന ഐ.ടി. മിഷനും സാങ്കേതിക ശാസ്ത്രഗവേഷണ സ്ഥാപനങ്ങളും ടെക്നോപാർക്കുമായി സഹകരിച്ച് ഐ.സി.ടി. ഇന്നൊവേഷൻ സംവിധാനത്തിനുരൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ടെക്നോപാർക്കുകൾക്ക് പുറത്തുള്ള ചെറുകിട ഐ.ടി. സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികളുടെ വിശദാംശം നൽകുമോ;

(ഡി) പുതുതലമുറ വിജ്ഞാനാധിഷ്ഠിത ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ് ഓഫ് തിംഗ്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ സംരംഭം പ്രോത്സാഹിപ്പിക്കാൻ പദ്ധതിയുണ്ടോ?

### ഉത്തരം

(എ) ഡിജിറ്റൽ രംഗത്തെ നൂതനാശയങ്ങൾക്കും നിക്ഷേപങ്ങൾക്കും അനുകൂല ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിനായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വാർത്താവിനിമയം ഉൾപ്പെടെ മറ്റു പ്രധാന മേഖലകളിൽ ഡിജിറ്റൽ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ പൊതുജന സേവനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനായി ഒരു ഉപദേശക സമിതി (HPIC-Highpower IT Committee) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വിവരസാങ്കേതിക വിദ്യാ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖ വ്യക്തികൾ, പ്രമുഖ വ്യവസായികൾ, പ്രൊഫസർമാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ട് കൊല്ലത്തിൽ ഒരിക്കൽ കേരളത്തിൽ വച്ച് ഹാഷ് ടാഗ് ഫ്യൂച്ചർ എന്ന ആഗോള സമ്മേളനം നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഐ.ടി. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) സംസ്ഥാനത്തിലെ വിവിധ ഐ.ടി. പാർക്കുകളിൽ

ആരംഭിക്കാൻ സർക്കാരിന്റെ ഐ.ടി. നയം അനുസരിച്ച് പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. തിരുവനന്തപുരം ടെക്നോപാർക്കിന്റെ ടെക്നോസിറ്റിയിൽ നോളഡ്ജ് സിറ്റി പദ്ധതിക്കായി മാറ്റിവച്ചിരിക്കുന്ന 100 ഏക്കറിൽ ലോകത്തിലെ ഏറ്റവും വലിയ ഇലക്ട്രിക് വാഹന നിർമ്മാതാക്കളായ ജപ്പാനിലെ നിസ്സാൻ മോട്ടോഴ്സ് ലിമിറ്റഡിന്റെ നിസ്സാൻ ഡിജിറ്റൽ കാമ്പസ് ആരംഭിക്കുന്നതിനായി 30 ഏക്കർ ഭൂമിയും തുടർ വികസന പദ്ധതിക്കായി 40 ഏക്കർ ഭൂമിയും നൽകുന്നതുമായി ബന്ധപ്പെട്ടുള്ള ധാരണാപത്രവും പാട്ടക്കരാറുകളും ഒപ്പുവയ്ക്കുന്നതിന് ധാരണയായിട്ടുണ്ട്. ഡിജിറ്റൽ ടെക്നോളജി പരമാവധി പ്രയോജനപ്പെടുത്തി കൊണ്ടുള്ള ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഡിജിറ്റൽ ഇൻക്യൂഷൻ തുടങ്ങി നിരവധി മേഖലകളിൽ പുതിയ വ്യവസായ സാധ്യതകൾ കണ്ടെത്താനും സംസ്ഥാനത്ത് 3 പാർക്കുകളിൽ ഇത്തരം നൂതന ടെക്നോളജി ഏരിയ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി സൈബർ പാർക്കിന് മൊബൈൽ സൊല്യൂഷൻസിന്റെ ഹബ്ബായും ഇൻഫോ പാർക്കിന് IoT (Internet of Things) യും ടെക്നോപാർക്ക് നോളജ്സിറ്റി ആന്റ് സെന്റർ ഓഫ് എക്സലൻസ് ആയി പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഐ.ഐ.ഐ.ടി.എം.-കേരളയെ Deemed University of De Nova Category with UGC approval ആക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്. ഈ ക്യാമ്പസ് ഡിജിറ്റൽ വ്യവസായ വികസനത്തിന് ഒരു മുതൽക്കൂട്ടായിരിക്കും.

(ബി) ഐ.ഐ.ഐ.ടി.എം.കെ.-യുടെ നേതൃത്വത്തിൽ മംഗലാപുരത്ത് സ്ഥാപിക്കുന്ന നോളജ് സിറ്റിയിൽ ബ്ലോക്ക് ചെയിൻ, സ്പെയ്സ് സയൻസ്, കൊഗ്നിറ്റീവ് ഫാബ്രിക്, ഐ.ഒ.റ്റി., ഇ-മൊബിലിറ്റി, സൈബർ സെക്യൂരിറ്റി തുടങ്ങി വിജ്ഞാനാധിഷ്ഠിതമായ മേഖലകളിൽ ഐ.സി.ടി. ഇന്നൊവേഷൻ സംവിധാനത്തിന് രൂപം നൽകുന്നുണ്ട്.

(സി) ഗവൺമെന്റ് ഐ.ടി. പാർക്കുകൾക്ക് പുറത്തുള്ള ചെറുകിട ഐ.ടി. പാർക്കുകൾക്ക് പ്രോത്സാഹനം നൽകുന്നതിനുള്ള പദ്ധതികൾ പുതിയ ഐ.ടി. നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഐ.സി.റ്റി. മേഖലയുടെ വളർച്ചയ്ക്കായി കമ്പനികൾക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുമെന്ന് ഐ.ടി. നയം വ്യക്തമാക്കിയിട്ടുണ്ട്. Special economic zone-ൽ സ്ഥിതി ചെയ്യുന്ന കമ്പനികൾ ഒഴികെ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും (IT Service/ITES/Software/Hardware units) ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യങ്ങൾ കമ്പനികൾക്ക്

ലഭ്യമാക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് ആൻഡ് പ്രൊമോഷണൽ മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇൻവെസ്റ്റുമെന്റ് ആൻഡ് പ്രൊമോഷണൽ മാനേജ്മെന്റ് സെല്ലിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റുമെന്റ് സബ്സിഡിയാണ് നൽകിവരുന്നത്. ഐ.ടി. മിഷന്റെ ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്ന സ്റ്റേറ്റ് ഇൻവെസ്റ്റുമെന്റ് സബ്സിഡി രണ്ടു രീതിയിലാണ് ലഭ്യമാകുന്നത്.

1. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് 15 ലക്ഷം രൂപ വരെ ആനുകൂല്യം നൽകിവരുന്നതാണ്. Fixed capital investment-ന്റെ 30% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നൽകുന്നത്.
2. ഇടുക്കി, വയനാട് എന്നീ ജില്ലകൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് 25 ലക്ഷം രൂപവരെ ആനുകൂല്യം നൽകി വരുന്നതാണ്. Fixed capital investment-ന്റെ 50% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നൽകുന്നത്.
3. മറ്റു ജില്ലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് 25 ലക്ഷം രൂപ അഥവാ fixed capital investment-ന്റെ 40% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നൽകുന്നത്.

ഈ പദ്ധതിയുടെ നടത്തിപ്പിനായി ഐ.ടി. മിഷൻ IPMC എന്ന പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഈ പോർട്ടൽ വഴി IPMC-യിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാണ്.

കൂടാതെ Technopark, Infopark, Cyberpark, Startup Mission, KSITIL, KSIDC, KFC മുതലായ സ്ഥാപനങ്ങളിലെ മേലധികാരികളെ IPMC -യുടെ Co-ordinating Officer ആയി നിയമിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. പുതുതലമുറ, വിജ്ഞാനാധിഷ്ഠിതമായ ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഇന്റർനെറ്റ് ഓഫ് തിങ്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളിൽ ഐ.ഐ.ഐ.ടി. എം.കെ.-യിൽ ഗവേഷണ പരിശീലന പദ്ധതികൾ നിലവിലുണ്ട്.

**ഐ.ടി. പാർക്കുകളിൽ വരുന്ന കമ്പനികൾ**

71(3427) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ സ്ഥലം ആവശ്യപ്പെട്ട് കൂടുതൽ കമ്പനികൾ രംഗത്ത് വരുന്ന പ്രവണത ഉണ്ടായിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ സ്ഥലം ആവശ്യപ്പെട്ട് എത്ര കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ട്;

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ ഐ.ടി. പാർക്കുകളിൽ എത്ര ചതുരശ്ര അടി സ്ഥലമാണ് ഐ.ടി. കമ്പനികൾ ഏറ്റെടുത്തിട്ടുള്ളത്;

(ഡി) കൂടുതൽ ഐ.ടി. കമ്പനികളെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഒരു ഐ.ടി. ഹബ്ബാക്കി മാറ്റുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 203 കമ്പനികൾ അപേക്ഷ നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ സംസ്ഥാനത്തെ 3 ഐ.ടി. പാർക്കുകളിലുമായി ഏകദേശം 4,69,087 ചതുരശ്ര അടി സ്ഥലം ഐ.ടി. കമ്പനികൾ ഏറ്റെടുത്തിട്ടുണ്ട്.

(ഡി) ഐ.ടി. മേഖലയിൽ വളർച്ചാനിരക്ക് ത്വരിതപ്പെടുത്തുന്നതിനായി ഈ മേഖലയിലും മറ്റ് അനുബന്ധ മേഖലകളിലും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ള വ്യവസായങ്ങൾ കൂടുതൽ തലങ്ങളിലേയ്ക്ക് വികസിപ്പിക്കുന്നതിനുമായി ധാരാളം പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് പുതിയ ഐ.ടി. നയം രൂപീകരിച്ചിട്ടുള്ളത്.

വിവര സാങ്കേതികവിദ്യാ മേഖലയുടെ വികസനത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന്റെ കേരള ഐ.ടി. പാർക്കുകൾ എന്ന ബ്രാൻഡിൽ പ്രവർത്തിക്കുന്ന ഐ.ടി. പാർക്കുകളായ ടെക്നോപാർക്ക്-തിരുവനന്തപുരം, ഇൻഫോപാർക്ക്-കൊച്ചി, സൈബർപാർക്ക്-കോഴിക്കോട് എന്നീ പാർക്കുകളിൽ ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്ക് ആവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സജ്ജീകരിച്ചിട്ടുണ്ട്. ചെറുതും ഇടത്തരവുമായ സംരംഭകർ ഉൾപ്പെട്ട അന്താരാഷ്ട്ര ഐ.ടി. സംരംഭകർക്ക് മിതമായ നിരക്കിൽ SEZ/Non SEZ മേഖലകളിൽ ലഭ്യമാക്കുന്ന ലോകോത്തരനിലവാരമുള്ള ഐ.ടി. അടിസ്ഥാന സൗകര്യങ്ങളും മറ്റു അനുബന്ധ സജ്ജീകരണങ്ങളും, ഭൂമി, കെട്ടിട സൗകര്യങ്ങൾ, ഫർണിഷ്ഡ് ബിസിനസ്സ് ഓഫീസുകൾ, സുതാര്യ കരാർ വ്യവസ്ഥകൾ, മിതമായ ജല-വൈദ്യുതി നിരക്കുകൾ, മികച്ച ജല-വൈദ്യുതി വിതരണ സംവിധാനങ്ങൾ, പവർ ബാക്കപ്പ് സംവിധാനം, ഇന്റർനെറ്റ് കണക്റ്റിവിറ്റി സൗകര്യങ്ങൾ, ഏകജാലക സംവിധാനം, വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള ലളിതമായ നടപടിക്രമങ്ങൾ എന്നിവ സംസ്ഥാനത്ത് കൂടുതൽ ഐ.ടി. സംരംഭങ്ങൾ ആരംഭിക്കുന്നതിനും അതുവഴി നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും അവസരമൊരുക്കിയിട്ടുണ്ട്.

## കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി

72(3428) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സ്മാർട്ട് സിറ്റി പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; ഐ.ടി. വ്യവസായത്തിന് വേണ്ട കെട്ടിടങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും കരാർ പ്രകാരമുള്ള സമയത്ത് തന്നെ പൂർത്തിയാക്കുന്നതിന് നിലവിലെ നിർമ്മാണ പുരോഗതി പ്രകാരം സാധിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) കരാർ പ്രകാരം എത്ര തൊഴിലവസരങ്ങളാണ് ഉണ്ടാക്കേണ്ടത്;

(സി) സ്മാർട്ട് സിറ്റിയിൽ ഐ.ടി. കെട്ടിടങ്ങളിൽ സ്ഥലം ഏറ്റെടുക്കുവാൻ കമ്പനികൾ മുന്നോട്ടു വന്നിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം സ്ഥലമാണ് ഇതിനകം കമ്പനികൾ ഏറ്റെടുത്തതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ആദ്യ ഘട്ടത്തിൽ നിർമ്മിച്ച 6.5 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. കെട്ടിടത്തിൽ 30-ൽ പരം ഐ.ടി. കമ്പനികൾ പ്രവർത്തനം ആരംഭിച്ചു. ഐ.ടി. വിഭാഗം നിർമ്മാണപ്രവർത്തനങ്ങൾ ഫ്രെയിം വർക്ക് എഗ്രിമെന്റ് പ്രകാരം പുരോഗമിക്കുന്നു. ഏകദേശം 55 ലക്ഷം ചതുരശ്ര അടി വിസ്താരമുള്ള ഐ.ടി. മന്ദിരങ്ങളുടെ നിർമ്മാണം പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. 2020-21 കാലയളവിൽ ഈ കെട്ടിടങ്ങൾ ഘട്ടംഘട്ടമായി പൂർത്തീകരിക്കപ്പെടുന്നതാണ്.30 ഏക്കർ സ്ഥലത്ത് അടിസ്ഥാന സൗകര്യങ്ങളായ 7 കി.മീ 4 വരിപ്പാത, സർവ്വീസ് ട്രൻജുകൾ, കാനകൾ, പാലം, വൈദ്യുതി, വെള്ളം എന്നിവയുടെ ആദ്യഘട്ടത്തിലെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. സബ് സ്റ്റേഷൻ, ഊർജ്ജ വിതരണ ശൃംഖല തുടങ്ങിയവയുടെ നിർമ്മാണപ്രവർത്തനങ്ങൾ അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുന്നു. റിയൽ എസ്റ്റേറ്റ് രംഗത്തും ഐ.ടി. രംഗത്തുമുള്ള മാന്ദ്യത, റസിഡൻഷ്യൽ ടൗൺഷിപ്പ് വിഭാഗത്തിൽ നിക്ഷേപം നടത്തുന്നതിനെ ബാധിച്ചിട്ടുണ്ട്. എന്നിരുന്നാലും 3000 വിദ്യാർത്ഥികളെ ഉൾക്കൊള്ളാവുന്ന അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനം ആഗസ്റ്റിൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്ന തരത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഫ്രെയിംവർക്ക് എഗ്രിമെന്റ് പ്രകാരം 90000-ൽ പരം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. നിർമ്മാണം പൂർത്തീകരിക്കപ്പെട്ട കെട്ടിടമുൾപ്പെടെ നിർമ്മാണത്തിലിരിക്കുന്ന 61 ലക്ഷം ചതുരശ്ര അടി കെട്ടിടങ്ങൾ കൂടി പൂർത്തീകരിക്കുമ്പോൾ 2020-21 കാലഘട്ടത്തിൽ 60,000-65,000 പേർക്ക് തൊഴിലവസരങ്ങൾ നൽകാൻ സാധിക്കും.

(സി) നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ള 6.5 ലക്ഷം ചതുരശ്ര അടിയുടെ കെട്ടിടത്തിൽ ഏകദേശം 80% സ്ഥലത്ത് 30-ൽ പരം ഐ.ടി. കമ്പനികൾ പ്രവർത്തിച്ചുവരുന്നു.

**വ്യാജ അക്ഷയ കേന്ദ്രങ്ങൾക്കെതിരെ നിയമ നടപടി**

73(3430) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്ഷയ കേന്ദ്രങ്ങളുടെ ഡിസൈനും ട്രേഡ് മാർക്കും ട്രേഡ് മാർക്ക് ആക്ട് പ്രകാരമോ, അല്ലെങ്കിൽ മറ്റേതെങ്കിലും നിയമപ്രകാരമോ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം സഹിതം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ എന്ത് കൊണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) അക്ഷയ കേന്ദ്രങ്ങളുടെ ഡിസൈനും ട്രേഡ് മാർക്കുകളും അനധികൃതമായി ദുരുപയോഗം ചെയ്യപ്പെടുന്നത് തടയാനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ; ഇത്തരം ദുരുപയോഗത്തിന് ആർക്കെങ്കിലുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) വ്യാജ അക്ഷയ കേന്ദ്രങ്ങളിലൂടെ യഥാർത്ഥ അക്ഷയകേന്ദ്രങ്ങൾക്ക് ഉണ്ടാകുന്ന വരുമാന നഷ്ടം ഒഴിവാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഇ) അക്ഷയയുടെ ലോഗോയും ഡിസൈനും അനുവാദമില്ലാതെയും അനധികൃതമായും അനുകരിച്ച് പൊതുജനങ്ങളിൽ തെറ്റിദ്ധാരണ പടർത്തുന്ന രീതിയിൽ പരസ്യബോർഡുകൾ സ്ഥാപിച്ച് വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗിച്ചാൽ ആയത് തടയുന്നതിന് എന്തൊക്കെ നിയമ നടപടികളാണ് സ്വീകരിക്കുവാനാകുന്നതെന്ന് വിശദാംശം സഹിതം വെളിപ്പെടുത്തുമോ?

## ഉത്തരം

(എ & ബി) അക്ഷയ കേന്ദ്രങ്ങളുടെ ഡിസൈനും ട്രേഡ് മാർക്കും ട്രേഡ് മാർക്സ് ആക്ട് 1999, സർട്ടിഫിക്കറ്റ് ഓഫ് രജിസ്ട്രേഷൻ ഓഫ് ട്രേഡ് മാർക്ക്, സെക്ഷൻ 23(2), റൂൾ 56(1) പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി & ഡി) അക്ഷയയുടെ ലോഗോയും ഡിസൈനും ഉപയോഗപ്പെടുത്തി അനധികൃതമായി പ്രവർത്തിക്കുന്ന സെന്ററുകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് അക്ഷയ ജില്ലാ ഓഫീസുകൾക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. അത്തരത്തിലുള്ള സെന്ററുകൾ കണ്ടെത്തുകയാണെങ്കിൽ ജില്ലാ പോലീസ് മേധാവികൾ മുഖേന പരാതി നൽകി നടപടി സ്വീകരിക്കുന്നതിന് ജില്ലാ ഓഫീസുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓൺലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സർക്കാർ അംഗീകൃത ഏജൻസി അക്ഷയ കേന്ദ്രങ്ങൾ മാത്രമാണെന്നത് സംബന്ധിച്ചും അനധികൃത ഓൺലൈൻ സ്ഥാപനങ്ങളിൽ സേവനങ്ങൾക്ക് അമിതമായി ഫീസ് നൽകി വഞ്ചിതരാകാതിരിക്കാനും വ്യക്തിവിവരങ്ങൾ നഷ്ടപ്പെടാതിരിക്കാനുമുള്ള ബോധവൽക്കരണ പ്രചാരണങ്ങൾ പത്ര മാധ്യമങ്ങൾ വഴിയും എഫ്.എം. റേഡിയോ മുഖേനയും നൽകുന്നുണ്ട്. വ്യാജ അക്ഷയ കേന്ദ്രങ്ങളെ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പൊതു ലോഗിനിലൂടെയുള്ള ഇ-ഡിസ്ട്രിക്ട് സർട്ടിഫിക്കറ്റുകളുടെ എണ്ണം കുറയ്ക്കുന്നതിനും സംസ്ഥാന സർവ്വീസ് പോർട്ടലിൽ അക്ഷയയ്ക്ക് ലോഗിൻ നൽകുന്നതിനുമുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു.

(ഇ) അക്ഷയയുടെ ലോഗോയും ഡിസൈനും അനധികൃതമായി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ബന്ധപ്പെട്ട പോലീസ് അധികാരി/ ജില്ലാ കളക്ടർക്ക് നടപടി സ്വീകരിക്കാം. തദ്ദേശഭരണ സ്ഥാപനം നൽകിയിട്ടുള്ള ലൈസൻസ് റദ്ദ് ചെയ്യുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

## ഐ.ടി. എക്സ്പോർട്ട്

74(3431) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നടന്നിട്ടുള്ള ഐ.ടി. എക്സ്പോർട്ട് എത്രയാണ് ; ഇത് സംബന്ധിച്ച് ഓരോ വർഷത്തേയും കണക്ക് ലഭ്യമാക്കാമോ ;

(ബി) ഇതിലൂടെ സംസ്ഥാനത്തിന് ലഭിച്ചിട്ടുള്ള വരുമാനം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2015-16-ൽ 12,000 കോടി രൂപയുടെയും 2016-17-ൽ 10,000 കോടി രൂപയുടെയും ഐ.ടി. കയറ്റുമതി സംസ്ഥാനത്ത് നടന്നിട്ടുണ്ട്. 2017-18-ൽ ഏകദേശം 15,000 കോടി രൂപയുടെ സോഫ്റ്റ് വെയർ കയറ്റുമതി പ്രതീക്ഷിക്കുന്നു.

(ബി) ഐ.ടി. കയറ്റുമതിയിലെ നികുതി ഇനത്തിലൂടെ സംസ്ഥാനത്തിന് 2015-16-ൽ ഏകദേശം 592 കോടിരൂപയും 2016-17-ൽ ഏകദേശം 493 കോടിയും വരുമാനം ലഭിച്ചിട്ടുണ്ട്.

**ജി.പി.എസ്. സുരക്ഷാ സംവിധാനം**

75(3432) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുഗതാഗത സമ്പ്രദായത്തിൽ ജി.പി.എസ് സുരക്ഷാസംവിധാനം ഏർപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ വാഹനങ്ങളിലാണ് ഇത് ഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) ജി.പി.എസ്. സംവിധാനത്തിന് ആവശ്യമായ ഹാർഡ് വെയർ, സോഫ്റ്റ് വെയർ എന്നിവ വികസിപ്പിക്കുവാൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്?

ഉത്തരം

(എ) 1-4-2018 മുതൽ സംസ്ഥാനത്തെ പൊതുഗതാഗത സമ്പ്രദായത്തിൽ ജി.പി.എസ്. സംവിധാനം നടപ്പിൽ വരുത്താൻ 15-11-2017-ലെ ജി.ഒ.(പി) നമ്പർ 27/2017/ട്രാൻസ് പ്രകാരം ഉത്തരവായിട്ടുണ്ട്. ഇത്തരം ഉപകരണങ്ങൾക്ക് ഒരു കേന്ദ്രീകൃത നിലവാരം AIS:140 എന്ന പേരിൽ നിലവിൽ വന്നു. ആയതിനാവശ്യമായ സോഫ്റ്റ്വെയർ മോഡിഫിക്കേഷൻ നടത്തിവരുന്നു. എല്ലാ പൊതുവാഹനങ്ങൾക്കും ജി.പി.എസ്. സുരക്ഷ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനോടനുബന്ധിച്ച് തിരുവനന്തപുരത്ത് ഒരു കേന്ദ്രീകൃത കൺട്രോൾ റൂമും ജില്ലാടിസ്ഥാനത്തിൽ മിനി കൺട്രോൾ റൂമുകളും സ്ഥാപിച്ചിട്ടുണ്ട്.

(ബി) എല്ലാ പൊതുവാഹനങ്ങൾക്കും ചരക്ക് വാഹനങ്ങൾക്കും സ്കൂൾ വാഹനങ്ങൾക്കും ആംബുലൻസുകൾക്കും ജി.പി.എസ്. സുരക്ഷാ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമെന്ന നിലയിൽ സ്കൂൾ വാഹനങ്ങൾക്കും പിന്നീട് സ്വകാര്യ ബസ്സുകൾക്കും ആംബുലൻസുകൾക്കും ചരക്ക് വാഹനങ്ങൾക്കും മുൻഗണനാടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) സിഡാക്കിനെ (C-DAC)-യാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

## വാട്സാപ്പ് ഗ്രൂപ്പുകളിലെ അഡ്മിൻമാരുടെ ചുമതലകളും നിയമപരമായ ബാധ്യതകളും

76(3433) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹമാധ്യമങ്ങളിലെ പെരുമാറ്റ രീതികളെയും ആശാസ്യമല്ലാത്ത പ്രവർത്തനങ്ങൾ മൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെയും ഉൾപ്പെടുത്തി ബോധവല്ക്കരണം നടത്തുമോ; വിശദമാക്കുമോ;

(ബി) വാട്സ് ആപ്പ് ഗ്രൂപ്പുകളിലെ അഡ്മിൻമാരുടെ ചുമതലകളും നിയമപരമായ ബാധ്യതകളും വ്യക്തമാക്കുമോ; ഈ തരത്തിൽ ഒരു പ്രചരണത്തിന് നടപടി സ്വീകരിക്കുമോ;

(സി) സമൂഹമാധ്യമങ്ങളിൽ പോലീസുദ്യോസ്ഥരും മറ്റും അവരുടെ പ്രൊഫൈലുകളിൽ ഔദ്യോഗിക വേഷത്തിലുള്ള ഫോട്ടോകൾ, ഔദ്യോഗിക മൊബൈൽ നമ്പർ, ഔദ്യോഗിക ഇ-മെയിൽ ഐഡി എന്നിവ ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സമൂഹമാധ്യമങ്ങളിൽ ഇടപെടുമ്പോൾ പോലീസുദ്യോഗസ്ഥർ പാലിക്കേണ്ട നിയന്ത്രണങ്ങൾ വ്യക്തമാക്കുമോ;

(ഇ) സമൂഹമാധ്യമങ്ങളിൽ വർഗീയ വിദ്വേഷമോ പരിഭ്രാന്തിയോ പരത്തുന്ന രീതിയിലുള്ള സന്ദേശങ്ങൾ ഇടുന്നവർക്കും അത് പ്രചരിപ്പിക്കുന്നവർക്കും എന്തൊക്കെ ശിക്ഷയാണ് നല്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) സമൂഹമാധ്യമങ്ങൾ വഴി വിവിധ രോഗങ്ങളെ സംബന്ധിച്ചും ചികിത്സ സംബന്ധിച്ചും തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ പങ്കുവയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സമൂഹമാധ്യമങ്ങൾ മുഖേന ശരിയായ രോഗ വിവരങ്ങളും മുൻ കരുതലുകളും ചികിത്സ വിവരങ്ങളും പങ്ക് വയ്ക്കുന്നതിന് ബന്ധപ്പെട്ട അധികൃതരെ ചുമതലപ്പെടുത്തുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ബോധവൽക്കരണ നടപടികൾ നടത്തിവരുന്നുണ്ട്. റസിഡന്റ്സ് അസോസിയേഷൻ മുഖാന്തിരവും നവമാധ്യമങ്ങൾ വഴിയും പത്രവാർത്തകളിലൂടെയും സാമൂഹ്യ-സാംസ്കാരിക സംഘടനകൾ വഴിയും പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും ബോധവൽക്കരണം നടത്തിവരുന്നു.

(ബി) വാട്സാപ്പ് ഗ്രൂപ്പുകളിലൂടെ പ്രചരിക്കുന്ന സന്ദേശങ്ങളുടെ ഉത്തരവാദിത്വം സന്ദേശം അയയ്ക്കുന്ന ആളിനും അതിനപ്പുറം ആ ഗ്രൂപ്പിന്റെ അഡ്മിൻമാർക്കുമാണ്. ഇത്തരം ഗ്രൂപ്പുകളിലൂടെയോ വാട്സാപ്പ് സന്ദേശങ്ങളിലൂടെയോ പ്രചരിക്കുന്ന സന്ദേശങ്ങളുടെ പരിണിതഫലമായി സംഭവിക്കുന്ന കുറ്റകൃത്യങ്ങളിന്മേൽ ഇന്ത്യൻ ശിക്ഷാ നിയമം അനുസരിച്ചും നിലവിലുള്ള ഇൻഫർമേഷൻ ടെക്നോളജി ആക്ട് അനുസരിച്ചുമുള്ള നടപടികൾ സന്ദേശം അയയ്ക്കുന്ന ആളിനും ഗ്രൂപ്പുകൾ വഴിയാണ് പ്രചരിക്കുന്നതെങ്കിൽ ഗ്രൂപ്പ് അഡ്മിനും എതിരായി സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം പ്രവർത്തനം ഉണ്ടോയെന്നത് നിരീക്ഷിച്ചുവരുന്നുണ്ട്. ഇതുസംബന്ധിച്ച പരാതികളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ നിയമ നടപടികൾ കൈക്കൊള്ളുന്നതാണ്.

(ഡി) ഇതുസംബന്ധിച്ച് പോലീസ് ആസ്ഥാനത്ത്നിന്നും 31-12-2015 തീയതിയിൽ 45/2015 നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) സമൂഹമാധ്യമങ്ങളിലൂടെ വർഗ്ഗീയ പ്രചരണം നടത്തുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമം അനുസരിച്ചും നിലവിലുള്ള ഇൻഫർമേഷൻ ടെക്നോളജി ആക്ട് അനുസരിച്ചും നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻകരുതലെടുക്കേണ്ട എല്ലാ രോഗങ്ങളെ സംബന്ധിച്ചും മാധ്യമങ്ങൾ വഴിയും സർക്കാർ സംവിധാനത്തിലൂടെയും ശരിയായ വിവരം പൊതുജനങ്ങൾക്ക് നൽകിവരുന്നുണ്ട്. തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

## സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ

77(3434) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്‌വേയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സംവിധാനം വഴി നിലവിൽ ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവിധ സർക്കാർ വകുപ്പുകൾ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽകൂടി ലഭ്യമാക്കുക എന്ന ആശയം മുൻനിർത്തിയാണ് 'സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ് വേ' എന്ന പദ്ധതി വികസിപ്പിച്ചെടുത്തത്. പൊതുവായ സേവന ലഭ്യതാ സംവിധാനത്തിലൂടെ ഇത് സാധ്യമാക്കുകയും കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും ചെയ്യും.

(ബി) ഈ സംവിധാനത്തിലൂടെ ഒരു സാധാരണ പൗരന് ആവശ്യമായ അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ് ചെയ്തെടുക്കാനും അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാനുമുള്ള സൗകര്യമുണ്ടാകും. വിവിധ സർക്കാർ ഉത്തരവുകളും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ അപേക്ഷകളുടെ തത്സ്ഥിതിയും പോർട്ടൽ വഴി ലഭ്യമാണ്. വിവിധ വകുപ്പുകളുടെ 58 സേവനങ്ങളാണ് എസ്.എസ്.ഡി.ജി.-യിലൂടെ നൽകുന്നത്. സേവനങ്ങൾ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർക്കുന്നു. *

## കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം

78(3435) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ ആക്രമണങ്ങളെ നേരിടുന്നതിന് രൂപീകരിച്ചിട്ടുള്ള കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം - കേരളം എന്ന സംവിധാനത്തെ സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവും നിയന്ത്രണവും ചുമതലയും ഏത് ഏജൻസിക്കാണെന്നും ദേശീയ തലത്തിൽ ഏത് ഏജൻസിയുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനായി 2010 മേയ് മാസത്തിൽ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരളയുടെ (CERT-K) പ്രവർത്തനം ആരംഭിച്ചു. ഇത് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ (CERT-In) എന്ന വിഭാഗവുമായി സഹകരിച്ചു പ്രവർത്തിക്കുന്നു.

CERT-K യുടെ ചുമതലകൾ

- സർക്കാർ വെബ്സൈറ്റുകളെ സൈബർ ആക്രമണങ്ങളിൽനിന്നും പ്രതിരോധിക്കുന്നതുമായി ബന്ധപ്പെട്ട് വെബ്സൈറ്റുകളെ സുരക്ഷാ ഓഡിറ്റിംഗിന് വിധേയമാക്കുകയും അതിലെ സുരക്ഷാപാളിച്ചകൾ അതത് വകുപ്പുകളെ യഥാസമയം അറിയിക്കുകയും സുരക്ഷാമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

- സൈബർ സുരക്ഷാ ആക്രമണങ്ങൾക്ക് വിധേയമാകുന്ന സർക്കാർ വെബ്സൈറ്റ്/വെബ് ആപ്ലിക്കേഷന്റെ ഇൻസിഡന്റ്/ലോഗ് അനാലിസിസ് എന്നിവ നടത്തുകയും ഭാവിയിൽ ഇത്തരത്തിലുള്ള ആക്രമണങ്ങൾ വരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.
- സൈബർ പരാതികൾ വിശകലനം ചെയ്ത് വിശദമായ റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നു.

(ബി) കേരള സംസ്ഥാന ഐ.ടി. മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സുരക്ഷാ വിഭാഗമാണ് കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-കേരള (CERT-K). ഇത് കേന്ദ്ര സർക്കാരിന്റെ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം-ഇന്ത്യ (CERT-In) എന്ന വിഭാഗവുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

**പാണ്ടിക്കാട് പ്രവർത്തിച്ചിരുന്ന റാപ്പിഡ് റെസ്പോൺസ് ബറ്റാലിയൻ**

79(3436) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന റാപ്പിഡ് റെസ്പോൺസ് ആൻഡ് റെസ്ക്യൂ ഫോഴ്സ് ബറ്റാലിയൻ ആസ്ഥാനം മതിയായ കെട്ടിടങ്ങളും സൗകര്യങ്ങളുമില്ലാത്ത ക്ലാരി പഞ്ചായത്തിലെ എടരിക്കോട് ക്യാമ്പിലേയ്ക്ക് മാറ്റിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) 23-3-2015 ലെ 716/2015 /ആഭ്യന്തരം നമ്പർ ഉത്തരവിനെ മറികടന്നുകൊണ്ട് പ്രസ്തുത ക്യാമ്പ് മാറ്റാൻ ഇടയാക്കിയ സാഹചര്യം വിശദമാക്കാമോ ; പ്രസ്തുത മാറ്റത്തിനായി പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കാമോ ;

(സി) പാണ്ടിക്കാട് ക്യാമ്പിൽ ആർ.ആർ.ആർ.എഫ് സേനാ ആസ്ഥാനത്തിനുപയോഗിച്ചിരുന്ന കെട്ടിടങ്ങൾ, മറ്റ് സൗകര്യങ്ങൾ എന്നിവ എന്താവശ്യത്തിനാണ് തുടർന്ന് ഉപയോഗിക്കുന്നതെന്നറിയിക്കാമോ ;

(ഡി) പ്രസ്തുത ക്യാമ്പ് ക്ലാരി പഞ്ചായത്തിൽനിന്നും പാണ്ടിക്കാട് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മാറ്റിയിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് പ്രവർത്തിച്ചുവന്നിരുന്ന റാപ്പിഡ് റെസ്പോൺസ് ആംഡ് റെസ്ക്യൂ ഫോഴ്സ് ബറ്റാലിയന്റെ കെട്ടിടം പോലീസ് ആസ്ഥാനത്തെ 20-2-2018-ലെ എച്ച് 14-197825/2017 നമ്പർ നടപടിക്രമം പ്രകാരം എം.എസ്.പി. ക്ലാരിയിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുള്ളതാണ്. ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളും മറ്റും ഇതിനായി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേരള പോലീസിലെ പോലീസ് ഉദ്യോഗസ്ഥർക്ക് Anti-Insurgency and Counter Terrorism തുടങ്ങിയവയിൽ പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് സ്കൂളുകൾ കേരളാ പോലീസിന് കീഴിൽ ലഭ്യമല്ല. നിലവിലെ മാവോയിസ്റ്റ് ആക്രമണഭീതിയും മറ്റ് സുരക്ഷാ കാരണങ്ങളും മുൻനിർത്തി പോലീസ് ഉദ്യോഗസ്ഥർക്ക് മേൽവിഷയങ്ങളിൽ നിരന്തരമായ പരിശീലനം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്. ആയതിനാൽ Anti-Insurgency and Counter Terrorism തുടങ്ങിയവയിന്മേലുള്ള പരിശീലനം നൽകുന്നതിനായി ഒരു ട്രെയിനിംഗ് സെന്റർ രൂപീകരിക്കേണ്ടത് അനിവാര്യമായിട്ടുള്ളതാണ്. ആയതിനാൽ ടി ട്രെയിനിംഗ് സെന്റർ സ്ഥാപിക്കുവാൻ ആവശ്യമായ സൗകര്യങ്ങൾ എല്ലാംതന്നെ ആർ.ആർ.ആർ.എഫ്.-ന്റെ പാണ്ടിക്കാട് ക്യാമ്പിൽ ലഭ്യമായിരുന്നു. തുടർന്ന് ക്ലാരി ക്യാമ്പിൽ ആർ.ആർ.ആർ.എഫ്.-ന്റെ ആസ്ഥാനം മാറ്റി സ്ഥാപിക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കിയതിനുശേഷം ടി ക്യാമ്പ് ക്ലാരിയിലേയ്ക്ക് താൽക്കാലികമായി മാറ്റിയിട്ടുള്ളതാണ്.

(സി & ഡി) പാണ്ടിക്കാട് ക്യാമ്പിൽ ആർ.ആർ.ആർ.എഫ് സേനാ ആസ്ഥാനം ഉപയോഗിച്ചിരുന്ന കെട്ടിടങ്ങൾ കേരള പോലീസ് അക്കാഡമിയുടെ കീഴിലുള്ള Anti-Insurgency and Counter Terrorism Training Centre ഉപയോഗിച്ചുവരുന്നുണ്ട്. ആയതിനാൽ ആർ.ആർ.ആർ.എഫ്.-ന്റെ ആസ്ഥാനം പാണ്ടിക്കാട്ടേയ്ക്ക് മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നില്ല.

**അലയാർ കരിമരുന്ന് അപകടത്തിൽപ്പെട്ടവർക്ക് ധനസഹായം**

80(3437) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ വണ്ടിത്താവളം അലയാറിൽ ഉച്ചിമഹാളിയമ്മൻ ക്ഷേത്രത്തിൽ ഉണ്ടായ കരിമരുന്ന് അപകടത്തിന് ഇടയായവർക്കുള്ള ധനസഹായം സംബന്ധിച്ച് നൽകിയ നിവേദനത്തിൽ ഇന്നേവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ അപകടത്തിൽ മരിച്ച രണ്ട് കുട്ടികളുടെ കുടുംബത്തിനുള്ള പ്രത്യേക ധനസഹായം അടിയന്തരമായി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ചിറ്റൂർ താലൂക്ക് വണ്ടിത്താവളം അലയാർ ഉച്ചിമഹാളിയമ്മൻ കോവിൽ പൊങ്കൽ ഉത്സവത്തിനിടെ ഉണ്ടായ വെടിക്കെട്ടപകടത്തിൽ മരണമടഞ്ഞ വ്യക്തികളുടെ കുടുംബാംഗങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനായി എഫ്.ഐ.ആർ., മരണസർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട് എന്നീ രേഖകൾ ലഭിക്കുന്നമുറയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട വില്ലേജ് ഓഫീസർ മുഖേന നൽകിയിട്ടുണ്ട്. അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അപകടത്തിൽ പരിക്കുപറ്റി ചികിത്സയിലായിരുന്ന വ്യക്തികൾക്ക് തുടർചികിത്സയ്ക്ക് ധനസഹായം നൽകുന്നതിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നെങ്കിലും പരിക്കുപറ്റിയ 10 പേരിൽ 5 പേർ മാത്രമാണ് അപേക്ഷ ഓൺലൈനായി സമർപ്പിച്ചിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് മറ്റ് വ്യക്തികളുടെ കാര്യം പരിഗണിക്കുന്നതാണ്.

## ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായം ലഭിക്കുന്നതിന് കാലതാമസം

81(3438) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് രോഗികൾക്ക് ചികിത്സാ ധനസഹായം ലഭിക്കുന്നതിന് കാലതാമസം ഒഴിവാക്കാൻ ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ നൽകിയിട്ടും, നാലും അഞ്ചും മാസങ്ങൾ കാത്തിരിക്കേണ്ട സ്ഥിതി ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിവിധ തലങ്ങളിൽ അപേക്ഷകൾ, ത്വരിതഗതിയിൽ പരിഗണിക്കപ്പെടുന്നുണ്ടോ;വ്യക്തമാക്കാമോ;

(സി) സെക്രട്ടേറിയറ്റിൽ റവന്യൂ സെക്ഷനിൽ മാസങ്ങളോളം അപേക്ഷകൾ പെൻഡിംഗ് വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വകുപ്പ് തലത്തിൽ ഊർജിത നടപടി സ്വീകരിച്ച് ദുരിതാശ്വാസം വേഗത്തിൽ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ധനസഹായത്തിന് അർഹതയുള്ള പൂർണ്ണമായ അപേക്ഷകളുടെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് തുക അനുവദിച്ച് വരുന്നുണ്ട്. ഇത് കൂടുതൽ വേഗത്തിലാക്കാൻ ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം

അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ബന്ധപ്പെട്ട ജില്ലാ കളക്ടർക്കും തഹസിൽദാർമാർക്കും ഓൺലൈനായി നൽകിവരുന്നുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് DBT (Direct Benefit Transfer) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്താനും അത് ഉറപ്പുവരുത്താനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് നെടുമങ്ങാട് താലൂക്കിൽ വിതരണം ചെയ്ത തുക

82(3439) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ട് വർഷ കാലയളവിൽ നെടുമങ്ങാട് താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും എത്ര പേർക്ക് ആനുകൂല്യം നൽകിയെന്നും എത്ര തുക വിതരണം ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗുണഭോക്താക്കളുടെ പേരും മേൽവിലാസവും അനുവദിച്ച തുകയുമടങ്ങിയ പട്ടിക ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള രണ്ട് വർഷക്കാലയളവിൽ നെടുമങ്ങാട് താലൂക്കിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 4211 പേർക്കായി 6,28,82,153 രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) എം.എൽ.എ.-മാർ മുഖാന്തരം സമർപ്പിച്ച അപേക്ഷകൾ പരിശോധിക്കുന്നതിനും ഗുണഭോക്താക്കളുടെ പട്ടികയും വിശദാംശങ്ങളും സർക്കാർ വെബ്സൈറ്റിൽനിന്നും പ്രസ്തുത എം.എൽ.എ.-മാർക്ക് നേരിട്ട് ലഭിക്കുന്നതാണ്.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ

83(3440) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ആനുകൂല്യങ്ങൾ താമസംവിനാ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായത്തിന് അർഹതയുള്ള പൂർണ്ണമായ അപേക്ഷകളുടെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് തുക അനുവദിച്ചുവരുന്നുണ്ട്. ഇത് കൂടുതൽ വേഗത്തിലാക്കാൻ ഓൺലൈൻ സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 15,000 രൂപവരെ ധനസഹായം അനുവദിക്കുന്നതിന് റവന്യൂ സ്പെഷ്യൽ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ബന്ധപ്പെട്ട ജില്ലാ കളക്ടർക്കും തഹസിൽദാർമാർക്കും ഓൺലൈനായി നൽകിവരുന്നുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് എത്തിക്കുന്നതിന് DBT (Direct Benefit Transfer) സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയിൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്താനും അത് ഉറപ്പുവരുത്തുന്നതിനും തഹസിൽദാരെയും വില്ലേജ് ഓഫീസറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഫോർട്ട് കൊച്ചി ബോട്ട് ദുരന്തം**

84(3441) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് കൊച്ചി ബോട്ട് ദുരന്തത്തെക്കുറിച്ച് അന്വേഷിച്ച് സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) ദുരന്തത്തിൽ മരിച്ചവരുടെ കുടുംബങ്ങളുടെ പുനരധിവാസത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള ബോട്ട് ജട്ടികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി തുറമുഖ വകുപ്പ്, ഇൻലാന്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്, ജലസേചന വകുപ്പ് എന്നീ വകുപ്പുകളിലെ ഓരോ ഓഫീസർമാരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി നിലവിലുള്ള ബോട്ട് ജട്ടികളുടെ സുരക്ഷാ പരിശോധന നടത്തുന്നതാണ്. ടൂറിസ്റ്റ് ബോട്ടുകൾ ഉൾപ്പെടെ എല്ലാ ബോട്ടുകളിലും സീറ്റിംഗ് കപ്പാസിറ്റി, ടിക്കറ്റ് നിരക്ക് തുടങ്ങിയ പ്രധാന വിവരങ്ങൾ ബോട്ടുകളിലും ബോട്ടുജട്ടികളിലും പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സർവ്വെ സമയത്ത് ചീഫ് സർവ്വെയർ, സർവ്വെയർ എന്നിവർ ഇത് പരിശോധിക്കുന്നു. ഇത് Digitalize ചെയ്യുന്നതിനുവേണ്ടി കെൽട്രോണുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) ഫോർട്ട് കൊച്ചി ബോട്ടപകടത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം 55 ലക്ഷം രൂപയും (11 പേർക്ക്) ഗുരുതര പരിക്കുപറ്റിയവർക്ക് ഒരു ലക്ഷം രൂപ വീതം 10 ലക്ഷം രൂപയും (10 പേർക്ക്) ധനസഹായം നൽകിയിട്ടുള്ളതാണ്. കൂടാതെ പരിക്കേറ്റവർക്ക് വിവിധ ആശുപത്രികളിൽ സൗജന്യ ചികിത്സയും നൽകിയിട്ടുണ്ട്.

## എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

85(3442) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടങ്ങൾ എഴുതി തള്ളുന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) മാനദണ്ഡങ്ങൾ നോക്കാതെ മുഴുവൻ ദുരിതബാധിതരുടെയും കടങ്ങൾ എഴുതിതള്ളണമെന്ന എൻഡോസൾഫാൻ ബാധിതരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് എന്താണ്;

(സി) 2007 ഏപ്രിൽ മാസത്തിൽ നടന്ന പ്രത്യേക മെഡിക്കൽ ക്യാമ്പിൽ 1905 പേരെ ദുരിതബാധിതരായി കണ്ടെത്തിയിട്ടുണ്ടോ; പിന്നീട് ഈ ലിസ്റ്റിൽനിന്നും എത്രപേരെ നീക്കം ചെയ്തു; അതിനുള്ള കാരണമെന്താണ്;

(ഡി) കാസർഗോഡ് ജില്ലയിൽ ദുരിതബാധിതർക്കായി സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ച ഏഴ് ബഡ്സ് സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണ്; എത്ര സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി; ശേഷിക്കുന്നവയുടെ പണി അടിയന്തരമായി പൂർത്തിയാക്കുമോ;

(ഇ) പ്ലാന്റേഷൻ കോർപ്പറേഷന്റെ പെരിയ, രാജപുരം, ചീമേനി ഗോഡൗണുകളിലുള്ള എൻഡോസൾഫാൻ നിർവ്വീര്യമാക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയിട്ടുണ്ടോ;ഇല്ലെങ്കിൽ അതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ കടബാധ്യതകൾ 10-10-2014-ലെ ജി.ഒ.(എം.എസ്.)നമ്പർ 298/2014/ആ.കു.വ. പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി എഴുതിത്തള്ളുന്ന നടപടികൾ സ്വീകരിച്ച

വരുന്നുണ്ട്. ദുരിതബാധിതരുടെ 50,000 രൂപയുടെ കടബാധ്യതകൾ എഴുതിത്തള്ളിയിട്ടുണ്ട് (1.10 കോടി രൂപ). 3 ലക്ഷം രൂപ വരെയുള്ള അർഹമായ കടബാധ്യതകൾ എഴുതിത്തള്ളുന്നതിനായി 7.63 കോടി രൂപ അനുവദിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ 10-10-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 298/2014/ആ.കു.വ. സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള കടബാധ്യതകളാണ് പരിഗണിക്കുന്നത്. 2011 ജൂൺ മാസം വരെയുള്ള കടബാധ്യതകളാണ് കടാശ്വാസ പരിധിയിൽ വരുന്നത്. 2011 മുതൽ ദുരിതബാധിതർക്ക് സൗജന്യ ചികിത്സ അനുവദിച്ചുവരുന്നതിനാലാണ് അത്തരമൊരു സമയപരിധി നിർണ്ണയിച്ചത്.

(സി) 2017-ൽ നടന്ന മെഡിക്കൽ ക്യാമ്പിൽനിന്നും ദുരിതബാധിതരായി കണ്ടെത്തിയിട്ടുള്ളത് 287 പേരെയാണ്. പ്രസ്തുത പട്ടികയിൽ നിന്ന് ആരെയും ഒഴിവാക്കിയിട്ടില്ല.

(ഡി) എൻഡോസൾഫാൻ ദുരിതബാധിത മേഖലകളിൽ നബാർഡ് ആർ.ഐ.ഡി.എഫ്. എൻഡോസൾഫാൻ പാക്കേജിൽ ഉൾപ്പെടുത്തി (കാറഡുക്ക, എൺമകജെ, കമ്പടാജെ, ബദിയഡുക്ക, മുളിയാർ, ബെള്ളൂർ, പുല്ലൂർ പെരിയ, കള്ളാർ, പനത്തടി, കയ്യൂർ ചീമേനി എന്നിവിടങ്ങളിൽ) 10 ബഡ്സ് സ്കൂളുകളാണ് നിർമ്മിക്കുന്നത്. ഇവയിൽ പുല്ലൂർ പെരിയ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കാറഡുക്ക, കമ്പടാജെ, മുളിയാർ, കയ്യൂർ, ചീമേനി, ബെള്ളൂർ എന്നിവിടങ്ങളിലെ കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുണ്ട്. മറ്റു പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(ഇ) നിർവീര്യമാക്കിയിട്ടില്ല. കാസറഗോഡ് ജില്ലയിലെ പെരിയ, രാജപുരം, ചീമേനി എന്നിവിടങ്ങളിലെ പ്ലാന്റേഷൻ തോട്ടങ്ങളിൽ സൂക്ഷിച്ച് വെച്ചിരിക്കുന്ന ബാരലുകളിലെ എൻഡോസൾഫാന്റെ സാമ്പിളുകൾ 2018 ഫെബ്രുവരി മാസം പരിശോധിക്കുകയും പ്രസ്തുത ബാരലുകളുടെ സുരക്ഷ ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റെ സഹായത്തോടെ ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സാമ്പിളുകളുടെ പരിശോധനാ ഫലത്തിന് വിധേയമായി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെയും ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ് ലിമിറ്റഡിന്റെയും സഹായത്തോടെ നിർവീര്യമാക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിന് ജില്ലാ ഭരണകൂടം നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പറമ്പിക്കുളം-ആളിയാർ പദ്ധതി

86(3443) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട വെള്ളം തമിഴ്നാട്ടിൽനിന്നും ഈ വർഷം ലഭ്യമായിട്ടുണ്ടോയെന്നറിയിക്കാമോ;

(ബി) മുൻവർഷങ്ങളിൽ അനുവദിക്കപ്പെട്ട മുഴുവൻ വെള്ളവും തമിഴ്നാട് സർക്കാർ വിട്ടു നൽകാത്ത സാഹചര്യത്തിൽ കൂടുതൽ വെള്ളം വിട്ടുകിട്ടുന്നതിനും കേരളത്തിനർഹതപ്പെട്ട മുഴുവൻ വെള്ളവും യഥാസമയം ലഭ്യമാകുമെന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ?

### ഉത്തരം

(എ) ഈ ജലവർഷത്തിൽ (2017-18) 31-5-2018-വരെ മണക്കടവ് വിയറിൽ പി.എ.പി. കരാർ പ്രകാരം കേരളത്തിന് ലഭിക്കേണ്ട 6750 എം.സി.എഫ്.ടി. ജലത്തിന്റെ സ്ഥാനത്ത് 5968 എം.സി.എഫ്.ടി. ജലമേ ലഭിച്ചിട്ടുള്ളൂ. അതുപോലെ കേരള-ഷോളയാറിൽ ഈ ജലവർഷത്തിൽ അർഹതപ്പെട്ട 12300 എം.സി.എഫ്.ടി ജലത്തിൽ 11-6-2018-ലെ കണക്ക് പ്രകാരം 10741.73 എം.സി.എഫ്.ടി. ജലം ലഭിച്ചിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന നദീജല കരാറുകളിൽ കേരളത്തിന്റെ താല്പര്യം പൂർണ്ണമായും സംരക്ഷിക്കുന്നതിനുവേണ്ടി ഭരണപരവും നിയമപരവുമായ എല്ലാ സാധ്യതകളും സംസ്ഥാനം ഉപയോഗപ്പെടുത്തുന്നുണ്ട്. കേരളത്തിന് പ്രധാനമായും ജലം ലഭിക്കുന്ന പി.എ.പി. കരാറിന്റെ കാര്യത്തിൽ കരാർ പ്രകാരം ലഭിക്കേണ്ട ജലം, സംയുക്ത ജല ക്രമീകരണ ബോർഡിന്റെ (ജെ.ഡബ്ല്യൂ.ആർ.ബി.) യോഗങ്ങളിൽ ഉന്നയിച്ച് കഴിയുന്നത്ര നേടിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇത് ഫലവത്താകാത്ത സാഹചര്യത്തിൽ സർക്കാർ തലത്തിലുള്ള സമയോചിതമായ ഇടപെടലുകൾ മുഖേന ജലവിഹിതം പരമാവധി നേടിയെടുക്കുകയും ചെയ്തുവരുന്നു.

ഇതിനുപുറമെ കേരള വൈദ്യുതി ബോർഡും ജലസേചന വകുപ്പും സർക്കാരും പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് തമിഴ്നാടിന് നടപ്പ് ജലവർഷത്തിൽ നിരവധി കത്തുകൾ അയച്ചിട്ടുണ്ട്. പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടികൾ കേരളം സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ സർക്കാർ തുടർന്നും കാര്യക്ഷമമായ ഇടപെടലുകൾ യഥാസമയം നടത്തുന്നതായിരിക്കും.

## ഭവാനിപ്പുഴയിലെ ജലത്തിന് സംസ്ഥാനത്തിനുള്ള അവകാശങ്ങൾ

87(3444) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തർ സംസ്ഥാന നദിയായതിനാൽ ഉഭയ സമ്മത പ്രകാരമേ നിർമ്മാണ പ്രവർത്തനങ്ങൾ പാടുള്ളൂ എന്ന ചട്ടം ലംഘിച്ച് ഭവാനിപ്പുഴയുടെ ഉത്ഭവസ്ഥാനത്ത് വൻതുരങ്കം നിർമ്മിക്കുന്നത് ഉൾപ്പെടെ തമിഴ്നാട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണ്;

(ബി) ഭവാനിപ്പുഴയിലെ ജലത്തിന് സംസ്ഥാനത്തിനുള്ള അധികാര അവകാശങ്ങൾ നിലനിർത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

ഉത്തരം

(എ) പ്രസ്തുത വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിയുടൻതന്നെ ചീഫ് എഞ്ചിനീയർ ഐ.എസ്.ഡബ്ല്യു. മുഖേന അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ തമിഴ്നാട് നിലവിലുള്ള കുണ്ട ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയുടെ ഭാഗമായി ഒരു ടണലാണ് നിർമ്മിക്കുന്നതെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ഭവാനിയുടെ കേരളത്തിലെ നീരൊഴുക്കിനെ ബാധിക്കുകയില്ലെന്നും പ്രാഥമികമായി വിലയിരുത്തിയിട്ടുണ്ട്. എങ്കിലും ഇക്കാര്യത്തിലുള്ള നിജസ്ഥിതി നേരിട്ട് മനസ്സിലാക്കി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ പദ്ധതി പ്രദേശം സന്ദർശിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) 16-6-2018-ലെ കാവേരി കേസിലെ സുപ്രീം കോടതിയുടെ വിധി പ്രകാരം കേരളത്തിലെ ഭവാനി ബേസിനിൽ ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ച 6 ടി.എം.സി. ജലം ഉപയോഗിക്കാവുന്നതാണ്. ഈ ജലം പൂർണ്ണമായി ഉപയോഗിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭവാനി ബേസിനിൽ 2.87 ടി.എം.സി. ജലം ഉപയോഗിക്കാനുള്ള അട്ടപ്പാടിവാലി ഇറിഗേഷൻ പദ്ധതി, 0.29 ടി.എം.സി. ജലം

ഉപയോഗിച്ച് പാന്തൻതോട് ഡൈവേർഷൻ പദ്ധതിയുടെ അറ്റകുറ്റപ്പണികളും 0.57 ടി.എം.സി. ജലം ഉപയോഗിച്ച് തുടുക്കി അരളി പദ്ധതിയിൽ ഉൾപ്പെടുന്ന അരളി പദ്ധതി നടപ്പിലാക്കാനുള്ള പര്യവേഷണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കൂടാതെ ഭവാനി ബേസിനിൽ ചെറുകിട ജലസേചന പദ്ധതിക്കായി ട്രൈബ്യൂണൽ അവാർഡിൽ അനുവദിച്ചിട്ടുള്ള 1.28 ടി.എം.സി. ജലം പൂർണ്ണമായി വിനിയോഗിക്കാൻവേണ്ടി അനുയോജ്യമായ ചെറുകിട ജലസേചന പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികളും എടുത്തുവരുന്നു.

## നോൺ ജേണലിസ്റ്റ് പെൻഷൻ

88(3445) <u>ശ്രീ. ജോൺ ഫെർണാണ്ടസ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മംഗളം പബ്ലിക്കേഷൻസിൽ നോൺ ജേർണലിസ്റ്റായി പ്രവർത്തിച്ചിരുന്ന ആലപ്പുഴ ജില്ലയിൽ വെൺമണി കരയിൽ ഇന്ദിരാ ഭവനിൽ ആർ.കെ. ശ്രീകുമാറിന് നോൺ ജേർണലിസ്റ്റ് പെൻഷൻ ലഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) പെൻഷൻ എന്ന് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മംഗളം പബ്ലിക്കേഷൻസിൽ നോൺ ജേണലിസ്റ്റായി പ്രവർത്തിച്ചിരുന്ന ആർ.കെ. ശ്രീകുമാറിന് അംഗത്വം അനുവദിക്കുന്നതിനുള്ള അപേക്ഷ 26-6-2015-ലെ പെൻഷൻ കമ്മിറ്റി യോഗം പരിഗണിക്കുകയും മംഗളം പത്രത്തിൽ തന്നെയാണ് ജോലി ചെയ്യുന്നതെന്നുള്ള ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് അംഗത്വം അനുവദിക്കാവുന്നതാണെന്ന് 25-2-2016-ലെ സ.ഉ(സാധാ) നമ്പർ 96/2016/ ഐആൻഡ് പി.ആർ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) മംഗളം പത്രത്തിൽ തന്നെയാണ് ജോലി ചെയ്യുന്നതെന്നുള്ള ബന്ധപ്പെട്ട അധികാരിയുടെ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് അർഹതയുള്ളപക്ഷം പെൻഷൻ അനുവദിക്കുന്നതാണ്.

## വ്യാജ റിക്രൂട്ട്മെന്റും വിസ തട്ടിപ്പും തടയുന്നതിന് നടപടി

89(3446) <u>ശ്രീ. രാജു എബ്രഹാം:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീ. പി. കെ. ശശി:</u>
<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയ്ക്കെതിരെ വിവിധ ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ എന്തെല്ലാം ബോധവൽക്കരണ പരിപാടികളാണ് നടത്തിവരുന്നത്;

(സി) സംസ്ഥാനത്തുനിന്ന് വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചിട്ടുണ്ടോ;

(ഡി) ഈ മേഖലയിൽ നോർക്കയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണം, വിസ തട്ടിപ്പ് എന്നിവ തടയുന്നതിന് "വിസ തട്ടിപ്പിനെതിരെയുള്ള ബോധവൽക്കരണം" എന്ന പദ്ധതിയും പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പരിശീലനവും നോർക്ക റൂട്ട്സ് നടത്തിവരുന്നു. രജിസ്റ്റർ ചെയ്യാത്ത റിക്രൂട്ടിംഗ് ഏജന്റിനെതിരെ പരാതി ലഭിക്കുന്നപക്ഷം പോലീസ് വഴി അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നു. രജിസ്റ്റർ ചെയ്ത റിക്രൂട്ടിംഗ് ഏജന്റിനെതിരെ പരാതി ലഭിക്കുന്നപക്ഷം 1983-ലെ ഇമിഗ്രേഷൻ ആക്ട് പ്രകാരം പ്രൊട്ടക്ഷൻ ഓഫ് ഇമിഗ്രന്റ്സ് നടപടി സ്വീകരിച്ചുവരുന്നു.

(ബി) വിദേശ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട ചൂഷണം, വിസ തട്ടിപ്പ് എന്നിവ തടയുന്നതിന് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് മുഖാന്തരം ദൃശ്യ, ശ്രവ്യ, പത്ര മാധ്യമങ്ങളിലൂടെ വ്യാപകമായ പ്രചാരണ പരിപാടികൾ നോർക്ക റൂട്ട്സ് നടത്തിവരുന്നു. കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ചേർന്ന് പ്രൊട്ടക്റ്റർ ഓഫ് ഇമിഗ്രന്റ്സിന്റെ മേൽനോട്ടത്തിൽ പ്രിന്റ്, ടെലിവിഷൻ, ആൾ ഇന്ത്യ റേഡിയോ എന്നിവ വഴി ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു.

(സി) സംസ്ഥാനത്തുനിന്ന് വിദേശ രാജ്യങ്ങളിൽ തൊഴിൽ തേടി പോകുന്ന ഉദ്യോഗാർത്ഥികൾക്കായി പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം നടത്തിവരുന്നുണ്ട്.

(ഡി) പ്രവാസി മലയാളികളെക്കുറിച്ചുള്ള സർവ്വേ, ഓൺലൈൻ ഡാറ്റാ ബേസിന്റെ രൂപീകരണം, റിക്രൂട്ട്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം വ്യാപിപ്പിക്കൽ, ലോക കേരളസഭ, ഗ്ലോബൽ കൾച്ചറൽ ഫെസ്റ്റ്, നോർക്ക റൂട്ട്സ് ജില്ലാ ഓഫീസുകളുടെ ശക്തിപ്പെടുത്തലും വിപുലീകരണവും, പ്രവാസി ലോട്ടറി, എമർജൻസി ആംബുലൻസ് സർവ്വീസ്, മടങ്ങിയെത്തിയ പ്രവാസികൾക്കായുള്ള വായ്പാപദ്ധതിയുടെ വിപുലീകരണം, നിലവിലുള്ള പദ്ധതികളുടെയും പരിപാടികളുടെയും വിപുലീകരണം എന്നിവയാണ് ഈ മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വിപുലീകരണ പരിപാടികൾ.

## പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനുമുള്ള പദ്ധതികൾ

90(3447) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. സജി ചെറിയാൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം നോർക്ക റൂട്ട്സ് പ്രവാസി മലയാളികളുടെ ക്ഷേമത്തിനും പുനരധിവാസത്തിനും അവകാശ സംരക്ഷണത്തിനുമായി നടത്തിയ പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നോർക്ക ബിസിനസ് ഫെസിലിറ്റേഷൻ പദ്ധതിപ്രകാരം നടത്തി വരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ഒഡെപെക്കിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി സ്വീകരിച്ചിരുന്നോ;

(ഡി) മടങ്ങി വരാൻ നിർബന്ധിതരാകുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാൻ മാർഗ്ഗ നിർദ്ദേശവും പരിശീലനവും നൽകുന്നതിനായുള്ള സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിന്റെ പ്രവർത്തനഫലമായി കൈവരിക്കാനായ നേട്ടം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രവാസി മലയാളികൾക്കായി നോർക്ക റൂട്ട്സ് നടത്തിയ പ്രധാന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- സാന്ത്വന
- പ്രീ ഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം, വ്യാജ റിക്രൂട്ട്മെന്റ്, വിസതട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം.
- തൊഴിൽ വൈദഗ്ദ്ധ്യ പരിശീലന പരിപാടി
- ജോബ് പോർട്ടൽ
- നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC)
- നോർക്ക ഓഫീസുകളുടെ ശാക്തീകരണം

- നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)
- മാർക്കറ്റ് റിസർച്ച്, പ്രവാസത്തിനുമുമ്പും പിമ്പുമുള്ള സേവനങ്ങൾ
- ലോക കേരളസഭയും ആഗോള സാംസ്കാരികോത്സവവും.

(ബി) സംസ്ഥാനത്തെ നിക്ഷേപ സാധ്യതകളെ പ്രവാസി കേരളീയരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് വിവിധ മേഖലകളിൽ നിക്ഷേപിക്കുവാൻ സന്നദ്ധതയുള്ളവർക്ക് പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായവും മറ്റ് സൗകര്യങ്ങളുമൊരുക്കുക എന്ന ലക്ഷ്യത്തോടെയാണ് നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ (NBFC) ആവിഷ്കരിച്ചിട്ടുള്ളത്. കേരളത്തിൽ വ്യവസായ സംരംഭം തുടങ്ങാൻ തല്പരരായ പ്രവാസികൾക്ക് ഈ സെന്റർ വിവിധ അനുമതികൾ നേടുന്നതിന് ഒരു 'ഏകജാലക സംവിധാന'മായി പ്രവർത്തിക്കുന്നതാണ്.

(സി) വിദേശ നിയമന രംഗത്ത് ഒഡെപെക് കൂടുതലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത് ഗൾഫ് രാജ്യങ്ങളായ സൗദി അറേബ്യ, ഒമാൻ, യു.എ.ഇ. എന്നിവിടങ്ങളിലെ ആരോഗ്യ മേഖലയിലാണ്. സമീപകാലത്ത് യൂറോപ്യൻ രാജ്യങ്ങളായ യുണൈറ്റഡ് കിംഗ്ഡം, അയർലണ്ട് എന്നിവിടങ്ങളിലേയ്ക്ക് നിയമനം ആരംഭിച്ചിട്ടുണ്ട്. കൂടുതൽ മേഖലകളിലേയ്ക്കും മറ്റ് ഏഷ്യൻ-യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിദേശ നിയമനം കൂടാതെ മറ്റ് മേഖലകളിലെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(ഡി) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് വഴി താഴെപ്പറയുന്ന സേവനങ്ങൾ നൽകിവരുന്നു:

- വിജയകരമായി നടത്താവുന്ന 25-ൽപ്പരം സ്വയം തൊഴിൽ മേഖലകളിൽ ഒരു ആഴ്ച മുതൽ ഒരു മാസം വരെ നീളുന്ന തീവ്രപരിശീലന പരിപാടി.
- അപേക്ഷകർക്ക് സംരംഭകമേഖലയിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശം നൽകുക.
- പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുക.
- പ്രോജക്ട് റിപ്പോർട്ടുകൾ ബാങ്കുകൾക്ക് സ്വീകാര്യമാകുന്ന തരത്തിൽ വിശകലനം നടത്തുക.
- അപേക്ഷകർക്ക് സംരംഭം തുടങ്ങുന്നതിനുവേണ്ട വിവിധ നടപടിക്രമങ്ങളെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശം നൽകുക.

സ്വയം തൊഴിൽ പരിശീലനത്തിനായി ഇതിനകം 3000-ലധികം പേർ രജിസ്റ്റർ ചെയ്തതിൽ ഏകദേശം 300 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

## സാന്ത്വന പദ്ധതി പ്രകാരം ധനസഹായം

91(3448) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ സൗദിയിലെ യമൻ അതിർത്തി പ്രദേശമായ ജിസാനിൽ ഷെൽ ആക്രമണത്തിൽ മരണപ്പെട്ട എറണാകുളം ജില്ലയിലെ മട്ടാഞ്ചേരി പനയപ്പിള്ളി തായലക്കളത്തിൽ ഫാറൂഖിന്റെ കുടുംബത്തിന് സൗദി ഗവൺമെന്റിൽനിന്നും ധനസഹായം ലഭിക്കുന്നതിനായി 20-3-2018-ൽ നോർക്ക വകുപ്പിൽനിന്നും A1/115/2018/ നോർക്ക നമ്പർ പ്രകാരം അയച്ച കത്തിൽ തുടർനടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) സാന്ത്വന പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ എന്നത്തേക്ക് ആനുകൂല്യം ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സൗദി അറേബ്യയിലെ ഇന്ത്യൻ എംബസിയിൽനിന്നും നാളിതുവരെ മറുപടിയൊന്നും ലഭിച്ചിട്ടില്ല. മറുപടി ലഭിച്ചാലുടൻ ബന്ധപ്പെട്ടവരെ വിവരം അറിയിക്കുന്നതാണ്.

(ബി) 2-6-2018-ലെ സ.ഉ.(സാധാ) നമ്പർ 349/2018/നോർക്ക - പ്രകാരം ശ്രീമതി നാദിറ ഫാറൂഖിന് ഒരു ലക്ഷം രൂപ മരണാനന്തര ധനസഹായം അനുവദിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പ്രവാസികളുടെ ക്ഷേമത്തിനായി നടത്തിവരുന്ന പ്രവർത്തനങ്ങൾ

92(3449) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രവാസികളുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങൾ ഈ സർക്കാർ നടത്തിവരുന്നു; വിശദാംശം ലഭ്യമാക്കുമോ;

(ബി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ഇവർക്കായി സംസ്ഥാന സർക്കാർ നീക്കി വച്ച തുക എത്ര; ഇതിൽ എത്ര തുക ചെലവഴിച്ചു; വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രവാസികളുടെ ക്ഷേമത്തിനായി കേന്ദ്രം ഗ്രാന്റുകൾ നൽകാറുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;ഈ സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾക്ക് പുറമെ പുതുതായി എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് ആകെയുള്ള പ്രവാസികളുടെ എണ്ണം എത്ര;

(ഇ) വിവാഹം രജിസ്റ്റർ ചെയ്യില്ലെങ്കിൽ പ്രവാസികളുടെ പാസ്പോർട്ട് റദ്ദാക്കണമെന്ന കേന്ദ്രസർക്കാർ തീരുമാനം ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ ഇതിൻമേലുള്ള സർക്കാർ നയം എന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രവാസി മലയാളികളുടെ ക്ഷേമം, പുനരധിവാസം, ശാക്തീകരണം എന്നിവയ്ക്കായി നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നിവ മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാം
- വ്യാജ റിക്രൂട്ട്മെന്റ്, വിസ തട്ടിപ്പ് എന്നിവയ്ക്കെതിരെയുള്ള ബോധവൽക്കരണം
- മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നൽകുന്ന സേവനങ്ങൾ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം
- ലോക കേരള സഭ
- ആഗോള സാംസ്കാരികോത്സവം
- തിരിച്ചുവന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതി
- നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ സെന്റർ
- സ്വപ്ന സാഫല്യം
- കാൾ സെന്റർ
- സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ
- ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനവും ഡാറ്റാബേയ്സ് രൂപീകരണവും
- എൻ.ആർ.കെ.ഐ.ഡി. കാർഡ്
- എൻ.ആർ.കെ. ഇൻഷ്വറൻസ് കാർഡ്
- റിക്രൂട്ട്മെന്റ്
- സാന്ത്വന പദ്ധതി
- കാരുണ്യം.

കൂടാതെ കുടുംബ പെൻഷൻ, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവാനുകൂല്യം തുടങ്ങിയ പദ്ധതികളും പദ്ധതി ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ബോധവത്കരണ പരിപാടികളും നടപ്പാക്കിവരുന്നു. ഗുരുതരമായ അസുഖങ്ങൾ പിടിപെട്ട് നാട്ടിലെത്തുന്ന പ്രവാസികളെ വിവിധ എയർപോർട്ടുകളിൽനിന്നും വീട്ടിലേയ്ക്കോ/ആശുപത്രികളിലേയ്ക്കോ സൗജന്യമായി എത്തിക്കുന്നതിനാവശ്യമായ ആംബുലൻസ് സേവനവും നൽകിവരുന്നു.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) നോർക്ക വകുപ്പിന് കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നുംതന്നെ ഇല്ല. നിലവിൽ പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളെല്ലാം തന്നെ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) 2016-ലെ കേരള മൈഗ്രേഷൻ സർവ്വേ പ്രകാരം കേരളത്തിൽനിന്ന് വിദേശത്തേയ്ക്ക് പോയവരുടെ എണ്ണം 22.71 ലക്ഷമായി കണക്കാക്കപ്പെട്ടിരിക്കുന്നു.

(ഇ) ഈ വിഷയം പരിശോധിക്കുന്നതാണ്.

## മടങ്ങിവരുന്ന പ്രവാസികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ

93(3450) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശത്തുനിന്ന് മടങ്ങുന്ന പ്രവാസികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതികളിൽ എത്ര പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദേശത്തുനിന്നും തിരികെയെത്തുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതിയാണ് നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ സഹായവും ബാങ്ക് വായ്പയും ലഭ്യമാക്കുന്ന പദ്ധതിയാണ് ഇത്. ഇതിന് നിയമപ്രകാരം മൂലധന/പലിശ സബ്സിഡി നൽകിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ പദ്ധതിയിൽ വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് സഹായിച്ചുവരുന്നു.

തിരികെയെത്തി ദുരിതമനുഭവിക്കുന്ന നിർദ്ധനരായ പ്രവാസി കുടുംബങ്ങളെ അത്യാവശ്യ ഘട്ടങ്ങളിൽ സാമ്പത്തികമായി സഹായിക്കുക എന്ന ലക്ഷ്യത്തോടെ 'സാന്ത്വന' പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ വാർഷിക വരുമാനം 100000 (ഒരു ലക്ഷം) രൂപയിൽ താഴെയുള്ള പ്രവാസി മലയാളികളുടെ/ കുടുംബാംഗങ്ങളുടെ ഗുരുതരമായ രോഗചികിത്സയ്ക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപയും പെൺമക്കളുടെ വിവാഹ ആവശ്യത്തിന് പരമാവധി 15,000(പതിനയ്യായിരം) രൂപയും മരണാനന്തര ധനസഹായമായി പരമാവധി 100000(ഒരു ലക്ഷം) രൂപയും വീൽ ചെയർ/ക്രച്ചസ് എന്നിവ വാങ്ങുന്നതിന് പരമാവധി 10,000(പതിരനായിരം) രൂപയും ധനസഹായം ഒറ്റത്തവണയായി നൽകിവരുന്നുണ്ട്.

(ബി) നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിൽ ആകെ 52214 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 7013 |
| കൊല്ലം | 5584 |
| പത്തനംതിട്ട | 1575 |
| ആലപ്പുഴ | 3544 |
| കോട്ടയം | 1867 |
| ഇടുക്കി | 606 |
| എറണാകുളം | 3865 |
| തൃശ്ശൂർ | 3237 |
| പാലക്കാട് | 2991 |
| കോഴിക്കോട് | 7499 |
| മലപ്പുറം | 6014 |
| കണ്ണൂർ | 3569 |
| കാസർഗോഡ് | 1530 |
| വയനാട് | 3320 |
| ആകെ | 52214 |

## പ്രവാസികൾക്കായി സാന്ത്വന സഹായ പദ്ധതി

94(3451) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്കായി നടപ്പിലാക്കിയ സാന്ത്വന സഹായപദ്ധതിയിൽ ലഭിച്ച അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്താകെ നോർക്ക വഴി സ്വയം തൊഴിൽ സംരംഭത്തിന് ലോണിനായി അപേക്ഷിച്ചവർക്ക് 2017 ൽ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്;

(സി) എത്ര ഗുണഭോക്താക്കൾക്ക് ഇപ്രകാരം ആനുകൂല്യം നൽകിയിട്ടുണ്ട്;

(ഡി) നോർക്കയിൽ ലഭിക്കുന്ന ഇത്തരം അപേക്ഷകൾ തീർപ്പാക്കാൻ എടുക്കുന്ന ശരാശരി സമയം എത്രയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സാന്ത്വന സഹായപദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ബാങ്കുകളാണ് ലോൺ അനുവദിക്കുന്നത്. അതിനാൽ എത്ര തുക ഈ ഇനത്തിൽ ആകെ അനുവദിച്ചിട്ടുണ്ട് എന്നുള്ള വിവരം ലഭ്യമല്ല. എന്നാൽ ലോൺ അനുവദിക്കുന്നതിന് ആനുപാതികമായി നൽകേണ്ട സബ്സിഡിയിനത്തിൽ സർക്കാർ 2017-18-ൽ 533 ഗുണഭോക്താക്കൾക്കായി 6.45 കോടി രൂപ (ആറ് കോടി നാൽപ്പത്തഞ്ചു ലക്ഷം രൂപ മാത്രം) വിതരണം ചെയ്തിട്ടുണ്ട്.

(സി) ഈ പദ്ധതിയിൻ കീഴിൽ നാളിതുവരെ 1965 ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം നൽകിയിട്ടുണ്ട്.

(ഡി) നോർക്ക-റൂട്ട്സിൽ നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് പദ്ധതിയിൻ കീഴിൽ ലഭിക്കുന്ന വായ്പ അപേക്ഷകൾ അതത് മാസങ്ങളിൽത്തന്നെ സ്ക്രീനിംഗ് പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ട്രെയിനിംഗ് നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റിസർവ്വ് ബാങ്കിന്റെ വ്യവസ്ഥകൾക്ക് അനുസൃതമായി ബാങ്കുകളാണ് ലോൺ അനുവദിക്കുന്നത്. അതിനാൽ അപേക്ഷകൾ തീർപ്പാക്കാൻ എടുക്കുന്ന ശരാശരി സമയം കൃത്യമായി നിർണ്ണയിക്കാൻ കഴിയില്ല.

## പ്രവാസികൾക്കുള്ള വായ്പാ പദ്ധതി

95(3452) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് സംരംഭമാരംഭിക്കുന്നതിനുവേണ്ടി ഏതെല്ലാം തരത്തിലുള്ള പ്രത്യേക വായ്പാ പദ്ധതികളാണ് നിലവിലുള്ളത്; ഏത് ഏജൻസി മുഖേനയാണ് വായ്പാ വിതരണം നടത്തി വരുന്നതെന്ന് അറിയിക്കുമോ;

(ബി) ഇവർക്കുവേണ്ടി പ്രത്യേക വായ്പാ പദ്ധതികൾ നിലവിലില്ലായെങ്കിൽ ലോക കേരള സഭയിൽ ഇത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും തരത്തിലുള്ള വായ്പകളെടുത്ത് ,സാമ്പത്തിക ബുദ്ധിമുട്ട് കാരണം തിരിച്ചടവ് മുടങ്ങി കുടിശ്ശികയുള്ള പ്രവാസികളെ സഹായിക്കുന്ന തരത്തിലോ, റവന്യൂ റിക്കവറി നടപടികളിൽ നിന്ന് ഏതെങ്കിലും വിധത്തിലുള്ള ഇളവുകൾ അനുവദിക്കുന്ന തരത്തിലോ ഉള്ള പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ) മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). ഇവരെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിനാവശ്യമായ കൈതാങ്ങ് നൽകുന്ന പദ്ധതിയാണ് ഇത്. ഈ പദ്ധതിയിൽ കാർഷികം, കച്ചവടം, ഉൽപ്പാദനം, സേവനം എന്നീ മേഖലകളിൽ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾക്കായി വായ്പ അനുവദിക്കുന്നുണ്ട്. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇൻഡ്യൻ ബാങ്ക്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ,കേരള സംസ്ഥാന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായാണ് വായ്പാ വിതരണവുമായി ബന്ധപ്പെട്ട് മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാൻഡിംഗ് ഒപ്പിട്ടിട്ടുള്ളത്.

(ബി) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ തിരികെയെത്തുന്ന പ്രവാസികൾക്കായുള്ള പുനരധിവാസ പദ്ധതികൾ ഫലപ്രദമാകണമെന്ന നിർദ്ദേശം ഉയർന്നുവന്നിരുന്നു. പ്രവാസി പുനരധിവാസ പദ്ധതികൾ ചിട്ടപ്പെടുത്തുന്നതിനും നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും രൂപീകരണത്തിലേക്കുമായി 23-4-2018-ലെ ജി.ഒ (ആർ.ടി) നമ്പർ 290/2018/ നോർക്ക നം. ഉത്തരവ് പ്രകാരം ഡോ. ആസാദ് മൂപ്പൻ ചെയർമാനായി സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. ചെറുകിട നിക്ഷേപം സമാഹരിച്ച് പ്രവാസികൾ മടങ്ങിയെത്തുമ്പോൾ അവർക്ക് തൊഴിൽ സാധ്യത ഉറപ്പുവരുത്താൻ ലക്ഷ്യമിട്ട് സംസ്ഥാനത്തെ സിയാൽ പോലെ വിജയിച്ച മാതൃകകൾ പിന്തുടർന്ന് സംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് ചർച്ചകൾ പുരോഗമിച്ചുവരുന്നു.

(സി) ഇല്ല. തിരികെയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള വായ്പകൾ മാത്രമാണ് നിലവിൽ അനുവദിച്ചുവരുന്നത്.

**പ്രവാസികൾക്കായുള്ള പ്രത്യേക പദ്ധതി**

96(3453) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാനക്കമ്പനികൾ ഉയർന്ന യാത്രാനിരക്ക് ഈടാക്കുന്നതുൾപ്പെടെ പ്രവാസികളോട് കാണിക്കുന്ന വിവേചനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അവസാനിപ്പിക്കുവാൻ എന്ത് ഇടപെടലാണ് സർക്കാരിന്റെ ഭാഗത്ത്നിന്നും ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിന്റെ തനതായ വിമാന കമ്പനി ആരംഭിക്കുമെന്ന പ്രഖ്യാപനം ഉപേക്ഷിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രവാസികളെക്കുറിച്ചുള്ള സമഗ്ര ഡേറ്റാബേസ് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) വിദേശത്തുവച്ച് രോഗബാധിതർ ആകുന്നവരെയും അപകടത്തിൽപ്പെടുന്നവരെയും തൊഴിൽ നഷ്ടമാകുന്നവരെയും സഹായിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാന യാത്ര സാധ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർ ലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് റീജിയണൽ കണക്റ്റിവിറ്റി സ്കീമിൽ (ആർ.സി.എസ്.സ്കീം -ഉഡാൻ) ഉൾപ്പെടുത്തി ചെന്നൈ, ബാംഗ്ലൂർ, ഹുബ്ലി, ഹിൻ ഡൻ (ഗാസിയാബാദ്), മുംബൈ, കൊച്ചി, ഗോവ, തിരുവനന്തപുരം തുടങ്ങിയ റൂട്ടുകളിലായി 24-ഓളം ആഭ്യന്തര വിമാന സർവ്വീസുകൾ തുടങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്. കൂടാതെ ATF-ന്റെ VAT 1% കുറയ്ക്കുന്നത് സംബന്ധിച്ച വിഷയം ടാക്സ് വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) കേന്ദ്രസർക്കാരിന്റെ വ്യോമയാന നയപ്രകാരം രാജ്യാന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന് 20 വിമാനങ്ങളോ അല്ലെങ്കിൽ മൊത്തം സീറ്റുകളുടെ 20 ശതമാനമോ ആഭ്യന്തര സർവ്വീസുകൾക്കായി മാറ്റി വയ്ക്കേണ്ടതായിട്ടുണ്ട്. ആഭ്യന്തര മേഖലയിലുള്ള അഞ്ച് വർഷത്തെ വിമാന ഗതാഗത പരിചയം എന്നത് എടുത്തുകളഞ്ഞെങ്കിലും 20 വിമാനങ്ങൾ വേണമെന്ന നിബന്ധന നിലനിൽക്കുന്നത് എയർ കേരള പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് തടസ്സമാകുമെന്നതിനാൽ പദ്ധതി താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(സി) പ്രവാസികളെക്കുറിച്ചുള്ള സമഗ്ര ഡാറ്റാബേസ് തയ്യാറാക്കാൻ നടപടി സ്വീകരിച്ചുവരുന്നു. പ്രവാസികളെയും തിരികെയെത്തുന്ന പ്രവാസികളെയും കുറിച്ചുള്ള കൃത്യവും സമഗ്രവുമായ ഒരു ഡാറ്റാബേസിൻെറ അഭാവമാണ് പ്രവാസികൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ രൂപീകരിക്കുന്നതിൽ സർക്കാർ നേരിടുന്ന വെല്ലുവിളി എന്നതിനാൽ നോർക്ക റൂട്ട്സ് മുഖേന ഒരു വെബ്പോർട്ടലിലൂടെ കൃത്യവും സമഗ്രവുമായ ഒരു തത്സമയ ഓൺലൈൻ ഡാറ്റാബേസ് രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുമായി ബന്ധിപ്പിച്ചുകൊണ്ട് ഇൻഷ്വറൻസ് പരിരക്ഷയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾ നൽകിവരുന്ന പ്രവാസി തിരിച്ചറിയൽ കാർഡ് കൂടുതൽ ഉപയോഗ്യമാക്കുന്നതിനായി പ്രസ്തുത ഓൺലൈൻ ഡാറ്റാബേസുമായി സംയോജിപ്പിക്കാനും ശ്രമിച്ചുവരുന്നു.

(ഡി) വിദേശത്തുവച്ച് രോഗബാധിതരാകുന്നവരെയും അപകടത്തിൽ പ്പെടുന്നവരെയും സഹായിക്കുന്നതിനായി സാന്ത്വന/ ചെയർമാൻ ഫണ്ട് പദ്ധതികൾ നിലവിലുണ്ട്. തൊഴിൽരഹിതരാകുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്റ്റ് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) എന്ന പദ്ധതിയും നിലവിലുണ്ട്. ടി പദ്ധതി കൂടുതൽ കാര്യക്ഷമവും ഫലപ്രദവുമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നോർക്ക റൂട്ട്സ് മുഖേന പ്രവാസികൾക്ക് ധനസഹായം**

97(3454) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നോർക്ക റൂട്സ് മുഖേന പ്രവാസികൾക്ക് എത്ര രൂപ ധനസഹായം നൽകിയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) എത്രപേർക്കാണ് ഇതിന്റെ പ്രയോജനം ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) വിദേശത്തുനിന്നും തിരികെ എത്തുന്ന പ്രവാസികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിവരുന്ന ക്ഷേമപ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നോർക്ക റൂട്ട്സിൽ സാന്ത്വന പദ്ധതി പ്രകാരം ചികിത്സാ ധനസഹായമായി 2056 പേർക്ക് 8,64,71056 രൂപയും (എട്ട് കോടി അറുപത്തിനാല് ലക്ഷത്തി എഴുപത്തിഒന്നായിരത്തി അമ്പത്തിയാറ് രൂപ മാത്രം) മരണാനന്തര ധനസഹായമായി ആശ്രിതരായ 1530 പേർക്ക് 14,43,55,000 രൂപയും (പതിനാല് കോടി നാല്പത്തിമൂന്ന് ലക്ഷത്തി അമ്പത്തി അയ്യായിരം രൂപ മാത്രം) വിവാഹ ധനസഹായമായി 342 പേർക്ക് 49,55,000 രൂപയും (നാല്പത്തൊൻപതു ലക്ഷത്തി അമ്പത്തിഅയ്യായിരം രൂപ മാത്രം) ചെയർമാൻ ഫണ്ട്, കാരുണ്യം പദ്ധതികൾ പ്രകാരം 9 അപേക്ഷകർക്ക് 7,18,800 രൂപയും (ഏഴ് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ് രൂപ മാത്രം) ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നോർക്ക റൂട്ട്സിൻെറ സാന്ത്വനം, ചെയർമാൻ ഫണ്ട്, കാരുണ്യം പദ്ധതികൾ വഴി 3937 അപേക്ഷകർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

(സി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്: തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനുമുള്ളതാണ് ഈ പദ്ധതി. ചുരുങ്ങിയത് രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും ഈ പദ്ധതിയുടെ ആനുകൂല്യത്തിന്

പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കിവരുന്നു.

സാന്ത്വന പദ്ധതി - സാന്ത്വന പദ്ധതി പ്രകാരം മരണാനന്തര ധനസഹായം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം എന്നിവ നൽകിവരുന്നു. ഈ പദ്ധതി പ്രകാരം മരണാനന്തര ധനസഹായമായി പ്രവാസിയുടെ ആശ്രിതർക്ക് പരമാവധി ഒരു ലക്ഷം രൂപയും ചികിത്സാ ധനസഹായമായി പ്രവാസിക്ക് പരമാവധി അമ്പതിനായിരം രൂപയും വിവാഹ ധനസഹായമായി പ്രവാസിക്ക് പതിനയ്യായിരം രൂപയും നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചു വരുന്നു.

കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു:

- കുറഞ്ഞത് 2,000 രൂപ നിരക്കിൽ പ്രതിമാസ പെൻഷൻ.
- കുടുംബ പെൻഷൻ.
- മരണാനന്തര ധനസഹായം.
- ചികിത്സാ ധനസഹായം.
- വിവാഹ ധനസഹായം.
- പ്രസവാനുകൂല്യം.
- വിദ്യാഭ്യാസാനുകൂല്യം.

**ലോക കേരളസഭ**

98(3455) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക കേരളസഭയ്ക്കായി എത്തിയ പ്രതിനിധികൾക്ക് എവിടെയെല്ലാമാണ് താമസസൗകര്യം ഒരുക്കിയിരുന്നത്;

(ബി) ഇവർക്ക് സർക്കാർ അതിഥി മന്ദിരങ്ങളിൽ താമസസൗകര്യം ഒരുക്കിയിരുന്നോ; ഇല്ലെങ്കിൽ ഇതിനായി എത്ര രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്;

(സി) പ്രതിനിധികൾക്കുള്ള യാത്രാ സൗകര്യം എങ്ങനെയാണ് ഏർപ്പാടാക്കിയത്; ഇതിനായി എത്ര രൂപ ചെലവായി; വിശദാംശം നൽകുമോ?

ഉത്തരം

(എ) ലോക കേരളസഭയിൽ പങ്കെടുത്ത പ്രതിനിധികൾക്ക് താമസസൗകര്യം ഒരുക്കിയിരുന്നത് താജ്-വിവാന്ത, ഹിൽട്ടൺ, അപ്പോളോ ഡിമോറ, ഹൈസിന്ത്, എസ്.പി. ഗ്രാന്റ് ഡേയ്സ് എന്നീ ഹോട്ടലുകളിലാണ്.

(ബി) സർക്കാർ അതിഥി മന്ദിരങ്ങളിൽ താമസസൗകര്യം ഒരുക്കിയിരുന്നില്ല. ലോക കേരള സഭയിൽ പങ്കെടുത്ത അംഗങ്ങളുടെ താമസ സൗകര്യങ്ങൾക്കായി 32,21,854(മുപ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തൊന്നായിരത്തി എണ്ണൂറ്റി അമ്പത്തിനാല് രൂപ) ചെലവായിട്ടുണ്ട്.

(സി) പ്രതിനിധികളിൽ വിമാന ടിക്കറ്റ് ആവശ്യപ്പെട്ട 65 പേർക്ക് ടിക്കറ്റുകൾ ലഭ്യമാക്കിയിട്ടുണ്ട്. ഒ.ഡി.ഇ.പി.സി/കേരള ട്രാവൽസ് മുഖാന്തിരമാണ് ടിക്കറ്റുകൾ ലഭ്യമാക്കിയത്. ഇതിലേയ്ക്കായി Rs.15,50,000(പതിനഞ്ചു ലക്ഷത്തി അൻപതിനായിരം രൂപ) ചെലവാക്കിയിട്ടുണ്ട്.

## ഡിജിറ്റൽ പെറ്റിഷൻ മോണിട്ടറിംഗ് സംവിധാനം

99 (3456) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ.സി.ജോസഫ്:
ശ്രീ. പി.ടി. തോമസ്:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിനും ക്രമസമാധാന പരിപാലനത്തിനും കുറ്റകൃത്യങ്ങളിൽ മുഖംനോക്കാതെ ജാഗ്രതയോടുകൂടിയ അന്വേഷണരീതി നടപ്പിലാക്കുന്നതിനും പോലീസിന് സാധിച്ചിട്ടുണ്ടോ;

(ബി) ഭൂമാഫിയ, ബ്ലേഡ് മാഫിയ മുതലായ സാമൂഹ്യ വിരുദ്ധശക്തികൾ സംസ്ഥാനത്ത് വീണ്ടും ശക്തമാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ;

(സി) ഓട്ടോറിക്ഷാ ഡ്രൈവറായ വടകര തൈയുള്ളതിൽ സതീശൻ ജൂൺ 6-ന് ബ്ലേഡ് മാഫിയയുടെ ഭീഷണി മൂലം ആത്മഹത്യചെയ്ത സംഭവം അന്വേഷിച്ചിട്ടുണ്ടോ; കുറ്റക്കാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു;

(ഡി) പോലീസിന് നൽകുന്ന പരാതികളിൽ എടുത്ത നടപടി പൊതുജനങ്ങളെ അറിയിക്കുന്നതിന് ഡിജിറ്റൽ പെറ്റിഷൻ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സാധിച്ചിട്ടുണ്ട്.

(ബി) ഭൂമാഫിയ, ബ്ലേഡ് മാഫിയ മുതലായ സാമൂഹ്യ വിരുദ്ധശക്തികൾ സംസ്ഥാനത്ത് വീണ്ടും ശക്തമാകുന്ന സാഹചര്യം ഉണ്ടായിട്ടില്ല. സാമൂഹ്യദ്രോഹ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നവർക്കെതിരെ കാപ്പാ നിയമപ്രകാരം നടപടി സ്വീകരിച്ചും അമിത പലിശയ്ക്ക് പണം കടം കൊടുക്കുന്നവർക്കെതിരെ മണി ലെൻഡേഴ്സ് ആക്ട് പ്രകാരം നിയമനടപടികൾ സ്വീകരിച്ചും ഇത്തരം കുറ്റകൃത്യങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

(സി) അന്വേഷിച്ചിട്ടുണ്ട്. വടകര തൈയുള്ളതിൽ സതീശൻ എന്നയാളുടെ മരണവുമായി ബന്ധപ്പെട്ട് വടകര പോലീസ് സ്റ്റേഷനിൽ ക്രൈം നം. 458/2018 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ട്. പ്രസ്തുത കേസിൽ ടിയാൻ ആത്മഹത്യ ചെയ്യാൻ പ്രേരണയുണ്ടാക്കിയതിന് വടകരയിലെ "പൊൻസി ഫൈനാൻസ്" എന്ന സ്ഥാപനം നടത്തിവരുന്ന വടകര പുതുപ്പണം സിന്ധു നിവാസിൽ കൃഷ്ണൻ മകൻ സുരേഷ് കെ. പി. എന്ന വ്യക്തിയാണെന്ന് വ്യക്തമാകുകയും ടിയാനെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതുമാണ്.

(ഡി) പോലീസിന്റെ പൊതുജന സൗഹാർദ്ദ പോർട്ടലായ "തുണ" (The Hand You Need for Assistance) വഴി ഓൺലൈനായി പരാതികൾ സമർപ്പിക്കുന്നതിനും പരാതികളിന്മേലും അപേക്ഷകളിന്മേലും കൈക്കൊണ്ട നടപടികൾ അപേക്ഷകരെ അറിയിക്കുന്നതിനും മറുപടികളും സർട്ടിഫിക്കറ്റുകളും ഓൺലൈനിലൂടെ ലഭ്യമാക്കുന്നതിനുമുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

## പോലീസ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ

100(3457) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് ഐ.പി.എസ്. ഉദ്യോഗസ്ഥർ ഉൾപ്പെടെ എത്ര പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;വ്യക്തമായ വിവരം നൽകുമോ;

(ബി) ഇവർ ഓരോരുത്തരേയും സസ്പെന്റ് ചെയ്യുവാനുണ്ടായ കാരണം എന്താണെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഇങ്ങനെ സസ്പെന്റ് ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരെ സർവ്വീസിൽ വീണ്ടും തിരിച്ചെടുത്തിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദവിവരം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഡോ. ജേക്കബ് തോമസ്, ശ്രീ. ഇ. ജെ. ജയരാജ്, ശ്രീ. എ.വി. ജോർജ് എന്നീ മൂന്ന് ഐ.പി.എസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. സസ്പെൻഡ് ചെയ്യപ്പെട്ട മറ്റ് പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) 9-12-2017-ൽ തിരുവനന്തപുരം പ്രസ് ക്ലബ്ബിൽ വച്ചുനടന്ന പൊതു ചടങ്ങിൽ പങ്കെടുത്തുകൊണ്ട് സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങൾ, നയപരിപാടികൾ എന്നിവയെ വിമർശിച്ചതിനും ഓഖി ദുരന്ത നിവാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികളെ മാധ്യമങ്ങൾക്ക് മുന്നിൽ അപകീർത്തികരവും പ്രകോപനപരവുമായി വിമർശിച്ചതിനും ആൾ ഇന്ത്യാ സർവ്വീസ് (ഡിസിപ്ലിൻ ആൻഡ് അപ്പീൽ) റൂൾസ്, 1969 ചട്ടം 3-ലെ വ്യവസ്ഥയ്ക്കനുസൃതമായി ഡോ. ജേക്കബ് തോമസ് ഐ.പി.എസ്.-നെ സേവനത്തിൽനിന്നും സസ്പെൻഡ് ചെയ്തു. ശ്രീ. ഇ. ജെ. ജയരാജ് ഐ.പി.എസ്.-നെ പൊതുജനങ്ങൾക്കിടയിൽ പോലീസ് സേനയ്ക്ക് അവമതിപ്പുണ്ടാക്കുന്ന വിധത്തിൽ ഡ്യൂട്ടിക്കിടയിൽ മദ്യപിച്ച അവസ്ഥയിൽ കാണപ്പെട്ടതിനും വരാപ്പുഴ സ്വദേശിയായ ശ്രീജിത്തിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട മേൽനോട്ട ചുമതലയിൽ ഗുരുതരമായ വീഴ്ചവരുത്തിയതിന് ശ്രീ. എ. വി. ജോർജ് ഐ.പി.എസ്.-നെയും സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. മറ്റ് പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ശ്രീ. ഇ.ജെ. ജയരാജ് ഐ.പി.എസ്.-നെ 2-6-2018 ലെ ജി.ഒ. (ആർ.റ്റി) നമ്പർ 3605/2018/ജി.എ.ഡി ഉത്തരവുപ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ഐ.ജി എ.പി ബറ്റാലിയനായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചുവരുന്നു.

**ട്രാഫിക്ക് നിയമ ലംഘകർക്കെതിരെയുള്ള പോലീസ് നടപടികൾ**

101(3458) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങളിൽ നിരവധി പേർ മരണമടയുന്നതും ആയിരക്കണക്കിന് ആളുകൾക്ക് അംഗവൈകല്യം സംഭവിക്കുന്നതും ഗൗരവമായി കണക്കിലെടുത്തിട്ടുണ്ടോ;

(ബി) റോഡപകടങ്ങളുടെ നിരക്ക് മുൻവർഷത്തെ അപേക്ഷിച്ച് പത്ത് ശതമാനം കുറയ്ക്കുന്നതിന് തീരുമാനം എടുത്തിട്ടുണ്ടോ;എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണ്;

(സി) ട്രാഫിക്ക് സിഗ്നലുകൾ രാത്രി 12 മണി വരെ നിർബന്ധമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ട്രാഫിക്ക് നിയമ ലംഘകരെ കണ്ടെത്തുന്നതിനും അവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും പോലീസിന് നിർദ്ദേശം നൽകുമോ;വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കണക്കിലെടുത്തിട്ടുണ്ട്.

(ബി) തീരുമാനമെടുത്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലാ പോലീസ് മേധാവികളോടും ഓരോ ജില്ലയിലും 10 ശതമാനം അപകടം കുറയ്ക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലാ പോലീസ് മേധാവിമാരോടും അവർ തയ്യാറാക്കിയ ആക്ഷൻ പ്ലാൻ അനുസരിച്ച് ഐ.ജി.പി. ട്രാഫിക്കിൻെറ മേൽനോട്ടത്തിൽ എൻഫോഴ്സ്മെന്റ് കാര്യക്ഷമമാക്കുകയും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെയും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപരിയായി ട്രാഫിക്ക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കർശനമായി നടപ്പിലാക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ഗതാഗത നിയമങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിലേയ്ക്കും നിയമലംഘകർക്ക് തക്കതായ ശിക്ഷ ഉറപ്പാക്കുന്നതിലേയ്ക്കും ട്രാഫിക് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനുമായി പോലീസ് ആസ്ഥാനത്തെ 31-5-2018 തീയതിയിലെ എക്സിക്യൂട്ടീവ് ഡയറക്ടീവ് നമ്പർ 26/18 പ്രകാരം വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

**മാധ്യമ പ്രചരണങ്ങൾ**

102(3459) <u>ശ്രീ. സണ്ണി ജോസഫ് :</u>
<u>ശ്രീ. ഹൈബി ഈഡൻ :</u>
<u>ശ്രീ. ഷാഫി പറമ്പിൽ :</u>
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ച് മാധ്യമങ്ങൾ നാടിനെ അപമാനിക്കുവാനാണ് ശ്രമിക്കുന്നതെന്ന് സർക്കാർ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിനാധാരമായ വസ്തുതകൾ എന്തൊക്കെയാണ്; ഏതെല്ലാം തെറ്റായ കാര്യങ്ങൾ പ്രചരിപ്പിച്ചാണ് മാധ്യമങ്ങൾ നാടിനെ അപമാനിക്കുവാൻ ശ്രമിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) മേയ് 27-ന് മുഖ്യമന്ത്രിയുടെ കോട്ടയം സന്ദർശനവേളയിൽ സുരക്ഷക്കായി വൻ പോലീസ് സന്നാഹത്തെ ഒരുക്കിയതിനാലും പ്രസ്തുത സുരക്ഷാ സംഘത്തിലുണ്ടായിരുന്ന ഗാന്ധിനഗർ എസ്.ഐ. തന്റെ ഉത്തരവാദിത്തം നിർവ്വഹിക്കാതിരുന്നതിനാലുമാണ് കെവിൻ എന്ന യുവാവ് കൊല്ലപ്പെടാനിടയായതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

<u>ഉത്തരം</u>

(എ) ഇത്തരം വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വ്യാജ വാർത്തയായി പ്രചരിച്ച സംഭവങ്ങൾ ചുവടെ ചേർക്കുന്നു:

1. കൊച്ചി മെട്രോയിൽ മദ്യപന്മാരുടെ ശല്യം എന്ന തലക്കെട്ടോടുകൂടി മാധ്യമങ്ങളിൽ വന്ന വാർത്തയിൽ പരമാർശിക്കുന്ന അങ്കമാലിക്കാരനായ എൽദോ എന്ന യുവാവ് വാസ്തവത്തിൽ സംസാരിക്കാനോ കേൾവി ശക്തിയോ ഇല്ലാത്ത വ്യക്തിയാണ്. ടിയാൻ തൻെറ സഹോദരനെ ആശുപത്രിയിൽ സന്ദർശിച്ചുമടങ്ങുംവഴി മെട്രോ ട്രെയിനിനകത്തുവച്ച് തന്റെ ശാരീരിക അവശതകൾ നിമിത്തം കിടന്നുറങ്ങിപ്പോയി. അദ്ദേഹത്തിനെ സാമൂഹ്യ മാധ്യമങ്ങളും മറ്റും ചിത്രീകരിച്ചത് ഒരു മദ്യപാനിയായിട്ടാണ്. ആയത് പ്രസ്തുത വ്യക്തിയുടെ വ്യക്തിസ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റവും സംസ്ഥാനത്തിൻെറ സ്വപ്ന പദ്ധതിയായ കൊച്ചി മെട്രോയുടെ യാത്രക്കാരെ വ്യക്തിഹത്യ ചെയ്യുന്നതും ആയിരുന്നു.

2. ഇതര സംസ്ഥാന തൊഴിലാളികളുടെ സുരക്ഷ- ഇതര സംസ്ഥാന തൊഴിലാളിയെ കോഴിക്കോട് ഒരു ഹോട്ടലിൽ മർദ്ദിച്ച് കൊല്ലുന്ന വ്യാജ ദൃശ്യങ്ങൾ പ്രചരിച്ച സാഹചര്യം, ടി വിഷയത്തിൻെറ വാസ്തവം എന്നു പറയുന്നത് ഇതര സംസ്ഥാനക്കാരനായ യുവാവ് തന്റെ വ്യക്തിപരമായ പ്രശ്നങ്ങൾ നിമിത്തം ആത്മഹത്യ ചെയ്തു. ടി സംഭവത്തെയും കേരളത്തിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് നേരെയുള്ള അതിക്രമമായി ചിത്രീകരിച്ച് കേരളത്തിന് അപമാനമുണ്ടാക്കി.

3. വിദേശ വനിതയുടെ കൊലപാതകം:- വിദേശ വനിതയായ ലാത്വിയൻ സ്വദേശി ലിഗയുടെ കൊലപാതകത്തിൽ സർക്കാർ അലംഭാവം കാണിച്ചു

എന്ന രീതിയിലുള്ള വ്യാജവാർത്തകൾ നിരവധി പ്രചരിച്ചു. കേരളം വിദേശികൾക്ക് സുരക്ഷിതമായ ഒരിടം അല്ല എന്ന രീതിയിൽ വരെ ചിത്രീകരിക്കാനും ശ്രമമുണ്ടായി. എന്നാൽ ഈ തെറ്റായ വാക്കുകളെ എല്ലാം ഖണ്ഡിച്ചുകൊണ്ട് മരണപ്പെട്ട ലിഗയുടെ സഹോദരി നടത്തിയ പത്രസമ്മേളനവും, അതിൽ അവർ പറഞ്ഞ സർക്കാരിന്റെ ഭാഗത്തുനിന്നുമുള്ള സഹായവുമെല്ലാം ഇത്തരം കുപ്രചരണങ്ങളെ ഇല്ലായ്മ ചെയ്യാൻ സാധിച്ചു.

4. നിപ വൈറസ്:നിപ വൈറസ് കോഴികളിലൂടെയും പഴവർഗ്ഗങ്ങളിലൂടെയും പകരുന്നു എന്ന വ്യാജ പ്രചരണങ്ങൾ കേരളത്തിന്റെ വാണിജ്യ വ്യാപാര മേഖലയെ തളർത്തുന്നുണ്ട്. പോലീസ് വകുപ്പ് ഇത്തരം വ്യാജ വാർത്തകൾക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിച്ചുവരുന്നു.

(സി) ആരോപണം മാധ്യമങ്ങളിലൂടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## പത്തനംതിട്ടയിൽ പോലീസ് വകുപ്പിന്റെ സ്ഥലം

103(3460) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ല ആസ്ഥാനത്ത് എസ്.പി. ആഫീസിനോട് ചേർന്നും അല്ലാതെയും പോലീസ് വകുപ്പിന് എത്ര സ്ഥലം ഉണ്ടെന്ന് കൃത്യമായി വെളിപ്പെടുത്തുമോ;

(ബി) പത്തനംതിട്ട മാർത്തോമ സ്കൂളിന് എതിർവശം റോഡിന് താഴെ പോലീസ് വകുപ്പിന്റെ സ്ഥലം ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലാ ആസ്ഥാനത്ത് എസ്.പി. ആഫീസിനോട് ചേർന്ന് സർവ്വേ നമ്പർ 210/3 മുതൽ 210/6,213/1 മുതൽ 213/16 പ്രകാരം 8 ഏക്കർ സ്ഥലവും ജില്ലാ പോലീസ് മേധാവിയുടെ ക്യാമ്പ് ഓഫീസ് നിലനിൽക്കുന്ന സ്ഥലത്ത് സർവ്വേ നമ്പർ 99/7 പ്രകാരം 39 സെന്റ് സ്ഥലവും പോലീസ് വകുപ്പിനുണ്ട്.

(ബി) പത്തനംതിട്ട മാർത്തോമ സ്കൂളിന് എതിർവശം റോഡിനുതാഴെ സർവ്വേ നമ്പർ 32/01, 32/01എ, 32/64-3, 33/5, 17/17 പ്രകാരം 2 ഏക്കർ ($8000^{M2}$) സ്ഥലം പോലീസ് വകുപ്പിനുണ്ട്.

## ജനമൈത്രി പോലീസിൻെറ സമ്പൂർണ്ണ ഭവന സന്ദർശന യജ്ഞം

104(3461) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസിന്റെ ഭാഗമായി കേരളത്തിലെ നഗര കേന്ദ്രീകൃത പ്രദേശങ്ങളിൽ നടപ്പിലാക്കിയ സമ്പൂർണ്ണ ഭവന സന്ദർശന യജ്ഞം പരിപാടിയിലൂടെ ലക്ഷ്യമിട്ട കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ഇത് ഏതെല്ലാം നഗര പ്രദേശങ്ങളിലാണ് നടപ്പിലാക്കിയത്;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാത്ത നഗര പ്രദേശങ്ങളിൽ കൂടി പദ്ധതി വ്യാപിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജനമൈത്രി പോലീസിൻെറ നേതൃത്വത്തിൽ കഴിഞ്ഞ വർഷം തുടക്കം കുറിച്ച സമ്പൂർണ്ണ ഭവന സന്ദർശനം നഗരകേന്ദ്രീകൃത പ്രദേശങ്ങളിൽ മാത്രമല്ല മുഴുവൻ പ്രദേശങ്ങളിലും നടപ്പിലാക്കിവരുന്നുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെ നേതൃത്വത്തിൽ ജനമൈത്രി ജില്ലാ നോഡൽ ഓഫീസർ, ഇൻസ്പെക്ടർമാർ, എസ്.എച്ച്.ഒ.-മാർ, സി.ആർ.ഒ.-മാർ, ബീറ്റ് ഓഫീസർമാർ, അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാർ, എന്നിവർ ഉൾപ്പെടുന്ന സംഘം ഭവനസന്ദർശനത്തിനായി പ്രവർത്തിച്ചുവരുന്നു.

ജനമൈത്രി പോലീസിന്റെ മുഖമുദ്രയാണ് ഭവനസന്ദർശനം. ഇതിലൂടെ പൊതുജനങ്ങളുമായി ആശയവിനിമയം നടത്താനും അവരുടെ പ്രശ്നങ്ങൾ കേട്ട് മനസ്സിലാക്കാനും ആയതിനുള്ള പരിഹാരങ്ങൾ നിർദ്ദേശിക്കാനും കഴിയുന്നു. ഇത്തരം ഇടപെടലുകളിലൂടെ ജനങ്ങൾക്ക് പോലീസിനോടുള്ള മതിപ്പും വിശ്വാസവും വർദ്ധിപ്പിക്കാനും പോലീസ് ഉദ്യോഗസ്ഥർ ജനങ്ങളുടെ സുഹൃത്തുക്കളാണ് എന്ന ചിന്താഗതി വളർത്തിയെടുക്കാനും സാധിച്ചിട്ടുണ്ട്.

(ബി & സി) കേരളത്തിലെ നഗര കേന്ദ്രീകൃത പ്രദേശങ്ങളിലുൾപ്പെടെ എല്ലാ പ്രദേശങ്ങളിലും ഭവനസന്ദർശനം നടപ്പിലാക്കിയിട്ടുണ്ട്.

## ഭീകരവിരുദ്ധ സ്ക്വാഡ്

105(3462) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭീകരാക്രമണങ്ങളും മറ്റും നേരിടുന്നതിന് സർവ്വായുധ സജ്ജമായ പ്രത്യേക ഭീകര വിരുദ്ധ സ്ക്വാഡ് സംസ്ഥാന പോലീസ് സേനയുടെ ഭാഗമായി പ്രവർത്തിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സ്ക്വാഡിന്റെ ആസ്ഥാനം എവിടെയാണെന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് സേനയിലെ അതിസമർത്ഥരായ ഉദ്യോഗസ്ഥന്മാരെ കണ്ടെത്തി ഓരോ ജില്ലയിലും ഭീകരവിരുദ്ധ സ്ക്വാഡിന്റെ ഒരു ടീം രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ മാവോയിസ്റ്റ് പ്രവർത്തനം നേരിടുന്നതിനായി കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡും ആന്റി ടെററിസ്റ്റ് ഫോഴ്സും പ്രവർത്തിക്കുന്നുണ്ട്.

(ബി) ആന്റി ടെററിസ്റ്റ് ഫോഴ്സിന്റെ ആസ്ഥാനം പോലീസ് ഹെഡ്ക്വാർട്ടേഴ്സും, ആന്റി ടെററിസ്റ്റ് സ്ക്വാഡിന്റെ ആസ്ഥാനം മലപ്പുറം ജില്ലയിലെ അരീക്കോടുമാണ്.

(സി) നിലവിൽ പരിഗണനയിലില്ല.

## കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിലെ സേനാംഗങ്ങളുടെ ശമ്പളവും ആനുകൂല്യങ്ങളും

106(3463) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിലെ സേനാംഗങ്ങൾക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടി കേന്ദ്രസർക്കാർ എന്തെങ്കിലും ഫണ്ട് അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏത് മാനദണ്ഡപ്രകാരമാണ് ഈ സേനാംഗങ്ങൾക്ക് അലവൻസുകൾ നൽകിവരുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 19-12-2013-ലെ സ.ഉ.(എം.എസ്) നമ്പർ303/ 2013/ആഭ്യന്തരം പിന്നീട് ഭേദഗതി വരുത്തിയ 13-10-2014-ലെ സ.ഉ. (എം.എസ്) നമ്പർ 198/2014 ആഭ്യന്തരം 7-6-2017-ലെ സ.ഉ. (എം.എസ്) നമ്പർ 122/2017 ആഭ്യന്തരം എന്നീ ഉത്തരവുകൾ പ്രകാരമാണ് കേരള ആന്റി ടെററിസ്റ്റ് സ്ക്വാഡിലെ സേനാംഗങ്ങൾക്ക് പ്രത്യേക അലവൻസുകൾ നൽകി വരുന്നത്. 2014-ലെ ശമ്പള പരിഷ്കരണ ഉത്തരവിന്റെ പശ്ചാത്തലത്തിൽ ഈ വിഷയത്തിൽ 3-3-2018-ൽ സ.ഉ. (എം.എസ്)നമ്പർ 77/2018(95)/ഫിൻ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 28-3-2018-ലെ ഉത്തരവുപ്രകാരം 3 മാസത്തേയ്ക്ക് സ്റ്റേ ചെയ്തിട്ടുള്ളതുമാണ്.

## ശിക്ഷാ നടപടിക്ക് വിധേയരായ പോലീസുദ്യോഗസ്ഥർ

107(3464) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പോലീസ് സ്റ്റേഷനുകളിൽ മൂന്നാംമുറ പ്രയോഗിച്ചതിനും പോലീസ് കസ്റ്റഡി/ജുഡീഷ്യൽ കസ്റ്റഡിയിൽ പ്രതികൾ മരിച്ച സംഭവത്തിലും എത്ര പോലീസുദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പോലീസുദ്യോഗസ്ഥരുടെ പേര് വിവരവും ശിക്ഷാ നടപടിയും വിശദമാക്കുമോ;

(സി) ഇക്കാരണങ്ങളാൽ ശിക്ഷാനടപടിക്ക് വിധേയരായ എത്ര പോലീസുദ്യോഗസ്ഥർ സർവ്വീസിൽ തുടരുന്നു; ഏതൊക്കെ പോലീസ് സ്റ്റേഷനുകളിൽ; ഇവർ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 19 പോലീസുദ്യോഗസ്ഥരെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച വിശദവിവരം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു*.

(സി) ശിക്ഷാനടപടിക്ക് വിധേയരായ 8 പോലീസുദ്യോഗസ്ഥർ സർവ്വീസിൽ തുടരുന്നു; വിശദവിവരം ഇതോടൊപ്പം അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

## പോലീസ് സേനാംഗങ്ങളുടെ ഡെപ്യൂട്ടേഷൻ

108(3465) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ പോലീസ് സേനാംഗങ്ങൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നുണ്ട്;

(ബി) നിലവിലെ ചട്ടപ്രകാരം ഒരു സർക്കാർ ജീവനക്കാരന് തുടർച്ചയായി പരമാവധി എത്രകാലത്തേക്ക് ഡെപ്യൂട്ടേഷൻ അനുവദിക്കാവുന്നതാണ്;

(സി) തുടർച്ചയായി അഞ്ച് വർഷത്തിലധികമായി ഡെപ്യൂട്ടേഷൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വ്യവസ്ഥയിൽ പോലീസ് ഉദ്യോഗസ്ഥർ ഏതെങ്കിലും സ്ഥാപനങ്ങളിൽ ജോലി ചെയ്ത് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത ജീവനക്കാരെ മാതൃവകുപ്പിലേയ്ക്ക് മടക്കി അയച്ച് പകരം നിയമനം നടത്തുവാൻ ബന്ധപ്പെട്ട സർക്കാർ/പൊതുമേഖല സ്ഥാപനങ്ങളോട് ആവശ്യപ്പെടുമോ?

ഉത്തരം

(എ) ലഭ്യമായ രേഖകൾ പരിശോധിച്ചതിൻപ്രകാരം കേരളാ പോലീസ് സേനാംഗങ്ങൾ താഴെപ്പറയുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലിചെയ്യുന്നുണ്ട്.

1. ഫിഷറീസ് വകുപ്പ്
2. ഹൈക്കോടതി വിജിലൻസ്
3. കേരള ലോകായുക്ത
4. സംസ്ഥാന വനിതാ കമ്മീഷൻ
5. പുരാവസ്തു വകുപ്പ്
6. തിരുവിതാംകൂർ ദേവസം ബോർഡ്
7. കെ.എസ്.ഇ.ബി.
8. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
9. പബ്ലിക് സർവ്വീസ് കമ്മീഷൻ
10. ബിവറേജസ് കോർപ്പറേഷൻ
11. വനം വകുപ്പ്
12. വികാസ് ഭവൻ സെക്യൂരിറ്റി
13. സർക്കാർ പ്രസ്സുകൾ
14. ജയിൽ വകുപ്പ്
15. മ്യൂസിയം ആൻഡ് മൃഗശാല വകുപ്പ്
16. നിയമസഭ
17. സെക്രട്ടേറിയറ്റ്
18. യൂണിവേഴ്സിറ്റി.

(ബി) നിലവിലെ ചട്ടപ്രകാരം ഒരു സർക്കാർ ജീവനക്കാരന് തുടർച്ചയായി അഞ്ചുവർഷം വരെ ഡെപ്യൂട്ടേഷൻ അനുവദിക്കാവുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ സേവനത്തിലിരിക്കുന്ന വിജിലൻസ് ഓഫീസറെ ബഹു.ഹൈക്കോടതിയുടെ മുൻകൂർ അനുമതി കൂടാതെ മാതൃവകുപ്പിലേയ്ക്ക് തിരികെ മടക്കരുതെന്ന നിർദ്ദേശം നിലവിലുള്ളതിനാൽ 5 വർഷം കഴിഞ്ഞിട്ടും ഡെപ്യൂട്ടേഷനിൽ തുടരുന്നുണ്ട്. 5 വർഷത്തിലധികമായി പുരാവസ്തു വകുപ്പിൽ ജോലിചെയ്യുന്ന ജീവനക്കാരെ കൊട്ടാരങ്ങളുടെയും മ്യൂസിയങ്ങളുടെയും സുരക്ഷിതത്വം കണക്കിലെടുത്ത് പുതിയ ജീവനക്കാർ വരുന്നമുറയ്ക്ക് മാറ്റുന്നതിലേയ്ക്കുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) ആവശ്യപ്പെട്ടിട്ടുണ്ട്.

## കൊച്ചി സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ്

109(3466) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി സി. പി. ഓഫീസിലെ ഭരണ വിഭാഗത്തിൽനിന്നും ഉദ്യോഗസ്ഥർക്ക്മേൽ ചട്ടവിരുദ്ധമായ നടപടികൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സമാശ്വാസ തൊഴിൽദാന പദ്ധതിയിലൂടെ സർവ്വീസിൽ വന്ന വനിത ജീവനക്കാരിയെ മാനേജർ ഭീഷണിപ്പെടുത്തുന്നതിനാൽ സ്ഥലം മാറ്റം ആവശ്യപ്പെട്ട് നൽകിയ അപേക്ഷയിൽ ഉന്നയിച്ചിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അന്വേഷണം നടന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് എം.ഒ.പി.പോലീസ് നടപടിക്രമം 154 പ്രകാരം അപേക്ഷ മേൽഓഫീസിലേക്ക് അയച്ചിട്ടില്ലെന്ന കാര്യം ഗൗരവമായി കാണുമോ;

(സി) ഇതേ ഓഫീസിലെ മറ്റൊരു വനിത ജീവനക്കാരിക്ക് ഉണ്ടായ മാനസിക ബുദ്ധിമുട്ട് കാരണം രാജിസന്നദ്ധത അറിയിച്ചിട്ടുള്ളതിന്റെ സാഹചര്യം പരിശോധിച്ച് കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതേ ഓഫീസിൽ ചട്ടവിരുദ്ധമായി കൊച്ചി സിറ്റി എ. ആർ. ഓഫീസിലെ ക്യാഷ്യർക്ക് മറ്റ് ചുമതലകൾ നൽകി ക്യാഷ് ചെസ്റ്റ് ഇരിക്കുന്ന എ.ആർ. ഓഫീസിൽനിന്നും 15 കിലോ മീറ്റർ അകലെയുള്ള സിറ്റി പോലീസ് കമ്മീഷണർ ഓഫീസിൽ ഹാജർ രേഖപ്പെടുത്തുന്ന വിധത്തിൽ അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ് സൗകര്യം നൽകിയിട്ടുള്ളത് പുനഃപരിശോധിക്കുമോ;

(ഇ) വനിത ജീവനക്കാരികളുടെ പരാതികൾ ക്രമവിരുദ്ധമായി മേൽ ഉദ്യോഗസ്ഥർക്ക് അയയ്ക്കാതിരിക്കുകയും അനധികൃതമായി വർക്കിംഗ് അറേഞ്ച്മെന്റ് സൗകര്യങ്ങൾ നൽകുന്ന പ്രസ്തുത ഓഫീസിലെ ഭരണ വിഭാഗം മേൽ ഉദ്യോഗസ്ഥരുടെ നടപടികൾ പുനഃപരിശോധന നടത്തുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## ഇന്ത്യൻ റിസർവ് ബറ്റാലിയനുവേണ്ടിയുള്ള സ്പെഷ്യൽ റൂൾ

110(3467) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ റിസർവ് ബറ്റാലിയനു വേണ്ടി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ നിലവിൽ ഏത് റൂൾ പ്രകാരമാണ് ഇന്ത്യൻ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ്, കമാൻന്റോ വിംഗ് എന്നിവ പ്രവർത്തിച്ചുവരുന്നത്;

(ബി) ഐ.ആർ.ബി.-യുടെ റെഗുലർ വിംഗ്, കമാന്റോ വിംഗ് സേനാംഗങ്ങളുടെ പരിശീലന കാലയളവ് സർവ്വീസായി പരിഗണിച്ചിട്ടുണ്ടോ;എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത സേനാംഗങ്ങളുടെ പ്രമോഷൻ നടത്തിയ അനുപാതം സംബന്ധിച്ച വിശദാംശം നൽകുമോ;

(ഡി) ഐ.ആർ.ബി. കമാന്റോ വിംഗിന്റെ പ്രമോഷന് വേണ്ടി നിലവിലുള്ള തണ്ടർ ബോൾട്ട്, ടെമ്പിൾ പ്രൊട്ടക്ഷൻ ടീം, പാണ്ടിക്കാട് നിലവിലുള്ള ട്രെയിനിംഗ് റിക്രൂട്ടുകൾ എന്നിവരുടെ അംഗബലം പരിഗണിക്കുമോ;

(ഇ) പ്രസ്തുത സേനാംഗങ്ങൾ ഒരു റാങ്ക് ലിസ്റ്റിൽനിന്നും തിരഞ്ഞെടുക്കപ്പെട്ടവരായതിനാൽ കമാന്റോ വിംഗ് സേനാംഗങ്ങളായി പരിഗണിച്ച് പ്രമോഷൻ നൽകാൻ സാധിക്കുമോ;

(എഫ്) പത്ത് വർഷം സേവനം പൂർത്തിയാക്കിയ കമാന്റോ വിംഗ് സേനാംഗങ്ങൾക്ക് കേരള പോലീസിന്റെ സിവിൽ പോലീസ് വിഭാഗത്തിലേയ്ക്ക് അതത് ജില്ലകളിൽ മാറ്റം നൽകാൻ വ്യവസ്ഥയുണ്ടോ;എങ്കിൽ പ്രസ്തുത മാറ്റത്തിന് ഏത് സീനിയോറിറ്റിയാണ് പരിഗണിക്കുന്നത്; വിശദമാക്കാമോ;

(ജി) പ്രസ്തുത മാറ്റം അനുവദിക്കുകയാണെങ്കിൽ ഏത് റാങ്കിലായിരിക്കും കമാന്റോ വിംഗ് സേനാംഗങ്ങളെ നിയമിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇന്ത്യൻ റിസർവ് ബറ്റാലിയനുവേണ്ടി വിശേഷാൽ ചട്ടങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നിലവിൽ ഇന്ത്യൻ റിസർവ് ബറ്റാലിയൻ റിക്രൂട്ട്മെന്റ് റൂൾ (27-2-2009-ലെ സ.ഉ.(പി)24/09/ആഭ്യ) പ്രകാരമാണ് ടി ബറ്റാലിയനിൽ റഗുലർ വിംഗും കമാൻഡോ വിംഗും പ്രവർത്തിച്ചുവരുന്നത്.

(ബി) ഐ.ആർ. ബറ്റാലിയനിലെ ഇരു വിംഗുകളിലുമുള്ള സേനാംഗങ്ങളുടെ പരിശീലന കാലയളവ് നിലവിൽ സർവ്വീസായി പരിഗണിച്ചിട്ടില്ല.

(സി) 4-1-2018-ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 46/18/ആഭ്യ അനുസരിച്ചുള്ള ഉത്തരവ് പ്രകാരം ഐ.ആർ ബറ്റാലിയൻ രൂപീകരണ സമയത്ത് നിലവിലുണ്ടായിരുന്ന 675 കോൺസ്റ്റബിൾ പോസ്റ്റുകൾക്ക് (പി.സി. റഗുലർ 475, പി.സി കമാൻഡോ 200) അനുവദിക്കപ്പെട്ടിരുന്ന 160 ഹവിൽദാർ പോസ്റ്റുകളിലേയ്ക്ക് 7:3 എന്ന ക്രമത്തിൽ ഇരുവിംഗുകളിൽ നിന്നുമായി താൽക്കാലികമായി പ്രൊമോഷൻ അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. സ്പെഷ്യൽ റൂൾ രൂപീകരണത്തിനുശേഷം മാത്രമേ പ്രൊമോഷൻ സ്ഥിരപ്പെടുത്തുകയുള്ളൂ.

(ഡി-ജി) ഐ.ആർ ബറ്റാലിയൻ രൂപീകൃതമായ വേളയിൽ നിലവിലുണ്ടായിരുന്ന കേഡർ സ്ട്രെംങ്ത്തിന് ആനുപാതികമായി 675 പോസ്റ്റുകൾക്ക് 7:3 എന്ന ക്രമത്തിലാണ് ഇരുവിംഗുകളിൽ നിന്നുമായി താൽക്കാലികാടിസ്ഥാനത്തിൽ ഹവിൽദാർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകാൻ ഉത്തരവായിട്ടുള്ളത്. തുടർന്ന് രൂപീകൃതമായ ടെമ്പിൾ പ്രൊട്ടക്ഷൻ ടീം പോലുള്ള വിംഗുകളിലെ കമാൻഡോകളുടെ എണ്ണത്തിന് ആനുപാതികമായി ഹവിൽദാർ തസ്തിക സൃഷ്ടിക്കപ്പെടേണ്ടതുണ്ട്. ടി വിംഗുകളിലെ കമാൻഡോകൾ ഐ.ആർ. ബറ്റാലിയനിലെ കേഡർ സ്ട്രെംങ്ത്തിലാണോ ഉൾപ്പെട്ടിട്ടുള്ളതെന്ന കാര്യവും പരിശോധിക്കപ്പെടേണ്ടതുണ്ട്. പ്രസ്തുത കാര്യങ്ങളും കമാന്റോകളെ പത്തു വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് സിവിൽ പോലീസ് വിഭാഗത്തിലേയ്ക്ക് മാറ്റം നൽകുന്ന വിഷയമടക്കമുള്ള കാര്യങ്ങളും ഇക്കാര്യത്തിലുള്ള സ്പെഷ്യൽ ചട്ടങ്ങൾ രൂപീകരിക്കുന്ന വേളയിൽ പരിശോധനയ്ക്ക് വിധേയമായി ഉചിതമായ നടപടിക്രമങ്ങൾ അനുവർത്തിക്കുന്നതാണ്.

## സംസ്ഥാന പോലീസിലെ നോഡൽ ഓഫീസർമാരുടെ പ്രവർത്തനം

111(3468) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർ ട്രെയിനിംഗിനായും ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രൊസസ്സിംഗ് സിസ്റ്റത്തിന്റെ നോഡൽ ഓഫീസർമാരായും ആരെയാണ് നിയമിച്ചിട്ടുള്ളത്; ഇവരെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ്; ഇവരുടെ അടിസ്ഥാന യോഗ്യതയും സാങ്കേതിക യോഗ്യതയും എന്തെല്ലാമാണ്; ഇവർക്ക് ഈ വിഷയത്തിൽ മുൻപരിചയം ഉണ്ടോ;വിശദവിവരം നൽകാമോ;

(ബി) നോഡൽ ഓഫീസർമാർ അവരുടെ ശമ്പളത്തോടൊപ്പം ട്രെയിനിംഗ് ഓണറേറിയം/വേതനം കൈപ്പറ്റിയിട്ടുള്ളത് ഇരട്ട വേതനമാണെന്നതിനാൽ അധികമായി കൈപ്പറ്റിയ തുക തിരികെപിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ഇവർ സംസ്ഥാനത്തെ പല സ്ഥലങ്ങളിലായി സ്ഥലംമാറ്റം ലഭിച്ചപ്പോഴും മൂന്ന് മാസത്തിൽ കൂടുതലായി തിരുവനന്തപുരത്തെ സിറ്റി എച്ച്.ആർ.എ.,സി.സി.എ. എന്നിവ കാലാവധി മുഴുവൻ കൈപ്പറ്റിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) നോഡൽ ഓഫീസറായി നിയമിക്കപ്പെട്ട ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഉള്ള ഉദ്യോഗസ്ഥന് 1-10-2016-ലെ പി.എച്ച്.ക്യൂ ഓഫീസ് ഓഡർ നമ്പർ:213/16 പ്രകാരം താഴെ തസ്തികയായ ഐ.എസ്.എ.-യുടെ ചുമതല നൽകിയിട്ടുള്ളതും ഐ.എസ്.എ. തസ്തികയിലുള്ള ആൾക്ക് ജൂനിയർ സൂപ്രണ്ടിന്റെ അധിക ചുമതല വച്ചു മാറിയതും നിയമവിരുദ്ധമായിട്ടാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉയർന്ന തസ്തികയിൽ ജോലി നോക്കുന്നവർ താഴ്ന്ന തസ്തികയിലെ ജോലി നിർവ്വഹിച്ച് ശമ്പളം കൈപ്പറ്റുന്ന ചട്ടവിരുദ്ധമായ നടപടികൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) നോഡൽ ഓഫീസർമാരായ ഇവർ സൂപ്പർവൈസറി തസ്തികകളിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുമ്പോഴും ട്രെയിനിംഗിനും ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രൊസസ്സിംഗ് സിസ്റ്റത്തിന്റെ മേൽനോട്ടത്തിനും പോകുന്നത് ഓഫീസ് പ്രവർത്തനങ്ങളിൽ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ പകരം മതിയായ സാങ്കേതിക

യോഗ്യതയുള്ളവരെ കണ്ടെത്തി പുതിയ നോഡൽ ഓഫീസർമാരെ നിയമിക്കുമോ; ഇതോടനുബന്ധിച്ച് വെർച്വൽ ഐ.ടി. കേഡർ രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## പോലീസ് ഉദ്യോഗസ്ഥർക്ക് വാട്സാപ്പ് ഗ്രൂപ്പ്

112(3469) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ പോലീസ് ഉദ്യോഗസ്ഥരെയും മിനിസ്റ്റീരിയൽ സ്റ്റാഫിനെയും ഉൾപ്പെടുത്തി വാട്സ് ആപ്പ് ഗ്രൂപ്പ് ആരംഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഗ്രൂപ്പിന്റെ നിയന്ത്രണം ആർക്കായിരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വാട്സ് അപ്പ് ഗ്രൂപ്പിലൂടെ വ്യാജ സന്ദേശങ്ങൾ പ്രചരിക്കാതിരിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ആരംഭിച്ചിട്ടുണ്ട്. ഗ്രൂപ്പിൻെറ നിയന്ത്രണം സംസ്ഥാന പോലീസ് മേധാവിക്കാണ്. പ്രസ്തുത വാട്സാപ്പ് ഗ്രൂപ്പുവഴി ഔദ്യോഗികമായ വിവരങ്ങളും സന്ദേശങ്ങളും മാത്രമേ കൈമാറാൻ പാടുള്ളൂവെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി ഗ്രൂപ്പുകളിലെ സന്ദേശങ്ങൾ നിരീക്ഷിക്കുന്നതിന് അഡ്മിൻമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

## അന്വേഷണവിധേയമായി സസ്പെൻഡ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

113(3470) ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പോലീസ് ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ റാങ്ക് തിരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ;

(സി) ഇവരിൽ എത്രപേർ പിന്നീട് സർവ്വീസിൽ തിരികെ കയറിയെന്നും എത്രപേർ ഇപ്പോഴും സസ്പെൻഷനിൽ തുടരുന്നുവെന്നും വ്യക്തമാക്കാമോ;

(ഡി) അന്വേഷണങ്ങളിൽ എത്ര പോലിസ് ഉദ്യോഗസ്ഥർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കൃഷ്ണൻകുട്ടിയുടെ സർവ്വീസ് ആനുകൂല്യം അനുവദിക്കാൻ നടപടി**

114(3471) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് കോൺസ്റ്റബിൾ ആയിരുന്ന കൃഷ്ണൻകുട്ടി, വന്ദന നിവാസ്, കോട്ടുവള്ളി വില്ലേജ്, പറവൂർ താലൂക്ക്.- യുടെ സർവ്വീസ് ആനുകൂല്യം അനുവദിച്ചു കിട്ടുന്നതിനായി ഭാര്യ വിജയകുമാരി സമർപ്പിച്ച നിവേദനം അനുഭാവപൂർവ്വം പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കാമോ;

(ബി) പ്രസ്തുത കുടുംബത്തിന്റെ ദയനീയ സാഹചര്യവും രോഗാതുരതയും കണക്കിലെടുത്ത് ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ അടിയന്തര പ്രാധാന്യത്തോടെ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു. ഈ വിഷയം സംബന്ധിച്ചുള്ള എല്ലാ വശങ്ങളും പരിശോധിച്ച് താമസംവിനാ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**ജയിൽ ഡി.ജി.പി.-ക്ക് നൽകിയ അപേക്ഷ**

115(3472) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീമതി ബിനു.കെ.ഐ. ടിയാളുടെ മകൻ പ്രണബിനെ ജയിലിൽ ഉപദ്രവിച്ചതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് 24-1-2018-ൽ ജയിൽ ഡി.ജി.പി.-യ്ക്ക് നൽകിയ അപേക്ഷയിൻമേൽ സ്വീകരിച്ച നടപടികളുടെ വിശദമായ വിവരവും അതിൽ പ്രതിപാദിക്കുന്ന രേഖകളുടെ പകർപ്പും ലഭ്യമാക്കാമോ?

<u>ഉത്തരം</u>

നെയ്യാറ്റിൻകര സ്പെഷ്യൽ സബ് ജയിലിലെ യു.ടി. 8427 പ്രബിൻ എന്ന തടവുകാരനെ ടി ജയിലിലെ ഉദ്യോഗസ്ഥർ മർദ്ദിച്ചുവെന്നാരോപിച്ച് ശ്രീമതി ബിനു കെ.ഐ. 24-1-2018 പരാതി സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി പരാതിയിന്മേൽ കൈക്കൊണ്ട നടപടിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുന്ന താഴെപ്പറയുന്ന രേഖകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(i) ശ്രീമതി ബിനു കെ.ഐ. യുടെ പരാതിയുടെ പകർപ്പ്

(ii) ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തു കൊണ്ടുള്ള ഉത്തരവിൻെറ പകർപ്പ്

(iii) പുനഃപ്രവേശിപ്പിച്ചുകൊണ്ടുള്ള ഉത്തരവിൻെറ പകർപ്പ്

(iv) അച്ചടക്ക നടപടികൾ തീർപ്പുകല്പിച്ചുകൊണ്ടുള്ള ഉത്തരവിൻെറ പകർപ്പ്.

**ഷാർജയിൽ കാണാതായ വ്യക്തിയെക്കുറിച്ചുള്ള പരാതി**

116(3473) <u>ശ്രീ. അനൂപ് ജേക്കബ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്യൂത്ത് വേ ടെക്നിക്കൽ കോൺട്രാക്റ്റിംഗ് കമ്പനിയിൽ ഇലക്ട്രീഷ്യൻ ആയി ജോലി ചെയ്യുന്ന തിരുവനന്തപുരം, കാട്ടാക്കട സ്വദേശി രാജു രാജേന്ദ്രൻ എന്നയാളെ 27-10-2017 മുതൽ ഷാർജയിലെ ജോലി സ്ഥലത്തുനിന്നും കാണാതായതായി സംസ്ഥാന പോലീസ് മേധാവിയുടെയും തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ടിന്റെയും കാര്യാലയങ്ങളിൽ പരാതി ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ഉണ്ടെങ്കിൽ പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും അന്വേഷണം ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മേൽവിഷയം സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയത്തിൽ 12-2-2018-ൽ പരാതി ലഭിച്ചിട്ടുള്ളതും അന്വേഷണത്തിനും റിപ്പോർട്ടിനുമായി തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവിക്ക് 13-2-2018-ൽ നൽകിയിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പരാതിയിന്മേൽ തിരുവനന്തപുരം റൂറൽ ജില്ലാ പോലീസ് മേധാവി അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതും ആയതിന്റെ വെളിച്ചത്തിൽ ഒരു മറുപടി പരാതിക്കാരന് 6-6-2018-ൽ നൽകിയിട്ടുള്ളതുമാണ്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പോലീസ് ഔട്ട്പോസ്റ്റ്

117(3474) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന പോലീസ് ഔട്ട്പോസ്റ്റിൽ രാത്രികാലങ്ങളിൽ ഡ്യൂട്ടിക്ക് പോലീസിനെ നിയമിക്കാത്ത അവസ്ഥ ചില ദിവസങ്ങളിൽ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഔട്ട്പോസ്റ്റിൽ പോലീസ് ഡ്യൂട്ടിക്കില്ലാത്ത ദിവസങ്ങളിൽ ഏതെങ്കിലും തരത്തിൽ ഉള്ള പ്രശ്നങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ കേസ് എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥിരമായി പകലും രാത്രിയിലും പോലീസിനെ ഡ്യൂട്ടിക്ക് നിയമിക്കാൻ പറ്റാത്ത സാഹചര്യം എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പ്രവർത്തിക്കുന്ന പോലീസ് ഔട്ട്പോസ്റ്റിൽ രാത്രികാലങ്ങളിൽ പോലീസിനെ സ്ഥിരമായി ഡ്യൂട്ടിക്ക് നിയോഗിക്കുന്നുണ്ട്.

## അക്രമങ്ങൾ നടത്തിയവർക്കെതിരെയുള്ള നടപടികൾ

118(3475) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോഷണം, പിടിച്ചുപറി, ഗുണ്ടാ ആക്രമണം, സ്ത്രീപീഡനം, കുട്ടികൾക്ക് നേരെയുള്ള അതിക്രമങ്ങൾ, കൊലപാതകങ്ങൾ, മറ്റ് വിധ്വംസക പ്രവർത്തനങ്ങൾ എന്നിവയും പാർട്ടി ഓഫീസുകളും വീടുകളും നശിപ്പിക്കുന്നതും തടയുവാനുമായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിൽ നാളിതുവരെ എത്ര സി.പി.ഐ.(എം) ഓഫീസുകളും സി.പി.ഐ.(എം) പ്രവർത്തകരുടെ വീടുകളും നശിപ്പിക്കപ്പെട്ടു; എത്ര പേർക്ക് നേരെ ആക്രമണം ഉണ്ടായി; എത്ര പേർക്ക് ജീവഹാനിയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കേസ്സുകളിൽ പ്രതികളെ കണ്ടെത്തി അവർക്ക് ശിക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

ഉത്തരം

(എ) മോഷണം, പിടിച്ചുപറി തുടങ്ങിയവ തടയുന്നതിലേക്കായി തിരക്കേറിയ സ്ഥലങ്ങളിലും മറ്റും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തിയും രാത്രിയും പകലും ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്തിയും സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷയ്ക്കായി അവർക്കെതിരെയുണ്ടാകുന്ന പീഡനങ്ങൾ, ആക്രമണങ്ങൾ, ചൂഷണങ്ങൾ എന്നിവ തടയുന്നതിനായി പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ് ലൈൻ, സ്ത്രീകളുടെ പരാതി പരിഹരിക്കുന്നതിന് പഞ്ചായത്തുതല അദാലത്തുകൾ, വനിതാ വോളന്റിയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച നിർഭയ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. പാർട്ടി ഓഫീസുകൾക്കും വീടുകൾക്കും നേരെയുള്ള ആക്രമണങ്ങൾക്ക് പരിഹാരം കാണുന്നതിലേക്കായി സംസ്ഥാന രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുള്ളതും എല്ലാ പോലീസ് സ്റ്റേഷൻ പരിധികളിലും ആവശ്യമായ ജാഗ്രത പുലർത്തിവരുന്നതുമാണ്. വിധ്വംസക പ്രവർത്തനങ്ങളിലും ഗുണ്ടാ പ്രവർത്തനങ്ങളിലും ഏർപ്പെടുന്നവരെ നിരീക്ഷിക്കുന്നതിനായി രഹസ്യാന്വേഷണ പോലീസിനും ലോക്കൽ പോലീസിനും നിർദ്ദേശങ്ങൾ നൽകിവരുന്നു. ഗുണ്ടകളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി തുടർച്ചയായ ക്രമസമാധാന പ്രശ്നങ്ങളുണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി നിരീക്ഷണം നടത്തിയും ഇത്തരം പ്രവർത്തനങ്ങൾ നടത്തുന്നവർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| നശിപ്പിക്കപ്പെട്ട സി.പി.ഐ.(എം) ഓഫീസുകളുടെ എണ്ണം | 108 |
| നശിപ്പിക്കപ്പെട്ട സി.പി.ഐ.(എം) പ്രവർത്തകരുടെ വീടുകളുടെ എണ്ണം | 205 |
| ആക്രമണം നേരിട്ട സി.പി.ഐ.(എം) പ്രവർത്തകരുടെ എണ്ണം | 816 |
| ജീവഹാനി സംഭവിച്ച സി.പി.ഐ (എം) പ്രവർത്തകരുടെ എണ്ണം | 3 |

(സി) പ്രസ്തുത സംഭവങ്ങളിലെല്ലാമായി 944 കേസ്സ് രജിസ്റ്റർ ചെയ്യുകയും 3326 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽ ശരിയായ അന്വേഷണം നടത്തി പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**ബാലിക പീഡനത്തിനിരയായ സംഭവം**

119(3476) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. കെ. സി. ജോസഫ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടപ്പാൾ തീയേറ്ററിൽ പത്ത് വയസുള്ള ബാലിക പീഡനത്തിനിരയായ സംഭവത്തിൽ യഥാസമയം പോലീസ് കേസ് എടുത്തിരുന്നോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസിൽ സാക്ഷിയായി വരേണ്ട തീയേറ്റർ ഉടമയെ പോലീസ് അറസ്റ്റ് ചെയ്യുവാനുള്ള സാഹചര്യമെന്തായിരുന്നു;

(സി) തീയേറ്റർ ഉടമയുടെ അറസ്റ്റ് നിയമപരമാണോ എന്ന് ഡി.ജി.പി. നിയമോപദേശം തേടിയിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് ലഭിച്ച നിയമോപദേശം എന്താണ്;

(ഡി) കേസിലെ പ്രതിയും ധനാഢ്യനുമായ വ്യക്തിയെ സംരക്ഷിക്കുവാൻ ശ്രമിച്ച പോലീസ് ചൈൽഡ് ലൈൻ പ്രവർത്തകരെ സംഭവം അറിയിച്ച തീയേറ്റർ ഉടമയെ അറസ്റ്റ് ചെയ്തത് നീതീകരിക്കത്തക്കതാണോ;

(ഇ) ദൃശ്യങ്ങൾ സഹിതം പോലീസിൽ പരാതി നൽകിയിട്ടും കേസെടുക്കുന്നത് വൈകിപ്പിച്ച പോലീസ് ഉദ്യോഗസ്ഥന്റെ നടപടി പോക്സോ നിയമപ്രകാരം കുറ്റകരമാണോ;

(എഫ്) എങ്കിൽ, പ്രസ്തുത ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്യുവാൻ വൈകിയതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എടപ്പാളിലെ ശാരദാ മൂവീസ് എന്ന തിയേറ്ററിൽവച്ച് ബാലികയെ പീഡിപ്പിച്ചതുമായി ബന്ധപ്പെട്ട് ചൈൽഡ്ലൈൻ പ്രവർത്തകനായ ശിഹാബുദ്ദീൻ 26-3-2018 തീയതി പോലീസിൽ പരാതി നൽകിയിരുന്നെങ്കിലും മേൽ പരാതിക്ക് ചങ്ങരംകുളം എസ്.ഐ. ആയിരുന്ന കെ. ജി. ബേബി എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യാതെ കാലതാമസം വരുത്തി ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തുകയുണ്ടായി. ആയതിന് ടിയാനെതിരെ ചങ്ങരംകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 105/18 u/s 166 (A) ആൻഡ് Sec.19 r/w 21 of POCSO Act, 2012 പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസിന്റെ തുടർന്നുള്ള അന്വേഷണം മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. നടത്തിവരുന്നു.

തിയേറ്ററിൽവച്ചുണ്ടായ പീഡനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിന്റെ [ചങ്ങരംകുളം പോലീസ് സ്റ്റേഷൻ ക്രൈം നം. 103/18 u/s 7 ആൻഡ് 8 of POCSO Act ആൻഡ് 354 (A) IPC] തുടരന്വേഷണം സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് കൈമാറിയിട്ടുണ്ട്.

(ബി & സി) തിയേറ്റർ ഉടമയായ ശ്രീ. സതീശനെതിരെ പ്രത്യേകം കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ബാലിക പീഡനത്തിനിരയായ സംഭവവുമായി ബന്ധപ്പെട്ട് ചങ്ങരംകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 103/2018 ആയി രജിസ്റ്റർ ചെയ്ത കേസിന്റെ തുടരന്വേഷണം നടത്തിവരവെ സെക്ഷൻ 19(1) R/W 21 of POCSO Act പ്രകാരം ടിയാനെ പ്രതിയായി ഉൾപ്പെടുത്തിയിരുന്നു. നിലവിൽ കേസ് ക്രൈംബ്രാഞ്ചിന്റെ അന്വേഷണത്തിലാണ്. തിയേറ്റർ ഉടമയെ അറസ്റ്റ് ചെയ്തത് നിയമവിരുദ്ധമാണെന്ന ഉപദേശമാണ് ലഭിച്ചിട്ടുള്ളത്.

(ഡി) ഇതുസംബന്ധിച്ച അന്വേഷണം നടന്നുവരുന്നു.

(ഇ) ഇക്കാര്യത്തിന് പോലീസ് ഉദ്യോഗസ്ഥനെതിരെ പോക്സോ ആക്ട് പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും കേസ് അന്വേഷണാവസ്ഥയിലുമാണ്.

(എഫ്) പോലീസ് ഉദ്യോഗസ്ഥനായ ശ്രീ. കെ. ജി. ബേബിയെ 5-6-2018 തീയതി 10 മണിക്ക് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചു. ടിയാനെതിരെ രജിസ്റ്റർ ചെയ്ത ക്രൈം 105/18 നമ്പർ കേസിന്റെ തുടർന്നുള്ള അന്വേഷണം മലപ്പുറം ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈ.എസ്.പി. ഏറ്റെടുത്ത് നടത്തിവരുന്നു.

**എടപ്പാൾ തിയേറ്ററിലെ പീഡനം**

120(3477) ശ്രീ. വി. ടി. ബൽറാം:
ശ്രീ. അനിൽ അക്കര:
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടപ്പാൾ തിയേറ്ററിലെ പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ പീഡനം തെളിവ് സഹിതം നിയമസംവിധാനത്തിന് മുമ്പാകെ കൊണ്ടുവന്ന തിയേറ്റർ ഉടമ സതീശനെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ടോ;

(ബി) ടിയാനെതിരെ ചുമത്തിയിട്ടുള്ള കുറ്റങ്ങൾ എന്തൊക്കെയാണ്; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(സി) പോലീസ് നിയമവിരുദ്ധമായി ഒതുക്കിവയ്ക്കുവാൻ ശ്രമിച്ച വിവരങ്ങൾ നിയമത്തിന്റെ മുന്നിലെത്തിച്ച തിയേറ്റർ ഉടമയോടുള്ള വൈരാഗ്യമാണ് പോലീസ് നടപടിയെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) പീഡനകേസ് തെളിവ് സഹിതം നിയമസംവിധാനത്തിന് മുന്നിൽ കൊണ്ടുവന്ന വ്യക്തിയെ അറസ്റ്റ് ചെയ്തത് ഇത്തരം കേസുകളിൽ തെളിവ് നൽകുവാൻ ആരും മുന്നോട്ടുവരാത്ത സാഹചര്യം ഉണ്ടാക്കുമെന്ന വസ്തുത പരിഗണിച്ച് പ്രസ്തുത കേസ് അടിയന്തിരമായി പിൻവലിക്കുന്നതിന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-ഡി) ശ്രീ. സതീശനെ 4-6-2018 തീയതി അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടയച്ചിട്ടുള്ളതാണ്. തിയേറ്റർ ഉടമയായ ശ്രീ. സതീശനെതിരെ പ്രത്യേക കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ബാലിക പീഡനത്തിനിരയായ സംഭവവുമായി ബന്ധപ്പെട്ട് ചങ്ങരകുളം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 103/2018 ആയി രജിസ്റ്റർ ചെയ്ത കേസിന്റെ തുടരന്വേഷണം നടത്തിവരവെ, സെക്ഷൻ 19(1) r/w 21 of POCSO Act പ്രകാരമാണ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കേസ്സിൻെറ അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിട്ടുണ്ട്. അത് തുടർന്നുവരുന്നു.

## ജാർഖണ്ഡിൽ നിന്നുള്ള കവർച്ചാസംഘത്തിൻെറ ആഭരണക്കടകളിലെ കൊള്ളയടി

121(3478) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി, മുക്കം സ്റ്റേഷൻ പരിധികളിൽ ജാർഖണ്ഡിൽ നിന്നുള്ള കവർച്ചാസംഘം നിരവധി ആഭരണക്കടകൾ കൊള്ളയടിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊടുവള്ളി ക്രൈം 173/18 കേസിൽ പ്രതികളായ മുഴുവൻപേരെയും തിരിച്ചറിഞ്ഞുവെങ്കിലും അവരെ പിടികൂടാൻ പ്രയാസം നേരിടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കേസിൽ ആരെല്ലാമാണ് പ്രതികളെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥർക്ക് ജാർഖണ്ഡ് സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) സ്വർണാഭരണ കവർച്ച വളരെ ആസൂത്രിതമായി നടപ്പാക്കുന്നതാകയാൽ ഉന്നത പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട ഒരു പ്രത്യേക ടീമിനെ അന്വേഷണത്തിന് നിയോഗിക്കുവാൻ സന്നദ്ധമാകുമോയെന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കേസ്സിലെ മുഴുവൻ പ്രതികളേയും തിരിച്ചറിഞ്ഞിട്ടുള്ളതും ഒരു പ്രതിയെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

(സി) ഈ കേസിലെ പ്രതികൾ Muhammed Akru Zaman, Jeaul S.K., Nabiul S.K.@ Nobi@, Muhammed Mabud Hussain, Minarul Haq @ Manjar, Ittu Mandal @ Tutu Mandal, Tapan Mandal എന്നിവരാണ്.

(ഡി) ആവശ്യമെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) കേസന്വേഷണം തൃപ്തികരമായി നടന്നുവരുന്നുണ്ട്. ആവശ്യമാണെന്ന് തോന്നുന്നപക്ഷം ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെട്ട പ്രത്യേക ടീമിനെ അന്വേഷണത്തിന് നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കെവിൻ കൊലപാതകം**

122(3479) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെവിൻ കൊലപാതകത്തിൽ പോലീസിന് സജീവപങ്കുള്ളതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെവിനെയും അനീഷിനെയും തട്ടിക്കൊണ്ടുപോയ ഗുണ്ടാത്തലവൻമാർക്ക് അവർ രണ്ടുപേരും മാത്രമാണ് മാന്നാനത്തെ വീട്ടിലുള്ളതെന്ന വിവരം കൈമാറിയത് പോലീസ് പട്രോളിംഗ് സംഘമാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(സി) ഗുണ്ടാ സംഘങ്ങൾക്ക് ഇത്തരത്തിൽ പിന്തുണ നൽകുന്ന പോലീസുകാർ പ്രസ്തുത ഫോഴ്സിനുതന്നെ നാണക്കേടായതിനാൽ ഇത്തരക്കാർക്കെതിരെ കർശനനടപടി സ്വീകരിച്ച് അവരെ മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രതികൾക്ക് അധികാരകേന്ദ്രങ്ങളുടെ പിന്തുണയുണ്ടെന്ന കോടതി പരാമർശം സർക്കാർ ഗൗരവത്തിൽ എടുത്തിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തെക്കുറിച്ചും അന്വേഷിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതാണ്.

(സി) ഗുണ്ടാസംഘങ്ങളെ പോലീസ് ഉദ്യോഗസ്ഥർ പിന്തുണയ്ക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ അന്വേഷണം നടത്തി വകുപ്പുതല നടപടികളും കർശനമായ നിയമപ്രകാരമുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ഡി) കോടതിയുടെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രതികൾക്ക് അധികാര കേന്ദ്രങ്ങളുടെ പിന്തുണയുള്ളതായി നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതാണ്.

**കെവിൻ വധക്കേസ്**

123(3480) ശ്രീ. വി. ഡി. സതീശൻ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെവിൻ വധക്കേസിൽ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന് വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) സ്പെഷ്യൽ ബ്രാഞ്ച് അവരുടെ ശ്രദ്ധയിൽവന്ന കാര്യങ്ങൾ മേലുദ്യോഗസ്ഥരെ കൃത്യമായി അറിയിക്കുന്നതിൽ വീഴ്ചവരുത്തിയത് ഗൗരവമായി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഗാന്ധി നഗർ പോലീസ് സംഭവത്തിന്റെ ഗൗരവം ഉൾക്കൊണ്ടു കൊണ്ട് ശരിയായ നടപടി സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടുവെന്നത് പരിശോധിച്ചിട്ടുണ്ടോ;

(ഡി) പോലീസിന്റെ ഭാഗത്ത് ഉണ്ടാകുന്ന ഇത്തരം വീഴ്ചകൾ ആഭ്യന്തര വകുപ്പിന്റെ വീഴ്ചയായി കണക്കാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ& ബി) കണ്ടെത്തിയിട്ടില്ല. സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ ശ്രദ്ധയിൽ വന്നിട്ടുള്ള കാര്യങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ യഥാസമയം അറിയിച്ചിട്ടുണ്ട്.

(സി) ചില ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടായത് പരിശോധിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചു.

(ഡി) കണക്കാക്കുന്നില്ല.

## കെവിൻെറ കൊലപാതകം

124(3481) ശ്രീ. പി. ടി. തോമസ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് കെവിനെ തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയ കേസിൽ ഏതെങ്കിലും രാഷ്ട്രീയ പാർട്ടിക്കോ, അതിന്റെ യുവജന സംഘടനയ്ക്കോ പങ്കുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കോട്ടയം, കൊല്ലം ജില്ലകളിലെ സി.പി.എം. പ്രാദേശിക നേതൃത്വത്തിന്റെ അറിവോടെയാണ് ഗുണ്ടാസംഘം കെവിനെയും അനീഷിനെയും തട്ടിക്കൊണ്ടുപോയതെന്ന പരാതി അന്വേഷിച്ചിട്ടുണ്ടോ;

(സി) പരാതി ലഭിച്ചിട്ടും പോലീസ് നടപടി എടുക്കാതെ മടിച്ച് നിന്നത് ഏതെങ്കിലും രാഷ്ട്രീയ കക്ഷിയുടെ ഇടപെടൽ ഉണ്ടായത് കൊണ്ടാണോ എന്ന കാര്യം അന്വേഷിക്കുമോ?

ഉത്തരം

(എ & ബി) നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ല.

(സി) (എ)-യുടെയും (ബി)-യുടെയും അടിസ്ഥാനത്തിൽ ബാധകമല്ല.

## വയനാട് ജില്ലയിലെ പി.എസ്.സി. നിയമനത്തട്ടിപ്പ്

125(3482) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ എൽ. ഡി. എഫ്. സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നടന്ന പി. എസ്. സി. നിയമനത്തട്ടിപ്പ് സംബന്ധിച്ച് കേസ് എടുത്തിരുന്നോ; എങ്കിൽ പ്രസ്തുത കേസ്സിൽ കുറ്റപത്രം സമർപ്പിച്ചിരുന്നോ എന്നറിയിക്കാമോ;

(ബി) പ്രസ്തുത കേസ്സിലെ പ്രതികളെ അറസ്റ്റ് ചെയ്തിരുന്നോ; എത്ര പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസ്സിൽ അന്വേഷണം പൂർത്തിയാക്കിയിരുന്നോ; ഇല്ലെങ്കിൽ നാളിതുവരെ പൂർത്തീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) അന്വേഷണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ കുറ്റപത്രം സമർപ്പിക്കാതെ നീട്ടിക്കൊണ്ടു പോകുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഈ തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പ് ജീവനക്കാരുടെ എണ്ണം വ്യക്തമാക്കുമോ ; അവർക്കെതിരെ എന്തെല്ലാം രീതിയിലുള്ള നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അവർക്കെതിരെ എന്തെല്ലാം വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ നടന്ന പി.എസ്.സി. നിയമനത്തട്ടിപ്പ് സംബന്ധിച്ച് ക്രൈം നമ്പർ 792/2010 ആയി കൽപ്പറ്റ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസ് പിന്നീട് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ്-2 ലെ വി.സി.03/12/എസ്.ഐ.യു.-2 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം പൂർത്തിയായിട്ടുണ്ട്. കുറ്റപത്രം സമർപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) ടി കേസിലെ 22 പ്രതികളിൽ പതിനെട്ടാം പ്രതി ഒഴികെയുള്ള 21 പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) കേസ് അന്വേഷണം പൂർത്തിയായിട്ടുണ്ട്.

(ഡി) ഫോറൻസിക് ലാബ് റിപ്പോർട്ട്, പ്രോസിക്യൂഷൻ അനുമതി എന്നിവ ലഭിക്കുന്ന മുറയ്ക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണ്.

(ഇ) ഈ തട്ടിപ്പ് കേസ്സുമായി ബന്ധപ്പെട്ട റവന്യൂ വകുപ്പ് ജീവനക്കാരുടെ എണ്ണം മൂന്ന് ആണ്. ഈ കേസ്സിലെ ഒന്നാം പ്രതിയായ A1 അഭിലാഷ് എസ്. പിള്ളയെ 3-3-2010-ൽ സർവ്വീസിൽനിന്നും സസ്പെൻറ് ചെയ്തിട്ടുണ്ട്. A-22 ശ്രീ.കെ.വിജയൻ സസ്പെൻഷനിലായിരിക്കെ സർവ്വീസിൽനിന്നും 31-3-2011-ൽ വിരമിച്ചു. ഈ കേസ്സിലെ മറ്റു പ്രതികൾ (A-2 മുതൽ A-21 വരെയുള്ളവർ) ഇപ്പോൾ സർക്കാർ ഉദ്യോഗസ്ഥരല്ല. ശ്രീ. കെ.വിജയൻ, മുൻ എ.ഡി.എം, ശ്രീമതി പ്രഭാവതി, മുൻ ശിരസ്തദാർ എന്നിവർ സേവനത്തിൽനിന്നും വിരമിച്ചിരുന്നതിനാൽ അവർക്കെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 59 (ബി) പ്രകാരം നടപടി ആരംഭിക്കുകയുണ്ടായി. മൂന്നാമത്തെയാളായ ശ്രീ. അഭിലാഷ് എസ്. പിള്ള, മുൻ A1 സെക്ഷൻ

ക്ലാർക്കിനെതിരെ കെ.സി.എസ്. (സിസി ആൻഡ് എ) ചട്ടങ്ങൾ 1960-ലെ ചട്ടം 15 പ്രകാരം നടപടി സ്വീകരിച്ചു. തുടർന്ന് നടത്തിയ വകുപ്പുതല അന്വേഷണത്തിൽ ശ്രീമതി പ്രഭാവതി, മുൻ ഹുസൂർ ശിരസ്തദാരുടെ ഭാഗത്ത് വീഴ്ചകൾ സംഭവിച്ചിട്ടില്ലായെന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിലും വിജിലൻസ് കേസിന്റെ പ്രതിപട്ടികയിൽ പേര് ചേർത്തിട്ടില്ലായെന്നതിന്റെ അടിസ്ഥാനത്തിലും നടപടി ഉപേക്ഷിച്ചും, ശ്രീ. കെ. വിജയൻ, മുൻ എ.ഡി.എം, നേരിട്ട് നിയമനതട്ടിപ്പുമായി ബന്ധപ്പെട്ടിട്ടില്ലായെങ്കിലും ടിയാളുടെ പ്രവർത്തികൾ നിയമനതട്ടിപ്പിന് സഹായകമായി എന്ന കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പ്രതിമാസ പെൻഷനിൽനിന്നും 50% തുക സ്ഥിരമായി കുറവ് ചെയ്തും ടിയാൾക്കെതിരെ കെ.എസ്.ആർ ഭാഗം 3 ചട്ടം 59 (ബി) പ്രകാരം സ്വീകരിച്ച നടപടി തീർപ്പാക്കി 21-5-2018-ലെ സ.ഉ.(സാധാ)നമ്പർ 1750/2018/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. മേൽ അന്വേഷണത്തിൽ കുറ്റക്കാരനെന്ന് കണ്ടെത്തിയ ശ്രീ. അഭിലാഷ് എസ്. പിള്ളയെ സേവനത്തിൽനിന്നും പിരിച്ചു വിടുന്നതിന് താൽക്കാലികമായി തീരുമാനിച്ചിട്ടുള്ളതും അപ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

**വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 498/2018-ലെ പ്രതികൾ**

126(3483) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം പോലീസ് സ്റ്റേഷനിലെ 25-3-2018 ക്രൈം നമ്പർ 0498/2018 പ്രകാരം ഉള്ള പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കേസിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കേസിലെ പ്രതികൾ 23-5-2018-ൽ സ്റ്റേഷൻ പരിധിയിൽ ഉണ്ടെന്ന വിവരം ബന്ധപ്പെട്ട സി.ഐ.-യെ വാദികൾ അറിയിച്ചിട്ടും പ്രതികളെ പിടികൂടുന്നതിനും നടപടി സ്വീകരിക്കുന്നതിനും ബന്ധപ്പെട്ടവർ തയ്യാറായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ കേസിന്മേൽ സത്വര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 498/2018-ാം നമ്പർ കേസ്സിലെ 4 പ്രതികളെ (A5,A6,A7,A11) അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കേസിലേയ്ക്ക് കൃത്യസ്ഥല മഹസ്സർ തയ്യാറാക്കിയിട്ടുള്ളതും അഞ്ചാം പ്രതിയുടെയും ഏഴാം പ്രതിയുടെയും കുറ്റസമ്മതമൊഴിയുടെ അടിസ്ഥാനത്തിൽ കൃത്യത്തിനുപയോഗിച്ചതും ഒളിപ്പിച്ചതുമായ ആയുധങ്ങൾ റിക്കവറി ചെയ്ത് മഹസ്സറിൽ വിവരിച്ച് ലക്ഷ്യത്തിനായി ബന്തവസ്സിലെടുത്ത് ബഹു. കോടതി മുമ്പാകെ KPF-ൽ ചേർത്ത് ഹാജരാക്കിയിട്ടുള്ളതാകുന്നു. പ്രസ്തുത കേസ്സ് സെക്ഷൻ 143, 147, 149, 294(b), 323, 324, 506(ii), 308 IPC പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണത്തിൽ സെക്ഷൻ 452, 326, 427 IPC ആൻഡ് Sec 27 of Arms Act കൂട്ടതലായി ചേർത്ത് അന്വേഷണം നടത്തിവരുന്നതും തുടർന്നുള്ള അന്വേഷണത്തിൽ 308 IPC കുറവ് ചെയ്ത് 307 IPC കൂട്ടതലായി ചേർത്ത് സെക്ഷൻ 143, 147, 149, 294(b), 323, 324, 506(ii), 326, 452, 427 ആൻഡ് 307 IPC ആൻഡ് Sec 27 of Arms Act പ്രകാരം അന്വേഷണം നടത്തിവരുന്നതുമാകുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ കേസ്സിൻെറ വാദിഭാഗത്തുനിന്നും 23-5-2018-നം, ടി തീയതിക്ക് മുമ്പും ശേഷവും പലപ്രാവശ്യം വിവരം ലഭിക്കുകയും എന്നാൽ ടി സ്ഥലങ്ങളിൽപ്പോയി അന്വേഷണം നടത്തിയതിൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ലാത്തതും കൂടാതെ പോലീസ് വാഹനങ്ങളിലും പ്രൈവറ്റ് വാഹനങ്ങളിലും പലപ്രാവശ്യം പോയി അന്വേഷണങ്ങൾ നടത്തിയിട്ടും പ്രതികളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലാത്തതും തമിഴ്നാട്ടിലെ കരിങ്കൽ, തിരുക്കുറിച്ചി, മാർത്താണ്ഡം എന്നീ ഭാഗങ്ങളിലും അന്വേഷണം നടത്തിയിട്ടുള്ളതുമാണ്. കൂടാതെ പ്രതികൾ തിരുവല്ലം ഭാഗത്തേക്ക് സഞ്ചരിക്കുന്നതായി വിവരം ലഭിച്ചതിൻെറ അടിസ്ഥാനത്തിൽ ടി ഭാഗങ്ങളിൽ മണിക്കൂറുകളോളം വാഹന പരിശോധന നടത്തിയിട്ടുള്ളതും പ്രസ്തുത കേസ്സിലെ പ്രതികളെ പിടികൂടാൻ കഴിഞ്ഞിട്ടില്ലാത്തതുമാകുന്നു. ടി കേസ്സിലെ രണ്ടാം പ്രതി BA2-2812/2018 പ്രകാരവും 1, 3, 4 പ്രതികൾ BA1-2803/2018 പ്രകാരവും ബഹു. കേരളാ ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് ബഹു. കോടതിയുടെ പരിഗണനയിലിരിക്കുന്നതുമാകുന്നു.

(ഡി) പ്രസ്തുത കേസ്സിലെ പ്രതികൾക്കെതിരെ നിയമാനുസൃതമായ എല്ലാ നടപടികളും സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## കസ്റ്റഡി മരണങ്ങൾ

127 (3485) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സസ്പെൻഡ് ചെയ്യപ്പെട്ട എത്ര പോലീസുദ്യോഗസ്ഥരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) ലോക്കപ്പ് മർദ്ദനത്തെ തുടർന്ന് മരണപ്പെട്ടവരിൽ എത്രപേരുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കസ്റ്റഡി മരണങ്ങളിൽ കാര്യക്ഷമമായ അന്വേഷണം നടത്തുകയും കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥരുടെ പേരിൽ കർശനമായ നിയമനടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. കസ്റ്റഡി മരണങ്ങൾ പോലുള്ള സംഭവങ്ങൾ പോലീസ് സ്റ്റേഷനുകളിൽ പാടില്ലായെന്നും കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചുമാത്രം പ്രതികളെ അറസ്റ്റ് ചെയ്യുവാനും രാത്രിയിൽ കസ്റ്റഡിയിൽ എടുക്കുന്ന പ്രതികളെ കൃത്യമായ മെഡിക്കൽ പരിശോധനയ്ക്കുശേഷം മാത്രമേ കസ്റ്റഡിയിൽ സൂക്ഷിക്കുവാൻ പാടുള്ളൂവെന്നും സംസ്ഥാനത്തെ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പോലീസ് കസ്റ്റഡിയിൽ സൂക്ഷിക്കുന്ന എല്ലാ വ്യക്തികളോടും വളരെ മാന്യമായി മാത്രമേ പെരുമാറാൻ പാടുള്ളൂവെന്ന നിർദ്ദേശവും അവബോധനവും എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിവരുന്നു.

(ബി) ഈ സർക്കാർ കാലയളവിൽ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട സംഭവങ്ങളിൽ സസ്പെന്റ് ചെയ്യപ്പെട്ട പോലീസ് ഉദ്യോഗസ്ഥരിൽ തിരികെ സർവ്വീസിൽ പ്രവേശിച്ചവരുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരാളുടെ ആശ്രിതർക്ക് സർക്കാർ ജോലി നൽകിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ജസ്റ്റിസ് ശ്രീവല്ലഭൻ ജുഡീഷ്യൽ കമ്മീഷൻ

128 (3486) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മരങ്ങാട്ടുപള്ളിയിൽ പോലീസ് കസ്റ്റഡിയിലെടുത്ത പാറക്കൽ സിബിയുടെ മരണം അന്വേഷിച്ച ജസ്റ്റിസ് ശ്രീവല്ലഭൻ ജുഡീഷ്യൽ കമ്മീഷന്റെ കാലാവധി നീട്ടിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം എത്ര പ്രാവശ്യം പ്രസ്തുത കമ്മീഷന്റെ കാലാവധി നീട്ടി നൽകി എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കോട്ടയം ജില്ലയിലെ മരങ്ങാട്ടുപള്ളി സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥർ കസ്റ്റഡിയിലെടുത്ത സിബി എന്ന യുവാവിന്റെ മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങൾ സംബന്ധിച്ച്, അന്വേഷിക്കുന്നതിന് 1952-ലെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ട് പ്രകാരം ശ്രീ. ഡി. ശ്രീവല്ലഭനെ (റിട്ട. ജില്ലാ ജഡ്ജി) 2016 ജനവരി 14-ാം തീയതിയിലെ എസ്.ആർ.ഒ. നമ്പർ 39/2016 വിജ്ഞാപനപ്രകാരം അന്വേഷണ കമ്മീഷനായി സർക്കാർ നിയമിച്ചിരുന്നു. കമ്മീഷന്റെ വേതനം, ഓഫീസ് ഘടന, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ മുതലായവ നിശ്ചയിച്ച് നൽകുന്നതിൽ ഭരണപരമായ കാലതാമസം നേരിട്ടതിനാൽ 2016 ജനവരി 14-ാം തീയതി മുതൽ 6 മാസത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കേണ്ടിയിരുന്ന പ്രസ്തുത കമ്മീഷന് യഥാസമയം ചുമതലയേൽക്കുവാൻ കഴിയുകയുണ്ടായില്ല. മേൽസാഹചര്യത്തിൽ 2017 ജൂൺ 2-ലെ എസ്.ആർ.ഒ.നമ്പർ 306/2017 വിജ്ഞാപന പ്രകാരം റിട്ട. ജില്ലാ ജഡ്ജി ശ്രീ. ഡി. ശ്രീവല്ലഭൻ കമ്മീഷന്റെ 6 മാസത്തേയ്ക്ക് വീണ്ടും നിയമിക്കുകയും പിന്നീട് 2 തവണയായി 12 മാസക്കാലം കാലാവധി നീട്ടിനൽകുകയുമുണ്ടായി.

## പ്രവാസിയെ പോലീസ് മർദ്ദിച്ച സംഭവം

129 (3487) ശ്രീ. അൻവർ സാദത്ത് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ എടത്തല ഉസ്മാനെന്ന പ്രവാസിയെ പോലീസ് അതിക്രൂരമായി മർദ്ദിച്ച് മാരകമായി പരിക്കേല്പിച്ചതിനെ പറ്റിയുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രതികളായ പോലീസുദ്യോഗസ്ഥർക്കെതിരെ കേസെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകൾ പ്രകാരമെന്ന് അറിയിക്കുമോ;

(സി) പ്രതിപക്ഷ എം.എൽ.എ.-മാർ തീവ്രവാദത്തെ പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിക്കുന്നതായി മുഖ്യമന്ത്രി പ്രസ്താവിച്ചിട്ടുണ്ടോ; ആയത് എന്തെങ്കിലും വസ്തുതകളുടെ അടിസ്ഥാനത്തിലാണോ;എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഇതുസംബന്ധിച്ച് ഉസ്മാൻ നൽകിയ പരാതിയിന്മേൽ കണ്ടാലറിയാവുന്ന 3 പോലീസുകാർക്കെതിരെ എടത്തല പി.എസ്. ക്രൈം നമ്പർ 484/18 u/s. 323, 325, 342 ആൻഡ് 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(സി) അപ്രകാരമൊരു പ്രസ്താവന നടത്തിയിട്ടില്ല.

**പോലീസിന്റെ കാര്യക്ഷമത**

130 (3488) <u>ശ്രീ. കെ. മുരളീധരൻ:</u>
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിന്റെ അതിക്രമം വർദ്ധിക്കുന്നതും നിരപരാധികളായ ജനങ്ങൾ പോലീസ് മർദ്ദനത്തിൽ മരിക്കുന്നതും ഗുരുതരമായി പരിക്കേൽക്കുന്നതുമായ സാഹചര്യം സർക്കാർ ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ കാലയളവിൽ ഏതൊക്കെ സംഭവങ്ങളിൽ പോലീസിന് വീഴ്ച സംഭവിച്ചുവെന്ന് ആഭ്യന്തര വകുപ്പ് വിലയിരുത്തിയിട്ടുണ്ട് ;വ്യക്തമാക്കാമോ;

(സി) പോലീസിനെ രാഷ്ട്രീയവൽക്കരിച്ചതും, സമർത്ഥരായ പോലീസുദ്യോഗസ്ഥരെ ലോ ആൻഡ്; ഓർഡർ വിഭാഗത്തിൽനിന്നും പോലീസുമായി യാതൊരു ബന്ധവുമില്ലാത്ത യൂണിറ്റുകളിലേയ്ക്ക് സ്ഥലം മാറ്റിയതും, പോലീസിന്റെ കാര്യക്ഷമതയ്ക്ക് കോട്ടം വരുത്തിയതായി വിലയിരുത്തുന്നുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ പുനർചിന്തനം നടത്തി സേനയെ കാര്യക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) പരിഗണിച്ചിട്ടുണ്ട്. പോലീസ് അതിക്രമവും പോലീസ് മർദ്ദനവുംമൂലം മരിക്കുന്നതോ ഗുരുതരമായി പരിക്കേൽക്കുന്നതോ ആയ സാഹചര്യം നിലനിൽക്കുന്നില്ല. ചില ഒറ്റപ്പെട്ട സംഭവങ്ങളിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നിയമപ്രകാരവും വകുപ്പുതലത്തിലും കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പോലീസിൽ രാഷ്ട്രീയവൽക്കരണം ഉണ്ടായിട്ടില്ല. സമർത്ഥരായ ഉദ്യോഗസ്ഥന്മാരാണ് ലാ ആൻഡ് ഓർഡർ ചുമതലയിലുള്ളത്. സംസ്ഥാന പോലീസ് സ്വതന്ത്രമായാണ് പ്രവർത്തിക്കുന്നത്. പോലീസ് സേനയിൽ കാലാകാലങ്ങളിൽ നടക്കുന്ന സ്ഥലംമാറ്റംമൂലം കാര്യക്ഷമതയ്ക്ക് കോട്ടം വന്നതായി വിലയിരുത്തിയിട്ടില്ല.

(ഡി) സംസ്ഥാനത്ത് പോലീസ് സേന കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള സർക്കാർ നടപടി പോലീസിന്റെ കാര്യക്ഷമതയ്ക്ക് ആഘാതം ഉണ്ടാക്കിയിട്ടില്ല. മാത്രമല്ല, മുമ്പെന്നത്തെക്കാളും പോലീസ് നിക്ഷ്പക്ഷവും കാര്യക്ഷമവുമായാണ് പ്രവർത്തിക്കുന്നത് എന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.

### ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസുകാർ

131(3489) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസ്സുകളിൽ പ്രതികളായ പോലീസുകാരെ കണ്ടെത്തിയാൽ അവർക്കെതിരെ കേരള പോലീസ് ആക്ടിലെ 86-ാം വകുപ്പുപ്രകാരം നടപടി സ്വീകരിച്ച ശേഷം അറിയിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിരുന്നോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ബഹുമാനപ്പെട്ട സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് നൽകിയിരുന്നു.

(ബി) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവിയുടെ 24-4-2018-ലെ ഉത്തരവ് നമ്പർ ഡി6-56574/2018 പ്രകാരം പ്രസ്തുത വിഷയം സംബന്ധിച്ച് വിശദമായ പഠനം നടത്തി കണ്ടെത്തലുകളും/നിഗമനങ്ങളും അടങ്ങിയ റിപ്പോർട്ട് സമർപ്പിക്കുന്നതിന് എ.ഡി.ജി.പി. ക്രൈംസ് ചെയർമാനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട് (പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്).* പ്രസ്തുത കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആയത് പരിശോധിച്ച് ഉചിതമായ നടപടികൾ ഇക്കാര്യത്തിൽ സ്വീകരിക്കുന്നതാണ്.

## പോലീസിന്റെ വീഴ്ചമൂലം നിരന്തരമുണ്ടാകുന്ന ക്രമസമാധാനപ്രശ്നങ്ങൾ

132(3490) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസിന്റെ വീഴ്ചമൂലം നിരന്തരം ക്രമസമാധാനപ്രശ്നങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ വന്നതിന് ശേഷം എത്ര പോലീസുകാർക്ക് എതിരെയാണ് അച്ചടക്ക നടപടി എടുത്തതെന്നറിയിക്കാമോ;

(സി) ഇത്തരം നടപടിയെടുത്ത കേസുകളിൽ ഏതെല്ലാം വകുപ്പുകൾ ഏതെല്ലാം കേസുകളിൽ ചുമത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പോലീസ് സേനയെ കുറ്റകൃത്യങ്ങളിൽനിന്ന് മുക്തമാക്കാൻ ഈ സർക്കാർ എന്തെങ്കിലും കാര്യങ്ങൾ ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ക്രിമിനൽ കേസിലുൾപ്പെട്ട 225 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി)പൊതുസമൂഹത്തിന് മാതൃകയാകത്തക്കവിധത്തിലുള്ള പ്രവർത്തനങ്ങൾ പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതും കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന പോലീസുദ്യോഗസ്ഥർക്കെതിരെ നിലവിലുള്ള നിയമങ്ങൾ പ്രകാരവും സർവ്വീസ് ചട്ടങ്ങൾ പ്രകാരവും കർശന നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

## അനധികൃത വാഹന പാർക്കിംഗ് തടയണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം

133(3491) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളിലെ നടപ്പാതകളിലെ അനധികൃത വാഹന പാർക്കിംഗ് തടയണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വിശദമാക്കുമോ?

ഉത്തരം

(എ & ബി) ലഭിച്ചിട്ടില്ല.

## കേസ്സുകളിൽ പിടിച്ചെടുക്കുന്ന വാഹനം

134(3492) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷൻ പരിസരത്തും സമീപ പൊതുനിരത്തുകളിലും സൃഷ്ടിക്കുന്ന ഗതാഗതകുരുക്ക്, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനങ്ങൾ നിയമപ്രകാരം പോലീസ് സ്റ്റേഷൻ പരിസരത്ത്നിന്നും നീക്കം ചെയ്യുന്നതിന് സമയബന്ധിതമായി തന്നെ പോലീസ് അധികാരികൾ നടപടി സ്വീകരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടിമുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് സംസ്ഥാന പോലീസ് മേധാവി 23/2013 നമ്പർ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

കൂടാതെ പെറ്റി കേസ്സുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിച്ച് വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തിമൂലം വാഹന ഉടമകൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡ് വക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന മാർഗ്ഗതടസ്സങ്ങളും പെറ്റി കേസ്സുകളിലും വാഹനാപകട കേസ്സുകളിലും ബന്തവസ്സിൽ എടുക്കുന്ന വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കാലതാമസവും പരാതിയും ഒഴിവാക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ 31-1-2017-ലെ 7/2017 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ട്കെട്ടിയതുമായ വാഹനങ്ങൾ 15-12-2014-ലെ 550/14/ഫിൻ നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി. ലിമിറ്റഡിന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ സന്ദർശനം നടത്തുന്നതിനും വ്യക്തിപരമായ ശ്രദ്ധചെലുത്തി പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കാൻ സാധിക്കാത്ത വാഹനങ്ങൾ പ്രത്യേക സ്ഥലങ്ങളിൽ മാറ്റി സൂക്ഷിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും എല്ലാ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

വാഹനങ്ങളുടെ നീക്കം ചെയ്യലും പരസ്യ ലേലത്തിലൂടെ വിൽക്കുന്നതും സംബന്ധിച്ച് നിലവിലുള്ള നിയമവ്യവസ്ഥകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് പര്യാപ്തമായ ഒരു പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

## സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം

135(3493) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണം പരിശോധിച്ചിട്ടുണ്ടോ;

(ബി) സൈബർ കുറ്റകൃത്യങ്ങളുടെ എണ്ണത്തിനനുസരിച്ച് കേസ് അന്വേഷിക്കുവാൻ ഉദ്യോഗസ്ഥർ ഇല്ലെന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(സി) എല്ലാ ജില്ലകളിലും സൈബർ കുറ്റകൃത്യങ്ങൾ പരിശോധിക്കുന്ന സംവിധാനം ഉണ്ടോ; ഇല്ലെങ്കിൽ ജില്ലകളിൽ ഓരോ സൈബർ സ്റ്റേഷനുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിൽ എത്ര ഉദ്യോഗസ്ഥർ സൈബർ സെല്ലിൽ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) എല്ലാ ജില്ലകളിലും സി.ഐ. റാങ്കിലുള്ള ഉദ്യോഗസ്ഥനെ സൈബർ സെല്ലിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) അടിയന്തരമായി സൈബർ കേസുകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പരിശോധിച്ചിട്ടുണ്ട്.

(ബി) സൈബർ കുറ്റകൃത്യങ്ങൾ പുതിയ മേഖലകളിലേക്ക് വ്യാപിക്കുന്നതിനാൽ നിലവിൽ ഉദ്യോഗസ്ഥരുടെ കുറവ് അനുഭവപ്പെടുന്നുവെങ്കിലും കേസന്വേഷണത്തെ ബാധിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

(സി) എല്ലാ ജില്ലകളിലും സൈബർ കുറ്റകൃത്യങ്ങൾ പരിശോധിക്കുന്നതിന് ജില്ലാ സൈബർ സെല്ലുകൾ നിലവിലുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനായി തിരുവനന്തപുരത്ത് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ നിലവിലുണ്ട്. ഇതിനുപുറമെ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് 17-4-2018 -ലെ ജി.ഒ.(എം.എസ്) നമ്പർ 68/2018 ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് നിലവിൽ വിവിധ റാങ്കുകളിലുള്ള 160 പോലീസ് ഉദ്യോഗസ്ഥർ ജില്ലകളിലെ സൈബർ സെല്ലുകളിൽ പ്രവർത്തിയെടുത്തുവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) സൈബർ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## സൈബർ പോലീസ് സ്റ്റേഷനുകൾ

136(3494) ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. എം. ഷാജി :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടോ;വ്യക്തമാക്കുമോ;

(ബി) സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ & ബി) സംസ്ഥാനത്ത് തിരുവനന്തപുരത്ത് ഒരു സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നു. കൂടാതെ 10-9-2015-ലെ സ.ഉ.(കൈ) നമ്പർ 197/2015/ആഭ്യന്തരം ഉത്തരവ് പ്രകാരം ഇൻഫോപാർക്ക്, കൊച്ചിയിൽ ഒരു സൈബർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമേ എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിലായി 3 സൈബർ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് 17-04-2018 സ.ഉ.(കൈ) നമ്പർ 68/2018/ആഭ്യന്തരം ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൂടാതെ നിലവിൽ എല്ലാ പോലീസ് ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

## വിവിധ പോലീസ് സ്റ്റേഷനുകളിൽ നശിക്കുന്ന തൊണ്ടി വാഹനങ്ങൾ

137(3495) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസ്സുകളിൽപ്പെട്ടും അപകടങ്ങളിൽപ്പെട്ടും മോഷണവുമായി ബന്ധപ്പെട്ടുമുള്ള തൊണ്ടിവാഹനങ്ങൾ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ സ്റ്റേഷനുകളിൽ കിടന്ന് നശിക്കുന്നത് ഒഴിവാക്കാനായി പിടികൂടപ്പെടുന്ന വാഹനങ്ങളുടെ നിയമപരമായ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉടമസ്ഥന് വിട്ടുകൊടുക്കുവാനോ അല്ലാത്തവ ഒരു നിശ്ചിത കാലയളവിനുശേഷം ലേലം ചെയ്ത് സർക്കാരിന് മുതൽക്കൂട്ടാനോ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ ഒരു ശാശ്വത പരിഹാരമെന്ന നിലയിൽ എന്ത് നടപടികൾ സ്വീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോലീസ് സ്റ്റേഷൻ പരിസരത്ത് അനാവശ്യമായി സൂക്ഷിച്ചിരിക്കുന്ന തൊണ്ടി മുതലായ വാഹനങ്ങൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യക്തമായ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23/2013 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ അനുസരിച്ച് നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്.

കൂടാതെ പെറ്റി കേസ്സുകളിൽ വാഹനങ്ങൾ പിടിച്ചെടുത്ത് അനാവശ്യമായി കസ്റ്റഡിയിൽ സൂക്ഷിച്ച് വാഹന ഉടമകൾക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായുള്ള പരാതിയുടെ അടിസ്ഥാനത്തിൽ, പ്രസ്തുത പ്രവൃത്തിമൂലം വാഹന ഉടമകൾക്ക് ഉണ്ടാകുന്ന പ്രയാസങ്ങളും കൂടാതെ പോലീസ് സ്റ്റേഷൻ പരിസരത്തും റോഡ് വക്കിലും വാഹനങ്ങൾ സൂക്ഷിക്കുന്നതുമൂലം ഉണ്ടാകുന്ന മാർഗ്ഗതടസ്സങ്ങളും പെറ്റി കേസ്സുകളിലും വാഹനാപകട കേസ്സുകളിലും ബന്തവസ്സിൽ എടുക്കുന്ന വാഹനങ്ങൾ വിട്ടുകൊടുക്കുന്നതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന കാലതാമസവും പരാതിയും ഒഴിവാക്കുന്നതിനായി മാർഗ്ഗ നിർദ്ദേശങ്ങൾ 31-1-2017-ലെ 7/2017 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളതും പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിന് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

കൂടാതെ പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും സൂക്ഷിച്ചിരിക്കുന്ന അവകാശികളില്ലാത്തതും കണ്ട്കെട്ടിയതുമായ വാഹനങ്ങൾ 15-12-2014-ലെ 550/14/ഫിൻ. നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എം.എസ്.ടി.സി.ലിമിറ്റഡിന്റെ വെബ്സൈറ്റ് മുഖേന ഇ-ലേലം നടത്തുന്നതിനും നിർദ്ദേശം നൽകിയിരുന്നു. കൂടാതെ ബന്ധപ്പെട്ട സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽപ്പെട്ട പോലീസ് സ്റ്റേഷനുകളിൽ സന്ദർശനം നടത്തുന്നതിനും വ്യക്തിപരമായ ശ്രദ്ധചെലുത്തി പോലീസ് സ്റ്റേഷൻ പരിസരങ്ങളിലും മറ്റും കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ തീർപ്പാക്കുന്നതിലേയ്ക്കായി നടപടികൾ സ്വീകരിക്കുന്നതിനും തീർപ്പാക്കാൻ സാധിക്കാത്ത വാഹനങ്ങൾ പ്രത്യേക സ്ഥലങ്ങളിൽ മാറ്റിസൂക്ഷിക്കുന്നതിനും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും എല്ലാ സബ് ഡിവിഷണൽ പോലീസ് ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

(സി) വാഹനങ്ങളുടെ നീക്കം ചെയ്യലും പരസ്യ ലേലത്തിലൂടെ വിൽക്കുന്നതും സംബന്ധിച്ച് നിലവിലുള്ള നിയമവ്യവസ്ഥകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് പര്യാപ്തമായ ഒരു പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

## ജനമൈത്രി പോലീസ് സംവിധാനം

138(3496) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് സംവിധാനം സംസ്ഥാനം മുഴുവനും വ്യാപകമാക്കിയതിന്റെ ഗുണഫലങ്ങൾ വിശദമാക്കുമോ;

(ബി) ജനമൈത്രി സമിതിയുടെ ഘടന എന്താണ്; ജനമൈത്രി സമിതിയുടെ പങ്ക് കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ;

(സി) ജനമൈത്രി പോലീസ് സുരക്ഷാ പദ്ധതിയുടെ ഗുണദോഷ ഫലങ്ങൾ വിലയിരുത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പോലീസിനെ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച കമ്മ്യൂണിറ്റി പോലീസിംഗിന്റെ കേരളീയ പതിപ്പാണ് ജനമൈത്രി സുരക്ഷാ പദ്ധതി. നിയമ പരിപാലനത്തിനും ക്രമസമാധാന പാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള പോലീസിംഗ് സംവിധാനമാണിത്.

ജനമൈത്രി പദ്ധതിയുടെ പ്രധാനപ്പെട്ട ഗുണഫലങ്ങൾ താഴെപ്പറയുന്നവയാണ്:

1. കുറ്റകൃത്യങ്ങൾ തടയൽ.
2. മെച്ചപ്പെട്ട പോലീസ് പൊതുജന സഹകരണം.
3. സുരക്ഷാ മേഖലയിൽ ജനങ്ങളുടെ പരസ്പര സഹകരണം.
4. മുതിർന്ന പൗരന്മാരുടെയും ശാരീരിക വൈകല്യങ്ങൾ ഉള്ളവരുടെയും പ്രത്യേക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി അത്തരം ആളുകൾ ഒറ്റയ്ക്ക് താമസിക്കുന്ന വീടുകൾ മനസ്സിലാക്കി അവർക്കായി പ്രത്യേക പദ്ധതികൾ നടപ്പാക്കൽ, ഹെൽപ്പ് ലൈൻ രൂപീകരിക്കൽ.
5. സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനാവശ്യമായ പ്രത്യേക പദ്ധതികൾ നടപ്പിലാക്കൽ.
6. ബോധവൽക്കരണ പ്രവർത്തനങ്ങൾ.

7. ട്രാഫിക് വാർഡൻ സമ്പ്രദായം.

8. സാമൂഹ്യപ്രതിബദ്ധതയുള്ള ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളെയും മറ്റും ഉൾപ്പെടുത്തിക്കൊണ്ട് കുടുംബപ്രശ്നങ്ങൾ, മദ്യപാനം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായകരമാകുന്ന കൗൺസിലിംഗ് സെന്ററുകൾ സ്ഥാപിക്കൽ.

9. തെരുവുവിളക്കുകൾ, ട്രാഫിക് സിഗ്നൽ ലൈറ്റുകൾ തുടങ്ങിയവയുടെ കേടുപാടുകൾ, അറ്റകുറ്റപ്പണികൾ തുടങ്ങിയവയെ സംബന്ധിച്ചുള്ള വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരുക.

10. രക്തദാനം, നേത്രദാനം, അവയവദാനം തുടങ്ങിയവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കൽ.

11. സ്കൂളുകൾ കേന്ദ്രീകരിച്ചുള്ള സുരക്ഷാ-ജാഗ്രത പദ്ധതികൾ.

12. സ്വയരക്ഷയ്ക്കായുള്ള കോഴ്സുകൾ സംഘടിപ്പിക്കൽ.

13. കുടുംബശ്രീ ഉൾപ്പെടെയുള്ള സ്വാശ്രയ സംഘങ്ങളേയും മറ്റും സംഘടിപ്പിച്ചുകൊണ്ട് സ്ത്രീകൾക്ക് പ്രത്യേകമായുള്ള പരിപാടികൾ.

14. അനധികൃത മദ്യവില്പനയും മയക്കുമരുന്ന് വില്പനയും തടയുന്നതിനുള്ള പദ്ധതികൾ

15. പരാതി കാർഡ് സമ്പ്രദായം.

16. ദുരന്ത നിവാരണ സന്നദ്ധ പ്രവർത്തനങ്ങൾ.

17. രക്ഷാപ്രവർത്തനം, ഫസ്റ്റ് എയ്ഡ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജനമൈത്രി പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി സംസ്ഥാന പോലീസ് മേധാവിയുടെ 25-08-2016-ലെ നടപടിക്രമം അനുസരിച്ച് പ്രോജക്ട് മാനേജ്മെന്റ് നോഡൽ കമ്മിറ്റി (PMNC) രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റിയുടെ തീരുമാനങ്ങൾക്ക് വിധേയമായാണ് ജനമൈത്രി പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നത്. ജനമൈത്രി പദ്ധതി നടപ്പിലാക്കുന്ന എല്ലാ പോലീസ് സ്റ്റേഷനുകളിലും പദ്ധതി നടത്തിപ്പിനായി ഒരു ജനമൈത്രി സമിതി രൂപവൽക്കരിക്കേണ്ടതുണ്ട്. ജനമൈത്രി പോലീസ് പദ്ധതി അതത് പോലീസ് സ്റ്റേഷൻ പരിധിയിൽ നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്വം പ്രസ്തുത സമിതിക്കായിരിക്കും.

ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രധാന വിഭാഗമാണ് ജനമൈത്രി സുരക്ഷാ സമിതി. ജനമൈത്രി പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലുള്ള ജനമൈത്രി സമിതിയിൽ പൗരപ്രമുഖർ, റെസിഡൻസ് അസ്സോസിയേഷൻ ഭാരവാഹികൾ എന്നിവർ അംഗങ്ങളായിരിക്കും. ഓരോ ബീറ്റ് മേഖലയിലും പ്രവർത്തിക്കുന്ന സമിതിയിൽ ആ പ്രദേശത്തെ സംബന്ധിച്ച വിപുലമായ ചർച്ചകൾ നടക്കും. കൂടാതെ ഓരോ കുടുംബത്തിലും ഉണ്ടാകുന്ന വ്യത്യസ്തമായ വിഷയങ്ങളെക്കുറിച്ച് ഗൃഹ സന്ദർശന വേളയിൽ ബീറ്റ് ഓഫീസർമാർ പ്രത്യേകമായി പരിഗണിക്കുകയും പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയോ എസ്.എച്ച്.ഒ.-മാരുടെ ശ്രദ്ധയിൽപ്പെടുത്തുകയോ ചെയ്യുന്നു. ഒരു പ്രദേശത്തെ സുരക്ഷയെ സംബന്ധിച്ചുള്ള കാര്യങ്ങൾ, കളവ്, പിടിച്ചുപറി, വ്യാജവാറ്റ് കൂടാതെ കുറ്റകൃത്യങ്ങൾ കുറയ്ക്കുന്നത് സംബന്ധിച്ചും സുരക്ഷാ ക്രമീകരണങ്ങളെ സംബന്ധിച്ചും മറ്റും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുന്നു. ഒരു പ്രദേശത്തെ സംഘടിത കുറ്റകൃത്യങ്ങൾ, പരിസ്ഥിതിയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ എന്നിവയും ചർച്ച ചെയ്ത് കൂട്ടായി പരിഹാരമാർഗ്ഗങ്ങൾ തേടുന്നു. മാത്രമല്ല, റെസിഡൻസ് അസ്സോസിയേഷനുകൾ ജനമൈത്രി പോലീസുമായി സഹകരിച്ച് മെഡിക്കൽ ക്യാമ്പ്, രക്തനിർണ്ണയ ക്യാമ്പ്, പാലിയേറ്റീവ് പ്രവർത്തനങ്ങൾ, സാംസ്കാരിക പരിപാടികൾ തുടങ്ങിയ ജനകീയ കൂട്ടായ്മകൾക്ക് നേതൃത്വം നൽകുന്നു. തന്മൂലം ജനങ്ങളെ പൂർണ്ണമായും പങ്കെടുപ്പിക്കാൻ കഴിയുന്നു. ഇപ്രകാരം റെസിഡൻസ് അസ്സോസിയേഷനുകളുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ ഓരോ കുടുംബത്തിനും ഉണ്ടാകുന്ന വ്യത്യസ്തമായ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും വലിയൊരു പരിധിവരെ കഴിയുന്നു.

(സി) ജനമൈത്രി സുരക്ഷാ പദ്ധതി നടപ്പിലാക്കിയശേഷം ജനങ്ങളുടെ സുരക്ഷയിലുണ്ടായ ഗുണപരമായ മാറ്റത്തെക്കുറിച്ചും അത് കേരളീയ സമൂഹത്തിൽ എപ്രകാരം പ്രതിഫലിച്ചു എന്നറിയുന്നതിനും തുടർന്ന് വരുത്തേണ്ട സൃഷ്ടിപരമായ ഭേദഗതികളെക്കുറിച്ചും മനസ്സിലാക്കുന്നതിനായി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, കെ.പി.എം.ജി. അഡ്വൈസറി സർവ്വീസസ് തുടങ്ങിയ സ്ഥാപനങ്ങൾ മുഖാന്തരം പഠനങ്ങൾ നടത്തിയിട്ടുണ്ട്. അവ കേരളാ പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.keralapolice.org) ലഭ്യമാണ്.

## ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ

139(3497) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഏതൊക്കെ പോലീസ് സ്റ്റേഷനുകളാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റിയിട്ടുള്ളത്; പ്രസ്തുത പോലീസ് സ്റ്റേഷനുകളിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്;

(ബി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങളിൽ പോലീസ് വേണ്ടത്ര ഗൗരവം നൽകാതെ കേസ് ഒതുക്കിത്തീർക്കുവാൻ ശ്രമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം പോലീസ് ഓഫീസർമാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഫോർട്ട് പോലീസ് സ്റ്റേഷൻ (തിരുവനന്തപുരം സിറ്റി), കൊല്ലം ഈസ്റ്റ് പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി), കടവന്ത്ര പോലീസ് സ്റ്റേഷൻ (എറണാകുളം സിറ്റി), തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് സ്റ്റേഷൻ (തൃശ്ശൂർ സിറ്റി), കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ (കോഴിക്കോട് സിറ്റി), കണ്ണൂർ ടൗൺ പോലീസ് സ്റ്റേഷൻ (കണ്ണൂർ) എന്നീ 6 പോലീസ് സ്റ്റേഷനുകളെയാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകളാക്കി മാറ്റി നാമകരണം ചെയ്തിരിക്കുന്നത്. രൂപത്തിലും ഭാവത്തിലും ഘടനയിലും ശിശുസൗഹൃദ പ്രവർത്തനവും അന്തരീക്ഷവും ഒരുക്കുകയെന്നുള്ളതാണ് ശിശുസൗഹൃദ പോലീസ് സ്റ്റേഷൻ കൊണ്ടുദ്ദേശിക്കുന്നത്. കുട്ടികളുടെ പരിചരണവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിനുവേണ്ടി വിദ്യാഭ്യാസ വകുപ്പ്, വനിതാ ശിശുവികസന വകുപ്പ്, ചൈൽഡ് ലൈൻ, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ഇതുമായി ബന്ധപ്പെട്ടിരിക്കുന്ന മറ്റ് സർക്കാരിതര സംഘടനകൾ, പൊതുസമൂഹം എന്നിവയുടെ ഒരു കൂട്ടായ്മ ഒരുക്കൽ, ശിശുസൗഹൃദ അന്തരീക്ഷം നിലനിൽക്കുന്ന കെട്ടിടം, കുട്ടികളുടെ അവകാശങ്ങളെക്കുറിച്ചും മാനസികാവസ്ഥയെക്കുറിച്ചും വിശദമായ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥന്മാർ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾക്കെതിരെ താമസംവിനായുള്ള ശക്തമായ നടപടി എടുക്കൽ എന്നിവയും ഇതിന്റെ ഉദ്ദേശ്യങ്ങളാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം കൃത്യവിലോപം കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടികളും വകുപ്പുതല അച്ചടക്ക നടപടികളും സ്വീകരിക്കാവുന്നതാണ്.

## വെർച്വൽ പോലീസ് സ്റ്റേഷൻ

140(3498) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ നേരിട്ട് ഹാജരാകാതെ പരാതികൾ നൽകുന്നതിനുള്ള വെർച്വൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഇ-കിയോസ്ക് സംവിധാനം ഏർപ്പെടുത്തുന്ന കാര്യം ആലോചനയിലുണ്ടോ;

(സി) ഏതെല്ലാം സ്ഥലങ്ങളിലാണ് ഇ-കിയോസ്ക് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം നേട്ടങ്ങളാണ് ഈ സംവിധാനമേർപ്പെടുത്തുന്നതുവഴി കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതെന്നറിയിക്കാമോ?

### ഉത്തരം

(എ-ഡി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എഴുകോൺ പോലീസ് സ്റ്റേഷൻ

141(3499) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുകോൺ പോലീസ് സ്റ്റേഷൻ എത്രകാലമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്ന് വെളിപ്പെടുത്തുമോ;

(ബി) എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടം നിർമ്മിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; സ്ഥലത്തിന്റെ വിവരം ലഭ്യമാക്കുമോ;

(സി) സ്ഥലം ആഭ്യന്തര വകുപ്പിന് കൈമാറിക്കിട്ടാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

### ഉത്തരം

(എ) 1-3-2011 തീയതി മുതൽ വാടക കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

(ബി&സി) എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി ബ്ലോക്ക് നമ്പർ 5 റീസർവ്വേ നമ്പർ 171/8, 171/10, 171/14, 171/17, 174/10, 174/12, 174/14, 174/16 എന്നിവയിൽപ്പെട്ട് 2 ഏക്കർ 69 സെന്റ് സർക്കാർ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു.

## പോലീസിന്റെ ആഭിമുഖ്യത്തിൽ ഇഫ്ത്താർ സംഗമം

142(3500) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽ 2018 ജൂൺ ആദ്യവാരം പോലീസിന്റെ ആഭിമുഖ്യത്തിൽ ഇഫ്ത്താർ (നോമ്പുതുറ) സംഘടിപ്പിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പോലീസിലെ ഏത് വിഭാഗം എപ്പോൾ എവിടെയാണ് ഇഫ്ത്താർ സംഘടിപ്പിച്ചതെന്നും ഇതിന് നേതൃത്വം നൽകിയതാരാണെന്നും വ്യക്തമാക്കാമോ;

(സി) ഇതിന്റെ ഉദ്ദേശ്യമെന്തായിരുന്നുവെന്നും എത്രപേർ ഇതിൽ പങ്കെടുത്തുവെന്നും വ്യക്തമാക്കാമോ;

(ഡി) ഈ ഇഫ്ത്താർ സംഗമത്തിൽ പങ്കെടുത്ത പൗരപ്രമുഖർ, മതപുരോഹിതൻമാർ, ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൻമാർ, പോലീസുദ്യോസ്ഥൻമാർ എന്നിവർ ആരെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇഫ്ത്താർ സംഗമത്തിലേയ്ക്ക് എത്രപേരെ ക്ഷണിച്ചിരുന്നുവെന്നും ക്ഷണിക്കപ്പെട്ടവരെല്ലാം പങ്കെടുത്തിരുന്നോയെന്നും ക്ഷണക്കത്ത് തയ്യാറാക്കിയിരുന്നോയെന്നും വ്യക്തമാക്കാമോ;

(എഫ്) ഇഫ്ത്താർ സംഗമത്തിന് എത്ര തുക ചെലവായെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഈ തുക ഏത് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ; കേരളത്തിൽ മറ്റേതെങ്കിലും സ്ഥലത്ത് പോലീസിന്റെ ആഭിമുഖ്യത്തിൽ ഇഫ്ത്താർ സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) 4-6-2018, വൈകുന്നേരം നെല്ലിക്കുന്ന് അൻവറുൾ ഉലൂം എ.യു.പി. സ്കൂളിൽ കാസർഗോഡ് ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ ഇഫ്ത്താർ സംഘടിപ്പിച്ചിരുന്നു.

(സി) ഹിന്ദു-മുസ്ലീം വിഭാഗങ്ങൾ തമ്മിൽ സംഘർഷം നിലനിൽക്കുന്ന നെല്ലിക്കുന്ന്, നെല്ലിക്കുന്ന് കടപ്പുറം ഭാഗങ്ങളിൽ മതസൗഹാർദ്ദം ഊട്ടിയുറപ്പിക്കുകയും പോലീസും ജനങ്ങളും തമ്മിലുള്ള അകലം കുറയ്ക്കുകയും ചെയ്യുക എന്നതുമാണ് ഇഫ്ത്താർ പാർട്ടി കൊണ്ടുദ്ദേശിച്ചിട്ടുള്ളത്. 300-ഓളം ആൾക്കാർ ഇഫ്ത്താറിൽ പങ്കെടുത്തിരുന്നു.

(ഡി) പ്രസ്തുത ഇഫ്താറിൽ നെല്ലിക്കുന്ന് മുഹയുദ്ദീൻ ജുമാ മസ്ജിദ് ഭാരവാഹികളും നെല്ലിക്കുന്ന് കടപ്പുറം ശ്രീകുറുംബ ഭഗവതി ക്ഷേത്രം സ്ഥാനികരും ഭാരവാഹികളും കോട്ടക്കണ്ണി ചർച്ച് ഫാദർ ശ്രീ. മാണി, കാസർഗോഡ് മുനിസിപ്പാലിറ്റി ബി.ജെ.പി. കൗൺസിലർമാരായ ശ്രീ. അരുൺ (വാർഡ് 33), ശ്രീ. മനോഹരൻ (വാർഡ് 38) സ്ഥലത്തെ പ്രാദേശിക രാഷ്ട്രീയ നേതാക്കൻമാരായ ശ്രീ. നാരായണൻ (സി.പി.ഐ(എം.) ശ്രീ. നാരായണൻ (കോൺഗ്രസ് ഐ) ശ്രീ. ഹനീഫ (ഐ.യു.എം.എൽ.) ശ്രീ ഗുരുപ്രസാദ്, (ബി.ജെ.പി.) എന്നിവരും പങ്കെടുത്തിരുന്നു. സ്ഥലം എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവർകളെ ക്ഷണിച്ചിരുന്നതും നിയമസഭാ സമ്മേളനം നടക്കുന്നതിനാൽ അസൗകര്യം അറിയിച്ചിട്ടുള്ളതുമാണ്. കൂടാതെ ജില്ലാ പോലീസ് മേധാവി, ഡിവൈ.എസ്.പി.-മാർ, ഇൻസ്പെക്ടർമാർ തൊട്ട് താഴോട്ടുള്ള പോലീസ് ഉദ്യോഗസ്ഥരും മറ്റ് മതവിഭാഗത്തിൽപ്പെട്ട് ആൾക്കാരും പങ്കെടുത്തിരുന്നു.

(ഇ) ഇഫ്താർ സംഗമത്തിലേയ്ക്ക് നെല്ലിക്കുന്ന്, കടപ്പുറം ജുമാ അത്ത് കമ്മിറ്റി, ക്ഷേത്രം ഭാരവാഹികളേയും ജനമൈത്രി പോലീസിന്റെ കീഴിൽ പ്രസ്തുത പ്രദേശങ്ങളിൽ താമസിക്കുന്ന എല്ലാ വിഭാഗം ജനങ്ങളെയും ക്ഷണിച്ചിരുന്നു. ക്ഷണക്കത്ത് അച്ചടിച്ചിരുന്നില്ല.

(എഫ്) ഇഫ്താർ സംഗമത്തിന് താഴെപ്പറയുന്ന ഇനങ്ങൾക്കായി 10,910 രൂപ ചെലവാക്കിയിട്ടുണ്ട്. ചിക്കൻ -3,430 രൂപ, പഴവർഗ്ഗങ്ങൾ- 2,500 രൂപ, ചപ്പാത്തി 1,500 രൂപ, ഡ്രൈഫ്രൂട്ട്സ്, പലവ്യഞ്ജനങ്ങൾ എന്നിവ 1,140 രൂപ, പത്തിരി- 1,100 രൂപ, പേപ്പർ പ്ലേറ്റ്, ടിഷ്യൂ മുതലായവ-965 രൂപ, പച്ചക്കറികൾ - 275 രൂപ. പ്രസ്തുത തുക ജില്ലാ പോലീസ് മേധാവിയുടെ സീക്രട്ട് സർവ്വീസ് ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിട്ടുള്ളത്. പോലീസിന്റെ ആഭിമുഖ്യത്തിൽ മറ്റ് സ്ഥലങ്ങളിൽ ഇഫ്താർ വിരുന്ന് സംഘടിപ്പിച്ചിട്ടില്ല.

## ചങ്ങനാശ്ശേരിയിൽ അനുവദിച്ചിട്ടുള്ള ട്രാഫിക് പോലീസ് സ്റ്റേഷൻ

143(3501) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ അനുവദിച്ചിട്ടുള്ള ട്രാഫിക് പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) എന്നാണ് ഈ പോലീസ് സ്റ്റേഷൻ അനുവദിച്ചത്;

(സി) കാലതാമസം ഒഴിവാക്കി എത്രയും വേഗം ഈ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) 17-2-2016 സ.ഉ. (കൈ) നമ്പർ 51/2016/ആഭ്യന്തരം ഉത്തരവ് പ്രകാരം പുതിയതായി അംഗബലം അനുവദിക്കാതെയാണ് നിലവിലുണ്ടായിരുന്ന ചങ്ങനാശ്ശേരി ട്രാഫിക് യൂണിറ്റിനെ ട്രാഫിക് പോലീസ് സ്റ്റേഷനായി അപ്ഗ്രേഡ് ചെയ്തത്. ആയതിനാലാണ് സ്റ്റേഷൻ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ കുറവ് അനുഭവപ്പെടുന്നത്. സ്റ്റേഷൻ പ്രവർത്തനത്തിനാവശ്യമായ അംഗബലം അനുവദിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടം

144(3502) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടാണശ്ശേരിയിൽ പ്രവർത്തിക്കുന്ന ഗുരുവായൂർ പോലീസ് സ്റ്റേഷൻ, വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കെട്ടിടത്തിന് പ്രതിമാസ വാടക എത്രയാണ് നിശ്ചയിച്ചിട്ടുള്ളത്;

(സി) കെട്ടിട ഉടമസ്ഥന് സ്ഥിരമായി വാടക നൽകി വരുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ കെട്ടിടം ഒഴിഞ്ഞ് തരണമെന്ന് കെട്ടിട ഉടമ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ സ്റ്റേഷന് പുതിയ കെട്ടിട നിർമ്മാണത്തിനായി സൗജന്യമായി സ്ഥലം വിട്ടു നൽകാമെന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഈ അപേക്ഷയിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) ഉണ്ട്. കെട്ടിട ഉടമയിൽനിന്നും സമ്മതപത്രം ലഭിക്കാത്തതിനാൽ പ്രസ്തുത കെട്ടിടത്തിന് പി.ഡബ്ല്യു.ഡി. മാനദണ്ഡപ്രകാരമുള്ള പ്രതിമാസ വാടക നിശ്ചയിക്കാൻ സാധിച്ചിട്ടില്ലാത്തതിനാൽ കെട്ടിട ഉടമസ്ഥന് വാടക നൽകാൻ കഴിഞ്ഞിട്ടില്ല.

(ഡി&ഇ) ഉണ്ട്. നിലവിലുള്ള പോലീസ് സ്റ്റേഷനിൽനിന്നും ഒരു കിലോമീറ്റർ അകലെ അരിയന്നൂർ എന്ന സ്ഥലത്ത് 15 സെന്റ് സ്ഥലം വിട്ടുനൽകാമെന്ന് സൂചിപ്പിച്ച് ലഭിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

## കാട്ടാക്കടയിൽ ഡിവൈ.എസ്.പി. ഓഫീസ്

145(3503) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട കേന്ദ്രീകരിച്ച് പുതിയ ഡിവൈ.എസ്.പി. ഓഫീസ് അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കാട്ടാക്കടയിൽ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതും അതിന്റെ അധികാര പരിധി നിശ്ചയിക്കുന്നതുമായ വിഷയങ്ങൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ പരിശോധിച്ചുവരുന്നു.

## വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഗുണഭോക്തൃ കമ്മിറ്റി കൺവീനർമാർക്കെതിരെയുള്ള കേസുകൾ

146(3504) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-06 വർഷത്തിൽ കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വികസന ബ്ലോക്കിലെ വിവിധ പഞ്ചായത്തുകളിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽനിന്നും ഗുണഭോക്തൃ കമ്മിറ്റികൾ മുഖേന നടത്തിയ റോഡ് പുനരുദ്ധാരണ പ്രവൃത്തികളുടെ കൺവീനർമാർക്കെതിരെ, ഈ പ്രവൃത്തികൾക്കായി ടാർ വാങ്ങിയതിൽ സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടെന്ന് ആരോപിച്ച് കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതും ഇവരെ പ്രതികളാക്കി കാഞ്ഞിരപ്പള്ളി ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ നിരവധി കേസുകൾ ഫയൽ ചെയ്തിട്ടുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾ ഗുണഭോക്തൃ കമ്മറ്റികൾ മുഖേന മാത്രമേ നടത്താൻ കഴിയുകയുള്ളൂ എന്ന വ്യവസ്ഥ ഉണ്ടായിരുന്നതിനാൽ മാത്രം, ഇങ്ങനെ രൂപീകരിച്ച കമ്മിറ്റികളുടെ കൺവീനർമാരായി പ്രവർത്തിച്ച വ്യക്തികളെ ക്രിമിനൽ കേസിൽ ഉൾപ്പെടുത്തിയും ഉപയോഗിച്ച ടാറിന്റെ അളവും നിലവാരവും സാക്ഷ്യപ്പെടുത്തിയ ഉദ്യോഗസ്ഥരെ ഒഴിവാക്കിയും ഫയൽ ചെയ്ത കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ട് 7-7-2015-ൽ അന്നത്തെ ആഭ്യന്തരമന്ത്രിക്ക് നൽകിയ പരാതി മന്ത്രി എ.ഡി.ജി.പി. (ക്രൈം)-ന് അയച്ചതിൻമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(സി) ഓരോ പ്രദേശത്തെയും ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി രൂപീകരിച്ച കമ്മിറ്റിയുടെ കൺവീനർമാരായി പ്രവർത്തിച്ച എന്ന ഒറ്റക്കാരണത്താൽ ക്രിമിനൽ കേസുകളിൽ പ്രതി ചേർക്കപ്പെട്ടവരുടെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കേസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിരുന്ന പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുള്ളതും പരാതിക്കാർ ഉന്നയിച്ചിരുന്ന വാദങ്ങൾ അടിസ്ഥാനരഹിതമാണെന്ന് കണ്ടെത്തി സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിട്ടുള്ളതുമാണ്. അഭിപ്രായം ലഭ്യമായാലുടൻ തുടർനടപടി സ്വീകരിക്കുന്നതാണ്.

(സി) ടി കേസുകൾ ബഹു. കോടതിയുടെ പരിഗണനയിലാണ്.

**മങ്കട നിയോജകമണ്ഡലത്തിലെ അനധികൃത ക്വാറികൾ**

147(3505) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും തരത്തിലുള്ള പരാതി ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(സി) അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾ കണ്ടെത്തിയാൽ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പെരിന്തൽമണ്ണ ആർ.ഡി.ഒ.-യിൽനിന്നും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ചവറോടിയിൽ അനധികൃതമായി ഒരു ക്വാറി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയതിന് മങ്കട പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 64/18 u/s. 286 IPC ആൻഡ് Sec. 4(b), 5 of Explosive Substance Act പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള നിയമങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണോ ക്വാറികൾ പ്രവർത്തിച്ചുവരുന്നതെന്ന് പോലീസും സ്പെഷ്യൽ ബ്രാഞ്ച് വിഭാഗവും നിരീക്ഷിച്ചുവരുന്നു. നിയമ ലംഘനം ശ്രദ്ധയിൽപ്പെട്ടാൽ ഐ.പി.സി.-യിലേയും എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ടിലേയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന ക്വാറികൾക്കെതിരെ വില്ലേജ് ഓഫീസർമാർ നിരോധന ഉത്തരവ് നൽകിവരുന്നുണ്ട്. കൂടാതെ ഇത്തരം ക്വാറികൾക്കെതിരെ മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ് നടപടിയെടുത്തുവരുന്നു.

## ജയിൽ ജീവനക്കാരുടെ ശമ്പളം, ആനുകൂല്യങ്ങൾ എന്നിവയിൽ വിവേചനം

148(3506) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജയിൽ വകുപ്പിൽ അസി.സൂപ്രണ്ട് ഗ്രേഡ് II-ൽ മൊത്തം തസ്തികകൾ എത്ര; നിലവിൽ ഒഴിഞ്ഞ് കിടക്കുന്നവയുടെ എണ്ണം ; അവസാനം ഇതേ തസ്തികയിലേയ്ക്ക് നടന്ന പ്രൊമോഷൻ എന്നിവ അറിയിക്കാമോ;

(ബി) ജയിൽ വകുപ്പിൽ ഒരേ വിദ്യാഭ്യാസയോഗ്യതയും ഒരേ ജോലിയും ചെയ്യുന്ന വനിതാ അസി.പ്രിസൺ ഓഫീസർമാർക്കും പുരുഷ അസി.പ്രിസൺ ഓഫീസർമാർക്കും വ്യത്യസ്ത രീതിയിൽ ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വനിതാ അസി. പ്രിസൺ ഓഫീസർമാർക്കു മാത്രം 8 വർഷത്തെ സർവ്വീസ് പൂർത്തിയാകുമ്പോൾ മേട്രൺ ഗ്രേഡ് II തസ്തികയുടെ ശമ്പളം നിർണ്ണയിച്ചു നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യത്തിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ ലംഘനമുണ്ടോയെന്നു പരിശോധിക്കുമോ; വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജയിൽ വകുപ്പിൽ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയുടെ നിലവിലെ എണ്ണം 58 ആണ്. ഇതിൽ 47 എണ്ണം ഒഴിഞ്ഞുകിടക്കുകയാണ്. 23-1-2016-ലാണ് പ്രസ്തുത തസ്തികയിലേയ്ക്ക് അവസാനമായി പ്രൊമോഷൻ നടത്തിയത്.

(ബി) വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെയും പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരുടെയും നിലവിലെ ശമ്പള സ്കെയിൽ 20,000-45,800 രൂപയാണ്. പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയിലെ പ്രൊമോഷൻ തസ്തിക ഡെപ്യൂട്ടി പ്രിസൺ ഓഫീസറാണ്. അതിനുശേഷമാണ് അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II തസ്തികയിലേയ്ക്ക് പ്രൊമോഷൻ ആകുന്നത്. എന്നാൽ വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയുടെ പ്രൊമോഷൻ തസ്തിക മേട്രൻ ഗ്രേഡ് II (വനിതാ അസിസ്റ്റന്റ് സൂപ്രണ്ട് ഗ്രേഡ് II) ആണ്. ടി രണ്ട് തസ്തികയ്ക്കുമിടയിൽ മറ്റൊരു പ്രൊമോഷൻ തസ്തികയില്ല. അതിനാലാണ് വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാർക്ക് 8 വർഷം സർവ്വീസ് പൂർത്തിയാകുമ്പോൾ മേട്രൻ ഗ്രേഡ് II തസ്തികയുടെ ശമ്പളം നിർണ്ണയിച്ച് നൽകുന്നത്.

(സി) ജയിൽ വകുപ്പിലെ രണ്ട് വ്യത്യസ്ത തസ്തികകളാണ് വനിതാ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയും പുരുഷ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ തസ്തികയും. ഇവരെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ റിക്രൂട്ട് ചെയ്യുന്നതും വ്യത്യസ്ത നോട്ടിഫിക്കേഷനിലൂടെയാണ്. എന്നാൽ ഇവരുടെ ശമ്പള സ്കെയിലുകൾ തുല്യമാണ്. ആയതിനാൽ ഭരണഘടനയുടെ ആർട്ടിക്കിൾ 14-ന്റെ ലംഘനം ഉണ്ടാവുന്നില്ല.

## നാർക്കോട്ടിക് സെൽ

149(3507) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം പോലീസ് ജില്ലകളിൽ നാർക്കോട്ടിക് സെല്ലുകൾ നിലവിലുണ്ട് ; ഓരോ സെല്ലിന്റെയും അംഗസംഖ്യ എത്ര വീതമാണ്;

(ബി) സംസ്ഥാനത്തെ നാർക്കോട്ടിക് സെല്ലുകൾ ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്ന തരത്തിലുള്ള നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകളാണോ; അല്ലെങ്കിൽ അവ നോട്ടിഫൈഡ് പോലീസ് സ്റ്റേഷൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) നാർക്കോട്ടിക് സെല്ലുകളുടെ ചുമതല വഹിക്കുന്ന ഡിവൈ.എസ്.പി.-മാർ ക്രിമിനൽ നടപടി നിയമം അനുശാസിക്കുന്ന തരത്തിലുള്ള ഓഫീസർ ഇൻ ചാർജ് ഓഫ് പോലീസ് സ്റ്റേഷൻ എന്ന പദവിയുള്ള ഉദ്യോഗസ്ഥരാണോ; അല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) കഞ്ചാവ് ഉൾപ്പെടെയുള്ള ലഹരി വസ്തുക്കൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ അന്വേഷിക്കാൻ അധികാരം നൽകുന്ന എൻ.ഡി.പി.എസ്. നിയമത്തിലെ 53- ാം വകുപ്പ് പ്രകാരം നാർക്കോട്ടിക് സെൽ ഡിവൈ.എസ്.പി.മാരെ സംസ്ഥാന സർക്കാർ നോട്ടിഫൈ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) നിലവിൽ നാർക്കോട്ടിക് സെല്ലുകൾ ഇല്ലാത്ത പോലീസ് ജില്ലകളിൽ നിയമാനുസൃത അധികാരമുള്ള നാർക്കോട്ടിക് സെല്ലുകൾ രൂപീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| തിരുവനന്തപുരം സിറ്റി | - | 18 |
| തിരുവനന്തപുരം റൂറൽ | - | 9 |
| പത്തനംതിട്ട | - | 2 |
| ആലപ്പുഴ | - | 9 |
| കോട്ടയം | - | 8 |
| ഇടുക്കി | - | 3 |
| എറണാകുളം സിറ്റി | - | 8 |
| എറണാകുളം റൂറൽ | - | 5 |
| പാലക്കാട് | - | 4 |
| മലപ്പുറം | - | 2 |
| കോഴിക്കോട് സിറ്റി | - | 2 |
| കോഴിക്കോട് റൂറൽ | - | 3 |
| വയനാട് | - | 2 |
| കണ്ണൂർ | - | 2 |
| കാസർഗോഡ് | - | 2 |

(ബി) അല്ല. നോട്ടിഫൈഡ് പോലീസ് സ്റ്റേഷനുകളാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(സി) അല്ല. പരിഗണനയിലില്ല.

(ഡി) നോട്ടിഫൈ ചെയ്തിട്ടില്ല.

(ഇ) കൊല്ലം സിറ്റി, കൊല്ലം റൂറൽ, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ എന്നിവിടങ്ങളിൽ നാർക്കോട്ടിക് സെല്ലുകൾ ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

**പി.എസ്.സി. നടത്തിയ പരീക്ഷയുമായി ബന്ധപ്പെട്ട പരാതി**

150(3508) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ഏപ്രിൽ 9-ന് പി.എസ്.സി. നടത്തിയ എച്ച്.എസ്.എസ്.റ്റി. (ജൂനിയർ) കോമേഴ്സ് പരീക്ഷയുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് വിജിലൻസ് ഡയറക്ടർക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ 2018 ഏപ്രിൽ 9-ന് നടത്തിയ എച്ച്.എസ്.എസ്.റ്റി. കൊമേഴ്സ് (ജൂനിയർ) പരീക്ഷയുമായി ബന്ധപ്പെട്ട് ശ്രീ. റിയാസ്. ഇ. പി., ശ്രീമതി സൗമ്യ. കെ എന്നിവർ സമർപ്പിച്ച പരാതി വിജിലൻസ് ഡയറക്ടർ ലഭ്യമാക്കുകയുണ്ടായി. വിജിലൻസ് ഡയറക്ടറുടെ കത്തിന്റെ പകർപ്പും പരാതിയുടെ അസ്സലും 18-6-2018-ലെ വിജി.-ഇ 3/296/2018-വിജി. നമ്പർ കത്ത് പ്രകാരം ആവശ്യമായ നടപടികൾക്കായി സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന് നൽകിയിട്ടുണ്ട്.

**ഓപ്പറേഷൻ ഗ്രാമം എന്നപേരിൽ വിജിലൻസ് അന്വേഷണം**

151(3509) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ റവന്യൂ വകുപ്പിൽ നെൽവയലുകളും തണ്ണീർ തടങ്ങളും മണ്ണിട്ടുനികത്തുന്നതുമായി ബന്ധപ്പെട്ട അഴിമതികൾ അന്വേഷിക്കുന്നതിന് ഓപ്പറേഷൻ ഗ്രാമം എന്ന പേരിൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തിയിരുന്നുവോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് അന്വേഷണം നടത്തിയതെന്നും എന്തെല്ലാം കാര്യങ്ങളാണ് അന്വേഷണത്തിൽ കണ്ടെത്തിയതെന്നും വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിൽ സ്വീകരിച്ച നടപടികൾ തീയതി സഹിതം വ്യക്തമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥന്മാർക്കെതിരെ കേസെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേരുവിവരം വിശദമാക്കുമോ;

(ഇ) ഈ അന്വേഷണ റിപ്പോർട്ട് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ 2015 വർഷത്തിൽ 'ഓപ്പറേഷൻ ഗ്രാമം' എന്ന പേരിൽ 8 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) 9-12-2015-ന് നടത്തിയ മിന്നൽ പരിശോധനയിൽ വില്ലേജ് ഓഫീസുകളിൽനിന്നും ജനങ്ങൾക്കാവശ്യമായ രീതിയിൽ സേവനങ്ങൾ ലഭിക്കാത്തതും ഓഫീസിലെ തീർപ്പാക്കാത്ത ഫയലുകളും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതും ക്യാഷ് ഡിക്ലറേഷൻ രജിസ്റ്റർ രേഖപ്പെടുത്താത്തതുമായ വീഴ്ചകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) മിന്നൽ പരിശോധനയുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ടിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി റിപ്പോർട്ടിന്റെ പകർപ്പ് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. എസ്.സി. 28/15/KKD, എസ്.സി. 33/15/NRK, എസ്.സി. 27/15/KKD, എസ്.സി. 32/15/NRK, എസ്.സി. 31/15/NRK, എസ്.സി.30/ 15/NRK എന്നീ അന്വേഷണ റിപ്പോർട്ടുകൾ യഥാക്രമം 7-4-2016, 18-5-2016, 1-6-2016, 1-6-2016, 1-6-2016, 17-8-2016 തീയതികളിൽ റവന്യൂ വകുപ്പിനും എസ്.സി. 25/15/KKD, എസ്.സി. 26/15/KKD എന്നീ മിന്നൽ പരിശോധനാ റിപ്പോർട്ടുകൾ 18-11-2016-ൽ കോഴിക്കോട് ജില്ലാ കളക്ടർക്കും നൽകിയിട്ടുണ്ട്.

(ഡി) ഇതുമായി ബന്ധപ്പെട്ട് കേസുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

(ഇ) മിന്നൽ പരിശോധനാ റിപ്പോർട്ടിലെ ശിപാർശയിന്മേൽ ബന്ധപ്പെട്ട ഭരണവകുപ്പായ റവന്യൂ വകുപ്പാണ് തുടർനടപടികൾ സ്വീകരിക്കുന്നത്.

## ആഭ്യന്തര വിജിലൻസ് സംവിധാനം

152(3510) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ ഓഫീസുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തമാക്കി ജോലിചെയ്യാത്ത ജീവനക്കാരെ കണ്ടെത്തണമെന്ന നിർദ്ദേശം വിജിലൻസ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) ഇല്ല. എന്നാൽ ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തമാക്കുന്നതിനും വകുപ്പുതല വിജിലൻസ് സെൽ രൂപീകരിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തി വകുപ്പുതല വിജിലൻസ് പരിശോധനകൾ ശക്തമാക്കുന്നതിനും ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കർശന നിർദ്ദേശം കാലാകാലങ്ങളിൽ നൽകിയിട്ടുണ്ട്.

## വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശ

153(3511) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനും വിവിധ ഓഫീസുകളിൽ നിന്നുള്ള സേവനം ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭിക്കുന്നതിനും സ്വകരിച്ച നടപടികൾ എന്തൊക്കെയാണ്; അത് പൂർണ്ണതോതിൽ വിജയപ്രദമാക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) വിവിധ വകുപ്പുകളിലെ വിജിലൻസ് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) അഴിമതി നിരോധന നിയമം, കേരള ലോകായുക്ത നിയമം എന്നിവയിൽ ഇക്കാര്യത്തിന് അനുസൃതമായി മാറ്റങ്ങൾ വരുത്തുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ഡി) വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഇ) പൊതുപ്രവർത്തകരെക്കുറിച്ച് ജനങ്ങൾക്ക് സുതാര്യവും വിശ്വാസ യോഗ്യവുമായ നിലയിൽ വിവരങ്ങൾ നൽകുവാനും അന്യസംസ്ഥാനങ്ങളിലോ അന്യരാജ്യങ്ങളിലോ അവർക്കുള്ള സ്വത്തുക്കൾ പൊതുജന മദ്ധ്യത്തിൽ കൊണ്ടുവരുവാനുമുള്ള നടപടിയുടെ ഭാഗമായി നിർദ്ദേശം സമർപ്പിക്കുവാൻ കമ്മീഷനെ നിയോഗിക്കുവാൻ ഉദ്ദേശമുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഭരണതലത്തിൽ അഴിമതി പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം, 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ അന്വേഷണം നടത്തുകയും വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. അഴിമതി തടയുന്നതിനുവേണ്ടി വകുപ്പുകളിൽ ഇന്റേണൽ വിജിലൻസ് സംവിധാനവും നിലവിലുണ്ട്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രവർത്തനം കൂടുതൽ വേഗത്തിലാക്കുന്നതിന്റെ ഭാഗമായി ഇ-ഗവേണൻസ് സംവിധാനം ഉപയോഗിച്ച് വെബ് അധിഷ്ഠിതമായ ഇന്റേണൽ അഡ്മിനിസ്ട്രേറ്റീവ് പ്രോസസിംഗ് സിസ്റ്റം (iaps) ആരംഭിച്ചിട്ടുണ്ട്.

(ബി) ആഭ്യന്തര വിജിലൻസ് സംവിധാനം ശക്തമാക്കുന്നതിനും വകുപ്പുതല വിജിലൻസ് സെൽ രൂപീകരിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തി വകുപ്പുതല വിജിലൻസ് പരിശോധനകൾ ശക്തമാക്കുന്നതിനും ആയത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) അഴിമതി നിരോധന നിയമം, കേരള ലോകായുക്ത നിയമം എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് അഴിമതിക്കെതിരെ നടപടികൾ സ്വീകരിച്ചുവരുന്നത്.

(ഡി) വിജിലൻസ് കമ്മീഷൻ രൂപീകരണം സംബന്ധിച്ച ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) നിലവിൽ പരിഗണനയിലില്ല.

**ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിന് സ്ഥലം**

154(3512) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വെഞ്ഞാറമൂട് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസിനുവേണ്ടി വെഞ്ഞാറമൂടിനു സമീപമുള്ള കീഴായിക്കോണം എന്ന സ്ഥലത്ത് സ്വന്തമായി സ്ഥലം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

വെഞ്ഞാറമൂട് ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി സ്വന്തമായി സ്ഥലം ലഭിക്കുന്നതിന് നെല്ലനാട് പഞ്ചായത്തിൽ കീഴായിക്കോണം എറിപ്പാറ എന്ന സ്ഥലത്തെ സർവ്വേ നമ്പർ 100/17-ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം വകുപ്പിന് ലഭ്യമാക്കുന്നതിനായി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടുള്ള അർത്ഥനാപത്രം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്.

**നേമത്ത് ഫയർ സ്റ്റേഷൻ**

155(3513) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നേമത്ത് നാഷണൽ ഹൈവേയോട് ചേർന്ന് ഒരു ഫയർ ആൻഡ് റെസ്ക്യൂ യൂണിറ്റ് തുടങ്ങുന്നതിന് അപേക്ഷ കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ യൂണിറ്റ് തുടങ്ങാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

അപേക്ഷ ലഭിച്ചിട്ടില്ല. ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തുവാനും ആയതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടിക തയ്യാറാക്കി സമർപ്പിക്കാനും ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിൽ ഉൾപ്പെടുന്നപക്ഷം നേമത്ത് ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

**അങ്കമാലി ഫയർസ്റ്റേഷന്റെ ശോചനീയാവസ്ഥ**

156(3514) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി ഫയർ സ്റ്റേഷന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) അങ്കമാലി ഫയർ സ്റ്റേഷനിലെ എമർജൻസി ടെണ്ടർ കാലപ്പഴക്കം കൊണ്ട് നിരാകരണത്തിന് അപേക്ഷിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇത് പരിഹരിക്കാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്റ്റേഷനിലെ സ്ക്യൂബ സെറ്റ്, ബി.എ. സെറ്റ്, ചെയിൻസോ എന്നിവയുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വികരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) അങ്കമാലി ഫയർ സ്റ്റേഷനിലെ വാഹനം സ്റ്റേഷനിലേയ്ക്ക് ഇറക്കുന്നതിന് കഴിയാത്തവിധം ദേശീയപാതയിൽനിന്നും അഞ്ച് അടിയോളം താഴ്ന്നാണ് അപ്രോച്ച് റോഡ് സ്ഥിതി ചെയ്യുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) അങ്കമാലി ഫയർസ്റ്റേഷന് ശോചനീയാവസ്ഥയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഉപകരണങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അങ്കമാലി ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനിലെ എമർജൻസി ടെണ്ടർ അറ്റകുറ്റപ്പണികൾ നടത്തുന്നത് സാമ്പത്തികമായി ലാഭകരമല്ലെന്ന് പൊതുരാമത്ത് വകുപ്പ് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിരാകരണ സമിതി യോഗം ചേർന്ന് മതിപ്പുവില നിശ്ചയിച്ച് നിരാകരണ ഉത്തരവിനായി ലഭ്യമാക്കിയ അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു. പുതിയ വാഹനം ലഭ്യമാകുന്നമുറയ്ക്ക് അങ്കമാലി നിലയത്തിന് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒരു ബി.എ.സെറ്റ്, ഒരു ബ്രീത്തിംഗ് അപ്പാരറ്റസ് കംപ്രസ്സർ എന്നിവ നൽകിയിട്ടുണ്ട്. സ്കൂബാ സെറ്റുകൾ, ചെയിൻസാ എന്നിവ പുതിയത് വാങ്ങുന്നമുറയ്ക്ക് നൽകാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ദേശീയപാതയിൽനിന്നും സ്റ്റേഷനിലേയ്ക്ക് വാഹനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും ബുദ്ധിമുട്ട് നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടി സ്വീകരിക്കുന്നതിന് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് മേധാവി നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആലത്തൂർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന് പുതിയകെട്ടിടം

157(3515) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) ആലത്തൂർ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കി നൽകുന്നതിനുവേണ്ടി പാലക്കാട് പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയത് ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## വിചാരണത്തടവുകാരിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ

158(3516) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ വിചാരണത്തടവുകാരിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ കണക്കുകൾ വെളിപ്പെടുത്തുമോ ;

(ബി) സാധാരണ തടവുകാരോടൊപ്പം കഴിയുന്ന ഇവർക്ക് ചികിത്സയും പ്രത്യേക പരിഗണനയും ലഭ്യമാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) മനുഷ്യാവകാശ കമ്മീഷൻ ഇത് സംബന്ധിച്ച് സർക്കാരിനോട് റിപ്പോർട്ട് തേടിയിട്ടുണ്ടോ ; ഇക്കാര്യത്തിൽ എന്ത് നടപടികൾ സ്വീകരിച്ചു ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ വിചാരണത്തടവുകാരിൽ മാനസിക വെല്ലുവിളികൾ നേരിടുന്നവർ 215 പേരുണ്ട്.

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന തടവുകാരെ പ്രത്യേകം നിരീക്ഷിക്കുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം മാനസികാരോഗ്യ കേന്ദ്രത്തിൽ അയച്ച് ചികിത്സയും കൗൺസിലിംഗും നൽകിവരുകയും ചെയ്യുന്നുണ്ട്. കൃത്യസമയങ്ങളിൽ ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള മരുന്നും ഭക്ഷണവും നൽകുന്നുണ്ട്. ഇത്തരത്തിലുള്ള തടവുകാരുടെ ചികിത്സാ വിവരങ്ങൾ തടവുകാരുടെ ബന്ധുക്കളെയും ബന്ധപ്പെട്ട കോടതികളെയും അറിയിക്കുകയും ചികിത്സയുടെ വിശദ റിപ്പോർട്ട് കോടതികളിൽ സമർപ്പിക്കുകയും ചെയ്യാറുണ്ട്. ചികിത്സ കഴിഞ്ഞുവരുന്ന തടവുകാരെ പ്രത്യേകം സെല്ലിൽ പാർപ്പിച്ച് മരുന്നും ഭക്ഷണവും നൽകി കൃത്യമായി നിരീക്ഷിക്കാറുണ്ട്.

(സി) 13-12-2017 -ലെ മാതൃഭൂമി ദിനപത്രത്തിൽ 'മാനസിക വെല്ലുവിളി നേരിടുന്ന 88 വിചാരണ തടവുകാർ' എന്ന തലക്കെട്ടിൽ പ്രസിദ്ധീകരിച്ച വാർത്തയെ സംബന്ധിച്ച് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസ്സെടുക്കുകയും ജയിൽ വകുപ്പിനോട് റിപ്പോർട്ട് ആരായുകയും ചെയ്തു. 18-1-2018 തീയതിയിൽ ജയിൽ വകുപ്പ് മേധാവി കമ്മീഷന് മറുപടി സമർപ്പിച്ചു. ഈ വിഷയത്തിൽ താഴെപ്പറയുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്:

1. 2014-ൽ ജയിൽ വകുപ്പ് ജയിൽ സൂപ്രണ്ടുമാരിൽനിന്നും ലഭ്യമാക്കിയ മാനസിക രോഗികളായ 88 തടവുകാരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ സെൻട്രൽ ജയിലിലും ഓരോ മെയിൽ നഴ്സിന്റെ സേവനവും ആഴ്ചയിലൊരിക്കൽ ഒരു സൈക്യാട്രിസ്റ്റിന്റെ സേവനവും നൽകുകയുണ്ടായി. പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ള മാനസിക രോഗികളായ തടവുകാരെ പരിശോധിക്കുന്നതിന് മൂന്ന് മേഖലകളിൽ രണ്ട് സൈക്യാട്രിക് ഡോക്ടർമാർ വീതമടങ്ങുന്ന ഒരു ടീമിനെ നിയോഗിക്കുകയുണ്ടായി.

2. മാനസിക രോഗം ഭേദമായ, ആരും ഏറ്റെടുക്കാനില്ലാത്ത തടവുകാരെ പുനരധിവസിപ്പിക്കുന്നതിന് ആശാഭവൻ പോലുള്ള ഒരു സ്ഥാപനം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത ആരായുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി.

3. 7-10-2017-ന് സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ ചേർന്ന യോഗത്തിൽ താഴെപ്പറയുന്ന തീരുമാനങ്ങളെടുത്തു:-

    (i) മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിച്ചിട്ടുള്ള വിചാരണ തടവുകാരുടെ പരിശോധനാ റിപ്പോർട്ട് ആരോഗ്യ വകുപ്പ് ഡയറക്ടർ ഗവൺമെന്റിന് സമർപ്പിക്കണം.

(ii) മേൽപ്പറഞ്ഞ തടവുകാരിൽ പുനരധിവാസത്തിന് യോഗ്യതയുള്ളവർ എന്ന് ആരോഗ്യ വകുപ്പ് സാക്ഷ്യപ്പെടുത്തുന്നവരുടെ കേസ് പിൻവലിക്കുന്ന കാര്യം ആഭ്യന്തര വകുപ്പ് പരിശോധിച്ച് തീരുമാനമെടുക്കണം.

(iii) ജയിൽ ശിക്ഷ അനുഭവിക്കുന്ന തടവുകാരുടെ മാനസികാരോഗ്യ പരിചരണത്തിനാവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാനായി സോഷ്യൽ ജസ്റ്റിസ് ഡയറക്ടറുടെ നേതൃത്വത്തിലുള്ള സമിതിയെ ചുമതലപ്പെടുത്തി.

**അച്ചടി വകുപ്പിൽ വാങ്ങിയ കട്ടിംഗ് മെഷീനുകൾ**

159(3517) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് വാങ്ങിയ ഗുണമേന്മയില്ലാത്ത പ്രോഗ്രാമബിൾ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ച് ഏതാനും ദിവസങ്ങൾക്കുള്ളിൽ തകരാറിലായതായുള്ള റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) ഈ മെഷീനുകൾ വിതരണം ചെയ്ത കമ്പനി നേരത്തെ ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ മെഷീൻ പ്രവർത്തനയോഗ്യമല്ലെന്ന് മുൻകാലങ്ങളിൽ കണ്ടെത്തുകയുണ്ടായോ;

(ഡി) എങ്കിൽ ഇത്തരം ക്രമക്കേടുകൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബ്ലാക്ക് ലിസ്റ്റ് ചെയ്യപ്പെട്ടിട്ടുണ്ടോയെന്നുള്ളതിനുള്ള രേഖകൾ ലഭ്യമല്ല.

(സി) കണ്ടെത്തിയിട്ടില്ല.

(ഡി) ക്രമക്കേട് കണ്ടെത്തിയാൽ നടപടി സ്വീകരിക്കും.

**അച്ചടി വകുപ്പിൽ ഗുണമേന്മയില്ലാത്ത കട്ടിംഗ് മെഷീൻ വാങ്ങിയ നടപടി**

160(3518) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിൽ ഗുണമേന്മയില്ലാത്ത കട്ടിംഗ് മെഷീൻ വാങ്ങിച്ചത് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) ഏത് കമ്പനിയിൽ നിന്നാണ് കട്ടിംഗ് മെഷീൻ വാങ്ങിയത്; പ്രസ്തുത കമ്പനി കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഒന്നാണോ;

(സി) എത്ര കോടി രൂപയ്ക്കാണ് പ്രസ്തുത മെഷീൻ വാങ്ങിയത്; നിലവിൽ പ്രസ്തുത മെഷീൻ പ്രവർത്തനക്ഷമമാണോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് അച്ചടി വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

(ബി) കട്ടിംഗ് മെഷീൻ M/s. Acme Sales Corporation, Amristar എന്ന കമ്പനിയിൽനിന്നാണ് വാങ്ങിയത്. പ്രസ്തുത കമ്പനി കരിമ്പട്ടികയിൽ ഉൾപ്പെട്ടതാണോയെന്നതിനുള്ള രേഖകൾ ലഭ്യമല്ല.

(സി) 6 കട്ടിംഗ് മെഷീനുകൾ വാങ്ങുന്നതിന് 99,26,280 രൂപയുടെ സപ്ലൈ ഓർഡർ നൽകിയിരുന്നു. ഇതിൽ നാല് മെഷീനുകൾ പ്രവർത്തനക്ഷമമാണ്.

**സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം**

161(3519) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പ്രസുകൾ ആധുനികവൽക്കരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഗവൺമെന്റ് ലോട്ടറികളുടെയും, പാഠപുസ്തകങ്ങളുടെയും മറ്റു സർക്കാർ പ്രസിദ്ധീകരണങ്ങളുടെയും അച്ചടി ചുമതല കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻ സൊസൈറ്റിയെ കൂടാതെ മറ്റേതെല്ലാം പ്രസുകൾക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണവുമായി ബന്ധപ്പെട്ട് 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി പ്ലാൻ റൈറ്റ് അപ്പ് പ്രകാരം മെഷീനുകൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. സർക്കാർ പ്രസ്സുകളെ ആധുനികവൽക്കരിക്കുന്നതിനായി ഡോ. രാജേന്ദ്രകുമാർ അനയത്ത് ചെയർമാനായുള്ള വിദഗ്ദ്ധ സമിതി റിപ്പോർട്ടിലെ ശിപാർശകളിന്മേൽ തുടർനടപടികൾ പരിശോധിച്ചുവരുന്നു. കൂടാതെ ഇ-കമ്പോസ് പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ജൻ-ഇ-പോർട്ടൽ സംവിധാനം**

162(3520) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എല്ലാ പർച്ചേസുകളുടേയും കേന്ദ്രീകൃത ഏജൻസിയായി സ്റ്റേഷനറി വകുപ്പിനെ ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നതായി ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ സൂചിപ്പിച്ചിരുന്നോ ;

(ബി) സർക്കാർ ഓഫീസുകൾക്ക് ആവശ്യമായ സ്റ്റേഷനറി വാങ്ങി നൽകുന്നതിന് ചുമതലയുള്ള സ്റ്റേഷനറി വകുപ്പിന്റെ അധികാരത്തിൻ കീഴിലാണോ ജൻ-ഇ-പോർട്ടൽ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) സൂചിപ്പിച്ചിരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**ദേശീയ ജലപാത പദ്ധതി**

163(T* 3521) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ ജലപാതകൾ ദേശീയ ജലപാതകളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ദേശീയ ജലപാത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വെസ്റ്റ് കോസ്റ്റ് കനാലിന്റെ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ഭാഗവും എറണാകുളം ജില്ലയിലെ ചമ്പക്കര കനാൽ, ഉദ്യോഗമണ്ഡൽ കനാൽ എന്നിവയും ദേശീയ ജലപാത (NW-3) ആണ്. ആലപ്പുഴ-കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ തമിഴ്നാട്ടിലെ ഇരയിമ്മൻത്തുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിക്കപ്പെട്ടവയാണ്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കിലോ മീറ്റർ നീളം വരുന്ന ജലപാതയുടെ (വെസ്റ്റ് കോസ്റ്റ് കനാൽ) കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോ മീറ്റർ ഭാഗവും കോട്ടപ്പുറം മുതൽ കോഴിക്കോട് വരെയുള്ള 160 കിലോ മീറ്റർ ഭാഗവും ആലപ്പുഴ-കോട്ടയം ജില്ലകളിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാൽ (NW-8), ആലപ്പുഴ-കോട്ടയം-അതിരമ്പുഴ കനാൽ (NW-9), കോട്ടയം ജില്ലയിലെ കോട്ടയം-വൈക്കം കനാൽ (NW-59), തിരുവനന്തപുരം ജില്ലയിലെ പൂവാർ മുതൽ തമിഴ്നാട്ടിലെ ഇരയിമ്മൻത്തുറ വരെയുള്ള എ.വി.എം. കനാൽ (NW-13) എന്നിവയും ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. വെസ്റ്റ് കോസ്റ്റ് കനാലിന്റെ അവശേഷിക്കുന്ന കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയുമുള്ള ഭാഗം ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവൃത്തികൾ ഊർജ്ജിതമായി നടന്നുവരുന്നു. ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി രൂപീകരിച്ചിട്ടുണ്ട്. പാർവ്വതി പുത്തനാർ ഉൾപ്പെടെയുള്ള 35.38 കിലോ മീറ്റർ ഭാഗത്തെ കനാൽ വികസനം KWIL-ന്റെ മേൽനോട്ടത്തിൽ ഊർജ്ജിതമായി നടന്നുവരുന്നു. കോഴിക്കോടിനും വടകരയ്ക്കും ഇടയിൽ 38.3 കിലോ മീറ്റർ ഭാഗം (ചെ. 411.78 കിലോ മീറ്റർ-450.08 കിലോ മീറ്റർ) ഗതാഗതയോഗ്യമാണ്. ആഴം കുറവുള്ള ഭാഗങ്ങളായ ഇരഞ്ഞിക്കൽ-കോരപ്പുഴ കനാലിന്റെ വികസനത്തിനായി 6 കോടി രൂപയുടെയും പയ്യോളി കനാലിന്റെ വികസനത്തിനായി 6.50 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വടകര-മാഹി കനാലിന്റെ ചെ.450.08 കിലോ മീറ്റർ-467.69 കിലോ മീറ്റർ ഭാഗത്ത് ദേശീയ ജലപാതാ നിലവാരത്തിൽ നിർമ്മാണം 5 റീച്ചുകളായി തിരിച്ച് നടന്നുവരുന്നു. മാഹി-വളപട്ടണത്തിനും ഇതിനിടയിലെ 3 'അൺകട്ട് ' ഭാഗങ്ങളും നിലേശ്വരം മുതൽ കാസർഗോഡ് വരെയുള്ള 'അൺകട്ട് ' ഭാഗവും സ്ഥലം ഏറ്റെടുത്ത് പുതുതായി കനാൽ നിർമ്മാണത്തിനുള്ള പ്രവൃത്തികൾ KWIL മുഖേന സ്വീകരിച്ചുവരുന്നു.

### കൊച്ചി-മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ

164(3522) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി - മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി പൂർണതോതിൽ എന്ന് കമ്മീഷൻ ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) പൂർണതോതിൽ പ്രവർത്തനസജ്ജമായാൽ സംസ്ഥാനത്തിനുണ്ടാകുന്ന ഗുണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ഏഴ് ജില്ലകളിലൂടെയാണ് ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മാംഗ്ലൂർ പൈപ്പ് ലൈൻ കടന്നുപോകുന്നത്. കേരളത്തിലെ ദൈർഘ്യം 403 കിലോമീറ്ററാണ്. 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്ര സർക്കാർ ഏറ്റെടുത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഉപയോഗാവകാശം ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. മൊത്തം ദൂരത്തെ 7 സെക്ഷനുകളായി തിരിച്ചിരിക്കുന്നു. എല്ലാ സെക്ഷനുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

കേരളത്തിലൊട്ടുക്കും ഇതുവരെയായി 353 കിലോമീറ്റർ (79%) പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയായിക്കഴിഞ്ഞു.

(ബി) ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മംഗലാപുരം വാതക പൈപ്പ് ലൈൻ 2018 ഡിസംബറിനകം കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ഈ പദ്ധതിമൂലം പൈപ്പ് ലൈൻ കടന്നുപോകുന്ന ഏഴ് ജില്ലകളിലുള്ള ജനങ്ങൾക്ക് ഗാർഹിക ഉപയോഗത്തിനും വാഹനങ്ങൾക്കുമുള്ള ചെലവുകുറഞ്ഞ ഹരിത ഇന്ധനം ലഭ്യമാകുന്നതാണ്. ഇതിന്റെ നടപടികൾക്ക് ബന്ധപ്പെട്ട കേന്ദ്ര ഏജൻസിയായ പി.എൻ.ജി.ആർ.ബി. തുടക്കംകുറിക്കുകയും ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുള്ളതാണ്. ഇതുകൂടാതെ പ്രകൃതി വാതകം സംസ്ഥാനത്തെ ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതിലൂടെ ഇന്ധന ചെലവ് വളരെയധികം ലാഭിക്കാൻ സാധിക്കുന്നതും അപ്രകാരം സംസ്ഥാനത്തിന്റെ വ്യാവസായിക കുതിപ്പിന് ഉപോൽബലകമായി തീരുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

ഈ ഗ്യാസ് പൈപ്പ് ലൈൻ ശൃംഖല നിലവിൽവരുന്നതോടുകൂടി കേരളം ദേശീയ വാതക ശൃംഖലയുടെ ഭാഗമായി മാറുകയും അതിലൂടെ തദ്ദേശീയമായി ഉല്പാദിപ്പിക്കുന്ന ചെലവുകുറഞ്ഞ പ്രകൃതി വാതകത്തിന്റെ വിഹിതം ആവശ്യപ്പെടുവാൻ സാധിക്കുകയും ചെയ്യും. പ്രകൃതി വാതക ഉപയോഗംമൂലം അന്തരീക്ഷ മലിനീകരണം വളരെയധികം കുറയുമെന്നുള്ളതാണ് മറ്റൊരു ഗുണഫലം. മാത്രവുമല്ല സംസ്ഥാന ഖജനാവിന് പ്രകൃതിവാതക ഉപയോഗത്തിന് അനുസൃതമായി നികുതി വരുമാനം ഗണ്യമായി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

## ഗെയിൽ പൈപ്പ് ലൈനിനെക്കുറിച്ചുള്ള ആശങ്കകൾ

165(3523) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ് ലൈൻ കടന്നുപോവുന്ന സ്ഥലങ്ങളിലെ ഭൂവുടമകൾക്ക് വളരെ തുച്ഛമായ നഷ്ടപരിഹാരം മാത്രമേ നല്കിയുള്ളൂ എന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യം ന്യായമാണെങ്കിൽ മതിയായ നഷ്ടപരിഹാരം നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) ഈ പൈപ്പ് ലൈൻ ഏതെങ്കിലും തരത്തിലുള്ള സുരക്ഷാഭീഷണി സൃഷ്ടിക്കുന്നുണ്ടോ; സുരക്ഷ, കാലാകാലങ്ങളിൽ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിനുള്ള സംവിധാനങ്ങളും ഉദ്യോഗസ്ഥരെയും ഇതിനായി ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(സി) പൈപ്പ് ലൈൻ കടന്നുപോവുന്ന സ്ഥലത്തിന്റെ ചുറ്റുപാടിലുമുള്ള ആളുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാൻ സാധിക്കുമോ;

(ഡി) പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന എന്നുള്ള കാരണത്താൽ കൃഷി ചെയ്യാൻ സാധിക്കാത്ത അവസ്ഥ ഉണ്ടെങ്കിൽ അവർക്ക് ഒരു നിശ്ചിത വാടക അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലുള്ള ഭൂമിയുടെ ഉപയോഗാവകാശം മാത്രമേ ഏറ്റെടുക്കുന്നുള്ളൂ. അതിനുള്ള നടപടികൾ പി.ആൻഡ് എം.പി. ആക്ട് 1962 പ്രകാരമാണ് കൈക്കൊണ്ടുവരുന്നത്. വിളകൾക്കും ഭൂമിക്കുമുള്ള നഷ്ടപരിഹാരം കേരള സർക്കാർ പുറപ്പെടുവിച്ച 1-12-2017-ലെ ഉത്തരവ് G.O. (Rt.) No. 5165/2017/RD പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) കൊച്ചിയിൽനിന്നും മംഗലാപുരം വരെ ഗെയിൽ സ്ഥാപിക്കുന്ന പൈപ്പ് ലൈനിന്റെ സുരക്ഷയ്ക്കായി നിശ്ചിത ഇടവേളകളിൽ എസ്.വി./ഐ.പി. സ്റ്റേഷനുകൾ നിർമ്മിക്കുകയും 24 മണിക്കൂറും നിരീക്ഷണ വലയത്തിലാക്കുകയും ചെയ്യുന്നതാണ്. ഈ പൈപ്പ് ലൈൻശൃംഖല അത്യാധുനിക സംവിധാനങ്ങളുപയോഗിച്ച് കൊച്ചിയിൽ സ്ഥാപിച്ചിട്ടുള്ള റീജിയണൽ ഗ്യാസ് മാനേജ്മെന്റ് സെന്റർ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നതാണ്.

പൈപ്പ് ലൈനിന്റെ തുടർന്നുള്ള സുരക്ഷ ഉറപ്പാക്കുന്നതിന് വിവിധ ഓഡിറ്റിംഗ് നടപടികൾ നിലവിലുള്ളതും കേന്ദ്ര ഏജൻസികളുടെ അംഗീകാരം ലഭ്യമാക്കേണ്ടതും തുടർന്ന് പരിശോധനയ്ക്ക് വിധേയമായി പുതുക്കി

നൽകുന്നതുമാണ്. ഏതെങ്കിലും വിധത്തിലുള്ള സുരക്ഷാ ഭീഷണി യുണ്ടായാൽ ആയത് ഉടനെതന്നെ പരിഹരിക്കാനുള്ള സത്വര നടപടികൾ ഗെയിലിന്റെ ഭാഗത്തുനിന്ന് സ്വീകരിക്കുന്നതും പൈപ്പ് ലൈൻ അറ്റകുറ്റപ്പണികൾക്കാവശ്യമായ ഉദ്യോഗസ്ഥരെ പൈപ്പ് ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലെ ഓഫീസുകളിൽ ഗെയിൽ നിയമിക്കുകയും ചെയ്യുന്നതാണ്.

(സി) ജനങ്ങളുടെ പൂർണ്ണ സുരക്ഷ ഉറപ്പാക്കിക്കൊണ്ടാണ് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ വിന്യസിക്കുന്നതും പ്രവർത്തിപ്പിക്കുന്നതും. പൈപ്പ് ലൈൻ കടന്നുപോകുന്ന മേഖലകളിലുള്ള ജനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകണമെന്നത് പി.ആൻഡ് എം.പി. ആക്ടിൽ നിഷ്കർഷിച്ചിട്ടില്ല.

(ഡി) പൈപ്പ് ലൈൻ നിർമ്മാണത്തിലിരിക്കുന്ന അവസരത്തിൽ കൃഷി ചെയ്യാൻ സാധിക്കാത്ത ഭൂമിക്കുള്ള നഷ്ടപരിഹാരം കോംപീറ്റന്റ് അതോറിറ്റി അവാർഡ് പാസ്സാക്കുകയും ബന്ധപ്പെട്ട കക്ഷികൾക്ക് വിതരണം ചെയ്തുവരുകയും ചെയ്യുന്നു. ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്കായി ഭൂമിയുടെ ഉപയോഗാവകാശം മാത്രമാണ് ഏറ്റെടുക്കുന്നത്. ആയതിനുള്ള വാടക അനുവദിക്കുന്നതിന് പകരമാണ് ഏറ്റെടുത്ത ഭൂമിയുടെ ന്യായമായ നഷ്ടപരിഹാരം നൽകിവരുന്നത്.

## ഇരിണാവ് കോസ്റ്റ് ഗാർഡ് അക്കാദമി

166(3524) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശസംരക്ഷണത്തിനുവേണ്ടി കേന്ദ്രസർക്കാർ കണ്ണൂർ ജില്ലയിലെ ഇരിണാവിൽ അനുവദിച്ച കോസ്റ്റ്ഗാർഡ് അക്കാദമിയുടെ നിർമ്മാണത്തിനും അക്കാദമി അവിടെത്തന്നെ നിലനിർത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) അക്കാദമി അവിടെ നിന്ന് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പ് കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കോസ്റ്റ് ഗാർഡ് അക്കാദമിക്കായി 164 ഏക്കർ സ്ഥലം കൈമാറുകയും ഏകദേശം 65.56 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട അക്കാദമി അഴീക്കലിൽനിന്നും മാറ്റുന്നതിനുള്ള നീക്കം ശ്രദ്ധയിൽപ്പെട്ടിതിനെത്തുടർന്ന് അത്തരമൊരു നീക്കം ഉപേക്ഷിക്കണമെന്നും തന്ത്രപ്രധാനമായ ഈ സ്ഥലത്തുതന്നെ കോസ്റ്റ് ഗാർഡ് അക്കാദമി പ്രവർത്തനങ്ങൾ ആരംഭിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് 6-1-2018-ൽ പ്രധാനമന്ത്രിക്ക് മുഖ്യമന്ത്രി കത്ത് നൽകിയിട്ടുണ്ട്.

(ബി) അക്കാദമിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ ക്ലിയറൻസ് ലഭിച്ചിട്ടില്ല. അക്കാദമിക്കായി കേരളം ഉൾപ്പെടെയുള്ള തീരദേശ സംസ്ഥാനങ്ങളിൽ അനുയോജ്യമായ മറ്റ് സ്ഥലങ്ങൾ അന്വേഷിക്കുകയാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

**തമിഴ്നാട് കയ്യേറിയ സംസ്ഥാനത്തിന്റെ വനഭൂമി**

167(T* 3525) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ സംസ്ഥാനത്തിന്റെ വനഭൂമി തമിഴ്നാട് കയ്യേറിയതായ വിഷയത്തിൽ വനം വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ സംസ്ഥാനത്തിന്റെ വനമേഖല വൻതോതിൽ കൈയേറുന്നത് തടയുവാൻ ആവശ്യത്തിന് ഫോറസ്റ്റ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; നിലവിൽ അട്ടപ്പാടിയിൽ എത്ര ഫോറസ്റ്റ് ഉദ്യോഗസ്ഥർ ജോലി നോക്കുന്നു; വ്യക്തമാക്കുമോ;

(സി) ഏകദേശം എത്ര ഹെക്ടർ കൈയേറിയെന്ന് കണ്ടെത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥലം തിരികെ ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി ഭാഗത്ത് അഗളി റെയ്ഞ്ചിൽപ്പെടുന്ന ഷോളയൂർ ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ വി.എഫ്.സി. ഐറ്റം നമ്പർ 98, 100 വരടിമല- മലവാരം - കേരള - തമിഴ്നാട് അതിർത്തിയിൽ വനം കയ്യേറ്റം എന്ന പത്രവാർത്തയുമായി ബന്ധപ്പെട്ട് ഫീൽഡ് പരിശോധന നടത്തിയതിൽ പ്രഥമ ദൃഷ്ട്യാ വനം കയ്യേറ്റങ്ങളൊന്നും കാണുകയുണ്ടായിട്ടില്ല. ഈ ഭാഗത്തെ വനാതിർത്തിയും സംസ്ഥാന അതിർത്തിയുമായി വരുന്നത് കൊടുങ്കരപ്പള്ളം നദിയാണ്. ഈ നദി 1963-ലെ വെള്ളപ്പൊക്കത്തിൽ വഴിമാറി ഒഴുകിയതായി പറയപ്പെടുന്നു. ഈ നദി പിന്നീട് വഴിമാറിയൊഴുകിയ ഭാഗം സംസ്ഥാന അതിർത്തിയായി കണ്ട് തെറ്റായ ബൗണ്ടറി ഡീമാർക്കേഷൻ തമിഴ്നാട് നടത്തിയതായി ആരോപണമുണ്ട്. ആയതിനാൽ ഇപ്പോഴത്തെ കേരള വനം അതിർത്തി വരടിമല മുതൽ മൂലഗംഗൽ മുകൾഭാഗം വരെ ജി.പി.എസ്. റീഡിംഗ് എടുക്കാനും മുമ്പ് കേരള സംസ്ഥാന അതിർത്തിയാണെന്ന് ആരോപിക്കപ്പെടുന്ന സ്ഥലത്തിന്റെ ജി.പി.എസ്. റീഡിംഗും എടുത്ത് സ്കെച്ചിൽ കൃത്യമായി പരിശോധന നടത്തി ഗൂഗിൾ മാപ്പിൽ "സൂപ്പർ ഇമ്പോസ്" ചെയ്ത് പരിശോധിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. അടുത്തകാലത്തൊന്നുംതന്നെ തമിഴ്നാട് കയ്യേറ്റങ്ങൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുന്നതാണ്. അട്ടപ്പാടി, അഗളി റെയ്ഞ്ചുകളിൽ നിലവിലുള്ള ജീവനക്കാരുടെ വിവരം താഴെ പറയുന്നു:

| തസ്തിക | അനുവദിച്ചിട്ടുള്ള എണ്ണം | നിലവിലുള്ളഎണ്ണം |
|---|---|---|
| റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 2 | 2 |
| ഡെപ്യൂട്ടി റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ | 5 | 2 |
| സെക്ഷൻ ഫോറസ്റ്റ് ഓഫീസർ | 12 | 11 |
| ബീറ്റ് ഫോറസ്റ്റ് ഓഫീസർ | 67 | 53 |
| റിസർവ് ഫോറസ്റ്റ് വാച്ചർ | 5 | 0 |
| ഫോറസ്റ്റ് വാച്ചർ | 1 | 1 |
| ട്രൈബൽ വാച്ചർ | 55 | 55 |
| ഡ്രൈവർ | 4 | 4 |
| ക്ലാർക്ക് | 4 | 4 |
| പി.ടി.എസ്. | 2 | 2 |
| ഒ.എ. | 2 | 2 |

(സി) പ്രഥമദൃഷ്ട്യാ കയ്യേറ്റങ്ങളൊന്നും കണ്ടെത്തിയിട്ടില്ലെങ്കിലും മേൽപരാമർശിക്കപ്പെട്ട സ്ഥലത്തിന്റെ ജി.പി.എസ്. റീഡിംഗ് എടുക്കാനും ജി.പി.എസ്. റീഡിംഗ് വച്ച് സ്കെച്ചിൽ കൃത്യമായി പരിശോധന നടത്തി ഗ്രൂഗിൾ മാപ്പിൽ "സൂപ്പർ ഇമ്പോസ്" ചെയ്ത് പരിശോധിക്കുന്നതിനുമുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ഈ അടുത്തകാലത്ത് ഇവിടെ തമിഴ്നാട്ടിൽനിന്ന് കയ്യേറ്റങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് സർക്കാർ നൽകിയ കരാറുകൾ

168(3526) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് എത്ര നിർമ്മാണ കരാറുകളാണ് നൽകിയിട്ടുള്ളത്;ആയതിന് എത്ര രൂപയുടെ എസ്റ്റിമേറ്റ് വരുമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഘത്തിന് സർക്കാർ നേരിട്ടോ ടെണ്ടർ വഴിയോ നിർമ്മാണ കരാർ നൽകിയിട്ടുണ്ടോ;ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ കാലയളവിൽ ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് ചുവടെ പറയും പ്രകാരം നിർമ്മാണ കരാറുകൾ നൽകിയിട്ടുണ്ട്.

2016-17 വർഷത്തിൽ 343.94 കോടി രൂപ എസ്റ്റിമേറ്റുള്ള 93 പ്രവൃത്തികൾക്കുള്ള നിർമ്മാണ കരാറുകൾ.

2017-18 വർഷത്തിൽ 245.34 കോടി രൂപ എസ്റ്റിമേറ്റുള്ള 108 പ്രവൃത്തികൾക്കുള്ള നിർമ്മാണ കരാറുകൾ.

2018-19 വർഷത്തിൽ (15-6-2018 വരെ) 351.27 കോടി രൂപ എസ്റ്റിമേറ്റുള്ള 36 നിർമ്മാണ പ്രവൃത്തികൾക്കുള്ള കരാറുകൾ.

(ബി) ഊരാലുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന് സർക്കാർ നേരിട്ടും ടെണ്ടർ വഴിയും നിർമ്മാണ കരാറുകൾ നൽകിയിട്ടുണ്ട്.

2016-17-ൽ ടെണ്ടർ വഴി - 61

നേരിട്ട് - 32

2017-18-ൽ ടെണ്ടർ വഴി - 40

നേരിട്ട് - 68

2018-19-ൽ (15-6-2018 വരെ) ടെണ്ടർ വഴി- 10

(15-6-2018 വരെ) നേരിട്ട് - 26

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**നിർമ്മാണോദ്ഘാടനവും പൂർത്തീകരണോദ്ഘാടനവും**

169(3528) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രവൃത്തികളുടെ നിർമ്മാണോദ്ഘാടനങ്ങളാണ് നിർവ്വഹിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രവൃത്തികളുടെ പൂർത്തീകരണോദ്ഘാടനമാണ് നിർവ്വഹിച്ചിട്ടുള്ളത്; ഈ പദ്ധതികളുടെ നിർമ്മാണോദ്ഘാടനം എന്നാണ് നിർവ്വഹിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## നിപ വൈറസ് ബാധ പ്രതിരോധം

170(3530) ശ്രീ. സണ്ണി ജോസഫ്
ശ്രീ. എ. പി. അനിൽ കുമാർ
ശ്രീ. ഐ. സി. ബാലകൃഷ്ണൻ
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധ പ്രതിരോധിക്കുന്നതിനായി ആവശ്യമുള്ള സുരക്ഷാ മാസ്ക് അടക്കമുള്ള വസ്തുക്കളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) നിപ വൈറസ് ബാധ സംബന്ധിച്ച് നവമാദ്ധ്യമങ്ങളിൽ വരുന്ന തെറ്റായ വാർത്തകൾക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ വിശദീകരണം യഥാസമയം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിപ വൈറസ് ബാധ പ്രതിരോധിക്കുന്നതിനായി ആവശ്യമുള്ള സുരക്ഷാ മാസ്ക് അടക്കമുള്ള വസ്തുക്കളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആവശ്യമെങ്കിൽ സുരക്ഷാ മാസ്ക് അടക്കമുള്ള കൺസ്യൂമബിൾസിന്റെ ലിസ്റ്റ് സമർപ്പിക്കാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇതിനോടകംതന്നെ സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ട്.

## നിപ വൈറസിനെ പ്രതിരോധിക്കാൻ ഫലപ്രദമായ ചികിത്സാ രീതികൾ

171(3531) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസിനെ പ്രതിരോധിക്കുവാൻ ഫലപ്രദമായ ചികിത്സാ രീതികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ഇക്കാര്യത്തിൽ ആസ്ട്രേലിയ, ജപ്പാൻ എന്നീ രാജ്യങ്ങളിലെ വിവിധ മരുന്നുകൾ ഫലപ്രദമാകുമെന്ന മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) രോഗലക്ഷണങ്ങൾക്കും അണുബാധ ശരീരത്തിന്റെ ഏത് അവയവ വ്യവസ്ഥയ്ക്കാണോ ബാധിച്ചിരിക്കുന്നതെന്നതിന്റെ അടിസ്ഥാനത്തിൽ സപ്പോർട്ടീവ് ചികിത്സാ രീതിയാണ് ഇപ്പോൾ പ്രധാനമായും അവലംബിച്ചു വരുന്നത്. കൂടാതെ നിപ വൈറസിനെതിരായി റിബാവൈറിൻ എന്ന മരുന്ന് വളരെ ഫലവത്തായി കണ്ടതുമൂലം നിപ വൈറസ് ബാധിതരെ ചികിത്സിക്കുന്നതിനായി ആയത് സംഭരിച്ച് നൽകിയിട്ടുണ്ട്. നിപ ബാധിതരുമായി സമ്പർക്കത്തിൽ വരുന്നവർക്ക് പ്രതിരോധത്തിനായി ഹ്യൂമൻ മോണോ ക്ലോണൽ ആന്റിബോഡിയും വിദേശത്തുനിന്ന് സംഭരിച്ച് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജപ്പാനിൽനിന്നുള്ള ഫാബിപിഗാമിർ എന്ന മരുന്ന് റിബാവൈറിൻ എന്ന മരുന്നിനോട് സാദൃശ്യമുള്ള മരുന്നായതിനാൽ ജപ്പാനിൽ നിന്നുള്ള മരുന്ന് സംഭരിച്ചിട്ടില്ല. ആസ്ട്രേലിയയിൽനിന്നുള്ള ഹ്യൂമൻ മോണോക്ലോണൽ ആന്റിബോഡിയും സംഭരിച്ചിട്ടുണ്ട്.

**രക്ത പരിശോധനയിൽ സംഭവിച്ച വീഴ്ച**

172(3532) <u>ശ്രീ. റോജി എം. ജോൺ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവർത്തിക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യ.എസ്.-ന്റെ കീഴിലുള്ള എ.സി.ആർ. ലാബിൽ പട്ടം സ്വദേശിനിയുടെ രക്ത പരിശോധനയിൽ ഗുരുതരമായ വീഴ്ച സംഭവിച്ചതായ ആരോപണത്തെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) എ.സി.ആർ. ലാബിലെ ജീവനക്കാരുടെ യോഗ്യതയെക്കുറിച്ച് ഉയർന്നുവന്ന പരാതികൾ ഗൗരവമായി എടുത്തിട്ടുണ്ടോ;

(സി) ജനങ്ങൾക്ക് മികച്ചതും ഗുണനിലവാരമുള്ള പരിശോധന ഉറപ്പ് വരുത്തുവാൻ ബാദ്ധ്യസ്ഥവുമായ ഇത്തരം സ്ഥാപനങ്ങളിലുണ്ടാകുന്ന ചെറിയ പാളിച്ചകൾപോലും സമൂഹത്തിൽ വലിയ ചർച്ചയാകുമെന്നതിനാൽ ഇക്കാര്യത്തിൽ ഗൗരവമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമ?

<u>ഉത്തരം</u>

(എ) അന്വേഷിച്ചിട്ടുണ്ട്.

(ബി) ഗൗരവമായി എടുത്തിട്ടുണ്ട്. ബി.എസ്.സി., എം.എൽ.റ്റി./ ഡി.എം.എൽ.റ്റി. യോഗ്യതയുള്ള പാരാമെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ യോഗ്യതയുള്ള ലാബ് ടെക്നീഷ്യന്മാരാണ് എ.സി.ആർ. ലാബുകളിൽ സേവനമനുഷ്ഠിക്കുന്നത്. യോഗ്യത സംബന്ധിച്ച് കർശനമായ മാനദണ്ഡങ്ങൾ പാലിച്ചാണ് നിയമനങ്ങൾ നടത്തിവരുന്നത്.

(സി) 12-5-2018-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എ.സി.ആർ. ലാബിൽ രക്ത ഗ്രൂപ്പ് നിർണ്ണയ പരിശോധനയ്ക്കായി എത്തിയ ശ്രീമതി ലിസമ്മ വർഗ്ഗീസ് എന്ന വ്യക്തിയുടെ രക്ത പരിശോധനയിൽ വീഴ്ച സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് സംബന്ധിച്ച് അടിയന്തര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ തിരുവനന്തപുരം മെഡിക്കൽ കോളേജ് എ.സി.ആർ. ലാബ് സയന്റിഫിക് ഓഫീസറെ ചുമതലപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം ഹെമറ്റോളജി ഡിവിഷനിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ശ്രീമതി അഞ്ജന. സി. എം., ലാബ് ടെക്നീഷ്യൻ, ശ്രീമതി നിഷ. എൽ. എസ്., ലാബ് ടെക്നീഷ്യൻ ട്രെയിനി, ശ്രീമതി അഖില. റ്റി., ലാബ് ടെക്നീഷ്യൻ ട്രെയിനി എന്നിവരെ വിശദമായ അന്വേഷണത്തിന്റെ ഭാഗമായി ജോലിയിൽനിന്നും മാറ്റിനിർത്തി തുടരന്വേഷണം നടത്തി. അന്വേഷണത്തിന്റെ വെളിച്ചത്തിൽ ശ്രീമതി അഖില. റ്റി, ലാബ് ടെക്നീഷ്യൻ ട്രെയിനിയുടെ ഭാഗത്തുനിന്നും കൃത്യവിലോപമുള്ളതായി വ്യക്തമായതിനെത്തുടർന്ന് ടിയാളെ ജോലിയിൽനിന്നും നീക്കംചെയ്തിട്ടുണ്ട്. കൂടാതെ ശ്രീമതി അഞ്ജന സി. എം., ലാബ് ടെക്നീഷ്യനെ താക്കീത് നൽകി സ്ഥലംമാറ്റി നിയമിച്ചും സസ്പെൻഷൻ കാലയളവിലെ ശമ്പളത്തിന് അർഹതയില്ലാതെയും ഉത്തരവായിട്ടുണ്ട്. ശ്രീമതി നിഷ. എൽ. എസ്., ലാബ് ടെക്നീഷ്യൻ ട്രെയിനിയെ കൃത്യവിലോപം ഇല്ലാത്തതിനാൽ ജോലിയിൽ പുനഃപ്രവേശിപ്പിച്ചിട്ടുണ്ട്.

**നിപയുടെ രണ്ടാംഘട്ടം**

173(3533) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപയുടെ രണ്ടാംഘട്ട ബാധ സംസ്ഥാനത്ത് ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വ്യാപനം തടയുന്നതിന് എന്തൊക്കെ പ്രതിരോധ ജാഗ്രതയാണ് വകുപ്പ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) നിപയുടെ രണ്ടാംഘട്ട ബാധമൂലം സമൂഹത്തിലുണ്ടായിട്ടുള്ള ഭയവും ആശങ്കയും ദൂരീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിലെ എത്ര പേർ നിരീക്ഷണത്തിലാണ്; എത്രപേർ രോഗലക്ഷണങ്ങളോടെ നിലവിൽ ചികിത്സയിലുണ്ട്;

(ഡി) വിദേശത്തുനിന്നും നിപ ചികിത്സയ്ക്കായി എത്തിച്ച മരുന്ന് ഉപയോഗിച്ചിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കണ്ടെത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) കോഴിക്കോട് ജില്ലയിൽ 19-6-2018 തീയതി വരെ 294 പേർ നിരീക്ഷണത്തിലാണ്. രോഗലക്ഷണങ്ങളോടെ ആരും ചികിത്സയിലില്ല. മലപ്പുറം ജില്ലയിൽ 18-6-2018 തീയതി വരെ 237 പേർ നിരീക്ഷണത്തിലാണ്. രോഗലക്ഷണങ്ങളോടെ ആരും ചികിത്സയിലില്ല. വയനാട് ജില്ലയിൽ ആരുംതന്നെ നിരീക്ഷണത്തിലോ ചികിത്സയിലോ ഇല്ല.

(ഡി) ജപ്പാനിൽ നിന്നുള്ള 'ഹാബിപിറാവിർ' എന്ന മരുന്ന് 'റിബാവൈറിൻ' എന്ന മരുന്നിനോട് സാദൃശ്യമുള്ള മരുന്നുതന്നെയാകയാലും രോഗികൾ 'റിബാവൈറിൻ' മരുന്നിനോട് നല്ലവണ്ണം പ്രതികരിക്കുന്നതിനാലും ജപ്പാനിൽ നിന്നുള്ള മരുന്ന് സംഭരിച്ചിട്ടില്ല. ഓസ്ട്രേലിയയിൽനിന്നുള്ള 'ഹ്യൂമൻ മോണോ ക്ലോണൽ ആന്റി ബോഡിയും' സംഭരിച്ചിട്ടുണ്ട്.

**എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ**

174(3534) ശ്രീ. വി. ജോയി :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിശകലനം ചെയ്യാറുണ്ടോ;

(ബി) എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിന് മറ്റു വകുപ്പുകളുമായി ചേർന്ന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) രക്തബാങ്കുകളുടെ സുരക്ഷിതത്വവും ഗുണനിലവാരവും ഉറപ്പു വരുത്തുന്നതിനായി എയ്ഡ്സ് കൺട്രോൾ സൊസൈറ്റി എന്തെല്ലാം പരിശോധനകൾ നടത്തി വരുന്നുണ്ട് ;

(ഡി) എച്ച്.ഐ.വി. /എയ്ഡ്സ് ബോധവൽക്കരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ഇ) എച്ച്.ഐ.വി. അണുബാധിതരെ വരുമാന പരിധി അടിസ്ഥാനമാക്കാതെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) ഉണ്ട്.

(ബി) എച്ച്.ഐ.വി. പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനായി കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി, സാമൂഹ്യനീതി, തദ്ദേശസ്വയംഭരണം, തൊഴിൽ, വ്യവസായം, വിനോദസഞ്ചാരം, പോലീസ് തുടങ്ങിയ വിവിധ വകുപ്പുകളുമായി ചേർന്ന് ബോധവൽക്കരണ ക്ലാസുകൾ, പരിശീലനങ്ങൾ, ദിനാചരണങ്ങൾ എന്നിവ നടത്തിവരുന്നുണ്ട്. മേൽ സൂചിപ്പിച്ച വകുപ്പുകളെല്ലാംതന്നെ എച്ച്.ഐ.വി. ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അതത് വകുപ്പുകളിലെ ഒരുദ്യോഗസ്ഥനെ നോഡൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. വിവിധ വകുപ്പുകൾ എച്ച്.ഐ.വി. പ്രതിരോധത്തിനായി കർമ്മപരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(സി) 1945-ലെ ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക് ആക്ടിലെ വ്യവസ്ഥകൾ പ്രകാരവും നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരവുമാണ് സംസ്ഥാനത്തിലെ അംഗീകൃത രക്തബാങ്കുകൾ പ്രവർത്തിക്കുന്നത്. രക്തബാങ്കുകളുടെ സുരക്ഷിതത്വവും ഗുണനിലവാരവും ഉയർത്തുന്നതിനായി സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ചെയ്തുവരുന്നു:

1. ബ്ലഡ് ബാങ്കുകൾക്ക് ലൈസൻസ് പുതിയതായി അനുവദിക്കുന്നതിനും നിലവിലുള്ള ലൈസൻസ് പുതുക്കുന്നതിനും മുന്നോടിയായി ബ്ലഡ് ബാങ്ക് പരിശോധിച്ച് ഡ്രഗ്സ് ആൻഡ് കോസ്മെറ്റിക് ആക്ടിലെ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടോയെന്ന് ഉറപ്പുവരുത്തുകയും തൃപ്തികരമാണെങ്കിൽ എൻ.ഒ.സി. നൽകുകയും ചെയ്യുന്നു.

2. സർക്കാർ രക്തബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും രക്തബാങ്കുകളെ രക്തഘടക വേർതിരിക്കൽ യൂണിറ്റുകളാക്കി മാറ്റുന്നതിനും ആവശ്യമായ ഉപകരണങ്ങൾ, ബ്ലഡ് ബാഗുകൾ, കിറ്റുകൾ മുതലായവ വാങ്ങുന്നതിനാവശ്യമായ ഫണ്ട് അതത് വർഷം സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിതത്തിലൂടെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. സംസ്ഥാനത്തെ രക്തബാങ്കുകളിൽ സുരക്ഷിതമായ രക്തം ഉറപ്പുവരുത്തുന്നതിലേയ്ക്ക് 100% രക്തവും സന്നദ്ധരക്തദാനത്തിലൂടെ ശേഖരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ രക്തബാങ്കുകൾക്കും നൽകിയിട്ടുണ്ട്. കൂടാതെ സന്നദ്ധരക്തദാനം പ്രോത്സാഹിപ്പിക്ക

ന്നതിലേയ്ക്കായി സംസ്ഥാനമൊട്ടാകെ വിവിധ ബോധവൽക്കരണ പരിപാടികളും പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. സന്നദ്ധരക്തദാന ക്യാമ്പിന്റെ നടത്തിപ്പിലേയ്ക്കും രക്തദാതാക്കൾക്കുള്ള ലഘുഭക്ഷണത്തിനും ആവശ്യമായിവരുന്ന തുക നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെ ഫണ്ടിൽനിന്നും രക്തബാങ്കുകൾക്ക് ലഭ്യമാക്കുന്നു. കൂടാതെ സന്നദ്ധരക്തദാനം നടത്തുന്ന വ്യക്തികൾക്കും സംഘടനകൾക്കും പ്രോത്സാഹനമായി എല്ലാ വർഷവും അവാർഡുകളും നൽകിവരുന്നു.

4. രക്തബാങ്കിലെത്തുന്ന രക്തദാതാക്കളെ കൗൺസിലിംഗ് ചെയ്യുന്നതിലേയ്ക്ക് സംസ്ഥാനത്തെ രക്തബാങ്കുകളിൽ 31 കൗൺസിലർമാരെ സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി നിയമിച്ചിട്ടുണ്ട്. രക്തദാതാക്കൾക്ക് കൗൺസിലിംഗ് നൽകുന്നതിലൂടെ high risk ഗ്രൂപ്പിൽപ്പെടുന്ന ആളുകളെ (ലൈംഗിക തൊഴിലാളികൾ, സ്വവർഗ്ഗരതിക്കാർ, മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ മുതലായവർ) രക്തദാനത്തിൽ പിന്തിരിപ്പിക്കാൻ സാധിക്കുന്നു.

5. രക്തദാനത്തിലൂടെ സംഭരിക്കുന്ന രക്തത്തിൽ എച്ച്.ഐ.വി., സിഫിലിസ്, മലേറിയ, ഹെപ്പറ്റൈറ്റിസ്-ബി, ഹെപ്പറ്റൈറ്റിസ്-സി തുടങ്ങിയവ ഇല്ലായെന്ന് ഉറപ്പുവരുത്തുന്നതിനുള്ള അഞ്ച് പരിശോധനകൾ നടത്തുന്നുവെന്ന് ഉറപ്പാക്കുന്നു.

6. രക്തബാങ്കുകളിൽ മെഡിക്കൽ ഓഫീസർമാർ, സ്റ്റാഫ് നഴ്സുമാർ, ടെക്നീഷ്യൻമാർ, കൗൺസിലർമാർ തുടങ്ങിയവർക്ക് കാലോചിതമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.

7. സംസ്ഥാനത്തിലെ എല്ലാ രക്തബാങ്കുകളിലും 2017-ൽ ലോകാരോഗ്യ സംഘടനയുടെ ഉദ്യോഗസ്ഥരും സംസ്ഥാന ആരോഗ്യ വകുപ്പുദ്യോഗസ്ഥരും സംയുക്തമായി ഒരു പഠനം നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ രക്തബാങ്കുകൾക്കുമായി ഒരു പൊതുമാർഗ്ഗനിർദ്ദേശം രൂപപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) എച്ച്.ഐ.വി. എയ്ഡ്സ് മേഖലയിൽ കേരളത്തിൽ ബോധവത്കരണ-പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയാണ്. പൊതുസമൂഹത്തെ ഉദ്ദേശിച്ചുള്ള പ്രവർത്തനങ്ങൾ കൂടാതെ എച്ച്.ഐ.വി. അണുബാധ പിടിപെടാൻ കൂടുതൽ സാധ്യതയുള്ള വിഭാഗങ്ങൾക്കിടയിൽ പ്രത്യേക പ്രവർത്തനങ്ങളും നടത്തുന്നുണ്ട്. കൂടാതെ എച്ച്.ഐ.വി. അണുബാധിതരോടുള്ള സാമൂഹ്യനിന്ദയും

വിവേചനവും ഇല്ലാതാക്കുന്നതിനുള്ള വിപുലമായ പ്രവർത്തനങ്ങളും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി ഏറ്റെടുത്ത് നടത്തുന്നുണ്ട്. എച്ച്.ഐ.വി. പ്രതിരോധത്തിനും എച്ച്.ഐ.വി. ബാധിതരോടുള്ള സാമൂഹ്യനിന്ദ ഇല്ലാതാക്കുന്നതിനുമായി ടെലിവിഷൻ, റേഡിയോ, സാമൂഹ്യ മാധ്യമങ്ങൾ, ബസ്സ് ബ്രാൻഡിംഗ്, ചുവരെഴുത്തുകൾ, ഹോർഡിങ്ങുകൾ തുടങ്ങിയ വിവിധ മാധ്യമങ്ങളിൽക്കൂടിയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും വിവിധ ദിനാചരണങ്ങളും നടത്തിവരുന്നു. കൂടാതെ കലാലയങ്ങളിൽ റെഡ് റിബൺ ക്ലബ്ബുകൾ രൂപീകരിച്ച് വിദ്യാർത്ഥികളുടെ ഇടയിൽ എച്ച്.ഐ.വി.യെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നു.

(ഇ) ഉണ്ട്. 5-8-2016-ലെ സ.ഉ. (സാധാ.) നമ്പർ 972/16/ തൊഴിൽ എന്ന സർക്കാർ ഉത്തരവ് പ്രകാരം എച്ച്.ഐ.വി. അണുബാധിതരെ പ്രത്യേക വിഭാഗത്തിൽ ഉൾപ്പെടുത്തി 'ചിസ് ' (ആരോഗ്യ ഇൻഷ്വറൻസ്) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പകർച്ചവ്യാധികൾ നിയന്ത്രിക്കാൻ സംവിധാനം

175(3535) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഴക്കാലം ആരംഭിച്ചതോടെ സംസ്ഥാനത്ത് പടർന്ന് പിടിക്കാൻ സാധ്യതയുള്ള പകർച്ച വ്യാധികൾ നിയന്ത്രിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി 'ആരോഗ്യ ജാഗ്രത' എന്ന പേരിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന ഒരു പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടിയാണ് 2018 ജനുവരി 1 മുതൽ ആരംഭിച്ചിരിക്കുന്നത്. ആർദ്രം മിഷന്റെ പ്രവർത്തനങ്ങളുമായി സഹകരിച്ച് ജനങ്ങളും സന്നദ്ധ സംഘടനകളും ആരോഗ്യ പ്രവർത്തകരും ആരോഗ്യ ജാഗ്രതയോടൊപ്പം പ്രതിദിനം പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകവഴി പകർച്ചവ്യാധികൾ ഫലപ്രദമായി പ്രതിരോധിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

ആരോഗ്യ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരോഗ്യ കർമ്മസേന സംസ്ഥാനത്തെ എല്ലാ വീടുകളും സന്ദർശിച്ച് രോഗപ്രതിരോധ അവസ്ഥാ നിർണ്ണയം നടത്തുകയും ജനങ്ങളെ പകർച്ചവ്യാധികൾക്കെതിരെ ബോധവൽക്കരിക്കുകയും ചെയ്തുവരുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം, കുടിവെള്ള സുരക്ഷിതത്വം, കൊതുകുറവിട നശീകരണം തുടങ്ങി ജനപങ്കാളിത്തം ആവശ്യമായ വിവിധങ്ങളായ രോഗപ്രതിരോധ ബോധവൽക്കരണം ജനങ്ങൾക്ക് നൽകിവരുന്നു.

പഞ്ചായത്തുകളിൽ ഗ്രാമസഭകൾ നടത്തുകയും വാർഡുതല ആരോഗ്യ ശുചിത്വ കർമ്മസേനാഗംങ്ങൾ വീടുകളും സ്ഥാപനങ്ങളും പൊതുസ്ഥലങ്ങളും സന്ദർശിച്ച് ശുചിത്വ മാപ്പിംഗ് നടത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, പി.ആർ.ഡി., ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ, കുടുംബശ്രീ എന്നിവയുടെ ഉത്തരവാദിത്വത്തിൽ ആരോഗ്യ ജാഗ്രതാ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയവയിൽ സമ്പൂർണ്ണ ശുചീകരണം നടത്തിവരുന്നു.

കൂടാതെ പകർച്ചവ്യാധികളുണ്ടാകുന്നത് നേരത്തെതന്നെ കണ്ടു പിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമായി രോഗനിരീക്ഷണവും കൊതുക് നിവാരണ മാർഗ്ഗങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ അതത് സമയങ്ങളിൽ ജില്ലാ സംസ്ഥാനതല നടപടികൾ സ്വീകരിച്ചുവരുന്നു. കൊതുക് സാന്ദ്രത കൂടുതലുള്ള പ്രദേശങ്ങളിലും ഡെങ്കിപ്പനി റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിലും കൊതുകിന്റെ ഉറവിട നശീകരണം, വീടിനുള്ളിൽ കീടനാശിനി തളിക്കുക (ഐ.എസ്.എസ്.), വീടിനുപുറത്ത് കീടനാശിനി പുകയ്ക്കൽ (ഫോഗിംഗ്), കൂത്താടി നശീകരണത്തിനുള്ള സ്പ്രേയിംഗ് എന്നിവ ചെയ്തുവരുന്നുണ്ട്. ആരോഗ്യ പ്രവർത്തകർക്കാവശ്യമായ കൈപുസ്തകങ്ങൾ, പൊതുജനങ്ങൾ ക്കാവശ്യമായ ലഘുലേഖകൾ തുടങ്ങിയവ തയ്യാറാക്കി വിതരണം ചെയ്തിട്ടുണ്ട്. മരുന്നുകളും ടെസ്റ്റ് കിറ്റുകളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

**ഡയാലിസിസ് കേന്ദ്രങ്ങൾ**

176(3536) <u>ശ്രീ. ടി. വി. ഇബ്രാഹിം :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പ്രൈമറി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ;

(സി) സന്നദ്ധ സംഘടനകൾക്ക് സ്വന്തം ചെലവിൽ സി.എച്ച്.സി./ പി.എച്ച്.സി.-യിലെ അടിസ്ഥാന സൗകര്യം ഉപയോഗപ്പെടുത്തി ഡയാലിസിസ് കേന്ദ്രം തുടങ്ങാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ;

(ഡി) ഇത്തരത്തിൽ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ സി.എച്ച്.സി./പി.എച്ച്.സി.-കളിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടിക്രമം അറിയിക്കാമോ;

(ഇ) മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പി.എച്ച്.സി.-യിൽ ഇത്തരത്തിൽ ഒരു ഡയാലിസിസ് കേന്ദ്രം തുടങ്ങുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭിച്ചിരുന്നോ; ഇതിൽ കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വിശദവിവരം ചുവടെ ചേർക്കുന്നു:

1. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചാലിശ്ശേരി - 4 മെഷീൻ (ലഭ്യമാണ്)
2. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൊണ്ടോട്ടി - 16 മെഷീൻ (ലഭ്യമാണ്)
3. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, മറാഞ്ചേരി - 6 മെഷീൻ (ലഭ്യമാണ്)
4. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ചുങ്കത്തറ - 9 മെഷീൻ (ലഭ്യമാണ്)
5. പ്രൈമറി ഹെൽത്ത് സെന്റർ, ഈരാറ്റുപേട്ട - 4 മെഷീൻ (പ്രവർത്തിക്കുന്നില്ല).

(ബി) താലൂക്കാശുപത്രി തലംവരെ മാത്രമേ ഡയാലിസിസ് സെന്ററുകൾ തുടങ്ങാനുദ്ദേശിക്കുന്നുള്ളൂ.

(സി & ഡി) ഇതുസംബന്ധിച്ച യാതൊരു അപേക്ഷകളും സർക്കാരിൽ ലഭ്യമായിട്ടില്ല.

(ഇ) പൂക്കോട്ടൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഡയാലിസിസ് യൂണിറ്റ് അനുവദിക്കണമെന്ന് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഇത് പ്രായോഗിക മല്ലാത്തതിനാൽ ഇക്കാര്യം സർക്കാർ പരിഗണിച്ചിട്ടില്ല.

**മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തീർപ്പാക്കുന്നതിൽ കാലതാമസം**

177(3537) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മേയ് 30 വരെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ എത്ര അപേക്ഷകൾ ആരോഗ്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ;എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഈ സ്ഥിതി പരിഹരിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; തീർപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് വിശദവിവരം നൽകുമോ?

ഉത്തരം

(എ) കൃത്യമായ കണക്ക് ലഭ്യമല്ല.

(ബി&സി) മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിച്ച് അനുവദനീയമായ തുക തിട്ടപ്പെടുത്തുന്നതിന് അപേക്ഷകളുടെ ബാഹുല്യം മൂലമുണ്ടാകുന്ന കാലതാമസ്സമാണ് മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് അപേക്ഷകൾ തീർപ്പാക്കാൻ കാലതാമസം നേരിടുന്നതിന് കാരണം. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി 6-10-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 145/2017/ ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം ഗവൺമെന്റ് ആശുപത്രികളിലെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളിൽ 50,000 രൂപവരെയുള്ളവ ജില്ലാതല മേധാവികൾക്കും 50,000 രൂപ മുതൽ 2,00,000 രൂപ വരെയുള്ളവ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെ പരിശോധനയ്ക്കുശേഷം ജില്ലാതല മേധാവികൾക്കും 2,00,000 രൂപയ്ക്ക് മുകളിലുള്ളവ ആരോഗ്യ വകുപ്പ് ഡയറക്ടർ/ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടറുടെ പരിശോധനയ്ക്കുശേഷം വകുപ്പ് തലവൻമാർക്കും തീരുമാനം കൈക്കൊള്ളാൻ അനുവാദം നൽകിയിട്ടുണ്ട്.

കൂടാതെ Authorized Medical Attendant-ന്റെ ശിപാർശയില്ലാതെ തന്നെ സ്വകാര്യ ആശുപത്രികളിൽ നടത്തിയ അടിയന്തര ചികിത്സ ആവശ്യമായ ചില രോഗങ്ങളുടെ ചികിത്സയുമായി ബന്ധപ്പെട്ട മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അപേക്ഷകൾ ആരോഗ്യവകുപ്പിന്റെ പ്രത്യേകാനുമതിയില്ലാതെ തന്നെ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തീർപ്പാക്കാൻ 15-12-2017-ലെ സ.ഉ. (കൈ) 184/17/ ആ.കു.വ. ഉത്തരവ് പ്രകാരം ഭരണ വകുപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ ഡെങ്കിപ്പനി**

178(3538) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ ഡെങ്കിപ്പനി പടരുന്നത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

ഉത്തരം

മഴക്കാല രോഗങ്ങൾ പടരാതിരിക്കാൻ ആരോഗ്യ വകുപ്പ് ഫീൽഡുതല പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കിയിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണത്തിന്റെ ഭാഗമായി ജില്ലയിലെ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വാർഡുതല ആരോഗ്യ ശുചിത്വ സമിതിയുടെ യോഗം ചേരുകയും പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തുകയും തുടർ പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരുകയും ചെയ്യുന്നു. ഫീൽഡുതല ആരോഗ്യ പ്രവർത്തകർ വീടുകൾതോറും കയറി ആരോഗ്യ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ആരോഗ്യ ജാഗ്രതയുടെ ഭാഗമായി ഓരോ വാർഡുകളിലും ആരോഗ്യ സ്ക്വാഡ് രൂപീകരിക്കുകയും ബോധവൽക്കരണ പ്രവർത്തനങ്ങളും കൊതുക്/കൂത്താടി നശീകരണ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഹെൽത്തി കേരളയുടെ ഭാഗമായി ജില്ലയിലെ സ്കൂളുകൾ തുറക്കുന്നതിന് മുമ്പുതന്നെ അവയുടെ ശുചിത്വം ഉറപ്പുവരുത്തിയിട്ടുണ്ട്. ജലജന്യരോഗങ്ങൾ തടയുന്നതിന്റെ ഭാഗമായി കിണറുകൾ ക്ലോറിനേറ്റ് ചെയ്തു. പഞ്ചായത്തുകളിൽ ശുചിത്വ ഹർത്താലുകൾ നടത്തുകയും മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. IV M Activities ജില്ലയിൽ നടത്തിവരുന്നു. Dry container/Key Container Elimination campaign move to plantation campaign എന്നിവ ജില്ലയിൽ നടത്തുകയും ചെയ്തു. സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ/താലൂക്ക് ആശുപത്രി/ജനറൽ ആശുപത്രി/ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ പനി ക്ലിനിക്കുകളും പനിവാർഡുകളും തുടങ്ങുകയും പനിയുമായി വരുന്ന രോഗികൾക്കായി പ്രത്യേകം ക്യൂ സംവിധാനം ഏർപ്പെടുത്തി ഡെങ്കിപ്പനി ബാധിച്ച് ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന രോഗികളെ കൊതുകുവലയുടെ സംരക്ഷണം ഉപയോഗിച്ച് മറ്റ് രോഗികളിലേയ്ക്ക് അസുഖം പടരാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഡെങ്കിപ്പനി കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിൽ ഫോഗിംഗ്, സ്പ്രേയിംഗ്, internsive Source rduction activities, ISS എന്നിവ നടത്തിയിട്ടുണ്ട്. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിന്റെ സഹായത്തോടുകൂടി കൊതുക് സാന്ദ്രതാ പഠനങ്ങൾ നടത്തുകയും സാന്ദ്രത കൂടിയ പ്രദേശങ്ങളിൽ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. തീരദേശ പ്രദേശങ്ങളിൽ ഗപ്പി മത്സ്യങ്ങളെ നിക്ഷേപിച്ചു. കുടുംബശ്രീ, ആശാപ്രവർത്തകർ, ആരോഗ്യസേന, അങ്കണവാടി വർക്കർമാർ, പുരുഷ സ്വയംസഹായ സംഘങ്ങൾ വഴി ഫീൽഡുതല പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തി ബിറ്റ് നോട്ടീസ് വിതരണം നടത്തിയിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റ്, പ്രത്യേക ഗ്രാമസഭകൾ എന്നിവ സംഘടിപ്പിച്ചു. ജാഗ്രതോത്സവത്തിന്റെ ഭാഗമായി പഞ്ചായത്ത്/ജില്ലാ/ബ്ലോക്ക് തലങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തി.

4-1-2018-ന് കാഞ്ഞങ്ങാട് ഐ.എം.എ. ഹാളിൽ വച്ചുനടന്ന ആരോഗ്യ ജാഗ്രത കാസർഗോഡ് ജില്ലാതല ഉദ്ഘാടനം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നിർവ്വഹിച്ചു. ആരോഗ്യ ജാഗ്രതയുടെ ഭാഗമായി 8-1-2018 -ന് ബൈക്ക് റാലിയും ഡോൾ പ്ലേയും നടത്തി. 10-1-2010-ന് ആരോഗ്യ ജാഗ്രതാ പ്രത്യേക പ്രദർശനമേളയും 17-1-2018-ന് എൽ.എസ്.ജി.ഡി. മെമ്പർമാർക്ക് വിർച്വൽ ട്രെയിനിംഗും സംഘടിപ്പിച്ചു.

ഇന്റഗ്രേറ്റഡ് വെക്ടർ മാനേജ്മെന്റ് പ്രവർത്തനങ്ങൾ 15-2-2018 മുതൽ 23-2-2018 വരെ ജില്ലയിലെ മുഴുവൻ പ്രദേശങ്ങളിലും പ്രത്യേകിച്ച് ഹൈ റിസ്ക് പഞ്ചായത്തുകളിൽ നടത്തി. ജില്ലയിലെ ആരോഗ്യ സന്ദേശയാത്രയുടെ ജില്ലാതല ഉദ്ഘാടനം 22-2-2018-ന് ബഹുമാനപ്പെട്ട കാസർഗോഡ് എം.എൽ.എ. ശ്രീ. എൻ. എ. നെല്ലിക്കുന്ന് നിർവ്വഹിച്ചു.

2-3-2018-ന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി ജില്ലാതല കോഡിനേഷൻ കമ്മിറ്റി മീറ്റിംഗ് നടന്നു. 17-3-2018-ന് ജില്ലയിലെ എല്ലാ സർക്കാർ ആശുപത്രികളിലും സ്ഥാപനങ്ങളിലും ശുചീകരണ പ്രവർത്തനങ്ങൾ നടത്തി പ്രതിദിനം പ്രതിരോധം, സെയ്ഫ് വാട്ടർ ക്യാമ്പയിൻ ജില്ലയിൽ 22-3-2018 മുതൽ 15-4-2018 വരെ സംഘടിപ്പിച്ചു. 21-4-2018-ന് ഹെൽത്തി കേരളയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും താമസസ്ഥലങ്ങളിലും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. 21-4-2018 മുതൽ 23-4-2018 വരെ മൂവ് ടു പ്ലാന്റേഷൻ ക്യാമ്പയിൻ നടത്തി. മലമ്പനി നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി 2-5-2018-ന് കാസർഗോഡ് കളക്ടറേറ്റിൽ ജില്ലാതല വർക്ക്ഷോപ്പ് നടന്നു. 5-5-2018-ന് ജില്ലാതല അവലോകനയോഗം ചേർന്നു. 14-5-2018-ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് വ്യാപാര ഭവനിൽ ഡെങ്കിപ്പനി നിയന്ത്രണത്തിന്റെ ഭാഗമായുള്ള അവലോകനയോഗം ചേരുകയും തുടർപ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു.

ദേശീയ ഡെങ്കിപ്പനി ദിനാചരണത്തിന്റെ ഭാഗമായി 16.05.2018-ന് കാസർഗോഡ് കളക്ടറേറ്റിൽ ജില്ലാതല വർക്ക്ഷോപ്പ് നടന്നു. ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനായി പെരിയ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നു.

ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുവേണ്ടി 23-5-2018-ന് കാസർഗോഡ് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ അവലോകന യോഗം ചേർന്നു. ജില്ലാ കളക്ടറുടെയും ജില്ലാ മെഡിക്കൽ ഓഫീസറുടെയും നേതൃത്വത്തിൽ എല്ലാ ബ്ലോക്കുകളിലും പകർച്ചപ്പനി നിയന്ത്രണ പരിപാടികളുടെ അവലോകന യോഗങ്ങൾ നടത്തി. ജില്ലാ മെഡിക്കൽ ഓഫീസറുടെയും ജില്ലാ സർവൈലൻസ് ഓഫീസറുടെയും മേൽനോട്ടത്തിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഇപ്പോഴും നടന്നുവരുന്നു.

## ആശുപത്രികളെ എയിംസ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി

179(3539) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം, വയനാട് മെഡിക്കൽ കോളേജുകൾ അടക്കമുള്ള അഞ്ച് ആശുപത്രികകളെ എയിംസ് നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണ്; കിഫ്ബിയിൽ നിന്ന് ഇതിനായി എന്തെങ്കിലും തുക അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിന്റെയും വയനാട് സർക്കാർ മെഡിക്കൽ കോളേജിന്റെയും വികസന പ്രവർത്തനങ്ങൾക്കായി യഥാക്രമം 7,17,29,00,000, 6,25,38,52,931 രൂപയുടെയും ചിറയിൻകീഴ് താലൂക്ക് ഹോസ്പിറ്റലിന്റെ ഹോസ്പിറ്റൽ ബ്ലോക്ക് നിർമ്മാണത്തിനായി 70,72,00,000 രൂപയുടെയും കോട്ടയം ജനറൽ ഹോസ്പിറ്റലിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 2,19,90,00,000 രൂപയുടെയും മാവേലിക്കര ജില്ലാ ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ നിർമ്മാണ പ്രവൃത്തികൾക്കായി 1,26,55,00,000 രൂപയുടെയും ഭരണാനുമതി നൽകുകയും ഈ പ്രോജക്ടുകളുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കളായി നിയമിച്ചിട്ടുള്ള INKEL ലിമിറ്റഡിനെ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പിലാക്കുന്നത്.

**സർക്കാർ ആശുപത്രികളിലെ നേത്രചികിത്സ**

180(3540) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമേഹംമൂലമുള്ള അന്ധത വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ അന്ധത പരിശോധിക്കുന്നതിനും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നേത്ര ചികിത്സയ്ക്കും സംവിധാനം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത സംവിധാനം ഒരുക്കിയിട്ടുള്ളത്; ഇതിനായി ഒപ്റ്റോമെട്രിസ്റ്റുകളുടെ എത്ര തസ്തിക പുതിയതായി സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ മെഡിക്കൽ കോളേജുകളിലും ഡയബറ്റിക് റെറ്റിനോപ്പതിക്കുള്ള ചികിത്സ ലഭ്യമാണ്. ഡയബറ്റിക് റെറ്റിനോപ്പതിക്കുള്ള ചികിത്സയ്ക്കായി സംസ്ഥാനത്ത് തിരുവനന്തപുരം ജനറൽ ആശുപത്രി, ചിറയിൻകീഴ് താലൂക്ക് ആസ്ഥാന ആശുപത്രി, നെയ്യാറ്റിൻകര ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് ആസ്ഥാന ആശുപത്രി, കോട്ടയം ജനറൽ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ ലേസർ ചികിത്സ ലഭ്യമാക്കാനുള്ള നടപടികൾ നേത്രരോഗ വിദഗ്ദ്ധരുടെ നേതൃത്വത്തിൽ സ്വീകരിച്ചിട്ടുണ്ട്.

പുതുതായി ആർദ്രം പദ്ധതിയിൽ ഡയബറ്റിക് റെറ്റിനോപ്പതി ഉൾപ്പെടുന്ന നേത്ര പരിശോധനകൾക്കായി 7 ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിൽ രണ്ടും എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ ഒന്നും വീതം ഒപ്റ്റോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

**കേരളത്തിന്റെ മരുന്ന് വിപണി**

181(3541) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ മരുന്ന് വിപണി (മോഡേൺ മെഡിസിൻ) എത്ര കോടി രൂപയുടെ വിറ്റുവരവാണ് 2016-17, 2017-18 കാലയളവിൽ നേടിയതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് ദേശീയ വിപണിയുടെ എത്ര ശതമാനമാണെന്ന് അറിയിക്കുമോ;

(സി) കേരളത്തിലെ പ്രതിശീർഷ മരുന്ന് ഉപയോഗം 2016-17, 2017-18 കാലയളവിൽ എത്ര രൂപയുടേതാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ മരുന്നുകളുടെ വിറ്റുവരവ് സംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങളൊന്നും നാളിതുവരെ നടത്തിയിട്ടില്ല. ആയതിനാൽ കൃത്യമായ കണക്ക് ലഭ്യമല്ല.

## പൊതുജനാരോഗ്യ കേഡർ

182(3542) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനാരോഗ്യ കേഡർ രൂപീകരിക്കുന്ന നടപടികൾ ഏത് ഘട്ടംവരെ ആയെന്ന് വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നാളിതുവരെ സർക്കാർ ഉത്തരവുകൾ പുറത്തിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) പൊതുജനാരോഗ്യ കേഡർ രൂപീകരിക്കുന്ന നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

(ബി) ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറത്തിറക്കിയിട്ടില്ല.

## ആശാ വർക്കർമാരുടെ വേതനം

183(3543) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന് കീഴിൽ ത്രിതല പഞ്ചായത്തുകളിലെ വാർഡുകൾ കേന്ദ്രീകരിച്ച് ആരോഗ്യ സംരക്ഷണ പ്രവർത്തനം നടത്തുന്ന ആശ വർക്കർമാരുടെ വേതനം വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) വർദ്ധിപ്പിച്ച വേതനം ഇതുവരെ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വർദ്ധിപ്പിച്ച വേതനം ലഭ്യമാക്കാനുള്ള നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം കൊടുക്കാമോ?

ഉത്തരം

(എ -സി) ആശാവർക്കർമാർക്ക് നൽകിവരുന്ന ഓണറേറിയം 2015-16-ൽ 1000 രൂപയായിരുന്നു. 2016-17-ൽ 1500 രൂപയായിരുന്നു. 2017-18-ൽ ഇത് 2,000 രൂപയായും ഉയർത്തി ഏപ്രിൽ 2017 പ്രാബല്യത്തോടെ നൽകിവരുന്നു. 2018-19 ബഡ്ജറ്റിൽ 2,000 രൂപ വർദ്ധിപ്പിക്കുന്നതായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതോടെ ഓണറേറിയം 4,000 രൂപയായി ഉയരും. ഇതുകൂടാതെ ഇൻസെന്റീവ് അടിസ്ഥാനത്തിൽ വേതനം വർദ്ധിപ്പിക്കുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ദേശീയ ആരോഗ്യ ദൗത്യം പദ്ധതി**

184(3544) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യത്തിനും മറ്റു പദ്ധതികൾക്കുമായി എത്ര തുകയാണ് കേന്ദ്രം അനുവദിച്ചത്;

(ബി) 2017-18 വർഷത്തെ പദ്ധതികൾക്കായി സംസ്ഥാന വിഹിതമായി അനുവദിച്ച തുക എത്ര;

(സി) ദേശീയ ആരോഗ്യ ദൗത്യത്തിനും മറ്റ് പദ്ധതികൾക്കുമായി 2017-18 വർഷത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ; ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക ചെലവഴിച്ചതെന്നും ചെലവഴിക്കാത്ത തുക എത്രയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ദേശീയ ആരോഗ്യ ദൗത്യത്തിനും മറ്റ് പദ്ധതികൾക്കുമായി 496.52 കോടി രൂപയാണ് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ളത്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ അനുവദിച്ചതിന് ആനുപാതികമായി 185.03 കോടി രൂപ ദേശീയ ആരോഗ്യ ദൗത്യത്തിന് സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്.

(സി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രവിഹിതം 496.52 കോടി രൂപയിലും സംസ്ഥാന വിഹിതം 185.03 കോടി രൂപയിലും അനുവദിച്ച തുകയും മുൻ വർഷത്തെ നീക്കിയിരുപ്പും ഉൾപ്പെടെ 729.48 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേന്ദ്ര വിഹിതമായി അനുവദിച്ചതിൽ 26.07 കോടി രൂപയും സംസ്ഥാന വിഹിതമായി അനുവദിച്ചതിൽ 80 കോടി രൂപയും ഇനി അനുവദിക്കാനുള്ളത് മാത്രമാണ് ചെലവഴിക്കാൻ ബാക്കിയുള്ളത്. പ്രസ്തുത തുക ഈ വർഷത്തെ തുടർ പദ്ധതികൾക്ക് ഉപയോഗിക്കാൻ കേന്ദ്രസർക്കാരിൽനിന്നും അനുമതി ലഭിച്ചിട്ടുണ്ട്.

## സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

185(3545) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ,കാരുണ്യ അടക്കമുള്ള ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളുമായി ലയിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ദേശീയ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ പിൻബലത്തിലാണോ ഈ സുരക്ഷാ പദ്ധതി പ്രാവർത്തികമാക്കുന്നതെന്ന് വ്യക്തമാക്കുമോ.

(സി) വിവിധ ചികിത്സകളുടെ ചെലവ് കണക്കാക്കുവാനായി ഏതെങ്കിലും സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

### ഉത്തരം

(എ-സി) ദേശീയ ആരോഗ്യ സുരക്ഷ പദ്ധതിയായ പ്രധാനമന്ത്രി രാഷ്ട്രീയ സ്വാസ്ഥ്യ സുരക്ഷ മിഷന്റെ ആനുകൂല്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതിനായി സംസ്ഥാന ഇൻഷ്വറൻസ് പദ്ധതികളായ ചിസ് പ്ലസ്, കാരുണ്യ ബെനവലന്റ് ഫണ്ടോയെന്നിവ ലയിപ്പിച്ച് കാരുണ്യ സുരക്ഷ പദ്ധതി എന്ന പേരിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ തീരുമാനിക്കുകയും ആയതിന്റെ നടപടിക്രമവും ചെലവും തീരുമാനിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ ഡയറക്ടർ ഡോ. ഡി. നാരായണ അദ്ധ്യക്ഷനായി ഒരു ആറംഗ സമിതി 29-5-2018 -ലെ സ.ഉ. (സാധാ.) 1739/2018/ആ.കു.വ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. ടി സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

## നാഷണൽ ഹെൽത്ത് മിഷൻ

186(3546) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷനിൽ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര കോടി രൂപയുടെ നിർമ്മാണ/പുനരുദ്ധാരണ പ്രവൃത്തികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്; ഇവ വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളുടെ നാളിതുവരെയുള്ള നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; പൂർത്തിയാക്കാത്ത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

**ശ്രുതി തരംഗം പദ്ധതി**

187(3547) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ശ്രുതി തരംഗം പദ്ധതി നിലവിലുണ്ടോ; 2011-2016 കാലയളവിൽ എത്ര പേർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചത്;

(ബി) ഈ സർക്കാർ നിലവിൽ വന്ന ശേഷം എത്ര പേർക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിന് ധനസഹായം നൽകി;

(സി) 2011-2016 കാലയളവിൽ കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികളിൽ കേൾവി ശക്തി നിലനിർത്തുവാൻ സഹായിക്കുന്ന പ്രൊസസ്സർ നൽകുന്ന പദ്ധതിയിൽ 2016 മേയ് മാസത്തിന് ശേഷം എത്ര പേർക്ക് ധനസഹായം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2011-2016 കാലയളവിൽ 624 കുട്ടികൾക്ക് പദ്ധതിയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) 208 കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തുന്നതിന് അനുമതി നൽകി.

(സി) 2011-2016 കാലയളവിൽ ശ്രുതിതരംഗം പദ്ധതിയിലൂടെ കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തിയ കുട്ടികൾക്ക് നിലവിൽ പുതിയ പ്രോസ്സർ നൽകേണ്ട ആവശ്യമില്ല. പ്രോസസ്സറിന്റെ വാറണ്ടി കാലാവധി അവസാനിച്ചതിനെത്തുടർന്ന് രണ്ട് വർഷത്തേയ്ക്കുകൂടി എക്സ്റ്റെൻഡഡ് വാറണ്ടി ലഭ്യമാക്കിയിട്ടുണ്ട്. സ്പീച്ച് പ്രോസസ്സർ കേടാകുന്ന കുട്ടികൾക്ക് എക്സ്റ്റെൻഡഡ് വാറണ്ടി മുഖേന ടി പ്രോസസ്സർ നന്നാക്കി ലഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഹൃദ്യം പദ്ധതി

188(3548) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൃദ്രോഗ ബാധിതരായ കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനായി ഹൃദ്യം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എത്ര വയസ് വരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കുട്ടികൾക്ക് ചികിത്സാ സഹായം നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ;എങ്കിൽ വിശദമാക്കുമോ;

(ഡി) ഹൃദ്യം പദ്ധതിക്ക് ദേശീയതലത്തിൽ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി പ്രകാരം 2017 ആഗസ്റ്റ് മാസം മുതൽ 2018 ജൂൺ മാസം 13-ാം തീയതി വരെ 1360 കുട്ടികളെ ഹൃദ്യം പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ 2017 ആഗസ്റ്റ് മാസം മുതൽ 2018 ജൂൺ മാസം 13-ാം തീയതി വരെ 405 കുട്ടികളെ ഹൃദ്യം പദ്ധതിയിൽ സർജറി നടത്തിയിട്ടുണ്ട്.

(ഡി) ഹൃദ്യം പദ്ധതിക്ക് ദേശീയ തലത്തിൽ സ്കോച്ച് സ്വസ്ത് ഭാരത് ഗോൾഡ് അവാർഡും എക്സ്പ്രസ് ഹെൽത്ത് കെയർ അവാർഡും ലഭിച്ചിരുന്നു. ഇന്ത്യയിൽ ഏറ്റവും കാര്യക്ഷമമായി പ്രവർത്തിക്കുന്ന സംസ്ഥാനത്തിന്റെ ആരോഗ്യ പദ്ധതി എന്ന നിലയിലാണ് കേരളത്തിലെ ഹൃദ്യം പദ്ധതിയെ അവാർഡിനായി തെരഞ്ഞെടുത്തത്. ജനനം മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ ഹൃദയ ശസ്ത്രക്രിയകൾ സർക്കാർ, സ്വകാര്യ ആശുപത്രികളിലൂടെ സൗജന്യമായി ചെയ്യാനാകുന്ന പദ്ധതിയാണിത്. ജനനസമയത്ത് സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്ന കുട്ടികൾക്കും ഈ പദ്ധതി വളരെ ആശ്വാസമാണ്.

പ്രതിവർഷം 2,000 കുട്ടികളാണ് സങ്കീർണ്ണമായ ഹൃദ്രോഗങ്ങളുമായി ജനിക്കുന്നത്. അത്യാഹിത സ്വഭാവമുള്ള കേസുകളാണെങ്കിൽ 24 മണിക്കൂറിനകം ശസ്ത്രക്രിയയ്ക്ക് ഒഴിവുള്ള ആശുപത്രിയിൽ കുഞ്ഞിനെ പ്രവേശിപ്പിച്ച് വിദഗ്ധ ചികിത്സ ലഭ്യമാക്കും. രാജ്യത്ത് ആദ്യമായിട്ടാണ് വെബ് രജിസ്ട്രേഷനുപയോഗിച്ച് സൗജന്യ ഹൃദയ ശസ്ത്രക്രിയ സംവിധാനം നടത്തുന്നതെന്ന പ്രത്യേകതയും ഹൃദ്യം പദ്ധതിക്കുണ്ട്.

## ഹെൽത്ത് ടെക്നോളജി അസസ്മെന്റ് ഇൻ ഇന്ത്യ പദ്ധതി

189(3549) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ ആവിഷ്കരിച്ച ഹെൽത്ത് ടെക്നോളജി അസസ്മെന്റ് ഇൻ ഇൻഡ്യ പദ്ധതി (എച്ച്.ടി.എ.എൻ.)അനുസരിച്ച് സംസ്ഥാനത്തിന് ആവശ്യമായ ഉപദേശം നൽകുന്നതിന് ശ്രീചിത്രാ മെഡിക്കൽ സെന്ററിന്റെ കീഴിലുള്ള അച്യുതമേനോൻ സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; സാങ്കേതിക സഹായം ഇതുവഴി ലഭിക്കുമോ;

(ബി) മരുന്നും മെഡിക്കൽ ഉപകരണങ്ങളും നിർമ്മിക്കുന്ന കമ്പനികളുടെ അവകാശവാദം പരിശോധിച്ച് ഉറപ്പാക്കുന്നതിനൊപ്പം അവയ്ക്കുവേണ്ടി വരുന്ന ചെലവുകളും ഗുണദോഷങ്ങളും പഠനവിഷയമാക്കുന്നതിനുവേണ്ടിയുള്ള എന്തെങ്കിലും നടപടികൾ ഈ പദ്ധതി പ്രകാരം നടപ്പാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പുതുചികിത്സകൾ വിലയിരുത്തുന്നതിനുള്ള പട്ടികയിൽ കേരളത്തിൽ നിന്നുള്ള എത്ര സ്ഥാപനങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാരിന്റെ ആരോഗ്യ മന്ത്രാലയത്തിന്റെകീഴിലുള്ള ഹെൽത്ത് റിസർച്ച് ഡിപ്പാർട്ടുമെന്റ് (ഡി.എച്ച്.ആർ.)-ന്റെ ഒരു സംരംഭമാണ് 'ഹെൽത്ത് ടെക്നോളജി അസസ്മെന്റ് ഇന്ത്യ'. ഇതിൽ ഡി.എച്ച്.ആർ.-നുപുറമെ രാജ്യത്തെമ്പാടും തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ റിസോഴ്സ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അതിലൊന്നാണ് അച്യുതമേനോൻ സെന്ററിൽ തുടങ്ങിയിട്ടുള്ളത്. ഈ കേന്ദ്രത്തിന് ഒരു ഉപദേശക സ്വഭാവം മാത്രമാണുള്ളത്. കേരള സർക്കാരിന്റെ ആരോഗ്യ വകുപ്പ് ആവശ്യപ്പെടുന്നതനുസരിച്ച് പഠനങ്ങൾ നടത്താനുള്ള മാൻഡേറ്റ് ഈ കേന്ദ്രത്തിനുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം പല സാങ്കേതികവിദ്യകളുടെയും മരുന്നുകളുടെയും നേട്ടകോട്ട വിശ്ലേഷണം നടന്നുകഴിഞ്ഞു. കൂടുതലും ചണ്ഡിഗഢിലെ പോസ്റ്റ് ഗ്രാജ്യുവേറ്റ് മെഡിക്കൽ സെന്ററിലുള്ള സാങ്കേതിക കേന്ദ്രത്തിലാണ് നടന്നിട്ടുള്ളത്. അച്യുതമേനോൻ സെന്ററിൽ പഠനങ്ങൾ ഉടനെ ആരംഭിക്കും.

(സി) പുതുചികിത്സകൾ വിലയിരുത്തുന്നതിനുള്ള ഒരു കേന്ദ്രം മാത്രമെ കേരളത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ളൂ. അത് അച്യുതമേനോൻ സെന്ററിൽ പ്രവർത്തിക്കുന്ന കേന്ദ്രമാണ്.

## ആശ്വാസ കിരണം പദ്ധതി

190(3550) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പ് രോഗികൾക്കായി മുൻസർക്കാരിന്റെ കാലത്ത് ആശ്വാസകിരണം പദ്ധതി നടപ്പിലാക്കിയിരുന്നോ. എത്ര രൂപയാണ് ഈ പദ്ധതി പ്രകാരം അനുവദിച്ചിരുന്നത്;

(ബി) നിലവിൽ പദ്ധതിയുടെ അവസ്ഥയെന്താണ്;

(സി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുവാൻ അർഹതയുള്ളവർക്ക് തുക കുടിശ്ശികയുണ്ടോ; എങ്കിൽ എന്നുമുതലുള്ള കുടിശ്ശികയാണ് നൽകാനുള്ളത്; അടിയന്തരമായി പ്രസ്തുത കുടിശ്ശിക നൽകുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2010 മുതൽ ആശ്വാസ കിരണം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സാമ്പത്തിക വർഷം | അനുവദിച്ചിരുന്ന തുക |
|---|---|---|
| 1 | 2010 - 2011 | 43,84,900 |
| 2 | 2011 - 2012 | 8,03,96,864 |
| 3 | 2012 - 2013 | 23,10,05,545 |
| 4 | 2013 - 2014 | 37,61,47,381 |
| 5 | 2014 - 2015 | 46,45,41,000 |
| 6 | 2015 - 2016 | 45,08,33,000 |
| | ആകെ | 1,60,73,08,690 |

(ബി & സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 104440 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. ആശ്വാസകിരണം പദ്ധതിയിൽ ധനസഹായത്തിനുള്ള 2011 മുതൽ 2016 വരെ കെട്ടിക്കിടന്ന 23804 അപേക്ഷകൾ പരിശോധിച്ച് ധനസഹായം അനുവദിച്ചിട്ടുണ്ട്. 2017 മാർച്ച് വരെ ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് മരണപ്പെട്ടതും മണിയോർഡർ തിരിച്ചുവന്നതുമായ 1488 പേരെ കുറവുചെയ്ത് അർഹരായ 102952 പേർക്ക് 2017 മാർച്ച് വരെയുള്ള ധനസഹായം അനുവദിച്ചിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ മരണപ്പെട്ടവരെയും മണിയോർഡർ തിരികെ വന്നതുമായ ഗുണഭോക്താക്കളെ ഒഴിവാക്കി ബാക്കിയുള്ള 99121 പേർക്ക് 2018 ഫെബ്രുവരി വരെയുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പ്രമേഹബാധിതരായ കുട്ടികൾക്ക് അനലോഗ് ഇൻസുലിൻ നൽകുന്നതിനുള്ള പദ്ധതി

191(3551) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികൾക്ക് സൗജന്യമായി അനലോഗ് ഇൻസുലിൻ നൽകുന്നതിുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ ആശുപത്രികളിലാണ് ഈ പദ്ധതി ആദ്യഘട്ടത്തിൽ തുടങ്ങുന്നത്;

(സി) കടുത്ത ഷുഗർ വ്യതിയാനമുള്ള കുട്ടികൾക്ക് ഇൻസുലിൻ പമ്പ് സൗജന്യമായി നൽകുന്നതിന് പദ്ധതിയുണ്ടോ;

(ഡി) ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുവാൻ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ടൈപ്പ് വൺ പ്രമേഹബാധിതരായ കുട്ടികൾക്കായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന ഇൻസുലിൻ പെൻ, കണ്ടിന്യൂവസ് ഗ്ലൂക്കോസ് മോണിറ്റർ, ഇൻസുലിൻ പമ്പ് തുടങ്ങിയവ ഉപയോഗിച്ചുള്ള ആധുനിക ചികിത്സയും ആവശ്യമായ ആരോഗ്യ-ചികിത്സ-ഭക്ഷണകാര്യ ഉപദേശങ്ങളും പരിരക്ഷയും നൽകുന്ന ഒരു സമഗ്ര പദ്ധതിയായ "മിഠായി" ആവിഷ്കരിച്ചിട്ടുണ്ട്. ടി പദ്ധതിക്കായി 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകിളിൽ പ്രത്യേക ടൈപ്പ് വൺ ഡയബറ്റിക് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) 2 ലക്ഷം രൂപ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ട്.

**നവജാത ശിശുക്കളിലെ ഹൃദയവൈകല്യം**

192(3552) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവജാതശിശുക്കളിലെ ഹൃദയവൈകല്യം കാലേക്കൂട്ടി കണ്ടെത്തുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഏതൊക്കെ ആശുപത്രികളിലാണ് ക്രിട്ടിക്കൽ കൺജെനിറ്റൽ ഹാർട്ട് ഡിസീസിനുള്ള പരിശോധന സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നവജാത ശിശുക്കളിലെ ഹൃദയവൈകല്യം കാലേക്കൂട്ടി കണ്ടെത്തുന്നതിന് പ്രത്യേക പൾസ് ഓക്സീമെട്രി പരിശോധന ലഭ്യമാണ്. അത്യാധുനിക സംവിധാനത്തോടെയുള്ള പൾസ് ഓക്സിമീറ്റർ എന്ന ഉപകരണമാണ് പ്രധാനപ്പെട്ട 46 പ്രസവാശുപത്രികളിലും 14 ഡി.ഇ.ഐ.സി.-കളിലും നൽകിയിട്ടുള്ളത്. ഇതിലുള്ള പ്രത്യേക പ്രോബ് മുഖാന്തരം കുഞ്ഞുങ്ങളുടെ കയ്യിലേയും കാലിലേയും ഓക്സിജൻ സാച്ചുറേഷൻ കൃത്യമായി രേഖപ്പെടുത്തുന്നു. കുഞ്ഞുങ്ങളുടെ ചലനം മൂലമുണ്ടാകുന്ന തടസ്സങ്ങൾ മറികടക്കത്തക്കവിധത്തിലാണ് ഇതിന്റെ പ്രവർത്തനം സജ്ജീകരിച്ചിരിക്കുന്നത്. കേരളത്തിലെ എല്ലാ പ്രസവാശുപത്രികളിലും നടന്നുവരുന്ന വിസിബിൾ ബെർത്ത് ഡിഫക്ട് പരിശോധനയോടൊപ്പമാണ്, ഹൃദ്രോഗം നേരത്തെതന്നെ കണ്ടെത്തുന്നതിനുള്ള പൾസ് ഓക്സീമെട്രിക് പരിശോധനയും നടത്തപ്പെടുന്നത്. ഇതിനായി 46 പ്രസവാശുപത്രികളിലെയും പീഡിയാട്രീഷ്യൻ, സ്റ്റാഫ് നഴ്സ്, ഡി.ഇ.ഐ.സി. സ്റ്റാഫ് നഴ്സ് എന്നിവർക്ക് പരിശീലനം നൽകിയിട്ടുണ്ട്. കുഞ്ഞുങ്ങളുടെ ഓക്സിജൻ സാച്ചുറേഷന്റെ വ്യതിയാനത്തിന് അനുസൃതമായി അലാറം സജ്ജീകരിച്ചിരിക്കുന്നു. ഇത്തരത്തിൽ ഓക്സിജൻ സാച്ചുറേഷനിൽ ഏറ്റക്കുറവുള്ള കുട്ടികളെ എക്കോ ഉൾപ്പെടെയുള്ള തുടർ പരിശോധനയ്ക്ക് വിധേയരാക്കി ജന്മനായുള്ള ഹൃദ്രോഗം എത്രയുംവേഗം കണ്ടെത്തി ഹൃദ്യം പദ്ധതി വഴി ചികിത്സ പൂർണ്ണമായി സൗജന്യമായി നൽകിവരുന്നു.

(ബി) ക്രിട്ടിക്കൽ കൺജെനിറ്റൽ ഹാർട്ട് ഡിസീസ് കാലേക്കൂട്ടി കണ്ടെത്തുന്നതിനായി പ്രത്യേകം പൾസ് ഓക്സിമീറ്റർ നൽകിയ 46 പ്രസവാശുപത്രികളുടെയും 14 ഡി.ഇ.ഐ.സി.-കളുടെയും വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ഗർഭിണികൾക്കുള്ള ആനുകൂല്യങ്ങൾ

193(3553) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പദ്ധതികളിലായി ഗർഭിണികൾക്ക് ഏതൊക്കെ സഹായങ്ങളും ആനുകൂല്യങ്ങളുമാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ)

(1) പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പദ്ധതി (PMMVY)

സ്ത്രീകൾക്ക് അവരുടെ ആദ്യ കുഞ്ഞിനെ ഗർഭം ധരിച്ചിരിക്കുന്ന കാലയളവിലും പ്രസവാനന്തരവും അവർക്കുണ്ടാകുന്ന വേതനനഷ്ടം ഭാഗികമായി നികത്തുകയെന്ന ലക്ഷ്യത്തോടെയും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും മെച്ചപ്പെട്ട ആരോഗ്യം നേടാൻ ഉപയുക്തമാക്കുന്നതിനുമായി പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് മാനദണ്ഡങ്ങൾക്ക് വിധേയമായി 5,000 രൂപ 3 ഗഡുക്കളായി ആധാർ സീഡഡ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് PFMS വഴി നേരിട്ട് നിക്ഷേപിക്കുന്നു. ഈ പദ്ധതിക്കായി കേന്ദ്രവും സംസ്ഥാനവും 60:40 എന്ന അനുപാതത്തിലാണ് തുക വകയിരുത്തുന്നത്.

(2) ജനനി ശിശു സുരക്ഷാ കാര്യക്രമ പദ്ധതി (JSSK) (അമ്മയും കുഞ്ഞും പദ്ധതി)

ഗർഭധാരണം മുതൽ പ്രസവം കഴിയുന്നതുവരെയുള്ള സൗജന്യ ചികിത്സ, മരുന്ന്, ലാബ് ടെസ്റ്റ്, യാത്രാനുകൂല്യം തുടങ്ങിയവ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ നൽകിവരുന്നു. ഈ പദ്ധതിയിൽ അംഗമാകാൻ പ്രത്യേക രേഖകൾ ഹാജരാക്കേണ്ടതില്ല. ആശുപത്രിയിൽ അഡ്മിറ്റ് ആകുന്ന മുറയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭിച്ചു തുടങ്ങും. അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സംരക്ഷണത്തിനായി ഏർപ്പെടുത്തിയ സൗജന്യ ചികിത്സാ പദ്ധതിയാണ് അമ്മയും കുഞ്ഞും പദ്ധതി. ആശുപത്രിയിൽ ചികിത്സ തേടുന്ന എല്ലാ ഗർഭിണികളും 30 ദിവസം വരെയുള്ള നവജാത ശിശുക്കളുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ.

(3) രാഷ്ട്രീയ സ്വാസ്ഥ്യ ഭീമ യോജന (RSBY)

ടി സ്കീമിൽ ഉൾപ്പെട്ട ഗർഭിണി ആശുപത്രിയിൽ അഡ്മിറ്റാകുന്നമുറയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമായിത്തുടങ്ങും. ടി പദ്ധതിയിലുൾപ്പെട്ട ഗർഭിണികൾക്ക് സൗജന്യം ഇൻഷ്വറൻസ്, യാത്രാനുകൂല്യം തുടങ്ങിയവ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ നൽകിവരുന്നു.

(4) ജനനി സുരക്ഷ യോജന (JSY)

ആശുപത്രിയിൽ നടക്കുന്ന പ്രസവങ്ങളെ പ്രോത്സാഹിപ്പിച്ച് മാതൃ മരണവും ശിശു മരണവും കുറയ്ക്കുന്നതിനുള്ള പദ്ധതിയാണ്. 19 വയസ്സിനു മുകളിലുള്ള ബി.പി.എൽ. കുടുംബങ്ങളിലെ ഗർഭിണികളായ സ്ത്രീകളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടി ഗർഭിണികളായ എല്ലാ സ്ത്രീകളും ഇതിന്റെ ഗുണഭോക്താക്കളാണ്.

(ബി) പദ്ധതിയുടെ അർഹത, മാനദണ്ഡം ചുവടെ ചേർക്കുന്നു:

പ്രധാനമന്ത്രി മാതൃത്വ വന്ദന യോജന പദ്ധതി (PMMVY)

- മറ്റേതെങ്കിലും പദ്ധതി പ്രകാരം മെറ്റേണിറ്റി ബെനിഫിറ്റ് ലഭിക്കുന്നവർക്കും കേന്ദ്ര/സംസ്ഥാന/പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർ ഒഴികെ മറ്റെല്ലാ ഗർഭിണികൾ/പാലൂട്ടുന്ന അമ്മമാർക്കും അവരുടെ ആദ്യ പ്രസവത്തിന് ധനസഹായത്തിന് അർഹതയുണ്ട്.

- അങ്കണവാടി വർക്കർ/ഹെൽപ്പർ/ആശാവർക്കർമാർ എന്നിവർക്കും നിബന്ധനകൾക്ക് വിധേയമായി ധനസഹായത്തിന് അർഹതയുണ്ട്.

- ഒന്നാം ഗഡുവായി 1,000 രൂപ - ധനസഹായത്തിന് ASHA/ANM മുഖേന LMP-യ്ക്കുശേഷം 150 ദിവസത്തിനുള്ളിൽ പ്രഗ്നൻസി രജിസ്റ്റർ ചെയ്തിരിക്കണം. 1-1-2017-ന് 150 ദിവസം മുൻപ് LMP ഉള്ളവർക്കും അതായത് 6-8-2016-നും അതിനുശേഷവും LMP ഉള്ളവർക്കും മറ്റ് നിബന്ധനകൾ പാലിച്ചിട്ടുണ്ടെങ്കിൽ ഒന്നാം ഗഡുവിന് അർഹതയുണ്ട്.

- രണ്ടാം ഗഡു @ 2,000 രൂപ – ഗർഭാവസ്ഥ 6 മാസമായിരിക്കുകയും ഒരു ANC എങ്കിലും ലഭിച്ച ഗർഭിണിയായ സ്ത്രീക്ക് രണ്ടാം ഗഡുവിന് അർഹതയുണ്ട്.

- മൂന്നാം ഗഡു @ 2,000 രൂപ-മൂന്നാം ഗഡു ലഭിക്കുന്നതിന് കുഞ്ഞിന്റെ ജനനം രജിസ്റ്റർ ചെയ്തിരിക്കണം. കുട്ടിക്ക് First cycle of immunization നൽകിയിരിക്കണം. (BCG, OPV, DPT and Hepatitis B) MCP കാർഡിൽ രേഖപ്പെടുത്തലുകൾ അനിവാര്യം.

- പാലക്കാട് ജില്ലയിൽ മാത്രം നടപ്പിലാക്കിവരുന്ന മാതൃത്വ ധനസഹായ പദ്ധതിയായ (IGMSY) ഇന്ദിരാ ഗാന്ധി മാതൃത്വ സഹയോഗ് യോജനയിൽ രണ്ട് തുല്യ ഗഡുക്കളായി 6,000 രൂപയാണ് ധനസഹായം അനുവദിച്ചിരുന്നത്. 31-12-2016-ഓടുകൂടി ടി പദ്ധതി നിർത്തലാക്കുകയും ഈ പദ്ധതിയിൽ ഒന്നാം ഗഡുവായി 3,000 രൂപ ലഭിച്ച ഗുണഭോക്താവിന് PMMVY പ്രകാരം മൂന്നാം ഗഡുവിന് മാത്രം നിബന്ധനകൾക്ക് വിധേയമായി അർഹതയുണ്ടായിരിക്കുന്നതുമാണ്. ഈ പദ്ധതി പ്രകാരം 1-1-2017-നോ അതിനു മുമ്പോ രജിസ്റ്റർ ചെയ്യുകയും ധനസഹായം ലഭ്യമാകാത്തതുമായ ഗുണഭോക്താക്കൾക്ക് PMMVY-യിൽ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതുമാണ്.

- PMMVY പദ്ധതി പ്രകാരം ഗുണഭോക്താവിന്റെ ആധാർ സീഡിംഗ് ചെയ്യേണ്ടതുണ്ടെങ്കിലും ഒന്നും രണ്ടും ഗഡുക്കൾക്ക് മറ്റ് തിരിച്ചറിയൽ രേഖകൾ ഉപയോഗിക്കാവുന്നതാണ്. എന്നാൽ മൂന്നാം ഗഡുവിന് ആധാർ നിർബന്ധമാണ്.

- ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് മാത്രമാണ് ഡി.ബി.ടി. മുഖേന തുക നൽകുന്നത്. ജോയിന്റ് അക്കൗണ്ടിലേയ്ക്ക് ഡി.ബി.ടി. നൽകുന്നതിന് വ്യവസ്ഥയില്ല.

- ഗുണഭോക്താവിന് ആദ്യ ഗഡു ലഭിച്ചതിനുശേഷം Miscarriage സംഭവിച്ചാൽ രണ്ടാമത്തെ ഗർഭധാരണത്തിന് രണ്ടും മൂന്നും ഗഡുക്കൾ മാനദണ്ഡങ്ങൾക്ക് വിധേയമായി ലഭിക്കുന്നതാണ്.

- രണ്ടാംഗഡു ലഭിച്ചതിനുശേഷം പ്രസവത്തിൽ കുഞ്ഞ് മരിക്കുകയാണെങ്കിൽ അടുത്ത പ്രസവത്തിൽ മൂന്നാം ഗഡു മാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താവിന് ലഭിക്കുന്നതാണ്.

- പ്രസവത്തിനുശേഷം കുഞ്ഞിന് First Cycle of immunization നൽകിയതിനുശേഷം കുഞ്ഞ് മരിക്കുകയാണെങ്കിൽ ഗുണഭോക്താവിന് മൂന്നാം ഗഡുവിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- Twins/Triplets/Quadruplets എന്നിങ്ങനെ കുഞ്ഞുങ്ങൾ ജനിക്കുന്ന കേസുകളിൽ ഒരു ലിവിങ് ചൈൽഡായി കണക്കാക്കിയാണ് ധനസഹായം അനുവദിക്കുന്നത്.
- ഒരു ഗുണഭോക്താവിന് ഒന്നാംഗഡു ധനസഹായം വാങ്ങിയതിനുശേഷം താമസം മറ്റൊരു സ്ഥലത്തേയ്ക്ക് മാറിയാലും പുതിയ സ്ഥലത്തുനിന്ന് മറ്റ് രണ്ടും മൂന്നും ഗഡു ധനസഹായം അർഹതയ്ക്ക് വിധേയമായി ലഭിക്കുന്നതാണ്.
- ഏതെങ്കിലും കാരണവശാൽ ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായത്തിന് അപേക്ഷിക്കാൻ വിട്ടുപോയവർക്ക്, മറ്റെല്ലാ നിബന്ധനകളും പാലിക്കുകയാണെങ്കിൽ LMP കഴിഞ്ഞ് 730 ദിവസത്തിനുള്ളിൽ അപേക്ഷിക്കുകയാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.
- LMP തീയതി MCP കാർഡിൽ രേഖപ്പെടുത്താൻ വിട്ടുപോയാൽ ഒരു അപേക്ഷക കുഞ്ഞ് ജനിച്ച് 460 ദിവസത്തിനുള്ളിൽ മൂന്നാം ഗഡുവിന് അപേക്ഷിക്കുകയാണെങ്കിൽ ആയത് മാത്രം അനുവദിക്കുന്നതാണ്.
- നിബന്ധനകൾക്ക് വിധേയമായി, 06.08.2016-നുമുമ്പ് ഗർഭിണിയായ ഒരു സ്ത്രീക്ക് രണ്ടും മൂന്നും ഗഡുക്കൾക്കും മൂന്നാം ഗഡുവിന് മാത്രമായും അർഹതയുണ്ടായിരിക്കും.

    i. LMP കഴിഞ്ഞ് 6 മാസം 1-1-2017 തീയതിക്ക് ശേഷമായിരിക്കണം - രണ്ടാം ഗഡു.

    ii. പ്രസവം 1-1-2017 തീയതിക്ക് ശേഷമായിരിക്കണം - മൂന്നാം ഗഡു.

    iii. 1-4-2016-നുമുമ്പ് LMP ഉള്ളവർക്ക് യാതൊരു കാരണവശാലും ഈ പദ്ധതി പ്രകാരം അപേക്ഷിക്കാൻ അർഹതയില്ല.

<u>ജനനി ശിശു സുരക്ഷാ കാര്യക്രമ പദ്ധതി (JSSK), ജനനി സുരക്ഷ യോജന (JSY)–</u>

19 വയസ്സിന് മുകളിലുള്ള ബി.പി.എൽ. കുടുംബങ്ങളിലെ ഗർഭിണികളായ സ്ത്രീകളാണ് ടി പദ്ധതിയുടെ ഗുണഭോക്താക്കൾ. കൂടാതെ പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെട്ട ഗർഭിണികളായ എല്ലാ സ്ത്രീകൾക്കും ബി.പി.എൽ.

സർട്ടിഫിക്കറ്റ് ഇല്ലെങ്കിൽപ്പോലും ഈ സേവനം ലഭ്യമാണ്. സർക്കാർ ആശുപത്രികളിലെയും പ്രത്യേക അംഗീകാരം നൽകിയ സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിലെയും പ്രസവങ്ങൾക്കാണ് ഈ സൗകര്യം ലഭ്യമാക്കുന്നത്. നഗരങ്ങളിൽ നടക്കുന്ന പ്രസവങ്ങൾക്ക് 600 രൂപയും ഗ്രാമങ്ങളിൽ വച്ച് നടക്കുന്ന പ്രസവങ്ങൾക്ക് 700 രൂപ വച്ചും ഈ പദ്ധതി പ്രകാരം ധനസഹായം നൽകുന്നു. ഇതുകൂടാതെ സാമ്പത്തികനില പരിഗണിക്കാതെ പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെടുന്ന എല്ലാ അമ്മമാർക്കും 500 രൂപ വീട്ടിൽ വച്ചുള്ള പ്രസവങ്ങൾക്കും നൽകുന്നു. സർക്കാർ ആശുപത്രികളിലെ ആശുപത്രി സൂപ്രണ്ടിൽ നിന്നോ ചാർജ് മെഡിക്കൽ ഓഫീസറിൽനിന്നോ ചെക്ക് കൈപ്പറ്റണം. അംഗീകൃത സ്വകാര്യ ആശുപത്രികളിലെ പ്രസവങ്ങൾക്ക് വരുമാന സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി/ പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക്) എന്നിവ ഹാജരാക്കി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ കോർഡിനേറ്ററിൽ നിന്ന് ചെക്ക് കൈപ്പറ്റാം.

രാഷ്ട്രീയ സ്വസ്ഥീയ ഭീമ യോജന (RSBY) - ടി സ്കീമിൽ ഉൾപ്പെട്ട ഗർഭിണി ആശുപത്രിയിൽ അഡ്മിറ്റാകുന്ന മുറയ്ക്ക് പ്രസ്തുത ആനുകൂല്യം ലഭ്യമായി തുടങ്ങും. ടി പദ്ധതിയിലുൾപ്പെട്ട ഗർഭിണികൾക്ക് സൗജന്യ ഇൻഷ്വറൻസ്, യാത്രാനുകൂല്യം തുടങ്ങിയവ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ നൽകിവരുന്നു.

**ആർദ്രം മിഷൻ പ്രകാരമുള്ള പുതിയ തസ്തികകൾ**

194(3554) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം മിഷന്റെ ഭാഗമായി ഏതെല്ലാം ജില്ലാ ആശുപത്രികളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഓരോ ആശുപത്രിയിലും സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ആകെ എത്ര തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശയാണ് ആശുപത്രി സൂപ്രണ്ട് സമർപ്പിച്ചിരുന്നത്; ഇതിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആശുപത്രിക്ക് ആനുപാതികമായി തസ്തികകൾ സൃഷ്ടിക്കാത്തത് ആശുപത്രിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യത്തിന് തസ്തികകൾ അനുവദിക്കുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ആർദ്രം മിഷന്റെ ഭാഗമായി 17 ജില്ലാ ആശുപത്രികളെ 2-4-2017-ലെ ജി.ഒ.(എം.എസ്.) നമ്പർ 58/2017/ആ.കു.വ. പ്രകാരം തെരഞ്ഞെടുത്തിട്ടുണ്ട്. അതിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ ഓരോ ജില്ലാ ആശുപത്രി വീതവും പിന്നോക്ക ജില്ലകളായ വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ രണ്ട് ജില്ലാ ആശുപത്രികൾ വീതവും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവിടെ സൃഷ്ടിച്ച തസ്തികകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിൽ ആകെ 5 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ നൽകുകയും ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെ ആകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗ ചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനം, അധിക തസ്തിക സൃഷ്ടിക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഇത്തരത്തിൽ ആർദ്രം പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കപ്പെടുമ്പോൾ ജില്ലാ ആശുപത്രിയിൽ നേരിടുന്ന കുറവുകൾ പരിഹരിക്കാൻ കഴിയുന്നതാണ്.

## ആർദ്രം പദ്ധതി

195(3555) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ട ആരോഗ്യ കേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ ആരോഗ്യ കേന്ദ്രങ്ങളുടെ ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് പദ്ധതിയുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിക്കുന്ന എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. നിലവിൽ ഇതിനായി തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവർത്തനസജ്ജമായവയിൽ എല്ലാംതന്നെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ. പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം, ലാബ് സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കി പ്രത്യേക ചികിത്സാ മാർഗ്ഗരേഖവഴി ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുകയും അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സേവനം മെച്ചപ്പെടുത്തിയും വരുന്നുണ്ട്. ആസ്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക്, ഡിപ്രഷനും മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക് എന്നിവയും സബ്സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഫീൽഡ് പ്രദേശങ്ങളിലേയ്ക്കുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റീച്ച് പ്രോഗ്രാമുകളും കൂടുതലായി നടത്തിവരുന്നുണ്ട്.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല.

(സി) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ പുതുതായി ആരംഭിക്കുന്ന ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. 2018 ജനുവരിയിൽ ആരംഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## ആർദ്രം പദ്ധതി

196(3556) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദവിവരം നൽകാമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കിയതുമൂലം ആരോഗ്യമേഖലയിൽ വന്നുചേർന്നിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 'ആർദ്രം' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് താഴെപ്പറയുന്ന രീതിയിലുള്ള പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു::

- പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക.
- ജില്ല/താലൂക്കുതല ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി/സ്പെഷ്യാലിറ്റി സേവനങ്ങളോടെ നിശ്ചിത മാനദണ്ഡങ്ങളോടെ ശക്തിപ്പെടുത്തുക.
- പ്രധാന ഗവൺമെന്റ് ആശുപത്രികളിൽ ഒ. പി. വിഭാഗത്തിലെ സൗകര്യങ്ങൾ വികസിപ്പിച്ച് രോഗീസൗഹൃദമാക്കുന്നതിനുള്ള നടപടി.
- ചികിത്സാ മാർഗ്ഗരേഖകളുടെയും പ്രോട്ടോകോളുകളുടെയും അടിസ്ഥാനത്തിൽ ശാസ്ത്രീയമായ ചികിത്സ ലഭ്യമാക്കുക.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2017-18 കാലയളവിൽ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് തെരഞ്ഞെടുത്ത 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ 14-6-2018 വരെ 144 എണ്ണത്തിന്റെ വർക്കുകൾ പൂർത്തീകരിച്ച് 85 എണ്ണം ഉദ്ഘാടനം കഴിഞ്ഞ് കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. 17 എണ്ണത്തിന്റെ വർക്കുകൾ നടന്നുവരികയാണ്. 9 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾക്ക് അടിസ്ഥാന സൗകര്യത്തിന്റെ കുറവുമൂലം താമസം നേരിടുന്നുണ്ട്. ഈ പ്രവൃത്തികൾക്ക് എൻ.എച്ച്.എം. വഴി

അംഗീകൃത ഏജൻസികൾ മുഖാന്തിരമാണ് നടന്നുവരുന്നത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 830 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്കും ഒരു അസിസ്റ്റന്റ് സർജൻ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒ.പി. കൂടുതലുള്ള ഇടങ്ങളിൽ ഒരു ഫാർമസിസ്റ്റ് എന്നിങ്ങനെയാണ് തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വേണ്ട ലാബ് ഉപകരണങ്ങളും ആശുപത്രി ഉപകരണങ്ങളും (കെ.എം.എസ്.സി.എൽ. വഴി) ലഭ്യമാക്കിയിട്ടുണ്ട്.

ആർദ്രം മിഷന്റെ ഭാഗമായി ജില്ലാ/താലൂക്ക്തല ആശുപത്രികളെ നിശ്ചിത മാനദണ്ഡങ്ങളോടെ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി ഒ.പി. വിഭാഗങ്ങൾ സൗഹൃദമാക്കുന്നതിന്റെ നടപടികൾ, ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനങ്ങൾ (അധിക ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ, ഡോക്ടർമാർ ഉൾപ്പെടെ വിവിധ വിഭാഗം ജീവനക്കാരെ നിയമിക്കൽ), തെരഞ്ഞെടുക്കപ്പെട്ട 17 ജില്ലാതല ആശുപത്രികളിലും 75 താലൂക്കുതല ആശുപത്രികളിലും പ്രവർത്തനം സുഗമമാക്കുന്നതിന്റെ ഭാഗമായി 28-6-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 101/2017/ആ.കു.വ. ഉത്തരവ്പ്രകാരം സ്റ്റാഫ് നഴ്സ് ഗ്രേഡ്-2-ന്റെ 197 തസ്തികയും ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ന്റെ 84 തസ്തികയും 23-9-2017-ലെ ഉത്തരവ് ജി.ഒ.(എം.എസ്.) നമ്പർ 136/2017/ ആ.കു.വ. പ്രകാരം വിവിധ സൂപ്പർ സ്പെഷ്യാലിറ്റി/ സ്പെഷ്യാലിറ്റികളിലും വിവിധ തസ്തികകളിലായി 610 അധിക തസ്തികകളും സൃഷ്ടിക്കുകയുണ്ടായി.

സൂപ്പർ സ്പെഷ്യാലിറ്റികളുടെ വിപുലീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം ജനറൽ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി എന്നിവയ്ക്കായി 505 ലക്ഷം രൂപ 05-10-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിക്കുകയുണ്ടായി.

ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തിയും സംസ്ഥാന പ്ലാൻ ഫണ്ട്, നബാർഡ്, എം.പി./എം.എൽ.എ. ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ഇവയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളെ ചുമതലപ്പെടുത്തി 15 സ്ഥാപനങ്ങൾക്ക് വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

കിഫ്ബി മുഖേനയുള്ള 10 കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റ് (ആരോഗ്യ വകുപ്പിൽ 8-ഉം മെഡിക്കൽ കോളേജിൽ 2-ഉം) ഭരണാനുമതി നൽകിയിട്ടുണ്ട്. താലൂക്ക് ആശുപത്രിയിൽ 44 ഡയാലിസിസ് സെന്ററുകൾക്ക് 69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കാത്ത് ലാബ്, കൊറോണറി കെയർ യൂണിറ്റിന് 80 കോടി രൂപയുടെ അനുമതി നൽകുകയും ഇവയുടെയെല്ലാം പ്രവർത്തനങ്ങൾ കെ.എം.എസ്.സി.എൽ. വഴി പുരോഗമിച്ചുവരുന്നു.

ഗവൺമെന്റ് മെഡിക്കൽ കോളേജ്, കൊല്ലം, പത്തനംതിട്ട ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ കാത്ത് ലാബ് സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

നബാർഡിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. താലൂക്ക് ആശുപത്രി, വൈത്തിരി | 7 കോടി 50 ലക്ഷം രൂപ |
| 2. താലൂക്ക് ആശുപത്രി, സുൽത്താൻ ബത്തേരി | 25 കോടി രൂപ |
| 3. താലൂക്ക് ആശുപത്രി, കോട്ടയം | 23 കോടി 50 ലക്ഷം രൂപ |

നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

ജില്ലാ ആശുപത്രികളുടെ ഒ.പി. പരിവർത്തനം

ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയ 17 ജില്ലാതല ആശുപത്രികളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കൽ 2017-18 സാമ്പത്തിക വർഷത്തിൽ 15 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതാണ്. ഇ-ഹെൽത്ത് പ്രവൃത്തി അടക്കം 24.75 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇതിൽനിന്നും 15 കോടി എൻ.എച്ച്.എം.-ന് കൈമാറിയിട്ടുള്ളതുമാണ്. 17 ആശുപത്രികളിൽ 16 എണ്ണത്തിന്റെ ഡി.പി.ആർ. തയ്യാറായി പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

താലൂക്ക് ആശുപത്രികളിലെ ഒ.പി. പരിവർത്തനം

2017-18-ൽ 14 താലൂക്ക് ആശുപത്രികൾക്കായി 24 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ധനകാര്യ വകുപ്പ് ഈ തുക E Lams-ൽ ഉൾപ്പെടുത്തുകയുണ്ടായി.

2018-19-ലേയ്ക്ക് 14 താലൂക്ക് ആശുപത്രികളെക്കൂടി തെരഞ്ഞെടുക്കുകയും ഈ പ്രവർത്തനങ്ങൾക്കായി 17.5 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്. ആയതിന്റെ പ്രൊപ്പോസലുകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ എൻ.എച്ച്.എം. വഴി ആരംഭിച്ചിട്ടുണ്ട്.

ഇ-ഹെൽത്ത് രജിസ്ട്രേഷനും ഡെമോഗ്രാഫിക് ഡാറ്റ ക്യാപ്ച്ചറിംഗ് പ്രവർത്തനങ്ങളും 12 ജില്ലകളിൽ പുരോഗമിക്കുന്നു.

(ബി) 'ആർദ്രം' പദ്ധതി നടപ്പിലാക്കിയതുമൂലം ആരോഗ്യ മേഖലയിൽ സമഗ്രമായ മാറ്റങ്ങൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും അധിക തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, കുടിവെള്ള സൗകര്യം, ടോയ്ലറ്റ് സൗകര്യം, ലാബ് സൗകര്യങ്ങൾ തുടങ്ങിയവ ലഭ്യമാക്കി പ്രത്യേക ചികിത്സാ മാർഗ്ഗരേഖ വഴി ഗുണമേന്മയുള്ള ചികിത്സ ലഭ്യമാക്കുകയും അധിക തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് സേവനം മെച്ചപ്പെടുത്തിയും വരുന്നുണ്ട്. ആസ്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള 'ശ്വാസ്' ക്ലിനിക്, ഡിപ്രഷനും മാനസികാരോഗ്യ പരിചരണത്തിനുള്ള 'ആശ്വാസ്' ക്ലിനിക് എന്നിവയും സബ്സെന്റർ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനും ഫീൽഡ് പ്രദേശങ്ങളിലേയ്ക്കുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റീച്ച് പ്രോഗ്രാമുകളും കൂടുതലായി നടത്തിവരുന്നുണ്ട്.

ജില്ലാ/താലൂക്ക്തലങ്ങളിലെ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി സേവനം ലഭ്യമാക്കുക, നിലവിലുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുക, ഇവിടത്തെ സേവനങ്ങൾ മെച്ചപ്പെടുത്തുക എന്നിവയും ലക്ഷ്യമിടുന്നു.

സ്വകാര്യ ആശുപത്രികളിൽ ലഭ്യമാകുന്ന ആധുനിക നിലവാരത്തിലുള്ള പരിശോധനകൾ, വിശ്രമമുറികൾ, അത്യാഹിത വിഭാഗം, ഐ.പി. വിഭാഗം, പ്രസവമുറി, ലബോറട്ടറികൾ എന്നീ സൗകര്യങ്ങളും ഈ പദ്ധതിയിലൂടെ സർക്കാർ ആശുപത്രികളിൽ ലഭ്യമാക്കിയിട്ടുണ്ട്. ഒ. പി. വിഭാഗത്തിലെ തിരക്ക് ഒഴിവാക്കി ഫലവത്തായ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന തരത്തിൽ ടോക്കൺ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

## മലപ്പുറം മണ്ഡലത്തിലെ ആർദ്രം പദ്ധതി

197(3557) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി മലപ്പുറം നിയോജകമണ്ഡലത്തിലെ പി.എച്ച്.സി.-കളിലും ബ്ലോക്ക് പി.എച്ച്.സി.-യിലും താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലും ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എവിടെയല്ലാം എത്ര വീതം തസ്തികകൾ സൃഷ്ടിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) മൊറയൂർ പി.എച്ച്.സി.യെ കുടുംബാരോഗ്യ കേന്ദ്രമായും പൂക്കോട്ടൂർ പി.എച്ച്.സി.-യെ സാമൂഹ്യകാരോഗ്യ കേന്ദ്രമാക്കിയും ഉയർത്തുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ മലപ്പുറം നിയോജകമണ്ഡലത്തിൽ മൊറയൂർ പി.എച്ച്.സി.-യെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ.ഉ.(ആർ.റ്റി.) നമ്പർ 845/2017/ആ.കു.വ. ഉത്തരവ് പ്രകാരം കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുണ്ട്. ടി കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. ഇവിടത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. നിലവിൽ പദവി ഉയർത്തുക എന്നതല്ല നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെയാകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്.

**കോഴിക്കോട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

198(3558) <u>ഡോ. എം. കെ. മുനീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം നാളിതുവരെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(ബി) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം എത്ര തസ്തികകൾ നാളിതുവരെ സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് നിയോജകമണ്ഡലത്തിലെ ജനറൽ ആശുപത്രി, കോഴിക്കോട്, താലൂക്ക് ആസ്ഥാന ആശുപത്രി ഫറൂക്ക്, താലൂക്ക് ആശുപത്രി കുറ്റ്യാടി, താലൂക്ക് ആശുപത്രി ബാലുശ്ശേരി എന്നീ ആശുപത്രികളിൽ മാസ്റ്റർ പ്ലാൻ

അനുസരിച്ചുള്ള പുതിയ ബ്ലോക്ക്, ഫുഡ് കോർട്ട്, ഒ.പി. ട്രാൻസ്ഫർമേഷൻ മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. KHRWS മുഖേന ICU-യ്ക്കുവേണ്ട എസ്റ്റിമേറ്റ് തയ്യാറാക്കി അതിനുള്ള ടെണ്ടർ നടപടിയും KMSCL വഴി കാത്ത് ലാബ് പ്രവർത്തനങ്ങൾക്കായുള്ള ടെണ്ടർ നടപടിയും പുരോഗമിച്ചുവരുന്നു.

22-4-2017-ലെ ജി.ഒ.(പി.) നമ്പർ 58/2017/ആ.കു.വ. ഉത്തരവ് പ്രകാരം കോഴിക്കോട് നിയോജകമണ്ഡലത്തിലെ ജനറൽ ആശുപത്രിയെ ജില്ലാതല ആശുപത്രി വിഭാഗത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | തസ്തിക | എണ്ണം |
|---|---|---|
| 1. | ഫോറൻസിക് സർജൻ | 1 |
| 2. | റേഡിയോ ഡയഗ്നോസിസ് (ജൂനിയർ കൺസൾട്ടന്റ്) | 1 |
| 3. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 2 |
| 4. | ഡയാലിസിസ് ടെക്നീഷ്യൻ | 3 |
| 5. | എക്സ്റേ അറ്റൻഡർ | 1 |
| 6. | മെഡിക്കൽ റെക്കോർഡ് അറ്റൻഡർ | 1 |
| 7. | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |

(ബി) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങളിൽ ആർദ്രം പദ്ധതി പ്രകാരം തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

**നെടുമങ്ങാട് മണ്ഡലത്തിലെ ആർദ്രം പദ്ധതി**

199(3559) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) കന്യാകുളങ്ങര സി.എച്ച്.സി.-യുടെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ ഈ സർക്കാർ എന്തെല്ലാം നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 22-4-2017-ലെ G.O.(Ms.) No. 58/2017/H ആൻഡ് FWD പ്രകാരം "ആർദ്രം" പദ്ധതിയിൽ നെടുമങ്ങാട് ജില്ലാ ആശുപത്രിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. 23-9-2017-ലെ G.O.(Ms.) No. 136/2017/H ആൻഡ് FWD പ്രകാരം നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഒരു ജൂനിയർ കൺസൾട്ടന്റ് പീഡിയാട്രിഷ്യന്റെയും ഒരു ജൂനിയർ കൺസൾട്ടന്റ് ജനറൽ സർജന്റെയും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

കിഫ്ബിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് ജില്ലാ ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം 23-11-2017-ൽ നടത്തുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

" ആർദ്രം" പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ നിന്ന് കരകുളം, തോന്നയ്ക്കൽ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തി അനുബന്ധ നടപടികൾ സ്വീകരിച്ചുവരുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു:

<u>കരകുളം പി.എച്ച്.സി.</u>

- ആശുപത്രിയിൽ ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നിവരുടെ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.
- കരകുളം ഗ്രാമപഞ്ചായത്തിൽനിന്നും ഒരു ഡോക്ടറെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചു.
- പുതിയ ഒ.പി. ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുകയും ഫാർമസി നവീകരിക്കുകയും സ്റ്റോർ എയർ കണ്ടീഷനിംഗ് ചെയ്യുകയും ചെയ്തു.
- ലാബ് ഉപകരണങ്ങൾ, റിയേജന്റുകൾ എന്നിവ ലഭ്യമാക്കുകയും ലാബ് പ്രവർത്തനസജ്ജമാക്കുകയും ചെയ്തു.
- ഒരു പാരാമെഡിക്കൽ സ്റ്റാഫ്, ഒരു ക്ലീനിംഗ് സ്റ്റാഫ് എന്നിങ്ങനെ രണ്ട് ജീവനക്കാരെക്കൂടി നിയമിക്കുന്നതിനുള്ള നടപടികൾ കരകുളം ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്നു.
- കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് 10,90,000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. വർക്കുകൾ പൂർത്തീകരിച്ച് പി.എച്ച്.സി., എഫ്.എച്ച്.സി. ആയി ഉദ്ഘാടന സജ്ജമായിട്ടുണ്ട്.

തോന്നയ്ക്കൽ പി.എച്ച്.സി.

- ആശുപത്രിയിൽ പുതുതായി ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നിവരുടെ തസ്തിക സൃഷ്ടിച്ചു. ജീവനക്കാരെ നിയമിച്ചുവരുന്നു.
- രോഗികൾക്കായി വെയിറ്റിംഗ് ഏരിയയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.
- ലാബിലേയ്ക്കുള്ള ഉപകരണങ്ങൾ, റീയേജന്റുകൾ ലഭ്യമാക്കി ലാബ് പ്രവർത്തനം ആരംഭിക്കുകയും ഫാർമസി, സ്റ്റോർ എന്നിവ നവീകരിക്കുകയും ചെയ്തിട്ടുണ്ട്.
- സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്കായി 9,90,000 രൂപ അനുവദിച്ചിട്ടുണ്ട്.
- വർക്കുകൾ പൂർത്തീകരിക്കുകയും എഫ്.എച്ച്.സി.-ആയി ഉദ്ഘാടന സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) കന്യാകുളങ്ങര സി.എച്ച്.സി.-യിലെ വളരെ പഴയതും ഉപയോഗയോഗ്യമല്ലാത്തതുമായ കെട്ടിടങ്ങൾക്കുപകരം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് NHM-ന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ഫണ്ടുകൾ ഉപയോഗിക്കുന്നതിനുള്ള സാധ്യതകളെപ്പറ്റി പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ ജില്ലാ മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഫാം ഡി കോഴ്സ്

200(3560) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് ടുവിന് ഉയർന്ന മാർക്ക് നേടുന്ന വിദ്യാർത്ഥികൾ തെരഞ്ഞെടുക്കുന്നതും പരിയാരം മെഡിക്കൽ കോളേജിൽ ഉള്ളതുമായ ഡോക്ടർ ഓഫ് ഫാർമസി കോഴ്സ് സർക്കാർ മെഡിക്കൽ കോളേജുകളിൽകൂടി ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഫാം ഡി കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് സർക്കാർ വകുപ്പുകളിൽ ജോലിക്ക് അപേക്ഷിക്കുന്നതിന് പി.എസ്.സി.-യുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഫാം ഡി കോഴ്സ് സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത കോഴ്സ് കഴിഞ്ഞ വിദ്യാർത്ഥികൾക്ക് സർക്കാർ വകുപ്പുകളിൽ ജോലിക്ക് അപേക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## പരിയാരം മെഡിക്കൽ കോളേജിലെ സൗജന്യ ചികിത്സ

201(3561) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിയാരം മെഡിക്കൽ കോളേജ് എപ്പോഴാണ് സർക്കാർ ഏറ്റെടുത്തതെന്നും അവിടെ സൗജന്യ ചികിത്സയും സർക്കാർ ഫീസിൽ മെഡിക്കൽ പഠനവും നടപ്പാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) പാവപ്പെട്ട രോഗികൾക്ക് പ്രസ്തുത ആശുപത്രിയിൽ സൗജന്യ ചികിത്സ ലഭ്യമാകുന്നതിന് ആവശ്യമായ രേഖകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അക്കാദമി ഓഫ് മെഡിക്കൽ സയൻസ്, പരിയാരം, കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ കോംപ്ലക്സ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള 2018-ലെ 33-ാം നമ്പർ ഓർഡിനൻസ് 2018 ഏപ്രിൽ 14-ാം തീയതിയിലെ 973-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികളുടെ ഫീസ് നിരക്ക്, ചികിത്സാ ചെലവ് എന്നിവയെപ്പറ്റി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി അഞ്ചംഗ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

## ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന നഴ്സുമാരുടെ ശമ്പളം

202(3562) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ എൻ. ആർ. എച്ച്. എം, എച്ച്. ഡി. എസ്, കെ. എച്ച്. ആർ. ഡബ്ല്യൂ. എസ്. എന്നിവിടങ്ങളിൽ കരാർ / ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സ്റ്റാഫ് നേഴ്സുമാർക്ക് റഗുലർ സ്റ്റാഫ് നേഴ്സുമാരുടെ അടിസ്ഥാന ശമ്പളം ലഭിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അടിസ്ഥാന ശമ്പളം ലഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതു അവധി ദിനങ്ങൾ അവർക്കും അവധിയാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 28-4-2017-ലെ സ.ഉ.(അ) 56/2017/ധന. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന സ്റ്റാഫ് നഴ്സുമാർക്ക് ശമ്പളം നൽകിവരുന്നത്. കൂടാതെ എൻ.എച്ച്.എം. ജീവനക്കാർക്ക് ഇന്ത്യ ഗവൺമെന്റ് വർഷംതോറും ആർ.ഒ.പി. പ്രകാരം അനുവദിക്കുന്ന ശമ്പളം നൽകിവരുന്നുണ്ട്.

(സി) അനുവദനീയമായത് നൽകിവരുന്നുണ്ട്.

**തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പ്രാണിനശീകരണം**

203(3563) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന എത്ര രോഗികൾക്കാണ് 2017 , 2018 എന്നീ വർഷങ്ങളിൽ എലിയുടെ കടിയേറ്റതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് ;

(ബി) ഈ സംഭവത്തിൽ വീഴ്ച സംഭവിച്ചതിനെത്തുടർന്ന് പ്രാണി നശീകരണത്തിന് കരാർ നൽകിയിരുന്ന സ്ഥാപനത്തിനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ 2017, 2018 വർഷങ്ങളിൽ രോഗികൾക്ക് എലിയുടെ കടിയേറ്റതായുള്ള പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

**സി.എച്ച്.സി.-കളിലെ ഡോക്ടർമാരുടെ ഡ്യൂട്ടി ക്രമീകരണം**

204(3564) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എച്ച്.സി.കളിലെ ഡോക്ടർമാരുടെ ഡ്യൂട്ടിക്രമീകരണം എപ്രകാരമാണെന്ന് അറിയിക്കാമോ;

(ബി) സി.എച്ച്.സി.-കളിൽ ഉച്ചയ്ക്ക് ശേഷം ഒ.പി. സൗകര്യം നിലവിലുണ്ടോ; വിശദമാക്കാമോ;

(സി) സി.എച്ച്.സി.-കളിൽ 24 മണിക്കൂറും ഡോക്ടറുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉച്ചയ്ക്ക് ശേഷം ഒ.പി. സൗകര്യമില്ലാത്ത സി.എച്ച്.സി.കളിൽ പ്രസ്തുത സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) സി.എച്ച്.സി.-കളിലെ ഡ്യൂട്ടി ക്രമീകരണം രാവിലെ 9 മണി മുതൽ 2 മണി വരെയാണ്.

(ബി) സി.എച്ച്.സി.-കളിൽ ഉച്ചയ്ക്കുശേഷം ഒ.പി. സംവിധാനം നിലവിലില്ല.

(സി&ഡി) ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ഉച്ചയ്ക്കുശേഷം ഒ.പി. സൗകര്യം ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ചുവരുന്നു.

## സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ

205(3565) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കേന്ദ്രങ്ങളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള സ്റ്റാഫിന്റെ കുറവുമൂലം ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ഒഴിവുകൾ നികത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രികളാക്കി ഈ കേന്ദ്രങ്ങളെ മാറ്റുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനു കീഴിൽ 226 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ദേശീയ പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരുടെ തസ്തികകൾ സംസ്ഥാനത്തെ സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ സൃഷ്ടിക്കപ്പെട്ടിട്ടില്ല. നിലവിൽ ദ്വിതീയതല ആശുപത്രിയായി പ്രവർത്തിക്കുന്നത് താലൂക്കാശുപത്രികളാണ്. സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ആർദ്രം പദ്ധതിയിൽ നിലവിൽ സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ഉൾപ്പെട്ടിട്ടില്ല. ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതികളുടെ ഭാഗമായി ശക്തിപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു. ഇതു സംബന്ധിച്ച പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ഡോക്ടർമാരുടെ ഒഴിവുകൾ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്നമുറയ്ക്കും ഡോക്ടർമാർ പി.ജി. കോഴ്സ് കഴിഞ്ഞ് തിരികെ ജോലിയിൽ പ്രവേശിക്കുന്നമുറയ്ക്കും നികത്തിവരുന്നു.

(ഡി) ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ ഇവയെ 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രങ്ങളാക്കി മാറ്റുന്ന കാര്യം പരിശോധിച്ചുവരുന്നു.

## കാസർഗോഡ് ജില്ലയിലെ താലൂക്ക് ആശുപത്രികൾ

206(3566) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര താലൂക്ക് ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇവിടങ്ങളിലായി എത്ര സ്പെഷ്യാലിറ്റി കേഡർ ഡോക്ടർമാർ പ്രവർത്തിക്കുന്നുണ്ടെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ജില്ലയിലെ താലൂക്ക് ആശുപത്രികളിൽ പ്രസവ സംബന്ധമായ ചികിത്സകൾ നൽകുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പി.എച്ച്.സി.-കളിൽ പി.എസ്.സി. വഴി ജോലി ലഭിച്ച എത്ര എം.ഡി.,എം.എസ്.-കാർ ജോലിനോക്കുന്നുണ്ടെന്നും ഏതൊക്കെ പി.എച്ച്.സി.-കളിലാണ് ഇവർ ജോലിചെയ്ത് വരുന്നതെന്നും ഇത്തരക്കാർ എത്ര വർഷങ്ങളായി പി.എച്ച്.സി.-കളിൽ ജോലി ചെയ്തുവരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | സ്ഥാപനം | സ്പെഷ്യാലിറ്റി | അനുവദിച്ച തസ്തിക | നിലവിൽ ജോലി ചെയ്തുവരുന്നവരുടെ എണ്ണം | ഒഴിവ് |
|---|---|---|---|---|---|
| 1 | താലൂക്ക് ആശുപത്രി, ബദിയടുക്ക | ജനറൽ മെഡിസിൻ | 1 | 0 | 1 |
| 2 | താലൂക്ക് ആശുപത്രി, മംഗൽപ്പാടി | ജനറൽ മെഡിസിൻ | 1 | 0 | 1 |
| 3 | താലൂക്ക് ആശുപത്രി, പനത്തടി | പീഡിയാട്രിക്സ് | 1 | 1 | 0 |
| | | ജനറൽ മെഡിസിൻ | 1 | 0 | 1 |
| 4 | താലൂക്ക് ആശുപത്രി, തൃക്കരിപ്പൂർ | ഗൈനക്കോളജി | 1 | 0 | 1 |
| | | പീഡിയാട്രിക്സ് | 1 | 1 | 0 |
| | | ഓർത്തോപീഡിക്സ് | 1 | 1 | 0 |
| 5 | താലൂക്ക് ആശുപത്രി, നീലേശ്വരം | ഗൈനക്കോളജി | 1 | 1 | 0 |
| | | പീഡിയാട്രിക്സ് | 1 | 1 | 0 |
| | | ജനറൽ മെഡിസിൻ | 1 | 1 | 0 |

(ബി) നീലേശ്വരം താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗത്തിൽ ആന്റിനേറ്റൽ ചികിത്സ നടത്തിവരുന്നുണ്ട്. തൃക്കരിപ്പൂർ താലൂക്ക് ആശുപത്രിയിൽ ഗൈനക്കോളജി വിഭാഗം സ്പെഷ്യാലിറ്റി അനുവദിച്ചിട്ടുണ്ടെങ്കിലും തസ്തികയിൽ ആളില്ലാത്തതിനാൽ പ്രസവസംബന്ധമായ ചികിത്സ നടക്കുന്നില്ല.

(സി) പി.എസ്.സി. വഴി അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള അടിസ്ഥാന യോഗ്യത എം.ബി.ബി.എസ്. ആണ്. ഉന്നത ബിരുദം യോഗ്യതയായിട്ടുള്ളവർക്ക് അതത് മേഖലയിലുള്ള സ്പെഷ്യാലിറ്റി കേഡറിലേയ്ക്കുള്ള ഓപ്ഷൻ നൽകുന്നതിനുള്ള അവസരം നൽകിവരുന്നു.

## സർക്കാർ ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്താൻ നടപടി

207(3567) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഇപ്പോഴും പരിപൂർണ്ണ ശുചിത്വം ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം ആശുപത്രികളിൽ ശുചിത്വം ഉറപ്പാക്കാൻ കഴിയാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ആശുപത്രികളിലെ ശുചിത്വം ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്;

(സി) സർക്കാർ ആശുപത്രികളിലെ ശുചീകരണം കാര്യക്ഷമമാക്കുന്നതിന് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കർശന നിയന്ത്രണത്തിനും ആധുനിക സംവിധാനങ്ങൾകൂടി പ്രയോജനപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതി രോഗീസൗഹൃദ സ്ഥാപനങ്ങൾ എന്ന കാഴ്ചപ്പാടോടെ മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തി വരുന്നതുകൊണ്ട് ആശുപത്രികളിലെ ഇൻ-പേഷ്യന്റ്, ഔട്ട്-പേഷ്യന്റ് എന്നിവയിൽ വർദ്ധനവ് വന്നിട്ടുണ്ട്. ഇതിന് ആനുപാതികമായി ക്ലീനിംഗ് സ്റ്റാഫ്, അറ്റൻഡർ എന്നിവരുടെ എണ്ണം പടിപടിയായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശുചിത്വ സംവിധാനത്തിൽ വീഴ്ചയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സർക്കാർ മെഡിക്കൽ കോളേജുകൾക്കുകീഴിലെ ആശുപത്രികളിലെ വിവിധ വാർഡുകൾ, ഓപ്പറേഷൻ തിയേറ്ററുകൾ, ഐ.സി.യു.-കൾ, പാസ്സേജുകൾ എന്നിവ ദിവസേനയുള്ള 3 ഷിഫ്റ്റുകളിൽ അതത് വാർഡുകളിലെ ഹെഡ് നഴ്സുമാരുടെ സൂപ്പർവിഷനിൽ വൃത്തിയാക്കുന്നുണ്ട്. അതത് യൂണിറ്റിലെ ബാത്ത് റൂം, ടോയ്‌ലറ്റ് എന്നിവയും ദിവസേന 3 ഷിഫ്റ്റുകളിലായി കഴുകി വൃത്തിയാക്കുന്നുണ്ട്. ബാത്ത് റൂമിന്റെയും ടോയ്‌ലെറ്റിന്റെയും തകരാറുകൾ അതത് ദിവസങ്ങളിൽ ഹൗസ് കീപ്പിംഗ് വിഭാഗത്തിന്റെ നേതൃത്വത്തിൽ പരിഹരിക്കുന്നുണ്ട്. ആശുപത്രിയിലെ പാസ്സേജുകളും സ്റ്റെപ്പുകളും 3 ഷിഫ്റ്റുകളായി തുടച്ച് വൃത്തിയാക്കുന്നുണ്ട്. വാർഡുകളിലെ ഫാനുകൾ, ജനലുകൾ, ഭിത്തികൾ എന്നിവയും യഥാക്രമം തുടച്ച് വൃത്തിയാക്കുന്നുണ്ട്. വാക്വം ക്ലീനർ, മോപ്പിങ്ങ് മെഷീൻ തുടങ്ങിയ ആധുനിക സംവിധാനങ്ങൾകൂടി പ്രയോജനപ്പെടുത്തിയാണ് ശുചീകരണം നടത്തുന്നത്. ആഴ്ചയിലെ എല്ലാ വ്യാഴാഴ്ചയും എ.എം.ഒ.-യുടെ നേതൃത്വത്തിൽ നടത്തുന്ന സാനിട്ടറി

റൗണ്ട്, ആശുപത്രിയുടെ ശുചീകരണത്തിൽ ഉണ്ടാകുന്ന പോരായ്മകൾ പരിഹരിച്ച് ശുചിത്വം ഉറപ്പുവരുത്തുന്നു. ബയോമെഡിക്കൽ മാലിന്യങ്ങൾ IMAGE-ന് കൈമാറുന്നു. ആശുപത്രിയിൽ ഉണ്ടാകുന്ന ഭക്ഷണ മാലിന്യങ്ങൾ ബയോഗ്യാസ് പ്ലാന്റ് മുഖേന സംസ്കരിക്കുന്നു. ആശുപത്രിയിലെ കെട്ടിട സമുച്ചയങ്ങൾക്ക് സമീപത്തായി ഒഴുകുന്ന ഓടകളിലെ മാലിന്യങ്ങൾ സമയാസമയങ്ങളിൽ നീക്കം ചെയ്യുന്നു.

ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ ശുചിത്വം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി infection control committee-യുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നു. Asceptic Procedure-ന്റെ ഭാഗമായി ഹാന്റ് വാഷ് ഉപയോഗം സംബന്ധിച്ച് സർക്കുലർ നൽകിയിട്ടുണ്ട്. ആശുപത്രികളും പരിസരങ്ങളും വൃത്തിയായി സൂക്ഷിക്കാൻ infection control guidelines ഉചിതമായ നടപടികൾക്കുവേണ്ടി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. Infection control, hand wash techniques എന്നിവയെപ്പറ്റി ക്ലാസ്സുകൾ ആശുപത്രികളിൽ നടത്തിവരുന്നു. എല്ലാ സ്ഥാപനങ്ങളിലെയും സൂപ്രണ്ട്/മെഡിക്കൽ ഓഫീസർമാരുടെ നേതൃത്വത്തിൽ Sanitary Rounds നടത്തിവരുന്നു. ബയോ മെഡിക്കൽ മാലിന്യങ്ങൾ ഉചിതമായ രീതിയിൽ IMAGE മുഖേന നശിപ്പിക്കുകയും മറ്റ് മാലിന്യങ്ങൾ സ്ഥാപനങ്ങളിൽ തന്നെയുള്ള ഇൻസിനേറ്ററുകൾ മുഖേനയോ ത്രിതല പഞ്ചായത്ത് തലത്തിൽ/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിലോ മാലിന്യ വിമുക്തിക്കുള്ള പ്രോജക്ട് മുഖേനയോ നശിപ്പിച്ചുകളയുന്നു.

(സി) സർക്കാർ ആശുപത്രികളിൽ നവീന സംവിധാനങ്ങൾ ഉൾപ്പെടുത്തി ശുചീകരണം നടത്തുന്നുണ്ട്. നവീന രീതിയിലുള്ള ശുചിത്വ പരിപാലനത്തിനായി ജീവനക്കാർക്ക് യഥാസമയം പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

**ഹൃദയസംബന്ധമായ അസുഖങ്ങൾ**

208(3568) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങൾക്കിടയിൽ ഹൃദയസംബന്ധമായ അസുഖങ്ങൾ ആശങ്കാജനകമാംവിധം വർദ്ധിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഹൃദ്രോഗ ചികിത്സയ്ക്കുള്ള സംവിധാനം ജില്ലാ ആശുപത്രികളിൽ ഒരുക്കുന്നതിന് ആലോചിക്കുമോ;

(സി) ഈവനിംഗ് സ്പെഷ്യാലിറ്റി ഒ.പി. സംവിധാനം ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ എല്ലാ ജില്ലാ ആശുപത്രികളിലും താലൂക്ക് ആശുപത്രികളിലും ഈ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) യുവജനങ്ങൾക്കിടയിൽ ഹൃദ്രോഗബാധ കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് ആശങ്കാജനകമാംവിധം വർദ്ധിക്കുന്നതായുള്ള പഠനങ്ങളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എല്ലാ ജില്ലകളിലും ഒരു കൊറോണറി കെയർ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ആരോഗ്യ വകുപ്പും കേന്ദ്രാവിഷ്കൃത ജീവിത ശൈലീരോഗ നിയന്ത്രണ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ്.-ലൂടെയും സ്വീകരിച്ചുവരുന്നു. പാലക്കാട്, എറണാകുളം, തിരുവനന്തപുരം ജില്ലകളിൽ കാത്ത് ലാബുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇത് കൂടുതൽ ആശുപത്രികളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ആല, ചെന്നിത്തല കുടുംബാരോഗ്യ കേന്ദ്രങ്ങൾ

209(3569) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയപ്പോൾ എന്തെല്ലാം പുതിയ സംവിധാനങ്ങൾ ആണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ആല, ചെന്നിത്തല കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം പുതിയ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കി വികസിപ്പിച്ച് എല്ലാ പി.എച്ച്.സി.-കളിലും നിശ്ചിത മാനദണ്ഡങ്ങളോടുകൂടിയ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, അധിക ഒ.പി. കൗണ്ടറുകൾ, അഡ്വാൻസ് ബുക്കിംഗ് കൗണ്ടർ, കുടിവെള്ളം, ടോയ്‌ലറ്റ് സൗകര്യം, സൈനേജുകൾ, ഡിസ്പ്ലേ ബോർഡുകൾ,

ആരോഗ്യ ബോധവൽക്കരണ സംവിധാനങ്ങൾ, രോഗികൾക്ക് സ്വകാര്യത ഉറപ്പുവരുത്തുന്നതിനുള്ള പരിശോധന മുറികൾ എന്നിവ ക്രമീകരിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീ ചെക്കും കൗൺസിലിംഗും വൈകിട്ട് 6 മണി വരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തുന്നു. ആസ്ത്മ, ശ്വാസകോശ രോഗങ്ങൾക്കുള്ള "ശ്വാസ് ക്ലിനിക്", മാനസികാരോഗ്യ പരിചരണത്തിനുള്ള "ആശ്വാസ് ക്ലിനിക്" എന്നീ സൗകര്യങ്ങളും ഉറപ്പുവരുത്തുന്നു. ഫീൽഡ് പ്രദേശങ്ങളിലേയ്ക്കുള്ള വിവിധ സ്ഥാപനങ്ങളിൽ ഔട്ട് റീച്ച് പ്രോഗ്രാമുകളും കൂടുതലായി നടത്തിവരുന്നുണ്ട്.

(ബി) ചെന്നിത്തല കുടുംബാരോഗ്യ കേന്ദ്രത്തിലും ആല കുടുംബാരോഗ്യ കേന്ദ്രത്തിലും പുതുതായി നിർമ്മിച്ച വെയിറ്റിംഗ് ഏരിയ, കുടിവെള്ള സൗകര്യം, എയർപോർട്ട് ചെയറുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, ടി.വി., സൈൻ ബോർഡുകൾ, പുതിയ ഒ. പി. രജിസ്ട്രേഷൻ കൗണ്ടർ, ലാബ് ഫെസിലിറ്റി, ഫ്രീ-ചെക്ക് അപ്പ് റൂം, രണ്ട് ഒ. പി. കൺസൾട്ടേഷൻ റൂം, ഡ്രസ്സിംഗ് റൂം, ഫാർമസി വെയിറ്റിംഗ് ഏരിയ, ഇമ്മ്യൂണൈസേഷൻ റൂം എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ അധികമായി ഒരു ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, ഒരു ലാബ്ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിവരുന്നു. ഇതുകൂടാതെ ആല പി.എച്ച്.സി.-യിൽ ഒരു ഫാർമസിസ്റ്റ് തസ്തികകൂടി സൃഷ്ടിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന പ്ലാൻ ഫണ്ടിൽ നിന്ന് 13,36,000 രൂപ വീതം ഓരോ സ്ഥാപനത്തിനും അനുവദിച്ചിട്ടുണ്ട്. ചെന്നിത്തല പി.എച്ച്.സി. 3-1-2018 മുതൽ കുടുംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ആല പി.എച്ച്.സി.-യിലെ വർക്കുകളെല്ലാം പൂർത്തീകരിക്കുകയും ടി പി.എച്ച്.സി. ഉദ്ഘാടനത്തിന് സജ്ജമാകുകയും ചെയ്തിട്ടുണ്ട്.

**മങ്കട നിയോജകമണ്ഡലത്തിൽ നിപ വൈറസ് ബാധ**

210(3570) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മങ്കട നിയോജകമണ്ഡലത്തിൽ നിപ വൈറസുമൂലമുണ്ടാകുന്ന പനി തടയാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

മങ്കട നിയോജകമണ്ഡലത്തിൽ മൂർക്കനാട് പഞ്ചായത്ത് ഏരിയയിൽ നിപ വൈറസുമൂലം ഒരു മരണമുണ്ടാകുകയും ആ രോഗിയുടെ അടുത്ത "കോൺടാക്ട്സ്"-

കളെ 21 ദിവസം നിരീക്ഷണത്തിന് വയ്ക്കുകയുമാണ് പ്രധാനമായും ചെയ്തത്. ഇക്കാര്യത്തിൽ മരിച്ചയാളുമായി അടുത്തിടപഴകിയ ആളുകളെ കണ്ടെത്തുകയും അവർക്ക് 21 ദിവസം നിരീക്ഷണത്തിന് സഹകരിക്കാൻ നിർദ്ദേശം കൊടുക്കുകയും ചെയ്തുകൊണ്ട് നിപ വൈറസ് ബാധ തടയാൻ ശ്രമിക്കുകയുണ്ടായി. കൂടാതെ മരിച്ചയാളുടെ കോൺടാക്ട്സ് അല്ലാത്തവർക്കും നിപ സമാന ലക്ഷണങ്ങൾ ഉണ്ടാകുന്നുണ്ടോയെന്നും ആരോഗ്യപ്രവർത്തകർ സർവ്വയലൻസിന്റെ ഭാഗമായി നിരീക്ഷിക്കുകയുണ്ടായി. ഇത്തരം കേസുകൾ കൈകാര്യം ചെയ്യാനും ട്രാൻസ്പോർട്ടേഷനുമായി ജില്ലയിൽ 5 സ്ഥലങ്ങളിൽ 24 മണിക്കൂറും നിപ സർവ്വീസുമായി ബന്ധപ്പെട്ട് സ്പെഷ്യൽ ആംബുലൻസ് സംവിധാനം ഒരുക്കുകയും അതിൽ ഒന്ന് പെരിന്തൽമണ്ണ കേന്ദ്രീകരിച്ച് വയ്ക്കുകയും ചെയ്തു.

## തലശ്ശേരി താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനം

211(3571) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി താലൂക്ക് ആശുപത്രിയുടെ സമഗ്ര വികസനത്തിന് തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ അത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വികസനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ?

### ഉത്തരം

(എ) തലശ്ശേരി താലൂക്കാശുപത്രി അപ്ഗ്രേഡ് ചെയ്തു. ഇപ്പോൾ ജനറൽ ആശുപത്രിയായിട്ടാണ് പ്രവർത്തിക്കുന്നത്.

2018-19 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി ജനറൽ ആശുപത്രിക്ക് മാത്രമായി തുക വകയിരുത്തിയിട്ടില്ല. ആശുപത്രിയുടെ വികസനത്തിനായി വിവിധ വാർഷിക പദ്ധതികളിൽ വകയിരുത്തിയ തുക വിനിയോഗിച്ച് ഉപകരണങ്ങൾ വാങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തൽ എന്ന വാർഷിക പദ്ധതി വഴി തലശ്ശേരി ജനറൽ ആശുപത്രിക്ക് 149.66 ലക്ഷം രൂപയുടെ ഉപകരണങ്ങളും സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനം വികസിപ്പിക്കൽ എന്ന പദ്ധതി വഴി 197.01 ലക്ഷം രൂപയുടെ ഉപകരണങ്ങളും വാങ്ങാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മലപ്പുറം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രവും ഫാർമസിയും

212(3572) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രവും ഫാർമസിയും ആരംഭിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ&ബി) മലപ്പുറം താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള പ്രൊപ്പോസലുകളൊന്നും സർക്കാരിൽ ലഭിച്ചിട്ടില്ല.

## തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ നവീകരണ പ്രവർത്തനങ്ങൾ

213(3573) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പേവാർഡ് മുറിയുടെ ചുവര് ഇളകി വീണതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്മേൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) രോഗികളുടെ ആശങ്ക ദൂരീകരിക്കാൻ മുഴുവൻ കെട്ടിടങ്ങളുടെയും നവീകരണ പ്രവർത്തനങ്ങൾ ആവശ്യമുണ്ടെങ്കിൽ അത് നിർവ്വഹിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ആശുപത്രിയിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മാണത്തിലിരിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എപ്പോഴാണ് ആരംഭിച്ചത്; നിർമ്മാണ പുരോഗതി വ്യക്തമാക്കുമോ; എന്നത്തേക്ക് പണി പൂർത്തിയാക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലാപ്രോ പോസ്റ്റ് ഓപ്പറേറ്റീവ് വാർഡിലെ ചുവരിലെ പ്ലാസ്റ്ററിംഗിന്റെ അല്പഭാഗം ഇളകിവീണ ഉടനെ ടി വിവരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയറെ അറിയിക്കുകയും പ്രസ്തുത വകുപ്പ് അറ്റകുറ്റപ്പണികൾ ചെയ്തുവരികയുമാണ്.

(സി) കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന എം.സി.എച്ച്. ബ്ലോക്ക് കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 21-12-2015-ലാണ് ആരംഭിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

## പുല്ലുവിള സി.എച്ച്.സി.-യിലെ ഡോക്ടറുടെ കൃത്യവിലോപം

214(3574) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിലെ പുല്ലുവിള സി.എച്ച്.സി.യിൽ മൂന്ന് ഡോക്ടർമാർ നിലവിലുള്ളതിൽ ശ്രീ.നെബു ജോൺ എന്ന ഡോക്ടർ സ്ഥിരമായി ജോലിക്ക് ഹാജരാകാത്തത് സംബന്ധിച്ച ഡി.എം.ഒ.-യുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏറ്റവും ജനസാന്ദ്രതയുള്ള കരുംകുളം ഗ്രാമപഞ്ചായത്തിലെ ഏക സി.എച്ച്.സി. യിലെ ഡോക്ടറെക്കുറിച്ചുള്ള റിപ്പോർട്ടാണിതെന്ന് അറിയുമോ ;

(ബി) പ്രസ്തുത ഡോക്ടറെക്കുറിച്ച് നിരവധി പരാതികൾ നിലനിൽക്കെ കഴിഞ്ഞ മാസം ജനങ്ങൾ റോഡ് ഉപരോധം നടത്തിയപ്പോൾ പ്രസ്തുത ഡോക്ടറെ മാറ്റാം എന്ന് ജില്ലാ കളക്ടറുടെ ഉറപ്പ് ലഭിച്ചത് അറിയുമോ ; എങ്കിൽ ഡോക്ടറെ എത്രയും വേഗം മാറ്റാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) പുല്ലുവിള സി.എച്ച്.സി.-യിലെ ഡോ. നെബു ജോൺ സ്ഥിരമായി ജോലിക്ക് ഹാജരാകുന്നില്ലെന്നുള്ള ഒരു റിപ്പോർട്ട് ജില്ലാ മെഡിക്കൽ ഓഫീസർ നൽകിയിട്ടില്ല. എന്നാൽ സമാന വിഷയത്തിന്മേലുള്ള ഒരു പരാതിയിന്മേൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം അഡീഷണൽ ഡയറക്ടർ (വിജിലൻസ്) ഇൻ-ചാർജ് അന്വേഷണം നടത്തി അന്വേഷണ റിപ്പോർട്ട് അനന്തര നടപടികൾക്കായി ആരോഗ്യ വകുപ്പ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന് ആധാരമായ പരാതിയിന്മേലുള്ള അനന്തര നടപടികൾ ബഹുമാനപ്പെട്ട അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ O.A. No. 618/18-ലെ ഇടക്കാല ഉത്തരവ് പ്രകാരം സ്റ്റേ ചെയ്തിരിക്കുകയാണ്.

## ഫോർട്ടുകൊച്ചി താലൂക്കാശുപത്രി

215(3575) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ആരോഗ്യ മേഖലയിൽ കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കിയ പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെ; വിശദമാക്കുമോ;

(ബി) ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രിയുടെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ജി.ഒ.(എം.എസ്.) 58/2017/ആ.കു.വ. അനുസരിച്ച് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്, കരുവേലിപ്പടിയെ ആർദ്രം മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരുവേലിപ്പടി മഹാരാജാസ് താലൂക്കാശുപത്രിയുടെ സമഗ്ര വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി മാസ്റ്റർപ്ലാൻ ഹൗസിംഗ് ബോർഡ് വഴി തയ്യാറാക്കിവരുന്നു. പ്രസ്തുത മാസ്റ്റർപ്ലാനിൽ ഇമേജിംഗ് സെന്റർ, ഡയാലിസിസ് യൂണിറ്റ്, തിയേറ്റർ കോംപ്ലക്സ്, ലാബ്, ട്രോമാകെയർ സംവിധാനമുള്ള കാഷ്വാലിറ്റി, കാത്ത്‌ലാബ് എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം ഡി.എച്ച്.എസ്.-ന്റെ ഫണ്ട് ഉപയോഗിച്ച് കെ.എം.എസ്.സി.എൽ. വഴി ഡിജിറ്റൽ എക്സ്-റേ സംവിധാനം ഏർപ്പെടുത്തി. ഇതു കൂടാതെ ആർദ്രം മിഷന്റെ ഭാഗമായി 23-9-2017-ലെ ജി.ഒ. (എം.എസ്.) 136/2017/ആ.കു.വ. ഉത്തരവ് പ്രകാരം മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ 28-6-2017-ലെ ജി.ഒ.(എം.എസ്.) 101/2017/ആ.കു.വ. ഉത്തരവ് പ്രകാരം ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് എന്നിവരുടെ ഓരോ തസ്തിക വീതം സൃഷ്ടിച്ചു നൽകിയിട്ടുണ്ട്.

(ബി) ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സമഗ്ര വികസനത്തിനായി കൊച്ചി നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള മറ്റൊരു ആശുപത്രിയാണ് ഫോർട്ടുകൊച്ചി താലൂക്കാശുപത്രി. ആശുപത്രിയുടെ വികസനത്തിനായി പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന തയ്യാറാക്കിവരുന്നു.

കൊച്ചി സ്മാർട്ട് സിറ്റി പ്രോജക്ടിന്റെ ഭാഗമായി ഈ ആശുപത്രിയുടെ സമഗ്ര വികസനത്തിനായി പ്രൊപ്പോസലുകൾ തയ്യാറാക്കിവരുന്നു. റോട്ടറി ക്ലബ്ബിന്റെ സഹായത്തോടുകൂടി ഒരു ഡിജിറ്റൽ എക്സ്-റേ സംവിധാനം ആശുപത്രിയിൽ ഏർപ്പെടുത്തിവരുന്നു. ആർദ്രം മിഷനിൽ ഉൾപ്പെടുത്തി 23-9-2017-ലെ ജി.ഒ. (എം.എസ്.) 136/17/ആ.കു.വ. ഉത്തരവ് പ്രകാരം സിസ് ടെക്നീഷ്യൻ-2, ദന്തൽ മെക്കാനിക്-1 എന്നീ തസ്തികകൾ പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ രണ്ടാം ഷിഫ്റ്റ് ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## ശാന്തിവിള സർക്കാർ താലൂക്കാശുപത്രി

216(3576) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നേമം മണ്ഡലത്തിലെ ശാന്തിവിള സർക്കാർ ആശുപത്രിയെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും താലൂക്ക് ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തിയതായി അറിയാമോ;

(ബി) താലൂക്ക് ആശുപത്രിക്ക് വേണ്ട ഡോക്ടർമാരെയും പാരാ മെഡിക്കൽ സ്റ്റാഫുകളെയും പ്രസ്തുത ആശുപത്രിയിൽ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഒഴിവുകൾ നികത്താനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) 1-3-2011-ലെ സ.ഉ.(സാധാ) നമ്പർ 821/2011/ആ.കു.വ. ഉത്തരവ് പ്രകാരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിരുന്ന ശാന്തിവിള സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്.

(ബി) താലൂക്കാശുപത്രിയായി ഉയർത്തിയതിനുശേഷം 7-10-2016-ലെ സ.ഉ.(എം.എസ്.) നമ്പർ 193/2016/ആ.കു.വ. ഉത്തരവ് പ്രകാരം ഒരു ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

## നേര്യമംഗലം പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്താൻ നടപടി

217(3577) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) ഇടുക്കി ജില്ലയുടെ അതിർത്തിയും നിരവധി ആദിവാസികൾ അടക്കമുള്ള സാധാരണ ജനവിഭാഗങ്ങൾ കൂടുതൽ ആശ്രയിക്കുന്ന നേര്യമംഗലം പി.എച്ച്.സി. യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(സി) ഇവിടെ കിടത്തിചികിത്സ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) എന്നത്തേയ്ക്ക് കിടത്തി ചികിത്സ ആരംഭിക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 26-2-2009-ലെ സ.ഉ.(എം.എസ്.) നമ്പർ 53/09/ആ.കു.വ. ഉത്തരവ് പ്രകാരം നേര്യമംഗലം പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തിയിട്ടുണ്ട്.

(സി & ഡി) നവകേരള മിഷന്റെ ഭാഗമായുള്ള ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളെയും ഘട്ടംഘട്ടമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രദേശത്തെയാകെ ജനവിഭാഗങ്ങളുടെയും ആരോഗ്യ പരിചരണവും രോഗചികിത്സയും ഉറപ്പാക്കിയും ഇതിനായി മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയും അധിക തസ്തികകൾ സൃഷ്ടിച്ചും രോഗീ സൗഹൃദമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതോടൊപ്പം ഒരു താലൂക്കിൽ ഒരു താലൂക്ക് ആശുപത്രി, ഒരു ജില്ലയിൽ ഒരു ജില്ലാ ആശുപത്രി എന്ന അടിസ്ഥാനത്തിൽ ആശുപത്രികളെ തെരഞ്ഞെടുത്ത് ഘട്ടംഘട്ടമായി ആശുപത്രികളുടെ അടിസ്ഥാന സൗകര്യം ഒരുക്കുക എന്നതും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഈ സാഹചര്യത്തിൽ പ്രത്യേകമായി കിടത്തി ചികിത്സ സൗകര്യം ഒരുക്കുന്നതിന് ഇപ്പോൾ പ്രായോഗിക ബുദ്ധിമുട്ടുണ്ട്. ആർദ്രം പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കുമ്പോൾ നേര്യമംഗലം പി.എച്ച്.സി. ഇപ്പോൾ നേരിടുന്ന കുറവുകൾ പരിഹരിക്കാൻ കഴിയുന്നതാണ്.

## കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ വികസനം

218(3578) <u>ശ്രീ. എ. പ്രദീപ്കുമാർ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ആവിഷ്കരിച്ച പദ്ധതികളുടെ പുരോഗതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 19-8-2016-ലെ സ.ഉ.(സാധാ) നമ്പർ 2304/16 19-8-2016 പ്രകാരം ഒ.പി. ബ്ലോക്കിന്റെ പുതിയ കെട്ടിടത്തിന് 37 ലക്ഷം രൂപയുടെ ഭരണാനുമതി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. പ്രദീപ്കുമാറിന്റെ ആസ്തി വികസന ഫണ്ട് പ്രകാരം നൽകിയിട്ടുണ്ട്. 2017-18-ലെ മോഡേണൈസേഷൻ ഓഫ് ഡ്രഗ് സ്റ്റോർ

അണ്ടർ ഡി.എച്ച്.എസ്. എന്ന പ്ലാൻ സ്കീമിൽ 10-7-2017-ലെ സ.ഉ. (സാധാ) 1923/17/ആ.കു.വ. ഉത്തരവ് പ്രകാരം 599.644 ലക്ഷം രൂപ വിവിധ ആശുപത്രികൾക്കായി അനുവദിച്ചതിൽ കോഴിക്കോട് ബീച്ച് ആശുപത്രിയുടെ ഇലക്ട്രിക്കൽ വർക്കിനായി 1.62 ലക്ഷം രൂപയും സിവിൽ വർക്കിനായി 13.71 ലക്ഷം രൂപയും വകകൊള്ളിച്ചിട്ടുണ്ട്. ടി തുക തുടർപ്രവൃത്തികൾ നടപ്പിലാക്കാനായി പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. ഇവിടെ കാത്ത്ലാബ് തുടങ്ങുന്നതിന് 11 കോടി രൂപ അനുവദിക്കുകയും ആശുപത്രിയുടെ സമഗ്ര വികസനത്തിന് ഡി.പി.ആർ. തയ്യാറാക്കുവാൻ INKEL എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. കൂടാതെ 10-8-2016-ലെ സ.ഉ.(സാധാ) 2213/16/ ആ.കു.വ. ഉത്തരവ് പ്രകാരം കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ ക്യാന്റീൻ ബ്ലോക്ക് നിർമ്മാണത്തിന് 65 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയെ 22-4-2017-ലെ ജി.ഒ.(പി) നമ്പർ 58/2017/ആ.കു.വ. ഉത്തരവ് പ്രകാരം ജില്ലയിലെ ആശുപത്രി വിഭാഗത്തിൽ ഉൾപ്പെടുത്തി ഇവിടെ 23-9-2017-ലെ സ.ഉ.(സാധാ) 136/17/ആ.കു.വ. ഉത്തരവ് പ്രകാരം ഫോറൻസിക് സർജൻ-1, റേഡിയോ ഡയഗ്നോസിസ് (ജൂനിയർ കൺസൾട്ടന്റ്)-1, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ-2, ഡയാലിസിസ് ടെക്നീഷ്യൻ- 3, എക്സ്-റേ അറ്റൻഡർ -1, മെഡിക്കൽ റിക്കോർഡ് അറ്റൻഡർ - 1, ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ - 1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) കോഴിക്കോട് ഗവൺമെന്റ് ജനറൽ ആശുപത്രിയിൽ പുതിയ ഒ.പി. ബ്ലോക്ക് എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചതിനാൽ ഒ.പി. ബ്ലോക്കിനു മുകളിൽ നേത്രരോഗ വിഭാഗത്തിന്റെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 36 ലക്ഷം രൂപ പി.ഡബ്ല്യു.ഡി.-ക്ക് കൈമാറിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഡ്രഗ് സ്റ്റോർ നവീകരിക്കുന്നതിന് ഫണ്ട് അനുവദിച്ച് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ആശുപത്രി സൂപ്രണ്ട് കത്ത് നൽകിയിട്ടുണ്ട്.

കാത്ത് ലാബ് തുടങ്ങുന്നതിലേയ്ക്കായി ആശുപത്രിയിലെ നിലവിലുള്ള പേവാർഡുകൾ മാറ്റി അവിടേയ്ക്ക് നിലവിലുള്ള മെഡിസിൻ വാർഡ് മാറ്റിയിട്ടുണ്ട്. പ്രസ്തുത വാർഡിൽ കാത്ത്ലാബ് തുടങ്ങുന്നതിനുള്ള പ്രാരംഭ നടപടി KHRWS/KMSCL മുഖേന ആരംഭിച്ചിട്ടുണ്ട്. ആശുപത്രിയിൽ ഇലക്ട്രിസിറ്റി സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഇലക്ട്രിക്കൽ വിഭാഗത്തിൽനിന്നും ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ട്.

## കാട്ടാക്കട താലൂക്കാശുപത്രി

219(3579) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പുതുതായി പ്രഖ്യാപിച്ച കാട്ടാക്കട താലൂക്കാശുപത്രിയ്ക്ക് കെട്ടിടവും, ഭൗതിക സംവിധാനങ്ങളും ഒരുക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

താലൂക്കാശുപത്രിയായി ഉയർത്തിയ മലയിൻകീഴ് സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ആശുപത്രിയുടെ 75 സെന്റ് സ്ഥലവും ക്വാർട്ടേഴ്സിന്റെ 25 സെന്റ് സ്ഥലവും ഉൾപ്പെടുത്തി സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ 62 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

## പേരൂർക്കട മാനസിക രോഗാശുപത്രിയുടെ പേരുമാറ്റൽ

220(3580) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരൂർക്കട മാനസിക രോഗാശുപത്രിയുടെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയിൽ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ പേര് മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ എന്ന് മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ പേരുമാറ്റത്തിലൂടെ സ്ഥാപനത്തിന് എന്തൊക്കെ ഗുണങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എ.ഡി. 1870-ൽ സ്ഥാപിതമായ ആശുപത്രിയിൽ കൂടുതൽ വാർഡുകൾ ഓടിട്ടതും പഴയ നിർമ്മിതിയുമാണ്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിതിനെത്തുടർന്ന് വാർഡുകൾ അടിയന്തരമായി നവീകരിക്കുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ഘട്ടംഘട്ടമായി ഇത് പൂർത്തീകരിക്കാൻ കഴിയുന്നതാണ്. 4 കോടി രൂപ മതിപ്പ് ചെലവുള്ള ആധുനിക വാർഡിന്റെ ശിലാസ്ഥാപനം നടത്തുകയും നിർമ്മാണം ഉടൻതന്നെ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ആരംഭിക്കുന്നതുമാണ്.

<u>നിലവിലെ ഒഴിവുകൾ</u>

1. ഡോക്ടർ - 1
2. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് - 1
3. നഴ്സിംഗ് ഓഫീസർ - 1
4. നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് I - 1
5. ഹെഡ് നഴ്സ് - 3
6. സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 - 13
7. നഴ്സിംഗ് അസിസ്റ്റന്റ് - 1
8. ആശുപത്രി അറ്റൻഡർ ഗ്രേഡ് 1 - 1
9. ആശുപത്രി അറ്റൻഡർ ഗ്രേഡ് 2 - 7
10. ഡയറ്റീഷ്യൻ - 1
11. ഫാർമസിസ്റ്റ് - 1
12. ഇ.ഇ.ജി. ടെക്നീഷ്യൻ - 1
13. ബാർബർ - 4
14. അസിസ്റ്റന്റ് ഇൻസ്ട്രക്ടർ - 1
15. ധോബി - 5
16. കുക്ക് - 13
17. സെക്യൂരിറ്റി ഗാർഡ് - 4
18. പ്ലംബർ - 1
19. ഗാർഡനർ - 2
20. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ - 2 (സൂപ്പർ ന്യൂമററി)

(ബി) പരിശോധനയിലാണ്.

(സി) മാനസികാരോഗ്യ കേന്ദ്രം എന്ന നിലവിലുള്ള പേര് മാറ്റി മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ എന്ന പേര് നൽകുക വഴി ഈ ആശുപത്രി നൽകുന്ന രോഗ പരിചരണം, വിവിധ അക്കാദമിക പ്രവർത്തനങ്ങൾ (ഡി.എൽ.ബി. ബിരുദാനന്തര ബിരുദ പരിശീലനം, മെഡിക്കൽ നഴ്സിംഗ്, ക്ലിനിക്കൽ സൈക്കോളജി, സൈക്യാട്രിക്, സോഷ്യൽ വർക്ക്, ബിരുദ ബിരുദാനന്തര ഡോക്ടർമാർക്കുള്ള പരിശീലനം) പുനരധിവാസം, ഗവേഷണം മുതലായ സേവനങ്ങളുടെ പൂർണ്ണമായ വ്യാപ്തിയും പ്രാധാന്യവും ജനങ്ങളിൽ എത്തിക്കുന്നതിന് സാധിക്കും. കൂടാതെ ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ

റിസർച്ച്, ശാസ്ത്രസാങ്കേതിക വകുപ്പ്, ലോകാരോഗ്യ സംഘടന, ആരോഗ്യ വകുപ്പ് തുടങ്ങിയവർ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം ലഭിക്കുന്നതിനും പേരുമാറ്റം സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിലെ പുതിയ കെട്ടിടം

221(3581) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ മാതൃ-ശിശു സംരക്ഷണത്തിനായി 13.5 കോടി രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന്റെ പ്രവർത്തനം പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കാത്തതിനെ തുടർന്ന് ആരംഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡയാലിസിസ് യൂണിറ്റും മറ്റ് മെഡിക്കൽ യന്ത്രങ്ങളും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് ട്രാൻസ്ഫോർമർ ആവശ്യമായതിനാൽ അത് സ്ഥാപിച്ചുകിട്ടുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. ട്രാൻസ്ഫോർമർ അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചികിത്സാപ്പിഴവുമൂലം മരണം

222(3582) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിൽ ശസ്ത്രക്രീയക്ക് വിധേയമായതിനെ തുടർന്ന് ഉണ്ടായ ചികിത്സാപിഴവുമൂലം ശോഭ എന്നയാൾ മരണമടഞ്ഞ സംഭവത്തെ തുടർന്ന് അന്വേഷണം നടത്തണമെന്നാവശ്യപ്പെട്ട് വർക്കല കുരനിലക്കോട് വി.എസ്. ഭവനിൽ ശ്രീ.വാസവൻ നൽകിയ നിവേദനത്തിന്മേൽ (No. 2474591/2018/M(H)) എന്ത് നടപടികൾ സ്വീകരിച്ചു; വിശദവിവരം വ്യക്തമാക്കാമോ;

(ബി) മരണ കാരണം സംബന്ധിച്ച് എന്തെങ്കിലും കണ്ടെത്തൽ നടത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(സി) മരണത്തിന് കാരണം ചികിത്സ പിഴവാണെങ്കിൽ കുറ്റക്കാർക്ക് എതിരെ നിയമനടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?.

ഉത്തരം

(എ) പ്രസ്തുത വിഷയത്തിൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്)-ഇൻ-ചാർജ് പ്രാഥമികാന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ശ്വസനാവയവങ്ങളിലെ നീർക്കെട്ട് അലർജികളോടുള്ള ശരീരത്തിന്റെ പ്രതിപ്രവർത്തനത്തിൽ നിന്നുണ്ടായതാകാമെന്നും ശ്വാസകോശത്തിൽ ഉണ്ടായതായി പറയപ്പെടുന്ന മാറ്റങ്ങൾ (consolidation) സർജറിക്കുശേഷം കൂടുതൽ സമയം കിടന്നുകൊണ്ട് പരിചരണം ലഭിച്ച രോഗികൾക്ക് ഉണ്ടാകാൻ സാധ്യതയുണ്ടെങ്കിലും സാധാരണഗതിയിൽ ആയത് മരണത്തിന് കാരണമാകാറില്ലെന്നും പോസ്റ്റുമോർട്ടം റിപ്പോർട്ട് വിശകലനം ചെയ്തതിൽനിന്നും അനുമാനിക്കാവുന്നതാണ് എന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന സർജറിയുടെ ഭാഗമായുണ്ടായ സങ്കീർണ്ണത ചികിത്സാപ്പിഴവായി കണക്കാക്കാൻ കഴിയില്ല.

(സി) ബാധകമല്ല.

## ഇരിങ്ങാലക്കുട താലൂക്കാശുപത്രി കെട്ടിടനിർമ്മാണത്തിന്റെ രണ്ടാം ഘട്ടം

223(3583) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയുടെ കെട്ടിടത്തിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ തുക വകയിരുത്തുന്നതിനുള്ള നടപടികളുടെ പുരോഗതി വിശദമാക്കുമോ ;

(ബി) ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ ഒരു കീമോതെറാപ്പി യൂണിറ്റ് തുടങ്ങുന്നതിനുള്ള നിർദ്ദേശത്തിന്റെ പുരോഗതി വ്യക്തമാക്കാമോ ;

(സി) ഇരിങ്ങാലക്കുട താലൂക്ക് ആശുപത്രിയിൽ ആരംഭിക്കാൻ നിർദ്ദേശിച്ചിട്ടുള്ള ഡയാലിസിസ് യൂണിറ്റ് പ്രാവർത്തികമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ മേജർ കൺസ്ട്രക്ഷൻ അണ്ടർ ഡി.എച്ച്.എസ്. എന്ന പദ്ധതിയിലേയ്ക്കായി 50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. എന്നാൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്താനായി ഏകദേശം 61 കോടി രൂപയുടെ പ്രൊപ്പോസലുകൾ ആരോഗ്യ വകുപ്പ് കാര്യാലയത്തിൽ

ലഭ്യമായിട്ടുണ്ട്. അടിയന്തര പ്രാധാന്യമുള്ളതിനാൽ ലഭ്യമായ എല്ലാ പ്രൊപ്പോസലുകളും ഉൾപ്പെടുത്തേണ്ടതായിട്ടുള്ളതുകൊണ്ട് ഇരിങ്ങാലക്കുട താലൂക്കാശുപത്രിയിൽനിന്നും ലഭ്യമായ 11.50 കോടി രൂപയുടെ പ്രൊപ്പോസലിൽ കെട്ടിടത്തിന്റെ സ്ട്രക്ചറൽ വർക്ക് പൂർത്തീകരിക്കാനുള്ള തുക വകയിരുത്തിക്കൊണ്ടുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരികയാണ്.

(ബി) തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ ജനറൽ ആശുപത്രിയിലും വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലും കീമോതെറാപ്പി യൂണിറ്റ് ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിച്ചുവരുന്നു. ഓരോ സാമ്പത്തിക വർഷവും രണ്ട് പുതിയ കീമോതെറാപ്പി സെന്ററുകളാണ് കാൻസർ കെയർ പദ്ധതിയുടെ ഭാഗമായി ജില്ലകളിൽ സജ്ജീകരിച്ചുവരുന്നത്. ഇരിങ്ങാലക്കുട ആശുപത്രിയിൽനിന്ന് പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇവിടെ കാൻസർ കെയർ യൂണിറ്റ് അനുവദിക്കുന്ന വിഷയം പരിശോധിക്കാവുന്നതാണ്.

(സി) ഇരിങ്ങാലക്കുട താലൂക്കാശുപത്രി സൂപ്രണ്ടിന്റെ 20.03.2018-ലെ ഡി-819/2018 എന്ന കത്ത് പ്രകാരം ഡയാലിസിസ് യൂണിറ്റിന്റെ കെട്ടിട നിർമ്മാണത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമായി 4,49,36,663 രൂപയുടെ പ്രൊപ്പോസൽ 2018-19 സാമ്പത്തിക വർഷത്തിലെ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പേവാർഡുകളുടെ ശോചനീയാവസ്ഥ

224(3584) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ ഡീലക്സ് പേവാർഡിന്റെ പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 1-ാം നിലയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ കെ.എച്ച്.ആർ.ഡബ്ല്യു.എസ്.ന്റെ പേവാർഡുകളുടെ ശോചനീയ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നെയ്യാറ്റിൻകരയിൽ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യു.എസ്.-ന്റെ സംരംഭങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ നിലവിലെ പേവാർഡിന് മുകളിൽ 20 മുറികളോടുകൂടി 2 നിലകൂടി പണിയാനുള്ള എസ്റ്റിമേറ്റ് എടുത്തിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കിയിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ പുതിയ പേവാർഡ് നിർമ്മാണത്തോടൊപ്പം നിലവിലെ പേവാർഡിന്റെ മെയിന്റനൻസ് പ്രവൃത്തികൂടി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ആശുപത്രി കാമ്പസിൽ സ്ഥലലഭ്യത പരിഗണിച്ച് എ.സി.ആർ. ലാബ്, അൾട്രാസൗണ്ട് സ്കാൻ, സി.റ്റി. സ്കാൻ, എൻഡോസ്കോപ്പി യൂണിറ്റ് എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

## എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലെ ഹെൽത്ത് ഇൻസ്പെക്ടർമാർ

225(3585) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പതിനൊന്ന് എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിൽ സേവനം ചെയ്യുന്ന എത്ര ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരെ നിയമിച്ചത് ഏത് വർഷമാണെന്നും ഇവർ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്താണെന്നും ഇവർക്ക് നൽകി വരുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ ഇപ്പോൾ കൂട്ടത്തോടെ പിരിച്ചുവിട്ടതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ വർഷങ്ങളിൽ സംസ്ഥാനത്തിന്റെ പലഭാഗത്തും മഴക്കാല രോഗങ്ങൾ വ്യാപകമായി പടർന്നുപിടിച്ചപ്പോൾ എൻഡോ സൾഫാൻബാധിത മേഖലകളിൽ രോഗപ്പകർച്ച തടയുന്നതിൽ ഈ ജെ. എച്ച്. ഐ.-മാരുടെ സേവനം നിർണ്ണായകമായിരുന്നോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) പി.എസ്.സി. വഴി നിയമിതരായ 50 ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ദുരിതബാധിത പഞ്ചായത്തുകളിൽ ഇപ്പോൾ സേവനം നൽകി വരുന്നു. കൂടാതെ, 2010-ൽ 31 പേരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിരുന്നു. വർഷാവർഷം കരാർ പുതുക്കി നൽകുകയും 2017 ഒക്ടോബർ വരെ ദേശീയ ആരോഗ്യ ദൗത്യം വഴിയും, 2018 മാർച്ച് വരെ സാമൂഹ്യ സുരക്ഷാ മിഷൻ വഴിയും ശമ്പളം നൽകിവന്നിരുന്നു. ജില്ലയിൽ എൻഡോസൾഫാൻ ദുരിത ബാധിതരെ കണ്ടെത്തുന്നതിനുവേണ്ടിയുള്ള സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പ് പ്രവർത്തനങ്ങൾക്കായിരുന്നു ഇവരെ പ്രയോജനപ്പെടുത്തിയിരുന്നത്. 2010-ൽ ഇവരെ നിയമിക്കുമ്പോൾ മൊത്തം ശമ്പളം 6,680 രൂപയായിരുന്നു. 2017 ഒക്ടോബർ വരെ 11,630 രൂപയായിരുന്നു ശമ്പളം. ഇതുകൂടാതെ എൻ.എച്ച്.എം. സ്റ്റേറ്റ് ആർ.ഒ.വി. അനുവദിച്ചിരുന്ന ശമ്പള വർദ്ധനവും ഇ.പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങളും നൽകിയിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻകാലങ്ങളിൽ എൻഡോസൾഫാൻ പുനരധിവാസ പദ്ധതിക്കായി നാഷണൽ ഹെൽത്ത് മിഷൻ മുഖേന അനുവദിച്ചിരുന്ന തുകയിൽനിന്നും സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്ന തസ്തികകൾക്ക് ഉപരിയായി, അധികമായി കാസർഗോഡ് ജില്ലയിൽ കരാർ അടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിച്ചിരുന്നു. എന്നാൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ തസ്തികകൾക്ക് 2017-18-ലെ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ എൻ.എച്ച്.എം. റെക്കോർഡ് ഓഫ് പ്രൊസീഡിംഗ്സ് (ആർ.ഒ.പി.) പ്രകാരം അംഗീകാരം ലഭിക്കാത്തതു കാരണം 2018 മാർച്ചിനുശേഷം ഇവർക്ക് നിയമനം പുതുക്കി നൽകിയില്ല.

(ഡി) നിർണ്ണായകമായിരുന്നില്ല. രോഗപ്പകർച്ച തടയുന്നതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലെ സ്ഥിരം ജീവനക്കാരുടെ സേവനമാണ് ഉപയോഗപ്പെടുത്തിയത്.

**ലാബ് ടെക്നീഷ്യൻ ജീവനക്കാരുടെ എണ്ണം**

226(3586) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ആകെ എത്ര ലാബ് ടെക്നീഷ്യൻ ജീവനക്കാരാണ് ലാബുകളിൽ ജോലി ചെയ്യുന്നത്; നിലവിൽ ഒഴിവുകളുണ്ടോ;

(സി) ഒരു ആശുപത്രി ലാബിൽ എത്ര ജീവനക്കാരാണ് വേണ്ടത്; ഒഴിവുകൾ ഉണ്ടെങ്കിൽ അത് യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എല്ലാ സർക്കാർ ആശുപത്രികളിലും ലബോറട്ടറികൾ പ്രവർത്തിക്കുന്നില്ല. എന്നാൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ ഒഴികെ സാമൂഹികാരോഗ്യ കേന്ദ്രം മുതലുള്ള എല്ലാ ആശുപത്രികളിലും ലബോറട്ടറികൾ പ്രവർത്തിക്കുന്നുണ്ട്. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറി സജ്ജമാക്കിവരുന്നുണ്ട്.

(ബി) കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്ഥിരനിയമനം ലഭിച്ച 1120 ലാബ് ടെക്നീഷ്യൻ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. നിലവിൽ ഈ തസ്തികയിൽ ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തിവരുന്നു. കൂടാതെ അടിയന്തര സാഹചര്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ആവശ്യമനുസരിച്ച് അനുവദനീയ തസ്തികകൾക്ക് പുറമെ താൽക്കാലിക നിയമനവും നടത്താറുണ്ട്.

(സി) ഒരു ആശുപത്രി ലാബിൽ എത്ര ജീവനക്കാരാണ് വേണ്ടതെന്നുള്ളത് ആശുപത്രിയുടെ ഗ്രേഡിനനുസരിച്ചാണ് നിശ്ചയിക്കുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രം, സാമൂഹികാരോഗ്യ കേന്ദ്രം, താലൂക്ക് ആസ്ഥാന ആശുപത്രി, ജനറൽ ആശുപത്രി തുടങ്ങി ആരോഗ്യ വകുപ്പിനുകീഴിലുള്ള ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ വ്യത്യസ്തമാണ്. ലാബ് ടെക്നീഷ്യൻ തസ്തികയിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## മുല്ലശ്ശേരി സി.എച്ച്.സി.-യിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

227(3587) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി സി.എച്ച്.സി.-യിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടെയും അനുവദിക്കപ്പെട്ട തസ്തികകളുടെ വിശദാംശം നൽകുമോ ;

(ബി) ഇവയിൽ ഏതെല്ലാം തസ്തികകൾ എന്നുമുതൽ ഒഴിഞ്ഞ് കിടക്കുന്നു എന്ന് അറിയിക്കാമോ ;

(സി) നിലവിലുള്ള ഒഴിവുകൾ നികത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ഒഴിവുകൾ അടിയന്തരമായി നികത്തുവാൻ നടപടി സ്വികരിക്കുമോ ?

<u>ഉത്തരം</u>

(എ) വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | അനുവദിക്കപ്പെട്ട തസ്തിക |
|---|---|---|
| 1 | സിവിൽ സർജൻ | 2 |
| 2 | അസിസ്റ്റന്റ് സർജൻ | 5 |
| 3 | ഹെഡ് നഴ്സ് | 2 |
| 4 | സ്റ്റാഫ് നഴ്സ് | 9 |
| 5 | ഫാർമസിസ്റ്റ് | 2 |
| 6 | ഹെൽത്ത് സൂപ്പർവൈസർ | 1 |
| 7 | ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 8 | ലേഡി ഹെൽത്ത് ഇൻസ്പെക്ടർ | 1 |
| 9 | ക്ലാർക്ക് | 2 |
| 10 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -I | 2 |
| 11 | ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് -II | 1 |
| 12 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I | 2 |
| 13 | ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് -II | 1 |
| 14 | ലാബ് ടെക്നീഷ്യൻ | 2 |
| 15 | ഒപ്റ്റോമെട്രിസ്റ്റ് | 1 |
| 16 | ലേഡി ഹെൽത്ത് സൂപ്പർവൈസർ | 1 |
| 17 | ഓഫീസ് അറ്റൻഡന്റ് | 1 |
| 18 | നഴ്സിംഗ് അസിസ്റ്റന്റ് | 4 |
| 19 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -I | 1 |
| 20 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് -II | 4 |
| 21 | പാർട്ട് ടൈം ക്ലീനർ | 1 |
| 22 | ഡ്രൈവർ | 1 |

(ബി) വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒഴിവ് | ഒഴിവ് വന്ന തീയതി |
|---|---|---|---|
| 1 | ആശുപത്രി അറ്റൻഡന്റ് ഗ്രേഡ് - II | 2 | 4-2-2015<br>15-2-2015 |
| 2 | നഴ്സിംഗ് അസിസ്റ്റന്റ് | 1 | 1-6-2018 |
| 3 | പാർട്ട് ടൈം സ്വീപ്പർ | 1 | 28-10-2017 |
| 4 | പബ്ലിക് ഹെൽത്ത് നഴ്സ് | 1 | 5-2-2016 |
| 5 | ഫാർമസിസ്റ്റ് | 1 | 17-2-2017 |

(സി) നടപടി സ്വീകരിച്ചുവരുന്നു.

**വകുപ്പുതലത്തിൽ വന്ന വീഴ്ചമൂലം നഷ്ടമായ ജോലി**

228(3590) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 19-5-2018-ലെ സ.ഉ. (സാധാ) നമ്പർ 1667/2018/ആ.കു.വ. ഉത്തരവനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) വകുപ്പുതലത്തിൽ വന്ന വീഴ്ചമൂലം ഗൾഫിലെ ജോലി രാജിവെച്ച് തിരിച്ചുവന്ന ഉദ്യോഗാർത്ഥിക്ക് ജോലി നഷ്ടമായ കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചത്;

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത വേക്കൻസികളിൽ ജോലി നഷ്ടമായ ഉദ്യോഗാർത്ഥിയെ പരിഗണിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന് പി.എസ്.സി.-യുടെ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 19-5-2018-ലെ സ.ഉ. (സാധാ) നമ്പർ 1667/2018/ആ.കു.വ. ഉത്തരവ് പ്രകാരം ഡോ. യാസർ അറാഫത്തിന് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. വകുപ്പുതലത്തിൽ വന്ന വീഴ്ചമൂലം സർവ്വീസിൽ പ്രവേശിക്കാനുള്ള അവസരം നഷ്ടപ്പെട്ട ഉദ്യോഗാർത്ഥിക്ക് ഇപ്പോൾ നിലവിലുള്ളതും പബ്ലിക് സർവ്വീസ് കമ്മീഷന് ഇതുവരെയും റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതുമായ ഒഴിവിലേയ്ക്കോ ഇപ്രകാരം ഒഴിവ് നിലവിലില്ലാത്തപക്ഷം ഏറ്റവും ആദ്യം ഉണ്ടാകുന്നതോ, ഒഴിവ് വരുന്നതോ ആയ അസിസ്റ്റന്റ് സർജൻ തസ്തികയിലേയ്ക്കോ നിയമനം

നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി 19-5-2018-ലെ സ.ഉ. (സാധാ) നമ്പർ 1667/2018/ആ.കു.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ടിയാന് നിയമന നിർദ്ദേശം നൽകപ്പെട്ട ഒഴിവ് NJD ആയി റിപ്പോർട്ട് ചെയ്യുവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1958-ലെ KS ആൻഡ് SSR-ലെ ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

## കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആൻഡ് ഇൻഫെക്ഷ്യസ് ഡിസീസസ്

229(3591) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി ആൻഡ് ഇൻഫെക്ഷ്യസ് ഡിസീസസ് എന്ന സ്ഥാപനം ആവശ്യത്തിന് ജീവനക്കാരില്ലാത്തതിനാൽ അടച്ചുപൂട്ടലിന്റെ വക്കിലാണെന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ പ്രസ്തുത സ്ഥാപനത്തിൽ എത്ര ജീവനക്കാരുണ്ട്;

(സി) പ്രസ്തുത സ്ഥാപനം നിലവിൽ വൈറസ് സംബന്ധിച്ച റിസർച്ചോ വൈറൽ പകർച്ച സംബന്ധിച്ച പരിശോധനയോ നടത്തുന്നുണ്ടോ;

(ഡി) പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ വൈറോളജിസ്റ്റ് ഉണ്ടോ; ഇല്ലെങ്കിൽ, എന്നുമുതലാണ് പ്രസ്തുത തസ്തിക ഒഴിവ് വന്നത്;

(ഇ) ഈ സ്ഥാപനം രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിക്ക് കൈമാറുവാനുള്ള നടപടി ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ?

### ഉത്തരം

(എ) പൂർണ്ണതോതിൽ പ്രവർത്തിക്കുന്നില്ല. എന്നാൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ ഒരു യൂണിറ്റ് ആലപ്പുഴയിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) നിലവിൽ 4 ജീവനക്കാരുണ്ട്. ലാബ് അസിസ്റ്റന്റ് - 1, ഫീൽഡ് അസിസ്റ്റന്റ് - 3.

(സി) ഇല്ല.

(ഡി) ഇല്ല. 2015 മുതൽ വൈറോളജിസ്റ്റ് ഇല്ല.

(ഇ) ഏറ്റെടുക്കൽ നടപടി ഇതുവരെ നടന്നിട്ടില്ല.

## എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ

230(3592) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സാമൂഹ്യനീതി വകുപ്പ് നൽകുന്ന സാമ്പത്തിക സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ സാമൂഹ്യ നീതി വകുപ്പ് എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് എന്തെല്ലാം സഹായങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് 2012-13 സാമ്പത്തിക വർഷത്തിൽ 17,87,50,000 രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 33,42,50,000 രൂപയും ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശിപാർശ അനുസരിച്ച് പ്രത്യേക ധനസഹായം അനുവദിച്ചു നൽകിയിരുന്നു.

എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പിലാക്കിവരുന്ന ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

## അരിയിൽ മായം ചേർക്കൽ

231(3593) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തമിഴ്നാട്ടിൽനിന്ന് ലഭിക്കുന്ന അരി കേടുപറ്റാതിരിക്കാൻ മായം ചേർക്കുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

ഉണ്ട്. ഇത്തരം സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ അപാകതകൾ ഒന്നുംതന്നെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മത്സ്യങ്ങളിൽ മാരകമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നതായുള്ള റിപ്പോർട്ടുകൾ

232(3594) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിൽപ്പനയ്ക്കായി എത്തുന്ന മൽസ്യങ്ങളിൽ മാരകമായ രാസപദാർത്ഥങ്ങൾ ചേർക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൽസ്യങ്ങളിലെ രാസപ്രയോഗം കണ്ടെത്തുന്നതിന് അവലംബിക്കുന്ന ശാസ്ത്രീയ മാർഗ്ഗങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇത്തരം രാസപ്രയോഗം നടത്തുന്നവർക്കെതിരെ സ്വീകരിക്കാവുന്ന നടപടികളുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) അതിർത്തികളിലെ ചെക്ക് പോസ്റ്റുകളിലും പ്രധാന വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തുന്നതിനും കുറ്റക്കാർക്കെതിരെ നടപടിയെടുക്കുന്നതിനും തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യങ്ങൾ കേടാകാതിരിക്കാൻവേണ്ടി ചേർക്കുന്ന രാസവസ്തുക്കളായ ഫോർമാലിൻ, അമോണിയ, സോഡിയം ബെൻസോയേറ്റ് എന്നിവ കണ്ടുപിടിക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ കീഴിലുള്ള ലാബുകളിൽ ശാസ്ത്രീയമായി പരിശോധന നടത്തിവരുന്നു. ഇതിനുവേണ്ടി ഐ.എസ്., എ.ഒ.എ.സി. എന്നീ ശാസ്ത്ര പുസ്തകങ്ങളിലുള്ള മാർഗ്ഗങ്ങളാണ് ലാബുകളിൽ ഉപയോഗിച്ചുവരുന്നത്. ഇതുകൂടാതെ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത സ്ട്രിപ്പുകൾ ഉപയോഗിച്ച് ചെക്ക് പോസ്റ്റുകളിലും മത്സ്യ മൊത്തകച്ചവട ചന്തകളിലും പ്രാഥമിക പരിശോധനകൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ഇതിൽ രാസവസ്തുക്കൾ കണ്ടെത്തിയാൽ വിശദമായ തുടർ പരിശോധനകൾ നടത്തിവരുന്നുണ്ട്.

(സി) മത്സ്യങ്ങളിൽ രാസപ്രയോഗം നടത്തിയെന്ന് ലാബുകളിൽ നിന്ന് റിപ്പോർട്ട് പ്രകാരം ബോധ്യപ്പെട്ടാൽ അവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമ പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) അതിർത്തികളിലെ ചെക്ക് പോസ്റ്റുകളിലും പ്രധാന വിപണന കേന്ദ്രങ്ങളിലും പരിശോധന നടത്തി കുറ്റക്കാർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നു.

## പഴകിയ ഭക്ഷണപദാർത്ഥങ്ങൾ വിതരണം നടത്തുന്നവർക്കെതിരെ എടുത്ത നടപടികൾ

233(3595) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴകിയ ഭക്ഷണപദാർത്ഥങ്ങൾ വിതരണം നടത്തുന്ന ഏജൻസികളുടെയും നിർമ്മാതാക്കളുടെയും പേരിൽ നടപടികൾ പേരിന് മാത്രമാണെന്ന പരാതി പരിശോധിക്കുമോ;

(ബി) പഴകിയ ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്ന എത്ര സ്ഥാപനങ്ങളുടെ പേരിൽ കേസുകൾ എടുത്തിട്ടുണ്ട്; ഇവരുടെ പേരിൽ എടുത്ത നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) കേസുകൾ എടുക്കുവാനും ഇവരുടെ പേരിൽ നിയമനടപടികൾ എടുക്കുവാനും നിലവിൽ ഭക്ഷ്യസുരക്ഷാ വകുപ്പിനുള്ള ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഓരോ ജില്ലയിലും നാളിതുവരെ കണ്ടെത്തിയ കേസുകൾ എത്രയെന്ന് വ്യക്തമാക്കുമോ; ഇതിൽ സ്വീകരിച്ച നിയമനടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) ഭക്ഷ്യസുരക്ഷാ വകുപ്പ് കണ്ടെത്തിയ കേസുകളിൽ തുടർപരിശോധന ഇല്ലെന്ന കാര്യം പരിശോധിക്കുമോ;

(എഫ്) ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ജനുവരി മുതൽ പരിശോധിച്ച സ്ഥാപനങ്ങളുടെ വ്യക്തമായ വിവരവും നടപടികളും വിശദമാക്കുമോ?

ഉത്തരം

(എ) പഴകിയ ഭക്ഷണ സാധനങ്ങൾ വിതരണം നടത്തുന്നത് കണ്ടെത്തിയാൽ കുറ്റക്കാർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം കർശന നടപടികൾ സ്വീകരിച്ചുവരുന്നു. പിഴ ചുമത്തേണ്ട കേസുകളിൽ പിഴ ചുമത്തുകയും ശരീരത്തിന് ഹാനികരമായ രീതിയിൽ മായം കലർത്തുന്നതായി കണ്ടെത്തുന്നവയ്ക്ക് (unsafe) എതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചും വരുന്നു.

(ബി) എക്സ്പെയറി ഡേറ്റ് കഴിഞ്ഞ ഭക്ഷണ പദാർത്ഥങ്ങൾ വിൽപ്പന നടത്തിയതിന് 4 സ്ഥാപനങ്ങൾക്കെതിരെ കേസ്സെടുത്തിട്ടുണ്ട്.

(സി) ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി വ്യാപകമായ പരിശോധനകൾ നടത്തുകയും കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം കർശനനടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പ് ഓരോ ജില്ലയിലും നാളിതുവരെ കണ്ടെത്തിയ കേസുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | കേസുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 212 |
| 2 | കൊല്ലം | 40 |
| 3 | പത്തനംതിട്ട | 99 |
| 4 | ആലപ്പുഴ | 118 |
| 5 | കോട്ടയം | 100 |
| 6 | ഇടുക്കി | 88 |
| 7 | എറണാകുളം | 264 |
| 8 | തൃശ്ശൂർ | 249 |
| 9 | പാലക്കാട് | 105 |
| 10 | മലപ്പുറം | 102 |
| 11 | കോഴിക്കോട് | 202 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 187 |
| 14 | കാസർഗോഡ് | 19 |
| ആകെ | | 1785 |

ഇത്തരം സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ, പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) തുടർ പരിശോധനകൾ നടത്തിവരുന്നുണ്ട്.

(എഫ്) ഭക്ഷ്യസുരക്ഷാ വകുപ്പ് കഴിഞ്ഞ ജനുവരി മുതൽ പരിശോധിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ വ്യക്തമായ വിവരം അനുബന്ധമായി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭക്ഷ്യസാധനങ്ങളിൽ മായംചേർത്ത കേസുകൾ

234(3596) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സാധനങ്ങളിൽ മായം ചേർത്തതായി ലാബ് പരിശോധനയിൽ കണ്ടെത്തിയ കേസ്സുകളിൽ നിയമ നടപടി സ്വീകരിക്കുവാൻ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് അധികാരമുണ്ടോ; എങ്കിൽ നിലവിൽ എത്ര കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടി എടുക്കാനുണ്ട്;

(ബി) ഏതൊക്കെ കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കണമെന്ന് 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്ടിൽ നിബന്ധനയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) മായം ചേർത്തുവെന്ന് ലാബ് പരിശോധനയിൽ കണ്ടെത്തിയ ഭക്ഷ്യ വസ്തുക്കൾ കമ്പോളത്തിൽനിന്നും പിൻവലിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(ഡി) ലാബ് ടെസ്റ്റിൽ മായം ചേർത്തതായി കണ്ടെത്തുന്ന കേസ്സുകളിൽ അടിയന്തരമായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുവാൻ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) അധികാരമുണ്ട്. 80 കേസുകളിൽ പ്രോസിക്യൂഷൻ അനുമതി നൽകുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) മനുഷ്യശരീരത്തിന് ഹാനികരമാകുന്ന പദാർത്ഥങ്ങൾ ചേർത്ത ഭക്ഷണത്തെ unsafe food എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏതെങ്കിലും ഒരു ഭക്ഷണം unsafe food എന്ന വിഭാഗത്തിൽ ഉൾപ്പെടുകയാണെങ്കിൽ അത്തരം ഭക്ഷണം നിർമ്മിക്കുന്ന ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 3.1 (zz) പ്രകാരം ഭക്ഷണം unsafe food എന്ന വിഭാഗത്തിൽപ്പെടുത്തുന്നതിനുള്ള കാരണങ്ങൾ വിശദീകരിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കണ്ടെത്തിയിട്ടില്ല.

(ഡി) ലാബ് ടെസ്റ്റിൽ മായം ചേർത്തതായി കണ്ടെത്തുന്ന കേസുകളിൽ അടിയന്തരമായി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ**

235(3597) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാരിന്റെ ആസൂത്രിതവും വിദഗ്ധവുമായ മേൽനോട്ടത്തിന്റെ ഫലമായി ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടികൾക്കും എൻ. എ. ബി. എൽ. അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 'സുരക്ഷിതാഹാരം ആരോഗ്യത്തിനാധാരം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സ്കൂളുകളിൽ നടപ്പാക്കിവരുന്ന 'സേഫ് ആന്റ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ' പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനായി സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് - എല്ലാ ഗ്രാമപഞ്ചായത്തുകളിലും 100 ശതമാനം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതി.
- സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ - സ്കൂൾ കുട്ടികളെ സുരക്ഷിതവും ആരോഗ്യദായകവുമായ ഭക്ഷണത്തേയും ഭക്ഷണ രീതികളെയും കുറിച്ച് ബോധവാന്മാരാക്കുന്നതിനുള്ള പദ്ധതി.

- ക്വിക്ക് റെസ്പോൺസ് ടീം - പൊതുജനങ്ങളുടെ പരാതികൾക്ക് ഉടനടി പരിഹാരം കണ്ടെത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതി.
- 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ - തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ നടപ്പാക്കിയതുവഴി പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിച്ചു.
- പി.എസ്.സി. വഴി 102 പുതിയ ഫുഡ് സേഫ്റ്റി ഓഫീസർമാരെ നിയമിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തു. അവരുടെ നിയമനത്തോടുകൂടി ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്ന നടപടികൾ കാര്യക്ഷമമാക്കാൻ സാധിച്ചു.
- എല്ലാ ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും ടാബ്‌ലറ്റ് വിതരണം ചെയ്തതു വഴിയും ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്. സർക്കാരിന്റെ ആസൂത്രിതവും വിദഗ്ദ്ധവുമായ മേൽനോട്ടത്തിന്റെ ഫലമായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള മൂന്ന് ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികൾക്കും എൻ.എ.ബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുകയും എല്ലാ ലാബുകൾക്കും എൻ.എബി.എൽ. അക്രഡിറ്റേഷൻ ലഭിക്കുന്ന ആദ്യസംസ്ഥാനമായി കേരളം മാറുകയും ചെയ്തിട്ടുണ്ട്. തുടർന്നും പുതിയ പാരാമീറ്ററുകൾ ഉൾപ്പെടുത്തി എൻ.എ.ബി.എൽ. അക്രഡിറ്റേഷന്റെ നിലവാരം ഉയർത്തി മൂന്ന് ലാബുകളെയും ലോകോത്തര നിലവാരത്തിലേയ്ക്ക് എത്തിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണത്തെപ്പറ്റിയും ഭക്ഷണ രീതികളെപ്പറ്റിയും ബോധവാന്മാരാക്കുന്നതിനു വേണ്ടി ആവിഷ്കരിച്ചതാണ് ഈ പദ്ധതി. ഓരോ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത സ്കൂളുകളിലെ കുട്ടികൾക്ക് സുരക്ഷിതവും സുരക്ഷിതമല്ലാത്തതുമായ ഭക്ഷണത്തെയും ഭക്ഷണരീതിയെക്കുറിച്ചും ബോധവൽക്കരിക്കുന്നതിനുള്ള ക്ലാസ്സുകൾ, സെമിനാറുകൾ, ക്വിസ് പ്രോഗ്രാം തുടങ്ങിയവ സംഘടിപ്പിച്ചു. സ്കൂളിൽ ഫുഡ് സേഫ്റ്റി അംബാസഡർമാരെ തെരഞ്ഞെടുക്കുക, അവർക്ക് ബാഡ്ജ് നൽകുക, ആഴ്ചയിൽ ഒരു ദിവസം സ്കൂളുകളിൽ ഫുഡ് സേഫ്റ്റി അസംബ്ലി സംഘടിപ്പിക്കുക, ആഹാരപദാർത്ഥങ്ങളിൽ ചേർക്കുന്ന മായം കണ്ടുപിടിക്കുന്നതിനുവേണ്ടി സ്കൂളുകളിലും വീടുകളിലും ചെയ്യാവുന്ന പരിശോധന രീതികളെക്കുറിച്ച് ബോധവാന്മാരാക്കുക തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കഴിഞ്ഞ 2 വർഷമായി ഏകദേശം 420 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

## ഭക്ഷ്യസുരക്ഷ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി

236(3598) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ദാസൻ:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് എന്തെല്ലാം പരിശോധനകളാണ് ആരോഗ്യ വകുപ്പ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഭക്ഷ്യസുരക്ഷാ പരിശോധനകൾ കർശനമാക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അതിർത്തി കടന്നെത്തുന്ന ഭക്ഷ്യപദാർത്ഥങ്ങൾ ചെക്ക് പോസ്റ്റുകളിൽ പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ യഥാസമയം പരിഹരിക്കുന്നതിനും ഭക്ഷ്യവിഷബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനും എല്ലാ ജില്ലകളിലും ക്വിക് റെസ്പോൺസ് ടീമുകളെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

### ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിന് ലഭിക്കുന്ന പരാതികളുടെയും ദൃശ്യമാധ്യമ വാർത്തകളുടെയും ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ പ്രത്യേക നിർദ്ദേശ പ്രകാരവും ഭക്ഷ്യോത്പാദനം, സംഭരണം, വിതരണം, വിപണനം എന്നിവ ചെയ്യുന്ന സ്ഥാപനങ്ങളിൽ നേരിട്ട് പരിശോധന നടത്തുകയും ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006-ലെ വ്യവസ്ഥകൾ പാലിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഉത്സവ സീസണുകളായ ഓണം, ക്രിസ്തുമസ്, വിഷു, റംസാൻ, ബക്രീദ് തുടങ്ങിയ കാലയളവുകളിലും മറ്റും അതത് ജില്ലകളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ച് ജില്ലാതല സ്ക്വാഡുകളും മറ്റു ജില്ലകളിലെ ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥരെ നിയോഗിച്ചുകൊണ്ട് സ്പെഷ്യൽ സ്ക്വാഡുകളും പരിശോധന നടത്തിവരുന്നു. ഇവർ ശേഖരിക്കുന്ന സാമ്പിളുകൾ NABL അംഗീകാരമുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലബോറട്ടറികളിൽ പരിശോധന നടത്തിവരുന്നു.

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിനായി നിയമസഭാ നിയോജകമണ്ഡലാടിസ്ഥാനത്തിൽ 140 ഭക്ഷ്യസുരക്ഷാ ഓഫീസർമാർ, 14 അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർമാർ മൂന്ന് മേഖലാ അസിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ (മൊബൈൽ വിജിലൻസ് സ്ക്വാഡ്) തുടങ്ങിയവരെ നിയോഗിച്ചിട്ടുണ്ട്.

പരിശോധനകൾ കർശനമാക്കുന്നതിന്റെ ഭാഗമായി എൻഫോഴ്സ്മെന്റ് വിഭാഗം താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:

- സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത്- എല്ലാ ഗ്രാമപഞ്ചായത്തുകളിലും നൂറ് ശതമാനം ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതി.
- സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് അറ്റ് സ്കൂൾ - സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യദായകവുമായ ഭക്ഷണത്തിന്റെയും ഭക്ഷണരീതികളെയും കുറിച്ച് ബോധവാന്മാരാക്കുന്ന പദ്ധതി.
- ക്വിക്ക് റെസ്പോൺസ് ടീം - പൊതുജനങ്ങളുടെ പരാതികൾക്ക് ഉടനടി പരിഹാരം കണ്ടെത്തി ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്ന പദ്ധതി.
- 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ - തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമാക്കി 3 മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ നടപ്പാക്കിയതുവഴി പരിശോധനകൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിച്ചു.
- എല്ലാ ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും ടാബ്‌ലറ്റ് വിതരണം ചെയ്തതു വഴിയും ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) ചെക്ക് പോസ്റ്റുകളിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ സഹായത്തോടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച ലബോറട്ടറികളിൽ തുടർപരിശോധന നടത്തി നിയമനടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ക്വിക്ക് റെസ്പോൺസ് ടീം പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതികളുടെയും മറ്റും അടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാഗുണനിലവാര നിയമപ്രകാരം പരിശോധന നടത്തുകയും ഉടനടി പരിഹാരം കണ്ടെത്തുകയും ചെയ്യുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യവിഷബാധപോലുള്ള സംഭവങ്ങളിൽ ഈ ടീമിന്റെ പ്രവർത്തനം ഫലപ്രദമായി ഉപയോഗിച്ചുവരുന്നു.

## ഭക്ഷണ സാധനങ്ങളിലെ മായം ചേർക്കൽ തടയാൻ നടപടി

237(3599) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഹോട്ടലുകൾ, ബേക്കറികൾ തുടങ്ങിയ സ്ഥാപനങ്ങളിൽ നടത്തിയ പരിശോധനകളിൽ ജീവന് തന്നെ ഭീഷണി ആകുന്ന വിധത്തിലുള്ള മായം ചേർക്കൽ, വൃത്തിഹീനമായ പരിസരം തുടങ്ങിയവ കണ്ടെത്തിയതിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് പിഴയിനത്തിൽ ഈടാക്കിയ തുക എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഒന്നിൽക്കൂടുതൽ തവണ പിഴയീടാക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് എന്നന്നേക്കുമായി റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഭക്ഷ്യ ഉത്പന്നങ്ങളിൽ ജീവനുതന്നെ ഭീഷണിയാകുന്ന പ്രിസർവേറ്റീവുകളും ആർട്ടിഫിഷ്യൽ കളറുകളും ബേക്കറി ഉത്പന്നങ്ങളിൽ ട്രാൻസ്ഫാറ്റി ആസിഡ്, സാക്കറിൻ തുടങ്ങിയവയും ചേർത്ത് വിപണനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുവോ;

(ഡി) എങ്കിൽ ഇത്തരം വിപണനം തടയുവാൻ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യസുരക്ഷാ വകുപ്പ് പിഴയിനത്തിൽ ഈടാക്കിയ തുകയുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ജില്ല | പിഴയിനത്തിൽ ഈടാക്കിയ തുക |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 42,83,500 |
| 2 | കൊല്ലം | 16,99,000 |
| 3 | പത്തനംതിട്ട | 27,63,450 |
| 4 | ആലപ്പുഴ | 26,41,600 |
| 5 | കോട്ടയം | 20,42,500 |
| 6 | ഇടുക്കി | 4,96,000 |
| 7 | എറണാകുളം | 6,65,000 |
| 8 | തൃശ്ശൂർ | 15,51,600 |

| (1) | (2) | (3) |
|---|---|---|
| 9 | പാലക്കാട് | 5,20,000 |
| 10 | മലപ്പുറം | 12,71,500 |
| 11 | കോഴിക്കോട് | 5,80,000 |
| 12 | വയനാട് | 5,13,000 |
| 13 | കണ്ണൂർ | 18,90,000 |
| 14 | കാസർഗോഡ് | 5,52,500 |
| ആകെ | | 2,14,69,650 |

(ബി) 2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) ഭക്ഷ്യപദാർത്ഥങ്ങളിൽ ഉപയോഗിക്കുന്ന രുചിവർദ്ധക വസ്തുക്കൾ (പ്രിസർവേറ്റീവുകൾ, കൃത്രിമ കളറുകൾ, ട്രാൻസ്ഫാറ്റി ആസിഡ്, സാക്കറിൻ തുടങ്ങിയവ) ഭക്ഷ്യസുരക്ഷാ ഗുണനിലവാര പ്രകാരം ഏതൊക്കെ ഭക്ഷണ പദാർത്ഥങ്ങളിൽ നിശ്ചിത അളവുകളിൽ ഉപയോഗിക്കാമെന്നും ഏതിലൊക്കെ ഉപയോഗിക്കാമെന്നും ഏതിലൊക്കെ ഉപയോഗിക്കരുതെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പരിശോധനകളിൽ ഭക്ഷണപദാർത്ഥങ്ങൾ ശേഖരിച്ച് എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച ലബോറട്ടറികളിൽ പരിശോധന നടത്തി രുചിവർദ്ധക വസ്തുക്കളുടെ സാന്നിദ്ധ്യം കണ്ടെത്തിയാൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നടപടി സ്വീകരിക്കാറുണ്ട്. ഹോട്ടലുകളിലും റെസ്റ്റോറന്റുകളിലും ഭക്ഷണപദാർത്ഥങ്ങളിൽ രുചിവർദ്ധക വസ്തുക്കൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ആ വിവരം ഇത്തരം സ്ഥാപനങ്ങളിൽ കർശനമായി പ്രദർശിപ്പിക്കണമെന്ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്.

**കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ**

238(3600) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഴ്സസ് ആൻഡ് മിഡ്‌വൈവ്സ് കൗൺസിൽ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നഴ്സിംഗ് വിദ്യാഭ്യാസത്തിന്റെ ഉന്നമനത്തിന് വേണ്ടിയോ നഴ്സിംഗുമായി ബന്ധപ്പെട്ട മറ്റ് ഏതെങ്കിലും ആവശ്യത്തിന് വേണ്ടിയോ ഏതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ സംഭാവന നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക്/വ്യക്തികൾക്ക് എന്നത് വിശദാംശം സഹിതം നൽകുമോ;

(ബി) കേന്ദ്ര സർക്കാരിൽനിന്നോ സംസ്ഥാന സർക്കാരിൽനിന്നോ ഇന്ത്യൻ നഴ്സിംഗ് കൗൺസിലിൽനിന്നോ എന്തെങ്കിലും സാമ്പത്തിക സഹായം ഈ കാലയളവിൽ കൗൺസിലിന് ലഭിച്ചിട്ടുണ്ടോ;

(സി) നിലവിൽ കൗൺസിലിന്റെ പേരിൽ എത്ര ലക്ഷം രൂപ സ്ഥിരനിക്ഷേപമായും അല്ലാതെയുമുണ്ട്; എവിടെയൊക്കെ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) കേന്ദ്ര സർക്കാരിൽനിന്ന് നഴ്സുമാരുടെ പരിശീലന പരിപാടി നടത്തുന്നതിന് 33,06,000(മുപ്പത്തി മൂന്ന് ലക്ഷത്തി ആറായിരം രൂപ) രൂപയും ഇന്ത്യൻ നഴ്സിംഗ് കൗൺസിലിൽനിന്ന് നഴ്സുമാരുടെ പരിശീലന പരിപാടി നടത്തുന്നതിന് 1,37,200(ഒരു ലക്ഷത്തി മുപ്പത്തി ഏഴായിരത്തി ഇരുന്നൂറ് രൂപ) രൂപയും സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്.

(സി) 31-5-2018-ലെ കണക്ക് പ്രകാരം സ്ഥിരനിക്ഷേപമായി 50,94,25,055(അമ്പത് കോടി തൊണ്ണൂറ്റിനാല് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി അമ്പത്തിയഞ്ച്) രൂപയും, 4,69,08,666.80 രൂപ (നാല് കോടി അറുപത്തി ഒൻപത് ലക്ഷത്തി എണ്ണായിരത്തി അറുന്നൂറ്റി അറുപത്തിയാറ് രൂപ എൺപത് പൈസ) അല്ലാതെയുമുണ്ട്.

<u>സ്ഥിരനിക്ഷേപം:</u>

| | |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം സിറ്റി ശാഖ | 42,79,51,885 രൂപ |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഋഷിമംഗലം ശാഖ | 2,55,38,695 രൂപ |
| ജില്ലാ സഹകരണ ബാങ്ക്, നന്തൻകോട് ആൻഡ് വെള്ളയമ്പലം ശാഖകൾ | 5,59,34,475 രൂപ |

<u>അല്ലാതെയുള്ള നിക്ഷേപം:</u>

| | |
|---|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം സിറ്റി ശാഖ കറന്റ് അക്കൗണ്ട് | 4,07,36,614.80 രൂപ |
| സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, തിരുവനന്തപുരം സിറ്റി ശാഖ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് | 32,10,166 രൂപ |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, ഋഷിമംഗലം ശാഖ | 29,61,886 രൂപ |

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ കക്ഷിയായിട്ടുള്ള കേസ്

239(3601) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിൽ കക്ഷിയായിട്ടുള്ളതോ കക്ഷിചേർന്നതോ ആയ ഏതെങ്കിലും കേസ് സുപ്രീംകോടതിയിലോ മറ്റേതെങ്കിലും കോടതികളിലോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) നേരിട്ട് കൗൺസിലിനെ ബാധിക്കാത്ത ഏതെങ്കിലും കേസിൽ കൗൺസിൽ കക്ഷിചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള സാഹചര്യമെന്താണ്;

(സി) കൗൺസിലിനുവേണ്ടി കോടതിയിൽ ഹാജരാകുന്നത് ഏത് അഭിഭാഷകനാണ് ; ഇതിനകം അഭിഭാഷകന് എന്ത് തുക നൽകി;വിശദാംശം നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ സ്വകാര്യ നഴ്സിംഗ് സ്കൂളുകളുടെയും കോളേജുകളുടെയും മാനേജ്മെന്റ് അസോസിയേഷനും ഇന്ത്യൻ നഴ്സിംഗ് കൗൺസിലും മറ്റുള്ളവരും ഫയൽ ചെയ്തിട്ടുള്ള 2017-ലെ 32603-ാം നമ്പർ സ്പെഷ്യൽ ലീവ് പെറ്റീഷൻ (സിവിൽ).

(ബി) ഉണ്ട്. നിലവിൽ ഇന്ത്യൻ നഴ്സിംഗ് സ്കൂൾ/കോളേജുകൾ പ്രവർത്തിക്കുന്നതിന് സർക്കാർ, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, അതത് സംസ്ഥാന നഴ്സിംഗ് കൗൺസിൽ എന്നിവയുടെ അംഗീകാരം/അഫിലിയേഷൻ അനിവാര്യമാണ്. കൂടാതെ രാജ്യത്തൊട്ടാകെ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അംഗീകരിച്ച ഏകീകൃത സിലബസാണ് നഴ്സിംഗ് മേഖലയിലുള്ള കോഴ്സുകളിലെ പാഠ്യവിഷയങ്ങൾ. തന്മൂലം അന്യസംസ്ഥാനങ്ങളിൽ പഠനം പൂർത്തിയാക്കുന്ന, കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് മാത്ര സംസ്ഥാനത്തിലെ നഴ്സിംഗ് കൗൺസിലിൽ രജിസ്റ്റർ ചെയ്തശേഷം കേരളത്തിൽ നഴ്സായി പ്രാക്ടീസ് ചെയ്യാൻ സാധിക്കുന്നു. കർണ്ണാടക സംസ്ഥാനത്ത് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരമില്ലാതെ നഴ്സിംഗ് സ്ഥാപനം പ്രവർത്തിക്കാമെന്ന് ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയുടെ വിധിക്കെതിരെ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ

ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിക്കുകയും പരമാവധി സംസ്ഥാന നഴ്സിംഗ് കൗൺസിലുകൾ ടി കേസിൽ കക്ഷി ചേരണമെന്ന് ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ പ്രസിഡന്റ് അഭ്യർത്ഥിക്കുകയും ചെയ്ത സാഹചര്യത്തിലാണ് കേരള നഴ്സസ് ആൻഡ് മിഡ് വൈവ്സ് കൗൺസിലും ടി കേസിൽ കക്ഷി ചേർന്നത്.

(സി) സുപ്രീംകോടതിയിലെ അഡ്വക്കേറ്റ് ശ്രീ. ആനന്ദ് സഞ്ജയ് എം. നലി. നാളിതുവരെ 14,50,000 രൂപ (പതിനാല് ലക്ഷത്തി അൻപതിനായിരം രൂപ) നൽകിയിട്ടുണ്ട്.

## ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരുടെ പ്രൊമോഷൻ

240(3603) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ ബ്ലഡ് ബാങ്കുകൾ, കമ്പോണന്റ് സെപ്പറേഷൻ യൂണിറ്റുകൾ, സ്റ്റോറേജ് സെന്ററുകൾ എന്നിവ എത്രയെണ്ണം വീതമാണ് പ്രവർത്തനക്ഷമമായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിലെല്ലാം കൂടി എത്ര ജീവനക്കാരാണ് നിലവിലുള്ളത്; തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഡി.എം.ഇ.-യുടെ കീഴിലുള്ള ബ്ലഡ് ബാങ്ക് ടെക്നീഷ്യന്മാരുടെ പ്രൊമോഷൻ തസ്തികകളായ സീനിയർ സയന്റിഫിക് അസിസ്റ്റന്റ്, ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് എന്നിവയ്ക്ക് സമാനമായ പ്രൊമോഷൻ തസ്തികകൾ ഇല്ലാത്തതിനാൽ, ഡി.എച്ച്.എസ്.-നുകീഴിൽ ഈ ജോലിയിൽ പ്രവേശിക്കാൻ ഉദ്യോഗാർത്ഥികൾ താൽപര്യം കാണിക്കാത്ത സാഹചര്യം പരിശോധിക്കുമോ;

(ഡി) ബ്ലഡ് ബാങ്ക്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ബ്ലഡ് സെപ്പറേഷൻ യൂണിറ്റ് എന്നിവയിലെ ടെക്നീഷ്യന്മാരുടെ നിയമനം, ഇവരുടെ പ്രൊമോഷൻ തസ്തിക സൃഷ്ടിക്കൽ, യൂണിറ്റുകളുടെ നവീകരണം എന്നിവ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്വീകരിക്കുമോ?

### ഉത്തരം

(എ) ആരോഗ്യ വകുപ്പിന്റെ കീഴിൽ നിലവിൽ 37 രക്തബാങ്കുകളും 24 രക്തഘടക വേർതിരിക്കൽ യൂണിറ്റുകളും 50 രക്തസംഭരണ യൂണിറ്റുകളുമുണ്ട്.

(ബി) ഇവയിലെല്ലാംകൂടി ബ്ലഡ് ബാങ്ക് ടെക്നീഷ്യൻമാരുടെ 58 അനുവദനീയ തസ്തികകളുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ വാർഷിക പദ്ധതി വിഹിതത്തിൽ (പ്ലാൻ ഫണ്ട്)നിന്നും ഫണ്ട് ലഭ്യമാക്കി ബ്ലഡ് ബാങ്ക്, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ്, ബ്ലഡ് സെപ്പറേഷൻ യൂണിറ്റ് എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

## ട്രോമാ കെയർ യൂണിറ്റ്

241(3604) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ, താലൂക്ക് ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ചെങ്ങന്നൂർ ജില്ലാ ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

ഉത്തരം

(എ) 2015-16, 2016-17, 2017-18 കാലയളവിൽ സർക്കാരിന്റെ പ്ലാൻ പദ്ധതി മുഖേന എമർജൻസി മെഡിക്കൽ കെയറിന്റെ ഭാഗമായി ചുവടെ ചേർക്കുന്ന ജില്ലാ, താലൂക്ക് ആശുപത്രികളിൽ ട്രോമാ കെയർ യൂണിറ്റ് ആരംഭിച്ചിട്ടുണ്ട് :

- ജനറൽ ആശുപത്രി, കായംകുളം
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ
- ജനറൽ ആശുപത്രി, ആറ്റിങ്ങൽ
- ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
- ജില്ലാ ആശുപത്രി, കൊല്ലം
- ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര
- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
- ജനറൽ ആശുപത്രി, അടൂർ
- ജനറൽ ആശുപത്രി, കൊയിലാണ്ടി
- ജനറൽ ആശുപത്രി, നീണ്ടകര.

2018-19 കാലയളവിൽ സർക്കാരിന്റെ പ്ലാൻ പദ്ധതി മുഖേന എമർജൻസി മെഡിക്കൽ കെയറിന്റെ ഭാഗമായി ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് ചുവടെ ചേർക്കുന്ന ആശുപത്രികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

- താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി
- ജനറൽ ആശുപത്രി, പത്തനംതിട്ട
- താലൂക്ക് ആശുപത്രി, ഹരിപ്പാട്
- ജനറൽ ആശുപത്രി, തൊടുപുഴ
- ജനറൽ ആശുപത്രി, കോഴിക്കോട്
- താലൂക്ക് ആശുപത്രി, ചാലക്കുടി

(ബി) ഇതുസംബന്ധിച്ച നിർദ്ദേശം സർക്കാരിൽ ലഭ്യമായിട്ടില്ല.

## പിലാത്തറ പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തി

242(3605) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ ആരംഭിച്ച പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ കൂടുതൽ കോഴ്സുകൾ ആരംഭിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും ഫണ്ട് ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ ഹോസ്റ്റലിന്റെയും അക്കാദമിക് ബ്ലോക്കിന്റെയും പ്ലംബിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ കഴിഞ്ഞു. ഇലക്ട്രിക്കൽ വർക്കിന്റെ പ്രവൃത്തി അവസാനഘട്ടത്തിലാണ്.

ചുറ്റുമതിലും മറ്റു പ്രവൃത്തികളും പൂർത്തീകരിക്കുന്നതിനുവേണ്ടി 3 കോടി രൂപയുടെ അഡീഷണൽ ഫണ്ടിനുള്ള എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്.

(ബി) പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം അതിന്റെ എല്ലാവശങ്ങളും പരിശോധിച്ചശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ.

## ആയുർവേദ പഠന ഗവേഷണ കേന്ദ്രം

243(3606) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവേദ ചികിത്സാമേഖല ശാക്തീകരിക്കുന്നതിനും ഈ രംഗത്തെ ഗവേഷണ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി സംസ്ഥാനത്ത് ഒരു ആയുർവേദ പഠനഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ആയുർവേദത്തിന് അന്തർദേശീയ പേറ്റന്റ് സംരക്ഷണം ലഭിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തെ ആയുർവേദ ചികിത്സാമേഖല ശാക്തീകരിക്കുന്നതിനും മരുന്നുകൾ സ്റ്റാൻഡഡൈഡ്സ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ബന്ധപ്പെടുത്തിയ ഗവേഷണങ്ങൾ നടത്തുന്നതിനും കണ്ണൂർ ജില്ലയിൽ "ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ" സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. ചികിത്സാ സമ്പ്രദായം പരിപോഷിപ്പിക്കുന്നതിനായി കണ്ണൂർ ആയുർവേദ കോളേജിലെ സ്ത്രീകളുടെയും കുട്ടികളുടെയും പ്രത്യേക ആശുപത്രി തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങളും മാനസിക രോഗത്തിനുള്ള ചികിത്സകൾ ലഭ്യമാക്കുന്നതിനായി കണ്ണൂർ, തൃപ്പൂണിത്തുറ കോളേജിനോടനുബന്ധിച്ച് മാനസിക ആരോഗ്യ ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. തിരുവനന്തപുരം പൂജപ്പുരയിലെ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ലേബർ റൂം, സർജറി തിയേറ്റർ എന്നിവ പ്രവർത്തനം ആരംഭിച്ചു. സ്പോർട്സ് താരങ്ങൾക്ക് ആയുർവേദ ചികിത്സയിലൂടെ ചികിത്സ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ തൃശ്ശൂർ ജില്ലയിൽ നിർമ്മിച്ചു കൊണ്ടിരിക്കുന്ന ഏഷ്യയിലെതന്നെ ആദ്യ സംരംഭമായ സ്പോർട്സ് ആയുർവേദ

ആശുപത്രിയുടെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ആയുർവേദ ചികിത്സാ സമ്പ്രദായം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി വിവിധ ആയുർവേദ കോളേജുകളെ ബന്ധപ്പെടുത്തിക്കൊണ്ട് ടെലിമെഡിസിൻ ആൻഡ് വീഡിയോ കോൺഫറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ആയുർവേദത്തെ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും മരുന്നുകൾ സ്റ്റാൻഡഡൈസ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ബന്ധപ്പെടുത്തിയ ഗവേഷണങ്ങൾക്കും ഇന്റർ നാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ സ്ഥാപിക്കാൻ സർക്കാർ തീരുമാനിക്കുകയും അതിനുവേണ്ട വിവിധ വശങ്ങൾ പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി ഒരു എക്സ്പേർട്ട് കമ്മിറ്റിയെ നിയോഗിക്കുകയും ചെയ്തു. നാഷണൽ ആയുഷ് മിഷൻ ഡയറക്ടർ ശ്രീ. കേശവേന്ദ്ര കുമാർ ഐ.എ.എസ്. ചെയർമാനായി 11 അംഗ കമ്മിറ്റിയാണ് നിയോഗിക്കപ്പെട്ടത്. IRIA-യുടെ ഇംപ്ലിമെന്റിംഗ് ഏജൻസിയായി നാഷണൽ ആയുഷ് മിഷനെ തീരുമാനിച്ചു. IRIA-യുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമായി ചർച്ച ചെയ്യുന്നതിനും കൂടുതൽ വിപുലമാക്കുന്നതിനും ആശയങ്ങൾ സ്വരൂപിക്കാനും എക്സ്പേർട്ട് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ 2016 മാർച്ചിൽ ഒരു ബ്രെയിൻ സ്റ്റോമിംഗ് സെഷൻ നടത്തുകയുണ്ടായി. പ്രമുഖരായ നിരവധി ഗവേഷകരും പണ്ഡിതരും പങ്കെടുത്തിരുന്നു. IRIA സ്ഥാപനവുമായി ബന്ധപ്പെട്ട വിദഗ്ദ്ധ സമിതി അംഗങ്ങൾ ഇന്ത്യയിൽ 22 ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് ആശയ സ്വരൂപീകരണം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയുണ്ടായി. ആയുർവേദ പഠന ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. IRIA-യ്ക്കുവേണ്ടി ഭൂമി കണ്ടെത്താൻ കണ്ണൂർ ജില്ലാ കളക്ടറെയാണ് ചുമതലപ്പെടുത്തിയത്. ആയതിൻപ്രകാരം കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചതനുസരിച്ച് 36.5 ഏക്കർ സർക്കാർ ഭൂമി ഉൾപ്പെട്ട 311.76 ഏക്കർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് എല്ലാ പഞ്ചായത്തുകളിലും നിലവിൽ ആയുർവേദ ചികിത്സ സ്ഥാപനങ്ങൾ (സ്ഥിരം/എൻ.ആർ.എച്ച്.എം.) പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയുർവേദ ചികിത്സാ സ്ഥാപനങ്ങൾ (സ്ഥിരം/എൻ.ആർ.എച്ച്.എം.) ഇല്ലാത്ത നാല് പഞ്ചായത്തുകളിൽ പുതിയ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ടി.കെ.ഐ.കെ., പുരാരേഖകളിലും താളിയോലകളിലും മറ്റുമായി ഉൾക്കൊള്ളുന്ന

ആയുർവേദ വിജ്ഞാനം കണ്ടെത്തി ഡിജിറ്റലൈസ് ചെയ്ത് ഡാറ്റാ ബേസിലാക്കുകയും പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയും ചെയ്തുവരുന്നു. ഫലപ്രാപ്തിയുള്ള ഔഷധങ്ങളെ, ആധുനിക പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങളിലൂടെ അന്താരാഷ്ട്ര ഗുണമേന്മയുള്ള ആയുർവേദ ഔഷധങ്ങളെ സൃഷ്ടിക്കുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നു. ആയുർവേദ അറിവുകൾക്ക് രാജ്യാന്തരതലത്തിൽ Patent സംരക്ഷണം ലഭ്യമാക്കുന്നതിനായി ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ ടി.കെ.ഐ.കെ.-യും CSIR-ടി.കെ.ഡി.എൽ. ന്യൂഡൽഹിയുമായി ചേർന്ന് ഡാറ്റാ ബേസ് ബന്ധിപ്പിക്കുന്നതിനായി Memorandum of Understanding (MOU) ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒപ്പുവച്ചു. ഇപ്രകാരം നമ്മുടെ പാരമ്പര്യ ആയുർവേദ അറിവുകൾക്ക് ഇദംപ്രഥമായി അന്തർദേശീയ Patent സംരക്ഷണം ലഭ്യമാക്കത്തക്ക വിധത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

### കാൻസർരോഗ സാദ്ധ്യതകൾക്കെതിരെ ബോധവത്കരണം

244(3607) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ രോഗസാദ്ധ്യതകൾക്ക് എതിരെയുള്ള ബോധവത്കരണത്തിനായി നിലവിൽ നടപ്പിലാക്കിവരുന്ന പരിപാടികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(ബി) അടിസ്ഥാനതലം മുതൽ ഈ മാരകവിപത്തിന് എതിരെയുള്ള ബോധവത്കരണം ശക്തിപ്പെടുത്തുന്നതിനായി രോഗപ്രതിരോധമാർഗ്ഗങ്ങളും ചികിത്സാരീതികളും പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാൻസർ രോഗത്തെക്കുറിച്ചുള്ള അറിവും അവബോധവും വരും തലമുറയ്ക്ക് പകർന്നുകൊടുക്കുന്നതുവഴി ഈ രോഗത്തിന്റെ വ്യാപനം തടയുക എന്നതാണ് ആരോഗ്യ വകുപ്പിന്റെ പ്രധാന ലക്ഷ്യങ്ങളിലൊന്ന്. അനാരോഗ്യകരമായ ഭക്ഷണരീതി, വ്യായാമമില്ലായ്മ, പുകവലി, മദ്യപാനം തുടങ്ങിയ ദുശ്ശീലങ്ങളോടുള്ള ആസക്തി എന്നിവ കാൻസർ രോഗത്തിലേയ്ക്ക് നയിക്കാനിടയുണ്ടെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ സ്കൂൾ/കോളേജ് തലത്തിലുള്ള വിദ്യാർത്ഥികൾ

മുതൽ എല്ലാ തലത്തിലുമുള്ളവർക്ക് ബോധവൽക്കരണ ക്ലാസ്സുകളും എക്സിബിഷനുകളും അർബുദം മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള ക്യാമ്പുകളും (Early Detection Camp) ആരോഗ്യ വകുപ്പും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പും റീജിയണൽ കാൻസർ സെന്ററും മലബാർ കാൻസർ സെന്ററും കൊച്ചിൻ കാൻസർ റിസർച്ച് സെന്ററും നടത്തിവരുന്നു. വിവിധ സന്നദ്ധ സംഘടനകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ചാണ് ഇത് പ്രാവർത്തികമാക്കുന്നത്.

സംസ്ഥാന ആരോഗ്യവകുപ്പ് നടപ്പിലാക്കിവരുന്ന കാൻസർ കെയർ പദ്ധതിയിലൂടെയും ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയുടെയും ഭാഗമായി എല്ലാ സാമ്പത്തികവർഷവും കാൻസർ ബോധവൽക്കരണത്തിനായുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിൽ ജീവതാളം പദ്ധതിയുടെ ഭാഗമായി മലബാർ കാൻസർ കെയർ സൊസൈറ്റി ജില്ലാ പഞ്ചായത്ത് എന്നിവയുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തുകളിൽ ക്ലാസ്സുകളും രോഗനിർണ്ണയ ക്യാമ്പുകളും സംഘടിപ്പിക്കുന്നുണ്ട്. മലബാർ കാൻസർ സെന്ററിന്റെ നേതൃത്വത്തിൽ വോളണ്ടിയർ ട്രെയിനിംഗ് ക്യാമ്പും നാഷണൽ സർവ്വീസ് സ്കീമുമായി സഹകരിച്ചുകൊണ്ട് "Aware and Awake" എന്ന ഓൺലൈൻ ബോധവൽക്കരണ പരിപാടി വി-ഗാർഡിന്റെ സഹായത്തോടെയും നടപ്പിലാക്കിവരുന്നു.

കോട്ടയം മെഡിക്കൽ കോളേജ് റേഡിയോതെറാപ്പി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രികളുമായി ബന്ധപ്പെട്ട് കാൻസർ ബോധവൽക്കരണ ക്ലാസ്സുകളും കാൻസർ നിർണ്ണയ ക്യാമ്പുകളും നടത്തിവരുന്നു.

റീജിയണൽ കാൻസർ സെന്ററിൽ ആരോഗ്യ പ്രവർത്തകർക്കും സന്നദ്ധ സംഘാടകർക്കുമുള്ള പരിശീലനം (Training of Trainers Programme) നൽകുന്നതുവഴി സമൂഹത്തിൽ അർബുദത്തെക്കുറിച്ചുള്ള സന്ദേശങ്ങൾ എത്തിക്കാൻ സാധിക്കുന്നു.

(ബി) വിവിധ വിഷയങ്ങളിലെ പാഠപുസ്തകങ്ങളിൽ ഉചിതമായ മേഖലകളിൽ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും കാൻസർ മുതലായ രോഗങ്ങളുടെ വ്യാപനം തടയുന്നതിനുമുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ ജീവശാസ്ത്രം പാഠപുസ്തകത്തിൽ ജനിതകരോഗം എന്ന വിഭാഗത്തിൽ കാൻസറിന് പ്രാധാന്യം നൽകി പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ ജീവിതശൈലീ രോഗങ്ങളും പ്രതിവിധിയും എന്ന വിഷയത്തെ അധികരിച്ച് 'നല്ല ശീലങ്ങൾ നല്ലനാളേയ്ക്ക്' എന്ന പേരിൽ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) ഒരു റഫറൻസ് പുസ്തകവും സ്കൂൾ വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയിട്ടുണ്ട്.

പത്താം ക്ലാസ്സിലെ പാഠപുസ്തകത്തിൽ 'അകറ്റി നിർത്താം രോഗങ്ങളെ' എന്ന പാഠ്യഭാഗത്തും 'പ്രതിരോധത്തിന്റെ കാവലാളുകൾ' എന്ന പാഠ്യഭാഗത്തും കാൻസറിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. പ്രക്രിയാധിഷ്ഠിത പാഠ്യപദ്ധതി ആയതിനാൽ ജീവിതശൈലീരോഗങ്ങളെ സംബന്ധിച്ചും ദുശ്ശീലങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചും VII മുതൽ IX വരെ ക്ലാസ്സുകളിലെ പാഠ്യഭാഗങ്ങളിൽ കാൻസർ രോഗത്തെക്കുറിച്ചും പൊതുവെ പരാമർശിച്ചിട്ടുണ്ട്.

## നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് സിദ്ധ ഡിസ്പെൻസറി

245(3608) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് കേന്ദ്രീകരിച്ച് സിദ്ധ ഡിസ്പെൻസറി ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിലവിൽ ഇതുവരെ ഇതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) നെല്ലിക്കുഴി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സിദ്ധ ഡിസ്പെൻസറി ആരംഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

(ബി & സി) വിശദവിവരങ്ങൾ ഉൾക്കൊള്ളിച്ച പുതുക്കിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ആരോഗ്യ വകുപ്പിലെ ആശാ പ്രവർത്തകർ

246(3609) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ആശാ പ്രവർത്തകർ സേവനകാലയളവിൽ മരണപ്പെട്ടാൽ അവരുടെ ആശ്രിതർക്ക് ആശ പ്രവർത്തകരായി ജോലി ലഭിയ്ക്കുന്നതിനുള്ള നടപടി സ്വീകരിയ്ക്കുമോ;വ്യക്തമാക്കുമോ;

(ബി) ആയിരം ജനസംഖ്യയ്ക്ക് ഒരു ആശാ പ്രവർത്തക എന്ന അനുപാതം, ഒരു വാർഡിൽ ഒരു ആശാ പ്രവർത്തക എന്നാക്കി മാറ്റുന്നതിന് ഉദ്ദേശിയ്ക്കുന്നുണ്ടോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) പരിഗണനയിലാണ്.

## സ്റ്റെന്റിന്റെയും മെഡിക്കേറ്റഡ് സ്റ്റെന്റിന്റെയും വില നിയന്ത്രണം

247(3610) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൃദയശസ്ത്രക്രിയകളിലുപയോഗിക്കുന്ന സ്റ്റെന്റിന്റെയും മെഡിക്കേറ്റഡ് സ്റ്റെന്റിന്റെയും വില നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി വളരെയധികം കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വില നിയന്ത്രണത്തിനു മുൻപും ശേഷവുമുള്ള ഇവയുടെ വില എത്രയാണ്;വ്യക്തമാക്കുമോ;

(ബി) വില നാലിലൊന്നായി കുറച്ചിട്ടും സംസ്ഥാനത്തെ പല സ്വകാര്യ ആശുപത്രികളിലും പ്രസ്തുത നിരക്കിലുണ്ടായിട്ടുള്ള കുറവ് രോഗികൾക്ക് നൽകാതെ അനുബന്ധ ചാർജ്ജുകൾ വർദ്ധിപ്പിച്ച് രോഗികളെ ചൂഷണം ചെയ്യുന്നതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ രോഗികളിൽനിന്നും ഇപ്രകാരം അമിത ഫീസ് ഈടാക്കുന്ന സ്ഥാപനങ്ങളുടെ പേരു വിവരവും ഇവർക്കെതിരെ സ്വീകരിച്ച നടപടിയും എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദേശീയ ഔഷധ വില നിയന്ത്രണ സമിതി 13-2-2017-ൽ സ്റ്റെന്റുകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുറപ്പിച്ച് പുറത്തിറക്കിയ അസാധാരണ ഗസറ്റ് വിജ്ഞാപന പ്രകാരം 30,000 രൂപ മുതൽ 75,000 രൂപ വരെ വില ഈടാക്കിയിരുന്ന മരുന്നുകളില്ലാത്ത ബെയർ മെറ്റൽ സ്റ്റെന്റുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) 7,260 രൂപയും 1,98,000 രൂപ വരെ ഈടാക്കിയിരുന്ന മരുന്നുകളോടുകൂടിയ മെറ്റൽ സ്റ്റെന്റുകൾ, ബയോ റീസോർബബിൾ വാസ്കുലാർ സ്കാഫോൾഡ്, ബയോ ഡീഗ്രേഡബിൾ സ്റ്റെന്റ് എന്നിവയുടെ അടിസ്ഥാന വില 29,600 രൂപയുമാക്കി. 1-4-2017-ലെ ഗസറ്റ് വിജ്ഞാപനം SO 1041 (E) പ്രകാരം ബെയർ മെറ്റൽ സ്റ്റെന്റുകളുടെ അടിസ്ഥാന വില (സീലിംഗ് പ്രൈസ്) 7,400 രൂപയും മരുന്നുകളോടുകൂടിയ മെറ്റൽ സ്റ്റെന്റുകൾ, ബയോ റീസോർബബിൾ വാസ്കുലാർ സ്കാഫോൾഡ്, ബയോ ഡീഗ്രേഡബിൾ സ്റ്റെന്റ് എന്നിവയുടെ അടിസ്ഥാന വില 30,180 രൂപയുമാക്കി ഭേദഗതി വരുത്തി.

ഇതുകൂടാതെ 12-2-2018-ലെ ഗസറ്റ് വിജ്ഞാപനം SO 639(E) പ്രകാരം ബെയർ മെറ്റൽ സ്റ്റെന്റുകളുടെ അടിസ്ഥാനവില (സീലിംഗ് പ്രൈസ്) 7,660 രൂപയാക്കി ഉയർത്തുകയും മരുന്നുകളോടുകൂടിയ മെറ്റൽ സ്റ്റെന്റുകൾ, ബയോ റീസോർബബിൾ വാസ്കുലാർ സ്കാഫോൾഡ്, ബയോ ഡീഗ്രേഡബിൾ സ്റ്റെന്റ് എന്നിവയുടെ അടിസ്ഥാന വില 27,890 രൂപയാക്കി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. ഇത്തരത്തിൽ എസ്.കെ. ഹോസ്പിറ്റൽ, ഇടപ്പഴിഞ്ഞി, തിരുവനന്തപുരം എന്ന ആശുപത്രിക്കെതിരെ ഒരു പരാതി ലഭിച്ചിരുന്നു. എന്നാൽ പരിശോധനയിൽ ശസ്ത്രക്രിയയ്ക്ക് ഉപയോഗിച്ച സ്റ്റെന്റുകൾക്ക് എൻ.പി.പി.എ. നിശ്ചയിച്ചുറപ്പിച്ചിട്ടുള്ള വിലയാണ് പ്രസ്തുത സ്ഥാപനം ഈടാക്കിയതായി കണ്ടെത്താൻ കഴിഞ്ഞത്. സ്റ്റെന്റുകൾക്ക് വില നിയന്ത്രണം പ്രാബല്യത്തിൽ വന്നതറിയാതെ NPPA-യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി അധിക തുക ഈടാക്കിയ രണ്ട് സ്ഥാപനങ്ങൾ അധികമായി ഈടാക്കിയ തുക രോഗികൾക്ക് മടക്കി നൽകിയിട്ടുണ്ട്. ഇതുകൂടാതെ ആശുപത്രിയുടെ പേരെടുത്തുപറയാതെ പൊതുവായി സമർപ്പിച്ച മൂന്ന് പരാതികൾകൂടി ഡ്രഗ്സ് കൺട്രോൾ വകുപ്പിന് ലഭിച്ചിരുന്നു. വില നിയന്ത്രണം ഏർപ്പെടുത്തിയശേഷം ഡ്രഗ്സ് കൺട്രോൾ വകുപ്പ് പരിശോധനകളിലൂടെയും അന്വേഷണങ്ങളിലൂടെയും സ്ഥാപനങ്ങൾ നിയമാനുസൃതമാണ് സ്റ്റെന്റുകൾക്ക് വില ഈടാക്കുന്നതെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1-ലേക്കുള്ള പ്രൊമോഷൻ

248(3611) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് ഒന്നിന്റെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലുണ്ടായിരുന്ന ഈ തസ്തികയിലേക്കുള്ള പ്രൊമോഷൻ കേസുകളിൽ വിധി വന്നിട്ട് മാസങ്ങളായിട്ടും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1 ലേക്കുള്ള പ്രൊമോഷൻ നടത്താത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പ്രൊമോഷൻ നടത്താത്തതുമൂലം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് പി.എസ്.സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുവാൻ സാധിക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(ഡി) അടിയന്തരമായി ജെ.എച്ച്.ഐ. ഗ്രേഡ് ഒന്നിലേയ്ക്ക് പ്രൊമോഷൻ നൽകി, പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർക്ക് നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒരൊഴിവ് നിലവിലുണ്ട്.

(ബി) സീനിയോറിറ്റി തർക്കം സംബന്ധിച്ച് നിലനിന്നിരുന്ന കേസിൽ പുറപ്പെടുവിച്ച ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയെ സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ട സ്പഷ്ടീകരണം സർക്കാർ നൽകിയിരുന്നുവെങ്കിലും അതുപ്രകാരമുള്ള തുടർനടപടികൾ ഒ.എ. 620/18 കേസിൽ 25-4-2018-ൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഒരു ഇടക്കാല ഉത്തരവിലൂടെ സ്റ്റേ ചെയ്യുകയുണ്ടായി. ഈ കേസിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഇതുവരെ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. ആയതിനാലാണ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 1- ലേക്കുള്ള പ്രൊമോഷന് കാലതാമസം നേരിടുന്നത്.

(സി) ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നടത്തുന്നതുവഴി പ്രവേശന തസ്തികയായ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവുകൾ വരുന്നതാണ്. പ്രൊമോഷൻ നടക്കാത്ത കാരണത്താൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് 2 തസ്തികയിൽ ഒഴിവുകൾ വരുന്നില്ല. മറ്റ് രീതിയിൽ വരുന്ന ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. നിയമന ശിപാർശ നൽകിവരികയും ചെയ്യുന്നുണ്ട്.

(ഡി) ഒ.എ.620/2018 നമ്പർ കേസിൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ അന്തിമവിധി വരുന്നതോടുകൂടി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകാനും തുടർന്ന് റാങ്ക് ലിസ്റ്റിൽപ്പെട്ടവർക്ക് ഒഴിവിനനുസരിച്ച് ജോലി ലഭിക്കുകയും ചെയ്യുന്നതാണ്.

**ഡെങ്കിപ്പനി സംബന്ധിച്ച് ലോകാരോഗ്യ സംഘടനയുടെ പഠനം**

249(3612) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകാരോഗ്യസംഘടനയുടെ സഹായത്താൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ സഹകരണത്തോടെ ഡെങ്കിപ്പനി വ്യാപനം, നിയന്ത്രണം എന്നിവയെ സംബന്ധിച്ച് നടക്കുന്ന പഠനം ഏത് ഘട്ടത്തിൽ എത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് നടന്ന പഠനറിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഡെങ്കിപ്പനി നിയന്ത്രണം സംബന്ധിച്ച് മറ്റ് എന്തെങ്കിലും പഠനം സംസ്ഥാനത്ത് നടക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ലോകാരോഗ്യ സംഘടനയുടെ സഹായത്തോടെയുള്ള "ഗവൺമെന്റ് ഓഫ് കേരള" WHO ഡെങ്കി പഠനം തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുകയാണ്. അതിന്റെ ഒന്നാം ഘട്ടത്തിൽ നടന്ന "തിരുവനന്തപുരം ജില്ലയിലെ 9-12 വയസ്സ് പ്രായമുള്ള കുട്ടികളിൽ ഉണ്ടായിട്ടുള്ള ഡെങ്കിപ്പനി സാധ്യത" എന്ന ഉപപഠനം പൂർത്തിയായി. ഡെങ്കിപ്പനി കാരണം ഉണ്ടായേക്കാവുന്ന അപകടസാധ്യതയെപ്പറ്റിയും അവയുടെ സാധ്യത ഘടകങ്ങളെയും പറ്റിയുള്ള കോഹോർട്ട് പഠനവും കൊല്ലം ജില്ലയിലെ കുട്ടികളിലുള്ള പഠനവും പുരോഗമിക്കുകയാണ്. ഏപ്രിൽ 19, 20 തീയതികളിൽ സംസ്ഥാനം സന്ദർശിച്ച WHO വിദഗ്ദ്ധ സംഘം പഠനങ്ങളുടെ പുരോഗതിയിൽ പൂർണ്ണമായ തൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ പ്രസ്തുത സംഘം വീണ്ടും സന്ദർശനം നടത്തുമെന്നാണ് അറിയിച്ചിട്ടുള്ളത്.

(ബി) പഠനം പൂർത്തിയായിട്ടില്ല എന്നതിനാൽതന്നെ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) ഡെങ്കിപ്പനിയെപ്പറ്റി മറ്റ് നാല് പഠനങ്ങൾ 2017-ൽ തന്നെ സ്റ്റേറ്റ് ബോർഡ് ഓഫ് മെഡിക്കൽ റിസർച്ചിന്റെ സഹായത്തോടെ തിരുവനന്തപുരം മെഡിക്കൽ കോളേജ് കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ ആരംഭിച്ചിട്ടുണ്ട്. ഇവ പൂർത്തിയായി വരുന്നതേയുള്ളൂ. സ്കൂൾതല ഇടപെടലുകളുടെ ഫലപ്രാപ്തി, ഫീൽഡുതല എപ്പിഡമിയോളജി പഠനം ഡെങ്കിപ്പനിയുടെയും മറ്റ് പനികളുടെയും മരണകാരണങ്ങളും ഡെങ്കിപ്പനി ബാധിതരിലെ തുടർപഠനം എന്നിവയിലാണ് ഗവേഷണം നടത്തിയത്. തിരുവനന്തപുരത്തെ സ്കൂൾ വിദ്യാർത്ഥികൾ വഴിയുള്ള ഡെങ്കിപ്പനി പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ അവലോകനം ചെയ്യുന്ന പഠനത്തിൽ ആകെ കണ്ടെത്തിയ ഉറവിടങ്ങളിൽ 39 ശതമാനവും കൂത്താടികളെ കണ്ടെത്തിയ ഉറവിടങ്ങളിൽ 22 ശതമാനവും വീടിനുള്ളിലായിരുന്നു. ഇതിൽ 40% കണ്ടെയ്നറുകളും നശിപ്പിക്കാൻ സാധിച്ചു.

ടയർ (51%), തൊണ്ടുകൾ (41%), ചിരട്ട, മുട്ടത്തോട്, പ്ലാസ്റ്റിക് കപ്പ് (28.58%) എന്നിവയിലായിരുന്നു ഏറ്റവുമധികം കൂത്താടികളെ കണ്ടെത്തിയത്.

വേനൽക്കാലത്തുപോലും കണ്ടെത്തിയ ടയറുകളിൽ 51 ശതമാനത്തിലും ലാർവയുടെ സാന്നിദ്ധ്യമുണ്ടായിരുന്നു. അതുകൊണ്ട് ഉറവിട നശീകരണമാണ് ഏറ്റവും പ്രതിരോധ മാർഗ്ഗം. വീട്ടുകൾക്കുള്ളിൽത്തന്നെ ഈഡിസ് കൊതുകുകളുടെ ഉറവിടങ്ങൾ നിലനിൽക്കുന്നു എന്നതിനാൽ ഓരോ വീട്ടുകാരും ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരത്ത് കഴിഞ്ഞ വർഷം ഡെങ്കിപ്പനികളിൽ ടൈപ്പ് 1, 2 എന്നിവ ഉൾപ്പെട്ടിരുന്നു. തുടർച്ചയായി നിലനിൽക്കുന്ന തീവ്രമായ ക്ഷീണം, മയക്കം തുടങ്ങിയവ അപായ ലക്ഷണങ്ങളാണ്. രണ്ടോ മൂന്നോ ദിവസത്തിനുള്ളിൽ പനി കുറഞ്ഞാലും തുടർന്നുള്ള മൂന്ന് ദിവസമെങ്കിലും മതിയായ വിശ്രമവും നിരീക്ഷണവും ആവശ്യമാണ്. മതിയായ വൈദ്യസഹായം നേടുന്നതിനുള്ള കാലതാമസവും സ്വയം ചികിത്സയും ഒഴിവാക്കേണ്ടതാണ്. ഇതോടൊപ്പം പനിയുടെ ആദ്യ ദിവസങ്ങളിൽ ധാരാളം വെള്ളം കുടിച്ചവരിൽ സങ്കീർണ്ണതകൾ കുറവായിരുന്നുവെന്നും ഗവേഷണഫലം കണ്ടെത്തി.

## ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി കോഴ്സുകൾ

250(3613) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി എന്നീ നാലുവർഷ കോഴ്സുകളിലേക്കുള്ള 2018-19 അദ്ധ്യയനവർഷത്തെ പ്രവേശന നടപടികൾ നിർത്തിവച്ചിരിക്കുകയാണോ; വിശദാംശങ്ങൾ നല്കുമോ;

(ബി) പ്രസ്തുത കോഴ്സുകൾ സംസ്ഥാനത്ത് ആരംഭിച്ചത് എന്നാണ്;ഏതെല്ലാം സർവ്വകലാശാലകൾക്ക് കീഴിലാണ് ഈ കോഴ്സുകൾ നടത്തിയിരുന്നത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ ഏത് ഏജൻസി വഴിയാണ് നടത്തിയിരുന്നത്; വ്യക്തമാക്കുമോ;

(ഡി) ആധുനിക ചികിത്സാരംഗത്ത് വളരെ പ്രാധാന്യമർഹിക്കുന്ന പ്രസ്തുത കോഴ്സുകളിലേക്കുള്ള പ്രവേശന നടപടികൾ ആരംഭിയ്ക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 അദ്ധ്യയന വർഷത്തെ നഴ്സിംഗ്/പാരാമെഡിക്കൽ പ്രൊഫഷണൽ കോഴ്സുകളുടെ പ്രോസ്പെക്ടസിൽ ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി എന്നീ പാരാമെഡിക്കൽ കോഴ്സുകൾ ഉൾപ്പെടുത്തിയിട്ടില്ല. സർക്കാർ കോളേജുകളിൽ പ്രസ്തുത കോഴ്സുകൾ നടത്തുന്നില്ല. സംസ്ഥാനത്ത് 2 സ്വാശ്രയ കോളേജുകളിലാണ് പ്രസ്തുത കോഴ്സുകൾ നടത്തുന്നത്. ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി കോഴ്സുകൾ സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയാക്കി നിശ്ചയിച്ചിട്ടില്ല.

(ബി) 1992 മുതൽ പ്രസ്തുത കോഴ്സുകൾ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ആരംഭിക്കുകയും തുടർന്ന് യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്/കണ്ണൂർ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകൾ നടത്തിവരികയും ചെയ്തിരുന്നു. കേരള ആരോഗ്യ സർവ്വകലാശാല നിയമം, 2010-ലെ അദ്ധ്യായം 7 ഭാഗം 50 പ്രകാരം സംസ്ഥാനത്തെ ബന്ധപ്പെട്ട എല്ലാ കോഴ്സുകളും നിയമം നിലവിൽ വന്ന തീയതി മുതൽ കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിലേയ്ക്ക് മാറ്റപ്പെട്ടിരുന്നു. പ്രസ്തുത നിയമത്തിന് വിധേയമായി 2017-18 അദ്ധ്യയന വർഷം മുതൽ മറ്റ് സർവ്വകലാശാലകൾ പ്രസ്തുത കോഴ്സുകൾ നിർത്തലാക്കിയിരുന്നു.

(സി) 2017-18 അദ്ധ്യയന വർഷം വരെ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രോസ്പെക്ടസ് തയ്യാറാക്കുകയും എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജി/പ്രവേശന പരീക്ഷാ കമ്മീഷൻ (കേരള) മുഖാന്തരം പ്രവേശനം നടത്തുകയും ചെയ്തിരുന്നു.

(ഡി) ഈ കോഴ്സുകൾ അനുയോജ്യമായ ജോലി സാധ്യതകൾ/തസ്തികകൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

**മെഡിക്കൽ ബയോകെമിസ്ട്രി, മെഡിക്കൽ മൈക്രോബയോളജി കോഴ്സുകൾ**

251(3614) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 അക്കാദമിക് വർഷം സംസ്ഥാനത്തെ ഏതൊക്കെ സർവ്വകലാശാലകളിൽ ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (4 വർഷം) ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (4 വർഷം) കോഴ്സുകൾക്ക്

അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്നറിയിക്കുമോ; ഉണ്ടെങ്കിൽ ഈ കോഴ്സുകളുടെ അഡ്മിഷൻ നടത്തുന്നത് ഏത് ഏജൻസിയാണെന്ന് അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ ഈ കോഴ്സുകൾ തുടർന്നും നടത്താൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) എം.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, മെഡിക്കൽ മൈക്രോബയോളജി കോഴ്സുകൾ നിലനിർത്താൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കുമോ?

ഉത്തരം

(എ) 2018-19 അക്കാദമിക് വർഷം ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി (4 വർഷം) ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (4 വർഷം) കോഴ്സുകൾക്ക് അപേക്ഷ ക്ഷണിച്ചിട്ടില്ല.

(ബി & സി) ഈ കോഴ്സുകൾക്ക് അനുയോജ്യമായ ജോലി സാധ്യതകൾ/ തസ്തികകൾ നിലവിൽ ലഭ്യമല്ലാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## മെഡിക്കൽ മൈക്രോബയോളജി ബയോകെമിസ്ട്രി കോഴ്സ്

252(3616) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി, മെഡിക്കൽ ബയോകെമിസ്ട്രി നാല് വർഷ കോഴ്സ് എന്നിവ സംസ്ഥാനത്തെ ഏതെല്ലാം നിയമനങ്ങൾക്കുള്ള യോഗ്യതയാണെന്ന് വിശദമാക്കുമോ;

(ബി) ഈ യോഗ്യത നേടിയ എത്ര പേർ നിലവിൽ സർക്കാർ മേഖലയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ബി.എസ്.സി. മെഡിക്കൽ ബയോകെമിസ്ട്രി, ബി.എസ്.സി. മെഡിക്കൽ മൈക്രോബയോളജി കോഴ്സുകൾ സർക്കാർ സേവന മേഖലയിലെ ഒരു തസ്തികയ്ക്കും അടിസ്ഥാന യോഗ്യതയായി നിശ്ചയിച്ചിട്ടില്ല.

(ബി) പ്രസ്തുത യോഗ്യത നേടിയ ആരുംതന്നെ നിലവിൽ സംസ്ഥാന സർക്കാരിന്റെ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട മേഖലയിൽ സേവനം അനുഷ്ഠിക്കുന്നില്ല.

## മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട ബദൽ നിയമനിർമ്മാണം

253(3617) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയമസഭ പാസാക്കിയ 2017-ലെ 15-ാം നമ്പർ നിയമത്തിൽ ഏതെല്ലാം വകുപ്പുകളാണ് ഹൈക്കോടതി ദുർബലപ്പെടുത്തിയത്;

(ബി) മെഡിക്കൽ പ്രവേശനവുമായി ബന്ധപ്പെട്ട് ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ബദൽ നിയമനിർമ്മാണം നടത്തിയിട്ടുണ്ടോ;

(സി) ഹൈക്കോടതിയിൽ മാനേജ്മെന്റ് ഫയൽ ചെയ്ത കേസുകളിൽ നിയമനിർമ്മാണം നടത്താതിരിക്കുന്നത് വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) നിയമസഭ പാസാക്കിയ 2017-ലെ 15-ാം നമ്പർ നിയമത്തിലെ വകുപ്പുകൾ 5(3), 8(1)b, 17, 19 എന്നിവയാണ് ഹൈക്കോടതി ദുർബലപ്പെടുത്തിയത്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 2017-ലെ 15-ാം നമ്പർ ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(സി) ഇല്ല.

## അനധികൃതമായി ജോലി

254(3618) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പിലും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലുമായി നിലവിൽ എത്ര ഡോക്ടർമാരുണ്ട് ; അവരിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നവർ എത്ര; വ്യക്തമാക്കുമോ;

(ബി) അനധികൃതമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർക്കെതിരെ ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചു വരുന്നു; വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയുള്ളവരുടെ നിലവിലെ ജോലി സംബന്ധമായ വിവരങ്ങൾ വകുപ്പിന്റെ പക്കലുണ്ടോ; എങ്കിൽ വിദേശത്തും, ഇതര സംസ്ഥാനങ്ങളിലും സംസ്ഥാനത്തെ സ്വകാര്യമേഖലയിലും ജോലി ചെയ്യുന്നവർ എത്ര; വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ നാളിതുവരെയുള്ള കാലയളവിൽ പി.എസ്.സി. വഴി എത്ര പേർ ഡോക്ടർ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു; കരാർ/താത്കാലിക അടിസ്ഥാനത്തിൽ സർക്കാർ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ എത്ര; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെ അനുവദനീയ തസ്തിക ചുവടെ ചേർക്കുന്നു:

| | |
|---|---|
| അസിസ്റ്റന്റ് സർജൻ | -2683 |
| സിവിൽ സർജൻ | -245 |
| സ്പെഷ്യാലിറ്റി കേഡർ | -2146 |
| അഡ്മിനിസ്ട്രേറ്റീവ് കേഡർ | -276 |

ജില്ലാ മെഡിക്കൽ ഓഫീസുകളിൽനിന്നും ലഭിച്ച വിവരമനുസരിച്ച് ആരോഗ്യ വകുപ്പിൽ അനധികൃതമായി ഹാജരാകാതിരിക്കുന്ന 460-ഓളം ഡോക്ടർമാരുണ്ട്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 1938 ഡോക്ടർമാർ നിലവിലുണ്ട്. അവരിൽ അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നവരുടെ എണ്ണം 58.

(ബി) അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വിവരം ലഭ്യമല്ല.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരോഗ്യ വകുപ്പിൽ 1791 ഡോക്ടർമാരും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 338 ഡോക്ടർമാരും പി.എസ്.സി. വഴി ജോലിയിൽ പ്രവേശിച്ചു.

ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന അഡ്ഹോക് വ്യവസ്ഥയിലും NHM-ൽനിന്ന് കരാറടിസ്ഥാനത്തിലും നിയമനം ലഭിച്ച ഡോക്ടർമാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | അഡ്ഹോക് | NHM |
|---|---|---|
| തിരുവനന്തപുരം | 25 | 198 |
| കൊല്ലം | 14 | 126 |
| പത്തനംതിട്ട | 7 | 80 |
| ആലപ്പുഴ | 21 | 94 |
| കോട്ടയം | 36 | 87 |
| ഇടുക്കി | 12 | 72 |
| എറണാകുളം | 9 | 160 |
| തൃശ്ശൂർ | 9 | 112 |
| പാലക്കാട് | 16 | 84 |
| മലപ്പുറം | 16 | 155 |
| കോഴിക്കോട് | 4 | 123 |
| വയനാട് | 16 | 62 |
| കണ്ണൂർ | 30 | 135 |
| കാസർഗോഡ് | 41 | 57 |

**എം.ബി.ബി.എസ്. സീറ്റുകൾ**

255(3619) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെ ഉത്തരവുമൂലം സംസ്ഥാനത്ത് മുപ്പതുശതമാനം എം.ബി.ബി.എസ്. സീറ്റ് കുറയുമെന്ന വാർത്തയെ തുടർന്ന് ഈ വർഷത്തെ നീറ്റ് പരീക്ഷയിൽ മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർത്ഥികൾ ആശങ്കയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആശങ്ക അകറ്റുന്നതിനും, കഴിയുന്നത്ര വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ്.-ന് പഠിക്കുന്നതിന് അവസരം ഒരുക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പാലക്കാട് സർക്കാർ മെഡിക്കൽ കോളേജിലെ 100 സീറ്റുകൾക്കും എട്ട് സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ 1000 എം.ബി.ബി.എസ്. സീറ്റുകൾക്കും 2018-19 അദ്ധ്യയന വർഷം പ്രവേശനത്തിന് അനുമതി ലഭിച്ചിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞ സീറ്റുകൾക്ക് അലോട്ട്മെന്റ് തീയതിക്ക് മുമ്പായി അനുമതി ലഭിക്കുന്നപക്ഷം അർഹരായ വിദ്യാർത്ഥികൾക്ക് സീറ്റുകൾ ലഭ്യമാക്കാൻ കഴിയുന്നതാണ്. എസ്.സി./എസ്.ടി. വകുപ്പിന് കീഴിലുള്ള പാലക്കാട് മെഡിക്കൽ കോളേജിന് ആരോഗ്യ വകുപ്പിന്റെ സൗകര്യങ്ങൾ ലഭ്യമാക്കുമെന്ന് ഉറപ്പ് നൽകിയിട്ടുണ്ട്. അപ്രകാരം ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ ചൂണ്ടിക്കാട്ടിയ കുറവുകൾ പരിഹരിക്കപ്പെട്ടുമെന്നതിനാൽ കോളേജിന് തുടർച്ചാനുമതി നൽകണമെന്നും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഡോ. ജയകുമാറിന്റെ സർവ്വീസ് ആനുകൂല്യങ്ങൾ**

256(3620) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽനിന്നും ഓർത്തോപീഡിക്ക് വിഭാഗം അസോസിയേറ്റ് പ്രൊഫസർ ആയി വിരമിച്ച ഡോ. ജയകുമാറിന്റെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കാത്തത് സംബന്ധിച്ച് ഇപ്പോൾ സർക്കാരിന്റെ പക്കലുള്ള C2/668472/2017/Vig, B1/633/2017 H ആൻഡ് FW നമ്പർ ഫയലുകളിൽ ഇതുവരെ ഉണ്ടായിട്ടുള്ള പുരോഗതി വ്യക്തമാക്കാമോ;

(ബി) ഡോ. ജയകുമാറിനെ വിജിലൻസ് കുറ്റ വിമുക്തനാക്കിയിട്ടുണ്ടോ; എങ്കിൽ ക്ലീയറൻസ് നൽകിയിട്ടുണ്ടോ; ആയത് എത്രയും വേഗം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഡോ. ജയകുമാറിനെതിരായി വിജിലൻസ് കേസും അനുസംബന്ധിച്ച അച്ചടക്ക നടപടികളും നിലനിന്നിരുന്നതിനാലാണ് സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കാതിരുന്നത്. വിജിലൻസ് കോടതിയുടെ അന്തിമ ഉത്തരവ് വിജിലൻസ് വകുപ്പിന് ലഭ്യമായിട്ടില്ലാത്തതിനാൽ പ്രസ്തുത വകുപ്പിന്റെ C2/668472/2017/Vig. നമ്പർ ഫയൽ തീർപ്പാക്കിയിട്ടില്ല. എന്നാൽ ഡോ. ജയകുമാറിനെ കുറ്റവിമുക്തനാക്കിക്കൊണ്ടുള്ള വിജിലൻസ് കോടതിയുടെ 11-07-2016-ലെ അന്തിമ ഉത്തരവ് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് നേരിട്ട് ലഭിച്ചതിനെത്തുടർന്ന് ടി ഡോക്ടർക്കെതിരെ ആരംഭിച്ചിരുന്ന അച്ചടക്ക നടപടികൾ ഉപേക്ഷിച്ചുകൊണ്ട്

13-6-2018-ലെ സ.ഉ.(സാധാ)നമ്പർ 1887/2018/ആ.കു.വ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ B1/633/ 2017/H ആൻഡ് FW നമ്പർ ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട വിജിലൻസ് ട്രിബ്യൂണൽ 11-7-2016-ലെ ഉത്തരവ് പ്രകാരം ഡോ. ജയകുമാറിനെ കുറ്റവിമുക്തനാക്കി ക്ലിയറൻസ് നൽകിയിട്ടുണ്ട്.

**അർപ്പണ തോമസ് ഒടുക്കിയ തുക തിരികെ നൽകാൻ നടപടി**

257(3621) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബി.ഡി.എസ്. കോഴ്സിന് ലഭിച്ച അഡ്മിഷൻ റദ്ദ് ചെയ്ത് ഹയർ ഓപ്ഷൻ എന്ന നിലയിൽ എം.ബി.ബി.എസ്.-ന് അഡ്മിഷൻ നേടിയപ്പോൾ ലിക്വിഡേറ്റഡ് ഡാമേജായി അർപ്പണ തോമസ്, പാടത്തറ ഹൗസ്, പള്ളുരുത്തി എന്നയാൾ സർക്കാരിലേയ്ക്ക് ഒടുക്കിയ 5 ലക്ഷം രൂപ ഇയാൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

കുമാരി അർപ്പണ തോമസ് 2016-ലെ കേന്ദ്രീകൃത അലോട്ട്മെന്റ് മുഖേന ആലപ്പുഴ ഗവൺമെന്റ് ദന്തൽ കോളേജിൽ ബി.ഡി.എസ്. കോഴ്സിന് പ്രവേശനം നേടിയിരുന്നു. എന്നാൽ ബി.ഡി.എസ്. പ്രവേശനം അവസാനിപ്പിച്ചതിനുശേഷം നടന്ന സ്പോട്ട് അഡ്മിഷനിൽ ഒരു സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.-ന് പ്രവേശനം നേടിയിട്ടുണ്ട്. ഇതുവഴി ഒരു സർക്കാർ ബി.ഡി.എസ്. സീറ്റ് നഷ്ടപ്പെടുത്തിയിട്ടുള്ളതിനാൽ 2016-ലെ KEAM പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a) (iii) പ്രകാരം കുമാരി അർപ്പണ തോമസ് 5 ലക്ഷം രൂപ ലിക്വിഡേറ്റഡ് ഡാമേജസായി നൽകാൻ ബാധ്യസ്ഥയാണെന്നതിനാൽ ടി തുക തിരികെ നൽകാൻ വ്യവസ്ഥയില്ല.

**ഹോമിയോപ്പതി ചികിത്സയുടെ വൈപുല്യവും പ്രവർത്തനങ്ങളും**

258(3622) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ചികിത്സാശാഖ എന്ന നിലയിൽ സംസ്ഥാനത്തെ ഹോമിയോപ്പതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഹോമിയോപ്പതി ചികിത്സയുടെ വൈപുല്യവും കാര്യക്ഷമമായ പ്രവർത്തനങ്ങളും സംസ്ഥാനത്തെ ആരോഗ്യ സംവിധാനത്തിൽ അതിന്റെ പ്രാധാന്യവും വിശദമാക്കുമോ;

(സി) ഹോമിയോപ്പതി വകുപ്പ് സ്ത്രീകൾക്ക് മാത്രമായി നടപ്പാക്കുന്ന 'സീതാലയം' പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഹോമിയോപ്പതിയിൽ സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ഹോമിയോപ്പതിക് സഹകരണ ഫാർമസി(ഹോംകോ) യുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;ആയത് ശാക്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സംസ്ഥാന ആസൂത്രണ ബോർഡ്, അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് വിഭാഗം, ആയുഷ് വകുപ്പ് എന്നീ സർക്കാർ സംവിധാനങ്ങളിലൂടെ സംസ്ഥാനത്തെ ഹോമിയോപ്പതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ട്.

(ബി) 2011-ൽ സംസ്ഥാന ആസൂത്രണ ബോർഡ് നടത്തിയ ഒരു പഠനത്തിൽ സംസ്ഥാനത്തെ 25% ജനങ്ങളും അവരുടെ ആരോഗ്യ പരിപാലനത്തിന് ആശ്രയിക്കുന്നത് ഹോമിയോപ്പതിയാണെന്നുള്ളത് അതിന്റെ വളർച്ചയെ കാണിക്കുന്നു. കേരളത്തിൽ ആദ്യമായി ഹോമിയോപ്പതി പ്രചരിപ്പിക്കപ്പെട്ടത് പഴയ തിരുവിതാംകൂർ സംസ്ഥാനത്തെ ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ ഭരണകാലത്താണ്. 1928-ൽ അന്നത്തെ ശ്രീമൂലം തിരുനാൾ സഭയിൽ ഹോമിയോപ്പതിയെ അംഗീകരിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമെന്ന് വിളംബരം ചെയ്തുകൊണ്ടുള്ള പ്രമേയം പാസാക്കപ്പെട്ടു.

കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിനുശേഷം 1957-ലെ ആദ്യത്തെ സർക്കാരാണ് ഇന്ത്യയിൽ ആദ്യമായി തിരുവനന്തപുരത്ത് ഒരു സർക്കാർ ഹോമിയോ ഡിസ്പെൻസറി ആരംഭിച്ചത്. ഇന്ന് ആ സ്ഥാപനം 100 കിടക്കകളോടുകൂടിയ വിപുലമായ തിരുവനന്തപുരം ജില്ലാ പട്ടംതാണുപിള്ള മെമ്മോറിയൽ സർക്കാർ ഹോമിയോ ആശുപത്രിയായി പ്രവർത്തിക്കുന്നു.

1973-ൽ ഒരു സ്വതന്ത്ര വകുപ്പായി രൂപീകരിക്കപ്പെട്ട ഹോമിയോപ്പതി വകുപ്പിന് കീഴിൽ ഇന്ന് 659 സർക്കാർ ഹോമിയോ ഡിസ്പെൻസറികളും കിടത്തി ചികിത്സാ സൗകര്യമുള്ള 34 ഹോമിയോ ആശുപത്രികളുമുണ്ട്. ഇവയ്ക്കുപുറമെ പട്ടികജാതി കോളനികളിൽ പട്ടികജാതി വികസന വകുപ്പിന്റെ

ധനസഹായത്തോടെ താൽക്കാലികമായി പ്രവർത്തിക്കുന്ന 29 എസ്.സി.പി. ഹോമിയോ ഹെൽത്ത് സെന്ററുകളും ദേശീയ ആരോഗ്യ ദൗത്യത്തിന് കീഴിൽ പ്രവർത്തിക്കുന്ന 410 നാഷണൽ ആയുഷ് (ഹോമിയോ) ഡിസ്പെൻസറികളുമുണ്ട്.

സംസ്ഥാനത്ത് ആരോഗ്യ പരിപാലന രംഗത്ത് ഹോമിയോപ്പതി വകുപ്പ് ഒട്ടനവധി ജനോപകാരപ്രദമായ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. വെറ്ററിനറി പ്ലാന്റ് മെഡിസിനായും ഹോമിയോപ്പതി മരുന്നുകൾ വ്യാപകമായി ഉപയോഗിക്കുന്നു.

ഹോമിയോപ്പതി ചികിത്സയുടെ വൈപുല്യവും സംസ്ഥാനത്തെ ആരോഗ്യ സംവിധാനത്തിൽ ഹോമിയോപ്പതിയുടെ പ്രാധാന്യവും വെളിപ്പെടുത്തുന്ന അതിന്റെ കാര്യക്ഷമമായ ആതുരസേവന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ഹോമിയോപ്പതിയിൽ സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ആധുനിക ജീവിതശൈലിയും ഭൂപ്രദേശങ്ങളുടെ സവിശേഷ പ്രത്യേകതകളുംമൂലം ചില പ്രദേശങ്ങളിൽ കൂടുതലായി കണ്ടുവരുന്ന പ്രത്യേക രോഗങ്ങൾക്കായുള്ള സ്പെഷ്യാലിറ്റി കെയർ സെന്ററുകളിലൂടെ പ്രത്യേക പരിചരണവും ചികിത്സയും നൽകിവരുന്നു.

ഇടുക്കി, തിരുവനന്തപുരം ജില്ലകളിൽ അന്തസ്രാവി ഗ്രന്ഥി വൈകല്യം മൂലമുള്ള തൈറോയിഡ് തുടങ്ങിയ എൻഡോക്രൈൻ ഡിസോഡറുകൾ പരിഹരിക്കുന്ന സ്പെഷ്യാലിറ്റി കെയർ സെന്ററുകൾ, തിരുവനന്തപുരം, ആറ്റിങ്ങൽ, മലപ്പുറം ഹോമിയോ ആശുപത്രികളിൽ ആസ്ത്മ, അലർജി ക്ലിനിക്കുകൾ, ഇടുക്കി, മലപ്പുറം ഹോമിയോ ആശുപത്രികളിൽ വാതരോഗ സ്പെഷ്യാലിറ്റി ക്ലിനിക്, കോട്ടയം, കുറിച്ചി, പാലാ ആശുപത്രികളിൽ മൂത്രാശയക്കല്ല്, ഗർഭാശയമുഴ എന്നിവയ്ക്കായുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ തുടങ്ങിയവ പ്രവർത്തിച്ചുവരുന്നു. ഇതുകൂടാതെ പലവിധ രോഗങ്ങൾക്കുള്ള സ്പെഷ്യാലിറ്റി ക്ലിനിക്കുകളും ജില്ലാ ഹോമിയോ ആശുപത്രികളിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഇടുക്കി, വയനാട് ജില്ലകളിലെ ദുർഘടമേഖലകളിൽ പാർക്കുന്നവരുടെ ആരോഗ്യ പരിപാലനത്തിനായി ഹോമിയോപ്പതിയുടെ സേവനം ലഭ്യമാക്കുന്നതിന് സ്പെഷ്യാലിറ്റി മൊബൈൽ ഹോമിയോ ക്ലിനിക്കുകളും പ്രവർത്തിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഈ വർഷം (2018) ഹോമിയോപ്പതിയിൽ പുതുതായി തുടങ്ങുന്ന സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു*.

(ഇ) 1975-ൽ രജിസ്റ്റർ ചെയ്ത് 1978-ൽ പ്രവർത്തനമാരംഭിച്ച കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (ഹോംകോ)1984-ൽ തുടർച്ചയായ നഷ്ടത്തെത്തുടർന്ന് സർക്കാർ ഭരണം ഏറ്റെടുക്കുകയും ഇപ്പോൾ വളരെ ലാഭകരവുമായി പ്രവർത്തിക്കുന്ന പൊതുമേഖലയിലുള്ള ഇൻഡ്യയിലെ ആദ്യ ഹോമിയോപ്പതി മരുന്ന് ഉല്പാദനശാലയാണ്. ഹോമിയോപ്പതി വൈദ്യശാസ്ത്ര രംഗത്ത് ഉപയോഗിക്കുന്ന എല്ലാവിധ ജനറിക് മരുന്നുകളും ഇവിടെ ഉല്പാദിപ്പിക്കുന്നു. കേരളത്തിലെ സർക്കാർ ഹോമിയോ ഡിസ്പെൻസറികളുടെയും ആശുപത്രികളുടെയും മെഡിക്കൽകോളേജുകളുടെയും ആവശ്യങ്ങൾ നിറവേറ്റുന്നതിന് പുറമെ ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങൾക്കും ഹോംകോ ഔഷധ വിതരണം നടത്തുന്നു. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ അംഗീകാരമുള്ളതും ജി.എം.പി. നിലവാരത്തിലുള്ളതുമായ ആധുനിക സൗകര്യങ്ങളോടുകൂടിയ ഗുണനിലവാര പരിശോധന ലാബും ഹോംകോ-യിൽ പ്രവർത്തിക്കുന്നുണ്ട്. ഹോംകോയുടെ കീഴിൽ കോട്ടയം ജില്ലയിൽ മുണ്ടക്കയത്തിനടുത്ത് 5.5 ഏക്കർ ഔഷധ സസ്യകൃഷിത്തോട്ടമുണ്ട്. ഹോംകോയുടെ സാമൂഹ്യ പ്രതിബദ്ധതയുടെ ഭാഗമായി "സൗഖ്യം" എന്ന സൗജന്യ ഹോമിയോ ക്ലിനിക്കും എല്ലാ ദിവസവും പ്രവർത്തിച്ചുവരുന്നു. രണ്ടാംഘട്ട വികസന പ്രവർത്തനങ്ങളുടെ ഭാഗമായി 1.84 ഏക്കർ സ്ഥലത്ത് പുതിയ ഫാക്ടറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി വിജയകരമായി നടന്നുകൊണ്ടിരിക്കുന്നു. നിലവിലെ കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിച്ചുവരുന്നു.

തിരുവനന്തപുരത്ത് മണക്കാട് വില്ലേജിൽ ഐരാണിമുട്ടത്ത് ഹോംകോയുടെ ഒരു ഔഷധ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചുവരുന്നു.

### നിപയ്ക്കുള്ള ഹോമിയോ പ്രതിരോധ മരുന്ന്

259(3623) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് സാധാരണ വൈറൽ പനിക്ക് നൽകുന്ന ഹോമിയോ മരുന്ന് നിപയ്ക്കുള്ള പ്രതിരോധ മരുന്ന് എന്ന നിലയിൽ ജനങ്ങൾക്ക് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച് ആരോഗ്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ മറികടന്നു കൊണ്ട് സർക്കാർ ഹോമിയോ ആശുപത്രിയിൽനിന്നും മരുന്ന് വിതരണം ചെയ്തതായ സാഹചര്യം വിശദീകരിക്കുമോ;

(സി) ജനങ്ങൾക്ക് തെറ്റായ സന്ദേശം നൽകുന്ന ഇത്തരം നടപടികൾക്കെതിരെ കർശന നടപടി സ്വീകരിക്കുമോ;വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ മുക്കം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽനിന്നും നിപയ്ക്കുള്ള പ്രതിരോധ മരുന്ന് എന്ന നിലയിൽ മരുന്ന് വിതരണം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഹോമിയോപ്പതി വകുപ്പിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത് Rapid Action Epidemic Control Cell - Homoeopathy(REACH) എന്ന സംവിധാനത്തിലൂടെയാണ്. ഇതിനായി State Level Epidemic Control Group (SLEG) എന്ന അഡ്വൈസറി ബോഡി ഹോമിയോപ്പതി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നു. ജില്ലയിൽ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നത് District Level Epidemic Control Group (DLEG) എന്ന അഡ്വൈസറി ബോഡിയാണ്. (DLEG)-ലെ അംഗങ്ങൾ പകർച്ചവ്യാധിയുള്ള കാലത്ത് രോഗികളുടെ രോഗലക്ഷണങ്ങൾ വിശദമായി പഠിച്ച് ഔഷധനിർണ്ണയം നടത്തിയശേഷമാണ് പ്രതിരോധ ഔഷധം ശിപാർശ ചെയ്യുന്നത്. DLEG റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ SLEG പ്രതിരോധ ഔഷധ നിർണ്ണയം വിലയിരുത്തിയശേഷം അംഗീകാരം നൽകുകയാണ് ചെയ്യുന്നത്.

കോഴിക്കോട് ജില്ലയിൽ നിലവിലുള്ള പനിക്കെതിരെ നേരിട്ട് രോഗിയിൽനിന്നും രോഗത്തെക്കുറിച്ച് പഠിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ ഒരു സംഘം ഡോക്ടർമാർ രോഗബാധിതരെ ചികിത്സിച്ച ഡോക്ടറിൽനിന്നും രോഗികളുടെ കൂട്ടിരിപ്പുകാരിൽനിന്നും ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ DLEG ശിപാർശ ചെയ്തത് പ്രകാരമുള്ള മരുന്നാണ് SLEG അംഗീകരിച്ചത്. എന്നാൽ SLEG-യുടെ ഉന്നതാധികാര സമിതിയായ ഹൈപവർ കമ്മിറ്റി നിലവിലുള്ള പകർച്ചപ്പനിയുടെ കേസുകൾ പഠിച്ച് മരുന്നുകൾ പുനഃപരിശോധനയ്ക്കുശേഷം മരുന്ന് വിതരണം ആവശ്യമെങ്കിൽ മാത്രം നടത്തിയാൽ മതിയെന്ന് എടുത്ത തീരുമാനമാണ് ഡയറക്ടറുടെ സർക്കുലറിൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിട്ടുള്ളത്. മറ്റ് ജില്ലകളിൽ

ഏതെങ്കിലും രോഗം പകർച്ചവ്യാധിയായി കണ്ട് ഔഷധം നൽകേണ്ടിവന്നാൽ കേസ് പഠനം നടത്തി തുടർ നടപടികൾക്കായി SLEG-യെ അറിയിക്കേണ്ടതാണെന്നുള്ള പൊതുനിർദ്ദേശവും സർക്കുലറിൽ നൽകിയിരുന്നു. എന്നാൽ കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ പ്രസ്തുത നിർദ്ദേശം ജില്ലയിലെ എല്ലാ സ്ഥാപന മേധാവികൾക്കും അയച്ചുകൊടുക്കുകയും പ്രസ്തുത സർക്കുലർ നിപയ്ക്കെതിരെയുള്ള പ്രതിരോധ മരുന്ന് സംബന്ധിച്ചുള്ളതാണെന്ന് തെറ്റിദ്ധരിച്ചാണ് മുക്കം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽനിന്നും നിപയ്ക്കെതിരെയുള്ള പ്രതിരോധ മരുന്ന് എന്ന രീതിയിൽ ഔഷധം വിതരണം ചെയ്യാനുള്ള സാഹചര്യമുണ്ടായത്.

(സി) കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിപയ്ക്കെതിരെ പ്രതിരോധം എന്ന രീതിയിൽ ഡോക്ടറുടെ അഭാവത്തിൽ ഔഷധം വിതരണം ചെയ്ത കോഴിക്കോട് മുക്കം സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ അറ്റൻഡറെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

## നാച്ചുറോപ്പതിയുടെയും യോഗയുടെയും പ്രാധാന്യം

260(3624) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോകം ഉറ്റു നോക്കുന്ന ഭാരതത്തിന്റെ ആതുര ശുശ്രൂഷാ മേഖലകൾ എന്ന നിലയ്ക്ക് നാച്ചുറോപ്പതിക്കും യോഗയ്ക്കും മതിയായ പ്രാധാന്യം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് നാച്ചുറോപ്പതി മെഡിക്കൽ ഓഫീസർമാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞു കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) 2016 ജൂൺ മാസം നിലവിൽ വന്ന റാങ്ക് ലിസ്റ്റ് 419/16/ഒ.എൽ.ഇ. ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേരെ നിയമിച്ചു; ആരെയും നിയമിച്ചില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും കൂടുതൽ പേരെ നിയമിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആയുഷ് വകുപ്പിൽ നാച്ചുറോപ്പതി, യോഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് മതിയായ പ്രാധാന്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി കാസർഗോഡ് ഒരു യോഗ ആൻഡ് നാച്ചുറോപ്പതി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. വർക്കലയിലുള്ള നാച്ചുറോപ്പതി ആശുപത്രിയുടെ വികസനത്തിന് ഈ സാമ്പത്തിക വർഷം 4 കോടി രൂപയുടെ ഭരണാനുമതി നൽകി.

(ബി & സി) വകുപ്പിൽ മെഡിക്കൽ ഓഫീസർ (നാച്ചുർക്യൂർ), തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നുമില്ല.

(ഡി) മെഡിക്കൽ ഓഫീസർ (നാച്ചുർക്യൂർ), തസ്തികയിൽ ഒഴിവുകളൊന്നും ഉണ്ടാകാത്തതിനാൽ പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിയിട്ടില്ല.

(ഇ) ടി തസ്തികയിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ആയുർവേദ ആശുപത്രികളിൽ തെറാപ്പിസ്റ്റ് തസ്തികകൾ**

261(3625) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയുർവേദ ആശുപത്രികളിൽ പുതുതായി തെറാപ്പിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശം ജില്ല തിരിച്ച് അറിയിക്കുമോ;

(സി) ജനസംഖ്യാനുപാതികമായും ജില്ലകളിലെ ആശുപത്രികളുടെ എണ്ണം കണക്കാക്കിയും തസ്തികകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) നിശ്ചിത യോഗ്യതയുള്ളവരെ മാത്രം തെറാപ്പിസ്റ്റായി നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | എണ്ണം |
|---|---|---|
| (1) | (2) | (3) |
| | **തിരുവനന്തപുരം** | |
| 1 | ജില്ല ആയുർവേദ ആശുപത്രി, വർക്കല | 1 |
| 2 | ഗവ. ആയുർവേദ ആശുപത്രി, നെയ്യാറ്റിൻകര | 1 |
| 3 | ഗവ. ആയുർവേദ ആശുപത്രി, പാറശ്ശാല | 1 |
| | **കൊല്ലം** | |
| 4 | ഗവ. ആയുർവേദ ആശുപത്രി, ആയൂർ | 1 |
| 5 | ഗവ. ആയുർവേദ ആശുപത്രി, പരവൂർ | 1 |
| 6 | ഗവ. ആയുർവേദ ആശുപത്രി, തലവൂർ | 1 |
| | **പത്തനംതിട്ട** | |
| 7 | ജില്ല ആയുർവേദ ആശുപത്രി, അയിരൂർ | 3 |
| | **ഇടുക്കി** | |
| 8 | ഗവ. ആയുർവേദ ആശുപത്രി, പാറേമാവ് | 4 |
| 9 | ഗവ. ആയുർവേദ ആശുപത്രി, കല്ലാർ | 2 |
| 10 | ജില്ല ആയുർവേദ ആശുപത്രി, തൊടുപുഴ | 4 |
| | **കോട്ടയം** | |
| 11 | ജില്ല ആയുർവേദ ആശുപത്രി, കോട്ടയം | 2 |
| | **ആലപ്പുഴ** | |
| 12 | ജില്ല ആയുർവേദ ആശുപത്രി, ആലപ്പുഴ | 2 |
| | **എറണാകുളം** | |
| 13 | ജില്ല ആയുർവേദ ആശുപത്രി, എറണാകുളം | 1 |
| 14 | ഗവ. ആയുർവേദ ആശുപത്രി, പിറവം | 2 |
| 15 | ഗവ. ആയുർവേദ ആശുപത്രി, പെരുമ്പാവൂർ | 1 |
| 16 | ഗവ. ആയുർവേദ ആശുപത്രി, നോർത്ത് പറവൂർ | 1 |
| | **തൃശ്ശൂർ** | |
| 17 | ജില്ല ആയുർവേദ ആശുപത്രി, തൃശ്ശൂർ | 2 |
| 18 | ഗവ. ആയുർവേദ ആശുപത്രി, അന്തിക്കാട് | 1 |
| 19 | ഗവ. ആയുർവേദ ആശുപത്രി, ഗുരുവായൂർ | 1 |
| 20 | ഗവ. ആയുർവേദ ആശുപത്രി, ഇരിങ്ങാലക്കട | 1 |

| (1) | (2) | (3) |
|---|---|---|
| | **പാലക്കാട്** | |
| 21 | ജില്ല ആയുർവേദ ആശുപത്രി, പാലക്കാട് | 2 |
| 22 | ഗവ. ആയുർവേദ ആശുപത്രി, മണ്ണാർക്കാട് | 1 |
| | **കോഴിക്കോട്** | |
| 23 | ഗവ. താലൂക്ക് ആയുർവേദ ആശുപത്രി, പയ്യോളി | 1 |
| 24 | ജില്ല ആയുർവേദ ആശുപത്രി, കോഴിക്കോട് | 1 |
| | **മലപ്പുറം** | |
| 25 | ജില്ല ആയുർവേദ ആശുപത്രി, മലപ്പുറം | 2 |
| | **കണ്ണൂർ** | |
| 26 | ഗവ. ആയുർവേദ ആശുപത്രി, തളിപ്പറമ്പ് | 2 |
| 27 | ജില്ല ആയുർവേദ ആശുപത്രി, കണ്ണൂർ | 1 |
| | **വയനാട്** | |
| 28 | ജില്ല ആയുർവേദ ആശുപത്രി, വയനാട് | 3 |
| | **കാസർഗോഡ്** | |
| 29 | ജില്ല ആയുർവേദ ആശുപത്രി, പടന്നക്കാട് | 2 |
| | **ആകെ** | 48 |

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ തെറാപ്പിസ്റ്റ് തസ്തികയില്ലാത്ത ആയുർവേദ സ്ഥാപനങ്ങളിൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ തലത്തിലുള്ള നിയമനങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരെ മാത്രമാണ് പരിഗണിക്കുന്നത്.

## തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജ്

262(3626) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ കിടക്കകളുള്ള തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കോളേജിൽ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഒരു അക്കാഡമിക് ബ്ലോക്ക് സ്ഥാപിക്കുന്നതിനുള്ള ദീർഘകാലമായുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിലേയ്ക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) ഈ അക്കാഡമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് സമയബന്ധിതമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൃപ്പൂണിത്തുറ, ആയുർവേദ കോളേജിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി അക്കാദമിക് ബ്ലോക്ക് സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആയുർവേദ കോളേജിനോട് അനുബന്ധിച്ചുള്ള ആശുപത്രിയിൽ അവശ്യം വേണ്ട തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച കാര്യം പരിശോധിച്ചുവരുന്നു. എൻ.എ.ബി.എച്ച്. അക്രെഡിറ്റേഷൻ നേടിയെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആശുപത്രിയിൽ നടന്നുവരുന്നു. ഭാവിയിൽ സി.സി.ഐ.എം. അംഗീകാരത്തിനായി ടി സർട്ടിഫിക്കേഷൻ ആവശ്യമായി വരുന്നതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) അക്കാഡമിക് ബ്ലോക്ക് സ്ഥാപിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ ക്യാപിറ്റൽ ശീർഷകത്തിൽ 229 ലക്ഷം രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ക്യാപ്പിറ്റൽ ശീർഷകത്തിൽ 100 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ ക്യാപ്പിറ്റൽ ശീർഷകത്തിൽ 70 ലക്ഷം രൂപയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ ഇതിനായി 250 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ആയുർവേദ മരുന്നുകൾക്ക് ലൈസൻസ് നൽകാൻ അതോറിറ്റി രൂപീകരിക്കാൻ നടപടി

263(3627) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആയുർവേദ മരുന്നുകൾക്ക് ലൈസൻസ് നൽകാൻ അതോറിറ്റി ഇല്ല എന്നത് മൂലം നിരവധി പ്രമുഖ ആയുർവേദ മരുന്ന് നിർമ്മാണ

കമ്പനികൾ അവയുടെ പ്രവർത്തനം മറ്റു സംസ്ഥാനങ്ങളിലേക്ക് മാറ്റുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇങ്ങനെ ഒരു പ്രതിസന്ധി ഉടലെടുക്കാൻ കാരണം എന്താണെന്ന വ്യക്തമാക്കാമോ;

(ബി) ഇതുമൂലം സംസ്ഥാനത്ത് ലൈസൻസ് ഫീസ് ഇനത്തിൽ എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ; എത്ര തൊഴിലവസരങ്ങൾ നഷ്ടമായിട്ടുണ്ട്; എത്ര കോടി രൂപയുടെ മൂലധന നിക്ഷേപമാണ് മറ്റ് സംസ്ഥാനങ്ങളിലേക്ക് ഒഴുകിയതായി കണക്കാക്കുന്നത്;

(സി) ഇത് സംബന്ധിച്ച് നിയമ നിർമ്മാണത്തിന്റെ ആവശ്യമുണ്ടോ; നിലവിലുള്ള ചട്ടങ്ങൾക്കുള്ളിൽ നിന്ന് അതോറിറ്റി രൂപീകരിക്കുന്നതിനോ ബദൽ സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനോ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ഡി) ആയുർവേദ മരുന്നുകൾക്ക് ലൈസെൻസ് നല്കാൻ അതോറിറ്റി രൂപീകരിക്കുന്നതിനും ഈ സംവിധാനം തടസ്സമില്ലാതെ പ്രവർത്തിക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പുതിയ പേറ്റന്റ് ആൻഡ് പ്രൊപ്രൈറ്ററി ഉല്പന്നങ്ങൾക്ക് അംഗീകാരം തേടുന്നതിന് ഇതര സംസ്ഥാനങ്ങളിൽകൂടി ഔഷധ നിർമ്മാണ യൂണിറ്റ് തുടങ്ങി ലൈസൻസ് നേടിയശേഷം ഉല്പന്നങ്ങൾ കേരളത്തിൽ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയുർവേദ മരുന്നുനിർമ്മാണത്തിനുള്ള ലൈസൻസ് പുതുക്കുന്നതിനും പുതിയ ലൈസൻസ് നൽകുന്നതിനും ചുമതലയുള്ള ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) ആൻഡ് ലൈസൻസിംഗ് അതോറിറ്റിയുടെ നിയമനം സംബന്ധിച്ച് ഒരു വർഷക്കാലമായി ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ നിയമ നടപടികൾ നടന്നുവന്നിരുന്നതിനാൽ ഈ കാലയളവിൽ ലൈസൻസ് നൽകാൻ സാധിച്ചിരുന്നില്ല. എന്നാൽ 15-5-2018-ന് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് തീർപ്പായതിനെത്തുടർന്ന് 24-5-2018-ൽ താൽക്കാലികമായി പുതിയ ലൈസൻസിംഗ് അതോറിറ്റിയെ നിയമിച്ച് ഉത്തരവാകുകയും ഗസറ്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതിനാൽ ലൈസൻസ് അനുവദിച്ച് നൽകാൻ ആരംഭിച്ചിട്ടുണ്ട്.

(ബി) ഇതുമൂലം സംസ്ഥാനത്ത് ലൈസൻസ് ഫീസ് ഇനത്തിൽ കോടികളുടെ നഷ്ടമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈസൻസ് ലഭിക്കുന്നതിനായുള്ള 110 അപേക്ഷകളാണ് കഴിഞ്ഞ ഒരു വർഷക്കാലയളവിൽ തീരുമാനമാകാനുണ്ടായിരുന്നത്. പുതിയ ലോൺ ലൈസൻസിന് 600 രൂപയും പുതിയ 25ഡി ലൈസൻസിന് 1000 രൂപയും പുതിയ ജി.എം.പി.-ക്ക് 2,625 രൂപയുമാണ് ഫീസ്. ഇതുപ്രകാരം അപേക്ഷകർ മൂന്ന് ലക്ഷം രൂപയുടെ ചെലാൻ ഫീസിനത്തിൽ ഒടുക്കിയിട്ടുണ്ട്.

(സി & ഡി) ഇല്ല. ഔഷധ നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ അറിവും പ്രവൃത്തിപരിചയവുമുള്ള ഗവ. ആയുർവേദ കോളേജ് പ്രൊഫസറെ 24-5-2018 മുതൽ ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം) ആയി നിയമിക്കുകയും ലൈസൻസിംഗ് അതോറിറ്റിയായി നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. എ.എസ്.യു. ലൈസൻസിംഗ് അതോറിറ്റിയെ സ്ഥിരമായി നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അന്തിമഘട്ടത്തിലാണ്.

## ആയുർവേദത്തെ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിന് നടപടി

264(3628) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ആയുർവേദ ഹബ്ബാക്കുകയെന്ന ഉദ്ദേശ്യത്തോടെ ആയുർവേദത്തെ തെളിവധിഷ്ഠിതമായി ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും പരമ്പരാഗത വൈദ്യമേഖലയിലെ അറിവ് പ്രയോജനപ്പെടുത്തുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ വികസിപ്പിച്ച് ആയുർവേദ ഔഷധങ്ങൾ രോഗികൾക്കു താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(സി) സർക്കാർ ഉടമസ്ഥതയിലുള്ള ഔഷധിയെ ശാക്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പരമ്പരാഗത ഔഷധ മേഖലയിൽ പ്രവർത്തിക്കുന്നവരെ സംരക്ഷിക്കാനും ഔഷധ സസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കാനും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) ആയുർവേദത്തെ തെളിവധിഷ്ഠിതമായി ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും ഔഷധങ്ങളെ സ്റ്റാൻഡേഡൈസ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കുംവേണ്ടി അന്തർദേശീയ നിലവാരത്തിലുള്ള ഗവേഷണ കേന്ദ്രം "ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ"(IRIA) ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ആയുർവേദത്തിന്റെ അടിസ്ഥാന സിദ്ധാന്തങ്ങളിലുള്ള ഗവേഷണം, രോഗപ്രതിരോധത്തിലൂന്നിയുള്ള ഗവേഷണം, ഔഷധ ഗവേഷണം, ആയുർവേദത്തിലൂന്നിയ നൂതന കണ്ടെത്തലുകൾ, ബൗദ്ധിക സ്വത്തവകാശവുമായി ബന്ധപ്പെട്ട മേഖലകൾ എന്നിവയും IRIA-യുടെ പരിധിയിൽ വരും. ആയുർവേദ ഔഷധങ്ങളുടെ ഫലസിദ്ധി, സുരക്ഷ, ഗുണനിലവാരം എന്നിവ ഉയർത്തുന്നതിനുള്ള ഗവേഷണങ്ങൾ IRIA-യുടെ ലക്ഷ്യമാണ്. ബാലചികിത്സ, നേത്രചികിത്സ, വിഷചികിത്സ തുടങ്ങിയ മേഖലകളിലെ കേരളത്തിന്റെ സവിശേഷമായ ആയുർവേദ വിജ്ഞാനത്തെ പരിപോഷിപ്പിക്കുകയും ശാസ്ത്രീയമായി വിലയിരുത്തുകയും അതിലൂടെ പരമ്പരാഗതമായ ആയുർവേദ വൈദ്യമേഖല ഒരുമിച്ച് ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിലെ കല്യാട് വില്ലേജിൽ സ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

(ബി) ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ വികസിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പൊതുമേഖല സ്ഥാപനമായ ഔഷധിയുടെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഔഷധിയിൽ നവീകരിച്ച പാക്കിംഗ് സംവിധാനം ഏർപ്പെടുത്തി. പുതിയ ഔഷധ സസ്യ വിജ്ഞാന വ്യാപന കേന്ദ്രം പരിയാരം സബ് സെന്ററിൽ ആരംഭിച്ചു. ഔഷധിയുടെ ഒരു പുതിയ ഫാക്ടറി തിരുവനന്തപുരം മുട്ടത്തറയിൽ പ്രവർത്തനമാരംഭിച്ചു. ഭാരതീയ ചികിത്സ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വരുന്ന രോഗികൾക്ക് സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമായ ഔഷധിയിൽനിന്നും ആയുർവേദ ഔഷധങ്ങൾ ലഭ്യമാക്കി സൗജന്യമായാണ് നൽകിവരുന്നത്.

(സി) ഉണ്ട്.

(ഡി) ഉണ്ട്. സംസ്ഥാന ഔഷധ സസ്യ ബോർഡിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായി പരമ്പരാഗത ആയുർവേദ ഔഷധ മേഖലയിലെ തോട്ടം തൊഴിലാളികൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഔഷധ സസ്യങ്ങളുടെ കൃഷിരീതി, പരിപാലനം, ഉപയോഗം തുടങ്ങിയ വിഷയങ്ങളിൽ കർഷകർക്ക് സൗജന്യമായി പരിശീലനം നൽകുകയും ചെയ്തുവരുന്നു.

## സാമൂഹ്യനീതി വകുപ്പിന് കീഴിൽ കെയർ ടേക്കർമാരുടെ എണ്ണം

265(3629) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യനീതി വകുപ്പിന് കീഴിൽ കെയർ ടേക്കർമാരുടെ ആകെ എത്ര തസ്തികകളുണ്ടെന്ന് മെയിലും ഫീമെയിലും തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് മെയിൽ/ ഫീമെയിൽ തിരിച്ച് വ്യക്തമാക്കാമോ ;

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ എത്രയെണ്ണം കേരള പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും നിയമനത്തിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) 6-5-2008-ലെ സ.ഉ.(എം.എസ്)28/2008/സാ.ക്ഷേ.വ. പ്രകാരം അനുവദിക്കപ്പെട്ട 6 കെയർ ടേക്കർ തസ്തികകൾ ഉൾപ്പെടെ സാമൂഹ്യനീതി വകുപ്പിന് കീഴിൽ ആകെ 88 കെയർ ടേക്കർ തസ്തികകൾ നിലവിലുണ്ട്. മേൽ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട 6 കെയർ ടേക്കർ തസ്തികകൾ മെയിൽ/ഫീമെയിൽ എന്നിവയായി തരംതിരിച്ചിട്ടില്ല. ബാക്കിയുള്ള 82 കെയർടേക്കർ തസ്തികകളിൽ 49 എണ്ണം മെയിൽ കെയർ ടേക്കർ തസ്തികകളും 33 എണ്ണം ഫീമെയിൽ കെയർടേക്കർ തസ്തികകളുമാണ്.

(ബി) മെയിൽ കെയർ ടേക്കർ- 3 ഒഴിവുകൾ

ഫീമെയിൽ കെയർ ടേക്കർ-1 ഒഴിവ്.

(സി) ഒഴിഞ്ഞുകിടക്കുന്ന നാല് തസ്തികളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് വകുപ്പുതലത്തിൽ നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

## ശിശുസംരക്ഷണ സ്ഥാപനങ്ങൾ

266(3630) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ശിശുസംരക്ഷണ സ്ഥാപനങ്ങളും 2005 ലെ ബാലനീതി നിയമ പ്രകാരം 2015 മാർച്ച് 31-ന് മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന സുപ്രീംകോടതി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതിനകം എത്ര സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തു; രജിസ്റ്റർ ചെയ്യാത്ത സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയുണ്ടായോ; വിശദാംശം നൽകുമോ;

(സി) ബാലനീതി നിയമം മുന്നോട്ടുവയ്ക്കുന്ന നിബന്ധന നടപ്പിലാക്കുവാൻ പ്രയോഗികമായി സാദ്ധ്യമല്ലായെന്ന മാനേജ്മെന്റുകളുടെ നിലപാട് സാധൂകരിക്കത്തക്കതാണോ; വ്യക്തമാക്കുമോ;

(ഡി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ കുട്ടികൾ നിലവിൽ ആരുടെ സംരക്ഷണയിലാണ്; എത്ര കുട്ടികൾ ഇപ്രകാരം സംരക്ഷണയിലുണ്ട്;

(ഇ) സംരക്ഷിക്കുവാനും വിദ്യാഭ്യാസം നൽകുവാനും മാതാപിതാക്കൾ ഇല്ലാത്തതോ മാതാപിതാക്കൾക്ക് അതിനുള്ള കഴിവില്ലാത്തതോ ആയ പതിനായിരക്കണക്കിന് കുഞ്ഞുങ്ങളുടെ ഭാവി സുരക്ഷിതമാക്കുവാൻ സാമൂഹ്യനീതി വകുപ്പ് കൈകൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2005-ലെ ബാലനീതി നിയമപ്രകാരം 2015 മാർച്ച് 31-ന് മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിട്ടില്ല. 2015-ലെ ബാലനീതി നിയമപ്രകാരം സംസ്ഥാനത്തെ എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും 2018 മാർച്ച് 31-ന് മുമ്പ് രജിസ്റ്റർ ചെയ്യണമെന്ന് സുപ്രീംകോടതി നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ശിശുസംരക്ഷണ സ്ഥാപനങ്ങളും ജെ.ജെ. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) 790 സ്ഥാപനങ്ങൾ പുതിയ ബാലനീതി നിയമ വ്യവസ്ഥകൾ അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്യാത്ത 494 സ്ഥാപനങ്ങൾക്ക് Closure Notice നൽകി.

(സി) ബാലനീതി നിയമം മുന്നോട്ടുവയ്ക്കുന്ന നിബന്ധന നടപ്പിലാക്കാൻ പ്രായോഗികമായി സാദ്ധ്യമല്ലായെന്ന മാനേജ്മെന്റുകളുടെ നിലപാട് സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ കേസ് പെൻഡിംഗിലാണ്. ബാലനീതി നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ജീവനക്കാരെ നിയമിക്കുന്നതും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതും കുട്ടികളുടെ സുരക്ഷയ്ക്കും സംരക്ഷണത്തിനും അനിവാര്യമാണ്.

(ഡി) അടച്ചുപൂട്ടിയ സ്ഥാപനങ്ങളിലെ 4505 കുട്ടികൾ നിലവിൽ മാതാപിതാക്കൾക്കൊപ്പവും 49 കുട്ടികൾ ചൈൽഡ് വെൽഫെയർ കമ്മിറ്റി മുഖാന്തരം മറ്റ് സമാന സ്ഥാപനങ്ങളിലുമാണ് സംരക്ഷിക്കപ്പെടുന്നത്.

(ഇ) കുട്ടികളെ അവരുടെ മാതാപിതാക്കൾക്കൊപ്പം താമസിപ്പിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനും കേന്ദ്രസർക്കാരിന്റെ സഹായത്തോടെ ഒരു കുട്ടിക്ക് പ്രതിമാസം 2,000 രൂപ നിരക്കിൽ 3 വർഷംവരെ ഗ്രാന്റ് നൽകുന്നുണ്ട്. കൂടാതെ വിജ്ഞാനദീപ്തി എന്ന പദ്ധതിയിൽ ഉൾപ്പെടുന്ന പൂർണ്ണമായും സംസ്ഥാനതല ഫണ്ടുപയോഗിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയിലൂടെ സംസ്ഥാനത്തൊട്ടാകെ 1000 ത്തിലധികം കുട്ടികൾക്ക് പ്രതിമാസം 2,000 രൂപ നിരക്കിൽ 3 വർഷം ധനസഹായം നൽകുന്നു. സംരക്ഷിക്കാനും വിദ്യാഭ്യാസം നൽകാനും മാതാപിതാക്കളും ബന്ധുക്കളുമില്ലാത്ത പൂർണ്ണമായും അനാഥരായുള്ള കുട്ടികളെ ദത്തെടുക്കൽ, പോറ്റിവളർത്തൽ തുടങ്ങിയവയിലൂടെ കുട്ടികളുടെ ഭാവി സുരക്ഷിതമാക്കുന്ന നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ആശ്രയ പദ്ധതി

267(3631) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തോടെ കേരളത്തെ അഗതിരഹിത സംസ്ഥാനമാക്കുന്നതിനുള്ള തീരുമാനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(ബി) ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് കുടുംബശ്രീയുടെ സഹായത്തോടെ നടത്തിയ സർവ്വേ പൂർത്തിയായിട്ടുണ്ടോ; പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ കീഴിൽ എത്ര കുടുംബങ്ങളാണ് ആനുകൂല്യങ്ങൾക്ക് അർഹത നേടിയത്;

(സി) അനർഹർ പ്രസ്തുത ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ടെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അവരെ ഒഴിവാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ പദ്ധതി പ്രകാരം ഇതിനകം എത്ര നിരാശ്രയരും നിരാലംബരുമായ കുടുംബങ്ങളെ പുനരധിവസിപ്പിക്കുവാൻ സാധിച്ചു; എന്തൊക്കെ ആനുകൂല്യങ്ങളാണ് അവർക്ക് നൽകിയത്?

### ഉത്തരം

(എ) പൂർണ്ണമായ തോതിൽ പ്രാവർത്തികമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. പദ്ധതി രൂപീകരണം നടന്നുവരുന്നു.

(ബി) പൂർത്തിയായിട്ടുണ്ട്. പ്രസ്തുത സർവ്വേയുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ കീഴിൽ 157393 കുടുംബങ്ങളാണ് ഇതുവരെ ആനുകൂല്യങ്ങൾക്ക് അർഹത നേടിയത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പദ്ധതി രൂപീകരണം പൂർത്തിയായതിനുശേഷമേ ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം നിജപ്പെടുത്താൻ സാധിക്കുകയുള്ളൂ.

**പകൽവീടുകളുടെ പ്രവർത്തനം**

268(3632) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മാനസികാരോഗ്യ പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പകൽ വീടുകളുടെ പ്രവർത്തനം കാര്യക്ഷമമാണോ; ഈ സാമ്പത്തിക വർഷം പകൽവീടുകളുടെ പ്രവർത്തനത്തിനായി എന്ത് തുകയാണ് അനുവദിച്ചിട്ടുള്ളത്;

(സി) പകൽവീടുകളിൽ യോഗ്യതയുള്ള നഴ്സുമാരുടെയും ഡോക്ടർമാരുടെയും സേവനം ഉറപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മാനസികാരോഗ്യ പരിപാടിയുടെ അവലോകനം എല്ലാ മാസവും ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ഓഫീസിൽ നടക്കുന്ന കോൺഫറൻസിൽ വിലയിരുത്താറുണ്ട്. ഇതിനുപുറമെ സംസ്ഥാനതലത്തിൽ നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസേഴ്സ് കോൺഫറൻസിൽ മാനസികാരോഗ്യ പരിപാടിയുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ട്.

(ബി) പകൽവീടുകളുടെ പ്രവർത്തനം കാര്യക്ഷമമാണ്. ഈ സാമ്പത്തികവർഷം പകൽവീടുകളുടെ പ്രവർത്തനത്തിനായി 6 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്.

(സി) ഉറപ്പാക്കിയിട്ടുണ്ട്. പകൽവീടുകൾ ജില്ലാ മാനസികാരോഗ്യ പരിപാടിയുടെ കീഴിലാണ് നടത്തിവരുന്നത്. സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, നഴ്സുമാർ എന്നിവരുടെ സേവനം ജില്ലാ മാനസികാരോഗ്യ പരിപാടിവഴി ലഭ്യമാണ്. ഇതിനുപുറമെ യോഗ്യതയുള്ള നഴ്സുമാരുടെ സേവനവും പകൽവീടുകൾവഴി ലഭ്യമാക്കുന്നുണ്ട്.

## മഹിളാമന്ദിരങ്ങളിലെ അന്തേവാസികൾ

269(3633) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ നിലവിൽ എത്ര ആശാഭവനുകൾ, മഹിളാ മന്ദിരങ്ങൾ, ബാലമന്ദിരങ്ങൾ എന്നിവ പ്രവർത്തിക്കുന്നു എന്ന് അറിയിക്കുമോ;

(ബി) ഇവരുടെ വിവരം ജില്ല/താലൂക്ക് തിരിച്ച് ലഭ്യമാക്കുമോ;

(സി) എത്ര അന്തേവാസികളാണ് ഇവിടങ്ങളിൽ നിലവിലുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇവരുടെ ക്ഷേമത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) സാമൂഹ്യനീതി വകുപ്പിന് കീഴിൽ നിലവിൽ 6 ആശാ ഭവനുകൾ പ്രവർത്തിച്ചുവരുന്നു. വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ 12 മഹിളാമന്ദിരങ്ങളും 15 ബാലമന്ദിരങ്ങളും പ്രവർത്തിക്കുന്നുണ്ട്.

ആശാ ഭവൻ

1. ആശാ ഭവൻ (മെൻ)-തിരുവനന്തപുരം
2. ആശാ ഭവൻ (വിമെൻ)-തിരുവനന്തപുരം
3. ആശാ ഭവൻ (വിമെൻ)-തൃശ്ശൂർ
4. ആശാ ഭവൻ (മെൻ)-എറണാകുളം
5. ആശാ ഭവൻ (മെൻ)-കോഴിക്കോട്
6. ആശാ ഭവൻ (വിമെൻ)-കോഴിക്കോട്.

മഹിളാ മന്ദിരങ്ങൾ

| നമ്പർ | ജില്ല | താലൂക്ക് |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | കൊല്ലം | കൊല്ലം |
| 3 | പത്തനംതിട്ട | കോഴഞ്ചേരി |
| 4 | ആലപ്പുഴ | അമ്പലപ്പുഴ |
| 5 | കോട്ടയം | വൈക്കം |

| (1) | (2) | (3) |
|---|---|---|
| 6 | എറണാകുളം | കണയന്നൂർ |
| 7 | തൃശ്ശൂർ | തൃശ്ശൂർ |
| 8 | പാലക്കാട് | പാലക്കാട് |
| 9 | മലപ്പുറം | തിരൂർ |
| 10 | കണ്ണൂർ | തലശ്ശേരി |
| 11 | കാസർഗോഡ് | കാസർഗോഡ് |
| 12 | കോഴിക്കോട് | കോഴിക്കോട് |

ബാലമന്ദിരങ്ങൾ

| ക്രമ നമ്പർ | ജില്ല | താലൂക്ക് |
|---|---|---|
| (1) | (2) | (3) |
| 1 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കൊല്ലം | കൊല്ലം |
| 3 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട | റാന്നി |
| 4 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോട്ടയം | കോട്ടയം |
| 5 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, ആലപ്പുഴ | ചേർത്തല |
| 6 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ | മാവേലിക്കര |
| 7 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, എറണാകുളം | കണയന്നൂർ |
| 8 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോഴിക്കോട് | കോഴിക്കോട് |
| 9 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോഴിക്കോട് | കോഴിക്കോട് |
| 10 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തൃശ്ശൂർ | തൃശ്ശൂർ |

| (1) | (2) | (3) |
|---|---|---|
| 11 | ഗവ. ചിൽഡ്രൻസ് ഹോം<br>ഫോർ ബോയ്സ്, മലപ്പുറം | മലപ്പുറം |
| 12 | ഗവ. ചിൽഡ്രൻസ് ഹോം<br>ഫോർ ബോയ്സ്, പാലക്കാട് | പാലക്കാട് |
| 13 | ഗവ. ചിൽഡ്രൻസ് ഹോം<br>ഫോർ ബോയ്സ്, വയനാട് | വൈത്തിരി |
| 14 | ഗവ. ചിൽഡ്രൻസ് ഹോം<br>ഫോർ ബോയ്സ്, കണ്ണൂർ | തലശ്ശേരി |
| 15 | ഗവ. ചിൽഡ്രൻസ് ഹോം<br>ഫോർ ബോയ്സ്, കണ്ണൂർ | തലശ്ശേരി |

(സി) ആശാ ഭവൻ

ആശാ ഭവൻ (മെൻ)-തിരുവനന്തപുരം-87

ആശാ ഭവൻ (വിമെൻ)-തിരുവനന്തപുരം-96

ആശാ ഭവൻ (വിമെൻ)-തൃശ്ശൂർ-74

ആശാ ഭവൻ (മെൻ)-എറണാകുളം-46

ആശാ ഭവൻ (മെൻ)-കോഴിക്കോട്-52

ആശാ ഭവൻ (വിമെൻ)-കോഴിക്കോട്-68.

നിലവിൽ പ്രവർത്തിക്കുന്ന മഹിളാമന്ദിരങ്ങളിൽ Sanctioned Strength പ്രകാരം 25 താമസക്കാർക്കാണ് പ്രവേശനമുള്ളത്. ടി സ്ഥാപനങ്ങളിൽ കോടതി മുഖാന്തരവും പോലീസ് മുഖാന്തരവും വരുന്ന സ്ത്രീകളെ ബന്ധുക്കളോടൊപ്പം വിടുകയും പുതുതായി വന്നുചേരുകയുമാണ് ചെയ്യുന്നത്. നിലവിലുള്ള താമസക്കാരുടെ വിവരം ചുവടെ ചേർക്കുന്നു:

മഹിളാ മന്ദിരങ്ങൾ

| നമ്പർ | ജില്ല | |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 53 |
| 2 | കൊല്ലം | 20 |
| 3 | പത്തനംതിട്ട | 33 |
| 4 | ആലപ്പുഴ | 24 |
| 5 | കോട്ടയം | 36 |

| (1) | (2) | (3) |
|---|---|---|
| 6 | എറണാകുളം | 18 |
| 7 | തൃശ്ശൂർ | 32 |
| 8 | പാലക്കാട് | 25 |
| 9 | മലപ്പുറം | 30 |
| 10 | കണ്ണൂർ | 26 |
| 11 | കാസർഗോഡ് | 23 |
| 12 | കോഴിക്കോട് | 24 |

ബാലമന്ദിരങ്ങൾ

| ക്രമ നമ്പർ | ജില്ല | |
|---|---|---|
| (1) | (2) | (3) |
| 1 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തിരുവനന്തപുരം | 46 |
| 2 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കൊല്ലം | 63 |
| 3 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പത്തനംതിട്ട | 14 |
| 4 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോട്ടയം | 47 |
| 5 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, ആലപ്പുഴ | 34 |
| 6 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, ആലപ്പുഴ | 36 |
| 7 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, എറണാകുളം | 72 |
| 8 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കോഴിക്കോട് | 128 |
| 9 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കോഴിക്കോട് | 59 |
| 10 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, തൃശ്ശൂർ | 37 |
| 11 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, മലപ്പുറം | 26 |

| (1) | (2) | (3) |
|---|---|---|
| 12 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, പാലക്കാട് | 23 |
| 13 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, വയനാട് | 29 |
| 14 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ബോയ്സ്, കണ്ണൂർ | 10 |
| 15 | ഗവ. ചിൽഡ്രൻസ് ഹോം ഫോർ ഗേൾസ്, കണ്ണൂർ | 31 |

(ഡി) ഇവർക്ക് ചികിത്സയും ഭക്ഷണവും പരിചരണവും ഈ സ്ഥാപനങ്ങളിൽ നൽകിവരുന്നു. ഇവരുടെ മാനസികവും ശാരീരികോല്ലാസത്തിനുമായി യോഗപരിശീലനം, ചെറുതൊഴിലുകൾ, കൃഷി, വിനോദ യാത്രകൾ എന്നിവ നൽകി ഇവരെ പുനരധിവസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയോത്സവങ്ങളോടനുബന്ധിച്ച് ആശാ ഭവനുകളുടെ അന്തേവാസികളുടെ മാനസികോല്ലാസത്തിനായുള്ള പരിപാടികൾ സ്ഥാപനങ്ങളിൽ നടത്തിവരുന്നു. മഹിളാമന്ദിരങ്ങളിൽ വർഷങ്ങളായി കഴിയുന്ന താമസക്കാർക്ക് ടെയിലറിംഗ്, പേപ്പർ ബാഗ് നിർമ്മാണം തുടങ്ങിയ സ്വയംതൊഴിൽ പരിശീലന പദ്ധതികൾ നൽകുന്നുണ്ട്.

സ്ഥാപനങ്ങളിലുള്ള കുട്ടികൾക്ക് മെയിന്റൻസ് തുകയായി ഒരു കുട്ടിക്ക് പ്രതിമാസം 2,000 രൂപ നിരക്കിൽ നൽകിവരുന്നു. ഇതിനുപുറമേ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി എഡ്യൂക്കേറ്ററുടെ സേവനം, വിവിധ വിഷയങ്ങളിൽ ട്യൂഷൻ എന്നിവ നൽകിവരുന്നു. കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തുന്നതിനും കായിക അഭിരുചി വർദ്ധിപ്പിക്കുന്നതിനും കലാകായികയോഗ അദ്ധ്യാപകരെയും സ്ഥാപനങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. കൂടാതെ കുട്ടികളുടെ മാനസിക നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി കൗൺസിലറുടെ സേവനവും സൈക്കോളജിക്കൽ അസസ്സ്മെന്റ് നടത്തുന്നതിനുവേണ്ടി സൈക്കോളജിസ്റ്റുമാരുടെ സേവനവും സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നുണ്ട്.

കുട്ടികൾക്കുവേണ്ടി എല്ലാ വർഷവും സംസ്ഥാനതലത്തിൽ ചിൽഡ്രൻസ് ഫെസ്റ്റ് സംഘടിപ്പിച്ചുവരുന്നു. കുട്ടികളുടെ മാനസികോല്ലാസത്തിനായി ആഴ്ചതോറും ലഘുയാത്രകൾ സംഘടിപ്പിക്കുന്നതിനും വാർഷിക വിനോദയാത്രകൾക്കുംവേണ്ടി തുക അനുവദിച്ചുവരുന്നു. അതത് ചിൽഡ്രൻസ് ഹോമുകളിൽ ഹോമുകളുടെ അടിസ്ഥാന സൗകര്യവികസനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്കുവേണ്ടിയുള്ള സ്റ്റഡി ടേബിളുകൾ, ബുക്കുകൾ സൂക്ഷിക്കുന്നതിനുവേണ്ടി അലമാരകൾ, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള തുക വകുപ്പിൽനിന്നും നൽകിവരുന്നു. പഠനം മുടങ്ങി നിൽക്കുന്ന പെൺകുട്ടികൾക്കു വേണ്ടി കുക്കിംഗ്, ഹൗസ് കീപ്പിംഗ്, തയ്യൽ പരിശീലനം, കമ്പ്യൂട്ടർ കോഴ്സുകൾ തുടങ്ങിയ കോഴ്സുകൾ ചെയ്യുന്നതിനുള്ള സൗകര്യവും വകുപ്പുതലത്തിൽ നടത്തിവരുന്നു.

## വിശപ്പുരഹിത കേരളം പദ്ധതി

270(3634) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിശപ്പ് രഹിത കേരളം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളിലാണ് ഇത് നടപ്പിലാക്കിയിട്ടുള്ളത്;

(ബി) 2017-18-ലെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി എന്ത് തുകയാണ് വകയിരുത്തിയിരുന്നതെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) വിശപ്പുരഹിത സംസ്ഥാനം എന്ന മഹത്തായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് സംസ്ഥാനത്ത് ആവശ്യക്കാർക്ക് ഒരു നേരത്തെ ഭക്ഷണം മിതമായ നിരക്കിലോ സൗജന്യമായോ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ 'വിശപ്പ് രഹിത കേരളം' എന്ന ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. തുടക്കത്തിൽ ആലപ്പുഴ ജില്ലയിൽ പദ്ധതി നടപ്പാക്കുന്നതിനായി 2017-18 കാലയളവിൽ 70 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയത് ആലപ്പുഴ ജില്ലാ കളക്ടർ അനുവദിച്ച് നൽകിയിട്ടുണ്ട്.

## കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ

271(3635) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ശ്രവണ വൈകല്യമുള്ള കുട്ടികൾക്കായി കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തുന്നതിന് ശ്രുതിതരംഗം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ ചെയ്തിട്ടുള്ള സംസ്ഥാന സർക്കാർ ജീവനക്കാരുടെ മക്കളുടെ ഇംപ്ലാന്റിനോടനുബന്ധിച്ചുള്ള ബോഡി വോൺ സൌണ്ട് പ്രൊസസ്സർ കുട്ടികളുടെ വളർച്ച കാരണവും കാലപ്പഴക്കം കൊണ്ടും കമ്പനികൾ നിർമ്മാണം അവസാനിപ്പിച്ചതിനാലും ഉപയോഗിക്കുവാൻ കഴിയാതെ കുട്ടികൾ ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നിലവിലെ ബോഡി വോൺ സൌണ്ട് പ്രൊസസറിന് പകരം പുതിയ സൌണ്ട് പ്രൊസസ്സർ വാങ്ങുന്നതിനും ആയത് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ചെയ്യുന്നതിനുള്ള അനുമതി നൽകാവുന്നതാണോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ ജന്മനാ ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടുനിൽക്കുന്ന ആഡിറ്ററി വെർബൽ ഹബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡപ്രകാരം കുട്ടികളെ തെരഞ്ഞെടുക്കുന്നു.

(ബി) ഉണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

**സ്നേഹപൂർവ്വം പദ്ധതി**

272(3636) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികളെ സംരക്ഷിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് സ്നേഹപൂർവ്വം പദ്ധതി നടപ്പിലാക്കിയിരുന്നോ എന്നറിയിക്കാമോ ;

(ബി) പ്രസ്തുത പദ്ധതി അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകിയതിൽ കുടിശ്ശികയുണ്ടോ ; ഉണ്ടെങ്കിൽ എന്നുമുതൽ ; പ്രസ്തുത കുടിശ്ശിക അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപ്പിലാക്കിയിരുന്നു.

(ബി) പ്രസ്തുത പദ്ധതി അനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽയതിൽ കുടിശ്ശികയില്ല. ഓൺലൈൻ അപേക്ഷകളുടെ പ്രിന്റ് ഔട്ട് സ്ഥാപനമേധാവിയുടെ ഒപ്പും സീലും സഹിതം ലഭിക്കുന്നതനുസരിച്ച് അപേക്ഷ പരിഗണിച്ചാണ് അർഹതയുള്ള അപേക്ഷകർക്ക് ധനസഹായം അനുവദിക്കുന്നത്. പ്രിന്റ് ഔട്ട് ലഭിക്കാത്തവരുടെ ധനസഹായം അനുവദിച്ചിട്ടില്ല.

**അങ്കണവാടികൾ**

273(3637) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരപ്പെട്ട അങ്കണവാടി ജീവനക്കാരുടെ എണ്ണം എത്രയാണ്;

(ബി) നിലവിൽ എത്ര അങ്കണവാടികൾ സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്; വിശദമാക്കാമോ;

(സി) സംസ്ഥാനത്തെ അങ്കണവാടി ജീവനക്കാരുടെ ക്ഷേമത്തിനുവേണ്ടി കഴിഞ്ഞ രണ്ടു വർഷം സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) ഈ മേഖലയുമായി ബന്ധപ്പെട്ട് ഏതെങ്കിലും കേസുകൾ കോടതിയിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് സ്ഥിരപ്പെട്ട 32413 അങ്കണവാടി വർക്കർമാരും 29486 അങ്കണവാടി ഹെൽപ്പർമാരുമായി ആകെ 61899 സ്ഥിരപ്പെട്ട അങ്കണവാടി ജീവനക്കാരുണ്ട്.

(ബി) നിലവിൽ സംസ്ഥാനത്ത് ആകെ 33115 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 3061 |
| കൊല്ലം | 2723 |
| പത്തനംതിട്ട | 1389 |
| ആലപ്പുഴ | 2150 |
| കോട്ടയം | 2050 |
| ഇടുക്കി | 1561 |
| എറണാകുളം | 2858 |
| തൃശ്ശൂർ | 3016 |
| പാലക്കാട് | 2835 |
| മലപ്പുറം | 3808 |
| കോഴിക്കോട് | 2938 |
| വയനാട് | 874 |
| കണ്ണൂർ | 2504 |
| കാസർഗോഡ് | 1348 |

(സി) അങ്കണവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഓണറേറിയം യഥാക്രമം 10,000 രൂപയായും 7,000 രൂപയായും വർദ്ധിപ്പിച്ചത് ലഭ്യമാക്കാൻ നടപടി സ്വീകരിച്ചു.

അങ്കണവാടി പ്രവർത്തകരുടെ പ്രതിഫല ഇനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകാനുള്ള 01-04-2017 മുതലുള്ള കുടിശ്ശിക അനുവദിച്ചിട്ടുണ്ട്.

(2) കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച് പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന (PMSBY) പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമാ യോജന (PMJJBY) എന്നീ രണ്ട് പദ്ധതികളിൽ അങ്കണവാടി ജീവനക്കാരെ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. ദേശസാത്കൃത ബാങ്കിൽ സേവിംഗ് ബാങ്ക് അക്കൗണ്ടുള്ള 18 മുതൽ 50 വയസ്സുവരെ പ്രായമുള്ളവർക്ക് പ്രതിവർഷം 330 രൂപ പ്രീമിയം അടച്ചാൽ 2 ലക്ഷം രൂപ വരെയുള്ള ലൈഫ് ഇൻഷ്വറൻസ് പദ്ധതിയാണ് പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമാ യോജന (PMJJBY). 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള സേവിംഗ് ബാങ്ക് അക്കൗണ്ട് ഉടമകൾക്കും പ്രതിവർഷം 12 രൂപ പ്രീമിയത്തിൽ ചേരുന്നതുമൂലം 2 ലക്ഷം രൂപ വരെയുള്ള അപകട ഇൻഷ്വറൻസ് പദ്ധതിയാണ് പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന (PMSBY) ശിശുവികസന പദ്ധതിയുടെ കീഴിലുള്ള അങ്കണവാടി പ്രവർത്തകരെ പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന (PMSBY) പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമാ യോജന (PMJJBY) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തുന്നതിന് LIC-യുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(3) വിരമിച്ച അങ്കണവാടി പ്രവർത്തകരുടെ പെൻഷൻ യഥാക്രമം ഹെൽപ്പർമാർക്ക് 300 രൂപയിൽനിന്നും 600 രൂപയായും വർക്കർമാർക്ക് 500 രൂപയിൽ നിന്ന് 1,000 രൂപയായും വർദ്ധിപ്പിച്ചു.

(ഡി) ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ എന്നിവിടങ്ങളിലുണ്ടാകുന്ന വ്യവഹാരങ്ങളിൽ ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡറുമായി ചർച്ച ചെയ്ത് വസ്തുതാ വിവരപ്പട്ടിക തയ്യാറാക്കുകയും എതിർ സത്യവാങ്മൂലം സമർപ്പിക്കുകയും ചെയ്തുവരുന്നു.

**അങ്കണവാടികളിലെ പാഠ്യപദ്ധതി**

274(3638) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അങ്കണവാടികളിലെ പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനും നിലവാരമുയർത്തുന്നതിനും സർക്കാർ തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

സംസ്ഥാനത്തെ അങ്കണവാടികളെ ഒരു പ്രീ-സ്കൂൾ നോൺ ഫോർമൽ എഡ്യൂക്കേഷൻ സമ്പ്രദായത്തിലേയ്ക്ക് കൊണ്ടുവരുന്നതിനായി നിലവിലുള്ള ഇ.സി.സി.ഇ. കരിക്കുലത്തിലെ പരിഷ്കരിച്ച മൊഡ്യൂൾ തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അങ്കണവാടികളിൽ നടപ്പാക്കുന്ന "ജോഡോജ്യാൻ ശിക്ഷ" എന്ന ഗണിത പരിശീലന പരിപാടി വകുപ്പുദ്യോഗസ്ഥർ പരിശോധിച്ച് പരീക്ഷണാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത അങ്കണവാടികളിൽ നടപ്പാക്കി നോക്കേണ്ടതും ആയത് ഫലപ്രദമെങ്കിൽ മറ്റ് അങ്കണവാടികളിൽ വ്യാപിപ്പിക്കുന്നതിനും നിലവിൽ ഉപയോഗിക്കുന്ന കരിക്കുലം പരിഷ്കരിക്കുന്നതിനായി വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് സങ്കീർണ്ണതകൾ ഒഴിവാക്കി സമകാലീന വിഷയങ്ങൾ ഉൾപ്പെടുത്തി പരിഷ്കരിച്ച് തയ്യാറാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

അങ്കണവാടികളുടെ നിലവാരമുയർത്തുന്നതിനായി സംസ്ഥാനത്തെ മോഡൽ അങ്കണവാടി പ്രവർത്തനത്തിൽ മികച്ച മാതൃക കൊണ്ടുവരുന്നതിനും ശിശു സൗഹൃദ മാതൃകയിൽ പ്ലാനുകൾ തയ്യാറാക്കി ഇനിയുള്ള കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിനും അങ്കണവാടി കുട്ടികൾക്ക് സൗജന്യമായി യൂണിഫോം പദ്ധതി നടപ്പിലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**ആറ്റിങ്ങൽ മണ്ഡലത്തിൽ അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണ ഫണ്ട്**

275(3639) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ള എത്ര അങ്കണവാടികൾക്ക് കെട്ടിടനിർമ്മാണ ഫണ്ട് അനുവദിക്കണമെന്ന അപേക്ഷ വകുപ്പിൽ ലഭ്യമായിട്ടുണ്ട്;

(ബി) ഇതിൽ എത്ര അങ്കണവാടികൾക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 19 അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുകയും ആയതിൽ 18 അങ്കണവാടികൾക്ക് ഫണ്ട് ലഭ്യമാക്കിയിട്ടുമുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള ലഭ്യമായ ഫണ്ടുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

സ്റ്റേറ്റ് പ്ലാൻ ഫണ്ട് - 10 അങ്കണവാടികൾ

NABARD-RIDF - 7 അങ്കണവാടികൾ

Model Anganwadi - 1

## സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

276(3640) ശ്രീ. കെ. വി. വിജയദാസ്:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. ബി. ഡി. ദേവസ്സി:

ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന ആവശ്യമുള്ളതുമായ കുട്ടികളുടെ സംരക്ഷണത്തിനായി സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കമ്മീഷൻ പ്രാഥമിക തലത്തിൽ യോഗം വിളിച്ച് ചേർത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കമ്മീഷൻ ഇടമലക്കുടി, അട്ടപ്പാടി തുടങ്ങിയ പ്രദേശങ്ങളിൽ എന്തെല്ലാം പ്രത്യേക ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പൊതുജനങ്ങൾക്കായി കമ്മീഷൻ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) പാർശ്വവൽക്കരിക്കപ്പെട്ടതും ദുരിതമനുഭവിക്കുന്നതും പ്രതികൂലാവസ്ഥയിലുള്ളതും പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുത്ത് പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യാൻ കമ്മീഷന് അധികാരം നൽകിയിട്ടുണ്ട്. കമ്മീഷൻ മലപ്പുറം ജില്ലയിലെ നിലമ്പൂർ ആദിവാസി മേഖല സന്ദർശിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളെക്കുറിച്ച് അന്വേഷണം നടത്തുകയും ചെയ്തു. വിദ്യാഭ്യാസ അവകാശവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഭാഗമായി അട്ടപ്പാടി ആദിവാസി മേഖലയിലെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ പ്രശ്നങ്ങൾക്ക് കമ്മീഷൻ മുന്തിയ പരിഗണന നൽകുകയും അവരുടെ അവകാശങ്ങളുടെ സംരക്ഷണത്തിനായി സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തി സർക്കാരിനും ബന്ധപ്പെട്ട അധികാരികൾക്കും ശിപാർശകൾ നൽകുകയും ചെയ്തിട്ടുണ്ട്. തീം അഡാപ്റ്റഡ് പ്രീ പ്രൈമറി കരിക്കുലം പാഠ്യപദ്ധതി അട്ടപ്പാടി പ്രദേശത്തെ ഇരുളവിഭാഗം കുട്ടികൾ ശൈശവ വിദ്യാഭ്യാസം നടത്തുന്ന അങ്കണവാടികളിൽ സാമൂഹ്യനീതി വകുപ്പിന്റെ സഹകരണത്തോടെ പരീക്ഷണാടിസ്ഥാനത്തിൽ കുട്ടികളെ പരിശീലിപ്പിച്ച് നോക്കുകയും ചെയ്തു.

സംസ്ഥാനത്ത് ആദിവാസി വിഭാഗം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന വയനാട്, പാലക്കാട്, മലപ്പുറം, തിരുവനന്തപുരം എന്നീ ജില്ലകളിലെ ആദിവാസി വിഭാഗം കുട്ടികളുടെ ക്ഷേമകാര്യങ്ങൾ ലക്ഷ്യമാക്കി ആദിവാസി ഊരുകൾ വിവിധ തീയതികളിൽ കമ്മീഷൻ സന്ദർശിച്ച് കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, പോഷകാഹാരം, മാനസിക-ശാരീരിക വികാസം തുടങ്ങിയവ സംബന്ധിച്ച വിവിധ പ്രശ്നങ്ങൾ പഠിച്ച് ശിപാർശ സമർപ്പിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മാനന്തവാടി ജില്ലാ ആശുപത്രിയിലെ ശിശുരോഗ വിഭാഗം, വയനാട് സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ എന്നിവിടങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടും കമ്മീഷൻ സന്ദർശനങ്ങൾ നടത്തിയിട്ടുണ്ട്.

മൂഴിയാർ, അട്ടത്തോട് പ്രദേശങ്ങളിലെ കുട്ടികൾക്ക് മധ്യവേനലവധി ക്കാലത്തുപോലും ഉച്ചഭക്ഷണം ലഭ്യമാക്കാൻ സാമൂഹ്യനീതി-പട്ടികവർഗ്ഗ വികസന വകുപ്പുകളെ ഏകോപിപ്പിക്കുന്നതിൽ കമ്മീഷൻ വലിയ പങ്കാണ് വഹിച്ചത്. ആലപ്പുഴ ജില്ലയിലെ അർത്തുങ്കൽ, എറണാകുളം ജില്ലയിലെ തേവര എന്നീ വി.എച്ച്.എസ്.ഇ. സ്കൂളുകൾക്കായി സുനാമി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുകയും എന്നാൽ ഉപയോഗിക്കാതിരിക്കുകയും ചെയ്ത കെട്ടിടങ്ങൾ കമ്മീഷന്റെ ഇടപെടലിനെത്തുടർന്ന് അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമ മാക്കുകയുണ്ടായി.

കമ്മീഷന്റെ ശിപാർശയെത്തുടർന്ന് തിരുവനന്തപുരം നഗരത്തിലെ ചേരിപ്രദേശമായ രാജാജി നഗറിലെ കുട്ടികൾക്കും പ്രദേശവാസികൾക്കുമായി സ്വയം വികസനത്തിനുള്ള നിരവധി സംരംഭങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഈ പരിപാടികളുമായി കമ്മീഷനും സഹകരിച്ചുകൊണ്ടിരിക്കുകയാണ്.

അന്ധരായ വിദ്യാർത്ഥികൾക്ക് ഹയർസെക്കണ്ടറി തലത്തിൽ സയൻസ് വിഷയങ്ങൾക്ക് പ്രവേശനം നൽകുന്നതിന് പ്രത്യേക മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കണമെന്നും കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു. മാർഗ്ഗനിർദ്ദേശം കരിക്കുലം കമ്മിറ്റി അംഗീകരിച്ചു. ഉടൻ വിജ്ഞാപനം ചെയ്യും.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നത് സംബന്ധിച്ച് 21-4-2016-ന് തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലെ മിനി കോൺഫറൻസ് ഹാളിൽ വച്ച് ഒരു യോഗം നടത്തിയിട്ടുണ്ട്. സംസ്ഥാനത്തെ സ്കൂളുകളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കമ്മീഷൻ ബന്ധപ്പെട്ട കർത്തവ്യവാഹകരുടെ ഒരു കൂടിയാലോചനായോഗം 21-4-2016-ൽ നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് അനുവർത്തിക്കേണ്ട നയരൂപീകര ണത്തിനുള്ള നടപടികൾ സംസ്ഥാന ദുരന്തനിവാരണ സമിതിയുമായി സഹകരിച്ച് സ്വീകരിച്ചുവരുന്നു.

1. അദ്ധ്യാപകരിൽകൂടി ബാലവകാശങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് നൽകുന്നതിനുള്ള ട്രെയിനിംഗ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.

2. സ്കൂൾ പരിസരങ്ങളിൽ ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം ഫലപ്രദമായി തടയുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു കൂടിയാലോചനായോഗം 11-4-2018-ൽ നടത്തുകയുണ്ടായി.

3. കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്ന ലൈംഗിക അതിക്രമങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാൻമാരാക്കുന്നതിനും സ്വയംസംരക്ഷിക്കുന്നതിനും സുരക്ഷിതമല്ലാത്തതുമായ സ്പർശനങ്ങളെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുന്നതിന്റെ ഭാഗമായി 30-4-2018-ൽ കൂടിയാലോചന യോഗവും നടത്തുകയുണ്ടായി.

4. ഇതിന് അവരെ പ്രാപ്തരാക്കാനുതകുന്ന പരിശീലന പരിപാടികൾ നടത്തുന്നതിനുള്ള ട്രെയിനിംഗ് മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്.

5. പ്രസ്തുത ആശയങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികൾക്ക് എത്തിക്കുന്നതിനും അദ്ധ്യാപകരുടെ ക്ലസ്റ്റർ ട്രെയിനിംഗിൽ നടപടി സ്വീകരിക്കുന്നതിനുമായി ട്രെയിനിംഗ് മൊഡ്യൂളുകളുടെ മാതൃകകളും ഡി.പി.ഐ.-ക്ക് നൽകിയിട്ടുണ്ട്.

6. ക്ലസ്റ്റർ ട്രെയിനിംഗുകളിൽനിന്നും ലഭിക്കുന്ന feedback-കൾകൂടി പരിഗണിച്ച് സ്കൂളുകളിൽ കുട്ടികളുടെ സുരക്ഷയെ സംബന്ധിച്ചുള്ള നയരൂപീകരണത്തിനുള്ള ശിപാർശകൾ കമ്മീഷൻ സമർപ്പിക്കുന്നതാണ്.

(സി) ഇടുക്കി ജില്ലയിലെ ഇടമലക്കുടി ഗ്രാമപഞ്ചായത്തിൽ താമസിക്കുന്ന ഗോത്രവർഗ്ഗവിഭാഗം കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും റിപ്പോർട്ടുകൾ ആവശ്യപ്പെട്ടു. കൂടാതെ കമ്മീഷൻ 31-5-2016, 1-6-2016 തീയതികളിൽ പഞ്ചായത്തിലെ ഇടലിപ്പാറ കുടി, സൊസൈറ്റി കുടി എന്നീ ഊരുകൾ ഗവ. ട്രൈബൽ എൽ.പി. സ്കൂൾ, അക്ഷയകേന്ദ്രം, അങ്കണവാടികൾ, ആരോഗ്യ ഉപകേന്ദ്രം, പഞ്ചായത്ത് ഓഫീസ് എന്നിവിടങ്ങൾ കമ്മീഷൻ സന്ദർശിക്കുകയും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ഊര് തലൈവർ, കുടുംബശ്രീ പ്രതിനിധികൾ, അദ്ധ്യാപകർ തുടങ്ങിയവരുമായി സംവദിക്കുകയും പ്രദേശത്തെ കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ മനസ്സിലാക്കുകയും ചെയ്തു. തുടർന്ന് ഇടമലക്കുടിയിലെ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി അടിസ്ഥാന സൗകര്യവികസനം, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ വിഷയങ്ങളിൽ സമഗ്രമായ ശിപാർശകൾ സർക്കാരിന് നൽകുകയുണ്ടായി.

കേരള സംസ്ഥാന ബാലവകാശ സംരക്ഷണ കമ്മീഷൻ അട്ടപ്പാടി മേഖല സന്ദർശിച്ച് ആരോഗ്യരംഗം, വിദ്യാഭ്യാസം, കൃഷി, സാമൂഹ്യ വനവൽക്കരണം, ജലസേചനം, സംസ്കാരിക പ്രവർത്തനങ്ങൾ, മദ്യം-മയക്കുമരുന്ന് ഉത്പാദനവും വിതരണവും തടയൽ, ഗതാഗത സൗകര്യം, വൈദ്യുതി എന്നീ മേഖലകളിലുള്ള പോരായ്മകൾ പരിഹരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത് സംബന്ധിച്ചുള്ള സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ മേഖലകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കമ്മീഷന്റെ ഇടപെടലുകൾ ഇപ്പോഴും നടന്നുവരുന്നു.

(ഡി) കമ്മീഷന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിനും പൊതുജനാഭിപ്രായങ്ങൾക്കും പരാതികൾക്കും പുറമെ മാധ്യമ വാർത്തകളും അഭിപ്രായങ്ങളുംകൂടി ക്രോഡീകരിച്ച് ബാലാവകാശ സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കമ്മീഷനിൽ ഒരു പബ്ലിക് റിലേഷൻസ് വിഭാഗം പ്രവർത്തിച്ചുവരുന്നു. ബാല്യം എന്ന പേരിൽ കമ്മീഷൻ 2015-ൽ ആരംഭിച്ച ത്രൈമാസ ന്യൂസ് ലെറ്റർ പ്രസിദ്ധീകരണം തുടർന്നുവരുന്നു.

പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനും പരാതി സംബന്ധിച്ച കാര്യങ്ങൾ നിരീക്ഷിക്കുന്നതിനുമായി ഒരു ഓൺലൈൻ പരാതി സമർപ്പണ സംവിധാനവും കമ്മീഷൻ ഏർപ്പെടുത്തിയിട്ടുണ്ട്.

ബാലാവകാശ സാക്ഷരത കുട്ടികളിലും പദ്ധതിപങ്കാളികളിലും പൊതുസമൂഹത്തിലും സൃഷ്ടിക്കുക എന്ന കമ്മീഷന്റെ പ്രധാന കർത്തവ്യം മുൻനിർത്തി കമ്മീഷൻ കോഴിക്കോട്, കൊല്ലം ജില്ലയിലെ ചിതറ എന്നിവിടങ്ങളിൽ പ്രദർശനങ്ങൾ സംഘടിപ്പിച്ചു.

കുട്ടികളുടെ അവകാശസംരക്ഷണവുമായി ബന്ധപ്പെട്ട് ദൂരദർശൻ, മറ്റ് സ്വകാര്യ ചാനലുകൾ എന്നിവയിലൂടെ കമ്മീഷൻ ചെയർപേഴ്സൺ, അംഗങ്ങൾ എന്നിവരുടെ അഭിമുഖം, ഫോൺ ഇൻ പരിപാടി എന്നിവ സംപ്രേഷണം ചെയ്യുകയുണ്ടായി.

കമ്മീഷന്റെ മലയാളം വെബ്സൈറ്റ് 2016-ലെ ബാലാവകാശ വാരാചരണത്തോടനുബന്ധിച്ച് നിലവിൽവന്നു. സാമൂഹ്യ മാധ്യമങ്ങൾക്ക് പ്രചാരം ഏറിവരുന്ന ആധുനിക കാലഘട്ടത്തിൽ കമ്മീഷനും ഫേസ് ബുക്ക്, ട്വിറ്റർ പേജുകൾക്ക് രൂപംനൽകിയിട്ടുണ്ട്.

## ബാലാവകാശ സംരക്ഷണ കമ്മീഷനിൽ അംഗങ്ങളുടെ ഒഴിവ്

277(3641) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ബാലാവകാശ സംരക്ഷണ കമ്മീഷനിൽ 8-1-2017 ൽ വന്ന ആറ് അംഗങ്ങളുടെ ഒഴിവ് നികത്തിയിട്ടുണ്ടോ; എങ്കിൽ ആരെയൊക്കെയാണ് പ്രസ്തുത ഒഴിവുകളിൽ നിയമിച്ചത്;അവരുടെ യോഗ്യത എന്തൊക്കെയാണ്;

(ബി) ബാലാവകാശ സംരക്ഷണ കമ്മീഷനിലെ ഒഴിവുകൾ നികത്താത്തതിന് സംസ്ഥാന സർക്കാരിന് സുപ്രീം കോടതി എന്ത് തുകയാണ് പിഴ ചുമത്തിയത്; പ്രസ്തുത പിഴ അടച്ചിട്ടുണ്ടോ;

(സി) ബാലാവകാശ കമ്മീഷനിലെ നിയമനങ്ങളിലുണ്ടായ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ കേരള ഹൈക്കോടതിയിൽനിന്നും വിമർശനം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ആർക്കെതിരെയാണ് വിമർശനം ഉണ്ടായത്; പ്രസ്തുത വിമർശനം നീക്കിക്കിട്ടുവാൻ ഡിവിഷൻ ബഞ്ചിനെ സമീപിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

### ഉത്തരം

(എ) 4 അംഗങ്ങളുടെ ഒഴിവ് നികത്തിയിട്ടുണ്ട്. അവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

1. ശ്രീ. സി. ജെ. ആന്റണി
2. അഡ്വ. ശ്രീല മേനോൻ.എൻ
3. സിസ്റ്റർ ബിജി ജോസ്
4. ശ്രീ. എം. പി. ആന്റണി.

ഇവർക്ക് ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്ട്/റൂൾസ് പ്രകാരമുള്ള യോഗ്യതകളുണ്ട്.

(ബി) 50,000 രൂപയാണ് ബഹുമാനപ്പെട്ട സുപ്രീം കോടതി പിഴ ചുമത്തിയിരുന്നത്. പ്രസ്തുത പിഴ അടച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ അംഗങ്ങളുടെ നിയമനവുമായി ബന്ധപ്പെട്ട കേസിൽ [WP(C) No.1994/2017] ആരോഗ്യവകുപ്പ് മന്ത്രിക്കെതിരെ ഹൈക്കോടതി സിംഗിൾ ബഞ്ച് വിധിയിലുണ്ടായ പരാമർശങ്ങൾ നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ചൂണ്ടിക്കാട്ടി ഹൈക്കോടതി ഡിവിഷൻ ബഞ്ച് നീക്കം ചെയ്തിട്ടുണ്ട് (WA No.1756/2017).

## അംഗപരിമിത സൗഹൃദ സംസ്ഥാനം

278(3642) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) മരണപ്പെട്ട ഭിന്നശേഷിക്കാരുടെ സ്വയം തൊഴിൽ വായ്പ കുടിശ്ശിക എഴുതിത്തള്ളുന്നതിനുള്ള ആശ്വാസ് പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ ;പ്രസ്തുത പദ്ധതിയിലൂടെ എത്ര പേരുടെ ബന്ധുക്കൾക്ക് ആനുകൂല്യം അനുവദിച്ചു; വ്യക്തമാക്കുമോ;

(സി) കുടിശ്ശിക വരുത്തിയ ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരളത്തെ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ സർക്കാർ/പൊതുമേഖലാ കെട്ടിടങ്ങൾ ഭിന്നശേഷി സൗഹൃദമാക്കി മാറ്റുകയും കണ്ണൂർ ജില്ലയെ സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുമുണ്ട്. 2017-18 വർഷത്തിൽ ബാരിയർ ഫ്രീ കേരള പദ്ധതിക്കായി 15 കോടി രൂപ വകയിരുത്തുകയും ടി തുക മലപ്പുറം ജില്ലയ്ക്ക് 8,88,80,000 രൂപ, വയനാട് ജില്ലയ്ക്ക് 6,11,20,000 രൂപ എന്ന ക്രമത്തിൽ അതത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം ബാരിയർ ഫ്രീ പദ്ധതിക്കായി 18 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയെ ബാരിയർ ഫ്രീയാക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ 6,68,00,000 രൂപയുടെ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയതിന് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഓരോ ജില്ലയും ബാരിയർ ഫ്രീയാക്കുന്നതിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഓരോ ജില്ലയും ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ കേരള സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

സംസ്ഥാനത്തെ അംഗപരിമിത സൗഹൃദ സംസ്ഥാനമാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ കേരള സാമൂഹ്യ സുരക്ഷാമിഷൻ 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി 2017 മുതൽ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖാന്തരം വായ്പയെടുത്ത് തിരിച്ചടവ് കാലാവധിക്ക് മുമ്പ് മരണപ്പെട്ട 31 ഗുണഭോക്താക്കളുടെ വായ്പത്തുകയായ 45,74,168.00 രൂപ പൂർണ്ണമായി ഒഴിവാക്കി ജാമ്യരേഖകൾ ബന്ധുക്കൾക്ക് തിരികെ നൽകി.

(സി) ഉണ്ട്. 15-9-2017-ലെ സ.ഉ.(സാധാ)നമ്പർ 601/17/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം കുടിശ്ശിക വരുത്തിയ ഭിന്നശേഷിക്കാരായ ഗുണഭോക്താക്കളുടെ പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കി പലിശയിൽ 75%വരെ ഇളവ് നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലൂടെ 14-6-2018 വരെ 34 ഗുണഭോക്താക്കൾക്കായി 15,65,129 രൂപ ഇളവുചെയ്ത് നൽകിയിട്ടുണ്ട്. ടി പദ്ധതി ജൂലൈ 31 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഇതിന്റെ ആനുകൂല്യം 178 ഗുണഭോക്താക്കൾക്കുകൂടി ലഭ്യമാകുന്നതാണ്.

## ഭിന്നശേഷി സൗഹൃദ സംസ്ഥാനം

279(3643) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റിയെടുക്കുന്നതിന് ഭിന്നശേഷിക്കാർക്കായുള്ള സമഗ്ര പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പാക്കേജ് നടപ്പിലാക്കുന്നതിന് വിശദമായ പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിൽ എന്തെല്ലാം പരിപാടികളും പഠന പിന്തുണ സംവിധാനങ്ങളുമാണ് ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) കേരളത്തിലെ എല്ലാ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിബന്ധ വിമുക്തവും ഭിന്നശേഷി സൗഹൃദവുമാക്കുന്നതിനായി ബാരിയർ ഫ്രീ കേരള എന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു.

ഭിന്നശേഷി സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിന്റെ ഭാഗമായി ഭിന്നശേഷി പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള 'അനുയാത്ര' എന്ന പേരിൽ ഒരു സമഗ്ര പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കിവരുന്നു. പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന 1 മുതൽ 8 വരെ ക്ലാസ്സുകളിലെ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി സർവ്വശിക്ഷാ അഭിയാൻ (SSA) പദ്ധതിയും 9 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) പദ്ധതിയും നടപ്പിലാക്കിവരുന്നു.

(ബി) ബാരിയർ ഫ്രീ കേരള എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കിയിട്ടുള്ളതും കണ്ണൂർ ജില്ലയെ സംസ്ഥാനത്തെ ആദ്യ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്. 2017-18 വർഷത്തിൽ ബാരിയർ ഫ്രീ കേരള പദ്ധതിക്കായി 15 കോടി രൂപ സർക്കാർ വകയിരുത്തുകയും ടി തുക മലപ്പുറം, വയനാട് ജില്ലകൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി മലപ്പുറം ജില്ലയ്ക്ക് 8,88,80,000 രൂപ, വയനാട് ജില്ലയ്ക്ക് 6,11,20,000 രൂപ എന്ന ക്രമത്തിൽ അതത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുനൽകുകയും ചെയ്തിട്ടുള്ളതുമാണ്. നടപ്പുസാമ്പത്തിക വർഷത്തിൽ ബാരിയർ ഫ്രീ കേരള പദ്ധതിക്കായി 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയെ ഭിന്നശേഷി സൗഹൃദമാക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ സമർപ്പിച്ച 6,68,00,000 രൂപയുടെ പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ മറ്റ് ജില്ലകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ ജില്ലകളും ഭിന്നശേഷി സൗഹൃദമാക്കുന്നതിലൂടെ കേരളത്തെ പൂർണ്ണമായും ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ഈ പദ്ധതി വിഭാവനം ചെയ്യുന്നു. വിദ്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഓട്ടിസം പാർക്കുകൾ, ഉൾച്ചേർക്കൽ വിദ്യാഭ്യാസം (Inclusive education) എന്നിവയും നടപ്പിലാക്കിവരുന്നു.

(സി) ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകിവരുന്നു. കൂടാതെ ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനായി ധനസഹായം നൽകുന്ന വിദ്യാജ്യോതി എന്ന പദ്ധതിയും നടപ്പിലാക്കുന്നു. ഇതുകൂടാതെ ഡിഗ്രിയോ അതിന് മുകളിലോ വിദ്യാഭ്യാസം ചെയ്യുന്നവർക്ക് വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനായി സ്കോളർഷിപ്പും സ്കൂൾ പഠനം പൂർത്തിയാക്കാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്സ്/പന്ത്രണ്ടാം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിന് പരീക്ഷാഫീസും കോഴ്സ് ഫീസും അനുവദിക്കുന്നുണ്ട്. കലാ കായിക ബൗദ്ധിക മേഖലകളിൽ മികവ് തെളിയിച്ചിട്ടുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് എല്ലാ സൗകര്യങ്ങളും നൽകി അവരുടെ മികവ് തെളിയിക്കുന്ന രീതിയിൽ പഠന സാധ്യതകൾ ഉറപ്പുവരുത്തുന്നതിനായി Stephen Hawking-ന്റെ പേരിൽ ഒരു മികവിന്റെ കേന്ദ്രം ആരംഭിക്കുന്നതിനായി വിഭാവന ചെയ്തുവരുന്നു.

സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന ശാരീരികവും ബുദ്ധിപരവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സംസ്ഥാന സർക്കാരിന്റെയും കേന്ദ്രാവിഷ്കൃത പദ്ധതിയുടെയും ഭാഗമായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നുമുതൽ എട്ടാം ക്ലാസ്സുവരെ പഠിക്കുന്ന Hearing Impaired, Visually Impaired, Mentally Retarded, Orthopaedically Handicapped, Autism എന്നീ വിഭാഗം കുട്ടികൾക്ക് വൈകല്യത്തിന്റെ സ്വഭാവമനുസരിച്ച് ബുക്ക് ആന്റ് സ്റ്റേഷനറി അലവൻസ് (600), യൂണിഫോം അലവൻസ്(750), ട്രാൻസ്പോർട്ട് അലവൻസ് (1000), എസ്കോർട്ട് അലവൻസ് (1000), റീഡേഴ്സ് അലവൻസ് (750) എന്നീ ക്രമത്തിൽ സംസ്ഥാന പദ്ധതിയുടെ ഭാഗമായി നൽകിവരുന്നു.

9 മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള കുട്ടികൾക്ക് കേന്ദ്ര സംസ്ഥാന സർക്കാർ പദ്ധതിയുടെ Inclusive Education of the Disabled at Secondary Stage (I.E.D.S.S.) ഭാഗമായി സാമ്പത്തിക സഹായം നൽകി വരുന്നു. റിസോഴ്സ് അദ്ധ്യാപകരുടെയും അറ്റൻഡന്റുമാരുടെയും സേവനം നൽകിവരുന്നുണ്ട്. റിസോഴ്സ് റൂമുകളും തെറാപ്യൂട്ടിക് സെന്ററുകളും 208 ഹൈസ്കൂളുകളിൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പഠനോപകരണങ്ങളും സഹായോപകരണങ്ങളും നൽകാൻ വ്യവസ്ഥയുണ്ട്. സ്കൂളുകളിൽ റാമ്പുകളുടെയും ഹാൻഡ് റെയിലുകളുടെയും നിർമ്മാണം, അനുരൂപീകരണ ശൂചിമുറികളുടെ നിർമ്മാണം എന്നിവയും നടപ്പാക്കിവരുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെ കണ്ടെത്തുന്നതിന് വർഷംതോറും വൈദ്യപരിശോധനാ ക്യാമ്പുകളും നടത്തിവരുന്നു. കേന്ദ്രഫണ്ടിന്റെ സഹായത്താൽ ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ ഇപ്പോൾ നടപ്പിൽ വരുത്തുന്നത് സമഗ്രശിക്ഷാ അഭിയാൻ വഴിയാണ്.

ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികളുടെ വിദ്യാഭ്യാസത്തിനായി നിലവിലുള്ള പരിപാടികളും പഠന പിന്തുണ സംവിധാനങ്ങളെ സംബന്ധിച്ചും സ്വീകരിക്കാവുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ചും കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന തയ്യാറാക്കിയ ഒരു റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## ഇൻസൈറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്

280(3644) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ച പരിമിതിയുള്ളവരെ സാങ്കേതികവിദ്യയുടെ ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തുവാൻ 2007-ൽ സർക്കാർ ആരംഭിച്ച പദ്ധതിയായ ഇൻസൈറ്റ് അടച്ച് പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ; വിഷയത്തിൽ എന്ത് തീരുമാനം എടുത്തു; വിശദമാക്കുമോ;

(സി) ഇൻസൈറ്റ് സ്ഥാപനം നിർത്തലാക്കി പകരം വേറെ ഏതെങ്കിലും സ്ഥാപനത്തിന് കംപ്യൂട്ടർ കോഴ്സുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തിന്; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ സാമൂഹ്യ നീതിവകുപ്പ് ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ച ഫയൽ നമ്പരും കത്തിന്റെ പകർപ്പും ലഭ്യമാക്കുമോ?

## ഉത്തരം

(എ) ഇല്ല. കാഴ്ചപരിമിതിയുള്ളവർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടന നടത്തിവരുന്ന ഇൻസൈറ്റ് എന്ന പ്രോജക്ടിന് 2013-14 വർഷം മുതൽ വകുപ്പിൽനിന്നും ധനസഹായം അനുവദിച്ചുവരുന്നു. എന്നാൽ 2017-18 വർഷം സംഘടന സമർപ്പിച്ച പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി നൽകിയിട്ടില്ല.

സംഘടന സമർപ്പിച്ചിട്ടുള്ള പ്രോജക്ട് പ്രൊപ്പോസലിനെക്കുറിച്ച് പഠനം നടത്തി പ്രോജക്ട് നിലവാരം സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ (GIFT) എന്ന ഏജൻസിയെ ഏൽപ്പിക്കുകയും റിപ്പോർട്ട് അനുകൂലമാണെങ്കിൽ പ്രൊപ്പോസൽ സർക്കാർ അനുമതിക്കായി സമർപ്പിക്കാനും നിർദ്ദേശിച്ചിരുന്നു.

എന്നാൽ GIFT, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ 2013-14 മുതലുള്ള പ്രോജക്ടുകൾ വിലയിരുത്തുകയും പ്രോജക്ടുകൾ തുടർന്ന് നടത്തുമ്പോൾ ഏതൊക്കെ മേഖലയിൽ മാറ്റം വരുത്തണമെന്ന ചില നിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ മുൻ വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ശേഖരിക്കാനും വകുപ്പ് തലത്തിൽ ഒരു ഓഡിറ്റ് നടത്താനും സംഘടനയുടെ ഓഡിറ്റ് ടീമിൽനിന്നും ഒരു റിപ്പോർട്ട് വാങ്ങാനും ഇൻസൈറ്റിന്റെ ഗുണഭോക്താക്കളുമായി നേരിട്ട് ബന്ധപ്പെട്ട് പരിശീലന പരിപാടിയുടെ ഗുണഫലം പരിശോധിക്കാനുമാണ് GIFT ശിപാർശ ചെയ്തിരിക്കുന്നത്.

ഇവ കൂടാതെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നടന്ന ഓഡിറ്റിനെത്തുടർന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ടീം സംഘടനയ്ക്ക് സാമ്പത്തിക സഹായം നൽകിയ ഫയലുകൾ പരിശോധിച്ച് വിവിധ വിഷയങ്ങളിൽ ഓഡിറ്റ് എൻക്വയറി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

മാത്രവുമല്ല സംഘടന നടത്തി വന്ന പ്രോജക്ടിൽ ഇൻസ്ട്രക്ടറായി ജോലി നോക്കിയിരുന്നയാൾ, ഗുണഭോക്താക്കൾ എന്നിവർ സംഘടനയുടെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നതായും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ടി സാഹചര്യത്തിലാണ് സംഘടന സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ 2017-18 -ൽ പരിഗണിക്കുവാൻ കഴിയാതിരുന്നത്.

(ബി) ഇൻസൈറ്റ് പ്രോജക്ട് സംബന്ധിച്ച് വിജിലൻസ് കേസുകളൊന്നും നിലവിലില്ല.

(സി) ഇൻസൈറ്റ് പ്രോജക്ട് നിലവിൽ നിർത്തലാക്കിയിട്ടില്ല. ഭിന്നശേഷിക്കാർക്കായി കമ്പ്യൂട്ടർ പരിജ്ഞാനം ഉൾപ്പെടെ വിവിധ ക്ഷേമ പദ്ധതികൾ നടത്തുന്നതിന് ധനസഹായം നൽകുന്നതിലേയ്ക്ക് സംസ്ഥാനത്തെ വിവിധ എൻ.ജി.ഒ. (NGO) കളിൽനിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അനുയോജ്യമായ അപേക്ഷകൾ (പ്രൊപ്പോസലുകൾ) ലഭ്യമാകുന്നപക്ഷം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇല്ല.

**ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംയോജിത വിദ്യാഭ്യാസ രീതി**

281(3645) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാരായ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കുന്നതിനുള്ള സംയോജിത വിദ്യാഭ്യാസരീതി പരിഷ്കരിക്കുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) എൽ.പി., യു.പി., തലത്തിൽ ഒരു ബി.ആർ.സി.-യുടെ കീഴിൽ ഒന്നോ രണ്ടോ പഞ്ചായത്തുകളിലെ മുഴുവൻ സ്കൂളുകളിലേക്കും ഒരു റിസോഴ്സ് പേഴ്സണെ ആണോ നിയോഗിച്ചിട്ടുള്ളത്;

(സി) ഭിന്നശേഷി നിയമത്തിൽ എത്ര കുട്ടികൾക്കാണ് ഒരു റിസോഴ്സ് പേഴ്സൺ എന്ന അനുപാതം നിഷ്കർഷിച്ചിട്ടുള്ളത്;

(ഡി) ആവശ്യമായ റിസോഴ്സ് പേഴ്സൺമാരെ നിയമിച്ച് ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസപരവും മാനസികവുമായ വളർച്ചയ്ക്ക് ഉതകുന്ന കാര്യങ്ങൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഈ വകുപ്പുതലത്തിൽ പരിഗണിച്ചിട്ടില്ല.

(ബി) സർവ്വ ശിക്ഷ അഭിയാൻ, കേരളയുടെ കീഴിലാണ് ബി.ആർ.സി.-കൾ പ്രവർത്തിച്ചുവരുന്നത്. U-DISE (Unified District Information System for Education) ഡേറ്റയുടെ അടിസ്ഥാനത്തിൽ അഞ്ചോ അതിലധികമോ ഭിന്നശേഷിക്കാരായ കുട്ടികളുള്ള സ്കൂളുകളിൽ പ്രസ്തുത കുട്ടികളുടെ എണ്ണത്തിന്റെ മുൻഗണനാക്രമത്തിലാണ് റിസോഴ്സ് അദ്ധ്യാപകരെ നിയമിച്ചിട്ടുള്ളത്.

(സി) ഭിന്നശേഷി നിയമത്തിൽ (Right of Persons with Disabilities Act 2016) പ്രത്യേക അനുപാതം നിഷ്കർഷിച്ചതായി കാണുന്നില്ല.

(ഡി) റിസോഴ്സ് അദ്ധ്യാപകരുടെ നിയമനം ഇപ്പോൾ നടത്തിവരുന്നത് സമഗ്ര ശിക്ഷാ അഭിയാൻ [സർവ്വ ശിക്ഷാ അഭിയാനും (SSA) രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാനും (RMSA) സംയോജിപ്പിച്ച്] വഴിയാണ്. കരാറടിസ്ഥാനത്തിൽ നിയമിതരാകുന്ന ഇവരുടെ ശമ്പളം കേന്ദ്ര ഫണ്ടിൽ (മിനിസ്ട്രി ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ്) നിന്നാണ് നൽകി വരുന്നത്. കേന്ദ്രഫണ്ടിന്റെ ലഭ്യതയ്ക്ക് ആനുപാതികമായാണ് റിസോഴ്സ് അദ്ധ്യാപകരെ ഇപ്പോൾ നിയമിച്ചുവരുന്നത്.

## ഭിന്നശേഷിക്കാരുടെ നിയമനസംവരണത്തിനുള്ള ബാക്ക് ലോഗ് ഒഴിവുകൾ

282(3646) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യൂ.ഡി.ആക്ട് 1995-ലെ വകുപ്പ് 33 അനുസരിച്ച് സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ വകുപ്പുകളിലെ ക്ലാസ്സ് III, IV നിയമനങ്ങൾക്ക് ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) 1-1-2004 മുതൽ 31-12-2007 വരെയുള്ള കാലയളവിലെ ഭിന്നശേഷിക്കാർക്ക് നിയമനം നൽകുവാനുള്ള ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ക്ലാസ്സ് III, IV തസ്തികകളിലെ ഏതെല്ലാം തസ്തികയിലെ എത്ര വീതം ഒഴിവുകൾ ഏതെല്ലാം വകുപ്പുകളിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഭിന്നശേഷിക്കാർക്കുള്ള ക്ലാസ്സ് III,IV തസ്തികകളിൽ സംവരണം ചെയ്തിട്ടുള്ള ഒഴിവുകൾ സ്പെഷൽ റിക്രൂട്ട്മെന്റ് മുഖേന നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) 7-2-1996 മുതൽ അംഗപരിമിതരായവർക്ക് ഓരോ വകുപ്പിലും നിലവിലുള്ള കേഡർ സ്ട്രെംഗ്തിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച് നൽകിയ സംവരണം അനുസരിച്ച് എത്ര പേർക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വകുപ്പ്/തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(എഫ്) 6-5-2017 ലെ സർക്കാർ ഉത്തരവ്(P) No. 8/17/സാ. നീ .വകുപ്പ് ഉത്തരവിൽ സൂചിപ്പിക്കും പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ജി) ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് കേഡർ സ്ട്രെംഗ്തിന് ആനുപാതികമായി നൽകുവാനുള്ള തസ്തികകൾ കണ്ടെത്തുന്നതിന് കാലതാമസം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പി.ഡബ്ല്യു.ഡി. ആക്ട് 1995-ലെ വകുപ്പ് 33 അനുസരിച്ച് സർക്കാർ/അർദ്ധസർക്കാർ/സ്വയംഭരണ വകുപ്പുകളിലെ ക്ലാസ് III, IV നിയമനങ്ങൾക്ക് ഭിന്നശേഷിക്കാർക്ക് 3% സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

എല്ലാ സർക്കാർ സംരംഭങ്ങളിലും അംഗപരിമിതർക്കായി കണ്ടെത്തിയിട്ടുള്ള തസ്തികകളിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 3%-ൽ കുറയാത്ത ഒഴിവുകൾ ചുവടെ ചേർക്കുന്ന വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാർക്കായി യഥാക്രമം 1% വീതം സംവരണം നൽകുന്നുണ്ട്.

(i) അന്ധത/കാഴ്ച പരിമിതി

(ii) ശ്രവണ പരിമിതി

(iii) ലോക്കോ മോട്ടോർ ഡിസെബിലിറ്റി/സെറിബ്രൽ പാൾസി.

ആയത് 100 പോയിന്റ് റിസർവേഷൻ റോസ്റ്ററിൽ 1, 34, 67 ഔട്ട് ഓഫ് ടേണുകളിൽ അനുവദിച്ചുവരുന്നു.

(ബി) കണ്ടെത്തിയിട്ടുണ്ട്. 1-1-2004 മുതൽ 31-12-2007 വരെയുള്ള കാലയളവിലെ ഭിന്നശേഷിക്കാർക്കുള്ള 3% സംവരണത്തിലെ ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തിയത് 24-1-2011-ലെ G.O(P)No.7/2011/SWD ഉത്തരവ് പ്രകാരം സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നികത്താൻ പി.എസ്.സി.യോട് നിർദ്ദേശിച്ചിട്ടുണ്ട്. ക്ലാസ് III തസ്തികകളിൽ 768 ഒഴിവുകളും ക്ലാസ് IV തസ്തികകളിൽ 264 ഒഴിവുകളും കണ്ടെത്തിയിട്ടുണ്ട്. വകുപ്പുതിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.* ഓരോ വകുപ്പിലെയും തസ്തികകളിലെ ബാക്ക് ലോഗ് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ വകുപ്പ് മേലദ്ധ്യക്ഷന്മാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

(സി) ഭിന്നശേഷിക്കാർക്ക് സംവരണം നൽകിയിട്ടുള്ള 3% ഒഴിവുകളിൽ ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തുന്നതിന് ആവശ്യമായ വിവരങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി എല്ലാ വകുപ്പുതലവൻമാർക്കും സർക്കുലർ നൽകിയിട്ടുണ്ട്. കൂടാതെ ഇതുസംബന്ധിച്ച് കൂടുതൽ വ്യക്തതയുണ്ടാക്കുന്നതിന് 2-5-2018, 3-5-2018 തീയതികളിൽ എല്ലാ സർക്കാർ വകുപ്പുകളിലെയും സംരംഭങ്ങളിലെയും നോഡൽ ഓഫീസർമാർക്കായി വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും വിവരങ്ങൾ സമയബന്ധിതമായി സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. വിവരം ലഭ്യമാക്കാത്ത വകുപ്പ് നോഡൽ ഓഫീസർമാരെ സാമൂഹ്യനീതി വകുപ്പ് നേരിട്ട് വിളിച്ചുവരുത്തി വിവരങ്ങൾ ശേഖരിക്കുന്നുണ്ട്.

(ഡി) ഭിന്നശേഷിക്കാർക്കുള്ള ക്ലാസ് III, IV തസ്തികകളിൽ സംവരണം നിലവിൽ പി.എസ്.സി., മറ്റ് നിയമന അധികാരികൾ എന്നിവർ പാലിച്ചുവരുന്നു. ബാക്ക് ലോഗ് ഒഴിവുകൾ കണ്ടെത്തിയാൽ മാത്രമേ സ്പെഷ്യൽ റിക്രൂട്ട്മെന്റിന്റെ ആവശ്യകതയുണ്ടാകുന്നുള്ളൂ.

(ഇ) 7-2-1996 മുതൽ അംഗപരിമിതർക്ക് പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ 3% സംവരണം അനുവദിച്ച് 6-5-2017-ലെ സർക്കാർ ഉത്തരവ്(P) No.8/17/സാ.നീ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. 1996 മുതൽ 2004 വരെയുള്ള ബാക്ക് ലോഗ് കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) 6-5-2017-ലെ സർക്കാർ ഉത്തരവ് (P)No.8/17/സാ.നീ.വകുപ്പ് ഉത്തരവിൻ പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ജി) ഭിന്നശേഷിക്കാർക്ക് അനുയോജ്യമായ തസ്തികകൾ കണ്ടെത്തുന്നതിനായി രൂപീകരിക്കപ്പെട്ട എക്സ്പർട്ട് കമ്മിറ്റികൾ യോഗം ചേർന്ന് ലഭ്യമായ അപേക്ഷകൾ/ശിപാർശകൾ എന്നിവ പരിശോധിച്ചാണ് തസ്തികകൾ അനുയോജ്യമാണോയെന്ന് കണ്ടെത്തുന്നത്.

കൃത്യമായ ഇടവേളകളിലാണ് യോഗം ചേരുന്നത്. അംഗപരിമിത നിയമനങ്ങളിൽ ബാക്ക് ലോഗ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഭിന്നശേഷിക്കാരുടെ ക്ഷേമത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ

283(3647) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭിന്നശേഷിക്കാരുടെ കൃത്യമായ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; ഇവരെപ്പറ്റിയുള്ള കൃത്യമായ വിവരശേഖരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടത്താൻ നടപടി സ്വീകരിക്കുമോ;

(ബി) ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) നിലവിൽ പി.എസ്.സി. മുഖേനയുള്ള ജോലികളിൽ ഭിന്നശേഷിക്കാർക്കുള്ള സംവരണം എത്രയാണ്; പല വകുപ്പുകളിലും ഭിന്നശേഷിക്കാർക്ക് ജോലിക്ക് അപേക്ഷിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ സംവരണ ശതമാനം ഉയർത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഭിന്നശേഷിക്കാരായവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് നിലവിൽ എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്; കൂടുതൽ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനും അവയിൽ പരിശീലനം നൽകുന്നതിനും അവ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

### ഉത്തരം

(എ) 2015-ലെ അംഗപരിമിത സെൻസസ് റിപ്പോർട്ട് പ്രകാരം സംസ്ഥാനത്താകെയായി 793937 അംഗപരിമിതരുണ്ട്. അംഗപരിമിതരെ പ്പറ്റിയുള്ള കൃത്യമായ വിവര ശേഖരണം നടത്തിയിട്ടുണ്ട്. കൂടാതെ ഓരോ അംഗപരിമിതന്റെയും വ്യക്തിഗത വിവരങ്ങൾ ശേഖരിക്കുന്ന നടപടിയും (വ്യക്തിഗത പരിപാലന പദ്ധതി) ആരംഭിച്ചിട്ടുണ്ട്.

(ബി) എല്ലാ പ്രായത്തിലും ഉൾപ്പെടുന്ന അംഗപരിമിതരുടെ ക്ഷേമം ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ സാമൂഹ്യനീതി വകുപ്പ് നടപ്പാക്കിവരുന്നു. വ്യക്തിഗത പദ്ധതികൾ, NGO മുഖാന്തരം നടപ്പാക്കുന്ന പദ്ധതികൾ, വകുപ്പിൽനിന്നും നേരിട്ട് നടപ്പാക്കുന്ന പദ്ധതികൾ എന്നിവ ചുവടെ ചേർക്കുന്നു:

1. പരിരക്ഷാ പദ്ധതി
2. Stephen Hawking's Centre for Excellence( SHCE)
3. പുനർജ്ജനി പദ്ധതി
4. District Psychiatric Rehabilitation Project (IMHANS)
5. Insight Project(SPACE)
6. മൊബൈൽ മെന്റൽ ഹെൽത്ത് സെന്റർ
7. ഡേ കെയർ സെന്റേഴ്സ്
8. CDMRP പ്രോജക്ട്
9. Growing Beyond Barriers-Epilepsy Care through Schools
10. Early Identification and Community Based Intervention Programme for Children with Hearing Disability and ADHD
11. വിദ്യാജ്യോതി പദ്ധതി
12. വിദ്യാകിരണം പദ്ധതി
13. വിദൂര വിദ്യാഭ്യാസത്തിനുള്ള ധനസഹായം
14. തുല്യതാ പരീക്ഷ എഴുതുന്നതിന് ധനസഹായം
15. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി
16. അംഗപരിമിതരുടെ വ്യക്തിഗത പരിപാലന പദ്ധതി
17. സ്വാശ്രയ പദ്ധതി
18. മാതൃജ്യോതി പദ്ധതി
19. അസിസ്റ്റീവ് ഡിവൈസസ്
20. ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷിതാക്കൾക്ക് പരിശീലനം
21. അംഗപരിമിതർക്കുള്ള ഗവൺമെന്റ് ക്ഷേമ സ്ഥാപനങ്ങൾ

22. സർക്കാരിതര സ്ഥാപനങ്ങൾക്കുള്ള ധനസഹായം

23. അംഗപരിമിതർക്കുള്ള സ്ഥിര നിയമനം

24. അംഗപരിമിതർക്കുള്ള സംസ്ഥാന അവാർഡ്

25. ബാരിയർ ഫ്രീ കേരള

26. സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ (SNAC) ആൻഡ് Local Level Committee (LLC)

27. മൊബിലിറ്റി മിഷൻ

28. സൈക്കോ സോഷ്യൽ സ്കീം

29. അന്ധ അഭിഭാഷകർക്കുള്ള റീഡേഴ്സ് അലവൻസ്

30. മെറ്റബോളിക് ഡിസോർഡർ റിസർച്ച് സെന്റർ

31. All Kerala Wheel Chair Right Federation

32. ഭിന്നശേഷിക്കാരായ പെൺകുട്ടികൾക്കും ഭിന്നശേഷിക്കാരുടെ പെൺമക്കൾക്കും വിവാഹ ധനസഹായം 30,000 രൂപ.

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. ശുഭയാത്ര

2. ആശ്വാസം പദ്ധതി

3. ഹസ്തദാനം പദ്ധതി

4. ഒപ്പം പദ്ധതി

5. തണൽ (പുതിയത്)

കേരള സാമൂഹ്യ സുരക്ഷാമിഷൻ ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി 2017 മുതൽ അനുയാത്രയെന്ന പേരിൽ ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി 1-11-2016-ലെ സ.ഉ.(പി) നമ്പർ 174/2016/തൊഴിൽ പ്രകാരം കൈവല്യ എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൽ (1) വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ് (2) കപ്പാസിറ്റി ബിൽഡിംഗ് (3) മത്സര പരീക്ഷകൾക്കുള്ള പരിശീലനം (4) സ്വയം തൊഴിൽ വായ്പാ പദ്ധതി എന്നിങ്ങനെ നാല് ഘടക പദ്ധതികളുണ്ട്. ഇവയിൽ ഒന്നോ ഒന്നിൽ കൂടുതലോ ഘടക പദ്ധതികളിലൂടെ ഭിന്നശേഷിക്കാരെ തൊഴിൽ ചെയ്ത് ജീവിക്കാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗ്ഗം കണ്ടെത്തുന്നതിലേക്കായി (അൻപത് ശതമാനം പരമാവധി 25,000 രൂപ) സബ്സിഡിയോടുകൂടി 50,000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നു. ആവശ്യപ്പെടുന്നപക്ഷം ഒരു ലക്ഷം രൂപവരെ വായ്പ അനുവദിക്കുന്നതാണ്. കപ്പാസിറ്റി ബിൽഡിംഗിൽ വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള പരിശീലനവും നൽകിവരുന്നു. കൂടാതെ ഭിന്നശേഷിക്കാരുടെ യോഗ്യതയും അഭിരുചിക്കും അനുസരിച്ചുള്ള ട്രെയിനിംഗും സോഫ്റ്റ് സ്കിൽ ട്രെയിനിംഗും മറ്റ് പരിശീലനങ്ങളും നൽകിവരുന്നു.

(സി) പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ നിലവിൽ 3% സംവരണം അംഗപരിമിതർക്കായി നൽകിവരുന്നു. 2016-ലെ The Right of Persons with Disabilities Act-ലെ വ്യവസ്ഥ പ്രകാരം അംഗപരിമിതർക്കുള്ള തൊഴിൽ സംവരണം 4% ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് നടപ്പാക്കുന്നതോടുകൂടി Blindness, Low vision, Deaf and hard of hearing, Locomotor Disabilities, Cerebral Palsy, Leprosy cured, Dwarfism, Acid Attack victims, Muscular Dystrophy, Autism, Intellectual disabilities, Specific learning disability, Mental illness, Multiple disability എന്നീ വൈകല്യങ്ങളുള്ളവർക്ക് ബന്ധപ്പെട്ട തൊഴിലുകളിൽ സംവരണം ലഭിക്കുന്നതാണ്.

(ഡി) തീവ്ര ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളുടെ മാതാവിന്/രക്ഷിതാവിന് സ്വയം തൊഴിൽ ചെയ്യുന്നതിനായി സ്വാശ്രയ പദ്ധതി നടപ്പാക്കുന്നു. അതിലേയ്ക്ക് ഒറ്റത്തവണയായി 35,000 രൂപ അനുവദിക്കുന്നു. കൂടാതെ അംഗപരിമിതരായവർക്ക് വകുപ്പിനുകീഴിലെ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ മുഖേനയും എൻ.ജി.ഒ. സ്ഥാപനങ്ങൾ മുഖേനയും വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 55 വയസ്സുവരെയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കായി എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന കൈവല്യ പദ്ധതി പ്രകാരമുള്ള സ്വയം തൊഴിൽ വായ്പാ പദ്ധതിയിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് ഉപജീവനമാർഗം കണ്ടെത്തുന്നതിലേക്കായി അൻപത് ശതമാനം (പരമാവധി 25,000 രൂപ) സബ്സിഡിയോടുകൂടി 50,000 രൂപ വരെ പലിശരഹിത വായ്പ നൽകുന്നു. ആവശ്യപ്പെടുന്ന പക്ഷം ഒരു ലക്ഷം രൂപ വരെ വായ്പ അനുവദിക്കുന്നതാണ്. മാത്രമല്ല, ഭിന്നശേഷിക്കാരുടെ അഭിരുചികൾക്കിണങ്ങുംവിധം സ്വയംതൊഴിൽ ആരംഭിക്കുന്നതിലേക്കാവശ്യമായ പരിശീലനവും വകുപ്പ് മുഖേന സൗജന്യമായി നൽകിവരുന്നു. ഈ പദ്ധതിയിൽ ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിക്കാവുന്നതാണ്. കപ്പാസിറ്റി ബിൽഡിംഗിൽ വിവിധ സ്വയംതൊഴിൽ സംരംഭങ്ങളിൽ (ഉദാ: കുട നിർമ്മാണം, മെഴുകുതിരി നിർമ്മാണം, ക്യാരിബാഗുകളുടെ നിർമ്മാണം, എൽ.ഇ.ഡി. ബൾബുകളുടെ നിർമ്മാണം) പരിശീലനം നൽകിവരുന്നു.

ഭിന്നശേഷിക്കാർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന എൻ.എച്ച്.എഫ്.ഡി.സി. വായ്പയും ബാങ്ക് ലോണും സബ്സിഡിയും അനുവദിച്ചുവരുന്നു.

ഭിന്നശേഷിക്കാരുടെ കഴിവിനും നൈപുണ്യത്തിനും അനുസരിച്ചുള്ള തൊഴിൽ മേഖല കണ്ടെത്തി അവരെ പുനരധിവസിപ്പിക്കുന്നതിനായി കോർപ്പറേഷൻ വിപുലമായ തൊഴിൽ മേളകൾ സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി തൊഴിൽ ദാതാക്കൾക്കും തൊഴിലന്വേഷകർക്കും രജിസ്റ്റർ ചെയ്യാവുന്ന ജോബ് പോർട്ടലുകൾ ആരംഭിക്കുന്നതാണ്.

## സാമൂഹ്യനീതി വകുപ്പിനുകീഴിൽ ജോലി ചെയ്യുന്നവർക്ക് ആനുകൂല്യങ്ങൾ

284(3648) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ വിവിധ സ്ഥാപനങ്ങളിൽ പി.എസ്.സി./എംപ്ലോയ്മെന്റ്എക്സ്ചേഞ്ച് മുഖേന സർവ്വീസിൽ പ്രവേശിച്ച വാച്ച്മാൻ, വാച്ച് വുമൺ, ആയ, കുക്ക്, മേട്രൺ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന പല ആനുകൂല്യങ്ങളും നിഷേധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ സർവ്വീസിൽ മഹാഭൂരിപക്ഷം ജീവനക്കാർക്കും ഒരു കലണ്ടർ വർഷത്തിൽ 20 മുതൽ 25 ദിവസം പൊതുഅവധിയും, 12 രണ്ടാം ശനി അവധിയും

അടക്കം 35 ദിവസം വരെ അവധി ലഭിക്കുമ്പോൾ, അർഹതപ്പെട്ട പ്രസ്തുത അവധി ദിവസങ്ങളിലും പകലോ രാത്രിയോ ഭേദമില്ലാതെ ഈ വിഭാഗം ജീവനക്കാർ ജോലി ചെയ്യേണ്ടിവരുന്ന എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരളീയരുടെ ദേശീയ ഉത്സവമായ ഓണത്തിനും മതപരമായ മറ്റ് ആവശ്യങ്ങൾക്ക് അനുവദിച്ചിട്ടുള്ള അവധി ദിവസങ്ങളിലും ഇവർക്ക് ജോലി ചെയ്യേണ്ടിവരുന്ന എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത വിഭാഗം ജീവനക്കാർക്ക് മറ്റ് സർക്കാർ സർവ്വീസിലെ ജീവനക്കാർക്ക് ലഭിക്കുന്നതു പോലെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നവർക്ക് അതത് സ്ഥാപന മേധാവികൾ നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള Compensatory off, Weekly off എന്നിവ ജീവനക്കാരുടെ ഡ്യൂട്ടി ക്രമപ്പെടുത്തി അനുവദിച്ചുനൽകാറുണ്ട്.

## ആലുവ ജനസേവ ശിശുഭവൻ

285(3649) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ ജനസേവ ശിശുഭവനിൽനിന്നും 50 കുട്ടികളെ കാണാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കുട്ടികളെ സ്കൂളിൽ ചേർക്കുന്നതിനായി തിരികെ എത്തിക്കണമെന്ന് എറണാകുളം അഡീഷണൽ സെഷൻസ് കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. എറണാകുളം അഡീഷണൽ സെഷൻസ് കോടതി സ്വദേശത്തേയ്ക്ക് തിരിച്ചയ്ക്കാൻ ഉത്തരവിട്ടിരുന്ന 104 കുട്ടികളിൽ 54 പേർ മാത്രമാണ് സർക്കാർ ഉത്തരവുപ്രകാരം ഏറ്റെടുത്ത സമയത്ത് ജനസേവ ശിശുഭവനിൽ ഉണ്ടായിരുന്നത്.

അവശേഷിക്കുന്ന 50 കുട്ടികളെ 15 ദിവസത്തിനകം ഹാജരാക്കണമെന്ന എറണാകുളം ചൈൽഡ് വെൽഫെയർ കമ്മിറ്റി ജനസേവ ശിശുഭവനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ കുട്ടികളെ തിരികെ എത്തിക്കണമെന്ന് എറണാകുളം അഡീഷണൽ സെഷൻസ് കോടതി ഉത്തരവായിട്ടില്ല.

**വയോജന നയം**

286(3650) ശ്രീ. പി. കെ. ബഷീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വയോജന നയം പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ എന്നാണ് പ്രഖ്യാപിച്ചതെന്നും എന്തൊക്കെയാണ് ഈ നയം ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാതിരിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ എന്തൊക്കെ നിയമനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രായമായ മാതാപിതാക്കളെ മക്കൾ സംരക്ഷിക്കാത്ത നിരവധി വാർത്തകൾ പുറത്തുവരുന്ന സാഹചര്യത്തിൽ ഇവരെ സംരക്ഷിക്കുവാൻ താലൂക്ക്/പഞ്ചായത്ത് അടിസ്ഥാനത്തിൽ എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 6-5-2013-ലെ സ.ഉ.(എം.എസ്.) നമ്പർ 37/2013/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വയോജന നയം പരിഷ്കരിച്ചിട്ടുണ്ട്. അറുപത് വയസ്സുകഴിഞ്ഞ എല്ലാവരുടേയും താല്പര്യ സംരക്ഷണം സമൂഹത്തിന്റെ ചുമതലയായി നയം അംഗീകരിക്കുന്നതോടൊപ്പം വയോജനങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും ആരോഗ്യപരവുമായ ഉന്നമനം ലക്ഷ്യമാക്കി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനുള്ള വഴികാട്ടിയായും നയം വർത്തിക്കുന്നു.

(ബി) പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കാതിരിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന മക്കൾക്കെതിരെ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടേയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം 2007 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള മെയിന്റനൻസ് ട്രിബ്യൂണലുകൾ വഴി കേസ് രജിസ്റ്റർ ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത

നിയമപ്രകാരം എതിർകക്ഷികളിൽ നിന്ന് പരമാവധി 10,000 രൂപ മുതിർന്ന പൗരന്മാരുടെ സംരക്ഷണ ചെലവായി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മുതിർന്ന പൗരന്മാർക്ക് സംരക്ഷണം നൽകേണ്ട ഏതൊരാളും അവർക്ക് സംരക്ഷണം നൽകാതെ ഉപേക്ഷിക്കുകയാണെങ്കിൽ മൂന്ന് മാസം വരെയുള്ള തടവോ പരമാവധി 5,000 രൂപ വരെയുള്ള പിഴയോ അഥവാ രണ്ടും കൂടിയോ നൽകുവാൻ പ്രസ്തുത നിയമം വ്യവസ്ഥ ചെയ്യുന്നു. 2017-18 വർഷം 1313 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്.

(സി) മക്കൾ സംരക്ഷിക്കാത്ത മാതാപിതാക്കളെ സംരക്ഷിക്കുന്നതിനായി സംസ്ഥാനത്ത് 21 മെയിന്റനൻസ് ട്രിബ്യൂണലുകളും 16 സർക്കാർ വൃദ്ധസദനങ്ങളും ഓർഫനേജ് കൺട്രോൾ ബോർഡ് രജിസ്ട്രേഷനോടുകൂടി 617 സ്വകാര്യ വൃദ്ധസദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പകൽ സമയങ്ങളിൽ വയോജനങ്ങൾക്ക് സംരക്ഷണമൊരുക്കുന്നതിനായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടുകൂടി പഞ്ചായത്തുതലത്തിൽ 70 സായംപ്രഭാ ഹോമുകളും പ്രവർത്തിക്കുന്നുണ്ട്.

**വയോമിത്രം, സായംപ്രഭ പദ്ധതികൾ**

287(3651) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങൾക്കായി നടപ്പാക്കുന്ന വയോമിത്രം,സ്വയം പ്രഭ പദ്ധതികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) വയോജന ക്ഷേമ പ്രവർത്തനങ്ങൾ നടത്തുന്ന സന്നദ്ധ സംഘടനകളെ നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനും, സഹായിക്കുന്നതിനും നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; അവ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ നഗരസഭാ പ്രദേശത്ത് (മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ) വസിക്കുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് ആരോഗ്യ സുരക്ഷയും മാനസികോല്ലാസവും നൽകുന്നതിലേയ്ക്കുവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതിയാണ് 'വയോമിത്രം'. 2010-11 സാമ്പത്തിക വർഷം ആരംഭിച്ച പദ്ധതി നിലവിൽ 87 നഗരസഭാ പ്രദേശത്ത് നടപ്പാക്കിവരുന്നു. പദ്ധതിയിൽ രജിസ്റ്റർ ചെയ്യുന്ന 65 വയസ്സ് കഴിഞ്ഞ മുതിർന്ന പൗരൻമാർക്ക് സൗജന്യമായി മരുന്ന്, പാലിയേറ്റീവ് സേവനം, കൗൺസിലിംഗ് സേവനം, ഹെൽപ്പ് ഡെസ്കിന്റെ സേവനം എന്നിവ ഈ പദ്ധതി വഴി ലഭിക്കും.

മുതിർന്ന പൗരൻമാർക്ക് അവരുടെ വീടിന് സമീപംതന്നെ സാമ്പത്തിക സ്ഥിതി പരിഗണിക്കാതെ അവശ്യംവേണ്ട വൈദ്യസഹായം ലഭ്യമാകുന്ന ഈ പദ്ധതിയുടെ സ്വീകാര്യത കണക്കിലെടുത്ത് പുരോഗതി വിലയിരുത്തി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടി പദ്ധതി 49 മുനിസിപ്പാലിറ്റികളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്.

നടപ്പ് സാമ്പത്തികവർഷം പദ്ധതി, സംസ്ഥാനത്തെ 14 ബ്ലോക്ക് പഞ്ചായത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ കേരള സാമൂഹ്യ സുരക്ഷാ മിഷൻ സ്വീകരിച്ചുവരുന്നു. വയോമിത്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആയുർവേദ ചികിത്സ ലഭ്യമാകുന്ന 'ആയുർമിത്രം' പദ്ധതി നടപ്പ് സാമ്പത്തിക വർഷം 6 കോർപ്പറേഷൻ പ്രദേശത്ത് ആരംഭിക്കുന്നതാണ്.

സായംപ്രഭ പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് തദ്ദേശസ്വയംഭരണ മേധാവികൾക്ക് നിർദ്ദേശം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും ടി പദ്ധതി വിലയിരുത്തിവരുന്നു. നിരവധി വയോജനങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമായിട്ടുള്ളതാണ്.

(ബി) ഓർഫനേജ് കൺട്രോൾ ബോർഡ് മുഖാന്തരം രജിസ്റ്റർ ചെയ്ത് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വയോജന സ്ഥാപനങ്ങളിൽ ഓർഫനേജ് കൺട്രോൾ ബോർഡ് അംഗങ്ങളും ജില്ലാ സാമൂഹ്യനീതി ഓഫീസർമാരും സന്ദർശനം നടത്തുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരികയുമാണ്.

**കാസർഗോഡ് ജില്ലയിലെ അനാഥാലയങ്ങൾ**

288(3652) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന് കീഴിൽ കാസർഗോഡ് ജില്ലയിൽ സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ അല്ലാതെ എത്ര അനാഥാലയങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഈ അനാഥാലയങ്ങളിലായി എത്ര അന്തേവാസികൾ വസിക്കുന്നുണ്ടെന്നും ഇതിൽ സ്ത്രീപുരുഷ അനുപാതമെത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അനാഥാലയങ്ങൾ, അഗതി മന്ദിരങ്ങൾ എന്നിവ പ്രവർത്തിക്കുന്നത് എവിടങ്ങളിലാണെന്നും ഇവയുടെ നടത്തിപ്പുകാർ ആരെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 52 ക്ഷേമസ്ഥാപനങ്ങൾ ഓർഫനേജ് കൺട്രോൾ ബോർഡിനുകീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ 2085 താമസക്കാരുണ്ട്. ഇവരുടെ സ്ത്രീ/പുരുഷ അനുപാതം 1:2 ആണ്.

(ബി) ഈ ക്ഷേമസ്ഥാപനങ്ങളുടെ പേരുവിവരങ്ങളും നടത്തിപ്പുകാരെ സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

**സാമൂഹ്യനീതി വകുപ്പിൽ കെയർടേക്കർ**

289(3653) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ കെയർ ടേക്കർ തസ്തിക ആകെ എത്രയെണ്ണമാണുള്ളതെന്ന് മെയിൽ,ഫീമെയിൽ തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര തസ്തിക ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുള്ള എത്ര തസ്തികകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് മെയിൽ,ഫീമെയിൽ തിരിച്ച് തീയതി സഹിതം ലഭ്യമാക്കാമോ?

ഉത്തരം

(എ) 6-5-2008 ലെ സ.ഉ (എം.എസ്) 28/2008/സാ.ക്ഷേ.വ പ്രകാരം അനുവദിക്കപ്പെട്ട 6 കെയർടേക്കർ തസ്തികകൾ ഉൾപ്പെടെ സാമൂഹ്യനീതി വകുപ്പിനുകീഴിൽ ആകെ 88 കെയർടേക്കർ തസ്തികകൾ നിലവിലുണ്ട്. മേൽ ഉത്തരവ് പ്രകാരം അനുവദിക്കപ്പെട്ട 6 കെയർടേക്കർ തസ്തികകൾ മെയിൽ/ഫീമെയിൽ എന്നിവയായി തരംതിരിച്ചിട്ടില്ല. ബാക്കിയുള്ള 82 കെയർടേക്കർ തസ്തികകളിൽ 49 എണ്ണം മെയിൽ കെയർടേക്കർ തസ്തികകളും 33 എണ്ണം ഫീമെയിൽ കെയർടേക്കർ തസ്തികകളുമാണ്.

(ബി) 4 തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്.

(സി) 7-7-2014, 23-12-2014, 23-12-2017 എന്നീ തീയതികളിൽ മെയിൽ കെയർടേക്കർ തസ്തികകളുടെ 3 ഒഴിവുകളും 20-12-2016 തീയതിയിൽ ഫീമെയിൽ കെയർടേക്കർ തസ്തികയുടെ 1 ഒഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ഒ.എ. (ഇ.കെ.എം) നമ്പർ 1081/2017 മേൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം ഫീമെയിൽ കെയർ ടേക്കർ തസ്തികയിൽ 10 ഒഴിവുകൾ പ്രൊവിഷണലായി 20-6-2017-ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത അനാഥാലയങ്ങൾ

290(3654) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്റ്റർ ചെയ്ത എത്ര അനാഥാലയങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഇതിൽ എല്ലാം കൂടി എത്ര അന്തേവാസികൾ ഉണ്ട്;

(ബി) അന്തേവാസികൾക്ക് മതിയായ സംരക്ഷണവും സേവനവും ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിനു കീഴിൽ രജിസ്റ്റർ ചെയ്ത് 1830 ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ 70,838 അന്തേവാസികളുണ്ട്.

(ബി) ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അംഗീകാരം നൽകുന്നതിനും സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ഈ ബോർഡിൽ മെമ്പർ സെക്രട്ടറി ഉൾപ്പെടെ 15 അംഗങ്ങളാണുള്ളത്. ബോർഡ് അംഗങ്ങൾ സ്ഥാപനം സന്ദർശിച്ച് പരിശോധന നടത്തി അവിടെ കണ്ടെത്തിയ കാര്യങ്ങൾ ബോർഡിൽ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിക്കാറുണ്ട്. ക്ഷേമസ്ഥാപനങ്ങളിൽ സംരക്ഷിക്കപ്പെടുന്നവർക്ക് കൗൺസിലിംഗ് നൽകുന്നതിനായി കരാർ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 40 കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്.

ജില്ലാതലത്തിൽ ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തന മേൽനോട്ടം വഹിക്കുന്നതിനായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി കൃത്യമായി യോഗം ചേർന്ന് ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനതലത്തിൽ ക്ഷേമസ്ഥാപനങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല അവലോകന സമിതി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി വർഷത്തിലൊരിക്കൽ യോഗം ചേരുകയും ക്ഷേമസ്ഥാപനങ്ങളുടെയും ബോർഡിന്റെയും പ്രവർത്തനം വിലയിരുത്തുകയും ക്ഷേമസ്ഥാപനങ്ങളുടെ നിരീക്ഷണം കാര്യക്ഷമമാക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

## എൻഡോസൾഫാൻ ദുരിതാശ്വാസ വില്ലേജ് പദ്ധതി

291 (3655) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് എൻഡോസൾഫാൻ ദുരിതാശ്വാസ വില്ലേജ് പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പദ്ധതിയുടെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഇല്ല. എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ ഒരു പുനരധിവാസ ഗ്രാമം സ്ഥാപിക്കുന്നതിനായി ഹാബിറ്റാറ്റ് ഗ്രൂപ്പ് സമർപ്പിച്ച 25 കോടി രൂപയുടെ പ്രോജക്ട് സാമൂഹ്യനീതി ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ ടി പ്രോജക്ടിനായി ബഡ്ജറ്റിൽ പ്രത്യേകമായി തുക വകയിരുത്തിയിരുന്നില്ല.

എൻഡോസൾഫാൻ ദുരിതബാധികർക്കുള്ള റീഹാബിലിറ്റേഷൻ വില്ലേജിൽ തൊഴിൽ പരിശീലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, വിദഗ്ദ്ധ ആരോഗ്യ പരിപാലനം, ഷോർട്ട് സ്റ്റേ, മാനസിക വികസനത്തിനുള്ള വ്യക്ത്യാധിഷ്ഠിത കോഴ്സുകൾ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിലുള്ളത്. പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽനിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി കണ്ടെത്തുകയും സാമൂഹ്യനീതി വകുപ്പിന് ഉപയോഗാനുമതിയും പ്രവർത്തനാനുമതിയും നൽകി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി 5 കോടി രൂപ പ്രഭാകരൻ കമ്മീഷൻ പാക്കേജിൽ ഉൾപ്പെടുത്തി ജില്ലാ കളക്ടർക്ക് അനുവദിച്ചിരുന്നു. പ്രസ്തുത 5 കോടി രൂപ ചെലവഴിക്കുന്നതിന് 25-10-2017-ലെ സ.ഉ.(സാധാ)708/17/സാ.നീ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്ന ടി പുനരധിവാസ ഗ്രാമത്തിന്റെ രൂപകല്പന കോഴിക്കോട് ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് സാമൂഹ്യനീതി ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ട് 6-5-2018-ലെ സ.ഉ.(സാധാ) നമ്പർ 261/2018/സാ.നീ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

## ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ

292(3656) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ-ന്യൂനപക്ഷ ഹോസ്റ്റലുകൾ, അനാഥാലയങ്ങൾ, പുനരധിവാസ കേന്ദ്രങ്ങൾ എന്നിവയിലെ താമസക്കാർക്ക് ബി.പി.എൽ. നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുവാൻ കേന്ദ്രസർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച ശിപാർശ സംസ്ഥാനം കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് എത്ര പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ അഗതി മന്ദിരങ്ങൾ, അനാഥാലയങ്ങൾ, വൃദ്ധസദനങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ ഹോസ്റ്റലുകൾ തുടങ്ങിയ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളെ വെൽഫെയർ സ്കീമിൽ ഉൾപ്പെടുത്തി ഓരോ അന്തേവാസിക്കും കുറഞ്ഞ നിരക്കിൽ പ്രതിമാസം 15 കിലോഗ്രാം ഭക്ഷ്യധാന്യം വിതരണത്തിനായി ലഭ്യമാക്കുന്ന തരത്തിലാണ് കേന്ദ്രം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

(ബി) ഉണ്ട്; ആകെ ഗുണഭോക്താക്കളുടെ എണ്ണം 99441.

## റേഷൻ സാധനങ്ങൾ സംഭരിക്കുന്നതിനുള്ള സംവിധാനങ്ങൾ

293(3657) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ സാധനങ്ങൾ സംഭരിക്കുന്നതിനും വിതരണം നടത്തുന്നതിനുമായി ഓരോ താലൂക്ക് സപ്ലൈ ആഫീസുകളോടും ചേർന്ന് എന്തൊക്കെ സംവിധാനങ്ങളാണുള്ളത്;

(ബി) ഈ റേഷൻ സാധനങ്ങളും മറ്റ് അവശ്യവസ്തുക്കളും സൂക്ഷിക്കുന്ന ഗോഡൗണുകൾ പലതും മതിയായ വൃത്തിയിൽ സൂക്ഷിക്കാത്തതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മതിയായ ശുചിത്വം പാലിക്കാത്ത ഗോഡൗണുകൾ അടച്ചുപൂട്ടാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ഡി) ഓരോ താലൂക്ക് സപ്ലൈ ആഫീസുകളോടും ചേർന്ന് സ്വന്തമായി ഗോഡൗൺ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതി എത്ര സ്ഥലങ്ങളിൽ നടപ്പാക്കിയിട്ടുണ്ട് ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) റേഷൻ ഭക്ഷ്യധാന്യങ്ങൾ സംഭരണം നടത്തുന്നതിനും വിതരണം ചെയ്യുന്നതിനുമായി എല്ലാ താലൂക്കുകളിലും ഗോഡൗൺ കണ്ടെത്തുകയും എഫ്.സി.ഐ.-ൽനിന്നും സി.എം.ആർ. മില്ലുകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ വിട്ടെടുത്ത് കാര്യക്ഷമമായി വിതരണം നടത്തിയും വരുന്നു.

(ബി&സി) പി.ഡി.എസ്. ഡിപ്പോകളിലെത്തുന്ന ഭക്ഷ്യധാന്യങ്ങൾ കൃത്യമായി അട്ടിയിട്ട് സൂക്ഷിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ ചില ഗോഡൗണുകളിലെ സ്ഥലപരിമിതിയും എഫ്.സി.ഐ.-ൽനിന്നും ഭക്ഷ്യധാന്യങ്ങൾ ലഭിക്കുന്ന ചാക്കുകളുടെ പഴക്കംമൂലം ചാക്ക് പൊട്ടി ഭക്ഷ്യധാന്യങ്ങൾ നഷ്ടപ്പെട്ട് പോകുന്ന സാഹചര്യവും ഉണ്ടാകാറുണ്ട്. ഓരോ താലൂക്കിന്റെയും 3 മാസത്തെ ആവശ്യകതയ്ക്ക് അനുസരിച്ചുള്ള ഭക്ഷ്യധാന്യങ്ങൾ സൂക്ഷിക്കുന്നതിനാവശ്യമായ ഒരു ഗോഡൗൺ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) വലിയതുറ (തിരുവനന്തപുരം), കൊല്ലം, തിരുവല്ല, കല്ലുഗോഡൗൺ (കൊച്ചി) എന്നിവിടങ്ങളിൽ സ്വന്തം ഗോഡൗൺ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## മാവേലി സ്റ്റോറുകളിൽ ഗുണനിലവാരമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ വില്പന നടത്താൻ നടപടി

294(3658) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ വസ്തുക്കളിലെ മായം ചേർക്കൽ പരിശോധിച്ച് നടപടി സ്വീകരിക്കാനും മാവേലി സ്റ്റോറുകളിൽ ഉൾപ്പെടെ ഗുണനിലവാരമുള്ള ഭക്ഷ്യ പദാർത്ഥങ്ങൾ വില്പന നടത്തുവാനുംവേണ്ട നടപടികൾ സ്വീകരിക്കുമോ ;

(ബി) റേഷൻ ഗോതമ്പുകളിൽ ഉൾപ്പെടെ വ്യാപകമായ തോതിൽ മണലും ചെളിയും കലർത്തി ലഭ്യമാക്കുന്നത് തടയാനും ഇവയുടെ നിലവാരമുയർത്തുവാനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമ പ്രകാരമാണെന്ന് ഉറപ്പുവരുത്താൻ പരിശോധന നടത്തിയതിനുശേഷമാണ്

സാധനങ്ങൾ സ്വീകരിക്കുന്നത്. കൂടാതെ CFRD, Regional Analytical Lab, NABL (National Accredition Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും ഉൽപ്പന്നങ്ങൾ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്.

(ബി) NFSA ഗോഡൗണിൽനിന്നും റേഷൻ ഡിപ്പോകളിലേയ്ക്ക് ഗോതമ്പ് വിതരണം ചെയ്യുന്നതിനുമുമ്പ് ഡിപ്പോയിലെ ക്വാളിറ്റി അഷ്വറൻസ് ഉദ്യോഗസ്ഥൻ ഉൾപ്പെട്ട കമ്മിറ്റി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

## ഹോട്ടൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്നതിനെതിരെ നടപടി

295(3659) <u>ശ്രീ. പി. കെ. ബഷീർ :</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകളിൽ ഭക്ഷണത്തിന് അമിതവില ഈടാക്കുന്നത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനത്തെ ഭക്ഷണശാലകൾക്ക് നിലവാരം അനുസരിച്ച് തരം തിരിച്ച് ഗ്രേഡിംഗ് നൽകുന്നതിനും അത് പ്രകാരം ഭക്ഷണത്തിന് വില നിശ്ചയിക്കുന്നതിനും സർക്കാർതലത്തിൽ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാർ നിയമനിർമ്മാണവുമായി മുന്നോട്ട് പോയിരുന്നുവോ; എങ്കിൽ ഇക്കാര്യത്തിൽ ഈ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഹോട്ടലുകളിൽ ഭക്ഷണസാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് നിയമംമൂലം നിർബന്ധമാക്കിയിട്ടുണ്ട്. നിലവിലെ നിയമമനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില ഉപഭോക്താക്കൾ കാണത്തക്കവിധം ഹോട്ടലുകളിൽ

പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ചിരിക്കുന്നതിലും കൂടുതൽ വില ഭക്ഷണസാധനങ്ങൾക്ക് ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് സിവിൽ സപ്ലൈസ് വകുപ്പിനുള്ളത്. ഇത് ഉറപ്പുവരുത്തുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ മാത്രമായും റവന്യൂ, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്നും നിരന്തരം പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1977-ലെ ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ, 1977-ലെയും 1980-ലെയും കേരള എസൻഷ്യൽ കമ്മോഡിറ്റീസ് (മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആൻഡ് ഡിസ്പ്ലേ ഓഫ് പ്രൈസസ് ആൻഡ് സ്റ്റോക്ക്സ്) ഓർഡർ എന്നിവ പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഭക്ഷണ സാധനങ്ങളുടെ ഗുണമേന്മ, അളവ്, ഹോട്ടലുകളുടെ അടിസ്ഥാനസൗകര്യങ്ങൾ, നൽകുന്ന സേവനം എന്നിവയുടെ അടിസ്ഥാനത്തിൽ ഒരേയിനം ഭക്ഷണസാധനങ്ങൾക്ക് വിവിധ തരത്തിൽ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലെ നിയമമനുസരിച്ച് ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ ഏകീകരിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്നും വിലവിവരപ്പട്ടികയിൽ പ്രദർശിപ്പിച്ച നിരക്കിലും അധികമായി വില ഈടാക്കുന്നുണ്ടോയെന്നും പരിശോധിക്കുന്നതിനുള്ള അധികാരം മാത്രമാണ് വകുപ്പിനുള്ളത്.

(സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് രൂപം നൽകിയ 2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബിൽ നമ്പർ 382 ആയി പ്രസിദ്ധീകരിച്ചുവെങ്കിലും പതിമൂന്നാം കേരള നിയമസഭാ സമ്മേളന കാലയളവിൽ വയ്ക്കാൻ കഴിയാത്തതിനാൽ ലാപ്സായിരുന്നു. തുടർന്ന് ഹോട്ടലുകളെ ഗ്രേഡ് ചെയ്ത് വില ഏകീകരിക്കുന്നതിനുള്ള ശ്രമം സർക്കാർ പരിശോധിച്ചു. നിയമംമൂലമുള്ള ഭക്ഷണ വില ഏകീകരണത്തിന് സാധ്യതയില്ലെന്നും അത് അപ്രായോഗികമാണെന്നും ടി ബില്ലിന് പ്രസക്തിയില്ലായെന്നും കണ്ടതിനാൽ മറ്റ് എന്ത് നടപടികൾ സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചുവരുന്നു.

## ഓൺലൈൻ വിപണന സംവിധാനം

296(3660) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടേയും സർക്കാർ സംരംഭങ്ങളുടേയും ഉൽപ്പന്നങ്ങൾക്കും കാർഷിക വിളകൾക്കും വിപണി കണ്ടെത്തുന്നതിനായി സിവിൽ സപ്ളൈസ് വകുപ്പ് മുഖാന്തരം ഓൺലൈൻ വിപണന സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ സംവിധാനം നടപ്പിലാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) നിലവിൽ തീരുമാനിച്ചിട്ടില്ല.

## കുപ്പിവെള്ള വിപണിയിലെ കൊള്ളലാഭം തടയുന്നതിനുള്ള നടപടി

297(3661) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ള വിപണിയിലെ കൊള്ളലാഭം തടയുന്നതിന് ഈ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) കുപ്പിവെള്ള വിപണിയിലെ കൊള്ളലാഭം തടയുന്നതിന് കുപ്പിവെള്ളത്തെ അവശ്യ വസ്തുവായി പ്രഖ്യാപിച്ച് വിജ്ഞാപനമിറക്കി വില നിയന്ത്രണം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കുപ്പിവെള്ള വിപണിയിലെ പരിശോധനയുമായി ബന്ധപ്പെട്ട് ലീഗൽ മെട്രോളജി വകുപ്പ് 88 കേസുകൾ കണ്ടെത്തുകയും 4,91,500 രൂപ രാജിഫീസ് ഈടാക്കുകയും ചെയ്തിട്ടുണ്ട്.

## വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ

298(3662) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2018 കാലഘട്ടത്തിൽ പൊതുവിതരണ സമ്പ്രദായത്തിൽ വന്ന കാതലായ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയതിനെ തുടർന്ന് സംസ്ഥാനത്ത് പൊതുവിപണിയിൽ ഉണ്ടായ വിലക്കയറ്റം നിയന്ത്രിക്കുന്നതിന് പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) അവശ്യസാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പൊതുവിപണിയിൽ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിനും കാര്യമായ ഇടപെടലുകൾ നടത്തുന്നതിനും സർക്കാരിന്റെ പരിമിതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് 2016 നവംബറിൽ നടപ്പിലാക്കിയിട്ടുണ്ട്. എൻഡ്-ടു-എൻഡ് കമ്പ്യൂട്ടറൈസേഷൻ, ഇ-പോസ് മെഷീനുകളുടെ ഉപയോഗം, ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം എന്നിവ നടപ്പിലാക്കി. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ച് റേഷൻ സംവിധാനം ഡിജിറ്റലൈസ് ചെയ്തിട്ടുണ്ട്. ഇപ്രകാരം റേഷൻ സംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവും ഫലപ്രദവുമായി തീർന്നു.

(ബി&സി) വിലക്കയറ്റം തടയുന്നതിന് നിലവിലുള്ള കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി പ്രകാരം വിപണിയിൽ കൂടുതൽ സ്റ്റോക്ക് എത്തിച്ച് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുകവഴി വിലനിലവാരം നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെ വിലസ്ഥിരത ഉറപ്പുവരുത്തുന്നുണ്ട്. ഇതിനുപുറമെ 28 ഇനം ഫ്രീസെയിൽ സബ്സിഡി ഉൽപ്പന്നങ്ങൾ, സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാന്റഡ് കമ്പനികളുടെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് എന്നിവയും പൊതുവിപണിയിലേതിനെക്കാൾ വിലക്കുറവിൽ

വിൽപ്പന നടത്തുന്നുണ്ട്. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ ഉൽപ്പാദന കേന്ദ്രങ്ങളിൽനിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

ഉത്സവകാലങ്ങളിൽ നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമെ പ്രത്യേക ഉത്സവച്ചന്തകൾ സംഘടിപ്പിക്കാറുണ്ട്. അവശ്യ സാധനങ്ങളായ പയറുവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

(ഡി) വിലനിലവാരം നിയന്ത്രിക്കുന്നതിന് സർക്കാരിന് വളരെയധികം കഴിഞ്ഞിട്ടുണ്ട്. ഉപഭോക്തൃ സംസ്ഥാനമായതിനാൽ ചരക്കുഗതാഗത കൂലി വർദ്ധിക്കുന്നത് പെട്രോളിയം ഉൽപ്പന്നങ്ങളായ പെട്രോൾ/ഡീസൽ എന്നിവയുടെ വിലവർദ്ധനവിനെ അടിസ്ഥാനമാക്കിയായതിനാൽ വില വർദ്ധിക്കുമെന്നത് സ്വാഭാവികമാണ്.

## ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം

299(3663) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ പ്രതിവർഷം കേന്ദ്രത്തിൽനിന്ന് ലഭിച്ച ഭക്ഷ്യധാന്യങ്ങളുടെ വിവരങ്ങൾ നൽകാമോ;

(ബി) ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും മായം ചേർക്കൽ തടയുന്നതിനും വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഇതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പ്രതിവർഷം കേന്ദ്രത്തിൽ നിന്ന് ലഭിച്ച ഭക്ഷ്യധാന്യങ്ങളുടെ (അന്നപൂർണ്ണ, വെൽഫെയർ അലോട്ട്മെന്റുകൾ ഉൾപ്പെടെ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും മായംചേർക്കൽ തടയുന്നതിനും ഭക്ഷ്യവകുപ്പിൽ സംവിധാനമില്ല. ആയത് പരിശോധിക്കുന്നത് ആരോഗ്യ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഭക്ഷ്യ സുരക്ഷാവകുപ്പാണ്.

(സി) ബാധകമല്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## അന്നപൂർണ്ണ പദ്ധതി

300(3664) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്നപൂർണ്ണ പദ്ധതി പ്രകാരം എത്ര പേർക്ക് സൗജന്യ നിരക്കിൽ റേഷൻ ധാന്യങ്ങൾ നൽകുന്നുണ്ട്; വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) അന്നപൂർണ്ണ പദ്ധതിക്കായി 2017-18 വർഷത്തിൽ എത്ര തുക അനുവദിച്ചിരുന്നു; ചെലവഴിച്ചതെത്ര; വിശദാംശം ലഭ്യമാക്കാമോ;

(സി) അനുവദിക്കപ്പെട്ട മുഴുവൻ തുകയും ചെലവഴിച്ച് അർഹതപ്പെട്ട എല്ലാവർക്കും സൗജന്യ റേഷൻ നൽകുന്നതിനായി മാനദണ്ഡങ്ങളിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 5726 പേർക്ക് അന്നപൂർണ്ണ പദ്ധതി പ്രകാരം സൗജന്യ നിരക്കിൽ റേഷൻ ധാന്യങ്ങൾ നിലവിൽ നൽകുന്നുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 389 |
| കൊല്ലം | 518 |
| പത്തനംതിട്ട | 226 |
| ആലപ്പുഴ | 327 |
| കോട്ടയം | 427 |
| ഇടുക്കി | 121 |
| എറണാകുളം | 448 |
| തൃശ്ശൂർ | 568 |
| പാലക്കാട് | 205 |
| മലപ്പുറം | 682 |
| കോഴിക്കോട് | 613 |
| വയനാട് | 329 |
| കണ്ണൂർ | 451 |
| കാസർഗോഡ് | 422 |
| ആകെ | 5726 |

(ബി) 254 ലക്ഷം രൂപ അനുവദിച്ചു. അതിൽ 04.2 ലക്ഷം രൂപ ചെലവ് വന്നിട്ടുണ്ട്.

(സി) അന്നപൂർണ്ണ കേന്ദ്ര സർക്കാർ പദ്ധതിയാണ്. അതിനുള്ള മാനദണ്ഡം തയ്യാറാക്കിയിട്ടുള്ളത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരിന് പ്രസ്തുത മാനദണ്ഡങ്ങളിൽ മാറ്റങ്ങൾ വരുത്തുന്നതിന് സാദ്ധ്യമല്ല.

**കൊയിലാണ്ടി മണ്ഡലത്തിൽ പുതിയ റേഷൻ കാർഡ്**

301(3665) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിനായുള്ള എത്ര അപേക്ഷകൾ കൊയിലാണ്ടി മണ്ഡലത്തിൽനിന്നും ലഭിച്ചിട്ടുണ്ട്; ആയതിൽ എത്രയെണ്ണത്തിന് പുതുതായി കാർഡ് അനുവദിച്ചിട്ടുണ്ട്; ബാക്കി എത്രയെണ്ണം ഉണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാർഡിലെ തെറ്റ് തിരുത്തലും കൂട്ടിച്ചേർക്കലുകളും നടത്തുന്നതിന് ജനങ്ങൾക്ക് ബുദ്ധിമുട്ടില്ലാത്തവിധം ക്രമീകരണം ഒരുക്കുന്നതിന് ശ്രദ്ധിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽനിന്നും പുതിയ റേഷൻകാർഡിനായി 573 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയത് ഡാറ്റാ എൻട്രി നടത്തി പ്രിന്റ് ചെയ്ത് വിതരണം നടത്തുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

(ബി) റേഷൻ കാർഡുകളിലുണ്ടായിരുന്ന തെറ്റുകൾ തിരുത്തുക, കാർഡുകളിൽ നിന്ന് പേരുകൾ കുറവ് ചെയ്യുക, കാർഡുകളിൽ ഇല്ലാത്തവരുടെ പേരുകൾ കൂട്ടിച്ചേർക്കുക, റേഷൻ കാർഡ് ഒരു താലൂക്കിൽ നിന്ന് മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റുക തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2018 ജൂൺ 15 മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിലൂടെ അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**പുതിയ റേഷൻ കാർഡ് ലഭിക്കാൻ കാലതാമസം**

302(3666) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട് ആനുകൂല്യം ലഭിക്കുന്നതിന് റേഷൻ കാർഡ് നിർബന്ധമാണെന്നിരിക്കെ പുതിയ റേഷൻ കാർഡ് ലഭിക്കാൻ ഇനിയും കാലതാമസം ഉണ്ടാവാൻ സാദ്ധ്യതയുള്ള സാഹചര്യത്തിൽ ലൈഫ്

പദ്ധതിയിൽ അപേക്ഷിക്കാൻ ആഗ്രഹിക്കുന്നവർക്ക് എത്രയും വേഗം റേഷൻ കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയിൽ വീടിനായി അപേക്ഷിക്കുമ്പോൾ ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ടവരെയാണ് ഒരു കുടുംബമായി പരിഗണിച്ചത്. അതുകൊണ്ടുതന്നെ കാർഡിൽനിന്ന് പേര് വെട്ടി പുതിയ റേഷൻ കാർഡ് എടുക്കാൻ കഴിയാത്തവരുടെ പല അപേക്ഷകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിരസിച്ചിട്ടുണ്ട്. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിതിനെത്തുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23-5-2018 ലെ ഡിബി1/374/18/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം റേഷൻ കാർഡ് ഇല്ല എന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തെയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്ന് ഒഴിവാക്കരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പുതിയ റേഷൻ കാർഡ് ലഭിക്കുന്നതിന് 15-2-2018 മുതൽ അപേക്ഷ സ്വീകരിച്ചുതുടങ്ങി. അവസാന തീയതി നിശ്ചയിച്ചിട്ടില്ല.

**എല്ലാ റേഷൻ കാർഡുകൾക്കും ഒരേ നിറം**

303(3667) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എല്ലാ റേഷൻ കാർഡുകളും ഒരേ നിറത്തിലാക്കാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

പി.ഡി.എസ്. കൺട്രോൾ ഓർഡർ, 2015 ലെ ക്ലോസ് (5) പ്രകാരം മുൻഗണനാ/എ.എ.വൈ. ഗുണഭോക്താക്കൾക്ക് സംസ്ഥാന സർക്കാർ വ്യത്യസ്തമായ കാർഡുകൾ നൽകണമെന്ന് നിഷ്കർഷിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രത്യേകം തിരിച്ചറിയുന്നതിനുവേണ്ടിയാണ് വ്യത്യസ്ത നിറം നൽകിയിട്ടുള്ളത്. റേഷൻ സംവിധാനം പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച് കഴിഞ്ഞാൽ സ്മാർട്ട് കാർഡുകൾ നൽകാൻ കഴിയും. ആ സന്ദർഭത്തിൽ നിറവ്യത്യാസത്തിന്റെ പ്രശ്നങ്ങൾ അവസാനിക്കും.

## റേഷൻ കാർഡ് വിഭജിച്ച് നൽകുന്നതിന് നടപടി

304(3668) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് വിഭജിച്ച് പുതിയ റേഷൻ കാർഡ് നൽകുന്നതെന്നു മുതലാണ് നിർത്തി വച്ചത്;വിശദമാക്കുമോ;

(ബി) നിലവിലുള്ള റേഷൻ കാർഡിൽനിന്നും പേരു വെട്ടി മാറ്റി പുതിയ റേഷൻ കാർഡ് എടുക്കുന്നതിന് നിരവധി അപേക്ഷകർ ഉണ്ടെന്നുള്ളത് കണക്കിലെടുത്ത് ആവശ്യമായ നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 2014 ജൂലൈയിലാണ് സംസ്ഥാനത്ത് റേഷൻ കാർഡ് വിഭജിച്ച് പുതിയ റേഷൻ കാർഡുകൾ അവസാനമായി അനുവദിച്ചത്.

(ബി) നിലവിലുള്ള റേഷൻ കാർഡിൽനിന്നും പേര് വെട്ടിമാറ്റി പുതിയ റേഷൻ കാർഡ് എടുക്കുന്നതിനുള്ള അപേക്ഷകൾ ജൂൺ മാസം മുതൽ സ്വീകരിച്ച് തുടങ്ങുന്നതിനും അവ അതത് താലൂക്ക് സപ്ലൈ ഓഫീസുകളിൽ നിന്നുതന്നെ അച്ചടിച്ച് നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

## താൽക്കാലിക റേഷൻകാർഡ് ഉടമകൾ

305(3669) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

താൽക്കാലിക റേഷൻ കാർഡ് ഉടമകൾക്ക് 2018 ജൂൺ കഴിഞ്ഞ് കേന്ദ്ര വിഹിത ആനുകൂല്യം ലഭിക്കുന്നതിനു വേണ്ടി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഉത്തരം

താൽക്കാലിക റേഷൻ കാർഡുടമകൾക്ക് 2018 ജൂൺ മുതൽ പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. സ്ഥിരം റേഷൻ കാർഡുകൾ ലഭ്യമാകുന്ന മുറയ്ക്ക് അർഹതപ്പെട്ട റേഷൻ വിഹിതം ലഭിക്കുന്നതാണ്.

## പുതിയ റേഷൻകാർഡ് വിതരണം

306(3670) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) നിലവിലെ റേഷൻ കാർഡിലെ വിലാസത്തിൽനിന്നും താമസം മാറിയതിനെ തുടർന്ന് റേഷൻ കാർഡ് പുതിയ സ്ഥലത്തേക്ക് മാറ്റുന്നതിന് നിലവിൽ അനുവദിക്കാത്തത് ഒട്ടേറെയാളുകൾക്ക് പ്രയാസം ഉണ്ടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുകാരണം റേഷൻ വാങ്ങുവാൻ വേണ്ടി മുമ്പ് താമസിച്ചിരുന്ന ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ട അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പുതിയ മേൽവിലാസത്തിലേക്ക് റേഷൻ കാർഡുകൾ മാറ്റുന്നതിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പൂർത്തിയായിട്ടില്ല.

(ബി-ഡി) റേഷൻ കാർഡുകളിലുണ്ടായിരുന്ന തെറ്റുകൾ തിരുത്തുക, കാർഡുകളിൽ നിന്ന് പേരുകൾ കുറവ് ചെയ്യുക, കാർഡുകളിൽ ഇല്ലാത്തവരുടെ പേരുകൾ കൂട്ടിച്ചേർക്കുക, റേഷൻകാർഡ് ഒരു താലൂക്കിൽ നിന്ന് മറ്റൊരു താലൂക്കിലേയ്ക്ക് മാറ്റുക തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 2018 ജൂൺ 25 മുതൽ താലൂക്ക് സപ്ലൈ ഓഫീസുകളിലൂടെ അപേക്ഷകൾ സ്വീകരിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## മാന്വലായി റേഷൻ വിതരണം നടത്തുന്നത് അവസാനിപ്പിക്കാൻ നടപടി

307(3671) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇനി എവിടെയെല്ലാം ഇ-പോസ് സംവിധാനം നടപ്പിലാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇ-പോസ് മെഷീൻ സ്ഥാപിച്ചതിനുശേഷവും പല കാരണങ്ങൾ പറഞ്ഞ് റേഷൻ വിതരണം മാന്വലായി നടത്തുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ പ്രവണത അവസാനിപ്പിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ - സി) സംസ്ഥാനത്തെ മൊബൈൽ കണക്ടിവിറ്റിയില്ലാത്ത 42 റേഷൻ കടകളൊഴികെ മറ്റെല്ലാ റേഷൻ കടകളിലും എല്ലാ റേഷൻ സാധനങ്ങളും ഇ-പോസ് മെഷീൻ വഴിയാണ് വിതരണം ചെയ്യുന്നത്. കണക്ടിവിറ്റിയില്ലാത്ത കടകളിൽ മാന്വലായി റേഷൻ വതരണം നടത്തുന്നുണ്ട്. ഒരാൾക്കും റേഷൻ നിഷേധിക്കപ്പെടരുതെന്ന സദുദ്ദേശ്യത്തോടെ ഏർപ്പെടുത്തിയ ഈ സംവിധാനം ദുരുപയോഗപ്പെടുത്തി റേഷൻ സാധനങ്ങൾ തിരിമറി നടത്തുന്നതായി ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആതന്റിക്കേഷനില്ലാത്ത ട്രാൻസാക്ഷനുകൾ കൂടുതലായി നടത്തുന്ന റേഷൻകടകളിൽ പരിശോധന നടത്തി ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വ്യക്തി അറിയാതെ ആധാർ ആതന്റിക്കേഷൻ നടത്തി എന്ന പരാതികളിന്മേലും അന്വേഷിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

**പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന് നടപടി**

308(3672) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കൂടുതൽ ഭക്ഷ്യ വസ്തുക്കൾ റേഷൻ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നതിന്റെ സാദ്ധ്യത പരിശോധിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ;

(ബി) നിലവിൽ അരി കൂടാതെ ഏതൊക്കെ ഭക്ഷ്യവസ്തുക്കളാണ് റേഷൻ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നത്;

(സി) റേഷൻ ഷോപ്പുകൾ വഴി കൂടുതൽ ഭക്ഷ്യധാന്യങ്ങളും ഭക്ഷ്യ വസ്തുക്കളും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വിൽക്കുന്ന സബ്സിഡി ഇതര/നോൺ മാവേലി സാധനങ്ങൾ തെരഞ്ഞെടുത്ത റേഷൻ കടകൾ വഴി വിൽക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ സംസ്ഥാനതല ഉദ്ഘാടനം മേയ് മാസം 18-ാം തീയതി കണ്ണൂരിൽ വച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിച്ചു. നിലവിൽ അരി, ഗോതമ്പ്, ആട്ട എന്നീ ഭക്ഷ്യസാധനങ്ങളാണ് വിതരണം ചെയ്യുന്നത്. 15-15-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷിയോഗം കൂടുതൽ കേന്ദ്ര വിഹിതം നൽകണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ സന്ദർശിക്കുന്നതിന് സർവ്വകക്ഷി പ്രതിനിധി സംഘത്തെ അയയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## ഇടപ്പള്ളി മാർക്കറ്റിനുള്ളിൽ പ്രവർത്തിക്കുന്ന റേഷൻകട

309(3673) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടപ്പള്ളി മാർക്കറ്റിനുള്ളിൽ എ.ആർ.ഡി. 89-ാം നമ്പർ റേഷൻ കട പ്രവർത്തിക്കുന്നത് വളരെ വൃത്തിഹീനമായ ചുറ്റുപാടിലാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് ഈ റേഷൻ കടയിലേക്ക് പോകുന്നതിനും സാധനങ്ങൾ വാങ്ങുന്നതിനും വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യത്തിൽ ഈ റേഷൻകട മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ&ബി) ഉണ്ട്. എറണാകുളം സിറ്റി റേഷനിംഗ് ഓഫീസറുടെ അധികാര പരിധിയിൽപ്പെട്ട എ.ആർ.ഡി. 89 ഇടപ്പള്ളി മാർക്കറ്റിൽ ഇറച്ചിക്കടകളോട് ചേർന്ന് പ്രവർത്തിച്ചുവരുന്നതിനാൽ കാർഡുടമകൾക്ക് റേഷൻ വാങ്ങാൻ വളരെയധികം ബുദ്ധിമുട്ട് നേരിടുന്നുവെന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. ടി. തോമസ് പരാതിപ്പെട്ടതിനെതുടർന്ന് 6-4-2018-ൽ പ്രസ്തുത കട അടിയന്തരമായി മാറ്റി സ്ഥാപിക്കണമെന്ന് നോട്ടീസ് നൽകിയിരുന്നു. എന്നാൽ സൗകര്യപ്രദമായ മറ്റ് കടമുറി ലഭ്യമാകാത്തതിനാൽ കട മാറ്റി സ്ഥാപിക്കാൻ സാധിച്ചില്ല. ബഹുമാനപ്പെട്ട എം.എൽ.എ. ടി പരാതി വീണ്ടും ഉന്നയിച്ചതിനെ തുടർന്ന് 7 ദിവസത്തിനകം പുതിയ കടമുറി കണ്ടെത്തുന്നതിന് ലൈസൻസിക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുള്ളതിനാൽ എ.ആർ.ഡി. 89-ലെ കാർഡുടമകൾക്ക് ഏത് റേഷൻ കടയിൽനിന്നും പോർട്ടബിലിറ്റി സംവിധാനം മുഖേന റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുണ്ട്.

## ഇ-പോസ് മെഷീൻ

310(3674) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ പുരോഗതി ജില്ല തിരിച്ച് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് പരീക്ഷണാർത്ഥം ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചത്; സ്ഥാപിക്കപ്പെട്ട മെഷീനുകൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(സി) ഇ-പോസ് മെഷീനുകൾ റേഷൻ വിതരണം സുതാര്യമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് മുഴുവൻ റേഷൻ കടകളിലും 2018 മേയ് മാസം മുതൽ ഇ-പോസ് മുഖേന റേഷൻ വിതരണം ആരംഭിച്ചിട്ടുണ്ട്. കണക്ടിവിറ്റി ലഭ്യമല്ലാത്ത 42 റേഷൻ കടകളിൽ ഇ-പോസ് സ്ഥാപിച്ചിട്ടുണ്ടെങ്കിലും പഴയപടി മാന്വൽ രീതിയിൽ റേഷൻ വിതരണം നടന്നുവരുന്നു. സംസ്ഥാനത്ത് നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകളൊഴികെ മറ്റെല്ലാ കടകളിലും മെഷീനുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിൽ 60 റേഷൻ കടകളിൽ പരീക്ഷണാർത്ഥം ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിരുന്നു. കണക്ടിവിറ്റി ലഭ്യമല്ലാത്തിടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവ്വീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടുവന്ന മെഷീനുകൾ മാറ്റി അടിയന്തരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്.

(സി) ഇ-പോസ് മെഷീൻ വഴി ആധാർ ആതന്റിക്കേഷൻ മുഖേന അർഹരായ ഉപഭോക്താക്കൾക്ക് അർഹമായ റേഷൻ വിതരണം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ കഴിയും. ഓരോ കാർഡിനും അർഹതപ്പെട്ട റേഷൻ വിഹിതം, കൈപ്പറ്റിയ വിഹിതം, ഓരോ കടയിലെയും സ്റ്റോക്ക് വിവരങ്ങൾ, വിതരണക്രമം മുതലായവ epos.kerala.gov.in എന്ന പോർട്ടലിലൂടെ നിരീക്ഷിക്കാൻ സാധിക്കും. സംസ്ഥാനത്തെ റേഷൻ വിതരണം പൂർണ്ണമായും ഇ-പോസ് മെഷീൻ വഴിയാക്കിയതോടെ പൊതുവിതരണ രംഗത്തുണ്ടായിരുന്ന എന്നുപറയുന്ന ആശാസ്യകരമല്ലാത്ത ചില പ്രവണതകൾ ഒരു പരിധിവരെ നിയന്ത്രിക്കാനും ഇല്ലാതാക്കാനും കഴിഞ്ഞിട്ടുണ്ട്. ആയതിലൂടെ റേഷൻവിതരണം സുതാര്യമായി മുന്നോട്ടുപോകുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

## ഇ-പോസ് മെഷീനിൽ വിരലടയാളം പതിക്കാതെയുള്ള റേഷൻ വിതരണം

311(3675) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-പോസ് മെഷീനിൽ വിരലടയാളം പതിക്കാതെ റേഷൻ വിതരണം നടത്തുവാൻ കഴിയുമോ; ആയത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇ-പോസ് മെഷീനിൽ വിരലടയാളം പതിക്കാതെ സംസ്ഥാനത്ത് ഇതുവരെ എത്ര പേർക്ക് റേഷൻ വിതരണം നടത്തിയിട്ടുണ്ട്;എത്ര ക്വിന്റൽ ഭക്ഷ്യധാന്യമാണ് ഇപ്രകാരം വിതരണം ചെയ്തിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ആധാർ സീഡ് ചെയ്തിട്ടില്ലെങ്കിലോ ആധാർ ആതന്റിക്കേഷൻ പരാജയപ്പെടുകയാണെങ്കിലോ ഇ-പോസ് മെഷീനുകളിൻ വൺടൈം പാസ്‌വേഡ് ഉപയോഗിച്ച് ആതന്റിക്കേറ്റ് ചെയ്യാൻ സാധിക്കും. എന്നാൽ മൊബൈൽ നമ്പർ ലഭ്യമാക്കിയിട്ടില്ലെങ്കിലോ മൊബൈൽ റേഷൻ കടയിൽ കൊണ്ടുവരാത്ത അവസരത്തിലോ OTP (One Time Password) ലഭ്യമാകാത്തതിനാൽ ആതന്റിക്കേഷനില്ലാതെ റേഷൻ വിതരണം നടത്തുന്നതിന് സാധിക്കും.

(ബി) 2018 മേയ് മാസത്തിൽ 708323 റേഷൻ കാർഡുകൾക്ക് ആതന്റിക്കേറ്റ് ചെയ്യാതെ റേഷൻ വിതരണം നടത്തിയിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

**ഇ-പോസ് സംവിധാനത്തിൽ റേഷൻ വിതരണം തടസ്സപ്പെടൽ**

312(3676) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇ - പോസ് സംവിധാനത്തിൽ തടസ്സങ്ങൾ ഉണ്ടായതുകാരണം റേഷൻ ലഭിക്കാത്തവർക്ക് അത് നൽകുന്നതിന് കൂടുതൽ സമയം അനുവദിക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്ത് നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻ കടകളൊഴികെ മറ്റെല്ലാ കടകളിലും മെഷീനുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. കണക്റ്റിവിറ്റി ലഭ്യമല്ലാത്ത ഇടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവ്വീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടുവന്ന മെഷീനുകൾ മാറ്റി അടിയന്തരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്. ചില സമയങ്ങളിൽ നെറ്റ്‌വർക്ക് തടസ്സം അനുഭവപ്പെടുന്നുണ്ടെങ്കിലും റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

---

\+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ

313(3677) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ വഴി ബാങ്കിംഗ് സേവനങ്ങൾ നല്കുന്നതിന് എന്തെങ്കിലും നീക്കമുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ-പോസ് മെഷീനുകൾ വഴി എ.ടി.എം.സേവനം നല്കുന്നത് സാധ്യമാണോ; എങ്കിൽ ആയതിന്റെ സാങ്കേതികത്വവും പ്രായോഗീകതയും വിശദമാക്കുമോ;

(സി) ഇതുമൂലം റേഷൻ കടയുടമകൾക്ക് ലഭ്യമാകുന്ന നേട്ടങ്ങൾ വ്യക്തമാക്കുമോ;

(ഡി) ബാങ്കുകൾക്ക് എ.ടി.എം. സ്ഥാപിക്കുന്നതിനുള്ള ചെലവ് കുറയുമെന്ന കാരണത്താൽ ഇ-പോസ് മെഷീൻ മുഖേന പണം പിൻവലിയ്ക്കാനുള്ള സേവനങ്ങൾക്ക് ബാങ്കുകളുടെ അനുമതി ലഭ്യമാകുമോ; ഇക്കാര്യത്തിൽ ബാങ്ക് പ്രതിനിധികളുമായി നടത്തിയ ചർച്ചയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) റേഷൻകടകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീനിലൂടെ എ.ടി.എം. ഉൾപ്പെടെയുള്ള എല്ലാ ബാങ്കിംഗ് സേവനങ്ങളും പൊതുജനങ്ങൾക്ക് നൽകാൻ സാധിക്കുന്നതാണ്. ആധാർ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഫിംഗർപ്രിന്റ് സ്കാനർ മുഖേനയോ ബാങ്കിന്റെ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത ശേഷം ഒരു പേയ്മെന്റ് ഗേറ്റ്‌വേ മുഖേനയോ ഇടപാടുകൾ നടത്താൻ സാധിക്കുന്നതാണെന്ന് കാനറാ ബാങ്ക് പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കാനറാ ബാങ്കുമായി ചർച്ചകൾ നടത്തിവരുന്നു.

(സി) ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ റേഷൻ കടയുടമകൾക്ക് 100 ഇടപാടുകൾക്ക് പ്രതിമാസം കമ്മീഷൻ ഇനത്തിൽ 2,500 രൂപ ലഭിക്കുകയും അതിൽ കൂടുതൽ ഇടപാടുകൾ നടത്തുന്നപക്ഷം ആനുപാതികമായി ഇൻസെന്റീവും ലഭിക്കുന്നതാണ്. പ്രതിമാസം നൂറിൽ താഴെ ഇടപാടുകൾ നടത്തുന്ന റേഷൻകട ഉടമകൾക്ക് ഇടപാടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവ് ലഭിക്കുന്നതാണ്.

(ഡി) റേഷൻകടകൾവഴി ബാങ്കിംഗ് സേവനങ്ങൾ നൽകുന്നത് സംബന്ധിച്ച് കാനറാ ബാങ്ക് പ്രതിനിധികളുമായി ചർച്ചകൾ നടത്തിവരുന്നു.

## പൊതുവിതരണ സംവിധാനം

314(3678) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തി വിലക്കയറ്റം തടയുന്നതിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വിലക്കയറ്റം തടയുന്നതിന് നിലവിലുള്ള കാര്യക്ഷമമായ വിപണിയിടപെടൽ പദ്ധതി പ്രകാരം വിപണിയിൽ കൂടുതൽ സ്റ്റോക്ക് എത്തിച്ച് കുറഞ്ഞ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കുകവഴി വിലനിലവാരം ഒരളവുവരെ നിയന്ത്രിക്കാൻ കഴിഞ്ഞിട്ടുണ്ട്. 14 ഇനം സബ്സിഡി സാധനങ്ങളുടെ വില വർദ്ധിപ്പിക്കാതെ വിലസ്ഥിരത ഉറപ്പുവരുത്തുന്നുണ്ട്. ഇതിനുപുറമെ 28 ഇനം ഫ്രീസെയിൽ സബ്സിഡി ഉൽപ്പന്നങ്ങൾ, സപ്ലൈകോയുടെ ശബരി ബ്രാൻഡിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാന്റഡ് കമ്പനികളുടെ ഫാസ്റ്റ് മൂവിംഗ് കൺസ്യൂമർ ഗുഡ്സ് എന്നിവയും പൊതുവിപണിയിലേതിനേക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തുന്നുണ്ട്. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി അരിക്കടകൾ തുടങ്ങുകയും നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ ഉൽപ്പാദന കേന്ദ്രങ്ങളിൽ നിന്ന് അരി സംഭരിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്യുന്നുണ്ട്.

ഉത്സവകാലങ്ങളിൽ നിലവിലുള്ള വിൽപ്പനശാലകൾക്ക് പുറമെ പ്രത്യേക ഉത്സവച്ചന്തകൾ സംഘടിപ്പിക്കാറുണ്ട്. അവശ്യസാധനങ്ങളായ പയർവർഗ്ഗങ്ങൾ, പലവ്യഞ്ജനങ്ങൾ, അരി, പഞ്ചസാര, വെളിച്ചെണ്ണ എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

## കാര്യക്ഷമമായി ഇ-പോസ് സംവിധാനം നടപ്പാക്കുന്നതിന് നടപടി

315(3679) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണത്തിന് ഇ-പോസ് സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നയിടങ്ങളിൽ വൈദ്യുതി തകരാറും ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്തതിനാലും ഗുണഭോക്താകൾക്ക് സാധനങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം പ്രശ്നങ്ങൾ ഒഴിവാക്കി, കാര്യക്ഷമമായി ഇ-പോസ് സംവിധാനം നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഏതെങ്കിലും സാഹചര്യത്തിൽ പ്രസ്തുത സംവിധാനം പ്രവർത്തിക്കാതെ വന്നാൽ ഗുണഭോക്താക്കൾക്ക് ബുദ്ധിമുട്ടില്ലാത്തതരത്തിൽ സാധനങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികളും സംവിധാനവും ഒരുക്കുമോ?

<u>ഉത്തരം</u>

(എ - സി) സംസ്ഥാനത്ത് മൊബൈൽ നെറ്റ്‌വർക്ക് കണക്ഷനില്ലാത്ത 42 റേഷൻകടകളൊഴികെ മറ്റെല്ലാ കടകളിലും മെഷീനുകൾ ശരിയായി പ്രവർത്തിക്കുന്നുണ്ട്. കണക്റ്റിവിറ്റി ലഭ്യമല്ലാത്തിടങ്ങളിൽ ഇ-പോസ് മുഖേനയല്ലാതെ പഴയ രീതിയിൽ റേഷൻ വിതരണം നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരമുള്ള സ്ഥലങ്ങളിൽ ബ്രോഡ് ബാൻഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-പോസ് മെഷീനുകൾക്ക് സാങ്കേതിക തകരാറുകൾ വരികയാണെങ്കിൽ അടിയന്തരമായി പ്രശ്നം പരിഹരിക്കുന്നതിന് താലൂക്ക് തലത്തിൽ സർവ്വീസ് എൻജിനീയർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കേടുവന്ന മെഷീനുകൾ മാറ്റി അടിയന്തരമായി പകരം മെഷീൻ സ്ഥാപിക്കുന്നതിനും സംവിധാനമുണ്ട്. ചില സമയങ്ങളിൽ നെറ്റ്‌വർക്ക് തടസ്സം അനുഭവപ്പെടുന്നുണ്ടെങ്കിലും റേഷൻ വിതരണം പൂർണ്ണമായും മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല.

**മുൻഗണനേതര വിഭാഗത്തിനുള്ള അരിയുടെ അളവ്**

316(3680) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനേതരവിഭാഗത്തിന് (നോൺ സബ്സിഡി) ഓരോ കാർഡിനും പ്രതിമാസം എത്ര കിലോ അരിയാണ് നല്കിവരുന്നത് ; ഇപ്പോൾ നല്കിവരുന്ന അരിയുടെ അളവ് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എത്ര രൂപയ്ക്കാണ് ഇപ്പോൾ ഇവർക്ക് അരി നൽകുന്നത് ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) മുൻഗണനേതര (നോൺ സബ്സിഡി) വിഭാഗത്തിന് ഓരോ കാർഡിനും അരിയും ഗോതമ്പും ഉൾപ്പെടെ അരിക്ക് കിലോഗ്രാമിന് 8.90 രൂപ നിരക്കിൽ 4 കിലോഗ്രാം ഭക്ഷ്യധാന്യവും കിലോഗ്രാമിന് 16 രൂപ പ്രകാരം 3 കിലോഗ്രാം ആട്ടയുമാണ് ഇപ്പോൾ നൽകിവരുന്നത്. 15-5-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗം ഭക്ഷ്യധാന്യ വിഹിതം വർദ്ധിപ്പിച്ച് നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന് നിവേദനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## ജയ അരിയുടെ പോഷകമൂല്യം സംബന്ധിച്ച് പഠനം

317(3681) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീമതി ഇ. എസ്. ബിജിമോൾ :

ശ്രീമതി ഗീതാ ഗോപി :

ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സപ്ലൈകോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ജയ അരി എന്ന പേരിൽ സപ്ലൈകോ വിതരണം ചെയ്യുന്ന ആന്ധ്ര അരിയുടെ യഥാർത്ഥ പേര് അറിയിക്കുമോ;

(സി) ജയ അരിയുടെ പോഷകമൂല്യം സംബന്ധിച്ച് എന്തെങ്കിലും പഠനം ഭക്ഷ്യവകുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്തുമോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ ജനങ്ങൾ ജയ അരി കൂടുതലായി ഉപയോഗിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 24 മാവേലി സ്റ്റോറുകൾ പുതിയതായി ആരംഭിക്കുകയും 14 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുകയും ചെയ്തു. ഇ-ടെണ്ടർ സംവിധാനത്തിനുപുറമെ ഇ-ഓക്ഷൻ കൂടി ഉൾപ്പെടുത്തി കുറഞ്ഞവില താരതമ്യം ചെയ്ത് വാങ്ങുന്ന രീതി നടപ്പിലാക്കി. ഗുണനിലവാരമുള്ള അരി സംസ്ഥാനത്തുനിന്നുതന്നെ ശേഖരിക്കാൻ ഓയിൽ പാം ഇന്ത്യ വിതരണം ചെയ്യുന്ന കുത്തരി നേരിട്ടുവാങ്ങുന്നതിനുള്ള സംവിധാനം എർപ്പെടുത്തി. സ്വകാര്യ മേഖലകളിലെ വിൽപ്പനശാലകളിൽ ലഭ്യമാകുന്നതരം ഉൽപ്പന്നങ്ങൾ എത്തിക്കാൻ മാനദണ്ഡങ്ങൾക്ക് വിധേയമായി കൂടുതൽ FMCG കമ്പനികളെ ഉൾപ്പെടുത്തി. നിലവിലുള്ള ഗോഡൗണുകൾ നവീകരിക്കാനും സ്വന്തമായി നിർമ്മിക്കാനും ആവശ്യമായ നടപടിയെടുത്തു. വാതിൽപ്പടി വിതരണം കാര്യക്ഷമമായി നടപ്പിലാക്കി. 100 വിൽപ്പനശാലകൾ നവീകരിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കിവരുന്നു.

(ബി) ജയ അരി എന്ന പേരിൽ ഇവിടെ അറിയപ്പെടുന്നതിന് ആന്ധ്രായിൽ ബൊണ്ടാലു എന്നാണ് പേര്.

(സി) നടത്തിയിട്ടില്ല. പഠനം നടത്തുന്ന കാര്യം പരിഗണനയിലില്ല.

(ഡി) സാമാന്യം കുറഞ്ഞ വിലയിൽ ലഭിക്കുന്ന ഗുണനിലവാരമുള്ള അരി ആയതിനാലാകണം കേരളത്തിലെ ജനങ്ങൾ ജയ അരി കൂടുതലായി ഉപയോഗിക്കുന്നത്.

## സപ്ലൈകോ പുതിയ ലാഭം മാർക്കറ്റുകൾ ആരംഭിക്കാൻ നടപടി

318(3682) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം വില വർദ്ധനവില്ലാതെ ഏതെല്ലാം ഉൽപ്പന്നങ്ങളാണ് സപ്ലൈകോ മാർക്കറ്റ് വഴിയും മാവേലി സ്റ്റോറുകൾ വഴിയും വിതരണം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് പുതിയ മാവേലി സ്റ്റോറുകളും സപ്ലൈകോ ലാഭം മാർക്കറ്റുകളും ആരംഭിക്കാൻ നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ചെറുപയർ, ഉഴുന്ന് ബോൾ, വൻകടല, വൻപയർ, തുവരപരിപ്പ്, മുളക്, മല്ലി, പഞ്ചസാര, വെളിച്ചെണ്ണ, ജയ അരി, കുറുവ അരി, പച്ചരി, മട്ട അരി, ആന്ധ്ര ഇതര ജയ അരി തുടങ്ങിയ ഉൽപ്പന്നങ്ങളാണ് സപ്ലൈകോ ഔട്ട്ലെറ്റുകൾവഴി വില വർദ്ധനവില്ലാതെ വിതരണം ചെയ്യുന്നത്.

(ബി) ഉണ്ട്. സാധ്യതാപഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്കും പുതിയ സപ്ലൈകോ ഔട്ട്ലെറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

## സപ്ലൈകോയിലെ വിപണന കണക്ക്

319(3683) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ 2016-17 വർഷത്തെ മൊത്തം വിറ്റുവരവ് എത്രയാണ് ; മാവേലി, നോൺ മാവേലി ഇനങ്ങളുടെ വിൽപ്പനയുടെ കണക്ക് വിശദമാക്കാമോ;

(ബി) നെല്ല് സംഭരണം, ആട്ട സബ്സിഡി വിൽപ്പന, ഉച്ചക്കഞ്ഞി അരിവിതരണം തുടങ്ങി എന്തെല്ലാം സർക്കാർ പദ്ധതികളാണ് സപ്ലൈകോവഴി നടപ്പാക്കുന്നത് ;

(സി) ഇതിന് സർക്കാരിന് എത്ര രൂപ ചെലവ് വരുന്നുണ്ട്;ഇതിൽ ലാഭകരമായതും നഷ്ടമുള്ളതും ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) സപ്ലൈകോയ്ക്ക് 2016-17 വർഷം എത്ര കോടി രൂപയുടെ ലാഭം/നഷ്ടം ഉണ്ടായിട്ടുണ്ട്; ലാഭമുണ്ടായ മേഖലകൾ ഏതെല്ലാമെന്നും നഷ്ടമുണ്ടായ മേഖലകൾ ഏതെല്ലാമെന്നും , അത് എത്ര കോടിയെന്നും വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തെ സപ്ലൈകോയുടെ ആകെ വിറ്റുവരവ് 4176.70 കോടി രൂപയാണ്. ഇതിൽ മാവേലി ഇനങ്ങളുടെ വിറ്റുവരവ് 1011.30 കോടി രൂപയും നോൺ മാവേലി ഇനങ്ങളുടെ വിറ്റുവരവ് 1039.24 കോടി രൂപയുമാണ്. കൂടാതെ പെട്രോളിയം ഉൽപ്പന്നങ്ങളും സപ്ലൈകോ വഴി വിപണനം നടത്തുന്നു.

(ബി) നെല്ല് സംഭരണം, ആട്ട സബ്സിഡി വിൽപ്പന, ഉച്ചക്കഞ്ഞി അരി വിതരണം, ICDS ധാന്യവിതരണം, ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരമുള്ള റേഷൻ വാതിൽപ്പടി വിതരണം തുടങ്ങിയ പദ്ധതികളാണ് സപ്ലൈകോ വഴി നടപ്പാക്കുന്നത്.

(സി) 2018 മാർച്ച് മാസം വരെ വാതിൽപ്പടി വിതരണത്തിനായി സപ്ലൈകോ 194.58 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് ഒരു സീസണിൽ 1250 മുതൽ 1275 കോടി രൂപ വരെ സപ്ലൈകോ ചെലവഴിക്കുന്നു. ആട്ടയുടെ വിൽപ്പനയിൽ ലാഭ നഷ്ടങ്ങൾ ഇല്ല. ഉച്ചക്കഞ്ഞി വിതരണം, ICDS എന്നീ പദ്ധതികളുടെ ചെലവ് നിർവ്വഹിക്കുന്നത് പൊതുവിദ്യാഭ്യാസ വകുപ്പും വനിതാ ശിശുക്ഷേമ വകുപ്പുമാണ്. നെല്ല് സംഭരണത്തിനും വാതിൽപ്പടി വിതരണത്തിനും ചെലവാകുന്ന തുകയുടെ വിഹിതം കേന്ദ്ര സർക്കാർ മടക്കി നൽകാറുണ്ട്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിലെ കണക്കുകളുടെ ഓഡിറ്റ് പൂർത്തിയാകാത്തതിനാൽ ലാഭ/നഷ്ട കണക്കുകളുടെ വിശദാംശങ്ങൾ ലഭ്യമല്ല.

## സപ്ലൈകോയ്ക്ക് കുറഞ്ഞ ഉത്പന്നങ്ങൾ ലഭ്യമാകുന്നതിന് നടപടി

320(3684) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും വലിയ വിപണനശൃംഖലയായ സപ്ലൈകോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത്; എങ്കിൽ കഴിഞ്ഞ വർഷത്തെ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് വിപണന ശൃഖലകൾക്ക് ലഭിക്കുന്നതിനേക്കാൾ കൂടിയ വിലയ്ക്കാണ് ഓരോ ഉത്പന്നവും സപ്ലൈകോ വാങ്ങുന്നതെന്ന് ഭക്ഷ്യ വകുപ്പ് കണ്ടെത്തുകയുണ്ടായോ;

(സി) കേരളത്തിൽ ഏറ്റവും കൂടുതൽ വിപണന ശൃഖലയുള്ള സപ്ലൈകോയ്ക്ക് മറ്റ് വിപണന ശൃഖലകൾക്ക് നൽകുന്നതിനേക്കാൾ കുറഞ്ഞ വിലയ്ക്ക് ഉത്പന്നങ്ങൾ ലഭ്യമാകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പൊതുവിപണിയിലേതിനേക്കാൾ ശരാശരി 20 മുതൽ 60 ശതമാനം വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുന്നതുമൂലം നഷ്ടത്തിലാണ് സപ്ലൈകോ പ്രവർത്തിക്കുന്നത്. 2017-18 സാമ്പത്തിക വർഷത്തെ കണക്കുകൾ തയ്യാറാക്കി ഓഡിറ്റ് പൂർത്തിയായിട്ടില്ലാത്തതിനാൽ പ്രസ്തുത സാമ്പത്തിക വർഷത്തെ നഷ്ടം എത്രയെന്ന് കണ്ടെത്തിയിട്ടില്ല.

(ബി) ചില ഉൽപ്പന്നങ്ങൾ മറ്റ് ചില വിപണനശൃംഖലകൾക്ക് ലഭിക്കുന്നതിനേക്കാൾ കൂടിയ വിലയ്ക്കാണ് സപ്ലൈകോ വാങ്ങുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. സപ്ലൈകോയ്ക്ക് ഉൽപ്പന്നങ്ങൾ നൽകുന്ന വിതരണക്കാർ/ഉല്പാദകരുമായി 5-6-2018-ൽ കൂടിയ യോഗത്തിൽ വച്ച് സപ്ലൈകോയ്ക്ക് നൽകുന്ന ഉൽപ്പന്നങ്ങളുടെ നിരക്ക് പുനഃപരിശോധിക്കാമെന്ന് വിതരണക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

**സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാർ**

321(3685) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സർവ്വീസ് റൂൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) കോമൺ സർവ്വീസ് റൂളും പ്രൊഡക്റ്റിവിറ്റി റിപ്പോർട്ടും സപ്ലൈകോയിൽ എന്ന് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാരെ മാനദണ്ഡങ്ങൾ പാലിച്ച് സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്. സപ്ലൈകോയിൽ നിലവിലുള്ള റൂളുകൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

1. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർവ്വീസ് റൂൾസ് - 1974

2. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെൽപ്പേഴ്സ് സർവ്വീസ് റൂൾസ് -1978

3. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ സർവ്വീസ് റിക്രൂട്ട്മെന്റ്/പ്രൊമോഷൻ റൂൾസ് -1997

4. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജീരിയൽ സർവ്വീസ് റൂൾസ് -2009.

(ബി) സപ്ലൈകോ ജീവനക്കാർക്കുവേണ്ടിയുള്ള കോമൺ സർവ്വീസ് റൂൾ 2015-ഉം പ്രൊഡക്ടിവിറ്റി റിപ്പോർട്ടും സർക്കാർ തലത്തിൽ പരിശോധിച്ച് വരികയാണ്.

(സി) ഇല്ല.

## ഡെപ്യൂട്ടേഷന് അപേക്ഷ നൽകിയവരുടെ പേരുവിവരം

322(3686) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സിവിൽ സപ്ലൈസ് വകുപ്പിൽനിന്നും സപ്ലൈകോയിലേക്ക് ഡെപ്യൂട്ടേഷന് അപേക്ഷ നൽകിയവരുടെ പേര്, തസ്തിക തുടങ്ങിയ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

| പേര് | തസ്തിക | ജില്ല |
|---|---|---|
| (1) | (2) | (3) |
| ബിജി ജെയിംസ് ജേക്കബ് | റേഷനിംഗ് ഇൻസ്പെക്ടർ | കോട്ടയം |
| ബിജി എസ് | റേഷനിംഗ് ഇൻസ്പെക്ടർ | കണ്ണൂർ |
| പ്രതീപ് കുമാർ പി. പി. | യു.ഡി ക്ലാർക്ക് | തിരുവനന്തപുരം |
| സജീവ് കുമാർ എസ്. | യു.ഡി ക്ലാർക്ക് | തിരുവനന്തപുരം |
| സന്തോഷ് കുമാർ എസ്. | യു.ഡി ക്ലാർക്ക് | കൊല്ലം |
| ബിജുകുമാര കുറുപ്പ് | യു.ഡി ക്ലാർക്ക് | കൊല്ലം |
| ശ്രീലത എസ്. | യു.ഡി ക്ലാർക്ക് | കൊല്ലം |
| അഞ്ജലി ആർ. | യു.ഡി ക്ലാർക്ക് | കൊല്ലം |
| സെബാസ്റ്റിൻ ടി. ജെ. | യു.ഡി ക്ലാർക്ക് | എറണാകുളം |

| (1) | (2) | (3) |
|---|---|---|
| ഉഷ എ. കെ. | യു.ഡി ക്ലാർക്ക് | എറണാകുളം |
| സുരേഷ് കുമാർ എം. എം. | യു.ഡി ക്ലാർക്ക് | കോട്ടയം സി.ഡി.ആർ.എഫ് |
| സി. കെ. മധു | യു.ഡി ക്ലാർക്ക് | കണ്ണൂർ |
| സുരേഷ് കെ. | യു.ഡി ക്ലാർക്ക് | മലപ്പുറം |
| ഷിനോജ് മുല്ലാക്കൽ | യു.ഡി ക്ലാർക്ക് | മലപ്പുറം |
| അനിൽ കുമാർ കെ | എൽ.ഡി ക്ലാർക്ക് | കാസർഗോഡ് |
| ജയപ്രകാശൻ ടി. കെ. | എൽ.ഡി ക്ലാർക്ക് | കാസർഗോഡ് |
| രഞ്ജിനി ഇ. എസ്. | എൽ.ഡി ക്ലാർക്ക് | പാലക്കാട് |
| ശ്രീജിത്ത് പി. | എൽ.ഡി ക്ലാർക്ക് | മലപ്പുറം |
| അനറ്റ് ലൂയിസ് | എൽ.ഡി ക്ലാർക്ക് | പാലക്കാട് |

## സിവിൽ സപ്ലൈസ് വകുപ്പിലെ ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ തസ്തിക

323(3687) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് വകുപ്പിന് സ്വന്തമായി എത്ര ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വകുപ്പിൽ എത്ര ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ തസ്തിക ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത വകുപ്പിൽ എത്ര സ്ഥിരം ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വകുപ്പിൽ എത്ര താൽകാലിക ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന് ഉത്തരവ് നിലവിലുള്ളപ്പോൾ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിൽ ഉള്ളവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 108 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഉണ്ട്.

(ബി) 103 ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ തസ്തികകൾ നിലവിലുണ്ട്.

(സി) 94 സ്ഥിരം ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർമാർ ജോലി ചെയ്തുവരുന്നു.

(ഡി) 8 (എട്ട്) താൽക്കാലിക ഡ്രൈവർമാർ ജോലി ചെയ്തുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്. അംഗീകൃത തസ്തികയിൽ മാത്രമേ സ്ഥിരം നിയമനം നടത്താൻ കഴിയുകയുള്ളൂ.

**സപ്ലൈകോയിലെ ജീവനക്കാർ**

324(3688) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കുവാൻ സിവിൽ സപ്ലൈസ് ഡയറക്ടർ ഏതെങ്കിലും റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) സപ്ലൈകോയിലെ താൽക്കാലിക ജീവനക്കാർക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം എത്രയാണ്; ഇപ്പോൾ നൽകുന്ന തുക എത്രയാണ്;

(സി) സപ്ലൈകോയിലെ പാക്കിംഗ് ജീവനക്കാർക്കും ഡിസ്പ്ലേ ജീവനക്കാർക്കും സർക്കാർ നിശ്ചയിച്ച മിനിമം വേതനം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിൽനിന്നും സപ്ലൈകോയിലേയ്ക്കുള്ള ഡെപ്യൂട്ടേഷൻ അവസാനിപ്പിക്കണമെന്ന സിവിൽ സപ്ലൈസ് ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി&സി) സപ്ലൈകോ വിൽപ്പന ശാലകളിൽ ജോലി ചെയ്യുന്ന താൽക്കാലിക/ദിവസവേതന ജീവനക്കാരുടെ വേതനം പുതുക്കിയിട്ടുണ്ട്. ആയത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജീവനക്കാരുടെ വിഭാഗം | തുക | പ്രാബല്യത്തിൽ വന്ന തീയതി |
|---|---|---|
| ഡിസ്പ്ലേ സ്റ്റാഫ് | 425 രൂപ (ഒരു ദിവസം) | 18-1-2018 |
| പായ്ക്കിംഗ് അസിസ്റ്റന്റ് | 1 രൂപ (പാക്കറ്റ് ഒന്നിന്) | 18-1-2018 |
| ഡിസ്പെൻസിംഗ് സ്റ്റാഫ് | 500 രൂപ (ഒരു ദിവസം) | 10-8-2017 |

**ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ**

325(3689) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ വിരമിക്കുമ്പോൾ ആക്ട് പ്രകാരം പ്രസിഡന്റിന്റെ ചുമതല ആർക്കാണ് നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ആക്ടിന് വിരുദ്ധമായി, ഏതെങ്കിലും ഫോറങ്ങളിലെ പ്രസിഡന്റുമാർ വിരമിച്ചപ്പോൾ തൊട്ടടുത്ത ജില്ലയിലെ പ്രസിഡന്റിന് ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലെന്ന് വ്യക്തമാക്കുമോ;

(സി) ആക്ടിന് വിരുദ്ധമായി പ്രസിഡന്റിന്റെ ചുമതല നൽകിയത് റദ്ദാക്കി ആക്ടിൽ പരാമർശിക്കുന്ന പ്രകാരം ചുമതല നൽകുവാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1986-ലെ ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ സെക്ഷൻ 22 D പ്രകാരം, ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളിലെ പ്രസിഡന്റുമാർ വിരമിക്കുമ്പോൾ അതേ ഫോറത്തിലെ ഏറ്റവും സീനിയറായ അംഗത്തിനാണ് പ്രസിഡന്റിന്റെ ചുമതല നൽകേണ്ടത്.

(ബി&സി) കോട്ടയം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ നിലവിലുള്ള രണ്ട് അംഗങ്ങൾക്കെതിരെയും സർക്കാരിന് നിരവധി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ, പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയതിനാൽ, ഉപഭോക്തൃ സംരക്ഷണ ചട്ടത്തിലെ റൂൾ 8(2)പ്രകാരം, കൂടുതൽ വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഹൈക്കോടതി രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിരുന്നു. അതിനാൽ കോട്ടയം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിലെ പ്രസിഡന്റ് വിരമിച്ചപ്പോൾ, പത്തനംതിട്ട ഫോറത്തിലെ പ്രസിഡന്റിന്, കോട്ടയം ഫോറം പ്രസിഡന്റിന്റെ താൽക്കാലിക ചുമതല നൽകിയിട്ടുണ്ട്.

## ലീഗൽ മെട്രോളജി വകുപ്പിൽ ലൈറ്റ് ഡ്യൂട്ടിവെഹിക്കിൾ ഡ്രൈവർ നിയമനം

326(3690) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന് സ്വന്തമായി എത്ര ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഉണ്ടെന്നും ഇതിനായി എത്ര ഡ്രൈവർ തസ്തിക ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) വകുപ്പിൽ സ്ഥിരവും താൽകാലികവുമായ എത്ര ലൈറ്റ് ഡ്യൂട്ടി വെഹിക്കിൾ ഡ്രൈവർ ജോലി ചെയ്യുന്നുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തിക അനുവദിക്കണമെന്ന് ഉത്തരവ് നിലവിലുള്ളപ്പോൾ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 42 ലൈറ്റ് ഡ്യൂട്ടി വെഹിക്കിളുകളും 32 ഡ്രൈവർ തസ്തികകളും ഉണ്ട്.

(ബി) 29 സ്ഥിരം ഡ്രൈവർമാരും 13 താൽക്കാലിക ഡ്രൈവർമാരും ജോലി ചെയ്യുന്നുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷം വകുപ്പിന് അനുവദിച്ച 14 വാഹനങ്ങൾക്ക് ഡ്രൈവർ തസ്തികകൾ അനുവദിച്ചിട്ടില്ല. തസ്തിക അനുവദിക്കുന്ന മുറയ്ക്ക് പി.എസ്.സി. മുഖാന്തരം നിയമനം നടത്താൻ നടപടി സ്വീകരിക്കുന്നതാണ്.

**ലീഗൽ മെട്രോളജി വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ്.**

327(3691) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുവാനുണ്ടായ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ വകുപ്പിൽ ഉപയോഗിക്കുന്ന എത്ര വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്; ഇനി എത്ര വാഹനങ്ങളിൽ ഏർപ്പെടുത്താനുണ്ടോയെന്നതിന്റെ വ്യക്തമായ വിവരം നൽകുമോ;

(സി) ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയ ശേഷം ഈ സംവിധാനം ഉപയോഗപ്പെടുത്തി എത്ര കേസ്സുകൾ എടുത്തിട്ടുണ്ടോയെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ലീഗൽ മെട്രോളജി കൺട്രോളർ ഓഫീസിലെ ഇന്റേണൽ ഓഡിറ്റ് വിംഗിന്റെ വാഹനത്തിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത് ഏർപ്പെടുത്തുവാനുണ്ടായ കാരണം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സംസ്ഥാന ഐ.ടി. മിഷന്റെ സഹായത്തോടെ സ്ഥാപിക്കാൻ പോകുന്ന കാൾ സെന്ററിലും വകുപ്പിലും പരാതികൾ ലഭിക്കുമ്പോൾ

ഉടൻതന്നെ പരാതി ലഭിക്കുന്ന സ്ഥലത്തിന്റെ ഏറ്റവും അടുത്തുള്ള വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വാഹനം ഏതെന്ന് ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടെ കണ്ടെത്തി ആ വാഹനത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് പരാതി കൈമാറുന്നതിനും പരാതിയിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനും വേണ്ടിയാണ് വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) 42 വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിച്ചു. ഇനി ഒരു വാഹനത്തിലും ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നില്ല.

(സി) ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയ ശേഷം ടി സംവിധാനം ഉപയോഗിച്ച് കേസുകൾ എടുത്തിട്ടില്ല. കാൾ സെന്റർ പ്രവർത്തന സജ്ജമാകുന്നതോടെ ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് കേസുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്.

(ഡി) ഇന്റേണൽ ഓഡിറ്റ് വിംഗിന്റെ വാഹനത്തിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

**ലീഗൽ മെട്രോളജി വകുപ്പിലെ ഇൻസ്പെക്ടർ തസ്തിക**

328(3692) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ത്രിവൽസര ഡിപ്ലോമ യോഗ്യതയുള്ളതും പ്രൊഫഷണൽ എക്സ്പീരിയൻസ് ഇല്ലാത്തവരുമായ എത്ര ജീവനക്കാരെ ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി നിയമിച്ചിട്ടുണ്ട്; അവർ ആരെല്ലാമാണെന്നുള്ള വിശദവിവരം നൽകുമോ;

(ബി) ത്രിവൽസര ഡിപ്ലോമ യോഗ്യതയുള്ള ജീവനക്കാരെ ഇൻസ്പെക്ടർ തസ്തികയിലേക്ക് പ്രൊമോഷൻ നൽകി നിയമിച്ചശേഷം റാഞ്ചിയിൽ ബേസിക് ട്രെയിനിംഗ് നൽകുവാൻ വേണ്ടി എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമായ കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ലീഗൽ മെട്രോളജി വകുപ്പിൽ ത്രിവത്സര ഡിപ്ലോമ യോഗ്യതയുള്ളതും പ്രൊഫഷണൽ എക്സ്പീരിയൻസ് ഇല്ലാത്തവരുമായ 10 ജീവനക്കാർക്ക് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് താൽക്കാലിക പ്രൊമോഷൻ നൽകിയിട്ടുണ്ട്.

1. ശ്രീ. പ്രവീൺ പി.
2. ശ്രീ. സുരേഷ് കുമാർ വി.
3. കുമാരി സൗമ്യ പി.
4. ശ്രീമതി ജീനാ ഐ. ആർ.
5. ശ്രീ. ചന്ദ്രബാബു എസ്. എസ്.
6. ശ്രീ. സുജിത്ത് കുമാർ ആർ. കെ.
7. ശ്രീ. ബാലു ഒ. വി.
8. ശ്രീ. ബാബു കെ. ജോർജ്ജ്
9. ശ്രീ. മുരളീധരൻപിള്ള ബി.
10. ശ്രീ. എം. എൻ. സുകുമാരൻ.

(ബി) 2017-18, 2018-19 സാമ്പത്തിക വർഷം ആകെ 2,82,767 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ശ്രീമതി ജീനാ ഐ.ആർ. | - | 25,000 |
| ശ്രീ. സുജിത്ത് കുമാർ ആർ. കെ. | - | 25,000 |
| ശ്രീ. മുരളീധരൻപിള്ള ബി. | - | 25,000 |
| കുമാരി സൗമ്യ പി. | - | 44,499 |
| ശ്രീ. സുരേഷ് കുമാർ വി. | - | 44,498 |
| ശ്രീ. ബാലു ഒ. വി. | - | 48,928 |
| ശ്രീ.ബാബു കെ. ജോർജ്ജ് | - | 49,842 |
| ശ്രീ. പ്രവീൺ പി. | - | 20,000 |
| ആകെ | | 2,82,767 രൂപ |

## ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ പരിശോധനകൾ

329(3693) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലീഗൽമെട്രോളജി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ലീഗൽമെട്രോളജി വകുപ്പിന്റെ കീഴിൽ കഴിഞ്ഞ 2 വർഷം നടത്തിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് കഴിഞ്ഞ 2 വർഷം ലീഗൽമെട്രോളജി വകുപ്പ് നടത്തിയ പരിശോധനകളിൽ എത്ര പേർ സർക്കാരിലേയ്ക്ക് ഫൈൻ അടച്ചു; കേസുകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 29-6-2013-ലെ ജി.ഒ(പി) നമ്പർ 1/2013/ഉകാവ, 2/2013/ഉകാവ എന്നിവ പ്രകാരം നിലവിലുണ്ടായിരുന്ന സ്പെഷ്യൽ റൂൾസ് റദ്ദ് ചെയ്ത് പുതിയ സ്പെഷ്യൽ റൂൾസിന് രൂപം നൽകാൻ നിയമസഭാ സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയും സബ്ജക്ട് കമ്മിറ്റിയും ശിപാർശ ചെയ്തിരുന്നു. അപ്രകാരം തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾസിന് 11-6-2018-ൽ കൂടിയ യോഗത്തിൽ സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ബി)

- തിരുവനന്തപുരം പട്ടത്തെ വകുപ്പിന്റെ ഹെഡ് ക്വാർട്ടേഴ്സ് ആന്റ് ലബോറട്ടറി കോംപ്ലക്സ് ഏഴ് നില കെട്ടിടത്തിന്റെ സിവിൽ വർക്കുകൾ പൂർത്തിയായി. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, ഇന്റീരിയർ വർക്ക് തുടങ്ങിയവകൂടി പൂർത്തിയാക്കി 2018-19 സാമ്പത്തിക വർഷം ടി കെട്ടിടം വകുപ്പിന് ഉപയോഗയോഗ്യമാക്കുന്നതാണ്.

- കൊല്ലത്ത് ആധുനിക ലബോറട്ടറി സൗകര്യങ്ങളോടുകൂടിയ ജില്ലാ

ഓഫീസ് കെട്ടിട സമുച്ചയത്തിന്റ നിർമ്മാണം ആരംഭിച്ചു.

- പുതുതായി 14 വാഹനങ്ങൾ അനുവദിച്ചു.

- ജ്വല്ലറികളിൽ വിൽക്കുന്ന സ്വർണ്ണാഭരണങ്ങളുടെ ശുദ്ധത പരിശോധിച്ച് സാക്ഷ്യപ്പെടുത്തി നൽകുന്നതിനായി വകുപ്പിന്റെ കീഴിൽ ഹാൾ മാർക്കിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന് എറണാകുളം കാക്കനാട് ലീഗൽ മെട്രോളജി ഭവനിലെ ഗോൾഡ് അസ്സേയിംഗ് ആന്റ് ടെസ്റ്റിംഗ് ലബോറട്ടറിക്ക് NABL അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുവേണ്ട രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പൂർത്തിയായി.

- കാസർഗോഡ്, പാലക്കാട് ജില്ലകളിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ട സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

- നിയമ ലംഘനങ്ങൾ ചിത്രങ്ങളായോ വീഡിയോ ആയോ സന്ദേശങ്ങളായോ പൊതുജനങ്ങൾക്ക് ബന്ധപ്പെട്ട ലീഗൽ മെട്രോളജി ഉദ്യോഗസ്ഥന്റെ ശ്രദ്ധയിൽപ്പെടുത്തി സത്വര പരിഹാരം തേടുന്നതിന് 'സുതാര്യം' എന്നൊരു മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്.

- വകുപ്പിന്റെ സേവനങ്ങളായ ലൈസൻസ്, പായ്ക്കർ, രജിസ്ട്രേഷൻ തുടങ്ങിയവ ലീഗൽ മെട്രോളജി ഓപ്പറേഷൻ മാനേജ്മെന്റ് സിസ്റ്റം (LMOMS) പദ്ധതിയിലൂടെ നടപ്പുസാമ്പത്തിക വർഷത്തിൽത്തന്നെ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

- വകുപ്പിന്റെ വാഹനങ്ങളിൽ ജി.പി.എസ്. സംവിധാനം ഏർപ്പെടുത്തുന്നു. ആയതിലൂടെ പരാതിക്കാധാരമായ സ്ഥാപനത്തിന്റെ ഏറ്റവും അടുത്തുള്ള വാഹനം ട്രാക്ക് ചെയ്ത് നിർവ്വഹണ ഉദ്യോഗസ്ഥന് വിവരം കൈമാറുന്നതിനും വ്യാപാര സ്ഥാപനം പരിശോധിച്ച് പരാതിക്ക് സത്വര പരിഹാരം കാണുന്നതിനും ഉതകുന്ന സോഫ്റ്റ്വെയർ സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്.

- ഐ.ടി. സെൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

- ആരോഗ്യമേഖലകളിൽ ഉപയോഗിച്ചുവരുന്ന അളവു-തൂക്ക ഉപകരണങ്ങളുടെ കൃത്യത ഉറപ്പുവരുത്തുന്നതിനായി കാക്കനാട് പരിശോധന ലാബ് സജ്ജമാക്കി.

- നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിരന്തരമായ പരിശീലനം നൽകുന്നു.

- ലീഗൽ മെട്രോളജി നിയമങ്ങളെക്കുറിച്ചും വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിനായി എഫ്.എം. റേഡിയോയിൽ ഉൾപ്പെടെ പരസ്യങ്ങൾ നൽകിവരുന്നു.

- ഉപഭോക്തൃ ബോധവൽക്കരണത്തിനായി എല്ലാ പഞ്ചായത്തുകളിലും റേഡിയോ കിയോസ്കുകൾ ആരംഭിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) വിവരം അനുബന്ധമായി ചേർക്കുന്നു.*

**കോന്നി ലീഗൽ മെട്രോളജി ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റ്**

330 (3694) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി ലീഗൽ മെട്രോളജി ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ ബേ നിർമ്മാണം, അപ്രോച്ച് റോഡ് നിർമ്മാണം എന്നിവ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; എങ്കിൽ എന്താണെന്നു അറിയിക്കാമോ ;

(ഡി) ആയത് പരിഹരിക്കുന്നതിന് സർക്കാർ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കോന്നി ലീഗൽ മെട്രോളജി ടാങ്കർ ലോറി കാലിബ്രേഷൻ യൂണിറ്റിന്റെ ബേ നിർമ്മാണം, അപ്രോച്ച് റോഡ് നിർമ്മാണം എന്നിവയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി പത്തനംതിട്ട പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് (ബിൽഡിംഗ്സ്) അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പി.ഡബ്ല്യു.ഡി. നിർമ്മാണ പ്രവർത്തനങ്ങൾക്ക് കരാർ നൽകിയിട്ടില്ലാത്തതിനാൽ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാനാകില്ല.

(സി) പി.ഡബ്ല്യു.ഡി. എസ്റ്റിമേറ്റ് നൽകിയിട്ടില്ല.

(ഡി) പത്തനംതിട്ട പി.ഡബ്ല്യു.ഡി.യുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കാനുള്ള മേൽ നടപടികൾ വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(നക്ഷത്രചിഹ്നമിടാത്ത 3360, 3363, 3364, 3379, 3382, 3421, 3429, 3484, 3527, 3529, 3588, 3589, 3602, 3615 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 A M ]

## II അടിയന്തരപ്രമേയ നോട്ടീസ്

മി. സ്പീക്കർ: റൂൾ 50 അനുസരിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, എൻ. ഷംസുദ്ദീൻ, റോഷി അഗസ്റ്റിൻ, അനൂപ് ജേക്കബ് എന്നിവർ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. അത് വരാപ്പുഴയിൽ പോലീസ് കസ്റ്റഡിയിൽ ശ്രീജിത്ത് കൊല്ലപ്പെട്ട കേസിലെ നിയമോപദേശം സംബന്ധിച്ചാണ്. നിയമോപദേശം സംബന്ധിച്ച് ഒരു അടിയന്തരപ്രമേയം പരിഗണിക്കുക എന്നത് ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം സാധ്യമായൊരു കാര്യമാണെന്ന് ചെയർ കരുതുന്നില്ല. അതിനാൽ ഈ വിഷയം ആദ്യത്തെ സബ്മിഷനായി അനുവദിക്കാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വരാപ്പുഴ കസ്റ്റഡിമരണം സഭയിൽ ഉന്നയിക്കാൻ ഞങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയപ്പോഴൊക്കെ അങ്ങ് പറഞ്ഞത് ഇത് കോടതിയിലിരിക്കുന്ന കേസാണ് അതുകൊണ്ട് പരിഗണിക്കാൻ കഴിയില്ലെന്നാണ്. ഇപ്പോൾ എങ്ങനെയാണ് അടിയന്തരപ്രമേയം മാറ്റി സബ്മിഷനാക്കുന്നത്? അത് കോടതിയിലിരിക്കുകയല്ലേ; sub judice ആയ കേസ് എങ്ങനെയാണ് സബ്മിഷനാക്കുന്നത്? അപ്പോൾ ഇത് ഇരട്ടത്താപ്പാണ്. അങ്ങയുടെ നിസ്സഹായാവസ്ഥ ഞങ്ങൾക്ക് മനസ്സിലാകും. അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയുകയാണ്, ഇത് ഞങ്ങളുടെ അവകാശമാണ്. റൂൾ 50 അനുവദിച്ച് തരണം. സബ്മിഷൻ വേറെ, റൂൾ 50 വേറെ. ഞങ്ങളുടെ അവകാശത്തെ പ്രൊട്ടക്റ്റ് ചെയ്യണം. റൂറൽ എസ്.പി.-യെ സംരക്ഷിക്കാൻ സർക്കാർ ശ്രമിക്കുന്നതിന്റെ ഭാഗമാണിത്. ഈ കേസിന്റെ മുഴുവൻ കാര്യങ്ങളിലും നേതൃത്വം കൊടുത്ത എസ്.പി.-യെ എന്തിന് ഗവൺമെന്റ് സംരക്ഷിക്കണം; അതിവിടെ ഉന്നയിക്കാനുള്ള അവസരം നൽകണമെന്നാണ് പറയാനുള്ളത്.

മി. സ്പീക്കർ: റൂൾ 50 പ്രകാരം അടിയന്തര പ്രാധാന്യമുള്ള, പൊതുസ്വഭാവമുള്ള വിഷയങ്ങൾ മാത്രമേ പരിഗണിക്കാൻ സാധിക്കുകയുള്ളൂ എന്നത് അങ്ങേയ്ക്കും നമുക്കെല്ലാവർക്കുമറിയാം. ചട്ടങ്ങൾ പ്രകാരം അതേ സാധിക്കുകയുള്ളൂ. ഇൻവെസ്റ്റിഗേഷന്റെ ഭാഗമായ നടപടിക്രമങ്ങളെയാണ് ലീഗൽ അഡ്വൈസ് എന്നുപറയുന്നത്. അതിൻപ്രകാരം അടിയന്തരപ്രമേയത്തിന് അനുമതി നൽകുന്നത് പ്രായോഗികമല്ല. എന്നാൽ, പ്രതിപക്ഷത്തിന്റെ തുടർച്ചയായ ആവശ്യം പരിഗണിച്ച് സബ്മിഷനായി വേണമെങ്കിൽ ഉന്നയിക്കാമെന്നാണ് ചെയർ പറയുന്നത്. അത് വേണ്ടെങ്കിൽ വേണ്ട എന്ന് തീരുമാനമെടുക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏറ്റവും അടിയന്തര പ്രാധാന്യമർഹിക്കുന്ന, പൊതു വിഷയങ്ങൾ അവതരിപ്പിക്കാനുള്ള ഫലപ്രദമായ ഒരു weapon ആണ് റൂൾ 50 എന്നുപറയുന്നത്. അത് പ്രതിപക്ഷത്തിന്റെ അവകാശമാണ്. ശ്രീജിത്തിനെ ചവിട്ടിക്കൊന്ന മുഴുവൻ ആളുകൾക്കും ജാമ്യം നൽകിയിരിക്കുന്നു. അവരെ മുഴുവൻ സംരക്ഷിക്കാനും നിയമോപദേശം വാങ്ങി കേസ് അട്ടിമറിക്കാനും ഗവൺമെന്റ് ശ്രമിക്കുന്നുവെന്ന കാര്യം അവതരിപ്പിക്കുന്നതിൽ എന്ത് ചട്ടലംഘനമാണുള്ളത്? ദയവായി അങ്ങ് ബഹുമാനപ്പെട്ട വി.ഡി. സതീശന് അത് അവതരിപ്പിക്കാനുള്ള അനുവാദം നൽകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

മി. സ്പീക്കർ: അങ്ങ് ഇക്കാര്യത്തെക്കുറിച്ച് അറിവില്ലാത്തൊരാളല്ല. അടിയന്തരപ്രമേയമായി നിയമോപദേശത്തെ പരിഗണിക്കുന്നത് ചട്ടപ്രകാരം പ്രായോഗികമല്ല. പക്ഷെ, പ്രതിപക്ഷം ഈ പ്രശ്നം വീണ്ടുംവീണ്ടും ഉന്നയിക്കാൻ താൽപ്പര്യം പ്രകടിപ്പിക്കുന്നതുകൊണ്ട് സബ്മിഷനായി അവതരിപ്പിക്കാൻ അനുവാദം നൽകാമെന്നാണ് പറഞ്ഞത്. ദയവായി സഹകരിക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങയുടെ നേരത്തെയുള്ള ഒരു റൂളിംഗ് നിലനിൽക്കുകയാണ്. വരാപ്പുഴ ശ്രീജിത്തിന്റെ കസ്റ്റഡി മരണം അടിയന്തരപ്രമേയമായി അവതരിപ്പിക്കാൻ നോട്ടീസ് കൊടുത്തപ്പോൾ അങ്ങ് പറഞ്ഞത് ഇതേ വാദമായിരുന്നില്ല. കേസ് കോടതിയിലാണെന്നാണ്. It is sub-judice, so it cannot be allowed. നിയമോപദേശം എന്നുപറയുന്നത് ഇതിന്റെ ഭാഗമായിട്ടുള്ളതുതന്നെയാണ്. ഈ കസ്റ്റഡി മരണത്തിലെ പ്രതികളെ രക്ഷിക്കാനും കേസ് അട്ടിമറിക്കാനും ശ്രമിക്കുന്നതിനെക്കുറിച്ചാണ് അടിയന്തരപ്രമേയമായി കൊണ്ടുവന്നത്. നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയം കൊണ്ടുവരരുതെന്ന് ഏത് റൂളിലാണ് പറയുന്നത്? അങ്ങയോടുള്ള എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് പറയാനുള്ളത് ഇത് പ്രതിപക്ഷത്തോടുള്ള അനീതിയാണ്. സബ്മിഷൻ തരാൻ കഴിയുമെങ്കിൽ.........(ബഹളം)......

മി. സ്പീക്കർ: സെക്ഷൻ 156 പ്രകാരം FIR അന്വേഷണം ആരംഭിച്ച കേസാണിത്. സെക്ഷൻ 178 പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെയുള്ള പ്രക്രിയകളെല്ലാം ഇൻവെസ്റ്റിഗേഷന്റെ ഭാഗമാണ്. ഇൻവെസ്റ്റിഗേഷന്റെ ഭാഗമായൊരു ഘട്ടത്തിൽ അവർ കണ്ട ചില നിയമപ്രശ്നത്തിൽ ഡി.ജി.പി.-യിൽ നിന്നൊരു അഭിപ്രായം തേടി എന്നുള്ളത് ഗവൺമെന്റുമായി ബന്ധപ്പെട്ടൊരു കാര്യമല്ല. അതിനാൽ അതൊരു അടിയന്തരപ്രമേയമായി എടുക്കേണ്ട കാര്യമില്ല എന്നതാണ് ചെയറിന്റെ നിലപാട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ചെയറിന്റെ നിലപാട് എന്നുപറഞ്ഞത് ശരിയാണ്. പക്ഷെ, അത് റൂളിലുള്ള കാര്യം എന്ന് അങ്ങ് പറയരുത്. ഏത് റൂളിലാണ് ഇത് ഉള്ളത്? റൂൾ 50-ൽ അതുണ്ടോ? അങ്ങയുടെ നിലപാട് എന്നുപറഞ്ഞാൽ ഞങ്ങൾക്ക് മനസ്സിലാകും. അങ്ങയുടെ നിലപാട് എപ്പോഴും മാറുന്നത് ശരിയല്ല. അങ്ങ് ബഹുമാന്യനായ സ്പീക്കറാണ്. ആദ്യം റൂൾ ചെയ്തത് sub-judice ആയതുകൊണ്ട് അടിയന്തരപ്രമേയം അവതരിപ്പിക്കാൻ കഴിയില്ലെന്നാണ്. ഇപ്പോൾ അങ്ങ് പറയുന്നത് sub-judice ആണെങ്കിലും അവതരിപ്പിക്കാമെന്ന്. അതൊരു ഇരട്ടത്താപ്പല്ലേ?

മി. സ്പീക്കർ: Sub-judice അല്ലാത്ത നിലയിൽ അവതരിപ്പിക്കാമെന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, തീർച്ചയായും ഞങ്ങൾ sub-judice അല്ലാത്ത നിലയിൽ അവതരിപ്പിക്കാം. ശ്രീ. വി. ഡി. സതീശൻ അതിന് തയ്യാറാണ്. Sub-judice അല്ലാത്ത നിലയിൽ അത് അവതരിപ്പിക്കാൻ അനുവാദം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മി.സ്പീക്കർ: വീണ്ടും വീണ്ടും തർക്കിക്കുന്നത് ശരിയല്ല. പ്രതിപക്ഷത്തിന്റെ ജനാധിപത്യ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നിലപാടുകൾ സ്വീകരിക്കണമെന്ന വിമർശനം ഉന്നയിക്കുന്ന പശ്ചാത്തലത്തിലും പ്രതിപക്ഷം ഇതേ വിഷയം ആവർത്തിക്കുന്നതിനാലും സഭയിൽ ഇത് കൊണ്ടുവരണമെങ്കിൽ സബ്മിഷൻ വഴി കൊണ്ടുവരുന്നതിനേ മാർഗ്ഗമുള്ളൂ എന്ന നിലപാടാണ് ചെയർ സ്വീകരിക്കുന്നത്. ദയവായി സഹകരിക്കുക. ഇത് ഡിബേറ്റ് ചെയ്യേണ്ട കാര്യമല്ല.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) സാന്ത്വന ചികിത്സയും വയോജന പരിചരണവും

ശ്രീ. സജി ചെറിയാൻ: സർ, കിടപ്പുരോഗികളെയും രോഗബാധിതരെയും സംരക്ഷിക്കുന്നതിന് ഗവൺമെന്റിന്റെ ശ്രദ്ധ അടിയന്തരമായുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരളത്തിന്റെ ആരോഗ്യമേഖല ഇന്ന് രാജ്യത്ത് ഏറ്റവും ശ്രദ്ധേയമാണ്. ആയുർദൈർഘ്യവും ജനന മരണനിരക്കിലെ കുറവും ആരോഗ്യമേഖലയിലെ മെച്ചപ്പെട്ട സ്ഥിതികളും സംബന്ധിച്ച് ഇപ്പോൾ ഗവൺമെന്റ് നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയുടെ ഭാഗമായ നേട്ടങ്ങൾ പരിശോധിക്കുമ്പോഴും നാം വളരെയേറെ മുന്നോട്ടുപോയിട്ടുണ്ട്. ഈ അവസരത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയത്തെ അധികരിച്ച് ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട ഒരു വിഷയം

തൊഴിലില്ലായ്മയാണ്. അതിന്റെ ഭാഗമായി അന്യ രാജ്യങ്ങളിലേയ്ക്കും സംസ്ഥാനങ്ങളിലേയ്ക്കും ധാരാളം ആളുകൾ കുടിയേറുന്നു. ഇവർ പോകുന്നതിന്റെ ഫലമായി വാർദ്ധക്യം ബാധിച്ച മാതാപിതാക്കളും കിടപ്പുരോഗികളും ഇതര രോഗങ്ങൾ ബാധിച്ചിട്ടുള്ളവരും സംരക്ഷണം കിട്ടാതെ ഭവനങ്ങളിൽ കഴിയുന്ന ദുഃഖകരമായ അവസ്ഥയാണ് കേരളത്തിന്റെ പലഭാഗങ്ങളിലും കാണുന്നത്. നമ്മുടെ വളർച്ചയോടൊപ്പം നിരാലംബരുടെയും നിസ്സഹായരായവരുടെയും എണ്ണം വളരെയേറെ വർദ്ധിക്കുന്നുവെന്ന് നാം കാണേണ്ടതുണ്ട്. ഇന്ത്യയിലെ ഏറ്റവും വികസിതമായ, എല്ലാ രംഗത്തും മുന്നേറ്റമുണ്ടായ ഒരു സംസ്ഥാനമെന്ന നിലയിൽ കേരളത്തെ ഏറ്റവും ബാധിക്കുന്ന ഈ പ്രശ്നം ഗൗരവമായി കാണേണ്ടതുണ്ട്, പരിഹാരം നിർദ്ദേശിക്കേണ്ടതുണ്ട്. പല വികസിത രാജ്യങ്ങളിലും വർഷങ്ങൾക്ക് മുമ്പുതന്നെ ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും സമയബന്ധിതമായ നിലപാടുകൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള ഒരു പ്രധാന കാര്യം, ഭവനങ്ങളിലെത്തി രോഗീസംരക്ഷണം നടത്തുന്ന രീതി-പാലിയേറ്റീവ് പ്രവർത്തനം എങ്ങനെ ചെയ്യാൻ കഴിയും എന്നതിനെക്കുറിച്ച് നാം ചർച്ച ചെയ്യേണ്ടതുണ്ട്. ചെങ്ങന്നൂരിലെ കരുണ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ഉൾപ്പെടെ ആലപ്പുഴ ജില്ലയിൽ 22-ഓളം സൊസൈറ്റികളുടെ നേതൃത്വത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ ഏതാണ്ട് 8500-ഓളം രോഗികളെ ഞങ്ങൾ ഇപ്പോൾ ശുശ്രൂഷിക്കുന്നുണ്ട്. ഇതിനുവേണ്ടി നിയോഗിക്കപ്പെടുന്ന വോളണ്ടിയർമാരും നഴ്സുമാരും ഡോക്ടർമാരും വീടുകളിൽ പോയി ആരോഗ്യ പരിപാലനം സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നുണ്ട്, രോഗികളെ ശുശ്രൂഷിക്കുന്നുണ്ട്, പരിസര ശുചിത്വത്തെപ്പറ്റി പഠിപ്പിക്കുന്നുണ്ട്, കുടുംബാംഗങ്ങൾ എന്തുചെയ്യണമെന്ന് അവരെ പരിശീലിപ്പിക്കുന്നുണ്ട്, ആരുമില്ലാത്തവരെ ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് ഷെൽട്ടറുകളുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്, മരുന്ന്, മെഡിക്കൽ ഉപകരണങ്ങൾ, ഭക്ഷണം എന്നിവ സൗജന്യമായി നൽകുന്നുണ്ട്, മെഡിക്കൽ പരിശോധന നടത്തുന്നുണ്ട്. പഞ്ചായത്തുകൾ ധാരാളം പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തുന്നുണ്ട്. എന്നാൽ സന്നദ്ധ സംഘടനകളും ത്രിതല പഞ്ചായത്തുകളും ഗവൺമെന്റും നടത്തുന്ന പ്രവർത്തനങ്ങൾ ഏകീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സന്നദ്ധ സംഘടനകൾ പ്രവർത്തിക്കുന്നത് ജനങ്ങളുടെ ചെറിയ തോതിലുള്ള സാമ്പത്തിക സഹായംകൊണ്ട് മാത്രമാണ്. സന്നദ്ധ സംഘടനകളെ സംബന്ധിച്ച് പരിശോധന നടത്തി അതിന്റെ വിശ്വാസ്യത മനസ്സിലാക്കി സർക്കാർ സംവിധാനത്തിൽ സാമ്പത്തിക സഹായം ചെയ്യാൻ കഴിയുമെങ്കിൽ ഈ മേഖലയിൽ മെച്ചപ്പെട്ട നിലവാരമുണ്ടാക്കാൻ കഴിയും. ഗവൺമെന്റിന് ഏത് രീതിയിലാണ് ഈ മേഖലയെ

സഹായിക്കാൻ കഴിയുന്നതെന്ന് പരിശോധിക്കേണ്ടതുണ്ട്. ധാരാളം നിസ്സഹായരും നിരാലംബരുമായ ആളുകൾ നമ്മുടെ നാട്ടിൽ അനാഥത്വം പേറുന്നുണ്ടെന്ന വസ്തുത നാം കാണണം. ഇവരെ ഏറ്റെടുത്ത് ശുശ്രൂഷിക്കുന്നതിന് ഒരു ബ്ലോക്ക് കേന്ദ്രത്തിൽ ഒരു ഷെൽട്ടർ എങ്കിലും അടിയന്തരമായി ഉണ്ടാക്കണമെന്ന നിർദ്ദേശമാണ് എനിക്കുള്ളത്. എല്ലാ ഭവനങ്ങളിലും പോകാനുള്ള പാലിയേറ്റീവ് സംവിധാനമുണ്ടാകണം. കൃത്യമായി എല്ലാ വീടുകളിലും പോയി ശുശ്രൂഷിക്കുന്നതിനുള്ള ക്രമീകരണങ്ങൾ വരുത്തുന്നതിന് തീരുമാനമുണ്ടാകണം. ഇക്കാര്യത്തിൽ ഫലപ്രദമായ ചർച്ച നടത്തേണ്ടതുണ്ട്. കേരളത്തിൽ ഏറ്റവും മാതൃകാപരമായി പ്രവർത്തിക്കുന്ന ഒരു പാലിയേറ്റീവ് സൊസൈറ്റിയുടെ ഉത്തരവാദിത്വം നിർവ്വഹിക്കുന്ന ഒരാൾ എന്ന നിലയിൽ ഞാൻ അഭിമാനത്തോടെ പറയുന്നു, എന്റെ മണ്ഡലത്തിൽ 2530 വീടുകളിൽ ശുശ്രൂഷ നടത്തുന്നുണ്ട്. ഇതൊരു മോഡൽ പ്രോജക്ടായി കേരളത്തിലാകെ ഏറ്റെടുക്കാൻ കഴിയണം. കണ്ണൂർ ജില്ലയിൽ ഐ.ആർ.പി.സി.-യുടെയും ആലപ്പുഴ ജില്ലയിൽ എ.ആർ.പി.സി.-യുടെയും നേതൃത്വത്തിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. ഈ രണ്ട് പ്രവർത്തനങ്ങളെയും ഗവൺമെന്റ് ഏകോപിപ്പിച്ചുകൊണ്ട് ഒരു പദ്ധതി കേരളത്തിലാകെ നടപ്പിലാക്കാൻ ശ്രമിച്ചാൽ ജനങ്ങൾക്ക് വലിയ ആശ്വാസമാകും. ഇക്കാര്യങ്ങളാണ് എനിക്ക് ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരാനുള്ളത്. ഇക്കാര്യത്തെക്കുറിച്ച് വ്യക്തമായ ചർച്ചയും സുവ്യക്തമായ ഒരു തീരുമാനവും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണിത്. പ്രത്യേകിച്ച് പാലിയേറ്റീവ് കെയർ മേഖലയിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന ഒരാൾ കൂടിയാണ് ശ്രീ. സജി ചെറിയാൻ. കരുണ പെയിൻ ആന്റ് പാലിയേറ്റീവ് കെയറിന്റെ പ്രവർത്തനത്തെക്കുറിച്ചും 8500-ലേറെ രോഗികൾക്ക് നേരിട്ട് ആശ്വാസമെത്തിക്കുന്നതിനെക്കുറിച്ചും പറയുകയുണ്ടായി. സാന്ത്വന പരിചരണ രംഗത്ത് കേരളം രാജ്യത്തിനാകെ മാതൃകയായിത്തന്നെ പ്രവർത്തിക്കുകയാണ്. കേരളത്തിൽ ഏകദേശം 1.5 ലക്ഷത്തോളം കിടപ്പുരോഗികളുണ്ടെന്നും അവർക്ക് പ്രൈമറി ഹോം കെയർ ആവശ്യമുണ്ടെന്നുമാണ് സർവ്വേ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പ്രായാധിക്യം, രോഗം എന്നിവകൊണ്ടും അപകടങ്ങൾകൊണ്ടും ശയ്യാവലംബരായ ജനങ്ങളെയാണ് സാന്ത്വന പരിചരണത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കാൻസർ, വൃക്ക രോഗങ്ങൾ, പക്ഷാഘാതം, എയ്ഡ്സ് തുടങ്ങിയ രോഗങ്ങൾക്കാണ് ദീർഘകാലമായ സാന്ത്വന പരിചരണവും ചികിത്സയും ആവശ്യമായി വരുന്നത്. സംസ്ഥാനത്ത് മൂന്ന് തലങ്ങളിലായി

പ്രാവർത്തികമാക്കിയിട്ടുള്ള സാന്ത്വന പരിചരണ പദ്ധതിയിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ദേശീയ ആരോഗ്യ മിഷന്റെയും സഹകരണംകൂടി ഉറപ്പാക്കിയിട്ടുണ്ട്. ഭവന സന്ദർശനത്തിലൂടെ ശയ്യാവലംബരായ രോഗികൾക്ക് സാന്ത്വന ചികിത്സയും മരുന്നുകളും സൗജന്യമായി നൽകുന്ന പദ്ധതിയാണ് പ്രൈമറി കെയർ പദ്ധതി. ഇതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പാലിയേറ്റീവ് കെയർ നഴ്സുമാരെ പ്രാദേശികമായി നിയമിച്ചുവരുന്നുണ്ട്. അതിനാവശ്യമായ ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന രീതിയും വന്നിട്ടുണ്ട്. ശരാശരി 49,000 പേർക്ക് പ്രൈമറി കെയറിന്റെ നേരിട്ടുള്ള ഗുണഫലം പ്രതിമാസം ലഭിക്കുന്നുവെന്നാണ് കണക്ക്. ഇതുകൂടാതെ ആശുപത്രി കേന്ദ്രീകൃതമായും ഇത്തരത്തിലുള്ള പാലിയേറ്റീവ് കെയർ സംവിധാനം നടപ്പിലാക്കുന്നുണ്ട്. ദേശീയ ആരോഗ്യ മിഷന്റെ സഹായത്തോടെ സംസ്ഥാനത്തെ താലൂക്ക്, ജില്ലാ ആശുപത്രികളിൽ സെക്കണ്ടറി കെയർ സാന്ത്വന പരിചരണം നൽകിവരുന്നു. ഇതിനായി സ്റ്റാഫ് നഴ്സുമാരെയും ഡോക്ടർമാരെയും ഫിസിയോതെറാപ്പിസ്റ്റുമാരെയും കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ശയ്യാവലംബരായ രോഗികൾക്ക് സെക്കണ്ടറി കെയർ സേവനങ്ങൾ താലൂക്ക്/ജില്ലാ ആശുപത്രികളിലെത്തി സ്വീകരിക്കാൻ പ്രയാസം നേരിടുന്നതായി കാണുന്നുണ്ട്. ഈ അവസ്ഥയിൽ ഫിസിയോതെറാപ്പിയും മറ്റ് സേവനങ്ങളും ആവശ്യമായ രോഗികളുടെ ബുദ്ധിമുട്ട് കണക്കിലെടുത്ത് കുറച്ചുകൂടി വിപുലീകൃതമായി ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. സെക്കൻഡറിതല പാലിയേറ്റീവ് കെയർ സേവനങ്ങൾ സാമൂഹികാരോഗ്യ കേന്ദ്രത്തിലേയ്ക്ക് വ്യാപിപ്പിക്കുന്ന കാര്യം തീരുമാനിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി എൻ.എച്ച്.എം.-ന്റെ കൂടി ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്ത് 232 സി.എച്ച്.സി.-കളിലും ഒരു ഫിസിയോ തെറാപ്പിസ്റ്റിനെയും ഒരു സ്റ്റാഫ് നഴ്സിനെയും കരാർ അടിസ്ഥാനത്തിൽ നിയമിക്കാൻ തീരുമാനിക്കുകയും നിയമനം നടന്നു വരികയുമാണ്. സാന്ത്വന പരിചരണം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലേയ്ക്ക് വ്യാപിച്ചിരിക്കുകയാണ്. അതുപോലെ ട്രെയിനിംഗ് സെന്ററുകൾ ഫലപ്രദമാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ടെർഷ്യറി കെയർ സംവിധാനവുമായി ബന്ധപ്പെട്ട് 15 ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. അവയിലൂടെ ട്രെയിനിംഗും ഊർജ്ജിതമാക്കുകയാണ്. കൂടാതെ കോഴിക്കോട്ടുള്ള ഐ.ഐ.പി.എം., തിരുവനന്തപുരത്തുള്ള ടി.ഐ.പി.എസ്. തുടങ്ങിയ പരിശീലന കേന്ദ്രങ്ങളെ ഡബ്ല്യു.എച്ച്.ഒ. കൊളാബറേറ്റിംഗ് സെന്ററുകളാക്കി മാറ്റിക്കൊണ്ട് അവിടെയും പരിശീലനം നടന്നുവരുന്നു. സാന്ത്വന പരിചരണ പദ്ധതിയിൽ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നിരവധി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്തിട്ടുണ്ട്. ഇതിന്റെ

ഏകോപനവും ആരോഗ്യ വകുപ്പ് നടത്തുകയാണ്. സന്നദ്ധ സംഘടനകളുമായി സാങ്കേതികപരമായ കാര്യങ്ങളിൽ യോജിച്ച് പ്രവർത്തിക്കുന്നുണ്ട്. ധനസഹായ പദ്ധതികളെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്, തീരുമാനിച്ചിട്ടില്ല. എന്നാൽ സന്നദ്ധ സംഘടനകളുമായി യോജിച്ച് പാലിയേറ്റീവ് പ്രവർത്തനം ഏകോപിപ്പിക്കാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. തിരുവനന്തപുരത്ത് നട്ടെല്ലിന് ക്ഷതം ബാധിച്ച് കിടപ്പിലായവരെയും Paraplegia രോഗം ബാധിച്ചവരെയും പുനരധിവസിപ്പിക്കുന്നതിനായി പാലിയം ഇന്ത്യയുമായി സഹകരിച്ച് ഒരു പ്രവർത്തനം നടത്തുന്നുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ വൃദ്ധസദനങ്ങളുമായി ബന്ധപ്പെട്ട് ഇത്തരം പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് ഏകോപിപ്പിക്കുന്നുണ്ട്. സാമൂഹ്യനീതി വകുപ്പ് 70 സായംപ്രഭ ഹോമുകൾ പ്രായംചെന്നവർക്കുവേണ്ടി ആരംഭിച്ചു. അവിടെയും ഫിസിയോ തെറാപ്പിസ്റ്റിന്റെ സേവനം ഉറപ്പുവരുത്താൻ തീരുമാനിച്ചിട്ടുണ്ട്. അതിപ്പോൾ ഓരോന്നായി ആരംഭിക്കുകയാണ്. ഇത്തരത്തിൽ വിവിധ മേഖലകളിൽ കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതോടൊപ്പം സാമൂഹ്യ സുരക്ഷാ മിഷന്റെ ഭാഗമായി വയോമിത്രം പദ്ധതി എല്ലാ നഗരസഭകളിലും ആരംഭിച്ചുകഴിഞ്ഞു. പുതിയ 44 വയോമിത്രം യൂണിറ്റുകളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തുടങ്ങിയിട്ടുള്ളത്. അവിടെയും ഡോക്ടറുടെയും നഴ്സിന്റെയും സേവനം പ്രായംചെന്നവർക്കും കിടപ്പുരോഗികൾക്കും ലഭ്യമാകുകയാണ്. വയോമിത്രം പദ്ധതി ഗ്രാമപ്രദേശങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ തീരുമാനിച്ചുകഴിഞ്ഞു. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളുടെ ഭാഗമാക്കുന്നതിനായി ബ്ലോക്ക് തലത്തിലേയ്ക്ക് വ്യാപിപ്പിക്കുകയും കോഴിക്കോട് ജില്ലയിൽ അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. അതുപോലെ ആയുർവ്വേദ ചികിത്സ ലഭ്യമാക്കാനുള്ള ആയുർമിത്രം പദ്ധതിയും ആരംഭിക്കുകയാണ്. അങ്ങനെ ജീവിതശൈലീ രോഗനിർണ്ണയ ക്യാമ്പുകൾ ഉൾപ്പെടെ നടത്തി വികേന്ദ്രീകൃത രീതിയിൽ കിടപ്പുരോഗികൾക്ക് പരിചരണം നൽകാനുള്ള കാര്യങ്ങളിൽ തീരുമാനമെടുത്തിട്ടുണ്ട്. 2018-ൽ കേരളത്തെ സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനമായി പ്രഖ്യാപിക്കാൻ ആലോചിച്ചുകൊണ്ടാണ് ഈ നടപടിക്രമങ്ങൾ നീക്കുന്നത്. അധികം താമസമില്ലാതെതന്നെ സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാൻ സാധിക്കും. അപ്പോൾ ഇതുപോലുള്ള സന്നദ്ധ സംഘടനകളുടെ പ്രവർത്തനത്തെ ഏകോപിപ്പിച്ചുകൊണ്ട് കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

ശ്രീ. സജി ചെറിയാൻ: സർ, സമ്പൂർണ്ണ പാലിയേറ്റീവ് കെയർ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കാനുള്ള ഗവൺമെന്റ് തീരുമാനത്തെ ഞാൻ അഭിനന്ദിക്കുന്നു. വിവിധ സംഘടനകൾ, പഞ്ചായത്ത്, ഗവൺമെന്റ്

എന്നിവയുടെ പ്രവർത്തനത്തെ എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളടങ്ങിയ കൂട്ടായ സംവിധാനത്തിലൂടെ എങ്ങനെ ഏകീകരിപ്പിക്കാൻ കഴിയും?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഞാൻ സൂചിപ്പിച്ചതുപോലെ, വിവിധ സംവിധാനങ്ങളിലൂടെയാണ് ഈ പ്രവർത്തനം നടക്കുന്നത്. പ്രവർത്തനങ്ങളെ ഏകീകരിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(2) വികസന പ്രവർത്തനങ്ങൾ പുനരാരംഭിക്കൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വികസന മോഹത്തിനുവേണ്ടിയുള്ള ഒരു ജനപ്രതിനിധിയുടെ അപേക്ഷയാണ് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മുന്നിൽ വയ്ക്കുന്നത്. വികസനത്തെ സംബന്ധിച്ച് മുഖ്യമന്ത്രിക്ക് ഒരു കാഴ്ചപ്പാടുണ്ട്. 'വിവേചനങ്ങളില്ലാതെ വികസനം അതാണ് കേരളത്തിന്റെ ലക്ഷ്യം' എന്നാണ് പറഞ്ഞിട്ടുള്ളത്. ഞാൻ ആ ലക്ഷ്യത്തോട് പൂർണ്ണമായും യോജിക്കുന്നു. പക്ഷെ ഞങ്ങളുടെ അനുഭവം വ്യത്യസ്തമാണ്. വിവിധ വകുപ്പുകളിലായി മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുമ്പാകെ ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. കോട്ടയം ഡെവലപ്മെന്റ് കോറിഡോറിനുവേണ്ട പ്രവർത്തനങ്ങളെല്ലാം പൂർത്തിയായി. ഇനി ടെണ്ടർ നടപടികൾ മാത്രം നടത്തിയാൽ മതി. ഞാൻ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി രണ്ടുമൂന്ന് മീറ്റിംഗുകൾ നടത്തിയതാണ്. അതിനുശേഷവും താഴെത്തട്ടിൽ എവിടെയോ ഇത് കുടുങ്ങിക്കിടക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഞാൻ തന്നെ ഇതിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി നേരിട്ട് സംസാരിച്ചിട്ടുള്ളതാണ്. അവരെല്ലാം പറയുന്നത് നിസ്സാരമായ ആർഗ്യുമെന്റുകളാണ്. നമ്മുടെ ഭരണത്തിന്റെ കോറിഡോറിൽ നടന്നു കൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ചൊക്കെ അറിയാവുന്നവരാണ് അപ്പുറത്തും ഇപ്പുറത്തും ഇരിക്കുന്നവർ. എന്നാൽ ഈ തടസ്സങ്ങൾകൂടി നീക്കുന്നതിനുവേണ്ടിയുള്ള നടപടികളുണ്ടാകുന്നില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അതോടൊപ്പംതന്നെ ഇവിടെ 7 പ്രവൃത്തികളാണ് ഇതുമായി ബന്ധപ്പെട്ട് നിൽക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു വീഡിയോ കോൺഫറൻസിൽ ഇതിനെക്കുറിച്ച് കളക്ടറുമായി സംസാരിച്ചിരുന്നുവെന്ന് എനിക്കറിയാം. പക്ഷെ ഒരു മാറ്റവുമുണ്ടാകുന്നില്ല. കോടിമാത രണ്ടാം പാലത്തിന് അപ്രോച്ച് റോഡില്ല. ഇപ്പോൾ അക്ഷരനഗരിയുടെ മധ്യത്തിൽ സ്കെൽട്ടൺ പോലെ ആ പാലം

ഉയർന്നുനിൽക്കുകയാണ്. ഒരു പട്ടണത്തിന്റെ മധ്യത്തിലാണത്. ആ പാലത്തിന് അപ്പുറവുമിപ്പുറവും റോഡുണ്ടാക്കുന്നതിനുള്ള നടപടി ആരംഭിക്കണം. അതിന് തടസ്സമായി പറയുന്നത് രണ്ട് ആളുകൾ അതിന് താഴെ താമസിക്കുന്നു എന്നതാണ്. പല കളക്ടർമാരും അവിടെ മാറിമാറി വന്നു. 11 പ്രാവശ്യം കളക്ടർ ലെവലിൽ ചർച്ചകൾ നടത്തിയിട്ടും ഒരു നടപടിയുമുണ്ടായില്ല. ആളുകൾ അവർക്ക് വീടുവച്ചുകൊടുക്കാൻ തയ്യാറാണ്. അവിടെ 3 സെന്റ് ഭൂമി നൽകിയാൽ ഇതെല്ലാം നടക്കും. 'ലൈഫ്' സ്കീമിൽ മാത്രമേ ഇത് ഉൾക്കൊള്ളിക്കുവെന്നാണ് പറയുന്നത്. ലൈഫ് സ്കീമിന് ലൈഫ് ഉണ്ടാകുന്നില്ലെങ്കിൽ ഈ പാലത്തിന്റെ ലൈഫും തീർന്നില്ലേ? അങ്ങനെ ഈ പദ്ധതികൾ തട്ടിമാറ്റുന്നതിനുള്ള ഉപാധിയാക്കി മാറ്റാതെ കഴിയുന്നത്രവേഗം അത് നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് അങ്ങ് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കെ.എസ്.ആർ.ടി.സി.-യുടെ ഒരു ബസ് ടെർമിനലവിനുവേണ്ടി 28 കോടി രൂപയുടെ കരാർ ഉറപ്പിച്ചതാണ്. അതിന് തടസ്സമായി പറയുന്നത് നിസ്സാര കാരണങ്ങളാണ്. ആദ്യം, ശബരിമല സീസൺ കഴിയട്ടെയെന്ന് പറഞ്ഞു. ശബരിമല സീസൺ കഴിഞ്ഞപ്പോൾ മണ്ണെടുക്കാൻ സമ്മതിക്കുന്നില്ല. മണ്ണ് കെ.എസ്.ആർ.ടി.സി.-യുടെ ഒരു ഡിപ്പോയിൽനിന്ന് മറ്റൊന്നിലേയ്ക്ക് കൊണ്ടുപോകുന്നതിന് 12 ലക്ഷം രൂപ റോയൽറ്റി നൽകണമെന്ന് ഒരു ഡിപ്പാർട്ടുമെന്റ് പറയുന്നു. ഇങ്ങനെ പോയാൽ നമ്മുടെ വികസനം എവിടെപ്പോയി നിൽക്കും? അങ്ങയുടെ സ്വപ്നം ജനങ്ങൾക്ക് അനുഭവവേദ്യമാകണമെങ്കിൽ ഈ ബുദ്ധിമുട്ടുകൾ മാറ്റുന്നതിനുള്ള നടപടികളെടുക്കേണ്ടതായിട്ടുണ്ട്.

വേൾഡ് ഫുട്ബോൾ നടന്നുകൊണ്ടിരിക്കുന്ന സന്ദർഭമാണിത്. സ്പോർട്സിനുവേണ്ടി എല്ലാ ആളുകളും ഇപ്പോൾ ഒരുപോലെ ആംസ് അപ് എന്ന നിലയിൽ കൈ ഉയർത്തിനിൽക്കുകയാണ്. കേരളത്തിൽ പട്യാല സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ടിനെ വെല്ലുന്ന വിധത്തിൽ വലിയൊരു സ്പോർട്സ് കോംപ്ലക്സും ഇൻസ്റ്റിറ്റ്യൂട്ടും നിർമ്മിക്കുന്നതിനുള്ള ഒരു പരിശ്രമം നടത്തി. സൊമാനിയെപ്പോലുള്ള ഒരാളുടെ കയ്യിൽനിന്ന് പതിനൊന്നര ഏക്കർ സ്ഥലം ഈ ഗവൺമെന്റ് തിരിച്ചുപിടിച്ച് സ്പോർട്സ് വകുപ്പിന് നൽകിയിട്ടും ഒരു നടപടിയുമെടുക്കാതെ ഇപ്പോഴും അത് ഫയലുകളിൽ ഉറങ്ങിക്കൊണ്ടിരിക്കുന്നു എന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയം 18 കോടി രൂപയ്ക്കാണ് പണി പൂർത്തിയാക്കിയത്. ചുറ്റുമതിൽ കെട്ടുന്നതിനുവേണ്ടി മാത്രം രണ്ട് വർഷമെടുത്തു. ഇന്നും അത് തുറന്നുകൊടുത്തിട്ടില്ല. തുറന്നുകൊടുക്കാത്തതിന്റെ കാരണം ആരെയും ബോധ്യപ്പെടുത്തുന്നുമില്ല. എന്തിനാണ് അത് പൂട്ടിയിട്ടിരിക്കുന്നത്? സ്പോർട്സിന്റെ കാര്യത്തിൽ ഏറ്റവും

ആവേശത്തോടുകൂടി നിൽക്കുന്ന, ഇൻഡ്യയിലെ ഏറ്റവും നല്ല സ്പോർട്സ് താരങ്ങളുള്ള, പ്രത്യേകിച്ചും വനിതാ സ്പോർട്സ് താരങ്ങളുള്ള കേരളത്തിൽ ആ സ്പോർട്സിന്റെ ഇൻഡോർ സ്റ്റേഡിയം പൂട്ടിയിടുന്നതിന്റെ കാരണമെന്താണെന്ന് ജനങ്ങൾക്കുകൂടി തൃപ്തികരമായ വിധത്തിൽ പറയണം. ദയവായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനാവശ്യമായ നിർദ്ദേശം നൽകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. കോട്ടയം വാട്ടർ ഹബ്ബിന് അനുവദിച്ച തുകയ്ക്കുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്. അവിടെ ചെളിയും പോളയും നീക്കം ചെയ്യാത്തതുകൊണ്ട്...

മി. സ്പീക്കർ: താങ്കൾ നോട്ടീസിൽ ഇക്കാര്യങ്ങളെല്ലാം പരാമർശിച്ചിട്ടില്ലേ; അതെല്ലാം ആവർത്തിക്കുകയാണോ? എല്ലാം വിശദീകരിക്കേണ്ടതില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങുമായുള്ള ഒരു തർക്കത്തിനുവേണ്ടി പറയുന്നതല്ലല്ലോ. അങ്ങും ഒരു നിയോജകമണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ആളല്ലേ? അങ്ങയുടെ നിയോജകമണ്ഡലത്തിൽ ഞാൻ തന്നെ നേരിട്ട് ചില നടപടികൾ നടത്തിയിട്ടുണ്ടല്ലോ. അങ്ങനെയാണ്, അത് ചെയ്യണം. അപ്പുറത്തിരുന്നാലും ഇപ്പുറത്തിരുന്നാലും കേരളത്തെ ഒന്നായി നമുക്ക് കാണാൻ കഴിയണം. കേരളം വികസനം ആഗ്രഹിക്കുന്ന സംസ്ഥാനമാണ്. അത് ഭംഗിയായി നിറവേറ്റാൻ കഴിയണം. ഗവൺമെന്റ് പോളിസി വികസനത്തിന് അനുകൂലമാണെന്ന് മുഖ്യമന്ത്രി പലവട്ടം പറഞ്ഞിട്ടുണ്ട്. ഞാൻ അതിനെ പൂർണ്ണമായും സ്വാഗതം ചെയ്യുകയാണ്. അത് ചെയ്യണം എന്നാണ് ഞാൻ പറയുന്നത്. അദ്ദേഹത്തിന്റെ ശ്രദ്ധയിൽ വരാതെ പോയിട്ടുള്ള ഇക്കാര്യങ്ങൾ കൂടി ചേർക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കോട്ടയത്തെ ഏറ്റവും പ്രമുഖരായ ചില ആളുകളും മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് കത്ത് നൽകിയിട്ടുണ്ട് എന്നുള്ള കാര്യം എനിക്കറിയാം. അതുകൊണ്ട് ഒരു പ്രദേശത്തെ വികസനം കട്ട് ചെയ്ത് നിർത്താതെ അതിനൊരു തുടർച്ച ഉറപ്പാക്കുന്നതിന് പിണറായി വിജയൻ ഗവൺമെന്റിന്റെ ഇച്ഛാശക്തി പ്രകടിപ്പിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം പറഞ്ഞ കാര്യത്തോട് സർക്കാർ പൂർണ്ണമായും യോജിക്കുന്നു. വികസന കാര്യത്തിൽ യാതൊരു തരത്തിലുള്ള പക്ഷാഭേദവുമില്ല. നമ്മുടെ നാടിന്റെ വികസനത്തിനായി ഒന്നിച്ചുനിൽക്കേണ്ടതും ഒപ്പം നീങ്ങേണ്ടതുമാണ് എന്നുതന്നെയാണ് സർക്കാർ നിലപാട്. ഇവിടെ അദ്ദേഹം ഉന്നയിച്ച കാര്യങ്ങളിൽ കോട്ടയം ഡെവലപ്മെന്റ് കോറിഡോറിൽ ഈരയിൽക്കടവ് പാലവും പാലത്തെ എം.സി. റോഡിൽ മണിപ്പുഴയുമായി ബന്ധിപ്പിക്കുന്ന റോഡുമാണുള്ളത്. പാലം പണി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ

ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ടാറിംഗ് ചെയ്യുന്നത് മൂന്ന് പ്രവൃത്തികളായി ക്രമീകരിച്ചിട്ടുണ്ട്. ഇതിൽ 170 ലക്ഷം രൂപയുടെ ഈരയിൽക്കടവ് പാലം പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. രണ്ടാമത്തെ പ്രവൃത്തിയിൽ 100 ലക്ഷം രൂപയുടെ പ്രവൃത്തി ഡിസംബറിൽ പൂർത്തീകരിക്കുന്നതാണ്. മൂന്നാമത്തെ പ്രവൃത്തിയിൽ മണിപ്പുഴ വരെയുള്ള 900 മീറ്റർ നീളം വരുന്ന റോഡ് പണിക്കായി എം.എൽ.എ. ഫണ്ടിൽനിന്നും ഭരണാനുമതിക്കുവേണ്ടി 183 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. കോടിമാത പാലത്തിന്റെ മൂന്ന് സ്പാനുകളിൽ രണ്ടെണ്ണം പൂർത്തിയായിട്ടുണ്ട്. അവസാന സ്പാൻ നിർമ്മിക്കുന്നതിന് പുറമ്പോക്കിൽ താമസിക്കുന്ന വിധവകളായ രണ്ട് കുടുംബങ്ങളെ മാറ്റി പ്പാർപ്പിക്കേണ്ടതുണ്ട്. നീലിമംഗലം പാലം 2015 ഡിസംബറിൽ പൂർത്തീകരിച്ചുവെങ്കിലും പാലത്തിന്റെ ഡെക്ക് സ്ലാബിൽ നേരിയ വിള്ളലുകൾ കണ്ടെത്തിയിരുന്നു. ലോക ബാങ്ക് മിഷന്റെ നിർദ്ദേശപ്രകാരം പാലത്തിന്റെ ഉറപ്പ് പരിശോധിക്കുന്നതിന് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (ഡിസൈൻ ആന്റ് ബ്രിഡ്ജസ്)-നെ ചുമതലപ്പെടുത്തുകയും പാലം രണ്ടുവരി ഗതാഗതത്തിന് യോഗ്യമാണെന്ന് റിപ്പോർട്ട് നൽകിയിട്ടുള്ളതുമാകുന്നു. കോട്ടയം മൾട്ടിപർപ്പസ് ഇൻഡോർ ഹാളിന്റെ ഔദ്യോഗിക ഉദ്ഘാടനം എന്ന പേരിൽ 2016 ഫെബ്രുവരി 28-ന് ഒരു ഉദ്ഘാടനം നടന്നുവെങ്കിലും അതിനുശേഷമാണ് ഇൻഡോർ ഹാളിൽ വുഡ് ഫ്ലോറിംഗ് ഇടുന്നതിനായി ഭരണാനുമതി നൽകിയത്. ഇനിയും ഇതര പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്. ചിങ്ങവനത്ത് സ്പോർട്സ് കോളേജിനുപകരം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പോർട്സ് സയൻസ് ആന്റ് അപ്ലൈഡ് റിസർച്ച് കേരള സ്ഥാപിക്കുന്നതിനായി 5 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് റിക്വിസിഷൻ സമർപ്പിക്കുന്നതിനുള്ള നടപടികളെടുത്തുവരികയാണ്. കോട്ടയം ബസ് ടെർമിനലിന്റെ ഗ്യാരേജ് നിർമ്മാണം 95 ശതമാനം പൂർത്തിയായി. മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി പൂർത്തിയായിട്ടുണ്ട്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, സ്വാഗതാർഹമായ രീതിയിലാണ് അങ്ങ് പറഞ്ഞത്. മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയത്തിന്റെ കാര്യം അതല്ല, അങ്ങയെ തെറ്റിദ്ധരിപ്പിച്ചതാണ്. അതിന്റെ ബാക്കി പണിയൊക്കെ പൂർത്തിയായി. രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിന്റെ പേര് മാറ്റാമോയെന്ന് എന്നോട് സ്വകാര്യത്തിൽ ചോദിച്ച ആളുകളുണ്ട്. ദയവായി അങ്ങനെ ചെയ്യരുത്, രാജീവ് ഗാന്ധിയെ ഒന്നുകൂടി കൊല്ലരുത്. സ്റ്റേഡിയത്തിന്റെ പ്രവൃത്തി ഭംഗിയായി നിറവേറ്റുന്നതിനുള്ള സത്വര നിർദ്ദേശം നൽകിയാൽ മാത്രം മതി. എനിക്ക് ചോദ്യമായിട്ട് ചോദിക്കാനില്ല. അങ്ങ് ഉത്തരമായി ഈ നിർദ്ദേശം നൽകണമെന്നാണ് എന്റെ അഭ്യർത്ഥന.

10.00 AM]

## IV സബ്മിഷൻ

(1) കേസ് അന്വേഷണം അട്ടിമറിക്കൽ

ശ്രീ. വി. ഡി. സതീശൻ: സർ, സമീപകാലത്ത് നമ്മുടെ സംസ്ഥാനത്ത് നടന്ന ഏറ്റവും ക്രൂരമായ കസ്റ്റഡി മരണമായിരുന്നു വരാപ്പുഴയിലെ ശ്രീജിത്തിന്റേത്. ഒരു ക്ഷേത്രോത്സവത്തോടനുബന്ധിച്ച് നടന്ന തർക്കത്തിന്റെ പേരിൽ വാസുദേവൻ എന്നൊരാളിന്റെ വീട് കുറേപ്പേർ ചേർന്ന് ആക്രമിക്കുകയും അന്നുരാത്രി അയാൾ ആത്മഹത്യ ചെയ്യുകയും ചെയ്തു. അതുമായി ബന്ധപ്പെട്ട അന്വേഷണത്തിലാണ് ശ്രീജിത്ത് ഉൾപ്പെടെയുള്ള ഒമ്പതുപേരെ പോലീസ് അറസ്റ്റ് ചെയ്തത്. അതിൽ ശ്രീജിത്ത് ഉൾപ്പെടെയുള്ള ഏഴുപേരും നിരപരാധികളായിരുന്നു. അമ്മയുടെയും ഭാര്യയുടെയും മുന്നിൽവച്ച് രാത്രി പത്തര മണിക്ക് റൂറൽ എസ്.പി.യുടെ ടൈഗർ ഫോഴ്സ് നിരപരാധിയായ ഈ ചെറുപ്പക്കാരനെ അറസ്റ്റ് ചെയ്തുകൊണ്ടുപോയി ക്രൂരമായി മർദ്ദിച്ചാണ് കൊലപ്പെടുത്തിയത്. ഫോറൻസിക് വിദഗ്ദ്ധരുടെ റിപ്പോർട്ടും ante-mortem റിപ്പോർട്ടും ഞെട്ടിപ്പിക്കുന്നതാണ്. പതിനെട്ട് മുറിവുകളാണ് ശ്രീജിത്തിന്റെ ശരീരത്തിലുണ്ടായിരുന്നത്. (1) ജനനേന്ദ്രിയത്തിൽ രക്തം കട്ടപിടിച്ച് കിടക്കുന്നു - ഞെരിച്ചതിന്റെയോ അടിച്ചതിന്റെയോ സൂചന, ഏറ്റവും മാരകമായ ക്ഷതം ഇതാണ്. (2) തുടകളുടെ ഉള്ളിൽ ചതവ് - ഇത് ഉരുട്ടൽ പോലെയുള്ള പീഡനത്തിന്റെ സൂചന, കമ്പിയിൽ തുണികെട്ടി ഉരുട്ടിയതുമൂലം അകത്തുമാത്രം മുറിവ്. (3) മുഖത്ത് മാരകമായ മുറിവ് - മുഖം കൂട്ടിപ്പിടിച്ച് ശക്തിയായി തള്ളിയതാകണം. (4) വയറ്റിൽ തൊഴിച്ചതിന്റെ ക്ഷതം - ആന്തരാവയവങ്ങൾക്ക് ക്ഷതം, കുടൽ പൊട്ടി; നിലത്തുകിടത്തി ചവിട്ടിയതോ ഭിത്തിയിൽ ചാരിനിർത്തി ചവിട്ടിയതോ ആകണം. നിരപരാധിയായ 28 വയസ്സുള്ള ഒരു ചെറുപ്പക്കാരനെ കസ്റ്റഡിയിൽവച്ച് പോലീസ് ചെയ്ത ക്രൂരമായ കൃത്യമാണിത്. പിറ്റേദിവസം രാവിലെ ശ്രീജിത്തിന്റെ അമ്മ ആ പോലീസ് സ്റ്റേഷന്റെ മുന്നിൽ ചെന്നപ്പോൾ 'അമ്മാ എനിക്ക് വെള്ളം വേണ'മെന്ന് ശ്രീജിത്ത് പറഞ്ഞു. അടുത്ത വീട്ടിൽപോയി ഒരു മൊന്ത വെള്ളം വാങ്ങി അമ്മ മകന് കൊടുക്കാനായി ചെന്നപ്പോൾ അവിടെയുണ്ടായിരുന്ന പോലീസുകാർ അസഭ്യം പറഞ്ഞ് ആ അമ്മയെ ആട്ടിയോടിച്ചു. ഇങ്ങനെയൊരു സംഭവം കേരളത്തിലുണ്ടായിട്ടുണ്ടോ? ഞങ്ങൾ പ്രതിപക്ഷനേതാവുമൊത്ത് ആ അമ്മയെ കാണാൻ ചെന്നപ്പോൾ 'എന്റെ മകന് അവസാനം ഒരുതുള്ളി വെള്ളം കൊടുക്കാൻ എനിക്ക് കഴിഞ്ഞില്ലല്ലോ' എന്ന് ആ അമ്മ ഞങ്ങളോട് പറഞ്ഞു. ഷേക്സ്പിയറിന്റെ ഒരു പ്രയോഗമുണ്ട്. " Hell is empty and all the devils are here." അതായത്, നരകം

ഒഴിഞ്ഞുകിടക്കുകയാണ്, എല്ലാ ചെകുത്താൻമാരും ഇവിടെയാണ് എന്ന്. സമാനമായ അന്തരീക്ഷമാണ് ഇന്ന് കേരളത്തിൽ. നിരപരാധിയായ ആ ചെറുപ്പക്കാരൻ എങ്ങനെ അറസ്റ്റ് ചെയ്യപ്പെട്ടു? ആര് പറഞ്ഞിട്ട്, എന്തിനുവേണ്ടിയാണ് ഒരു നിരപരാധിയെ അറസ്റ്റ് ചെയ്തത്? റൂറൽ എസ്.പി.യുടെ ടൈഗർ ഫോഴ്സാണ് രാത്രി പോയി അറസ്റ്റ് ചെയ്തത്. റൂറൽ എസ്.പി. പറഞ്ഞിട്ടാണോ ശ്രീജിത്തിനെ അറസ്റ്റ് ചെയ്തത്? വാസുദേവന്റെ മരണവുമായി ബന്ധപ്പെട്ട് സി.പി.ഐ.(എം) അവിടെയൊരു ഹർത്താൽ നടത്തിയിരുന്നു. സി.പി.ഐ.(എം) നേതാക്കൾ വെല്ലുവിളി ഉയർത്തിയിരുന്നു. xxxxxx+ അത് അന്വേഷിക്കണ്ടേ? ഇവിടെ എസ്.പി.ക്ക് അതിൽ പങ്കില്ലായെന്ന് പറയുന്നു. അങ്ങനെയാണെങ്കിൽ ആർക്കാണ് പങ്ക്? നാളെ ഇത് കോടതിയിലൊരു ട്രയലായി ചെല്ലുമ്പോൾ ഒരു പ്രോസിക്യൂഷൻ സ്റ്റോറി വേണ്ടേ; പ്രോസിക്യൂഷനൊരു കേസ് വേണ്ടേ? ഒരാളെ ചവിട്ടിക്കൊല്ലാനുള്ളൊരു മോട്ടീവ് ഉണ്ടാകണ്ടേ? ഒരു മോട്ടീവുമില്ലാതെ കേസുമായി പ്രോസിക്യൂഷന് എങ്ങനെ പോകാൻ സാധിക്കും; എന്തുകൊണ്ടാണ് എസ്.പി.യുടെ ഫോൺ കോളുകൾ പരിശോധിക്കാത്തത്? അന്ന് എസ്.പി.യുമായി ഉന്നതരായ സി.പി.ഐ.(എം) നേതാക്കൾ ബന്ധപ്പെട്ടിട്ടുണ്ട്. xxxxxx*

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, ഇത് സബ്മിഷനാണ് ഇങ്ങനെ ദീർഘമായി പ്രസംഗിക്കരുത്. പ്ലീസ്..... കൺക്ലൂഡ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കാം. ആര് പറഞ്ഞിട്ടാണ് എസ്.പി. നിരപരാധിയായ ആ ചെറുപ്പക്കാരനെ അറസ്റ്റ് ചെയ്തത്? ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനും അഡ്വക്കേറ്റ് ജനറലുമൊക്കെ വളരെ പ്രധാനപ്പെട്ട സ്ഥാനങ്ങൾ തന്നെയാണ്. പക്ഷെ സൗകര്യത്തിന് നിയമോപദേശം നൽകുന്നവയായി അത്തരം സ്ഥാനങ്ങളെ അധഃപതിപ്പിക്കരുത് എന്നാണ് എന്റെ വിനീതമായ നിർദ്ദേശം. ഒരാളെ ഒഴിവാക്കണം, എസ്.പി.യോടുള്ള സ്നേഹം കൊണ്ടല്ലെന്ന് എനിക്ക് നന്നായിട്ടറിയാം. എസ്.പി.യെ സഹായിക്കാൻവേണ്ടി മാത്രമല്ല, എസ്.പി. കുടുങ്ങിയാൽ കുടുങ്ങാൻ പോകുന്നത് വേറെ പലരുമായിരിക്കുമെന്നുള്ള ഭയമാണ്. സംഭവം നടന്നിട്ട് രണ്ട് മാസം കഴിഞ്ഞു. അന്വേഷണം വഴിമുട്ടിനിൽക്കുന്നു,അട്ടിമറിക്കപ്പെട്ടിരിക്കുന്നു. കുറച്ച് പോലീസുകാരെ മാത്രം അറസ്റ്റുചെയ്ത് കേസന്വേഷണം അവസാനിപ്പിക്കാൻ ശ്രമിക്കുന്നതിന് പിന്നിലുള്ള ചേതോവികാരം എന്തായിരുന്നു? ആരുടേതായാലും മക്കളല്ലേ? എല്ലാവരും തൊട്ടിലുകെട്ടി താരാട്ടുപാടി വളർത്തിയെടുക്കുന്ന പാവപ്പെട്ട മക്കളെ

+ സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫ.നം.3766/ഇബി/2018/നി.സെ, തീയതി 26-6-2018) രേഖയിൽനിന്നും നീക്കം ചെയ്തു.

ചവിട്ടിക്കൊല്ലാൻ, നിരപരാധികളെ കൊന്നൊടുക്കാൻ പോലീസിന് എന്തധികാരമാണുള്ളത്? കേരളത്തിൽ ഇത് നിരന്തരമായി ആവർത്തിക്കപ്പെടുന്നു. എല്ലാ ദിവസവും എഴുന്നേറ്റുനിന്ന് പോലീസിന് വീഴ്ചപറ്റിയെന്ന് പറയാൻ ദുർവിധിയുണ്ടായ ദൗർഭാഗ്യവാനായ ഒരു മുഖ്യമന്ത്രിയാണ് അങ്ങ് എന്നതിൽ എനിക്ക് സഹതാപമുണ്ട്. പക്ഷെ, കാര്യങ്ങൾ ആവർത്തിക്കപ്പെടുന്നു. കേരളത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിപ്പിച്ച ഈ സംഭവത്തിനുശേഷവും എത്രയോ സംഭവങ്ങൾ കേരളത്തിലുണ്ടായി. ഇത് അവസാനിക്കണ്ടേ? സമീപകാലത്തുണ്ടായ ഏറ്റവും വലിയ ക്രൂരമായ പോലീസ് മർദ്ദനമാണിത്. ഈ സഭ അത് ചർച്ച ചെയ്തില്ലെങ്കിൽ സഭയെക്കുറിച്ച് ജനങ്ങളുടെ മനസ്സിൽ അവമതിപ്പുണ്ടാകും. അതുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ മുഖ്യമന്ത്രി നേരിട്ട് ഈ കേസന്വേഷണം വിലയിരുത്തണം. യഥാർത്ഥ പ്രതികൾ രക്ഷപ്പെടാനുള്ള സാഹചര്യമുണ്ടാകരുത്. അങ്ങനെയൊരു സാഹചര്യമുണ്ടായാൽ ഇത്തരം സംഭവങ്ങൾ ഇനിയും ആവർത്തിക്കപ്പെടും. ഞാൻ ആ വസതിയിൽ പലപ്രാവശ്യം പോയിട്ടുണ്ട്. ശ്രീ. ഉമ്മൻ ചാണ്ടിയോടൊപ്പവും ഞാൻ അവിടെ പോയി. അന്ന് മഴ പെയ്യുന്നുണ്ടായിരുന്നു. ശ്രീജിത്തിന്റെ മൂന്ന് വയസ്സുള്ള നിഷ്കളങ്കയായ മകൾ ഞങ്ങളോട് ചോദിച്ചു, 'മഴ പെയ്യുന്നല്ലോ എന്റെ അച്ഛൻ നനയില്ലേ' എന്ന്. അച്ഛൻ മരിച്ചതുപോലും അറിയാത്ത നിഷ്കളങ്കയായ ആ പെൺകുട്ടിയുടെ ചോദ്യത്തിന് മറുപടി പറയാനാകാതെ നിൽക്കേണ്ടിവന്ന ദൗർഭാഗ്യവാനായ ജന പ്രതിനിധിയാണ് ഞാൻ. ഇത് ആവർത്തിക്കരുത്. ഗൗരവതരമായി ഈ വിഷയം അന്വേഷിക്കണമെന്ന് മാത്രം ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലോക്കപ്പ് മർദ്ദനം, ലോക്കപ്പ് മരണം ഇതിനോടൊക്കെ ഏതെങ്കിലും തരത്തിൽ ലാഘവത്വം കാണിക്കുന്നൊരു സർക്കാരല്ല ഇന്നുള്ളത് എന്നത് ഇതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾതന്നെ വ്യക്തമാക്കുന്നതാണ്. ഇത് കേരളത്തിലെ ആദ്യത്തെ ലോക്കപ്പ് മരണമല്ല, ലോക്കപ്പ് മർദ്ദനവുമല്ല. ഇതിനുമുമ്പും ലോക്കപ്പ് മരണങ്ങൾ ഉണ്ടായിട്ടുണ്ട്. ഇതിനുമുമ്പ് അത്തരത്തിലൊരു സംഭവത്തിൽ ഇതുപോലെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ? അതാണ് ഗൗരവമായി പരിശോധിക്കേണ്ടത്. എന്താണ് സർക്കാരിന്റെ സമീപനം എന്നതാണ് അതിലൂടെ വ്യക്തമാകുന്നത്. ഈ ഗവൺമെന്റിനുമുമ്പ് അധികാരത്തിലുണ്ടായിരുന്ന ഗവൺമെന്റിന്റെ കാലത്തും ഇവിടെ ലോക്കപ്പ് മരണങ്ങൾ സംഭവിച്ചിട്ടുണ്ട്. ഏതെങ്കിലും തരത്തിലുള്ള നടപടികൾ അതിന്റെ ഭാഗമായി ഉണ്ടായിട്ടുണ്ടോ? സംസ്ഥാനത്തെ ഏതെങ്കിലുമൊരു നിയമ സംവിധാനം ഇടപെട്ടതിനുശേഷമല്ലേ നടപടികൾ സ്വീകരിച്ചിട്ടുള്ളൂ? എന്നാൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ

സ്വീകരിക്കണമെന്ന് സർക്കാർതന്നെ ആദ്യമേ നിലപാടെടുത്തു. അതിന്റെ ഭാഗമായിത്തന്നെയാണ് പോലീസുകാരുടെമേൽ 302-ാം വകുപ്പ് ചുമത്തി കേസ് ചാർജ് ചെയ്യുന്ന സ്ഥിതിവന്നത്. ഇത്രയും ഗൗരവമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നതാണ് വസ്തുത. സംസ്ഥാനത്ത് ഇതിനുമുമ്പ് ഒരു കേസ് കയ്യിൽ കിട്ടിയാൽ തങ്ങൾക്ക് വിരോധമുള്ളവരെ മുഴുവൻ എങ്ങനെ വേട്ടയാടാൻ കഴിയുമെന്ന് പരിശോധിച്ചിരുന്ന കാലമുണ്ടായിരുന്നു. ആ വഴിക്കൊന്നും ഈ സർക്കാർ നീങ്ങാൻ പോകുന്നില്ല, അതൊന്നും ഒരു മാതൃകയായി എടുക്കാനും തയ്യാറല്ല.

പോലീസ് അന്വേഷിക്കേണ്ട കാര്യങ്ങൾ അന്വേഷിക്കും, നടപടി സ്വീകരിക്കും. അതിൽ ഇടപെട്ട് നിങ്ങൾ ഇങ്ങനെയല്ല പോകേണ്ടത്, ഇന്ന വഴിക്ക് പോകൂ എന്നുപറയുന്നത് ഈ സർക്കാരിന്റെ നയമല്ല. അങ്ങനെയൊരു സമീപനം സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. ആ സമീപനത്തിന് ഫലമുണ്ടെന്നുതന്നെയാണ് കാണാൻ കഴിയുന്നത്. പോലീസുകാരുടെ ഭാഗത്തോ അന്വേഷണത്തിലോ വീഴ്ച സംഭവിച്ചിട്ടുണ്ടെങ്കിൽ അത് നിയമപ്രകാരം പരിശോധിക്കാനുള്ള വേദി കോടതി തന്നെയാണ്. അതുകൊണ്ട് ബഹുമാന്യനായ അംഗം ആമുഖമായി ചൂണ്ടിക്കാണിച്ച കാര്യങ്ങൾക്ക് ഇത്രയുമാണ് എനിക്ക് പറയാനുള്ളത്. ശ്രീജിത്തിന്റെ കസ്റ്റഡി മരണവുമായി ബന്ധപ്പെട്ട പരാതിയിൽ 174 സി.ആർ.പി.സി. പ്രകാരം വരാപ്പുഴ പി.എസ്. ക്രൈം 321/18 ആയി കേസ് രജിസ്റ്റർ ചെയ്ത് എറണാകുളം റൂറൽ ക്രൈം ബ്രാഞ്ച് ഡിവൈ.എസ്.പി. അന്വേഷണം നടത്തിവരുന്നു. ഇതുസംബന്ധിച്ച് ശ്രീജിത്തിന്റെ കുടുംബാംഗങ്ങളുടെയും മറ്റും പരാതി പരിഗണിച്ച് ഈ സംഭവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത എല്ലാ കേസുകളുടെയും അന്വേഷണം ക്രൈം ബ്രാഞ്ച് ഐ.ജി. ശ്രീജിത്തിന്റെ നേതൃത്വത്തിൽ രൂപീകരിച്ച സ്പെഷ്യൽ ടീം 11-4-2018-ന് ഏറ്റെടുത്തു. കേസന്വേഷണം ഊർജ്ജിതമാണ്. ക്രൈം നമ്പർ 321/18 കേസിന്റെ അന്വേഷണത്തിൽ വെളിവായതിന്റെ അടിസ്ഥാനത്തിൽ 174 സി.ആർ.പി.സി. കുറവുചെയ്ത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ 323, 342, 302, 34 വകുപ്പുകൾ പ്രകാരം അന്വേഷണം തുടരുകയാണ്. നാളിതുവരെയുള്ള അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സംഭവത്തിൽ ഉൾപ്പെട്ടുവെന്ന് അന്വേഷണ സംഘം കണ്ടെത്തിയ പ്രതികളെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിയെന്ന നിലയിൽ യഥാവിധി ഇടപെടാതെ വീഴ്ച വരുത്തിയെന്ന് ശ്രീ. എ. വി. ജോർജിനെതിരെ പ്രത്യേക റിപ്പോർട്ട് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തെ എറണാകുളം റൂറൽ എസ്.പി.-യുടെ പദവിയിൽനിന്ന് സ്ഥലം മാറ്റുകയും തുടർന്ന് സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് എറണാകുളം റൂറൽ മുൻ ജില്ലാ പോലീസ് മേധാവിയായ ശ്രീ. എ. വി. ജോർജിനെ അന്വേഷണ സംഘം ചോദ്യം ചെയ്തിരുന്നു. നിലവിലുള്ള അന്വേഷണത്തിൽ വെളിവായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശ്രീ. എ. വി. ജോർജിന്റെ വീഴ്ചകൾ സംബന്ധിച്ച് അന്വേഷണ ഉദ്യോഗസ്ഥനായ ക്രൈം ബ്രാഞ്ച് ഐ.ജി., ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെ നിയമോപദേശം തേടിയിരുന്നു. അന്വേഷണ സംഘം നിയമോപദേശം തേടുന്നത് സ്വാഭാവിക നടപടിക്രമം മാത്രമാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ ആരോപണം ഇങ്ങനെയാണ് "വരാപ്പുഴയിലെ ശ്രീജിത്തിന്റെ കസ്റ്റഡി മരണ കേസിൽ, ആലുവ റൂറൽ എസ്.പി.യെ പ്രതി ചേർക്കേണ്ടതില്ലെന്ന് ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന് നിയമോപദേശം ലഭിച്ചിരിക്കുകയാണ്. ഇതോടെ കേസിലെ യഥാർത്ഥ പ്രതികൾ രക്ഷപ്പെടുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. കേസന്വേഷണം പൂർണ്ണമായും അട്ടിമറിക്കപ്പെട്ടു." ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഈ ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്. അന്വേഷണം നടന്നുവരികയാണ്. ആരുടെയെങ്കിലും പങ്ക് സംബന്ധിച്ച് തെളിവുകൾ കണ്ടെത്താൻ കഴിഞ്ഞാൽ അവരുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ അന്വേഷണ സംഘത്തിന് പൂർണ്ണ അധികാരമുണ്ട്. ഇതിൽ സർക്കാർ ഇടപെടുന്ന പ്രശ്നമില്ല. ക്രിമിനൽ കേസുകൾ സംബന്ധിച്ച് നിയമോപദേശം തേടാൻ സംസ്ഥാനത്ത് ആധികാരികമായി അവകാശമുള്ള ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനോടാണ് നിയമോപദേശം തേടിയിട്ടുള്ളത്. അന്വേഷണത്തിലോ നിയമോപദേശത്തിലോ സർക്കാർ ഇടപെട്ടിട്ടില്ല. മാത്രമല്ല, ഇക്കാര്യങ്ങളെല്ലാം ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലാണുള്ളത്. നാളെ (21-06-2018) ഇതുസംബന്ധിച്ച കേസ് പരിഗണനയ്ക്ക് വരികയാണ്. കോടതി പരിഗണിച്ചു കൊണ്ടിരിക്കുന്ന കേസിനെ സംബന്ധിച്ച് കൂടുതൽ അഭിപ്രായം പറയുന്നതും ചർച്ചചെയ്യുന്നതും അഭികാമ്യമല്ലല്ലോ. നിലവിൽ ജില്ലാ പോലീസ് മേധാവിയുൾപ്പെടെ 11 ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും വകുപ്പുതല അന്വേഷണം തുടരുകയും ചെയ്യുന്നുണ്ട്. ഒരു കാര്യംകൂടി വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. സർക്കാരിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട് ശ്രീജിത്തിന്റെ കുടുംബം നേരത്തെതന്നെ തൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട് എന്നതാണ് വസ്തുത. ഇക്കാര്യത്തിൽ ബഹുമാന്യനായ അംഗം പറഞ്ഞതുപോലെയല്ല, ഫലപ്രദമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആ കുടുംബത്തിന് കഴിയാവുന്നത്ര ആശ്വാസമെത്തിക്കാൻ എന്തെല്ലാം സർക്കാരിന് ചെയ്യാൻ കഴിയുമോ ഒരു നിയമസംവിധാനവും ചൂണ്ടിക്കാണിക്കാതെതന്നെ അതും ചെയ്തിട്ടുണ്ട്. അതിൽ ആ കുടുംബം പൂർണ്ണ സന്തോഷം രേഖപ്പെടുത്തിയിട്ടുമുണ്ട്. ഇതാണ് വസ്തുത.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ...

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, സബ്മിഷനാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് രണ്ട് ചോദ്യങ്ങൾ ചോദിക്കാനുണ്ട്. ഇതിനുമുമ്പും കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അങ്ങ് ഇവിടെ പറഞ്ഞു. ആളുമാറി ഒരാളിനെ ആദ്യമായിട്ടല്ലേ പോലീസ് കസ്റ്റഡിയിലെടുത്ത് മർദ്ദിച്ച് കൊലപ്പെടുത്തുന്നത്? നിരപരാധിയായ ഒരാളെ, ആളുമാറി ലോക്കപ്പിൽ വച്ച് കൊല്ലുന്ന സംഭവം ആദ്യത്തേതാണ്. അങ്ങ് പറഞ്ഞു, ആ കുടുംബം സംതൃപ്തി രേഖപ്പെടുത്തിയെന്ന്. അങ്ങ് നിയമസഭയിൽ കളവ് പറഞ്ഞുവെന്ന് ഞാൻ പറയുന്നില്ല. പക്ഷേ, അങ്ങ് നിയമസഭയെ തെറ്റിദ്ധരിപ്പിക്കരുത്. ആ വീട്ടുകാർ, ആ അമ്മ ആവശ്യപ്പെടുന്നത് സി.ബി.ഐ. എൻക്വയറിയാണ്. ഹൈക്കോടതിയിൽ അവർ കേസ് കൊടുത്തിരിക്കുകയാണ്. ഈ അന്വേഷണത്തോട് തൃപ്തികരമായ പ്രതികരണമാണെങ്കിൽ എങ്ങനെ സി.ബി.ഐ. അന്വേഷണത്തിന് ആ അമ്മ ഹൈക്കോടതിയിൽ പോയി? അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം അങ്ങേയറ്റം ഗുരുതരമാണ്. ഏരിയാ സെക്രട്ടറിയെ ചോദ്യം ചെയ്തശേഷമാണ് അന്വേഷണം നിലച്ചത്. എന്തിനാണ് എസ്.പി.യെ സംരക്ഷിക്കാൻ ശ്രമിക്കുന്നത്? എസ്.പി.-യെ സംരക്ഷിക്കാൻ ശ്രമിക്കുന്നതുതന്നെ മറ്റ് പല ഉന്നതരെയും രക്ഷിക്കാനുള്ള ശ്രമമാണ്. അതാണ് ഇവിടത്തെ പ്രശ്നം. ബഹുമാന്യനായ മുഖ്യമന്ത്രി അങ്ങ് ഇങ്ങനെ സഭയെ തെറ്റിദ്ധരിപ്പിക്കാൻ പാടില്ലായിരുന്നു. ഞാൻ ഒരു ചോദ്യം കൂടി ചോദിക്കുന്നു. എന്തുകൊണ്ട് കേസ് സി.ബി.ഐ. അന്വേഷണത്തിന് വിടുന്നില്ല; എന്തിനാണ് നിങ്ങൾ അത് ഭയപ്പെടുന്നത്? ഒന്നും മറച്ചുവയ്ക്കാനില്ലെങ്കിൽ എന്തുകൊണ്ട് സി.ബി.ഐ. അന്വേഷണത്തിന് വിടുന്നില്ല? മറ്റൊരു കാര്യം, ഇവിടെ സി.ബി.ഐ. അന്വേഷണം വേണമെന്ന ആവശ്യം ഉന്നയിച്ചവർക്ക് തൃപ്തികരമായ മറുപടിപോലും ഹൈക്കോടതിയിൽ ഗവൺമെന്റിന് പറയാൻ കഴിഞ്ഞിട്ടില്ല.

മി. സ്പീക്കർ: അത് നാളെ കോടതിയിൽ വരികയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഗവൺമെന്റിന് പറയാൻ കഴിഞ്ഞിട്ടില്ലെന്നാണ് ഞാൻ പറയുന്നത്. പോലീസ് പ്രതിസ്ഥാനത്ത് നിൽക്കുന്ന കേസുകൾ പോലീസ് തന്നെ അന്വേഷിക്കാൻ പാടില്ല എന്ന നിരവധി സുപ്രീംകോടതി വിധികളുണ്ട്. പോലീസ് പ്രതിസ്ഥാനത്ത് നിൽക്കുന്ന, അതീവഗൗരവമുള്ള, കേരളം ഞെട്ടലോടെ ശ്രവിച്ച, കണ്ട ഒരു കാര്യമാണ്. അതുകൊണ്ടുതന്നെ ഇത് അന്വേഷിക്കേണ്ടത് സി.ബി.ഐ. ആണ്. ഒരു എക്സ്റ്റേണൽ ഏജൻസി അന്വേഷിച്ചാൽ മാത്രമേ സത്യം പുറത്തുവരികയുള്ളൂ. അതിന് ഗവൺമെന്റ് തയ്യാറുണ്ടോയെന്നാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാന്യനായ പ്രതിപക്ഷ നേതാവ് നേരത്തെ ആഭ്യന്തര വകുപ്പുകൂടി കൈകാര്യം ചെയ്ത ആളായതുകൊണ്ടാണ് ആ ചോദ്യം ഉന്നയിച്ചത്. കേസിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് ഞാൻ ഇപ്പോൾ പോകുന്നില്ല. ശ്രീജിത്ത് എങ്ങനെ കസ്റ്റഡിയിൽ വന്നു എന്നുള്ള കാര്യങ്ങളിലേയ്ക്കൊന്നും പോകേണ്ട സമയമല്ല ഇത്. പക്ഷെ യഥാർത്ഥ പ്രതിയാണെങ്കിൽ പോലീസ് സ്റ്റേഷനിൽ തല്ലിക്കൊല്ലാം, പ്രതിയല്ലാത്ത ഒരാളെ അറസ്റ്റ് ചെയ്ത് തല്ലിക്കൊല്ലുന്ന നിലയുണ്ടാകാമോ എന്നതാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവിന്റെ ചോദ്യത്തിന്റെ അർത്ഥം. പ്രതിയാണോ അല്ലയോ എന്നുള്ളതല്ല, ആരെയും തല്ലാനോ കൊല്ലാനോ ഉള്ള സ്ഥലമല്ല ലോക്കപ്പ്. നമ്മുടെ സംസ്ഥാനത്ത് എന്തെല്ലാം അനുഭവങ്ങളാണുള്ളത്! ഏതെല്ലാം തരത്തിലുള്ള ഭേദ്യമുറകളായിരുന്നു? അതിന്റെയൊക്കെ കഥകൾ ഞാൻ ഇപ്പോൾ പറയാൻ നിൽക്കണോ? അവിടെയിരുന്ന് ചോദിക്കുന്നത് അതെല്ലാം കമ്മ്യൂണിസ്റ്റുകാർക്കല്ലേ കൊണ്ടത്എന്നാണ്. കമ്മ്യൂണിസ്റ്റുകാരായാൽ തല്ലുകൊള്ളാൻ വിധിക്കപ്പെട്ടവരാണ്, നിങ്ങൾ തല്ല് വാങ്ങിക്കോ എന്നല്ലേ ആ പറഞ്ഞതിന്റെ അർത്ഥം? ഈ സമീപനത്തിന്റെ ഭാഗമായല്ലേ അടിയന്തരാവസ്ഥ കാലത്ത് രാജനെ ഉരുട്ടിക്കൊന്നത്? അത് യഥാർത്ഥത്തിൽ ആളുമാറിയതല്ലേ? അത് വസ്തുതയല്ലേ? എന്തെല്ലാം സംഭവങ്ങൾ! അതുകൊണ്ട് ആൾ മാറിയോ മാറിയില്ലേ എന്നുള്ളതല്ല, ലോക്കപ്പിനകത്ത് ആരെയും തല്ലാനോ കൊല്ലാനോ പീഡിപ്പിക്കാനോ പാടില്ല എന്നതുതന്നെയാണ് ഈ സർക്കാരിന്റെ നയം. അതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആദ്യത്തെ ചോദ്യത്തിന് മറുപടിയായി പറയാനുള്ളത്. ആ കുടുംബം കൂടുതൽ അന്വേഷണം ആവശ്യപ്പെടുന്നുവെന്നുള്ളത് വസ്തുതയാണ്. സർക്കാർ നടപടികളിൽ അവർ സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അത് മറ്റ് കാര്യങ്ങളോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് അവർ അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടെന്നുള്ളതും വസ്തുതയാണ്. ആ വസ്തുത മറച്ചുവയ്ക്കേണ്ട കാര്യമില്ല. എന്തുകൊണ്ട് ഇത് സി.ബി.ഐ.ക്ക് വിടുന്നില്ല എന്ന് ചോദിച്ചാൽ സി.ബി.ഐ.-ക്ക് വിടുന്നതും വിടാത്തതും എന്തിന്റെ അടിസ്ഥാനത്തിലെന്നതാണ് പ്രശ്നം. ഇവിടെ കൃത്യമായി അന്വേഷണം നടന്നിട്ടുണ്ട്. ആ അന്വേഷണം ശരിയായ വഴിക്ക് നീങ്ങുന്നുണ്ട്. പോലീസാണ് എന്നതുകൊണ്ട് ഒരു ലാഘവത്വവും അന്വേഷണത്തിൽ ഉണ്ടായിട്ടില്ല, ഫലപ്രദമായ നടപടിയാണുണ്ടായിട്ടുള്ളത്. ബാക്കി കാര്യങ്ങൾ കോടതിയിലാണ്, കോടതിയുടെ കാര്യത്തിലേയ്ക്ക് ഞാൻ ഇപ്പോൾ കടന്നുപോകുന്നില്ല. ഇവിടെ പോലീസ് ആരെയൊക്കെ ചോദ്യം ചെയ്തു, എന്തൊക്കെ നടപടിയെടുത്തു എന്നതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും സർക്കാർ പോയിട്ടേയില്ല. അത് അന്വേഷണത്തിന്റെ ഭാഗമായി നടക്കേണ്ട കാര്യങ്ങളാണ്. അത് നടക്കട്ടെ എന്ന

നിലപാടാണ് സർക്കാരിനുള്ളത്. അതിന് എന്തെങ്കിലും വീഴ്ച സംഭവിച്ചാൽ കോടതിക്ക് എപ്പോൾ വേണമെങ്കിലും ഇടപെടാൻ സാധിക്കും. ആരെയെങ്കിലും ഒഴിവാക്കി എന്ന പരാതി വരികയാണെങ്കിൽ കോടതിതന്നെ ചിലപ്പോൾ ഇടപെടും. കേസിലുള്ളവർ പ്രതിയല്ലെങ്കിൽ ഒഴിവാക്കാനുള്ള അധികാരം കോടതിക്കുണ്ട്. കേസിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിൽ ഉൾപ്പെടുത്താത്തത് ശരിയായില്ല എന്നുപറഞ്ഞ് ഉൾപ്പെടുത്താനുള്ള നടപടി കോടതി സ്വീകരിക്കും. അതൊക്കെ കോടതിയുടെ കയ്യിലുള്ള കാര്യങ്ങളാണ്. അതിലൊന്നും ഇടപെടാൻ സർക്കാരിന് സാധിക്കുന്നതല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടി തൃപ്തികരമല്ല. ഈ കേസിനെ സംബന്ധിച്ചിടത്തോളം അന്വേഷണം തൃപ്തികരമായി മുന്നോട്ടുപോകുന്നില്ല. ഇത് അട്ടിമറിക്കാനുള്ള നീക്കമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. അതുകൊണ്ടാണ് സി.ബി.ഐ. അന്വേഷണം പ്രഖ്യാപിക്കാൻ മുഖ്യമന്ത്രി തയ്യാറാകാത്തത്. ആ അമ്മയുടെ ആവശ്യംപോലും പരിഗണിക്കാൻ തയ്യാറാകാതെ പ്രതികളെ സംരക്ഷിക്കാൻ ശ്രമിക്കുന്ന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം വാക്കൗട്ട് ചെയ്യുകയാണ്.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ ഒന്നടങ്കം സഭ വിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

### (2) അവയവങ്ങൾ നീക്കം ചെയ്യൽ

ശ്രീ. കെ. ബാബു: സർ, ചിറ്റൂർ താലൂക്കിൽ പെരുമാട്ടി പഞ്ചായത്തിലെ നെല്ലിമേട്ടിൽ നിന്ന് മദ്രാസിനടുത്ത് മേൽമറവത്തൂരിൽ ശിങ്കാരിമേളം അവതരിപ്പിച്ച് തിരിച്ചുവരുന്ന വഴി മേയ് 18-ന് സേലം കള്ളക്കുറുശ്ശിയിൽവച്ച് അപകടത്തിൽപ്പെട്ട് 3 യുവാക്കൾക്ക് മാരകമായി പരിക്കേറ്റിരുന്നു. 60 കിലോമീറ്ററിനുള്ളിൽ നിരവധി ആശുപത്രികളുണ്ടായിരുന്നിട്ടും 120 കിലോമീറ്ററിനപ്പുറമുള്ള സേലം വിനായക മിഷൻ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ ആംബുലൻസ് ഡ്രൈവർമാർ തന്നെ പി. മണികണ്ഠൻ, എ. മണികണ്ഠൻ, പമ്പാവാസൻ എന്നീ 3 യുവാക്കളെ അഡ്മിറ്റ് ചെയ്യുന്നു. മേയ് 20-ന് പേച്ചിമുത്തു മകൻ മണികണ്ഠന് മസ്തിഷ്കമരണം സംഭവിച്ചുവെന്നും ചികിത്സയ്ക്കും മൃതശരീരം കൊണ്ടുപോകാനുള്ള ആംബുലൻസ് വാടകയുമുൾപ്പെടെ 3 ലക്ഷം രൂപ ചെലവാകുമെന്നും മണികണ്ഠന്റെ അവയവങ്ങൾ പാവപ്പെട്ടവർക്ക് ദാനം ചെയ്താൽ ഒരു രൂപ പോലും അടയ്ക്കാതെ മൃതശരീരം വിട്ടുതരാമെന്നും ആശുപത്രി അധികൃതർ പറയുന്നു. സാമ്പത്തികമായി മറ്റൊരു മാർഗ്ഗവുമില്ലാത്ത

അവസ്ഥയിൽ അച്ഛനും അമ്മയും ജീവിച്ചിരിക്കെ പത്താം ക്ലാസ്സിൽ പഠിക്കുന്ന സഹോദരനിൽനിന്നും അകന്ന ബന്ധുക്കളായ നാലുപേരിൽ നിന്നും ആശുപത്രി അധികൃതർ സമ്മതപത്രം ഒപ്പിട്ടുവാങ്ങി അന്ന് രാത്രി 7 മണിക്കുതന്നെ ഓപ്പറേഷൻ തിയേറ്ററിലേയ്ക്ക് കൊണ്ടുപോയി മണികണ്ഠന്റെ ഹൃദയം, കിഡ്നി, കരൾ, കണ്ണ്, ചെറുകുടൽ, പാൻക്രിയാസ് ഉൾപ്പെടെ ആറ് അവയവങ്ങൾ കവർന്നെടുത്തിട്ട് പോസ്റ്റുമോർട്ടം നടത്തി എന്നുപറഞ്ഞ് പുലർച്ചെ അഞ്ചുമണിക്ക് പൊതിഞ്ഞുകെട്ടിയ മൃതശരീരം കുടുംബക്കാർക്ക് നൽകുകയും പിന്നീട് നാട്ടിലെത്തിച്ച് സംസ്കരിക്കുകയും ചെയ്യുന്നു. നിർബന്ധിച്ച് ചികിത്സാച്ചെലവിന്റെ പേരിൽ അവയവങ്ങളെടുത്ത സംഭവം വാർത്തയായതിനെത്തുടർന്ന് അടിയന്തര നടപടിയെടുക്കുന്നതിനായി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തെഴുതുകയും അപകടത്തിൽപ്പെട്ട മണികണ്ഠൻ, പമ്പാവാസൻ എന്നിവരെ കോയമ്പത്തൂരിലും തൃശ്ശൂർ മെഡിക്കൽ കോളേജിലും എത്തിച്ച് സൗജന്യ ചികിത്സ നൽകുന്നതിന് ഇടപെടുകയും ചെയ്ത കേരളത്തിന്റെ അഭിമാനമായ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ബഹുമാനപ്പെട്ട എ. കെ. ബാലനെയും അഭിനന്ദിക്കുന്നു. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് നല്ല ഇടപെടലാണ് ചിറ്റൂർ എം.എൽ.എ. ശ്രീ. കെ. കൃഷ്ണൻകുട്ടിയും നടത്തിയത്. തമിഴ്നാട്ടിലെ തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കും മറ്റും പോകുന്ന മലയാളി കുടുംബങ്ങൾ സഞ്ചരിക്കുന്ന വാഹനങ്ങൾ അപകടത്തിൽപ്പെടുന്നത് വർദ്ധിച്ചുവരികയും അപകടത്തിൽപ്പെടുന്നവരുടെ ആഭരണങ്ങളും പണവുമുൾപ്പെടെ അപഹരിക്കപ്പെടുകയും ചെയ്യുന്നു. അപകടത്തിൽപ്പെട്ട് പരിക്കേറ്റവരെയും മരണപ്പെടുന്നവരെയും പ്രത്യേക ആശുപത്രികളിലെത്തിച്ച് അവയവങ്ങൾ കവർന്നെടുക്കുന്ന മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന വാർത്ത കഴിഞ്ഞ കുറച്ചു മാസങ്ങളായി ചില മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്. കഴിഞ്ഞ മേയ് 18-ന് സേലത്തുണ്ടായ അപകടമരണവും അവയവങ്ങളെടുത്ത സംഭവവും സമഗ്രമായി അന്വേഷിക്കുന്നതോടൊപ്പം കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയ്ക്ക് തമിഴ്നാട്ടിൽ വച്ച് മലയാളികൾക്കുണ്ടായ വാഹനാപകടങ്ങൾ സംബന്ധിച്ച് അന്വേഷിക്കണം. അതോടൊപ്പം പി. മണികണ്ഠന്റെയും എ. മണികണ്ഠന്റെയും കുടുംബത്തെ സഹായിക്കണമെന്നും ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തമിഴ്നാട് ആരോഗ്യ സംവിധാനത്തെ ഏതെങ്കിലും തരത്തിൽ വിലകുറച്ച് കാണാൻ പാടില്ല. ഫലപ്രദമായി പ്രവർത്തിക്കുന്ന ആരോഗ്യ സംവിധാനം തന്നെയാണ്

അവിടെയുള്ളത്. മലയാളികളോട് എപ്പോഴും അനുകമ്പാപൂർവ്വമായ നിലപാട് തമിഴ്നാട് സ്വീകരിക്കുന്നുണ്ട് എന്നുള്ളതും വസ്തുതയാണ്. അതുകൊണ്ട് തമിഴ്നാടിനെ മൊത്തമായി കുറ്റപ്പെടുത്തുന്ന അവസ്ഥ നമ്മുടെ ഭാഗത്തുനിന്ന് ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല. ചില മാധ്യമങ്ങൾ എന്തും വിളിച്ചുപറയാൻ തയ്യാറായി നടക്കുന്നവരാണ്, അതെല്ലാം ശരിയായിക്കൊള്ളണമെന്നില്ല. ശരിയല്ലാത്തതിന്റെ പിന്നാലെ നമ്മൾ പോയാൽ വലിയ അപകടത്തിൽപ്പെടും. എന്നാൽ ബഹുമാന്യനായ അംഗം ഇവിടെ ഉന്നയിച്ച പ്രശ്നം വസ്തുതാപരമാണ്. പാലക്കാട് മീനാക്ഷിപുരം സ്വദേശികൾ സഞ്ചരിച്ചിരുന്ന വാഹനം 18-5-2018-ന് തമിഴ്നാട്ടിലെ സേലത്തിനടുത്ത് കള്ളക്കുറുശ്ശിയിൽ അപകടത്തിൽപ്പെടുകയുണ്ടായി. വാഹനത്തിൽ ഡ്രൈവർ ഉൾപ്പെടെ ഏഴുപേർ ഉണ്ടായിരുന്നു. അതിൽ മൂന്നുപേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും പേച്ചിമുത്തുവിന്റെ മകൻ മണികണ്ഠൻ 20-5-2018-ന് സേലത്തെ വീരപാണ്ഡിയിലുള്ള വിനായക മിഷൻ ആശുപത്രിയിൽവച്ച് മരണപ്പെടുകയും ചെയ്തു. മണികണ്ഠന്റെ മൃതദേഹം വിട്ടുകിട്ടുന്നതിനും മറ്റുള്ളവരുടെ ചികിത്സാച്ചെലവിനുമായി 2,50,000 രൂപ അടയ്ക്കാൻ ആശുപത്രി അധികൃതർ ആവശ്യപ്പെട്ടെങ്കിലും പണമില്ലാത്തതിനാൽ മണികണ്ഠന്റെ ആന്തരികാവയവങ്ങൾ മൃതദേഹത്തിൽനിന്നുംനീക്കം ചെയ്തശേഷം ബന്ധുക്കൾക്ക് വിട്ടുകൊടുത്തുവെന്നാണ് റിപ്പോർട്ട്. മനുഷ്യത്വരഹിതമായ ഈ നടപടിയെക്കുറിച്ച് ബന്ധുക്കളുടെ പരാതി സംസ്ഥാന സർക്കാരിന് ലഭിച്ചതിനെത്തുടർന്ന് അന്വേഷണം നടത്തണമെന്നും ഗുരുതരമായി പരിക്കേറ്റവർക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് 24-5-2018-ന് തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും അവിടത്തെ അധികാരികളുമായി ബന്ധപ്പെടുകയും ചെയ്തിരുന്നു. 26-5-2018-ന് വിശദമായ അന്വേഷണം നടത്താൻ ഡയറക്ടർ ഓഫ് മെഡിക്കൽ ആന്റ് റൂറൽ ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തിയെന്നും പരിക്കേറ്റവർക്ക് മികച്ച ചികിത്സ ലഭ്യമാക്കാൻ നിർദ്ദേശം നൽകിയെന്നും അറിയിച്ചുകൊണ്ടുള്ള തമിഴ്നാട് മുഖ്യമന്ത്രിയുടെ മറുപടി ലഭിക്കുകയുണ്ടായി. പരിക്കേറ്റ മറ്റുള്ളവരെ പ്രസ്തുത ആശുപത്രിയിൽ നിന്ന് ഡിസ്ചാർജ് ചെയ്ത് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി തമിഴ്നാട് സർക്കാർ സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംഭവത്തിന്റെ ഗൗരവം കണക്കിലെടുത്ത് തമിഴ്നാട് സർക്കാരുമായി വീണ്ടും ബന്ധപ്പെടുന്നതാണ്. വാഹനാപകടവുമായി ബന്ധപ്പെട്ട് തമിഴ്നാട്ടിൽ ത്യാഗദുർഗ്ഗ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## (3) മാലിന്യ നിർമ്മാർജ്ജനം

ശ്രീ. ഒ. രാജഗോപാൽ: സർ, എന്റെ നിയോജകമണ്ഡലത്തിലെ തിരുവല്ലത്ത് അടുത്തമാസം പതിനായിരക്കണക്കിന് ആളുകൾ പങ്കെടുക്കുന്ന കർക്കിടക വാവുബലി നടക്കുകയാണ്. അത് എല്ലാക്കൊല്ലവും നടക്കാറുള്ളതാണ്. എന്നാൽ അവിടെ എത്തുന്നവർക്ക് കുളിക്കാൻ സാധിക്കാത്ത രീതിയിൽ അവിടത്തെ നദീജലം മലിനമായിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഞാൻ കഴിഞ്ഞ കൊല്ലം ഒരു ചോദ്യം ചോദിച്ചിട്ടുണ്ടായിരുന്നു. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 26-02-2018-ന് നൽകിയ മറുപടി എന്റെ കയ്യിലുണ്ട്. വളരെ നീണ്ടതും സമഗ്രവുമായതിനാൽ അത് മുഴുവൻ വായിക്കുന്നില്ല. അന്ന് ആ പറഞ്ഞ കാര്യങ്ങൾ നടപ്പാക്കിയിരുന്നെങ്കിൽ ഇന്ന് ഇത് അവതരിപ്പിക്കേണ്ട ആവശ്യം വരില്ലായിരുന്നു. അതിൽ പലതും നടപ്പാക്കിയിട്ടില്ല. ഉദാഹരണത്തിന് രണ്ട് സ്ഥലത്ത് 25HP-യും 5HP-യും ഉള്ള പമ്പുസെറ്റുകൾ വയ്ക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. ഈ തോട്ടിലെ ജലം ശുദ്ധീകരിക്കത്തക്കവിധം ധാരാളം വെള്ളം ഒഴുകിവരാനുള്ള സൗകര്യം വേണമെന്ന് അതിൽ പറയുന്നുണ്ട്. അതിനുള്ള സംവിധാനമുണ്ടാക്കിയെങ്കിലും അത് വർക്ക് ചെയ്യുന്നില്ല. രണ്ടുമൂന്ന് ആൾക്കാരെയും അതിനുവേണ്ടി നിയമിച്ചിരുന്നു. ഈ പ്രശ്നം വീണ്ടും ഗുരുതരമാകാൻ പോകുകയാണ്. അതുകൊണ്ട് കഴിഞ്ഞ പ്രാവശ്യം നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കിയെന്ന് ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം. ബഹുമാനപ്പെട്ട മറ്റ് മന്ത്രിമാർക്കോ ഉദ്യോഗസ്ഥർക്കോ നിർദ്ദേശം നൽകി അക്കാര്യങ്ങൾ ഫലപ്രദമായി നടപ്പാക്കാനുള്ള ശ്രമമുണ്ടാകണമെന്ന് ഓർമ്മപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, തിരുവല്ലം തോടിന്റെ നീരൊഴുക്ക് പുനഃസ്ഥാപിക്കുന്നതിനാണ് മുന്തിയ പരിഗണന വേണ്ടത്. അതിനായി കരമന നദി ശാസ്ത്രീയ പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി 2013-ൽ പമ്പ് ഹൗസും പമ്പും സ്ഥാപിച്ചിട്ടുണ്ട്. തിരുവല്ലം തോട്ടിൽ 25HP പമ്പ് ഉപയോഗിച്ച് ദിവസം മുഴുവൻ പമ്പിംഗ് നടത്തിയാൽ മാത്രമെ നീരൊഴുക്ക് ഒരു പരിധിവരെയെങ്കിലും പുനഃസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. കർക്കിടക വാവുബലി സമയത്ത് രണ്ട് അഡീഷണൽ പമ്പ് ഉപയോഗിച്ച് കരമനയാറ്റിൽ നിന്നും തിരുവല്ലം തോട്ടിലേയ്ക്ക് പമ്പ് ചെയ്യാറുണ്ട്. പാർവ്വതിപുത്തനാറിൽനിന്നും വരുന്ന മലിനജലം മൂന്നാറ്റുമുക്കിൽ വി.സി.ബി. സ്ഥാപിച്ച് പൂന്തുറപൊഴിയിൽ എത്തിക്കാനുള്ള നടപടി സ്വീകരിച്ചിരുന്നു. എന്നാൽ പ്രസ്തുത പദ്ധതി നാട്ടുകാരുടെ എതിർപ്പുമൂലം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഇതുമൂലം മലിനജലവും തിരുവല്ലം ബലിക്കടവിൽ ഒഴുകിയെത്തുന്നുണ്ട്. ഒഴുകിവരുന്ന ഖരമാലിന്യങ്ങൾ ബലിക്കടവിൽ

പ്രവേശിക്കാതിരിക്കാൻ കരമന റിവർ സയന്റിഫിക് മാനേജ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തി ഒരു സ്ക്രീനിംഗ് അറേഞ്ച്മെന്റ് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ഹൈവേ അതോറിറ്റി സ്ഥാപിച്ച ബണ്ട് കർക്കിടകവാവിന് മുമ്പ് പൂർണ്ണമായും പൊളിച്ചുമാറ്റിയാൽ മാത്രമേ നീരൊഴുക്ക് പൂർവ്വസ്ഥിതിയിലാകൂ. ഈ വർഷം വാവുബലിക്ക് മുമ്പുതന്നെ തോടും ബലിക്കടവും മാലിന്യമുക്തമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള ഇടപെടലും ഉണ്ടാകുന്നതാണ്.

(4) <u>പാലക്കാട് കോച്ച് ഫാക്ടറി</u>

<u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u>: സർ, നിർദിഷ്ട കഞ്ചിക്കോട് കോച്ച് ഫാക്ടറി സ്ഥാപിക്കേണ്ടതില്ലെന്ന കേന്ദ്രസർക്കാർ തീരുമാനം പുറത്തു വന്നിരിക്കുകയാണ്. ഈ അറിയിപ്പ് കേരളം ഞെട്ടലോടെയാണ് കേട്ടത്. അത്രയ്ക്ക് പ്രതീക്ഷയോടെയാണ് കേരള ജനത ഈ പദ്ധതിക്കായി കാത്തിരുന്നത്. കേന്ദ്രസർക്കാരിന്റെ തീരുമാനം കേരളത്തോടുള്ള കടുത്ത അനീതിയും അവഗണനയുമാണ്. 2008-09 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതിക്ക് പൊതു സ്വകാര്യ പങ്കാളിത്ത രീതിയിൽ 2012-13-ൽ അനുമതി നൽകുകയും തുടർന്ന് തറക്കല്ലിടുകയും ചെയ്തു. ഈ പദ്ധതിയാണ് ഉപേക്ഷിക്കുന്നതായി കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയൽ രേഖാമൂലം അറിയിച്ചിരിക്കുന്നത്. കഴിഞ്ഞ ദിവസം റെയിൽവേ മന്ത്രി മറ്റൊരു കസർത്തുകൂടി കാട്ടിയിരിക്കുകയാണ്. പദ്ധതി ഉപേക്ഷിച്ചുവെന്ന് താൻ പറഞ്ഞിട്ടില്ലെന്നാണ് മന്ത്രിയുടെ ഇന്നലത്തെ ഭാഷ്യം. പദ്ധതി ഉപേക്ഷിച്ചുവെന്ന് വ്യക്തമാക്കി മന്ത്രി എഴുതി കൊടുത്തത് പാലക്കാട് എം.പി.യുടെ കൈവശമുണ്ട്. അതിനിടയിൽ, മൂന്നുവർഷം കഴിഞ്ഞ് പദ്ധതി ആലോചിക്കുമെന്നാണ് ബോർഡ് ചെയർമാൻ വിശദീകരിച്ചിട്ടുള്ളത്. പദ്ധതി ഉപേക്ഷിക്കുന്നതറിഞ്ഞ് ജനരോഷം ആളുകയാണ്. ഇതുകണ്ട് മന്ത്രിയും കൂട്ടരും പുതിയ പറ്റിപ്പ് പരിപാടി തുടങ്ങിയിരിക്കുകയാണെന്നേ കരുതേണ്ടതുള്ളൂ. ഫാക്ടറി ആരംഭിക്കാനുള്ള മുന്നൊരുക്കങ്ങളുടെ കാര്യത്തിൽ നാം വളരെയധികം മുന്നോട്ടുപോയി. കേരള സർക്കാർ 230 ഏക്കർ സ്ഥലം ഏറ്റെടുത്ത് റെയിൽവേയ്ക്ക് കൈമാറി. ഈ സ്ഥലം ഇപ്പോഴും റെയിൽവേയുടെ കൈവശമാണ്. ഇതിൽ 98 ഏക്കർ കൃഷി ഭൂമിയായിരുന്നു. ഈ വൻ വികസന പദ്ധതിക്കുവേണ്ടി സ്വന്തം കൃഷിഭൂമി വിട്ടുകൊടുത്ത 30-ൽപ്പരം കർഷകർ ത്യാഗം ചെയ്യുകയായിരുന്നു. 2006-2011 കാലയളവിലെ എൽ.ഡി.എഫ്. സർക്കാർ മുന്നിട്ടിറങ്ങി സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ വേഗം പൂർത്തിയാക്കുകയായിരുന്നു. അവിടെ 440 kv സബ് സ്റ്റേഷൻ കേരള ഗവൺമെന്റ് സ്ഥാപിച്ചു. വൈദ്യുതീകരിച്ച ഇരട്ട റെയിൽപ്പാതയുടെ

സൗകര്യമുണ്ട്. മറ്റ് പശ്ചാത്തല സൗകര്യങ്ങളാകെ സജ്ജമാണ്. കഞ്ചിക്കോട് കേരളത്തിലെ ഒരു പ്രധാന വ്യവസായ മേഖലയാണ്. ഈ പദ്ധതി വരുന്നതോടെ വലിയ ഒരു ഉണർവ് ആ മേഖലയിലാകമാനം ഉണ്ടാകുമായിരുന്നു. ഈ പ്രാധാന്യംകൂടി കോച്ച് ഫാക്ടറിക്കുണ്ട്. സർവ്വതല സ്പർശിയായ വികസനം; അതിന്റെ അത്യാവേശം നമുക്കുണ്ടായിരുന്നു. പദ്ധതിയിൽ പങ്കാളിത്തം വഹിക്കാൻ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ തയ്യാറായി സമ്മതം അറിയിച്ചിരുന്നു. വേറെയും കമ്പനികൾ മുന്നോട്ട് വരികയുണ്ടായി. ചുരുക്കത്തിൽ ഫാക്ടറി തുടങ്ങാൻ എല്ലാ സാഹചര്യവും ഒത്തിണങ്ങിവന്ന സാഹചര്യത്തിലാണ് പദ്ധതി ഉപേക്ഷിച്ചു കൊണ്ടുള്ള കേന്ദ്രസർക്കാർ തീരുമാനം വന്നത്. ഇത് കേരളത്തോടുള്ള കൊലച്ചതിയാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പാലക്കാട് റെയിൽവേ സ്റ്റേഷൻ മുറിച്ചെടുത്ത് സേലം ഡിവിഷനുണ്ടാക്കിയ ഘട്ടത്തിൽ അതിനെതിരെ കേരളജനത ഒറ്റക്കെട്ടായി പ്രതിഷേധിച്ചു. തുടർന്നുണ്ടായ ഉന്നതതല കൂടിയാലോചനാ യോഗത്തിൽ കേരളത്തിനുണ്ടായ നഷ്ടത്തിന്റെ പരിഹാരമെന്ന നിലയിൽക്കൂടിയാണ് കഞ്ചിക്കോട് ഫാക്ടറി അനുവദിക്കപ്പെട്ടത്. പദ്ധതി ഉപേക്ഷിച്ചുവഴി അന്നത്തെ ആ ഒത്തുതീർപ്പിന്റെ ലംഘനംകൂടിയാണ് കേന്ദ്രസർക്കാർ നടത്തിയിരിക്കുന്നത്. പാളവും റെയിൽവേ സ്റ്റേഷനുകളും ഒഴികെ കേരളത്തിൽ റെയിൽവേയുടെ നിക്ഷേപം തുച്ഛമാണ്. അതുകൊണ്ട് കഞ്ചിക്കോട് ഫാക്ടറിയെ വലിയ പ്രതീക്ഷയോടുകൂടിയാണ് നാം കാത്തിരുന്നത്. വലിയ മുതൽമുടക്കുള്ള വ്യവസായ പദ്ധതി, അതുവഴി ലഭ്യമാകുന്ന വലിയ തൊഴിലവസരങ്ങൾ, മറ്റ് അനുബന്ധ വികസന പദ്ധതികളുടെ സാധ്യതകൾ; കേരളത്തിന്റെ ഈ സ്വപ്നമാണ് കേന്ദ്ര സർക്കാർ തല്ലിത്തകർത്തിരിക്കുന്നത്. ഈ സാഹചര്യത്തിൽ കേന്ദ്രതീരുമാനം തിരുത്തിച്ച് കഞ്ചിക്കോട് കോച്ച് ഫാക്ടറി യാഥാർത്ഥ്യമാക്കാൻ വേണ്ട ഇടപെടൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ ഉന്നയിച്ചതുപോലെ, കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയൽ പാർലമെന്റിലാണ് കഞ്ചിക്കോട് പദ്ധതി നടപ്പിലാക്കാൻ കേന്ദ്രം ഉദ്ദേശിക്കുന്നില്ലെന്ന് രേഖാമൂലം അറിയിച്ചിട്ടുള്ളത്. പ്രസ്തുത വിവരം പുറത്തുവന്ന ഉടൻതന്നെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ 14-6-2018-ന് കേന്ദ്രമന്ത്രി ശ്രീ. പീയുഷ് ഗോയലിന് കത്തെഴുതുകയുണ്ടായി. പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം ലൈറ്റ് വെയ്റ്റ് ബ്രോഡ്ഗേജ് കോച്ചുകളുടെ നിർമ്മാണമാണെന്നും 2008-09-ൽ വി. എസ്. അച്യുതാനന്ദൻ ഗവൺമെന്റിന്റെ കാലത്ത് ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന പദ്ധതിയാണിതെന്നും

അതോടൊപ്പമുള്ള ഉത്തർപ്രദേശിലെ റായ്ബറേലിയിലുള്ള കോച്ച് ഫാക്ടറി 2012-ൽ കമ്മീഷൻ ചെയ്തതായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കത്തിൽ വ്യക്തമാക്കിയിരുന്നു. കൂടാതെ ചെന്നൈയിൽ പുതിയ ഇന്റഗ്രൽ കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നീക്കങ്ങൾ നടന്നുവരുന്നതായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അതിനുപുറമെ റെയിൽവേയുടെ ചാർജ്ജുള്ള വകുപ്പുമന്ത്രിയെന്ന നിലയിൽ 19-6-2018-ന് കേന്ദ്ര റെയിൽവേ മന്ത്രിക്ക് മറ്റൊരു കത്തുകൂടി അയയ്ക്കുകയും നിർദ്ദിഷ്ട ഫാക്ടറി പാലക്കാട് തന്നെ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ അനുകൂല തീരുമാനമുണ്ടാകുമെന്ന പ്രതീക്ഷയിലാണ്. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ, കഞ്ചിക്കോട് കോച്ച് ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഉപേക്ഷിച്ചിട്ടില്ലെന്ന് കേന്ദ്ര റെയിൽവേ മന്ത്രി ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിലെ കേന്ദ്ര പദ്ധതികളുടെ കാര്യത്തിൽ പൊതുവിലും റെയിൽവേയുടെ കാര്യത്തിൽ പ്രത്യേകിച്ചുമുള്ള അവഗണന സംബന്ധിച്ച് പതിറ്റാണ്ടുകളായി നമ്മൾ വിമർശനം ഉന്നയിക്കുകയും വമ്പിച്ച പ്രക്ഷോഭങ്ങൾ നടത്തുകയും ചെയ്തിട്ടുള്ളതാണ്. 1960-കളിൽ സഖാവ് എ.കെ.ജി.-യുടെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭങ്ങളൊക്കെ ഓർമ്മിക്കേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ പറഞ്ഞതുപോലെ പാലക്കാട് ശക്തമായ പ്രതിഷേധമാണ്. പാലക്കാട് മാത്രമല്ല, കേരളമാകെ ജനപ്രതിഷേധമുണ്ട്. 2008-09-ൽ വി. എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന്റെ കാലത്താണ് കേന്ദ്രഗവൺമെന്റ് ഇത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചത്. കഞ്ചിക്കോട് ഏകദേശം 1215 കോടി രൂപ ചെലവിൽ 430.59 ഏക്കർ സ്ഥലത്ത് മൂന്ന് വർഷംകൊണ്ട് പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. 239 ഏക്കർ ഭൂമി റെയിൽവേയ്ക്ക് കൈമാറാൻ ഗവൺമെന്റ് ഉത്തരവിറക്കുകയുണ്ടായി. ഇതുകൂടാതെ ആദ്യഘട്ടത്തിൽ 94.85 ഏക്കർ ഭൂമികൂടി പദ്ധതിക്കാവശ്യമാണെന്ന് റെയിൽവേ അറിയിച്ചു. പ്രസ്തുത 94.85 ഏക്കർ ഭൂമിയിൽ 92.75 ഏക്കർ ഭൂമിയും 1.47 ഏക്കർ സ്വകാര്യ ഭൂമിയും 0.63 ഏക്കർ പഞ്ചായത്തുവക ഭൂമിയുമായിരുന്നു. പ്രസ്തുത ഭൂമികൂടി കൈമാറുന്ന നടപടികൾ സർക്കാർ സ്വീകരിച്ചുവരുമ്പോഴാണ് 230.10 ഏക്കർ മാത്രമേ ഒന്നാംഘട്ടത്തിൽ ആവശ്യമുള്ളുവെന്ന് റെയിൽവേ ബോർഡ് തീരുമാനിച്ചതായി സതേൺ റെയിൽവേ ചീഫ് ജനറൽ എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. അതിൻപ്രകാരം ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ നിർത്തിവയ്ക്കാൻ നിർദ്ദേശിക്കുകയുണ്ടായി. പ്രതിവർഷം 400 കോച്ചുകളെന്ന ക്രമത്തിൽ പകുതി റെയിൽവേ കോച്ചുകളും പകുതി മെട്രോ കോച്ചുകളും ഉൾപ്പെടെ നാലായിരത്തോളം അലുമിനിയം കോച്ചുകൾ നിർമ്മിക്കാനുള്ള പദ്ധതിയാണ് ഉണ്ടായിരുന്നതെന്നും എന്നാൽ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യ ലിമിറ്റഡ് (SAIL)

അലുമിനിയം കോച്ചുകൾ നിർമ്മിക്കുന്നതിനോട് താല്പര്യം പ്രകടിപ്പിച്ചിട്ടില്ലെന്നും തുടക്കത്തിൽ പ്രൊപ്പോസലുണ്ടായിരുന്നതും റെയിൽവേ ബോർഡ് പരിഗണിക്കാതിരുന്നതുമായ സ്റ്റീൽ കോച്ചുകൾ നിർമ്മിക്കുന്ന പ്രൊപ്പോസലിനാണ് SAIL താല്പര്യപ്പെടുന്നതെന്നും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി നടന്ന മെഗാ പ്രോജക്ടുകളുടെ റിവ്യൂ മീറ്റിംഗിൽ റെയിൽവേ അധികാരികൾ നേരിട്ട് അറിയിക്കുകയുണ്ടായി. നാഷണൽ അലൂമിനിയം കമ്പനി ലിമിറ്റഡുമായി ചേർന്ന് 23 ശതമാനം ഓഹരി പങ്കാളിത്ത പദ്ധതിക്കുവേണ്ടിയുള്ള സാദ്ധ്യതകൾ പരിശോധിച്ചുവരികയാണ്. പ്രസ്തുത സംരംഭത്തിൽ കേരള ഗവൺമെന്റിന് ഓഹരി പങ്കാളിത്തമുണ്ടാകണമെന്നും പ്രൈവറ്റ് പബ്ലിക് പാർട്ടിസിപ്പേഷൻ മോഡൽ വഴി 26 ശതമാനം ഓഹരി പങ്കാളിത്തത്തോടെയുള്ള പദ്ധതിക്ക് കാബിനറ്റ് അംഗീകാരം നൽകിയിട്ടുണ്ടെന്നും റെയിൽവേ അന്ന് അറിയിക്കുകയുണ്ടായി. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുമെന്നും അലൂമിനിയം കോച്ചുകൾതന്നെ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ചുവരികയാണെന്നും റെയിൽവേ അധികാരികൾ അറിയിച്ചു. കഞ്ചിക്കോട് റെയിൽവേ കോച്ച് ഫാക്ടറി ആരംഭിക്കാത്ത സാഹചര്യത്തിൽ പദ്ധതി എത്രയുംവേഗം ആരംഭിക്കാനായി കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തുകൾ അയയ്ക്കുകയും എം.പി.-മാർ വഴിയും ഉദ്യോഗസ്ഥതലത്തിലും സമ്മർദ്ദം ചെലുത്തുകയും ചെയ്തു. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പലതവണ ഡൽഹിയിലെത്തി കേന്ദ്ര മന്ത്രിയുമായും റെയിൽവേ ബോർഡ് ചെയർമാനുമായും ഇക്കാര്യം ചർച്ചചെയ്ത് സജീവമായി നിലനിർത്തിയിരിക്കുകയായിരുന്നു. എന്നാൽ 550 കോടി രൂപ മുതൽമുടക്കിൽ നടപ്പാക്കാനുദ്ദേശിച്ചിരുന്ന ഒന്നാംഘട്ട പദ്ധതി നടപ്പിലാക്കാൻ നിലവിൽ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നില്ലെന്നാണ് കേന്ദ്ര റെയിൽവേ മന്ത്രി ശ്രീ. പീയുഷ് ഗോയൽ പാർലമെന്റിൽ രേഖാമൂലം അറിയിച്ചിട്ടുള്ളത്. നിലവിലുള്ള റെയിൽവേയുടെ സൗകര്യങ്ങൾ ഭാവിയിലുണ്ടാകാവുന്ന കോച്ചുകളുടെ ആവശ്യം പരിഹരിക്കാൻ ഉതകുന്നതാണെന്നുകൂടി അറിയിച്ചിരിക്കുകയാണ്. ഈ പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 32.44 കോടി രൂപ മാത്രമാണ് റെയിൽവേയുടെ ഭാഗത്തുനിന്നും ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. ഇതുകൂടാതെ 1.6 കോടി രൂപ മാത്രമാണ് നാളിതുവരെ കേന്ദ്രസർക്കാർ വകയിരുത്തിയിട്ടുള്ളത്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ 14-6-2018-ന് കേന്ദ്രമന്ത്രി ശ്രീ. പീയുഷ് ഗോയലിന് കത്തെഴുതിയിട്ടുണ്ട്, ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെ ചാർജ്ജുള്ള സംസ്ഥാനമന്ത്രിയെ അയച്ചിട്ടുണ്ട്. അവിടെ പ്രക്ഷോഭം നടക്കുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിലായിരിക്കും ഈ പദ്ധതി ഉപേക്ഷിച്ചതായി പാർലമെന്റിൽ രേഖാമൂലം അറിയിച്ച മന്ത്രി അത് ഉപേക്ഷിച്ചിട്ടില്ലെന്ന് പറഞ്ഞിട്ടുള്ളത്.

അതുപോലെ തിരുവനന്തപുരത്തെ ഒരു ഡിവിഷൻ നിർത്തലാക്കി ചെന്നൈയിലേയ്ക്ക് കൊണ്ടുപോകുന്നുവെന്ന് വാർത്ത വരികയുണ്ടായി. അപ്പോഴും കേരള ഗവൺമെന്റ് ഇക്കാര്യം അറിയിച്ചപ്പോൾ അങ്ങനെയൊന്നും ഉണ്ടായിട്ടില്ലെന്നാണ് പറയുന്നത്. ഇത്തരത്തിൽ തികച്ചും സുതാര്യമല്ലാത്ത നടപടികളിലൂടെ കേന്ദ്രഗവൺമെന്റ് റെയിൽവേ വികസന കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനോടും സംസ്ഥാനത്തെ ജനങ്ങളോടും അന്യായം കാണിച്ചു കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ പദ്ധതി ഉപേക്ഷിച്ചിട്ടില്ലെന്ന കേന്ദ്രമന്ത്രിയുടെ ഇപ്പോഴത്തെ പ്രഖ്യാപനം പൂർണ്ണമായും നിലനിർത്താനുള്ള നടപടികളിൽ സംസ്ഥാന ഗവൺമെന്റ് ഏർപ്പെടുന്നതാണ്.

(5) കുടിവെള്ള പദ്ധതി

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ തേഞ്ഞിപ്പലം, മൂന്നിയൂർ, ചേലേമ്പ്ര, പെരുവള്ളൂർ പഞ്ചായത്തുകളിൽ നിലവിലുള്ള ARWSS (Accelerated Rural Water Supply Scheme) കുടിവെള്ള പദ്ധതി കാലഹരണപ്പെട്ടതും നാശോന്മുഖമായിക്കൊണ്ടിരിക്കുന്നതുമാണ്. 20 വർഷത്തേയ്ക്ക് തയ്യാറാക്കിയ ഈ പദ്ധതി ഇപ്പോൾ 30 വർഷം പിന്നിട്ടിരിക്കുകയാണ്. പാറക്കടവ് പമ്പിംഗ് മെയിൻ, ചേളാരി ശുചീകരണ പ്ലാന്റ്, വിതരണശൃംഖല എന്നിവയിലൂടെയുള്ള ജലനഷ്ടം 40 ശതമാനത്തോളമാണ്. ഈ ഭാഗങ്ങളിൽ പൈപ്പുകൾ പൊട്ടുന്നതും അറ്റകുറ്റപ്പണികൾ നടത്തുന്നതും നിത്യസംഭവമാണ്. ഓരോ വർഷവും ലക്ഷക്കണക്കിന് രൂപയാണ് ഈയിനത്തിൽ സർക്കാരിന് നഷ്ടമാകുന്നത്. വൻതോതിലുള്ള ജലനഷ്ടവും സാമ്പത്തിക നഷ്ടവും സഹിച്ച് കാലഹരണപ്പെട്ട ഈ പദ്ധതി നിലനിർത്തുന്നതുമൂലം ഗുണഭോക്താക്കൾക്ക് പ്രസ്തുത പദ്ധതിയുടെ ഗുണഫലം ലഭിക്കുന്നില്ല. മേൽസാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കുപകരം നിലവിലെ ജലസ്രോതസും ലഭ്യമായ ഭൂമിയും ഉപയോഗിച്ച് പുതിയൊരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ് അഭികാമ്യം. ഈ മേഖലയിലെ കുടിവെള്ളക്ഷാമം വലിയ ധനച്ചെലവില്ലാതെ പരിഹരിക്കാനും പ്രസ്തുത പദ്ധതിയിലൂടെ സാധ്യമാകും. അതാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ഇപ്പോഴത്തെ ജലവിതരണ പദ്ധതി മൂന്ന് പതിറ്റാണ്ടുമുമ്പ് മൂന്നിയൂർ, തേഞ്ഞിപ്പലം, ചേലേമ്പ്ര, പെരുവള്ളൂർ എന്നീ പഞ്ചായത്തുകൾക്കായി ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയതാണ്. നിലവിലുള്ള

പദ്ധതിയുടെ സ്രോതസ്സായ കടലുണ്ടിപ്പുഴയിലെ പാറക്കടവിൽ കിണറും പമ്പ് ഹൗസും ചേളാരിയിൽ ശുദ്ധീകരണശാലയുമുള്ള പദ്ധതിയുടെ സ്ഥാപിതശേഷി 4.50 എം.എൽ.ഡി. ആണ്. എന്നാൽ കാലപ്പഴക്കത്താലും മറ്റ് വിവിധ കാരണങ്ങളാലും പരമാവധി മൂന്ന് എം.എൽ.ഡി. മാത്രമെ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളൂ. ഇത് നിലവിലെ ജനസംഖ്യ പ്രകാരമുള്ള ആവശ്യത്തിന് തീരെ അപര്യാപ്തമാണ്. അതിനാൽ ദിവസങ്ങൾ ഇടവിട്ട് ഊഴം വച്ചാണ് ജലവിതരണം നടത്തിവരുന്നത്. ഡിസൈൻ കാലാവധി പൂർത്തിയായ മേൽ പദ്ധതിക്കുപകരം 2050 വരെയുള്ള ജനസംഖ്യാ വർദ്ധനവ് കണക്കിലെടുത്ത് ഒരു പുതിയ പദ്ധതി കാലാനുസൃതമായി രൂപകല്പന ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട്. ഈ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. അബ്ദുൽ ഹമീദ്. പി., 20-4-2018-ന് ഒരു യോഗം വിളിച്ചുചേർത്തിരുന്നു. പ്രസ്തുത യോഗത്തിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ദേശീയപാത നവീകരണത്തോടൊപ്പം പുതിയ പദ്ധതിയുടെ പൈപ്പ് ലൈനുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയും ബഹുമാനപ്പെട്ട എം.എൽ.എ. ഊന്നിപ്പറഞ്ഞിരുന്നു. മേൽ യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് പുതിയ പദ്ധതിയുടെ പ്രൊപ്പോസൽ തയ്യാറാക്കാൻ വാട്ടർ അതോറിറ്റിയുടെ പി.പി.ഡി. വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (6) ഗതാഗതക്കുരുക്ക്

ശ്രീ. പി. ടി. തോമസ്: സർ, എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ വൈറ്റില കേരളത്തിലെ ഏറ്റവും തിരക്കേറിയ ജംഗ്ഷനാണ്. ആ നിയോജകമണ്ഡലത്തിലും എറണാകുളം ജില്ലയിലും മാത്രമല്ല, കേരളം മുഴുവൻ വൈറ്റില ജംഗ്ഷനിലുണ്ടാകുന്ന തിരക്കിന്റെ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. എറണാകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടി മെട്രോ പണിതപ്പോൾ അല്പംപോലും ഗതാഗത തടസ്സമുണ്ടായില്ലെന്നുള്ളത് ശ്രദ്ധേയമാണ്. എന്നാൽ വൈറ്റില മേൽപ്പാലം നിർമ്മാണംമൂലം ഇന്ന് എറണാകുളം മേഖലയാകെ ഗതാഗതക്കുരുക്കിലാണ്. എറണാകുളം-മൂവാറ്റുപുഴ റോഡിൽ തിരുവാംകുളം വരെയും കുണ്ടന്നൂർ-വൈറ്റില-പാലാരിവട്ടം-ഇടപ്പള്ളി വരെയും കുണ്ടന്നൂർ-പേട്ട-തൃപ്പൂണിത്തുറ ബസ് സ്റ്റാൻഡ് വരെയും ആ ബ്ലോക്ക് നീളുകയാണ്. സഹോദരൻ അയ്യപ്പൻ റോഡ്, ബണ്ട് റോഡ്, സുഭാഷ് ചന്ദ്രബോസ് റോഡ്, പാലാരിവട്ടം-പൊന്നുരുന്നി-വൈറ്റില റോഡ് ഇങ്ങനെ ചെറുതും വലുതുമായ എല്ലാ റോഡുകളും സ്തംഭിച്ച അവസ്ഥയാണ്. ഒരു മണിക്കൂർ മുതൽ ഒന്നര മണിക്കൂർ വരെ ഗതാഗതക്കുരുക്കിലകപ്പെട്ടാണ് ഇന്ന് ആളുകൾ യാത്ര ചെയ്യുന്നത്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്കും മറ്റ് സംസ്ഥാനങ്ങളിലേയ്ക്കും പുറപ്പെടുന്ന ഹബ്ബിലെ ബസുകൾക്ക് പുറത്തേയ്ക്കുപോകാൻ കഴിയാത്ത സാഹചര്യമാണ്. 23-ാം തീയതി ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട്

വകുപ്പുമന്ത്രി വന്ന് ഇലക്ട്രിക് ബസിന്റെ ഉദ്ഘാടനം നടത്തുകയാണ്. ഉദ്ഘാടനം കഴിഞ്ഞാൽ അവിടെ നിന്ന് എല്ലാവരെയും ഒഴിപ്പിച്ച് പോലീസ് പ്രൊട്ടക്ഷനോടുകൂടി മാത്രമേ ആ ബസ് പുറത്തേയ്ക്കിറക്കാൻ കഴിയൂ. വൈറ്റില ജംഗ്ഷനിലുണ്ടായിരിക്കുന്ന ഗതാഗതക്കുരുക്ക് കാരണം എറണാകുളം മൊത്തമായി ഒന്നുരണ്ട് മണിക്കൂർ നേരം ഗതാഗതക്കുരുക്കിൽ അകപ്പെടുകയാണ്. ഇത് പരിഹരിക്കാൻ ആവശ്യത്തിന് പോലീസിനെ നിയോഗിക്കുകയും പാലം പണി നടക്കുന്ന സ്ഥലത്ത് മെട്രോ പണിതതുപോലെ ശാസ്ത്രീയമായ രീതിയിൽ പണികൾ നടത്തുകയും ചെയ്യണം. കുണ്ടന്നൂർ ജംഗ്ഷനിൽ പാലം പണിയുന്നുണ്ട്. അവിടെ ഗതാഗതക്കുരുക്കില്ല. വൈറ്റിലയിൽ പാലം പണിയുന്നവരോട് ഞാൻ ചോദിച്ചപ്പോൾ അവർ പറയുന്നത് ഞങ്ങൾക്ക് റോഡ് മെച്ചപ്പെടുത്താനുള്ള പൈസയൊന്നും തരുന്നില്ല എന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ഗതാഗത വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ഒന്നിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. എറണാകുളം മൊത്തമായി സ്തംഭനാവസ്ഥയിലാണ്. എനിക്ക് മണ്ഡലത്തിലേയ്ക്ക് പോകാൻ കഴിയാത്ത സാഹചര്യമാണ്. ഒരു പരിപാടിക്ക് പോകണമെങ്കിൽ മൂന്ന് മണിക്കൂറിനുമുമ്പ് ഇറങ്ങിയാൽ മാത്രമേ നിർദ്ദിഷ്ട സ്ഥലത്ത് എത്തിച്ചേരാൻ സാധിക്കൂ. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ശക്തമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. പി. ടി. തോമസ് പറഞ്ഞതുപോലെ എറണാകുളം നഗരത്തിൽ ഗതാഗതക്കുരുക്ക് രൂക്ഷമാകുകയാണ്. എല്ലാ പട്ടണങ്ങളിലും സമാനമായ രീതിയിൽ ഗതാഗതക്കുരുക്ക് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യമുണ്ടെന്ന് അങ്ങേയ്ക്കും സഭയിലെ എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വൈറ്റില ജംഗ്ഷനിൽ മേൽപ്പാലം പണിയുന്നതുമായി ബന്ധപ്പെട്ടാണ് ഇപ്പോൾ പുതുതായി അവിടെ ഗതാഗതക്കുരുക്ക് ഉണ്ടായിട്ടുള്ളത്. സാധാരണനിലയിൽ ഒരു നിർമ്മാണ പ്രവർത്തനം നടക്കുമ്പോൾ ചില തടസ്സങ്ങളൊക്കെ ഉണ്ടാകുമെന്നുള്ളത് സ്വാഭാവികമാണ്. ഈ പ്രശ്നം 16.06.2018-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കളക്ടറുടെ സാന്നിദ്ധ്യത്തിൽ ചർച്ചചെയ്തിട്ടുണ്ട്. അവർ അവിടെ താൽക്കാലിക പരിഹാരത്തിനാവശ്യമായ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. അവിടെ റോഡ് റിപ്പെയർ ചെയ്യുന്നതുമായി ബന്ധപ്പെട്ട ഒരു പ്രശ്നമാണ് ഉന്നയിച്ചത്. വാഹനങ്ങളുടെ സുഗമമായ സഞ്ചാരത്തിന് തടസ്സമാകുന്ന അത്തരം കാര്യങ്ങൾ മാറ്റുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. അതുപോലെ പ്രസ്തുത ഭാഗത്ത് അടിയന്തരമായി റോഡ് നന്നാക്കുന്നതിനും ഇന്റർലോക്കിംഗ് ടൈൽ വിരിച്ച് വാഹനഗതാഗതം സുഗമമാക്കുന്നതിനും പി.ഡബ്ല്യു.ഡി., നാഷണൽ

ഹൈവേ അതോറിറ്റി എന്നീ വകുപ്പുകൾക്ക് അന്നത്തെ യോഗത്തിൽ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ പ്രസ്തുത നടപടികൾ പൂർത്തീകരിച്ച് ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ജില്ലാഭരണകൂടം ശ്രദ്ധചെലുത്തുന്നുണ്ട്. മറ്റെന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായി സംസാരിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. അവിടത്തെ റോഡ് സുരക്ഷാ കൗൺസിലിനോട് ഇവിടെ സൂചിപ്പിച്ചതുപോലുള്ള ക്രമീകരണങ്ങൾ നടത്താൻ സാധിക്കുമോയെന്ന് പരിശോധിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

(7) കൺസെഷൻ അനുവദിക്കൽ

ശ്രീ. അടൂർ പ്രകാശ്: സർ, പത്തനംതിട്ട ജില്ലയിൽ റാന്നി-കൊല്ലമുള-വെച്ചൂച്ചിറയിൽനിന്നും മാർച്ച് 22-ാം തീയതി കാണാതായ ജെസ്ന മറിയം ജെയിംസ് എന്ന കുട്ടിയെപ്പറ്റി അന്വേഷണം നടക്കുന്നുവെന്ന് പറയുന്നുണ്ടെങ്കിലും തൃപ്തികരമായ അന്വേഷണമല്ല നടക്കുന്നത്. അതിന്റെ പേരിൽ ഇന്ന് ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നിയമസഭാ മാർച്ച് സംഘടിപ്പിച്ചിരിക്കുകയാണ്. ഞാൻ ഈ വിഷയം സംബന്ധിച്ച് റൂൾ 304 അനുസരിച്ച് ബഹുമാന്യനായ സ്പീക്കർക്ക് ഒരു നോട്ടീസ് നൽകിയിരുന്നു. അദ്ദേഹം അത് ഇന്നത്തേയ്ക്ക് അനുവദിക്കാമെന്ന് സമ്മതിച്ചതുമാണ്. നിർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് അനുവദിച്ചില്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇങ്ങനെയുള്ള വിഷയങ്ങൾ സഭയുടെ മുന്നിൽ കൊണ്ടുവരികയെന്നുള്ളത് ജനപ്രതിനിധിയെന്നുള്ള നിലയിൽ എന്റെ ചുമതലയാണ് എന്നുള്ളതുകൊണ്ടാണ് ഞാൻ അങ്ങേയ്ക്ക് നോട്ടീസ് നൽകിയത്. അത് നിഷേധിച്ചത് എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രിക്ക് ഞാൻ നേരത്തെ കൊടുത്ത ഒരു സബ്മിഷൻ എന്ന നിലയിലാണ് ബഹുമാനപ്പെട്ട സ്പീക്കർ എനിക്ക് വീണ്ടുമിത് അനുവദിച്ചുതന്നത്.

എന്റെ നിയോജകമണ്ഡലമായ കോന്നിയിലെ മലയോര പ്രദേശങ്ങളായ കൊക്കാത്തോട്, ഉട്ടുപാറ, കുളത്തുമൽ, തേക്കേത്തോട് എന്നീ പ്രദേശങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നുണ്ട്. കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്ന ഈ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കുന്നില്ല. എം.എൽ.എ. എന്നുള്ള നിലയിൽ ആ വിദ്യാർത്ഥികൾ എന്നെ വന്നുകണ്ടു. ഇതുമായി ബന്ധപ്പെട്ട് ഞാൻ ഒരു കത്ത് ബഹുമാന്യനായ ഡി.ടി.ഒ.-യ്ക്ക് കൊടുത്തു. ഗതാഗത വകുപ്പുമന്ത്രിയെന്ന നിലയിൽ എം.എൽ.എ.-മാർ ആരെങ്കിലും അങ്ങേയ്ക്ക് ഒരു കത്ത് തന്നാൽ അങ്ങ്

അത് സ്വീകരിക്കും. എം.ഡി. എന്ന നിലയിൽ ശ്രീ. ടോമിൻ തച്ചങ്കരിക്ക് ഒരു കത്ത് കൊടുത്താൽ അദ്ദേഹവും സ്വീകരിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. എം.എൽ.എ.യുടെ കത്തൊന്നും ഇവിടെ ആവശ്യമില്ല; കത്ത് സ്വീകരിക്കുന്നില്ല എന്നാണ് ഡി.ടി.ഒ. പറഞ്ഞത്. കത്ത് സ്വീകരിക്കുകയോ സ്വീകരിച്ച് എന്ത് നടപടി എടുക്കുകയോ ചെയ്യട്ടെ. ഇത്തരത്തിൽ നിരുത്തരവാദപരമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥർ തയ്യാറാകുന്നു. ഇത് ശരിയാണോ എന്നതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം. കോളേജിൽ പോകുന്ന വിദ്യാർത്ഥികൾക്ക് അവിടെനിന്ന് നൂറ് രൂപയോളം ചെലവഴിച്ചാൽ മാത്രമേ മറ്റ് ബസ് സർവ്വീസുകളുള്ള സ്ഥലത്തേയ്ക്ക് എത്തിച്ചേരാൻ സാധിക്കൂ. അവർ എന്താണ് ചെയ്യേണ്ടതെന്നുകൂടി ബഹുമാന്യനായ മന്ത്രി പറയണം. അങ്ങേയ്ക്ക് ഇക്കാര്യങ്ങൾ നന്നായറിയാം. മലയോര മേഖലയിലുണ്ടായിരുന്ന സർവ്വീസുകൾ പലതും ഈ ഡി.ടി.ഒ. വന്നതിനുശേഷം നിർത്തിലാക്കി. പത്തനംതിട്ട ഡി.ടി.ഒ. നടത്തുന്ന ഇത്തരത്തിലുള്ള നിരുത്തരവാദപരമായ പ്രവർത്തനങ്ങളിൽ അങ്ങ് അന്വേഷണം നടത്തണം. അന്വേഷണം നടത്തുക മാത്രമല്ല, നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. ആ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിച്ചുകൊടുക്കാൻ അങ്ങ് നിർദ്ദേശം നൽകണം. പ്രതിപക്ഷ എം.എൽ.എ.-മാരോട് ഉദ്യോഗസ്ഥർക്കുള്ള പ്രശ്നം എന്താണെന്ന് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഏതായാലും അങ്ങ് ഇക്കാര്യത്തിൽ ഒരു അന്വേഷണം നടത്താൻ തയ്യാറാകണം എന്നുകൂടി ഈ അവസരത്തിൽ പ്രത്യേകം പറയുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, എം.എൽ.എ.-മാർ അപ്പുറത്തുള്ളവരായാലും ഇപ്പുറത്തുള്ളവരായാലും എം.എൽ.എ.-മാരാണ്. അവരോട് ഉദ്യോഗസ്ഥർ ശരിയായ രീതിയിൽ തന്നെയാണ് പെരുമാറേണ്ടതെന്നുള്ള നിലപാടാണ് നമുക്കെല്ലാവർക്കുമുള്ളത്. അതുകൊണ്ട് സബ്മിഷനിൽ അത് വന്നില്ലെങ്കിലും അങ്ങിവിടെ ഉന്നയിച്ച ആ പ്രശ്നം പ്രത്യേകമായി ശ്രദ്ധിക്കുന്നതും പെരുമാറ്റച്ചട്ടം അനുസരിച്ച് ജനപ്രതിനിധികളോട് പെരുമാറാനാവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതുമാണ്. അതോടൊപ്പം ഡി.ടി.ഒ.-യുടെ കാര്യത്തിൽ ഗുരുതര വീഴ്ച കണ്ടെത്തുകയാണെങ്കിൽ തീർച്ചയായും ഉചിതമായ നടപടി സ്വീകരിക്കുന്നതാണെന്ന് ആദ്യംതന്നെ സൂചിപ്പിക്കട്ടെ. അങ്ങിവിടെ ചൂണ്ടിക്കാണിച്ച കൊക്കാത്തോട്, ഉട്ടുപാറ, കുളത്തുമൺ എന്നീ പ്രദേശങ്ങളിലേയ്ക്ക് സർവ്വീസ് നടത്തുന്ന എല്ലാ ഓർഡിനറി സർവ്വീസുകളിലും വിദ്യാർത്ഥികൾക്ക് കൺസെഷൻ നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അവർ വിദ്യാർത്ഥികൾ തന്നെയായിരിക്കണം എന്നേയുള്ളൂ. ഇപ്പോൾത്തന്നെ

കൺസെഷൻ ടിക്കറ്റുകൾ കൊടുത്തുതുടങ്ങാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്തെങ്കിലും അപാകതകളുണ്ടെങ്കിൽ തീർച്ചയായും അത് പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, പഠിക്കുന്ന സ്ഥാപനങ്ങളിൽനിന്നും വിദ്യാർത്ഥികളാണെന്നുള്ള സർട്ടിഫിക്കറ്റ് കൊടുത്തിട്ടും കൺസെഷൻ കൊടുക്കുന്നില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അങ്ങ് ക്ഷമിക്കണം. അങ്ങയോടല്ല പറഞ്ഞത്. പൊതുവെ അത് വിദ്യാർത്ഥികളായിരിക്കണം എന്ന കാര്യത്തിൽ നമുക്കെല്ലാവർക്കും ഒരു ധാരണ വേണമെന്നാണ് ഞാൻ പറഞ്ഞത്.

(8) എം.ബി.ബി.എസ്. ഫീസ്

ശ്രീ. വി. ഡി. സതീശൻ: സർ, നീറ്റ് റാങ്കിന്റെ അടിസ്ഥാനത്തിൽ കേന്ദ്രീകൃത അലോട്ട്മെന്റിലൂടെ 2017-18-ൽ എം.ബി.ബി.എസ്. പ്രവേശനം ലഭിച്ച വിദ്യാർത്ഥികളുടെ ഫീസ് ഇപ്പോഴും അനിശ്ചിതത്വത്തിലാണ്. നാലര ലക്ഷം രൂപ മുതൽ അഞ്ചര ലക്ഷം രൂപ വരെ ഫീ റെഗുലേറ്ററി അതോറിറ്റി നിശ്ചയിച്ചെങ്കിലും സ്വകാര്യ-സ്വാശ്രയ മാനേജ്മെന്റുകൾ 11 ലക്ഷം രൂപ ഫീസ് വർദ്ധനവ് ആവശ്യപ്പെട്ട് സുപ്രീംകോടതിയിൽ പോയിരിക്കുകയാണ്. അതുകൊണ്ട് അനിശ്ചിതത്വം തുടരുകയാണ്. ഇതുവരെ സുപ്രീംകോടതി അക്കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ടില്ല. കാരണം, ഫീസ് കൂടുതൽ കൊടുക്കേണ്ടി വരുമോയെന്നുള്ള സംശയമാണ്. കഴിഞ്ഞ പ്രാവശ്യം ഇതുപോലെ മാനേജ്മെന്റ് സുപ്രീംകോടതിയിൽ പോയപ്പോൾ സുപ്രീംകോടതി 10 ലക്ഷം രൂപ ഫീസ് അനുവദിച്ച് ഉത്തരവായത് വിദ്യാർത്ഥികളിലും മാതാപിതാക്കളിലും വലിയ ഉത്കണ്ഠയുണ്ടാക്കിയിരിക്കുകയാണ്.കേസ് സുപ്രീംകോടതിയിൽ നിൽക്കുകയാണ്. സർക്കാരിന് ഗൗരവതരമായി അത് കൈകാര്യം ചെയ്യാൻ കഴിയുന്നുണ്ടോയെന്ന് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. 2017-ൽ ഉണ്ടാക്കിയ ആക്ടിന്റെ റൂൾസ് ഇതുവരെ ഫ്രെയിം ചെയ്തിട്ടില്ല. അത് ഈ കേസ് നടത്തിപ്പിനെ ഗൗരവതരമായി ബാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എം.ബി.ബി.എസ്.-ന്റെ വിദ്യാഭ്യാസ ലോൺ പരിധി 1,85,000 രൂപയിൽ നിന്ന് 2,50,000 രൂപയായും ഇപ്പോൾ 5 ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. അതായത് നീറ്റ് മെറിറ്റിൽ അഡ്മിഷൻ ലഭിച്ച ഒരു കുട്ടി 5 വർഷംകൊണ്ട് 25 ലക്ഷം രൂപ മെറിറ്റ് ഫീസ് മാത്രം കൊടുക്കണം. എന്നാൽ ബാങ്കുകൾ വിദ്യാഭ്യാസ ലോൺ സംബന്ധിച്ച പരിധി നിശ്ചയിക്കുന്നത് ഏഴര ലക്ഷം രൂപയാണ്. ഒരു മെഡിക്കൽ വിദ്യാർത്ഥിക്ക് കേരളത്തിലെ ഒരു ബാങ്കും ഏഴര ലക്ഷം രൂപയിൽ കൂടുതൽ കൊടുക്കില്ല. എന്നാൽ

ഒരു കുട്ടിക്ക് ഇവിടെ കൊടുക്കേണ്ട മെറിറ്റ് ഫീസ് 25 ലക്ഷം രൂപയാണ്. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആരോഗ്യ വകുപ്പുമന്ത്രിയും ബാങ്കുകളുടെ കൺസോർഷ്യവുമായി ചർച്ച ചെയ്തുപ്രകാരം വിദ്യാഭ്യാസ ലോൺ ഏഴരലക്ഷം രൂപയിൽ നിന്നും 25 ലക്ഷം രൂപയാക്കി ഉയർത്താമെന്നാണ് ഉറപ്പ് നൽകിയത്. മെറിറ്റിൽ പഠിക്കുന്ന കുട്ടികളുടെ ഫീസെങ്കിലും ബാങ്ക് ലോൺ വഴി കൊടുക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ ഇതുവരെയും ഒരു ബാങ്കും അത് ചെയ്യുന്നില്ല. ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട യാതൊരു നടപടിയുമായി മുന്നോട്ട് നീങ്ങിയിട്ടുമില്ല. കടം വാങ്ങിയും വീട് പണയപ്പെടുത്തിയുമൊക്കെ ആദ്യത്തെ വർഷത്തെ ഫീസ് കൊടുത്തു. അടുത്ത പ്രാവശ്യത്തെ ഫീസ് എങ്ങനെ കൊടുക്കുമെന്നറിയാതെ വലിയ ഉത്കണ്ഠയിലാണ് വിദ്യാർത്ഥികൾ. നന്നായി പഠിച്ച് നീറ്റ് റാങ്കിൽ ഏറ്റവും മുൻപന്തിയിൽ വന്ന് മെറിറ്റ് സീറ്റിൽ അഡ്മിഷൻ കിട്ടിയ കുട്ടികൾക്കുവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. അതുകൊണ്ട് സുപ്രീംകോടതിയിലെ കേസ് ഗൗരവതരമായി കൈകാര്യം ചെയ്യുന്നതിനും 2017-ലെ ആക്ടിന്റെ റൂൾസ് ഫ്രെയിം ചെയ്യുന്നതിനും വിദ്യാഭ്യാസ ലോണിന്റെ പരിധി ഏഴര ലക്ഷം രൂപയിൽ നിന്ന് 25 ലക്ഷം രൂപയാക്കി ഉയർത്തുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

11.00 AM]

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, സംസ്ഥാനത്തെ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 2017-18 അദ്ധ്യയന വർഷത്തെ മെഡിക്കൽ വിദ്യാഭ്യാസ പ്രവേശനത്തിന് സമയപരിമിതിമൂലം അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റി താൽക്കാലിക ഫീസായിരുന്നു നിശ്ചയിച്ചിരുന്നത്. 2017-ലെ ആക്ടിലും താൽക്കാലിക ഫീസ് നിശ്ചയിക്കുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തിയിരുന്നു. എന്നാൽ വിവിധ മാനേജുമെന്റുകൾ സമിതി നിശ്ചയിച്ച ഫീസ് ഘടനയെയും ആക്ടിലെ വ്യവസ്ഥകളെയും ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയെ സമീപിക്കുകയുണ്ടായി. ഈ കേസ് തീർപ്പാക്കിക്കൊണ്ടുള്ള 02-11-2017-ലെ ഉത്തരവിലെ താൽക്കാലിക ഫീസ് നിശ്ചയിക്കുന്നതിനുള്ള വകുപ്പ് ultra vires ആണെന്ന് കോടതി നിരീക്ഷിക്കുകയും അന്തിമ ഫീസ് നിശ്ചയിച്ചിട്ടില്ലെങ്കിൽ അത് എത്രയുംവേഗം നിശ്ചയിക്കണമെന്ന് അഡ്മിഷൻ ആന്റ് ഫീ റെഗുലേറ്ററി കമ്മിറ്റിക്ക് നിർദ്ദേശം നൽകുകയുമുണ്ടായി. തുടർന്ന് സമിതി പരിയാരം മെഡിക്കൽ കോളേജുൾപ്പെടെയുള്ള 22 സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ ഫീസ് നിശ്ചയിക്കുകയും സർക്കാർ അത് ഗസറ്റ് വിജ്ഞാപനമായി ഇറക്കുകയും

ചെയ്തിട്ടുണ്ട്. അതിൽ സംശയമില്ല. 2017-18 അദ്ധ്യയന വർഷത്തേയ്ക്ക് ബാധകമായ ഫീസ് ഘടന സംബന്ധിച്ച അനിശ്ചിതത്വം അതുകൊണ്ടുതന്നെ നിലവിലില്ല. എന്നാൽ സമിതി നിശ്ചയിച്ച അന്തിമ ഫീസ് ഘടനയ്ക്കെതിരെ വിവിധ മാനേജ്മെന്റുകൾ ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസുകളിന്മേൽ സർക്കാർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ടെങ്കിലും കോടതി അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ല. ഈ കേസുകളിൽ മുതിർന്ന അഭിഭാഷകരെയാണ് സ്വാശ്രയ മാനേജ്മെന്റുകൾ നിയോഗിക്കുന്നതെന്ന കാര്യം കണക്കിലെടുത്ത് വിദ്യാർത്ഥികളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി സുപ്രീംകോടതിയിലെ സീനിയർ കൗൺസിലിനെത്തന്നെ നിയമിക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന് ലാ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുണ്ട്. 02-11-2017-ലെ ഹൈക്കോടതി വിധിയിൽ 2017-ലെ 15-ാം നമ്പർ ആക്ടിലെ ഏതാനും വ്യവസ്ഥകൾ റദ്ദ് ചെയ്തിട്ടുള്ളതിനാലും പ്രവേശനവും ഫീസ് നിയന്ത്രണവും സമിതിയുടെ ഘടന പുനഃപരിശോധിക്കണമെന്ന് ഉത്തരവായിട്ടുള്ളതിനാലും ഈ വിധിന്യായത്തിന് അനുസൃതമായി ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇപ്രകാരം ഭേദഗതി ചെയ്തതിനുശേഷം മാത്രമേ ചട്ടങ്ങൾ രൂപീകരിക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ചട്ടങ്ങൾ രൂപീകരിക്കാത്തത് ഫീസ് നിർണ്ണയത്തിനോ മറ്റേതെങ്കിലും തീരുമാനമെടുക്കുന്നതിനോ തടസ്സമല്ലെന്ന് ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാവുന്നതാണ്. കേരളത്തിലെ എം.ബി.ബി.എസ്. വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസ് 4.80 ലക്ഷം മുതൽ 5.66 ലക്ഷം രൂപവരെ നിശ്ചയിച്ച് പ്രവേശനവും ഫീസ് നിർണ്ണയവും സമിതി ഉത്തരവായിരിക്കുന്ന സ്ഥിതിക്ക് നിലവിലെ വിദ്യാഭ്യാസ വായ്പാ പദ്ധതി 25 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കണമെന്ന ഓൾ കേരള പ്രൊഫഷണൽ കോളേജ് സ്റ്റുഡന്റ്സ് ആന്റ് പാരന്റ്സ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിലെ ആവശ്യം സംസ്ഥാനതല ബാങ്കേഴ്സ് സമിതിയിൽ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിനായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്. ഒരുതവണ ബാങ്കുമായി ചർച്ച നടത്തിയിരുന്നെങ്കിലും അത് വേണ്ടത്ര ഫലപ്രദമായില്ല. വീണ്ടും അതിന്റെ നടപടിക്രമങ്ങൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ അതിൽ രണ്ട് കാര്യങ്ങളുള്ളത്, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നമ്മൾ ചെയ്യേണ്ടത് ചെയ്തിട്ടുണ്ട്. 2017-18-ലെയും 2018-19-ലെയും ഫീസ് നിശ്ചയിച്ചു. ഫീ റെഗുലേറ്ററി കമ്മിറ്റി നല്ല പ്രവർത്തനമാണ് നടത്തിയത്. നന്നായി സ്റ്റഡി ചെയ്ത് 2017-18-ലെ ഫീസ് നിർണ്ണയിച്ചതിന് ഞാൻ ഫീ റെഗുലേറ്ററി കമ്മിറ്റിയെ അഭിനന്ദിക്കുകയാണ്. 2018-19-ലെ ഫീസ് ഗസറ്റ് വിജ്ഞാപനം ചെയ്യുകയും ചെയ്തു. പക്ഷെ കേസ് കോടതിയിൽ നിൽക്കുകയാണ്. കോടതി എന്താണ് വിധിക്കുന്നതെന്ന് ഒരിക്കലും

പറയാൻ സാധിക്കുകയില്ല. ബുദ്ധിമുട്ടുണ്ടാക്കുന്ന വിധി ഉണ്ടാകില്ലെന്ന് നമുക്കെല്ലാവർക്കും പ്രതീക്ഷിക്കാം. അല്ലാത്തപക്ഷം ഫീ റെഗുലേറ്ററി കമ്മിറ്റി നിശ്ചയിച്ച ഫീസ് മാത്രം റെമിറ്റ് ചെയ്താൽ മതിയാകും. വായ്പയുടെ കാര്യത്തിൽ ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച നടത്താം.

ശ്രീ. വി. ഡി. സതീശൻ: സർ, വിദ്യാർത്ഥികൾക്ക് ഈ വർഷത്തെ ഫീസ് അടയ്ക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, അങ്ങനെ വരാൻ കാരണം പ്രൊവിഷണൽ ഫീസ് നിശ്ചയിച്ച്, അന്തിമ ഫീസ് നിശ്ചയിക്കാൻ കോടതി ഉത്തരവിട്ടു. എന്നാൽ 2017-18 അദ്ധ്യയന വർഷത്തെ അന്തിമ ഫീസ് നിശ്ചയിക്കാൻ കുറച്ച് സമയമെടുക്കേണ്ടിവന്നു. കാരണം ഇതൊരു പുതിയ സംവിധാനമാണ്. മുഴുവൻ കാൽക്കുലേറ്റ് ചെയ്തിട്ടുവേണം ഫീസ് നിശ്ചയിക്കേണ്ടത്. കേസ് കോടതിയിൽ നിലനിൽക്കുന്നു. കേസുമായി ബന്ധപ്പെട്ടാണ് പലപ്പോഴും തടസ്സങ്ങൾ വരുന്നത്. പക്ഷെ 2017-18-ലെ ഫീസ് നിശ്ചയിച്ച്, നമുക്കൊരു ധാരണയായി. 2018-19-ലേതും നിശ്ചയിക്കാൻ സാധിച്ചു. അതുകൊണ്ട് നമുക്ക് മറ്റ് ബുദ്ധിമുട്ടുകളൊന്നും അക്കാര്യത്തിൽ വരാനില്ല. പക്ഷെ ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്താലും എന്താണ് തീരുമാനമെന്ന് പറയാൻ സാധിക്കുകയില്ല. അതിനുവേണ്ടി ഗവൺമെന്റ് നന്നായി പരിശ്രമിക്കും. ഇതെല്ലാം സ്വാശ്രയ മാനേജ്മെന്റ് കോളേജുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. ഗവൺമെന്റ് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട വിഷയമല്ല നമ്മൾ ചർച്ച ചെയ്യുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, മെഡിക്കൽ വിദ്യാഭ്യാസ വായ്പാപരിധി വർദ്ധിപ്പിക്കുമെന്ന് വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ടായിരുന്നു. ആദ്യവർഷം അവർ എങ്ങനെയൊക്കെയോ ഫീസ് അടച്ചു. അവർക്ക് രണ്ടാം വർഷത്തെ ഫീസ് അടയ്ക്കാൻ സാധിക്കുന്നില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇടപെടൽകൂടി ഉണ്ടാകണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇടപെട്ട് ഒരുതവണ സംസാരിച്ചിട്ടുണ്ട്. വീണ്ടും ബാങ്ക് ഉദ്യോഗസ്ഥരുമായി ബന്ധപ്പെടാം. അന്തിമ ഫീസ് നിശ്ചയിക്കാത്തതുകൊണ്ടാണ് അവസാന വാക്ക് അവരോട് പറയാൻ സാധിക്കാത്തത്. അന്തിമ ഫീസ് നിശ്ചയിച്ച സ്ഥിതിക്ക് ബാങ്ക് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് വായ്പാപരിധി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കാം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി മുൻകയ്യെടുക്കുമെന്നാണ് ഞാൻ കരുതുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ,.........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.... സബ്മിഷൻ ആണ്. ...(ബഹളം)... എന്താണിത്? ശ്രീ. പി. കെ. ബഷീർ, ...പ്ലീസ്..... പ്ലീസ്..... (ബഹളം)... ഇത് സബ്മിഷന്റെ സമയമാണ്. ശ്രീ. ഐ.ബി. സതീഷ്......

ശ്രീ. പി. കെ. ബഷീർ: സർ, ഇത് അടിയന്തര പ്രാധാന്യമുള്ള വിഷയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് വേറെ രീതിയിൽ ഉന്നയിക്കാം. പ്ലീസ്..... ശ്രീ. പി. കെ. ബഷീർ അവിടെ ഇരിക്കൂ. ശ്രീ. ഐ. ബി. സതീഷ്.....

(9) റെയിൽവേ ഡിവിഷൻ വിഭജിക്കൽ

ശ്രീ. ഐ. ബി. സതീഷ്: സർ, തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കാനുള്ള നീക്കം ഉദ്യോഗസ്ഥതലത്തിൽ ശക്തമായി നടന്നുവരികയാണ്. നിലവിൽ തൃശ്ശൂർ വള്ളത്തോൾ നഗർ മുതൽ തിരുനെൽവേലി വരെയാണ് തിരുവനന്തപുരം ഡിവിഷന്റെ പരിധി. ഇതിൽ നേമം സ്റ്റേഷൻ മുതൽ തിരുനെൽവേലി വരെയുള്ള ഭാഗം മധുര ഡിവിഷന്റെ ഭാഗമാക്കാനുള്ള നീക്കമാണ് നടക്കുന്നത്. കേന്ദ്ര പൊതുമരാമത്ത് ഷിപ്പിംഗ് വകുപ്പുമന്ത്രി നൽകിയ കത്തിന്റെ തുടർ നടപടിക്രമമെന്ന നിലയിൽ ദക്ഷിണ റെയിൽവേ ചെന്നൈ ഹെഡ്ക്വാർട്ടേഴ്സ് വർക്ക് ഡിവിഷൻ അയച്ച സർക്കുലറിനെത്തുടർന്നാണ് റെയിൽവേ അധികൃതർ നീക്കം ആരംഭിച്ചിരിക്കുന്നത്. 5 പ്ലാറ്റ്ഫോമുകൾ മാത്രമുള്ള തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിലെ പരിമിതിയും അസൗകര്യങ്ങളും ഒഴിവാക്കുന്നതിനായി 2008-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നേമത്തെ കോച്ചിംഗ് ടെർമിനൽ ഇതുവരെ യാഥാർത്ഥ്യമായിട്ടില്ല. നേമം കോച്ചിംഗ് ടെർമിനലിനായി 12.14 ഹെക്ടർ സ്ഥലം സർക്കാർ ഏറ്റെടുത്ത് കൈമാറിയിട്ടുണ്ട്. പ്രാഥമിക നിർമ്മാണ പ്രവർത്തനങ്ങൾക്കായി 65 കോടി രൂപയുടെ പദ്ധതി തിരുവനന്തപുരത്തെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കുകയും ചെയ്തു. വിഴിഞ്ഞം തുറമുഖം യാഥാർത്ഥ്യമാകുന്നതോടുകൂടി ചരക്കുഗതാഗതം നേമം സ്റ്റേഷനെ കേന്ദ്രീകരിച്ചാകും. റെയിൽവേയുടെ പ്രധാന വരുമാന കേന്ദ്രങ്ങളിലൊന്നായി നേമം മാറും. നേമം, മുടവൂർപ്പാറ, മുല്ലൂർ വഴി വിഴിഞ്ഞം വരെയുള്ള റെയിൽവേ സർവ്വേ നടന്നുകഴിഞ്ഞിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ നേമം മുതൽ തിരുനെൽവേലി വരെയുള്ള ഭാഗം തിരുവനന്തപുരം ഡിവിഷനിൽനിന്നും മാറ്റാനുള്ള നീക്കത്തിനെതിരായി കേന്ദ്രസർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, കേരളത്തിന്റെ തലസ്ഥാന നഗരിയായ തിരുവനന്തപുരം അടക്കം ഉൾപ്പെടുന്നതാണ്

തിരുവനന്തപുരം റെയിൽവേ ഡിവിഷൻ. തമിഴ്നാട്ടിലെ തിരുനെൽവേലിക്കടുത്തുള്ള മേലേപ്പാളയം മുതൽ ഷൊർണ്ണൂരിനടുത്തുള്ള വള്ളത്തോൾ നഗർ വരെയുള്ള 625 കിലോമീറ്റർ റെയിൽപ്പാതയും 108 സ്റ്റേഷനുകളും ഈ ഡിവിഷനിൽ ഉൾപ്പെടുന്നുണ്ട്. തിരുവനന്തപുരം- നാഗർകോവിൽ, തിരുനെൽവേലി 145 കിലോമീറ്റർ ഉൾപ്പെടുന്ന സ്റ്റേഷനും നാഗർകോവിൽ-കന്യാകുമാരി 15 കിലോമീറ്റർ ഉൾപ്പെടുന്ന സ്റ്റേഷനും ചേർത്ത് 160 കിലോമീറ്റർ റെയിൽപ്പാത തിരുവനന്തപുരം ഡിവിഷനിൽനിന്നും വിഭജിച്ച് മധുര ഡിവിഷനിലേയ്ക്ക് ചേർക്കുന്നതിനുള്ള നീക്കം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര റെയിൽവേയുമായി സഹകരിച്ച് അടിസ്ഥാന റെയിൽ വികസനത്തിന് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. അടിസ്ഥാന വികസന മേഖലകളായ റെയിൽ, ആകാശം, റോഡ്, കടൽ, ഉൾനാടൻ ജലഗതാഗതം തുടങ്ങിയ മേഖലകളിലെല്ലാം വലിയ പരിവർത്തനങ്ങളും മുന്നേറ്റങ്ങളും പുതിയ സംവിധാനങ്ങളും കൊണ്ടുവരാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവർത്തനങ്ങളെക്കുറിച്ച് എല്ലാവർക്കും അറിവുള്ളതാണ്. ഈ സഭയിൽ പലതവണ അത് ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുള്ളതുമാണ്. കേരളവും കേന്ദ്രവും തമ്മിലുള്ള സംയുക്ത കമ്പനിയായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തന്നെ ചരിത്രത്തിൽ ആദ്യമായിട്ടുള്ളതാണ്. അങ്ങനെയൊക്കെ സഹകരിച്ച് പ്രവർത്തിച്ചുവരികയാണ്. സഹകരിക്കേണ്ട കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തുനിന്നും റെയിൽവേയുടെ കാര്യത്തിൽ പലപ്പോഴും നിഷേധാത്മകവും കേരളവിരുദ്ധവുമായ നടപടികൾ തുടർന്നുവരുന്നു. ഇത് സ്വാതന്ത്ര്യം കിട്ടിയ കാലംമുതൽ ഉള്ളതാണ്, അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. നമ്മുടെ ശക്തമായ പ്രതിഷേധത്തിന്റെ ഫലമായിട്ടാണ് നിലവിലുള്ള സൗകര്യങ്ങൾപോലും നമുക്ക് ലഭിച്ചിട്ടുള്ളത്. തിരുവനന്തപുരം റെയിൽവേ ഡിവിഷൻ വിഭജിക്കാൻ നീക്കമുണ്ടായപ്പോൾ ഡിവിഷനിലെ 160 കിലോമീറ്റർ റെയിൽപ്പാത മധുര ഡിവിഷനിലേയ്ക്ക് മാറ്റാനുള്ള നീക്കങ്ങൾ അവസാനിപ്പിക്കണമെന്നും കേരളത്തിലെ റെയിൽ വികസനത്തിന് സഹായകരമായ രീതിയിൽ തിരുവനന്തപുരം-പാലക്കാട് കൊങ്കൺ റെയിൽ ഡിവിഷനുകളെ ഉൾപ്പെടുത്തി കേരളത്തിന് പെനിൻസുലാർ സോൺ അനുവദിക്കണമെന്നും ശക്തമായ ആവശ്യം ഉന്നയിക്കുകയും ഈ സഭയിൽ ഒരു ദിവസത്തെ ചർച്ചയിൽക്കൂടി അത് വീണ്ടും ഉന്നയിക്കുകയും കേന്ദ്രത്തെ അറിയിക്കുകയും ചെയ്തു. പെനിൻസുലാർ സോൺ എന്ന ആവശ്യം റെയിൽവേ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തതിനുപുറമെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി 17.07.2017-ൽത്തന്നെ അക്കാര്യം അടിവരയിട്ടുകൊണ്ട് പ്രധാനമന്ത്രിയോട് രേഖാമൂലം കേരളത്തിന്റെ ആവശ്യം ഉന്നയിക്കുകയുമുണ്ടായി. തുടർന്ന് വകുപ്പിന്റെ

ചുമതലയുള്ള മന്ത്രി അതുമായി ബന്ധപ്പെട്ട് കത്തുകൾ അയച്ചുകൊണ്ടിരുന്നു. ഇതിന് മറുപടിയായി തിരുവനന്തപുരം ഡിവിഷനെ വിഭജിച്ച് മധുര ഡിവിഷനിലേയ്ക്ക് ചേർക്കുന്നത് സംബന്ധിച്ച് യാതൊരു നിർദ്ദേശങ്ങളും പരിഗണനയിലില്ലെന്ന് രേഖാമൂലം കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രി 2017 നവംബർ 27-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രിക്കും മറുപടി നൽകിയിട്ടുണ്ട്. എങ്കിലും ഈ ആശങ്ക പിന്നെയും നിലനിൽക്കുന്നു. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ തുടർനടപടികൾക്കും സമ്മർദ്ദത്തിനുമുള്ള നിലപാട് കേരളം സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലപാടുകൾ തുടരുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(10) <u>സൗജന്യ പാസ് അനുവദിക്കൽ</u>

<u>ശ്രീ. കെ. രാജൻ</u>: സർ, മണ്ണുത്തി-അങ്കമാലി ദേശീയപാതയിൽ നിലനിൽക്കുന്ന പകൽക്കൊള്ളയുമായി ബന്ധപ്പെട്ട ഒരു പ്രശ്നം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെയും വിശിഷ്യാ മന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് വേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ അവതരിപ്പിക്കുന്നത്. മണ്ണുത്തി-അങ്കമാലി പാതയിലെ അശാസ്ത്രീയ നിർമ്മാണങ്ങളുടെയും കരാർ ലംഘനങ്ങളുടെയും ദീർഘമായ പ്രശ്നം നിരവധി തവണയായി ആ മേഖലയിലെ ജനപ്രതിനിധികളായ ഞങ്ങളെല്ലാവരും ഉന്നയിച്ചുവന്നിരുന്നു. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ ഇക്കാര്യത്തിൽ കരാർ സമ്പൂർണ്ണമായി പാലിച്ചാൽ മാത്രമേ ടോൾ പിരിവ് ആരംഭിക്കുകയുള്ളൂവെന്ന് പരസ്യമായി ജനങ്ങളോട് പ്രഖ്യാപിച്ചതാണ്. എന്നാൽ കരാർ ഇതുവരെ പാലിക്കപ്പെട്ടിട്ടില്ല. അതുമായി ബന്ധപ്പെട്ട സബ്റോഡുകൾ, വെള്ളം, വെളിച്ചം തുടങ്ങിയ എല്ലാ പ്രശ്നങ്ങളും പലതവണ ഞങ്ങൾ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അന്നത്തെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആലുവ പാലസിൽ ചേർന്ന യോഗത്തിൽ ഈ പ്രദേശത്തെ 10 കിലോമീറ്റർ ചുറ്റളവിൽ താമസിക്കുന്ന ആളുകൾക്ക് അങ്ങോട്ടുമിങ്ങോട്ടും യാത്രചെയ്യുന്നതിന് സൗജന്യപാസ് അനുവദിക്കാമെന്ന് രേഖാമൂലം ഉറപ്പുനൽകിയതാണ്. സമരസമിതിയും ടോൾ കമ്പനിയും ഉൾപ്പെടെയുള്ളവരുടെ യോഗം വിളിച്ചുചേർത്തതുമാണ്. ടോൾ പിരിക്കാൻ തീരുമാനിച്ചപ്പോൾ ഏതാണ്ട് ഒമ്പതിനായിരത്തോളം വാഹനങ്ങളാണ് പ്രതിദിനം അതുവഴി പോകുന്നത് എന്നാണ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ ഇപ്പോഴത്തെ കണക്ക് 24,000-ത്തോളം വാഹനങ്ങൾ അതുവഴി പോകുന്നുണ്ടെന്നാണ്. 721 കോടി രൂപ അടങ്കൽ തുകയായി നിശ്ചയിച്ച ഈ പദ്ധതിയിൽ ഇപ്പോൾത്തന്നെ

ടോൾ കമ്പനി 454 കോടി രൂപ പിരിച്ചെടുത്തുകഴിഞ്ഞുവെന്നാണ് വിവരാവകാശ നിയമമനുസരിച്ച് മനസ്സിലാക്കുന്നത്. ഇനിയും പത്ത് വർഷത്തോളം ടോൾ തുടരുമെന്ന് അവർ പ്രഖ്യാപിച്ചിരിക്കുന്നു. എന്റെ മണ്ഡലമായ ഒല്ലൂർ നിന്നും പ്രൊഫ. സി. രവീന്ദ്രനാഥിന്റെ മണ്ഡലമായ ആമ്പല്ലൂരിലേയ്ക്ക് ഏതാണ്ട് രണ്ട് കിലോമീറ്റർ ദൂരം കാറിൽ അങ്ങോട്ടുമിങ്ങോട്ടും പോകണമെങ്കിൽ ചുരുങ്ങിയത് നൂറ് രൂപയെങ്കിലും കൊടുക്കേണ്ടിവരുന്ന കേരളത്തിലെ ഏറ്റവും ഭീകരമായി പണം പിരിക്കുന്ന ഒരു ടോളാണ് പാലിയേക്കര ടോൾ. ഇതുമാത്രമല്ല, കെ.എസ്.ആർ.ടി.സി. സാധാരണ വാഹനങ്ങൾ കൊടുക്കുന്നതിനെക്കാൾ ഇരട്ടിത്തുക കൊടുക്കണമെന്ന നിലപാടാണ് ഇപ്പോൾ സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. നേരത്തേയുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിൽ പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള താമസക്കാർക്ക് പാസ് അനുവദിച്ചതിനാൽ 42,000-ത്തോളം വാഹനങ്ങൾക്ക് നിലവിൽ പാസ്സുണ്ട്. അതെല്ലാം പൂർണ്ണമായും നിർത്തലാക്കുമെന്നാണ് ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. കേന്ദ്രസർക്കാരിന്റെ പൊതുപണമിടപാട് സംവിധാനം കൊണ്ടുവരുന്നതിന്റെ ഭാഗമായ പ്രഖ്യാപനമെന്നാണ് പറയുന്നത്. എൻ.എച്ച്.എ.ഐ. കേന്ദ്ര ഗവൺമെന്റിന്റേതാണെങ്കിലും സൗജന്യപാസ് നിലനിർത്തുന്നതിനുവേണ്ടിയുള്ള ഇടപെടൽ അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നും അതിനാവശ്യമായ നിർദ്ദേശം നൽകണമെന്നുമാണ് എന്റെ അഭ്യർത്ഥന.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പാലിയേക്കര ടോൾ സംബന്ധിച്ചും പ്രസ്തുത റോഡിൽ കരാർ പ്രകാരം നടത്താൻ ബാക്കിയുള്ള പ്രവൃത്തികൾ സംബന്ധിച്ചും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇതിനകം മൂന്ന് യോഗങ്ങൾ നടന്നിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.-മാരായ കെ. രാജൻ, ബി.ഡി.ദേവസ്സി, ബഹുമാനപ്പെട്ട മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ്, മറ്റ് ഭാരവാഹികൾ എന്നിവർ പ്രസ്തുത യോഗത്തിൽ പങ്കെടുത്തിട്ടുണ്ട്. യോഗതീരുമാനങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച വേഗത കരാർ കമ്പനിയുടെ ഭാഗത്തുനിന്നും ഇപ്പോഴുമുണ്ടായിട്ടില്ല. കരാർ കമ്പനിയെ നിയന്ത്രിക്കുന്നത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ശ്രീ. ബി.ഡി.ദേവസ്സി എം.എൽ.എ.-യും നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും 18-6-2018-ന് യോഗം ചേരുകയുണ്ടായി. എൻ.എച്ച്.എ.ഐ. അധികൃതരും അതിൽ പങ്കെടുത്തു. പ്രവൃത്തികൾ തീരുമാനപ്രകാരം നടത്തണമെന്ന് ആവശ്യപ്പെട്ടു. കേന്ദ്രസർക്കാരിന്റെ ഉത്തരവുപ്രകാരം നടത്തുന്ന ടോൾ പരിഷ്കാരത്തിന്റെ ഭാഗമായി പ്രീപെയ്ഡ്

ഇലക്ട്രോണിക് കാർഡുകൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും നടപ്പിലാക്കുമ്പോൾ മുഴുവൻ ആളുകളും അത് ഉപയോഗിക്കേണ്ടിവരുമെന്നുമാണ് യോഗത്തിൽ എൻ.എച്ച്.എ.ഐ. അറിയിച്ചത്. എന്നാൽ ഇപ്പോൾ പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശവാസികൾക്ക് ലഭിക്കുന്ന ഇളവുകൾ തുടർന്നും ലഭ്യമാക്കണമെന്നും അതിനായി കേന്ദ്ര ഉത്തരവിൽ മാറ്റംവരുത്താൻ വേണ്ട ഇടപെടൽ എൻ.എച്ച്.എ.ഐ. നടത്തണമെന്നുമാണ് സംസ്ഥാന സർക്കാരിന്റെ നിലപാടെന്ന് സംശയാതീതമായി അറിയിച്ചിട്ടുണ്ട്. കേന്ദ്രഗവൺമെന്റിന്റെ ബന്ധപ്പെട്ട വകുപ്പ് സംസ്ഥാന ഗവൺമെന്റുമായി യാതൊരു കൂടിയാലോചനയും നടത്താതെ തികച്ചും ഏകപക്ഷീയമായും ഏകാധിപത്യപരവുമായാണ് ഇത്തരം മാറ്റങ്ങൾ നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് അതിനാവശ്യമായ മേൽനടപടികൾ സ്വീകരിക്കാനും യോഗത്തിൽ തീരുമാനമായി. കൂടാതെ, മുൻയോഗങ്ങളിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുത്ത ചാലക്കുടി അണ്ടർപാസ്സിന്റെ പ്രവൃത്തി നിർമ്മാണോദ്ഘാടനം നടത്തിയശേഷം ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. കരാറുകാരനെ നിയന്ത്രിക്കാൻ എൻ.എച്ച്.എ.ഐ.-യ്ക്ക് കഴിയുന്നില്ല. ഇതിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് കടന്നാൽ ഭീകരമായ കാര്യങ്ങളാണുള്ളത്, അതൊന്നും ഞാനിവിടെ പറയുന്നില്ല. പറഞ്ഞാൽ കേന്ദ്രസഹായം കിട്ടിയില്ലെന്നുപറഞ്ഞ് വേറെ കുറേ ആളുകൾ ബഹളം വയ്ക്കും. ഇതൊന്നും നമ്മുടെ നാട്ടിൽ നടക്കുന്നതുപോലെയല്ല. നിർമ്മാണോദ്ഘാടനം നടത്തിയ ഒരു അണ്ടർപാസ്സിന്റെ പണി എങ്ങനെ ഒരു കരാറുകാരൻ നിർത്തിപ്പോകും? അവിടെ ആകെ കുഴിയാണ്, വളരെ പ്രശ്നമാണ്. സംസ്ഥാന ഗവൺമെന്റിന് നല്ല ബോധ്യമുണ്ട്, അവരോട് പറഞ്ഞുകൊണ്ടിരിക്കുകയാണ്. എൻ.എച്ച്.എ.ഐ.-യുടെ ഭാഗത്ത് ഇങ്ങനെയുള്ള ചില പ്രശ്നങ്ങളുണ്ട്, അത് പരിഹരിക്കണം. ഈ പ്രവൃത്തി രണ്ടാഴ്ചക്കകം പുനരാരംഭിക്കാമെന്ന് 18-ാം തീയതിയിലെ യോഗത്തിൽ പറഞ്ഞിട്ടുണ്ട്.

പുതുക്കാട് മേൽപ്പാലത്തിന്റെ ഡിസൈൻ വേഗത്തിൽ പൂർത്തിയാക്കി change in scope of work അനുമതി ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. അവർ പരിഗണിക്കാമെന്നാണ് പറഞ്ഞിട്ടുള്ളത്. യഥാർത്ഥത്തിൽ ടോൾ പരിഷ്കാരം ഉൾപ്പെടെയുള്ള കാര്യങ്ങൾ കേന്ദ്ര സർക്കാരാണ് നടപ്പിലാക്കുന്നത്. സംസ്ഥാന സർക്കാർ എല്ലാ ടോളിനും എതിരാണ്. വലിയ സാമ്പത്തിക ബാധ്യത ഉണ്ടെങ്കിൽപ്പോലും 10 ടോളുകൾ നിർത്തലാക്കിക്കഴിഞ്ഞു. ബാക്കി നിർത്തലാക്കണമെങ്കിൽ ഇനിയും 900 കോടി രൂപ കരാറുകാർക്ക് നൽകണം. അത് സംസ്ഥാന സർക്കാരിന്റെ പരിഗണനയിലിരിക്കുകയാണ്. ഇത്തരം

പരിഷ്കാരങ്ങൾ കേന്ദ്രം നടപ്പിലാക്കുമ്പോൾ സംസ്ഥാനവുമായി ആലോചിക്കുന്നില്ല എന്ന പ്രശ്നമാണുള്ളത്. ഏകപക്ഷീയമായി നടപ്പിലാക്കുന്ന ഉത്തരവുകൾ സംബന്ധിച്ച് അത് നടപ്പിലാക്കുന്ന സംസ്ഥാന സർക്കാരുകളുടെ അഭിപ്രായമോ നിർദ്ദേശങ്ങളോ സ്വീകരിച്ചിട്ടില്ല. അത് ഭരണഘടനാപരമായി ശരിയായ നടപടിയല്ല. ഏതായാലും കഴിഞ്ഞ യോഗതീരുമാനം അനുസരിച്ച് തുടർനടപടി സ്വീകരിച്ചുകൊണ്ട് ടോൾ വിഷയത്തിൽ പരിഹാരം കാണാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉപദേശം തേടിക്കൊണ്ട് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (11) സ്റ്റോപ്പ് അനുവദിക്കൽ

ശ്രീ. സി. മമ്മൂട്ടി: സർ, കേന്ദ്രസർക്കാരിന്റെയും റെയിൽവേയുടെയും നീതിനിഷേധത്തിനെതിരെയുള്ള പ്രധാനപ്പെട്ട വിഷയമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. തിരൂർ എന്നുപറയുന്നത് മലപ്പുറം ജില്ലയിലെ സുപ്രധാനമായ ഒരു സ്റ്റേഷനാണ്. ഏറ്റവും കൂടുതൽ ജനസംഖ്യയുള്ളതും വിദേശ മലയാളികളുൾപ്പെടെയുള്ളവർ കൂടുതൽ ആശ്രയിക്കുന്നതുമായ ഏക സ്റ്റേഷനിൽ പതിനാലോളം ട്രെയിനുകൾ നിർത്തുന്നില്ല. ഒരു ജില്ലയിലെത്തന്നെ ഒന്നും രണ്ടും സ്റ്റോപ്പുകളിൽ നിർത്തുന്ന ട്രെയിനുകൾക്കുപോലും മലപ്പുറം ജില്ലയിലെ ഒമ്പതോളം സ്റ്റേഷനുകളിൽ ഒരു സ്റ്റേഷനിൽപ്പോലും സ്റ്റോപ്പില്ലാത്ത അവസ്ഥയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യം ശക്തമായി, കേരളത്തിന്റെ വികാരമായി കേന്ദ്രഗവൺമെന്റിനോട് ഉന്നയിക്കാൻ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ അന്ത്യോദയ എന്ന ഒരു പുതിയ ട്രെയിൻ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. അതിനും അവിടെ സ്റ്റോപ്പില്ല. കോഴിക്കോട് വിമാനത്താവളത്തിൽ വലിയ വിമാനങ്ങൾ സർവ്വീസ് നടത്താതിരിക്കുമ്പോൾ എല്ലാവരും നെടുമ്പാശ്ശേരിയിൽ അല്ലെങ്കിൽ തിരുവനന്തപുരത്ത് പോകുകയാണ്. അതിനും ദീർഘദൂര ട്രെയിനുകളെ ആശ്രയിക്കേണ്ടിവരുന്നു. പക്ഷേ സ്റ്റോപ്പില്ലാത്ത ട്രെയിനുകളാണ്. അപ് ആന്റ് ഡൗൺ നോക്കിയാൽ 28 ട്രെയിനുകൾ നിർത്തുന്നില്ല, 14 ട്രെയിനുകൾ അങ്ങോട്ടുമിങ്ങോട്ടും പോകുന്നത് നിർത്തുന്നില്ല. ഇന്ത്യയിലെ ആദ്യത്തെ സുപ്രധാന റെയിൽവേ സ്റ്റേഷനാണിത്. ഇന്ത്യയിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള ഒരു ജില്ലയാണ്, ഏറ്റവും കൂടുതൽ വിദേശ മലയാളികൾ താമസിക്കുന്ന ജില്ലയാണ്. അതുകൊണ്ട് യാത്രക്കാരും ജനങ്ങളും ആശ്രയിക്കുന്ന സ്റ്റേഷൻ എന്ന നിലയ്ക്ക് ആസ്ഥാന സ്റ്റേഷനായ തിരൂരിൽ അടിയന്തരമായും സുപ്രധാന ട്രെയിനുകൾ നിർത്താനാവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്രസർക്കാരിനോടും റെയിൽവേയോടും സംസ്ഥാന സർക്കാർ സമ്മർദ്ദം ചെലുത്തണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, മലപ്പുറം ജില്ലയിലെ റെയിൽവേ സ്റ്റേഷനുകളിൽ യാത്രക്കാരുടെയും പാഴ്സലിന്റെയും എണ്ണത്തിലുള്ള വർദ്ധനവിന്റെയും വരുമാനത്തിന്റെയും കണക്കിൽ ജില്ലയിലെ പ്രധാന സ്റ്റേഷനാണ് തിരൂർ റെയിൽവേ സ്റ്റേഷൻ. ആദർശ് റെയിൽവേ സ്റ്റേഷനായി കേന്ദ്ര റെയിൽവേ പ്രഖ്യാപിച്ചിട്ടുള്ള ഈ സ്റ്റേഷനിൽ മിക്ക ദീർഘദൂര ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിച്ചിട്ടില്ല. ജില്ലയിൽ നിന്ന് അജ്മീർ, ഡൽഹി ജുമാ മസ്ജിദ് അടക്കമുള്ള തീർത്ഥാടന കേന്ദ്രങ്ങളിലേക്കും തിരിച്ച് ഉത്തരേന്ത്യയിൽനിന്ന് കോട്ടയ്ക്കൽ ആര്യവൈദ്യശാല, കോഴിക്കോട് സർവ്വകലാശാല, തുഞ്ചൻപറമ്പ്, തീർത്ഥാടന കേന്ദ്രങ്ങളായ ഗുരുവായൂർ, കാടാമ്പുഴ, ഹനുമാൻകാവ് തുടങ്ങിയ സ്ഥലങ്ങളിലേക്കും പോകുന്നവരും തിരിച്ചെത്തുന്നവരും വലിയ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. സംസ്കാര സമ്പന്നവും ചരിത്ര പ്രാധാന്യമുള്ളതും വിനോദസഞ്ചാര കേന്ദ്രവുമായ മലപ്പുറം ജില്ലയിൽ ദീർഘദൂര ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് മലപ്പുറം സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി കഴിഞ്ഞ വർഷം ഒരു നിവേദനം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അന്ന് റെയിൽവേയുടെ ചാർജ്ജുള്ള മന്ത്രി 11-01-2018-ൽ കേന്ദ്ര റെയിൽവേ മന്ത്രിക്കും റെയിൽവേ ബോർഡ് ചെയർമാനും കത്തയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. സി. മമ്മൂട്ടി നേരത്തേ ഇക്കാര്യം സഭയിൽ ഉന്നയിച്ചിട്ടുണ്ട്, വീണ്ടും ഉന്നയിച്ചു. എല്ലാവരുടെയും ആവശ്യമാണത്. ഇക്കാര്യത്തിൽ ശക്തമായ നിലപാട് തുടർന്നും സ്വീകരിക്കുന്നതാണ്. നമ്മുടെ എം.പി.മാരും അവിടെ പ്രക്ഷോഭം നടത്തുന്നുണ്ട്.

ഇന്ന് ഇവിടെ വന്ന നാല് സബ്മിഷനുകളും കേന്ദ്രഗവൺമെന്റിന്റെ ഏകപക്ഷീയമായ തീരുമാനത്തിനും അവഗണനയ്ക്കുമെതിരായിട്ടുള്ളതാണ്. അത് എല്ലാവർക്കും ബോദ്ധ്യമുള്ള കാര്യമാണ്. അക്കാര്യത്തിൽ ശക്തമായ നിലപാട് സ്വീകരിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി തുടർച്ചായി അതിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത് നമുക്ക് പ്രതീക്ഷ നൽകുന്ന കാര്യമാണ്.

## V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 47 (2 ) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 115, 129, 142, 153, 174, 186, 256, 1942; പത്താം സമ്മേളനത്തിലെ 125, 132, 1598, 3247, 4416, 4475, 5746, 5765 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1795; പത്താം സമ്മേളനത്തിലെ 4876, 6299 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 1220; പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 1400; പത്താം സമ്മേളനത്തിലെ 2233 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 221-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

5. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 1295-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

6. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 231, 4485 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 986; പതിനൊന്നാം സമ്മേളനത്തിലെ 1046 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവുംവകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4195-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

9. വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലെ 374-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും ആയത് യഥാസമയം നൽകാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

ചട്ടം 236 (6 ) പ്രകാരമുള്ളത്

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2010-11 | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്) |
| XIII—ജയിലുകൾ | 2011-12 | ആഭ്യന്തര വകുപ്പ് |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2012-13 | ആഭ്യന്തര വകുപ്പ് (ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ്) |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2014-15 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (ഐ.എം.ജി.) |
| XLVI—സാമൂഹ്യസുരക്ഷിതത്വ വും ക്ഷേമവും | 2015-16 | ആഭ്യന്തര വകുപ്പ്(ജയിൽ) |
| II—സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ | 2017-18 | ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്(സംസ്ഥാന ആസൂത്രണ ബോർഡ്) |
| XIV—സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും | 2017-18 | ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (ഔദ്യോഗിക ഭാഷ) വകുപ്പ് |
| XVI—പെൻഷനും പലവകയും | 2017-18 | രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി |
| XXI—ഭവന നിർമ്മാണം | 2017-18 | സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് വകുപ്പ് |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2017-18 | സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് വകുപ്പ് |
| XXIX—കൃഷി | 2017-18 | സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് വകുപ്പ് കേരളസംസ്ഥാന ഭൂവിനിയോഗ ബോർഡ്കേരള സംസ്ഥാന വിദൂര സംവേദന പരിസ്ഥിതി കേന്ദ്രം |
| XXXVII—വ്യവസായങ്ങൾ | 2017-18 | സാമ്പത്തിക സ്ഥിതിവിവര ക്കണക്ക് വകുപ്പ് |
| XLI—ഗതാഗതം | 2017-18 | ഗതാഗത വകുപ്പ് (കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്) |
| XLV—പലവകവായ്പകളും മുൻകൂറുകളും | 2017-18 | പൊതുഭരണ (സ്പെഷ്യൽ-സി) വകുപ്പ് |

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ) : സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| VI—ഭൂനികുതി<br>XI—ജില്ലാ ഭരണവും പലവകയും | 2013-14 | റവന്യൂ വകുപ്പ് (ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, സ്റ്റേറ്റ് ലാൻഡ് ബോർഡ്), സർവ്വേയും ഭൂരേഖയും വകുപ്പ് |
| VI—ഭൂനികുതി<br>XI—ജില്ലാ ഭരണവും പലവകയും | 2014-15 | റവന്യൂ വകുപ്പ് (ലാന്റ് റവന്യൂ കമ്മീഷണറേറ്റ്, സ്റ്റേറ്റ് ലാൻഡ് ബോർഡ്), സർവ്വേയും ഭൂരേഖയും വകുപ്പ് |
| XVI—പെൻഷനും പലവകയും | 2017-18 | റവന്യൂ വകുപ്പ് |

3. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX—കൃഷി (ചെറുകിട ജലസേചനം) | 2016-17 | ജലവിഭവ വകുപ്പ്<br>ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് |
| XXXVIII—ജലസേചനം | 2016-17 | ജലവിഭവ വകുപ്പ് |

4. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XL—തുറമുഖങ്ങൾ | 2016-17 | തുറമുഖ വകുപ്പ്,<br>ഹാർബർഎഞ്ചിനീയറിംഗ് വകുപ്പ്,<br>ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് |

5. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXIX—കൃഷി,<br>XXX—ഭക്ഷ്യം,<br>XXXIX—വൈദ്യുത പദ്ധതികൾ (പുതിയതും പുനഃസ്ഥാപിക്കാവുന്നതുമായ ഊർജ്ജം) | 2015-16 | കാർഷിക വികസന കർഷക ക്ഷേമവകുപ്പ് |

6. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തു വയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVIII—വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും | 2011-12 | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2011-12 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2013-14 | വ്യാവസായിക പരിശീലന വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2014-15 | കേരള അസംഘടിത തൊഴിലാളി (റിട്ടയേർഡ്) പെൻഷൻ പദ്ധതി, കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബാർബർ ബ്യൂട്ടീഷ്യൻ തൊഴിലാളി ക്ഷേമ പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമ പദ്ധതി, കേരള കള്ള് വ്യവസായ തൊഴിലാളി |

| | | |
|---|---|---|
| | | ക്ഷേമ നിധി ബോർഡ് |
| | | വ്യാവസായിക പരിശീലന വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2015-16 | വ്യാവസായിക പരിശീലന വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2016-17 | വ്യാവസായിക പരിശീലന വകുപ്പ് |
| XXIV—തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും | 2017-18 | കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഷോപ്പ് & കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ്, കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് |

7. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2014-15 | ലീഗൽ മെട്രോളജി വകുപ്പ് |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2015-16 | ലീഗൽ മെട്രോളജി വകുപ്പ് |
| XXVIII—പലവക സാമ്പത്തിക സർവ്വീസുകൾ | 2016-17 | ലീഗൽ മെട്രോളജി വകുപ്പ് |

8. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXVII—സഹകരണം | 2016-17 | സഹകരണ വകുപ്പ് |

9. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXVII—വ്യവസായങ്ങൾ | 2010-11 | വ്യവസായ വകുപ്പ് (കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം) |
| XXXVII—വ്യവസായങ്ങൾ | 2011-12 | വ്യവസായ വകുപ്പ് (കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം) |
| XXXVII—വ്യവസായങ്ങൾ | 2012-13 | വ്യവസായ വകുപ്പ് (കരകൗശല വികസന കോർപ്പറേഷൻ, കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കെൽപാം) |

| | | |
|---|---|---|
| XXXVII—വ്യവസായങ്ങൾ | 2016-17 | കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ് |
| | | കെൽട്രോൺ കോംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് കമ്പനി |
| | | കെ. എസ്. ഇ. ഡി. സി. ലിമിറ്റഡ് (കെൽട്രോൺ) കമ്പനി |
| | | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് |
| | | പബ്ലിക് സെക്ടർ റീസ്ട്രക്ച്ചറിംഗ് ആന്റ് ഇന്റേണൽ ഓഡിറ്റ് ബോർഡ് (റിയാബ്) |

10. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XXXIII—മത്സ്യബന്ധനം | 2016-17 | മത്സ്യബന്ധന വകുപ്പ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് |

11. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ധനാഭ്യർത്ഥന നമ്പർ | വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം | |
|---|---|---|
| | സാമ്പത്തിക വർഷം | വകുപ്പ്/സ്ഥാപനം |
| XVII—വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 2016-17 | ഉന്നതവിദ്യാഭ്യാസ വകുപ്പ് |

## VI റിപ്പോർട്ട് സമർപ്പണം

1. 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ അദ്ധ്യക്ഷനായ ഞാൻ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിനെ സംബന്ധിച്ച റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: സർ, 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബില്ലിന് ഭേദഗതി നൽകാനുള്ള സമയം 2018 ജൂൺ 22 വരെ എന്നുള്ളത് 2018 ജൂൺ 23 വരെ നൽകണമെന്ന് ആവശ്യപ്പെടുകയാണ്.

മി. സ്പീക്കർ: അത് പരിശോധിക്കാം.

2. സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

3. സബ്ജക്ട് കമ്മിറ്റി X-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

ശ്രീ. ബി. ഡി. ദേവസ്സി: സർ, വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി X-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമിതി അംഗമായ ഞാൻ ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

4. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ അദ്ധ്യക്ഷയായ ഞാൻ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII ക്രമപ്രശ്നം

### സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സ്വതന്ത്രാധികാരം കവർന്നെടുക്കൽ

ശ്രീ. വി. ഡി. സതീശൻ: സർ, ഗൗരവതരമായ ഒരു വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. സഭാദ്ധ്യക്ഷനായ സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും അധികാരങ്ങൾ കവർന്നെടുക്കാൻ ധനകാര്യ വകുപ്പ് നടത്തുന്ന ശ്രമങ്ങളാണ് ഈ ക്രമപ്രശ്നത്തിലൂടെ ഉന്നയിക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 187 അനുസരിച്ച് നിയമസഭാ സെക്രട്ടേറിയറ്റിന് സ്വതന്ത്രമായ അധികാരമുണ്ടെന്ന് നമുക്കറിയാം, ആർട്ടിക്കിൾ 187-ലെ (2), (3) സബ് ആർട്ടിക്കിളുകളിൽ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിനുള്ള സ്വതന്ത്രമായ അധികാരത്തെക്കുറിച്ച് വളരെ കൃത്യമായി പറയുന്നുണ്ട്. സമയക്കുറവുമൂലം ഞാൻ അതൊന്നും വായിക്കുന്നില്ല. അതേയവസരത്തിൽ ശക്ധർ ആന്റ് കൗൾ, അവരുടെ പുസ്തകത്തിൽ സംശയലേശമെന്യേ, "The speaker is the head of the Secretariat, which functions under his ultimate control and direction." എന്ന് വ്യക്തമാക്കുന്നുണ്ട്. ഒരു സംശയത്തിന്റെ സാഹചര്യവും നൽകാത്ത തരത്തിലാണ് ഈ വിഷയങ്ങൾ പോകുന്നത്. ഇതുസംബന്ധിച്ച് കേരളത്തിൽ ആദ്യമായി ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് രൂപീകരിച്ചത് 1950-ലാണ്. അന്നത്തെ ചീഫ് സെക്രട്ടറി ഇത് സർക്കാരിന്റെ കീഴിലുള്ള ഡിപ്പാർട്ടുമെന്റാക്കി മാറ്റണമെന്ന് നിർദ്ദേശം കൊടുത്തപ്പോൾ അന്നത്തെ സ്പീക്കർ ലോകസഭാ സെക്രട്ടറി ജനറലായിരുന്ന ശക്ധർ ആന്റ് കൗളിൽപ്പെട്ട എം. എൻ. കൗളിനോട് എന്താണ്

ചെയ്യേണ്ടതെന്നുള്ള നിയമോപദേശം തേടുകയുണ്ടായി. ആർട്ടിക്കിൾ 187 അനുസരിച്ച് പ്രത്യേകമായ അധികാരങ്ങളുള്ള, സ്വതന്ത്രമായ അധികാരങ്ങളുള്ള, independent control ഉള്ള ഒരു ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് രൂപീകരിക്കണമെന്നാണ് അന്ന് എം. എൻ. കൗൾ കൊടുത്ത ഉപദേശം. അതുപ്രകാരമാണ് അന്നത്തെ ട്രാവൻകൂർ-കൊച്ചിൻ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് റൂൾസ് ഉണ്ടാക്കിയത്. അത് പിന്നീട് 1979-ൽ കേരള ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് റൂൾസാക്കി മാറ്റി. ഇക്കാര്യങ്ങളെല്ലാം വളരെ വ്യക്തമായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഇതുപോലെതന്നെ ഒരു കേസ് നേരത്തെ ഈ സഭയിൽ ഉണ്ടാകുകയുണ്ടായി. 1996-ൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. ആര്യാടൻ മുഹമ്മദും ഇതുസംബന്ധിച്ച് വളരെ ഗൗരവതരമായ ക്രമപ്രശ്നം സഭയിൽ ഉന്നയിക്കുകയുണ്ടായി. അത് വളരെ വിശദമായി ഇവിടെ ചർച്ച ചെയ്യപ്പെട്ടു. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. ടി. ശിവദാസ മേനോൻ ധനകാര്യ വകുപ്പിറക്കിയ ഉത്തരവ് പിൻവലിക്കാമെന്ന് സമ്മതിക്കുക മാത്രമല്ല, സഭയോട് മാപ്പ് ചോദിക്കുകയും ചെയ്തു. അതാണ് ഇതിന്റെയൊരു പശ്ചാത്തലം. ഇതുമായി ബന്ധപ്പെട്ട് ഏത് രേഖകൾ പരിശോധിച്ചാലും അത് വളരെ വ്യക്തമായി നമുക്ക് മനസ്സിലാക്കാൻ കഴിയും. ലോകസഭാ സ്പീക്കറായിരുന്ന ഗണേഷ് വാസുദേവ് മാവലങ്കർ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്, "I do not think that there is any difference of opinion on the fundamental principles that speaker and his department must be absolutely independent." ഇത് വളരെ വ്യക്തമായ കാര്യമാണ്. കാര്യങ്ങൾ ഇങ്ങനെയായിരിക്കെയാണ് റൂൾസോ ഭരണഘടനയുടെ പ്രൊവിഷൻസോ ഒന്നും പരിശോധിക്കാതെ ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറിതലത്തിലുള്ള ഉദ്യോഗസ്ഥർ സ്പീക്കറെടുക്കുന്ന ഉത്തരവുകൾ റാറ്റിഫൈ ചെയ്യുന്നുവെന്ന് അറിയിക്കുന്നതും തിരുത്തലുകൾ വരുത്തുന്നതും ഫയലുകളിൽ ആവശ്യമില്ലാത്ത കുറിപ്പുകൾ വയ്ക്കുന്നതും. ധനകാര്യ വകുപ്പിലെ മൂന്നാമത്തെയും നാലാമത്തെയും ശ്രേണിയിൽപ്പെട്ട ഉദ്യോഗസ്ഥർ വരെ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന്റെ ഭരണഘടനാപരമായ അധികാരത്തിലും സ്പീക്കറുടെ സ്വതന്ത്ര അധികാരത്തിലും ഇടപെടുന്നതായാണ് കാണുന്നത്. നിരവധി ഇടപാടുകളാണ് ഇതുസംബന്ധിച്ച് നടന്നിരിക്കുന്നത്. സ്വതന്ത്രമായ ഒരു തീരുമാനമെടുക്കാൻ കഴിയാത്ത തരത്തിൽ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന്റെ എല്ലാ തീരുമാനങ്ങളിലും ധനകാര്യ വകുപ്പ് ഇടപെടുന്ന സ്ഥിതിയാണുണ്ടായിരിക്കുന്നത്. നിയമസഭാ സെക്രട്ടേറിയറ്റ് separate constitutional body ആയതുകൊണ്ടും independent അധികാരമുള്ളതുകൊണ്ടുമാണ് KAS (Kerala Administrative Service)-ന്റെ

സ്പെഷ്യൽ റൂൾസിൽനിന്നുപോലും ഒഴിവാക്കിയത്. ഇങ്ങനെയുള്ള എല്ലാ കാര്യങ്ങളും വ്യക്തമായിരിക്കെ, ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിലെ സ്വതന്ത്ര അധികാരമുള്ള സ്പീക്കറുടെ തീരുമാനം, അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ശക്ധർ ആന്റ് കൗൾ-ൽ പറയുന്നതുപോലെ അൾട്ടിമേറ്റ് കൺട്രോളാണ്. അൾട്ടിമേറ്റ് കൺട്രോളുള്ള ഒരു കാര്യത്തിൽ അദ്ദേഹമെടുക്കുന്ന തീരുമാനത്തെ ചോദ്യം ചെയ്യാൻ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് എന്ത് അധികാരമാണുള്ളത്? അത് ഭരണഘടനയ്ക്കും നിലവിലുള്ള ചട്ടങ്ങൾക്കുമെല്ലാം വിരുദ്ധമാണ്. അങ്ങനെ ധനകാര്യ വകുപ്പ് എടുക്കുന്ന തീരുമാനങ്ങൾ അടിയന്തരമായി പിൻവലിക്കുകയും മേലിൽ ഇത് ഉണ്ടാകില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ സഭയ്ക്ക് ഉറപ്പുനൽകുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണിത്. ധനകാര്യ വകുപ്പിന് സ്പീക്കറുടെ തീരുാനങ്ങളിൽ ഇടപെടാനുള്ള അധികാരമുണ്ടോ? അധികാരമുണ്ടെങ്കിൽ അങ്ങ് പറഞ്ഞാൽ മതി. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. സെക്രട്ടേറിയറ്റിൽനിന്നും വന്ന ചില ഉദ്യോഗസ്ഥർ സ്വതന്ത്രമായും അല്ലാതെയും പറഞ്ഞത്, അവർക്കൊരു റൂൾസുണ്ടെന്നും ആ rules of business-ലെ ചട്ടം 10-ഉം 38-ഉം അനുസരിച്ച് അവർക്ക് ഇതിനുള്ള അധികാരങ്ങളുണ്ടെന്നുമാണ്. ആ റൂൾസിലെ ചട്ടം 10 ആണ് അതിനുവേണ്ടി അവർ പറയുന്നത്. ചട്ടം 10 വളരെ ക്ലിയറാണ്. തുടങ്ങുന്നതുതന്നെ, "No department shall without previous consultation with the Finance department authorise any orders." ഒന്നും ചെയ്യരുതെന്നാണ്. No department, ഈ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് എങ്ങനെയാണ് സംസ്ഥാന സർക്കാരിനുകീഴിലുള്ള ഒരു ഡിപ്പാർട്ടുമെന്റായി മാറുന്നത്? സർക്കാർ ഉദ്യോഗസ്ഥർ 10-ാമത്തെ ചട്ടം ഉദ്ധരിച്ച് ഞങ്ങൾക്ക് അധികാരമുണ്ടെന്ന് പറയുകയാണ്. സർക്കാരിന്റെ ഒരു ഡിപ്പാർട്ടുമെന്റായി ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിനെ തരംതാഴ്ത്താൻ പറ്റില്ല. ഇത് സർക്കാരിന്റെ ഡിപ്പാർട്ടുമെന്റല്ല. "It is an independent body controlled by the Speaker." അൾട്ടിമേറ്റ് കൺട്രോൾ സ്പീക്കർക്കാണ്. ആ അധികാരത്തിൽ ഇടപെടരുത്, അതിൽനിന്ന് പിൻവാങ്ങണമെന്നാണ് എന്റെ അഭ്യർത്ഥന.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെയുള്ള ആശയക്കുഴപ്പങ്ങളോ തർക്കങ്ങളോ ഒന്നും നിലവിലില്ല. ഭരണഘടനയുടെ അനുച്ഛേദം 187 (3) പ്രകാരം ബഹുമാനപ്പെട്ട ഗവർണർ ബഹുമാനപ്പെട്ട സ്പീക്കറുമായി കൂടിയാലോചിച്ച് രൂപീകരിച്ച 1973-ലെ നിയമസഭാ സെക്രട്ടേറിയറ്റ് റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ് റൂൾസാണ് നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റ് സേവന വ്യവസ്ഥകൾ റെഗുലേറ്റ്

ചെയ്യുന്നത്. സെക്രട്ടറി, ഡെപ്യൂട്ടി സെക്രട്ടറിക്ക് മുകളിലുള്ള ഗസറ്റഡ് ഉദ്യോഗസ്ഥർ എന്നിവരുടെ നിയമനം പ്രൊമോഷൻ വഴിയോ ഡെപ്യൂട്ടേഷൻ വഴിയോ നേരിട്ടുള്ള നിയമനം വഴിയോ പി.എസ്.സി.-യുമായി കൺസൾട്ട് ചെയ്തും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ചും ബഹുമാനപ്പെട്ട സ്പീക്കറാണ് നടത്തേണ്ടത്. ആ ചട്ടപ്രകാരം നിയമസഭാ സെക്രട്ടേറിയറ്റിലെ വേതനം സംബന്ധിച്ച് പ്രസ്തുത ചട്ടങ്ങളിലെ വകുപ്പ് 5-ലാണ് പ്രതിപാദിക്കുന്നത്. നിയമസഭാ സെക്രട്ടേറിയറ്റിൽ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിന് തത്തുല്യമായ തസ്തികകൾക്ക് സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ പോസ്റ്റുകൾക്ക് ബാധകമായ ശമ്പളവും അലവൻസുകളുമായിരിക്കും ലഭ്യമാകുക. നിയമസഭാ സെക്രട്ടേറിയറ്റിലെ ഉദ്യോഗസ്ഥർക്ക് തുല്യരായ ഉദ്യോഗസ്ഥർ അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ ഇല്ലാത്തപക്ഷം അവരുടെ ശമ്പളവും അലവൻസുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് ബഹുമാനപ്പെട്ട സ്പീക്കറാണ് നിർണ്ണയിക്കുന്നത്. ഇത്തരത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് നിർണ്ണയിക്കുന്ന തീരുമാനങ്ങൾ ധനവകുപ്പിന് പൂർണ്ണമായും സ്വീകാര്യമായിരിക്കും. അതിന് വിരുദ്ധമായുള്ള ഒരു നടപടിയും ഉണ്ടാകുകയില്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> ബഹുമാനപ്പെട്ട സ്പീക്കർ എടുത്ത ഏതെങ്കിലും തീരുമാനത്തിൽ ധനകാര്യ വകുപ്പ് ഇടപെട്ടിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി കൂടിയാലോചിച്ച് എന്നൊരു ക്ലോസ് പ്രത്യേകം പറയുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും ബാധകമായിട്ടുള്ള rules of business പ്രകാരമാണ്. ഇതുസംബന്ധിച്ച ആശയക്കുഴപ്പങ്ങൾ ഉണ്ടായിരുന്നു. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിലപാട് സ്വീകരിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് ഞാനിവിടെ മറുപടി പറഞ്ഞത്.

<u>ശ്രീ. വി. ഡി. സതീശൻ:</u> ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടിയിൽ ക്ലാരിറ്റിയില്ല. ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിന്റെയും ബഹുമാനപ്പെട്ട സ്പീക്കറുടെയും സ്വതന്ത്ര അധികാരത്തെ, അവരുടെ സൂപ്പർവിഷനും കൺട്രോളും റിക്രൂട്ട്മെന്റ് റൂൾസിന്റെയുമെല്ലാം കാര്യത്തിൽ 'in consultation with Chief Minister' എന്നാണ് പറയുന്നത്. എല്ലാ കാര്യങ്ങളും അങ്ങനെയാണ് ചെയ്തിരിക്കുന്നത്. അല്ലാത്ത കാര്യങ്ങളിലും ഇടപെടൽ നടത്തിയിട്ടുണ്ട്. താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർ ഇടപെടുകയും സ്പീക്കർ പുറപ്പെടുവിച്ച ഉത്തരവിനെ ചോദ്യം ചെയ്യുകയും വെട്ടിത്തിരുത്തി ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റിലേയ്ക്ക് തിരിച്ചയയ്ക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ ഇതുവരെയുള്ള എല്ലാ കാര്യങ്ങളും പിൻവലിക്കുമെന്ന് അങ്ങ് ഈ സഭയ്ക്ക് ഉറപ്പുകൊടുക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: മറുപടി ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനി ഏതെങ്കിലും ഫയൽ സംബന്ധിച്ചാണ് പറയുന്നതെങ്കിൽ ആ ഫയൽ പഠിച്ച് മറുപടി നൽകാം. പക്ഷെ, എങ്ങനെയാണ് നിയമസഭ അംഗീകരിച്ചിട്ടുള്ള നോട്ടിഫിക്കേഷൻ പ്രകാരം നടക്കുന്നതെന്ന് പറഞ്ഞിട്ടുണ്ട്. ഒരു ആശയക്കുഴപ്പവും വേണ്ട. അതുപ്രകാരമായിരിക്കും ഫിനാൻസ് ഡിപ്പാർട്ടുമെന്റ് പ്രവർത്തിക്കുക.

മി. സ്പീക്കർ: ചട്ടം 303 പ്രകാരം ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത് വളരെ ഗൗരവതരമായ ഒരു കാര്യമാണ്. ഇക്കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള അവ്യക്തതകൾ ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള മുൻകൈ ചെയറിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കും. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഗവൺമെന്റിന്റെ വാദമുഖം ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് off and on ആയി ഒരു റൂളിംഗ് ഇപ്പോൾ നൽകുന്നില്ല. കാര്യങ്ങൾ വിശദമായി പരിശോധിച്ച് വ്യക്തമായ റൂളിംഗ് പിന്നീട് നൽകുന്നതാണ്.

## VIII നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

### (i) 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

### ക്രമപ്രശ്നം

### ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. കെ. എം. മാണി: സർ, ഒരാൾക്ക് പഞ്ചായത്ത് അംഗമായി തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് നോമിനേഷൻ പേപ്പറിനോടൊപ്പംതന്നെ അയാളുടെ സ്വത്ത് വിവരങ്ങൾ വരണാധികാരിക്ക് മുമ്പാകെ സമർപ്പിക്കണമെന്ന് നിയമമുണ്ട്. അതുപോലെ 159-ാം വകുപ്പ് അനുസരിച്ച് ഒരംഗം തന്റെ സ്ഥാനം

ഏറ്റെടുത്ത തീയതി മുതൽ 15 ദിവസത്തിനകം അയാളുടെ സ്വത്ത് വിവരങ്ങൾ കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കണമെന്നും നിയമമുണ്ട്. പ്രസ്തുത വകുപ്പിലെ നാലാം ഉപവകുപ്പനുസരിച്ച് ഒന്നാം ഉപവകുപ്പിലും രണ്ടാം ഉപവകുപ്പിലും പറഞ്ഞിട്ടുള്ള തീയതികളിൽ ഒരു പഞ്ചായത്തംഗം അപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് കോംപീറ്റന്റ് അതോറിറ്റിക്ക് സമർപ്പിച്ചിട്ടില്ലാത്തപക്ഷം 35-ാം വകുപ്പുപ്രകാരം പഞ്ചായത്ത് അംഗമായി തുടരുന്നതിന് അർഹതയില്ലെന്ന് വ്യവസ്ഥ ചെയ്യുന്നു. 35 (Q) അനുസരിച്ച് മേൽപ്പറഞ്ഞ പ്രകാരം നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്റെ ആസ്തിയെ സംബന്ധിച്ച് പ്രസ്താവം നൽകുന്നതിൽ പരാജയപ്പെട്ടാൽ ആ ആൾ പഞ്ചായത്തംഗമായി തുടരാൻ പാടില്ലെന്നും വ്യവസ്ഥ ചെയ്യുന്നു. 'നിലവിലെ അംഗങ്ങൾ' അതാണ് ഏറ്റവും കാര്യമായ ഒബ്ജക്ഷൻ. നിലവിലെ അംഗങ്ങൾ 13.02.2017-ന് മുമ്പ് സ്റ്റേറ്റ്മെന്റ് നൽകേണ്ടതായിരുന്നു. 13-2-2017-നുശേഷം ഇവരെല്ലാം 35-ാം വകുപ്പനുസരിച്ച് അയോഗ്യരായി കഴിഞ്ഞു. 159-ാം വകുപ്പിൽ സമയം ദീർഘിപ്പിച്ചുകൊണ്ട് ഓർഡിനൻസ് ഇറക്കിയത് 26-4-2018-ൽ ആണ്. അയോഗ്യരായ ഇവർ 13-2-2017 മുതൽ 26-4-.2018 വരെ പഞ്ചായത്തംഗമായി തുടരുന്നത് സാധൂകരിച്ച് ഒരു വ്യവസ്ഥയും ഓർഡിനൻസിലോ ബില്ലിലോ ഇല്ല. അതുകൊണ്ടുതന്നെ ഈ ബിൽകൊണ്ട് നാളിതുവരെ സ്റ്റേറ്റ്മെന്റ് നൽകാത്തവർക്ക് യാതൊരു പ്രയോജനവും ലഭിക്കുകയില്ല. പൊതുപ്രവർത്തകനായ ഒരാൾക്ക് അയാൾ ചെയ്യേണ്ട കർത്തവ്യത്തിന് ഇത്രയും കാലാവധി നീട്ടിക്കൊടുക്കുന്നത് അനുചിതമാണ്. 60 മാസം കാലാവധിയുള്ള ഒരംഗത്തിന് സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യാൻ 30 മാസം കൊടുക്കുന്ന ഒരു വ്യവസ്ഥ മറ്റേതെങ്കിലും സംസ്ഥാനത്തുണ്ടോ? ഇത് ലജ്ജാകരമാണ്. ഈ ഭേദഗതികൊണ്ട് സർക്കാർ ഉദ്ദേശിക്കുന്ന യാതൊരു ഫലവും ലഭിക്കുകയില്ല. അതുകൊണ്ട് ഈ ബിൽ പിൻവലിക്കാൻ സർക്കാർ തയ്യാറാകണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഒരു ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചശേഷം ആ ബില്ലിനെ സംബന്ധിച്ച് തടസ്സവാദം ഉന്നയിക്കുന്നത് ക്രമപ്രകാരമല്ല. അതിനാൽ 303 പ്രകാരം പോയിന്റ് ഓഫ് ഓർഡർ നിലനിൽക്കുന്നതല്ല. ബിൽ അവതരിപ്പിക്കുന്ന സമയത്താണ് 303 ബാധകമാകുന്നത്, അല്ലാതെ ഏതെങ്കിലുമൊരു പ്രത്യേക ഘട്ടത്തിലല്ല. ബിൽ അവതരിപ്പിക്കുന്ന വേളയിൽ റൂൾ 71 പ്രകാരമാണ് തടസ്സവാദമുന്നയിക്കേണ്ടത്. എന്നാൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചശേഷം സഭയിൽ ബിൽ പരിഗണനയ്ക്കെടുക്കുമ്പോൾ ഇപ്രകാരം തടസ്സവാദമുന്നയിക്കുന്നത് ക്രമപ്രകാരമല്ല. അതുകൊണ്ട് ഇതിൽ ഒരു ക്രമപ്രശ്നവും നിലനിൽക്കില്ല.

ശ്രീ. കെ. എം. മാണി: ഇത് ശരിയായ നടപടിക്രമമല്ല, ആവശ്യമില്ലാത്തതും അസ്ഥാനത്തുള്ളതുമായ ഒരു നടപടിക്രമമാണ്.

ശ്രീ. എ. കെ. ബാലൻ: ഞാൻ പറഞ്ഞുതീർക്കട്ടെ. ബഹുമാനപ്പെട്ട അംഗം വളരെ സീനിയറായ ഒരാളാണ്. നിലവിലെ പഞ്ചായത്ത് രാജ് ആക്ട് 159-ാം വകുപ്പുപ്രകാരം പഞ്ചായത്ത് അംഗത്തിന്റെയും അയാളുടെ കുടുംബത്തിലെ മറ്റ് അംഗങ്ങളുടെയും ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റ് അതിന്റെ കോംപീറ്റന്റ് അതോറിറ്റിക്ക് മുമ്പാകെ 15 ദിവസമെന്നത് 15 മാസത്തിനകം സമർപ്പിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 12-11-2015-നാണ് നിലവിലുള്ള പഞ്ചായത്തുകൾ നിലവിൽ വരുന്നത്. അതുപ്രകാരം 12-3-2017-നകം പ്രസ്തുത സ്റ്റേറ്റ്മെന്റ് ബോധിപ്പിക്കേണ്ടതായിരുന്നു. ഇത് 30 മാസത്തേയ്ക്ക് ദീർഘിപ്പിക്കുന്നതാണ് നിർദ്ദിഷ്ട ഭേദഗതി. എന്നാൽ ഇതിന് നിയമ സാധുതയില്ലെന്ന് പറയുന്ന തടസ്സവാദം നിലനിൽക്കുന്നതല്ല. ബില്ലിന്റെ പ്രാരംഭത്തിൽത്തന്നെ ബില്ലിന് 12-11-2015 മുതൽ പ്രാബല്യം നൽകി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം മുൻകാല പ്രാബല്യം ബില്ലിന് നൽകിയിട്ടുണ്ടെന്നത് ബഹുമാനപ്പെട്ട സീനിയർ അംഗത്തെ അറിയിക്കാൻ ഈ അവസരം ഞാൻ ഉപയോഗിക്കുകയാണ്. പതിനഞ്ച് മാസം കഴിഞ്ഞാൽ സ്വാഭാവികമായി അംഗത്തിന് അയോഗ്യത വന്നുചേരുമെന്നതാണ് തടസ്സവാദത്തിൽ ഉന്നയിച്ചിട്ടുള്ളത്. എന്നാൽ സ്വാഭാവികമായി അംഗത്വം നഷ്ടപ്പെടുന്നില്ല. തെരഞ്ഞെടുപ്പ് കമ്മീഷന്റെ നടപടികൾക്ക് മാത്രമാണ് അത്തരത്തിൽ യോഗ്യത കൽപ്പിക്കുന്നത്. ആയതിനാൽ ഒരുതരത്തിലും തടസ്സവാദം നിലനിൽക്കുന്നതല്ല.

ശ്രീ. കെ. എം. മാണി: സർ, റൂൾ 303 (2)-ൽ പറയുന്നത് തത്സമയം സഭയുടെ മുമ്പാകെയുള്ള കാര്യനിർവ്വഹണം സംബന്ധിച്ച് ഒരു ക്രമപ്രശ്നം ഉന്നയിക്കാവുന്നതാണ് എന്നാണ്. ഇവിടെ ഉന്നയിക്കാൻ പാടില്ല, മറ്റൊരു സന്ദർഭത്തിലേ ഉന്നയിക്കാൻ പാടുള്ളൂ എന്നൊന്നും പറഞ്ഞിട്ട് കാര്യമില്ല.

ശ്രീ. എ. കെ. ബാലൻ: സബ്ജക്ട് കമ്മിറ്റിയുടെ അംഗീകാരം കിട്ടിയതിനുശേഷം അന്തിമഘട്ടത്തിൽ പരിഗണനയ്ക്ക് വരുമ്പോഴല്ല തടസ്സവാദം ഉന്നയിക്കേണ്ടത്. ആരംഭഘട്ടത്തിൽ താങ്കൾക്ക് അത് ഉന്നയിക്കാമായിരുന്നു. കൺസിഡറേഷൻ ആന്റ് പാസ്സിംഗ് സ്റ്റേജിലല്ല ഇത് കൊണ്ടുവരേണ്ടത്.

## റൂളിംഗ്

മി. സ്പീക്കർ: ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ ഉന്നയിച്ച തടസ്സവാദം യഥാർത്ഥത്തിൽ ബില്ലിന്റെ അവതരണവേളയിലായിരുന്നു ഉന്നയിക്കേണ്ടി

യിരുന്നത് എന്നത് വസ്തുതയാണ്. ഇപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ പരിശോധന പൂർത്തീകരിച്ച് വന്ന ബില്ലിന്മേൽ സാധാരണഗതിയിൽ തടസ്സവാദമുന്നയിക്കുന്നത് ശരിയല്ല എന്ന മന്ത്രിയുടെ വാദം ശരിയാണ്. ഇവിടെ ഉന്നയിക്കപ്പെട്ട തടസ്സവാദങ്ങൾ ഒന്നുംതന്നെ നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി വിശദീകരിക്കുകയുണ്ടായി. മാത്രമല്ല, ബില്ലിന് മുൻകാല പ്രാബല്യം കമൻസ്മെന്റ് ക്ലോസ്സിൽ ചേർത്തിരിക്കുന്ന സാഹചര്യത്തിൽ നിയമതടസ്സമൊന്നും കാണുന്നില്ല. ഈ സാഹചര്യത്തിൽ തടസ്സവാദം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

<u>ശ്രീ. വി. ഡി. സതീശൻ</u>: ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. ഇവിടെ തടസ്സവാദങ്ങൾ ഉന്നയിച്ച ധാരാളം precedents ഉണ്ട്. പൊതുവായി അത് ശരിയല്ലെന്ന് പറയാം. പക്ഷെ സഭയിൽ ഉന്നയിച്ച ധാരാളം കീഴ്വഴക്കങ്ങളുണ്ട്. അതുമാത്രമല്ല, ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരുന്നപ്പോൾ അദ്ദേഹം ഇക്കാര്യത്തിൽ ഏത് സമയത്തുവേണമെങ്കിലും ഒരു ക്രമപ്രശ്നം ഉന്നയിക്കാനുള്ള അവകാശം ഒരു മെമ്പർക്കുണ്ട് എന്ന് റൂളിംഗ് കൊടുത്തിട്ടുണ്ട്. പൊതുവായി അത് ശരിയല്ല. എന്തുകൊണ്ടാണ് എടുക്കാൻ കഴിയാത്തതെന്ന ഇന്നത്തെ സാഹചര്യം അറിയാം.

<u>മി. സ്പീക്കർ</u>: ഉന്നയിക്കാനുള്ള അവകാശത്തെ ചോദ്യം ചെയ്തിട്ടില്ല. അതുകൊണ്ടാണ് അനുവദിച്ചത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അതുകൊണ്ട് അങ്ങനെയുള്ള റൂളിംഗായി മാറരുത്, ഭാവിയിൽ അത് ചെയ്യാൻ കഴിയാത്ത ചില സാഹചര്യങ്ങളിൽ ചെയ്യേണ്ടിവരും.

<u>മി. സ്പീക്കർ</u>: അവകാശത്തെ ചോദ്യം ചെയ്തിട്ടില്ല. മന്ത്രി സംസാരിക്കുന്നുണ്ടോ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ഞാൻ സംസാരിക്കുന്നില്ല.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. എനിക്ക് പറയാനുള്ളത് കഴിഞ്ഞ ദിവസം സംസാരിച്ചതിൽനിന്നും കുറച്ച് വ്യത്യസ്തമായ കാര്യങ്ങളാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 159-ാം വകുപ്പ് ഒന്നാം ഉപവകുപ്പിൽ ഒരു പഞ്ചായത്തംഗം തന്റെ സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ പതിനഞ്ച് മാസത്തിനകം നിശ്ചിത ഫോറത്തിൽ അയാളുടെയും അയാളുടെ കുടുംബത്തിലെ മറ്റംഗങ്ങളുടെയും ആസ്തി ബാധ്യതാ വിവരങ്ങൾ ഒരു കോംപിറ്റന്റ് അതോറിറ്റിക്ക് സമർപ്പിക്കേണ്ടതാണ് എന്നാണ് പറഞ്ഞിട്ടുള്ളത്. 2007-ലെ

അന്നത്തെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. പാലൊളി മുഹമ്മദ് കുട്ടി ഒരു എക്സ്റ്റൻഷൻ കൊണ്ടുവന്ന് മൂന്ന് മാസമാക്കി ഉയർത്തി ആ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ഏകദേശം 1500-ഓളം വരുന്ന തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്ക് അയോഗ്യതയുണ്ടാകുമെന്നും അതുകൊണ്ട് ന്യായീകരിക്കത്തക്കതല്ലെങ്കിലും അത് ഒഴിവാക്കുന്നതിനുവേണ്ടി മൂന്ന് മാസത്തേയ്ക്ക് സാവകാശം നൽകാമെന്നുമാണ്. ആ സാവകാശമാണ് ഈ പത്ത് കൊല്ലം കഴിഞ്ഞപ്പോൾ പത്തിരട്ടി വർദ്ധിപ്പിച്ച് മുപ്പത് മാസമാക്കി മാറ്റുന്നത്. മൂന്ന് മാസം എന്നതാണ് പത്ത് വർഷംകൊണ്ട് മുപ്പത് മാസമാക്കി ഉയർത്തിയിരിക്കുന്നത്. ഓരോ അംഗവും പരമാവധി എത്ര മാസംവരെ കാലതാമസം വരുത്തിയിട്ടുണ്ടെന്ന് മനസ്സിലാക്കി അതിൽ ഏറ്റവും കൂടുതൽ കാലതാമസം വരുത്തിയിട്ടുള്ള അംഗത്തെ അയോഗ്യതയിൽനിന്നും രക്ഷിക്കുന്നതിന് എത്ര മാസത്തേയ്ക്ക് നിയമം ഭേദഗതി ചെയ്യാമെന്നതിന്റെ അടിസ്ഥാനത്തിലാണ് ഈ കാലയളവ് ഇങ്ങനെ വർദ്ധിച്ചുവർദ്ധിച്ച് പോകുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഈ നിയമത്തിൽ രണ്ട് വശമുണ്ട്. ഇതൊരു abuse of law ആണ്. കാരണം ഒരു കുറ്റം ചെയ്തുകഴിഞ്ഞു; കുറ്റം ചെയ്തശേഷം അതിനെ സാധൂകരിക്കുന്നതിനും വെള്ളപൂശുന്നതിനുംവേണ്ടി വേറൊരു നിയമം കൊണ്ടുവരികയാണ്. അതാണ് abuse of law. ഇതുപോലൊരു abuse of law-യ്ക്ക് ലെജിസ്ലേച്ചർ കൂട്ടുനിൽക്കാമോ എന്നാണ് എനിക്ക് അങ്ങയോട് ചോദിക്കാനുള്ളത്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അത് കറക്ടാണ്. ഇവിടെ കഴിഞ്ഞ ദിവസം ചർച്ചചെയ്തതുപോലെ ഒന്നുകിൽ നോമിനേഷൻ സമയത്ത് മാത്രം സമർപ്പിക്കുന്ന തരത്തിൽ അത് നിലനിർത്തുക. അല്ലെങ്കിൽ, ഇപ്പോഴത്തെ അംഗങ്ങളുടെ പ്രശ്നമാണെങ്കിൽ അവർക്കുമാത്രം ഈ കാലയളവ് ഉയർത്തിക്കൊടുത്താൽ മതി. ഇത് സ്ഥിരമായി 30 മാസമെന്ന് വയ്ക്കുമ്പോൾ നമുക്കത് ആലോചിക്കാൻപോലും കഴിയുന്നില്ല. എം.എൽ.എ.-മാർക്കും എം.പി.-മാർക്കുമൊക്കെ ഇതുപോലുള്ള നിയമമുണ്ട്. അത് നിർബന്ധമായും കൊടുക്കണമെന്നാണ്. എം.എൽ.എ.-മാരും എം.പി.-മാരുമൊക്കെ കണക്ക് കൊടുത്തിട്ടില്ലെങ്കിൽ അയോഗ്യരാകുമെന്ന് വകുപ്പിൽത്തന്നെ എഴുതിവച്ചിട്ടുണ്ട്. ലോകായുക്ത പറഞ്ഞിട്ടുള്ളത് "If no such statement is received by a competent authority from any such public servant within the time specified in sub section (i) that competent authority shall make a report to Lokayukta or Upa Lokayukta as the case may be and

sent a copy of the report to the public servant concerned. If within two months of such report, the public servant concerned does not submit such statement, the Lokayukta or the Upa Lokayukta as the case may be shall publish or caused to be published in the name of such public servant in three news papers having wide circulation in the State " . നമ്മൾ അഥവാ കൊടുത്തിട്ടില്ലെങ്കിൽ ന്യൂസ് പേപ്പറിൽ പരസ്യം ചെയ്യുക. അതുമാത്രമാണ്. എന്തിനാണ് ഈ ഡിസ്ക്രിമിനേഷൻ; പഞ്ചായത്ത് മെമ്പർമാർക്ക് എന്ത് ചെയ്യാൻ സാധിക്കും? അവരെ അയോഗ്യരാക്കുകയാണ്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, എം.എൽ.എ.-മാരും എം.പി.-മാരും തെരഞ്ഞെടുപ്പിന് സ്വത്തുവിവരം സംബന്ധിച്ച കണക്ക് കൊടുക്കുന്ന കാര്യമല്ലേ പറഞ്ഞത്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതെ. നിയമത്തിന്റെ 109-ാം വകുപ്പിലെ രണ്ടാം ഉപവകുപ്പിൽ പറയുന്നത്...., ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം, "ഇപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിച്ചതിനുശേഷവും ഏതെങ്കിലും സ്വത്ത് ആർജ്ജിക്കുകയോ കയ്യൊഴിയുകയോ ബാധ്യതപ്പെടുത്തുകയോ ചെയ്താൽ അപ്രകാരമുള്ള തീയതി മുതൽ മൂന്ന് മാസത്തിനകം അതുസംബന്ധിച്ച സ്റ്റേറ്റ്മെന്റ് സമർപ്പിക്കണം" എന്നാണ്. ഒരു പഞ്ചായത്ത് അംഗം ബാങ്കിൽ പണയം വയ്ക്കുകയോ സ്ഥലം വിൽക്കുകയോ വാങ്ങുകയോ ചെയ്തിട്ടുണ്ടെങ്കിലോ അതൊക്കെ പറയണം. അല്ലെങ്കിൽ അയോഗ്യരാക്കുമെന്നാണ്. എവിടെയാണ് ഇത് നടക്കുന്നത്; എന്താണ് ഇതിന്റെയൊക്കെ അർത്ഥം? അത് പഴയകാലത്ത് ഉണ്ടായതാണ്, അത് മാറ്റണം.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. മഞ്ഞളാംകുഴി അലി സാഹിബ് പറയുന്നതിനോട് യോജിച്ചുകൊണ്ട് ചോദിക്കുകയാണ്, എന്താണ് ഇതിലുള്ളത്? 15 മാസം എന്നുപറഞ്ഞതുതന്നെ കൂടുതലാണ്. പിന്നെ അത് 30 മാസമാക്കിയത് എന്തിനാണ്? അപ്പോൾ ഇതിനകത്ത് എന്തോ രാഷ്ട്രീയമുണ്ട്. അത് എന്താണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ആ രാഷ്ട്രീയമെന്താണെന്ന് മനസ്സിലായിട്ടുണ്ടെങ്കിൽ അലി സാഹിബ് അത് സഭയിൽ പറയൂ. ഞങ്ങളും അത് കേൾക്കട്ടെ.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതിലെ രാഷ്ട്രീയം എന്നുപറഞ്ഞാൽ, ഇത് കൊടുക്കാത്ത ആളുകൾ രണ്ട് വിഭാഗത്തിലുമുണ്ട്, അവരെ സംരക്ഷിക്കുക എന്നുള്ളതാണ്. അത് ശരിയല്ല. അവരുടെ ഉത്തരവാദിത്വം അവർ കൃത്യമായി മനസ്സിലാക്കണം. അവരൊക്കെ ജനപ്രതിനിധികളാണ്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇതിൽ അങ്ങയുടെ ശ്രദ്ധയിൽപ്പെടേണ്ട, ഈ ചർച്ചയിൽ വരേണ്ട ഒരു കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടനെ എല്ലാ അംഗങ്ങളും ലോകായുക്തയ്ക്ക് അവരവരുടെ സ്വത്തുവിവരം വെളിപ്പെടുത്തിക്കൊണ്ടുള്ള സ്റ്റേറ്റ്മെന്റ് കൊടുക്കണം. ആ സ്റ്റേറ്റ്മെന്റാണിത് എന്നുള്ള ധാരണയിലാണ് ആളുകൾ കൊടുക്കാത്തത്. അതല്ല ഇതിൽ പറയുന്നത്. പഞ്ചായത്ത്രാജ് ആക്ടിൽ പറയുന്ന പ്രകാരമുള്ള സ്റ്റേറ്റ്മെന്റ് എന്നുപറഞ്ഞാൽ പഞ്ചായത്തുമായി ബന്ധപ്പെട്ട അതോറിറ്റിക്കാണ് കൊടുക്കേണ്ടത്. അതായത്, ജില്ലാ പഞ്ചായത്താണെങ്കിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്കും ഗ്രാമപഞ്ചായത്താണെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുമാണ് കൊടുക്കേണ്ടത്. പക്ഷേ ആ സെക്രട്ടറി മുഖാന്തിരം തന്നെയാണ് ലോകായുക്തയ്ക്കുള്ള കടലാസും മെമ്പർമാർ കൊടുക്കുന്നത്. അപ്പോൾ ലോകായുക്തയ്ക്കുള്ളത് സമർപ്പിച്ചുകഴിഞ്ഞാൽ മെമ്പർ കരുതുന്നത്, ഞാൻ കൊടുക്കേണ്ട സ്റ്റേറ്റ്മെന്റ് കൊടുത്തു എന്നാണ്. ഇതുരണ്ടും വേർതിരിച്ചു പറയാത്തതുകൊണ്ടാണ് മഹാഭൂരിഭാഗം അംഗങ്ങളും ഇങ്ങനെ കൊടുക്കാതെ വരുന്നത്. നോമിനേഷനൊപ്പം സ്റ്റേറ്റ്മെന്റ് കൊടുക്കുന്നുണ്ട്. ഓരോ പൊതുപ്രവർത്തകനും രണ്ട് കൊല്ലം കൂടുമ്പോൾ വേറെ സ്റ്റേറ്റ്മെന്റ് കൊടുക്കണം. നമ്മൾ എം.എൽ.എ.-മാരൊക്കെ കൊടുക്കുന്നതുപോലെ രണ്ട് കൊല്ലം കൂടുമ്പോൾ കൊടുക്കണം. അപ്പോൾ ഈ ഒരു വ്യവസ്ഥതന്നെ വേണ്ടെന്ന് വയ്ക്കുന്നതല്ലേ ഈ ഭേദഗതിയിലൂടെ ചെയ്യേണ്ടതെന്നാണ് എന്റെ ചോദ്യം?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അതാണ് വളരെ കൃത്യമായ കാര്യം. മിനിഞ്ഞാന്നത്തെ മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിന്റെ ചർച്ചയിൽ ഞാനത് പറഞ്ഞതാണ്. ഇത് വേണ്ട. എന്താണ് പഞ്ചായത്ത് മെമ്പർമാർ ചെയ്യേണ്ടത്? എം.എൽ.എ.-മാർക്കും എം.പി.-മാർക്കും ഇല്ലാത്തൊരു നിയമം എന്തിനാണ് അവരുടെ തലയിൽ കെട്ടിവയ്ക്കുന്നത്? ആ ഡിസ്ക്രിമിനേഷൻ ശരിയല്ല. ഇത് വേണ്ട എന്നതന്നെയാണ് നൂറ് ശതമാനം പേരും പറയുന്നത്. അത് വേണ്ടെന്ന് വയ്ക്കാൻ നമുക്കുതന്നെ സാധിക്കും. ഇവിടെ ഇന്നുതന്നെ ചെയ്യാവുന്നതേയുള്ളൂ. പല അംഗങ്ങളും അതിൽ അമെന്റ്മെന്റ് കൊടുത്തിട്ടുണ്ട്. അങ്ങനെ ചെയ്യാം. അല്ലെങ്കിൽ ഒഫീഷ്യൽ അമെന്റ്മെന്റായി കൊണ്ടുവരാം. ഇത് ഇല്ലാതിരിക്കുന്നതാണ് ഏറ്റവും നല്ലതെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ പ്രാവശ്യം മുനിസിപ്പാലിറ്റി ഭേദഗതി ബില്ലിലും ഞാൻ ഇതുതന്നെയാണ് പറഞ്ഞത്. ഇക്കാര്യത്തിലുള്ള താല്പര്യം നമ്മൾ മറ്റുള്ള കാര്യങ്ങളിലൊന്നും കാണിക്കുന്നില്ല. അംഗങ്ങളുടെ ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിൽ യാതൊരു ശ്രദ്ധയും കാണിക്കുന്നില്ല എന്നുള്ളതാണ് സത്യം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള വിവിധ കാര്യങ്ങൾ സംബന്ധിച്ച വിഷയം പഠിക്കാനും വിശദാംശങ്ങൾ തയ്യാറാക്കി സമർപ്പിക്കാനും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ കൺവീനറായി ഒരു ഉപസമിതി

രൂപീകരിച്ച് ഉത്തരവായിരുന്നു എന്നാണ് അറിയുന്നത്. എത്ര കാലമായി? ഇതുവരെയും അതിന്റെ പ്രവർത്തന പുരോഗതി സംബന്ധിച്ച് യാതൊരു വിവരവുമില്ല. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിൽ അത് പറയുമെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, യഥാർത്ഥത്തിൽ ഈ നിയമം വേണ്ടതില്ല എന്നൊക്കെ പറഞ്ഞാലും പൊതുസമൂഹം കാണുന്നത്, ഇങ്ങനെ കണക്ക് കൊടുക്കുന്നതിലൂടെ മെമ്പർമാർ പിടിക്കപ്പെടാൻ സാധ്യതയുണ്ട് എന്നുള്ള രീതിയിലാണ്. അതുകൊണ്ട് നമ്മളിങ്ങനെ തീരുമാനിച്ചാൽ അത് പൊതുസമൂഹത്തിന് തെറ്റായ സന്ദേശമല്ലേ കൊടുക്കുന്നത്?

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ആരെങ്കിലും കോടതിയിൽ പോയാൽ ഒരു സംശയവും വേണ്ട, ഈ നിയമം നിലനിൽക്കില്ല. അഡ്വക്കേറ്റുമാരോടൊക്കെ സംസാരിച്ചിട്ടുണ്ടെങ്കിൽ അവർ കൃത്യമായി കാര്യങ്ങൾ പറയും. 159-ാം വകുപ്പിൽ (1) നമ്മൾ ചെയ്ഞ്ച് ചെയ്തു. ഉപവകുപ്പ് (ii) ഉണ്ട്. അതിൽ നമ്മൾ ചെയ്ഞ്ച് ചെയ്യുന്നില്ല. ആരെങ്കിലും ഒരാൾ ഒരു പഞ്ചായത്ത് മെമ്പർ സ്ഥലം വാങ്ങിയാൽ, അല്ലെങ്കിൽ സ്ഥലംവിറ്റാൽ അദ്ദേഹത്തിന് അയോഗ്യത കൽപ്പിക്കണമെന്ന് പറഞ്ഞ് കോടതിയിൽ പോയാൽ ഈ നിയമപ്രകാരം അതിന് സാധിക്കും. അത് ശരിയല്ല, അവരെ ഒഴിവാക്കിക്കൊടുക്കണം എന്നാണ് എന്റെ അഭിപ്രായം. നോമിനേഷൻ കൊടുക്കുമ്പോൾ അസറ്റ് കാണിക്കുന്നുണ്ട്. പിന്നീട് എന്തെങ്കിലുമൊരു അഴിമതി ആരോപണം വരികയാണെങ്കിൽ അതുവച്ച് കാര്യങ്ങൾ നോക്കാമല്ലോ. അല്ലാതെ ഇത്രയധികം വരുന്ന മെമ്പർമാർ എല്ലാവരും ഇതുപോലൊരു കടലാസ് എഴുതിക്കൊടുക്കുക എന്നുപറഞ്ഞാൽ അത് ശരിയായ കാര്യമല്ല. അവരുടെ മറ്റുള്ള കാര്യങ്ങളിൽ നമുക്ക് ഒരു ശ്രദ്ധയില്ല എന്നുള്ളതാണ് സത്യം. കുറേ കാര്യങ്ങളുണ്ട്. സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തന ഫണ്ട് കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തിലെ മുൻ അംഗങ്ങൾക്ക് സമഗ്ര ഇൻഷ്വറൻസുണ്ട് എന്നാണ് മനസ്സിലാക്കുന്നത്. ഇതിന്റെ പ്രയോജനം എത്ര അംഗങ്ങൾക്ക് ഇന്ന് ലഭിക്കുന്നുണ്ട്; ഈ പദ്ധതി ഫലപ്രദമാണോ എന്നീ കാര്യങ്ങളും അവലോകനം ചെയ്യണം. കഴിയുമെങ്കിൽ എല്ലാ മുൻ അംഗങ്ങളെയും ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തണം. പാവപ്പെട്ട ധാരാളം മുൻ ജനപ്രതിനിധികൾ മരുന്നിനുപോലും പണമില്ലാതെ ബുദ്ധിമുട്ടുന്ന സ്ഥിതിവിശേഷമുണ്ട്. അവർ ജീവിതം മുഴുവനും സാമൂഹ്യ പ്രവർത്തനത്തിനുവേണ്ടി ചെലവഴിക്കുന്നു. എന്നിട്ട് അവസാന കാലഘട്ടങ്ങളിൽ അവർ വളരെയധികം ബുദ്ധിമുട്ടുന്നുണ്ട്, മരുന്നുപോലും അവർക്ക് കിട്ടുന്നില്ല എന്നുള്ളതാണ് സത്യം. ഇതൊന്നും കാണാതിരിക്കാൻ പറ്റില്ല. അവരുടെ ചികിത്സാ സഹായ പദ്ധതിക്ക് ആവശ്യമായ പരിഷ്കരണം കൊണ്ടുവരിക എന്നത് നല്ലതായിരിക്കും.

അതുപോലെ ക്ഷേമനിധി രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിലും ഗൗരവമായ നടപടി വേണം. മുൻ അംഗങ്ങളെയും നിലവിലുള്ള അംഗങ്ങളെയും ഇതിൽ ഉൾപ്പെടുത്താം. അതുപോലെ പെൻഷൻ അനുവദിക്കുന്ന കാര്യത്തിലും പ്രായോഗികമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്രാമപഞ്ചായത്തുകൾ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഇപ്പോഴും സജീവമായി ഇത്തരം പരിപാടികളുടെ ഭാഗമാകാൻ താല്പര്യമുള്ള ധാരാളം മുൻ അംഗങ്ങളുണ്ട്. അർഹമായ പരിഗണന നൽകിയും പ്രാതിനിധ്യം ഉറപ്പുവരുത്തിയും ഇത്തരത്തിലുള്ള അംഗങ്ങളെക്കൂടി ഈ പരിപാടികളിൽ പങ്കെടുപ്പിക്കുകയാണ് വേണ്ടത്. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. പക്ഷേ ഈ നിയമം നമ്മളിവിടെ പാസ്സാക്കുകയാണെങ്കിൽ ആരെങ്കിലും കോടതിയിൽ പോയാൽ അതിന്റേതായ ബുദ്ധിമുട്ട് ഉണ്ടാകുമെന്നാണ് എനിക്ക് തോന്നുന്നത്, ഇത് പൈലറ്റ് ചെയ്യുന്ന ബഹുമാനപ്പെട്ട മന്ത്രി ഒരു അഡ്വക്കേറ്റ് ആയതുകൊണ്ട് അദ്ദേഹത്തിന് കൂടുതൽ കാര്യങ്ങൾ അറിയാം. അദ്ദേഹം സംസാരിക്കും എന്നുള്ളതുകൊണ്ട് മറ്റുള്ള കാര്യങ്ങളിലേയ്ക്കൊന്നും പോകാതെ ഞാൻ നിർത്തുകയാണ്.

12.00 Noon]

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. ഈ ഭേദഗതി നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് അര നൂറ്റാണ്ട് കാലമായി നമ്മുടെ നിയമനിർമ്മാണ സഭയിൽ അംഗമായ ബഹുമാനപ്പെട്ട കെ. എം. മാണി സാർ നിയമത്തിന്റെ പിൻബലത്തിലൂടെ സമർത്ഥിച്ചതാണ്. അതുപോലെ മറ്റൊരു സീനിയർ മെമ്പറായ ശ്രീ. പി. സി. ജോർജ്ജും ആ അഭിപ്രായത്തെ പിന്തുണച്ചു. അടുത്ത കാലത്തായി മാണി സാറിന്റെ അഭിപ്രായത്തോട് അദ്ദേഹം യോജിച്ച ഒരുകാര്യം ഇതുമാത്രമാണ്. അതുകൊണ്ട് മാണി സാറും, ശ്രീ. പി. സി. ജോർജ്ജും യോജിച്ചു പറഞ്ഞിട്ടുള്ള ഇക്കാര്യത്തിൽ ഗവൺമെന്റ് ഒരു പുന:പരിശോധന നടത്തണമെന്നാണ് എന്റെ അഭിപ്രായം. അല്ലെങ്കിൽ അദ്ദേഹം ആ നിലപാട് സ്വീകരിക്കുമായിരുന്നില്ല. കാരണം, കഴിഞ്ഞ സമ്മേളനങ്ങളിലൊക്കെ വോട്ടിംഗ് സമയത്ത് കേരളാ കോൺഗ്രസിലെ അംഗങ്ങൾ അനുകൂലമായി വോട്ട് ചെയ്തെന്ന ഒറ്റ കാരണംകൊണ്ട് അദ്ദേഹം അബ്സ്റ്റെയിനായോ അല്ലെങ്കിൽ എതിർത്തോ വോട്ട് ചെയ്തു. അങ്ങനെയുള്ള നിലപാട് സ്വീകരിക്കുന്ന.......

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ....പോയിന്റ് ഓഫ് ഓർഡർ..... ഈ സഭയിലേക്ക് ഞാൻ കടന്നുവന്നത് 100 ശതമാനവും പ്യുവറായ സ്വതന്ത്രൻ എന്ന നിലയിലാണ്. പൂഞ്ഞാറിലെ ജനങ്ങൾ സ്വതന്ത്രനായിട്ടാണ് എന്നെ ജയിപ്പിച്ചു വിട്ടത്. ആ നിലയ്ക്ക് സഭയിൽ അനുകൂലിക്കാനും പ്രതികൂലിക്കാനും അബ്സ്റ്റെയിൻ ചെയ്യാനുമുള്ളത് എന്റെ അവകാശമാണ്. ആ അവകാശത്തെ രാഷ്ട്രീയ പ്രേരിതമായി അവഹേളിച്ചുകൊണ്ട് സംസാരിക്കുന്നത് ഓർഡറിലാണോ?

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ബഹുമാനപ്പെട്ട പി. സി. ജോർജിനെപ്പോലെയുള്ള സീനിയറായ അംഗം, അതും രണ്ട് മുന്നണി എതിർത്തിട്ടും 28,000 വോട്ട്, ..........മൂന്ന് മുന്നണി ഞാൻ കൂട്ടിയിട്ടില്ല. എന്റെ കണക്കിന് രണ്ട് മുന്നണിയേയുള്ളൂ മറ്റേത് നമ്മൾ കൂട്ടുകയില്ല, അത് പോകട്ടെ, സി.പി.ഐ.(എം)-ന്റെ നിലപാടുകൊണ്ടാണ് ബി.ജെ.പി. കഴിഞ്ഞ തവണ നേമത്തുനിന്ന് ജയിച്ചുവന്നത്, അല്ലാതെ അത് മൂന്നാം മുന്നണിയായി നമ്മൾ കൂട്ടുകയില്ല. ഏതായാലും നല്ല ഭൂരിപക്ഷത്തിൽ ജയിച്ച് വന്ന ശ്രീ. പി. സി. ജോർജിനെ ഞാൻ ഒരിക്കലും അവഹേളിക്കുന്ന പ്രശ്നമില്ല. അദ്ദേഹവും മാണി സാറും ഒരുമിച്ച് പറഞ്ഞതുകൊണ്ട് ഇതിന് കുറച്ചുകൂടി പിൻബലമുണ്ടായി എന്ന അഭിപ്രായമാണ് ഞാൻ പറഞ്ഞത്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇങ്ങനെയൊരു നിയമമില്ല. എല്ലാ സംസ്ഥാനങ്ങളിലും പരമാവധി ഒരു മാസമാണ് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് കൊടുക്കുന്നതിനായി നൽകിയിട്ടുള്ളത്. കേരളത്തിൽ നേരത്തെതന്നെ 15 മാസമുണ്ട്, ഇപ്പോൾ അത് 30 മാസമാക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു സ്ഥാനാർത്ഥി, നോമിനേഷൻ കൊടുക്കുന്നതിന്റെ തലേദിവസം സ്ഥാനാർത്ഥിയെ പ്രഖ്യാപിച്ചാൽ പോലും ഒരു മണിക്കൂർ കൊണ്ടാണ് അഫിഡവിറ്റ് കൊടുക്കാൻ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നത്. പല പാർട്ടികളിലും പ്രത്യേകിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൊക്കെ തലേദിവസമാണ് സ്ഥാനാർത്ഥികളെ പ്രഖ്യാപിക്കുക. തലേദിവസം പ്രഖ്യാപിച്ചാൽപ്പോലും ഒരു മണിക്കൂറിനകം പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി അഫിഡവിറ്റ് നൽകുന്ന സ്ഥാനാർത്ഥികൾക്ക് എന്തുകൊണ്ട് നിശ്ചിത സമയത്തിനകം സ്റ്റേറ്റ്മെന്റ് കൊടുത്തുകൂടാ? ഇപ്പോൾ രണ്ടരക്കൊല്ലം കാലാവധി കൊടുക്കുകയാണ്. രണ്ടരക്കൊല്ലമായി പുതിയ സമിതി വന്നിട്ട്. രണ്ടരക്കൊല്ലത്തെ കാലാവധി കൊടുത്തിട്ടും സ്റ്റേറ്റ്മെന്റ് സമർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇത് തീരെ വേണ്ട എന്നു തീരുമാനിക്കാൻ പോകുകയാണോയെന്ന് അറിയില്ല. അങ്ങനെയാണെങ്കിൽ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞതുപോലെ അതായിരിക്കും കൂടുതൽ നല്ലതെന്നാണ് എന്റെ അഭിപ്രായം. ഇടയ്ക്കിടയ്ക്ക് ഇങ്ങനെ സമയം ദീർഘിപ്പിച്ചു കൊടുത്തതുകൊണ്ട് ഒരു കാര്യവുമില്ല. തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളിൽ അംഗങ്ങളായി വരുന്ന ആളുകളുടെ ഉത്തരവാദിത്വ ബോധത്തിൽ നിന്ന് പിറകോട്ട് പോകാനേ ഇത്തരം നിയമങ്ങൾ സഹായകരമാകൂ എന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഇനി ഇത് സബ്ജക്ട് കമ്മിറ്റിക്ക് പോകുന്നതിനുമുമ്പ് വന്നില്ലെന്ന വാദങ്ങളൊക്കെ ഒഴിവാക്കി സർക്കാർ ഈ ഭേദഗതി പിൻവലിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. ഇങ്ങനെയൊക്ക ഇവരെ മെമ്പർമാരാക്കി, ഈ സമയമൊക്കെ കൊടുത്ത്

കൊണ്ടുവന്നിട്ട് എന്താണ് നമ്മുടെ പഞ്ചായത്തുകളുടെ അവസ്ഥ? 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും വലിയ അധികാരമാണ് കൈമാറിയത്. ഗ്രാമസഭകൾ ചേർന്ന് വികസന നിർദ്ദേശങ്ങൾ ഉയർത്തിക്കൊണ്ടുവരണമെന്ന് പറഞ്ഞു. ഇപ്പോൾ ഗ്രാമസഭകൾ നോക്കുകുത്തികളല്ലേ? ഗ്രാമസഭകൾക്ക് അധികാരമുണ്ടോ? പഞ്ചായത്ത് ഭരണസമിതികൾക്ക് അധികാരമുണ്ടോ? ലോക്കൽ സെൽഫ് ഗവൺമെന്റ് എന്ന ആശയംതന്നെ ഇല്ലാതാക്കി ലോക്കൽ സെൽഫ് ഗവൺമെന്റുകളെ നോക്കുകുത്തികളാക്കി സർക്കാരിന്റെ ഒരു നോഡൽ ഏജൻസിയാക്കി മാറ്റിയിരിക്കുകയാണ്. അധികാര വികേന്ദ്രീകരണത്തിനുപകരം അധികാര കേന്ദ്രീകരണമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നതെന്ന കാര്യം ഓർക്കണം. പിന്നെ എന്തിനാണ് ഈ മെമ്പർമാർക്ക് ഇങ്ങനെ സമയം കൊടുക്കുന്നത്? അങ്ങനെ നൽകിയിട്ട് ഒരു കാര്യവുമില്ല. മെമ്പർമാരായി തുടരാം എന്നല്ലാതെ പഞ്ചായത്ത് ഭരണസമിതികൾക്കോ അതിന് താഴെയുള്ള ഗ്രാമസഭകൾക്കോ ഒരു അധികാരവുമില്ല. പഞ്ചായത്തിന്റെ അധികാരങ്ങൾ ഒന്നൊന്നായി ഗവൺമെന്റ് കവർന്നെടുത്തുകൊണ്ടിരിക്കുകയാണ്. പഞ്ചായത്തുകൾക്ക് സ്വന്തമായി ഒരു ഭവന പദ്ധതി ആവിഷ്കരിക്കണമെന്നുണ്ടെങ്കിൽ അതിന് സാധ്യമല്ല. പഞ്ചായത്ത് ഭവന പദ്ധതികളൊന്നും ആവിഷ്കരിക്കേണ്ട, ഞങ്ങൾ ലൈഫ് പദ്ധതി ആവിഷ്കരിക്കുന്നുവെന്ന് പറയുകയും അതിൽ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിഹിതമടയ്ക്കുകയും വേണം. ആകെ സർക്കാരിന് ലൈഫ് പദ്ധതിയിലുള്ളത് മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും ഫോട്ടോവച്ച് ഒരു ഗൈഡ് ലൈൻ കൊടുത്തിട്ടുണ്ട്. ഇന്ന രീതിയിലാണ് ഇത് വിനിയോഗിക്കേണ്ടതെന്നത് സംബന്ധിച്ച് ഒരു പുസ്തകം കൊടുത്തു എന്നല്ലാതെ സർക്കാരിന് ലൈഫ് പദ്ധതിയിൽ യാതൊരു പങ്കാളിത്തവും ഇല്ലെന്നതാണ് യാഥാർത്ഥ്യം. പഞ്ചായത്തുകൾക്കുള്ള അധികാരം ഒന്നൊന്നായി കവർന്നെടുക്കുന്നുവെന്നതിന് ഏറ്റവും നല്ല ഉദാഹരണമാണ് ലൈഫ് പദ്ധതി. 20 ശതമാനം പഞ്ചായത്ത് വിഹിതത്തിൽ നിന്നാണ് ലൈഫ് പദ്ധതിയുടെ ആദ്യ ഗഡു കൊടുത്തത്. നാല് ലക്ഷമാണ് മൊത്തത്തിൽ ഒരു വീടിന് ചെലവ് കണക്കാക്കുന്നത്. അതിൽ 40,000 രൂപ ഓരോ പഞ്ചായത്തും ആദ്യ ഗഡുവായി കൊടുത്തു. ഇനി ബാക്കി വരുന്ന 3,60,000 എവിടെനിന്ന് കൊടുക്കും, ആര് കൊടുക്കും എന്നതു സംബന്ധിച്ച് ഒരു വ്യക്തതയുമില്ല. 40,000 രൂപകൊണ്ട് വീടുപണി തുടങ്ങിയ ഗുണഭോക്താവ് പാതിവഴിയിൽ അത് നിർത്തിപ്പോകേണ്ട സ്ഥിതിയാണുള്ളത്. ഇത് ഞാൻ പറയുന്നതല്ല, പത്രങ്ങളിലൊക്കെ വരുന്ന വാർത്തയാണ്. 'പട്ടിണിയും പരിവട്ടവും ചോർന്നിറങ്ങുന്ന, ലൈഫിൽ ഇടം നേടാതെ പാവങ്ങളുടെ ലൈഫ്,' ഇങ്ങനെയുള്ള

നിരന്തരമായ പത്രവാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. പാവപ്പെട്ട ആളുകൾക്ക് വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയാത്ത സാഹചര്യം സർക്കാർ സൃഷ്ടിക്കുകയാണ്. ഏതെങ്കിലും പഞ്ചായത്തിന് അതിന് ആഗ്രഹമുണ്ടെങ്കിലും അത് നിങ്ങൾ നടത്തേണ്ട ഞങ്ങൾ നടത്തുമെന്ന് പറയുകയും പഞ്ചായത്തിന് ഫണ്ട് കൊടുക്കാതിരിക്കുകയും ചെയ്യുന്ന സമീപനമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്.

<u>ശ്രീ. എൻ. ഷംസുദീൻ</u>: സർ, ഇതൊരു ഭേദഗതിയാണ്, അതിന് പല അഭിപ്രായങ്ങൾ വന്നു. നേരത്തെ പറഞ്ഞതുപോലെ ഈ നിബന്ധന ഒഴിവാക്കുന്നത് ഉചിതമല്ലേയെന്നൊരു ചോദ്യം വന്നു. വേറൊരു മറുവശംകൂടി ഞാൻ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ആളുകൾ സ്റ്റേറ്റ്മെന്റ് കൊടുക്കണ്ട എന്നു കരുതി കൊടുക്കാത്തതല്ല, തങ്ങൾ ലോകായുക്തയ്ക്ക് സമർപ്പിച്ചതാണ് ഈ സ്റ്റേറ്റ്മെന്റെന്ന തെറ്റായ ധാരണകൊണ്ടാണ് ഇത്രയും അംഗങ്ങൾ കൊടുക്കാതെ വന്നത്. ഞാൻ അതിനൊരു ഭേദഗതികൂടി നിർദ്ദേശിക്കുകയാണ്. പഞ്ചായത്തംഗമായി സത്യപ്രതിജ്ഞ ചെയ്യുന്ന സമയത്ത് ഇങ്ങനെയൊരു സ്റ്റേറ്റ്മെന്റ് വാങ്ങണമെന്ന് ഭേദഗതി വന്നാൽ സത്യപ്രതിജ്ഞ ചെയ്യണമെങ്കിൽ സ്റ്റേറ്റ്മെന്റ് കൊടുക്കണമെന്ന വ്യവസ്ഥ വന്നാൽ നിർബന്ധമായും എല്ലാവരും കൊടുക്കും. ഇത് കൊടുക്കണ്ടെന്നു കരുതി കൊടുക്കാത്തതല്ല, വാശികൊണ്ട് കൊടുക്കാത്തതല്ല, ഒരു ഒമിഷനാണ്, വിട്ടുപോകുന്നതാണ്. പിന്നെയൊരു കൺഫ്യൂഷനുമുണ്ട്. കൂടാതെ നമ്മൾ ലോകായുക്തയ്ക്ക് ഒരെണ്ണം കൊടുക്കുന്നുമുണ്ട്. അതുകൊണ്ടാണ് മെമ്പർമാർക്ക് ഇത് കൊടുക്കാൻ കഴിയാതെ പോകുന്നത്. അതുകൊണ്ട് ഇങ്ങനെയൊരു ഭേദഗതി വരുത്തിക്കൂടേ? സത്യപ്രതിജ്ഞയുടെ സമയത്ത് പഞ്ചായത്ത് സെക്രട്ടറിക്കാണ് കൊടുക്കേണ്ടത്. ഈ സ്റ്റേറ്റ്മെന്റ് കൊടുത്താലേ സത്യപ്രതിജ്ഞ ചെയ്യാൻ പറ്റുകയുള്ളൂ എന്നുവന്നാൽ കേരളത്തിലെ എല്ലാ മെമ്പർമാരും കൊടുക്കും. ഇത്തവണ ഇത് 30 മാസമാക്കുക. കാരണം ഇത്രയും മെമ്പർമാരെ നമുക്ക് സേവ് ചെയ്യണം. ഇനിമുതൽ സത്യപ്രതിജ്ഞാ സമയത്ത് പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റിന്റെ ഒരു കോപ്പി കൊടുത്താലേ സത്യപ്രതിജ്ഞ ചെയ്യാൻ പറ്റുകയുള്ളൂ എന്ന വ്യവസ്ഥ നിയമത്തിൽ കൊണ്ടുവരുന്നതല്ലേ നല്ലത്, അതല്ലേ കൂടുതൽ അഭികാമ്യമെന്ന് ഞാൻ അങ്ങയോട് ചോദിക്കുകയാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, അങ്ങനെയാണെങ്കിൽ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് ഒരു പ്രാവശ്യം കൊടുത്തിട്ടുണ്ടല്ലോ. നോമിനേഷനോടൊപ്പം കൊടുത്ത ആ സ്റ്റേറ്റ്മെന്റ് ഉണ്ടെങ്കിൽ പിന്നീട് വേണ്ടെന്നുവയ്ക്കുന്നതല്ലേ അതിനേക്കാൾ എളുപ്പം?

ശ്രീ. പി. കെ. ബഷീർ: സർ, ഇത് ഈ പറയുന്നപോലെയല്ല. ആദ്യം ഒരു സ്റ്റേറ്റ്മെന്റ് കൊടുക്കണം. സ്റ്റേറ്റ്മെന്റ് കൊടുത്ത് രണ്ട് കൊല്ലം കഴിയുമ്പോൾ സെക്രട്ടറി ബന്ധപ്പെട്ട മെമ്പർമാരെ അത് അറിയിക്കണം. രണ്ട് കൊല്ലം കഴിഞ്ഞ് പിന്നേയും സ്റ്റേറ്റ്മെന്റ് ലോകായുക്തയ്ക്ക് കൊടുക്കണം. അത് സെക്രട്ടറി കളക്ട് ചെയ്യണം. അവിടെയാണ് ഇതിന്റെ പാളിച്ച. ജൂൺ മാസം 30-ാം തീയതിക്കകം പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് കൊടുക്കണമെന്നുപറഞ്ഞ് പഞ്ചായത്ത് മെമ്പർമാർക്ക് നോട്ടീസ് കൊടുത്ത് സെക്രട്ടറി അത് വാങ്ങി ലോകായുക്തയിൽ എത്തിക്കണം. ഇവിടെ 30 മാസമെന്നുള്ളത് തീരെ കൊടുക്കാത്തവർക്ക് കൊടുക്കുകയാണ്. ബാക്കി ഞാൻ എന്റെ പ്രസംഗത്തിൽ പറയാം.

ശ്രീ. പി. ഉബൈദുള്ള: സർ, ഈ പറഞ്ഞ നിർദ്ദേശങ്ങളൊക്കെ സ്വീകാര്യമാണെന്നതിൽ സംശയമില്ല. അഫിഡവിറ്റ് കൊടുക്കുമ്പോഴുള്ള കാര്യങ്ങളാണിത്. ആവശ്യമെങ്കിൽ സത്യപ്രതിജ്ഞാ സമയത്ത് വീണ്ടും നൽകണമെന്ന് പറഞ്ഞാൽ മെമ്പറായി വരേണ്ടതുകൊണ്ട് എല്ലാവരും കൊടുക്കും. പിന്നീട് സമയം നീട്ടിക്കൊടുക്കുന്നതുകൊണ്ട് ആളുകളെല്ലാം മടിയന്മാരായി മാറും. അത് നമ്മുടെ സ്വഭാവമാണ്. നമ്മളൊക്കെ രാഷ്ട്രീയ പ്രവർത്തകരാണല്ലോ. വോട്ടർ പട്ടികയിൽ പേര് ചേർക്കുന്ന ദിവസം നിശ്ചയിച്ചാൽ ദിവസം നീട്ടുന്നതിനനുസരിച്ച് നമ്മളും സമയം നീട്ടിക്കൊണ്ടിരിക്കും, അവസാന സമയത്താണ് കൊടുക്കുക. അതൊരു പൊതു സ്വഭാവമാണ്. ഇങ്ങനെ എന്തിനാണ് മെമ്പർമാരെ നിലനിർത്തുന്നത്? ഇപ്പോൾ ഒരു അധികാരവുമില്ല. മുമ്പ് ഗ്രാമസഭകളായിരുന്നു ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ചിരുന്നത്. വിധവാ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയവയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരുന്നത് ഗ്രാമസഭകളായിരുന്നു. ഇപ്പോൾ ലൈഫ് പദ്ധതിയുടെ ഗുണഭോക്താവിനെ തെരഞ്ഞെടുത്തത് ഗ്രാമസഭയല്ല. " പാവപ്പെട്ടവരുടെയും ആശ്രയമില്ലാത്തവരുടെയും ആശങ്കകൾക്ക് അവസാനമാക്കി വീടെന്ന സ്വപ്നം സാക്ഷാത്കരിച്ച് സംസ്ഥാന സർക്കാർ ആരംഭിക്കുന്ന ലൈഫിൽ പാവങ്ങൾ പുറത്തായി. പാവങ്ങൾ പുറത്തായപ്പോൾ ആ സ്ഥാനങ്ങളിലേയ്ക്ക് നിരവധി അനർഹർ ലിസ്റ്റിൽ ഇടം നേടി ", എങ്ങനെയാണ് ഇത് സംഭവിച്ചത്? ഗ്രാമസഭ അംഗീകരിച്ചതല്ല.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട പി. ഉബൈദുള്ള പറഞ്ഞുകൊണ്ടിരിക്കുന്നത് അധികാരങ്ങൾ പിൻവലിച്ചുകൊണ്ടിരിക്കുകയാണ് എന്നാണ്. മദ്യഷാപ്പുകൾക്ക് ലൈസൻസ് കൊടുക്കാനുള്ള അധികാരം പഞ്ചായത്തുകളിൽനിന്നും പിൻവലിച്ചുകഴിഞ്ഞു. അതോടൊപ്പംതന്നെ നിക്ഷേപം

പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും എന്നതിന്റെ പേരിൽ ലൈസൻസ് കൊടുക്കാനുള്ള അധികാരം ഉദ്യോഗസ്ഥന്മാരിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ജനകീയ ബോഡിയുടെ അധികാരം എടുത്തുകളഞ്ഞിരിക്കുകയാണ്. ഇങ്ങനെ ഘട്ടംഘട്ടമായി ഓരോ അധികാരങ്ങൾ എടുത്തുകളഞ്ഞ് അധികാര വികേന്ദ്രീകരണം എന്ന സ്വപ്നം ഇല്ലാതാക്കിക്കൊണ്ടിരിക്കുകയാണ്. ഇത് മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം തന്നെയാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. അദ്ദേഹം ചിലകാര്യങ്ങൾ കൂടി കൂട്ടിച്ചേർത്തു എന്നേയുള്ളൂ. അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിനായി രൂപീകരിച്ച സമിതിയിൽ ഉദ്യോഗസ്ഥർ മാത്രമേയുള്ളൂ, ജനപ്രതിനിധികളില്ല. ജനപ്രതിനിധി സഭകളെ എല്ലായിടത്തും നോക്കുകുത്തികളാക്കി മാറ്റി ഉദ്യോഗസ്ഥരിലേയ്ക്ക് അധികാരം കേന്ദ്രീകരിക്കുന്ന ഒരു സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അതിന്റെ മറ്റൊരു ഭാഗമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത്. പഞ്ചായത്തുകൾക്കുണ്ടായിരുന്ന മദ്യനിരോധനാധികാരം ഈ ഗവൺമെന്റ് തിരിച്ചുപിടിച്ചു. ഉമ്മൻചാണ്ടിയുടെ ഗവൺമെന്റാണ് മദ്യനിരോധനാധികാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയത്. ജനങ്ങളെ ബാധിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ജീവൽ പ്രശ്നമാണ്. ആ ജീവൽപ്രധാനമായ പ്രശ്നത്തിൽ ഇടപെടാനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ളത് തിരിച്ചെടുക്കാനാണ് ഈ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ഓരോ അധികാരങ്ങളും ഓരോ ദിവസവും ഗവൺമെന്റ് തിരച്ചെടുത്തുകൊണ്ടിരിക്കുകയാണ്. അധികാരം തിരിച്ചെടുക്കുന്നു, ഫണ്ടും തിരിച്ചെടുക്കുന്നു. പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള ജനറൽ പർപ്പസ് ഗ്രാന്റ് അവസാനമായി തിരിച്ചെടുത്തു. പല പഞ്ചായത്തുകളും ശമ്പളം കൊടുക്കാൻപോലും പ്രയാസപ്പെടുകയാണ്. പഞ്ചായത്തുകളുടെ ഫണ്ട് തിരിച്ചെടുക്കുന്നു, അധികാരം തിരിച്ചെടുക്കുന്നു, അവകാശങ്ങൾ കവർന്നെടുക്കുന്നു. ഇങ്ങനെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ നോക്കുകുത്തികളാക്കുന്നു. എന്ത് സ്പിരിറ്റിലാണോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നത് അത് മുഴുവൻ കളഞ്ഞുകുളിച്ച് അതിനെ തകർത്ത് മുന്നോട്ടുപോകുമ്പോൾ, പഞ്ചായത്ത് മെമ്പർമാർക്ക് അവരുടെ പ്രോപ്പർട്ടി സ്റ്റേറ്റ്മെന്റ് സമർപ്പിക്കാനുള്ള സമയം മാത്രം നീട്ടിക്കൊടുത്തതുകൊണ്ട് കാര്യമില്ലെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ഈ ഭേദഗതിയിൽ നിന്ന് സർക്കാർ പുറകോട്ട് പോകണമെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. സജി ചെറിയാൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(a)നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇക്കാര്യത്തെ നാല് ഭാഗങ്ങളായി കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. അതിൽ ഒന്ന്, നിയമം പ്രാബല്യത്തിൽ വന്ന ഘട്ടം മുതൽ ഇതുവരെയുള്ള തുടർ നടപടിക്രമങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ച് ഒരു ഭാഗം ചർച്ച ചെയ്യപ്പെടണമെന്ന് എനിക്ക് തോന്നുന്നു. രണ്ടാമത്തെ ഭാഗം, 22 വർഷക്കാലത്തിനിടയിൽ വിവിധ ഗവൺമെന്റുകൾ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള സമീപനങ്ങളും നിലപാടുകളും പരിശോധനയ്ക്ക് വിധേയമാക്കണം. മൂന്നാമത്തെ ഭാഗം, ഇപ്പോൾ കേന്ദ്രം ഭരിക്കുന്ന ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾ പരിശോധിക്കണം. നാലാമത്തെ ഭാഗം, ഇപ്പോഴത്തെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്ന നിലപാടുകൾ പരിശോധിക്കണം. ഈ നാല് ഭാഗങ്ങളും പരിശോധിക്കുമ്പോൾ മാത്രമേ ഭേദഗതികൾ സംബന്ധിച്ചുള്ള വ്യക്തത വരികയുള്ളൂ.

പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിച്ചവരും തോറ്റവരും സാധാരണഗതിയിൽ ജനകീയമായ പ്രവർത്തനങ്ങളിൽ നേതൃത്വം കൊടുക്കുന്നവരാണ്. അവരെ ഏതെങ്കിലും ഒരു പ്രത്യേക ഘട്ടത്തിൽ അയോഗ്യരാക്കുന്ന സ്ഥിതി സംജാതമാകുന്നത് ഗുണകരമാകുമോയെന്ന കാര്യത്തിൽ ശരിയായ ഒരു വിശകലനം ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നു. ഇക്കാര്യത്തിൽ ഇവിടെ ചില നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അതൊക്കെ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതായിരിക്കും നല്ലത്. അതുപോലെ തന്നെ ഇത്തരം കണക്കുകൾ നൽകാത്ത ആളുകളെ ബോധവത്കരിക്കാനും സമയബന്ധിതമായി അത് കൊടുക്കുന്നതിനുള്ള ഇടപെടലുമാണ് നടത്തേണ്ടത്. അതുകൊണ്ടാണ് ഒരു ഭേദഗതി തീർച്ചയായും നടപ്പാക്കണമെന്ന് ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നത്.

1994-ൽ ആണ് പഞ്ചായത്ത് രാജ് നിയമം പ്രാബല്യത്തിൽ വന്നത്. 73, 74 ഭരണഘടനാ ഭേദഗതി ഫലപ്രദമായി നടപ്പിലാക്കിയത് കേരളത്തിലാണ്. അതിന്റെ പൂർണ്ണമായ ക്രെഡിറ്റ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റുകൾക്കാണെന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. 1996 ആഗസ്റ്റ് മാസം 17, ചിങ്ങം 1-നാണ് മഹാനായ സഖാവ് ഇം.എം.എസ്.ന്റെ നേതൃത്വത്തിൽ കേരളത്തിൽ ജനകീയാസൂത്രണ

പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. 22 വർഷക്കാലം പൂർത്തീകരിക്കുമ്പോൾ ഇക്കാലയളവിൽ ഇവിടെ അധികാരത്തിൽ വന്ന ഓരോ ഗവൺമെന്റുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ ഏത് അർത്ഥത്തിലും തലത്തിലുമാണ് കണ്ടതെന്ന് പരിശോധിക്കണമെന്ന ആശയം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. 1996-ലെ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ തദ്ദേശ ഭരണ സ്ഥാപനത്തിലേയ്ക്ക് മത്സരിച്ച് ജയിച്ച ഒരു വ്യക്തിയാണ് ഞാൻ. എന്തെല്ലാം അധികാരമാണ് ആ ഘട്ടത്തിൽ കൊടുത്തത്? ഏറ്റവും പ്രധാനപ്പെട്ട ഗ്രാമീണ മേഖലയുടെ വികസനത്തിൽ പ്രധാന പങ്കുവഹിച്ച അഞ്ച് വർഷക്കാലമായിരുന്നു ആ ഗവൺമെന്റിന്റെ കാലഘട്ടം. കേരളത്തിലെ ഗ്രാമീണ മേഖലയിൽ അന്ന് ടാർ ചെയ്ത ഒരു റോഡുപോലും ഉണ്ടായിരുന്നില്ല, ആരോഗ്യ മേഖല വളരെയേറെ പിന്നോക്കമായിരുന്നു, കുടിവെള്ള പദ്ധതികൾ പല സ്ഥലത്തും ഇല്ലായിരുന്നു. ഇത്തരത്തിലുള്ള എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ജനകീയാസൂത്രണ പ്രസ്ഥാനം ചർച്ചചെയ്യുകയും ഗ്രാമീണ മേഖലയുടെ വികസനത്തിനായി ഭരണഘടനാ ഭേദഗതിയെ ഫലപ്രദമായി ഉപയോഗപ്പെടുത്തി അഞ്ച് വർഷക്കാലംകൊണ്ട് കേരളത്തെ ഇന്ന് കാണുന്ന നിലയിലേയ്ക്ക് വളർത്തിയതിൽ ആ ഗവൺമെന്റ് വഹിച്ച പങ്കിനെ പ്രത്യേകം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് നമ്മുടെ നാട്ടിലെ എല്ലാ ഗ്രാമീണ റോഡുകളും സഞ്ചാരയോഗ്യമായെങ്കിൽ അതിന്റെ ക്രെഡിറ്റ് ആ ഗവൺമെന്റിനാണ്. ആരോഗ്യ മേഖലയിൽ ശ്രദ്ധേയമായ ഒട്ടേറെ നൂതന പദ്ധതികൾ ഉണ്ടായി. ജില്ലാ ആശുപത്രികൾ വരെ ജില്ലാ പഞ്ചായത്ത് അടക്കമുള്ള ത്രിതലസംവിധാനങ്ങളുടെ അധികാരാവകാശത്തിലേയ്ക്ക് വന്നതോടുകൂടി ആരോഗ്യ രംഗത്ത് വലിയ തോതിലുള്ള മാറ്റമുണ്ടാക്കാൻ കഴിഞ്ഞു.

വാട്ടർ അതോറിറ്റിയുടെ വൻകിട പദ്ധതികൾ മാത്രമുണ്ടായിരുന്ന സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ നേതൃത്വത്തിൽ മിനി വാട്ടർ സപ്ലൈ സ്കീമുകൾ ആരംഭിച്ചതും ആ കാലഘട്ടത്തിലാണ്. ചെറുകിട വ്യവസായങ്ങൾ വ്യാപകമായ തോതിൽ ആരംഭിക്കാൻ കഴിഞ്ഞു. സ്ത്രീ ശാക്തീകരണ രംഗത്ത് ഇത്രമാത്രം വലിയൊരു മാറ്റമുണ്ടായ കാലഘട്ടം ഉണ്ടായിട്ടില്ല. അധികാരം പൂർണ്ണമായി വികേന്ദ്രീകരിക്കുന്ന ഒരു നിലപാടാണ് ആ ഗവൺമെന്റ് സ്വീകരിച്ചത്. അധികാരം വികേന്ദ്രീകരിച്ചുകൊടുക്കുക മാത്രമല്ല, 40 ശതമാനം ഫണ്ട് കൃത്യമായി ത്രിതല പഞ്ചായത്ത് സമിതികൾക്ക് കൊടുത്തുകൊണ്ട് ഒരു ഗവൺമെന്റിന്റെ എല്ലാ അധികാരങ്ങളും കൈമാറുകയാണ് ചെയ്തത്. ഗ്രാമസഭകളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചു. ഗ്രാമസഭകൾ ഇന്ന് ഈ സ്ഥിതിയിലായതിന്റെ ഉത്തരവാദിത്വം അതിനുശേഷം വന്ന യു.ഡി.എഫ്. ഗവൺമെന്റിനാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ അഞ്ച് വർഷക്കാലം ഗ്രാമസഭകൾ കൃത്യമായി കൂടുകയും ആയിരക്കണക്കിന് ആളുകൾ അതിൽ പങ്കെടുക്കുകയും ഒരു

ഗ്രാമത്തിന്റെയോ ഒരു വാർഡിന്റെയോ ഒരു പ്രദേശത്തിന്റെയോ വികസനത്തെക്കുറിച്ച് ചർച്ചചെയ്യുകയും അത് നടപ്പാക്കുകയും ചെയ്യുമായിരുന്നു. ആ സംവിധാനത്തെ പൊളിച്ചത് അതിനുശേഷം അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റാണ്. പഞ്ചായത്ത് അംഗങ്ങൾക്ക് കൃത്യമായ ഓണറേറിയവും അധികാരങ്ങളും കൊടുത്തു. പഞ്ചായത്തംഗങ്ങൾ പൊതുവെ സമൂഹത്തിൽ ബഹുമാനിക്കപ്പെടുന്നവരായി മാറി. ഇതെല്ലാം ആരാണ് കേരളത്തിൽ ചെയ്തത്? 1996 മുതൽ 2001 വരെയുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ പ്രവർത്തന കാലഘട്ടം അഭിമാനത്തിന്റെ, നേട്ടങ്ങളുടെ കാലഘട്ടമായിരുന്നു. 2001-നുശേഷം അധികാരത്തിൽ വന്ന യു.ഡി.എഫ്. ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കടയ്ക്കൽ കത്തിവച്ചു, അതിനെ തകർത്ത് തരിപ്പണമാക്കി. 'കേരള വികസന പദ്ധതി' എന്ന പേരിൽ പുതിയൊരു സംവിധാനം കൊണ്ടുവന്ന് ജനകീയാസൂത്രണത്തെയും ഗ്രാമീണ മേഖലയുടെ വികസനത്തെയും തകർത്തു. അതുവരെ കൊടുത്തുകൊണ്ടിരുന്ന 40 ശതമാനം തുക നൽകാതെയായി. ഫണ്ടുകൾ വെട്ടിക്കുറച്ചു. അധികാര വികേന്ദ്രീകരണ സംവിധാനത്തെ അട്ടിമറിച്ച് അധികാരം മന്ത്രിമാരിലേയ്ക്ക് കേന്ദ്രീകരിച്ചു. അങ്ങനെ പഞ്ചായത്ത് സംവിധാനങ്ങളെ ദുർബലപ്പെടുത്തി, അധികാരങ്ങൾ കവർന്നെടുത്ത് ഗ്രാമീണ മേഖലയുടെ വികസനത്തെ ആരാണ് തകർത്തത്? അവർ ഇപ്പോൾ ഗ്രാമസഭകളെയും ജനകീയാസൂത്രണത്തെയും വികസനത്തെയും ഗ്രാമങ്ങളുടെ മാറ്റത്തെയും കുറിച്ച് പ്രസംഗിക്കുമ്പോൾ എന്ത് ആത്മാർത്ഥതയാണുള്ളത്? ആ ഗവൺമെന്റിനുശേഷം വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നു. ആ ഗവൺമെന്റാണ് വീണ്ടും ജനകീയാസൂത്രണ പ്രസ്ഥാനം കൊണ്ടുവന്നത്. യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 'കേരള വികസന പദ്ധതി' അവസാനിപ്പിച്ച് ആദ്യം എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെടുത്തതു പോലെയുള്ള സമീപനം 2006-2011 കാലഘട്ടത്തിൽ കൊണ്ടുവന്നു. അതിനുശേഷം വീണ്ടും കോൺഗ്രസ് അധികാരത്തിൽ വന്നു. 2011-2016 വരെ കേരളത്തിൽ വീണ്ടും അധികാര വികേന്ദ്രീകരണത്തെ അട്ടിമറിച്ചു. ഞാൻ ഇത് സൂചിപ്പിക്കാൻ കാരണം ഏറ്റവും അവസാനം 2011-2016-ൽ അധികാരത്തിൽ വന്നപ്പോൾ ത്രിതല സംവിധാനം മന്ത്രിമാർക്ക് കൊടുത്തു. ഒരു മന്ത്രി മാത്രം കൈകാര്യം ചെയ്യേണ്ട മേഖലയെ മുന്നണി തർക്കങ്ങളുടെയും ആഭ്യന്തര പ്രശ്നങ്ങളുടെയും ഭാഗമായി കേരളത്തിന്റെ വികസനത്തെ പൂർണ്ണമായി പിറകോട്ടടിക്കുന്ന നിലപാട് സ്വീകരിച്ചുകൊണ്ട് മൂന്ന് മന്ത്രിമാർക്കായി വീതിച്ച് കൊടുത്തതിനാലാണ് കഴിഞ്ഞ അഞ്ച് വർഷക്കാലം ത്രിതല പഞ്ചായത്ത് സംവിധാനങ്ങളിൽ വികസന മുരടിപ്പുണ്ടായതും അധികാര വികേന്ദ്രീകരണം ഇല്ലാതായതും. ഇപ്പോൾ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ഇവിടെ അധികാരത്തിൽ വന്നു. എന്തെല്ലാം മാറ്റമാണ് ഈ മേഖലയിൽ വന്നിരിക്കുന്നത്.

കഴിഞ്ഞ 22 വർഷക്കാലത്തെ ചരിത്രം പരിശോധിച്ചാൽ ഇടതുപക്ഷത്തിന് മാത്രമാണ് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായ ത്രിതല സംവിധാനങ്ങളിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞതെന്ന് പറയാൻ കഴിയും. 1998-ൽ ആരംഭിച്ച കുടുംബശ്രീ ഇന്ന് കേരളത്തിലെ സ്ത്രീ ശാക്തീകരണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രസ്ഥാനമായി വളർന്നതിന്റെ എല്ലാ ക്രെഡിറ്റും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന് മാത്രമാണ്. ആ കുടുംബശ്രീയെ തകർക്കാൻവേണ്ടിയാണ് ജനശ്രീയുമായി യു.ഡി.എഫ്. ഇറങ്ങിയത്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. മൈക്രോ ഫിനാൻസ്, ആശ്രയ പദ്ധതി, ബഡ്സ് സ്കൂൾ, സംഘകൃഷി, ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങി എന്തെല്ലാമാണ് കേരളത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ നടക്കുന്നത്.

തദ്ദേശഭരണ സ്ഥാപനങ്ങളെ ആധുനീകരിച്ചതും ശുചിത്വ മിഷൻ കൊണ്ടുവന്നതും ഗ്രാമീണ റോഡ് വികസന സമിതി നിലവിൽ വന്നതും ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കാലഘട്ടത്തിലാണ്. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ ഫലപ്രദമായി നടപ്പിലാക്കിയത് ഇടതുപക്ഷ ജനാധിപത്യമുന്നണി നേരത്തെ അധികാരത്തിലിരുന്ന പത്ത് വർഷവും ഇപ്പോഴത്തെ രണ്ട് വർഷവും ചേർത്ത് 12 വർഷങ്ങളിലാണ്. അതുപോലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി നടക്കുന്നത് ഈ കാലഘട്ടത്തിലാണ്.

പാർപ്പിട പദ്ധതിയെക്കുറിച്ച് ചില അംഗങ്ങൾ സൂചിപ്പിച്ചു. അഞ്ചേകാൽ ലക്ഷം ആളുകൾക്ക് ഭവനം കൊടുക്കണമെന്ന് സർവ്വേ നടത്തി കണ്ടെത്തുകയും അമ്പതിനായിരം പേർക്ക് വീട് കൊടുക്കുകയും ചെയ്ത ഒരു ഗവൺമെന്റ് മോശമാണെന്ന് പറയാൻ എന്ത് ധാർമ്മികതയാണ് ഇവർക്കുള്ളത്? ഇപ്പോൾ ധാരാളം ആളുകൾക്ക് വീട് കൊടുക്കാൻ കഴിയുന്നുണ്ട്. അതിന്റെ സർവ്വേ നടത്തി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. കൃത്യമായും അഞ്ച് വർഷംകൊണ്ട് കൊടുക്കാൻ കഴിയും. ഈ ഗവൺമെന്റ് അല്ലേ ആർദ്രം പദ്ധതിയും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്? ഹരിത കേരളം മിഷൻ ആരംഭിച്ചത് ഈ ഗവൺമെന്റിന്റെ കാലത്തല്ലേ? ഞാൻ പ്രതിനിധാനം ചെയ്യുന്ന മണ്ഡലത്തിലാണ് കേരളത്തിൽ ആദ്യമായി നഷ്ടപ്പെട്ട രണ്ട് നദികൾ (വരട്ടാർ, കുട്ടമ്പേരൂർ ആറ്) വീണ്ടെടുത്ത് പ്രവർത്തനം നടത്തിയത് ഈ സംവിധാനത്തിന്റെ ഭാഗമായിട്ടല്ലേ? ഇപ്പോൾ പല നദികളും ഏറ്റെടുക്കാൻ പലരും മുന്നോട്ടുവരുമ്പോൾ അതിന്റെ ചേതോവികാരം, അതിന്റെ പിന്നിൽ പ്രവർത്തിച്ച ശക്തിയെന്താണെന്ന് ചോദിച്ചാൽ ഈ ഗവൺമെന്റിന്റെ നിശ്ചയദാർഢ്യത്തോടെയുള്ള

പ്രവർത്തനമാണെന്ന് പറയാൻ കഴിയും. അത് മാത്രമാണോ? ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് തദ്ദേശ ഭരണവകുപ്പിൽ ഏകീകരണമുണ്ടായത്. മേഖല ഓഫീസുകൾ ഇല്ലാതാകുന്നു. നഗരകാര്യ വകുപ്പിനുകീഴിലുള്ള ഓഫീസുകളാണ് ഇല്ലാതാകുന്നത്. ഇതിനെ ഏകീകരിക്കുന്ന ഒരു പുതിയ സംവിധാനം വരുന്നതോടുകൂടി ത്രിതല പഞ്ചായത്ത് സംവിധാനങ്ങൾ മെച്ചപ്പെടാൻ പോകുന്നു. ജില്ലാ ആസൂത്രണ സമിതികളെ ഇവർ തകർത്തു. ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ നായനാർ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരുന്ന ജില്ലാ ആസൂത്രണ സമിതികളെയാണ് പിന്നീടുവന്ന ഗവൺമെന്റ് തകർത്തത്. ആ ജില്ലാ ആസൂത്രണ സമിതികളെ വീണ്ടും പഴയ നിലയിലേയ്ക്ക് കൊണ്ടുവരാനുള്ള, ഒരു ഭരണഘടനാ സ്ഥാപനമെന്ന നിലയിൽ എല്ലാ അധികാര അവകാശങ്ങളും കൊടുക്കുന്ന തരത്തിലുള്ള തീരുമാനമെടുത്തുകൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുന്നു. ഓഡിറ്റ് വകുപ്പിൽ ഇപ്പോഴുള്ള സംവിധാനത്തെ ഫലപ്രദമാക്കുന്നതിനാവശ്യമായ ഓഡിറ്റ് കമ്മീഷൻ രൂപീകരിക്കാൻ തീരുമാനിക്കുന്നു. രണ്ട് വർഷക്കാലത്തിനിടയ്ക്ക് എത്രയോ പുരസ്കാരങ്ങൾ ഈ ഗവൺമെന്റിന്റെ ഭാഗമായ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങൾക്ക് ലഭിച്ചു. ഗ്രാമീണ മേഖലയിൽ നിർദ്ധന യുവതീ-യുവാക്കൾക്ക് തൊഴിൽ പരിശീലനത്തോടൊപ്പം തൊഴിലും നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ദീൻ ദയാൽ ഉപാദ്ധ്യായ-ഗ്രാമീൺ കൗശല്യ യോജന പദ്ധതി' ഏറ്റവും മികച്ച നിലയിൽ നടപ്പിലാക്കിയ ഇന്ത്യയിലെ ഏക സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് അവാർഡ് ലഭിച്ചു. കുടുംബശ്രീക്ക് കഴിഞ്ഞ വർഷം ദേശീയ പുരസ്കാരം ലഭിച്ചു. ഈ നിലയിൽ മാതൃകാപരമായ പ്രവർത്തനമാണ് കഴിഞ്ഞ രണ്ട് വർഷക്കാലമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. പഞ്ചായത്തിന് കൊടുത്ത ഫണ്ട് വെട്ടിക്കുറച്ച് അധികാരം കേന്ദ്രീകരിച്ചവരാണ് ഇപ്പോൾ ത്രിതല പഞ്ചായത്തുകളുടെ വികസനത്തെക്കുറിച്ചും പ്രവർത്തനത്തെക്കുറിച്ചും ദുഃഖിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ബി.ജെ.പി. ഗവൺമെന്റിന്റെ നിലപാടും വ്യത്യസ്തമല്ല. ബി.ജെ.പി. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രാദേശിക സർക്കാരുകളെ അപ്രസക്തമാക്കുന്ന നിലപാടുകളാണ് സ്വീകരിക്കുന്നത്. രാജ്യത്ത് പഞ്ചായത്ത് രാജ് നടപ്പിലാക്കിയതിന്റെ രജത ജൂബിലി വർഷത്തിലേയ്ക്ക് കടക്കാൻ പോകുന്നു. ആ ഘട്ടത്തിൽ ഭരണഘടനാപരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിക്കേണ്ട ഫണ്ട് നിഷേധിച്ച് സംസ്ഥാന സർക്കാരുകളുടെ മുമ്പിൽ ത്രിതല പഞ്ചായത്തുകൾ കൈനീട്ടേണ്ട സാഹചര്യം സൃഷ്ടിക്കാൻ ബി.ജെ.പി. ഗവൺമെന്റ് പരിശ്രമിക്കുന്നു. നിലവിലുള്ള പദ്ധതികളുടെയെല്ലാം പേരുമാറ്റാൻ അവർ

ശ്രമിക്കുന്നു. ബി.ജെ.പി.-യുടെയും ആർ.എസ്.എസ്.-ന്റെയും സങ്കുചിത താല്പര്യങ്ങൾക്കുവേണ്ടി പല സംസ്ഥാനങ്ങളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളുടെ പേരുമാറ്റാനുള്ള ശ്രമങ്ങൾ നടക്കുന്നു. ഫലപ്രദമായ വിഭവ വിതരണത്തിനും വികേന്ദ്രീകൃത ആസൂത്രണത്തിനുമുള്ള സംവിധാനമില്ലാതാക്കുന്നു. ശ്രീ. നരേന്ദ്ര മോദിയുടെ ഭരണം നാല് വർഷക്കാലം പിന്നിട്ടപ്പോൾ തൊഴിലുറപ്പ് പദ്ധതി താറുമാറായി. പിന്നോക്ക പ്രദേശ സഹായ പദ്ധതിക്കുള്ള ഫണ്ട് വെട്ടിക്കുറച്ചു. ഇത്തരത്തിൽ രാജ്യത്തെമ്പാടും ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി വന്നിട്ടുള്ള അധികാരാവകാശങ്ങളെ കവർന്നെടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സമീപനങ്ങളെക്കുറിച്ചും നാം വിശദമായി പരിശോധി ക്കേണ്ടതായിട്ടുണ്ട്. ഇപ്പോൾത്തന്നെ നീതി ആയോഗ് സി.ഇ.ഒ. ശ്രീ. അമിതാഭ് കാന്തിന്റെ പ്രതികരണം പത്രത്തിൽ വന്നു. രാജ്യത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് കാരണം ബീഹാർ, രാജസ്ഥാൻ, ഉത്തർപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളാണെന്ന് ഒരു സി.ഇ.ഒ. പറയേണ്ട സ്ഥിതിയിലേയ്ക്കെത്തിയെങ്കിൽ അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച് ബി.ജെ.പി. ഗവൺമെന്റിന്റെ നിലപാടെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ദാരിദ്ര്യ നിർമ്മാർജ്ജനം, സാമൂഹ്യ സുരക്ഷാ പദ്ധതികൾ തുടങ്ങിയവ നടപ്പിലാക്കുന്ന കാര്യത്തിൽ വലിയ അലംഭാവമാണ് ബി.ജെ.പി. ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്താണ് രാജ്യത്തിന്റെ മൊത്തം ലോകത്തിന് മുന്നിലുള്ള നമ്മുടെ സ്റ്റാറ്റിസ്റ്റിക്സ്?

ശ്രീ. ആർ. രാജേഷ്: സർ, മൂന്ന് സംസ്ഥാനങ്ങളുടെ സ്ഥിതി സംബന്ധിച്ച് അങ്ങ് ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ടതാണ്. അതിൽ ബി.ജെ.പി.ക്ക് മാത്രമല്ല ഉത്തരവാദിത്വമുള്ളത്, ബി.ജെ.പി.യെപ്പോലെ ആ സംസ്ഥാനങ്ങൾ കൂടുതൽകാലം ഭരിച്ച കോൺഗ്രസ് പാർട്ടിക്കും അവയുടെ പിന്നോക്കാവസ്ഥയിൽ ഉത്തരവാദിത്വമില്ലേ?

ശ്രീ. സജി ചെറിയാൻ: സർ, ഞാൻ കോൺഗ്രസ് പാർട്ടിയെക്കുറിച്ച് പറയാൻ ആഗ്രഹിക്കുന്നില്ല. ഏതാണ്ട് ചത്തുകിടക്കുന്ന ഒന്നിനോട് വെറുതെ ചോദിച്ച് വിഷമിപ്പിക്കേണ്ടെന്നുള്ളതുകൊണ്ടാണ് ഞാൻ പറയാത്തത്. പാർട്ടിയുടെ പരിമിതികൾ മനസ്സിലാക്കുന്നവരാണ് ഞങ്ങൾ. ആ വിഷയത്തിൽ ഇപ്പോൾ നമ്മൾ തമ്മിൽ ഏറ്റുമുട്ടേണ്ട കാര്യമില്ല. ഈ രാജ്യത്ത് ഭൂരിപക്ഷം വരുന്ന സംസ്ഥാനങ്ങൾ ഭരിക്കുന്ന ഒരു പാർട്ടിയെക്കുറിച്ചാണ് ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. അതിനിടയ്ക്ക് ശ്രീ. ആർ. രാജേഷ് ചോദിച്ച കാര്യം വളരെ ശരിയാണ്. ഇത്രയുംകാലം അവർ ഭരിച്ചതുകൊണ്ടാണ് ആ സംസ്ഥാനങ്ങൾ

ഈ സ്ഥിതിയിലായത്. എല്ലാ സംസ്ഥാനങ്ങളിലും അധികാര വികേന്ദ്രീകരണം നടപ്പിലാക്കിയെങ്കിലും അത് ഫലപ്രദമായത് കേരളത്തിൽ മാത്രമാണ്. ആ പ്രസക്തമായ ഭാഗത്തിലേയ്ക്കാണ് ഞാൻ വരുന്നത്. അതിൽ ഏറ്റവും കൂടുതൽ ഉത്തരവാദിത്വബോധത്തോടുകൂടി പ്രവർത്തിച്ചത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകളാണെന്ന് സ്ഥാപിക്കാൻ ആഗ്രഹിക്കുകയാണ്. ലോകരാജ്യങ്ങളുടെ റാങ്കിംഗിൽ, 188 രാജ്യങ്ങൾ ഉൾപ്പെടുന്ന മാനവ വികസന സൂചികയിൽ, ഇന്ത്യയുടെ സ്ഥാനം 131-ാമതാണ്. അങ്ങനെയൊരു രാജ്യത്ത് തീർച്ചയായും അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കാൻ ഉത്തരവാദപ്പെട്ട കേന്ദ്ര ഗവൺമെന്റ് അത് നടപ്പിലാക്കുന്നില്ലെന്ന പ്രതിഷേധമാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അക്കാര്യം ചർച്ച ചെയ്ത് കേരളത്തിന്റെ പൊതുവായ വികാരമായി മാറ്റണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലയിൽ കേരളം വളരെയേറെ മുന്നിൽ വന്നെങ്കിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ വളരെയേറെ പിന്നിലാണെന്ന വസ്തുത നാം കാണണം. തദ്ദേശഭരണ സ്ഥാപനങ്ങളെ വരിധിയിലാക്കുകയോ വന്ധ്യംകരിക്കുകയോ ചെയ്യുന്ന സമീപനമാണ് രാജ്യത്തെ പല സംസ്ഥാനങ്ങളിലും നടക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളെക്കുറിച്ച് പഠിക്കാൻ ഇവിടെ ആളുകൾ വരുന്നെങ്കിൽ, അതിന്റെ ഫലമായി കേരളത്തിന്റെ ഗ്രാമീണ മേഖലയിൽ മാറ്റം വന്നുവെങ്കിൽ തീർച്ചയായും അധികാരം താഴേയ്ക്ക് കൊടുത്ത ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തന നേട്ടമായും പിണറായി വിജയൻ ഗവൺമെന്റ് നടപ്പിലാക്കുന്ന തുടർച്ചയായ പ്രവർത്തനങ്ങളുടെ വിജയമായും അതിനെ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ചില പ്രശ്നങ്ങളെക്കുറിച്ച് നാം ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. അതിലൊന്നാണ് ഇ-മാലിന്യം ശേഖരിക്കുന്നത് നിർത്തിവച്ചത്. ഹൈദരാബാദിലെ എർത്ത് സെൻസ് റീസൈക്ലിംഗ് ഏജൻസിയാണ് കഴിഞ്ഞ നാല് വർഷമായി ഇ-മാലിന്യം ശേഖരിച്ച് സംസ്കരിച്ചുകൊണ്ടിരുന്നത്. ഇപ്പോൾ അത് നിർത്തലാക്കിയതോടുകൂടി അപകടകരമായ ഒരു സ്ഥിതി വന്നിരിക്കുന്നു. ഈ പ്രശ്നം നമ്മൾ പരിശോധിക്കേണ്ടതുണ്ട്. പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ച് സംസ്കരിക്കുന്ന സംവിധാനത്തെ ജനങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് ഭയപ്പെടുന്നു. പല പഞ്ചായത്ത് സമിതികളും വാങ്ങിയിട്ടുള്ള മെഷിനറി തുരുമ്പ് പിടിച്ചിരിക്കുകയാണ്. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിൽ പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കാൻ വാങ്ങിയ മെഷീനുകൾ ജനങ്ങൾ ഭയപ്പെടുന്നുവെന്ന് പറഞ്ഞ് സ്ഥാപിക്കാൻ കഴിയുന്നില്ല. അതുപോലെ, പദ്ധതിത്തുക സമയബന്ധിതമായും വേഗത്തിലും നടപ്പിലാക്കുന്നതിനുള്ള മെച്ചപ്പെട്ട ക്രമീകരണങ്ങൾ വരേണ്ടതുണ്ട്.

അഴിമതി തടയുന്നതിനാവശ്യമായ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്ത് സെക്രട്ടറിമാർക്ക് നൽകിയിട്ടുള്ള അധികാരങ്ങൾ അനാവശ്യമായി ഉപയോഗിക്കുന്നു. കെട്ടിടം പണിയാൻ അംഗീകാരം കൊടുത്ത് പണിതുവരുമ്പോൾ രണ്ട് സെന്റിമീറ്റർ എന്നത് നാല് സെന്റിമീറ്റർ ആയിപ്പോയാൽ ആ കാരണം പറഞ്ഞ് അതിനെ തടസ്സപ്പെടുത്തുന്ന സ്ഥിതിയുണ്ട്. അത്തരം കാര്യങ്ങളെല്ലാം ഇതിന്റെ ഭാഗമായി പരിശോധിക്കേണ്ടതുണ്ട്. തങ്ങൾക്ക് കിട്ടിയിട്ടുള്ള അധികാരങ്ങളെല്ലാം പഞ്ചായത്ത് സമിതിയുടെ അധികാരങ്ങൾക്കും മുകളിലാണെന്ന തെറ്റായ ധാരണയിലാണ് പല പഞ്ചായത്ത് സെക്രട്ടറിമാരും പ്രവർത്തിക്കുന്നത്. അതുകൊണ്ട് പഞ്ചായത്ത് സെക്രട്ടറിമാർ അധികാരം ദുർവിനിയോഗം ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കണം.

സ്ത്രീ ശാക്തീകരണം, പുതിയ തൊഴിൽ മേഖല സൃഷ്ടിക്കൽ, ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സംവിധാനം തുടങ്ങിയ കാര്യങ്ങളിൽ പരിശോധന ആവശ്യമാണ്. എഞ്ചിനീയറിംഗ് വിഭാഗം കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഓഡിറ്റ് വിംഗ്, പെർഫോർമൻസ് ഓഡിറ്റ് വിംഗ് എന്നീ വിഭാഗങ്ങളെ സംയോജിപ്പിക്കേണ്ടതുണ്ട്. ജനകീയ ഓഡിറ്റിംഗ് ഫലപ്രദമായി സംഘടിപ്പിക്കേണ്ടതുണ്ട്. ജീവനക്കാരുടെ പരിശീലനം കുറച്ചുകൂടി കാര്യക്ഷമമാക്കണം. നികുതി പിരിവ് 100 ശതമാനത്തിൽ എത്തിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കേണ്ടതുണ്ട്. ഇത്തരത്തിൽ പഞ്ചായത്ത് സംവിധാനങ്ങളെ ഫലപ്രദമാക്കി കേരളത്തിന്റെ ഇന്നത്തെ വികസന മുന്നേറ്റത്തിന്, നവകേരള സൃഷ്ടിക്ക് പ്രയോജനപ്പെടുത്താൻ തെരഞ്ഞെടുക്കപ്പെട്ട ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ ആത്മാർത്ഥമായി പ്രവർത്തിച്ചു കൊണ്ടിരിക്കുകയാണ്. അവരെ കേരളവും ഗവൺമെന്റും ഉൾക്കൊള്ളണം. അവർക്ക് എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിഹരിക്കണം. അതിന്റെ അടിസ്ഥാനത്തിലാണ് ഈ ഭേദഗതി അംഗീകരിക്കണമെന്ന് പറയുന്നത്. ഇന്ന് കാണുന്ന കേരളത്തെ കൂടുതൽ മെച്ചപ്പെട്ട നിലയിലേയ്ക്ക് കൊണ്ടുപോകാനുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ, അത് താഴേത്തലങ്ങളിലേയ്ക്ക് വികേന്ദ്രീകരിച്ച്, വിപുലീകരിച്ച് ഫലപ്രദമായി വിജയിപ്പിക്കാൻ കഴിയുന്ന സാഹചര്യത്തിലേയ്ക്ക് നമുക്ക് ഒരുമിച്ച് പോകണമെന്ന് മാത്രം അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(b)ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

10,000 രൂപയിൽ കുറയാത്ത മൂല്യമുള്ളതാണെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ അതുസംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റ് ബന്ധപ്പെട്ട അതോറിറ്റിക്ക് സമർപ്പിക്കണമെന്ന് 1994-ലെ പഞ്ചായത്ത് രാജ് ആക്ടിൽ പറയുന്നുണ്ട്. മൂന്ന് മാസത്തിനുള്ളിൽ സമർപ്പിക്കണമെന്നുള്ളതായിരുന്നു ആദ്യത്തെ വ്യവസ്ഥ. ബഹുമാന്യനായ പാലൊളി മുഹമ്മദ് കുട്ടി പഞ്ചായത്ത് വകുപ്പുമന്ത്രിയായപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറയുന്നത്, വളരെ വിഷമത്തോടുകൂടിയാണ് ഭേദഗതി അവതരിപ്പിക്കുന്നത് എന്നാണ്. അന്ന് 15 ദിവസമായിരുന്നു സ്റ്റേറ്റ്മെന്റ് നൽകാനുള്ള സമയം. ആ ഗവൺമെന്റിന്റെ ഭരണകാലത്തുതന്നെ അത് മൂന്ന് മാസമാക്കി. 2010-ലെ തെരഞ്ഞെടുപ്പ് വന്നപ്പോൾ 50 ശതമാനം വനിതാ സംവരണം വന്നു. ഡോ. എം. കെ. മുനീർ മന്ത്രിയായപ്പോൾ വനിതകളായ പുതിയ അംഗങ്ങൾ ഉൾപ്പെടെയുള്ളവർക്ക് സ്റ്റേറ്റ്മെന്റ് നൽകാനുള്ള സമയം 15 മാസമാക്കി. ഇപ്പോൾ അത് 30 മാസമാക്കുകയാണ്. 30 മാസമാക്കുമ്പോഴും 1300-ൽപ്പരം ആളുകളാണ് സ്റ്റേറ്റ്മെന്റ് കൊടുക്കാനുള്ളത്. ഇന്ന് മറുപടി പറയുന്ന പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ, നിങ്ങൾ ഇത് 30 മാസമാക്കിയാലും സംസ്ഥാനത്ത് 760 ഗ്രാമപഞ്ചായത്ത് മെമ്പർമാർ സ്റ്റേറ്റ്മെന്റ് നൽകാനുണ്ടാകും. ഇനിയും സമയം ദീർഘിപ്പിക്കുമോ? സാധാരണഗതിയിൽ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, രണ്ട് കൊല്ലം കൂടുമ്പോൾ ലോകായുക്തയ്ക്ക് സ്റ്റേറ്റ്മെന്റ് നൽകണം. പഞ്ചായത്ത് സെക്രട്ടറി മെമ്പർമാർക്ക് നോട്ടീസ് നൽകണം. അതിനുശേഷം സെക്രട്ടറി ബന്ധപ്പെട്ടവർക്ക് ജൂൺ 30-നകം എത്തിക്കണം. അങ്ങനെ ഒരു സംവിധാനമില്ലാതെയായി. 5 വർഷം പഞ്ചായത്ത് മെമ്പർമാരായി സ്റ്റേറ്റ്മെന്റും മറ്റും നൽകാതെ അഴിമതിക്കെതിരെ ഞങ്ങളാണ് പഞ്ചായത്ത് രാജ് നടപ്പിലാക്കിയത്, അതുകൊണ്ടാണ് കേരളത്തിൽ ഈ വികസനമൊക്കെ വന്നതെന്ന് ഘോരഘോരം സുതാര്യമായി പ്രസംഗിക്കുന്ന കൂട്ടരേ.....അതൊന്നും ഞങ്ങൾ ബംഗാളിൽ കണ്ടില്ലല്ലോ; അതൊക്കെ ബംഗാളിൽ കാണണ്ടേ? പഞ്ചായത്ത് രാജ് സംവിധാനം നടപ്പിലാക്കിയെങ്കിൽ, അവിടെ തേനും പാലും ഒഴുക്കിയെങ്കിൽ എന്തുകൊണ്ട് അതിന്റെ നേട്ടമൊന്നും അവിടെയും ത്രിപുരയിലും ഉണ്ടായില്ല.

ഇവിടെ ബഹുമാന്യനായ ചെങ്ങന്നൂർ മെമ്പർ പ്രസംഗിച്ചപ്പോൾ 40% ഫണ്ട് ത്രിതല പഞ്ചായത്തുകൾക്ക് നൽകിയത് നിങ്ങളാണെന്ന് പറഞ്ഞു. അത് നിങ്ങളല്ല. രാജീവ് ഗാന്ധിയുടെ കാലഘട്ടത്തിൽ പഞ്ചായത്ത് രാജ് നിയമമുണ്ടാക്കുന്നതിന് മുൻകയ്യെടുത്തു. 1993-94-ൽ പി. വി. നരസിംഹ റാവു ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന കാലഘട്ടത്തിൽ 72, 73 ഭരണഘടനാ ഭേദഗതി കൊണ്ടുവന്ന് കോൺഗ്രസ് അത് നടപ്പിലാക്കി, പിന്നീടുവന്ന യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ശ്രീ. സി. ടി. അഹമ്മദ് അലി

വകുപ്പുമന്ത്രിയായപ്പോൾ അദ്ദേഹത്തിനുവേണ്ടി അന്നത്തെ നിയമ വകുപ്പുമന്ത്രിയായിരുന്ന മാണി സാർ പഞ്ചായത്ത് രാജ് നിയമം അവതരിപ്പിച്ചു. ആ നിയമമാണ് ഇവിടെ നടപ്പാക്കിയിട്ടുള്ളത്. അല്ലാതെ നിങ്ങൾ പറയുന്നത് എന്താണ്? നിങ്ങൾ അതിന്റെ അവകാശവാദം പറയേണ്ടതില്ല.

ശ്രീ. കെ. ബാബു: സർ, ഭേദഗതി കൊണ്ടുവന്നതിന്റെ ഭാഗമായി ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തി എന്നതിനപ്പുറത്ത് ആ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ, പഞ്ചായത്ത് രാജിൽ പറയുന്ന വകുപ്പുകളും അധികാരങ്ങളും ചട്ടങ്ങളും റൂൾസും അതിനപ്പുറത്ത് ജനകീയാസൂത്രണ പ്രസ്ഥാനവും എന്നാണ് ഇവിടെ നടപ്പിലാക്കിയതെന്ന വസ്തുത മറച്ചുവച്ചുകൊണ്ട് പഞ്ചായത്ത് രാജ് എന്നുപറയുന്നത് ശരിയാണോ?

ശ്രീ. പി. കെ. ബഷീർ: സർ, 1991 മുതൽ 1996 വരെ കേരളം യു.ഡി.എഫ്. ഭരിച്ചു. ആ കാലഘട്ടത്തിൽ കെ. കരുണാകരൻ കേരളത്തിന്റെ മുഖ്യമന്ത്രിയായി. പിന്നീട് ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായി. ആ കാലഘട്ടത്തിലാണ് പഞ്ചായത്ത് രാജ് നിയമം വന്നതും ഇവിടെ പാസ്സാക്കിയതും. പി. കെ. കെ. ബാവ പഞ്ചായത്ത് വകുപ്പുമന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലാണ് ഇതുപ്രകാരം ഇവിടെ തെരഞ്ഞെടുപ്പ് നടത്തിയത്. ആ തെരഞ്ഞെടുപ്പിലൂടെ ത്രിതല പഞ്ചായത്തുകൾക്ക് അധികാര കൈമാറ്റം നടന്നു. ആ അധികാര കൈമാറ്റം നടന്ന് ആറുമാസം കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് വന്ന് നിങ്ങൾ അധികാരത്തിൽ വന്നു. ഞാൻ ചോദിക്കട്ടെ, ആ കാലത്ത് നൽകിയ അധികാരങ്ങൾ ഇന്നും പഞ്ചായത്തിനുണ്ടോ എന്നുള്ളത് നെഞ്ചത്ത് കൈവച്ച് അപ്പുറത്തിരിക്കുന്ന ശ്രീ. വി. കെ. സി. മമ്മത് കോയ അടക്കമുള്ള ആളുകൾ പറയുമോ? നിങ്ങൾ എല്ലാ അധികാരങ്ങളും തിരിച്ചുപിടിച്ചില്ലേ; ഇനി തിരിച്ചെടുക്കാൻ എന്ത് അധികാരമാണുള്ളത്? എന്നെക്കൊണ്ട് കൂടുതൽ പറയിപ്പിക്കേണ്ട. ബഹുമാന്യനായ മെമ്പർ സജി ചെറിയാന്റെ പ്രസംഗത്തിൽ പഞ്ചായത്ത് സെക്രട്ടറിമാർക്കുള്ള അമിത അധികാരം പിൻവലിക്കണമെന്ന് സൂചിപ്പിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പഞ്ചായത്തിന്റെ അധികാരങ്ങൾ ഓരോന്നായി എൽ.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ തിരിച്ചെടുത്തുവെന്ന് പറഞ്ഞു. ഏതെങ്കിലും പഞ്ചായത്തിലോ മുനിസിപ്പാലിറ്റിയിലോ പുതുതായി ബാറോ ബിവറേജസ് ഔട്ട്‌ലെറ്റോ സ്ഥാപിക്കുന്നതിന് അനുവാദം നൽകാൻ പഞ്ചായത്ത്/മുനിസിപ്പാലിറ്റിക്ക് അധികാരമുണ്ടായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത് തിരിച്ചെടുത്തത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. ബഷീർ: സർ, പ്രാദേശികമായുള്ള പ്രശ്നങ്ങളും ജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങളും നാട്ടിലുണ്ടാകുന്ന സംഭവവികാസങ്ങളും അറിയാവുന്നത് ഗ്രാമപഞ്ചായത്ത് മെമ്പർമാർക്കാണ്. ആ ഭരണസമിതിയുടെ അധികാരങ്ങളും തീരുമാനങ്ങളുമാണ് അട്ടിമറിച്ച് നിങ്ങൾ ഓരോന്നായി എടുത്തത്. അതല്ലേ നിങ്ങൾ ചെയ്തത്; ഞാൻ ചോദിക്കട്ടെ, ഈ പഞ്ചായത്ത് ഭരണസമിതിക്ക് ഒരു കെട്ടിടത്തിന് നമ്പർ കൊടുക്കാനോ പെർമിറ്റ് നൽകാനോ അധികാരമുണ്ടോ; നിങ്ങൾ ആലോചിച്ചുനോക്കൂ. സെക്രട്ടറിക്കേ അതിനുള്ള അധികാരമുള്ളൂ.

ശ്രീ. വി. ജോയി: സർ, നേരത്തെ ഭരണസമിതിക്ക് ഈ അധികാരമുണ്ടായിരുന്നോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, യഥാർത്ഥത്തിൽ ഈ പഞ്ചായത്ത് രാജ് നിയമം പാർലമെന്റ് അംഗീകരിച്ചതിനുശേഷം 29 വകുപ്പുകളെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് സ്റ്റേറ്റ് ലെജിസ്ലേച്ചറിന് അധികാരം നൽകി. ഞാൻ ആ സഭയിലെ ഒരംഗമായിരുന്നു. അങ്ങനെ അധികാരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് ഇന്ന് പഞ്ചായത്തുകൾക്ക് എല്ലാ അധികാരങ്ങളും ലഭിച്ചിരിക്കുന്നത് എന്നുള്ള കാര്യം അങ്ങേയ്ക്കറിയാമോ; അതിനുശേഷം നൽകിയ അധികാരം തിരിച്ചെടുത്തവരുണ്ട്. വിവാദം ഉണ്ടാക്കാൻ കഴിയാത്തതുകൊണ്ട് ഞാനതിലെ ഓരോ കാര്യത്തെക്കുറിച്ചും പറയുന്നില്ല. പക്ഷെ, കേരളത്തിൽ പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ 29 വകുപ്പുകൾ ഈ സംസ്ഥാനത്തിന്റെ മന്ത്രിമാർ കൈകാര്യം ചെയ്തുകൊണ്ടിരുന്നത് താഴേയ്ക്ക് കൊടുത്തത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റാണ് എന്നുള്ള വിവരം അങ്ങേയ്ക്കറിയാമോ?

ശ്രീ. പി. സി. ജോർജ്: സർ, എല്ലാവരും തർക്കത്തിലാണ്. പഞ്ചായത്ത് സെക്രട്ടറിക്കുള്ള അധികാരത്തെക്കുറിച്ച് പറയുന്നു. എന്നാൽ മൂന്നിലൊന്ന് പഞ്ചായത്തുകൾക്ക് സെക്രട്ടറിയില്ല. പിന്നെ സെക്രട്ടറിമാരുടെ അധികാരത്തെപ്പറ്റി പറഞ്ഞിട്ട് കാര്യമുണ്ടോ? സെക്രട്ടറിമാരെ ആദ്യം നിയമിക്കണം. അതുകഴിഞ്ഞ് അവരുടെ അധികാരത്തെക്കുറിച്ച് ചർച്ച ചെയ്യാം.

ശ്രീ. പി. കെ. ശശി: സർ, അധികാര വികേന്ദ്രീകരണത്തിന്റെ എല്ലാ അവകാശവും നിങ്ങൾക്കുള്ളതുതന്നെ, സമ്മതിച്ചു. നമ്മുടെ നാട്ടിൽ ജില്ലാ കൗൺസിൽ ഉണ്ടായിരുന്നല്ലോ; ഏറ്റവും ഫലപ്രദമായ തരത്തിൽ അധികാരം താഴേയ്ക്ക് കൊടുത്ത, വികസനരംഗത്ത് വലിയ തോതിൽ മാറ്റമുണ്ടാക്കാൻ സഹായിച്ച ആ കൗൺസിലുകളുടെ പണി തീർത്തതിന്റെ അവകാശവും ക്രെഡിറ്റും നിങ്ങൾക്കുള്ളതുതന്നെയല്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ജില്ലാ കൗൺസിൽ നിയമത്തിനകത്തുണ്ടായിരുന്ന ഏറ്റവും വലിയ പോരായ്മ ജില്ലാ കൗൺസിൽ പിരിച്ചുവിടാൻ ഗവൺമെന്റിന് അധികാരമുണ്ടായിരുന്നുവെന്നുള്ളത് തന്നെയാണ്. ജനങ്ങൾ തെരഞ്ഞെടുത്ത ജില്ലാ കൗൺസിലുകളെ പിരിച്ചുവിടുന്നതിനുള്ള അധികാരംകൂടി ജില്ലാ കൗൺസിൽ നിയമത്തിൽ ഉണ്ടായിരുന്നു. അതാണ് അതിന്റെ ഏറ്റവും വലിയ പോരായ്മ.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട വർക്കല മെമ്പർ മുമ്പ് വീടുകൾക്ക് നമ്പർ നൽകാനും നികുതി നിർണ്ണയിക്കാനും പഞ്ചായത്തുകൾക്ക് അധികാരമുണ്ടായിരുന്നോ എന്ന് ചോദിച്ചു. ഉണ്ടായിരുന്നല്ലോ. പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അധികാരമുണ്ടായിരുന്നു. പഞ്ചായത്തിന്റെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ടാക്സ് നിർണ്ണയിക്കാനുള്ള അധികാരമുണ്ട്. ഞാൻ പഞ്ചായത്ത് മെമ്പറും പഞ്ചായത്ത് പ്രസിഡന്റും ജില്ലാ പഞ്ചായത്ത് മെമ്പറുമൊക്കെ ആയിരുന്ന ആളാണ്. എനിക്കിതെല്ലാം നന്നായി അറിയാം. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്കായിരുന്നു അതിനുള്ള അധികാരം. ഇവിടെ ജില്ലാ കൗൺസിൽ എന്നുപറഞ്ഞു. ശ്രീ. പി. കെ. ശശി, 13 ജില്ലാ കൗൺസിൽ കിട്ടി നിങ്ങൾക്ക് അഹങ്കാരം കൂടിയപ്പോൾ നിയമസഭ പിരിച്ചുവിട്ടാണ് തെരഞ്ഞെടുപ്പിലേയ്ക്ക് പോയത്. തെരഞ്ഞെടുപ്പ് നടന്നപ്പോഴാണല്ലോ ഞങ്ങൾ നാല് കൊല്ലംകൊണ്ട് രണ്ടാമത് തിരിച്ചുവന്നത്. അതുമാത്രമാണോ? ആ ജില്ലാ കൗൺസിലിന് അന്നത്തെ ഭരണഘടനപ്രകാരമുള്ള ഒരു അധികാരവും ഇല്ലായിരുന്നു. ശ്രീ. പി. ഉബൈദുള്ള ജില്ലാ കൗൺസിൽ മെമ്പർ ആയിരുന്നല്ലോ; എന്ത് അധികാരമാണ് ഉണ്ടായിരുന്നത്? ഇന്നത്തെ പഞ്ചായത്ത് മെമ്പർക്കുള്ള ഭരണഘടനാപരമായ അധികാരം അന്നത്തെ ജില്ലാ കൗൺസിൽ മെമ്പർമാർക്കുണ്ടായിരുന്നില്ല. അങ്ങനെയുള്ള നോക്കുകുത്തിയായ ഒരു ജില്ലാ കൗൺസിൽ വേണ്ടെന്ന് കരുതിയാണ് ജില്ലാ കൗൺസിൽ പിരിച്ചുവിട്ടത്.

ശ്രീ. പി. ഉബൈദുള്ള: സർ, അതുമാത്രമല്ല, 1991-ലാണ് ജില്ലാ കൗൺസിൽ നിലവിൽ വന്നത്. 1993-ലാണ് വളരെയേറെ സുപ്രധാനമായ ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ പഞ്ചായത്ത് രാജ്-നഗരപാലിക സംവിധാനം വന്നത്. ഏതായാലും ഇതിനുശേഷം പഞ്ചായത്ത് രാജിന്റെ ഭാഗമായാണ് ത്രിതല പഞ്ചായത്ത് സംവിധാനവും മുനിസിപ്പൽ സംവിധാനവും നിലവിൽവന്നത്. അതോടുകൂടി ജില്ലാ കൗൺസിൽ അപ്രസക്തമായി. അതാണ് സംഭവിച്ചത്. അല്ലാതെ ജില്ലാ കൗൺസിൽ പിരിച്ചുവിട്ടതല്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, അധികാര വികേന്ദ്രീകരണം നമ്മളൊക്കെ ആഗ്രഹിക്കുന്നതാണ്. പക്ഷെ നിങ്ങളെ സംബന്ധിച്ചിടത്തോളം, നിങ്ങളുടെ പാർട്ടിയെ സംബന്ധിച്ചിടത്തോളം അതൊക്കെ ഒരു വ്യക്തിയിൽ കേന്ദ്രീകരിക്കണമെന്നുള്ളതുകൊണ്ട് നിങ്ങൾക്ക് ചിലപ്പോൾ അങ്ങനെയൊക്കെ തോന്നും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞതുപോലെ 29 വകുപ്പുകൾ നമ്മൾ പഞ്ചായത്തിന് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി കൊടുത്തത്. ഞങ്ങൾ കൊടുത്ത വകുപ്പുകളൊക്കെ നിങ്ങൾ തിരിച്ചുപിടിച്ചില്ലേ; ഞാൻ ബഹുമാനപ്പെട്ട പാർലമെന്ററി കാര്യവകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനോട് ചോദിക്കട്ടെ, അദ്ദേഹത്തിന്റെ വകുപ്പായ പട്ടികജാതി വികസന വകുപ്പിൽനിന്നല്ലേ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് നൽകേണ്ട വീട് ലൈഫ് പദ്ധതിയിലൂടെ കൊണ്ടുപോയത്. അദ്ദേഹത്തിന്റെ അധികാരം എടുത്തുകളഞ്ഞതല്ലേ, രണ്ട് കൊല്ലം കഴിഞ്ഞിട്ടും അങ്ങയുടെ വകുപ്പുവഴി ഒരു വീട് നൽകാൻ കഴിഞ്ഞിട്ടുണ്ടോ? എവിടെയാണ് അധികാര വികേന്ദ്രീകരണത്തെപ്പറ്റി പറയുന്നത്? ഇവിടെ ഇപ്പോൾ പുതിയ സംഭവം വരാൻ പോകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പോയതുകൊണ്ട് ആരാണ് അതിന് മറുപടി പറയുന്നതെന്ന് അറിയില്ല. വകുപ്പുകളുടെ ഒരു സംയോജനം വരുന്നുണ്ട്. ഞാൻ ചോദിക്കട്ടെ, ഗ്രാമവികസന വകുപ്പ്, നഗരാസൂത്രണ വകുപ്പ്, പഞ്ചായത്ത് വകുപ്പ് ഇതൊക്കെ നിങ്ങൾ ഒരു കോമൺ വകുപ്പായി കൊണ്ടുവരാൻ പോകുകയാണ്. 6 വകുപ്പുകളാണ് നിങ്ങൾ ലയിപ്പിക്കുന്നത്. 6 വകുപ്പുകൾ ലയിപ്പിക്കുമ്പോൾ മാനവ വിഭവശേഷി കുറയുമെന്നല്ലാതെ മറ്റെന്തെങ്കിലും പ്രയോജനമുണ്ടോ?

1994-ൽ പഞ്ചായത്ത് രാജ് ആക്ട് വരുമ്പോൾ പഞ്ചായത്ത് കോമൺ സർവ്വീസ് എന്ന പേരിൽ ഒരു നിയമമുണ്ടായിരുന്നു. അന്ന് രണ്ട് വകുപ്പുകൾ ലയിപ്പിച്ചതിന്റെ പേരിൽ സുപ്രീംകോടതിയിലുള്ള കേസ് ഇരുപത്തിനാല് വർഷമായിട്ടും ഇതുവരെ തീർപ്പായിട്ടില്ല. ആ പ്രശ്നം ഒരുപരിധിവരെ ഒഴിവായത് പുതിയ ആളുകൾ ജോലിയിൽ പ്രവേശിച്ചതുകൊണ്ടാണ്. പ്രാദേശിക സർക്കാരിലെ ജീവനക്കാരുടെ മനോവീര്യം തകർക്കാനല്ലേ നിങ്ങൾ ശ്രമിക്കുന്നത്? നിങ്ങൾ ഇപ്പോൾ ചെയ്യാൻ പോകുന്നതെന്താണ്? ഇവർക്ക് ശമ്പളം ആര് കൊടുക്കും? മുമ്പ് ഇവിടെ ഡി.ആർ.ഡി.എ. ഉണ്ടായിരുന്നു. അപ്പുറത്തിരിക്കുന്ന മെമ്പർമാരും മന്ത്രിമാരും സമാധാനം പറയണം. ദാരിദ്ര്യ നിർമ്മാർജന വിഭാഗമെന്ന നിലയ്ക്ക് ഡി.ആർ.ഡി.എ.-യെ പി.എ.യു. ആക്കി മാറ്റാൻ കേന്ദ്ര ഗവൺമെന്റ് പറഞ്ഞു. അന്ന് ഡി.ആർ.ഡി.എ.-യ്ക്ക് ശമ്പളം കൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റായിരുന്നു. ആ ഡി.ആർ.ഡി.എ.-യെ നമ്മൾ എന്തുചെയ്തു? ഇന്ത്യയിൽ മുഴുവൻ ഒരൊറ്റ നിയമം

വരികയും എല്ലാ സംസ്ഥാനങ്ങളും ഡി.ആർ.ഡി.എ.-യെ പി.എ.യു. എന്നാക്കി മാറ്റുകയും ചെയ്തു. പേരിൽ മാറ്റം വരുത്തിയെന്നല്ലാതെ നിങ്ങൾ എന്ത് ചെയ്തു? മറ്റൊരു സംസ്ഥാനവും ചെയ്യാത്തൊരു കാര്യം നിങ്ങൾ ചെയ്തു. സംസ്ഥാന സർക്കാരിന്റെ ഭരണപരമായ ആവശ്യമെന്ന പേരിൽ നിലപാടെടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പത്ത് വർഷമായി കേന്ദ്ര ഗവൺമെന്റ് ശമ്പളവിഹിതം നിർത്തലാക്കി. അങ്ങനെ 300 കോടി രൂപ നമുക്ക് നഷ്ടപ്പെട്ടു. എന്ത് നേട്ടമാണ് നമുക്കുണ്ടായത്? നിങ്ങൾ അന്ന് കേന്ദ്രം പറഞ്ഞത് കേട്ടിരുന്നുവെങ്കിൽ, നിങ്ങൾ സർവ്വീസ് സംഘടനയിലെ ഒന്നോ രണ്ടോ നേതാക്കന്മാർ പറയുന്നത് കേട്ടു. നിങ്ങളൊന്ന് ആലോചിക്കൂ. അതിന്റെ അനന്തരഫലം എന്താണ്? ഇപ്പോൾ ആ ശമ്പളം മുഴുവൻ കേരള ഗവൺമെന്റ് കൊടുക്കണം.

ശ്രീ. എം. നൗഷാദ്: സർ, ബില്ലിൽ നമ്മളിപ്പോൾ ചർച്ച ചെയ്യുന്നത് കണക്ക് കൊടുക്കാത്തതുമായി ബന്ധപ്പെട്ട് കാലാവധി നീട്ടുന്ന കാര്യമാണല്ലോ. എടവണ്ണ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി റസിയ ഈ കണക്ക് കൊടുത്തിട്ടില്ലെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്.

ശ്രീ. പി. കെ. ബഷീർ: സർ, അങ്ങനെയൊരു വിഡ്ഢിത്തമൊന്നും എനിക്ക് പറ്റില്ല. നിങ്ങളൊക്കെ അപ്പുറത്തുള്ളതുകൊണ്ട് ഞാൻ വളരെ കരുതലോടുകൂടിയാണ് നീങ്ങുന്നത്. അതൊക്കെ കുറച്ച് വിവരമുള്ള ആൾക്കാരാണ്. പത്തിരുപത് കൊല്ലം പഞ്ചായത്ത് പ്രസിഡന്റായതാണ്. നിങ്ങളുടെ പാർട്ടിക്കാർ വിവരമില്ലാതെയുണ്ടാക്കിയ നിയമമല്ലാതെ പിന്നെ എന്താണിത്? പഞ്ചായത്ത് പ്രസിഡന്റ് റഹീമിന്റെ ഭാര്യ, അഹമ്മദ് ഖാന്റെ ഭാര്യ, അതൊന്നുമല്ല വിഷയം. നിങ്ങളുടെ ആൾക്കാർക്ക് കൊടുക്കാൻ കഴിയാത്തതുകൊണ്ടും നിങ്ങൾ സ്റ്റഡി ക്ലാസ്സ് കൊടുത്തപ്പോൾ അവരുടെ ബുദ്ധിയിൽ കയറാത്തതുകൊണ്ടും പറ്റിയൊരു അപകടത്തിന് നിങ്ങൾ ബിൽ കൊണ്ടുവന്നുവെന്നേയുള്ളൂ, വേറൊന്നുമല്ല. ഇങ്ങനെ വരുമ്പോൾ കോടിക്കണക്കിന് രൂപയാണ് ഡി.ആർ.ഡി.എ.-ക്ക് ഇപ്പോൾ ശമ്പളം കൊടുക്കുന്നത്. ഇതേ അവസ്ഥ നാളെ ഉണ്ടാകില്ലേ? സ്വന്തമായി ഫണ്ടില്ലാത്ത പഞ്ചായത്തുകൾ ശമ്പളം കൊടുക്കാൻ പ്രയാസമനുഭവിക്കുന്ന ഈയൊരു കാലഘട്ടത്തിൽ നിങ്ങളിങ്ങനെ പത്തിരുപതിനായിരത്തോളം ജീവനക്കാരെ ഒരുമിച്ച് ഒരു വകുപ്പിന്റെ കീഴിൽ കൊണ്ടുവന്നാൽ ഇവിടെ എങ്ങനെ ശരിയാകും? ഇരുപതിനായിരത്തോളം ജീവനക്കാരെ കൊണ്ടുവന്നാൽ അവർക്ക് ട്രെയിനിംഗ് കൊടുക്കണ്ടേ? അഞ്ച് കൊല്ലംകൊണ്ട് ട്രെയിനിംഗ് കൊടുത്തു തീരുമോ? ആ ട്രെയിനിംഗിന് വരുന്നവർക്ക് ഒരു വർഷം 250-300 കോടി രൂപ ശമ്പളം കൊടുക്കണ്ടേ;

അതിനുപുറമെ ടി.എ. കൊടുക്കണ്ടേ? അങ്ങനെവരുമ്പോൾ അപ്പുറത്തിരിക്കുന്ന പഞ്ചായത്ത് വകുപ്പിലോ ഗ്രാമ വികസന വകുപ്പിലോ നഗരാസൂത്രണ വകുപ്പിലോ ആളുകളുണ്ടാകുമോ? നഗരാസൂത്രണ വകുപ്പ്, ഗ്രാമവികസന വകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ജീവനക്കാരുടെ ശമ്പളത്തിനുള്ള ഒരു വിഹിതം കേന്ദ്രം തരുന്നില്ലേ? ഈ വകുപ്പുകളെല്ലാംകൂടി ഒറ്റയൊരു വകുപ്പാക്കിയാൽ ആ വിഹിതം കേന്ദ്രത്തിൽനിന്നും ലഭിക്കുമോ? 742 പഞ്ചായത്തുകൾ ഭരിക്കുന്നത് നിങ്ങളാണ്; ഞങ്ങളല്ല. നിങ്ങൾ അത് മനസ്സിലാക്കണം. നിങ്ങൾ വെറുതെ അതുമിതും പറയണ്ട.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, അങ്ങിവിടെ ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര ഗവൺമെന്റിൽ ധനകാര്യ വകുപ്പും ഗ്രാമവികസന വകുപ്പും പഞ്ചായത്തുകാര്യ വകുപ്പുമുണ്ട്. ഇത് മൂന്നും പ്രത്യേകമാണ്. കേരളത്തിൽ ഇത് മെർജ് ചെയ്ത് ഒന്നാക്കുകയാണ്. ഇതുമൂലം കേന്ദ്ര ഗവൺമെന്റുമായുള്ള എല്ലാ ബന്ധങ്ങളിലും ഇടപാടുകളിലും നമുക്ക് പ്രയാസമുണ്ടാകുമെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, അതെ. ഇത് മൂന്നും മൂന്നാകണം. ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ അഞ്ച് കൊല്ലം ഗ്രാമവികസന വകുപ്പുമന്ത്രിയായിരുന്നു. ഒരു ഘട്ടത്തിൽ 742 കോടി രൂപയാണ് PMGSY-യ്ക്ക് കിട്ടിയിരുന്നത്. അങ്ങനെയൊരു കാലഘട്ടമുണ്ടായിരുന്നു. ഇന്ത്യയ്ക്കൊട്ടാകെ ഉണ്ടാക്കിയ മാർഗ്ഗരേഖയാണ്. അതിൽ കേരളത്തിന് മാത്രമായി മാറ്റംവരുത്താൻ കേന്ദ്രഗവൺമെന്റ് സമ്മതിക്കുമോ? നിങ്ങൾ കേന്ദ്രത്തിനെതിരെ സമരം ചെയ്യില്ലെന്നെനിക്കുറപ്പുണ്ട്. രണ്ടര കൊല്ലമായിട്ട് നിങ്ങൾ കേന്ദ്രത്തിനെതിരെ സമരം ചെയ്തിട്ടില്ലല്ലോ. അമൃത് പദ്ധതി, സംയോജിത നഗര വികസന പദ്ധതി എന്നിവയുടെ എം.ഒ.യു. ഒപ്പുവയ്ക്കേണ്ടത് കേന്ദ്രസർക്കാരും സംസ്ഥാന നഗരാസൂത്രണ വകുപ്പും തമ്മിലാണ്. ആര് പറയുന്നുവെന്നല്ല, വിഷയം എന്താണെന്ന് നിങ്ങൾ പഠിക്കണം. ലോക ബാങ്ക്, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് തുടങ്ങിയവയുടെ ധനസഹായംകൊണ്ട് നിർവ്വഹണം നടത്തുന്ന വിവിധ പദ്ധതികളുടെ നോഡൽ ഏജൻസിയാണ് ഗ്രാമവികസന വകുപ്പ്. അതിനെ ഇല്ലായ്മ ചെയ്താൽ ഒന്നും കിട്ടില്ല. അല്ലെങ്കിൽത്തന്നെ കിഫ്ബിയും ചിട്ടിയുമായിട്ടാണ് നിങ്ങൾ നടക്കുന്നത്. പിന്നെ എവിടെ നിന്ന് നിങ്ങൾക്ക് പണം കിട്ടും? നിങ്ങൾ വകുപ്പ് സംയോജിപ്പിക്കുന്ന കാര്യം പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ടാകും. പ്രകടനപത്രികയിൽ പറഞ്ഞിട്ടുണ്ടെങ്കിലും അതിന്റെ വരുംവരായ്മകളും മെരിറ്റുമൊക്കെ പരിശോധിക്കണം. ഗ്രാമവികസനം, നഗരാസൂത്രണം, പഞ്ചായത്ത്

എന്നീ വകുപ്പുകളിലെ ജീവനക്കാരൊക്കെ സമരം ചെയ്യുകയല്ലേ? 5,0000 പേർക്ക് വീട് കൊടുക്കുമെന്ന് പറഞ്ഞു. 25 മാസമായിട്ട് ഒരു മനുഷ്യനെങ്കിലും വീട് കൊടുക്കാൻ നിങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടോ? വീടിനുവേണ്ടി എന്തൊക്കെ നിയമമുണ്ടാക്കി? ഒറ്റ കണ്ടീഷൻ അതിൽ വച്ചാൽ പോരായിരുന്നോ? വാസയോഗ്യമല്ലാത്ത, വീടില്ലാത്ത ആളുകൾക്ക് വീടുനൽകാൻ പദ്ധതിക്കകത്ത് ഗൈഡ്‌ലൈൻ വച്ചാൽ പോരേ? ലൈഫ് പദ്ധതിയിൽ അവസാനം നിങ്ങൾ എന്ത് ചെയ്തു? ഞാൻ അന്ന് ഇവിടെ അടിയന്തരപ്രമേയം കൊണ്ടുവന്നു. പ്രതിപക്ഷ നേതാവൊക്കെ ഇവിടെ സംസാരിച്ചു. അപ്പോൾ റേഷൻ കാർഡിന്റെ കാര്യം പറഞ്ഞു. ഒരു കുടുംബത്തിൽ അഞ്ചോ ആറോ ആളുകളുണ്ടെങ്കിൽ, കുടുംബനാഥന്റെ പേരിലാണ് റേഷൻ കാർഡെങ്കിൽ, റേഷൻ കാർഡില്ലാത്ത ആ കുടുംബത്തിൽപ്പെട്ട മറ്റൊരു ആളിന് വീടിനുവേണ്ടി അപേക്ഷ കൊടുക്കാൻ കഴിയില്ല. വീട് വയ്ക്കാൻ റേഷൻ കാർഡ് വേണം. റേഷൻ കാർഡ് കിട്ടണമെങ്കിൽ വീട് വേണം. വീട് വേണമെങ്കിൽ നമ്പർ വേണം. പഞ്ചായത്ത് സെക്രട്ടറിക്ക് അപേക്ഷ കൊടുക്കുമ്പോൾ അപേക്ഷകന് വീടില്ലെന്ന് കാണിക്കണം. പഞ്ചായത്ത് സെക്രട്ടറിയാണ് സർട്ടിഫിക്കറ്റ് കൊടുക്കുക. ചുരുക്കത്തിൽ അയാൾക്ക് വീടിന് അപേക്ഷ കൊടുക്കാൻ കഴിയില്ല. അവസാനം നിങ്ങളെന്താണ് പറഞ്ഞത്? നിങ്ങൾക്ക് എല്ലാ ബുദ്ധിയും ഒരു കൊല്ലം കഴിഞ്ഞിട്ടേ ഉണ്ടാകൂ. 23-5-2018-ന് നിങ്ങളൊരു സർക്കുലർ പുറപ്പെടുവിച്ചു. എന്താണ് സർക്കുലർ? 'ഗ്രാമസഭ അംഗീകരിച്ച് അന്തിമമാക്കിയ ലൈഫ് ഗുണഭോക്തൃ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധന നടത്തി ആരെയും ഒഴിവാക്കാൻ പാടില്ല'. അതിലെ അഞ്ചാമത്തെ കണ്ടീഷൻ, 'റേഷൻ കാർഡില്ലായെന്നതിന്റെ പേരിൽ അർഹതയുള്ള ഒരു കുടുംബത്തേയും ലൈഫ് ഗുണഭോക്തൃ ലിസ്റ്റിൽനിന്ന് ഒഴിവാക്കരുത്' എന്നാണ്. അന്ന് ഞാൻ ചോദിച്ചു. അന്ന് നിങ്ങൾ പറഞ്ഞത് ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ മാറ്റമുണ്ടാകില്ലെന്നാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയോട് ലൈഫ് പദ്ധതിയെക്കുറിച്ച് കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ ഉപചോദ്യം ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ആദ്യത്തെ ലിസ്റ്റ് അങ്ങനെതന്നെ പോകട്ടെ എന്നാണ്. രണ്ടാമത്തെ ലിസ്റ്റോ? സപ്ലിമെന്ററി എന്നുപറഞ്ഞു. എന്തിനാ നിങ്ങൾ അങ്ങനെ പറയുന്നത്? അതുമാത്രമല്ല, ഈ ഓർഡറിന്റെകൂടെ നിങ്ങൾ പറഞ്ഞു, റേഷൻ കാർഡ് ഇല്ലാത്തതിന്റെ പേരിൽ ഒഴിവാക്കിയ ആളുകളുണ്ടെങ്കിൽ വീണ്ടും ഗ്രാമസഭയിൽ പോയി ഗ്രാമസഭ അംഗീകരിച്ച് ജില്ലാ കളക്ടറുടെ അംഗീകാരം വാങ്ങണമെന്നാണ്. നിങ്ങളുടെ തലയിൽ കളിമണ്ണാണോ? ഒരു ഗ്രാമസഭ അംഗീകരിച്ചിട്ട് പിന്നെ ജില്ലാ കളക്ടറുടെ

അംഗീകാരത്തിന് പോകേണ്ട ആവശ്യമെന്താണ്? നിങ്ങളൊന്ന് ആലോചിച്ച് നോക്കണം. അധികാരവി കേന്ദ്രീകരണം പറഞ്ഞ ആൾക്കാരല്ലേ നിങ്ങൾ? പിന്നെ എന്തിനാണ് അങ്ങോട്ട് പോകേണ്ടത്. ഗ്രാമസഭ കൂടി പഞ്ചായത്ത് ബോർഡ് അംഗീകരിച്ച ലിസ്റ്റ് പിന്നെ ജില്ലാ കളക്ടർ അംഗീകരിക്കേണ്ട ആവശ്യമുണ്ടോ? നിങ്ങൾ ഇക്കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായി പറയണം. അതുകൊണ്ടല്ലേ ആർക്കും വീട് കൊടുക്കാൻ കഴിയാത്തത്? വീട് കൊടുക്കുന്നതിനുവേണ്ടി കിഫ്ബിയിൽനിന്നും 2500 കോടി രൂപ കൊടുക്കുമെന്ന് പറഞ്ഞാണല്ലോ പദ്ധതിയിൽ നിങ്ങൾ പണം വച്ചത്? എവിടെ നിന്നാണ് നിങ്ങൾ 2500 കോടി രൂപ എടുക്കുന്നത്? നിങ്ങൾക്ക് പണമുണ്ടായിട്ട് വേണ്ടേ? നിങ്ങൾക്ക് എവിടെയാണ് പദ്ധതി? ഇവിടെ നാല്പതിനായിരം രൂപ കൊടുത്തു. ബഹുമാന്യനായ പി. ഉബൈദുള്ള പറഞ്ഞല്ലോ, ഇപ്പോൾ ഗഡു കൊടുക്കുന്നത് നാല്പതിനായിരമാണ് എന്ന്. ഗവൺമെന്റിന്റെ ഒന്നാം വാർഷികത്തിൽ അഞ്ച് കൊല്ലംകൊണ്ട് അഞ്ച് ലക്ഷത്തിചില്വാനം ആളുകൾക്ക് വീട് നൽകുമെന്നാണ് പറഞ്ഞു, നൽകിയോ? ജനുവരി മാസം വന്ന രണ്ടാമത്തെ സർക്കുലർ പ്രകാരം ലിസ്റ്റിലുള്ളവർക്കുപോലും കൊടുക്കാൻ കഴിയുന്നില്ല. എന്താണ് വിഷയമെന്നറിയാമോ? ലിസ്റ്റ് പരിശോധിച്ചശേഷം ഫണ്ട് കൊടുക്കുന്നതിനുവേണ്ടി എഗ്രിമെന്റ് വയ്ക്കുമ്പോൾ വി.ഇ.ഒ. സൈറ്റ് ഇൻസ്പെക്ഷൻ നടത്തുമ്പോൾ അപേക്ഷകൻ ഒരു ചെറ്റക്കുടിലിലാണ് താമസിക്കുന്നതെങ്കിൽ അപേക്ഷകന് വീടുണ്ട്, ഇന്ന വീട്ടിലാണ് താമസിക്കുന്നതെന്ന് വി.ഇ.ഒ. എഴുതും. അപ്പോൾ ആ അപേക്ഷകൻ ലിസ്റ്റിൽ നിന്ന് പുറത്താകും. ഒരു കമ്മിറ്റിയെ നിയോഗിച്ച് നിങ്ങൾ പറഞ്ഞ കാര്യത്തിൽ സത്യമുണ്ടോയെന്ന് പരിശോധിക്കണം. അപ്പുറത്തും ഇപ്പുറത്തുമുള്ള എല്ലാ എം.എൽ.എ.-മാർക്കും ഇതിന്റെ ദുരിതം മുഴുവൻ അറിയാം. വാസയോഗ്യമല്ലാത്ത വീടുണ്ടെങ്കിൽ അങ്ങനെ പറയാമല്ലോ. പഞ്ചായത്ത് ലിസ്റ്റുണ്ടാക്കിയപ്പോൾ ഒരു ചായ്പ്പോ ചാളയോ ഉള്ള 250-ഓളം ആൾക്കാർ ലിസ്റ്റിൽ വന്നു. അപ്പോൾ ലിസ്റ്റ് ചെറുതാക്കാൻവേണ്ടി വി.ഇ.ഒ.യ്ക്ക് ഓറൽ ഡയറക്ഷൻ കൊടുത്തു. അവർ വീടുണ്ടെന്ന് എഴുതിയാൽ ലൈഫ് പദ്ധതിയിൽ വീട് കൊടുക്കാൻ കഴിയില്ല. അതിന്റെ പേരിലല്ലേ തിരൂരങ്ങാടിയിൽ ഒരാൾ ആത്മഹത്യ ചെയ്തത്? ഞങ്ങൾ ഒരു പഞ്ചായത്ത് ഭരിക്കുമ്പോൾ നിങ്ങൾ അവിടെ വന്ന് സമരം ചെയ്തിട്ട് കാര്യമുണ്ടോ? ഇത് നിങ്ങളുണ്ടാക്കിയ തലതിരിഞ്ഞ ഓർഡറിന്റെ ഫലമല്ലേ? നിങ്ങൾ രൂപീകരിച്ച നിയമത്തിന്റെ അപാകതമൂലമാണ് സംസ്ഥാനത്ത് ഈ സർക്കാരിന്റെ നാല് സുപ്രധാന പദ്ധതികളിലൊന്നായ ലൈഫ് പദ്ധതി ഫ്ലോപ്പായത്. ഞങ്ങളുടെ കുറ്റംകൊണ്ടല്ല.

ശ്രീ. കെ. ബാബു: സർ, ലൈഫ് പദ്ധതിയുടെ ഗുണഭോക്താക്കളുടെ ലിസ്റ്റ് അംഗീകരിച്ച് ആദ്യ ഗഡു 23-ാം തീയതി എന്റെ മണ്ഡലത്തിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിൽ വിതരണം ചെയ്യുകയാണ്. അത് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടോ? കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ പണിതിട്ടും പണിതിട്ടും പണിതീരാത്ത 58,000-ത്തോളം വരുന്ന വീടുകളുടെ പുനർനിർമ്മാണം പൂർത്തീകരിച്ച് താക്കോൽദാനം നടത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്.

ശ്രീ. പി. കെ. ബഷീർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുന്നതിന് ആറ് മാസം മുമ്പ് അതായത്, 2015 നവംബർ ഒന്നാം തീയതിയാണ് സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകൾ അധികാരത്തിൽ വന്നത്. അന്ന് എങ്ങനെയായിരുന്നു വീടുകൾ നൽകിയിരുന്നത്? ജനകീയാസൂത്രണ പദ്ധതി നിലവിൽ വന്ന് 20 വർഷമായിട്ടും പഞ്ചായത്തിന്റെ 25% അല്ലെങ്കിൽ 30% പണം സേവന മേഖലയിലേയ്ക്ക് നീക്കിവച്ച്, അതിലൊരു വീടിന് രണ്ട് ലക്ഷം രൂപ സർക്കാരിന്റെ ഗൈഡ്‌ലൈൻ പ്രകാരം നീക്കിവച്ച് ഗ്രാമപഞ്ചായത്ത് അപേക്ഷ ക്ഷണിച്ച് എഴുപത്തിയഞ്ചോ നൂറോ പേർക്ക് വീട് നൽകുന്ന പദ്ധതിക്ക് ഗ്രാമസഭ അന്തിമ ലിസ്റ്റുണ്ടാക്കിയിരുന്നു. അങ്ങനെ വരുമ്പോൾ ഒരു വർഷം എത്ര ആളുകൾക്ക് വീട് നൽകും? പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനും കൂടിയാകുമ്പോൾ എത്രയുണ്ടാകും? എത്ര ആളുകൾക്ക് കൊടുക്കാൻ കഴിഞ്ഞു? അങ്ങനെ വരുമ്പോൾ ഒന്നര-രണ്ട് ലക്ഷത്തോളം ആളുകൾക്ക് കൊടുക്കേണ്ടിവരും. 2015-16-ലും 2016-17-ലും കൊടുക്കാൻ കഴിഞ്ഞോ? നാല് ലക്ഷം രൂപ കൊടുക്കണമെങ്കിൽ രണ്ട് ലക്ഷം രൂപ പഞ്ചായത്തിന്റെ വിഹിതവും രണ്ട് ലക്ഷം രൂപ സർക്കാരിന്റെ വിഹിതവുംകൂടി പഞ്ചായത്തിന് കൊടുത്തിരുന്നുവെങ്കിൽ ഭംഗിയായി നടക്കുമായിരുന്നില്ലേ? പട്ടികജാതി/ പട്ടികവർഗ്ഗ വികസന വകുപ്പ് അവരുടെ സ്വന്തം ഫണ്ടിൽനിന്നും പണം കൊടുത്ത് ആദിവാസികൾക്ക് വീട് നൽകുന്ന പദ്ധതി ഭംഗിയായി നടത്തിയിരുന്നു. ശ്രീ. എ. കെ. ബാലനും ശ്രീമതി പി. കെ. ജയലക്ഷ്മിയും മന്ത്രിയായിരുന്നപ്പോൾ അത് ഭംഗിയായി നടന്നിരുന്നു. ഇപ്പോൾ ശ്രീ. എ. കെ. ബാലനെ കയ്യാമം വച്ച് പൂട്ടിയിരിക്കുകയല്ലേ? എന്തെങ്കിലും ചെയ്യാൻ അദ്ദേഹത്തിന് കഴിയുന്നുണ്ടോ? അതൊക്കെ ലൈഫ് പദ്ധതിയിൽ പോയില്ലേ, ന്യൂനപക്ഷ വകുപ്പിന് കൊടുത്തില്ലേ? ഇപ്പോൾ നിങ്ങൾ ചെയ്യുന്നതെന്താണ്? കോർപ്പറേഷന്റെ കാര്യം നോക്കാം, പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നുള്ള വീടുകളാണ് ഇപ്പോൾ നിങ്ങൾ കൊടുക്കുന്നത്. നിങ്ങൾ അധികാര വികേന്ദ്രീകരണത്തിന്റെ വക്താക്കളല്ല. കഴിഞ്ഞ രണ്ടര കൊല്ലമായി പഞ്ചായത്തിൽ നിലനിന്നിരുന്ന സംവിധാനമാണ് നിങ്ങൾ

ഇല്ലാതാക്കിയത്. ഗ്രാമവികസനം, നഗരാസൂത്രണം, പഞ്ചായത്ത് എന്നീ വകുപ്പുകൾ ഒരുമിച്ച് നടത്തി കേന്ദ്ര ഫണ്ടും അമൃത് പദ്ധതിയും നഗര വികസന പദ്ധതിയും കിട്ടാത്ത അവസ്ഥയിലെത്തിച്ച് വരാൻ പോകുന്ന സർക്കാരിന് അതായത്, ഞങ്ങൾക്ക് ഒരു ബാധ്യതയാക്കരുത് എന്നാണ് എനിക്ക് നിങ്ങളോട് അഭ്യർത്ഥിക്കാനുള്ളത്. പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള നിയമം പഞ്ചായത്ത് മെമ്പർമാർക്ക് സ്വത്ത് വിവരം സമയത്ത് നൽകാതിരിക്കാനുള്ള ഒരു നിയമമായി മാറുമെന്നുള്ളതുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

1.00 PM]

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതിയുമായി ബന്ധപ്പെട്ട് ഒറ്റ കാര്യമേ പറയാനുള്ളൂ. 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലിന്റെ ഭാഗമായി സ്വത്ത് വിവരം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകുന്നതിനുള്ള സമയപരിധി 15 മാസം എന്നുള്ളത് 30 മാസമാക്കുകയാണ്. യഥാർത്ഥത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞതുപോലെ ഇതിന് നിർബന്ധിക്കപ്പെട്ടതാണ്. ഇതിൽ ആർക്ക് തെറ്റുപറ്റിയെന്നതിനെ സംബന്ധിച്ചൊന്നും ഞാനിവിടെ പറയാൻ ആഗ്രഹിക്കുന്നില്ല. കൃത്യസമയത്ത് സ്റ്റേറ്റ്മെന്റ് കൊടുത്തിരുന്നെങ്കിൽ കാലാവധി ദീർഘിപ്പിക്കേണ്ട അവസ്ഥയുണ്ടാകുമായിരുന്നില്ല. അതിന് ജനപ്രതിനിധികളുടെ ഭാഗത്തുനിന്നും ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. നേരത്തെ ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ സൂചിപ്പിച്ചതുപോലെ കണക്കുകൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ട് ചില സംശയങ്ങൾ ജനപ്രതിനിധികൾക്കുണ്ടായി എന്നത് സത്യമാണ്. ലോകായുക്തയുടെ മുമ്പാകെ കണക്ക് കൊടുത്തതുകൊണ്ട് ഇനി വേറൊരു അധികാര കേന്ദ്രത്തിലേയ്ക്ക് കൊടുക്കേണ്ടതില്ല എന്ന ധാരണ കുറച്ച് ജനപ്രതിനിധികൾക്കുണ്ടായി. അതോടൊപ്പം കൊടുത്ത കണക്ക് ചില അധികാര കേന്ദ്രങ്ങളിൽ നിന്നും എങ്ങനെയോ കാണാതാകുകയും ചെയ്തിട്ടുണ്ട്. ജനപ്രതിനിധികളോട് ചോദിച്ചാൽ അവർ പറയുന്നത്, ഞങ്ങൾ കൃത്യമായി സ്റ്റേറ്റ്മെന്റ് കൊടുത്തിട്ടുണ്ടെന്നാണ്. പക്ഷെ അത് എവിടെ കൊടുത്തു, ആരുടെ കയ്യിൽ കൊടുത്തു എന്നുള്ളതിനെ സംബന്ധിച്ചൊന്നും ഒരു വ്യക്തതയുമില്ല. സ്റ്റേറ്റ്മെന്റ് കൊടുത്തതുമായി ബന്ധപ്പെട്ടുകൊണ്ട് അവ്യക്തതയുമുണ്ടായി. ഇതിന്റെയെല്ലാം ഭാഗമായി നമ്മൾ നിർബന്ധിക്കപ്പെടുകയാണ് എന്നതാണ് സത്യം. അല്ലെങ്കിൽ 1300-ഓളം ആളുകളെ അയോഗ്യരാക്കും. അതിൽ

യു.ഡി.എഫ്.-ന്റെയും എൽ.ഡി.എഫ്.-ന്റെയും ജനപ്രതിനിധികളുണ്ട്. ഇതൊരു പുതിയ സംഭവമല്ല. യഥാർത്ഥത്തിൽ ഒറിജിനൽ ആക്റ്റിൽ മൂന്ന് മാസമാണ് ഉണ്ടായിരുന്നത്. 2012-ൽ യു.ഡി.എഫ്. മൂന്ന് മാസം എന്നത് 15 മാസമാക്കി. തുടർന്ന് എൽ.ഡി.എഫ്.-ഉം 15 മാസം എന്നത് 30 മാസമാക്കി. രണ്ടിന്റെയും കാരണം ഒന്നാണ്. നമ്മൾ നിർബന്ധിക്കപ്പെട്ടതാണ് എന്നതാണ് യാഥാർത്ഥ്യം. റേഷ്യോ നോക്കിയാൽ ഇതിനെക്കാളും ദീർഘിപ്പിക്കാം. ഈ ഭേദഗതി നമ്മൾ കൊണ്ടുവരുന്നില്ലെങ്കിൽ ഒരു തെരഞ്ഞെടുപ്പിലേയ്ക്ക് പോകും. അതുണ്ടാക്കുന്ന ബുദ്ധിമുട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണത്തെ സാരമായി ബാധിക്കും. ഇക്കാരണങ്ങൾ കൊണ്ടാണ് ഈ രൂപത്തിലുള്ള നിയമനിർമ്മാണത്തിന് നിർബന്ധിക്കപ്പെട്ടത്. അതിന് മറ്റ് ന്യായീകരണങ്ങളൊന്നുമില്ല. ഇതാണ് ഭേദഗതിയുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

അക്കാദമിക തലത്തിലുള്ള വളരെ ശ്രദ്ധേയമായ കാര്യങ്ങളാണ് ഈ ചർച്ചയുടെ ഭാഗമായി നിയമസഭ മുമ്പാകെ വന്നത്. അതിൽ പരിശോധിക്കേണ്ട ഭാഗങ്ങളെല്ലാം ബന്ധപ്പെട്ട വകുപ്പ് പരിശോധിക്കും. അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും കാര്യത്തിൽ കുറവുകളുണ്ടാകാം. യഥാർത്ഥത്തിൽ, അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ഭാഗമായി ഇത്രയും ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഇന്ത്യ രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലില്ല. 73, 74 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായാണ് ഇവ ഭരണഘടനാ സ്ഥാപനങ്ങളായത്. അതിനുമുമ്പ് ഇതേ ആശയം ഉൾക്കൊണ്ടുകൊണ്ട് കേരളത്തിൽ മറ്റൊരു തദ്ദേശസ്വയംഭരണ സംവിധാനമുണ്ടായിരുന്നു. അത് 1990-ൽ രൂപീകൃതമായ ജില്ലാ കൗൺസിലുകളായിരുന്നു, ഒരു ജില്ലയ്ക്ക് ഒരു ഭരണം എന്ന രൂപത്തിലായിരുന്നു അത്. ഗ്രാമമെന്നോ നഗരമെന്നോ വ്യത്യാസമില്ലാതെ ഒരു ജില്ലയ്ക്ക് പൊതുവിൽ ബാധകമായ ഒരു സംവിധാനമെന്ന നിലയിലായിരുന്നു ഇ. കെ. നായനാർ ഗവൺമെന്റ് ജില്ലാ കൗൺസിലുകൾക്ക് രൂപം കൊടുത്തത്. അതിനുവേണ്ടിയുള്ള നിയമനിർമ്മാണത്തിന്റെ തുടക്കം 1957-ലെ സഖാവ് ഇ.എം.എസ്. ഗവൺമെന്റിന്റെ കാലമായിരുന്നു. ഭൂപരിഷ്കരണ നിയമത്തിന്റെയും വിദ്യാഭ്യാസ നിയമത്തിന്റെയും ഭാഗമായിത്തന്നെ അധികാര വികേന്ദ്രീകരണ നിയമത്തിന് അന്നുതന്നെ രൂപം കൊടുത്തതാണ്. പക്ഷെ അത് 1990-ലെ ഗവൺമെന്റാണ് യാഥാർത്ഥ്യമാക്കിയത്. ഞാൻ അന്ന് പാലക്കാട് ജില്ലാ കൗൺസിൽ പ്രസിഡന്റായിരുന്നു, ടി. കെ. ബാലനായിരുന്നു കണ്ണൂർ ജില്ലാ കൗൺസിലിന്റെ പ്രസിഡന്റ്, കെ. ബാലൻ മാഷായിരുന്നു കോഴിക്കോട് ജില്ലാ കൗൺസിലിന്റെ പ്രസിഡന്റ്. അന്ന് കാൽ ഡസൻ ബാലൻമാരുണ്ടായിരുന്നു.

ആ ജില്ലാ കൗൺസിലുകളെ 1991-ൽ അധികാരത്തിൽ വന്ന ബഹുമാനപ്പെട്ട കെ. കരുണാകരന്റെ ഗവൺമെന്റ് നിഷ്കരുണം ഗളച്ഛേദം നടത്തി കയ്യും കാലുമെല്ലാം വെട്ടിനുറുക്കി ഇല്ലാതാക്കി. വൈസ് പ്രസിഡന്റിന് കൊടുത്ത വാഹനവും തിരിച്ചുപിടിച്ചു. 1994-ൽ വന്ന ഭരണഘടനാ ഭേദഗതിയുടെ ഭാഗമായാണ് 1991-ലെ ജില്ലാ കൗൺസിലിനെ പിരിച്ചുവിട്ടതെന്ന് ബഹുമാനപ്പെട്ട പി. ഉബൈദുള്ള പറഞ്ഞത് തെറ്റിദ്ധരിച്ചാണ്. അതിനെക്കാൾ മുമ്പുതന്നെ പിരിച്ചുവിട്ടു. അതുമായി ബന്ധപ്പെട്ട് സുകുമാർ അഴീക്കോടിനെ വച്ച് പാലക്കാട് ഞാനൊരു കൺവെൻഷൻ നടത്തിയിരുന്നു. അതുസംബന്ധിച്ച് അന്ന് അദ്ദേഹം പറഞ്ഞത്, ഇതൊരു ബാലവധമാണ്, ബാലന്മാരുടെ ശാപമുണ്ടായാൽ അതൊരു വല്ലാത്ത സ്ഥിതിയിലേയ്ക്ക് എത്തുമെന്നാണ്. ആ അനുഭവം നമ്മുടെ മുമ്പിലുണ്ടെന്നുള്ളത് മനസ്സിലാക്കണം.

കേരള സംസ്ഥാനം രൂപീകൃതമായതിനുശേഷം 1964-ലാണ് ആദ്യമായി പഞ്ചായത്ത് ഇലക്ഷൻ നടക്കുന്നത്. അതുകഴിഞ്ഞ് 1979-ൽ, 15 കൊല്ലം കഴിഞ്ഞാണ് പിന്നീട് ഇലക്ഷൻ നടക്കുന്നത്. അന്ന് പഞ്ചായത്ത് പ്രസിഡന്റായിരിക്കുമ്പോൾ കല്യാണം കഴിഞ്ഞ ആൾക്ക് അയാളുടെ കുട്ടിക്ക് വോട്ടവകാശമായപ്പോൾപോലും പ്രസിഡന്റ് സ്ഥാനം പോയിട്ടില്ല. അന്ന് പഞ്ചായത്ത് പ്രസിഡന്റുമാർക്ക് ജനങ്ങളെ പേടിച്ച് നാട്ടിലൂടെ നടക്കാൻ സാധിക്കില്ലായിരുന്നു. 1979-ലെ തെരഞ്ഞെടുപ്പിനുശേഷം 1988-ൽ എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിലാണ് തെരഞ്ഞെടുപ്പ് നടക്കുന്നത്. യഥാർത്ഥത്തിൽ 1988-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം 1993-ൽ നടക്കേണ്ടതാണ്. പക്ഷെ 1993-ൽ നടന്നില്ല, 1995-ലാണ് നടന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അന്ന് നിയമം മാറി.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 1994 -ലെ ഭരണഘടനാ ഭേദഗതി പ്രകാരം 1995-ൽ നടത്താൻ നിർബന്ധിക്കപ്പെട്ടതാണ്. യഥാർത്ഥത്തിൽ നിങ്ങൾ 1993-ൽ തെരഞ്ഞെടുപ്പ് നടത്തേണ്ടതായിരുന്നു. 1988-ൽ നടന്നാൽ പിന്നീട് 1993-ൽ നടക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, യഥാർത്ഥത്തിൽ ഭരണഘടനാ ഭേദഗതി നിയമം അന്ന് പാർലമെന്റ് അംഗീകരിച്ചശേഷം സംസ്ഥാനങ്ങൾക്ക് റഫർ ചെയ്യിച്ചു. സംസ്ഥാനത്ത് റഫർ ചെയ്ത് 1994-ലാണ് നമ്മൾ ഈ ഭേദഗതി അംഗീകരിക്കുന്നത്. അതിനിടയിലുള്ള സമയമാണ്. ആരും ഇത് പിരിച്ചുവിട്ടതാണെന്ന് തെറ്റിദ്ധരിക്കരുത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, പഴയ പഞ്ചായത്ത് ആക്ട് പ്രകാരം തെരഞ്ഞെടുപ്പ് നടത്താൻ ഒരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല. 1988-ൽ അധികാരത്തിൽ വന്ന പഞ്ചായത്തുകൾക്ക് 1993-ൽ ഇലക്ഷൻ നടത്താൻ ഒരു തടസ്സവുമുണ്ടായിരുന്നില്ല. പക്ഷേ രണ്ട് കൊല്ലമെടുത്തു. ഭരണഘടനാ ഭേദഗതി വന്നതിനുശേഷം കൃത്യമായി തെരഞ്ഞെടുപ്പ് നടന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, 1963-ൽ പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിനുശേഷം മാറിമാറി വന്ന ഇടതുപക്ഷ ഗവൺമെന്റും യു.ഡി.എഫ്. ഗവൺമെന്റും 16 കൊല്ലം കഴിഞ്ഞ് 1979-ലാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടത്തിയത്. അപ്പോൾ അത് നിങ്ങൾക്കും ബാധകമല്ലേ? അതിനിടയ്ക്ക് 1967-ൽ നിങ്ങളുടെ ഗവൺമെന്റുണ്ടായിരുന്നല്ലോ?

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, 1964-ൽ ആണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ് ആദ്യം നടന്നത്. പിന്നീട് നടക്കേണ്ടത് 1969-ലാണ്. പിന്നീട് എൽ.ഡി.എഫ്. വന്നോ എന്നുള്ളതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഞങ്ങളുടെ കാലഘട്ടത്തിലല്ലല്ലോ. 1967 മുതൽ 1969 വരെയുള്ള കാലഘട്ടത്തിൽ ഞങ്ങൾ ഇല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, 1979-ൽ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ യു.ഡി.എഫ്. ഗവൺമെന്റാണ് ഭരിക്കുന്നത്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അതെ. 15 കൊല്ലം കഴിഞ്ഞാണ് ഇലക്ഷൻ നടക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നമ്മൾ കണ്ട ഒരു ദുരന്തത്തിന്റെ ചിത്രം ഞാനിവിടെ പറഞ്ഞുവെന്ന് മാത്രം. അതിനുശേഷം കൃത്യമായി 1995, 2,000, 2005, 2010, 2015 വർഷങ്ങളിൽ തെരഞ്ഞെടുപ്പ് നടന്നു. ഓരോ ഘട്ടം കഴിയുന്തോറും അധികാരവും ജനങ്ങളും തമ്മിലുള്ള അതിർവരമ്പ് ഇല്ലാതായി. ജനങ്ങളെ അധികാരത്തിലേയ്ക്കും അധികാരത്തെ ജനങ്ങളിലേയ്ക്കും ലയിപ്പിക്കുന്ന പ്രക്രിയയ്ക്ക് കേരളം ഇന്ന് മാതൃകയാണ്. ഈ സംവിധാനം ഒന്നിനും കൊള്ളാത്തതാണ്, പഞ്ചായത്തുകളുടെ അധികാരങ്ങൾ ഇല്ലാതാകുന്നു എന്ന രൂപത്തിലുള്ള തെറ്റായ പ്രചരണമുണ്ടാകരുത് എന്നുള്ളതുകൊണ്ടാണ് ഞാനിത് പറഞ്ഞത്. ഈ സംവിധാനത്തെ പലപ്പോഴും ബ്യൂറോക്രസിയിലെ ഒരു വിഭാഗം സംഘടിതമായി ഇല്ലാതാക്കാൻ ശ്രമിച്ചതാണ്. അങ്ങനെയുള്ള വിഭാഗത്തിന് ആക്കം കൊടുക്കലായിരിക്കും തെറ്റായ ഈ രൂപത്തിലുള്ള

പരാമർശങ്ങൾ വഴിയുണ്ടാകുക എന്ന് സൂചിപ്പിക്കാൻവേണ്ടിയാണ് ഞാൻ ഇക്കാര്യം എടുത്തുപറഞ്ഞത്. നമുക്ക് ഈ സംവിധാനത്തെ ഇനിയും നന്നാക്കേണ്ടതുണ്ട്.

മുൻ പഞ്ചായത്ത് മെമ്പർമാർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട എം.എൽ.എ., ശ്രീ. പി. ഉബൈദുള്ള ഇവിടെ സൂചിപ്പിച്ചു. പഞ്ചായത്ത് രാജ് സംവിധാനത്തിലെ മുൻ ജനപ്രതിനിധികൾക്ക് ക്ഷേമനിധി പെൻഷൻ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ കൺവീനറായി ഒരു ഉപദേശക സമിതി രൂപീകരിക്കുകയുണ്ടായി. ആ സമിതി രണ്ട് പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്. മുൻ അംഗങ്ങൾക്ക് ക്ഷേമനിധി പെൻഷൻ നൽകുന്നത് സംബന്ധിച്ച് വിശദമായ ചർച്ച നടത്തുകയും അതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിലേയ്ക്ക് നൽകുന്നതിനായി ജീവിച്ചിരിക്കുന്ന മുൻ അംഗങ്ങളുടെ വിവരങ്ങൾ പൂർണ്ണമായും ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. 31-7-2018-നകം ഉപസമിതിയുടെ അടുത്ത യോഗം ചേർന്ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതായിരിക്കും.

ലൈഫ് പദ്ധതിയുടെ ആരംഭത്തിൽ കുറച്ച് പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ സ്പില്ലായ വീടുകൾ പൂർത്തീകരിക്കുകയാണ്. രണ്ടാംഘട്ടത്തിൽ സ്ഥലമുണ്ട്, പക്ഷേ വീടില്ലാത്ത വിഭാഗത്തിലെയും മൂന്നാംഘട്ടത്തിൽ സ്ഥലവും വീടുമില്ലാത്തവരുടെയും പ്രശ്നത്തിലേയ്ക്കാണ് നമ്മൾ കടക്കുന്നത്. ഏതാണ്ട് രണ്ട് ലക്ഷത്തോളം ആളുകളാണ് സ്ഥലമുണ്ടായിട്ടും വീടില്ലാത്തവരായിട്ടുള്ളത്. നാല് ലക്ഷത്തോളം ആളുകൾക്ക് സ്ഥലവുമില്ല, വീടുമില്ല. മൊത്തം ആറ് ലക്ഷത്തോളം ആളുകൾക്കാണ് വീടില്ലാത്തത്. പട്ടികജാതി വിഭാഗത്തിൽ സ്ഥലമില്ലാത്ത 70000-ത്തോളം ആളുകളും സ്ഥലമുണ്ടെങ്കിലും വീടില്ലാത്ത 20000-ത്തോളം ആളുകളുമുണ്ടാകും. പട്ടികവർഗ്ഗ വിഭാഗത്തിൽ 12000-ത്തോളം ആദിവാസികൾക്ക് സ്ഥലമില്ല, സ്ഥലം ഉണ്ടെങ്കിലും വീടില്ലാത്ത 16000-ത്തോളം പേരുമുണ്ടാകും. ഈ പ്രശ്നം മൂന്ന് വർഷംകൊണ്ട് പരിഹരിക്കാൻ സാധിക്കും. അതുമായി ബന്ധപ്പെട്ട് ശക്തമായ നിലപാടാണ് എടുത്തിട്ടുള്ളത്. കുടുംബശ്രീ തയ്യാറാക്കി പഞ്ചായത്ത് സെക്രട്ടറി/ജില്ലാതല അപ്പീലുകൾക്ക് ശേഷമാണ് ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ നിന്ന് ഗുണഭോക്താക്കളെ അംഗീകരിക്കുന്നത്. കുടുംബശ്രീയാണ് കുറേക്കൂടി ജനങ്ങളുമായി ബന്ധമുള്ളത് എന്നുള്ളതുകൊണ്ട് ആദ്യം അവരെയാണ് ഏൽപ്പിച്ചത്. ചില പരാതികൾ വന്നത് അപ്പീൽ കേട്ട് പരിഹരിച്ചിട്ടുണ്ട്. ഇപ്പോൾ ആ പ്രശ്നമില്ല.

കെട്ടിടം റെഗുലറൈസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട ബില്ലിൽ പഞ്ചായത്തിന്റെ അധികാരം കുറച്ച് ഉദ്യോഗ കമ്മിറ്റിയാക്കി എന്നാണ് ഇവിടെ വന്ന ഒരു പരാമർശം. റെഗുലറൈസേഷൻ സാങ്കേതിക പരിശോധനയിലൂടെ നടക്കുന്ന നടപടിയാണ്. സർക്കാർ തലത്തിലുണ്ടായിരുന്ന അധികാരം യഥാർത്ഥത്തിൽ ജില്ലാതലത്തിലേയ്ക്ക് കൈമാറുകയാണ് ചെയ്തിട്ടുള്ളത്. അതിലൂടെ വികേന്ദ്രീകരണം ശക്തിപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ബാറുകൾക്ക് എൻ.ഒ.സി. കൊടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രശ്നം, എക്സൈസ് നിയമത്തിലെയും പഞ്ചായത്ത് നിയമത്തിലെയും വ്യവസ്ഥകളിലെ contradiction ആണ്. ആ വ്യവസ്ഥ മാറ്റുന്നതിനുവേണ്ടിയാണ് പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വരുത്തിയത്. അത് എക്സൈസ് നിയമത്തിന്റെ ഭാഗമാണ്. എക്സൈസ് നിയമവും ഓവർലാപ്പാണ്. ഷാപ്പുകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് രണ്ട് നിയമങ്ങളാണുള്ളത്. അതുകൊണ്ടാണ് ഇത് എക്സൈസ് നിയമത്തിന്റെ ഭാഗമാക്കിയത്. 73, 74 ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ടുകൊണ്ട് ഷെഡ്യൂൾ ചെയ്തിട്ടുള്ള കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ എവിടെയും മദ്യത്തെ സംബന്ധിച്ച് പറയുന്നുമില്ല. അതുകൊണ്ട് ഇതിൽ യാതൊരു അവ്യക്തതയുമില്ല. ഇനിയും രണ്ട് ബില്ലുകൾ ഉള്ളതുകൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, സ്ഥലമില്ലാത്ത, വീടില്ലാത്ത ആളുകൾക്ക് ഫ്ലാറ്റ് നിർമ്മിച്ച് കൊടുക്കുന്ന പദ്ധതി ലൈഫ് മിഷനിൽ പറഞ്ഞിരുന്നു. ആദ്യ ഘട്ടത്തിൽ 14 ജില്ലകളിലും ഫ്ലാറ്റ് നിർമ്മിക്കാനുള്ള സംവിധാനമുണ്ടാക്കുമെന്ന് പറഞ്ഞു. അതിന്റെ ടെണ്ടർ കഴിഞ്ഞപ്പോൾ പത്രത്തിൽ പല വാർത്തകളും കണ്ടിരുന്നു. ഇപ്പോൾ മന്ത്രിയുടെ മറുപടിയിൽ ആദ്യം പൂർത്തീകരിക്കാത്ത വീടുകൾ പൂർത്തീകരിക്കുമെന്നും രണ്ടാംഘട്ടത്തിൽ വീടിന് അപേക്ഷ കൊടുത്ത ആളുകളെയും മൂന്നാംഘട്ടത്തിൽ സ്ഥലവും വീടുമില്ലാത്ത ആളുകളെയും പരിഗണിക്കുമെന്നുമാണ് പറഞ്ഞത്. അങ്ങനെയാണെങ്കിൽ ഗവൺമെന്റിന്റെ ഫ്ലാറ്റ് സംവിധാനം നിർത്തലാക്കിയോ; രണ്ട് കൊല്ലം കഴിഞ്ഞാണോ മൂന്നാം ഘട്ടം വരുന്നത് ?

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, അത് എന്റെ മറുപടിയിൽ ബഹുമാനപ്പെട്ട മെമ്പർക്ക് അവ്യക്തതയുണ്ടായതാണ്. സ്പില്ലായ വീടുകൾ രണ്ടുമൂന്ന് മാസം കൊണ്ട് പൂർത്തീകരിക്കും. സ്ഥലമുണ്ടായിട്ട് വീടില്ലാത്ത ആളുകളുടെയും സ്ഥലവും വീടുമില്ലാത്ത ആളുകളുടെയും കാര്യം മൂന്നാംഘട്ടമെന്ന നിലയിലല്ല എടുക്കുന്നത്. രണ്ടാം ഘട്ടത്തിന് സമാനമായിത്തന്നെ പോകും. അപ്പോൾ അതിന് ബുദ്ധിമുട്ടുണ്ടാകില്ല. ഉദാഹരണത്തിന്, ഫ്ലാറ്റ് സിസ്റ്റം സ്ഥലമില്ലാത്ത ആളുകൾക്ക് വേണ്ടിയാണ്. ഇപ്പോൾ പലരും ഗവൺമെന്റിന് ഭൂമി ദാനമായി തരികയാണ്.

വലിയ പ്രതീക്ഷയാണ് അതിലുണ്ടാകുന്നത്. ബഹുമാനപ്പെട്ട പി. സി. ജോർജിന്റെ ഇടപെടലിലൂടെ രണ്ട് പ്രാവശ്യമായി മൂന്നര-മൂന്നേമുക്കാൽ ഏക്കറോളം സ്ഥലം ഗവൺമെന്റിന് ലഭ്യമാകുമെന്ന് ഉറപ്പായിട്ടുണ്ട്. ശ്രീ. പി. സി. ജോർജിനെപ്പറ്റി നമുക്ക് പല ആക്ഷേപങ്ങളുണ്ടാകും, പക്ഷേ ചില നല്ല കാര്യങ്ങൾ ചെയ്താൽ നല്ലതെന്ന് പറയണ്ടേ; നല്ലത് ആര് ചെയ്താലും നല്ലതെന്ന് പറയണ്ടേ? ഇത് മാതൃകാപരമായ സമീപനമാണ്. ഒരു എം.എൽ.എ. ഇടപെട്ട് മൂന്നര ഏക്കർ സ്ഥലം കണ്ടുപിടിച്ച് ഗവൺമെന്റിലേയ്ക്ക് കൈമാറുകയാണ്. അവിടെ ഫ്ലാറ്റ് സിസ്റ്റത്തിലാണ് ലൈഫ് പദ്ധതിയുടെ ഭാഗമായി വീടുകൾ കൊടുക്കാൻ പോകുന്നത്. ചില സ്ഥലത്ത് രണ്ടോ മൂന്നോ സെന്റ് സ്ഥലം വച്ച് വീതിച്ച് കൊടുക്കുകയും ചെയ്യും. അത് ആ സ്ഥലത്തിന്റെ രൂപം അനുസരിച്ചായിരിക്കും. മൂന്നാംഘട്ടം എന്നുപറഞ്ഞ് സ്ഥലമില്ലാത്തവർക്ക് സ്ഥലവും വീടും എന്ന സങ്കൽപ്പം അപ്രായോഗികമായി പോകില്ല, രണ്ടാം സ്റ്റേജിന്റെ ഭാഗമായി ആ പദ്ധതി എടുക്കുന്നതാണ്.

<u>മി. സ്പീക്കർ</u>: ശ്രീ. സജി ചെറിയാൻ അവതരിപ്പിച്ച 1 'എ' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ശ്രീ. സജി ചെറിയാൻ അവതരിപ്പിച്ച 1 'എ' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 2 'ബി' നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 2 'ബി' നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

142. ഖണ്ഡം 2-ൽ "മുപ്പത് മാസങ്ങൾക്കകം" എന്ന വാക്കുകൾക്ക് പകരം "മൂന്ന് മാസങ്ങൾക്കകം" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

144. ഖണ്ഡം 2-ൽ " മുപ്പത്" എന്ന വാക്കിന് പകരം " പതിനെട്ട് എന്ന വാക്ക് ചേർക്കുക.

156. പ്രധാന ആക്റ്റിലെ വകുപ്പ് 159 (1)-ലെ ഒന്നാമത്തെ ക്ലിപ്ത നിബന്ധനയ്ക്കുശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക:

" എന്നു മാത്രമല്ല, സർക്കാർ നിശ്ചയിക്കുന്ന സമയമെന്നത് യാതൊരു കാരണവശാലും ഒരംഗത്തിന്റെ കാലാവധി അവസാനിച്ചതിനു ശേഷമാകാനും പാടില്ലാത്തതാണ് " .

കാലാവധി തീരുന്നതിന് ഒരു വർഷത്തിനകമാണ് ബൈ-ഇലക്ഷനിൽ ആളുകൾ ജയിച്ചുവരുന്നതെങ്കിൽ ആ കാലാവധി ഒരു വർഷംകൊണ്ട് തീരുകയാണ്. അതാണ് 156-ാം നമ്പർ ഭേദഗതികൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത്. 30 മാസം ഉണ്ടാകില്ലല്ലോ; ആകെ ഒരു വർഷത്തെ കാലാവധി ഉണ്ടാകുമ്പോൾ 30 മാസം അവർ അവിടെ ഉണ്ടാകില്ല.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

154. ഖണ്ഡം 2-ൽ " മുപ്പത് മാസങ്ങൾക്കകം " എന്ന വാക്കുകൾക്കു പകരം " രണ്ടു വർഷത്തിനകം" എന്ന വാക്കുകൾ ചേർക്കുക.

157. പ്രധാന ആക്റ്റിലെ വകുപ്പ് 159 (2)-നു ശേഷം താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കുക.

" എന്നാൽ 2015 നവംബർ 12-ന് തെരഞ്ഞെടുക്കപ്പെട്ട നിലവിലുള്ള അംഗങ്ങൾക്ക് 159-ാം വകുപ്പ് പ്രകാരം അവരുടെ സ്വത്ത് വിവരം സംബന്ധിച്ച രേഖകൾ 30 മാസക്കാലയളവിനുള്ളിൽ സമർപ്പിക്കാവുന്നതാണ്" .

മി. സ്പീക്കർ : 123-ാം നമ്പർ മുതൽ 141-ാം നമ്പർ വരെയുള്ള ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാൽ ക്രമപ്രകാരമല്ല. ശ്രീ. അനൂപ് ജേക്കബിന്റെ 145-ാം നമ്പർ ഭേദഗതി ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതിക്ക് തുല്യവും 149-ാം നമ്പർ ഭേദഗതി 148-ന് തുല്യവും പ്രൊഫ. ആബിദ് ഹുസൈൻ തങ്ങളുടെ 155-ാം നമ്പർ ഭേദഗതി ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതിക്ക് തുല്യവുമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 144, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 154, 157 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

(ഭേദഗതിയില്ല)

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. പീഠികയിൽ "ആവശ്യങ്ങൾക്കായി" എന്ന വാക്കിന് പകരം " ആവശ്യങ്ങൾക്ക്" എന്ന് വാക്ക് ചേർക്കുക.

114. തത്വപ്രഖ്യാപന വാക്യത്തിലെ "സംവൽസരത്തിൽ " എന്ന വാക്കിന് പകരം "സംവത്സരത്തിൽ " എന്ന വാക്ക് ചേർക്കുക.

121. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക:

"(2) ഇത് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്. "

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

110. പീഠികയിൽ "വീണ്ടും " എന്ന വാക്ക് ഒഴിവാക്കുക.

112. പീഠികയിൽ "യുക്തമായിരിക്കുകയാൽ " എന്ന വാക്കിന് പകരം "ആവശ്യമായിരിക്കുകയാൽ " എന്ന വാക്ക് ചേർക്കുക.

115. ഖണ്ഡം 1(1) താഴെ പറയും പ്രകാരം മാറ്റുക.

"(1) ഈ നിയമത്തിന് 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) നിയമം എന്ന് പേര് പറയാം. "

122. ഖണ്ഡം 1 (2) താഴെ പറയും പ്രകാരം മാറ്റുക.

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്. "

ശ്രീ. പി. കെ. ബഷീർ :സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

120. ഖണ്ഡം 1(2) താഴെ പറയും പ്രകാരം മാറ്റുക.

"(2) ഇത് 2018 ഏപ്രിൽ 26-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്. "

മി. സ്പീക്കർ: ശ്രീ. ടി. എ. അഹമ്മദ് കബീറിന്റെ 111-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. കെ. എം. ഷാജിയുടെ 113-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതിക്ക് തുല്യവും ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ 116-ാം നമ്പർ ഭേദഗതി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതിക്ക് തുല്യവും 119-ാം നമ്പർ ഭേദഗതി 118-ന് തുല്യവും ആയതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 109, 114, 121 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 110, 112, 115, 122 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2018-ലെ തിരുവിതാംകൂർ - കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ, അങ്ങേയ്ക്ക് ചട്ടം 303 അനുസരിച്ച് തടസ്സവാദം ഉന്നയിക്കാം.

## ക്രമപ്രശ്നം

### ബില്ലിലെ അപാകത സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഈ തടസ്സവാദം രാവിലെ എഴുതി തരുമ്പോൾ ഒഫീഷ്യൽ അമെന്റ്മെന്റ് വന്നിട്ടില്ലായിരുന്നു. ഇപ്പോഴാണ് ഒഫീഷ്യൽ അമെന്റ്മെന്റ് വന്നത്. ഈ വിഷയത്തിന് ഓർഡിനൻസ് ഇറക്കുകയും ആ ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻവേണ്ടി ബിൽ സഭയിൽ അവതരിപ്പിക്കുകയും അത് സബ്ജക്ട് കമ്മിറ്റിക്ക് പോകുകയും ചെയ്തപ്പോഴൊന്നും ഈ ഒഫീഷ്യൽ അമെന്റ്മെന്റ് വന്നിട്ടില്ല. ഇപ്പോഴാണ് ഈ ഒഫീഷ്യൽ അമെന്റ്മെന്റ് വരുന്നത്. ഞാൻ പറഞ്ഞിരിക്കുന്ന പ്രധാന പോയിന്റുകളിൽ പകുതി ഭാഗത്തിന് മാത്രമേ പ്രസക്തിയുള്ളൂ. കാരണം, ക്ലോസ് 4, ക്ലോസ് 8 എന്നിവ നിയമപരമായി നിലനിൽക്കുന്നതല്ല എന്നുള്ളതായിരുന്നു എന്റെ വാദം. അത് ഗവൺമെന്റ് അംഗീകരിച്ചിരിക്കുകയാണ്. ക്ലോസ് നാലും എട്ടും നിയമപരമായി നിലനിൽക്കുന്നതല്ലെന്ന് മനസ്സിലാക്കി, ആ രണ്ട് ക്ലോസിലും എട്ടിലും ഗവൺമെന്റിന് കമ്മീഷണറെ അപ്പോയിന്റ് ചെയ്യാനുള്ള അധികാരമാണ് കൊടുത്തിരുന്നത്. അതിപ്പോൾ ഒഫീഷ്യൽ അമെന്റ്മെന്റിൽ ദേവസ്വം ബോർഡിനുള്ള അധികാരമാക്കി മാറ്റി. ഗവൺമെന്റിന് അപ്പോയിന്റ് ചെയ്യാനുള്ള അധികാരമില്ലായിരുന്നു എന്നുള്ളതാണ് എന്റെ തടസ്സവാദത്തിലെ പ്രധാന കാതൽ. കാരണം, ട്രൈ പാർട്ടി കവനന്റുണ്ട്. തിരുവിതാംകൂർ രാജകുടുംബവും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും ഒരുമിച്ചാണ് കവനന്റുണ്ടാക്കിയത്. ആർട്ടിക്കിൾ 363 അനുസരിച്ചുള്ള ഭരണഘടനാപരമായ പ്രൊട്ടക്ഷനും ആ കവനന്റിനുണ്ട്. Within the frame work of the Covenant and the Constitution, അങ്ങനെ മാത്രമെ ലെജിസ്ലേച്ചറിൽ ഒരു നിയമമുണ്ടാക്കാനുള്ള ലെജിസ്ലേറ്റീവ് കോംപീറ്റൻസിയുള്ളൂ. കവനന്റ് 10 ഡി പ്രകാരം എല്ലാ അധികാരങ്ങളും, അതായത് അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ മുഴുവൻ ദേവസ്വം ബോർഡിനാണ്. ഗവൺമെന്റിന് അപ്പോയിന്റ് ചെയ്യാനുള്ള അധികാരം കൊടുത്താൽ 10 ഡി-യുടെ വയലേഷനാകും. ഗവൺമെന്റിന് അപ്പോയിന്റ് ചെയ്യാനുള്ള അധികാരമില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പുതിയ ഒഫീഷ്യൽ അമെന്റ്മെന്റിൽ അങ്ങനെയൊരു ഓഫീസർ ഇല്ലെങ്കിൽ ഗവൺമെന്റിന് അപ്പോയിന്റ് ചെയ്യാനുള്ള അധികാരം വീണ്ടും കൊടുത്തിരിക്കുകയാണ്. ആളില്ലെങ്കിൽ ഗവൺമെന്റിന് അപ്പോയിന്റ് ചെയ്യാം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രികൂടി സംസാരിക്കുമ്പോൾ വ്യക്തമാകും.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുസംബന്ധിച്ച് നേരത്തെ ഹൈക്കോടതി വിധിയുണ്ട്. അതായത് ദേവസ്വം ബോർഡിലെ സീനിയറായ ആളുകളെ എലിജിബിലിറ്റിയും സീനിയോറിറ്റിയും അനുസരിച്ച് കമ്മീഷണറായി നിയമിക്കണം. അതിന് ലെജിറ്റ്മേറ്റ് ക്ലെയിം ആണ് ദേവസ്വം ബോർഡ് എംപ്ലോയീസിന്റേത്. ആ ഹൈക്കോടതി വിധിയിലും ഈ ഓർഡിനൻസിലും നിയമസഭയിൽ കൊണ്ടുവന്ന ബില്ലിലും സബ്ജക്ട് കമ്മിറ്റിയിലുണ്ടാക്കിയ മാറ്റത്തിലും ആ വ്യത്യാസം വരുത്തിയിട്ടില്ല എന്നതാണ് ഞങ്ങൾ ഉന്നയിക്കുന്ന പ്രധാനപ്പെട്ട തടസ്സവാദം. ഇപ്പോൾ എലിജിബിളായ ഒരു ഡെപ്യൂട്ടി കമ്മീഷണറെ കമ്മീഷണറാക്കാമെന്ന് പുതിയ ഒഫിഷ്യൽ അമെന്റ്മെന്റിൽ പറയുന്നുണ്ട്. അതേസമയം അതില്ലാത്ത ഒരു സാഹചര്യത്തിൽ ഒരു അഡീഷണൽ സെക്രട്ടറിയെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്നാണ് പറയുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ അതിനൊരു ക്ലാരിറ്റിക്കുറവുണ്ട്. അതും അപ്പോയിന്റ് ചെയ്യാനുള്ള അധികാരവും ദേവസ്വം ബോർഡിനുതന്നെ കൊടുക്കണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഡെപ്യൂട്ടി കമ്മീഷണർമാർ എലിജിബിളല്ലെങ്കിൽ അതിനുതാഴെയുള്ള ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് കൊടുത്ത് അതിന് റൂളുണ്ടാക്കി അവരെ നിയമിക്കണമെന്ന് സുപ്രീംകോടതി വിധിയുണ്ട്. മാത്രമല്ല, അതുവരെ പഴയ ആളുകൾ തുടരും എന്നുകൂടി പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, അതൊരു പ്രധാനപ്പെട്ട പോയിന്റാണ്. അതാണ് ഇതിനകത്തുള്ള ഒരു വ്യത്യാസം. ഇതിനകത്ത് ഒരു അവ്യക്തത വന്നിരിക്കുകയാണ്. ദേവസ്വം ബോർഡിലെ ഏറ്റവും സീനിയറായ ഒരാളെ ഡെപ്യൂട്ടി കമ്മീഷണറായി നിയമിക്കാം. ഒഫിഷ്യൽ അമെന്റ്മെന്റിന്റെ ആ ഭാഗം ഞങ്ങൾ അംഗീകരിക്കുന്നു. അങ്ങനെ എലിജിബിളായ ഒരു ഡെപ്യൂട്ടി കമ്മീഷണർ ഇല്ലാത്ത അവസരത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കമ്മീഷണറെ നിയമിക്കാം. ചീഫ് കമ്മീഷണറുടെ കാര്യത്തിൽ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഒരാളെയും കമ്മീഷണറുടെ കാര്യത്തിൽ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഒരാളെയും നിയമിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. അത് ശരിയായ നടപടിയല്ല. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ അത് കോടതി നിർദ്ദേശത്തെ മറികടക്കുന്നതിനുള്ള നടപടിയാണ്. മാത്രമല്ല, ഈ കവനന്റിൽ മറ്റൊരു പ്രധാനപ്പെട്ട പോയിന്റുകൂടി മറികടക്കേണ്ടതുണ്ട്. നമുക്കൊരു ലെജിസ്ലേറ്റീവ് കോംപീറ്റൻസി അക്കാര്യത്തിലുണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്. കവനന്റിന്റെ ആർട്ടിക്കിൾ 12 ബി പ്രകാരം കേരള ഹൈക്കോടതിയുടെ

പരമാധികാരത്തെ ബലപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ സർക്കാരാണ് കമ്മീഷണറുടെ പാനൽ ഹൈക്കോടതിയിലേയ്ക്ക് അയയ്ക്കുന്നത്. ഹൈക്കോടതി ദേവസ്വം ബോർഡുമായി ആലോചിച്ച് അതിൽനിന്നും ഒരാളെ കമ്മീഷണറായി സെലക്ട് ചെയ്യും. നിയമനം നടത്തുന്നത് ബോർഡാണ്. നിയമനം ബോർഡിനാണെങ്കിലും സെലക്ഷൻ നടത്തുന്നത് ഹൈക്കോടതിയാണ്. ഹൈക്കോടതിയുടെ സ്ക്രൂട്ടിണിക്ക് ശേഷമാണ് നടക്കുന്നത്. അത് ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ്. എക്സിക്യൂട്ടീവിനുള്ള അധികാരം ഹൈക്കോടതി കവർന്നെടുക്കുകയാണെന്ന വ്യക്തിപരമായ അഭിപ്രായമുള്ള ആളാണ് ഞാൻ. അത് മറ്റൊരു അവസരത്തിൽ ചർച്ച ചെയ്യപ്പെടേണ്ട കാര്യമാണ്. ദേവസ്വം ബോർഡിന് ഒരാളെ നിയമിക്കാനുള്ള അധികാരത്തിന്മേൽ ജുഡീഷ്യറിയുടെ ഭാഗത്തുനിന്നുള്ള ഇടപെടലായാണ് എനിക്ക് തോന്നുന്നത്. പക്ഷെ, നിലവിൽ കവനന്റിന്റെ ആർട്ടിക്കിൾ 12 ബി അനുസരിച്ച് ഹൈക്കോടതിക്ക് ഇത്തരം കാര്യങ്ങളിൽ ഇടപെടാനുള്ള പ്രൊട്ടക്ഷനുണ്ട്. ആ പ്രൊട്ടക്ഷൻ നിലനിൽക്കുമ്പോൾ ഹൈക്കോടതിയുമായി ആലോചിക്കാതെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആളെ നിയമിക്കുന്ന കാര്യം, ആദ്യത്തെ ഭാഗത്തിന് കുഴപ്പമില്ല; അതായത് എലിജിബിലിറ്റിയുള്ള സീനിയറായ ആളെ നിയമിക്കുന്നതിന് ഹൈക്കോടതിയുടെ അനുമതി ആവശ്യമില്ല. പക്ഷെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാൻ തീരുമാനിച്ചാൽ അതിന് ഹൈക്കോടതിയുടെ അംഗീകാരം വേണ്ടിവരും. ഇല്ലെങ്കിൽ അത് violation of article 12 B of the Covenant ആയി മാറും. ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാമെന്നുള്ള ഒഫീഷ്യൽ അമെന്റ്മെന്റിലെ രണ്ടാമത്തെ ഭാഗം നീക്കം ചെയ്താൽ ഇത് കറക്ടായി മാറും, നിയമപരമായും നിലനിൽക്കും. അല്ലെങ്കിൽ നിയമപരമായി നിലനിൽക്കപ്പെടുമോയെന്നുള്ള സംശയം അപ്പോഴും വരും. ഇക്കാര്യമാണ് ഞാൻ ഉന്നയിക്കുന്നത്.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നത്തിൽ പകുതി നിലനിൽക്കുന്നില്ലെന്ന് അദ്ദേഹംതന്നെ സമ്മതിച്ചുകഴിഞ്ഞു. യഥാർത്ഥത്തിൽ ദേവസ്വം ബോർഡുകളിലെ കമ്മീഷണറെ നിയമിക്കുന്നതിന് വേണ്ടിയുള്ള നിലവിലെ നടപടികൾ ഒരു ദിവസംകൊണ്ട് വന്നതല്ല. സംസ്ഥാനത്ത് 5 ദേവസ്വം ബോർഡുകളുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാര്യം മാത്രം ഞാൻ പറയാം. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1950 മുതൽ 1994 വരെ ജീവനക്കാരുടെ ഉദ്യോഗക്കയറ്റംവഴി കമ്മീഷണറെ നിയമിക്കുന്ന ഒരു കീഴ്വഴക്കമുണ്ടായിരുന്നു. TCHRI (Travancore Cochin Hindu Religious Institutions Act) ആക്ടിൽ കമ്മീഷണർമാരുടെ

നിയമനം ജീവനക്കാരുടെ ഉദ്യോഗക്കയറ്റമായി വ്യവസ്ഥ ചെയ്തിട്ടില്ല. പക്ഷെ ഒരു രൂപത്തിൽ അങ്ങനെ നടന്നുവരികയായിരുന്നു. ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂളും ഇതുവരെ ഉണ്ടായിട്ടില്ല. എങ്കിലും ഈ കാലയളവിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവർ ഉണ്ടായിരുന്നതുകൊണ്ടാകാം ജീവനക്കാരിൽ ഏറ്റവും സീനിയറായ ഡെപ്യൂട്ടി കമ്മീഷണറെ കമ്മീഷണറായി ഉദ്യോഗക്കയറ്റം നൽകി നിയമിച്ചിട്ടുള്ളത്. 1990 ആയപ്പോൾ ദേവസ്വം ബോർഡിന്റെ ഭരണത്തെയും ജീവനക്കാരുടെ പ്രവൃത്തികളെയും സംബന്ധിച്ച് വലിയ ആക്ഷേപങ്ങൾ ഉയർന്നുവരികയുണ്ടായി. അഴിമതി, സ്വജനപക്ഷപാതം, ക്രമക്കേടുകൾ ഇതെല്ലാം ശ്രദ്ധയിൽപ്പെട്ടു. ആ സന്ദർഭത്തിൽ ബഹുമാനപ്പെട്ട ഹൈക്കോടതി സ്വമേധയാ ഒ.പി. നമ്പർ 3821/1990 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തു. അതിനുശേഷം ദേവസ്വം ഭരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ ചീഫ് സെക്രട്ടറി ശ്രീ. വി. രാമചന്ദ്രൻ ചെയർമാനായ ഒരു ഹൈ പവർ കമ്മീഷനെ അന്ന് കോടതി നിയമിച്ചു. ശ്രീ. വി. രാമചന്ദ്രൻ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് ജസ്റ്റിസ് കെ. എസ്. പരിപൂർണ്ണൻ, ജസ്റ്റിസ് കെ. പി ബാലനാരായണ മാരാർ എന്നിവരടങ്ങുന്ന ഡിവിഷൻ ബഞ്ച് 10-4-1992-ൽ തിരുവിതാംകൂർ-കൊച്ചിൻ ദേവസ്വം ഭരണത്തെ കാര്യമായി ബാധിക്കുന്ന നിർദ്ദേശങ്ങളടങ്ങിയ ഒരു വിധിയും പുറപ്പെടുവിച്ചു. ആ വിധിയിലാണ് ദേവസ്വം കമ്മീഷണർ, ഫിനാൻസ് ഓഫീസർ, വിജിലൻസ് ഓഫീസർ തുടങ്ങിയ ഏറ്റവും ഉയർന്ന തസ്തികകൾ 5 വർഷത്തേയ്ക്ക് സർക്കാരിൽനിന്നും ഡെപ്യൂട്ടേഷനിൽ നിയമിക്കണമെന്ന് നിർദ്ദേശിച്ചത്. അഞ്ച് വർഷത്തെ കാലാവധി കഴിഞ്ഞശേഷം ബഹുമാനപ്പെട്ട ഹൈക്കോടതി കമ്മീഷണർമാരെ നിശ്ചയിച്ച് നിയമനം നടത്തുന്ന രീതിയാണ് തുടർന്നുവരുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, മൂന്നുപേരുടെ പാനൽ ഗവൺമെന്റ് തയ്യാറാക്കി അയയ്ക്കുമ്പോൾ ഹൈക്കോടതി അതിൽ നിന്നും ഒരാളെ നിശ്ചയിച്ച് ബോർഡിന് അയച്ചുകൊടുക്കുകയും ബോർഡ് അതനുസരിച്ച് നിയമിക്കുകയും ചെയ്യും. ഫലത്തിൽ ഹൈക്കോടതി നിർദ്ദേശിക്കുന്ന ആളെത്തന്നെയാണ് ബോർഡ് നിയമിക്കുന്നത്. അതിന് വലിയ വ്യത്യാസമൊന്നുമില്ല. അത് പ്രത്യേകിച്ച് എടുത്തുപറയേണ്ട കാര്യമില്ല. ഇത് ഇങ്ങനെ തുടർന്നുവരികയാണ്. ഇപ്പോൾ ഏതാണ്ട് പത്തിരുപത്തിയാറ് വർഷം കഴിഞ്ഞു. നിയമിച്ച ആളുകളുടെ പേരൊന്നും ഞാൻ പറയേണ്ട കാര്യമില്ലെന്ന് തോന്നുന്നു. ആദ്യം ഒരു മുൻ ലേബർ സെക്രട്ടറി (റിട്ടയേർഡ് ഐ.എ.എസ്.) വി. വി. വിജയനെ നിയമിച്ചു. പിന്നീട് മുൻ ഫിനാൻസ് സെക്രട്ടറി (റിട്ടയേർഡ് ഐ.എ.എസ്.) ശ്രീ. ആർ. നാരായണനെ നിയമിച്ചു. അതുകഴിഞ്ഞ് മുൻ ചീഫ് സെക്രട്ടറി ശ്രീ. സി. പി. നായർ, ശ്രീ. അയ്യപ്പൻ നായർ (റിട്ടയേർഡ് ഐ.എ.എസ്.), ശ്രീ. ജി. സച്ചിദാനന്ദൻ,

(റിട്ടയേർഡ് അഡീഷണൽ സെക്രട്ടറി), ശ്രീ. നളിനാക്ഷൻ നായർ, (റിട്ടയേർഡ് ഐ.ആർ.എസ്.) അദ്ദേഹം ഇൻകം ടാക്സ് ഉദ്യോഗസ്ഥനായിരുന്നു. ശ്രീ. വേണുഗോപാൽ (ഐ.എ.എസ്.), അദ്ദേഹമാണ് സർവ്വീസിലുണ്ടായിരുന്നപ്പോൾ നിയമിക്കപ്പെട്ടത്. ഇപ്പോൾ അദ്ദേഹം സഹകരണ വകുപ്പ് സെക്രട്ടറിയാണ്. അതിനുശേഷം മുൻ നിയമ വകുപ്പ് സെക്രട്ടറി ശ്രീ. രാമരാജ പ്രേമപ്രസാദ്, നിലവിൽ, മുൻ വിജിലൻസ് ട്രിബ്യൂണലിലായിരുന്ന ശ്രീ. എൻ. വാസു എന്നിവരാണ് നിയമിക്കപ്പെട്ടിട്ടുള്ളത്.

ഒരു പ്രധാനപ്പെട്ട കാര്യമെന്നുപറയുന്നത്, ഏറ്റവും അവസാനം ശ്രീ. എൻ. വാസുവിന്റെ നിയമനം നടക്കുന്നത് 8 മാസക്കാലത്തിനുശേഷമാണ്. മൂന്ന് പേരുകൾ നിർദ്ദേശിച്ചതിൽനിന്നും ഏതെങ്കിലും ഒരെണ്ണം അംഗീകരിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് ഉടൻതന്നെ അയയ്ക്കാമല്ലോ; എത്ര കാലതാമസമാണ് വരുത്തിയതെന്ന് നോക്കൂ? ദേവസ്വം ബോർഡ് പോലുള്ള ഒരു വലിയ സ്ഥാപനത്തിന്റെ ഭരണം നടത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട ഉദ്യോഗസ്ഥന്റെ തസ്തിക 8 മാസക്കാലമായി ഒഴിഞ്ഞുകിടക്കുകയായിരുന്നു. ഒരാളെ നിയമിക്കുന്നതിന് 8 മാസമെടുത്തു. ഒ. പി. നം. 3821/1190 എന്ന കേസിൽ 10-4-1992-ൽ പുറപ്പെടുവിച്ച ഒരു വിധിയുണ്ട്. ആ കേസിന്മേലാണ് വീണ്ടുംവീണ്ടും ഹർജികൾ വരുന്നത്. അത് ഇതുവരെ ഡിസ്പോസ് ചെയ്തിട്ടില്ല. അതിന്മേൽ വരുന്ന ഹർജികളിലൊക്കെ ഹൈക്കോടതി തീർപ്പ് കല്പിച്ചുകൊണ്ടിരിക്കുകയാണ്. 25 വർഷത്തിന് മുമ്പ് വിധി പ്രസ്താവിച്ച ഒരു കേസിൽ വീണ്ടുംവീണ്ടും ഹർജി ഫയലിൽ സ്വീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന ഒരു രീതിയാണ് ഇപ്പോൾ നടന്നുവരുന്നത്. അതിനോട് നിങ്ങളും യോജിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ദേവസ്വം ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടണം എന്നല്ലാതെ ഗവൺമെന്റിന് ഇതിൽ മറ്റ് താല്പര്യങ്ങളൊന്നുമില്ല. സത്യസന്ധരും മിടുക്കരും കഴിവുള്ളവരുമായ ഉദ്യോഗസ്ഥർ ബോർഡിലുണ്ടെങ്കിൽ അവരെ പ്രൊമോട്ട് ചെയ്യുന്നതിന് തടസ്സമില്ല. അതുതന്നെയാണ് നല്ലത്. അങ്ങനെയില്ലാതെ വരുമ്പോഴാണ് സർക്കാർ നിർദ്ദേശിക്കുന്ന ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷനിൽ നിയമിക്കണമെന്ന് പറയുന്നത്. ഇതിനകത്ത് അങ്ങ് ചൂണ്ടിക്കാണിക്കുന്നതു പോലെയുള്ള പ്രശ്നങ്ങളൊന്നുംതന്നെ ഇല്ല. ഈ നിയമനിർമ്മാണം നടത്തുന്നത് ഭരണഘടനയുടെ എല്ലാ തത്വങ്ങളും പാലിച്ചുകൊണ്ടുതന്നെയാണ്. ഇവിടെ നമ്മെ ഭരിക്കുന്നത് ഭരണഘടനയുടെ 25-ഉം 26-ഉം അനുച്ഛേദങ്ങളാണ്. അതിനകത്താണ് മതാചാരത്തോട് ബന്ധപ്പെടാവുന്ന സാമ്പത്തികവും മതപരവും രാഷ്ട്രീയവുമായ പ്രവർത്തനത്തെ നിയമംമൂലം നിയമിക്കാൻ സർക്കാരിന് അധികാരം നൽകുന്നത്. അത് വളരെ കൃത്യമായി ഇതിനകത്ത് വ്യവസ്ഥ ചെയ്യപ്പെടുന്നുണ്ട്.

ഭരണഘടനയുടെ പ്രത്യേക ഭാഗമായ അനുച്ഛേദം 25-ൽ പറയുന്നത് 'പൊതു സമാധാനത്തിനും സന്മാർഗ്ഗികതയ്ക്കും ആരോഗ്യത്തിനും ഈ ഭാഗത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി എല്ലാ ആളുകളും മനഃസാക്ഷി സ്വാതന്ത്ര്യത്തിനും സ്വതന്ത്രമായി മതം വിശ്വസിക്കുന്നതിനും ആചരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഒരുപോലെ അവകാശമുള്ളവരാണ്'. ഞാൻ അതിന്റെ മലയാളമാണ് വായിച്ചത്. ഈ അനുച്ഛേദത്തിൽ "യാതൊന്നും മതാചാരത്തോട് ബന്ധപ്പെടാവുന്ന സാമ്പത്തികമോ ധനപരമോ രാഷ്ട്രീയമോ ആയ ഏതെങ്കിലും പ്രവർത്തനത്തെയോ മതേതരമായ മറ്റേതെങ്കിലും പ്രവർത്തനത്തെയോ ക്രമപ്പെടുത്തുന്നതോ നിയന്ത്രിക്കുന്നതോ" എന്ന് പറഞ്ഞിട്ടുണ്ട്. അതാണ് പ്രധാനപ്പെട്ട ഒരു സംഗതി. ഇത് കോൺസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻഡ്യയിൽ കൃത്യമായി വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ളതാണ്. അതുപോലെ അനുച്ഛേദം 26 ഡി-ൽ പറയുന്നത് 'മതപരമായ കാര്യങ്ങളുടെ നടത്തിപ്പിനുള്ള സ്വാതന്ത്ര്യം' എന്നാണ്. "അങ്ങനെയുള്ള വസ്തുവിന്റെ ഭരണം നിയമാനുസൃതമായി നടത്തുന്നതിന് വേണ്ടിയാണ് നിയമനിർമ്മാണംകൊണ്ടുവരുന്നത്" എന്നാണ്. നിയമാനുസൃതമായി നടത്തുന്നതിന് നിയമം നിർമ്മിക്കേണ്ടത് ആരാണ്? നിയമസഭ തന്നെയാണ്, " to administer such property in accordance with law" . അതിനകത്ത് രണ്ട് ഭാഗമാണുള്ളത്. ഒരു ഭാഗം, ക്ഷേത്രത്തിലെ പൂജാദി കർമ്മങ്ങളുടെ കാര്യമാണ്. ആചാര അനുഷ്ഠാന പ്രകാരമുള്ള പൂജാദികർമ്മങ്ങളുടെ കാര്യത്തിൽ ഗവൺമെന്റ് ഇടപെടുന്നില്ല. നമുക്ക് അതിൽ യാതൊരു കാര്യവുമില്ല. അതുകൊണ്ടുതന്നെയാണ് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവന്നപ്പോൾ ബോർഡ് അല്ലെങ്കിൽ കോംപീറ്റന്റായ അതോറിറ്റി പരിശോധിച്ച് ശാന്തിമാരുടെ നിയമനം നടത്തണമെന്ന് തീരുമാനിച്ചത്. അതേസമയം ശാന്തിമാർ അമ്പലത്തിൽ എന്ത് തീരുമാനിക്കണമെന്ന് പറയാൻ നമുക്ക് അവകാശമില്ല. രാവിലെയാണോ ഉച്ചയ്ക്കാണോ വൈകുന്നേരമാണോ പൂജ നടത്തേണ്ടത്; ഏത് പൂജയാണ് നടത്തേണ്ടത്; എന്നൊക്കെയുള്ള ആചാരാനുഷ്ഠാനപരമായ കാര്യങ്ങളെ സംബന്ധിച്ച് ശാന്തിമാർ തന്നെയാണ് തീരുമാനിക്കേണ്ടത്. എന്നാൽ ശാന്തിമാരെ ആര് നിയമിക്കണം? ഇതിൽ ഭരണഘടനയുടെ 25-ാം അനുച്ഛേദം, മതാചാരത്തോട് ബന്ധപ്പെടാവുന്ന സാമ്പത്തികവും മതപരവും രാഷ്ട്രീയവുമായ പ്രവർത്തനത്തെ നിയമംമൂലം നിയന്ത്രിക്കാൻ സർക്കാരിന് അധികാരം നൽകുന്നുണ്ട്. സുപ്രീംകോടതിയുടെ ഒട്ടനവധി വിധികളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

Madras Hindu Religious and Charitable Endowments Act പ്രകാരം, അർച്ചകന്മാരെ (പൂജാരിമാരെ) നിയമിക്കാൻ സർക്കാരിന് അധികാരമുണ്ടെന്ന്

സുപ്രീംകോടതി Seshammal *Vs* State of Tamil Nadu എന്ന കേസിൽ വിധി പ്രസ്താവിക്കുകയുണ്ടായി. പ്രസ്തുത വിധിക്കനുസൃതമായി കേരള സർക്കാർ ക്ഷേത്രങ്ങളിൽ പൂജാരിമാരെ നിയമിച്ച കാര്യം നമുക്കറിയാം. ആയതിനാൽ ക്ഷേത്രങ്ങളിൽ പൂജാരിമാരെയും മറ്റ് ജീവനക്കാരെയും കമ്മീഷണർമാരെയും നിയമിക്കുന്നതിനൊക്കെ സർക്കാരിന് അധികാരമുണ്ട്. 1949-ലെ കവനന്റിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. ഭരണഘടന വരുന്നതിനുമുമ്പ് നിലവിൽ വന്നതാണ് കവനന്റ്. ആ കവനന്റിന്റെ 12 ബി ഖണ്ഡത്തിൽ ബഹുമാനപ്പെട്ട അംഗം പറയുന്ന തരത്തിലുള്ള ഒരു വ്യവസ്ഥ ഞാൻ എത്ര നോക്കിയിട്ടും കാണുന്നില്ല. 12 ആദ്യം നോക്കണം. അതിൽ പറയുന്നത് 'If at any time, before a Constitution framed or adopted by the Legislature comes into operation, the *Rajpramukh* is satisfied that a situation has arisen in which the Government of the United State cannot be carried on in accordance with the provisions of this covenant, he may with the prior concurrence of the Government of India, by proclamation'

(a) 'declare that his function shall such extent as may be specified in ..........;'

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ മുഴുവൻ വായിച്ച് തരാം. കണ്ടില്ലെന്ന് പറഞ്ഞാൽ എങ്ങനെയാണ്?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കവനന്റിന്റെ ആർട്ടിക്കിൾ 12 ബി-യിൽ കേരള ഹൈക്കോടതിയുടെ പരമാധികാരത്തെ ബലപ്പെടുത്തി വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നാണ് അങ്ങ് പറയുന്നത്. എങ്ങനെയാണ് അത് വ്യാഖ്യാനിക്കുന്നത്? കവനന്റിന്റെ കാര്യമാണ് ഞാൻ പറയുന്നത്.

<u>ശ്രീ. വി. ഡി സതീശൻ:</u> സർ, അങ്ങ് 12 ബി-യുടെ പ്രൊവിസൊ വായിക്കണം. അങ്ങ് പറഞ്ഞ കാര്യങ്ങളെല്ലാം കഴിഞ്ഞ് കവനന്റിൽ 12 ബി-യുടെ പ്രൊവിസൊ ആയി പറയുന്നത്, 'Provided that nothing in this Article shall authorize the Rajpramukh to assume himself any of the powers vested in or exercisable by High Court, or to suspend, either in whole or in part, the operation of any law relating to High Court' എന്നാണ്. ജനറലായി പറഞ്ഞതിനുശേഷം ഒരു പ്രൊവിസൊ ആയി ഹൈക്കോടതിയുടെ അധികാരത്തെ പ്രൊട്ടക്റ്റ് ചെയ്തിരിക്കുകയാണ്. അങ്ങ് എങ്ങനെയാണ് അത് കാണാതെ പോകുന്നത്? അങ്ങ് 12 (ബി)- യുടെ പ്രൊവിസൊ വായിക്കു.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കവനന്റിന്റെ ഇന്നത്തെ പ്രസക്തിയെ സംബന്ധിച്ചാണ് ഞാൻ പറഞ്ഞത്. അങ്ങ് നിയമപണ്ഡിതനും നിയമം വ്യാഖ്യാനിക്കുന്ന ആളുമാണ്. ഇപ്പോൾ കവനന്റിന് പ്രസക്തിയുണ്ടോ യെന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. അത് ഏറ്റവും പ്രധാനപ്പെട്ട നിയമപരമായ പ്രശ്നം തന്നെയാണ്. ഭരണഘടന നിലവിൽ വന്നതോടുകൂടി അതിനുമുമ്പുള്ള എല്ലാ നിയമങ്ങളും ഭരണഘടനയ്ക്ക് വിധേയമായിട്ടുണ്ട്. കവനന്റിന്റെ പ്രസക്തമായ ഭാഗം ഭരണഘടനയിൽ പറയുന്നുണ്ട്. എന്തുകൊണ്ടാണ് അത് നമ്മൾ കാണാതെ പോകുന്നത്? ഏതായാലും പകുതിയിലധികവും ക്രമപ്രശ്നം നിലനിൽക്കുന്ന തല്ലെന്ന് പറഞ്ഞു. അങ്ങ് പ്രധാനമായും 6 കാര്യങ്ങളാണ് ഇവിടെ പറഞ്ഞത്. ഈ ഭേദഗതി ഭരണഘടനയുടെ ആർട്ടിക്കിൾ 26 ഡി-യുടെ ലംഘനമാണെന്ന് പറഞ്ഞു. അത് ഒരിക്കലുമല്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 26 ഡി-യുടെ ലംഘനമാണെന്ന് പറയുന്നത് ശരിയല്ല. 10 (4) അനുസരിച്ച് സർക്കാർ നിയമം നിർമ്മിക്കുമ്പോൾ കവനന്റിന്റെയും ഭരണഘടനയുടെയും പരിധിക്കുള്ളിൽ നിന്നുകൊണ്ട് മാത്രമേ നിയമനിർമ്മാണം നടത്താൻ സാധിക്കുകയുള്ളൂവെന്ന് പറഞ്ഞു. അതിന് സംശയമില്ല. ഭരണഘടനയുടെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് തന്നെയാണ് നിയമനിർമ്മാണം നടത്തുന്നത്. അതിൽ യാതൊരു വ്യത്യാസവും ഗവൺമെന്റ് വരുത്തുന്നില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരമാണ് അഞ്ച് വർഷക്കാലത്തേയ്ക്ക് ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ ദേവസ്വം ബോർഡ് കമ്മീഷണറായി താൽക്കാലികമായി നിയമിക്കാൻ വ്യവസ്ഥയായതെന്ന് അങ്ങ് പറഞ്ഞു. ഐ.എ.എസ്. ഉദ്യോഗസ്ഥനെ മാത്രമല്ല അല്ലാതെയുള്ള ഉദ്യോഗസ്ഥനെയും നിയമിച്ചിട്ടുണ്ട്. ഈ വ്യവസ്ഥയാണ് ഇപ്പോൾ ഭേദഗതിയിലൂടെ നീക്കം ചെയ്യുന്നത്. അതുകൊണ്ടാണ് 4, 8 ഭേദഗതികൾ ഔദ്യോഗികമായി കൊണ്ടുവന്നത്. ചില സംശയങ്ങൾ വന്നു. ദേവസ്വം ബോർഡിന്റെ ഭരണത്തിൽ ഗവൺമെന്റ് ഇടപെടാൻ പോകുകയാണോ; ദേവസ്വത്തിന്റെ ഭരണം ഗവൺമെന്റ് പിടിച്ചെടുക്കാൻ പോകുകയാണോയെന്ന തരത്തിലുള്ള ചില അനാവശ്യ സംശയങ്ങളാണ് വന്നത്. അതിൽ ഗവൺമെന്റിന് യാതൊരു താല്പര്യവുമില്ല. ചില മതസംഘടനകൾ ഇതുതന്നെ ഒരു അവസരമെന്ന നിലയിൽ രംഗത്ത് വന്നു. അത് വ്യക്തമാക്കുകയാണ്. ദേവസ്വം ബോർഡിന്റെ പ്രവർത്തനം സ്വതന്ത്രമായി നടക്കണം. ഇന്ന് ദേവസ്വം ബോർഡിന്റെ ഭരണം സ്വതന്ത്രമായിട്ടാണോ നടക്കുന്നതെന്ന് ചോദിച്ചാൽ, സ്വതന്ത്രമായിട്ടല്ല നടക്കുന്നത്. അവിടെ ആരുടെയൊക്കെ ഇടപെടലുകളുണ്ടെന്ന് ഞാൻ ഇവിടെ പറയേണ്ട കാര്യമില്ലല്ലോ; എല്ലാ കാര്യത്തിലും ഇടപെടൽ വരികയാണ്. അതിന്റെ ഭാഗമായി ഒന്നും നടക്കുന്നില്ല.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കാര്യമെടുത്താൽ, വർഷംതോറും ദേവസ്വം ബോർഡിന് ബഡ്ജറ്ററി പ്രൊവിഷനായി 25 കോടി രൂപയോ 30 കോടി രൂപയോ ആണ് നീക്കിവയ്ക്കുന്നത്. 2012-2017 വരെയുള്ള കാലഘട്ടത്തിൽ ഏതാണ്ട് 200-ലധികം കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്ന് മനസ്സിലാക്കാം. പക്ഷെ മുഴുവൻ തുകയും ചെലവഴിക്കാൻ സാധിക്കുന്നില്ല. കഷ്ടിച്ച് 50 ശതമാനത്തിൽ താഴെയാണ് ചെലവഴിച്ചിരിക്കുന്നത്. ഏറ്റവും നന്നായി സുതാര്യമായും അഴിമതി രഹിതമായും പ്രവർത്തനങ്ങൾ നടക്കണമെന്നല്ലാതെ ചില സംഘടനകൾ ആക്ഷേപിച്ചതു പോലെയോ ആരോപിച്ചതുപോലെയോ ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ലെന്ന് വ്യക്തമാക്കാൻവേണ്ടിയാണ് വളരെ വ്യക്തതയോടുകൂടിയ ബിൽ കൊണ്ടു വന്നിരിക്കുന്നത്. അതുമാത്രമല്ല, ഏതാണ്ട് 3500-ഓളം വരുന്ന ജീവനക്കാർ ദേവസ്വം ബോർഡിൽ പണിയെടുക്കുന്നുണ്ട്. ഏതാണ്ട് പത്തുനാൽപ്പത് വർഷത്തിലധികം പ്രൊമോഷൻ തസ്തികയായിരുന്ന ഒരു പോസ്റ്റ് നഷ്ടപ്പെടുകയാണെന്ന അഭിപ്രായമാണ് ദേവസ്വം ബോർഡിലെ ജീവനക്കാർക്കുള്ളത്. അത് നഷ്ടപ്പെടാൻ പാടില്ലെന്ന ജീവനക്കാരുടെ അഭിപ്രായത്തെ ജനാധിപത്യ ഗവൺമെന്റ് എന്ന നിലയിൽ മാനിക്കണമെന്നതുകൊണ്ടാണ് 4-നം 8-നം ഒഫിഷ്യൽ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറായത്. അതുകൊണ്ട് ഈ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല എന്നതാണ് എന്റെ വിനീതമായ അഭിപ്രായം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇത്രയും കാര്യങ്ങൾ സംസാരിച്ചുവെങ്കിലും ഇതിലൊരു വ്യക്തത വന്നിട്ടില്ല. അങ്ങ് ഒഫിഷ്യൽ അമെന്റ്മെന്റ് കൊണ്ടുവന്നതുകൊണ്ടാണ് ഞാൻ പറഞ്ഞ പോയിന്റുകൾ നിലനിൽക്കുന്നതല്ലെന്ന് അങ്ങ് ആവർത്തിച്ച് പറഞ്ഞത്. സബ്ജക്ട് കമ്മിറ്റിയിൽ പോയി തിരിച്ചുവന്ന ഭേദഗതി നിയമപരമായി നിലനിൽക്കില്ലെന്ന എന്റെ വാദം ശരിയാണെന്ന് സമ്മതിച്ചുകൊണ്ടാണ് അങ്ങ് ഒഫീഷ്യൽ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അപ്പോൾ ഇത് മൊത്തം മാറി. അങ്ങനെ മാറിയപ്പോഴുണ്ടായ സംശയം മാത്രമാണ് ഞാൻ ബഹുമാനപ്പെട്ട സ്പീക്കർ മുഖാന്തരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ഏറ്റവും എലിജിബിളായ ഒരു ഡെപ്യൂട്ടി കമ്മീഷണറെ ദേവസ്വം ബോർഡ് കമ്മീഷണറായി നിയമിക്കാമെന്ന് അങ്ങ് പറഞ്ഞു. അതേയവസരത്തിൽ അത് ഇല്ലാത്ത സമയത്ത് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഒരു അഡീഷണൽ സെക്രട്ടറിയെയോ ഒരു ജോയിന്റ് സെക്രട്ടറിയെയോ കമ്മീഷണറായി ഗവൺമെന്റിന് നിയമിക്കാമെന്ന് പറഞ്ഞു. ആ വാക്ക് ഇതിനകത്തില്ല. ഗവൺമെന്റിന് നിയമിക്കാമെന്ന് അങ്ങയുടെ ഒഫീഷ്യൽ ഭേദഗതിയിൽ എവിടെയാണ് വന്നിരിക്കുന്നത്? അങ്ങ് വായിച്ചുനോക്കണം. 'The Board shall appoint an officer' എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ഭേദഗതി പ്രകാരം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കമ്മീഷണറെ നിയമിക്കാൻ ഗവൺമെന്റിന് അധികാരം കൊടുക്കുന്നുണ്ടോ? ദേവസ്വം ബോർഡ് ആവശ്യപ്പെട്ടാൽ

ഗവൺമെന്റിന് ഒരാളെ ഡെപ്യൂട്ടേഷനിൽ അയയ്ക്കാം. ഈ ഭേദഗതി വച്ച് ഗവൺമെന്റിന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ കമ്മീഷണറെ നിയമിക്കാൻ സാധിക്കില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് ഇങ്ങനെ വാദിക്കേണ്ട യാതൊരു കാര്യവുമില്ല. ഇതിനകത്ത് വളരെ കൃത്യമായി പറയുന്നുണ്ട്, വ്യക്തതക്കുറവൊന്നും വന്നിട്ടില്ല. വ്യക്തത വരുത്താൻവേണ്ടിയാണ് വ്യക്തമായി പറഞ്ഞത് ' The Board shall appoint an officer not below the rank of a Deputy Commissioner who is eligible to be promoted as Devaswom Commissioner and in the absence of such officer'. അതിനൊരു പ്രൊവിഷൻ വേണമല്ലോ? നിയമനത്തെ സംബന്ധിച്ച് അത് understood ആണ്. The Board shall appoint...എന്ന് നേരത്തെ പറഞ്ഞിട്ടുണ്ട്. അതിൽ സംശയമുണ്ടാകേണ്ട കാര്യമില്ല. ഇതൊക്കെ വളരെ വ്യക്തമായ കാര്യമല്ലേ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട സ്പീക്കർ, ഇപ്പോൾ ഒഫീഷ്യൽ ഭേദഗതി വന്നതോടുകൂടി ഈ ഭേദഗതി ബില്ലിന് പ്രസക്തിയില്ലാതെ യായിരിക്കുകയാണ്. ഈ ഭേദഗതി ബില്ലിൽ എന്താണ് പറഞ്ഞിരിക്കുന്നത്? ഇങ്ങനെയൊരു സാഹചര്യമുണ്ടായാൽ Government will appoint എന്നാണ് നേരത്തെയുള്ള ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഇപ്പോൾ ഇത് ബോർഡിന് നൽകി. നേരത്തെയുള്ള സ്ഥിതി തന്നെയാണ്, മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീയായി എന്നേയുള്ളൂ. Status quo ante ആയി വരികയാണ്. പിന്നെ എന്തിനാണ് ഈ ബിൽ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് തെറ്റിദ്ധരിച്ച് പറയുന്നതാണെന്നാണ് എനിക്ക് തോന്നുന്നത്. ഇവിടെ അഞ്ച് ദേവസ്വം ബോർഡുകളുണ്ട്. അവിടെയെല്ലാം കമ്മീഷണർമാരെയോ ചീഫ് എക്സിക്യൂട്ടീവിനെയോ നിയമിക്കുന്നത് ഗവൺമെന്റ് തന്നെയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മൂന്ന് പേരുകൾ അയച്ചുകൊടുക്കും. ബഹുമാനപ്പെട്ട ഹൈക്കോടതി അതിൽനിന്നും ഒരു പേര് നിർദ്ദേശിക്കും. കൊച്ചി, ഗുരുവായൂർ, കൂടൽമാണിക്യം ദേവസ്വം ബോർഡുകളിലെല്ലാം നമ്മൾ സ്വീകരിക്കുന്ന രീതി ഇതുതന്നെയാണ്. ഇവിടെയെല്ലാം അവർ തന്നെയാണ് നിയമിക്കുന്നത്. നിർദ്ദേശം ഗവൺമെന്റ് സമർപ്പിക്കുന്നുവെന്ന് മാത്രമേയുള്ളൂ. തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കോടതി മുഖാന്തരം സമർപ്പിക്കുന്നു. നിയമനം നടത്തുന്നത് അവർ തന്നെയാണ്. അതിനൊന്നും അവ്യക്തതയില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഒഫീഷ്യൽ ഭേദഗതി വന്നപ്പോൾ കാര്യങ്ങൾക്ക് കൂടുതൽ വ്യക്തത വന്നു. ദേവസ്വം ബോർഡിൽ ആളില്ലാത്ത സാഹചര്യത്തിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ദേവസ്വം ബോർഡ് കമ്മീഷണറെ

നിയമിക്കുന്നത് സർക്കാരാണെന്ന് ഒരു വാക്ക് പറഞ്ഞു. പക്ഷെ ഭേദഗതിയിൽ ആ വാക്ക് ഇല്ല. ഭേദഗതിയിൽ ദേവസ്വം ബോർഡ് തന്നെ നിയമിക്കും എന്നാണ് പറഞ്ഞിരിക്കുന്നത്. ദേവസ്വം ബോർഡിന് എലിജിബിളായ ആൾ ഇല്ലാതെ വന്നാൽ ദേവസ്വം ബോർഡ് ഗവൺമെന്റിനോട് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അഡീഷണൽ സെക്രട്ടറിയുടെയോ ജോയിന്റ് സെക്രട്ടറിയുടെയോ റാങ്കിലുള്ള ഒരാളെ അയച്ചുതരാൻ ആവശ്യപ്പെടും. അങ്ങനെ ആവശ്യപ്പെടുമ്പോൾ ഗവൺമെന്റിന് സമ്മതമാണെങ്കിൽ ഒരാളെ കൊടുക്കാം.

മി. സ്പീക്കർ: ഒഫിഷ്യൽ ഭേദഗതി അതാണല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, അതെ. പക്ഷെ അദ്ദേഹം പറഞ്ഞപ്പോൾ ഗവൺമെന്റ് നിയമിക്കുമെന്ന് പറഞ്ഞു. അതാണ് കൺഫ്യൂഷൻ വന്നത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെ വരുമ്പോൾ ഇപ്പോഴും ഗവൺമെന്റ് തന്നെയാണ് പാനൽ അയയ്ക്കുന്നത്. കോടതി പരിശോധിക്കുന്നുവെന്ന വ്യത്യാസം മാത്രമേ ഇതിനകത്തുള്ളൂ. ആർട്ടിക്കിൾ 12 ബി അനുസരിച്ചുള്ള നടപടികൾ ഇവിടെയുണ്ട്. ഒഫിഷ്യൽ അമെന്റ്മെന്റ് വന്നതോടുകൂടി ഈ ഭേദഗതി ബില്ലിന്റെ പ്രസക്തി നഷ്ടപ്പെട്ടിരിക്കുകയാണ്. It is better to withdraw the bill.

## റൂളിംഗ്

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബില്ലിന്റെ പരിഗണനയ്ക്കെതിരെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നങ്ങൾക്ക് ബഹുമാനപ്പെട്ട മന്ത്രി വിശദീകരണം നൽകിക്കഴിഞ്ഞു. രണ്ട് ഭേദഗതികൾ ഔദ്യോഗികമായി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ചിരിക്കുന്നു. അതുകൊണ്ട് ഭരണഘടനാ വ്യവസ്ഥ പ്രകാരമോ നിലവിലുള്ള നിയമങ്ങൾ പ്രകാരമോ ഇക്കാര്യത്തിലുണ്ടായ കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉന്നയിച്ചിട്ടുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് തോന്നുന്നു. മാത്രമല്ല, അപ്രകാരം എന്തെങ്കിലും വ്യവസ്ഥ ഭേദഗതി ചെയ്യേണ്ടതുണ്ടെങ്കിൽ വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ അംഗങ്ങൾക്ക് അതിന് അവസരമുണ്ടായിരിക്കുന്നതാണ്. ഈ സാഹചര്യത്തിൽ ഇവിടെ ഉന്നയിച്ച തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

ശ്രീ. അടൂർ പ്രകാശ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ സംബന്ധിച്ച എന്റെ വിയോജിപ്പ് രേഖപ്പെടുത്തുന്നു.

തിരുവിതാംകോട് അഥവാ ശ്രീവാലുംകോട് എന്നതിന്റെ ആംഗലീകരിച്ച പേരാണ് തിരുവിതാംകൂർ. ഇന്ത്യൻ സംസ്ഥാനങ്ങളിൽ തിരുവിതാംകൂർ ഒന്നാം സ്ഥാനം കൈവരിച്ചിരുന്നു. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ തെക്ക് പടിഞ്ഞാറായാണ് തിരുവിതാംകൂറിന്റെ സ്ഥാനം. വടക്ക്-കൊച്ചിയും കോയമ്പത്തൂരും കിഴക്ക്-മധുരയും രാംനാട്-ടെനവേലിയും തെക്ക്-ഇന്ത്യൻ മഹാസമുദ്രവും പടിഞ്ഞാറ്-അറബിക്കടലുമായി വ്യാപിച്ചു കിടക്കുന്നതായിരുന്നു തിരുവിതാംകൂർ. വൈവിധ്യമാർന്ന കുന്നുകളാലും മനോഹരമായ ദൃശ്യങ്ങളാലും ഇടതൂർന്ന വനപ്രദേശങ്ങളാലും മനോഹരങ്ങളായ നെൽപ്പാടങ്ങളാലും അരുവികളാലും ഒപ്പം തിങ്ങിനിറഞ്ഞ കേരങ്ങളാലും ധാതുവിഭവങ്ങളാലും ലോക ജനതയെ ആകർഷിച്ചിരുന്നു.

1728 മുതൽ 1758 വരെ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീമാർത്താണ്ഡവർമ്മ ശ്രീപത്മനാഭ ദാസൻ എന്ന പേരിലാണ് രാജ്യഭരണം നടത്തിയിരുന്നത്. 1936 നവംബർ 12-ന് ക്ഷേത്ര പ്രവേശന വിളമ്പരം ശ്രീചിത്തിര തിരുനാൾ മഹാരാജാവ് കൊണ്ടുവന്നതുമൂലം എല്ലാ വിശ്വാസികൾക്കും ക്ഷേത്രങ്ങളിൽ പ്രവേശിക്കാൻ അനുവാദം കിട്ടിയ ആദ്യ സംസ്ഥാനമാണ് തിരുവിതാംകൂർ. " ....you will find images in some form or other. With some it is in the form of man, which is the best form...." എന്ന് സ്വാമി വിവേകാനന്ദൻ തന്നെ പറഞ്ഞിട്ടുണ്ട്. സാംസ്കാരിക കേരള ചരിത്രത്തിൽ ക്ഷേത്രങ്ങൾ സുപ്രധാനമായ പങ്കാണ് വഹിച്ചിട്ടുള്ളത്. തിരുവിതാംകൂറിൽ ക്ഷേത്രങ്ങൾ വെറും ആരാധനാലയങ്ങൾ മാത്രമായിരുന്നില്ല, സാമൂഹ്യവും സാംസ്കാരികവും സാമ്പത്തികവും കലാപരവുമായ കേന്ദ്രങ്ങളായിരുന്നു ക്ഷേത്രങ്ങൾ.

2.00 PM]

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി.ഡി.ദേവസ്സി ]

'Temples are symbols of Kerala culture and tradition. The State is generally known as 'God's Own Country'; പക്ഷേ ഇപ്പോൾ അങ്ങനെയാണെന്ന് പറയാൻ എനിക്ക് സാധിക്കുന്നില്ല. ഇപ്പോൾ പറഞ്ഞാൽ.... Ghost's Own Country എന്ന് തിരുത്തിക്കുറിക്കേണ്ടിവരും.

റാണി ഗൗരി ലക്ഷ്മീഭായി തിരുവിതാംകൂർ ഭരിച്ചിരുന്ന കാലത്ത് അഥവാ മൺട്രോയുടെ കാലത്ത് രൂപം കൊടുത്തതാണ് ദേവസ്വം സംവിധാനം. ദേവസ്വത്തിന്റെയും ബ്രഹ്മസ്വത്തിന്റെയും ഉടമസ്ഥരായി വാണിരുന്ന നമ്പൂതിരി മേധാവിത്വത്തിന്റെ കീഴിൽ അളവില്ലാതെ കുന്നുകൂടിയ സമ്പത്ത് സൃഷ്ടിച്ച സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളിൽ നിയന്ത്രണം കൊണ്ടുവന്നതിന്റെ ഭാഗമായി 1811-ൽ തുടങ്ങിയതാണ് ദേവസ്വം സംവിധാനം. 1919-ൽ തിരുവിതാംകൂർ

സർക്കാർ നിയമിച്ച കൃഷ്ണ അയ്യങ്കാർ കമ്മിറ്റി സർക്കാർ നിയന്ത്രണത്തിൽ ഒരു ദേവസ്വം വകുപ്പ് രൂപീകരിക്കണമെന്ന് റിപ്പോർട്ട് നൽകി. അതിന്റെ അടിസ്ഥാനത്തിലാണ് 1922-ൽ ക്ഷേത്രഭരണത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചത്. 1949 ജൂലൈ 1-ന് തിരു-കൊച്ചി സംയോജനം നടപ്പിൽവന്നു. തുടർന്ന് 1950-ൽ ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് എൻഡോവ്മെന്റ് ആക്ട് നിലവിൽ വന്നു. അതുപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 1208 ക്ഷേത്രങ്ങളും കൊച്ചിൻ ദേവസ്വം ബോർഡിൽ 406 ക്ഷേത്രങ്ങളും നിലവിലുണ്ടായിരുന്നതായാണ് രേഖകൾ വ്യക്തമാക്കുന്നത്.

ട്രാവൻകൂർ സ്റ്റേറ്റ് മാന്വൽ പരിശോധിച്ചാൽ 1812-ൽ തിരുവിതാംകൂറിൽ 21658 ക്ഷേത്രങ്ങൾ ഉണ്ടായിരുന്നുവെന്ന് മനസ്സിലാകും. ആയത് 1931 ആയപ്പോൾ 9250 ആയി ചുരുങ്ങി. ക്ഷേത്രങ്ങൾ എത്രയെണ്ണമുണ്ടെന്ന് മന്ത്രിക്ക് അറിയില്ലെങ്കിൽ അത് വ്യക്തമാക്കിയതാണ്. നിലവിൽ കേരളത്തിൽ അയ്യായിരത്തോളം ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് മാത്രമേയുള്ളൂ. കേരള സംസ്ഥാനം 1956 നവംബർ 1-ന് നിലവിൽ വന്നപ്പോൾ കന്യാകുമാരി ജില്ലയിൽ നിലവിലുണ്ടായിരുന്ന ഏകദേശം അഞ്ഞൂറോളം ക്ഷേത്രങ്ങൾ തമിഴ്നാടിന് വിട്ടുകൊടുത്തു. 1883-ലെ കണക്കുപ്രകാരം തിരുവിതാംകൂറിൽ 1500-ഓളം ക്ഷേത്രങ്ങൾ നിലവിലുണ്ടായിരുന്നു.

തിരുവിതാംകൂറിൽ ക്ഷേത്രങ്ങളുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിവ് നടത്തിയിട്ടുള്ളതായി കാണാം. അതായത്, 10,000 രൂപയിൽ കൂടുതൽ വരുമാനമുള്ള ക്ഷേത്രങ്ങളെ മേജർ ക്ലാസ്-1 എന്നും 5,000 മുതൽ 9999 രൂപ വരുമാനമുള്ള ക്ഷേത്രങ്ങളെ മേജർ ക്ലാസ്-2 എന്നും 1,000-നും 4999-നും ഇടയ്ക്ക് വരുമാനമുള്ള ക്ഷേത്രങ്ങളെ മേജർ ക്ലാസ്-3 എന്നും 100 മുതൽ 999 രൂപ വരെ വരുമാനമുള്ള ക്ഷേത്രങ്ങളെ മൈനർ ക്ലാസ് എന്നും 100 രൂപയിൽ താഴെ വരുമാനമുള്ളവയെ പെറ്റി ആന്റ് പേഴ്സണൽ ഡെപ്പോസിറ്റ് ദേവസ്വം എന്നുമാണ് പറയുന്നത്. തിരുവിതാംകൂറിൽത്തന്നെ 59 പേഴ്സണൽ ഡെപ്പോസിറ്റ് ദേവസ്വമുള്ളതായി പറയുന്നു.

തിരുവിതാംകൂർ ബ്രിട്ടീഷ് റസിഡന്റായിരുന്ന മൺട്രോ കൊച്ചിയുടെ ദിവാനായി നിയമിതനായപ്പോൾ ക്ഷേത്രഭരണത്തിൽ മുൻകയ്യെടുത്ത് തന്റെ തിരുവിതാംകൂർ മോഡൽ പരിഷ്കാരങ്ങൾ അവതരിപ്പിക്കുകയും നിയന്ത്രണങ്ങൾ കൊണ്ടുവരികയും ചെയ്തു. ഹൈന്ദവ മതപരമായ എൻഡോവ്മെന്റ് റെഗുലേഷൻ നിയമം നടപ്പിലാക്കി എല്ലാ ക്ഷേത്ര സ്വത്തുക്കളും സർക്കാർ സ്വത്തുക്കളായി കണക്കാക്കി റവന്യൂ ഭരണത്തിൻകീഴിലാക്കി. കൊച്ചിൻ ദേവസ്വം ബോർഡ് രൂപീകരിച്ചത് under the Act XV of Travancore-Cochin Hindu Religious

Institutions Act, 1950 പ്രകാരമാണ്. ഈ ആക്ട് പ്രകാരമാണ് ക്ഷേത്രങ്ങളുടെ ഭരണവും നിർവ്വഹണവും ചോറ്റാനിക്കര, തൃശ്ശൂർ, തിരുവാഞ്ചിക്കുളം, തിരുവില്വാമല, തൃപ്പൂണിത്തുറ എന്നീ ഗ്രൂപ്പ് ദേവസ്വത്തിന്റെ കീഴിലാക്കിയത്. അമ്പലങ്ങൾ പരിപാലിക്കുന്നതിനും സംരക്ഷിക്കുന്നതിനും ദേവസ്വങ്ങളുടെയും മറ്റ് ഹിന്ദുധർമ്മ സ്വത്തുക്കളുടെയും ഫണ്ടുകളുടെയും ഭരണത്തിനും മേൽനോട്ടത്തിനും നിയന്ത്രണത്തിനും വ്യവസ്ഥ ചെയ്തുകൊണ്ടുമാണ് 1950-ലെ ട്രാവൻകൂർ-കൊച്ചിൻ റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് ആക്ട് നിലവിൽ വന്നത്. ഇതിലെ വ്യവസ്ഥകൾ പ്രകാരം ദേവസ്വം ബോർഡിലെ അംഗസംഖ്യ മൂന്നായി നിജപ്പെടുത്തിയിരുന്നു. ഓരോ ബോർഡിലും മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ട ഒരു അംഗം, ഐക്യ സംസ്ഥാന നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ട ഒരംഗം എന്നിവർക്ക് പുറമെ തിരുവിതാംകൂറിലെയോ കൊച്ചിയിലെയോ രാജപ്രമുഖന്മാർ നാമനിർദ്ദേശം ചെയ്യുന്ന ഒരംഗവും ഉണ്ടാകാമെന്ന് വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളുടെ തെരഞ്ഞെടുപ്പിൽ മലബാർ മേഖലയിലെ ഹിന്ദു സമാജികർക്കുള്ള പങ്കാളിത്തം സംബന്ധിച്ച് നിലനിന്നിരുന്ന അവ്യക്തത പരിഹരിക്കുക എന്നതും സംസ്ഥാന രൂപീകരണശേഷം തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതുസംബന്ധിച്ചും നിലവിലുണ്ടായിരുന്ന സംശയങ്ങൾ ദൂരീകരിക്കുക എന്നത് അത്യന്താപേക്ഷിത മായതിനാലാണ് 1950-ലെ മൂലനിയമത്തിൽ 1958-ലെ 36-ാമത് ആക്ടിന് ഭേദഗതി കൊണ്ടുവന്നത്. 1971-ലെ 26-ാം ഭരണഘടനാ ഭേദഗതി പ്രകാരം privy purse സംബന്ധിച്ച 291-ാം അനുച്ഛേദവും നാട്ടുരാജാക്കന്മാർക്കുള്ള അവകാശങ്ങളും അധികാരങ്ങളും സംബന്ധിച്ച 362-ാം അനുച്ഛേദവും ഒഴിവാക്കപ്പെട്ടു. അതുപോലെ ഇന്ത്യൻ നാട്ടുരാജാക്കന്മാർക്ക് നൽകിയിരുന്ന അംഗീകാരം പിൻവലിക്കുന്നതിന് 363(എ) എന്ന ഒരു പുതിയ അനുച്ഛേദം ഭരണഘടനയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഈ നിയമപ്രകാരം തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലേയ്ക്ക് അംഗങ്ങളെ നിർദ്ദേശിക്കാനുള്ള രാജപ്രമുഖന്റെ അധികാരം എടുത്തുകളയുകയും പ്രസ്തുത ഉത്തരവാദിത്വം മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങളുടെ അധികാ പരിധിയിൽ കൊണ്ടുവരികയും മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾക്കുതന്നെ ദേവസ്വം ബോർഡ് പ്രസിഡന്റിനെ നാമനിർദ്ദേശം ചെയ്യാമെന്ന വ്യവസ്ഥ 1974-ലെ 20-ാമത് ആക്ടിലൂടെ മൂലനിയമത്തിൽ ഉൾക്കൊള്ളിക്കുകയും ചെയ്തു.

തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ നടത്തിപ്പിന് അടിയന്തര ധനസഹായം വേണ്ടിവരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ അധീനതയിലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുപോലും വായ്പയെടുക്കാൻ 1950-ലെ ആക്ടിൽ

വ്യവസ്ഥയുണ്ടായിരുന്നില്ല. ഇത്തരം പ്രതിസന്ധികളിൽ വ്യവസ്ഥകൾക്കനുസൃതമായി സർക്കാരിന്റെ അനുമതിയോടെ വായ്പയെടുക്കാൻ ദേവസ്വം ബോർഡുകൾക്ക് അധികാരം നൽകുന്നതിനായി മൂലനിയമം 1976-ലെ 21-ാമത് ആക്ട് പ്രകാരം ഭേദഗതി ചെയ്യുകയുണ്ടായി.

1950-ലെ മൂലനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 1957-ലെ ഭൂസംരക്ഷണ ആക്ടിലെ വ്യവസ്ഥകൾ ദേവസ്വങ്ങളുടെ ഭൂമിക്കും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ദേവസ്വം വകയായ പതിച്ചു കൊടുത്തിട്ടില്ലാത്ത എല്ലാ ഭൂമികൾക്കും ബാധകമായിരുന്നെങ്കിലും കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിൽ വരുന്ന ദേവസ്വങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് സമാന്തര വ്യവസ്ഥകൾ ഇല്ലായിരുന്നു. കൊച്ചി ദേവസ്വം ബോർഡിന്റെ കീഴിലുള്ള ദേവസ്വങ്ങളുടെ വകയായ ഭൂമി കൂടി 1957-ലെ കേരള ഭൂസംരക്ഷണ ആക്ടിന്റെ പരിധിയിൽ കൊണ്ടുവരുന്നതിനായി 1990-ലെ 14-ാമത് ആക്ടിലൂടെ മൂലനിയമത്തിൽത്തന്നെ ഭേദഗതി വരുത്തുകയുണ്ടായി.

തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളിലെ പ്രസിഡന്റിനും മെമ്പർമാർക്കും നിശ്ചയിച്ചിരുന്ന പ്രതിമാസ ഓണറേറിയം പുതുക്കി നിശ്ചയിക്കുന്നതിന് മൂലനിയമം 1990-ലെ 15-ാമത് ആക്ടിലൂടെ ഭേദഗതി വരുത്തിയിട്ടുണ്ട്.

1950-ലെ ആക്ടിൽ 'ഹിന്ദു' എന്ന പദം നിർവ്വചിക്കപ്പെട്ടിരുന്നില്ല. ഈശ്വരനിലും ക്ഷേത്ര ആരാധനയിലും വിശ്വസിക്കുന്ന ഹിന്ദുക്കൾ മാത്രമേ ദേവസ്വം ബോർഡിലേയ്ക്കുള്ള തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനോ നാമനിർദ്ദേശം ചെയ്യാനോ പാടുള്ളൂവെന്ന് കേരള ഹൈക്കോടതിയുടെ ഒരു ഡിവിഷൻ ബഞ്ച് അഭിപ്രായപ്പെടുകയും തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് തെരഞ്ഞെടുപ്പ് അസ്ഥിരപ്പെടുത്തുകയും ചെയ്തതിന്റെ പശ്ചാത്തലത്തിൽ 'ഹിന്ദു' എന്ന പദം അസന്ദിഗ്ദ്ധമായി നിർവ്വചിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്ക് നടത്തിയ തെരഞ്ഞെടുപ്പ് സാധൂകരിക്കുന്നതിനായി 1990-ലെ 20-ാമത് ആക്ടിലൂടെ മൂലനിയമം ഭേദഗതി ചെയ്തു.

1990-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (മൂന്നാം ഭേദഗതി) ആക്ടിലെ വ്യവസ്ഥകൾ തിരുവിതാംകൂർ ദേവസ്വം ബോർഡിന് മാത്രം ബാധകമായിരുന്നതിനാൽ ഈ വ്യവസ്ഥകൾ കൊച്ചിൻ ദേവസ്വം ബോർഡിനുകൂടി ബാധകമാക്കുന്നതിനായി മൂലനിയമത്തിൽ 1991-ലെ മൂന്നാമത് ആക്ട് പ്രകാരം ഭേദഗതി വരുത്തുകയുണ്ടായി.

മൂലനിയമത്തിലെ 'ഹിന്ദു' എന്ന പദത്തിന്റെ നിർവ്വചനം പരിഷ്കരിക്കുകയും 'ജനനം കൊണ്ടോ മതപരിവർത്തനം കൊണ്ടോ ഹിന്ദുവായ ആളും ഹിന്ദു മതത്തിലും ദൈവത്തിലും ക്ഷേത്ര ആരാധനയിലും വിശ്വാസമുള്ള ആളും' എന്ന

രീതിയിൽ ഭേദഗതി ചെയ്യുകയും അതുപോലെ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രക്രിയയിൽ പങ്കാളികളാകുന്ന മന്ത്രിസഭയിലെയും നിയമസഭയിലെയും അംഗങ്ങൾ ഈശ്വര ആരാധനയിലും ക്ഷേത്ര ആരാധനയിലും വിശ്വസിക്കുന്നുവെന്ന പ്രസ്താവന രേഖാമൂലം നൽകേണ്ടതാണെന്ന വ്യവസ്ഥ 1994-ലെ മൂന്നാമത് ആക്ടിലൂടെ മൂലനിയമത്തിൽ ഭേദഗതി കൊണ്ടുവരികയും ചെയ്തു.

തിരുവിതാംകൂർ ദേവസ്വം ബോർഡ് അംഗങ്ങൾക്ക് യാത്രാബത്തയും ദിനബത്തയും അനുവദിക്കുന്നതിന് ആവശ്യമായ ചട്ടങ്ങൾ രൂപപ്പെടുത്താൻ 1950-ലെ പ്രധാന ആക്ടിലെ 15 (2)(ജി) വകുപ്പ് പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിനെ അധികാരപ്പെടുത്തിയിരുന്നു. എന്നാൽ കൊച്ചി ദേവസ്വം ബോർഡിനെ സംബന്ധിച്ച് സമാന്തര വ്യവസ്ഥകൾ ഉണ്ടായിരുന്നില്ല. പ്രസ്തുത അപാകത പരിഹരിച്ച് കൊച്ചി ദേവസ്വം ബോർഡ് അംഗങ്ങൾക്ക് യാത്രാബത്ത, ദിനബത്ത എന്നിവ അനുവദിക്കുന്നതിനാവശ്യമായ ചട്ടങ്ങൾ രൂപപ്പെടുത്താൻ കൊച്ചിൻ ദേവസ്വം ബോർഡിനെ അധികാരപ്പെടുത്തുന്നതിനായി മൂലനിയമത്തിൽ 1995-ലെ പത്താമത് ആക്ടിലൂടെ ഭേദഗതി വരുത്തി. മന്ത്രിസഭയിലെയും നിയമസഭയിലെയും ഹിന്ദുമത വിശ്വാസികളായ അംഗങ്ങൾക്ക് ഹിന്ദുവാണെന്നും ദൈവത്തിലും ക്ഷേത്ര ആരാധനയിലും വിശ്വസിക്കുന്നയാൾ ആണെന്നുമുള്ള സത്യപ്രസ്താവന നൽകാതെതന്നെ ദേവസ്വം ബോർഡിന്റെ നാമനിർദ്ദേശത്തിലും തെരഞ്ഞെടുപ്പിലും പങ്കെടുക്കാൻ അവസരം നൽകുന്നതിലേക്കായി മൂലനിയമം 1999-ലെ ഒമ്പതാമത് ആക്ട് ഭേദഗതി വരുത്തി.

തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകളുടെ സുഗമവും സുതാര്യവുമായ പ്രവർത്തനത്തിന് 1950-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ നിയമത്തിൽ 2007-ലെ അഞ്ചാമത് ആക്ടിലൂടെ കാലാനുസൃതമായ ഭേദഗതി വരുത്തുകയുണ്ടായി.

മാതൃനിയമത്തിലെ (1950-ലെ 15-ാമത്) തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡിലേക്ക് വനിതാ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കുന്നതിനും ബോർഡിലെ മൂന്ന് അംഗങ്ങളിൽ പൊതുവിഭാഗത്തിൽപ്പെടുന്ന രണ്ട് അംഗങ്ങളെ മന്ത്രിസഭയിലെ ഹിന്ദുക്കൾ നാമനിർദ്ദേശം ചെയ്യേണ്ടതാണെന്നും പട്ടികജാതി-പട്ടികവർഗ്ഗ അംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തെരഞ്ഞെടുക്കേണ്ടതാണെന്നുമുള്ള വ്യവസ്ഥ ചേർക്കുന്നതിനും ദേവസ്വം ബോർഡുകളുടെ സ്റ്റാന്റിംഗ് കമ്മിറ്റികളുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കുന്നതിനും ഈ ആക്ടിന്റെ ആവശ്യങ്ങൾക്കുവേണ്ടി സർക്കാരിന്റെ

മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി മാത്രം ബോർഡിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണെന്നുള്ള വ്യവസ്ഥ ഉൾപ്പെടുത്തുന്നതിനും ബോർഡിലെ അംഗങ്ങളുടെ കാലാവധി രണ്ട് വർഷത്തിൽനിന്നും 3 വർഷമായി വർദ്ധിപ്പിക്കുന്നതിനും ബോർഡിൽ അംഗമാകുന്നതിനുള്ളപുരുഷ സ്ഥാനാർത്ഥിയുടെ വയസ്സ് 50-ൽ നിന്നും 45 ആയി കുറയ്ക്കുന്നതിനും മറ്റുമായി 2014-ലെ ഒന്നാമത് ആക്ടിലൂടെ മൂലനിയമത്തിൽ ഭേദഗതി ചെയ്യുകയുണ്ടായി.

ഇത്തരത്തിൽ 1950-ലെ മാതൃനിയമത്തിൽ 12 പ്രാവശ്യം ഭേദഗതി വരുത്തിയിട്ടുണ്ട്. ഇപ്പോൾ അങ്ങ് കൊണ്ടുവരുന്നത് 13-ാമത്തെ ഭേദഗതിയാണ്. 1950-ലെ The Travancore-Cochin Hindu Religious Institutions Act- ലെ 10, 29, 70, 71, 74(A) എന്നീ വകുപ്പുകൾ ഭേദഗതി ചെയ്യുന്നതിനും നിലവിലുള്ള 12-ാം വകുപ്പിന് പകരം പുതിയ വകുപ്പ് ചേർക്കുന്നതിനും 13 (B) എന്ന വകുപ്പ് പുതിയതായി കൂട്ടിച്ചേർക്കുന്നതിനുമാണ് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത്. അതിനെക്കുറിച്ചാണല്ലോ ഇപ്പോൾ ഇവിടെയൊരു ചർച്ച തന്നെ നടന്നത്. 1950-ലെ മാതൃനിയമത്തിൽ, 2018-ലെ The Travancore-Cochin Hindu Religious Institutions (Amendment) Bill-ലൂടെ തങ്ങളുടെ താല്പര്യങ്ങൾ മാത്രം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ഭേദഗതി കൊണ്ടുവരുന്നതിന് സർക്കാർ ഇപ്പോൾ ഉദ്ദേശിക്കുന്നത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. 1950-ലെ മാതൃനിയമത്തിലെ 10-ാം വകുപ്പുപ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഓരോ അംഗത്തിനുമുള്ള ഔദ്യോഗിക കാലാവധി മൂന്ന് വർഷമായിരുന്നു. ആയത് ഇപ്പോൾ ഭേദഗതിയിലൂടെ രണ്ട് വർഷമാക്കി അങ്ങ് ചുരുക്കുകയാണ്. അതിന്റെ അടിയന്തര സ്വഭാവം എന്താണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല. തങ്ങൾക്ക് ഇഷ്ടമില്ലാത്ത ആളുകളെ കൂട്ടത്തോടെ വെട്ടിനിരത്തുകയാണ് സർക്കാർ ചെയ്യുന്നത്. ഒപ്പം ബന്ധുക്കളെയും ഇഷ്ടക്കാരെയും വേണ്ടപ്പെട്ടവരെയും തിരുകിക്കയറ്റാനുള്ള അവസരമൊരുക്കുകയും ചെയ്യുന്നു. അതിനാണ് ഓർഡിനൻസിലൂടെ ഈ ഭേദഗതി കൊണ്ടുവന്നതെന്ന് വ്യക്തമാണ്.

മാതൃനിയമത്തിലെ 12-ാം വകുപ്പിൽ പ്രസിഡന്റിനും മെമ്പർക്കുമുള്ള ഓണറേറിയം പ്രതിമാസം യഥാക്രമം 5,000 രൂപയും 3,000 രൂപയുമെന്ന ഉയർന്ന പരിധിയായിരുന്നു നിശ്ചയിച്ചിരുന്നത്. ആ വ്യവസ്ഥകളിൽ ഇപ്പോൾ മാറ്റംവരുത്തുകയും പ്രസിഡന്റിനും അംഗങ്ങൾക്കും സർക്കാർ കാലാകാലങ്ങളിൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി നിശ്ചയിക്കുന്ന പ്രകാരമുള്ള തുക ഓണറേറിയം, സിറ്റിംഗ് ഫീസ് എന്നിവ കൊണ്ടുവരികയും ചെയ്തു. ഇവിടെ തുകയ്ക്ക് ഒരു പരിധിയുമില്ല. മുമ്പ് പരിധിയുണ്ടായിരുന്നു. 'നെയ്യപ്പത്തിൽ

നെയ് കൂടിയതുകൊണ്ട് കുഴപ്പമില്ലല്ലോ' എന്നാണ് ഇക്കാര്യത്തിൽ നിങ്ങളുടെ നയം എന്ന് വ്യക്തമാണ്. സർക്കാരിന്റെ സാമ്പത്തിക ശേഷി മോശമാണ്, ചെലവ് ചുരുക്കണം എന്നാണ് ധനകാര്യ വകുപ്പുമന്ത്രി ആവർത്തിച്ച് പറയുന്നത്. ഈ ചെയ്യുന്നതൊക്കെയാണോ ചെലവുചുരുക്കൽ എന്ന് അങ്ങ് ആലോചിക്കണം.

13 (ബി) എന്ന ഒരു വകുപ്പ് പുതിയതായി കൂട്ടിച്ചേർത്തതായി കാണുന്നു. കമ്മീഷണറുടെ നിയമനം സംബന്ധിച്ച് സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്തതും ഹിന്ദു സമുദായാംഗവുമായ ഉദ്യോഗസ്ഥനെ കമ്മീഷണറായി നിയമിക്കുന്നു. മാതൃനിയമത്തിലെ 13 (എ) പ്രകാരം ചീഫ് കമ്മീഷണർ നിലവിലുണ്ട്. ആയത് നിലനിർത്തിയാണ് ഒരു കമ്മീഷണറെക്കൂടി കൊണ്ടുവരുന്നത്. ഇതിൽ അധികച്ചെലവില്ലേ; വേണ്ടപ്പെട്ടവരെ ആരെയോ ഈ പദവിയിൽ ഉറപ്പിക്കാൻ കാട്ടുന്ന ചെപ്പടിവിദ്യയല്ലേ ഇത് എന്ന് സംശയിക്കേണ്ടിയിരിക്കുകയാണ്.

29-ാം വകുപ്പിൽ ഒന്നാം ഉപവകുപ്പിൽ അതായത് 1097-ൽ രൂപീകരിച്ച ദേവസ്വം വകുപ്പ് തുടരുകയും കാലാകാലങ്ങളിൽ ബോർഡ് തീരുമാനിക്കുന്ന.....

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, ദേവസ്വം ബോർഡിൽ നിയമിക്കപ്പെടുന്ന അംഗങ്ങൾക്കുള്ള ഓണറേറിയം വർദ്ധിപ്പിക്കുന്നതിനെ കുറിച്ചൊക്കെ സൂചിപ്പിച്ചു. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള അമ്പലങ്ങളെ ഗ്രേഡനുസരിച്ച് തിരിച്ചപ്പോൾ 'ഡി' ഗ്രേഡിൽ നിൽക്കുന്ന അമ്പലങ്ങളുണ്ട്. ആ അമ്പലങ്ങളിലെ വാര്യർ സമുദായത്തിലുള്ള ആളുകൾക്ക്, രാവിലെ വന്ന് പൂജയും കർമ്മങ്ങളും നടത്തുന്ന ആളുകൾക്ക് വളരെ തുച്ഛമായ ശമ്പളമാണ് ലഭിക്കുന്നത്. അതുതന്നെ എല്ലാ മാസവും കൃത്യമായി കൊടുക്കുന്നില്ല. അതിനെക്കുറിച്ച് അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, കഴിഞ്ഞ മന്ത്രിസഭയുടെ കാലഘട്ടത്തിൽ, മലബാർ പ്രദേശത്ത് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെയുള്ള പരാതികൾ വ്യാപകമായി ഉണ്ടായിട്ടുണ്ട്. അവർക്ക് അവശ്യംവേണ്ട ശമ്പളം കിട്ടുന്നില്ലെന്ന പരാതികളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ ദേവസ്വം ബോർഡ് പ്രസിഡന്റിനും അംഗങ്ങൾക്കുമൊക്കെ ഇഷ്ടത്തിനനുസരിച്ച് ശമ്പളം കൂട്ടിക്കൊടുക്കുകയാണ്. അതിന് ഗസറ്റ് നോട്ടിഫിക്കേഷൻ മാത്രം മതി. എന്തിനേറെ പറയുന്നു, എം.എൽ.എ.-മാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ബിൽ കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടക്കമുള്ള എല്ലാവരും ചേർന്ന് ഒരു തീരുമാനമെടുത്തിരുന്നു. മുൻകാല പ്രാബല്യം ഒരിക്കലും വേണ്ടെന്നായിരുന്നു തീരുമാനം. അന്ന് മുൻകാല പ്രാബല്യം വേണ്ടെന്നുപറഞ്ഞ സ്ഥാനത്ത് ദേവസ്വം

ബോർഡ് പ്രസിഡന്റിനും അംഗങ്ങൾക്കും മുൻകാല പ്രാബല്യത്തോടെ ശമ്പളം വർദ്ധിപ്പിച്ചുകൊടുക്കാനുള്ള തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത്. അത് അങ്ങേയ്ക്ക് നന്നായി അറിയാമെന്ന് എനിക്കറിയാം. അതുകൊണ്ടാണ് ഞാനിത് സൂചിപ്പിച്ചത്. 29-ാം വകുപ്പിലെ (1)-ാം ഉപ വകുപ്പിൽ 1097-ൽ രൂപീകരിച്ച ദേവസ്വം വകുപ്പ് തുടരുകയും കാലാകാലങ്ങളിൽ ബോർഡ് തീരുമാനിക്കുന്ന എണ്ണം ഹിന്ദു ഉദ്യോഗസ്ഥന്മാരും മറ്റ് ജീവനക്കാരും ഉൾപ്പെടുന്നതും (2)-ാം ഉപവകുപ്പിൽ ദേവസ്വം വകുപ്പ് ബോർഡിന്റെ മേൽനോട്ടത്തിനും നിർദ്ദേശങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായിരിക്കുന്നതും, ബോർഡ് നിയമിക്കുന്ന ഹിന്ദുവായ കമ്മീഷണറുടെ കീഴിൽ ആയിരിക്കുന്നതുമാണ് എന്നതായിരുന്നു. എന്നാൽ ഇവിടെ (1)-ാം വകുപ്പ് നിലനിർത്തുകയും (2)-ാം ഉപവകുപ്പ് മാറ്റുകയും ചെയ്യുന്നു. സർക്കാർ നിയമിക്കുന്ന ദേവസ്വം കമ്മീഷണറുടെ കീഴിൽ മേൽനോട്ടവും നിർദ്ദേശവും നിയന്ത്രണവും കൊണ്ടുവരുന്നു. മുമ്പ് കോടതി മുഖാന്തരം കമ്മീഷണറെ നിയമിക്കുമ്പോൾ ബോർഡിന്റെ അഭിപ്രായത്തിനായിരുന്നു മുൻതൂക്കമുണ്ടായിരുന്നത്. ഇപ്പോൾ സർക്കാർ നേരിട്ട് നിയമിക്കുന്നതിലൂടെ ഹിന്ദുമത സ്ഥാപനങ്ങളുടെമേൽ ആധിപത്യം ഉറപ്പിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു ഒഫീഷ്യൽ അമെന്റ്മെന്റ് എന്ന നിലയിൽ ഇവിടെ കൊണ്ടുവന്നത് ആ വ്യവസ്ഥയുള്ള ഒരു മാറ്റമാണെന്നാണ് എനിക്കു തോന്നുന്നത്.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, സദുദ്ദേശ്യപരമായ ഒരു ബിൽ അവതരിപ്പിക്കുമ്പോൾ സ്വാഭാവികമായും ആ ബില്ലിൽ സംശയങ്ങൾ വരാം. മുൻ ഗവൺമെന്റിന്റെ കാലത്തെ ഒരു ദേവസ്വം ബോർഡ് ഉദ്യോഗസ്ഥനെതിരായി പാത്രം വാങ്ങിയതടക്കമുള്ള അഴിമതിയെക്കുറിച്ച് അന്വേഷണം നടന്നു കൊണ്ടിരിക്കുകയാണ്. അക്കാര്യത്തെക്കുറിച്ച് താങ്കൾക്ക് അറിയാമോ?

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഏത് അന്വേഷണം നടത്തുന്നതിലും ഞങ്ങൾക്കാർക്കും ഒരു വിരോധവുമില്ല. കുറെ നാളുകളായി അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. അന്വേഷണം നടക്കട്ടെ, കാര്യങ്ങൾ പുറത്തു വരട്ടെ. സത്യം പുറത്തുവരണമല്ലോ; സത്യം പുറത്തുവരുന്നതുതന്നെയാണ് നല്ലത്. ഇങ്ങനെ പുകമറ സൃഷ്ടിച്ച് ചില ആളുകളെ മോശക്കാരാക്കുന്നതിനും രാഷ്ട്രീയ വിരോധം തീർക്കുന്നതിനുംവേണ്ടി എവിടെയും രണ്ട് വർത്തമാനം പറഞ്ഞ് ആഞ്ഞടിക്കുന്ന സ്വഭാവം മോശമാണ്.

സർക്കാർ കമ്മീഷണർമാരെ നേരിട്ട് നിയമിക്കുന്നതിലൂടെ ഹിന്ദുമത സ്ഥാപനങ്ങളുടെമേൽ ആധിപത്യം ഉറപ്പിക്കുന്ന കാര്യമാണ് ഞാനിവിടെ പറഞ്ഞത്. 1950-ലെ ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ്

ആക്ട് പ്രകാരം, സർക്കാരിന്റെ ഈ നടപടിക്ക് നിയമസാധുത ലഭിക്കില്ലെന്നതാണ് വസ്തുത. നാട്ടുരാജ്യങ്ങളുടെ ലയനസമയത്ത് ഉണ്ടാക്കിയ ഒരു ഉടമ്പടിയാണ് സർക്കാർ ഈ ഭേദഗതിയിലൂടെ ഇല്ലാതാക്കാൻ ഉദ്ദേശിക്കുന്നത്.

70-ാം വകുപ്പിൽ കൊച്ചി ദേവസ്വം ബോർഡിലെ അംഗങ്ങളുടെ കാലാവധി 3 വർഷമായിരുന്നത് ഇപ്പോൾ ഭേദഗതി വരുത്തി 2 വർഷമാക്കുകയാണ്. അതായത് 10-ാം വകുപ്പിന്റെ ഭേദഗതിപോലെ മാറ്റുന്നതായി കാണാം. 71-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ കൊച്ചി ദേവസ്വം ബോർഡ് പ്രസിഡന്റിനും അംഗങ്ങൾക്കും പ്രതിമാസം യഥാക്രമം 5,000 രൂപയും 3,500 രൂപയുമായിരുന്ന ഓണറേറിയം. ആയത് ഭേദഗതിയിലൂടെ സർക്കാർ കാലാകാലങ്ങളിൽ, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം വഴി, നിശ്ചയിക്കാവുന്ന ഓണറേറിയവും സിറ്റിംഗ് ഫീസും എന്നാക്കി മാറ്റുകയാണ്. ഇത് 12-ാം വകുപ്പിന്റെ ഭേദഗതിപോലെയാക്കുകയാണ്.

74 (എ) വകുപ്പിലെ (1)-ാം ഉപവകുപ്പിൽ നിലവിലുണ്ടായിരുന്നത് ബോർഡിനുകീഴിൽ ഏകാംഗീകൃതമാക്കിയതോ ഏകാംഗീകൃതമാക്കാത്തതോ ആയ ദേവസ്വങ്ങളുടെയും ഹിന്ദുമത സ്ഥാപനങ്ങളുടെയും ഭരണ നിർവ്വഹണത്തിനായി ബോർഡ് ഒരു ദേവസ്വം കമ്മീഷണറെ നിയമിക്കേണ്ടതാണ് എന്നായിരുന്ന നിലവിലുണ്ടായിരുന്നത്. ആയത് ഇപ്പോൾ ഭേദഗതി വരുത്തുകയും "സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി ഗവൺമെന്റ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്തതും ഹിന്ദുവായതുമായ ഒരു ഉദ്യോഗസ്ഥനെ കമ്മീഷണറായി നിയമിക്കാവുന്നതുമാണ്" എന്നാക്കി മാറ്റുകയാണ്. ഇവിടെയും ബോർഡിന്റെ അധികാരം സർക്കാർ കവരുകയാണ്. ക്ഷേത്രങ്ങളുടെയും ഹിന്ദുമത സ്ഥാപനങ്ങളുടെയുംമേൽ പിടിമുറുക്കാനാണ് ഇടതുസർക്കാർ ഇതെല്ലാം ചെയ്യുന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്ന് വളരെ വ്യക്തമാണ്. ബന്ധുക്കളെയും സ്വജനങ്ങളെയും താക്കോൽ സ്ഥാനങ്ങളിൽ ഇരുത്തുകയെന്ന ഹിഡൻ അജണ്ടയല്ലേ ഇതിന്റെ പിന്നിലുള്ളത്? കൂട്ടത്തിൽ താല്പര്യമില്ലാത്തവരെ വെട്ടിനിരത്തുകയും ചെയ്യാൻ കഴിയുന്ന ഒരവസ്ഥ ഉണ്ടാക്കിയെടുക്കുകയാണ്. സർക്കാർ ഒരു പാനൽ തയ്യാറാക്കി ഹൈക്കോടതിയിൽ സമർപ്പിച്ചായിരുന്ന നിലവിൽ കമ്മീഷണർമാരുടെ നിയമനം നടത്തിയിരുന്നത്. കോടതിയാണ് ദേവസ്വം കമ്മീഷണർമാരെ നിയമിച്ചുവന്നിരുന്നത്. കോടതി ദേവസ്വം ബോർഡിന്റെകൂടി അഭിപ്രായം ആരാഞ്ഞശേഷമാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിരുന്നത്. 1994 മുതൽ തുടർന്നുവരുന്ന ഈ രീതി അവസാനിപ്പിച്ച് നിയമനാധികാരം നേരിട്ട് ഏറ്റെടുക്കാനാണ് സർക്കാർ ഇതിലൂടെ ശ്രമിക്കുന്നത്. 13-ാം വകുപ്പിൽ 13 (എ) കൊണ്ടുവന്നതും 74 (എ) വകുപ്പിൽ ഭേദഗതി കൊണ്ടുവന്നതും യഥാക്രമം തിരുവിതാംകൂറിലെയും കൊച്ചിയിലെയും

ദേവസ്വം ബോർഡിലെ കമ്മീഷണർമാരെ സർക്കാരിന് നേരിട്ട് നിയമിക്കാനാണ്. അതിൽ ചില മാറ്റങ്ങൾ ഇപ്പോൾ വരുന്നു.

തിരുവിതാംകൂർ മഹാരാജാവും ഇന്ത്യൻ പ്രസിഡന്റും തമ്മിലുണ്ടാക്കിയ ഒരു കവനന്റിന്റെ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലവിൽ വന്നത്. 3 അംഗങ്ങൾ ഉണ്ടായിരിക്കുമെന്ന് വ്യവസ്ഥ ചെയ്ത ബോർഡിൽ ഒരു അംഗം രാജാവിന്റെ പ്രതിനിധിയായിരുന്നു. മതേതര സർക്കാരെന്ന് വീമ്പ് പറയുകയും പത്രങ്ങളിൽ ലേഖനം എഴുതുകയും ചെയ്യുന്ന നിങ്ങൾ, ഒരു മതസ്ഥാപനത്തിന്റെ തലപ്പത്തുള്ള ചീഫ് എക്സിക്യൂട്ടീവ് പദവിയിലുള്ള ഉദ്യോഗസ്ഥനെ നേരിട്ട് നിയമിക്കുന്നത് ശരിയാണോയെന്ന് ചിന്തിക്കേണ്ടതുണ്ട്. ഇപ്പോൾ ഭേദഗതിയില്ല, അത് ഇന്ന് കൊണ്ടുവന്നിട്ട് മാറ്റി. ഇപ്പോഴെങ്കിലും സദുദ്ദേശ്യത്തോടുകൂടി നല്ല ബുദ്ധി തോന്നിയത് നന്നായി എന്നാണ് തോന്നുന്നത്. അത് തുടർന്നുപോകട്ടേയെന്ന് പ്രാർത്ഥിക്കുകയാണ്.

കേരളത്തിലെ 5 ദേവസ്വം ബോർഡുകളെയും സംയോജിപ്പിച്ച് കേരള ദേവസ്വം ബോർഡ് എന്ന ഒറ്റ ദേവസ്വം ബോർഡിന്റെ കീഴിലാക്കി കേരളത്തിലെ മുഴുവൻ ക്ഷേത്രങ്ങളുടെയും ഹിന്ദുമത സ്ഥാപനങ്ങളുടെയുംമേൽ പിടിമുറുക്കുന്നതിനാണ് ഈ സർക്കാർ ശ്രമിക്കുന്നതെന്ന് വളരെ വ്യക്തമാണ്. ഇതിന്റെ മുന്നൊരുക്കങ്ങളാണ് ഈ ഭേദഗതിയിലൂടെ ആരംഭിച്ചിരിക്കുന്നത്. ഇവർ ചെയ്യുന്നത് എന്താണെന്ന് ഇവർതന്നെ അറിയുന്നില്ല.

സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ബോർഡുകളിലെ പ്രസിഡന്റിന്റെയും അംഗങ്ങളുടെയും ഓണറേറിയം 7 ഇരട്ടിയാക്കി മുൻകാല പ്രാബല്യത്തോടെ വർദ്ധിപ്പിക്കുകയാണ്. ഓണറേറിയത്തിന്റെ മൂന്ന് ശതമാനം സിറ്റിംഗ് ഫീസ് 2017 മുൻകാല പ്രാബല്യത്തോടെ അനുവദിക്കുന്നു. കൂടാതെ, ടി.എ., ഡി.എ. ഇനത്തിൽ ലക്ഷങ്ങളും നിലവിലുള്ള വാഹനങ്ങൾക്ക് തകരാറൊന്നുമില്ലെങ്കിലും പ്രസിഡന്റിനും അംഗങ്ങൾക്കും ഇന്നോവ കാർ കൊടുക്കാനും തീരുമാനിച്ചിരിക്കുന്നു. ഇപ്പോൾ നിങ്ങൾ പറയുന്നതെന്താണ്? മുൻകാല ബോർഡിന്റെ ഒരു തീരുമാനമാണ് ഞങ്ങൾ നടപ്പാക്കുന്നതെന്ന വിചിത്രമായ ഒരു അഭിപ്രായമാണ് പറയുന്നത്.

20,000 രൂപ മുതൽ 40,000 രൂപ വരെ ശമ്പളവും കാറും ഇതര ആനുകൂല്യങ്ങളും നൽകി ദേവസ്വം ബോർഡിൽനിന്നും വിരമിച്ച ഭരണപക്ഷത്തോട് കൂറുള്ളവരെ ദേവസ്വം ബോർഡിൽ നിയമിക്കുകയാണ്. അച്ചടിക്ക് മാത്രമായി ഒരു സ്പെഷ്യൽ ഓഫീസർ. 40,000 രൂപ ശമ്പളത്തിൽ ഒരു ലാ ഓഫീസർ നിയമനം. 4 വക്കീലന്മാരെ എൻക്വയറി കമ്മീഷണർമാരായി ഇപ്പോൾ നിയമിച്ചു. മാനദണ്ഡങ്ങൾ പാലിക്കാതെ ഇഷ്ടക്കാർക്ക് സ്ഥാനക്കയറ്റം നൽകി സുപ്രധാന

തസ്തികകളിൽ നിയമനം. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരായി 26 പേരെ നിയമിച്ചു. അതിൽ ഒരാൾപോലും പിന്നോക്ക ജാതിക്കാരനില്ല. തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ തസ്തികയ്ക്ക് 26 ലക്ഷം രൂപ ഇടതുപക്ഷ നേതാക്കൾ കോഴപ്പണം വാങ്ങിയെന്ന് പത്രത്തിൽ വാർത്ത വന്നതാണ്. ദേവസ്വം ബോർഡ് നിയമനത്തിന് 26 ലക്ഷം രൂപ കോഴ വാങ്ങിയെന്ന് ആരോപണം വന്നു. അങ്ങയെ ഞാൻ കുറ്റം പറയുകയല്ല. പത്രത്തിൽ വന്ന വാർത്തകൾ വായിച്ചുനോക്കിയാൽ, വാങ്ങിയ ആളുകൾ പറയുന്നത്, ഒരു ഭാഗം അവർക്കും ബാക്കിയുള്ളത് പാർട്ടിക്ക് കൊടുക്കാനും പിന്നെയുള്ളതിനെക്കുറിച്ച് ഞാൻ പറയുന്നില്ല. അങ്ങ് ഈ പത്രം വായിച്ചതുകൊണ്ട് മനസ്സിലാക്കാൻ കഴിയുമെന്നുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അങ്ങ് കോഴ വാങ്ങിയെന്ന് ഞാനൊരിക്കലും ആക്ഷേപമുന്നയിക്കുന്നില്ല. ഇതിനെക്കുറിച്ചൊരു പരാതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും പാർട്ടി സെക്രട്ടറി ശ്രീ. കോടിയേരി ബാലകൃഷ്ണനും എൽ.ഡി.എഫ്. കൺവീനർ ശ്രീ. വൈക്കം വിശ്വൻ ഉൾപ്പെടെയുള്ളവർക്കും നൽകിയിരുന്നു. പക്ഷെ ആ പരാതികളെക്കുറിച്ച് പുറംലോകം ഒന്നുമറിയുന്നില്ല എന്നുള്ളതും ഒരു സത്യാവസ്ഥയാണ്. അങ്ങേയ്ക്ക് എന്തെങ്കിലും മറുപടി പറയാനുണ്ടെങ്കിൽ പറയുന്നത് നന്നായിരിക്കും എന്നുകൂടി ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ എന്റെ സുഹൃത്തുക്കൾ പറയുന്നതുകൊണ്ട് ഞാൻ വേഗത്തിൽ അവസാനിപ്പിക്കുകയാണ്.

ദേവസ്വം ലാന്റ് ട്രിബ്യൂണലിന്റെ രൂപീകരണം എന്തായി എന്നുള്ളതിന്റെ മറുപടികൂടി അങ്ങ് പറയണം. നിയമ വകുപ്പ് അംഗീകാരം നൽകിയ ബിൽ വളരെ ഭദ്രമായി ഫ്രീസറിൽ സൂക്ഷിച്ചിരിക്കുകയാണ്. അന്യാധീനമാകുന്ന വിവിധങ്ങളായ ദേവസ്വം ഭൂമി ഏറ്റെടുക്കാതിരിക്കുന്നത് എന്തുകൊണ്ടാണ്? അന്യാധീനപ്പെട്ട ഭൂമി തിരിച്ചെടുക്കുന്നതിനുള്ള ഒരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല എന്നത് വസ്തുതാപരമായ കാര്യമാണ്.

<u>മി. ചെയർമാൻ</u>: പ്ലീസ് അങ്ങ് ചർച്ച അവസാനിപ്പിക്കണം. 32 മിനിട്ടായി.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഞാൻ അവസാനിപ്പിക്കാം. ഇതൊരു ബില്ലല്ലേ? കാര്യങ്ങളെല്ലാം പറഞ്ഞ് സുതാര്യമാക്കി ബഹുമാനപ്പെട്ട മന്ത്രി ഇതൊക്കെ കേട്ടുകൊണ്ട് ഇത് അംഗീകരിക്കുന്നതിനുവേണ്ടിയാണ് ഇതെല്ലാം പറയുന്നത്.

<u>മി. ചെയർമാൻ</u>: സഹകരിക്കണമെന്നാണ് പറഞ്ഞത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ഈ നിയമം ഇന്നും നാളെയുംകൊണ്ട് അവസാനിക്കുന്നതല്ല. ഇത് നൂറ്റാണ്ടുകളോളം നിലനിൽക്കുമെന്നൊന്നും പറയാൻ

സാധിക്കില്ല. അടുത്ത വർഷം ഇതേ നിയമം ഒന്നുകൂടി മാറ്റി എഴുതുന്നതിനുവേണ്ടി ആലോചിക്കും. കാരണം ആരെയെങ്കിലും ഒന്ന് സഹായിക്കണമെന്നുണ്ടെങ്കിൽ ഒരു പുതിയ ഭേദഗതി കൊണ്ടുവരാതെ നടപ്പാക്കാൻ കഴിയില്ല.

സംസ്ഥാനത്തെ ദേവസ്വം ബോർഡിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് സുതാര്യമാകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിതന്നെ നിർദ്ദേശിച്ചിട്ടുണ്ട്. ക്ഷേത്രഭരണത്തിന് നിയോഗിക്കപ്പെടുന്നവർ സ്വഭാവശുദ്ധിയും സത്യ നിഷ്ഠയുള്ളവരും ബഹുമാനം അർഹിക്കുന്നവരും ക്ഷേത്രഭരണത്തിൽ പരിചയമുള്ളവരുമായിരിക്കണമെന്നും അക്കാര്യം പ്രത്യേകം ഉറപ്പുവരുത്തണമെന്നും ഹൈക്കോടതി പറഞ്ഞിട്ടുള്ളത് ഞാൻ അങ്ങയെ പ്രത്യേകമായി ഓർമ്മിപ്പിക്കുകയാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ 10 ശതമാനം മുന്നോക്ക സംവരണത്തിന് റിക്രൂട്ട്മെന്റ് റൂൾ ഭേദഗതി ചെയ്യാനുള്ള തീരുമാനം ഭരണഘടനാവിരുദ്ധവും അസാധുവുമാണെന്ന് നിയമ വകുപ്പ് സെക്രട്ടറി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് അങ്ങ് പറയണം. അങ്ങ് ഇവിടെ നടത്തിയ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ പോയപ്പോൾ നിയമ വകുപ്പ് സെക്രട്ടറിയുടെ അഭിപ്രായം അതിനകത്ത് രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങയുടെ മുമ്പിൽത്തന്നെ അത് വന്നിട്ടുണ്ടെന്നുള്ളത് വളരെ വ്യക്തമാണ്. അക്കാര്യംകൂടി അങ്ങ് പറയണം. ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളിക്കളഞ്ഞ സാമ്പത്തിക സംവരണവാദം കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടാൽ സർക്കാർ വെട്ടിലാകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അങ്ങ് ഈ ബിൽ പിൻവലിക്കണം. ബഹുമാനപ്പെട്ട ചെയറും എന്റെ സുഹൃത്തുക്കളും പ്രസംഗം അവസാനിപ്പിക്കണമെന്ന് പറഞ്ഞതുകൊണ്ട് അവസാനിപ്പിക്കുകയാണ്. ഈ ബിൽ അങ്ങ് പിൻവലിക്കണമെന്ന എന്റെ ആവശ്യം ഒരിക്കൽക്കൂടി ഉന്നയിക്കുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, വിയോജിപ്പ് രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട ശ്രീ. അടൂർ പ്രകാശ് ഈ നിയമത്തിന്റെ ചരിത്രവും പശ്ചാത്തലവുമൊക്കെ പറയുകയുണ്ടായി. അത് ഞാൻ ആവർത്തിക്കുന്നില്ല. അതുപോലെ ഇതിന്റെ നിയമപരമായ കാര്യങ്ങളെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ഒബ്ജക്ഷൻ ഉന്നയിച്ചിരുന്നു. യഥാർത്ഥത്തിൽ അതിനുമുമ്പുതന്നെ കവനന്റിന്റെ സാധ്യതയെ സംബന്ധിച്ച് അങ്ങ് സംശയം പ്രകടിപ്പിച്ചെങ്കിലും അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് അങ്ങ് ഒഫീഷ്യൽ ഭേദഗതി ഇപ്പോൾ കൊണ്ടു വന്നിരിക്കുകയാണ്. അങ്ങ് ഒഫീഷ്യൽ ഭേദഗതി ഇപ്പോൾ കൊണ്ടു വരുന്നതിനുപകരം സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞിരുന്നെങ്കിൽ വളരെ

എളുപ്പമായിരുന്നു. ഇപ്പോൾ ഇവിടെ വന്നപ്പോഴാണ് അറിയുന്നത്. സബ്ജക്ട് കമ്മിറ്റിയിൽനിന്നും വരുമ്പോൾ സ്വാഭാവികമായും മന്ത്രിക്ക് ഒഫീഷ്യൽ ഭേദഗതി കൊണ്ടുവരാനുള്ള അധികാരവും അവകാശവുമൊക്കെയുണ്ട്. അത് ആ ബില്ലിന്റെ സ്പിരിറ്റ് മുഴുവൻ ചോർത്തിക്കൊണ്ടുള്ള ഒരു ഭേദഗതിയാകില്ല. നേരത്തെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഇനി ഈ ബില്ലിന്റെ ആവശ്യമെന്താണ്? ഈ ബില്ലിൽ ആകെ അവശേഷിക്കുന്ന ഒരു ക്ലോസ്സെന്ന് പറയുന്നത്, ഇതിലെ പ്രസിഡന്റിനും മെമ്പർമാർക്കും ഓണറേറിയം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. ഓണറേറിയം വർദ്ധിപ്പിക്കാൻ ഇപ്പോൾത്തന്നെ ദേവസ്വം ബോർഡിന് പൂർണ്ണ അധികാരമുണ്ടല്ലോ. അത് ഗവൺമെന്റ് തന്നെ വർദ്ധിപ്പിക്കണമെന്നതിൽ എന്തിനാണ് ഇത്ര നിർബന്ധം? അത് യഥാർത്ഥത്തിൽ തീരുമാനിക്കാനുള്ള അധികാരവും അവകാശവുമുള്ളത് ബോർഡിനാണ്. അവിടത്തെ വരുമാനം സംബന്ധിച്ച കാര്യങ്ങൾ ബോർഡിനുതന്നെ തീരുമാനിക്കാൻ അധികാരമുള്ളപ്പോൾ ഗവൺമെന്റിന് എപ്പോൾ വേണമെങ്കിലും വർദ്ധിപ്പിച്ച് കൊടുക്കാമെന്നൊരു ബ്ലാങ്ക് ചെക്ക് എന്തിനാണ് നിയമം മുഖേന ഇപ്പോൾ എഴുതിയെടുക്കുന്നത്. ഇപ്പോൾത്തന്നെ റൂൾ മേക്കിംഗിന് കൊടുക്കുകയാണ്. അപ്പോൾ റൂൾ കൊണ്ടുണ്ടാക്കുന്ന എക്സിക്യൂട്ടീവിന് ആവശ്യമായ ശമ്പളം കൊടുക്കാനുള്ള അധികാരത്തിനുവേണ്ടി മാത്രം ഒരു നിയമനിർമ്മാണം ആവശ്യമുണ്ടോ? ഈ ഗവൺമെന്റ് വന്ന് അങ്ങ് മന്ത്രിയായതിനുശേഷം ദേവസ്വവുമായി ബന്ധപ്പെട്ട് രണ്ട് നിയമങ്ങൾ ഇവിടെ വരികയുണ്ടായി. മദ്രാസ് ഹിന്ദുമത ധർമ്മ എൻഡോവ്മെന്റ് ആക്ട് വന്നപ്പോൾ അതിൽ വളരെ ലിമിറ്റഡ് പർപ്പസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിന്റെ ഉപദേശക സമിതിയെ പിരിച്ചുവിടുക എന്നുള്ളതാണ്. അതല്ലാതെ ക്ഷേത്രവുമായി ബന്ധപ്പെട്ടോ ക്ഷേത്രത്തിലെ ജീവനക്കാരെ സംബന്ധിച്ചോ ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളെ സംബന്ധിച്ചോ എന്തെങ്കിലും ക്ഷേമമോ ഐശ്വര്യമോ വരുമാനമുണ്ടാക്കി കൊടുക്കുന്നതോ ആയ യാതൊരു കാര്യവും അതിനകത്ത് ഉണ്ടായിരുന്നില്ല. ആകെ ഉണ്ടായിരുന്നത് ഉപദേശക സമിതി പിരിച്ചുവിടുകയെന്ന ലക്ഷ്യം മാത്രമായിരുന്നു. ഇപ്പോൾ അതും നടക്കാൻ പോകുന്നില്ല. ഇതിനുവേണ്ട കമ്മീഷനെ നിയമിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിനുണ്ടെന്നുള്ള വിശ്വാസപ്രകാരമാണ് കൊണ്ടുവന്നത്. ആ ഭേദഗതിതന്നെ ഇല്ലാതായതോടുകൂടി ഗവൺമെന്റിന്റെ അധികാരം നിലനിൽക്കില്ല എന്ന് മനസ്സിലാക്കിയതുകൊണ്ടുതന്നെ മറ്റൊരു കോടതിയിലേക്ക് പോകാതിരിക്കുന്നതിനുവേണ്ടി അങ്ങ് ചെയ്തത് ബുദ്ധിപരമാണ്. അതുകൊണ്ട് അതെങ്കിലും ഒഴിവായിക്കിട്ടി. വൈകിയാണെങ്കിലും അങ്ങയ്ക്ക് ഉദിച്ച വിവേകത്തിന് നന്ദി എന്നുപറയാൻ ഞാൻ ഉദ്ദേശിക്കുകയാണ്. നേരത്തേതന്നെ

ഇതുണ്ടായിരുന്നെങ്കിൽ ഭേദഗതിയുടെ ആവശ്യമില്ലായിരുന്നു. ഓണറേറിയം വർദ്ധിപ്പിക്കുന്നതിനുമാത്രം ഒരു നിയമനിർമ്മാണത്തിന്റെ ആവശ്യമുണ്ടോ? എത്രയെത്ര കടമ്പകൾ കടന്നാണ് ഒരു ബിൽ വരുന്നത്.

കവനന്റിന്റെ വ്യവസ്ഥകൾ എഴുതിയിട്ടുള്ള രാജാക്കന്മാരൊന്നും അത്ര മോശക്കാരല്ല. കവനന്റ് നിലനിൽക്കുന്നുണ്ടോ ഇല്ലയോ എന്ന് അങ്ങ് സംശയം പ്രകടിപ്പിച്ചാലും അതിനകത്ത് പറഞ്ഞ സ്പിരിറ്റാണ് നോക്കേണ്ടത്. 'Provided that nothing in this Article shall authorize the Rajpramukh to assume to himself any of the powers vested in or exercisable by a High Court, or to suspend, either in whole or in part, the operation of any law relating to High Court'. എക്സിക്യൂട്ടീവ് ഇതിനകത്ത് അമിതാധികാരം ഉപയോഗപ്പെടുത്തരുതെന്ന ദീർഘദൃഷ്ടിയുണ്ടായിരുന്നതു'കൊണ്ടാണ് അവരിങ്ങനെ എഴുതിച്ചേർത്തത്. ഒരു മതേതര രാജ്യത്ത് ഇതുപോലുള്ള ധർമ്മ സ്ഥാപനങ്ങളുടെ പരമാധികാരം തീരുമാനിക്കാനുള്ള അധികാരം അതുമായി ബന്ധപ്പെട്ട സമിതികൾക്കാണ് എന്നുള്ളതാണ് എന്റെ വ്യക്തമായ അഭിപ്രായം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം കവനന്റിന്റെ നിയമസാധുതയെപ്പറ്റിയും അതിന്റെ ഭരണഘടനാ സാധുതയെപ്പറ്റിയുമാണ് സംസാരിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി നേരത്തെ മറുപടി പറഞ്ഞപ്പോൾ, കവനന്റിന് എന്ത് സാധുത; എന്ത് പ്രസക്തി എന്നു ചോദിച്ചു. യഥാർത്ഥത്തിൽ ഭരണഘടനയ്ക്ക് മുമ്പുണ്ടായതാണ് കവനന്റ്. തിരുവിതാംകൂർ രാജകുടുംബവും കൊച്ചി രാജകുടുംബവും രണ്ട് കവനന്റുകളായി ട്രൈപാർട്ടി എഗ്രിമെന്റാണ് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റുംകൂടി ഉണ്ടാക്കിയത്. ഹിന്ദുമത ധർമ്മ സ്ഥാപനങ്ങളെ പൂർണ്ണമായി സ്വയംഭരണാവകാശത്തോടുകൂടി സംരക്ഷിക്കണം എന്നുള്ള സദുദ്ദേശ്യത്തോടുകൂടിയും അതിനകത്ത് അനാവശ്യമായ സർക്കാർ ഇടപെടൽ ഉണ്ടാകരുതെന്നുള്ള ഉദ്ദേശ്യത്തോടുകൂടിയുമാണ് കവനന്റ് ഉണ്ടാക്കിയിരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ശരിയാണ്. ഭരണഘടനയ്ക്ക് മുമ്പുള്ളതാണ്, പക്ഷെ ഭരണഘടനയുടെ ആർട്ടിക്കിൾ 363 കവനന്റുകളെ പൂർണ്ണമായി സംരക്ഷിച്ചിരിക്കുകയാണ്. ആ കവനന്റുകളെല്ലാം ഇനിയും നടപ്പിലാക്കേണ്ടതും അതിന്റെ പ്രൊവിഷൻസിൽ നിന്നുകൊണ്ട് മാത്രമേ ലെജിസ്ലേഷൻ നടത്താൻ പാടുള്ളൂ, അത് പൂർണ്ണമായി അനുസരിക്കാൻ ഇനി വരുന്ന ജനാധിപത്യ ഗവൺമെന്റുകൾക്കെല്ലാം ബാധ്യതയുണ്ട് എന്ന് ഭരണഘടന കൃത്യമായി പറഞ്ഞിട്ടുള്ള ഒന്നിനെയാണ് ഭരണഘടനയിൽ തൊട്ട് സത്യപ്രതിജ്ഞ ചെയ്ത ബഹുമാനപ്പെട്ട മന്ത്രി തള്ളിപ്പറഞ്ഞതെന്നത് അങ്ങ് ശ്രദ്ധിച്ചോ?

ശ്രീ. എം. ഉമ്മർ: സർ, കവനന്റിനെപ്പറ്റി ആർട്ടിക്കിൾ VIII (g)-യിൽ ഇപ്രകാരം പറയുന്നു, 'Each of the aforesaid Board shall be a separate body corporate having perpetual succession and common seal with powers to hold and acquire properties and shall by its name sue and be sued.' എന്ന് പറഞ്ഞാൽ ബോർഡുകൾക്കെല്ലാം പരമാധികാരം കൊടുത്തുകൊണ്ടുള്ള അതിന്റെ പർപ്പസ് വളരെ കൃത്യമായി പറഞ്ഞിട്ടുള്ള കവനന്റുകളാണ്. അതൊന്നും അത്ര നിസ്സാരമായി തള്ളിക്കളയുന്നത് ശരിയല്ലെന്നുള്ളതാണ് എന്റെ അഭിപ്രായം.

മലബാറിലെയും തിരുവിതാംകൂറിലെയും ദേവസ്വം ബോർഡുകൾ തമ്മിലുള്ള വ്യത്യാസം, തിരുവിതാംകൂറിലെ ദേവസ്വം ബോർഡുകൾക്ക് ഭരണഘടനയുടെ പൂർണ്ണമായ പരിരക്ഷയുണ്ട് എന്നതാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 290 A പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിന് 46.50 ലക്ഷം രൂപ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിൽ 40.50 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിനും 6 ലക്ഷം രൂപ ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിനും നൽകണമെന്ന് അന്നുതന്നെ കൃത്യമായി എഴുതി വച്ചതുകൊണ്ടാണ് ഗവൺമെന്റ് കാലാകാലങ്ങളിലായി ആ തുക വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഭരണഘടനയുടെ 290 A-യിൽ ഇങ്ങനെ പ്രത്യേകമായി അന്നുതന്നെ എഴുതിവച്ചതുകൊണ്ടാണ് ബഹുമാനപ്പെട്ട മന്ത്രി നേരത്തെ സൂചിപ്പിച്ചതുപോലെ തിരുവിതാംകൂറിലെ ദേവസ്വങ്ങൾക്കുവേണ്ടി ഗവൺമെന്റിന് പണം നീക്കിവയ്ക്കാൻ കഴിയുന്നത്. നിർഭാഗ്യവശാൽ അങ്ങനെയൊരു കവനന്റ് മലബാറിൽ ഇല്ലാത്തതുകൊണ്ട് അന്ന് അതൊരു മഹാരാജാവിന്റെ കീഴിൽ അല്ലാത്തതുകൊണ്ട്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ നേരത്തെ സൂചിപ്പിച്ചതുപോലെ ഇന്ന് മലബാറിലെ അമ്പലങ്ങൾ മിക്കതും പട്ടിണിയിലാണ്. തിരുവിതാംകൂറിന്റെ കാര്യം പറയുമ്പോൾ മലബാറിലേയ്ക്ക് പോവുകയല്ല. പക്ഷേ ഭരണഘടനയുടെ പരിരക്ഷ ഉണ്ടായതുകൊണ്ട് തിരുവിതാംകൂറിലെയും കൊച്ചിയിലെയും അമ്പലങ്ങളിലെയും ദേവസ്വത്തിലെയും ജീവനക്കാർക്ക് മാന്യമായ ശമ്പളവും ഗവൺമെന്റിന്റെ ആനുകൂല്യങ്ങളും ലഭിക്കുമ്പോൾ മലബാറിലെ ദേവസ്വങ്ങൾ ഇന്നും വളരെയധികം പ്രയാസങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. 60 വർഷം പിന്നിട്ടെങ്കിലും ഇപ്പോഴും അതിന് പരിഹാരം കാണാൻ കഴിയാത്ത അവസ്ഥയാണ്. കുറെയൊക്കെ ഗവൺമെന്റ് കൊടുക്കുന്നുണ്ട് എങ്കിൽപ്പോലും ഭരണഘടനയുടെ പ്രൊട്ടക്ഷനില്ലാത്തതുകൊണ്ട് ഇതുപോലെയുള്ള നേട്ടമുണ്ടാക്കാൻ കഴിയുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമായി നിലനിൽക്കുകയാണ്.

ക്ഷേത്രനിധിയുടെ സംരക്ഷണവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രങ്ങളിലെ സ്വർണ്ണം മുതലായ വിലപിടിപ്പുള്ള നിക്ഷേപങ്ങൾ സൂക്ഷിക്കുന്നതിന് സ്ട്രോങ്ങ് റൂം പരിശോധിച്ച് തൂക്കം, മാറ്റ്,

കാലപ്പഴക്കം, മൂല്യം എന്നിവ നിർണ്ണയിച്ച് ഡിജിറ്റൽ ഫോട്ടോയെടുത്ത് റിക്കാർഡുകൾ സൂക്ഷിക്കാൻ സർക്കാർ നടപടി സ്വീകരിക്കണം. ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ നിധിയുമായി ബന്ധപ്പെട്ട് ക്ഷേത്രത്തിലെ A, B, C, D, E, F എന്നീ 6 നിലവറകളിലായുള്ള നിധിശേഖരത്തെ സംബന്ധിച്ച് ഏകദേശ വില കണക്കാക്കിയിട്ടുള്ളത് ഒരു ലക്ഷം കോടി രൂപ വിലമതിക്കും എന്നുള്ളതാണ്. അതിൽ രത്നം പതിച്ച മാലകൾ, 18 അടി നീളമുള്ള മാല, 1200 ശരപ്പൊളി മാലകൾ, ഡയമണ്ട്, റൂബീസ്, സഫൈയർ, എമറാൾഡ്, ജെം സ്റ്റോൺസ് തുടങ്ങിയ ഏറ്റവും വിലപിടിപ്പുള്ള നിരവധി രത്നശേഖരങ്ങൾ, 18-ാം നൂറ്റാണ്ടിൽ നെപ്പോളിയന്റെ കാലത്തുണ്ടായിരുന്ന ഗോൾഡ് കോയിൻ, റോമൻ എംപററിൽനിന്ന് കൊടുത്തിട്ടുള്ള കോയിൻസ്, 200 ബി.സി.ക്ക് മുമ്പുണ്ടായിരുന്ന കോയിൻസ്, ആയിരക്കണക്കിന് സ്വർണ്ണക്കുടങ്ങൾ ഉൾപ്പെടുന്ന 42,000-ൽപ്പരം വിശുദ്ധ വസ്തുക്കൾ ഇപ്പോഴും സൂക്ഷിക്കുന്നു എന്നുള്ളതാണ്. എനിക്ക് പറയാനുള്ളത്, ക്ഷേത്രാചാരങ്ങൾക്കും ക്ഷേത്രവിശ്വാസികളുടെ വിശ്വാസത്തിനും കോട്ടംതട്ടാതെയും അവരുടെ വിശ്വാസത്തിന് യാതൊരു വിധത്തിലുള്ള പ്രയാസമുണ്ടാക്കാതെയും ഈ ശേഖരങ്ങൾ ക്ഷേത്രവുമായി ചേർന്ന് ഒരു മ്യൂസിയത്തിൽ സൂക്ഷിക്കാൻ സാധിക്കുമോയെന്ന് സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും ബഹുമാനപ്പെട്ട സുപ്രീംകോടതിയുമായി ബന്ധപ്പെട്ട് ആശയ വിനിമയം നടത്തുന്നത് നന്നായിരിക്കും. ഒരുപക്ഷേ ലോകത്തെ ഏറ്റവും വിലപിടിച്ച രത്നങ്ങളും അപൂർവ്വമായ നാണയങ്ങളുമുള്ള അത്യപൂർവ്വമായൊരു മ്യൂസിയമായിരിക്കും അത്. തിരുവിതാംകൂർ ദേവസ്വത്തിന്റെ നേതൃത്വത്തിൽ ശ്രീപത്മനാഭസ്വാമി ക്ഷേത്രവുമായി ബന്ധപ്പെട്ട് അവിടത്തെ വിശ്വാസികളെയും രാജകുടുംബത്തിലെ അംഗങ്ങളെയും വിശ്വാസത്തിലെടുത്ത് ചർച്ച നടത്തി ഇത്തരത്തിലൊരു മ്യൂസിയം സ്ഥാപിക്കുകയാണെങ്കിൽ ദേവസ്വങ്ങൾക്ക് കോടിക്കണക്കിന് രൂപയുടെ വരുമാനമുണ്ടാക്കാൻ സാധിക്കും. ഇതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കണം എന്നാണ് എനിക്ക് പറയാനുള്ളത്. ഈ വലിയ നിധിശേഖരത്തെ സംബന്ധിച്ച് ഞാൻ വായിച്ചുകേട്ടതാണ്. സുപ്രീംകോടതിയിലെ അഭിഭാഷകരുടെയും അമിക്കസ്ക്യൂറിയുടെയുമൊക്കെ ആഭിമുഖ്യത്തിൽ ചില നിലവറകൾ തുറന്നപ്പോൾ പുറത്തുവന്ന ശേഖരങ്ങൾ കൃത്യമായി ഗവൺമെന്റിന്റെയും ദേവസ്വത്തിന്റെയും കീഴിൽ സുരക്ഷിതമായി നിലനിർത്താനും അതിന്റെ അക്കൗണ്ടബിലിറ്റി വിശ്വാസികളിലുണ്ടാക്കാനും അത് ലൈവായി കാണാനുമുള്ള സൗകര്യമുണ്ടാക്കുകയാണെങ്കിൽ നമ്മുടെ ടൂറിസം രംഗത്തുതന്നെ വലിയ സാധ്യതകൾ തുറക്കപ്പെടുമെന്നാണ് എനിക്ക് പറയാനുള്ളത്. ഇതുസംബന്ധിച്ച് പരിമിതമായ അഭിപ്രായം മാത്രമേ ഞാൻ പറയുന്നുള്ളൂ, ക്ഷേത്ര വിശ്വാസികളും അതുമായി

ബന്ധപ്പെട്ട ആളുകളുമാണ് കൂടുതൽ പറയേണ്ടത്. ഗവൺമെന്റ് ഇക്കാര്യത്തെ സംബന്ധിച്ച് കൂടുതൽ ഗൗരവമായി ചിന്തിക്കണമെന്നുമാത്രം പറയാൻ ഞാൻ ഈ സന്ദർഭം ഉപയോഗിക്കുകയാണ്. ഇത് ഉപയോഗപ്പെടുത്തി അതിലൂടെയുണ്ടാകുന്ന വരുമാനംകൊണ്ട് തിരുവിതാംകൂർ ദേവസ്വത്തിന്റെയും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെയും അടിസ്ഥാന സൗകര്യങ്ങളും മറ്റും വികസിപ്പിക്കാൻ സാധിച്ചാൽ ലണ്ടനിലും മറ്റും ഇന്നുള്ള മ്യൂസിയങ്ങളെക്കാൾ വലിയ രീതിയിൽ ആകർഷിക്കപ്പെടുന്നൊരു മ്യൂസിയമായി ഇത് മാറും.

മലബാർ ദേവസ്വം ബോർഡിനെ സംബന്ധിച്ച് ഒരു വാക്ക് പറയാം. മലബാർ ദേവസ്വം ബോർഡിൽ ഇപ്പോഴും ശമ്പളം കിട്ടാത്ത നിരവധി ക്ഷേത്ര ജീവനക്കാരുണ്ട്. ചില ക്ഷേത്രങ്ങളിൽ വരുമാനമുണ്ടെങ്കിലും മലബാർ ദേവസ്വത്തിൽനിന്ന് ശമ്പളം കിട്ടാത്ത ധാരാളം ജീവനക്കാരുണ്ട്. എന്നോട് ഇതുസംബന്ധിച്ച് പലരും ആക്ഷേപം പറഞ്ഞിരുന്നു. ഇങ്ങനെയൊരു ബിൽ ചർച്ചയ്ക്ക് വരുമ്പോൾ മലബാർ ദേവസ്വം ബോർഡിന്റെ കാര്യംകൂടി പറയണമെന്ന് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത് പറയുന്നത്. യഥാർത്ഥത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ കാര്യം പറയാൻ ഇവിടെ പരിമിതി ഉണ്ടെങ്കിൽപ്പോലും ബഹുമാനപ്പെട്ട മന്ത്രി അവിടത്തെ ക്ഷേത്രജീവനക്കാർക്ക് ശമ്പളം ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഈ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള അഡ്വ. കെ. ഗോപാലകൃഷ്ണൻ മേനോൻ കമ്മീഷൻ നിരവധി നല്ല പ്രൊപ്പോസലുകൾ മുന്നോട്ടുവച്ചിട്ടുണ്ട്. ഇപ്പോൾ നമുക്ക് പല ദേവസ്വം ബോർഡുകളാണുള്ളത്. മലബാർ ദേവസ്വം, ഗുരുവായൂർ ദേവസ്വം, കൂടൽമാണിക്യം ദേവസ്വം, തിരുവിതാംകൂർ ദേവസ്വം, കൊച്ചി ദേവസ്വം എന്നിങ്ങനെ. ഈ ദേവസ്വങ്ങളുടെയൊക്കെ അപ്പെക്സ് ബോഡിയായി മറ്റൊരു ദേവസ്വം, അതായത്, കേരള ദേവസ്വം ബോർഡ് രൂപീകരിക്കണം എന്നതിനെ സംബന്ധിച്ച് ഇടതുപക്ഷ സർക്കാർതന്നെ നിയോഗിച്ച അഡ്വ. കെ. ഗോപാലകൃഷ്ണൻ മേനോൻ കമ്മീഷൻ പറയുന്നുണ്ട്. അതിനാൽ ചെറിയ ചെറിയ ഭേദഗതികൾ കൊണ്ടുവന്ന് സഹകരണ സംഘങ്ങൾ പിടിച്ചെടുക്കുക എന്നതുപോലെ ക്ഷേത്രങ്ങളെയും ക്ഷേത്ര ഭരണങ്ങളെയും പിടിച്ചെടുക്കുന്ന തരത്തിലേയ്ക്ക് പോകാതെ ക്ഷേത്രങ്ങളെയും ക്ഷേത്ര വിശ്വാസികളെയും ക്ഷേത്രാചാരങ്ങളെയും സംരക്ഷിക്കുന്നതിനും പരിരക്ഷിക്കുന്നതിനും വേണ്ടി വിശാലമായ കാഴ്ചപ്പാടോടുകൂടി അങ്ങ് ഒരു ബിൽ കൊണ്ടുവരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. വി. ജോയി</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ- കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ

പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളീയ സമൂഹത്തിൽ ക്ഷേത്രങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. അതിന്റെ ആചാരങ്ങളും മതപരമായ ചടങ്ങുകളുമൊക്കെ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ടാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ദേവസ്വം വകുപ്പ് അത്തരം പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത്. കേരള ചരിത്രത്തിൽ തങ്ക ലിപികളാൽ രേഖപ്പെടുത്താൻ കഴിയുന്ന ഒട്ടനവധി നിയമങ്ങൾ നിർമ്മിച്ച സഭയാണിത്. ഭൂപരിഷ്കരണ നിയമം, വിദ്യാഭ്യാസ ബിൽ എന്നിങ്ങനെയുള്ള ധാരാളം നിയമങ്ങളുണ്ട്. അവയുടെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

1950-ലെ ട്രാവൻകൂർ-കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻ ആക്ട് നിരവധി തവണ ഭേദഗതി ചെയ്തിട്ടുണ്ട്. പതിമൂന്നാമത്തെ തവണയാണ് ഇപ്പോൾ ഭേദഗതി ചെയ്യുന്നത്. ഇതിൽ ശ്രദ്ധേയമായ ഒരു ഭേദഗതി വന്നത് 2007-ലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്താണ്. അന്നത്തെ ദേവസ്വം വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ ഈ സഭയിലുണ്ട്. 2007-ലെ അഞ്ചാമത് നിയമമാണ് ഏറ്റവും ശ്രദ്ധേയമായ നിയമം. സാമൂഹ്യനീതി ഉറപ്പു വരുത്തുന്നതിനായി വനിതകൾക്കും പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അംഗങ്ങൾക്കും ദേവസ്വം ബോർഡുകളിൽ മതിയായ പ്രാതിനിധ്യം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നത് അന്നാണ്. ദേവസ്വം ബോർഡ് നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുക്കുന്നതിനുള്ള വ്യവസ്ഥകളും പ്രസ്തുത നിയമത്തിൽ അന്ന് ഉൾപ്പെടുത്തിയിരുന്നു. അതുപോലെതന്നെ ഭരണപരമായ കാര്യങ്ങളുമായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനവും അതിൽ ഉൾക്കൊള്ളിച്ചിരുന്നു.

ക്ഷേത്രങ്ങളുടെ വികസനത്തിനുതകുന്ന തരത്തിൽ ക്ഷേത്രോപദേശക സമിതികൾ രൂപവൽക്കരിക്കപ്പെട്ടിരുന്നു. ഏറ്റവും മഹത്തായ കാര്യങ്ങളാണ് അന്ന് ഉൾക്കൊള്ളിച്ചിരുന്നത്. ബോർഡിന്റെ കാലാവധി നാല് വർഷത്തിനുപകരം രണ്ട് വർഷമായി ചുരുക്കുകയും ചെയ്തിരുന്നു. യഥാർത്ഥത്തിൽ 2007-ലെ അഞ്ചാമത് നിയമത്തിന് കടകവിരുദ്ധമായി, അതിനെ മുഴുവൻ വെട്ടിക്കളഞ്ഞുകൊണ്ടാണ് ബഹുമാന്യനായ അടൂർ പ്രകാശ് ഇവിടെ സൂചിപ്പിച്ച 2014-ലെ ഒന്നാമത് നിയമം കൊണ്ടുവന്നത്. അതിൽ തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകളിലെ വനിതാ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കി. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം പൂർണ്ണമായും

നിർത്തലാക്കി. ബോർഡിന്റെ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടപ്പിലാക്കണമെന്നുള്ള വ്യവസ്ഥ ഒഴിവാക്കി. ബോർഡിന്റെ കാലാവധി രണ്ട് വർഷമെന്നുള്ളത് മൂന്ന് വർഷമാക്കി മാറ്റി. തികച്ചും ജനാധിപത്യവിരുദ്ധമായി പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമനങ്ങളിൽ ഇടപെടുന്നതടക്കമുള്ള കാര്യങ്ങൾ പൂർണ്ണമായി ഒഴിവാക്കിക്കൊണ്ടാണ് 2014-ലെ ഭേദഗതി ഇവിടെ കൊണ്ടുവന്നത്. ഇത് നമ്മൾ ശ്രദ്ധിക്കേണ്ടൊരു കാര്യമാണ്. ഇവിടെ പ്രധാനമായും ചർച്ചചെയ്യുന്ന ഭേദഗതികളിലൊന്ന് കാലാവധി രണ്ട് വർഷമാക്കി എന്നുള്ളതാണ്. അത് നേരത്തേയും രണ്ട് വർഷമാക്കിയതാണ്. ഇവിടെ സമയാസമയങ്ങളിൽ അതിന് വിരുദ്ധമായി ചെയ്യുന്നത് ചില ആളുകളെ പ്രീണിപ്പിക്കുന്നതിനുവേണ്ടിയാണ്. യു.ഡി.എഫ്. അത് മൂന്ന് വർഷമാക്കാനുണ്ടായ സാഹചര്യം, കോൺഗ്രസ്സിന്റെ ഏറ്റവും തലമുതിർന്ന നേതാക്കളിലൊരാളായ ശ്രീ. ഗോവിന്ദൻ നായർ ദേവസ്വം ബോർഡ് പ്രസിഡന്റായിരുന്നപ്പോൾ അദ്ദേഹത്തിന് സമയം ദീർഘിപ്പിച്ചു കൊടുക്കുന്നതിനുവേണ്ടി രണ്ട് വർഷം എന്നുള്ളത് മൂന്ന് വർഷമാക്കി. അങ്ങനെ കാലാവധിയെ സംബന്ധിച്ച് ഓരോരുത്തരും അവരുടേതായ പങ്ക് വഹിച്ചിട്ടുണ്ട്. കൂടുതൽ കാലം ദേവസ്വം ബോർഡിൽ ഭാരവാഹിയായിരിക്കുന്നത് ഗുണകരമാണോ അല്ലയോ എന്ന ചോദ്യം ഇവിടെ പ്രസക്തമാണ്. ദേവസ്വം ബോർഡിൽ കുറച്ചുകാലം ഇരുന്നവർപോലും പരമാവധി അഴിമതി നടത്തിയിട്ട് പോയിട്ടുള്ളവരാണെന്ന് നമുക്ക് കാണാൻ സാധിക്കും.

ശ്രീ. കെ. ആൻസലൻ ബഹുമാന്യനായ അടൂർ പ്രകാശിനോട് ചോദിച്ചപ്പോൾ അദ്ദേഹത്തിന് ദേഷ്യം വന്നു. കഴിഞ്ഞ ദേവസ്വം ബോർഡിന്റെ കാലത്ത് ഒരു പത്രം റിപ്പോർട്ട് ചെയ്തത്, 'പള്ളിക്കെട്ട് സ്വാമിക്ക്, പൈസക്കെട്ട് നമ്മക്ക്, സ്വാമിയേ ശരണമയ്യപ്പ' എന്നായിരുന്നു. എന്താണ് ഇങ്ങനെ വാർത്ത വരാനുള്ള കാരണം? ദേവസ്വം ബോർഡ് പ്രസിഡന്റും അംഗവും യാത്രയോട് യാത്രയായിരുന്നു. ഒരു ദിവസത്തെ യാത്രയുടെ കണക്ക് പ്രധാനപ്പെട്ട ഒരു പത്രം റിപ്പോർട്ട് ചെയ്തത് 300 മുതൽ 500 കിലോമീറ്റർ വരെയാണെന്നാണ്. ഞാൻ ഒരു ലോജിക് പറയുകയാണ്, ഒരു വാഹനം ഒരു കിലോമീറ്റർ ഓടാൻ രണ്ട് മിനിട്ടെടുത്താൽ, 500 കിലോമീറ്റർ ഓടാൻ 1,000 മിനിട്ട് വേണം. ആയിരത്തെ അറുപതുകൊണ്ട് ഭാഗിച്ചാൽ 16 മണിക്കൂർ. ഒരു ദിവസം ദേവസ്വം ബോർഡ് പ്രസിഡന്റും മെമ്പറും 16 മണിക്കൂർ യാത്ര ചെയ്യുന്നുവെന്ന് ആരോടെങ്കിലും പറയാൻ പറ്റുമോ? എപ്പോഴാണ് മറ്റു കാര്യങ്ങൾ ഇവർ ചെയ്യുന്നത്? എല്ലാം കാറിനകത്തു തന്നെയാണോ? ഒരു വർഷം യാത്രപ്പടിയായി 24 ലക്ഷം രൂപയാണ് ഇവർ കൈപ്പറ്റുന്നത്. ഞാൻ അതിന്റെ മറ്റ് വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ഞാൻ ഒരു ചെറിയ കാര്യം സാന്ദർഭികമായി സൂചിപ്പിച്ചുവെന്നേയുള്ളൂ. കംപ്യൂട്ടർ വാങ്ങിയതിലുൾപ്പെടെ മറ്റെല്ലാ കാര്യങ്ങളിലും അഴിമതി നടക്കുന്നുണ്ട്.

ഇവിടെ കമ്മീഷണർമാരെ ബോർഡിന്റെ തീരുമാനപ്രകാരം നിയമിക്കണമെന്ന ഭേദഗതി വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ 1950-ൽ ആക്ട് വന്നതിനുശേഷം 1994 വരെ ദേവസ്വം ബോർഡിന്റെ കമ്മീഷണർമാരെ ബോർഡ് തന്നെയാണ് നിയമിച്ചിരുന്നത്. 1994-ലാണ് അദ്ദേഹം പറഞ്ഞതുപോലെ ഒരു കേസിന്റെ ഭാഗമായി അഞ്ച് വർഷത്തേയ്ക്ക് കമ്മീഷണറെ നിയമിക്കുന്നതിനുള്ള തീരുമാനമെടുത്തത്. അത് പിന്നീട് ആരാലും ചോദ്യം ചെയ്യപ്പെട്ടില്ല. അതൊരു കീഴ്‌വഴക്കമായി വരികയാണ്. യഥാർത്ഥത്തിൽ എക്സിക്യൂട്ടീവിന്റെ പവർ എന്താണ് അല്ലെങ്കിൽ എക്സിക്യൂട്ടീവ് എങ്ങനെയാണ്, ജുഡീഷ്യറിയുമായി ഒരു ഏറ്റുമുട്ടലിന്റെ ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. അദ്ദേഹം പറഞ്ഞത് കമ്മീഷണറെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ 8 മാസമാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മുമ്പിൽ തീരുമാനത്തിനായി കാത്തിരുന്നതെന്നാണ്. സമീപ സംസ്ഥാനങ്ങളായ തമിഴ്നാട്, ആന്ധ്രാപ്രദേശ്, തെലുങ്കാന, കർണ്ണാടക എന്നിവിടങ്ങളിലൊന്നുമില്ലാത്ത രീതിയാണ് ഇക്കാര്യത്തിൽ അവലംബി ച്ചിരിക്കുന്നത്. സ്വാഭാവികമായും ഇക്കാര്യത്തെ സംബന്ധിച്ച് ഒരു ചർച്ച അല്ലെങ്കിൽ ഒരു പൊതു അഭിപ്രായം സ്വരൂപിക്കേണ്ടതുണ്ട്. ഇതിന്റെ ഗുണമെന്താണ്, ദോഷമെന്താണ് എന്നതിനെ സംബന്ധിച്ച ഒരു പരിശോധന ഇക്കാര്യത്തിൽ ആവശ്യമുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. ഓണറേറിയത്തെ സംബന്ധിച്ച് ഒരു ചർച്ചയുടെ ആവശ്യമില്ല. പൊതുവെ ഈ ഭേദഗതികൾ അംഗീകരിക്കാവുന്നതാണ്.

ബഹുമാന്യ അംഗങ്ങളായ ശ്രീ. അടൂർ പ്രകാശും ശ്രീ. എം. ഉമ്മർ സാഹിബും ബി.ജെ.പി.യുടെ സ്വരത്തിലാണ് അവരുടെ പ്രസംഗം അവസാനിപ്പിച്ചത്. 12-11-2017-ൽ മാതൃഭൂമി ദിനപത്രത്തിൽ ശ്രീ. കുമ്മനം രാജശേഖരൻ ദേവസ്വം ബോർഡ് സർക്കാർ ഉപഗ്രഹമല്ലെന്നുപറഞ്ഞ് ഒരു ആർട്ടിക്കിൾ എഴുതുകയുണ്ടായി. "സ്വതന്ത്ര സ്വയംഭരണ പരമാധികാരമുള്ള ദേവസ്വം ബോർഡിനെ സർക്കാരിന്റെ ഉപഗ്രഹമാക്കുകയെന്ന സി.പി.ഐ.(എം)-ന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുകയാണ് ഇവിടെ" എന്നാണ് ആ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. ഏതാണ്ട് അതേ സ്വരം തന്നെയാണ് ശ്രീ. അടൂർ പ്രകാശും ശ്രീ. എം. ഉമ്മർ മാസ്റ്ററും ഇവിടെ പ്രകടിപ്പിച്ചത്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാന്യനായ അംഗം, ശ്രീ. കുമ്മനം രാജശേഖരന്റെ പത്രത്തിൽ വന്ന ലേഖനത്തെക്കുറിച്ചാണ് പറയുന്നത്. ശ്രീ. കുമ്മനം രാജശേഖരനും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും അടച്ചിട്ട മുറിയിലിരുന്ന് ചർച്ചചെയ്തപ്പോൾ അത് ബി.ജെ.പി.-യും സി.പി.ഐ.(എം)-ഉം തമ്മിലുള്ള ഒരു രഹസ്യ ധാരണയായിരുന്നോയെന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

<u>ശ്രീ. വി. ജോയി:</u> സർ, അരി എത്രയെന്ന് ചോദിച്ചാൽ പയർ അഞ്ഞാഴി എന്ന് മറുപടി പറയുന്ന ഇദ്ദേഹത്തോട് ഞാൻ എന്താണ് തിരിച്ചുപറയേണ്ടത്. ശ്രീ. കുമ്മനം രാജശേഖരനെഴുതിയ ലേഖനത്തിലെ പ്രസക്തമായ ഭാഗത്തോട് ചേർന്നുനിൽക്കുന്ന സമീപനമാണ് താങ്കളും ശ്രീ. എം. ഉമ്മറും ഇവിടെ എടുത്തതെന്നാണ് ഞാൻ സൂചിപ്പിച്ചത്. കാരണം സി.പി.ഐ.(എം) ക്ഷേത്രങ്ങൾ/ആരാധനാലയങ്ങൾ പിടിച്ചെടുക്കുന്നു എന്നൊരു രീതിയിലാണ് സംസാരിച്ചത്. ഇവിടെ അതിന്റെ ജനാധിപത്യപരവും മതപരവും ആചാരപരവുമായ കാര്യങ്ങളെ സംബന്ധിച്ച് സി.പി.ഐ.(എം)-ഉം ദേവസ്വം വകുപ്പും ഒരു ഇടപെടലും നടത്തുന്നില്ല. അതിന്റെ ഏറ്റവും ഉദാത്തവും ഉത്തമവുമായ ഉദാഹരണമാണ് അബ്രാഹ്മണരായ ശാന്തിക്കാരെ നിയമിച്ചതുമായി ബന്ധപ്പെട്ട ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ സമീപനം. കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിനുശേഷം യു.ഡി.എഫ്.-ഉം, എൽ.ഡി.എഫ്.-ഉം മാറിമാറി ഭരിച്ചിട്ടുണ്ട്. ഇങ്ങനെ തന്റേടത്തോടുകൂടി, ആർജ്ജവത്തോടുകൂടി, പുരോഗമനപരമായ ഒരു തീരുമാനമെടുക്കാൻ എന്തേ യു.ഡി.എഫ്.-ന് ആയില്ല, കോൺഗ്രസ്സിനായില്ല? കേരളത്തിൽ അബ്രാഹ്മണരായ ശാന്തിമാരെ നിയമിക്കാൻ തീരുമാനമെടുത്തത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റാണല്ലോ. എല്ലാം ശരിയാക്കാമെന്നുപറഞ്ഞിട്ട് ശരിയായോ, ശരിയായോ എന്ന് ചോദിക്കുന്ന നിങ്ങൾ, സഖാവ് പിണറായി വിജയന്റെയും സഖാവ് കടകംപള്ളി സുരേന്ദ്രന്റെയും നേതൃത്വത്തിലുള്ള ഗവൺമെന്റിനല്ലേ അക്കാര്യം സാധിച്ചുള്ളൂ എന്ന് മനസ്സിലാക്കണം. ഇങ്ങനെ ചരിത്രപരമായ ഒരു തീരുമാനമെടുത്തപ്പോൾ എല്ലാ പത്രങ്ങളും അതിനെ പ്രകീർത്തിച്ച് വാർത്ത കൊടുത്തു. മാതൃഭൂമി പത്രം വളരെ ഉദാത്തമായ ഒരു എഡിറ്റോറിയൽ എഴുതി. "സാമൂഹിക ചരിത്രത്തിലെ രജത രേഖ-ശ്രീനാരായണ ഗുരുവിന്റെ ശിവ പ്രതിഷ്ഠയും അവർണ്ണരുടെ ക്ഷേത്ര പ്രവേശനവും നടന്ന തിരുവിതാംകൂറിൽനിന്നും വെളിച്ചത്തിന്റെ മറ്റൊരു വാർത്ത കൂടി വരുന്നു, തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ

36 അബ്രാഹ്മണരായ ശാന്തിമാർക്ക് നിയമനം, 1936-ൽ തിരുവിതാംകൂർ രാജഭരണകൂടം നടത്തിയ ക്ഷേത്ര പ്രവേശന വിളംബരത്തിന് സമാനമാണ് ജനാധിപത്യ സർക്കാരിന്റെ ഈ നടപടി" എന്ന് മാതൃഭൂമി പത്രം മുഖപ്രസംഗം എഴുതി. ഇത് നമ്മെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു കാൽവയ്പാണ്. ഇവിടെ ആറ് ദളിതരെ നിയമിച്ചിരിക്കുന്നത് ഏറ്റവും പ്രധാനപ്പെട്ട ക്ഷേത്രങ്ങളിലാണ്. ശിവക്ഷേത്രങ്ങൾ, ധർമ്മശാസ്താ ക്ഷേത്രങ്ങൾ എന്നിവയിലടക്കം ആറ് പേരെ നിയമിച്ചിട്ടുണ്ട്.

3.00 PM]

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാന്യനായ അംഗം മാതൃഭൂമി പത്രത്തിന്റെ എഡിറ്റോറിയലിനെക്കുറിച്ചാണ് ഇവിടെ പറയുന്നത്. അതുപോലെ കേരള കൗമുദി പത്രത്തിൽ 5-6-2018-ന് ഒരു എഡിറ്റോറിയൽ വന്നിട്ടുണ്ട്. അതിലെ പ്രധാനപ്പെട്ട ഭാഗം ഞാൻ വായിക്കാം. "തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരായി നിയമനം തരപ്പെട്ട 26 പേരും സവർണ്ണരായിപ്പോയതിൽഅത്ഭുതപ്പെടാനില്ല", ബാക്കിയുള്ളത് വായിക്കണമെങ്കിൽ വായിക്കാം. കേരള കൗമുദി പത്രത്തിൽ വന്നതാണ്, മാതൃഭൂമി പത്രവും ദേശാഭിമാനി പത്രവുമായിരിക്കും വായിക്കുന്നത് എന്നുള്ളതുകൊണ്ട് അങ്ങ് ഇത് കണ്ടുകാണില്ല, ഏതായാലും ഇതുകൂടി അങ്ങൊന്ന് നോക്കണം.

ശ്രീ. വി. ജോയി: സർ, നിയമനങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ഞാൻ മറുപടി പറയുന്നില്ല, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി മറുപടി പറയുമ്പോൾ അതുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചും പറയുമായിരിക്കും.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ബഹുമാനപ്പെട്ട അംഗം ദേവസ്വം ബോർഡിൽ ഈ ഗവൺമെന്റ് നടപ്പിലാക്കിയ ഏറ്റവും ചരിത്രപരമായ കാര്യങ്ങളെക്കുറിച്ചാണ് സംസാരിച്ചത്. ദളിത് വിഭാഗത്തിൽപ്പെടുന്നവരെ ഉൾപ്പെടെ മേൽശാന്തിമാരാക്കി നിയമിച്ച നടപടി ചരിത്രം സൃഷ്ടിച്ചിരിക്കുകയാണ്. ശാന്തിക്കാരായി നിയമിക്കപ്പെടുന്നവർ ആരായാലും അവർക്ക് അർഹമായ ഗ്രേഡ് ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. ഒരു ക്ഷേത്രവുമായി ബന്ധപ്പെട്ട ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥന്റെ സ്ഥാനം ശാന്തിമാർക്ക് കൊടുക്കേണ്ടതല്ലേ?

ശ്രീ. വി. ജോയി: സർ, അത് പരിഗണിക്കേണ്ട കാര്യം തന്നെയാണ്. ഇവിടെ നിയമനവുമായി ബന്ധപ്പെട്ട കാര്യമാണ് അദ്ദേഹം സൂചിപ്പിച്ചത്. കഴിഞ്ഞ

കാലത്ത് ദേവസ്വം ബോർഡിൽ നടന്ന ചില അഴിമതികളെക്കുറിച്ച് ഞാൻ പറയേണ്ട എന്നു കരുതിയതാണ്, അങ്ങ് പറയിച്ചതാണ്. ദേവസ്വം ബോർഡ് സെക്രട്ടറിയായി ഇപ്പോൾ അവധിയിൽ പ്രവേശിച്ച ശ്രീ. വി. എസ്. ജയകുമാർ, 1,87,28,789 രൂപ ദേവസ്വം ഫണ്ടിൽനിന്നും ചെലവഴിച്ച് പാത്രങ്ങളും സ്റ്റേഷനറി സാധനങ്ങളും വാങ്ങിയത് സംബന്ധിച്ച പരാതിയിന്മേലുള്ള അന്വേഷണം ഇപ്പോൾ നടക്കുകയാണ്. ശ്രീ. വി. എസ്. ജയകുമാറിനെ നിങ്ങൾക്ക് അറിയാമായിരിക്കും. ദേവസ്വം ഖജനാവിൽ നിന്നുള്ള പണമിടപാടുകളിൽ പാലിക്കേണ്ട പ്രാഥമികമായ ചട്ടങ്ങൾപോലും പാലിക്കാതെ, ഇത്രയും ഭീമമായ തുകയുടെ ബില്ലുകൾ ഒരാൾ തന്നെ പാസ്സാക്കി അയാൾ തന്നെ വിതരണം ചെയ്തിരിക്കുന്നു എന്നുള്ളത് രേഖകളുടെ അടിസ്ഥാനത്തിൽ വ്യക്തമായിരിക്കുകയാണ്. 2003-04 കാലഘട്ടത്തിൽ പമ്പാ മെസ്സ് അഴിമതിയുമായി ബന്ധപ്പെട്ട മറ്റൊരു കേസും ഇപ്പോൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. 2012-ലെ ശബരിമല കുത്തക ലേലത്തിൽ ദേവസ്വം ബോർഡിന് നാല് കോടി രൂപയോളം നഷ്ടം വരുത്തിയ കേസും വന്നിട്ടുണ്ട്. ക്ഷേത്രങ്ങളിലെ പൂജയ്ക്കാവശ്യമായ സാധനങ്ങളും മറ്റും ഇപ്പോൾ അതാത് ക്ഷേത്രങ്ങളിൽത്തന്നെ ലേലം ചെയ്ത് നൽകി പ്രതിവർഷം 40 കോടി രൂപയോളം ഡിപ്പാർട്ടുമെന്റിന് നഷ്ടമുണ്ടാക്കിയിട്ടുണ്ട്; പറയാൻ ധാരാളമുണ്ട്. ശ്രീ. വി. എസ്. ജയകുമാറിന്റെ ഒരു ബന്ധു ധനലക്ഷ്മി ബാങ്കിന്റെ മാനേജരാണ്. ധനലക്ഷ്മി ബാങ്കാണ് യഥാർത്ഥത്തിൽ ശബരിമലയുടെയും ദേവസ്വത്തിന്റെയും ബാങ്കായി കരുതി വരുന്നത്, അവിടെയാണ് ഡെപ്പോസിറ്റ് ചെയ്യുന്നത്. ധനലക്ഷ്മി ബാങ്കിനെ മറികടന്ന് ദുരുദ്ദേശ്യപരമായി ചില ഫിക്സഡ് ഡെപ്പോസിറ്റുകൾ കാനറാ ബാങ്കിലേയ്ക്ക് മാറ്റാനുള്ള നീക്കം നടത്തി. ഇതെല്ലാം കോടിക്കണക്കിന് രൂപയുടെ ഫിക്സഡ് ഡെപ്പോസിറ്റുകളായിരുന്നു. കമ്പ്യൂട്ടർവത്ക്കരണവുമായി ബന്ധപ്പെട്ടത് വേറെയുണ്ട്. അങ്ങനെ ദേവസ്വം ബോർഡുമായി ബന്ധപ്പെട്ട് വലിയ അഴിമതിയുണ്ട് എന്നത് കാണാൻ സാധിക്കും.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കയ്യിൽ നീക്കിയിരിപ്പുണ്ടായിരുന്നതിൽനിന്നും 460 കോടി രൂപകൂടി കഴിഞ്ഞ ടേമിൽ ഭാരവാഹികളായിരുന്നവർ വകമാറ്റി ചെലവഴിക്കുന്ന സാഹചര്യമുണ്ടായി. കാലാവധി മൂന്ന് കൊല്ലം, നാല് കൊല്ലം, അഞ്ച് കൊല്ലം എന്നിങ്ങനെ നീട്ടിക്കൊടുക്കേണ്ടുന്ന ഒരു സാഹചര്യവും യഥാർത്ഥത്തിൽ ഇല്ല എന്നുള്ളത് വസ്തുതയാണ്.

ഞാൻ ദീർഘിപ്പിക്കുന്നില്ല, ഇവിടെ ഏറ്റവും പ്രധാനമായി കേരളീയ സമൂഹത്തിന് അഭിമാനിക്കാൻ കഴിയുന്ന ഒരു തീരുമാനമാണ് ദേവസ്വം ബോർഡ് ബഹുമാനപ്പെട്ട മന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ എടുത്തിട്ടുള്ളത്. അബ്രാഹ്മണരായവരെ ശാന്തിമാരായി നിയമിച്ചതിലെ ചലനങ്ങൾ കേരളത്തിൽ മാത്രമല്ല, സമീപത്തെ പല സംസ്ഥാനങ്ങളിലും ഇന്ന് ആഞ്ഞടിച്ചു കൊണ്ടിരിക്കുകയാണ്. അവിടെയുള്ള ദളിത് വിഭാഗത്തിൽപ്പെട്ടവർ ഇന്ന് നമ്മുടെ ഗവൺമെന്റിനെ പ്രകീർത്തിച്ചുകൊണ്ട് എത്രയോ കത്തുകൾ എഴുതിയിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ദേവസ്വം വകുപ്പിനുവേണ്ടി അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതികൾ ഏറ്റവും നല്ലതാണ്, ഭാവി പ്രവർത്തനത്തിന് കൂടുതൽ ഗുണകരമാകും എന്ന് വിശ്വസിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(b)ഭേദഗതി അവതരിപ്പിക്കുന്നു:

ഞാൻ സംസാരിക്കാൻ എഴുന്നേറ്റപ്പോൾ എന്റെ ഒരു ബഹുമാന്യനായ സുഹൃത്ത് ചോദിക്കുകയാണ് കമ്മ്യൂണിസ്റ്റുകാർക്ക് അമ്പലത്തിൽ എന്താണ് കാര്യമെന്ന്. ആ ചോദ്യത്തിന് മറുപടിയാണ് ഈ ബിൽ. കേരളത്തിലെ ദേവസ്വം ബോർഡ് ഭരണഘടനാനുസൃതമായി പ്രവർത്തിപ്പിക്കേണ്ട ചുമതല ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. അഴിമതിയില്ലാത്ത, കാര്യക്ഷമവും സുതാര്യവുമായ ഒരു ഭരണം ദേവസ്വം ബോർഡിൽ ഉറപ്പാക്കാനുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ ഭാഗമാണ് ഈ ബിൽ. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് 'അഴിമതിയില്ലാത്ത കേരളം' എന്നത് ഒരു പ്രധാന മുദ്രാവാക്യമായെടുത്ത് മുന്നോട്ടുപോകുകയാണ്.

ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഇവിടെ ഉയർന്നുകേട്ട ദേവസ്വം ബോർഡിൽ ചില കാലങ്ങളിൽ നടന്ന അഴിമതികളെല്ലാം കമ്മ്യൂണിസ്റ്റിതര ഗവൺമെന്റുകൾ അധികാരത്തിലിരുന്ന കാലത്താണെന്ന പ്രത്യേകതയാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അഴിമതി മുഖമുദ്രയാക്കിയ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലിരിക്കുമ്പോൾ, അതിന്റെ കീഴിലുള്ള ദേവസ്വം ബോർഡ് അഴിമതിയിൽ മുങ്ങിക്കുളിച്ചതിൽ കേരളം അത്ഭുതപ്പെടുന്നില്ല. ദേവസ്വം ബോർഡിന്റെ അഴിമതിക്കഥകൾ മലയാളക്കരയ്ക്കുതന്നെ ഏറെ അപമാന കരമായിരുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാം. പൊതുമരാമത്ത് വർക്കുകളിലും

സ്ഥലംമാറ്റത്തിലും നിയമനത്തിലുമെല്ലാം വ്യാപക അഴിമതിയായിരുന്നു. മുൻമന്ത്രിയായിരുന്ന ശ്രീ. അടൂർ പ്രകാശ്, നിയമനത്തെക്കുറിച്ച് പറഞ്ഞു. അദ്ദേഹം മന്ത്രിയായിരുന്ന കാലയളവിലുൾപ്പെടെ ദേവസ്വം ബോർഡിൽ നടന്ന നിയമനങ്ങൾ, സ്ഥലംമാറ്റങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ചാണ് ഇന്ന് അന്വേഷണങ്ങൾ നടക്കുന്നതും നടപടികൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നതുമെന്ന കാര്യം മറക്കേണ്ടതില്ലെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുസംബന്ധിച്ച് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട അംഗം സൂചിപ്പിക്കുകയുണ്ടായി. 'തിരുവിതാംകൂർ ദേവസ്വംബോർഡ് അഴിമതിക്കാരുടെ കൂടാരം' എന്ന രീതിയിൽ കേരളത്തിലെ പത്രങ്ങളിൽ വന്ന വാർത്തകൾ നമ്മളെല്ലാം വായിച്ചിരുന്നു. 'തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടന്ന കോടികളുടെ അഴിമതി' എന്ന ദേവസ്വം വിജിലൻസിന്റെ റിപ്പോർട്ടും വായിച്ചിട്ടുണ്ട്. അഴിമതിക്കുവേണ്ടി ബോർഡ് സെക്രട്ടറി ഫയലുകൾ തയ്യാറാക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന രീതിയായിരുന്നു അന്ന് ആ ബോർഡിൽ നടന്നിരുന്നത്. സ്ഥലംമാറ്റങ്ങളിലും കരാറുകളിലും വൻവെട്ടിപ്പാണ് നടക്കുന്നതെന്നാണ് ഹൈക്കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളത്. ഏറ്റവും ഗുരുതരമായ അഴിമതി നടന്നിരുന്നത് സ്വകാര്യ സ്ഥാപനങ്ങളുമായി ചേർന്നുണ്ടാക്കിയ കരാറുകളിലാണ്. ബോർഡ് സെക്രട്ടറി നേരിട്ടാണ് എല്ലാ കരാറുകളും ഉറപ്പിക്കുന്നത്. അദ്ദേഹം അറിയാതെ ഒരു കടലാസുപോലും ചലിക്കില്ല. ദേവസ്വം ബോർഡ് ആസ്ഥാനം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു സംഘമാണ് ഇതെല്ലാം നിയന്ത്രിക്കുന്നത്. അത് കേരളത്തിലായിരുന്നു. ഈ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട അംഗങ്ങൾ അന്ന് ക്യാബിനറ്റിലിരിക്കുന്ന ഒരു കാലംകൂടിയായിരുന്നു എന്നതും ഞാൻ ഓർമ്മിപ്പിക്കുകയാണ്. മറ്റൊരു കാര്യം ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ടുള്ളതാണ്. വരുമാനം കൂടുതലുള്ള ക്ഷേത്രങ്ങളിൽ നിയമനത്തിന് വൻതുകയാണ് ബോർഡിലെ ഉന്നതർ കോഴയായി വാങ്ങിയിരുന്നത്. ഓരോ വർഷവും ഇത് ആവർത്തിച്ചു. ദേവസ്വം ബോർഡ് സെക്രട്ടറി അഴിമതിക്കായി ഓരോ ഫയലും തയ്യാറാക്കുകയായിരുന്നു. ഇതിനായി വലിയ തന്ത്രമാണ് അദ്ദേഹം പ്രയോഗിച്ചിരുന്നതെന്നാണ് റിപ്പോർട്ട് ചെയ്യപ്പെട്ടത്. തനിക്ക് താല്പര്യമുള്ള ഫയലുകളും ഉത്തരവുകളും തയ്യാറാക്കാനായി ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുകയാണ് സെക്രട്ടറി ആദ്യം ചെയ്തിരുന്നത്. യോഗത്തിന്റെ മിനിട്ട്സ് എഴുതുന്നതും അദ്ദേഹം തന്നെയാണ്. യോഗത്തിൽ ചർച്ച ചെയ്തതെന്നും അംഗീകരിച്ചതെന്നുമുള്ള പേരിൽ മിനിട്ട് തയ്യാറാക്കും. എന്നാൽ ഇത്തരം കാര്യങ്ങളൊന്നും യോഗത്തിൽ ചർച്ച ചെയ്തിട്ടുണ്ടാകില്ല. തനിക്ക് താല്പര്യമുള്ള

കാര്യങ്ങളാണ് മിനിട്ട്സിൽ രേഖപ്പെടുത്തുക. അതിനുശേഷം അത് ബോർഡിന്റെ ഉത്തരവായി പുറത്തിറക്കും. കാലാവധി കുറഞ്ഞുപോയത് വലിയ അപരാധമായിപ്പോയെന്ന് കരുതുന്ന ആളുകൾ ശ്രദ്ധിക്കണം. ഇത്തരം കാര്യങ്ങൾക്കുവേണ്ടിയാണോ കാലാവധി നീട്ടിക്കൊടുക്കേണ്ടത്? ക്രമക്കേടുമൂലം ദേവസ്വം ബോർഡിന്റെ പരീക്ഷ റദ്ദാക്കിയ സംഭവം നമ്മൾ കണ്ടതല്ലേ? വകുപ്പുതല ഉദ്യോഗക്കയറ്റത്തിനായി നടത്തിയ പരീക്ഷ റദ്ദാക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് തീരുമാനിക്കേണ്ടി വന്നു. എന്തായിരുന്നു കാരണം? പരീക്ഷാ പരിശീലനകേന്ദ്രം നടത്തുന്ന ഒരാൾക്ക് പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കാനുള്ള അവസരം നൽകുകയാണ്. പരീക്ഷാ പരിശീലന കേന്ദ്രത്തിൽ തയ്യാറാക്കി നൽകിയ ഗൈഡിൽനിന്ന് 53 മാർക്കിന്റെ ചോദ്യം പരീക്ഷയ്ക്ക് വരികയാണ്. ദേവസ്വം ബോർഡിന്റെ നിലവിലുള്ള നിയമങ്ങളെല്ലാം കാറ്റിൽപ്പറത്തി, ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർതന്നെ ചോദ്യപേപ്പർ തയ്യാറാക്കണമെന്ന് ചട്ടമുള്ളപ്പോൾ ബോർഡിന് പുറത്തുള്ള വ്യക്തിയെക്കൊണ്ട് ചോദ്യപേപ്പർ തയ്യാറാക്കാനുള്ള ചുമതല മുൻകൂട്ടി ധാരണയുണ്ടായിരുന്ന ആളിനുതന്നെ നൽകി. ഇത്തരത്തിൽ സാമ്പത്തിക ലാഭം ലക്ഷ്യമിട്ടുകൊണ്ടാണ് ഇതെല്ലാം ചെയ്തതെന്ന് ആരെങ്കിലും ചിന്തിച്ചാൽ എങ്ങനെ അവരെ കുറ്റം പറയാൻ കഴിയും? അഴിമതിയുടെ കൂടാരമായി ദേവസ്വം ബോർഡിനെ മാറ്റിയത് കമ്മ്യൂണിസ്റ്റിതര ഗവൺമെന്റുകൾ കേരളത്തിൽ ഉണ്ടായിരുന്നപ്പോഴാണെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ മനസ്സിലാക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പി. ടി. തോമസ്: സർ, ഏറ്റവും വരുമാനമുള്ള അമ്പലം നോക്കി നിയമനം നടത്തുന്നുവെന്നും ദേവസ്വം ബോർഡിൽ അഴിമതി നടക്കുന്നുവെന്നുമാണല്ലോ അങ്ങ് ഇവിടെ പറയുന്നത്. കേരളത്തിലെ ഒരു പ്രമുഖ പത്രത്തിൽ വന്ന വാർത്തയാണ് ദേവസ്വം ബോർഡ് നിയമനത്തിന് 26 ലക്ഷം രൂപ കോഴ വാങ്ങി എന്ന ആരോപണം. ഇടതുപക്ഷ യൂണിയനിൽപ്പെട്ട ആളുകൾ ഇത്രയും പണം വാങ്ങിയെന്ന് ആ യൂണിയനിലെ ഒരംഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നല്കിയ കത്തിന്റെ കോപ്പിയടക്കമുള്ള പ്രസ്താവനയാണ്. ഇത് 30-ാം തീയതി വന്ന വാർത്തയാണ്. ഇതിനെക്കുറിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങനെയുള്ള പത്രവാർത്തകൾ ശരിയായി പരിശോധിച്ച് നിലപാട് സ്വീകരിക്കുന്ന ഒരു ഗവൺമെന്റുണ്ട് എന്ന് അങ്ങയെ ഓർമ്മിപ്പിക്കുകയാണ്. സ്വന്തമായി ഫയലുകൾ തയ്യാറാക്കുകയും അപ്രത്യക്ഷമാക്കുകയും ചെയ്യുന്നവർക്ക് പ്രൊമോഷൻ നൽകി കമ്മീഷണറാക്കാൻ

പരിശ്രമിച്ച കാലത്തെക്കുറിച്ച് ഓർക്കുന്നുണ്ടോ; അതായിരുന്നു വ്യത്യാസം. ആ വ്യത്യാസത്തെ അങ്ങ് കാണാതിരിക്കേണ്ട എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ശബരിമല അന്നദാനത്തിൽ വൻ അഴിമതി നടത്തി. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ചീഫ് വിജിലൻസ് സെക്യൂരിറ്റി ഓഫീസറായിരുന്ന ഉദ്യോഗസ്ഥനെ തൽസ്ഥാനത്തുനിന്നും മാറ്റാൻ വലിയ ശ്രമം നടത്തി. എന്തിനായിരുന്നു?അന്നദാനത്തിലെ ക്രമക്കേട് കണ്ടു പിടിച്ചതിനായിരുന്നു. അന്ന് എസ്. പി. ഗോപകുമാറിനോട് സ്വയം സ്ഥാനമൊഴിയാൻ ആവശ്യപ്പെട്ടു. ആ വിവാദങ്ങളെല്ലാം കേരളത്തിലെ ജനങ്ങൾ കണ്ടതാണ്. യാഥാർത്ഥ്യങ്ങളാണ് ഞങ്ങൾ സൂചിപ്പിക്കുന്നതെന്ന് നിങ്ങൾക്ക് എല്ലാവർക്കും അറിയാം. അതിലൊരു ഇടപെടലാണ് കാലാവധി പരിഷ്കരണവും ഇത്തരം പ്രവർത്തനങ്ങളും എന്ന് സൂചിപ്പിക്കാൻ വളരെ സന്തോഷത്തോടുകൂടി ഈ അവസരം ഉപയോഗിക്കുകയാണ്.

എല്ലാ രംഗത്തും കോടിക്കണക്കിന് രൂപയുടെ അഴിമതിയും ദുർവ്യയവും നടത്തുമ്പോൾ ശബരിമലയിലെ ഭക്തർക്ക് അവശ്യംവേണ്ട സൗകര്യങ്ങൾ ഒരുക്കാൻ ശ്രദ്ധിച്ചിരുന്നില്ല. നിത്യനിദാന ചെലവുകൾക്കുപോലും പല ക്ഷേത്രങ്ങളിലും വലിയ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാലമാണ്. ആ കാലത്തുനിന്ന് വ്യത്യസ്തമായ ഒരു ഇടപെടലാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. പാത്രം വാങ്ങിയ ഇടപാടിനെ സംബന്ധിച്ച് ഇവിടെ നേരത്തെ പറഞ്ഞു. 1.67 കോടി രൂപയുടെ അഴിമതിയാണ് അത്തരത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് കണ്ടെത്തിയതും ഇപ്പോൾ വിജിലൻസ് കേസ് നേരിടുന്നതും. 150 കോടി രൂപയുടെ അഴിമതിയാണ് പൊതുമരാമത്ത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡിൽ അക്കാലത്തുണ്ടായത് എന്നത് കേരളം ചർച്ച ചെയ്ത വിഷയമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം അത്തരം വിഷയങ്ങളിൽ ഇടപെടുന്ന ദേവസ്വം ബോർഡിനെ ശാക്തീകരിക്കാൻ, നേരത്തെ പറഞ്ഞതുപോലെ ദുർവ്യയവും അഴിമതിയും മാത്രം ശീലിച്ചിരുന്ന സ്ഥാനത്ത് ഭക്തർക്കുവേണ്ട അടിസ്ഥാന സൗകര്യമൊരുക്കി ശരിയായ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോകുന്ന ഗവൺമെന്റ് എടുത്ത സമീപനങ്ങൾ നമ്മൾ കണ്ടതല്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി നേരിട്ട് സന്നിധാനത്ത് പോയി ശബരിമല തീർത്ഥാടകർക്കുവേണ്ട മുന്നൊരുക്കങ്ങൾ നടത്താനുള്ള പരിശ്രമത്തെ എങ്ങനെയാണ് ഈ ബോർഡ് നോക്കിക്കണ്ടത് എന്ന് കേരളം കണ്ടതല്ലേ; നിസ്സഹകരണമായിരുന്നു. പരസ്യമായി മുഖ്യമന്ത്രിയെ ആക്ഷേപിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളായിരുന്നില്ലേ ബോർഡിന്റെ ഭാഗത്തുനിന്ന് ഉണ്ടായത്? അത്തരത്തിൽ ഒരു ഭാഗത്ത് അഴിമതി, മറുഭാഗത്ത് ജനാധിപത്യ

ഗവൺമെന്റിനോട് നിസ്സഹകരണം. എന്ത് സന്ദേശമാണ് ഇതിലൂടെ ഈ സമൂഹത്തിന് ഇവർ നൽകുന്നത്? ക്ഷേത്രോപദേശക സമിതികളെ ഉപയോഗിച്ച് വർഗ്ഗീയ പ്രചരണം നടത്താൻ ശ്രമിച്ചത് നമ്മൾ കണ്ടതാണ്. പമ്പയിൽ ഉപദേശക സമിതിയെ നിയോഗിച്ച് പ്രാർത്ഥനായജ്ഞം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടത്തി. ക്ഷേത്രപരിസരത്ത് അങ്ങനെയുള്ള സമരങ്ങൾ പാടില്ലെന്ന ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലനിൽക്കുമ്പോഴാണ് ചില ശക്തികളെ ഉപയോഗപ്പെടുത്തി ഇത്തരത്തിലുള്ള വർഗ്ഗീയ പ്രചരണം നടത്താൻ ശ്രമിച്ചത് എന്നതും വളരെ ഗൗരവത്തോടുകൂടി കാണേണ്ടതാണ്. യാദൃച്ഛികമാണെന്ന് ഞാൻ പറയുന്നില്ല, ശ്രീ. കുമ്മനം രാജശേഖരന്റെ അഭിപ്രായത്തെക്കുറിച്ച് അദ്ദേഹം സംശയം പ്രകടിപ്പിച്ചല്ലോ. അന്ന് ദേവസ്വം ബോർഡ് മെമ്പർ കേരളത്തോട് പറഞ്ഞ ഒരു വാചകം ഞാൻ ഓർക്കുകയാണ്. ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം നൽകുന്നതുമായി ബന്ധപ്പെട്ട വിവാദം ബി.ജെ.പി സംസ്ഥാന പ്രസിഡന്റ് ശ്രീ. കുമ്മനം രാജശേഖരൻ അഭിപ്രായം പറഞ്ഞതോടുകൂടി അവസാനിച്ചുവെന്നാണ് അന്നത്തെ ദേവസ്വം ബോർഡ് പ്രസിഡന്റ് ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ അഭിപ്രായപ്പെട്ടത്. ശബരിമലയിൽ സ്ത്രീകൾക്ക് പ്രവേശനം ലഭിക്കുന്നത് നിഷേധിക്കുന്ന വിഷയത്തിൽ ബി.ജെ.പി നേതാവിനെ കൂട്ടുപിടിച്ചുകൊണ്ടാണ് ആ വിവാദം അവസാനിച്ചുവെന്ന് ദേവസ്വം ബോർഡ് പ്രസിഡന്റ് പറഞ്ഞതെന്ന് നമുക്ക് കാണാതിരിക്കാൻ കഴിയുമോ? എവിടേയ്ക്കാണ് ഈ ചിന്തകൾ പോകുന്നത് എന്നത് വളരെ ഗൗരവത്തോടുകൂടി നമ്മൾ കാണേണ്ട കാര്യമാണ്. ഇത്തരം സാഹചര്യത്തിൽ അഴിമതിയില്ലാതാക്കാനും ഈ മേഖലയെ ശാക്തീകരിക്കാനും ക്രിയാത്മകമായി മുന്നോട്ടുകൊണ്ടുപോകാനും ഒരു കാലത്തുമില്ലാത്ത നടപടിയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സ്വീകരിക്കുന്നത്. അതിന്റെ ഭാഗമായി വന്ന മാറ്റങ്ങൾ നമ്മൾ ചർച്ച ചെയ്തതാണ്.

ചരിത്രപരമായി ഒട്ടേറെ തീരുമാനങ്ങൾ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ ദേവസ്വം വകുപ്പ് നടപ്പാക്കി. ഏറ്റവും പ്രധാനപ്പെട്ട ഒന്ന്, ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ സംവരണം കൊണ്ടുവന്ന തീരുമാനമാണ്. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക വിഭാഗങ്ങൾക്ക് പുതിയതായി സംവരണം നൽകുന്നതോടൊപ്പം മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവർക്ക് പത്ത് ശതമാനം സംവരണം ഏർപ്പെടുത്തുന്ന സർക്കാർ തീരുമാനം ഒരു തരത്തിൽ നിശ്ശബ്ദ വിപ്ലവമാണ്. അതിലൂടെ ഗവൺമെന്റ് നൽകുന്ന ഒരു മഹത്തായ സന്ദേശം വിശപ്പിനും കഷ്ടപ്പാടിനും ജാതിയില്ല എന്നതാണ്. അതാണ് ഇടതുപക്ഷ ഗവൺമെന്റ് നടത്തിയ പ്രഖ്യാപനം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് ഈ ബില്ലിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. അങ്ങയുടെ പ്രസംഗം ആദ്യാവസാനം ഞാൻ ശ്രദ്ധിച്ചു. ഈ ബിൽ പരിപൂർണ്ണമാണെന്നും ഇത് നടപ്പാകണമെന്നും അതോടുകൂടി വലിയ മാറ്റം ഉണ്ടാകുമെന്നാണ് താങ്കൾ പറയുന്നത്. അങ്ങനെയാണെങ്കിൽ ബിൽ അതേ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന അമെന്റ്മെന്റ് കൊടുത്തതെന്തിനാണ്? അങ്ങനെ ഒരു അമെന്റ്മെന്റിന്റെ കാര്യമില്ലല്ലോ. കാരണം അതേപടി നമ്മൾ അംഗീകരിക്കുകയല്ലേ? പിന്നെ വീണ്ടും ഹൗസിൽ നിന്ന് സബ്ജക്ട് കമ്മിറ്റിയ്ക്കയച്ച് ഡിസ്കസ് ചെയ്യിക്കണമെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം എന്താണ്? ഒന്നുകിൽ അങ്ങ് എഴുതിയത് ശരിയല്ല അല്ലെങ്കിൽ അങ്ങ് ഇവിടെ വാദിക്കുന്നത് ശരിയല്ല. ഏതാണ് ശരിയെന്നുള്ളത് അങ്ങ് പറഞ്ഞാൽ മതി.

ശ്രീ. ജി. എസ്. ജയലാൽ: ഞാൻ പറയുന്നത് കേൾക്കുമ്പോൾ അങ്ങേയ്ക്ക് വിഷമം വരുമെന്ന് എനിക്കറിയാം. അങ്ങനെ വിഷമിച്ചിട്ട് കാര്യമില്ല, അത് തിരുത്തണം. ഞാൻ പറയുന്ന വിഷയങ്ങളിൽ അദ്ദേഹത്തിന് വിയോജിപ്പ് ഉണ്ടെങ്കിൽ പറയാം. ചരിത്രത്തിൽ ആദ്യമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ദളിതരടക്കം 36 അബ്രാഹ്മണരെ ശാന്തിമാരായി നിയമിച്ച സർക്കാർ നടപടി രണ്ടാം ക്ഷേത്ര പ്രവേശന വിളംബരത്തിന് തുല്യമായ ഒരു വിളംബരമായി കേരളം കാണുകയാണ്. അഴിമതിക്ക് അവസരം നൽകാതെ പി.എസ്.സി. മാതൃകയിൽ എഴുത്തുപരീക്ഷയും അഭിമുഖവും നടത്തിയാണ് പാർട്ട്ടൈം തസ്തികയിലേയ്ക്കുള്ള നിയമനപ്പട്ടിക ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് തയ്യാറാക്കിയത്. സംസ്ഥാനത്തെ തിരുവിതാംകൂർ, കൊച്ചിൻ, ഗുരുവായൂർ, കൂടൽമാണിക്യം, മലബാർ എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളിൽ ഈ സർക്കാർ അധികാരത്തിലെത്തുന്നതുവരെ സംവരണം പാലിക്കാതെയാണ് നിയമനങ്ങൾ നടത്തിവന്നിരുന്നത്. പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ദേവസ്വം ഭരണത്തിലോ ജോലിയിലോ പ്രാതിനിധ്യമില്ലാത്ത സ്ഥിതി മാറ്റിയത് 2007-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. ദേവസ്വം ജോലികളിൽ സംവരണം എന്ന പിന്നോക്കക്കാരുടെ ആവശ്യം ആദ്യമായി പരിഗണിച്ച്, ദേവസ്വം ബോർഡ് അംഗമായി പട്ടികജാതി പട്ടികവർഗ്ഗ സമുദായങ്ങളിൽപ്പെട്ടവരെ നിയമിക്കുന്നതിന് 2007-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വ്യവസ്ഥ കൊണ്ടുവന്നതും നാം ഓർക്കണം. അത് ഇപ്പോഴും തുടരുന്നുണ്ട്. അതാണ് കമ്മ്യൂണിസ്റ്റുകാരുടെ പങ്ക് എന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ദേവസ്വം ഒഴിവുകളിൽ ഭാഗികമായി നിയമനങ്ങൾ പി.എസ്.സി. വഴിയാക്കണമെന്ന നിയമ ഭേദഗതി 2007-ൽ ഇടതുപക്ഷ സർക്കാർ കൊണ്ടുവരികയും 2011-ൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ

എൽ.ഡി.എഫ്. ഭരണസമിതി സംവരണ വ്യവസ്ഥ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ തയ്യാറാക്കുകയും ചെയ്തുവെങ്കിലും തുടർന്നുവന്ന യു.ഡി.എഫ്. ഭരണസമിതി അത് നടപ്പിലാക്കിയില്ല. ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടപ്രകാരം ഹിന്ദു പിന്നോക്ക സമുദായങ്ങൾക്ക് 32 ശതമാനം സംവരണം വ്യവസ്ഥ ചെയ്തെങ്കിലും യു.ഡി.എഫ്. ഭരണകാലത്ത് സംവരണാനുകൂല്യം പിന്നോക്കക്കാർക്ക് ലഭിച്ചില്ല. പിണറായി വിജയൻ സർക്കാർ അധികാരത്തിലെത്തിയപ്പോൾ പുതിയ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിനെ നിയമിച്ചാണ് ഇതിന് പരിഹാരം കണ്ടെത്തിയത്. ഇതോടെ 2017 ഒക്ടോബറിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തിമാരുടെ നിയമനങ്ങളിൽ പിന്നോക്ക/ദളിത് വിഭാഗങ്ങൾക്ക് 32 ശതമാനം സംവരണം പാലിച്ചുകൊണ്ട് 62 ഒഴിവുകളിൽ നിയമനം നൽകാൻ എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ച റിക്രൂട്ട്മെന്റ് ബോർഡ് ശിപാർശ ചെയ്തു. തിരുവിതാംകൂർ ദേവസ്വം ബോർഡ് വക ക്ഷേത്രങ്ങളുടെ ചരിത്രത്തിൽ ആദ്യമായാണ് ആറ് ദളിതരടക്കം 36 അബ്രാഹ്മണ ശാന്തിമാരെ നിയമിച്ചത്. ഇതിനുപുറമെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പാർട്ട്ടൈം ശാന്തി നിയമനത്തിന് നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് 80 ഉദ്യോഗാർത്ഥികളെക്കൂടി നിയമിക്കുമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ വിശദാംശങ്ങൾ ഞാൻ പറയുന്നില്ല. ഒരു ഗവൺമെന്റിന്റെ ഇച്ഛാശക്തിയിൽ ഈ ബില്ലിന്റെ പിന്നിൽ പ്രവർത്തിക്കുന്ന ഒരു ചേതോവികാരമാണ് ഞാൻ ചൂണ്ടിക്കാട്ടുന്നത്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളിലൂടെ ഗവൺമെന്റ് ശക്തമായി മുന്നോട്ടു കൊണ്ടുപോകുമ്പോൾ ധാരാളം കാര്യങ്ങളിൽ ഇനിയും ഇടപെടാനുണ്ട്. അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതിൽ ഒരു പ്രത്യേക ദേവസ്വം ട്രിബ്യൂണൽ രൂപീകരിക്കുന്നതിനായി കരട് ബിൽ തയ്യാറാക്കി നടപടികൾ വേഗത്തിലാക്കണമെന്നുള്ള ഒരു നിർദ്ദേശമാണ് വയ്ക്കാനുള്ളത്.

1950-ലെ ഈ നിയമം കാലാനുസൃതമായി പരിഷ്കരിക്കണം. ഈ നിയമം രൂപീകരിച്ചതിനുശേഷം സമൂഹത്തിലും ആചാരാനുഷ്ഠാനങ്ങളിലും പല മാറ്റങ്ങളും വന്നിട്ടുണ്ട്. സ്ത്രീകളുടെ ക്ഷേത്രപ്രവേശനവുമായി ബന്ധപ്പെട്ടും ചില ക്ഷേത്രങ്ങളിൽ ചില വസ്ത്രങ്ങൾ ധരിച്ചുകൊണ്ട് കയറാൻ കഴിയാത്ത സാമൂഹിക സാഹചര്യങ്ങളെ സംബന്ധിച്ചും ഇപ്പോൾ കേരളത്തിൽ ധാരാളം വിവാദങ്ങളുണ്ടാകുന്നുണ്ട്. അതുപോലെ ചിലയിടങ്ങളിൽ ക്ഷേത്രോപദേശക സമിതികൾ വർഗ്ഗീയ പ്രേരിതമായ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഇത്തരമൊരു സാഹചര്യത്തിൽ ഒരു കമ്മീഷനെ ചുമതലപ്പെടുത്തി ഈ നിയമത്തിൽ കാലാനുസൃതവും സമഗ്രവുമായ മാറ്റം വരുത്തുന്നതിന് തീരുമാനിക്കണമെന്ന ഒരു അഭ്യർത്ഥനയാണ് എനിക്കുള്ളത്. എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഇവിടെ അവതരിപ്പിച്ച ഭേദഗതികളെ വളരെ നിസ്സാരവൽക്കരിച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. അടൂർ പ്രകാശ് സംസാരിച്ചത്. മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളാണ് മാറ്റം വരുത്താൻ ശ്രമിക്കുന്നത്. അതിലൊന്ന്, അംഗങ്ങളുടെ കാലാവധി മൂന്ന് വർഷമായിരുന്നത് രണ്ട് വർഷമായി ചുരുക്കുന്നുവെന്നതാണ്. നേരത്തെയും അങ്ങനെതന്നെയായിരുന്നു. ഇവിടെ ബഹുമാനപ്പെട്ട ചില അംഗങ്ങൾ സൂചിപ്പിച്ചതുപോലെ ചില സ്ഥാപിത താല്പര്യങ്ങൾ സംരക്ഷിക്കാനെന്ന് കരുതാൻ കഴിയുന്ന തരത്തിലായിരുന്നു മൂന്ന് വർഷമായി കാലാവധി വർദ്ധിപ്പിച്ചത്. അത് രണ്ട് വർഷമാക്കി ചുരുക്കി പഴയതുപോലെയാക്കി എന്നുമാത്രമേയുള്ളൂ. രണ്ടാമത്തേത് അംഗങ്ങളുടെ ഓണറേറിയം സംബന്ധിച്ചും മൂന്നാമത്തേത് കമ്മീഷൻ നിയമനവുമാണ്. ഇങ്ങനെ മൂന്ന് കാര്യങ്ങൾ ഈ ഭേദഗതി നിയമത്തിൽ പറയുന്നുണ്ട്.

അങ്ങ് വളരെ വിശദമായി ഏതാണ്ട് മുക്കാൽ മണിക്കൂർ സംസാരിച്ചതിൽ അര മണിക്കൂറും ബഹുമാനപ്പെട്ട വി. രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ആമുഖമാണ് ഇവിടെ അവതരിപ്പിച്ചത്. എന്തായാലും അത് നന്നായി. കാരണം വി. രാമചന്ദ്രൻ കമ്മീഷൻ അത്തരമൊരു റിപ്പോർട്ട് തയ്യാറാക്കുന്നതിനിടയായ ചരിത്രപരമായ പശ്ചാത്തലത്തെ ഒരിക്കൽക്കൂടി സഭയെ ഓർമ്മപ്പെടുത്താൻ അത് കാരണമായി. നന്നായി എന്നുതന്നെയാണ് എന്റെ പക്ഷം. പക്ഷെ അംഗങ്ങളുടെ ഓണറേറിയത്തെ സംബന്ധിച്ച് അങ്ങ് പറഞ്ഞത് അത് വലിയൊരു തുകയായിപ്പോയി എന്നാണ്. അങ്ങ് മനസ്സിലാക്കേണ്ട ഒരു കാര്യം, മൂന്ന് ദേവസ്വം ബോർഡ് മെമ്പർമാരാണുള്ളത്. യഥാർത്ഥത്തിൽ ബോർഡിനാണ് പരമാധികാരം. ബോർഡ് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. ബോർഡിലെ പ്രസിഡന്റിന് 5,000 രൂപയും മെമ്പർമാർക്ക് 3,500 രൂപയുമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. എല്ലാ ഫയലുകളും ഈ ബോർഡിന്റെ മുന്നിൽ വരുന്നതാണ്. അവർ സാധാരണഗതിയിൽ കേവലം അംഗങ്ങൾ മാത്രമല്ല, മാസത്തിലൊരിക്കൽ മീറ്റിംഗ് കൂടി പോകുന്നവർ മാത്രമല്ല, ഓരോ ഫയലും അവരുടെ മുന്നിൽ വരുന്നതാണ്. ഓരോ ഫയലിനെ സംബന്ധിച്ചും തീരുമാനമെടുക്കേണ്ടതുണ്ട്. അവർ മൂന്നുപേരും കൂട്ടായ പ്രവർത്തനം നടത്തുന്നവരാണ്. 1950-ൽ ദേവസ്വം ബോർഡ് മെമ്പർമാരുടെ ശമ്പളം എത്രയായിരുന്നുവെന്ന് കേൾക്കുമ്പോഴാണ് നമ്മൾ ഞെട്ടിപ്പോകുന്നത്. 1950-ൽ ദേവസ്വം ബോർഡ് മെമ്പർമാരുടെ ശമ്പളം 1,500 രൂപയായിരുന്നു. അന്ന് 1,500 രൂപ ശമ്പളം കിട്ടുന്ന ഒരു ഉദ്യോഗസ്ഥൻപോലും സംസ്ഥാനത്തെ സിവിൽ സർവ്വീസിൽ ഉണ്ടായിരിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ചീഫ് സെക്രട്ടറിക്ക്

അന്ന് 1500 രൂപ ശമ്പളമുണ്ടായിരുന്നോ എന്ന് എനിക്കറിയില്ല. 1950-ൽ സർക്കാർ ജീവനക്കാർക്ക് 60, 70 രൂപ ശമ്പളമുണ്ടായിരുന്ന സ്ഥാനത്ത് ദേവസ്വം ബോർഡിലെ അംഗങ്ങൾക്ക് 1,500 രൂപ കിട്ടിയിരുന്നു എന്നുള്ള കാര്യം വിസ്മരിക്കരുത്. ആ 1,500 രൂപയുടെ ഇപ്പോഴത്തെ മൂല്യം പറയുന്നത് 2,70,000 രൂപയാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ 3500-ഓളം ജീവനക്കാരുണ്ട്. അതിൽ ക്ഷേത്രജീവനക്കാർക്കും ഏറ്റവും താഴെത്തട്ടിലെ ജീവനക്കാർക്കുപോലും ജോലിക്ക് പ്രവേശിക്കുമ്പോൾ 25,000 രൂപ ശമ്പളം ലഭിക്കും. 25,000 രൂപയിൽ കുറഞ്ഞുള്ള ശമ്പളമില്ല. 25,000 രൂപ മുതൽ 40,000 രൂപ, 50,000 രൂപ, 60,000 രൂപ എന്നിങ്ങനെ ശമ്പളം പോകുകയാണ്. ദേവസ്വം ബോർഡ് പ്രസിഡന്റ് 5,000 രൂപയും മെമ്പർ 3,500 രൂപയുമാണ് വാങ്ങുന്നത്. കാലത്തിനനുസരിച്ച് അതിലൊരു മാറ്റം വരണം. അവർ വേറെയാരുടെ മുമ്പിലും കൈനീട്ടാൻ പാടില്ല. അവർ ചെയ്യുന്ന ജോലിക്ക് ന്യായമല്ലെങ്കിലും അല്പമെങ്കിലും കൂലി കിട്ടണമെന്ന നിലയിൽത്തന്നെയാണ് ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളത്. പൊതുസമൂഹം അത് അംഗീകരിക്കുകതന്നെ ചെയ്യും. ഏഴിരട്ടി എന്നൊക്കെ പത്രങ്ങൾ പറയുമ്പോൾ, അത് എത്ര തുകയാണെന്നുകൂടി പറയണമെന്നാണ് ഞാൻ മാധ്യമങ്ങളോട് പറഞ്ഞത്. എം.എൽ.എ.-മാരായ നമുക്ക് പൊതുപ്രവർത്തനം നടത്താൻ നിലവിലുള്ള ശമ്പളം പോരെന്നും കുറച്ചുകൂടി കിട്ടണമെന്നും വാദിക്കുന്നുണ്ടല്ലോ. സത്യസന്ധമായി പ്രവർത്തിക്കുന്നവർക്ക് കുറച്ച് തുകകൂടി കിട്ടണമെന്ന് പറയുന്നതിൽ യാതൊരു തെറ്റുമില്ല. കൈനീട്ടുന്നവർക്ക് അതിന്റെ ആവശ്യം വരില്ല. ന്യായമായ കൂലി, ശമ്പളം, വേതനം, ഓണറേറിയം എന്നിവ ലഭിച്ചാൽ മാത്രമേ കാര്യങ്ങൾ നന്നായി നടത്താൻ സാധിക്കുകയുള്ളൂവെന്ന് കരുതുന്നതിൽ തെറ്റില്ല. ആ ന്യായമായ നിലപാടാണ് ഓണറേറിയത്തിന്റെ വർദ്ധനവിൽ ഗവൺമെന്റ് സ്വീകരിച്ചതെന്ന് ദയവുചെയ്ത് മനസ്സിലാക്കണം.

മൂന്നാമത്തെ കാര്യം, കമ്മീഷണറുടെ നിയമനത്തെ സംബന്ധിച്ചാണ്. അതിന്റെ ചരിത്രപരമായ പശ്ചാത്തലമെല്ലാം ഞാൻ നേരത്തെ വിശദീകരിച്ചു. അന്നും എല്ലാ നിയമനങ്ങളും നടത്തുന്നത് ബോർഡ് തന്നെയാണ്. പക്ഷെ ബോർഡ് ആ നിയമനങ്ങൾ നടത്തുമ്പോഴും ഗവൺമെന്റ് നിർദ്ദേശിക്കുന്ന പേരുകൾ ഹൈക്കോടതിവഴി ബോർഡിലെത്തുന്നു. ഒരു വലിയ കാലതാമസം അതിനിടയിൽ വരികയാണ്. അതുകൊണ്ട് അതിലൊരു ചെറിയ മാറ്റം വരുത്തുന്നുവെന്ന് മാത്രമേയുള്ളൂ. നിയമനം ബോർഡ് തന്നെയാണ് നടത്തുന്നത്. ഇവിടെ അത് പറഞ്ഞപ്പോഴാണ് കവനന്റുമായി ബന്ധപ്പെട്ട് ഭരണഘടനയിൽ തൊട്ട് സത്യം ചെയ്ത മന്ത്രി എന്തോ അബദ്ധം പറഞ്ഞുവെന്ന് പറഞ്ഞത്.

നേരത്തെ അങ്ങ് സംസാരിച്ചപ്പോൾ സൂചിപ്പിച്ചു, 1811-ലെ വിളംബരംവഴിയാണ് ക്ഷേത്രങ്ങൾ ഏറ്റെടുത്തത്. 1849 മുതൽ തിരുവിതാംകൂറിലെ ക്ഷേത്രങ്ങൾ രാജഭരണത്തിൽനിന്ന് മാറ്റി ദേവസ്വം ബോർഡിന്റെ ഭരണത്തിലാക്കി. ട്രാവൻകൂർ കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (ടി.സി.എച്ച്.ആർ.ഐ.) ആക്ടിലെ മൂന്നാം വകുപ്പ് പ്രകാരം തിരുവിതാംകൂർ മഹാരാജാവിന്റെ ഭരണത്തിലുണ്ടായിരുന്ന എല്ലാ ക്ഷേത്രങ്ങളും ക്ഷേത്രംവക വസ്തുക്കളും സർക്കാരിന്റെ കൈവശമുണ്ടായിരുന്ന ദേവസ്വം ഫണ്ടും തിരുവിതാംകൂർ ദേവസ്വം ബോർഡിന് കൈമാറി. 15-ാം വകുപ്പുപ്രകാരം രാജാവിനുണ്ടായിരുന്ന എല്ലാ അധികാരങ്ങളും ബോർഡിന് കൈമാറി. 39-ാം വകുപ്പുപ്രകാരം രാജഭരണകാലത്തെപ്പോലെ ക്ഷേത്ര ആരാധനകളും ഉത്സവങ്ങളും ദേവസ്വം ബോർഡ് നടത്തണമെന്നും ക്ഷേത്ര വസ്തുക്കൾ കൈകാര്യം ചെയ്യണമെന്നും വ്യവസ്ഥ ചെയ്തു. 1849-ലാണ് ഈ കവനന്റ് ഒപ്പുവയ്ക്കുന്നത്. 1950-ൽ ഭരണഘടന പ്രാബല്യത്തിൽവന്നു. ഞാനതേ പറഞ്ഞുള്ളൂ. അക്കാലത്ത് രണ്ട് രാജഭരണ തലവന്മാരും കേന്ദ്രഗവൺമെന്റുംകൂടി ഒപ്പുവച്ച കവനന്റിന്റെ ഉള്ളടക്കം സത്യസന്ധവും ശരിയും സ്വയംഭരണവുമായ ഒരു നല്ല ഭരണം തിരു-കൊച്ചി സംസ്ഥാനങ്ങളിലെ ക്ഷേത്രങ്ങൾക്കുണ്ടാകണമെന്ന സദുദ്ദേശ്യത്തെ മാനിച്ചു കൊണ്ടുള്ളത് തന്നെയാണ്. ഞാൻ സൂചിപ്പിച്ചത്, 1950-ൽ പ്രാബല്യത്തിൽ വന്ന ഭരണഘടനയിൽ ഉൾപ്പെടുത്തിയ കവനന്റിന്റെ ചില ഭാഗങ്ങളുണ്ട്. അത് കൃത്യമായി വ്യവസ്ഥ ചെയ്യുന്നുണ്ട്. അത് നമ്മൾ കാണാതെ പോകേണ്ട കാര്യമില്ല. കവനന്റ് പ്രധാനമായും വ്യവസ്ഥ ചെയ്തിരുന്നത് രാജാവിന്റെ കൈവശമുണ്ടായിരുന്ന ക്ഷേത്രഭരണം ആർക്ക് കൈമാറണം എന്നുള്ളതാണ്. പ്രധാനമായും കൈകാര്യം ചെയ്യുന്ന ഒരു വിഷയമതാണ്. മൂന്ന് പേരുള്ള ഒരു ബോർഡിന് ക്ഷേത്രഭരണം കൈമാറണമെന്നും തിരുവിതാംകൂർ ക്ഷേത്രങ്ങളുടെ ചെലവിലേയ്ക്കായി 50 ലക്ഷം രൂപ സർക്കാർ ബോർഡിന് നൽകണമെന്നുമാണ് കവനന്റ് വ്യവസ്ഥ ചെയ്യുന്നത്. കവനന്റിലെ ആർട്ടിക്കിൾ 8 (സി) പ്രകാരം 50 ലക്ഷം രൂപ തിരുവിതാംകൂർ ദേവസ്വം ബോർഡിന് ഗ്രാന്റായി നൽകണമെന്ന വ്യവസ്ഥ ഭരണഘടനയുടെ ആർട്ടിക്കിൾ 290 (എ)-യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതൊഴികെ കവനന്റിലെ മറ്റൊരു വ്യവസ്ഥയും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഞാനതേ സൂചിപ്പിച്ചുള്ളൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് പറയുന്നത് ശരിയല്ല. കവനന്റിന് എന്ത് കാര്യമെന്നാണ് അങ്ങ് നേരത്തെ പറഞ്ഞത്? ഇപ്പോൾ പറയുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 290-ൽ അല്ലാതെ ഒരു സ്ഥലത്തും കവനന്റിനെ സംബന്ധിച്ച് പറയുന്നില്ലെന്നാണ്. അങ്ങ് ആർട്ടിക്കിൾ 363 നോക്കണം. അതായത്, ഇന്ത്യ സ്വാതന്ത്ര്യം പ്രാപിക്കുന്നതിനുമുമ്പും ഈ ഭരണഘടന

ഉണ്ടാകുന്നതിനുമുമ്പും ഇന്ത്യയിലെ എല്ലാ നാട്ടുരാജാക്കൻമാരും കേന്ദ്രഗവൺമെന്റുകളും അതാത് സംസ്ഥാന ഗവൺമെന്റുകളുമായുണ്ടാക്കിയ ട്രൈപാർട്ടി എഗ്രിമെന്റുകളാണ് കവനന്റ്. അത് ഇന്ത്യയുടെ എല്ലാ സ്ഥലത്തുമുണ്ട്. ആ കവനന്റിനെല്ലാം ഭരണഘടനാപരമായ പ്രൊട്ടക്ഷൻ ആർട്ടിക്കിൾ 363-ൽ കൊടുത്തിട്ടുണ്ട്. കൊടുത്തിട്ടില്ലെന്ന് അങ്ങേയ്ക്ക് ആരെങ്കിലും നോട്ട് തന്നിട്ടുണ്ടെങ്കിൽ എന്തുകൊണ്ടാണ് അങ്ങനെയൊരു നോട്ടുതന്നതെന്ന് അങ്ങ് അവരോട് വിശദീകരണം ചോദിക്കണം. ആർട്ടിക്കിൾ 363 അങ്ങ് വായിച്ചുനോക്കണം. കവനന്റുകൾക്കും എഗ്രിമെന്റുകൾക്കുമെല്ലാം ഭരണ ഘടനാപരമായ പ്രൊട്ടക്ഷനുണ്ട്. മാത്രമല്ല, സ്റ്റേറ്റ് ഗവൺമെന്റുകളും പാർലമെന്റും; legislative competency, 'only within the framework of a covenant' എന്ന് കൃത്യമായി പറയുന്നുണ്ട്. It cannot be questioned in the court, even at the supreme court. Supreme court does not have any power.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ സൂചിപ്പിച്ചത് കവനന്റിലെ ആർട്ടിക്കിൾ 8 (സി) പ്രകാരമുള്ള കാര്യമാണ്. അത് ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. അങ്ങ് ഞാൻ പറയാത്ത കാര്യങ്ങൾ പറഞ്ഞുവെന്ന് ഈ സഭയിൽ ഒന്നുരണ്ട് പ്രാവശ്യമായി പറയുന്നുണ്ട്. അത് ശരിയല്ല. ഞാൻ പറയുന്നത് സഭാരേഖയിലുള്ള കാര്യമാണ്, ഭരണ/പ്രതിപക്ഷാംഗങ്ങൾ കേൾക്കുന്ന കാര്യമാണ്. അങ്ങ് മാത്രം അതിനെ ദുർവ്യാഖ്യാനിക്കാൻ ........(ബഹളം)......കവനന്റിന് എന്ത് കാര്യമെന്നൊന്നും ഞാൻ ചോദിച്ചില്ല. കവനന്റ് ഇതിൽ പ്രസക്തമല്ലെന്നേ ഞാൻ പറഞ്ഞുള്ളൂ. ...(ബഹളം).... ഞാൻ പറയട്ടെ, എന്നെ പറയാൻ അനുവദിക്കൂ. വാര്യത്ത് Vs സ്റ്റേറ്റ് എന്ന കേസിൽ ഭരണഘടന നിലവിൽ വന്നതിനുശേഷം കവനന്റിന് നിലനിൽപ്പില്ല എന്ന വിധിയുണ്ടായിട്ടുണ്ട്. കവനന്റിലെ എല്ലാ വ്യവസ്ഥകളും ഭരണഘടന വന്നതിനുശേഷം പ്രാബല്യത്തിലുണ്ടാകുന്നതല്ല എന്ന സുപ്രീംകോടതി വിധിയുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 1947-നുശേഷം രാജാക്കന്മാരുമായുണ്ടാക്കിയ ട്രൈപാർട്ടി എഗ്രിമെന്റുകൾ പ്രൊട്ടക്ട് ചെയ്യാനുള്ള നടപടിയാണ് ആർട്ടിക്കിൾ 363-ലുള്ളത്. അങ്ങ് അത് വായിച്ചുനോക്കണം. സമയമില്ലാത്തതുകൊണ്ട് അത് ഞാനിവിടെ വായിക്കുന്നില്ല. ആർട്ടിക്കിൾ 363 അനുസരിച്ച് ഒരു ഡിസ്പ്യൂട്ട് വന്നാൽ സുപ്രീംകോടതിക്കുപോലും ഇടപെടാൻ കഴിയില്ലെന്ന് ഭരണഘടനയിൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട്. അങ്ങേയ്ക്ക് പറ്റിയൊരു അബദ്ധം, അങ്ങ് ആദ്യം പ്രസംഗിച്ചപ്പോൾ കവനന്റിന് എന്ത് കാര്യം, ഭരണഘടന വന്നുകഴിഞ്ഞാൽ കവനന്റ് നിലനിൽക്കില്ലെന്ന രീതിയിലാണ് സംസാരിച്ചത്. അത് ശരിയല്ലെന്നാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്.

കാരണം, ആർട്ടിക്കിൾ 363 അനുസരിച്ച് സുപ്രീംകോടതിക്കുപോലും കവനന്റിനകത്ത് ഇടപെടാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. കാരണം, അതൊരു പ്രൊട്ടക്ഷനായിരുന്നു. അക്കാലത്ത് നാട്ടുരാജാക്കന്മാർ അവരുടെ അധികാരങ്ങൾ വിട്ടുകൊടുത്തപ്പോൾ അവരുമായുണ്ടാക്കിയ എഗ്രിമെന്റാണ്. ആ എഗ്രിമെന്റ് പ്രകാരം തന്നെയാണ് ട്രാവൻകൂർ കൊച്ചിൻ ദേവസ്വം ബോർഡ് ബില്ലുകൾ വന്നത്.

ശ്രീ. എം. ഉമ്മർ: സർ, മുല്ലപ്പെരിയാറിൽനിന്ന് എന്തിനാണ് നമ്മൾ ഇപ്പോൾ വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നത്? മുല്ലപ്പെരിയാർ എഗ്രിമെന്റ് ഏത് കാലത്താണുണ്ടായത്? ഭരണഘടന രൂപീകരിക്കുന്നതിനുമുമ്പ് രാജാക്കന്മാരുടെ കാലത്ത് ഉണ്ടായതല്ലേ? അങ്ങനെയാണെങ്കിൽ മുല്ലപ്പെരിയാർ നമുക്ക് ഏറ്റെടുത്തുകൂടെ? എന്തിനാണ് അവർക്ക് വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നത്? അങ്ങ് അറിയാതെ ഓരോന്ന് പറയരുത്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, മുല്ലപ്പെരിയാർ എഗ്രിമെന്റും ഈ കവനന്റും ഭരണഘടനയുമായി ബന്ധമൊന്നുമില്ല. ഞാൻ സൂചിപ്പിച്ചത്, ഒരു ഭരണഘടന നിലവിൽ വരുമ്പോൾ അതിനുമുമ്പുണ്ടായ നിയമ നിർമ്മാണങ്ങളെല്ലാംതന്നെ ഭരണഘടനയ്ക്കുള്ളിലാകുമെന്നാണ്. ഇവിടെ കവനന്റിൽ പറയുന്നൊരു ഭാഗം ഭരണഘടനയിൽ സൂചിപ്പിക്കുന്നുണ്ട്. അത് ഞാൻ എടുത്തുപറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. മറ്റുചില കാര്യങ്ങൾ ഇതിന്റെ ഭാഗമായി ചോദിച്ചിട്ടുണ്ട്. ഒന്ന്, ഈ അടുത്ത കാലത്ത് 26 അസിസ്റ്റന്റ് കമ്മീഷണർമാരെ നിയമിച്ചുവെന്ന ഒരു പത്രത്തിലെ മുഖപ്രസംഗമാണ് വായിച്ചതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. അടൂർ പ്രകാശ്: സർ, 05.06.2018-ന് മാറ്റമില്ലാത്ത ജാതി മേധാവിത്വം എന്നുപറഞ്ഞ് കേരള കൗമുദിയിൽ വന്ന ഒരു എഡിറ്റോറിയലിന്റെ കാര്യമാണ് ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചത്. ആ എഡിറ്റോറിയലിൽ ഇതെല്ലാം പറഞ്ഞിട്ടുണ്ട്.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അതിലൊരു തെറ്റ് വന്നിട്ടുണ്ട്. പുതിയ നിയമനമല്ല, ട്രാൻസ്ഫറിന്റെ കാര്യമാണ് വന്നത്. ബഹുമാനപ്പെട്ട അടൂർപ്രകാശ് അത് മനസ്സിലാക്കണം. അവിടെ 26 പേരെ ട്രാൻസ്ഫർ ചെയ്തപ്പോഴുണ്ടായ ഒരു ഇന്റേണൽ ട്രാൻസ്ഫറിന്റെ കാര്യമാണ് പറയുന്നത്. എ.ഒ.-മാരും എ.സി.-മാരും എന്നിങ്ങനെ രണ്ട് വിഭാഗമുണ്ട്. അവിടത്തെ കീഴ്വഴക്കമനുസരിച്ച് പ്രധാനപ്പെട്ട അമ്പലങ്ങളിൽ ഒരു വർഷം മാത്രമേ എ.സി. ആയി തുടരാൻ അനുവദിക്കൂ. അങ്ങനെ കുറച്ചുപേരെയുള്ളൂ. അത് അവിടത്തെ കീഴ്വഴക്കമാണ്. ആ കീഴ്വഴക്കം നല്ലതാണോ ശരിയാണോ എന്നൊക്കെ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

അടുത്ത പ്രാവശ്യം അവരെ എ.ഒ. ആയിട്ടാണ് നിയമിക്കുക. അങ്ങനെയുള്ള ഒരു ട്രാൻസ്ഫറിന്റെ കാര്യമാണത്. അല്ലാതെ പുതിയ നിയമനമല്ല. നിയമനം നമ്മളെല്ലാവരും ശ്രദ്ധിക്കുന്നതാണ്.

റിക്രൂട്ട്മെന്റ് ബോർഡ് വന്നതിനുശേഷം 142 ശാന്തിമാരെ നിയമിച്ചു. അതിൽ 32 ശതമാനം പട്ടികജാതിക്കാരുൾപ്പെടെയുള്ള പിന്നോക്കവിഭാഗങ്ങൾക്ക് മാറ്റിവച്ചു. അതിവിടെ നേരത്തെ ചർച്ച ചെയ്യപ്പെട്ടു. അതെല്ലാവരും പറഞ്ഞ കാര്യമാണ്. ഈ അടുത്ത ദിവസങ്ങളിലായി 7 അസിസ്റ്റന്റ് എഞ്ചിനീയർമാരെ പുതുതായി നിയമിച്ചു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, ദേവസ്വം ബോർഡുകളുടെ ചരിത്രത്തിൽ ആദ്യമായി സംവരണം കൊണ്ടുവന്നത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അതുവരെ സംവരണമെന്ന് പറയുന്ന സംവിധാനം ദേവസ്വം ബോർഡുകളിൽ ഉണ്ടായിരുന്നില്ല. ഇവിടെ പ്രസംഗിച്ച പലരും പറഞ്ഞത് ഈ ഗവൺമെന്റാണ് റിക്രൂട്ട്മെന്റ് ബോർഡും സംവരണ സംവിധാനവും കൊണ്ടുവന്നതെന്നാണ്. കേരളത്തിലെ ദേവസ്വം ബോർഡുകളിൽ ആദ്യമായി സംവരണം കൊണ്ടുവന്നത് യു.ഡി.എഫ്. ഗവൺമെന്റാണെന്നത് അങ്ങേയ്ക്കും അറിവുള്ളതാണല്ലോ.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇവിടെ റിക്രൂട്ട്മെന്റ് ബോർഡ് നേരത്തെ നിലവിലുണ്ടായിരുന്നു. അവരൊന്നും ചെയ്തില്ല, ഒരു അപേക്ഷ ക്ഷണിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. അങ്ങയുടെ കാലത്ത് കൊണ്ടുവന്ന റിക്രൂട്ട്മെന്റ് ബോർഡ് തന്നെയാണ്. ഈ ഗവൺമെന്റാണ് പുതിയ റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിച്ചതും ആ റിക്രൂട്ട്മെന്റ് ബോർഡാണ് എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കടക്കം 32 ശതമാനം സംവരണം പിന്നാക്കക്കാർക്ക് നൽകാൻ തീരുമാനിച്ചതും. അത് ഈ ഗവൺമെന്റാണ് തീരുമാനിച്ചത്. ......(ബഹളം)..... ഈ ഗവൺമെന്റ് ചെയ്ത കാര്യം ഈ ഗവൺമെന്റ് എന്നല്ലാതെ യു.ഡി.എഫ്. ഗവൺമെന്റാണ് ചെയ്തതെന്ന് എനിക്ക് പറയാൻ കഴിയുമോ? ഈ ഗവൺമെന്റ് ചെയ്ത കാര്യം ഈ ഗവൺമെന്റ് ചെയ്തതെന്നേ പറയാൻ കഴിയൂ. .....(ബഹളം).....

<u>മി. സ്പീക്കർ:</u> പ്ലീസ്.... ബില്ലിൻമേൽ ദീർഘമായ ചർച്ച കഴിഞ്ഞതിനുശേഷം മന്ത്രി മറുപടി പറയുകയാണ്. ദയവായി ഇരിക്കു.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഇവിടെ ദേവസ്വം നിയമനങ്ങളിൽ പിന്നോക്കക്കാർ തഴയപ്പെടുന്നു എന്ന മട്ടിൽ തെറ്റായ വിവരം സഭയെ ധരിപ്പിച്ചതുകൊണ്ട് അത് ശരിയല്ലെന്ന് മാത്രമേ ഞാൻ പറയുന്നുള്ളൂ. 26 എ.ഒ.-

മാരെ നിയമിച്ചുവെന്ന് അങ്ങ് പറയുന്നത് ശരിയല്ല. അത് തിരുവിതാംകൂർ ദേവസ്വം ബോർഡിൽ നടന്നൊരു ട്രാൻസ്ഫർ മാത്രമാണെന്ന് ദയവുചെയ്ത് അങ്ങ് മനസ്സിലാക്കണം. അല്ലെങ്കിൽ ആരോടെങ്കിലും അങ്ങ് ചോദിക്കണം. അങ്ങയുടെ ആൾക്കാർ അവിടെയുണ്ടല്ലോ. അത് ട്രാൻസ്ഫർ മാത്രമാണ്. അവിടെ നിലനിൽക്കുന്ന സംവിധാനമനുസരിച്ച് ട്രാൻസ്ഫർ ചെയ്തപ്പോൾ അതിൽ പിന്നോക്കവിഭാഗക്കാരില്ലായിരുന്നുവെന്ന ആക്ഷേപം വന്നു. അത് നിർത്തിവയ്ക്കാൻ പറഞ്ഞു. അത് പരിശോധിച്ച് അവശ്യംവേണ്ട നടപടി സ്വീകരിക്കണം. എന്തെങ്കിലും മാറ്റം വരുത്തണമെങ്കിൽ ആ ട്രാൻസ്ഫറിന്റെ നോംസിൽത്തന്നെ മാറ്റം വരുത്തണമെന്ന് ഗവൺമെന്റ് കരുതുകയാണ്. ഈ ഗവൺമെന്റ് സാമൂഹ്യനീതിക്കുവേണ്ടി നിലനിൽക്കുന്ന ഗവൺമെന്റാണ്. ഏഴ് അസിസ്റ്റന്റ് എഞ്ചിനീയർമാരെ ഇപ്പോൾ നിയമിച്ചതിൽ അഞ്ച് പിന്നോക്ക വിഭാഗക്കാരും ഒരു പട്ടികജാതി വിഭാഗവും ഒരു മുന്നോക്കക്കാരനുമാണുള്ളത്. അവർ പരീക്ഷ എഴുതി പാസ്സായി വന്നവരാണ്. ഈ ഏഴുപേരിൽ അഞ്ചുപേരെ നമ്മളാരും നിയമിച്ചതല്ല. പിന്നോക്കക്കാരെ നിയമിക്കാനായി നിർദ്ദേശിച്ചതല്ല, പിന്നോക്കക്കാർക്ക് 32 ശതമാനം സംവരണമുണ്ട്. ആ സംവരണം അവർക്ക് ലഭിക്കണം. പക്ഷെ അതിനേക്കാൾ കൂടുതൽ ആളുകൾ വന്നത്, അവർ നന്നായി പരീക്ഷ എഴുതി നല്ല മാർക്ക് വാങ്ങി ഇന്റർവ്യൂവിൽ പങ്കെടുത്ത് വന്നിട്ടുള്ളവരാണ്. അതാണ് നിയമനമെന്ന് പറയുന്നത്. അല്ലാതെ 26 പേരുടേത് നിയമനമല്ല, കേവലം ട്രാൻസ്ഫറാണെന്ന് ദയവുചെയ്ത് മനസ്സിലാക്കണം. ഇതാണ് അതുസംബന്ധിച്ച് പറയാനുള്ളത്.

ട്രൈബ്യൂണലിന്റെ ഇപ്പോഴത്തെ അവസ്ഥയെപ്പറ്റി പറയണമെന്ന് അങ്ങ് ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന വ്യാപകമായി അധികാരപരിധിയുള്ള ഒരു ലാന്റ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനുള്ള കരട് ബിൽ നിയമ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. ഇത് നിയമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ബില്ലിന് മന്ത്രിസഭയുടെ അനുമതി തേടിയശേഷം നിയമസഭയിൽ അവതരിപ്പിക്കണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. മുന്നോക്ക സമുദായങ്ങൾക്ക് 10 ശതമാനം സംവരണം കൊടുക്കുന്നതിനെക്കുറിച്ചുള്ള അങ്ങയുടെ ചോദ്യമുണ്ടായിരുന്നു. അത് ഗവൺമെന്റ് കൈക്കൊണ്ട തീരുമാനം തന്നെയാണ്. സാമൂഹ്യനീതി ലക്ഷ്യംവച്ച് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണെന്ന് കണ്ടുകൊണ്ടാണ് 10 ശതമാനം സംവരണം മുന്നോക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് നൽകണമെന്ന് തീരുമാനിച്ചത്. അങ്ങ് പറഞ്ഞതുപോലെ ഈ തീരുമാനം സംബന്ധിച്ച് ചില തടസ്സവാദങ്ങൾ നിയമ വകുപ്പ് സെക്രട്ടറി ഉന്നയിച്ചിട്ടുണ്ട്.

അക്കാര്യം സർക്കാർ പരിശോധിക്കുകയാണ്. സർക്കാരിന്റെ നിലപാടിൽ യാതൊരു വ്യത്യാസവുമില്ല. പട്ടികജാതിക്കാരും പിന്നോക്ക വിഭാഗങ്ങളും എങ്ങനെ സംരക്ഷിക്കപ്പെടണമോ അതുപോലെ മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും സംരക്ഷിക്കപ്പെടേണ്ടവരാണ് എന്നുള്ള കാര്യത്തിൽ ഗവൺമെന്റിന് യാതൊരു സംശയവുമില്ല. നിയമ വകുപ്പ് സെക്രട്ടറി പറഞ്ഞ കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ബഹുമാനപ്പെട്ട ശ്രീ. എം. ഉമ്മർ ഒരു പ്രധാനപ്പെട്ട നിർദ്ദേശം മുന്നോട്ടുവയ്ക്കുകയുണ്ടായി. ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യമായ, വിലമതിക്കാൻ കഴിയാത്ത രത്നശേഖരം കേരളത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി സാമ്പത്തികവും ടൂറിസം സാധ്യതകളുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗപ്പെടുത്താം എന്നതിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. അത് ഗവൺമെന്റിന്റെ പരിഗണനയിലുള്ള വിഷയമാണ്. സുപ്രീംകോടതിയുടെയും രാജകുടുംബത്തിന്റെയും സഹകരണത്തോടെ ചെയ്യേണ്ട കാര്യമാണ്. നമുക്ക് വളരെ പെട്ടെന്ന് തീരുമാനമെടുക്കാൻ കഴിയുന്ന കാര്യമല്ല. നിശ്ചയമായും രാജകുടുംബത്തെ അത് ബോധ്യപ്പെടുത്താൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. സുപ്രീംകോടതിയെയും അത് ബോധ്യപ്പെടുത്താൻ സാധിക്കും. അങ്ങ് സൂചിപ്പിച്ചതുപോലെ ലോകത്ത് അമൂല്യ രത്നങ്ങൾ പ്രദർശിപ്പിക്കുന്ന ഏറ്റവും സുരക്ഷാ സംവിധാനങ്ങളുള്ള, സാർവ്വദേശീയ തലത്തിൽത്തന്നെ ശ്രദ്ധേയമായ ഒരു മ്യൂസിയം തിരുവനന്തപുരത്ത് ശ്രീപദ്മനാഭസ്വാമി ക്ഷേത്രത്തിന്റെ പരിസരത്ത് സ്ഥാപിക്കാൻ കഴിഞ്ഞാൽ ലോകത്തെ തലസ്ഥാന നഗരിയിലേയ്ക്ക് കൊണ്ടുവരാൻ സാധിക്കുന്ന തരത്തിലേയ്ക്ക് നമുക്ക് ഉയരാൻ കഴിയുമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ആ നിർദ്ദേശം നേരത്തെതന്നെ ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണെന്ന് ഞാൻ പറഞ്ഞു, രാജകുടുംബവുമായും സുപ്രീംകോടതിയുമായും ബന്ധപ്പെട്ട് നടപ്പിലാക്കാൻ സാധിക്കുമോയെന്നുള്ള കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

മലബാർ ദേവസ്വത്തിലെ ക്ഷേത്ര ജീവനക്കാരുടെ പ്രശ്നങ്ങളെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. മലബാർ ദേവസ്വത്തിലെ ക്ഷേത്ര ജീവനക്കാരുടെ സ്ഥിതി പരിതാപകരമാണെന്നതിൽ സംശയമില്ല. അവർക്ക് ശമ്പളം കൃത്യമായി കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പോലെ മെച്ചപ്പെട്ട ഒരു ശമ്പള ഘടന അവിടെ നിലനിൽക്കുന്നില്ല. ഇതിനെല്ലാം സഹായകരമായ തരത്തിലുള്ള മലബാർ ദേവസ്വം നിയമം

കൊണ്ടുവരുന്നതിന് ഗവൺമെന്റ് തയ്യാറാകുകയാണ്. ശ്രീ. ഗോപാലകൃഷ്ണന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ നിർദ്ദേശങ്ങളുണ്ട്. ആ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഒരു നിയമ ഭേദഗതി തയ്യാറായി വരികയാണ്. അടുത്ത സഭയിൽ അത് അവതരിപ്പിക്കാൻ സാധിക്കും. തിരുവിതാംകൂർ ദേവസ്വം ബോർഡിന് സമാനമായ ചില അധികാരമെല്ലാം അവിടെയും നൽകി അത് നടപ്പിലാക്കാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

മി. സ്പീക്കർ: മന്ത്രി, അങ്ങ് ചർച്ചയ്ക്ക് മറുപടി പറഞ്ഞ് അവസാനിപ്പിച്ചാൽ അടുത്ത ബില്ലിലേയ്ക്ക് പോകാം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇവർ ഓരോരുത്തരും ആമുഖം വായിക്കാൻ തന്നെ അരമണിക്കൂറെടുത്തു. വി. രാമചന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ആമുഖം ഇവിടെ വായിച്ച് തിരുവിതാംകൂറിന്റെ അതിർത്തി അറബിക്കടലും ഇന്ത്യൻ മഹാസമുദ്രവും അപ്പുറത്ത് മധുരയുമൊക്കെയാണെന്ന് പറഞ്ഞ് നമ്മുടെ സഭയുടെ വിലപ്പെട്ട സമയം മെനക്കെടുത്തുകയായിരുന്നു അദ്ദേഹം.

ശ്രീ. അടൂർ പ്രകാശ്: സർ, എനിക്ക് ഒരു കാര്യം പറയാനുണ്ട്.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് ഈ ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങൾ മാത്രമേ പറയാവൂ.

ശ്രീ. അടൂർ പ്രകാശ്: ദേവസ്വം ബോർഡുമായി ബന്ധപ്പെട്ടതാണ്. അവിടെ പെൻഷൻകാർക്കായി സൃഷ്ടിച്ച തസ്തിക സംബന്ധിച്ച വിഷയമാണ്. ലോ ഓഫീസർ ശമ്പളം 40,000 രൂപ, സ്പോർട്സ് സ്പെഷ്യൽ ഓഫീസർ ശമ്പളം 30,000 രൂപ, പ്രസ് സ്പെഷ്യൽ ഓഫീസർ ശമ്പളം 25,000 രൂപ, കോളേജ് സ്പെഷ്യൽ ഓഫീസർ ശമ്പളം 30,000 രൂപ, സി.ബി.എസ്.ഇ. സ്പെഷ്യൽ ഓഫീസർ ശമ്പളം 30,000 രൂപ, സ്കൂൾ സ്പെഷ്യൽ ഓഫീസർ ശമ്പളം 30,000 രൂപ, ദേവസ്വം ബോർഡ് മെമ്പർക്ക് സ്പെഷ്യൽ സെക്രട്ടറി ശമ്പളം 20,000 രൂപ. ഇവരെല്ലാം പെൻഷൻ പറ്റിയവരാണ്.

മി. സ്പീക്കർ: അങ്ങയുടെ പ്രസംഗത്തിൽ ഇതെല്ലാം പറയാമായിരുന്നില്ലേ?

ശ്രീ. അടൂർ പ്രകാശ്: ശബരിമല ഉപദേശക സമിതിയിലെ അഞ്ച് അംഗങ്ങളും പെൻഷൻ പറ്റിയവരാണ്. പെൻഷൻപറ്റിയവരെ മാത്രമാണ് അവിടെ നിയമിച്ചിട്ടുള്ളത്.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: ശബരിമല ഉപദേശക സമിതിയിൽ ബഹുമാന്യനായ ടി. കെ. നായർ ഉൾപ്പെടെയുള്ള പെൻഷൻകാർ തന്നെയാണുള്ളത്. അവരുടെ ഉപദേശം വാങ്ങുക എന്നല്ലാതെ അതിൽ മറ്റ് കാര്യങ്ങളൊന്നുമില്ല. അങ്ങ് പേര് വായിച്ചതിൽ ചില ആളുകൾ കോൺട്രാക്ട് വ്യവസ്ഥയിൽ നേരത്തെ നിയമിക്കപ്പെട്ടവരായിരിക്കും. അവർ എപ്പോഴാണ് നിയമിക്കപ്പെട്ടതെന്ന് അന്വേഷിക്കാം. അങ്ങ് പറയുന്നത് നേരത്തെയുള്ള പോസ്റ്റ് തന്നെയാണ്. ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. ഈ മൂന്ന് ഭേദഗതികൾ ക്ഷേത്ര ഭരണം പിടിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമാണെന്ന ധ്വനിയിൽ അങ്ങ് സംസാരിച്ചത് ഖേദകരമാണെന്ന് പറയാതിരിക്കാൻ വയ്യ. പ്രത്യേകിച്ച് ശ്രീ. എം. ഉമ്മർ സംസാരിച്ചപ്പോൾ എനിക്ക് വിഷമം തോന്നി. ഈ മൂന്ന് ചെറിയ ഭേദഗതികൾ എന്നുപറയുന്നത് അംഗങ്ങളുടെ കാലാവധി മൂന്ന് വർഷമെന്നത് രണ്ട് വർഷമായി ചുരുക്കുന്നതും അംഗങ്ങളുടെ ഓണറേറിയം കുറച്ച് വർദ്ധിപ്പിക്കുന്നതും കമ്മീഷണർ നിയമനത്തിന് കറങ്ങി സഞ്ചരിക്കുന്നതിനുപകരം നേരിട്ട് വഴിയൊരുക്കിക്കൊടുക്കുന്നതുമാണ്. ഇത് എങ്ങനെയാണ് ക്ഷേത്രഭരണം പിടിച്ചെടുക്കുന്നതായി അങ്ങ് വ്യാഖ്യാനിച്ചത്? അതിൽ എനിക്ക് വിഷമമുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u>: സർ,...

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: ഇനി ഞാൻ വഴങ്ങുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ,.. പ്ലീസ്..

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: അങ്ങയെപ്പോലെ ഇരുത്തംവന്ന, കേരളത്തിന്റെ ഇന്നത്തെ സാമൂഹ്യ രാഷ്ട്രീയ അവസ്ഥ മനസ്സിലാക്കാൻ ശ്രമിക്കുന്ന ഒരു സാമാജികനിൽനിന്നും ഉണ്ടാകാൻ പാടില്ലാത്ത കാര്യമായിരുന്നു അത് എന്നുതന്നെയാണ് എനിക്ക് പറയാനുള്ളത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഒരു ക്ഷേത്രഭരണം പിടിച്ചെടുക്കലും ഗവൺമെന്റിന്റെ പരിപാടിയല്ല. ക്ഷേത്രങ്ങൾ ക്ഷേത്ര വിശ്വാസികൾ നടത്തുന്നതാകണം. ഈ ഗവൺമെന്റ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തുകൊണ്ടിരിക്കുന്നത്? ശബരിമലയ്ക്കുവേണ്ടി ഇടത്താവളങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ പോകുകയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഇതുവരെയില്ലാത്ത കാര്യമാണത്. 100 കോടി രൂപ കിഫ്ബിയിൽ നിന്നുതന്നെ ഇടത്താവളങ്ങളുടെ നിർമ്മാണത്തിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. വിശ്വാസികൾ ഏത് മതത്തിൽപ്പെട്ടവരാണെങ്കിലും അവരുടെ താത്പര്യങ്ങൾ സംരക്ഷിക്കുക എന്നത് ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു കാര്യമാണ്.

ക്ഷേത്രങ്ങളുടെ ഭരണം കയ്യടക്കിവച്ചിരുന്ന ചില ആളുകളുണ്ട്. അവർക്ക് ചില നിക്ഷിപ്ത താത്പര്യങ്ങളുണ്ട്. ആ നിക്ഷിപ്ത താല്പര്യങ്ങളുടെ വക്താക്കളായി നമ്മൾ ഒരിക്കലും മാറാൻ പാടില്ല. ബഹുമാനപ്പെട്ട അടൂർ പ്രകാശിന് അറിയാവുന്നതാണ് ചില ക്ഷേത്രങ്ങൾ ചില സംഘടനകളുടെ കൈകളിലാണ് എന്ന്. അവിടെ യഥാർത്ഥ ഭക്തന്മാർക്ക് പ്രവേശനമില്ല. അവിടെ നടക്കുന്നത് മറ്റുചില കാര്യങ്ങളാണ്. അത്തരം കാര്യങ്ങൾ ഒഴിവാക്കാൻ നമുക്ക് കൂട്ടായ പ്രവർത്തനമാണ് ആവശ്യം. ഇതുപോലെ നാടിന് അത്യന്താപേക്ഷിതമായ കാര്യങ്ങളിൽ ഭേദഗതി കൊണ്ടുവരുമ്പോൾ എതിർക്കുന്നതിനുവേണ്ടി എതിർക്കുക എന്ന സമീപനം സ്വീകരിക്കാമോയെന്ന് ആലോചിക്കേണ്ടതാണ്. അത്തരം സമീപനങ്ങൾ ഒഴിവാക്കി നമ്മുടെ സംസ്ഥാനത്ത് സാമൂഹികമായി വന്നുകൊണ്ടിരിക്കുന്ന കാര്യങ്ങളെ ഗൗരവമായി പരിഗണിച്ച്, വിശേഷിച്ച് ചില മതസംഘടനകൾ ക്ഷേത്രങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് നടത്തുന്ന സമൂഹത്തിനും മതേതര വളർച്ചയ്ക്കും മതസൗഹാർദ്ദത്തിനും ഹാനികരമായ പ്രവർത്തനങ്ങൾ കണ്ടുകൊണ്ട് യോജിച്ച നിലപാടാണ് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതെന്ന് പറഞ്ഞുകൊണ്ട് ഭേദഗതികൾ അംഗീകരിച്ചുതരണമെന്ന് അപേക്ഷിക്കുകയാണ്.

മി. സ്പീക്കർ: ശ്രീ. വി. ജോയി അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ജോയി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ജി. എസ്. ജയലാൽ, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ജി. എസ്. ജയലാൽ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്ക് എടുക്കുന്നു.

രണ്ടാം വകുപ്പ്

Shri Parakkal Abdulla: Sir, I move the following amendment :

122. In clause 2, the word " two" shall be substituted with the word " four" .

Shri P. Ubaidulla: Sir, I move the following amendment :

124. In clause 2, for the word " two" the word " five" shall be substituted.

മി. സ്പീക്കർ: 117 മുതൽ 120 വരെയുള്ള ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാലും 123, 125, 126 എന്നീ നമ്പർ ഭേദഗതികൾ 122-ന് തുല്യമാകയാലും അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

Shri V. P. Sajeendran: Sir, I move the following amendments :

127. In section 12 proposed to be substituted in the principal Act byclause 3, for the words "be entitled to receive per mensem, such honoraria and sitting fees" the words "receive such honoraria and sitting fees per mensem" shall be substituted.

140. In section 12 proposed to be substituted in the principal Act by clause 3, the word "published" shall be deleted.

Shri K.N.A. Khader: Sir, I move the following amendment :

128. In section 12 proposed to be substituted in the principal Act by clause 3, for the words "to receive per mensem, such honoraria and sitting fees" the words "such honoraria and sitting fees per mensem" shall be substituted.

Shri M. Ummer: Sir, I move the following amendment :

129. In section 12 proposed to be substituted in the principal Act by clause 3, for the word "honoraria" substitute the word "honorarium".

Dr. M. K. Muneer: Sir, I move the following amendment :

130. In section 12 proposed to be substituted in the principal Act by clause 3, after the words "sitting fees" the words "and other benefits" shall be inserted.

Shri Manjalamkuzhi Ali: Sir, I move the following amendment :

131. In section 12 proposed to be substituted in the principal Act by clause 3, the word "fixed" shall be substituted with the word "notified".

Shri M. Vincent: Sir, I move the following amendments:

132. In section 12 proposed to be substituted in the principal Act by clause 3, the word "Government" shall be substituted with the word "board".

136. In section 12 proposed to be substituted in the principal Act by clause 3, the words ", by notification published in the Official Gazette" shall be deleted.

Shri Adoor Prakash: Sir, I move the following amendment :

134. In section 12 proposed to be substituted in the principal Act by clause 3, the words, "Government from time to time " shall be substituted with the words and figures "Government, subjected to maximum of Rs 10,000 for the President and Member a maximum of Rs 7,000.

Shri K. Muraleedharan: Sir, I move the following amendment :

135. In section 12 proposed to be substituted in the principal Act by clause 3, the words "Government from time to time, by notification published in the Official Gazette" shall be substituted with thewords and figures "Board, subjected to a maximum of Rs.10,000 for the President and Rs. 7,000 for the Member".

Prof. Abid Hussain Thangal: Sir, I move the following amendment :

141. Section 12 proposed to be substituted in the principal Act by clause 3 shall be recast as follows:

"12. Honoraria for President and Members.- The President and Members of the Board shall receive such honoraria as the Board may decide subject to a maximum of Rupees five thousand only per mensum in the case of the President and Rupees three thousand and five hundred only per mensem in the case of each of the other two members".

മി. സ്പീക്കർ: 133-ാം നമ്പർ ഭേദഗതി 132-നും 137, 138, 139 എന്നീ നമ്പർ ഭേദഗതികൾ 136-നും തുല്യമാകയാൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 127, 140 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 132, 136 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 135-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

190. ഖണ്ഡം 4 പ്രകാരം പ്രധാന ആക്ടിലെ 13 A വകുപ്പിനുശേഷം ചേർക്കുവാൻ ഉദ്ദേശിക്കുന്ന 13 B വകുപ്പ് താഴെപ്പറയും പ്രകാരം മാറ്റുക:

" 13 B. *Appointment of Devaswom Commissioner*.- The Board shall appoint an officer not below the rank of a Deputy Commissioner who is eligible to be promoted as Devaswom Commissioner, and in the absence of such officer, an officer not below the rank of an Additional Secretary to Government on deputation as Devaswom Commissioner." .

Shri P. T. Thomas: Sir, I move the following amendments.

145. In section 13B proposed to be inserted in the principal Act by clause 4, for the words " by notification in the Gazette" the words " by notification in the Official Gazette" shall be substituted.

147. In section 13B proposed to be inserted in the principal Act by clause 4, for the words " an officer not below the rank of an Additional Secretary to Government and who is a Hindu"

the words " an officer not below the rank of a Special Secretary to Government and who is a Hindu who believes in God" shall be substituted.

Shri K. C. Joseph: Sir, I move the following amendment:

148. In section 13B proposed to be inserted in the principal Act by clause 4, for the words " Additional Secretary" the words " Special Secretary" shall be substituted.

Shri K. N. A. Khader: Sir, I move the following amendment:

151. In section 13B proposed to be inserted in the principal Act by clause 4, for the words " an Additional Secretary" the words " a Joint Secretary" shall be substituted.

Shri Thiruvanchoor Radhakrishnan: Sir, I move the following amendment.

156.In section 13B proposed to be inserted in the principal Act by clause 4, for the words " Additional Secretary" the words " officer selected under KAS" shall be substituted.

Shri Manjalamkuzhi Ali: Sir, I move the following amendment:

157. In section 13B proposed to be inserted in the principal Act by clause 4, after the words " Commissioner" the words " to exercise such powers and perform such duties of the Board as may be specified in the notification" shall be added.

Shri V. P. Sajeendran: Sir, I move the following amendments.

154. In section 13B proposed to be inserted in the principal Act by clause 4, for the words " Additional Secretary" the words " Joint Secretary" shall be substituted.

158. In section 13B proposed to be inserted in the principal Act by clause 4, after the word " Commissioner" the words " to exercise such powers and perform such duties of the Board on behalf of the Chief Commissioner" shall be added.

<u>മി. സ്പീക്കർ</u>: വകുപ്പ് നീക്കം ചെയ്യാനുള്ള 142, 143 എന്നീ ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാലും 146-ാം നമ്പർ ഭേദഗതി 145-ൽ അടങ്ങുന്നതിനാലും 152-ാം നമ്പർ ഭേദഗതി 151-നും 153-ാം നമ്പർ ഭേദഗതി 154-നും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: മന്ത്രി അവതരിപ്പിച്ച 190-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 145, 147 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 151-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 154, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri V. S. Sivakumar: Sir, I move the following amendment:

161. In section 29(2) of the principal Act for the words " who shall be appointed by the Board" the words " who shall be appointed with the concurrence from the board" shall be substituted.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Shri C. Mammutty: Sir, I move the following amendment:

166. In clause 6, for the word " two" the word " four" shall be substituted.

മി. സ്പീക്കർ: 162 മുതൽ 165 വരെയുള്ള ഭേദഗതികൾ വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാലും 168-ാം നമ്പർ ഭേദഗതി 166-ന് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമോ എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഏഴാം വകുപ്പ്

Shri V. P. Sajeendran: Sir, I move the following amendments.

171. In section 71(2) proposed to be substituted in the principal Act by clause 7 for the words " be entitled to receive per mensem, such honoraria and sitting fees" the words " receive such honoraria and sitting fees per mensem" shall be substituted.

178. In section 71(2) proposed to be substituted in the principal Act by clause 7, the word " published" shall be deleted.

Shri M. Ummer: Sir, I move the following amendment:

172. In section 71(2) proposed to be substituted in the principal Act by clause 7 for the word " honoraria" substitute the word " honorarium."

Shri P. Ubaidulla: Sir, I move the following amendment:

173. In section 71(2) proposed to be substituted in the principal Act by clause 7 after the words " sitting fees" insert the words " and other benefits."

Shri Manjalamkuzhi Ali: Sir, I move the following amendment:

175. In section 71(2) proposed to be substituted in the principal Act by clause 7 for the word " fixed" the word " notified" shall be substituted.

Shri N. A. Nellikkunnu: Sir, I move the following amendment:

177. In section 71(2) proposed to be substituted in the principal Act by clause 7, the words " by notification published in the Official Gazette" shall be substituted with the words " subject to a maximum of Rs.15,000 for the President and Rs.10,000 for the member."

മി. സ്പീക്കർ: 170-ാം നമ്പർ ഭേദഗതി വകുപ്പ് നീക്കം ചെയ്യാനുള്ളതാകയാലും 174-ാം നമ്പർ ഭേദഗതി 173-ന് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 171, 178 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന എന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

എട്ടാം വകുപ്പ്

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിക്കുന്നു:

191.ഖണ്ഡം 8 താഴെപ്പറയും പ്രകാരം മാറ്റുക:

" 8. *Substitution of new section for section* 74A.- For section 74A of the principal Act, the following section shall be substituted, namely:-

" 74 A. *Appointment of Devaswom Commissioner*.- The Board shall appoint an officer not below the rank of a Deputy Commissioner who is eligible to be promoted as Devaswom Commissioner, and in the absence of such officer, an officer not below the rank of a Joint Secretary to Government on deputation as Devaswom Commissioner."

Shri Parakkal Abdulla: Sir, I move the following amendment:

180. In clause 8 for the words " Government may" the words " The Board may" shall be substituted.

Shri P. T. Thomas: Sir, I move the following amendment:

181. In clause 8 for the words " by notification in the Gazette" the words " by notification in the Official Gazette" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendment.

186. In clause 8 for the words " Joint Secretary" the words " Deputy Secretary" shall be substituted.

Shri V. P. Sajeendran: Sir, I move the following amendment:

189. In clause 8, before the word " Commissioner" the word " Devaswom" shall be inserted.

മി. സ്പീക്കർ: വകുപ്പ് നീക്കം ചെയ്യാനുള്ള 179-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാലും 182-ാം നമ്പർ ഭേദഗതി 181-നും 184, 185 എന്നീ നമ്പർ ഭേദഗതികൾ 183-നും 187, 188 എന്നീ നമ്പർ ഭേദഗതികൾ 186-നും തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച 191-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒമ്പതാം വകുപ്പ്

(ഭേദഗതിയില്ല)

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒമ്പതാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Prof. Abid Hussain Thangal: Sir, I move the following amendments.

107. In the long title delete the word " further" .

108. In the Preamble, the word " further" shall be deleted.

110. In clause 1(2) the words " on the 14th day of November, 2017" shall be substituted with the words " at once" .

Shri Parakkal Abdulla: Sir, I move the following amendment:

111. Clause 1(2) shall be recast as follows:

" (2) It shall come into force at once."

Shri C. Mammutty: Sir, I move the following amendment:

115. Clause 1(2) shall be recast as follows:

" (2) It shall be deemed to have come into force at once."

Shri P. K. Basheer: Sir, I move the following amendment:

116. Clause 1 (2) shall be recast as follows:

" (2) It shall come into force on the date notified in the official Gazette."

മി. സ്പീക്കർ: 109-ാം നമ്പർ ഭേദഗതി 108-നും 112, 113 എന്നീ നമ്പർ ഭേദഗതികൾ 111-നും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 107, 108, 110 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

4.00 PM]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ മൂന്ന് കാര്യങ്ങൾക്കുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ദേവസ്വം ബോർഡുകളുടെ കാലാവധി മൂന്ന് വർഷമാക്കിയിരുന്നു. അത് പ്രവർത്തന സ്വാതന്ത്ര്യത്തിനും അവർ നടപ്പാക്കുന്ന പദ്ധതികൾക്കും ഒരു വർഷംകൂടി വേണമെന്നുള്ള സുചിന്തിതമായ അഭിപ്രായത്തിന്റെ പേരിൽ കൊണ്ടുവന്നതാണ്. അതാണ് ഇപ്പോൾ രണ്ട് വർഷമായി കുറച്ചിരിക്കുന്നത്. രണ്ടാമത്, ഓണറേറിയം വർദ്ധിപ്പിക്കുക എന്നുള്ളതാണ്. അതിൽ തെറ്റില്ലെന്നാണ് എന്റെ അഭിപ്രായം. 5,000 രൂപ പ്രസിഡന്റിനും 2500 രൂപ മെമ്പർമാർക്കുമെന്നുള്ളത് കാലോചിതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഡെപ്യൂട്ടി സ്പീക്കർ മുൻ ദേവസ്വം ബോർഡ് മെമ്പറായിരുന്നു. അദ്ദേഹം ഈ സാഹചര്യങ്ങൾ എന്നോട് പറയുകയായിരുന്നു. മൂന്നാമത്തേത്, കമ്മീഷണറുടെ നിയമനമാണ്. ഇവിടെ പ്രധാനമായും വിവാദമായത് കമ്മീഷണറുടെ നിയമനമാണ്. ഇത്രയുംകാലം കമ്മീഷണറെ നിയമിച്ചിരുന്നത് ബോർഡാണ്. ബോർഡിന്റെ നിയമനാധികാരം ഗവൺമെന്റ് കവർന്നെടുക്കുന്നു. അതിലാണ് അഭിപ്രായ വ്യത്യാസമുണ്ടായത്. അതുസംബന്ധിച്ചാണ് ജീവനക്കാരും പൊതുസമൂഹവും ശക്തമായ അഭിപ്രായവ്യത്യാസം ഉയർത്തിക്കൊണ്ടുവന്നത്. അതിന്റെ കാരണം, തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന പറവൂർ ടി. കെ. നാരായണപിള്ളയാണ് അന്നത്തെ നിയമസഭയിൽ ഈ ബിൽ അവതരിപ്പിച്ചത്. അദ്ദേഹം ആ ബില്ലിന്റെ അവതരണ വേളയിൽത്തന്നെ Autonomy of the Devaswom Boards-നെക്കുറിച്ച് കൃത്യമായി പറഞ്ഞിരുന്നു. മാത്രമല്ല, നമ്മുടെ കവനന്റിനെ ടോട്ടലായി പ്രൊട്ടക്ട് ചെയ്യുന്ന തരത്തിലാണ് ആർട്ടിക്കിൾ 363 ഉള്ളത്. അതുകൊണ്ടുതന്നെ ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിൽ ഗവൺമെന്റിന്റെ ഇടപെടലുണ്ടായാൽ സ്വയം ഭരണാധികാരം നഷ്ടപ്പെടും. ഏതായാലും ആ അഭിപ്രായം മാനിച്ചുകൊണ്ട് ഗവൺമെന്റ് ഇപ്പോൾ ഔദ്യോഗിക ഭേദഗതി കൊണ്ടുവന്നു. അത് വൈകിവന്ന വിവേകമാണ്. ആദ്യം ഓർഡിനൻസുണ്ടാക്കിയപ്പോഴും ഓർഡിനൻസ് റീപ്ലേസ് ചെയ്യാൻവേണ്ടി ബിൽ നിയമസഭയിൽ സർക്കുലേറ്റ് ചെയ്തപ്പോഴും സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തപ്പോഴും ഭേദഗതിയുണ്ടായിരുന്നില്ല. ഇന്ന് ഉച്ചയ്ക്ക് 2 മണിക്കാണ് ഈ ഔദ്യോഗിക ഭേദഗതി വരുന്നത്. അതുവരെയും അപ്പോയിന്റിംഗ് അതോറിറ്റി ഗവൺമെന്റായിരുന്നു. സ്വാഭാവികമായും അംഗങ്ങൾക്ക് സംശയമുണ്ടാകുമല്ലോ? ആ സംശയമാണ് ഇവിടെ പ്രകടിപ്പിക്കപ്പെട്ടത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് മലബാർ ദേവസ്വം ബോർഡ് പോലെയല്ല.

മലബാർ ദേവസ്വം ബോർഡ് പഴയ മദ്രാസ് ആക്ട് പ്രകാരം വന്നിട്ടുള്ളതാണ്. അത് വ്യത്യസ്തമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഘടനയും അതിന്റെ പ്രവർത്തന സ്വാതന്ത്ര്യവുമെല്ലാം കവനന്റിന്റെ അടിസ്ഥാനത്തിൽത്തന്നെ രൂപപ്പെട്ടു വന്നിട്ടുള്ളതാണ്. ശ്രീ. ജി. സുധാകരൻ ഒരു റിവിഷനുവേണ്ടി ഒരു ബിൽ കൊണ്ടുവന്നത് എനിക്ക് ഓർമ്മയുണ്ട്, പൊതുജനാഭിപ്രായത്തെ മാനിച്ച് അദ്ദേഹം അത് വേണ്ടെന്നുവച്ച ആളാണ്. ഇവിടെയും ശ്രീ. കടകംപള്ളി സുരേന്ദ്രൻ അത് വേണ്ടെന്നുവച്ചു, നല്ല കാര്യമാണ്. എന്നാൽ ആ ഔദ്യോഗിക ഭേദഗതി വരുന്നത് ഇന്നാണ്. ദേവസ്വം ബോർഡുകളുടെ ഓട്ടോണമി നിലനിർത്താനുള്ള പരിശ്രമമാണ്, 67 വർഷമായി തുടരുന്ന ഒരു സംവിധാനത്തെ ഒറ്റയടിക്ക് മാറ്റാൻ കഴിയില്ല.

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് കൊണ്ടുവന്നത് കഴിഞ്ഞ ഗവൺമെന്റാണ്. പൂർണ്ണമായും സംവരണ തത്വം പാലിച്ചാണ് ഗവൺമെന്റ് ആ നിയമം കൊണ്ടുവന്നത്. ഈഴവ, എസ്.സി./എസ്.ടി., വിശ്വകർമ്മ, ധീവര, ഹിന്ദു നാടാർ 32 ശതമാനവും ജനറൽ കാറ്റഗറിയിൽ 18 ശതമാനവും എന്നായിരുന്നു കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്നത്. പരീക്ഷ നടത്തിയെങ്കിലും ഇലക്ഷൻ വന്നതുകൊണ്ട് അതിന്റെ നടപടികൾ പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നു എന്നുള്ള യാഥാർത്ഥ്യം ആർക്കും മറച്ചുവയ്ക്കാൻ കഴിയില്ല. കാരണം, അതെല്ലാം ദേവസ്വം വകുപ്പിൽത്തന്നെയുള്ള കാര്യങ്ങളാണ്. ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണ തത്വങ്ങൾ പാലിക്കാൻവേണ്ടി തന്നെയാണ് കഴിഞ്ഞ ഗവൺമെന്റ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചത്. ബഹുമാനപ്പെട്ട അടൂർ പ്രകാശ് സൂചിപ്പിച്ച ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. നമ്മുടെ നാട്ടിൽ തൊഴിൽരഹിതരായ നിരവധി ആളുകളുണ്ടായിട്ടും റിട്ടയർ ചെയ്തവരെ മുഴുവൻ 40,000, 25,000 രൂപ ശമ്പളം കൊടുത്ത് നിയമിക്കുന്നതെന്തിനാണെന്ന് മനസ്സിലാകുന്നില്ല. റിട്ടയർ ചെയ്ത ആളുകളെ വീണ്ടും നിയമിക്കുന്നതിനോട് നമുക്ക് ആർക്കെങ്കിലും യോജിക്കാൻ കഴിയുമോ? ചെറുപ്പക്കാരായ പുതിയ ആളുകൾക്ക് അവസരം കൊടുത്തുകൂടേ എന്ന പ്രസക്തമായ ചോദ്യം ഇവിടെ നിലനിൽക്കുകയാണ്. ഏതായാലും ഒഫിഷ്യൽ അമെന്റ്മെന്റ് വന്നതോടുകൂടി ഗവൺമെന്റ് ആദ്യം കൊണ്ടുവന്ന വിവാദപരമായ കാര്യങ്ങൾ പിൻവലിച്ചത് ദേവസ്വങ്ങളുടെ ആട്ടോണമിയെ നിലനിർത്താൻ സഹായിക്കും. ഭാവിയിലാണെങ്കിലും ഇത്തരം കാര്യങ്ങളിൽ കൂടുതൽ അവധാനത കാണിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: 2018-ലെ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത സ്ഥാപനങ്ങൾ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(iii) 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. രാജൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി)ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

2007 ഒക്ടോബർ മാസത്തിലാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ ആദ്യമായി സഭയുടെ മുന്നിൽ വരുന്നത്. ഡോ. കെ. എൻ. പണിക്കർ ഉപാദ്ധ്യക്ഷനായി ആദ്യ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിലവിൽ വരികയും ചെയ്തു. 2011-ഓടെ ഡോ. കെ. എൻ. പണിക്കർ ഉപാദ്ധ്യക്ഷനായ വിദ്യാഭ്യാസ കൗൺസിലിന്റെ കാലാവധി തീർന്നെങ്കിലും കഴിഞ്ഞ ഗവൺമെന്റ് 2011 ഒക്ടോബർ മാസത്തിൽ കൗൺസിലിന്റെ ത്രിതല സംവിധാനത്തിലൊന്നായ എക്സിക്യൂട്ടീവ് കൗൺസിൽ മാത്രം രൂപീകരിക്കുകയും അതിന്റെ ഉപാദ്ധ്യക്ഷനായി ശ്രീ. ടി. പി. ശ്രീനിവാസനെ നിയമിക്കുകയും ചെയ്തു. ആ ഗവൺമെന്റ് മൂന്ന് വർഷം നയരൂപീകരണ സമിതിയായ ഗവേണിംഗ് കൗൺസിൽ രൂപീകരിക്കാതിരുന്നിട്ട് 2014-ൽ ആണ് അത് രൂപീകരിക്കുന്നത്. ഈ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിക്കുന്ന സാഹചര്യത്തിൽ ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസത്തിലേയ്ക്കുള്ള ഒരു എത്തിനോട്ടം വളരെ അനിവാര്യമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയുടെ ഏകോപനം, നിലവാരം നിശ്ചയിക്കൽ, അത് നിരന്തരമായി നിലനിൽക്കുന്നുണ്ടോയെന്ന് നിരീക്ഷിച്ച് നിലവാരത്തകർച്ച ഉണ്ടാക്കാതിരിക്കാനുള്ള

പ്രവർത്തനങ്ങൾ, സർവ്വകലാശാലകൾക്ക് അംഗീകാരം നൽകൽ, കോളേജുകൾക്കും സർവ്വകലാശാലകൾക്കും കേന്ദ്ര ഫണ്ടുകൾ വിതരണം ചെയ്യുക തുടങ്ങിയ ലക്ഷ്യങ്ങളുമായി 1945-ലാണ് യു.ജി.സി. നിലവിൽ വരുന്നത്. അത് അലിഗഡ്, ബനാറസ്, ഡൽഹി സർവ്വകലാശാലകളുടെ മേൽനോട്ടത്തിൽ മാത്രമുള്ള സമിതിയായാണ് നിലനിന്നത്. 1947-ൽ ഇതിന്റെ ദൗത്യം വിപുലീകരിച്ച് ഇന്ത്യയിലെ എല്ലാ സർവ്വകലാശാലകളുടെയും മേൽനോട്ട ചുമതല യു.ജി.സി.യെ ഏൽപ്പിക്കുന്ന സ്ഥിതിയുണ്ടായി. 1956-ൽ പാർലമെന്റ് ചർച്ചചെയ്ത് യു.ജി.സി. ഭരണഘടനാ സ്ഥാപനമായി മാറ്റുകയും ചെയ്തു. എന്നാൽ കോളേജ്, യൂണിവേഴ്സിറ്റി നിലവാരം ഉയരുന്നില്ലെന്ന് മനസ്സിലാക്കി യു.ജി.സി.യുടെ നേതൃത്വത്തിൽ കോളേജുകളിലും സർവ്വകലാശാലകളിലും അക്രഡിറ്റേഷൻ നൽകുന്നതിനുവേണ്ടി National Assessment and Accreditation Council (NAAC) എന്ന സംവിധാനം രൂപീകരിച്ചു. കോളേജുകളും സർവ്വകലാശാലകളും സന്ദർശിച്ച് അക്കാദമികവും ഭൗതികവുമായ ഗവേഷണ-സാമൂഹിക പ്രവർത്തനങ്ങൾ പരിശോധിച്ച് ഗ്രേഡ് തിരിക്കുന്ന ചുമതലയാണ് യു.ജി.സി.യുടെ നേതൃത്വത്തിലുള്ള NAAC-നെ യഥാർത്ഥത്തിൽ ഏൽപ്പിച്ചുകൊടുത്തത് . ആ ഗ്രേഡ് പരിശോധിച്ചാണ് കേന്ദ്ര ഗവൺമെന്റ് ഈ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നത്. എന്നാൽ ഇപ്പോൾ കേന്ദ്ര മാനവ വികസന മന്ത്രാലയം റൂസ (Rashtriya Uchchatar Shiksha Abhiyan) എന്നറിയപ്പെടുന്ന പുതിയൊരു ഏജൻസിക്ക് രൂപം നൽകിയിരിക്കുകയാണ് . കേന്ദ്ര ഫണ്ടുകൾ വിതരണം ചെയ്യുന്ന സുപ്രധാനമായ ദൗത്യം നിർവ്വഹിക്കാനാണ് റൂസ രൂപീകരിക്കപ്പെട്ടതെന്നാണ് ഗവൺമെന്റിന്റെ പക്ഷം. യൂണിവേഴ്സിറ്റികൾക്കും കോളേജുകൾക്കും സാമ്പത്തിക സഹായം അനുവദിക്കാനുള്ള പൂർണ്ണമായ ചുമതല റൂസയ്ക്കാണ് ഇപ്പോൾ നൽകിയിരിക്കുന്നത് . സംസ്ഥാനങ്ങളുടെ ഉന്നത വിദ്യാഭ്യാസ മേഖലകളുടെ നിയന്ത്രണവും കൈകാര്യകർത്തൃത്വവും ഇത്തരം ഉന്നത വിദ്യാഭ്യാസ കൗൺസിലുകൾക്ക് കേന്ദ്ര മാനവവികസന മന്ത്രാലയം ഊന്നിപ്പറയുന്നുണ്ട് . ഈ സാഹചര്യത്തിലാണ് റൂസ എന്ന ഏജൻസിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിലെ ചില പ്രധാനപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കാൻവേണ്ടി 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ ഇപ്പോൾ ഗവൺമെന്റ് മുന്നോട്ടുവയ്ക്കുന്നത് . റൂസ വന്ന സാഹചര്യത്തിൽ പത്ത് വർഷക്കാലമായി കൗൺസിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനം പരിശോധിക്കുന്നതിനുവേണ്ടി എം.ജി. സർവ്വകലാശാലയുടെ മുൻ വൈസ് ചാൻസിലറായ ഡോ. രാജൻ ഗുരുക്കളെ ഏകാംഗ കമ്മീഷനായി നിയമിച്ചുകൊണ്ട് സർക്കാർ ഒരു

തീരുമാനമെടുത്തു. വളരെ അത്ഭുതകരവും അഭിനന്ദനാർഹവുമാണത്. 2016 നവംബർ 29-ന് നിയമിതനായ ഡോ. രാജൻ ഗുരുക്കളുടെ നേതൃത്വത്തിലുള്ള ഏകാംഗ കമ്മീഷൻ കൃത്യം രണ്ട് മാസം പൂർത്തീകരിക്കുന്നതിന് മുമ്പുതന്നെ (2017 ജനുവരി 13-ന്) സർക്കാരിന് റിപ്പോർട്ട് നൽകുകയുണ്ടായി. ഈ ശിപാർശകൾ അനുസരിച്ചാണ് പുതിയ ഭേദഗതി ബിൽ സഭയുടെ മുന്നിൽ വയ്ക്കാനുള്ളത്.

ജനാധിപത്യ സ്വഭാവമുള്ള സമഗ്ര നിയമമായി 2007-ലെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഉണ്ടെങ്കിലും അതിനകത്ത് കുറേക്കൂടി, വിദ്യാഭ്യാസത്തെ ജനാധിപത്യവത്കരിക്കാൻ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്ത് പകരുകയാണ് യഥാർത്ഥത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിൽ സാദ്ധ്യമാക്കുന്നത് . കേരളത്തിലെ ഗവൺമെന്റ് പ്രീ-പ്രൈമറിതലം മുതൽ ഉന്നത വിദ്യാഭ്യാസതലം വരെ വളരെ ഗൗരവമായി, സമഗ്രമായി നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്കുവേണ്ടിയുള്ള വലിയ യജ്ഞമാണ് രണ്ട് വർഷമായി നടത്തിക്കൊണ്ടിരിക്കുന്നത് . ഇവിടെയാണ് കേന്ദ്ര ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും വിദ്യാഭ്യാസ നയം തമ്മിലുള്ള വ്യത്യാസം. ഇന്ത്യയെത്തന്നെ അത്ഭുതപ്പെടുത്തിക്കൊണ്ട്, അമ്പരപ്പിച്ചുകൊണ്ട് അഥവാ ഇന്ത്യയ്ക്ക് ഗുരുതരമായ ഭവിഷ്യത്തുകൾ വരുത്തിക്കൊണ്ടാണ് Shiksha Sanskriti Utthan Nyas എന്ന ആർ.എസ്.എസ്.-ന്റെ വിദ്യാഭ്യാസ വിഭാഗത്തിന്റെ തലവനായ ശ്രീ. ദിനാനാഥ് ബത്രയെ കരിക്കുലം കമ്മിറ്റിയുടെ ചെയർമാനായി നിയമിച്ചുകൊണ്ട് കേരളത്തിൽ തീരുമാനം എടുത്തത്.

എവിടെയാണ് മനസ്സ് നിർഭയമായിരിക്കുന്നത് ,
ശിരസ്സ് ഉയർത്തിപ്പിടിച്ചിരിക്കുന്നത് ,
എവിടെയാണ് അറിവ് സ്വതന്ത്രമായിരിക്കുന്നത് ,
ആ സ്വതന്ത്ര രാജ്യത്തിന്റെ സ്വർഗ്ഗീയ സാദ്ധ്യതകളിലേയ്ക്ക്
എന്റെ പിതാവേ, നീ എന്റെ രാജ്യത്തെ നയിക്കേണമേ!

ഗീതാഞ്ജലിയിലൂടെ ടാഗോർ അവതരിപ്പിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട സന്ദേശമാണ്. ശ്രീ. ദിനാനാഥ് ബത്ര ടാഗോറിന്റെ കവിതകളെ സ്കൂൾ പാഠപുസ്തകത്തിന്റെ ഭാഗമാക്കി മാറ്റരുതെന്നും ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയനായ ഉറുദു കവി മിർസാ ഗാലിബ് -ന്റെ കവിതകൾ പുസ്തകങ്ങളിൽ ഉണ്ടാകരുതെന്നും എൻ.സി.ഇ.ആർ.ടി.-ക്ക് നിർദ്ദേശം കൊടുക്കുന്ന അപകടകരമായ കാഴ്ച നാം കാണേണ്ടതുണ്ട്. രാജ്യത്തിന്റെ ചരിത്രത്തെയാകെ വളച്ചൊടിക്കുകയാണ്.

പുരാണങ്ങളുടെയും മിത്തിന്റെയും സഹായത്തോടെ ഇന്ത്യയുടെ പുതിയ ചരിത്രം എഴുതാൻ ഈ ഗവൺമെന്റ് ശ്രമിക്കുമ്പോൾ പരിഷ്കൃത സമൂഹത്തിന് കെട്ടുകഥകളുടെ അടിസ്ഥാനത്തിൽ ചരിത്രം നിർമ്മിക്കുകയെന്നുള്ളത് അംഗീകരിക്കാൻപോലും കഴിയുന്നതല്ല. എത്രയോ സംഭവങ്ങൾ, ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. ഗണപതിയുടെ ശരീരത്തിൽ ആനയുടെ തല വച്ചതാണ് ആദ്യത്തെ പ്ലാസ്റ്റിക് സർജറിയെന്ന് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. റൈറ്റ് സഹോദരന്മാരല്ല ആദ്യമായി വിമാനം കണ്ടുപിടിച്ചത് , പുഷ്പക വിമാനത്തിലൂടെയാണെന്ന് പ്രഖ്യാപിക്കുന്നു. ലോകത്തിലെ ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശുക്കൾ ഗാന്ധാരിയുടെ മക്കളാണെന്ന് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. ബി.ജെ.പി. ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും കരിക്കുലം തയ്യാറാക്കുന്നത് ശ്രീ. ദിനാനാഥ് ബത്രയുടെ നേതൃത്വത്തിലുള്ള സമിതിയാണെന്ന് പറയുമ്പോൾ ഒരു വിദ്യാർത്ഥി എങ്ങനെ നല്ല യുവാവ് ആകണമെന്ന ചോദ്യത്തിന് ഏറ്റവും നല്ല വിദ്യാർത്ഥി യുവാവായി മാറുന്നത് ശാഖയിൽപോകലും മത നേതാക്കന്മാരും പുരോഹിതന്മാരുമായുള്ള സമ്പർക്കം പുലർത്തലിലൂടെയുമാണെന്ന് എഴുതിവച്ച ശ്രീ. ദിനാനാഥ് ബത്ര കരിക്കുലം കമ്മിറ്റിയുടെ ചെയർമാനായിരിക്കുന്ന രാജ്യമാണ് ഇന്ത്യ എന്നുള്ളത് നമ്മളെ ഏറ്റവും അപമാനിക്കുന്ന സംഗതികളിലൊന്നാണ് .

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയുടെ ജന്മദിനത്തെ തിരസ്കരിക്കാൻ ശ്രമിച്ചതുപോലെ ഇന്ത്യൻ പ്രസിഡന്റായിരുന്ന ഡോ. എസ്. രാധാകൃഷ്ണന്റെ ജന്മദിനമായ അദ്ധ്യാപക ദിനത്തിന്റെയും ഗൗരവം ഇല്ലാതാക്കുന്നതിനുള്ള വലിയ ശ്രമങ്ങളാണ് കേന്ദ്ര ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ചെറിയ വിദ്യാഭ്യാസ സ്ഥാപനം മുതൽ ഉന്നത വിദ്യാഭ്യാസം വരെ തങ്ങളുടെ കൈക്കുള്ളിലാക്കാനുള്ള വളരെ ബോധപൂർവ്വമായ പരിശ്രമമാണ് നടത്തുന്നത്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് വിശദീകരിക്കുന്നില്ല. ശ്രീമതി സ്മൃതി ഇറാനിയിൽനിന്നും ആരംഭിച്ച് ശ്രീ. പ്രകാശ് ജാവദേക്കറിൽ എത്തിനിൽക്കുന്ന ഇന്ത്യയുടെ മാനവ വിഭവശേഷി മന്ത്രാലയം സകലതും പിടിച്ചെടുക്കാൻ ശ്രമിക്കുകയാണ്. ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച് (ICHR), ഇന്ത്യൻ കൗൺസിൽ ഓഫ് സയന്റിഫിക് റിസർച്ച് (ICSR), ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് ( ICAR) ഇവയെല്ലാം തങ്ങളുടേത് മാത്രമാക്കാനുള്ള പരിശ്രമത്തിലാണ്. ഇന്ത്യാ രാജ്യത്ത് പുതിയ പ്രധാനമന്ത്രി വന്നപ്പോൾ ഉന്നത വിദ്യാഭ്യാസ മേഖലയും അതിലെ വിദ്യാർത്ഥികളും അവരുടെ കൈപ്പിടിയിലാണ്. അവരെല്ലാം ശ്രീ. നരേന്ദ്ര മോദി എന്ന ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഏറ്റവും പ്രിയപ്പെട്ട തോഴന്മാരായി മാറുകയാണെന്ന് പ്രഖ്യാപിക്കുന്നു. ഇന്ത്യയിലെ എല്ലാ യൂണിവേഴ്സിറ്റികളും ഇപ്പോൾ

കലാപ കലുഷിതമാണ്. ഹൈദരാബാദ് സെൻട്രൽ യൂണിവേഴ്സിറ്റി, ജാദവ്പൂർ യൂണിവേഴ്സിറ്റി, മദ്രാസ് ഐ.ഐ.ടി., ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, പൂന ഫിലിം ഇൻസ്റ്റിറ്റ്യൂട്ട്, അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റി, ബനാറസ് ഹിന്ദു യൂണിവേഴ്സിറ്റി തുടങ്ങി ഏറ്റവും നല്ല ബുദ്ധികേന്ദ്രങ്ങളെ സൃഷ്ടിക്കാൻ കഴിയുന്ന സകല യൂണിവേഴ്സിറ്റികളും ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗൗരവമായ പ്രശ്നങ്ങൾക്ക് വഴിമരുന്നിടുകയാണ്. വർഗ്ഗീയവൽക്കരണ വിദ്യാഭ്യാസത്തിനെതിരായുള്ള ജനാധിപത്യവൽക്കരണ വിദ്യാഭ്യാസമാണ് കേരളത്തിലെ ഗവൺമെന്റിന്റെ വഴി. ഈ ബിൽ അവതരിപ്പിക്കുമ്പോൾത്തന്നെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവൺമെന്റിന്റെ ഇടപെടൽ വളരെ ഗൗരവമാണ്.

ചരിത്രത്തിലാദ്യമായി കൊച്ചി ശാസ്ത്രസാങ്കേതിക സർവ്വകലാശാലയ്ക്ക് 250 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് 75 കോടി രൂപയും പോളിടെക്നിക്കുകളുടെ വികസനത്തിന് 50 കോടി രൂപയും 48 ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് 8.85 കോടി രൂപയും 5 പൈതൃക കോളേജുകളുടെ അടിസ്ഥാന വികസനത്തിനായി 150 കോടി രൂപയും പുതിയതായി ആരംഭിച്ച 12 ആർട്സ് ആന്റ് സയൻസ് കോളേജുകൾക്ക് 10 കോടി രൂപ വീതവുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. എന്റെ മണ്ഡലത്തിലും അങ്ങനെ അനുവദിക്കപ്പെട്ടു. ഉന്നത വിദ്യാഭ്യാസ മേഖലയെ വളരെ ശ്രദ്ധാപൂർവ്വം സംരക്ഷിക്കുകയെന്നത് ഗവൺമെന്റിന്റെ നയപരമായ കടമയാണ്. ഒരു പുരോഗമന പ്രസ്ഥാനം എങ്ങനെയാണോ വിദ്യാർത്ഥിയെയും വിദ്യാഭ്യാസ ലോകത്തെയും കാണേണ്ടത് അതിന്റെ ഏറ്റവും പ്രകടമായ ഉദാഹരണമായി ഗവൺമെന്റ് മാറുകയാണ്.

ജനാധിപത്യ സ്വഭാവമുള്ള ഒരു സമഗ്ര നയമായിരുന്നു 2007-ലെ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ബിൽ. അത് RUSA (Rashtriya Uchchattar Shiksha Abhiyan)-യുടെയും മാനവ വിഭവശേഷി വകുപ്പിന്റെയും നിബന്ധനകളുടെ അടിസ്ഥാനത്തിൽ പുന:സംഘടിപ്പിക്കുമ്പോൾ അതിൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം ഈ ആക്ടിന്റെ ആമുഖത്തിൽ 'സ്റ്റുഡന്റ്' എന്ന വാക്ക് ചേർക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. അതൊരു ചെറിയ കാര്യമല്ല. കേരളത്തിൽ വിദ്യാർത്ഥി കേന്ദ്രീകൃതമായിരിക്കണം വിദ്യാഭ്യാസമെന്ന് പ്രഖ്യാപിക്കലല്ലാതെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആമുഖത്തിൽ സ്റ്റുഡന്റ് എന്ന പദം അടയാളപ്പെടുത്തുന്നത് ഇപ്പോഴാണ്. അതൊരു ചെറിയ കാര്യമാണെന്ന് കരുതാൻ കഴിയില്ല. ഈ ബില്ലിന്റെ അമെന്റ്മെന്റിലൂടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുള്ള പ്രോഗ്രാമുകൾക്ക് രൂപം നൽകാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് അധികാരം നൽകുകയാണ്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ

ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ഗൗരവത്തിലേയ്ക്ക് കൊണ്ടുവരാൻ കഴിഞ്ഞ ഒരു കാലമുണ്ടായിട്ടുണ്ടോ? യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ഇന്നലെ ഇവിടെ നടന്ന ചർച്ചകളിൽ ഏറ്റവും ഗൗരവമായി ബഹുമാനപ്പെട്ട ജെയിംസ് മാത്യുവും റ്റി. വി. രാജേഷും ഉൾപ്പെടെയുള്ള ആളുകൾ ഉയർത്തിയ ഒരു പ്രധാനപ്പെട്ട കാര്യമാണ് തുല്യത എന്ന പ്രശ്നം. അക്കാദമിക് കൗൺസിലിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുമ്പോൾ ബിരുദങ്ങളുടെ അംഗീകാരത്തോടൊപ്പം തുല്യതയെന്ന വിഷയത്തിൽ മാർഗ്ഗ നിർദ്ദേശം കൊടുക്കാനും അക്കാര്യത്തിൽ ഇടപെടാനുമുള്ള ഗൗരവമായ ഒരവസരം ഉന്നത വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകുന്നുണ്ടെന്നുള്ളത് ചെറിയ കാര്യമല്ല. RUSA എന്ന സംജ്ഞ ഈ ആക്ടിൽ കൂട്ടിച്ചേർക്കുമ്പോൾ അതിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഒരു പുത്തൻ കാൽവയ്പുണ്ടാക്കാനുള്ള പരിശ്രമം ഗവൺമെന്റ് നടത്തുകയാണ്. അടുത്ത അദ്ധ്യയന വർഷം കേരളത്തിൽ 45,000 ഹൈടെക് ക്ലാസ് റൂമുകൾ വരുമെന്ന് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞപ്പോൾ ഭരണപക്ഷത്തുള്ളവർ പോലും അത് പ്രതീക്ഷിച്ചില്ല. പക്ഷേ അത് യാഥാർത്ഥ്യമായിരിക്കുന്നു. കേരളത്തിൽ 45,000 ഹൈടെക് ക്ലാസ് റൂമുകളുണ്ടായതുപോലെ 5 കോടി രൂപയുടെയും 3 കോടി രൂപയുടെയും ഒരു കോടി രൂപയുടെയും പദ്ധതികൾ പ്രഖ്യാപിച്ചതോടെ രണ്ട് ലക്ഷത്തോളം വിദ്യാർത്ഥികൾ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് ഇറങ്ങുന്ന അത്ഭുതകരമായ കാഴ്ചയ്ക്ക് കേരളം സാക്ഷ്യം വഹിച്ചില്ലേ? കേരളത്തിലെ ഒരു പൊതുവിദ്യാഭ്യാസ സ്ഥാപനത്തിൽ ചേരാൻ ഫോം വാങ്ങുന്നതിന് രക്ഷകർത്താക്കൾ തമ്മിൽ തർക്കമുണ്ടായ കാലമുണ്ടായിരുന്നു. കേരളത്തിലെ സർക്കാർ സ്കൂളുകളിൽ കുട്ടികൾ പഠിക്കാൻ വരുന്നില്ല. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ രംഗത്തെ സംരക്ഷിക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമായി ഇടപെടുന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കതിരിന്മേൽ വളം വച്ചിട്ട് കാര്യമില്ലാത്തതുകൊണ്ട് പ്രീ-പ്രൈമറിതലം മുതൽ ആരംഭിക്കുന്ന പരിഷ്കാരം ഉന്നത വിദ്യാഭ്യാസത്തിന്റെ വിശാലമായ ശ്രേണിയിൽവരെ എത്തിക്കുന്നതിന് ഗവൺമെന്റെടുക്കുന്ന ഗുണകരമായ എല്ലാ നടപടികളെയും അഭിനന്ദിക്കുകയും ഈ ബിൽ തീർച്ചയായും അനിവാര്യമായ ഒരു കടമയാണ് കേരളത്തിൽ നിർവ്വഹിക്കുന്നതെന്ന് ഓർമ്മപ്പെടുത്തുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. മുരളീധരനുവേണ്ടി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറയാൻ കാരണമുണ്ട്. നമുക്കൊരു സമഗ്രമായ വിദ്യാഭ്യാസ നയം വേണം. ഈ പീസ്മീൽ അറേഞ്ച്മെന്റ്സുകൊണ്ട് ഒരിക്കലും കേരളത്തിലെ വിദ്യാഭ്യാസം രക്ഷപ്പെടുകയില്ല. ഈ ഹൗസിലിരിക്കുന്നവർ വിദ്യാർത്ഥി സംഘടന രംഗത്തുക്കൂടി കടന്നുവന്ന പൊതുപ്രവർത്തകരാണ്. നാം കടന്നുവന്ന പാതയിലുള്ളവരോട് നീതിപുലർത്തേണ്ട ബാദ്ധ്യത ഇവിടെ ഇരിക്കുന്നവർക്കുണ്ട്. അത് നിറവേറ്റത്തക്ക വിധത്തിലുള്ള സമഗ്രമായ മാറ്റം വേണം. അതിനൊരു പീസ്മീൽ അറേഞ്ച്മെന്റുകൊണ്ട് സാദ്ധ്യമല്ല എന്നുള്ളതാണ് എന്റെ ഒന്നാമത്തെ പക്ഷം.

ഇവിടെ ഉന്നത വിദ്യാഭ്യാസത്തിന്റെ സ്റ്റാന്റേർഡൈസേഷനെക്കുറിച്ച് ഞാൻ കഴിഞ്ഞ പ്രാവശ്യം ഒരു ചോദ്യം ചോദിക്കുകയും അതിനുശേഷം സംസാരിക്കുകയും ചെയ്തു. നമ്മൾ നിലനിൽക്കുന്നത് എവിടെയാണ്? പാർട്ടിപരമായി വിയോജിപ്പുള്ളതുകൊണ്ട് അപ്പുറത്തെ ബഞ്ചിലിരിക്കുമ്പോൾ പുകഴ്ത്തിപ്പറയുകയും ഇപ്പുറത്തെ ബഞ്ചിലിരിക്കുമ്പോൾ ഇകഴ്ത്തിപ്പറയുകയും ചെയ്യുന്നത് ഒരു സ്റ്റാന്റേർഡ് അറേഞ്ച്മെന്റായി നിയമസഭയിൽ നിൽക്കുകയാണ്. അതിനെതിരെ നമ്മുടെ കണ്ണ് തുറപ്പിക്കേണ്ട കാര്യമില്ലേ? നമ്മുടെ കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തിന്റെ സ്റ്റാന്റേർഡ് എവിടെ നിൽക്കുന്നുവെന്ന് നമുക്ക് അറിയണ്ടേ?

കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ നാല് ശതമാനംപോലും റിസൾട്ടില്ലാത്ത കോളേജുണ്ടെന്നുള്ള വാർത്ത വരികയാണ്. അത് സംഭ്രമജനകമല്ലേ? ഒരു സാധാരണക്കാരന്റെ വീട്ടിൽനിന്ന് ഒരു കുട്ടി എഞ്ചിനീയറിംഗിന് പോകണമെങ്കിൽ എന്തുമാത്രം പ്രയാസമാണ്. എന്നിട്ട് നാല് ശതമാനത്തിന്റെ റിസൾട്ടാണ് വരുന്നതെങ്കിൽ നമ്മുടെ കോളേജുകളുടെ സ്ഥിതി എന്താണെന്ന് ആലോചിക്കണ്ടേ?

ഉന്നത വിദ്യാഭ്യാസ കൗൺസിലെന്ന് പറയുന്നത് ഒരു കൗൺസിൽ മാത്രമല്ല, അതിനകത്ത് സ്വാഗതം ചെയ്യേണ്ട ചില കാര്യങ്ങളുമുണ്ട്. വിദ്യാർത്ഥികൾക്ക് പ്രാതിനിധ്യം നൽകുന്നതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. 1969-ൽ കേരള യൂണിവേഴ്സിറ്റിയിലാണ് ആദ്യമായി സെനറ്റിൽ വിദ്യാർത്ഥി പ്രാതിനിധ്യമുണ്ടായത്. അന്ന് വിദ്യാർത്ഥി പ്രതിനിധിയായി ശ്രീ. എം. എം. ഹസ്സൻ ശ്രീ. സലാമിനോടൊപ്പം എത്തിയതും പിന്നീട് സിൻഡിക്കേറ്റിൽ ശ്രീ. ചിറ്റാർ രാജൻ വന്നതും ഞാൻ ഓർക്കുകയാണ്. 1969-ലാണ് സെനറ്റിൽ മൂന്ന് വിദ്യാർത്ഥി പ്രതിനിധികൾ ഒരുമിച്ച് വരുന്നത്. ആ വിദ്യാർത്ഥി പ്രാതിനിധ്യത്തിനുവേണ്ടി പ്രവർത്തിച്ച അന്നത്തെ വൈസ് ചാൻസലറായിരുന്ന ഡോ. ജോർജ് ജേക്കബ്ബിനെ ഞങ്ങളൊക്കെ പിതൃതുല്യ ബഹുമാനത്തോടെയാണ് കാണുന്നത്. ഞാൻ

സർവ്വകലാശാല യൂണിയന്റെ പ്രസിഡന്റായിരിക്കുമ്പോൾ അദ്ദേഹം വിദ്യാർത്ഥികൾക്ക് അനുകൂലമായെടുത്ത തീരുമാനങ്ങളെ ഒരിക്കലും മറക്കാൻ കഴിയില്ല. പിന്നീട് അദ്ദേഹം യു.ജി.സി. ചെയർമാനായി എലവേറ്റ് ചെയ്യപ്പെട്ടുപോയി. അതുപോലെ ഡോ. ഗോപാലനും യു.ജി.സി. ചെയർമാനായി എലവേറ്റ് ചെയ്തുപോയ ആളാണ്. കേരളത്തിൽ ഉന്നത വിദ്യാഭ്യാസത്തിനുവേണ്ടി അത്യുത്സാഹത്തോടെ പ്രവർത്തിച്ചിട്ടുള്ള അക്കാഡമിഷൻസ് ധാരാളമുണ്ട്. പക്ഷേ ഇന്ന് നമ്മുടെ ഉന്നത വിദ്യാഭ്യാസ നിലവാരത്തിന്റെ സൂചി താഴോട്ട് പോകുകയാണ്. അത് അങ്ങയുടെ കുറ്റമാണെന്ന് ഞാൻ പറയുന്നില്ല. കാരണം, രണ്ട് വർഷംകൊണ്ട് അങ്ങേയ്ക്ക് ഇതെല്ലാം മാറ്റിമറിക്കാൻ കഴിയുമെന്നുള്ള വിശ്വാസം ഇവിടെ ഈ ചർച്ചയിൽ പങ്കെടുക്കുന്ന ആർക്കുമുണ്ടാകില്ല എന്ന് എനിക്കറിയാം. പക്ഷേ നമുക്കൊരു ആലോചന വേണ്ടേ? കേരളത്തിന്റെ സമ്പത്ത് എന്താണ്? കേരളത്തിന്റെ സമ്പത്ത് വിദ്യാഭ്യാസമാണ്. പഴയതുപോലെ എസ്റ്റേറ്റും വലിയ തോട്ടങ്ങളുമുള്ള തറവാട്ടിലെ സ്വത്തും വരുമാനവും വച്ച് ഇന്നത്തെ അവസ്ഥ നമുക്ക് ആലോചിക്കാൻ കഴിയുമോ? കണ്ണുതുറന്ന് പഠിച്ച് സ്വന്തം ജീവിതം നടത്തിക്കൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് ആളുകൾ കേരളത്തിന് അകത്തും പുറത്തും ഇന്ത്യക്ക് പുറത്തുമുണ്ട്. അവർക്ക് ആ പ്രദേശത്തൊക്കെ പിടിച്ചുനിൽക്കാൻ കഴിയത്തക്കവിധത്തിൽ സ്വന്തം മണ്ണിൽ നമ്മുടെ വിദ്യാഭ്യാസത്തെ ഉയർത്തിക്കൊണ്ടുവരുന്നതിനെക്കുറിച്ച് നമ്മൾ ആലോചിക്കണ്ടേ? അതാണ് ഞാൻ പറഞ്ഞത് നമുക്ക് സമഗ്രമായ ഒരു മാറ്റം വേണമെന്ന്. പീസ് മീൽ മാറ്റം ഒരിക്കലും കേരളത്തിലെ വിദ്യാഭ്യാസ നിലവാരത്തെ പൂർത്തിയാക്കുമെന്ന് എനിക്ക് വിശ്വാസമില്ല. ഇപ്പോൾ യു.ജി.സി.-യുടെ റാങ്കിംഗിൽ ഇൻഡ്യയിൽ മൊത്തം നൂറ് ഇൻസ്റ്റിറ്റ്യൂഷൻസ് അവർ എടുത്തു. അതിൽ തമിഴ്നാട്ടിൽ നിന്ന് 38 എണ്ണവും ഡൽഹിയിൽ നിന്ന് 27 എണ്ണവും കേരളത്തിൽ നിന്ന് 17 എണ്ണവുമാണ്. കേരളത്തിൽ നിന്നുള്ള 17 എണ്ണത്തിൽ ഒന്നാമത്തെ സ്ഥാനത്തുവന്ന വിദ്യാഭ്യാസ സ്ഥാപനത്തിന് ദേശീയ ശരാശരി എടുക്കുമ്പോൾ 18-ാമത്തെ റാങ്കാണ് വരുന്നത്. അപ്പോൾ നമുക്ക് അതിൽ നിന്ന് മാറാൻ കഴിയണം. ഈ അടുത്തകാലത്ത് നമ്മുടെ ആളുകൾ കൂടുതലായി ഐ.എ.എസ്./ഐ.പി.എസ്. എന്നിവയിൽ വന്നിട്ടുണ്ട്. പ്രതിപക്ഷ നേതാവിന്റെ മകൻതന്നെ ഐ.എ.എസ്.-ൽ വന്നുപെട്ടിട്ടുണ്ട്. അത് ഞാൻ നല്ല കാര്യമായി കാണുകയാണ്.

ഒരു കാലഘട്ടത്തിൽ കേരളത്തിലെ എത്രയോ പ്രഗത്ഭമതികൾ, അങ്ങേയ്ക്കുതന്നെ നേരിട്ടറിയാവുന്ന എത്രയോ ആളുകളാണ് പഴയ ഐ.സി.എസ്. മുതൽ ഇപ്പോഴത്തെ ഐ.എ.എസ്. വരെയുള്ളതിൽ വലിയ പ്രഗത്ഭന്മാരായി വന്നിട്ടുള്ളത്. ഒറ്റപ്പാലം അതിന്റെ കേന്ദ്രമായിരുന്നുവെന്നത് അങ്ങേയ്ക്ക്

അറിയാവുന്നതാണ്. ഒരു കാലഘട്ടം വന്നപ്പോൾ നമ്മൾ റിജക്റ്റായിപ്പോയി. അതേസമയം ആ കാലഘട്ടത്തിൽ വളരെ പിറകിൽ നിന്നിരുന്ന ബീഹാർ പോലെയുള്ള സംസ്ഥാനങ്ങൾ ഐ.എ.എസ്.-ലും ആൾ ഇൻഡ്യ സർവ്വീസസിലും വളരെ മുന്നോട്ടുവന്നു. ആന്ധ്രാപ്രദേശ് മുഖ്യമന്ത്രി ശ്രീ. എൻ. ചന്ദ്രബാബു നായിഡു അവിടെ യോഗ്യരായ കുട്ടികൾക്ക് ഐ.എ.എസ്.-ന് പഠിക്കുന്നതിനുവേണ്ട സാമ്പത്തിക സഹായം കൊടുത്ത് അവരെ പഠിപ്പിക്കുന്നതിനുള്ള നടപടി എടുത്തത് ഞാൻ ഓർക്കുകയാണ്. അതിന് ഫലം കണ്ടു. അതിന്റെ അടിസ്ഥാനത്തിൽ ആൾ ഇൻഡ്യാ എക്സാമിനേഷനുകളിൽ ജയിച്ചുവരുന്ന കുട്ടികൾ എവിടെ നിന്നാണെന്ന് നമ്മൾ പരിശോധിക്കണം. ഇവിടെ നമ്മൾ അപ്പുറവുമിപ്പുറവും എന്നൊരു ചിന്ത വിദ്യാഭ്യാസരംഗത്ത് വേണ്ട എന്നുള്ളതാണ് എന്റെ വിശ്വാസം. ചിലപ്പോൾ ഞാൻ ഇത് പറയുമ്പോൾ എന്റെ നാവടക്കുന്നതിനുവേണ്ടി നിങ്ങളുടെ കാലത്തുണ്ടായിരുന്നോ അതിനപ്പുറത്തെ കാലത്തുണ്ടായിരുന്നോ എന്നൊക്കെ ചോദിച്ച് 70 കൊല്ലക്കാലത്തെ തർക്കങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പറയാം. ആ തർക്കത്തിലൂടെ നമ്മൾ ഒരു പുതിയ തലമുറയുടെ നാവടക്കുകയാണ് എന്നുള്ള ദോഷകരമായ കാര്യത്തെക്കുറിച്ചുകൂടി പരിഗണിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, പത്രത്തിൽ വായിച്ച ഒരു വാർത്തയാണ്. പുതിയ സാങ്കേതികവിദ്യയുടെ കടന്നുവരവോടുകൂടി ഇന്നത്തെ സിലബസിൽ പഠിക്കുന്ന കുട്ടികൾക്ക് ജോലി കിട്ടാൻ പ്രയാസമാണെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? പ്രത്യേകിച്ചും ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ത്രീഡി പ്രിന്റിംഗ്, മെഷീൻ ലേണിംഗ് ഇങ്ങനെയുള്ള പുതിയ സാങ്കേതികവിദ്യകൾ കടന്നുവരുമ്പോൾ ഇന്നുള്ള സിലബസിൽ പഠിക്കുന്ന കുട്ടികൾക്കൊക്കെ ജോലി പ്രയാസമാകുമെന്ന് പത്രത്തിൽ റിപ്പോർട്ട് കണ്ടു. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതിനോട് ഞാൻ രണ്ട് രൂപത്തിൽ യോജിക്കുകയാണ്. ഒന്ന്, ഇക്കാര്യത്തിലുള്ള അങ്ങയുടെ ആത്മാർത്ഥത. രണ്ട്, അങ്ങയുടെ മകനും ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനാണെന്നുള്ള സത്യമായ ഒരു വശം. അങ്ങ് വിദ്യാഭ്യാസത്തെക്കുറിച്ച് വളരെ നന്നായി നോക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വന്നതാണത്. അതുകൊണ്ട് ഞാൻ പറയുന്നു, നമ്മുടെ ശാസ്ത്ര സാങ്കേതികരംഗത്തുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ മിനിമം സ്റ്റാൻഡേർഡ് പാലിക്കുന്നുണ്ടോ എന്നതിനെക്കുറിച്ച് നമ്മൾ പരിശോധിക്കണം. വലിയൊരു ഭീഷണി നമ്മുടെ മുന്നിലുണ്ട്. എഫിഷ്യൻസിയുണ്ടായാൽ മാത്രം മതി ജോലിക്ക് പ്രശ്നമേയുണ്ടാകില്ല. അങ്ങ് ഏത് കാര്യവുമെടുത്ത് നോക്കൂ. എഫിഷ്യന്റായ ആളുകളിൽ തൊഴിൽരഹിതരായി നിൽക്കുന്ന എത്ര ആളുകളുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ടി.സി.എസ്.-ൽ നിന്ന് 14,000 പേരെയും സിസ്കോയിൽ നിന്ന് 8,000 പേരെയും പിരിച്ചുവിട്ടു. നമ്മൾ ഇതൊക്കെ അറിയണ്ടേ? ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വന്നതിനുശേഷം.......

മി. സ്പീക്കർ: ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വന്നതുകൊണ്ട് ജോലി നഷ്ടപ്പെടുമ്പോൾ ആ മേഖലയിൽ പുതിയ ജോലിയുണ്ടാകാനുള്ള സാദ്ധ്യതയും വളരെ കൂടുതലാണ്. അഞ്ച് മില്യൺ തൊഴിലവസരങ്ങൾ പോയി പത്ത് മില്യൺ തൊഴിലവസരങ്ങൾ ലഭിക്കുമെന്നാണ് കണക്ക്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വളരെ കുറച്ച് ആളുകൾക്ക് മാത്രമേ അതിനുള്ള അവസരം കിട്ടുന്നുള്ളൂ. ത്രീഡി പ്രിന്റിംഗ് വന്നു. എൻഫീൽഡിൽ 40 പെയിന്റർമാർക്ക് പകരം ഒരു മെഷീൻ മതി. ആ ഒരു മെഷീൻ 24 മണിക്കൂറും പ്രവർത്തിച്ചാൽ എത്ര ആളുകളുടെ ജോലി പോകും? അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതാണ് കാര്യം. ലോകത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഇന്ന് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമായി വളർന്നുവരികയാണ്. നമ്മളൊക്കെ അതിന് ട്രെയിനിംഗ് എടുക്കണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് ജോലി നഷ്ടപ്പെടുമെന്നുള്ളതല്ല, സ്പീക്കർ പറഞ്ഞതുപോലെ കൂടുതൽ ആളുകൾക്ക് ജോലി കിട്ടാനുള്ള അവസരം ഈ മേഖലയിൽ ഉണ്ടാകുകയാണെന്നുള്ള കാര്യം കൂടി അങ്ങ് മറക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഏറ്റവും പ്രധാനം, നമുക്ക് എഫിഷ്യൻസി വർദ്ധിക്കുമ്പോൾ സ്വാഭാവികമായി ജോലിക്കുള്ള സാധ്യത കൂടുകയാണ്. ഒരുകാലത്ത് കമ്പ്യൂട്ടർ വന്നാലുടനെ എല്ലാവരുടെയും പണി പോകുമെന്ന് പറഞ്ഞു. ആർക്കെങ്കിലും പണി പോയോ? ആളുകൾക്ക് പണി കൂടിയതല്ലേയുള്ളൂ. ഏറ്റവും നന്നായി വർക്ക് ചെയ്യുന്ന ആളുകൾ ധാരാളമായി വരികയല്ലേ? അതുകൊണ്ട് എഫിഷ്യൻസിയാണ് പ്രധാനപ്പെട്ടത്. വിദ്യാഭ്യാസത്തിൽ നമ്മൾ ഊന്നം വയ്ക്കേണ്ടത് കുട്ടികളുടെ ഇൻഡിവിഡ്യുവൽ എഫിഷ്യൻസി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയാണ്. ഇപ്പോൾ നമ്മളെല്ലാം ശരാശരി മോഡലിലാണ്. നമ്മളെ കണ്ടുകൊണ്ടിരിക്കുന്നത് ആവറേജ് ഹൈറ്റമായാണ്. അതിനപ്പുറത്തേയ്ക്ക് നമുക്ക് പോകണം. അടുത്ത ജനറേഷനിലേയ്ക്കും അതിനടുത്ത ജനറേഷനിലേയ്ക്കും പോകാൻ കഴിയത്തക്കവിധത്തിൽ വിദ്യാഭ്യാസത്തെ കരുപ്പിടിപ്പിക്കാൻ സമഗ്രമായ നിയമം വേണമെന്നുതന്നെയാണ് എന്റെ പക്ഷം.

അങ്ങ് എടുത്തിട്ടുള്ള ചില കാര്യങ്ങളെക്കുറിച്ച് ഞാൻ പറയുന്നു. ഇവിടെ അതിൽ പ്രധാനപ്പെട്ട ചില മാനദണ്ഡങ്ങളുണ്ട്. ഇത് കേരളത്തിന്റെ ഭാവി നിർണ്ണയിക്കുന്ന ഏറ്റവും സുപ്രധാനമായ കാര്യമാണ്. അതുകൊണ്ട് ഈ പീസ് മീൽ അറേഞ്ച്മെന്റില്ലാതെ സമഗ്രമായ നിയമം കൊണ്ടുവന്ന് കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ എഫിഷ്യന്റാക്കാൻ ക്വാളിറ്റേറ്റീവായി മെച്ചപ്പെടുത്താൻ, കോമ്പീറ്റൻസിയുണ്ടാക്കാൻ കഴിയത്തക്ക വിധത്തിലേയ്ക്ക് മാറ്റണം. അതാണ് എന്റെ അമെന്റ്മെന്റിലൂടെ ഞാൻ ഉദ്ദേശിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,രണ്ടുപേരും രണ്ട് മേഖലകളിലെ വിവിധ വശങ്ങളെക്കുറിച്ച് സംസാരിച്ചു. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഏറ്റവും പ്രധാനമായി ഊന്നിപ്പറഞ്ഞത് പീസ് മീൽ അറേഞ്ച്മെന്റ് വേണ്ടായെന്നാണ്. പീസ് മീൽ അറേഞ്ച്മെന്റാണെങ്കിൽ വേണ്ടായെന്നത് ശരിയാണ്. ഇത് പീസ് മീൽ അറേഞ്ച്മെന്റല്ല. ഇത് ആര് വായിച്ചാലും ആര് പഠിച്ചാലും ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്നതിനും തുടർന്ന് പ്രവർത്തിപ്പിക്കുന്നതിനും ഏറ്റവും സമഗ്രമായ ബില്ലാണ്, ഒരു സംശയവുമില്ല. അതിന്റെ അർത്ഥം, കേരളത്തിലെ എല്ലാ വിദ്യാഭ്യാസ പ്രശ്നങ്ങളും പരിഹരിക്കാനുള്ള ബില്ലാണിത് എന്നല്ല. ഉന്നതവിദ്യാഭ്യാസ കൗൺസിലിന് അതിന്റെ ലക്ഷ്യത്തിൽ പ്രവർത്തിക്കാൻ ബിൽ തന്നെ വേണം. അതുപോലെ സമഗ്രമായ നിയമങ്ങൾ മറ്റ് മേഖലകളിലും വേണം. അത്തരത്തിലുള്ള നിയമങ്ങളിലേയ്ക്ക് സർക്കാർ പോയിക്കൊണ്ടിരിക്കുകയാണ്. ഇതൊരു പീസ് മീൽ അറേഞ്ച്മെന്റല്ല, ഇത് വളരെ സമഗ്രമായ നിയമം തന്നെയാണ്. ഇത്തരത്തിലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ വരുമ്പോൾ, അദ്ദേഹം പറഞ്ഞ ചില കാര്യങ്ങളുണ്ട്. ശ്രീ. കെ. രാജൻ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസം എങ്ങോട്ടു പോകണമെന്നുള്ളതിനെപ്പറ്റിയെല്ലാം ഇവിടെ സൂചിപ്പിച്ചു. ഞാൻ ഓരോന്നും എടുത്തുപറയുകയല്ല. പക്ഷെ, കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖല ഉണർവ്വിന്റെ പാതയിലാണ്. കുറച്ചുകൂടി നന്നായി പറഞ്ഞാൽ അത് കുതിപ്പിന്റെ പാതയിലാണ്; യാതൊരു സംശയവുമില്ല. എന്നാൽ ഇപ്പോഴും കുറവുകളുണ്ട്. ആ കുറവുകൾ നികത്താൻ നേരത്തെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞതുപോലെ ഭരണപക്ഷ-പ്രതിപക്ഷ വ്യത്യാസമില്ലാതെ നമുക്കെല്ലാവർക്കും ഒരുമിച്ചുചേർന്ന് പ്രവർത്തിക്കേണ്ടതുണ്ട്. അതാണ് സത്യം; അത് നമുക്ക് ചെയ്യാം. അദ്ദേഹം ആ നിർദ്ദേശം വച്ചത് വളരെ നല്ലതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, RUSA-യിൽ നിന്ന് വിവിധ സംസ്ഥാനങ്ങളിലെ കോളേജുകൾക്കുവേണ്ടിയും കോളേജുകളുടെ വിപുലീകരണത്തിനുവേണ്ടിയും ധാരാളം ഫണ്ടുകൾ കിട്ടാറുണ്ട്. കേരളത്തിന് ഏതെങ്കിലും തരത്തിലുള്ള ഫണ്ട് ഇതുവരെ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണെന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, RUSA-യിൽ നിന്ന് യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് കേരളത്തിന് കിട്ടിയ തുക 20.91 കോടി രൂപയാണ്. എൽ.ഡി.എഫ്.-ന്റെ ഭരണകാലത്ത് കഴിഞ്ഞ കൊല്ലം കിട്ടിയത് 122.94 കോടി രൂപയാണ്. (....ബഹളം....) ഞാൻ പറയട്ടെ, കേരളത്തിന്റെ ചരിത്രത്തിലാദ്യമായി എയ്ഡഡ് കോളേജുകളടക്കം 110 കോളേജുകൾക്ക് RUSA-യിൽ നിന്ന് 2 കോടി രൂപ വീതം അനുവദിച്ചിരിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, രാജ്യത്തൊട്ടാകെ വിദ്യാഭ്യാസത്തിനും അതിന്റെ അടിസ്ഥാന സൗകര്യങ്ങൾക്കുംവേണ്ടി കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് കൊണ്ടുവന്ന പദ്ധതിയാണ് RUSA. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് RUSA പദ്ധതി തുടങ്ങി വച്ചിട്ടേയുണ്ടായിരുന്നുള്ളൂ. പദ്ധതികൾ ആവിഷ്കരിക്കുന്നതിന് സമയമെടുക്കുമല്ലോ.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 20 കോടി രൂപയായിരുന്നു ലഭിച്ചിരുന്നത്. അതിനെത്തുടർന്ന് RUSA-യെ കൂടുതൽ കൂടുതൽ ഈ മേഖലയിൽ ഉപയോഗിക്കാൻ ശ്രമിച്ചതിന്റെ ഫലമായി 122 കോടി രൂപ ലഭിച്ചുവെന്നാണ് പറഞ്ഞത്. അന്നത്തെയും ഇന്നത്തെയും വസ്തുത പറഞ്ഞുവെന്നേയുള്ളൂ. താരതമ്യത്തിനുവേണ്ടി പറഞ്ഞതല്ല. ചരിത്രത്തിലാദ്യമായി RUSA-യിൽ നിന്ന് 110 എയ്ഡഡ് കോളേജുകൾക്ക് 2 കോടി രൂപ അനുവദിച്ചിരിക്കുകയാണ്. ഇത്തരത്തിലുള്ള അഫിലിയേറ്റഡ് കോളേജുകൾക്ക് പണം നൽകിയതിൽ കേരളത്തിലെ കോളേജുകൾക്കാണ് ഏറ്റവുംകൂടുതൽ ശതമാനം പണം ലഭിച്ചത്. ഓരോന്നും വിശദീകരിച്ച് പറയുന്നില്ല. ഓട്ടോണമസ് കോളേജുകൾക്ക് 25 കോടി രൂപയും യൂണിവേഴ്സിറ്റികൾക്ക് 50 കോടി രൂപയും അനുവദിച്ചിരിക്കുകയാണ്. കൊച്ചിൻ യൂണിവേഴ്സിറ്റിയെ കുറച്ചുകാണരുതെന്ന് ഞാൻ ഇന്നലെ പറയുകയുണ്ടായി. കൊച്ചിൻ യൂണിവേഴ്സിറ്റിക്ക് 1,000 കോടി രൂപ ലഭിക്കത്തക്ക രീതിയിലുള്ള പ്രോജക്ട് സബ്മിറ്റ് ചെയ്യാനുള്ള അവസ്ഥയിലെത്തി. വളരെ കുറച്ച് യൂണിവേഴ്സിറ്റികൾ മാത്രമേ അത്തരത്തിൽ വന്നിട്ടുള്ളൂ. കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ ഒരെണ്ണത്തിന് 1,000 കോടി രൂപ ലഭിക്കാനുള്ള അവസ്ഥ വരെ എത്തി. അതാണ് ഞാൻ പറഞ്ഞത് ഉന്നത വിദ്യാഭ്യാസ മേഖല ഉണർവ്വിന്റെ പാതയിലാണ്, കുതിപ്പിന്റെ പാതയിലാണ് എന്ന്. ഇപ്പോൾ സംസ്ഥാന സർക്കാർ കുസാറ്റിന് 240 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. അവിടത്തെ ലബോറട്ടറിയും ലൈബ്രറിയും ഗവേഷണ സാധ്യതയും വർദ്ധിപ്പിക്കാനാണ് ടി തുക ഉപയോഗിക്കുന്നത്. ഇന്നലെ ഞാൻ നാനോ ടെക്നോളജിയെക്കുറിച്ച് സൂചിപ്പിച്ചു. എം.ജി. യൂണിവേഴ്സിറ്റിക്ക് സംസ്ഥാന സർക്കാർ കിഫ്ബിയിൽ നിന്നും 150 കോടി രൂപയാണ് ഒരു ഡിപ്പാർട്ടുമെന്റിന് നൽകിയിട്ടുള്ളത്. എം.ജി. യൂണിവേഴ്സിറ്റിയിലെ നാനോ ടെക്നോളജി വിഭാഗം അന്താരാഷ്ട്ര തലത്തിലെത്താൻ സാധ്യതയുള്ള നല്ലൊരു

മേഖലയാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. വലിയ ഗവേഷണം നടക്കുകയാണ്. അവിടെ ഇപ്പോൾ ഗോൾഡിന്റെ നാനോ പാർട്ടിക്കിൾസ് പോലും ഉണ്ടാക്കുന്ന സ്ഥിതിയിലെത്തിയിട്ടുണ്ട്. ഞാൻ അതിന്റെ കണക്കുകളിലേയ്ക്ക് പോകുന്നില്ല. നല്ല പദ്ധതികൾ നൽകിയതുകൊണ്ടാണ് RUSA-യിൽ നിന്നും നമുക്ക് ഇത്രയും പണം ലഭിച്ചത്. അതുകൊണ്ട് എല്ലാ കോളേജുകൾക്കും വലിയ വ്യത്യാസം വരാൻ പോകുകയാണ്.

ഉന്നത വിദ്യാഭ്യാസ മേഖല ഉണർവ്വിന്റെ പാതയിലാണെന്ന് പറയുമ്പോൾ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ കർത്തവ്യങ്ങൾ എന്തൊക്കെയാണെന്നത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇപ്പോൾ നമ്മളുണ്ടാക്കിയ ഉണർവ് പൂർണ്ണമാകണമെങ്കിൽ കേരളത്തിന്റെ അക്കാഡമിക് കമ്മിറ്റിയുടെ സർഗ്ഗാത്മകത വികസിപ്പിക്കണം. അക്കാഡമിക് രംഗത്തെ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ് സർവ്വകലാശാലകളിൽ ഉന്നത വിദ്യാഭ്യാസം വളരുന്നത്. അക്കാഡമിക് കമ്മിറ്റിയുടെ സർഗ്ഗാത്മകമായ വികസനത്തിന് ധാരാളം സാങ്കേതിക തടസ്സങ്ങളും പ്രശ്നങ്ങളുമുണ്ട്. എങ്ങനെയാണ് ഉന്നത വിദ്യാഭ്യാസ മേഖലയെ വളർത്തേണ്ടതെന്ന് ആഴത്തിൽ പരിശോധിക്കുമ്പോൾ അക്കാഡമിക് കമ്മിറ്റിയുടെ സർഗ്ഗാത്മകമായ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കുന്ന സാങ്കേതിക മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്. അപ്പോഴാണ് ഉള്ളിന്റെയുള്ളിൽചെന്ന് ഉന്നത വിദ്യാഭ്യാസ മേഖലയെ എങ്ങനെ പരിശീലിപ്പിക്കണം എന്നതിന് ഉത്തരം ലഭിക്കുന്നത്. അത് വളർന്നുകഴിഞ്ഞാൽ കേരളത്തിന്റെ അക്കാഡമിക് കമ്മിറ്റി പുഷ്പം വിരിയുന്നതുപോലെ വിരിയുന്നൊരു സാഹചര്യമുണ്ടാകും. അതിനുള്ള എല്ലാ സാധ്യതകളും ഇവിടെയുണ്ട്. പക്ഷെ അതിന് സാമ്പത്തികവും സാങ്കേതികവും നിയമപരവുമായ തടസ്സങ്ങളുണ്ട്. അതെല്ലാം പടിപടിയായി പരിഹരിക്കണം. അങ്ങനെ പരിഹരിക്കണമെങ്കിൽ അതിന് ഒരു സർഗ്ഗാത്മകമായ ആശയ പ്രവാഹംതന്നെ ഉണ്ടാകണം. ഇത് എവിടെ; എന്തെല്ലാം എന്നതു സംബന്ധിച്ച് വളരെ ആഴത്തിൽ പഠിച്ച് സർഗ്ഗാത്മകമായ ആശയ പ്രവാഹമുണ്ടാകണം. അത് എവിടെ നിന്ന് ആര് ചെയ്യും? അവിടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആവശ്യമുണ്ടാകുന്നത്. അതാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ ചെയ്യുന്നത്. യൂണിവേഴ്സിറ്റികളുടെയും അക്കാഡമിക് കമ്മിറ്റിയുടെയും പ്രശ്നങ്ങൾ എന്തൊക്കെയാണ്;അക്കാഡമിക് എക്സലൻസിന്റെ തടസ്സങ്ങൾ എന്തൊക്കെയാണ്; തുടങ്ങിയ കാര്യങ്ങളെല്ലാം മനസ്സിലാക്കി അത് പരിഹരിക്കുന്നതിനാണ് ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രവർത്തിക്കുന്നത്. അതിന്റെ ഭാഗമല്ലെങ്കിലും തുല്യതാ സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ വലിയൊരു ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്,

ആഴത്തിൽ പഠിച്ചുകൊണ്ടിരിക്കുകയാണെന്ന് ഇന്നലെ ഞാൻ സൂചിപ്പിച്ചു. ഓരോ യൂണിവേഴ്സിറ്റികളുടെയും സിലബസുകൾ, അതായത് ഒരു യൂണിവേഴ്സിറ്റിയുടെ സിലബസും മറ്റൊരു യൂണിവേഴ്സിറ്റിയുടെ സിലബസും എടുത്ത് ഓരോന്നും മാർക്ക് ചെയ്യും. ഇത് 51 ശതമാനമാണെങ്കിൽ തുല്യതാ സർട്ടിഫിക്കറ്റ് നൽകും. ഈ രീതിയാണ് തുല്യതാ സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ ഇപ്പോൾ അനുവർത്തിച്ചുപോരുന്നത്. വാസ്തവത്തിൽ ഇത് ഇന്റഗ്രേറ്റഡായ തുല്യതയല്ല. അതുകൊണ്ട് ഒരു കോഴ്സിന്റെ യഥാർത്ഥ അക്കാഡമിക് കണ്ടെന്റ് മനസ്സിലാക്കി തത്തുല്യമായ അക്കാഡമിക് കണ്ടെന്റ് ഉണ്ടെങ്കിൽ തുല്യത നൽകണമെന്ന ആശയത്തിലേയ്ക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വന്നുകൊണ്ടിരിക്കുകയാണ്. ടി ആശയം ഉന്നത വിദ്യാഭ്യാസ കൗൺസിൽ മുന്നോട്ടുവച്ചാൽ കേരളത്തിലെ എല്ലാ സർവ്വകലാശാലകൾക്കും ഇത് ഉപയോഗിക്കാൻ കഴിയും. ഇതാണ് ഉന്നതവിദ്യാഭ്യാസ മേഖലയെ വളർത്തുന്നതിനുള്ള അക്കാദമികപരമായ ഇൻപുട്ട് എന്നുപറയുന്നത്.

വിദ്യാർത്ഥികളുടെ അക്കാദമിക വികാസത്തിന് ആശയ പരിസരം ഒരുക്കണമെന്നുള്ളതാണ് രണ്ടാമത്തെ പ്രധാനപ്പെട്ട കാര്യം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും, ശ്രീ. കെ. രാജനും വളരെ പ്രധാനപ്പെട്ടൊരു കാര്യം പറഞ്ഞു. ഈ ബില്ലിന്റെ ആമുഖത്തിൽ 'സ്റ്റുഡന്റ് ' എന്ന വാക്ക് ചേർത്തിരിക്കുന്നു. ഇവിടെ ഇന്നലെ മൂന്ന് ബില്ലുകൾ അവതരിപ്പിച്ചു. നാളെ ഒരു ബിൽ അവതരിപ്പിക്കാൻ പോകുന്നു. ഈ ബില്ലുകളിലെല്ലാം വിദ്യാർത്ഥികളുടെ പ്രാതിനിധ്യം വർദ്ധിപ്പിച്ചിരിക്കുകയാണ്. ഇത് വളരെ പ്രധാനപ്പെട്ട ഒന്നാണ്. വിദ്യാർത്ഥികളുടെ അക്കാദമിക വികാസത്തിന് ആശയ പരിസരമൊരുക്കുകയെന്നത് ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ പ്രധാനപ്പെട്ട ലക്ഷ്യമാണ്. അക്കാദമികരംഗത്തെ ഓരോ ഇടപെടലിലും വിദ്യാർത്ഥികൾക്കുകൂടി പ്രാതിനിധ്യം വരുന്നത് അക്കാഡമിക് എക്സലൻസിന് വഴിയൊരുക്കുന്നതാണ്. ഇതുവരെ അവർക്ക് വോയ്സ് കുറവായിരുന്നു. അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷെ അത് ഓരോ തീരുമാനത്തിലും നയരൂപീകരണത്തിലുമെല്ലാം വർദ്ധിപ്പിക്കണം. വിദ്യാർത്ഥികൾക്ക് പങ്കാളിത്തമുണ്ടാകണം. ഉന്നത വിദ്യാഭ്യാസ മേഖലയിലും പൊതു വിദ്യാഭ്യാസ മേഖലയിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുകയെന്നുള്ളത് സർക്കാർ എടുക്കുന്ന പ്രധാനപ്പെട്ട നയമാണ്. അതിനോടൊപ്പംതന്നെ വിദ്യാർത്ഥികളും അദ്ധ്യാപകരും അദ്ധ്യാപകേതര ജീവനക്കാരും അക്കാഡമിക് എക്സർസൈസിൽ പങ്കാളികളാകണം. അവരെക്കൂടി പങ്കാളികളാക്കാൻ ജീവനക്കാരുടെ പ്രതിനിധികൾ ഈ ബില്ലുകളിലൊക്കെ വന്നുകൊണ്ടിരിക്കുന്നുണ്ട്.

അക്കാദമിക വികസനം മാത്രമല്ല ഉന്നത വിദ്യാഭ്യാസ കൗൺസിലിന് മറ്റൊരു പ്രധാനപ്പെട്ട ലക്ഷ്യം കൂടിയുണ്ട്. അത് ആശയത്തിന്റെയും അറിവിന്റെയും ഉല്പാദനം ജനകീയമാക്കുക എന്നുള്ളതാണ്. അറിവിന്റെ ഉല്പാദനം ജനകീയമാക്കുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ പ്രവർത്തിക്കുന്നു. കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല ഇതുപോലെ സർഗ്ഗാത്മകമായി വളർന്നാൽ പ്രാദേശിക തനിമ നിലനിർത്തിക്കൊണ്ട് സമൂഹത്തെ ആധുനികതയിലേയ്ക്ക് നയിക്കാൻ സർവ്വകലാശാലകളെയും ഉന്നത സാങ്കേതിക വിദ്യാഭ്യാസത്തെയും പുനഃക്രമീകരിക്കുന്നതിനുള്ള പിന്തുണ നൽകുന്നതിനുവേണ്ടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിൽക്കുകയാണ്.

എഞ്ചിനീയറിംഗ് കോളേജുകളിൽ ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാൻ കഴിഞ്ഞ രണ്ട് വർഷത്തെ ഇടപെടൽകൊണ്ടുണ്ടായ മാറ്റത്തിന്റെ ഒരു ഉദാഹരണമാണ് പതിനായിരക്കണക്കിന് എഞ്ചിനീയറിംഗ് കോളേജുകൾക്കിടയിലുള്ള റാങ്കിംഗിൽ കഴിഞ്ഞ വർഷം തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് 75-ാമത്തെ സ്ഥാനത്തെത്തിയത്. ഇത് ഉണർവ്വിന്റെ പാതയിലാണെന്ന് പറഞ്ഞതിന്റെ ഒരു ഉദാഹരണമാണ്. എഞ്ചിനീയറിംഗ് മേഖലകളിലെ അക്കാദമിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വഴികൾ എന്തൊക്കെയാണെന്നത് സംബന്ധിച്ച ആശയം നൽകുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിൽക്കുന്നു. ഞാൻ ദീർഘിപ്പിക്കുന്നില്ല. തങ്ങൾ പഠിക്കുന്ന മേഖലയിൽ തങ്ങൾക്കുകൂടി തീരുമാനമെടുക്കാൻ, പങ്കാളിയാകാൻ കഴിയുന്നൊരു അവസ്ഥ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റങ്ങളുണ്ടാക്കും. അതുകൊണ്ട് ഈ ബിൽ തികച്ചും പീസ് മീൽ അല്ല. അത് വളരെ സമഗ്രമാണ്.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: സർ, ഉന്നത വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട വിദൂര വിദ്യാഭ്യാസ പഠനം സംസ്ഥാനത്താകെ നിലച്ചിരിക്കുകയാണ്. കേരളത്തിലെ ഒരു യൂണിവേഴ്സിറ്റിക്കുപോലും വിദൂര വിദ്യാഭ്യാസം നടത്താൻ കഴിയാത്ത സാഹചര്യമാണ്. ഈ വിഷയത്തിൽ അടിയന്തരമായി അങ്ങയുടെ ശ്രദ്ധയുണ്ടാകുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: തീർച്ചയായും. വളരെ പ്രധാനപ്പെട്ട പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത്. ഈ രംഗത്ത് യു.ജി.സി.-യുടെ ഇടപെടലുണ്ടായിട്ടുണ്ട്. NAAC അക്രഡിറ്റേഷനിൽ 3.24 പോയിന്റിൽ എത്തിയാൽ മാത്രമേ ഉന്നത വിദ്യാഭ്യാസത്തിന് ഒരു സർവ്വകലാശാലയ്ക്ക് അർഹതയുള്ളൂവെന്ന് യു.ജി.സി. ഇപ്പോൾ പ്രഖ്യാപിച്ചിരിക്കുകയാണ്. അത് നമ്മുടെ സർവ്വകലാശാലകളിൽ ചില തടസ്സങ്ങളുണ്ടാക്കിയിട്ടുണ്ട്. ഇക്കാര്യം വളരെ ഗൗരവമായി ബഹുമാനപ്പെട്ട കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി നേരിട്ട് സംസാരിക്കുകയും കത്ത് എഴുതുകയും ചെയ്തിട്ടുണ്ട്. പരിഗണിക്കാമെന്ന് യു.ജി.സി.

പറഞ്ഞിട്ടുണ്ട്. എന്തായാലും മൊത്തമായി നമുക്കൊരു ഇടപെടലിന്റെ ആവശ്യമുണ്ട്. NAAC അക്രഡിറ്റേഷൻ പോയിന്റ് കൂട്ടിയതോടുകൂടി കേരളത്തിലെ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ സാധ്യത തൽക്കാലം ഇല്ലാതായിരിക്കുകയാണ്. പക്ഷെ ആ പ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ വളരെ സമഗ്രമായി ഇടപെട്ടുകൊണ്ടിരിക്കുകയാണ്. ഇത്രയും സൂചിപ്പിച്ചുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ, അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. രാജൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ......

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പരിഗണനയ്ക്കെടുക്കുന്നു.

രണ്ടാം വകുപ്പ്

Shri C. Mammutty: Sir, I move the following amendment:

112. In the Preamble of the principal Act, after the word " experts" insert the word and symbol " teachers," .

Shri V. D. Satheesan: Sir, I move the following amendment:

113. In clause 2, for the words and symbols " experts, students" the words and symbol " experts in the field of education, students" shall be substituted.

Shri V. P. Sajeendran: Sir, I move the following amendment:

114. In clause 2, for the word " students" the words " students from the Universities" shall be substituted.

Shri Parakkal Abdulla: Sir, I move the following amendment:

115. In clause 2, for the word " students" the words and symbol " students' representatives" shall be substituted.

മി. സ്പീക്കർ: വകുപ്പ് നീക്കം ചെയ്യാനുള്ള 111-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

മൂന്നാം വകുപ്പ്

മി. സ്പീക്കർ: വകുപ്പ് നീക്കം ചെയ്യാനുള്ള 116-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

നാലാം വകുപ്പ്

Shri N. A. Nellikunnu : Sir, I move the following amendment:

117. Section 2 (sa) proposed to be inserted in the principal Act by clause 4, for the word " centrally" substitute the words" Government of India" .

Shri V. P. Sajeendran : Sir, I move the following amendment:

119. Section 2 (sa) proposed to be inserted in the principal Act by clause 4, for the words " a centrally sponsored scheme for higher education" substitute the words " a scheme for higher education sponsored by Government of India;"

Shri Hibi Eden: Sir, I move the following amendment:

120. Section 2 (sa) proposed to be inserted in the principal Act by clause 4, for the words " centrally sponsored scheme for higher education" shall be substituted with the words " centrally sponsored scheme aimed at providing strategic funding to eligible State higher education Institutions" .

Shri Shafi Parambil : Sir, I move the following amendment:

121. Section 2 (sa) proposed to be inserted in the principal Act by clause 4, after the words " a centrally sponsored scheme" the words " aims at providing strategic funding to eligible State" shall be inserted.

Shri Manjalamkuzhi Ali: Sir, I move the following amendment:

122. Section 2 (sa) proposed to be inserted in the principal Act by clause 4, after the words " scheme for" the words " the development of" shall be inserted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 121-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

അഞ്ചാം വകുപ്പ്

Shri P. Ubaidulla: Sir, I move the following amendment:

124. In section 4 (1) (a) proposed to be substituted in the principal Act by clause 5(i), the word " colleges" shall be substituted with the words " aided and unaided colleges" .

Shri Parakkal Abdulla: Sir, I move the following amendments.

125. In section 4 (1) (a) proposed to be substituted in the principal act by clause 5(i), after the word " other" the word " authorized" shall be inserted.

138. In Section 4 (2) (zb) proposed to be inserted in the principal Act by Clause 5 (ii), after the word " improve" the words " and promote" shall be inserted.

150. In Section 4(2)(zc) proposed to be inserted in the principal Act by clause 5(ii), after the words " within the State" the words " protecting the social and cultural aspects of the State" shall be inserted.

162. In section 4(2)(zf) proposed to be inserted in the principal Act by clause 5(ii), for the words " target audience" substitute the word " the public" .

Shri V. P. Sajeendran : Sir, I move the following amendments.

126. In section 4 (1) (a) proposed to be substituted in the principal Act by clause 5(i), for the word " access" the word " admission" shall be substituted.

128. In section 4 (1) (a) proposed to be substituted in the principal Act by clause 5(i), for the words " academic quality" the words " academic standard" shall substituted.

131. In section 4 (2) (z) proposed to be inserted in the principal Act by clause 5(ii), for the words " longitudinal studies" the words " long term research" shall be substituted.

135. In Section 4 (2) (za) proposed to be inserted in the principal Act by Clause 5 (ii), for the word " indigenous" the word " traditional" shall be substituted.

137. In Section 4 (2) (zb) proposed to be inserted in the principal Act by Clause 5 (ii), for the word " programmes" substitute the words " new schemes" .

141. In Section 4 (2) (zb) proposed to be inserted in the principal Act by Clause 5 (ii), shall be recast as follows:

" (zb) evolve schemes to improve quality of higher education of differently abled students ;"

148. In Section 4(2)(zc) proposed to be inserted in the principal Act by clause 5(ii), for the words " central sector schemes" the words " Central Government Schemes" shall be substituted.

155. In section 4(2)(ze) proposed to be inserted in the principal Act by clause 5(ii), for the words " higher education institution" the word " higher educational institution" shall be substituted.

166. In section 4(2)(zf) proposed to be inserted in the principal Act by clause 5(ii), for the words " and print " , the words and symbol " , print and social " shall be substituted.

Shri K.N.A. Khader: Sir, I move the following amendments.

127. In section 4 (1) (a) proposed to be substituted by clause 5(i), for the word " equity" the word " equality" shall be substituted.

160. In section 4(2)(zf) proposed to be inserted in the principal Act by clause 5(ii), for the word " on" substitute the word " of" .

Shri Adoor Prakash : Sir, I move the following amendment:

129. In section 4 (1) (a) proposed to be substituted in the principal Act by clause 5(i), for the words " academic quality" substitute the words " excellence in higher education" .

<u>Shri Abdul Hameed. P</u> : Sir, I move the following amendment:

130. In section 4 (2) (z) proposed to be inserted in the principal Act by clause 5(ii), the word " longitudinal" shall be deleted.

<u>Shri K. Muraleedharan</u> : Sir, I move the following amendment:

133. In section 4 (2) (z) proposed to be inserted in the principal Act by clause 5(ii), after the words " student learning" the words " and to recommend remedial measures" shall be inserted.

<u>Shri Manjalamkuzhi Ali</u>: Sir, I move the following amendments.

139. In Section 4 (2) (zb) proposed to be inserted in the principal Act by Clause 5 (ii), the words " differently abled students to" shall be deleted and the words " to differently abled students" shall be added after the word " education" .

143. In Section 4 (2) (zc) proposed to be inserted in the principal Act by Clause 5 (ii), after the word " collaborate" the words " and innovate" shall be inserted.

151. I n Section 4(2)(zd) which is proposed to be inserted in the principal Act by clause 5(ii), after the word " Universities" the words " and other institutions of higher education" shall be inserted.

152. In Section 4(2)(ze) which is proposed to be inserted in the principal Act by clause 5(ii), after the word " Universities" the words " and other institutions of higher education" shall be inserted.

154. In section 4(2)(ze) proposed to be inserted in the principal Act by clause 5(ii), after the word " conducted" the words " or co-ordinated" shall be inserted .

164. In section 4(2)(zf) proposed to be inserted in the principal Act by clause 5(ii), for the words " electronic and print media" ,the words" electronic media, social media and print media " shall be substituted.

Shri P. T. Thomas : Sir, I move the following amendments.

142. Section 4 (2) (zb) proposed to be inserted in the principal Act by Clause 5 (ii), shall be recast as follows:

" (zb) evolve programmes to improve access of higher education to differently abled students ;"

144. In Section 4 (2) (zc) proposed to be inserted in the principal Act by Clause 5 (ii), for the words " collaborate with the Government" substitute the words " collaborate with the State Government"

149. In Section 4(2)(zc) proposed to be inserted in the principal Act by clause 5(ii), for the words " within the State" the words " within the State of Kerala " shall be substituted.

153. In section 4(2)(ze) proposed to be inserted in the principal Act by clause 5(ii), the words " conducted by universities or higher education institution" shall be substituted with the words " institutions or higher education" .

156. In section 4(2)(ze) proposed to be inserted in the principal Act by clause 5(ii), for the words " outside the state and outside the country" substitute the words " outside the state of Kerala and outside India" .

Shri V. P. Sajeendran: Sir, I move the following amendments for Shri Anoop Jacob.

145. In Section 4(2) (zc) proposed to be inserted in the principal Act by clause 5(ii), after the words " RUSA and" add the word " other" .

157. In section 4(2)(ze) proposed to be inserted in the principal Act by clause 5(ii), after the words " outside the state and" insert the symbol and word " or" .

167. In section 4(2)(zf) proposed to be inserted in the principalAct by clause 5(ii), after the word " and " insert the symbol and word" /or" .

Shri T. V. Ibrahim : Sir, I move the following amendment:

146. In Section 4(2) (zc) proposed to be inserted in the principal Act by clause 5(ii), the words " and similar centrally sponsored schemes" shall be deleted.

Dr. M. K. Muneer: Sir, I move the following amendment:

158.In section 4(2)(ze) proposed to be inserted in the principal Act by clause 5(ii), the words " outside the country" shall be substituted with the words " foreign country" .

Shri V. K. Ebrahim Kunju : Sir, I move the following amendment:

165. In section 4(2)(zf) proposed to be inserted in the principal Act by clause 5(ii), for the word " electronic " substitute the word " visual" .

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 134-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

134. In Section 4 (2) (za) proposed to be inserted in the principal Act by Clause 5 (ii), for the word " relevant" the words " scientifically proven" shall be substituted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി " (zb) evolve programmes to improve access to higher education for differently abled students ;" എന്ന മാറ്റത്തോടുകൂടി സ്വീകരിക്കുന്നു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകാര്യമല്ല.

മി. സ്പീക്കർ: ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതിയും ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടിയും ശ്രീ. അനൂപ് ജേക്കബിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതിയും ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 160-ാം നമ്പർ ഭേദഗതിയും മന്ത്രി അവതരിപ്പിച്ച 134-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 125, 138, 150, 162 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 126, 128, 131, 135, 137, 141, 148, 155, 166 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 130-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 133-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 139, 143, 151, 152, 164 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 144, 149, 153, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 157, 167 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 146-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 165-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ആറാം വകുപ്പ്

Minister for Education (Prof. C. Raveendranath): Sir, I move the following oral amendment.

The words "higher educational institutions" may be substituted as "higher education institutions" .

Shri V. P. Sajeendran : Sir, I move the following amendment:

168. In section 5(4) proposed to be inserted in the principal Act by clause 6, after the word " matter " the words " or any cases " shall be inserted.

Shri P. T. Thomas : Sir, I move the following amendment:

169. In section 5(4) proposed to be inserted in the principal Act by clause 6, for the words " higher educational institutions " substitute the words " institutions of higher education " .

Shri Eldose P. Kunnapillil : Sir, I move the following amendment:

172. In section 5(4) proposed to be inserted in the principal Act by clause 6, after the words " expert opinion of the Council" the words " and the opinion should be furnished within seven days" shall be inserted.

Shri Manjalamkuzhy Ali : Sir, I move the following amendment:

173. In section 5(4) proposed to be inserted in the principal Act by clause 6, the following proviso shall be inserted.

" Provided that any matter referred to the Council, shall be reported to the Patron within a time limit of one week" .

മി. സ്പീക്കർ: 171-ാം നമ്പർ ഭേദഗതി 170-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 169-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച 172-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഏഴാം വകുപ്പ്

Minister for Education (Prof. C. Raveendranath): Sir, I move the following oral amendment.

The words "higher educational institutions" may be substituted as "higher education institutions" .

Shri V.P. Sajeendran: Sir, I move the following amendment:

175. In section 6(4) proposed to be inserted in the principal Act by clause 7, after the word " matter " the words " or any cases " shall be inserted.

Shri P.T. Thomas: Sir, I move the following amendment:

176. In section 6(4) proposed to be inserted in the principal Act by clause 7, for the words " higher education and higher educational institutions" substitute the words " higher education and institutions of higher education "

Shri K.C. Joseph: Sir, I move the following amendment:

177. In section 6(4) proposed to be amended in the principal Act by clause 7, after the words " expert opinion of the Council ", add the words " and the opinion should be furnished within seven days ".

Shri Manjalamkuzhy Ali: Sir, I move the following amendment:

178. In section 6(4) proposed to be amended in the principal Act by clause 7, a proviso shall be inserted as follows:

' Provided that any matter referred to the Council, shall be reported to the visitor within a time limit of one week ".

മി. സ്പീക്കർ: വകുപ്പ് നീക്കം ചെയ്യാനുള്ള 174-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 176-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഏഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

എട്ടാം വകുപ്പ്

Shri P. T. Thomas: Sir, I move the following amendment:

180. In clause 8, the words " from time to time by the Vice-Chairman" shall be substituted with the words " by the Vice-Chairman from time to time" .

Shri P. K. Abdu Rabb: Sir, I move the following amendment:

181. In clause 8, for the words " Vice-Chairman" substitute the words " Governing Body" .

Shri V. P. Sajeendran: Sir, I move the following amendment:

182. In section 9 (3) of the principal Act after the word " as may be prescribed" the words " by the council or delegated by the Vice-Chairman from time to time." shall be inserted.

മി. സ്പീക്കർ: വകുപ്പ് നീക്കം ചെയ്യാനുള്ള 179-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 181-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 182-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള എട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒൻപതാം വകുപ്പ്

Shri V .P. Sajeendran: Sir, I move the following amendment:

183. In clause 9, for the words " or delegated from time to time by the Vice-Chairman" substitute the words " by the council or delegated by the Vice-Chairman from time to time" .

Shri P. T. Thomas: Sir, I move the following amendment:

184. In clause 9, the words " from time to time by the Vice-Chairman" shall be substituted with the words " by the Vice- Chairman from time to time" .

Shri Manjalamkuzhi Ali : Sir, I move the following amendment:

185. In clause 9, after the words " by the" the words " Chairman or " shall be inserted.

Shri C. Mammutty: Sir, I move the following amendment:

186. In clause 9, for the words " Vice-Chairman" substitute the words " Governing Body" .

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):സർ, ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 184-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 183-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 185-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 186-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള ഒൻപതാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പത്താം വകുപ്പ്

Shri Parakkal Abdulla: Sir, I move the following amendment:

188. In clause 10(i) after the word " simultaneously" the words " within six months from the date of expiry of the term of office of the bodies" shall be inserted.

Shri Manjalamkuzhi Ali: Sir, I move the following amendment:

189. Delete clause 10 (ii)

മി. സ്പീക്കർ: 190, 191, 192 എന്നീ നമ്പർ ഭേദഗതികൾ 189-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പത്താം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനൊന്നാം വകുപ്പ്

Shri P. Ubaidulla : Sir, I move the following amendment:

194. In item (k) of section 12 proposed to be inserted in the principal Act by clause 11 (i), after the word " Vice- Chancellor" add the word " or Pro Vice-Chancellor" .

Shri V. P. Sajeendran : Sir, I move the following amendments.

195. In item (k) of section 12 proposed to be substituted in the principal Act by clause 11 (i), the words " of another State" shall be deleted.

207. In item (ad) of Section 12 proposed to be inserted in the Principal Act by Clause 11 (ii) after the words " the State" the words " of Kerala" shall be added.

Shri Parakkal Abdulla : Sir, I move the following amendment:

196. In item (k) of section 12 proposed to be substituted in the Principal Act by clause 11 (i), for the word " another" the words " any of the States in India" shall be substituted.

Prof. Abid Hussain Thangal: Sir, I move the following amendments.

197. Item (k) of section 12 proposed to be substituted in the principal Act by clause 11 (i), shall be recast as follows:

" (k) One Vice-Chancellor/Pro Vice-Chancellor of a University outside the State of Kerala established by an Act of another State, nominated by the Government" .

202. Item (ac) of section 12 proposed to be inserted in the principal Act by clause 11 (ii) shall be recast as follows:

" (ac) One Chairman or Vice-Chairman or Member of a State Higher Education Council outside the State of Kerala nominated by the Government" .

Shri P. T. Thomas : Sir, I move the following amendment:

198. In item (ac) of section 12 proposed to be inserted in the principal Act by clause 11 (ii) the words " one Chairman or" shall be deleted.

Shri Abdul Hameed P. : Sir, I move the following amendment:

200. In item (ac) of section 12 proposed to be inserted in the principal Act by clause 11 (ii) after the words " outside the State of Kerala" the words " established by an Act of another State" shall be added.

Shri Roji M. John : Sir, I move the following amendment:

201. In item (ac) of section 12 proposed to be inserted in the principal Act by clause 11 (ii), after the words " nominated by the Government" add the words " after obtaining necessary approval from the concerned State Government" .

Shri A. N. Shamseer : Sir, I move the following amendment:

203. In Item (ad) of section 12 proposed to be inserted in the principal Act by clause 11 (ii), the words " outside the State" shall be deleted.

മി. സ്പീക്കർ: 199-ാം നമ്പർ ഭേദഗതി 198-ൽ അടങ്ങുന്നതിനാലും 204, 205 എന്നീ ഭേദഗതികൾ 203-ന് തുല്യമായതിനാലും 206-ാം നമ്പർ ഭേദഗതി 207-ന് തുല്യമായതിനാലും അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 195, 207 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 196-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 197, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 198-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 200-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 201-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനൊന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5.00 PM]

പന്ത്രണ്ടാം വകുപ്പ്

Shri P.T. Thomas: Sir, I move the following amendments.

209. In item (u) of section 14 proposed to be inserted in the principal Act by clause 12, the word " of" shall be substituted with the word " from" .

213. In item (v) of section 14 proposed to be inserted in the principal Act by clause 12, the words " one non-teaching staff member of a University or College" shall be substituted with the words " one non-teaching staff member from a University in the State or from an affiliated college"

Shri V.P. Sajeendran: Sir, I move the following amendments.

211. In item (u) of section 14 proposed to be inserted in the principal Act by clause 12 for the words " an affiliated college" the words " a college affiliated to University" shall be substituted.

212. The item (v) in section 14 proposed to be inserted in the principal Act by clause 12 shall be deleted.

Shri Parakkal Abdulla: Sir, I move the following amendment:

214. In section 14 (v) proposed to be inserted in the principal Act by clause 12 for the words " non-teaching the word " ministerial" shall `be substituted.

Dr. M.K. Muneer: Sir, I move the following amendment:

215. In item (v) of section 14 proposed to be inserted in the principal Act by clause 12 the words " non-teaching staff" shall be substituted with the words " teaching staff" .

Prof. Abid Hussain Thangal: Sir, I move the following amendments.

216. In item (v) of section 14 proposed to be inserted in the principal Act by clause 12,the words " or College" shall be deleted.

218. After the item (v) of section 14 proposed to be inserted in the principal Act by clause 12 the following item shall be added.

" (w) one representative from University Grants Commission" .

Shri Manjalamkuzhi Ali: Sir, I move the following amendment:

217. In item (v) of section 14 proposed to be inserted in the principal Act, by clause 12 before the word " College" the word " aided" shall be inserted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 209, 213 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 211, 212 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 216, 218 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 217-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പന്ത്രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിമൂന്നാം വകുപ്പ്

Shri Parakkal Abdulla :Sir, I move the following amendment:

221. In clause 13 (i) for the word twice" the word " thrice" shall be substituted .

Shri V. P. Sajeendran : Sir, I move the following amendment for Shri Anoop Jacob.

223. In clause 13 (i), the word " twice" shall be substituted with the words " three times" .

Shri V. P. Sajeendran : Sir, I move the following amendment:

225. In section 15 (k) of the principal Act by Clause 13 (i), after the words " it shall meet" the words " at least thrice a year and" shall be substituted.

മി. സ്പീക്കർ: വകുപ്പ് നീക്കം ചെയ്യാനുള്ള 219, 220 എന്നീ നമ്പർ ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാലും 222-ാം നമ്പർ ഭേദഗതി 221-ന് തുല്യമായതിനാലും 226, 227 എന്നീ നമ്പർ ഭേദഗതികൾ ഘടനയുമായി യോജിക്കാത്തവയായതിനാലും അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 221-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 223-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 225-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിമൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാലാം വകുപ്പ്

Shri I. C. Balakrishnan: Sir, I move the following amendment:

228. In clause (c) of section 17 proposed to be substituted in the principal Act by clause 14 after the word " each university" add the words " and such member shall ensure effective communication of the views of the council and co-ordinate the implementation of programmes common to all Universities" .

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 228-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനാലാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനഞ്ചാം വകുപ്പ്

Shri V. P. Sajeendran: Sir, I move the following amendment:

234. In the first proviso to section 20 of the principal Act the symbol and words " ,whichever is earlier" shall be omitted.

മി. സ്പീക്കർ: 230 മുതൽ 233 വരെയുള്ള ഭേദഗതികൾ ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 234-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനാറാം വകുപ്പ്

Shri V. P. Sajeendran : Sir, I move the following amendment:

235. In section 25 (1) proposed to be inserted in the principal Act by clause 16 after the words " the University Grants Commission" the word and symbol " ,RUSA" shall be inserted.

Shri P. K. Abdu Rabb: Sir, I move the following amendment:

236. In section 25 (1) proposed to be inserted in the principal Act by Clause 16 for the word " RUSA" the words " Rashtriya Uchchatar Shiksha Abhiyan" shall be substituted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 235-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 236-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള പതിനാറാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനേഴാം വകുപ്പ്

Shri V .P. Sajeendran: Sir, I move the following amendment:

238. In clause 17, for the words " Governing Council" , wherever it occurs, the words 'Governing Body' shall respectively be substituted.

മി. സ്പീക്കർ: 237-ാം നമ്പർ ഭേദഗതി ക്രമപ്രകാരമല്ലാത്തതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 238-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനേഴാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

പതിനെട്ടാം വകുപ്പ്

(ഭേദഗതിയില്ല)

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പതിനെട്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഒന്നാം വകുപ്പും പീഠികയും പേരും

Shri V. K. Ebrahim Kunju : Sir, I move the following amendment:

107. Clause 1 (2) shall be recast as follows:

" (2) It shall be deemed to have come into force at once" .

Shri K. M. Shaji : Sir, I move the following amendment:

109. Clause 1 (2) shall be recast as follows:

" (2) It shall come into force at once" .

Shri P. K. Abdu Rabb :Sir, I move the following amendment:

110. Clause 1 (2) shall be recast as follows:

" (2) It shall come into force on the date notified in the Official Gazette" .

മി. സ്പീക്കർ: 108-ാം നമ്പർ ഭേദഗതി 107-ന് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 109-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിൽ ഒരു സർഗ്ഗാത്മകതയുമില്ല, സമഗ്രതയുമില്ല. ഇതിൽ ആകെയുള്ളത് RUSA-യുടെ ഗൈഡ്ലൈൻസിന് അനുസരിച്ച് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ nomenclature-ലുള്ള മാറ്റം മാത്രമാണ്. അത് കൊണ്ടുവരിക എന്നുള്ളതാണ് ഈ ബില്ലിന്റെ ആകെയുള്ള ഒരു മാറ്റം എന്നുപറയുന്നത്. അതിന്റെ കാരണം RUSA-യിൽ നിന്നുള്ള ഫണ്ട് ലഭിക്കണമെങ്കിൽ ആ ഗൈഡ്ലൈൻസ് നമ്മൾ ഹയർ എഡ്യൂക്കേഷൻ കൗൺസിലിൽ ഉൾപ്പെടുത്തിക്കൊണ്ട് മാറ്റം വരുത്തണം. അവർ പറയുന്നതിനനുസരിച്ചുള്ള മാറ്റം വരുത്തുന്ന ഒരു ബിൽ അല്ലാതെ ഇതിനകത്ത് ഒരു

സമഗ്രതയും ഞാൻ കാണുന്നില്ല. RUSA ഇന്ന് ഇന്ത്യയിലൊട്ടാകെ യൂണിവേഴ്സിറ്റികൾക്ക്, ഓട്ടോണമസായി പ്രവർത്തിക്കുന്ന സെൻട്രൽ യൂണിവേഴ്സിറ്റികൾക്കെല്ലാം ഇഷ്ടംപോലെ ഫണ്ട് നൽകിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ യു.പി.എ. ഗവൺമെന്റ് വിദ്യാഭ്യാസത്തിന് total budget-ന്റെ 5 ശതമാനമായിരുന്നു നൽകിയിരുന്നത്. ശ്രീ. അർജ്ജുൻ സിംഗ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് അത് വൻതോതിൽ വർദ്ധിപ്പിച്ച് ഇതിനകത്ത് ഏറ്റവും പ്രധാനപ്പെട്ട RUSA ഉൾപ്പെടെയുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ശക്തിപ്പെടുത്താൻ തീരുമാനിച്ചത്. അതൊരു വലിയ മാറ്റമായിരുന്നു. ന്യൂ എഡ്യൂക്കേഷൻ പോളിസിയും അതോടൊപ്പമുണ്ടായിരുന്ന വൻതോതിലുള്ള ഫണ്ടിംഗും. സെൻട്രൽ യൂണിവേഴ്സിറ്റികൾ, ഓട്ടോണമസ് കോളേജുകൾ ഇതെല്ലാം നമ്മുടെ രാജ്യത്ത് വളർന്നുകൊണ്ടിരിക്കുന്ന പുതിയ കാര്യങ്ങളാണ്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെപ്പറ്റിയും നാനോ ടെക്നോളജിയെപ്പറ്റിയും പറഞ്ഞു. ഇന്നത്തെ കാലഘട്ടത്തിൽ നമ്മുടെ കുട്ടികളെ എഡ്യൂക്കേറ്റ് ചെയ്യേണ്ടത് ഈ നിലയിലേയ്ക്കാണ് എന്നതിന്റെ സൂചനയാണ് ഇന്ന് ലോകം നമ്മെ പഠിപ്പിക്കുന്നത്. ഈ ഇൻഫ്രാസ്ട്രക്ച്ചർ പൂർണ്ണമായും വിനിയോഗിക്കാൻ നമ്മൾ തയ്യാറാകണം. ഈ ബില്ലിനെ എതിർക്കേണ്ട യാതൊരു കാര്യവുമില്ല. കാരണം nomenclature മാറ്റുന്നൊരു ബില്ലാണ്. ഒരു സമഗ്രതയോ സർഗ്ഗാത്മകതയോ കലാപരമായ എന്തെങ്കിലും മാറ്റമോ ഒന്നും ഈ ബില്ലിൽ ഞാൻ കാണുന്നില്ല.

മി. സ്പീക്കർ: 2018-ലെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

## IX അറിയിപ്പ്

ഫീച്ചർ ഫിലിം പ്രദർശനം

മി. സ്പീക്കർ: പ്രകൃതി പരിസ്ഥിതി വിഷയങ്ങളെ അടിസ്ഥാനമാക്കി നിർമ്മിച്ചിട്ടുള്ള 'അരക്കിറുക്കൻ' എന്ന രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഫീച്ചർ ഫിലിമിന്റെ ഒരു പ്രത്യേക പ്രദർശനം ബഹുമാനപ്പെട്ട അംഗങ്ങൾക്കായി തിരുവനന്തപുരത്തെ ഏരീസ് പ്ലക്സ് സമുച്ചയത്തിൽ ഇന്ന് വൈകുന്നേരം 6.30-ന് നടത്തുന്നതാണ്. എല്ലാ അംഗങ്ങൾക്കും പ്രസ്തുത സിനിമ കാണാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. വാഹനവും ഏർപ്പാട് ചെയ്തിട്ടുണ്ട്.

ഓർഡർ...... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ മാസം 21-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 5.06-ന് പിരിഞ്ഞു.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്, 2022